1 അദ്ധ്യായം

ജനസംഖ്യയും സ്ഥൂല സമ്പദ്‌വ്യവസ്ഥയും

അധ്യായം 1

ജനസംഖ്യയും സ്ഥൂല സമ്പദ്‌വ്യവസ്ഥയും

ജനസംഖ്യാസ്ഥിതിവിവരങ്ങൾ

ഇന്ത്യ സെൻസസ് 2011 പ്രകാരം കേരളത്തിന്റെ ജനസംഖ്യ 33,406,061 അല്ലെങ്കിൽ ഇന്ത്യൻ ജനതയുടെ 2.76 ശതമാനമാണ്. കേരളത്തിൽ ആകെ ജനസംഖ്യയിൽ 48.6 ശതമാനം പുരുഷന്മാരും 51.4 ശതമാനം സ്ത്രീകളുമായിരുന്നു.

ജനസംഖ്യയുടെ ദശാബ്ദവളർച്ചാനിരക്ക് നോക്കുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽവെച്ച് ഏറ്റവും കുറവ് (4.9 ശതമാനം) കേരളത്തിലാണ്. ജില്ലകളിൽ ഏറ്റവുമുയർന്ന വളർച്ചാനിരക്ക് മലപ്പുറത്തും (13.4 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (–3.0 ശതമാനം) ഇടുക്കിയും പൂജ്യത്തിൽ താഴെയാണ് കാണിക്കുന്നത് (–1.8 ശതമാനം). ജനസംഖ്യാ വളർച്ചാനിരക്ക് ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ തെക്കൻ ജില്ലകളിൽ മറ്റു ജില്ലകളേക്കാൾ താരതമ്യേന കുറവാണ്.

കുട്ടികളുടെ ജനസംഖ്യ

2001–ലെ സെൻസസ് പ്രകാരം കേരളത്തിലെ കുട്ടികളുടെ (0–6 വയസ്സ്) ജനസംഖ്യ 37,93,146 ആയിരുന്നത് 2011–ൽ 3,472,955 ആയി. കുട്ടികളുടെ ജനസംഖ്യ വളർച്ചാനിരക്ക് സംസ്ഥാനത്ത് പൂജ്യത്തിനും താഴെയാണ് (–)8.44 ശതമാനം. കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ കുറഞ്ഞു വരുന്ന വ്യക്തമായ പ്രവണതയാണ് സെൻസസ് ഡാറ്റ കാണിക്കുന്നത്. 2001 –ലെ സെൻസസ് കണക്കനുസരിച്ച് കുട്ടികളുടെ ജനസംഖ്യ 12 ശതമാനമായിരുന്നത് 2011 –ൽ 10 ശതമാനമായിരുന്നു (ദേശീയ തലത്തിൽ ഇത് 13.2 ശതമാനമായിരുന്നു). കേരളത്തിലെ കുട്ടികളുടെ ജനസംഖ്യയുടെ 2001–ലെയും 2011 –ലെയും ശതമാനത്തിന്റെ താരതമ്യ **ചിത്രം 1.1** –ൽ ജില്ലതിരിച്ച് കാണിച്ചിരിക്കുന്നു. കുട്ടികളുടെ ജനസംഖ്യയിലെ ഏറ്റവും ഉയർന്ന അനുപാതം മലപ്പുറം ജില്ലയിലും ഏറ്റവും കുറഞ്ഞ അനുപാതം പത്തനംതിട്ട ജില്ലയിലുമാണ്. കേരളത്തിലെ കുട്ടികളുടെ ജനസംഖ്യാനുപാതം എല്ലാ ജില്ലകളിലും കുറയുന്ന പ്രവണത കാണുന്നുണ്ട്. കൊല്ലം ഒഴികെയുള്ള തെക്കൻ ജില്ലകളിൽ രണ്ടു ശതമാനം കുറവ് കാണിക്കുമ്പോൾ വയനാട് ഒഴികെയുള്ള വടക്കൻ ജില്ലകളിൽ ഈ കുറവ് ഒരു ശതമാനമാണ്. കൊല്ലം ജില്ലയിൽ ഇത് ഒരു ശതമാനവും വയനാട് ജില്ലയിൽ ഇത് രണ്ടു ശതമാനവുമാണ്. ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത് തെക്കൻ കേരളത്തേക്കാൾ വേഗത്തിൽ വടക്കൻ കേരളം ജനസംഖ്യയിൽ കൂട്ടിച്ചേർക്കൽ നടത്തുന്നു എന്നാണ്. വിശദ വിവരങ്ങൾ **അനുബന്ധം 1.1** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചിത്രം 1.1
കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ ശതമാനം



അവലംബം: സെൻസസ് 2001 & 2011

2001–2011 കാലഘട്ടത്തിൽ കേരളത്തിലെ നഗര ജനസംഖ്യ മൊത്തം ജനസംഖ്യടെ 21.74 ശതമാനത്തിൽ നിന്നും 47.7 ശതമാനമായി. കേരളത്തിൽ 15,934,926 നഗരത്തിൽ താമസിക്കുമ്പോൾ 17,471,135 പേർ ഗ്രാമങ്ങളിൽ താമസിക്കുന്നു. നഗര ജനസംഖ്യയുടെ അനുപാതം എറണാകുളം ജില്ലയിലാണ് (68 ശതമാനം) ഏറ്റവും കൂടുതൽ, വയനാട് ജില്ലയിലാണ് (3.9 ശതമാനം) ഏറ്റവും കുറവ്.

സാക്ഷരത

2011–ലെ സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം (93.91 ശതമാനം). 2001 –ൽ ഇത് 90 ശതമാനമായിരുന്നു. ജില്ലകളിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് 97.2 ശതമാനവുമായി കോട്ടയം നില്ക്കുമ്പോൾ തൊട്ടുപിന്നിൽ 96.5 ശതമാനവുമായി പത്തനംതിട്ടയാണുള്ളത്. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് വയനാട്ടിലാണ് (89 ശതമാനം). തൊട്ടു മുന്നിൽ പാലക്കാട് (89.3 ശതമാനം) ആണ്. ദേശീയ സാക്ഷരതാ നിരക്കായ 72 ശതമാനത്തിനും മുകളിലാണ് കേരളത്തിൽ ഏറ്റവും കുറഞ്ഞ സാക്ഷരതാനിരക്കായ വയനാട്ടിലെ 89 ശതമാനം. എല്ലാ ജില്ലകളിലും വർദ്ധനവ് ഉണ്ടായതായിക്കാണാവുന്നതാണ്. സാക്ഷരതാനിരക്കിൽ ഏറ്റവും കുറവും കൂടുതലും തമ്മിലുള്ള വ്യത്യാസം കേരളത്തിൽ 8.2 ആണെന്ന് കാണാം. വിശദാംശങ്ങൾ **അനുബന്ധം 1.2** –ൽ കൊടുത്തിട്ടുണ്ട്.

സ്ത്രീപുരുഷ അനുപാതം

2001–ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011 – ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം (ആയിരം പുരുഷന്മാർക്ക് സ്ത്രീകളുടെ എണ്ണം) 26 പോയിന്റ് വർദ്ധിച്ച് 1084 ൽ എത്തി. 1961–ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 1022 ആയിരുന്നു. 2011–ൽ തമിഴ്നാട്ടിൽ സ്ത്രീപുരുഷാനുപാതം 996 ഉം, കർണ്ണാടകയിൽ 973–ഉം, ആന്ധ്രാപ്രദേശിൽ 993 ഉം ദേശീയാനുപാതം 943 –ഉം ആണ്. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കി (1,008), തൊട്ടുമുകളിൽ എറണാകുളം (1,027). എല്ലാ ജില്ലകൾക്കും അനുപാതം 1000 –നു മുകളിലാണ്. 2001 –ൽ വയനാട് അനുപാതം 1000 –ൽ താഴെയായിരുന്നു (994). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ **അനുബന്ധം 1.1** –ൽ കാണാം.

കുട്ടികളിലെ ആൺ-പെൺ അനുപാതം (0-6 വയസ്)

കേരളത്തിൽ കുട്ടികളിലെ ആൺ–പെൺ അനുപാതം 2011 –ലെ സെൻസസ് പ്രകാരം 964 ആണ്. 2001 –ൽ ഇത് 960 ആയിരുന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ കുട്ടികളിലെ ആൺ–പെൺ അനുപാതം തമിഴ്നാട്ടിൽ 943 ഉം, കർണ്ണാടകയിൽ 948 ഉം ആന്ധ്രാപ്രദേശിൽ 939 ഉം ദേശീയ അനുപാതം 919 ഉം ആണ്. ജില്ലകളിൽ പത്തനംതിട്ടയാണ് ഏറ്റവും മുന്നിൽ (976). തൊട്ടുപിന്നിലായി കൊല്ലം (973) കണ്ണൂർ (971) ജില്ലകളാണ്. തൃശ്ശൂരിന്റെ അനുപാതം 950 ഉം ആലപ്പുഴയുടേത് 951 ഉം ആണ്. ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. എല്ലാ ജില്ലകളിലേയും കുട്ടികളിലെ ആൺ–പെൺ അനുപാതം 1,000 –ന് താഴെയാണ്. ദശാബ്ദമാറ്റം വിശകലന വിധേയമാക്കിയപ്പോൾ ഏറ്റവും ഉയർന്ന മാറ്റവുമായി കൊല്ലവും (13 പോയിന്റ്) തൊട്ടുപിന്നിൽ കോഴിക്കോടുമാണുള്ളത് (10 പോയിന്റ്). മറ്റെല്ലാ ജില്ലകളുടെയും സ്ഥാനം പത്ത് പോയിന്റിൽ താഴെയാണ്. തൃശ്ശൂർ (–)8, ഇടുക്കി (–)5, ആലപ്പുഴ (–)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ–പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിലും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.1** –ൽ കാണാം.

ജനസാന്ദ്രത

2011 –ലെ സെൻസസ് പ്രകാരം ഒരു ചതുരശ്രകിലോമീറ്ററിൽ 860 ആളുകൾ എന്നതാണ് കേരളത്തിന്റെ ജനസാന്ദ്രത. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെ ജനസാന്ദ്രത 555, കർണ്ണാടക 319, ആന്ധ്രാപ്രദേശ് 308, ദേശീയ ശരാശരി 382 എന്നിങ്ങനെയാണ്. ജില്ലകളിൽ തിരുവനന്തപുരം ഒന്നാമതും (1,508) ഇടുക്കി ഏറ്റവും പിന്നിലും ആണ് (255). പത്തനംതിട്ട (–)16, ഇടുക്കി (–)4 ഒഴികെ എല്ലാ ജില്ലകളിലും ജനസാന്ദ്രത ഉയർന്നതായിക്കാണുന്നു. വിശദാംശങ്ങൾ **അനുബന്ധം 1.2** –ൽ കാണാം.

പട്ടിക 1.1
ജനസംഖ്യയുടെ ജില്ലാതല വിതരണം (%) 1981 to 2011

ക്രമ നമ്പർ	1981	1991	2001	2011
കേരളം	100.0	100.0	100.0	100.0
കാസർകോട്	3.4	3.7	3.8	3.9
കണ്ണൂർ	7.6	7.7	7.6	7.6
വയനാട്	2.2	2.3	2.5	2.4
കോഴിക്കോട്	8.8	9.0	9.0	9.2
മലപ്പുറം	9.4	10.6	11.4	12.3
പാലക്കാട്	8.0	8.2	8.2	8.4
തൃശ്ശൂർ	9.6	9.4	9.3	9.3
എറണാകുളം	10.0	9.7	9.8	9.8
ഇടുക്കി	3.8	3.7	3.5	3.3
കോട്ടയം	6.7	6.3	6.1	5.9
ആലപ്പുഴ	7.3	6.9	6.6	6.4
പത്തനംതിട്ട	4.4	4.1	3.9	3.6
കൊല്ലം	8.5	8.3	8.1	7.9
തിരുവനന്തപുരം	10.2	10.1	10.2	9.9

അവലംബം: സെൻസസ് 1981, 1991, 2001 & 2011

ജനസംഖ്യയുടെ ജില്ലാതല കണക്ക്

കേരള ജനസംഖ്യയുടെ ജില്ലതിരിച്ചുള്ള 1981 മുതൽ 2011 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ ജനസംഖ്യയുടെ കൂടുതൽ ഭാഗ (12.3 ശതമാനം) വുമായി മലപ്പുറംജില്ല മുമ്പിൽ നില്ക്കുന്നു. തിരുവനന്തപുരം (9.9 ശതമാനം) എറണാകുളം (9.8ശതമാനം) തൃശ്ശൂർ (9 ശതമാനം) കോഴിക്കോട് (9 ശതമാനം) ജില്ലകളാണ് തൊട്ടു പുറകിൽവരുന്നത്. ഇടുക്കി, കാസർകോട് ജില്ലകളിൽ ജനസംഖ്യയുടെ 3–4 ശതമാനം വീതം വരുമ്പോൾ 2.4 ശതമാനവുമായി വയനാട് ജില്ലയാണ് ഏറ്റവും കുറവ് ജനസംഖ്യ.

പ്രായവിഭാഗ വിതരണം

വിവിധ പ്രായവിഭാഗങ്ങളിലായി ജനസംഖ്യയുടെ വിതരണം പരിശോധിക്കുമ്പോൾ 0–14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961–ൽ 43 ശതമാനമായിരുന്നത് 2011–ൽ 23 ശതമാനമായി കുറഞ്ഞു. എന്നാൽ തൊഴിൽസേനയുൾപ്പെടുന്ന 15–59 വിഭാഗം വളരെകുറഞ്ഞ നിരക്കിൽ വർദ്ധിച്ചുവരുന്നതായിക്കാണാം. എന്നാൽ മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം 60 വയസ്സിനു മുകളിലുള്ള ആശ്രിതവിഭാഗം 1961 –ലെ 5 ശതമാനത്തിൽനിന്നും 2011–ലെ 13 ശതമാനമായി ഉയർന്നിട്ടുണ്ട്. (**ചിത്രം 1.2**) തൊഴിൽസേനയുൾക്കൊള്ളുന്ന (15–59) പ്രായവിഭാഗത്തിലെ വർദ്ധനവ് സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണ്. എന്നാൽ 0–14 പ്രായവിഭാഗത്തിലെ കുറവ് ഉത്കണ്ഠയുളവാക്കുന്നു. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം കൂടുന്നത്, അവർക്ക് സാമൂഹ്യസുരക്ഷിതത്ത്വ നടപടികൾക്കായി സർക്കാരിന്റെ ചിലവ് വർദ്ധിപ്പിക്കേണ്ടി വരും.

നഗരവൽകരണം

1981 മുതൽ കേരളത്തിന്റെ ദശാബ്ദ വളർച്ചാ നിരക്ക് ദേശീയ തലത്തിലേതിനെക്കാൾ കൂടുതൽ വേഗത്തിലാണ് കുറയുന്നതെന്ന് ശ്രദ്ധേയമാണ്. 2001–2011 കാലയളവിൽ കേരളത്തിലെ ദശാബ്ദ വളർച്ചാ നിരക്ക് 4.86 ശതമാനമാണ് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. രാജ്യത്തിന്റെ ദശാബ്ദ വളർച്ചാ നിരക്കായ 17.64 ശതമാനത്തേക്കാൾ വളരെ കുറവാണിത്. ഇന്ത്യയുടെയും കേരളത്തിന്റെയും ജനസംഖ്യാ വളർച്ചാ നിരക്കിലെ അന്തരം 1981 മുതൽ കൂടി വരുകയാണ്. 2001 നും 2011 നും ഇടക്ക് 181 ദശലക്ഷം ജനസംഖ്യാ വർദ്ധനവ് ഉണ്ടായതിൽ 0.83 ശതമാനം മാത്രമാണ് കേരളത്തിന്റേത്. 2001–ൽ ഒഴികെ ഗ്രാമീണ ജനസംഖ്യയിലെ ദശാബ്ദ വളർച്ചാനിരക്ക് 1971 മുതൽ കുറഞ്ഞാണ് വരുന്നത്. ഈ പ്രവണത സംസ്ഥാനത്തിന്റെ തനതായ വാസരീതിയുമായി

ചിത്രം 1.2
പ്രായവിഭാഗ വിതരണം (ശതമാനം) കേരളം 1961–2011



അവലംബം: സെൻസസ് 1961, 1971, 1981, 1991, 2001 & 2011

ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി, താമസസ്ഥലത്തെ വേർതിരിക്കുന്ന വളരെ തുറന്ന ഭൂപ്രദേശങ്ങളോ വയലുകളോ ഇല്ലാതെ സംസ്ഥാനത്തെ ജനവാസ സ്ഥലങ്ങൾ തുടർച്ചയായി വ്യാപിച്ചു കിടക്കുന്നു. ഇന്ത്യയിൽ മറ്റെവിടെയും ഗ്രാമീണ പ്രദേശം വ്യക്തമായി കാണാം. അതിൽ പ്രധാനമായും വലിയ കൃഷി ഭൂമിയിൽ അവിടവിടെയായി വീടുകളുടെ കൂട്ടങ്ങളും കാണപ്പെടുന്നു. കേരളത്തിലുടനീളം, ചെറുതും ഇടത്തരവുമായ പട്ടണങ്ങൾ ഗ്രാമീണ പശ്ചാത്തലത്തിൽ വിതരണം ചെയ്യുന്നതു പോലെയാണ് കാണപ്പെടുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ സെൻസസിൽ (1901 –ൽ) സംസ്ഥാന ജനസംഖ്യ 6.4 ദശലക്ഷം ആയിരുന്നു. ഇതിൽ 5.9 ദശലക്ഷം അതായത് 92.9 ശതമാനം ഗ്രാമീണ മേഖലയിലാണ് ജീവിച്ചിരുന്നത്. നഗര ജനസംഖ്യയുടെ കണക്ക് അഞ്ച് ലക്ഷം മാത്രമായിരുന്നു. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെയായിരുന്നു. നൂറു വർഷത്തിനിടയിൽ, ഗ്രാമീണ ജനതയുടെ വിഹിതം ക്രമേണ കുറഞ്ഞു, 2001 –ൽ മൊത്തം ജനസംഖ്യയുടെ 74 ശതമാനം ആയിത്തീർന്നു. പ്രത്യേകിച്ചും 2011 ലെ സെൻസസ് പ്രകാരം, ഗ്രാമീണ, നഗര പ്രദേശങ്ങൾക്കിടയിൽ സംസ്ഥാനത്തിന്റെ ജനസംഖ്യ ഏകദേശം തുല്യമായി വിഭജിക്കപ്പെട്ടു. നിലവിൽ സംസ്ഥാനത്തിന്റെ നഗര ജനസംഖ്യ 159 ദശലക്ഷം ആണ്. ഇത് ആകെ ജനസംഖ്യയിൽ 47.7 ശതമാനമാണ്. അതേ സമയം ഗ്രാമീണ ജനസംഖ്യ 174 ദശലക്ഷം (52.3%) –വുമാണ്. നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് 2011–ൽ 92.72 ശതമാനമാണ്.

2011 –ൽ സെൻസസ്സ് നഗരങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടായതിനാൽ നഗരങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി എന്നത് വ്യക്തമാണ്. ഒരു സെൻസസ്സ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000–ൽ കവിഞ്ഞതും ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; ചുരുങ്ങിയത് 75 ശതമാനം പുരുഷൻമാർ കാർഷികമേഖലയ്ക്ക് പുറത്ത് തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ടതുമായ പ്രദേശമാണ്. 2011 സെൻസസ് അനുസരിച്ച്, കേരളത്തിൽ 461 സെൻസസ് നഗരങ്ങളും, 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമുണ്ട്. 2001 സെൻസസ് കണക്കുകൾ പ്രകാരം ഇവ യഥാക്രമം 99 ഉം 60 ഉം ആണ്. ഇതിൽ നിന്നും സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ 366 ശതമാനം വളർച്ചയുണ്ടായതായി കാണുന്നു. സെൻസസ് നഗരങ്ങളുടെ ഈ വർഗ്ഗീകരണം ഗ്രാമീണ ജനസംഖ്യാ വളർച്ച നെഗറ്റീവ് സംഖ്യയിൽ എത്തിച്ചിരിക്കുന്നു. 2001 ലും 2011 ലും നിലവിലുണ്ടായിരുന്ന നഗരങ്ങളുടെ സെൻസസ് ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്ക് 3.90 ശതമാനമാണ്. ഇത് സംസ്ഥാനത്തിന്റെ ശരാശരി 4.86 ശതമാനം ദശാബ്ദ ജനസംഖ്യാ വളർച്ചാനിരക്കിനേക്കാൾ കുറവാണ്. നഗരങ്ങളിലെ ജനസംഖ്യാ വളർച്ചയുടെ ആധാരം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് ഇത് കാണിക്കുന്നു. നഗര ജനസംഖ്യാ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർദ്ധനവ് മൂലമാണ്. അത് സംസ്ഥാനത്തെ നഗരവൽകരണത്തിലേക്ക് നയിച്ചു.

135 നഗരങ്ങളുള്ള തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം നഗരങ്ങൾ ഉള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികമാണ്. ഏകദേശം 60 ശതമാനം നഗരങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ്. 8 ജില്ലകളിൽ നഗര ജനസംഖ്യ ദശലക്ഷം കടന്നു. ഇതിൽ എറണാകുളത്താണ് ഏറ്റവും കൂടുതൽ, തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളും. സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളം ഈ നാലു ജില്ലകളിലാണ് വരുന്നത്. വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സ്റ്റാറ്റ്യൂട്ടറി ടൗണുകളൊഴികെ 2011–ൽ സെൻസസ് പട്ടണങ്ങളൊന്നും ഇല്ല. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ നഗരവാസികളുള്ള ജില്ലയാണ് വയനാട്. 2001–2011 കാലയളവിൽ നഗരങ്ങളുടെ ജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും സൂചിക വർദ്ധിച്ചു. മലപ്പുറം ജില്ല നഗര സൂചികയുടെ വളർച്ചയിൽ ഗണ്യമായ വർദ്ധനവ് കാണിക്കുന്നു, തൊട്ടുപിന്നിൽ കൊല്ലം, തൃശ്ശൂർ, കാസർഗോഡ് എന്നിവയാണ്. വയനാടിനാണ് ഏറ്റവും കുറഞ്ഞ വളർച്ചാ സൂചിക.

സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനസംഖ്യയുടെ ഭാഗം കണക്കാക്കിയാൽ 25 ശതമാനത്തോളം മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണുള്ളത്. കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലാണ് ഗ്രാമീണ ജനസംഖ്യ നഗര ജനസംഖ്യയേക്കാൾ കൂടുതലുള്ളത്. ഇടുക്കിയിലും വയനാട്ടിലും ആകെ ജനസംഖ്യയുടെ 95 ശതമാനനവും ഗ്രാമീണ ജനസംഖ്യയാണ്.

സംസ്ഥാനത്തെ ലിംഗാനുപാതം 1,000 പുരുഷൻമാർക്ക് 1,084 സ്ത്രീകൾ എന്നതാണ്. ഗ്രാമീണ മേഖലയിലെ ലിംഗാനുപാതം 1,077 ഉം നഗരമേഖലയിൽ 1,091 ഉം ആണ്. 2011-ലെ സെൻസസിലെ ലിംഗാനുപാതത്തിലെ ശ്രദ്ധേയമായ മാറ്റം 2001 ലെ സെൻസസ് പ്രകാരം വയനാട് ജില്ലയിലും, ഇടുക്കി ജില്ലയിലെ ഗ്രാമീണ മേഖലകളിലും പുരുഷന്മാരുടെ എണ്ണം കൂടുതലാണ് എന്നതാണ്. 2011-ൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ, എല്ലാ ജില്ലകളിലും സ്ത്രീകൾക്ക് മുൻതൂക്കമുള്ള രീതിയിൽ മാറി. 0-6 വയസ്സിനിടയിലുള്ള കുട്ടികളുടെ കാര്യത്തിൽ ആകെ എണ്ണത്തിൽ 470,899 -ന്റെ കുറവുണ്ടായി. അത് ജനസംഖ്യ വളർച്ച ഭാവിയിൽ കുറയുന്നതിന്റെ അനുകൂല സൂചകമാണ്. കുട്ടികളുടെ സ്ത്രീ പുരുഷ അനുപാതം ഗ്രാമ-നഗരങ്ങളിൽ വളരെ ചെറുതാണ്.

ദേശീയ-സംസ്ഥാന വരുമാനം

ഇന്ത്യയുടെ മൊത്ത ദേശീയവരുമാനം 2016-17 ൽ സ്ഥിരവിലയിൽ (2011-12) മുൻ വർഷത്തെ 112.46 ലക്ഷം കോടിയിൽ നിന്ന് 120.35 ലക്ഷം കോടി രൂപയായതായി കണക്കാക്കുന്നു 2015-16 ലെ ദേശീയ വരുമാനത്തിന്റെ വളർച്ചാനിരക്കായിരുന്ന 8 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016-17 -ൽ വളർച്ചാനിരക്ക് 7 ശതമാനമായി. 2016-17 -ൽ മൊത്ത ദേശീയവരുമാനം നടപ്പുവിലയിൽ 149.94 ലക്ഷം കോടി രൂപയാണ്. 2015-16 -ൽ ഇത് 135.22 ലക്ഷം കോടി രൂപയായിരുന്നു. അതായത് 10.9 ശതമാനമാണ് വളർച്ചാനിരക്ക്. 2016-17 -ൽ അറ്റദേശീയ വരുമാനം നടപ്പുവിലയിൽ 134.08 ലക്ഷം കോടി രൂപയാണ്. ഇത് 2015-16 -ൽ 120.76 ലക്ഷം കോടി രൂപയായിരുന്നു. ഇത് 11 ശതമാനം വർദ്ധനവ് കാണിക്കുന്നു. വിശദ വിവരങ്ങൾ **പട്ടിക 1.2** -ൽ കാണിക്കുന്നു.

2011-12 -ലെ അടിസ്ഥാന വിലയിൽ 2016-17 -ലെ യഥാർത്ഥ ജി.വി.എ. 111.85 ലക്ഷം കോടി രൂപയാണ്. 2015-16 -ലെ 104.91 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 6.6 ശതമാനം വളർച്ച കാണിക്കുന്നു. നടപ്പ് വിലയിലെ ജി.വി.എ. 2015-16-ലെ 124.58 ലക്ഷം കോടിരൂപ 9.7 ശതമാനം വളർച്ച രേഖപ്പെടുത്തി 2016-17 -ൽ 136.69 ലക്ഷം കോടി രൂപയാണ്.

മൊത്ത ആഭ്യന്തരോല്പാദനം സ്ഥിരവിലയിൽ (2011-12) 2015-16 -ലെ 113.81 ലക്ഷം കോടി രൂപയിൽ നിന്ന് 7.1 ശതമാനം വളർച്ച കൈവരിച്ച് 2016-17 -ൽ 121.90 ലക്ഷം കോടി രൂപയിലെത്തി. നടപ്പുവിലയിൽ 2016-17 -ൽ മൊത്ത ആഭ്യന്തരോല്പാദനം 2015-16 -ലെ 136.82 ലക്ഷം കോടിരൂപയിൽ നിന്ന് 151.84 ലക്ഷം കോടി രൂപയായി. ഇത് 11 ശതമാനം വളർച്ചാനിരക്ക് കാണിക്കുന്നു. പ്രതിശീർഷവരുമാനം (പ്രതിശീർഷ മൊത്ത ആഭ്യന്തരോല്പാദനം) 2011-12 ലെ സ്ഥിരവിലയിൽ 2015-16 -ലെ 88,706 രൂപയിൽ നിന്ന് 5.8 ശതമാനം വളർച്ച കൈവരിച്ച് 2016-17-ൽ 93,840 രൂപയായി. നടപ്പുവിലയിൽ പ്രതിശീർഷ വരുമാനം 2015-16-ലെ 106,641 രൂപയിൽ നിന്ന് 9.62 ശതമാനം വളർച്ചയോടെ 2016-17 -ൽ 116,888 രൂപയായി.

അടിസ്ഥാന വർഷം 2004-05 -ൽ നിന്നും 2011-12 ലേയ്ക്ക് നവീകരിച്ചുകൊണ്ട് സിഥിതിവിവരകണക്കും പദ്ധതി നിർവ്വഹണവും മന്ത്രാലയം ദേശീയകണക്കുകളുടെ പുതിയ പരമ്പര പുറത്തിറക്കിയിട്ടുണ്ട്. 2004-05 അടിസ്ഥാന വർഷമായി കണക്കാക്കി 2014-15 വരെ പുറത്തിറക്കിയവയും 2011-12 അടിസ്ഥാന വർഷമായി കണക്കാക്കി ഇപ്പോൾ

പട്ടിക 1.2
ദേശീയ വരുമാനം, ആഭ്യന്തരോല്പാദനം, പ്രതിശീർഷവരുമാനം (ഘടകവിലയിൽ – ഇന്ത്യ)
(രൂപ കോടിയിൽ)

ക്രമ നമ്പർ	ഇനം	2011–12 വിലയിൽ			നടപ്പ് വിലയിൽ		
		2014–15 (എൻഎസ്)	2015–16 (എൻ എസ്)	2016–17 (പി.ഇ)	2014–15 (എൻഎസ്)	2015–16 (എൻ എസ്)	2016–17 (പി.ഇ)
1	ജി.വി.എ. അടിസ്ഥാന വിലയിൽ	9719023	10490514 (7.9)	11185440 (6.6)	11481794	12458642 (8.5)	13669914 (9.7)
2	മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)	10412280	11246305 (8.0)	12034713 (7.0)	12297698	13522256 (10.0)	14994109 (10.9)
3	അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ)	9231556	9982112 (8.1)	10686776 (7.1)	10953761	12076882 (10.3)	13408211 (11.0)
4	മൊത്തം ആഭ്യന്തരോല്പാദനം (ജി.ഡി.പി)	10536984	11381002 (8.0)	12189854 (7.1)	12445128	13682035 (9.9)	15183709 (11.0)
5	അറ്റ ആഭ്യന്തരോല്പാദനം (എൻ.ഡി.പി)	9356260	10116809 (8.1)	10841917 (7.2)	11101191	12236662 (10.2)	13597811 (11.1)
6	പ്രതിശീർഷ മൊത്ത ആഭ്യന്തരോല്പാദനം (₹)	83165	88706 (6.7)	93840 (5.8)	98225	106641 (8.6)	116888 (9.6)
7	പ്രതിശീർഷ അറ്റ ആഭ്യന്തരോല്പാദനം (₹)	73846	78853 (6.7)	83464 (5.8)	87618	95375 (8.8)	104679 (9.7)

അവലംബം: കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ

പുറത്തിറക്കിയ പ്രധാന സംഗ്രഹങ്ങളും തമ്മിൽ ആശയപരമായ ചില വ്യത്യാസങ്ങളുണ്ട്. 2008–ലെ ദേശീയ കണക്കുകളുടെ മാതൃകയാണ് പുതിയ ദേശീയ കണക്ക് പരമ്പരയിൽ കൂടുതലും ഉപയോഗിച്ചിരിക്കുന്നത്. ഘടക മൂല്യത്തിലെ മൊത്ത ആഭ്യന്തര ഉല്പന്നം എന്നതിന് (ജി.ഡി.പി. ഘടക മൂല്യത്തിൽ) പകരം മൊത്തം സംയോജിത മൂല്യം അടിസ്ഥാന വിലയിൽ (ജി.വി.എ.) എന്നും കമ്പോള വിലയിലെ ജി.ഡി.പി.യെ ജി.ഡി.പി. ആയും നിർവചിച്ചിരിക്കുന്നു.

മൊത്ത ആഭ്യന്തരോല്പാദനം, അറ്റ ആഭ്യന്തരോല്പാദനം, മൊത്ത ദേശീയവരുമാനം, അറ്റ ദേശീയവരുമാനം എന്നിവയെ സംബന്ധിക്കുന്ന 2012–13 മുതൽ 2016–17 വരെയുള്ള വിശദവിവരങ്ങൾ നടപ്പ്, (2011–12) സ്ഥിരവിലകളിലും ശതമാന വ്യതിയാനവും **അനുബന്ധം 1.3, 1.4, 1.5, 1.6** –ൽ കൊടുത്തിട്ടുണ്ട്. സ്ഥിരവിലയിലും നടപ്പുവിലയിലും കണക്കാക്കിയിട്ടുള്ള മൊത്തം ജി.വി.എ.യുടെ മേഖലാവിതരണം **അനുബന്ധം 1.7** ലും **1.8** ലും നല്കിയിട്ടുണ്ട്.

സംസ്ഥാന വരുമാനം

മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം (ജി. എസ്.ഡി.പി.) 2011–12– ലെ സ്ഥിരവിലയിൽ 2015–16–ലെ താല്ക്കാലിക കണക്കുകളിലെ 44,769,237 ലക്ഷം രൂപയിൽ നിന്ന് 2016–17 –ൽ 48087791 ലക്ഷം രൂപയായി വർദ്ധിച്ചു. വളർച്ചാനിരക്ക് 2015–16 –ലെ 6.60 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 –ൽ 7.41 ശതമാനമാണ് (**ചിത്രം 1.3**). നടപ്പുവിലയിൽ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം 2015–16 –ലെ 55,794,651 ലക്ഷം രൂപയിൽ നിന്ന് 10.59

ചിത്രം 1.3
കേരളം –മൊത്ത ആഭ്യന്തരോല്പാദനത്തിന്റെ വളർച്ചാനിരക്ക് സ്ഥിര വിലയിൽ (2011–12)



അവലംബം: സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്

ശതമാനം വളർച്ചയോടെ 2016–17 –ൽ 61,703,466 ലക്ഷം രൂപയായി.

ത്വരിതകണക്കുകൾ പ്രകാരം കേരളത്തിന്റെ അറ്റ സംസ്ഥാന ആഭ്യന്തരോല്പാദനം ഘടകവിലയിൽ 2011–12 ലെ സ്ഥിരവിലയിൽ 2015–16 സാമ്പത്തികവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 40,906,975 ലക്ഷം രൂപയിൽ നിന്ന് 7.69 ശതമാനം വളർച്ച കൈവരിച്ച് 2016–17–ൽ 44,051,533 ലക്ഷം രൂപയായി. നടപ്പുവിലയിലുള്ള സംസ്ഥാന അറ്റആഭ്യന്തരോല്പാദനം 2015–16 ലെ 50392861 ലക്ഷം രൂപയിൽ നിന്ന് വർദ്ധിച്ച് 2016–17–ൽ 55,848,205 ലക്ഷം രൂപയായി. സംസ്ഥാന വരുമാനത്തിന്റെ വളർച്ചാനിരക്ക് നടപ്പ് വിലയിൽ 2015–16 –ലെ 9.40 ശതമാനത്തിൽ നിന്ന് 2016–17 –ൽ 10.83 ശതമാനമായി (**പട്ടിക 1.3**).

സംസ്ഥാന പ്രതിശീർഷ വരുമാനം

ത്വരിത കണക്കുകൾ പ്രകാരം 2016–17 –ൽ പ്രതിശീർഷ സംസ്ഥാന വരുമാനം (2011–12) സ്ഥിരവിലയിൽ 140,107 രൂപയാണ്. 2015–16 –ലെ താൽക്കാലിക കണക്കു പ്രകാരം ഇത് 131,086 രൂപ ആണ്. 2016–17 –ൽ 6.88 ശതമാനം വളർച്ചയുണ്ടായി. നടപ്പ് വിലയിൽ സംസ്ഥാന പ്രതിശീർഷ വരുമാനം 2015–16 –ൽ 163,369 ലക്ഷം രൂപ ആയിരുന്നത് 2016–17 –ൽ 179,778 രൂപ ആയി. അറ്റ സംസ്ഥാന ആഭ്യന്തരഉല്പന്നത്തെ ജനസംഖ്യകൊണ്ട് ഭാഗിച്ചാൽ കിട്ടുന്നതാണ് പ്രതിശീർഷ വരുമാനത്തിന്റെ മികച്ച സൂചകം. ത്വരിത കണക്കുകൾ പ്രകാരം 2015–16 –ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പന്നം 119,777 രൂപ ആയിരുന്നത് 2016–17–ൽ 7.15 ശതമാനം വളർച്ച കൈവരിച്ച് 128,347 രൂപയായി. 2013–14 മുതൽ 2016–17 വരെ കേരളത്തിന്റെ പ്രതിശീർഷ സംസ്ഥാന വരുമാനം (സ്ഥിരവിലയിൽ 2011–12) ദേശീയ പ്രതിശീർഷ വരുമാനത്തേക്കാൾ ഉയർന്നതാണെന്ന് താഴെകൊടുത്തിട്ടുള്ള ചിത്രത്തിൽ നിന്ന് (**ചിത്രം 1.4**) വ്യക്തമാകുന്നതാണ്.

മൊത്തസംസ്ഥാന സംയോജിതോല്പാദനത്തിന്റെ മേഖലാവിതരണം

2016–17–ൽ (2011–12 സ്ഥിരവിലയിൽ) സംസ്ഥാന ആഭ്യന്തരോല്പാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതം

പട്ടിക 1.3
കേരളത്തിന്റെ സംസ്ഥാന ആഭ്യന്തരോല്പാദനവും പ്രതിശീർഷ വരുമാനവും

ക്രമ നമ്പർ	ഇനം	വരുമാനം (ലക്ഷം രൂപയിൽ)			വളർച്ചാ നിരക്ക് ശതമാനം	
		2014-15	2015-16 (പി)	2016-17 (ക്യൂ)	2015-16 (പി)	2016-17 (ക്യൂ)
1	**മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനം**					
	എ) സ്ഥിരവിലയിൽ (2011-12)	41,995,555	44,769,237	48,087,791	6.60	7.41
	ബി) നടപ്പ് വിലയിൽ	51,256,405	55,794,651	61,703,466	8.85	10.59
2	**അറ്റ സംസ്ഥാന ആഭ്യന്തരോല്പാദനം**					
	എ) സ്ഥിരവിലയിൽ (2011-12)	38,213,426	40,906,975	44,051,533	7.05	7.69
	ബി) നടപ്പ് വിലയിൽ	46,061,432	50,392,861	55,848,205	9.40	10.83
3	**സംസ്ഥാന പ്രതിശീർഷവരുമാനം**					
	എ) സ്ഥിരവിലയിൽ (2011-12)	123,573	131,086	140,107	6.08	6.88
	ബി) നടപ്പ് വിലയിൽ	150,824	163,369	179,778	8.32	10.04
4	**അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തര ഉല്പന്നം**					
	എ) സ്ഥിര വിലയിൽ (2011-12)	112,444	119,777	128,347	6.52	7.15
	ബി) നടപ്പ് വിലയിൽ	135,537	147,552	162,718	8.86	10.28

അവലംബം: സാമ്പത്തികസ്ഥിതിവിരണക്കണക്ക് വകുപ്പ്.

പി: താല്ക്കാലികം ക്യൂ: ത്വരിതം

ചിത്രം 1.4
കേരളം -മൊത്ത ആഭ്യന്തരോല്പാദനത്തിന്റെ വളർച്ചാനിരക്ക് സ്ഥിര വിലയിൽ (2011-12)



അവലംബം: സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

ചിത്രം 1.5
മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ മേഖലാവിതരണം



അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

യഥാക്രമം 11.27 ശതമാനം, 25.59 ശതമാനം, 63.14 ശതമാനം ആണ്. നടപ്പുവിലയിൽ 2016–17 കാലയളവിൽ മൊത്തസംസ്ഥാന ആഭ്യന്തരോല്പാദനത്തിൽ ഈ മൂന്ന് മേഖലകളുടെയും വിഹിതം യഥാക്രമം 13.36 ശതമാനം, 23.47 ശതമാനം, 63.18 ശതമാനം എന്ന നിലയിലാണ് (**ചിത്രം 1.5**).

സംസ്ഥാന ജി.വി.എ.യുടെ മേഖലാവിതരണം വിശകലനം ചെയ്താൽ കാണുന്നത് തൃതീയ, പ്രാഥമിക മേഖലകളുടെ സംഭാവന യഥാക്രമം 2015–16–ലെ 62.59 ശതമാനത്തിൽനിന്നും 63.18 ശതമാനമായും, 12.82 ശതമാനത്തിൽനിന്നും 13.36 ശതമാനമായും 2016–17–ൽ വർദ്ധിച്ചു. എന്നാൽ ദ്വിതീയ മേഖലയുടെ പങ്ക് 24.59 ശതമാനത്തിൽ നിന്ന് 23.47 ശതമാനമായി കുറഞ്ഞു.

മൊത്ത സംസ്ഥാന വരുമാനത്തിന്റെ മേഖലാവളർച്ചയുടെ വാർഷിക വിശകലനത്തിൽ സ്ഥിരവിലയിൽ (2011–12) ഏറ്റവും ഉയർന്ന 6.7 ശതമാനം വളർച്ചാനിരക്ക് തൃതീയ മേഖല കൈവരിച്ചതായി കാണാവുന്നതാണ്. പുറകിലായി പ്രാഥമികമേഖല 5.19 ശതമാനവും ദ്വിതീയ മേഖല 2.88 ശതമാനവും വളർച്ചയും കാണിക്കുന്നു. ഈ കാലയളവിൽ ചില കാർഷിക വിളകൾ, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം, മത്സ്യകൃഷി, ഖനനം എന്നീ മേഖലകളുടെ വളർച്ചയുടെ ഫലമായി പ്രാഥമികമേഖല –11.2 ശതമാനത്തിൽനിന്നും 5.19 ശതമാനം വളർച്ച രേഖപ്പെടുത്തി. നടപ്പുവിലയിൽ 2016–17–ൽ പ്രാഥമിക മേഖലയുടെ വളർച്ചാ നിരക്ക് 13.25 ശതമാനവും തൃതീയമേഖലയുടേത് 9.72 ശതമാനവും ദ്വിതീയമേഖലയുടേത് 3.74 ശതമാനവുമാണ്. ഗതാഗതം സംഭരണം, വാർത്താവിനിമയം എന്നീ മേഖലകൾ വളർച്ച രേഖപ്പെടുത്തിയതാണ് തൃതീയമേഖലയുടെ വളർച്ചയ്ക്ക് കാരണം.

2013–14 മുതൽ 2015–16 വരെയുള്ള കാലഘട്ടത്തിൽ തൃതീയമേഖലയുടെ സംഭാവന 60.43–ൽനിന്നും 63.66 ശതമാനമായി വർദ്ധിച്ചു. പ്രാഥമികമേഖലയുടെ സംഭാവന 13.45 –ൽ നിന്നും 12.07 ശതമാനമായും ദ്വിതീയ മേഖലയുടേത് 25.81–ൽ നിന്നും 24.27 ശതമാനമായും കുറഞ്ഞു. കഴിഞ്ഞ മൂന്ന് വർഷകങ്ങളിലെ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ശതമാനത്തിലുള്ള മേഖലാതല വിതരണം **അനുബന്ധം 1.9, 1.10, 1.11** –ലും 2011–12 മുതൽ 2015–16 വരെയുള്ള വർഷങ്ങളിലെ മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെയും അറ്റ സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെയും സ്ഥിര–നടപ്പ് വിലകളിലുള്ള വിശദാംശങ്ങൾ **അനുബന്ധം 1.12, 1.13, 1.14, 1.15** –ലും കൊടുത്തിട്ടുണ്ട്.

ജില്ലാതല മൊത്ത സംസ്ഥാന സംയോജിതമൂല്യം

അടിസ്ഥാന വിലയിലുള്ള 2016–17 – ലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാ വിതരണത്തിൽ (നടപ്പ് വില) എറണാകുളം ജില്ല

പട്ടിക 1.4
മൊത്ത സംസ്ഥാന സംയോജിതമൂല്യത്തിന്റെ ജില്ലാതലവിതരണം. (ലക്ഷം രൂപയിൽ)

ക്രമ നമ്പർ	ജില്ല	മൊത്തം സംസ്ഥാന കൂട്ടിച്ചേർത്തമൂല്യം					
		നടപ്പ് വിലയിൽ			സ്ഥിരവിലയിൽ		
		2015-16 (പി)	2016-17 (ക്യൂ)	വളർച്ചാ നിരക്ക് (%)	2015-16 (പി)	2016-17 (ക്യൂ)	വളർച്ചാ നിരക്ക് (%)
1	തിരുവനന്തപുരം	5,119,355	5,567,163	8.75	4,087,733	4,311,759	5.48
2	കൊല്ലം	4,568,252	4,980,196	9.02	3,622,737	3,825,637	5.60
3	പത്തനംതിട്ട	1,438,255	1,599,967	11.24	1,135,630	1,218,492	7.30
4	ആലപ്പുഴ	3,650,842	3,959,161	8.45	2,922,450	3,069,069	5.02
5	കോട്ടയം	3,021,186	3,273,951	8.37	2,504,602	2,627,009	4.89
6	ഇടുക്കി	1,895,868	2,056,010	8.45	1,453,150	1,485,762	2.24
7	എറണാകുളം	6,296,547	6,918,835	9.88	5,125,647	5,491,752	7.14
8	തൃശ്ശൂർ	5,178,400	5,561,292	7.39	4,144,093	4,343,482	4.81
9	പാലക്കാട്	3,717,274	3,998,133	7.56	2,904,804	3,034,377	4.46
10	മലപ്പുറം	4,896,021	5,363,418	9.55	3,889,842	4,144,456	6.55
11	കോഴിക്കോട്	4,395,664	4,681,302	6.50	3,491,034	3,633,201	4.07
12	വയനാട്	1,029,524	1,107,058	7.53	770,726	802,474	4.12
13	കണ്ണൂർ	3,509,232	3,866,359	10.18	2,823,432	3,027,512	7.23
14	കാസർകോഡ്	1,718,063	1,889,926	10.00	1,359,393	1,443,907	6.22
	മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദനം	**50,434,483**	**54,822,771**	**8.70**	**40,235,273**	**42,458,889**	**5.53**

അവലംബം: സാമ്പത്തിക സ്ഥിതി വിരണക്കണക്ക് വകുപ്പ്.
പി: താല്ക്കാലികം ക്യൂ: ത്വരിതം

69,18,835 ലക്ഷം രൂപയോടെ ഒന്നാം സ്ഥാനത്ത് തുടരുന്നതായി കാണുന്നു. 2015-16 -ൽ ജില്ലയുടെ വിഹിതം 62,96,547 ലക്ഷം രൂപയായിരുന്നു. അതായത് 2015-16 -നെ അപേക്ഷിച്ച് 9.88 ശതമാനം വളർച്ച രേഖപ്പെടുത്തി. സ്ഥിരവിലയിൽ (2011-12) 2015-16 -ൽ ഇത് 5,125,647 ലക്ഷം രൂപയായിരുന്നത് 2016-17- ൽ 5,491,752 ലക്ഷം രൂപയായി. വിശദാംശങ്ങൾ **പട്ടിക 1.4** - ൽ നൽകിയിട്ടുണ്ട്.

ജില്ലാതല പ്രതിശീർഷ വരുമാനം

2016-17-ൽ എറണാകുളം ജില്ല (2011-12 -ലെ സ്ഥിരവിലയിൽ) 1,62,297 രൂപയുമായി പ്രതിശീർഷ വരുമാനത്തിൽ ഒന്നാമത് നിൽക്കുന്നതായി ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ വിശകലനം കാണിക്കുന്നു. 2015-16- ൽ ഇത് 152,318 രൂപയായിരുന്നു. ജില്ലാതല പ്രതിശീർഷ വരുമാനത്തിന്റെ സ്ഥാനവും വളർച്ചയും **പട്ടിക 1.5** -ൽ കൊടുത്തിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകൾ 2016-17 സാമ്പത്തികവർഷം സംസ്ഥാന പ്രതിശീർഷ വരുമാനത്തിന്റെ ശരാശരി വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്കുള്ളതായി **പട്ടിക 1.5** വ്യക്തമാക്കുന്നു. അതേസമയം ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക് സംസ്ഥാന ശരാശരിയിലും വളരെ താഴ്ന്ന വളർച്ചാനിരക്കാണുള്ളത്. 2014-15 മുതൽ 2016-17 വരെയുള്ള ജില്ലാതല, മേഖലാതല മൊത്തസംസ്ഥാന ആഭ്യന്തരോല്പാദനം നടപ്പുവിലയിലും സ്ഥിരവിലയിലും (2011-12) **അനുബന്ധം 1.16, 1.17, 1.18, 1.19, 1.20, 1.21** -ൽ കൊടുത്തിട്ടുണ്ട്. ദേശീയ-അന്തർദേശീയ തലത്തിൽ ഉയർന്നു വന്ന സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തിന്റെ

പട്ടിക 1.5
മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ ജില്ലാതല വിതരണം. (ലക്ഷം രൂപയിൽ)

ക്രമ നമ്പർ	ജില്ല	2015-16 (പി)	റാങ്ക്	2016-17 (ക്യൂ)	റാങ്ക്	വളർച്ചാ നിരക്ക് (%)
1	തിരുവനന്തപുരം	122,679	7	129,137	7	5.26
2	കൊല്ലം	136,282	3	143,638	2	5.40
3	പത്തനംതിട്ട	96,134	12	103,460	12	7.62
4	ആലപ്പുഴ	136,804	2	143,542	3	4.92
5	കോട്ടയം	126,238	6	132,267	6	4.78
6	ഇടുക്കി	132,107	4	135,316	5	2.43
7	എറണാകുളം	152,318	1	162,297	1	6.55
8	തൃശ്ശൂര്	129,922	5	135,518	4	4.31
9	പാലക്കാട്	100,128	10	103,855	11	3.72
10	മലപ്പുറം	89,357	14	94,012	14	5.21
11	കോഴിക്കോട്	109,632	8	113,307	9	3.35
12	വയനാട്	92,353	13	95,715	13	3.64
13	കണ്ണൂർ	109,602	9	116,982	8	6.73
14	കാസർകോഡ്	100,198	11	105,555	10	5.35
	കേരളം	**117,811**		**123,707**		**5.01**

അവലംബം: സാമ്പത്തിക സ്ഥിതി വിരണക്കണക്ക് വകുപ്പ്.

പി: താല്ക്കാലികം ക്യൂ: ത്വരിതം

സംസ്ഥാനത്തിന്റെ ധനസ്ഥിതി

സമ്പദ്ഘടനയുടെ മേൽ കനത്ത ആഘാതം ഏൽപ്പിച്ചു. സാമ്പത്തിക വളർച്ചയിൽ സ്ഥിരത നിലനിർത്തുന്നതിന് വൻ തോതിലുള്ള ഡിമാന്റ് നിർണ്ണായകമാണെന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സമീപകാലത്ത് സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങളിൽ ആഭ്യന്തരവും വൈദേശികവുമായ ആവശ്യങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. ലോക സമ്പദ്ഘടനയുമായി ചരിത്രപരമായി പല രീതികളിൽ സംസ്ഥാന സമ്പദ്ഘടന അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുണ്ടാകുന്ന സാമ്പത്തിക വളർച്ചയുടെ വെല്ലുവിളികളിൽ നിന്നും കേരളത്തിന് വിമുക്തമാകാനാവില്ല. ഗൾഫ് കൗൺസിലിൽ അംഗമായ രാജ്യങ്ങൾ നടപ്പിലാക്കിയ ദേശസാത്കൃത നയങ്ങൾ കേരളത്തിലേക്കുള്ള വിദേശ പണത്തിന്റെ ഒഴുക്കിനെ ബാധിക്കുകയും അത് ഗാർഹിക ഉപഭോഗത്തിൽ കുറവുണ്ടാക്കുകയും ചെയ്തു. കൂടാതെ വിദേശ പണത്തിന്റെ വരവിലുണ്ടായ ഇടിവ് സംസ്ഥാനത്തിന്റെ മറ്റ് പ്രവർത്തനങ്ങൾ, വിശിഷ്യാ, വാണിജ്യ, റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖലകളെ ദുർബലപ്പെടുത്തി. കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി, മറ്റ് നാണ്യവിളകൾ എന്നിവ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും തൊഴിൽ സൃഷ്ടിക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നു. ദേശീയവാണിജ്യ നയങ്ങളും കയറ്റുമതിയിലെ ഇടിവും തോട്ടവിളകളുടേയും

അതുമായി ബന്ധപ്പെട്ട മറ്റ് വസ്തുക്കളുടേയും വിലയിടിവിന് കാരണമാകുകയും ഇത് സംസ്ഥാന സമ്പദ്ഘടനക്ക് താങ്ങായിരുന്ന പരമ്പരാഗത വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തിയിരുന്ന കേരളത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനം എക്കാലത്തും അഭിമാനകരമാം വിധം ഉയർന്നതായിരുന്നു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനത്തിന്റെ വളർച്ചാ നിരക്ക് പ്രോത്സാഹജനകമല്ല. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനം ആദ്യമായി ദേശീയ ശരാശരിയേക്കാൾ പിന്നിലായി. സ്ഥിരമായി ദേശീയ ശരാശരിയേക്കാൾ ഉയർന്നുനിന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനത്തിന്റെ വളർച്ച 2012–13 മുതൽ കുറയുന്ന പ്രവണത കാണിക്കുകയും ഇത് 2015–16 –ൽ ദേശീയ ശരാശരിയായ 9.94 നേക്കാൾ താഴ്ന്ന് 8.59 ശതമാനത്തിലെത്തുകയും ചെയ്തു.

2016 –ൽ അധികാരത്തിൽ വന്ന ഇപ്പോഴത്തെ സർക്കാരിന് അസ്ഥിരമായ ഒരു സമ്പദ് ഘടനയാണ് മുൻസർക്കാർ കൈമാറിയത്. മുൻസർക്കാർ ട്രഷറിയിൽ അവശേഷിപ്പിച്ചത് 173.46 കോടി രൂപയുടെ കടം ആയിരുന്നു. കൂടാതെ മുൻസർക്കാർ കുടിശ്ശിക വരുത്തിയ 6,000 കോടി രൂപയുടെ വലിയ ബാധ്യതയോടൊപ്പം 4,300 കോടി രൂപയുടെ ബജറ്റിന് പുറത്തുള്ള ഹ്രസ്വകാല കടബാധ്യതയും ഈ സർക്കാരിനെ പ്രതിസന്ധിയിലാക്കി. മുൻഗവൺമെന്റിന്റെ വികലമായ നികുതിനയങ്ങളുടെ ഫലമായി ജനങ്ങളുടെ വരുമാനത്തിലും ക്രയശേഷിയിലുമുണ്ടായ തകർച്ചയുടെ ബാധ്യത മറികടക്കേണ്ടതിന്റെ ഭാരം കൂടി ഈ സർക്കാരിന്റെ ചുമലിലായി. 2010–11 മുതൽ 2015–16 വരെയുള്ള നികുതി വളർച്ചയിലെ വസ്തുതകൾ നികുതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥത വെളിവാക്കുന്നു. 2010–11 ൽ 23.24 ശതമാനം ഉയർന്ന നികുതി വളർച്ച 2015–16 –ൽ 10.68 ശതമാനമായി കുത്തനെ ഇടിഞ്ഞു. കൂടാതെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലുണ്ടായ തളർച്ചയും വരുമാന വർദ്ധന കുറയുന്നതിനിടയാക്കി.

മെച്ചപ്പെട്ട നികുതി മാനേജ്മെന്റിലെ കാര്യക്ഷമതയും സാങ്കേതിക മികവും ഉറപ്പാക്കുന്നതിലൂടെ മെച്ചപ്പെട്ട നികുതി ശേഖരണം വഴി സംസ്ഥാനത്തിന്റെ സമ്പദ് ഘടന സുരക്ഷിതമായ മേഖലയിലേക്ക് തിരികെ കൊണ്ടുവരാൻ സർക്കാരിന് കടുത്ത ധനകാര്യ അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടിവന്നു.

ഇക്കാലത്തെ രൂക്ഷമായ സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കാൻ പുതിയ സർക്കാർ ബദൽ വികസന മാതൃക അവതരിപ്പിക്കുന്നതിനുള്ള ധീരമായ നടപടി എടുത്തു. സുസ്ഥിര പശ്ചാത്തല വികസനം കൈവരിക്കുന്നതിനും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് സമഗ്രമായ സാമൂഹ്യ സുരക്ഷാപാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി 2016 –ൽ സംസ്ഥാന സർക്കാർ ബഹുമുഖ വികസന തന്ത്രങ്ങൾ രൂപപ്പെടുത്തി. കൂടാതെ സാമ്പത്തിക മാന്ദ്യത്തെ നേരിടാനും ഒരു പാക്കേജ് തയ്യാറാക്കിയിരുന്നു. കശുവണ്ടി, കയർ, കൈത്തറി വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻ പരമ്പരാഗത മേഖലയിൽ സംസ്ഥാന സർക്കാർ ഗണ്യമായ തുക നൽകിയിരുന്നു. ഈ മേഖലകളിലെ ഉല്പന്നങ്ങളിലെ വിലയിലെ കുത്തനെയുള്ള ഇടിവ് ആയിരക്കണക്കിന് ജനങ്ങളെ ബാധിച്ചു. നോട്ട്റദ്ദാക്കലിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി. സംസ്ഥാന ആസൂത്രണ ബോർഡ് നിയമിച്ച നോട്ട് റദ്ദാക്കൽ കേരള സമ്പദ് ഘടനയ്ക്കുണ്ടാക്കിയ ആഘാതം എന്ന പഠനത്തിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ ക്രയ ശേഷിയേയും സാമ്പത്തിക പ്രവർത്തനങ്ങളെയും നോട്ട് റദ്ദാക്കൽ നടപടി രൂക്ഷമായി ബാധിച്ചു.

കയർ, കൈത്തറി, കൃഷിയും അനുബന്ധ മേഖലകൾ തുടങ്ങിയ മേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോട്ട് ക്ഷാമം മൂലം ഏതാണ്ട് നിശ്ചലമായി. കേരളത്തിന്റെ ഗ്രാമീണ, നഗര സമ്പദ് വ്യവസ്ഥ ഉയർത്തിപ്പിടിക്കുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള സഹകരണ മേഖല നോട്ട് റദ്ദാക്കൽ മൂലം അടച്ചുപൂട്ടലിന്റെ വക്കിലെത്തി. നോട്ട് നിരോധനത്തെത്തുടർന്ന് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നു. ഉപഭോഗ ആവശ്യങ്ങൾ നിശ്ചലമായി. നോട്ട് നിരോധനത്തിന്റെ അനിവാര്യഫലമായി

പട്ടിക 1.6
സംസ്ഥാനത്തിന്റെ സാമ്പത്തിക സൂചകങ്ങൾ, രൂപ കോടിയിൽ

ഇനം	2010-11	2011-12	2012-13	2013-14	2014-15	2015-16	2016-17
കറന്റ് റവന്യൂ ബാലൻസ്	-910	-5449	-4973	-6917	-9533	-1322	-5253
പലിശ നിരക്ക്	0.18	0.17	0.16	0.17	0.17	0.16	0.16
മൂലധന അടങ്കൽ/ മൂലധന വരുമാനം	0.43	0.31	0.29	0.25	0.23	0.42	0.38
നിക്ഷേപത്തിൽ നിന്നുള്ള വരുമാന അനുപാതം	0.020	0.016	0.016	0.018	0.012	0.013	0.013
പലിശയുൾപ്പെടെ നിലവിലുള്ള ഗ്യാരണ്ടി/ റവന്യൂ വരുമാനം	0.24	0.22	0.22	0.20	0.19	0.18	0.21
ആസ്തികൾ/ ബാധ്യതകൾ	0.40	0.40	0.40	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

സാമ്പത്തിക വളർച്ചാ നിരക്ക് ഇടിയുകയും നിക്ഷേപത്തെ ബാധിക്കുകയും ചെയ്തു. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ മൊത്തആഭ്യന്തരോല്പാദത്തിന്റെയും വരുമാനത്തിന്റേയും ഇടിവിന് കാരണമായി. നോട്ട് നിരോധിക്കാനുള്ള അപ്രതീക്ഷിത തീരുമാനം വരുമാനവർദ്ധനയിലൂടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള നയങ്ങളെ സാരമായി ബാധിച്ചു. ഉപഭോഗചെലവിൽ പ്രതിഫലിച്ചിരുന്ന ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും അതിനനുസരിച്ചുള്ള ഉപഭോഗചെലവും സംസ്ഥാന വരുമാനത്തിന്റെ തെടുംതൂണായിരുന്നു. ഉപഭോഗചെലവിൽ കുറവുണ്ടായാൽ അത് സംസ്ഥാന ഖജനാവിലെക്കുള്ള ഒഴുക്കിനെ ബാധിക്കും. സാമ്പത്തിക പ്രവർത്തനങ്ങളെ ശരിയായ ദിശയിലേയ്ക്ക് നയിക്കാനുള്ള ശ്രമങ്ങളെ നോട്ട്നിരോധനം പ്രതികൂലമായി ബാധിക്കുകയുണ്ടായി. 2016-17 -ൽ നികുതി വരുമാനം ഉയർത്താനുള്ള സർക്കാരിന്റെ ശ്രമം നോട്ട്നിരോധനം പരാജയപ്പെടുത്തുകയും തന്മൂലം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്കായ 14.24 ശതമാനത്തിന്റെ സ്ഥാനത്ത് 8.16 ശതമാനം മാത്രം കൈവരിക്കാൻ കഴിയുകയും ചെയ്തു. ഇത് സംസ്ഥാന ബജറ്റിൽ വിഭാവനചെയ്തിരുന്ന സാമ്പത്തിക സൂചകങ്ങളെ പാടെ തകിടം മറിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സൂചകങ്ങൾ **പട്ടിക 1.6** -ൽ കൊടുത്തിരിക്കുന്നു.

2003 -ലെ കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് നടപ്പാക്കിയതിന് ശേഷം റവന്യൂ വരുമാനം അടിസ്ഥാനമാക്കി സമ്പദ് ഘടനയെ ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ച തന്ത്രം ഒരു നിശ്ചിത കാലയളവിലേക്കെങ്കിലും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ മെച്ചപ്പെടുത്താൻ കഴിഞ്ഞു. 2002-03 -ൽ സംസ്ഥാന മൊത്ത ആഭ്യന്തരോല്പാദത്തിന്റെ 3.15 ശതമാനമായിരുന്ന റവന്യൂ കമ്മി 2010-11 -ൽ 1.13 ശതമാനമായി കുറഞ്ഞു. ധനകമ്മി ഇതേകാലയളവിൽ 4.24 ശതമാനത്തിൽ നിന്ന് 2.38 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും ഈ കാലയളവിനു ശേഷവും മുൻകാലങ്ങളിൽ കൈവരിച്ച സാമ്പത്തിക സ്ഥിതി സുഗമമായി കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ സംസ്ഥാന മൊത്ത ആഭ്യന്തരോല്പാദനവുമായുള്ള റവന്യൂ കമ്മിയുടെയും ധനകമ്മിയുടെയും അനുപാതം യഥാക്രമം 2.2 മുതൽ 1.73 ശതമാനം വരെയും 3.52 മുതൽ 3.19 ശതമാനം വരെയുള്ള ക്രമത്തിലായിരുന്നു. കേന്ദ്ര സർക്കാർ നൽകിയ ധനകമ്മി നികത്തുത്തിനുള്ള ഗ്രാന്റായ 4,640 കോടി രൂപ നൽകിയതു കാരണം 2015-16 -ൽ ഈ അനുപാതം സ്ഥിരമായി നിലകൊണ്ടു. എന്നാൽ തകർച്ചയിലായിരുന്ന ധനകാര്യ സൂചകങ്ങൾ 2016-17 -ൽ ചിലവ്യക്തമായ കാരണങ്ങളാൽ ഒരു തിരിച്ചുവരവ് നടത്തി. സംസ്ഥാന

പട്ടിക 1.7
പ്രധാന കമ്മി സൂചകങ്ങൾ, രൂപ കോടിയിൽ

വർഷം	റവന്യൂ കമ്മി		ധനകമ്മി		പ്രാഥമിക കമ്മി (–) മിച്ചം (+)		മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനം
	തുക	മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ശതമാനം	തുക	മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ശതമാനം	തുക	മൊത്തം സംസ്ഥാന ആഭ്യന്തരോല്പാദനത്തിന്റെ ശതമാനം	
2010–11	3,673.87	1.13	7,730.46	2.38	–2,040.80	–0.63	324,512.65
2011–12	8,034.26	2.21	12,814.77	3.52	–6,521.17	–1.79	364,047.88
2012–13	9,351.45	2.27	15,002.47	3.64	7,797.66	1.89	412,313.00
2013–14	11,308.56	2.43	16,944.13	3.64	8,678.74	1.87	465,041.21
2014–15	13,795.96	2.69	18,641.72	3.64	8,872.13	1.73	512,564.05
2015–16	9,656.81	1.73	17,818.46	3.19	6,707.61	1.20	557,946.51
2016–17	15,484.59	2.51	26,448.35	4.29	14,331.85	2.32	617,034.66
2017–18 (ബി.ഇ)	16,043.14	2.14	25,756.32	3.44	12,124.49	1.62	747,945.00

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ.

മൊത്ത ആഭ്യന്തരോല്പാദനവുമായുള്ള റവന്യൂ കമ്മിയുടെയും ധനക്കമ്മിയുടേയും അനുപാതം കുറഞ്ഞ് യഥാക്രമം 2.51 ശതമാനം, 4.29 ശതമാനം എന്ന നിലയിലെത്തി. അപ്രതീക്ഷിത നോട്ട്നിരോധനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ സാരമായി ബാധിച്ചു. പത്താം ശമ്പളകമ്മീഷൻ നടപ്പിലാക്കിയതിലെ അധിക ബാധ്യത, മുൻ സർക്കാർ കൊടുത്തു തീർക്കേണ്ടിയിരുന്ന ഭീമമായ മറ്റ് ബാധ്യതകൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വളരെക്കാലത്തെ കുടിശ്ശിക എന്നിവയാണ് 2016–17 –ൽ ധനകാര്യ സൂചകങ്ങൾ പരാജയപ്പെടാനുള്ള പ്രധാന കാരണങ്ങൾ. ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ 2016–17 –ൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ ചെലവ് യഥാക്രമം 26 ശതമാനം 19 ശതമാനം വർദ്ധനവ് ഉണ്ടാക്കിയത് ശ്രദ്ധേയമാണ്. ഇത് സാമ്പത്തിക തകർച്ചക്കിടയിലും കൈവരിച്ച സുപ്രധാന നേട്ടമാണ്. 2010–11 മുതൽ 2017–18 (ബിഇ) വരെയുള്ള കാലയളവിലെ പ്രധാന കമ്മിസൂചകങ്ങൾ **പട്ടിക 1.7** –ൽ കൊടുത്തിരിക്കുന്നു.

വരുമാനം

റവന്യൂ വരുമാനം, മൂലധന വരുമാനം എന്നിങ്ങനെ സംസ്ഥാനത്തിന്റെ വരുമാനത്തെ രണ്ടായി തരം തിരിക്കാം. സംസ്ഥാനത്തിന്റെ തനത് നികുതി–നികുതിയേതര വരുമാനവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും ഗ്രാന്റ് ഇൻ എയ്ഡും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം. ഓഹരി വില്പനയിലൂടെയുള്ള വരുമാനം, വായ്പയുടേയും അഡ്വാൻസിന്റേയും കുടിശ്ശിക, ആഭ്യന്തര കടത്തിൽ നിന്നുള്ള വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും അഡ്വാൻസുകളും, പബ്ലിക് അക്കൌണ്ടിന്റെ വർദ്ധനവ് എന്നിവയാണ് പ്രധാനമായും മൂലധന വരുമാനത്തിലുൾപ്പെടുന്നത്.

റവന്യൂ വരുമാനം

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2010–11 –ൽ 30,990.95 കോടി രൂപയായിരുന്നത് 2016–17 –ൽ 75,611.72 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ ഇക്കാലയളവിലെ റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്ക് 18.70

ചിത്രം 1.6
റവന്യൂ വരുമാനത്തിലെ പ്രവണതകൾ



ശതമാനത്തിൽ നിന്നും 9.53 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും മൊത്തം ആഭ്യന്തരോല്പാദനവും തമ്മിലുള്ള അനുപാതം 2015–16 –ൽ 12.37 ശതമാനമായിരുന്നത് നേരിയ തോതിൽ കുറഞ്ഞ് 2016–17 –ൽ 12.25 ശതമാനമായി. 2010–11 –ൽ മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള റവന്യൂ വരുമാനത്തിലെ പ്രവണതകൾ **ചിത്രം 1 .6** –ൽ കൊടുത്തിരിക്കുന്നു.

തനത് നികുതിയാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്. 2016–17 –ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 42,176.38 കോടി രൂപയാണ്. ഇത് ആകെ റവന്യൂ വരുമാനത്തിന്റെ 55.78 ശതമാനമാണ്. ഇക്കാലയളവിൽ ഗ്രാന്റ് ഇൻഎയ്ഡ് ഉൾപ്പെടെയുള്ള കേന്ദ്ര നികുതി വിഹിതം 23,735.36 കോടി രൂപയും സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 9,699.98 കോടി രൂപയുമായിരുന്നു. 2010–11 മുതൽ 2017 –18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുമുള്ള റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1 .22** –ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

മൂല്യവർദ്ധിത നികുതി (വാറ്റ്) ഉൾപ്പെടെയുള്ള വില്പന നികുതി, സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസുകളും, എക്സൈസ് തീരുവകൾ, വാഹന നികുതി, ഭൂനികുതി എന്നിവയാണ് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ പ്രധാന സ്രോതസുകൾ. കഴിഞ്ഞ അഞ്ചു വർഷമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കുറയുന്ന പ്രവണത കാണിക്കുന്നു. 2010–11 –ൽ 23.24 ശതമാനമായിരുന്നത് 2016–17 –ൽ 8.16 ശതമാനമായി കുറഞ്ഞു. എന്നാൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2015–16–ൽ 38,995.15 കോടി രൂപയായിരുന്നത് നേരിയ തോതിൽ ഉയർന്ന് 2016–17 –ൽ 42,176.38 കോടി രൂപയായി. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ സിംഹഭാഗവും മൂല്യവർദ്ധിത നികുതി ഉൾപ്പെടെയുള്ള വില്പന നികുതിയിൽ നിന്നാണ് ലഭിക്കുന്നത്. 2016–17 –ൽ മൂല്യവർദ്ധിത നികുതി ഉൾപ്പെടെയുള്ള വില്പന നികുതിവരുമാനം 33,453.29 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 79.32 ശതമാനമാണ്. തൊട്ടുപിന്നിൽ വാഹന നികുതി 7.37 ശതമാനവും (3,107.23 കോടി രൂപ) സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻഫീസും കൂടി 7.13 ശതമാനവും 3,006.59 കോടി രൂപ) സംസ്ഥാന എക്സൈസ് തീരുവ 4.79 ശതമാനവും (2,019.30 കോടി രൂപ) ഭൂനികുതി 0.29 ശതമാനവും (124.15 കോടി രൂപ) ആയിരുന്നു. മൂല്യവർദ്ധിത നികുതി ഉൾപ്പെടെയുള്ള വില്പനനികുതി

വരുമാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2016–17 –ൽ 8.84 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2010–11 മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം **അനുബന്ധം 1.23** –ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം

സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനമാണ് കഴിഞ്ഞ അഞ്ചു വർഷത്തെ സംസ്ഥാനത്തിന്റെ പ്രധാന തനത് നികുതിയേതര വരുമാനം. പലിശയും ഓഹരിയും, വിവിധ സാമൂഹ്യ സേവനങ്ങളിൽ നിന്നുള്ള വരുമാനം, വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനം എന്നിവയാണ് സംസ്ഥാനത്തിന്റെ മറ്റ് തനത് നികുതിയേതര വരുമാനത്തിൽ ഉൾപ്പെടുന്നത്.

സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം കഴിഞ്ഞ അഞ്ചു വർഷമായി ഉയരുന്ന പ്രവണത കാണിക്കുന്നു. എന്നാൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2013–14 മുതൽ കുറയുന്ന പ്രവണത കാണിക്കുന്നു. ഇത് 2013–14 –ൽ 32.79 ശതമാനമായിരുന്നത് പകുതിയിലധികം കുറഞ്ഞ് 2016–17 –ൽ 15.13 ശതമാനമായി. 2016–17 –ൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം 7,283.29 കോടി രൂപയായിരുന്നത് 2015–16 –മായി താരതമ്യം ചെയ്യുമ്പോൾ 16.13 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെപ്പെടുത്തി (6,271.41 കോടി രൂപ). ഇത് ആകെ സംസ്ഥാന തനത് നികുതിയേതര വരുമാനത്തിന്റെ 75.09 ശതമാനമാണ്. 2010 –11 മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.24** –ൽ കൊടുത്തിരിക്കുന്നു.

കേന്ദ്ര വിഹിത കൈമാറ്റം

കേന്ദ്ര നികുതിയിൽ നിന്നുള്ള വിഹിതവും കേന്ദ്രം നൽകുന്ന ഗ്രാന്റ് ഇൻ എയ്ഡും കൂടിച്ചേർന്നതാണ് കേന്ദ്രവിഹിത കൈമാറ്റം. ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രകാരമാണ് സംസ്ഥാനങ്ങൾക്ക് നൽകേണ്ട കേന്ദ്രനികുതി വിഹിതവും ഗ്രാന്റ് ഇൻ എയ്ഡും തീരുമാനിക്കുന്നത്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്ക് 2015–16 മുതൽ 2019–2020 വരെ ലഭിക്കുന്ന കേന്ദ്രനികുതി വിഹിതം 42 ശതമാനമാണ്. കഴിഞ്ഞ രണ്ട് ധനകാര്യ കമ്മീഷനുകളായ 12 ഉം 13 ഉം ധനകാര്യ കമ്മീഷനുകളുടെ വിഹിത ഘടന യഥാക്രമം 30.5 ശതമാനവും 32 ശതമാനവുമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത സംസ്ഥാനവിഹിതമായ 2.36 ശതമാനത്തിൽ നിന്ന് പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് 2.50 ശതമാനമാണ്. 2015–16 മുതൽ 2017–18 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ 9,519 കോടി രൂപ ശുപാർശ ചെയ്തു. അതിൽ പ്രകാരം 2015–16 –ൽ 4,640 കോടി രൂപയും 2016–17 –ൽ 3,350 കോടി രൂപയും കമ്മി ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ചു. 2017–18 –ൽ 1,529 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2013–14 മുതൽ 2015–16 വരെയുള്ള കാലയളവിൽ കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ വളർച്ചാ നിരക്ക് വർദ്ധിച്ചിട്ടുണ്ട്. കേന്ദ്രവിഹിതവും ഗ്രാന്റ് ഇൻ എയ്ഡും ഉൾപ്പടെ ലഭിച്ച കേന്ദ്രവിഹിത കൈമാറ്റം 2013–14 –ൽ 11,606.89 കോടി രൂപയായിരുന്നത് 2015–16 –ൽ 21,612.02 കോടി രൂപയായി ഉയർന്നു. എന്നാൽ 2016–17 –ൽ ആകെ കേന്ദ്ര വിഹിത കൈമാറ്റം ഉയർന്നുവെങ്കിലും വാർഷിക വളർച്ചാ നിരക്ക് 2015–16 നേക്കാൾ കുറഞ്ഞു. 2015–16–ൽ ആകെ കേന്ദ്രവിഹിത കൈമാറ്റം 21612.02 കോടി രൂപയായിരുന്നത് 2016–17 –ൽ 23,735.37 കോടി രൂപയായി ഉയർന്നു. ഈ കാലയളവിൽ കേന്ദ്ര നികുതി വിഹിതം 15,225.02 കോടി ഉയർന്ന് 19.97 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2016–17 –ൽ കേന്ദ്രത്തിൽ നിന്ന് ഗ്രാന്റ്–ഇൻ–എയ്ഡായി സംസ്ഥാനത്തിന് 8,510.35 കോടി രൂപ ലഭിച്ചു. ഇതിൽ റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റായ 3,350 കോടി രൂപയും കൂടി ഉൾപ്പെടുന്നു.

2010–11 മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള കേന്ദ്രവിഹിത കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.8** –ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.8
കേന്ദ്ര വിഹിത കൈമാറ്റം: 2010–11മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെ, രൂപ കോടിയിൽ

വർഷം	കേന്ദ്ര നികുതി തീരുവകളിലെ വിഹിതം		കേന്ദ്രത്തിൽ നിന്ന് പദ്ധതി, പദ്ധതിയേതര ചെലവുകൾക്കുള്ള ഗ്രാന്റ് ഇന് എയ്ഡും മറ്റ വരുമാന മാർഗ്ഗങ്ങളും		ആകെ വിഹിത കൈമാറ്റം	
	തുക	വാർഷിക വളർച്ചാനിരക്ക് (ശതമാനം)	തുക	വാർഷിക വളർച്ചാനിരക്ക് (ശതമാനം)	തുക	വാർഷിക വളർച്ചാനിരക്ക് (ശതമാനം)
2010–11	5,141.85	16.89	2,196.62	–1.65	7,338.47	10.65
2011–12	5,990.36	16.50	3,709.22	68.86	9,699.58	32.17
2012–13	6,840.65	14.19	3,021.53	–18.54	9,862.18	1.68
2013–14	7,468.68	9.18	4,138.21	36.96	11,606.89	17.69
2014–15	7,926.29	6.13	7,507.99	81.43	15,434.28	32.98
2015–16	12,690.67	60.11	8,921.35	18.82	21,612.02	40.03
2016–17	15,225.02	19.97	8,510.35	–4.61	23,735.37	9.82
2017–18 (BE)	16,891.75	10.95	11,243.71	32.12	28,135.46	18.54

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ.

ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാവിതരണം എന്നിങ്ങനെ സംസ്ഥാനത്തിന്റെ ചെലവിനങ്ങൾ മൂന്നായി തിരിക്കാം. 2010–11 മുതൽ 2016–17 വരെയുള്ള കാലയളവിൽ പദ്ധതി, പദ്ധതിയേതര ചെലവുൾപ്പെടെ സംസ്ഥാനത്തിന്റെ ആകെ ചെലവ് ഏകദേശം മൂന്നിരട്ടി വർദ്ധിച്ചു. ഇതേകാലയളവിൽ റവന്യൂ ചെലവും മൂലധന ചെലവും രണ്ടിരട്ടിയിലധികം വർദ്ധിച്ചു. 2016–17 ലെ ആകെ ചെലവായ 102,382.55 കോടി രൂപയിൽ 22,812.16 കോടി രൂപ പദ്ധതി ചെലവും (22.28 ശതമാനം) 79,569.94 കോടി രൂപ പദ്ധതിയേതര ചെലവുമായിരുന്നു. (77.72 ശതമാനം).

റവന്യൂ ചെലവ്

ശമ്പളം, പെൻഷൻ, കടബാധ്യതകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുനൽകുന്ന വിഹിതം, സബ്സിഡി എന്നീ ഇനങ്ങളിലുള്ള ചെലവുകളാണ് പ്രധാനമായും സംസ്ഥാനത്തിന്റെ റവന്യൂ ചെലവിലുൾപ്പെടുന്നത്. പൂർത്തീകരിച്ച പ്രോജക്ടുകളുടെയും പദ്ധതികളുടെയും നടത്തിപ്പും പരിപാലന ചെലവുകളും റവന്യൂ അക്കൗണ്ടിലുൾപ്പെടുത്തിയിരിക്കുന്നു. സർവകലാശാലകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ ബാധ്യത, പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ എന്നിവ റവന്യൂ ചെലവിലുൾപ്പെടും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന വിഹിതത്തിന്റെ സിംഹഭാഗവും സ്ഥായിയായ മൂലധന ആസ്തി സൃഷ്ടിക്കുന്നതിനുപയോഗിക്കുന്നു.

സാമൂഹ്യ സാമ്പത്തിക മേഖലകളിലെ ചെലവുകൾ കൂടിച്ചേരുന്നതാണ് വികസന ചെലവുകൾ. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വികസനത്തിനും ആസ്തി പരിപാലനത്തിനും നൽകുന്ന തുകയും വികസന ചെലവുകളായി കണക്കാക്കുന്നു. കടബാധ്യതകൾ, പെൻഷൻ ചെലവുകൾ, ഭരണപരമായ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒഴിവാക്കാനാവാത്ത ചെലവുകൾ വികസനേതര ചെലവുകളിലുൾപ്പെടുന്നു.

റവന്യൂ ചെലവിന്റെ വാർഷിക വളർച്ചാ നിരക്ക് 2015–16 –ൽ 9.68 ശതമാനമായിരുന്നത് 2016–17 –ൽ 15.77 ശതമാനമായി വർദ്ധിച്ചു. പത്താം ശമ്പള കമ്മീഷൻ നടപ്പിലാക്കിയതിനാലാണ് ഈ കാലയളവിൽ റവന്യൂ ചെലവ് വർദ്ധിക്കാനുള്ള പ്രധാനകാരണം. സാമൂഹ്യ സുരക്ഷാ പെൻഷന്റെ വളരെക്കാലത്തെ കുടിശ്ശിക നൽകിയതാണ് റവന്യൂ ചെലവ് വർദ്ധിച്ചതിനുള്ള മറ്റൊരുകാരണം. അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിന് സർക്കാർ വിപണിയിൽ നടത്തിയ ഇടപെടലും സർക്കാരിന്റെ മുൻഗണനാക്രമം മൂലം ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നടത്തിയ ഗുണമേന്മയുള്ള സേവനങ്ങളും റവന്യൂ ചെലവ് വർദ്ധിക്കുന്നതിന് കാരണമായി. 2016–17 –ൽ ആകെ റവന്യൂ ചെലവ് 91,096.31 കോടി രൂപയാണ്. ഇതിൽ 13,491.72 കോടി പദ്ധതി ചെലവും 77,604.59 കോടി പദ്ധതിയേതര ചെലവുമായിരുന്നു. റവന്യൂ ചെലവും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോല്പാദനവും തമ്മിലുള്ള അനുപാതം 2015–16 ലെ 14.10 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2016–17 –ൽ 14.76 ശതമാനമായി നേരിയ തോതിൽ വർദ്ധിച്ചു. 2010–11 മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള റവന്യൂ ചെലവുകളുടെ പ്രവണത **ചിത്രം 1.7** ലും വാർഷിക വളർച്ചാ നിരക്കുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ **അനുബന്ധം 1.25** –ലും കൊടുത്തിരിക്കുന്നു.

റവന്യൂ ചെലവുകളിലെ ഒഴിവാക്കാനാവാത്ത ചെലവുകളുടെ വിഹിതം 2016–17 –ൽ കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധിച്ചു. ശമ്പളം, പെൻഷൻ, പലിശ അടവ്, സബ്സിഡികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വിഹിതം എന്നീ ഒഴിവാക്കാനാവാത്ത ബാധ്യതകൾ റവന്യൂ ചെലവിന്റെ 69.31 ശതമാനമായിരുന്നു. ശമ്പള ചെലവുകൾ 2016–17 –ൽ ആകെ റവന്യൂ ചെലവിന്റെ 30.69 ശതമാനമായിരുന്നത് 2015–16 –ൽ 29.80 ശതമാനമായിരുന്നു. പെൻഷൻ ചെലവുകൾ 2016–17 –ൽ ആകെ റവന്യൂ ചെലവിന്റെ 16.77 ശതമാനമായിരുന്നു. ഇത് 2015–16 –ൽ 16.60 ശതമാനമായിരുന്നു. പലിശ അടവ് 2015–16–ൽ ആകെ റവന്യൂ ചെലവിന്റെ 14.12 ശതമാനമായിരുന്നത് 2016–17 –ൽ 13.30 ശതമാനമായി കുറഞ്ഞു. റവന്യൂ ചെലവുകളിൽ ഒഴിവാക്കാനാവാത്ത ചെലവുകളുടെ വിഹിതം

ചിത്രം 1.7
റവന്യൂ ചെലവിന്റെ പ്രവണത



പട്ടിക 1.9
2012–13 മുതൽ 2016–17 വരെയുള്ള റവന്യൂച്ചെലവിന്റെ പ്രവണത, രൂപ കോടിയിൽ

ഇനം	2012–13		2013–14		2014–15		2015–16		2016–17	
	ചെലവ്	ആകെ വരുമാനത്തിന്റെ ശതമാനം	ചെലവ്	ആകെ വരുമാനത്തിന്റെ ശതമാനം	ചെലവ്	ആകെ വരുമാനത്തിന്റെ ശതമാനം	ചെലവ്	ആകെ വരുമാനത്തിന്റെ ശതമാനം	ചെലവ്	ആകെ വരുമാനത്തിന്റെ ശതമാനം
i. ശമ്പളം	17257.41	32.26	19279.78	31.88	21343.66	29.75	23450.10	29.80	27955.81	30.69
ii. പെൻഷണർ	8866.89	16.58	9971.27	16.49	11252.67	15.68	13062.86	16.60	15277.03	16.77
iii. പലിശ	7204.81	13.47	8265.39	13.66	9769.59	13.62	11110.62	14.12	12116.50	13.30
iv. തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള വിഹിതം	4739.33	8.86	5926.00	9.79	7453.00	10.39	5028.92	6.39	6060.00	6.65
v. സബ്സിഡികൾ	1265.20	2.37	1251.77	2.07	1247.52	1.74	1343.09	1.71	1730.00	1.90
ഒഴിവാക്കാൻ കഴിയാത്ത ചെലവ്(ആകെ) (I മുതൽ V വരെ)	39333.64	73.54	44694.21	73.89	51066.44	71.18	53995.59	68.62	63140.01	69.31
മറ്റുള്ളവ	14155.10	26.46	15791.29	26.11	20679.99	28.82	24693.88	31.38	27956.30	30.69
ആകെ	**53488.75**	**100**	**60485.50**	**100**	**71746.43**	**100**	**78689.47**	**100**	**91096.31**	**100**

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ.

പട്ടിക 1.9 –ലും 2010–11 മുതൽ 2017–18 (ബി.ഇ) വരെയുള്ള വികസന, വികസനേതര ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.26** –ലും കൊടുത്തിരിക്കുന്നു.

മൂലധന ചെലവ്

മൊത്തം ചെലവിൽ മൂലധന ചെലവിന്റെ വിഹിതം സാധാരണയായി കുറവാണ്. അടിസ്ഥാന സൗകര്യത്തിന് ആവശ്യമായ പണം കണ്ടെത്തുന്നതിനുള്ള പ്രധാന തടസ്സം വിഭവങ്ങളുടെ അഭാവമാണ്. ആയതിനാൽ പ്രധാന അടിസ്ഥാന വികസന പ്രോജക്ടുകൾക്ക് പണം കണ്ടെത്തി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ സുസ്ഥിരമാക്കുന്നതിന് സർക്കാർ ബദൽ നയം സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മുൻകൂട്ടി തുടങ്ങിയ ഈ ബദൽ വികസന മാതൃക മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം നടത്തുന്നതിനുള്ള ശുഭ സൂചനകളുടെ തുടക്കമാകുന്നു.

കഴിഞ്ഞ കാലങ്ങളിൽ വിവിധ മേഖലകളിലെ മൂലധന പദ്ധതികളിലുള്ള സർക്കാരിന്റെ വിഹിതം വർദ്ധിച്ചുവരുന്നു. 2016–17 –ൽ സംസ്ഥാനത്തിന്റെ മൂലധന വിഹിതം ഗണ്യമായി വർദ്ധിച്ചു വരുന്നതായി കാണാം. ഇത് 2015–16 –ൽ 7,500.04 കോടി രൂപയായിരുന്നത് 2016–17 –ൽ 10,125.95 കോടി രൂപയായി വർദ്ധിച്ചു. മൂലധന വിഹിതവും മൊത്ത ആഭ്യന്തരോല്പാദനവും തമ്മിലുള്ള അനുപാതം 2015–16 –ൽ 1.34 ശതമാനമായിരുന്നത് 2016–17 –ൽ 1.64 ശതമാനമായി ഉയർന്നു. 2016–17 –ൽ ആകെ മൂലധന വിഹിതത്തിൽ 27.81 ശതമാനവുമായി പൊതുമരാമത്ത് വകുപ്പ് പ്രധാന വിഭാഗമായി തുടരുന്നു. തൊട്ടുപിന്നിൽ ജലസേചന വകുപ്പ് 6.66 ശതമാനവും കൃഷി അനുബന്ധ മേഖല 5.49 ശതമാനവും വ്യവസായങ്ങൾ 5.10 ശതമാനവുമാണ്. 2010–11 മുതൽ 2017–18 (ബജറ്റ് എസ്റ്റിമേറ്റ്സ്) വരെയുള്ള മൂലധന ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം**

1.27–ലും **അനുബന്ധം 1.28** –ലും മൂലധന വിഹിതത്തിന്റെയും വായ്പാ വിതരണത്തിന്റെയും പ്രവണത **ചിത്രം 1.8** –ൽ കൊടുത്തിരിക്കുന്നു.

കടത്തിന്റെ രൂപരേഖ

പലിശയും ചേർത്ത് തിരിച്ചടക്കേണ്ട വായ്പയാണ് കടമായി തരംതിരിച്ചിട്ടുള്ളത്. ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും അഡ്വാൻസുകളും, ചെറുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടം. വിപണി വായ്പകളും ചെറുസമ്പാദ്യത്തിന്റെ വർദ്ധനവും പ്രോവിഡന്റ് ഫണ്ട് നിക്ഷേപവുമാണ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സർക്കാരിന് ധനക്കമ്മി കുറയ്ക്കാൻ ലഭ്യമായ പ്രധാന വിഭവ സ്രോതസ്സുകൾ. 2016–17 –ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 186,453.68 കോടി രൂപയാണ്. കടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2015–16 – ൽ 16.19 ശതമാനമായിരുന്നത് 2016–17 – ൽ 18.48 ശതമാനമായി വർദ്ധിച്ചു. കടവും മൊത്ത സംസ്ഥാന ആഭ്യന്തരോല്പാദവുമായുള്ള അനുപാതം 2010–11 –ൽ 24.24 ശതമാനമായിരുന്നു. ഇത് 2016–17 –ൽ 30.22 ശതമാനത്തിലെത്തി. കടവും റവന്യൂ വരുമാനവുമായുള്ള അനുപാതം 2015–16 –ൽ 227.67 ശതമാനമായിരുന്നത് 2016–17 –ൽ 246.59 ശതമാനമായി വർദ്ധിച്ചു.

2016–17 –ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ ആഭ്യന്തര കടം 63.43 ശതമാനമാണ്. ആഭ്യന്തര കടബാധ്യത 2015–16 –ൽ 102,496.26 കോടി രൂപയായിരുന്നത് 2016–17 – ൽ 118,268.72 കോടി രൂപയായി വർദ്ധിച്ചു. 2016–17 –ലെ ആഭ്യന്തര കടത്തിന്റെ വളർച്ചാ നിരക്ക് 15.39 ശതമാനമാണ്. ചെറുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് എന്നിവ മൊത്തം കടബാധ്യതയുടെ ഏകദേശം 32.49 ശതമാനമാണ്. 2016–17 വർഷാവസാനം ചെറുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ബാധ്യത 60,571.01 കോടി രൂപയായിരുന്നു. 2016–17 വർഷാവസാനം കേന്ദ്രത്തിൽ നിന്നുള്ള വായ്പകളുടേയും അഡ്വാൻസുകളുടേയും ബാധ്യത 7,614.13 കോടി രൂപയായിരുന്നു. 2016–17 –ൽ ആകെ കടബാധ്യതയും അറ്റകടബാധ്യതയും യഥാക്രമം 28,451.6 കോടി രൂപയും 16,334.78 കോടി രൂപയുമാണ്.

ചിത്രം 1.8
മൂലധന ചെലവിന്റെയും വായ്പാ വിതരണത്തിന്റെയും പ്രവണത



സംസ്ഥാനത്തിന്റെ കടത്തിന്റെ രൂപരേഖ **പട്ടിക 1.10** –ലും വരവിന്റേയും വിതരണം ചെയ്ത തുകയുടേയും വിശദാംശങ്ങൾ **അനുബന്ധം 1.29** –ലും കൊടുത്തിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യാ ചരിത്രത്തിലെ നികുതി പരിഷ്ക്കരണത്തിലെ ഒരു നാഴികക്കല്ലാണ് ചരക്ക് സേവന നികുതി നടപ്പിലാക്കൽ. പുതിയ നികുതി സമ്പ്രദായം ആരംഭിക്കുന്ന ആദ്യഘട്ടത്തിൽ നേരിട്ട സാങ്കേതിക പിഴവുകൾ മറികടക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പരോക്ഷ നികുതി സംവിധാനം വർദ്ധിപ്പിക്കുന്നതിനും അങ്ങനെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാകുമെന്നുമാണ് പരക്കെ കരുതപ്പെട്ടിരുന്നത്. ചരക്ക് സേവന നികുതി കൗൺസിലുകൾ രൂപം കൊള്ളുമ്പോൾ അതിന്റെ ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിലും സംസ്ഥാനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന വിധത്തിൽ നികുതി നിരക്ക് ഏർപ്പെടുത്തുന്നതിലും ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും സംസ്ഥാന സർക്കാർ പ്രശംസനീയമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനവും ചരക്ക് സേവന നികുതി ഒരു ലക്ഷ്യസ്ഥാന നികുതിയുമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ചരക്ക് സേവന നികുതി കൂടുതൽ വരുമാനം കൊണ്ടുവരുമെന്നും വരും വർഷങ്ങളിൽ 20 ശതമാനത്തിലധികം നികുതി വരുമാന വർദ്ധനവ് വരുമെന്ന് പ്രതീക്ഷിക്കാൻ കേരളത്തിന് എല്ലാ സാധ്യതകളുമുണ്ട്. കൂടാതെ മൊത്ത ആഭ്യന്തരോല്പാദനത്തിൽ സേവന മേഖലയിലെ പങ്ക് പരിഗണിച്ചാൽ ചരക്ക് സേവന നികുതി സംസ്ഥാനത്തിനുണ്ടാക്കുന്ന നേട്ടം പ്രതീക്ഷിക്കുന്നതിനേക്കാൾ വളരെ കൂടുതലായിരിക്കും. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സമീപകാലത്തു തന്നെ മെച്ചപ്പെടുന്ന തരത്തിൽ റവന്യൂ വരുമാന വർദ്ധനവ് ഉണ്ടാക്കുമെന്ന് ശുഭാപ്തിവിശ്വാസമാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ നിരവധി പ്രശ്നങ്ങൾ അലട്ടുന്നുണ്ട് പ്രത്യേകിച്ചും വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട മേഖലയിൽ നികുതി നിരക്കിൽ വരുത്തിയ നിരവധി മാറ്റങ്ങൾ, നേട്ടങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിലുള്ള പരാജയം, ഇ–വേ ബില്ലിന്റെ അഭാവം, ചരക്ക് സേവന നികുതി ഏർപ്പെടുത്തുന്ന ഘട്ടത്തിലെ മാറ്റങ്ങൾ, സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ മുതലായവ ആശയക്കുഴപ്പത്തിനും ജനങ്ങളുടെ എതിർപ്പിനും ഇടയാക്കി. ഈ സാഹചര്യത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരുകൾക്ക്

പട്ടിക 1.10
സംസ്ഥാനത്തിന്റെ കടം, രൂപ കോടിയിൽ

വർഷം	ആഭ്യന്തര കടം	വളർച്ചാ നിരക്ക് (%)	ചെറുകിട സമ്പാദ്യങ്ങൾ പ്രൊവിഡന്റ് ഫണ്ട്, മറ്റുള്ളവ	വളർച്ചാ നിരക്ക് (%)	കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും	വളർച്ചാ നിരക്ക് (%)	ആകെ	വളർച്ചാ നിരക്ക് (%)
2010–11	48,528.10	11.90	23,786.06	11.69	6,359.08	0.86	78,673.24	10.86
2011–12	55,397.39	14.16	27,625.10	16.14	6,395.69	0.58	89,418.18	13.66
2012–13	65,628.41	18.47	31,310.65	13.34	6,621.78	3.54	103,560.84	15.82
2013–14	76,804.35	17.03	35,542.51	13.52	6,662.21	0.61	119,009.07	14.92
2014–15	89,067.91	15.97	39,307.28	10.59	7,065.05	6.05	135,440.24	13.81
2015–16	102,496.26	15.08	47,639.36	21.20	7,234.71	2.40	157,370.33	16.19
2016–17	118,268.72	15.39	60,571.01	27.14	7,614.14	5.24	186,453.87	18.48
2017–18 (ബി.ഇ)	139,646.01	18.08	58,318.02	–3.72	9,062.78	19.03	207,026.81	11.03

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ.

അധികാരവുമില്ല. സംസ്ഥാന സർക്കാരിന് നികുതിചുമത്തുവാനുള്ള അധികാരം ഇല്ലാതാക്കുന്നുവെന്നതാണ് ചരക്ക് സേവന നികുതിയുടെ പ്രധാന ന്യൂനത. നൂതന ധനകാര്യ ഉപാധികളായ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് എന്നിവയിലൂടെ വൻകിട അടിസ്ഥാന വികസന പദ്ധതികളിൽ വൻതോതിൻ നിക്ഷേപം ആകർഷിക്കുന്നതിനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിൽ സംസ്ഥാന സർക്കാരിന് വിജയിക്കാൻ കഴിഞ്ഞു. ഈ ലക്ഷ്യം നേടുന്നതിനായി വിവിധ അടിസ്ഥാന വികസന പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി കിഫ്ബി ഒരു പ്രധാനപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിച്ചു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനം എന്നതരത്തിലുള്ള പ്രതിഛായ സൃഷ്ടിക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ട്. ജനകീയപങ്കാളിത്തത്തിലൂടെയും സാമൂഹ്യ സാമ്പത്തിക വികസന മേഖലകളിൻ കീഴിലുള്ള വിവിധ പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ടും ലൈഫ് മിഷൻ, ഹരിത കേരളം, ആർദ്രം, സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതി എന്നീ 4 മിഷനുകൾ സർക്കാർ ആരംഭിച്ചു. പശ്ചാത്തല മേഖലയിലെ വികസനത്തിനും മിഷൻ രീതിയുള്ള പരിപാടികൾക്കുമായി കൈക്കൊണ്ട ഈ ബദൽ മാതൃക സംസ്ഥാനത്തിന്റെ നാനാതലത്തിലേയും വികസനത്തിന് ഒരു വഴിത്തിരിവാകും.

യാദൃശ്ചിക കടബാധ്യതകൾ

ധനകമ്മിയ്ക്ക് മേൽ ധന ഉത്തരവാദിത്വ നിയമം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം മറികടക്കുന്നതിനായി സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ബജറ്റ് വിഹിതം നേരിട്ട് നൽകുന്നതിന് പകരം അവയുടെ വായ്പകൾക്ക് ജാമ്യം നൽകുന്നു. ഈ യാദൃശ്ചിക വായ്പകൾ പൊതു മേഖലാ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കാൻ വീഴ്ച വരുത്തിയാൽ ഇത് സർക്കാരിന്റെ കടബാധ്യതയായിത്തീരും. 2016–17 –ൽ ഈ ഇനത്തിൽ നിലവിലുള്ള ബാധ്യത 20204.10 കോടി രൂപയാണ്.

2010–11 മുതൽ 2016–17 വരെ സർക്കാരിന്റെ നിലവിലുള്ള ബാധ്യതയുടെ വിവരങ്ങൾ **പട്ടിക 1.11** –ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.11
നിലവിലുള്ള ബാധ്യതകൾ, രൂപ കോടിയിൽ

വർഷം	ഗ്യാരണ്ടി തുക	തിരിച്ചടക്കേണ്ട തുക മുതലും പലിശയും ഉൾപ്പെടെ
2010–11	12,625.07	7,425.79
2011–12	11,332.11	8,277.44
2012–13	11,482.25	9,099.50
2013–14	12,275.21	9,763.36
2014–15	13,123.30	11,126.87
2015–16	13,712.77	12,438.52
2016–17	20,204.10	16,245.55

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ.

ദാരിദ്ര്യം

ദാരിദ്ര്യം എന്നത് സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങൾ ഉൾപ്പെട്ട ഒരു ബഹുമുഖ സങ്കല്പമാണ്. ദാരിദ്ര്യം എന്നത് കൊണ്ട് പ്രൊഫസർ അമർത്യ സെൻ വിവക്ഷിക്കുന്നത് ദാരിദ്ര്യം എന്നത് "വെറും പണത്തിന്റെ അഭാവമല്ല ഒരു മനുഷ്യ ജീവി എന്ന നിലയിൽ ഒരാളുടെ മുഴുവൻ കഴിവുകളും സാക്ഷാത്കരിക്കാനുള്ള ശേഷി ഇല്ലാതിരിക്കുക എന്നതാണ്". 2011-ലെ മൂല്യനിർണ്ണയത്തിനെ അടിസ്ഥാനമാക്കി ആഗോളതലത്തിലെ ദാരിദ്ര്യ രേഖ കണക്കാക്കിയിരുന്നത് 1.90 ഡോളർ എന്നാണ്. ഇതനുസരിച്ച് 2012 -ൽ ആഗോളതലത്തിൽ 900 ദശലക്ഷം ജനങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് എന്നാണ് കാണിക്കുന്നത്. ലോക ബാങ്കിന്റെ കണക്കനുസരിച്ച് അഞ്ച് ഇൻഡ്യക്കാരിൽ ഒരാൾ വീതം ദരിദ്രരും അതിൽ 80 ശതമാനവും ഗ്രാമീണ മേഖലയിലുമാണ്. ദാരിദ്ര്യത്തിന്റെ തോത് ഏറ്റവും കൂടുതലുള്ളത് പട്ടികവർഗ്ഗ വിഭാഗത്തിലും തുടർന്ന് പട്ടികജാതി വിഭാഗത്തിലുമാണ്.

കേരളം പിൻതുടർന്ന് വരുന്ന തനതായ വികസന വഴിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ദാരിദ്ര്യ സൂചിക 2011-12 -ൽ 11.3 ശതമാനം മാത്രമാണ്. എന്നാൽ ഇൻഡ്യൻ ജനസംഖ്യയുടെ 29.5 ശതമാനവും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഗ്രാമപ്രദേശങ്ങളിലേയും നഗരപ്രദേശങ്ങളിലേയും പാവപ്പെട്ടവരുടെ എണ്ണത്തിന്റെ അനുപാതത്തിലുണ്ടായ കുറവ് കേരളത്തിന്റെ ദാരിദ്ര്യ ലഘൂകരണത്തിന്റെ വിജയമാണ് പ്രതിഫലിപ്പിക്കുന്നത്.

ദാരിദ്ര്യത്തിന്റെ അനുപാതം കുറയ്ക്കുന്നതിന് കേരളം ഫലവത്തായ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണം, വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ സംരക്ഷണത്തിന്റെയും വ്യാപനം, വികേന്ദ്രീകൃതാസൂത്രണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ, ആസൂത്രണ പദ്ധതികളിലൂടെയുള്ള ഏകീകൃതമായ

ചിത്രം 1.9
1973-74 മുതൽ 2011-12 വരെയുള്ള ഇന്ത്യയിലേയും കേരളത്തിലേയും പാവപ്പെട്ടവരുടെ അനുപാതം, ശതമാനത്തിൽ[1]



അവലംബം: പ്ലാനിംഗ് കമ്മീഷൻ, ഭാരത സർക്കാർ, 2014

[1](രംഗരാജൻ കമ്മിറ്റി) ദാരിദ്ര്യം അളക്കുന്നതിനുള്ള രീതി ശാസ്ത്രത്തെക്കുറിച്ചുള്ള വിദഗ്ധ സമിതിയുടെ അവലോകന റിപ്പോർട്ട്, ഭാരത സർക്കാർ, ആസൂത്രണ കമ്മീഷൻ, ജൂൺ, 2014

ശ്രമങ്ങൾ എന്നിവ കേരളത്തിലെ ഗ്രാമ–നഗര പ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിലേയും ഇന്ത്യയിലേയും 1973–74 മുതൽ 2011–12 വരെയുള്ള സമ്പൂർണ്ണ ദാരിദ്ര്യ നിരക്ക് (രംഗരാജൻ റിപ്പോർട്ട് അനുസരിച്ച്) **ചിത്രം1.9, അനുബന്ധം 1.30** എന്നിവയിൽ നൽകുന്നു.

2011–ലെ സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് (എസ്. ഇ. സി. സി.) എന്നത് ഇന്ത്യയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് കേന്ദ്ര സർക്കാർ നടത്തിയ പുതിയ ഉദ്യമം ആയിരുന്നു. ദാരിദ്ര്യമെന്നതിനെ സംബന്ധിച്ച വിശാലവും ചടുലവുമായ നിർവ്വചനമാണ് എസ്.ഇ.സി.സി നല്കുന്നത്. സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് ദാരിദ്ര്യ സൂചിക നിർണ്ണയിച്ചിരിക്കുന്നത് ചുവടെ പറയുന്ന 7 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്.

1. താല്ക്കാലിക ഭിത്തികളും മേൽക്കൂരയും ഉള്ള ഒറ്റ മുറി മാത്രം
2. 16 –നും 59 –നും ഇടയിൽ പ്രായമുള്ള മുതിർന്ന ഒരു അംഗവും ഇല്ലാതിരിക്കുക
3. 16 –നും 59 –നും ഇടയിൽ പ്രായമുള്ള മുതിർന്ന ഒരു പുരുഷഅംഗം ഇല്ലാതിരിക്കുകയും സ്ത്രീ ഗൃഹനാഥയായിട്ടുള്ളതുമായ കുടുംബങ്ങൾ
4. ഭിന്നശേഷിക്കാരായ അംഗവും പ്രായപൂർത്തിയായ ശാരീരികശേഷിയുള്ള ഒരു അംഗം പോലും ഇല്ലാതിരിക്കുക
5. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ
6. 25 വയസ്സിനു മുകളിൽ പ്രായമുള്ള അക്ഷരജ്ഞാനമുള്ള ഒരു അംഗവുമില്ലാത്തത്
7. കായികമായ ആകസ്മിക തൊഴിലിൽ നിന്നും വരുമാനത്തിന്റെ മുഖ്യപങ്ക് നേടുന്ന ഭൂരഹിത കുടുംബങ്ങൾ

സാമൂഹ്യ–സാമ്പത്തിക ജാതി സെൻസസ് പ്രകാരം (2011) കേരളത്തിലെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങൾ (82.08 ശതമാനം) ഗ്രാമീണമേഖലയിൽ വസിക്കുന്നവരാണ്. ഇതിൽ 10.32

ചിത്രം 1.10

വിവിധ വിഭാഗങ്ങളിൽപ്പെടുന്ന മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ ദരിദ്ര്യ ഗ്രാമീണ കുടുംബങ്ങളുടെ ഇന്ത്യയിലേയും കേരളത്തിലെയും ശതമാനക്കണക്ക്



അവലംബം: സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (2011)

ശതമാനം പട്ടികജാതി കുടുംബങ്ങളും 1.63 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങളുമാണ്. മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷം (30.33 ശതമാനം) ദാരിദ്ര്യത്തിലാണ്. ദാരിദ്ര്യത്തിന്റെ ഉയർന്ന തോത് പാലക്കാട് (42.33 ശതമാനം) ജില്ലയിലാണ്. തൊട്ടു പുറകിൽ തിരുവനന്തപുരം (38.36 ശതമാനം), വയനാട് (36.33 ശതമാനം) എന്നീ ജില്ലകളാണ്. എറണാകുളം (20.30 ശതമാനം), കോട്ടയം (23.02 ശതമാനം), കണ്ണൂർ (24.25 ശതമാനം) എന്നീ ജില്ലകളിലാണ് ദാരിദ്ര്യത്തിന്റെ തോത് കുറഞ്ഞ് കാണുന്നത്. സംസ്ഥാനത്തെ മൊത്തം ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66 ശതമാനവും മൊത്തം ഗ്രാമീണ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 61.68 ശതമാനവും ദരിദ്രവിഭാഗത്തിലാണ്. കേരളത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള ശതമാനക്കണക്ക് **അനുബന്ധം 1.31** –ൽ നൽകിയിരിക്കുന്നു. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ ദരിദ്രഗ്രാമീണ കുടുംബങ്ങളുടെ ഇന്ത്യയിലേയും കേരളത്തിലെയും ശതമാനക്കണക്ക് **ചിത്രം 1.10** –ൽ നൽകിയിരിക്കുന്നു.

വിവിധ ദാരിദ്ര്യ സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള ദരിദ്രഗ്രാമീണ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള ശതമാനക്കണക്ക് **അനുബന്ധം 1.32** –ലും വിവിധ ദാരിദ്ര്യ സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലേയും കേരളത്തിലേയും ദരിദ്രഗ്രാമീണ കുടുംബങ്ങളുടെ ശതമാനക്കണക്ക് **ചിത്രം 1.11** –ലും നൽകിയിട്ടുണ്ട്.

ചിത്രം 1.11
വിവിധ ദാരിദ്ര്യ സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലേയും കേരളത്തിലേയും ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ശതമാനക്കണക്ക്



അവലംബം: സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (2011)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനം

രംഗരാജൻ കമ്മറ്റി എസ്റ്റിമേറ്റ് അനുസരിച്ച് 2011–12 –ൽ കേരളത്തിൽ ദാരിദ്ര്യത്തിന്റെ പ്രതിശീർഷ അനുപാതം 11.3 ആണെങ്കിലും, കേരളത്തിലെ ഗോത്രവർഗക്കാരുടെയും മത്സ്യബന്ധനത്തൊഴിലാളികളുടെയും പോലെയുള്ള ചില പ്രദേശങ്ങളിൽ, കേവല ദാരിദ്ര്യത്തിന്റെ പരിധി ഉയർന്നതാണ്. ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിലൂടെ കേവലമായ ദാരിദ്ര്യത്തെ ഇല്ലാതാക്കുന്ന ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള നടപടികൾ കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ ഉൽപ്പാദനം വിപുലപ്പെടുത്തുന്നതിനും വിവിധതരം ഇല്ലായ്മകളെ തുടച്ചുനീക്കുന്നതിനും പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ വിവിധ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സംവിധാനത്തിന്റെ പൂർണ പിന്തുണ നൽകും. ഭവന നിർമ്മാണം, ശുചിത്വം, വൈദ്യുതീകരണം, ഭക്ഷണം, ആരോഗ്യസംരക്ഷണം, ഇൻഷ്വറൻസ്, സ്കൂൾ വിദ്യാഭ്യാസം, തൊഴിലുറപ്പ്, ക്ഷേമ പെൻഷനുകൾ, വികലാംഗർക്കും വയോജനങ്ങൾക്കും രോഗബാധിതർക്കും പ്രത്യേക ശ്രദ്ധ തുടങ്ങിയ പ്രാദേശിക സർക്കാരുകളുടെ പ്രധാന പ്രവർത്തന മേഖലകളിലെ അവരുടെ പരിശ്രമങ്ങൾ സംസ്ഥാന സർക്കാർ പിന്തുണയ്ക്കും. കുടുംബശ്രീ ദൗത്യം, സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ, ജനകീയ സംഘടനകൾ, വ്യക്തികൾ എന്നിവയുടെ ഒരു യോജിച്ചുള്ള പ്രവർത്തനം സംസ്ഥാനത്തെ സമ്പൂർണ്ണ ദാരിദ്ര്യത്തെ ഇല്ലാതാക്കുന്ന ചുമതല ഏറ്റെടുക്കും.

നവകേരളം കർമ്മപദ്ധതി (എൻ.കെ.കെ.പി.)

ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നാല് നൂതന മിഷനുകളിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പുതിയ സംരംഭമാണ് നവകേരളം കർമ്മപദ്ധതി. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസ പുനരുജ്ജീവനം എന്നിവയാണ് നാല് മിഷനുകൾ. ഹരിതകേരളം എന്നത് ജൈവകൃഷി, ജലസംരക്ഷണം, മാലിന്യ പരിപാലനം എന്നിവയെ ഉന്നം വച്ചുള്ള ഒരു പരിസ്ഥിതി സൗഹാർദ്ദപരമായ സമീപനമാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യസുരക്ഷ മെച്ചപ്പെടുത്തുന്നതിലേക്ക് രണ്ടാം തലമുറ ആരോഗ്യ സുരക്ഷാ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് ജന സൗഹൃദ ആരോഗ്യ പ്രദാന സംവിധാനം സൃഷ്ടിക്കുന്നതിനാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്. ഭൂരഹിത, ഭവന രഹിത കുടുംബങ്ങൾക്ക് സുരക്ഷിതവും ഉറപ്പുള്ളതുമായ ഭവനം നൽകുക എന്നതാണ് ലൈഫ് (ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) മിഷന്റെ ലക്ഷ്യം. പൊതു സാർവ്വത്രിക വിദ്യാഭ്യാസത്തിൽ നിന്നും വിദ്യഭ്യാസ രംഗത്തെ ആധുനികവൽക്കരിക്കുന്നതിനായി ക്ലാസ്സ്മുറികൾ, ഡിജിറ്റൽ വായനശാലകൾ, വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനം, സമകാലികമായ പാഠ്യക്രമം എന്നിവയിലൂടെ നയിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമിടുന്നത്.

ശരാശരി ദാരിദ്ര്യത്തിന്റെ കണക്കുകളിൽ കേരളം മിക്കവാറും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ചതാണെങ്കിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ നിരവധി വിഭാഗങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. കേരളത്തിലെ ദാരിദ്ര്യം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യതൊഴിലാളികൾ, മൺപാത്രമുണ്ടാക്കുന്നവർ, കൈത്തൊഴിൽക്കാർ എന്നിങ്ങനെ ചില പ്രത്യേക സമുദായങ്ങളിലും സാമൂഹ്യ വിഭാഗങ്ങളിലുമാണ്. ഇത് ചൂണ്ടിക്കാണിക്കുന്നത് സംസ്ഥാന പദ്ധതികളെ സഹായിക്കുന്നതിനായി കൂടുതൽ കേന്ദ്ര സഹായം നൽകുകയും ഉപജീവന പദ്ധതികളുടെ പുനർനിർമ്മാണവും ഈ മേഖലകളിൽ ആവിഷ്ക്കരിച്ചാൽ മാത്രമേ സംസ്ഥാനത്തെ കേവലമായി ദാരിദ്ര്യമുക്തമാക്കുവാൻ കഴിയൂ. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ പദ്ധതികൾ അതാത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നു. ദാരിദ്ര്യം കുറയ്ക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ സാമ്പത്തിക അവലോകനത്തിന്റെ മറ്റ് അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

വിലനിലവാരം

വിലയുടെ പ്രവണത- അഖിലേന്ത്യാ തലത്തിൽ

അഖിലേന്ത്യാ തലത്തിൽ ആകെയുള്ള ഉപഭോക്തൃ വില സൂചികയും (സി.പി.ഐ.സി) മൊത്ത വില സൂചികയും (ഡബ്ല്യൂ.പി.ഐ) മുൻ വർഷങ്ങളിൽ ഓരോന്നും ക്രമാതീതമായി കുറയുന്ന പ്രവണതയാണ് കാണുന്നത്. കഴിഞ്ഞ വർഷങ്ങളിലും പണപ്പെരുപ്പത്തിന്റെ പ്രവണത ആഗോളതലത്തിൽ ഉൾപ്പെടെ കുറഞ്ഞിരുന്നു. ഉപഭോക്തൃ വില സൂചികയും, മൊത്ത വില സൂചികയും പരിശോധിക്കുമ്പോൾ എല്ലാ സാധനങ്ങളുടെയും പണപ്പെരുപ്പം പ്രത്യേകിച്ച് ഭക്ഷ്യഉൽപ്പന്നങ്ങളുടെ അടക്കം ഗ്രാമ /നഗരങ്ങളിൽ ഈ കുറവ് കാണുന്നുണ്ട്. കൂടാതെ രാജ്യം ഒട്ടാകെയും ഈ പ്രവണത കാണുന്നുണ്ട്. ഇന്ത്യയിൽ വിവിധ ശ്രേണിയുടെ അടിസ്ഥാനത്തിൽ പൊതുവായുള്ള പണപ്പെരുപ്പത്തിന്റെ സൂചിക **പട്ടിക 1.12** –ൽ കാണാം.

2016–17 ലെ മൊത്ത വിലസൂചികയിൽ എല്ലാ സാധനങ്ങളുടെയും വാർഷിക ശരാശരി പണപ്പെരുപ്പ നിരക്ക് 1.7 ശതമാനമാണ്. ഇത് 2015–16 ൽ (അടിസ്ഥാന വർഷം 2011–12) (–)3.7 ശതമാനമാണ്. പ്രാഥമിക വസ്തുക്കൾ, ഇന്ധനം, വൈദ്യുതി മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ വില 2016–17 –ൽ വർദ്ധിച്ചു. എന്നാൽ, സംയോജിത ഉപഭോക്തൃ വിലസൂചിക (ആകെ) യിൽ പണപ്പെരുപ്പം (അടിസ്ഥാനം 2012=100) 2014–15 ൽ 5.9 ശതമാനമായിരുന്നത് 2015–16 ൽ 4.9 ശതമാനമായി കുറഞ്ഞു. ഉപഭോക്തൃ ഭക്ഷ്യ വിലസൂചിക (സി.എഫ്.പി.ഐ) യുടെ അടിസ്ഥാനത്തിലുള്ള ഭക്ഷ്യ വിലക്കയറ്റം 2014–15 –ൽ 6.4 ശതമാനമായിരുന്നത് 2015–16 –ൽ 4.9 ശതമാനമായി കുറഞ്ഞു. ഇത് 2016–17 –ൽ ശരാശരിയായി 5.1 ശതമാനമാണ് (ഏപ്രിൽ–ഡിസംബർ). 2016 ഡിസംബറിൽ ഇത് 1.4 ശതമാനമായി കുറഞ്ഞു. പുതുക്കിയ പണനയരീതി അനുസരിച്ച്, സർക്കാർ 2016 ആഗസ്റ്റ് 5 മുതൽ 2021 മാർച്ച് 31 വരെ പണപ്പെരുപ്പ നിരക്ക് 4 ശതമാനമായി നിജപ്പെടുത്തുകയും, കൂടാതെ 2 ശതമാനത്തിന് മുകളിലോ താഴെയോ ആകാം എന്നും നിശ്ചയിച്ചിട്ടുണ്ട്.

മൊത്ത വിലസൂചിക 2011–12=100 അടിസ്ഥാനത്തിൽ വാർഷിക പണപ്പെരുപ്പനിരക്ക് ഒക്ടോബർ 2017 –ൽ 3.59 ശതമാനമാണ് (താൽക്കാലികം) (2016

പട്ടിക 1.12
ഇന്ത്യയിൽ വിവിധ ശ്രേണിയുടെ അടിസ്ഥാനത്തിലുള്ള പൊതുവായുള്ള പണപ്പെരുപ്പം (ശതമാനത്തിൽ)

സൂചിക	2012–13	2013–14	2014–15	2015–16	2016–17
മൊത്തവിലസൂചിക	6.9	5.2	1.2	–3.7	1.7
ഉപഭോക്തൃവില സൂചിക (ആകെ)	10.2	9.5	5.9	4.9	4..5
ഉപഭോക്തൃവില സൂചിക (വ്യവസായ തൊഴിലാളികൾ)	10.4	9.7	6.3	5.6	4.1
ഉപഭോക്തൃവില സൂചിക (കാര്ഷിക തൊഴിലാളികൾ)	10.0	11.6	6.6	4.4	4.2
ഉപഭോക്തൃവില സൂചിക (ഗ്രാമീണ തൊഴിലാളികൾ)	10.2	11.5	6.9	4.6	4.2

അവലംബം: സാമ്പത്തിക സർവ്വേ 2016-17, അദ്ധ്യായം 2, ധനമന്ത്രാലയം, ഭാരതസർക്കാർ.

ഒക്ടോബറിലും അധികമാണ്). ഇത് കഴിഞ്ഞ മാസവുമായി താരതമ്യം ചെയ്യുമ്പോൾ 2.60 ശതമാനമാണ് (താൽക്കാലികം). കഴിഞ്ഞ വർഷം ഇതേ മാസം 1.27 ശതമാനമായുമാണ് കാണപ്പെട്ടത്. ഈ ധനകാര്യ വർഷത്തിൽ ഇതുവരെ ആകെ പണപ്പെരുപ്പം 2.03 ശതമാനമായും കഴിഞ്ഞ വർഷം ഇതേ മാസത്തിൽ 3.53 ശതമാനവുമായിരുന്നു.

ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ അഖിലേന്ത്യാ തലത്തിൽ പണപ്പെരുപ്പ നിരക്ക് (ഗ്രാമീണ, നഗര, ആകെ) ഒക്ടോബർ 2016മായി താരതമ്യപ്പെടുത്തുമ്പോൾ, ഒക്ടോബർ 2017–ൽ (താത്കാലികം) യഥാക്രമം 3.36, 3.81, 3.58 എന്നീ ശതമാനങ്ങളിലായിരുന്നു. കൂടാതെ അഖിലേന്ത്യാ തലത്തിൽ ഉപഭോക്തൃ ഭക്ഷ്യ വിലസൂചിക ഗ്രാമീണ, നഗര, ആകെ എന്നിങ്ങനെ ഒക്ടോബർ മാസം യഥാക്രമം 1.75, 2.13, 1.90 ശതമാനമാണ്.

വിലയുടെ പ്രവണത – കേരളത്തിൽ

മൊത്ത വിലസൂചിക

കേരളത്തിൽ ഭക്ഷ്യ, ഭക്ഷ്യേതര വിളകളുടെ മൊത്ത വിലസൂചിക വർദ്ധിച്ചു. ഇത് ആഗസ്റ്റ് 2016 –ൽ 8,033.23 ആയിരുന്നത് ആഗസ്റ്റ് 2017 ൽ 9,837.63 ആയി ഉയർന്നു. 2012 മുതൽ ഭക്ഷ്യവിളകളുടെ മൊത്തവില സൂചിക ഉയരുന്ന പ്രവണതയാണ് കാണുന്നത്. ഭക്ഷ്യവിളകളിൽ, അരി, പഴം–പച്ചക്കറികൾ എന്നിവയുടെ വില യഥാക്രമം 20.5 ശതമാനമായും 28.9 ശതമാനമായും വർദ്ധിച്ചു. ഭക്ഷ്യേതര വിളകളുടെ മൊത്ത വിലസൂചിക ആഗസ്റ്റ് 2016 –ൽ 5,841.01 ആയിരുന്നത് ആഗസ്റ്റ് 2017 –ൽ 6,772.31 ആയി വർദ്ധിച്ചു. എണ്ണയുടെയും എണ്ണക്കുരുവിന്റെയും മൊത്തവില സൂചിക ആഗസ്റ്റ് 2016 –ൽ 6,691.80 ൽ നിന്ന് 2017 ആഗസ്റ്റിൽ 7,919.75 ആയി വർദ്ധിച്ചു. 18.4 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ആകെ ഭക്ഷ്യ, ഭക്ഷ്യേതര വിളകൾ ഉൾപ്പെടെയുള്ളവയുടെ മൊത്തവിലസൂചിക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആഗസ്റ്റ് 2017 –ൽ വളരെയധികം വർദ്ധിച്ചു. മൊത്തവിലസൂചിക ആഗസ്റ്റ് 2016 വരെ 7,233.07 ആയിരുന്നത് ആഗസ്റ്റ് 2017 –ൽ 8,718.78 ആയി അധികരിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആഗസ്റ്റ് 2017 –ൽ ഏകദേശം 20.5 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2012 മുതൽ 2017 വരെയുള്ള എല്ലാ വിളകളുടെയും മൊത്ത വില സൂചിക **അനുബന്ധം 1.33** –ലും **ചിത്രം 1.12** –ലും കൊടുത്തിട്ടുണ്ട്.

കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ ഓരോ മാസത്തെയും മൊത്ത വിലസൂചിക

ചിത്രം 1.12
കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വിലസൂചിക



അവലംബം: സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (2011)

സൂചിപ്പിക്കുന്നത് 2017 ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഭക്ഷ്യേതര വിളകളുടെ സൂചിക വർദ്ധിക്കുകയും ഭക്ഷ്യവിളകളുടെ സൂചിക കുറയുകയുമാണുണ്ടായത്. അരി, പഴങ്ങൾ, പച്ചക്കറികൾ, കറിക്കൂട്ടുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ സൂചിക ജൂലൈ 2017 മായി താരതമ്യം ചെയ്യുമ്പോൾ ആഗസ്റ്റ് 2017 ൽ കുറഞ്ഞ് കാണപ്പെട്ടു. എന്നാൽ ഈ കാലയളവിൽ ശർക്കര, എണ്ണക്കുരു എന്നിവയുടെ സൂചിക വർദ്ധിക്കുകയാണുണ്ടായത്. എന്നിരുന്നാലും ജനുവരി 2017 മായി താരതമ്യം ചെയ്യുമ്പോൾ പഴങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ എന്നിവ ഒഴികെയുള്ള സാധനങ്ങളുടെ സൂചിക ആഗസ്റ്റ് 2017 ൽ വർദ്ധിച്ചു. 2016, 2017 (ആഗസ്റ്റ് വരെ) ലെ കാർഷിക ഉൽപ്പന്നങ്ങളുടെ ഓരോ മാസത്തെയും മൊത്ത വില സൂചിക **അനുബന്ധം 1.34** –ൽ കൊടുത്തിട്ടുണ്ട്.

ഉപഭോക്തൃ വില സൂചിക (സി.പി.ഐ)

കേരളത്തിലെ വാർഷിക ശരാശരി ഉപഭോക്തൃ വില സൂചിക (അടിസ്ഥാനം 1998–99=100) 2016 –ൽ 292.1 ഇത് 2015 –ൽ 277.3 ആയിരുന്നു. 5.325 ശതമാനമാണ് 2015 നും 2016 നുമുള്ള വ്യതിയാനം. ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനവർഷം 2011–12=100 ആയി പുതുക്കുകയും 2016 മുതൽ പുതുക്കിയ അടിസ്ഥാന ശ്രേണിയിൽ ലഭ്യമാവുകയും ചെയ്യും. പുതിയ അടിസ്ഥാന വർഷം കണക്കാക്കി 2016 –ൽ സി.പി.ഐ 143.29 ആയും 2017 –ൽ (ജൂലൈ 2017 വരെ) 149.34 മാണ്.

ഓരോ കേന്ദ്രത്തിലെയും ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ 2017 –ൽ പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും അധികം ഉപഭോക്തൃവില സൂചികയായ 156.86, ഇവിടെ 2016 ൽ 152 ആയിരുന്നു, തൊട്ട് പുറകിൽ കണ്ണൂർ (155.14), ചാലക്കുടി (153.57) എന്നിങ്ങനെയാണ്. കേരളത്തിൽ പണപ്പെരുപ്പത്തിന്റെ പ്രവണത 2017 –ൽ, വിശകലനം ചെയ്യുമ്പോൾ, ഏറ്റവും അധികം പണപ്പെരുപ്പം മലപ്പുറത്താണ് (5. 27 ശതമാനം) തൊട്ട് പുറകിൽ എറണാകുളം (5.10 ശതമാനം) കോട്ടയം (5.06 ശതമാനം). ഏറ്റവും കുറവ് ശതമാനം പണപ്പെരുപ്പം അനുഭവപ്പെട്ടത് കാസർഗോഡാണ് (2.8 ശതമാനം). ഓരോ കേന്ദ്രങ്ങളിലെയും ഉപഭോക്തൃവില സൂചികയും അതിന്റെ ശതമാനത്തിലുണ്ടായ വ്യതിയാനവും

ചിത്രം 1.13
കേരളത്തിലെ വാർഷിക ശരാശരി ഉപഭോക്തൃവില സൂചിക



അനുബന്ധം 1.35 –ൽ കാണിക്കുന്നുണ്ട്. 2009 മുതൽ 2016 (അടിസ്ഥാനം 1998–99= 100) വരെയുള്ള വാർഷിക ശരാശരി ഉപഭോക്തൃവില സൂചിക **ചിത്രം 1.13** –ലും കാണാവുന്നതാണ്.

ചില്ലറ വില

അവശ്യ സാധനങ്ങളുടെ വില 2017 ൽ വർദ്ധിച്ച് വരുന്നതായി കാണാൻ സാധിക്കും. ഒരു കിലോ ഗ്രാം മട്ട അരിയുടെ വില ജനുവരി 2017 ൽ 37.82 രൂപയായിരുന്നു. സെപ്റ്റംബർ 2017 ൽ 16 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 44.02 രൂപയായി. ജനുവരി 2017 നും സെപ്റ്റംബർ 2017 നുമിടക്ക് വിവിധ ബ്രാന്റ്കളിലുള്ള വെളിച്ചെണ്ണയുടെ വില 27 ശതമാനം മുതൽ 44 ശതമാനം വരെ വർദ്ധിച്ചു. ഒരു നാളികേരത്തിന്റെ വില ജനുവരി 2017 ൽ 15 രൂപയായിരുന്നത് സെപ്റ്റംബർ 2017 ൽ 20 രൂപയായി വർദ്ധിച്ചു. പഴം, പച്ചക്കറികൾ എന്നിവയുടെ കാര്യത്തിലും വിലയിൽ ചാഞ്ചാട്ടം അനുഭവപ്പെട്ടു. ഒരു കിലോഗ്രാം സവാളയുടെ വില ജനുവരി 2017 ൽ 18.43 രൂപയാണ്. എന്നാൽ ഫെബ്രുവരിയിൽ ഇതിന്റെ വില കുറഞ്ഞതിനു ശേഷം ജൂൺ മാസം വർദ്ധിക്കുകയും, ആഗസ്റ്റ് 2017 ൽ 33 രൂപയിൽ എത്തിച്ചേരുകയും ചെയ്തു. ഒരു കിലോ ചെറിയ ഉള്ളിയുടെ വില ജനുവരി 2017 ൽ 33 രൂപയായിരുന്നത് 245 ശതമാനം വർദ്ധിച്ച് ജൂൺ 2017 –ൽ 114 രൂപയായി. അതിനു ശേഷം സെപ്റ്റംബർ 2017 –ൽ 97.95 രൂപയായി കുറഞ്ഞു. ജനുവരി 2017 മുതൽ സെപ്റ്റംബർ 2017 വരെ ഓരോ മാസത്തെയും സംസ്ഥാന ശരാശരി അവശ്യസാധനങ്ങളുടെ വില **അനുബന്ധം 1.36** –ൽ കൊടുത്തിട്ടുണ്ട്.

വിലസമാനത

വില സമാനത സൂചിക 2016 ൽ കണക്കാക്കിയിരുന്നത് 59.83, ഇത് 2014, 2015 എന്നീ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. ഈ സൂചിക യഥാക്രമം 72.08, 63 എന്നിങ്ങനെയാണ്. കൃഷി ചെലവിന്റെ സൂചിക 2014 ൽ നിന്ന് 2015 ൽ വർദ്ധിച്ചു. ഈ കാലയളവിൽ കർഷകർക്ക് ലഭിച്ച വരുമാന സൂചിക കുറയുകയാണുണ്ടായത്. കൃഷി ആവശ്യത്തിനുള്ള ചെലവ്, വളം, കടത്ത് കൂലി, തൊഴിലാളികളുടെ കൂലി എന്നിവ വർദ്ധിക്കുകയും അതിന് ആനുപാതികമായി കൃഷിയിൽ നിന്നുള്ള വരുമാനം ലഭിക്കാതെയുമായി. 2016 –ൽ കർഷകർക്ക് കൃഷിയിൽ നിന്നുള്ള വരുമാന സൂചിക 7,730.75, എന്നാൽ കൃഷി ചെലവ് സൂചിക 12,936.25 എന്നതാണ്. 2017 കാലയളവിൽ (മെയ്) കർഷകരുടെ വരുമാന സൂചിക 8,887.6 ആയി മാത്രമാണ് വർദ്ധിച്ചത്. എന്നാൽ അവരുടെ കൃഷി ചെലവ് സൂചിക 13,323.20 ആയി വർദ്ധിക്കുകയും വില സമാനത 66.6 മാത്രവുമാണ്. ഓരോ വർഷത്തെയും, കർഷകർ വാങ്ങിയതും, വിറ്റതുമായ വിലസൂചികയുടെ വാർഷിക ശരാശരി **അനുബന്ധം 1.37** –ൽ കൊടുത്തിട്ടുണ്ട്.

വേതനം

കാർഷിക മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ ദിവസ വേതന നിരക്ക് 2016–17 –ൽ അതിന് മുൻവർഷത്തേക്കാൾ വർദ്ധിച്ചു. മരപ്പണിക്കാരുടേയും കൽപ്പണിക്കാരുടെയും ദിവസ വേതന നിരക്ക് 2015–16 –ൽ 746.17 രൂപയും 753.08 രൂപയുമായിരുന്നത് യഥാക്രമം 792.83 രൂപയായും 789.50 രൂപയായും വർദ്ധിച്ചു. ശതമാന കണക്കിൽ മരപ്പണിക്കാരന്റെയും, കൽപ്പണിക്കാരന്റെയും ദിവസ വേതന നിരക്ക് 2016–17 –ൽ 6.2 ശതമാനമായും, 4.81 ശതമാനമായും വർദ്ധിച്ചു. കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2005–06 മുതൽ 2016–17 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.38** –ൽ കൊടുത്തിട്ടുണ്ട്.

അസംഘടിത മേഖലയിലെ പുരുഷ – സ്ത്രീ അവിദഗ്ധ തൊഴിലാളികളുടെ വേതന നിരക്ക് 2016–17 ൽ യഥാക്രമം 608.29 രൂപയായും (3.7 ശതമാനം) 447.85 രൂപയായും (6.07 ശതമാനം) വർദ്ധിച്ചു. 2005–06 മുതൽ വേതന നിരക്ക് വർദ്ധിച്ചിരുന്നെങ്കിലും പാടത്ത് പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ വേതനം പുരുഷ തൊഴിലാളികളെക്കാൾ കുറവാണ്. കാർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികളുടെ 2005–06 മുതൽ 2016–17 വരെയുള്ള ദിവസ വേതന നിരക്ക് **അനുബന്ധം 1.39** –ൽ കൊടുത്തിട്ടുണ്ട്.

വില നിയന്ത്രണ സംവിധാനം

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൃത്യമായ രീതിയിൽ സാധനങ്ങളുടെ വില നിരീക്ഷിച്ച് വരുകയും, പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന്

വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ, ശക്തമായ പൊതു വിതരണസമ്പ്രദായം ആവിഷ്കരിക്കുകയും, കൂടാതെ ഹോർട്ടികോർപ്പ്, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നിങ്ങനെ വിവിധ ഏജൻസികൾ മുഖേന അവശ്യസാധനങ്ങൾ മിതമായ വിലയിൽ ജനങ്ങളിൽ എത്തിക്കാൻ സംവിധാനം ഒരുക്കുകയും ചെയ്തു. സംസ്ഥാനത്ത് അരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കൂടാതെ മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ ആന്ധ്രാപ്രദേശിൽ നിന്ന് അരി ഇറക്കുമതി ചെയ്തിരുന്നു. കൂടാതെ കേന്ദ്രസർക്കാർ വിലക്കയറ്റത്തിനെതിരെ പല നടപടികൾ സ്വീകരിച്ചിരുന്നു. പ്രധാനമായും പയർവർഗ്ഗങ്ങൾ ആഭ്യന്തരമായി സംഭരിക്കുകയും, ഇറക്കുമതി ചെയ്യുകയും അവ കരുതലായി സൂക്ഷിക്കുകയും ചെയ്തിരുന്നു. കൂടാതെ, ഉരുളക്കിഴങ്ങ്, ഗോതമ്പ്, പാം ഓയിൽ എന്നിവയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കുകയും, ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുന്നതിനും, പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനും, 500,000 ടൺ അസംസ്കൃത പഞ്ചസാര ചുങ്ക രഹിതമായി ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചു.

ബാങ്കിംഗ്

വികസ്വര രാജ്യങ്ങളിൽ ബാങ്കുകൾ പ്രധാന സാമ്പത്തിക ഇടനിലക്കാരാണ്. ഹൗസ് ഹോൾഡ് സെക്ടറിലെ സാമ്പത്തിക നേട്ടങ്ങളുടെ പ്രധാന കാരണങ്ങൾ ബാങ്ക് നിക്ഷേപവും ബാങ്ക് വായ്പയുമാണ്.

ബാങ്ക് ശാഖകൾ

സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയുടെ ബാങ്കിംഗ് ഗ്രൂപ്പ് തിരിച്ചുള്ള 2017 മാർച്ച് – ലെ കണക്ക് പ്രകാരം കേരളത്തിലെ മൊത്തം ബാങ്കുകളുടെ എണ്ണം 7,312 ആണ്. മൊത്തം ശാഖകളുടെ വ്യാപനം പരിശോധിച്ചാൽ 62 ശതമാനം ബാങ്ക് ശാഖകൾ അർദ്ധനഗര പ്രദേശങ്ങളിലും 31 ശതമാനം നഗര പ്രദേശങ്ങളിലുമാണ്. ഗ്രാമീണ മേഖലയിൽ ഇത് കേവലം 7 ശതമാനം മാത്രമാണ്. ബാങ്ക് ശാഖകളുടെ ബാങ്കിംഗ് ഗ്രൂപ്പ് തിരിച്ചുള്ള കണക്ക് **പട്ടിക 1.13** –ൽ നൽകിയിരിക്കുന്നു.

ഒരു ചെറിയ സംസ്ഥാനമാണെങ്കിലും കേരളത്തിൽ വിപുലമായ ഒരു ബാങ്ക് ശൃംഖലയുണ്ട്. ഇത് രാജ്യത്ത് പ്രവർത്തിക്കുന്ന ആകെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുടെ 4.6 ശതമാനമാണ്. 2017 മാർച്ച് മാസത്തിലെ

പട്ടിക 1.13
കേരളത്തിലെ ബാങ്ക് ഗ്രൂപ്പ് തിരിച്ചുള്ള ബാങ്ക് ശാഖകൾ

ബാങ്ക് ഗ്രൂപ്പ്	ബ്രാഞ്ചുകളുടെ എണ്ണം				
	ഗ്രാമം	അർദ്ധ നഗരം	നഗരം	ആകെ	ശതമാനം
സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്	77	967	326	1370	18.74
ദേശസാൽകൃത ബാങ്കുകൾ	101	1545	609	2255	30.84
ഗ്രാമീണ ബാങ്കുകൾ	51	525	39	615	8.41
സ്വകാര്യ ബാങ്കുകൾ	148	1469	475	2092	28.61
സഹകരണ ബാങ്കുകൾ	135	26	819	980	13.40
ആകെ	**512**	**4532**	**2268**	**7312**	**100**

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മാർച്ച് 2017

കണക്കനുസരിച്ച് കേരളത്തിലെ മൊത്തം ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുടെ എണ്ണം 6,337 ആണ്. എന്നാൽ 2016 മാർച്ചിൽ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം 6,166 ആയിരുന്നു. 2016–17 വർഷത്തിൽ കേരളത്തിൽ 171 പുതിയ ശാഖകളാണ് പ്രവർത്തനമാരംഭിച്ചത്. ജൂൺ മാസം 2017 ആയപ്പോഴേക്കും ബാങ്ക് ശാഖകളുടെ എണ്ണം 6,376 ആയി വർദ്ധിച്ചു. ഇന്ത്യയിലെ മറ്റു പ്രധാന സംസ്ഥാനങ്ങളെ അപേക്ഷിച്ച് അർദ്ധ നഗര മേഖലയിൽ ഏറ്റവും അധികം ബാങ്ക് ശാഖകൾ ഉള്ളത് കേരളത്തിലാണ്. (**അനുബന്ധം 1.40.**) മാർച്ച് 2016 ലെ കണക്ക് പ്രകാരം കേരളത്തിൽ ആകെ 8,966 എ.റ്റി.എം കളാണുണ്ടായിരുന്നത്. ഇത് മാർച്ച് 2017 ആയപ്പോഴേക്കും 9182 ആയി വർദ്ധിച്ചു.

നിക്ഷേപം

2015–16–ൽ 13.52 ശതമാനം വർദ്ധനവോടു കൂടി 2017 മാർച്ചിൽ കേരളത്തിന്റെ മൊത്തം ബാങ്ക് നിക്ഷേപം (പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കുകളും ഉൾപ്പെടെ) 410,492 കോടി രൂപയാണ്. ഇതിൽ 258,143 കോടി രൂപ ആഭ്യന്തര നിക്ഷേപവും 152,349 കോടി രൂപ പ്രവാസികളുടെ നിക്ഷേപവുമാണ്. 2015–16 –ലെ 7.46 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 14.23 ശതമാനമാണ് ആഭ്യന്തര നിക്ഷേപത്തിന്റെ വളർച്ചാ നിരക്ക്. എന്നാൽ വിദേശ നിക്ഷേപത്തിന്റെ കാര്യത്തിൽ 2015–16 –ൽ 23.73 ശതമാനമായി താരതമ്യം ചെയ്യുമ്പോൾ 12.34 ശതമാനമാണ് വളർച്ചാനിരക്ക്. സംസ്ഥാനത്തിന്റെ ആകെ നിക്ഷേപത്തിന്റെ 63 ശതമാനമാണ് ആഭ്യന്തര നിക്ഷേപം. ആകെ നിക്ഷേപത്തിന്റെ ഏറിയ പങ്കും ആഭ്യന്തര നിക്ഷേപമാണ്. (**അനുബന്ധം 1.41**). സംസ്ഥാനത്തിന്റെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച **ചിത്രം 1.14** –ൽ കാണിക്കുന്നു.

ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപം

ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപം സംബന്ധിച്ച് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അസ്സോസിയേറ്റ് ബാങ്കുകളും, ദേശസാൽകൃത ബാങ്ക്, സ്വകാര്യ ബാങ്കുകൾ,

ചിത്രം 1.14
കേരളത്തിലെ 2003 മുതൽ 2017 വരെയുള്ള നിക്ഷേപ വളർച്ച



അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മാർച്ച് 2017

വിദേശ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ ചെറിയ ധനകാര്യസ്ഥാപനങ്ങൾ ഉൾപ്പെടെ) ആർ.ബി.ഐ.യുടെ കണക്ക് സൂചിപ്പിക്കുന്നത് കേരളത്തിലെ ആകെ ബാങ്ക് നിക്ഷേപം 2015–16 –ലെ 363,511 കോടി രൂപയിൽ നിന്ന് 13.48 ശതമാനം വളർച്ചാ നിരക്കിൽ 2016–17 –ൽ 412503 കോടി രൂപയായി വർദ്ധിച്ചു. ഇന്ത്യയിലെ ആകെ നിക്ഷേപത്തിൽ മഹാരാഷ്ടയുടെ പങ്കാണ് ഏറ്റവും കൂടുതൽ. (20.12ശതമാനം). 2017 മാർച്ചിൽ കേരളത്തിലെ നിക്ഷേപം ആകെ ദേശീയ നിക്ഷേപത്തിന്റെ 3.84 ശതമാനം മാത്രമാണ്. (**അനുബന്ധം 1.42**). ഇത് 2017 ജൂണിൽ 3.90 ശതമാനമായി മാറി. ദേശീയ ശരാശരി വളർച്ചാനിരക്ക് 2015–16 വർഷത്തിലെ 8.65 ശതമാനത്തേക്കാളും 2016–17 –ൽ 11.30 ശതമാനമായി വർദ്ധിച്ചു.

പ്രവാസികളുടെ നിക്ഷേപം

ഗൾഫ് മേഖലയിലേക്കുള്ള മലയാളികളുടെ വൻതോതിലുള്ള കുടിയേറ്റവും അവരുടെ പണമിടപാടുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഒരു നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി യുടെ കണക്ക് പ്രകാരം 2017 മാർച്ചിൽ കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ പ്രവാസികളുടെ നിക്ഷേപം 83,855 കോടി രൂപയാണ്. എന്നാൽ സ്വകാര്യ ബാങ്കുകളിൽ 68,493 കോടി രൂപയുമാണ്. നിക്ഷേപങ്ങളുടെ കാര്യത്തിൽ 34,461 കോടി രൂപ നിക്ഷേപവുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ രണ്ടാം സ്ഥാനത്താണ്. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിൽ 51,073 കോടി രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്. എസ്.എൽ.ബി.സി ബാങ്കിംഗ് കണക്ക് പ്രകാരം സംസ്ഥാനത്തിലേക്കുള്ള വിദേശപണത്തിന്റെ വരവിൽ 2016 മാർച്ച് വർഷത്തെക്കാൾ 135,609 കോടിയിൽ നിന്ന് 12 ശതമാനം വളർച്ചയോടു കൂടി 152,349 കോടി രൂപയായി മാർച്ച് 2017 ൽ വർദ്ധിച്ചു. ജൂൺ 2017 –ൽ 154,252 കോടി രൂപയായി വിദേശ നിക്ഷേപം വർദ്ധിച്ചു. ആഭ്യന്തര നിക്ഷേപം 14 ശതമാനം വളർച്ചാ നിരക്കിൽ 2016 ലെ 225,984 കോടി രൂപയിൽ നിന്നും 258,143 കോടി രൂപയായി 2017 മാർച്ചിൽ വർദ്ധിച്ചു. മറ്റുള്ള പൊതുമേഖലാ – സ്വകാര്യ മേഖല ബാങ്കുകളെ അപേക്ഷിച്ച് ഫെഡറൽ ബാങ്കിലാണ് വിദേശത്ത് നിന്നുള്ള പണം കൂടുതലായെത്തുന്നത്. ശതമാനക്കണക്കിൽ പ്രവാസി നിക്ഷേപം– പൊതുമേഖലാ ബാങ്കിൽ 55.04 ശതമാനവും സ്വകാര്യ ബാങ്കുകളിൽ 44.96 ശതമാനവുമാണ്. ബാങ്കിംഗ് മേഖലിൽ എത്തുന്ന ആകെ നിക്ഷേപം പണത്തിന്റെ 33.52 ശതമാനം സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിലും 21.06 ശതമാനം ദേശസാൽകൃത ബാങ്കിലുമാണ്. (**അനുബന്ധം 1.43**)

വായ്പ/അഡ്വാൻസ്

എസ്.എൽ ബി.സി യുടെ മാർച്ച് 2017 ലെ കണക്ക് പ്രകാരം കേരളത്തിൽ വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ ബാങ്കുകൾ വായ്പയിനത്തിൽ മാർച്ച് 2016 ലെ 269,201 കോടി രൂപയെ അപേക്ഷിച്ച് 298,092 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.വായ്പ വിതരണം ചെയ്യുന്നതിൽ ഒന്നാം സ്ഥാനത്ത് സ്വകാര്യ ബാങ്കുകളാണ്. 2016 മാർച്ച് മാസം വിതരണം നടത്തിയ 80,247 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 90,032 കോടി രൂപയാണ് 2017 മാർച്ച് മാസം സ്വകാര്യ ബാങ്കുകൾ വായ്പ വിതരണം നടത്തിയിട്ടുള്ളത്. 2017 മാർച്ച് മാസത്തിൽ ദേശസാൽകൃത ബാങ്കുകൾ നൽകിയ വായ്പാ തുക 83,886 കോടി രൂപയാണ്. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പും സഹകരണ ബാങ്കുകളും യഥാക്രമം 68,415 കോടി രൂപയും 42,018 കോടി രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. എസ്.എൽ.ബി.സി ജൂൺ 2017 ന്റെ ബാങ്കിംഗ് കണക്കുകൾ പ്രകാരം (എസ്.ബി.ഐയുടെ അഞ്ച് പങ്കാളികളുമായി കൂടി ചേർന്നതിന് ശേഷം) പൊതുമേഖാ സ്ഥാപനം 162,405 കോടി രൂപ വിതരണം ചെയ്തു. സ്വകാര്യ ബാങ്കുകളും സഹകരണ ബാങ്കുകളും യഥാക്രമം 98728 കോടി രൂപയും 42,673 കോടി രൂപയുമാണ് വിതരണം ചെയതിട്ടുള്ളത്.

കാർഷിക ആവശ്യങ്ങൾക്കായുള്ള വായ്പ

ബാങ്ക് ഗ്രൂപ് തിരിച്ചുള്ള കാർഷിക വായ്പയുടെ വിതരണം സൂചിപ്പിക്കുന്നത് സഹകരണ ബാങ്കുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ ആകെ കാർഷിക വായ്പ മാർച്ച് 2016 –ൽ 60,921 കോടി രൂപയായിരുന്നത് 2017 മാർച്ചിൽ 68,787 കോടി രൂപയായി വർദ്ധിച്ചു. മൊത്തം വായ്പകളിൽ കാർഷിക വായ്പകൾ 23 ശതമാനമായിട്ടുണ്ട്. മാർച്ച് 2017 ലെ ബാങ്ക് ഗ്രൂപ് തിരിച്ചുള്ള കണക്ക് സൂചിപ്പിക്കുന്നത് മൊത്തം അഡ്വാൻസിന്റെ ഏറ്റവും കൂടുതൽ ഭാഗം കാർഷിക വായ്പയയി നൽകുന്നത് ഗ്രാമിണ ബാങ്കുകളാണ് (61

ശതമാനം) ദേശ സാൽകൃത ബാങ്കുകളും സ്വകാര്യ ബാങ്കുകളും യഥാക്രമം 29 ശതമാനവും 18 ശതമാനവുമാണ് കാർഷിക വായ്പയായി നൽകിയത്. പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ വിതരണം ചെയ്ത വായ്പ സംബന്ധിച്ച വിവരം **അനുബന്ധം 1.44** –ൽ കാണിച്ചിരിക്കുന്നു.

എസ്.സി /എസ്.ടി, ദുർബല വിഭാഗത്തിനുള്ള വായ്പകൾ/ അഡ്വാൻസ്

2017 മാർച്ചിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെ വിവിധ ബാങ്കുകൾ യഥാക്രമം 4,549 കോടി രൂപയും, 1,172 കോടി രൂപയും വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. 2016 മാർച്ചിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം 4,437 കോടി രൂപയും 1,048 കോടി രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. മുൻ വർഷം വിതരണം ചെയ്ത വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിയതിൽ യഥാക്രമം 2.52 ശതമാനവും 11.83 ശതമാനവും വർദ്ധനവ് കാണിക്കുന്നു. ബാങ്കുകൾ തിരിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ നൽകിയ വായ്പയുടെ വിവരം **പട്ടിക 1.14** –ൽ നൽകിയിരിക്കുന്നു.

എസ്.എൽ ബി.സി കണക്ക് പ്രകാരം, 2017 മാർച്ചിൽ 63,877 കോടി രൂപയാണ് സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് വായ്പ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. 2016 മാർച്ചിലെ കണക്കുകൾ പ്രകാരം ദുർബല വിഭാഗങ്ങൾക്ക് 54,243 കോടി രൂപയാണ് വിതരണം ചെയ്തത്. ഇത് അനുവദിച്ച തുകയിൽ 18 ശതമാനം വളർച്ചയാണ് സൂചിപ്പിക്കുന്നത്.

ഭവന വായ്പ

എസ്.എൽ ബി.സി മാർച്ച് 2017 ലെ കണക്ക് പ്രകാരം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 731,427 ഗുണഭോക്താക്കൾക്കായി 37,644 കോടി രൂപയുടെ ഭവന വായ്പ നൽകിയിട്ടുണ്ട്. മുൻവർഷത്തിൽ ഈ വായ്പ 772,781 ഗുണഭോക്തകൾക്കായി 33,728 കോടി രൂപയായിരുന്നു. ഇത് മൊത്തം ഭവന വായ്പ അനുവദിച്ചതിൽ 11.61 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. 2017 മാർച്ചിൽ സ്റ്റേറ്റ് ബാങ്ക് ഗ്രൂപ് 207,885 പേർക്ക് 15,269 കോടി രൂപയാണ് നൽകിയത്. ദേശസാൽകൃത ബാങ്കുകൾ 168,097 ഗുണഭോക്താക്കൾക്കായി 9,663 കോടി അനുവദിച്ചു. മറ്റ് ബാങ്കുകളുടെ കാര്യത്തിൽ ഗ്രാമീണ ബാങ്കുകൾ 44,301 പേർക്ക് 1,922 കോടി രൂപയും സ്വകാര്യ ബാങ്കുകൾ 58,546 പേർക്ക് 3,676 കോടി രൂപയും സഹകരണ ബാങ്കുകൾ 252,598 പേർക്ക് 7,114 കോടി രൂപയുമാണ് ഭവനവായ്പാ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കുകൾ 34.53 ശതമാനവും സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പും ദേശസാൽകൃത ബാങ്കും യഥാക്രമം 28.42 ശതമാനം, 22.98 ശതമാനം എന്നിങ്ങനെയാണ് ഭവന വായ്പ നൽകിയ ഗുണഭോക്താക്കളുടെ ശതമാനം. എന്നിരുന്നാലും എസ്.എൽ ബി.സി യുടെ ഭവന വായ്പയുടെ തുകയുടെ ശതമാന കണക്കിൽ കൂടുതൽ നൽകിയത് സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പാണ് (40.56 ശതമാനം). ദേശസാൽകൃത ബാങ്കുകൾ ആകെ ഭവന വായ്പയുടെ

പട്ടിക 1.14
ബാങ്ക് ഗ്രൂപ് തിരിച്ച് എസ്.സി/എസ്.ടി വിഭാഗക്കാർക്ക് നൽകിയ വായ്പ മാർച്ച് 2017
(രൂപ കോടിയിൽ)

ബാങ്ക് ഗ്രൂപ്	എസ് സി		എസ് റ്റി	
	എണ്ണം	തുക	എണ്ണം	തുക
സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്	197,967	3,604	59,785	879
ദേശസാൽകൃത ബാങ്കുകൾ	72,074	693	17,726	201
ഗ്രാമീണ ബാങ്കുകൾ	26,196	143	14,106	77
സ്വകാര്യ ബാങ്കുകൾ	8,819	109	964	15
ആകെ കൊമേഴ്സ്യൽ ബാങ്ക്	**305,056**	**4,549**	**92,581**	**1,172**

അവലംബം- സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2017

25.67 ശതമാനവും സഹകരണ ബാങ്കുകൾ 18.90 ശതമാനവും ഗുണഭോക്താകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എസ്.ബി.ഐയുമായി അസോസിയേറ്റ് ബാങ്കുകളുടെ ലയനത്തിനു ശേഷം 2017 ജൂൺ വരെ ഭവന വായ്പയുടെ തുകയുടെ ശതമാനകണക്കിൽ കൂടുതൽ നൽകിയത് പൊതുമേഖല ബാങ്കുകൾ (70.39 ശതമാനം), സഹകരണ ബാങ്കുകൾ (20.06 ശതമാനം), സ്വകാര്യ ബാങ്കുകൾ (9.54 ശതമാനം) എന്നിങ്ങനെയാണ് ഗുണഭോക്താകൾക്ക് വിതരണം ചെയ്യതിട്ടുള്ളത്.

വിദ്യാഭ്യാസ വായ്പ

2017 മാർച്ച് അവസാനം വരെ 369,041 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ഇനത്തിൽ 8,995 കോടി രൂപ നൽകിട്ടുണ്ട്. എന്നാൽ 2016 മാർച്ചിൽ 363,355 വിദ്യാർത്ഥികൾക്ക് 9,441 കോടി രൂപയാണ് വിതരണം ചെയ്തത്. 2017 ൽ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തുന്നത്. എസ്.എൽ ബി.സിയുടെ കണക്ക് പ്രകാരം കേരളത്തിൽ മുഴുവൻ ബാങ്കിംഗ് ഗ്രൂപ്പുകൾ നൽകിയ വിദ്യാഭ്യാസ വായ്പയിൽ സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ് 108,567 വിദ്യാർത്ഥികൾക്കായി 2,320 കോടി രൂപ നൽകിയിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകൾ 177,576 വിദ്യാർത്ഥികൾക്കായി 4,654 കോടി രൂപ നൽകിയിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ ആകെ വിദ്യാഭ്യാസ വായ്പയുടെ 52 ശതമാനമാണ്. മറ്റ് ഗ്രാമീണ ബാങ്കുകൾ 32,738 വിദ്യാർത്ഥികൾക്ക് 856 കോടിയും സ്വകാര്യ ബാങ്കുകൾ 45,702 വിദ്യാർത്ഥികൾക്കായി 1,074 കോടിയുമാണ് വിദ്യാഭ്യാസ വായ്പ ഇനത്തിൽ നൽകിയിട്ടുള്ളത്. 2017 മാർച്ചിൽ സഹകരണ ബാങ്കുകൾ 91 കോടി രൂപ 4,458 വിദ്യാർത്ഥികൾക്കായി നൽകിട്ടുണ്ട്. ആകെ വിദ്യാഭ്യാസ വായ്പയുടെ കിട്ടാക്കടം 2017 കാലയളവിൽ 13 ശതമാനമായി ഉയർന്നു.

ബോക്സ് 1.1
വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

പഠനപൂർത്തീകരണത്തിനു ശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ കടക്കെണിയിലായവരെ സഹായിക്കുന്നതിനായി ഒരു പദ്ധതി 2016–17, 2017–18 ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നു. വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് വായ്പ തിരിച്ചടവ് അവധിക്ക് (Repayment Holiday) ശേഷമുള്ള 4 വർഷ ആശ്വാസ കാലയളവിൽ വായ്പ തിരിച്ചടവിനായി സർക്കാർ സഹായം ലഭ്യമാക്കുകമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ പദ്ധതിയനുസരിച്ച്, വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

i. നിഷ്ക്രിയ ആസ്തിയാക്കാത്ത വിദ്യാഭ്യാസ വായ്പാ/സ്റ്റാൻഡേർസ് അക്കൌണ്ട്
ii. 2016 മാർച്ച് 31 – നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള വിദ്യാഭ്യാസ വായ്പാ അക്കൌണ്ട്.

ഒന്നാമത്തെ വിഭാഗത്തിൽ, നാലു വർഷ ആശ്വാസ കാലയളവിൽ വാർഷിക തിരിച്ചടവ് തുക (മുതലും പലിശയും) സർക്കാരും വായ്പയെടുത്ത വ്യക്തിയും തമ്മിൽ നിർദ്ധിഷ്ട അനുപാതത്തിൽ വീതിയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. രണ്ടാമത്തെ വിഭാഗത്തിൽ, യോഗ്യതയ്ക്ക് അനുസൃതമായി ഒരു നിർദ്ധിഷ്ട സഹായം നൽകികൊണ്ട് ലോൺ ക്ലോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

ഈ പദ്ധതി, എല്ലാ ഷെഡ്യൂൾസ് കൊമേഴ്സ്യൽ ബാങ്കുകൾക്കും, സഹകരണ ബാങ്കുകൾക്കും, ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതും ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് മാത്രം ബാധകമാകുന്നതുമാണ്. 9 ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടിയുള്ള നോഡൽ ഏജൻസി സംസ്ഥാനതല ബാങ്കുകളുടെ സമിതി (എസ്.എൽ ബി.സി) ആയിരിക്കും.

അവലംബം : സ.ഉ.(പി).നം.65/2017/ധന തീയതി. 16/05/2017

2017-18 വർഷം ജൂണിലെ കണക്ക് പ്രകാരം 350,153 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ഇനത്തിൽ 9,267 കോടി രൂപ നൽകിയിട്ടുണ്ട്.

മൈക്രോ ഫിനാൻസ്

മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾക്ക് റീ-ഫിനാൻസ് സൗകര്യം നൽകുന്നതിൽ വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ മറ്റു വൻകിട കമ്പനികൾ എന്നിവ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ ബാങ്കുകളുടെ പകര സംവിധാനമായി പ്രവർത്തിക്കുന്നു. ഈ സ്ഥാപനം മൈക്രോ ക്രെഡിറ്റ്, വാഗ്ദാനം ചെയ്യുന്നത് മാത്രമല്ല, സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള സൌകര്യവും, ഇൻഷുറൻസ്, പണമടയ്ക്കൽ, വ്യക്തിപരമായ കൌൺസിലിംഗ്, പരിശീലനം, പിന്തുണ എന്നിവ പോലുള്ള മറ്റ് ധനകാര്യ സേവനങ്ങളും അവർ നൽകുന്നു. സ്ഥിരമായ ബാങ്കിംഗ് സേവനങ്ങളൊന്നും ലഭ്യമല്ലാത്തവർക്ക് ഇത് ഒരു ആശ്വാസമാണ്. എസ്.എൽ. ബി.സി യുടെ കണക്ക് പ്രകാരം 2017 മാർച്ച് വരെ 2.70 ലക്ഷത്തിൽ കൂടുതൽ സ്വയം സഹായ സംഘങ്ങളുടെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളിൽ വിവിധ ബാങ്കുകളിലായി 1,504 കോടി രൂപയുടെ നിക്ഷേപമുണ്ട്.

ബാങ്കുകൾ തിരിച്ചുള്ള കണക്ക് പ്രകാരം ദേശസാൽകൃത ബാങ്കുകളിലാണ് കൂടുതൽ അക്കൗണ്ടുകളുള്ളത്. (50.5 ശതമാനം). മറ്റു ബാങ്കുകളിൽ ഉള്ള സ്വയം സഹായ സംഘങ്ങളുടെ അക്കൗണ്ടുകളുടെ ശതമാനം ഗ്രാമീണ ബാങ്കുകൾ (21 ശതമാനം), സ്വകാര്യ ബാങ്കുകൾ (18.8 ശതമാനം) സ്റ്റേറ്റ് ബാങ്ക് (9.7 ശതമാനം) എന്നിങ്ങനെയാണ്. ആകെ സ്വയം സഹായ സംഘങ്ങളുടെ ഡെപ്പോസിറ്റ് സ്റ്റേറ്റ് ബാങ്ക് (3.66 ശതമാനം), ഗ്രാമീണ ബാങ്ക് (4.72 ശതമാനം), സ്വകാര്യ ബാങ്ക് (18.88 ശതമാനം) എന്നിങ്ങനെയാണ്.

വായ്പ-നിക്ഷേപ അനുപാതം

മാർച്ച് 2017 അവസാനം വരെയുള്ള കണക്ക് പ്രകാരം ഇന്ത്യയിൽ ബാങ്കിംഗ് മേഖലയിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ ആകെ വായ്പ-നിക്ഷേപാനുപാതം 73.73 ശതമാനമാണ്. ഇത് മാർച്ച് 2016 -ൽ 77.86 ശതമാനമായിരുന്നു. ഇന്ത്യയിലെ പ്രമുഖ സംസ്ഥാനങ്ങളിൽ വായ്പ-നിക്ഷേപം അനുപാതത്തിന്റെ കാര്യത്തിൽ തമിഴ്നാട് (106.55 ശതമാനം) മുൻപന്തിയിലാണ്. മറ്റു സംസ്ഥാനങ്ങളായ മഹാരാഷ്ട്ര (106.28 ശതമാനം), ആന്ധ്രാപ്രദേശ് (100.21 ശതമാനം) എന്നിവിടങ്ങളിലും വായ്പ നിക്ഷേപ അനുപാതം കൂടുതലാണ്. കേരളത്തിന്റെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 59.71 ശതമാനം മാത്രമാണ്. ഇത് മുൻ വർഷത്തെ 61.84 ശതമാനത്തെകാളും കുറവാണ്. (**അനുബന്ധം 1.45**). ആർ. ബി.ഐയുടെ ത്രൈമാസ കണക്കുകൾ പ്രകാരം 2017 ജൂൺ അവസാനം കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്ക് 419,839 കോടി രൂപയുടെ ആകെ നിക്ഷേപവും, 249,529 കോടി രൂപയുടെ ആകെ വായ്പയുമാണ് ഉള്ളത്. ഇത്പ്രകാരം വായ്പ-നിക്ഷോനുപാതം 59.43 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ 2017 മാർച്ചിലെ വായ്പ നിക്ഷേപ അനുപാതം 69.64 ശതമാനമാണ്. ഇത് 2016 മാർച്ചിൽ 74.68 ശതമാനമായിരുന്നു. ഇന്ത്യയിലെ പ്രമുഖ സംസ്ഥാനങ്ങളിൽ വായ്പ-നിക്ഷേപ അനുപാതത്തിന്റെ കാര്യത്തിൽ മഹാരാഷ്ട്ര (109.20 ശതമാനം) മുൻപന്തിയിലാണ്. ഇക്കാര്യത്തിൽ നൂറ് ശതമാനത്തിന് മുകളിലുള്ള മറ്റ് സംസ്ഥാനങ്ങൾ തെലുങ്കാന (106.35), തമിഴ്നാട് (105) എന്നിവയാണ്. കേരളത്തിലെ പൊതുമേഖല ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം 63.04 ശതമാനമാണ്. ഇത് 2016 മാർച്ചിൽ 67.09 ശതമാനമായിരുന്നു. (**അനുബന്ധം 1.46**)

ബാങ്കിംഗ്-സ്ഥിതിവിവരകണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

ജില്ലകളിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ ശാഖകളോട് കൂടി എറണാകുളം ജില്ലയാണ് മുൻപന്തിയിൽ (999). തൊട്ടുപിന്നാലെ തൃശ്ശൂർ (733) തിരുവനന്തപുരം (725) എന്നിങ്ങനെയാണ്. ഏറ്റവും കുറവ് ബാങ്ക് ശാഖകളുള്ള ജില്ല വയനാട് ആണ്(121). കേരളത്തിൽ വായ്പാനുപാതം

ചിത്രം 1.15
ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിന്റെയും വായ്പയുടെയും ജില്ല തിരിച്ചുള്ള കണക്ക്, മാർച്ച് 2017



അവലംബം: റിസർവ് ബാങ്ക് ഓഫ് ഇന്ത്യ – ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിക്ഷേപത്തിന്റെയും വായ്പയുടെ ത്രൈമാസ കണക്ക്, മാർച്ച് 2017

ഏറ്റവും കൂടുതലുള്ളത് വയനാടും (115.91 ശതമാനം) ഇടുക്കിയുമാണ് (107.37 ശതമാനം). വായ്പാനുപാതത്തിന്റെ കാര്യത്തിൽ 25.24 ശതമാന നിരക്കിൽ ഏറ്റവും പിന്നില് പത്തനംതിട്ട ജില്ലയാണ് (**അനുബന്ധം 1.47**). സംസ്ഥാനത്ത് എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ബാങ്ക് നിക്ഷേപം ഉള്ളത്. ജില്ല തിരിച്ചുള്ള വാണിജ്യ ബാങ്കുകളുടെ നിക്ഷേപവും അഡ്വാൻസിന്റെയും കണക്ക് **ചിത്രം 1.15** –ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

കേരളത്തിലെ ഹ്രസ്വകാല വായ്പയുടെ ഏറ്റവും ജനസമ്മിതിയുള്ള ബാങ്ക് ആണ് കേരള സംസ്ഥാന സഹകരണ ബാങ്ക്. ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ മിച്ച ശൃംഖലകളെ ഉൾകൊള്ളുന്നതിനുള്ള കേന്ദ്ര ബാലൻസിംഗ് കേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു. എസ്.എൽ. ബി.സിയുടെ 2017 മാർച്ച് വരെയുള്ള കണക്ക് പ്രകാരം സഹകരണ ബാങ്കിന്റെ 980 ശാഖകളിൽ 135 എണ്ണം ഗ്രാമീണ മേഖലയിലും, 26 എണ്ണം അർദ്ധ നഗര മേഖലയിലും, 819 എണ്ണം നഗര പ്രദേശത്തുമാണ്.

മാർച്ച് 2017 വരെ യുള്ള കണക്ക് പ്രകാരം കേരളത്തിലെ ബാങ്കിംഗ് മേഖലയിലുള്ള വാണിജ്യ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും ആകെ ഡെപ്പോസിറ്റ് 474,626 കോടി രൂപയാണ്. 2017 മാർച്ച് മാസം വരെ സഹകരണ ബാങ്കിലെ ഡെപ്പോസിറ്റ് 64,134 കോടിയായിരുന്നു. ഇത് കൊമേഴ്സ്യൽ ബാങ്കിന്റെയും സഹകരണ ബാങ്കിന്റെയും ആകെ നിക്ഷേപത്തിന്റെ 13.51 ശതമാനമാണ്. 2017 മാർച്ചിൽ കേരളത്തിലെ മുഴുവൻ വാണിജ്യ ബാങ്കുകളും സഹകരണ സംഘങ്ങളും ചേർന്ന് നൽകിയ അഡ്വാൻസ് തുക 298,093 കോടി രൂപയാണ്. ഇതിൽ സഹകരണ ബാങ്ക് നൽകിയത് 14.10 ശതമാനമായ 42,018 കോടി രൂപയാണ്. കേരളത്തിൽ കാർഷിക വായ്പ 2017 മാർച്ച് മാസത്തെ കണക്ക് പ്രകാരം 68,787 കോടി രൂപയായിരുന്നു. ഇതിൽ സഹകരണ മേഖലയുടേത് ആകെ കാർഷിക വായ്പയുടെ 10.66 ശതമാനമായ 7,330 കോടി

ബോക്സ് 1.2
അഞ്ച് അസ്സോസിയേറ്റ് ബാങ്കുകളുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലയനം

ഇന്ത്യൻ ബാങ്കിംഗ് സംവിധാനം ഏകീകരണത്തിന്റെ ഘട്ടത്തിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ 2016 ജൂൺ 15-ന് കേന്ദ്ര കാബിനറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 5 ഉപവിഭാഗങ്ങളുമായി ലയനത്തിന് അംഗീകാരം നൽകി. അസ്സോസിയേറ്റ് ബാങ്കുകളുടെയും എസ്.ബി.ഐ.യുടെ ഭാരതീയ മഹിളാ ബാങ്കിന്റെയും ലയനം ഭാരതീയ ബാങ്കിംഗ് മേഖലയിൽ നടന്ന ബൃഹത്തും പ്രഥമവുമായ ഏകീകരണമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ബികാനിയർ & ജയ്പൂർ (എസ്.ബി.ബി ജെ), സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാലയും കൂടാതെ ഭാരതീയ മഹിളാ ബാങ്ക് എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി (എസ്.ബി.ഐ.) ലയിച്ചത് 2017 ഏപ്രിൽ 1 നാണ്.

കേരളത്തിലെ 5 അസ്സോസിയേറ്റ് ബാങ്കുകളുടെയും ഭാരതീയ മഹിളാ ബാങ്കിന്റെയും ലയനത്തിന് ശേഷം 2017 ഒക്ടോബർ 31 -ലെ കണക്ക് പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് 22 ശതമാനം ബ്രാഞ്ചുകളോട് കൂടി 1,313 ശാഖകളാണുള്ളത്. ലയനത്തിന് ശേഷം കേരളത്തിൽ നിക്ഷേപത്തിന്റെ മാർക്കറ്റ് വിഹിതം 11.60 ശതമാനത്തിൽ നിന്ന് 32.74 ശതമാനമായി ഉയരുകയും മുൻകൂർ തുക 10.60 ശതമാനത്തിൽ നിന്ന് 25.82 ശതമാനമായി വർദ്ധിക്കുകയും ചെയ്തു.

ലയനത്തിന്റെ ഭാഗമായി എസ്.ബി.ഐ.യും അസ്സോസിയേറ്റ് ബാങ്കുകളും അതിനോടനുബന്ധിച്ച എ.റ്റി.എം. കൗണ്ടറുകളും മാറ്റി സ്ഥാപിച്ചതിന്റെ വിവരങ്ങൾ **അനുബന്ധം 1.48** -ൽ കാണിച്ചിരിക്കുന്നു. 2017 ഒക്ടോബർ 31 -ലെ കണക്ക് പ്രകാരം ജില്ല തിരിച്ചുള്ള എസ്.ബി.ഐ. ശാഖകളുടെ എണ്ണം **അനുബന്ധം 1.49** -ൽ കൊടുത്തിരിക്കുന്നു.

അവലംബം : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

രൂപയായിരുന്നു. കേരളത്തിലെ ബാങ്കിംഗ് മേഖലയിലെ ആകെ ക്രയവിക്രയം 2016 മാർച്ച് മാസത്തെ കണക്ക് പ്രകാരം 690,528 കോടി രൂപയായിരുന്നു. ഇത് 2017 മാർച്ചിൽ 772,718 കോടി രൂപയായി ഉയർന്നു. (**പട്ടിക 1.15**)

പട്ടിക 1.15
സഹകരണ മേഖലയുടെ സ്ഥിതി (രൂപ കോടിയിൽ)

ഘടകം	2017 മാർച്ച്			സഹകരണ മേഖലയുടെ ശതമാനം
	സഹകരണ മേഖല	വാണിജ്യ ബാങ്കുകൾ	വാണിജ്യ ബാങ്കുകൾ+ സഹകരണ ബാങ്കുകൾ	
ശാഖകൾ	980	6,332	7,312	13.40
ആകെ നിക്ഷേപം	64,134	410,492	474,626	13.51
ആകെ അഡ്വാന്സ്	42,018	256,075	298,093	14.10
ആകെ ബിസിനസ്	106,152	666,566	772,718	13.74
മുൻഗണനാ മേഖലക്കുള്ള അഡ്വാൻസ്	26,366	142,102	168,468	15.65
കാർഷിക അഡ്വാൻസുകൾ	7,330	61,457	68,787	10.66
എസ്.എം.ഇ. അഡ്വാൻസ്	963	39,408	4,0371	2.39

അവലംബം: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2017

ബോക്സ് 1.3
കേരള കോപ്പറേറ്റീവ് ബാങ്ക്

2016 ജൂൺ 24 ന് കേരള ഗവർണ്ണർ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാ ഘടന പുന:സംഘടിപ്പിക്കുന്നതിനെ കുറിച്ച് നിയമസഭയിൽ പ്രഖ്യാപിച്ചു. 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് നിരീക്ഷിക്കാൻ വേണ്ടി പ്രൊഫസർ എം.എസ്.ശ്രീറാം ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് ബാംഗ്ലൂരിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതിയെ കേരള സർക്കാർ നിയമിച്ചു. യുവാക്കളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുന്ന രീതിയിൽ 15 ബാങ്കുകളെ ലയിപ്പിക്കുതിനോടൊപ്പം ഒരു സാങ്കേതിക, ഉന്നത നിലവാരമുള്ള ആധുനിക ബാങ്കിനെ സൃഷ്ടിക്കുന്നതിനുള്ള നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമിതി സമർപ്പിച്ചു. സംസ്ഥാന സഹകരണ ബാങ്കിന്റെ 820 ശാഖകളിലൂടെ ഫോറെക്സ് ബിസിനസ്സ് (Forex Business) ഉൾപ്പെടെ എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ലഭ്യമാകും.

സംസ്ഥാന സഹകരണബാങ്കിന്റെ രൂപീകരണത്തിനുവേണ്ടി ഒരു ചെയർമാനും ബാങ്കിംഗ്, ഐ.ടി. യും എച്ച്.ആർ ആന്റ് കോ-ഓപ്പറേഷൻ എന്നി മേഖവലകളിൽ നിന്ന് മൂന്ന് അംഗങ്ങളും ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സിനെ സർക്കാർ നിയമിച്ചു. ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിക്കുകയും സംയോജിത പ്രക്രിയ നടക്കുകയും ചെയ്യുകയാണ്. 2018 ചിങ്ങം ഒന്നോടു കൂടി സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു.

എല്ലാവർക്കും സുരക്ഷിതവും വിശ്വാസയോഗ്യവുമായ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പുതിയ ബാങ്കിന്റെ വീക്ഷണം. മാന്യമായ ഉപജീവനമാർഗ്ഗം നിവർത്തിക്കുന്നതിന് മെച്ചപ്പെട്ട സാമ്പത്തിക സേവനങ്ങൾ നൽകുന്നതിലൂടെ സുരക്ഷിതവും സൗഹൃദപരവുമായ ബാങ്കിംഗ് സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് പുതിയ ഈ ബാങ്കിന്റെ ദൗത്യം.

നിർദ്ദിഷ്ട സംസ്ഥാന സഹകരണ ബാങ്ക് കേരളത്തിലെ കർഷകർ, സ്ത്രീകൾ, യുവാക്കൾ, ചെറുകിട സംരംഭകർ, നോൺ-റസിഡന്റ് ഇൻഡ്യൻസ് തുടങ്ങിയ സാധാരണ ജനങ്ങൾക്ക് ഒരു ആധുനിക ബാങ്കായി കണക്കാക്കപ്പെടുന്നു. സഹകരണ മേഖലയിലെ ഒരു "സമ്പൂർണ്ണ സേവന സാർവ്വത്രിക ബാങ്കായി" രൂപീകരിക്കപ്പെടും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും (പി.എ.സി.എസ്) അതിന്റെ അംഗങ്ങൾക്കുമാണ് ഇതിന്റെ സേവനം ലഭ്യമാകുക, പുതിയ ബാങ്ക് സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും സേവനം നൽകുന്നതിനായി പരിശ്രമിക്കുകയും കേരളത്തിലെ പൊതുസമൂഹത്തിന്റെ അഭിമാനസ്ഥാപനവുമായി നിലകൊള്ളുന്നതാണ്. ഇത് "ജനങ്ങളുടെ സ്വന്തം ബാങ്ക്" ആയിരിക്കും. സംസ്ഥാനത്തിന്റെ എല്ലാ പരമ്പരാഗത, ആധുനിക ബാങ്കിംഗ് ഉൽപ്പന്നങ്ങളും, സേവനങ്ങളും സംസ്ഥാനത്തെ ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുകയും ചെയ്യും.

കേരളത്തിലെ സഹകരണ ബാങ്കിംഗ് സംവിധാനം ജനങ്ങളെ സേവിക്കുന്നതിലും സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ പിന്തുണക്കുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരള ബാങ്ക് എന്ന സങ്കല്പത്തിന് പിന്നിലെ പ്രധാന ഉദ്ദേശം കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി വർദ്ധിച്ചു വരുന്ന വിഭവ ലഭ്യത ഉറപ്പാക്കലാണ്.

പുതിയ ബാങ്കിംഗ് ഡയറക്ടർമാരിൽ 22 അംഗങ്ങളാണുള്ളത്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഒരു അനുഭവ പരിചയമുള്ള ബാങ്കർ, പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നിന്ന് 14 പ്രതിനിധികൾ (ഓരോ ജില്ലയിൽ നിന്നും ഒരാൾ വീതം കുറഞ്ഞ നിർദ്ദിഷ്ട യോഗ്യത അനുസരിച്ച്) അപെക്സ് സഹകരണ സംഘങ്ങളെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങൾ, ഡൊമെയിൻ/സബ്ജക്ട് വിദഗ്ദ്ധരുടെ 3

പ്രതിനിധികൾ, 2 എക്സ്ഒഫീഷ്യോ പ്രതിനിധികൾ, നബാർഡ് (1), സഹകരണ വകുപ്പിന്റെ മുൻ ഉദ്യോഗസ്ഥർ (1) എന്നിവരടങ്ങുന്നതാണ് യോഗ്യതാ മാനദണ്ഡം. റീജ്യണൽ ബോർഡുകൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല.

പുതിയ ബാങ്കിന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കും. രണ്ട് ജില്ലകൾ വീതം ഉൾക്കൊള്ളുന്ന ഏഴ് മേഖലാ ഓഫീസുകളെ മതിയായ അധികാരമുള്ള റീജിയണൽ മാനേജർമാർ നയിക്കും. റീജിയണൽ ഓഫീസുകളുടെ അധികാര പരിധിയിൻകീഴിൽ വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ നയിക്കുന്നതിനായി മാർഗ്ഗനിർദ്ദേശി എന്ന നിലയിൽ ഒരു വിദഗ്ദ്ധ ടീം ഉണ്ടായിരിക്കും. നിലവിലുള്ള സഹകരണ സംഘങ്ങളുടെ ലയനം തുടരും. മേഖലാ മാനേജർമാർ തലവനായുള്ള രണ്ട് ജില്ലകളെ ഉൾക്കൊള്ളുന്ന 7 മേഖലാ ഓഫീസുകളും ഉണ്ടായിരിക്കും. റീജ്യണൽ ഓഫീസുകൾക്ക് പ്രാഥമിക കർഷക സംഘടനകളുടെ അധികാര പരിധിയിൽ ഒരു മാർഗ്ഗനിർദ്ദേശം വഹിച്ചുകൊണ്ട് കൈപ്പറ്റുന്നതിനുള്ള സമർപ്പിത സംഘം ഉണ്ടായിരിക്കും. നിലവിലുള്ള കമ്പനികളുടെ ശൃംഖല ലയിപ്പിക്കും.

നിലവിൽ സഹകരണ ബാങ്കിംഗ് ത്രിതല സംവിധാനമാണുള്ളത്. അവ സംസ്ഥാന സഹകരണ ബാങ്കും, പുറമെ ജില്ലാ സഹകരണ ബാങ്കുകൾ, സഹകരണ ബാങ്കുകളും സൊസൈറ്റികളും എന്ന ക്രമത്തിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. താഴത്തെ തലത്തിൽ ഉൾക്കൊള്ളുന്നു. കേരള ബാങ്കിന്റെ രൂപവത്കരണത്തിന് ശേഷം ഇത് രണ്ട് തലത്തിലുള്ള സംവിധാനമായി മാറുന്നതാണ്.

അവലംബം : കേരള സഹകരണ വകുപ്പും കേരള ബാങ്കുകളുടെ രൂപീകരണം സംബന്ധിക്കുന്ന വിദഗ്ദ സമിതി റിപ്പോർട്ടും

വാർഷിക പദ്ധതി 2017–18

കേന്ദ്രത്തിൽ നിതി ആയോഗ് രൂപീകരിച്ചതിന് ശേഷം ആസൂത്രണ പ്രക്രിയയും അതിലൂടെ പഞ്ചവത്സര പദ്ധതിയും നിർത്തലാക്കി എന്നിരുന്നാലും, കേരള സർക്കാർ പഞ്ചവത്സര പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനമെടുക്കുകയും അതുപ്രകാരം സംസ്ഥാനത്ത് പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–22) പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. തുടർന്നു വിവിധ വിഷയങ്ങളിൽ വൈദഗ്ദ്യമുള്ള പണ്ഡിതന്മാർ ഭരണകർത്താക്കൾ, സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകർ മറ്റ് വിദഗ്ദ്ധർ എന്നിവരടങ്ങുന്ന എഴുനൂറോളം അംഗങ്ങളെ ഉൾപ്പെടുത്തിക്കാണ്ട് നാല്പത്തിമൂന്ന് സംസ്ഥാനതല കർമ്മ സമിതികൾക്ക് രൂപം കൊടുത്തു. കൂടാതെ കർമ്മ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖക്ക് രൂപം കൊടുത്തു. പദ്ധതി രേഖ ഉടൻ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതിയായ വാർഷിക പദ്ധതി 2017–18 ന് സംസ്ഥാനത്ത് തുടക്കമിട്ടു. പദ്ധതികളെ ആവശ്യമായ വിലയിരുത്തലുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമാക്കുകയും ഉത്പാദനക്ഷമമല്ലാത്തതും അനാവശ്യവുമായ പദ്ധതികളുണ്ടെങ്കിൽ അവ ഒഴിവാക്കുവാനും ഒരേ ലക്ഷ്യപ്രാപ്തികൾ ഉദ്ദേശിക്കുന്ന സമാന പദ്ധതികൾ ഏകീകരിച്ച് പുന:നാമകരണം ചെയ്യുകയോ സംയോജിപ്പിക്കുകയോ ചെയ്യുകയുണ്ടായി. ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

2017-18 -ലെ വാർഷിക പദ്ധതി മൊത്തം വിഹിതം (ബജറ്റ് എസ്റ്റിമേറ്റ്) 34,538.95 കോടി രൂപയാണ്. സംസ്ഥാന വിഹിതമായ 26,500 കോടി രൂപയും കേന്ദ്രവിഹിതമായ 8,038.95 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. മുൻവർഷത്തെ സംസ്ഥാന ബജറ്റ് വിഹിതമായ 24,000 കോടി രൂപയിൽ 10.42 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി 2017-18 വാർഷിക പദ്ധതി 26,500 കോടി രൂപയായി നിജപ്പെടുത്തി. ബജറ്റ് വിഹിതത്തിൽ 6,227.50 കോടി രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ശേഷിക്കുന്ന 20,272.50 കോടി രൂപ സംസ്ഥാന പദ്ധതികൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. 2,599.65 കോടി രൂപ പ്രത്യേക ഘടക പദ്ധതിക്കും 751.08 കോടി രൂപ പട്ടിക വർഗ്ഗ ഉപ പദ്ധതിക്കുമായി വകയിരുത്തിയിട്ടുണ്ട്. 1,552 കോടി രൂപ വൻകിട പശ്ചാത്തല വികസന പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

പട്ടിക 1.16
2016-17, 2017-18 വാർഷിക പദ്ധതികളുടെ അടങ്കൽ മേഖലതിരിച്ചുള്ള താരതമ്യ വിശകലനം

ക്രമ നം.	മേഖല	2016-17			2017-18			വർദ്ധനവ് ശതമാനത്തിൽ
		സംസ്ഥാന വിഹിതം	കേന്ദ്ര സഹായം	ആകെ വിഹിതം	സംസ്ഥാന വിഹിതം	കേന്ദ്ര സഹായം	ആകെ വിഹിതം	
1	2	3	4	5	6	7	8	9
I	കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും	1,332.66	347.48	1,680.14	1,571.65	408.38	1,980.03	17.85
II	ഗ്രാമ വികസനം	844.76	2,733.66	3,578.42	973.72	3,522.71	4,496.43	25.65
III	പ്രത്യേക പ്രദേശ പരിപാടികൾ	478.98		478.98	404.02		404.02	-15.65
IV	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	491.47	86	577.47	676.21	86.02	762.23	31.99
V	ഊർജ്ജം	1,622.70		1,622.70	1,629.29		1,629.29	0.4
VI	വ്യവസായവും ധാതുക്കളും	658.93		658.93	888.77		888.77	34.88
VII	ഗതാഗതം	1,564.98		1,564.98	1,735.08		1,735.08	10.87
VIII	ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി	881.44	72.50	953.94	994.89	68.10	1,062.99	11.43
IX	പൊതു സാമ്പത്തിക സേവനങ്ങൾ	3,095.83	84.34	3,180.17	2,383.71	32.08	2,415.79	-24.03
X	സാമൂഹ്യ സേവനങ്ങൾ	7,447.43	3,192.19	10,639.62	8,929.16	3,885.66	12,814.82	20.44
XI	പൊതു സേവനങ്ങൾ	80.82	18	98.82	86.00	36.00	122.00	23.45
	ആകെ I മുതൽ XI വരെ	18,500.00	6,534.17	25,034.17	20,272.50	8,038.95	28,311.45	13.09
XII	തദ്ദേശ സ്വയംഭരണം	5,500.00		5,500.00	6227.50		6,227.50	13.23
	ആകെ മൊത്തം	**24,000.00**	**6,534.17**	**30,534.17**	**26,500.00**	**8,038.95**	**34,538.95**	**13.11**

സംസ്ഥാന പദ്ധതിയുടെ ഏകദേശം 11.4 ശതമാനം വിഹിതം പെൺകുട്ടികൾക്കും സ്ത്രീൾക്കും വേണ്ടിയുള്ള ഉന്നമനത്തിനായി മാറ്റിവച്ചിട്ടുണ്ട്.

വിവിധ മേഖലകളിലെ 2016–17, 2017–18 വാർഷിക പദ്ധതി അടങ്കന്റെ താരതമ്യ വിശകലനം **പട്ടിക 1.16** –ൽ കൊടുത്തിരിക്കുന്നു.

നിരീക്ഷണ സംവിധാനത്തിന്റെ ഡിജിറ്റലൈസേഷൻ

1. പ്ലാൻസ്പേസ് - ജില്ലാതല വ്യാപനം

വാർഷിക പദ്ധതി നിർവ്വഹണം വിലയിരുത്തൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ സംസ്ഥാന സർക്കാർ സംരംഭമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരളയുടെ സാങ്കേതിക സഹായത്തോടെ പ്ലാൻസ്പേസ് സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള വെബ് ബേസ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനമാണ് പ്ലാൻസ്പേസ്.

ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ, വിവിധ ഘടകങ്ങൾ, ഭൗതിക സാമ്പത്തിക വിവരങ്ങൾ, വിവിധ ഘട്ടങ്ങളിലെ നിർവ്വഹണ പുരോഗതി, മറ്റു വകുപ്പുകൾ/ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള റിപ്പോർട്ട് പ്ലാൻസ്പേസിൽ ലഭ്യമാണ്. തത്സമയ വിശദാംശങ്ങൾ ലഭ്യമാക്കുക വഴി ഗവണ്മെന്റിനും, സംസ്ഥാന ആസൂത്രണ ബോർഡിനും വകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഒരു ഉപകരണമായി ഇത് പ്രയോജനപ്പെടുന്നു. സംസ്ഥാനത്ത് 2017–18 വാർഷിക പദ്ധതി പ്രൊപ്പോസലുകൾ വകുപ്പു തലവൻമാരിൽ നിന്നും നിർവ്വഹണ ഏജൻസികളിൽ നിന്നും ഓൺലൈനായി പ്ലാൻസ്പേസ് വഴി ശേഖരിച്ചിരുന്നു. കൂടാതെ ഈ സംരംഭം, ട്രഷറി ശൃംഖലയിൽ കൂടി സംയോജിപ്പിക്കുകയുമുണ്ടായി.

ജില്ലാതല പദ്ധതി മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലാൻസ്പേസ് 2015–16–ൽ ജില്ലാതലത്തിൽ വ്യാപിപ്പിച്ചു. ഇത് മുഖേന ജില്ലാതല/ഉപ ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സിസ്റ്റത്തിലേക്ക് നേരിട്ട് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും ഇതുവഴി സമയക്രമം പാലിക്കാനും കൃത്യത മെച്ചപ്പെടുത്താനും കഴിയുന്നു. സംസ്ഥാനതല വിശദാംശങ്ങളുമായി ജില്ലാതല വിശദാംശങ്ങൾ 2017–18 –ൽ യോജിപ്പിച്ചു. പ്ലാൻസ്പേസിൽ ലഭ്യമായ വിവരം അനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം 2017 സെപ്റ്റംബർ 30 വരെ ആകെ പദ്ധതി ചെലവ് 33 ശതമാനമാണ്. സാമ്പത്തിക വർഷം അവസാനമാകുമ്പോൾ ചെലവ് പുരോഗതി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. എം.എൽ.എ.എസ്.ഡി.എഫ് നിരീക്ഷണ സംവിധാനം

ജില്ലാതല മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എം.എൽ.എ.എസ്.ഡി.എഫ്. മോണിട്ടറിംഗിനായി ഒരു പുതിയ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ തയ്യാറാക്കുന്നത് മുതൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ തദ്ദേശ ഭരണ സ്ഥാപനത്തിനു കൈമാറുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാകത്തക്ക വിധത്തിലാണ് സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. ഈ സംവിധാനം ഒരിക്കൽ പ്രവർത്തനം തുടങ്ങിയാൽ എം.എൽ.എ.മാരിൽ നിന്നുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് മുതൽ ഭരണാനുമതി നൽകുന്നത് വരെയുള്ള പ്രവർത്തനങ്ങൾ ഈ പ്രക്രിയ മൂലം സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കും. ഇതിന്റെ ഭാഗമായി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജില്ലാതലത്തിൽ പരിശീലനം നൽകിക്കഴിഞ്ഞു.

02 അദ്ധ്യായം

കൃഷിയും അനുബന്ധ മേഖലകളും

02 അധ്യായം

കൃഷിയും അനുബന്ധ മേഖലകളും

കൃഷി

കേരളത്തിലെ കാർഷിക മേഖല

കേരളത്തിലെ കാർഷിക മേഖലയ്ക്ക് വളരെയധികം സാധ്യതകൾ ഉണ്ടെങ്കിലും വളർച്ചയുടെ കാര്യത്തിൽ അനേകം വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ വർഷം തോറുമുള്ള കണക്കുകൾ പ്രകാരം കാർഷിക അനുബന്ധ മേഖലകളിലെ വളർച്ചാ നിരക്ക് 2012–13–ൽ (–)3.1 ശതമാനവും, 2013–14 –ൽ (–)3.8 ശതമാനവും, 2014–15 –ൽ 0.75 ശതമാനവും, 2015–16 –ൽ (–)7 ശതമാനവും ആണ്. തുടർന്ന് 2016–17 –ൽ ഈ മേഖലയിൽ 2.5 ശതമാനം വളർച്ച രേഖപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കാർഷിക അനുബന്ധ മേഖലയിലെ വിഹിതവും 2012–13 –ൽ 13.7 ശതമാനമായിരുന്നത് 2016–17 –ൽ 10.5 ശതമാനമായി കുറഞ്ഞു **(പട്ടിക. 2.1)**.

പട്ടിക 2.1
മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാ നിരക്ക് – ദേശീയതലത്തിലും സംസ്ഥാന തലത്തിലും (സ്ഥിര വില, അടിസ്ഥാന വർഷം 2011–12).

ക്രമനമ്പർ	വർഷം	മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക്(ശതമാനത്തിൽ) (ഇന്ത്യ)	സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക്(ശതമാനത്തിൽ) (കേരളം)
1	2012–13	17.8	13.7
2	2013–14	17.7	12.36
3	2014–15	16.5	11.91
4	2015–16	15.4	10.85(P)
5	2016–17	ലഭ്യമല്ല	10.58(Q)

(P) താൽക്കാലികം, (Q) ദ്രുത കണക്കെടുപ്പ്,
അവലംബം: നാഷണൽ അക്കൌണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2017, ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്.

പട്ടിക 2.2
കേരളത്തിലെ ഇനം തിരിച്ചുള്ള കാലാവസ്ഥ

ക്രമ നമ്പർ	കാലാവസ്ഥ	കാലാവധി
1	മഴ സീസൺ എ. കാലവർഷം (തെക്ക് പടിഞ്ഞാറൻ കാല വർഷം) ബി. തുലാവർഷം (വടക്ക് കിഴക്കൻ കാലവർഷം)	ജൂൺ മുതൽ സെപ്റ്റംബർ വരെ ഒക്ടോബർ മുതൽ നവംബർ വരെ
2	ഡ്രൈ സീസൺ (ശീതകാലം)	ഡിസംബർ മുതൽ ഫെബ്രുവരി വരെ
3	വേനൽക്കാലം	മാർച്ച് മുതൽ മെയ് വരെ

പട്ടിക 2.3
2017– തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺ മുതൽ സെപ്റ്റംബർ വരെ) ലഭിച്ച മഴ

പ്രദേശം	ദീർഘ സമയ ശരാശരി (എൽ.പി.എ) (മി.മി)	ലഭിച്ച മഴ (മി.മി)	ദീർഘ സമയ ശരാശരിയിൽ ലഭിച്ച മഴയുടെ ശതമാനം
ഇന്ത്യ	887.5	841.3	95
വടക്കു പടിഞ്ഞാറൻ ഇന്ത്യ	615	552.9	90
മധ്യ ഇന്ത്യ	975.5	918.8	94
വടക്കു കിഴക്കൻ ഇന്ത്യ	1438.3	1386.4	96
തെക്കൻ ഉപദ്വീപ്	716.1	717.6	100

അവലംബം: തെക്ക് പടിഞ്ഞാറൻ മൺസൂൺ സീസൺ റിപ്പോർട്ട് 2017. ഐ.എം.ഡി

കാലവർഷം 2017

കേരളത്തിൽ വൈവിധ്യമാർന്ന കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിവിധ സൂക്ഷ്മ പാരിസ്ഥിതിക ഘടകങ്ങൾ നിലനിൽക്കുന്നുവെന്ന പ്രത്യേകതയുണ്ട്. കേരളത്തിന്റെ ഈ ജൈവവൈവിധ്യ സാധ്യതകൾ ജനങ്ങളുടെ വരുമാനമാക്കി മാറ്റേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. കേരളത്തിലെ കാലാവസ്ഥ താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു **(പട്ടിക 2.2).**

തെക്കു–പടിഞ്ഞാറൻ കാലവർഷക്കാലത്ത് (ജൂൺ–സെപ്റ്റംബർ) "കാലവർഷം 2017" രാജ്യത്താകെ ലഭിച്ച മഴ ദീർഘസമയ ശരാശരി (എൽ.പി.എ) യുടെ 95 ശതമാനമായിരുന്നു. ഇത് സാധാരണ നിലയിലാണ്(എൽ.പി.എ യുടെ 90 –100 ശതമാനം). തെക്കു–പടിഞ്ഞാറൻ കാലവർഷസമയത്ത് തെക്ക് ഉപദ്വീപ് ഒഴിച്ച് ഭൂമിശാസ്ത്രപരമായി വിഭജിക്കപ്പെട്ട രാജ്യത്തെ നാല് മേഖലകളിൽ മൂന്നിലും ദീർഘ സമയ ശരാശരിയേക്കാൾ കുറവ് മഴയാണ് ലഭിച്ചത്. രാജ്യത്ത് ഈ നാല് മേഖലകളിലും തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ (2017) ലഭിച്ച മഴയുടെ അളവ് **പട്ടിക 2.3** –ൽ ചേർക്കുന്നു.

ആകെയുള്ള 36 കാലാവസ്ഥാ ഉപമേഖലകളിൽ 25 ഉപമേഖലകളിൽ സ്വാഭാവിക മഴ ലഭിച്ചു (രാജ്യത്തിന്റെ ആകെ വിസ്തൃതിയിൽ 65 ശതമാനം). അഞ്ച് ഉപമേഖലകളിൽ (രാജ്യത്തെ ആകെ വിസ്തൃതിയിൽ 18 ശതമാനം) അളവിൽ കൂടുതൽ മഴ ലഭിച്ചു. ബാക്കി 6 ഉപമേഖലകളിൽ (രാജ്യത്തിന്റെ ആകെ വിസ്തൃതിയിൽ 17 ശതമാനം)അളവിൽ കുറവ് മാത്രമെ മഴ ലഭിച്ചിട്ടുള്ളു. മഴ കുറവ് ലഭിച്ച 6 ഉപമേഖലകളിൽ നാലും വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഉള്ളതാണ് (കിഴക്ക് പടിഞ്ഞാറൻ ഉത്തർപ്രദേശ്, പഞ്ചാബ് & ഹരിയാന, ചാണ്ഡിഗഡ്, ഡൽഹി). രണ്ട് മേഖലകൾ മധ്യ ഇന്ത്യയിൽ (കിഴക്കൻ മധ്യപ്രദേശ്, വിദർഭ) ഉൾപ്പെടുന്നതാണ്. അളവിൽ കൂടുതൽ മഴ ലഭിച്ച അഞ്ച് മേഖലകളിൽ, രണ്ട് മേഖല തെക്ക് ഉപദ്വീപ്(റായൽസീമ, തമിഴ്നാട് & പോണ്ടിച്ചേരി), വടക്ക് പടിഞ്ഞാറൻ ഇന്ത്യ (വെസ്റ്റ് രാജസ്ഥാൻ), മധ്യ ഇന്ത്യ (സൌരാഷ്ട്ര, കച്ച്), വടക്ക് കിഴക്ക് ഇന്ത്യ (നാഗാലാന്റ്, മണിപ്പൂർ, മിസ്സോറാം, ത്രിപുര) എന്നിവയാണ്.

ചിത്രം 2.1
തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ
(2017 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ)



അവലംബം: ഐ.എം.ഡി, തിരുവനന്തപുരം

തെക്ക് പടിഞ്ഞാറൻ കാലവർഷം 2017 മെയ് 14–ന് സാധാരണ കാലവർഷം എത്തുന്ന മെയ് 20 ന് ആറ് ദിവസം മുൻപായി ബംഗാൾ ഉൾക്കടലിന്റെ തെക്ക് കിഴക്കൻ ഭാഗങ്ങളിലും ആന്റമാൻ നിക്കോബാർ ദ്വീപുകളുടെ തെക്ക് ഭാഗങ്ങളിലും എത്തുകയും മെയ് 30–ഓടെ കേരളത്തിലേക്ക് കടക്കുകയും ചെയ്തു. സാധാരണ കാലവർഷം എത്തുന്ന തീയതിയായ 2017 ജൂലൈ 15 –ന് ശേഷം നാല് ദിവസം കഴിഞ്ഞ് ജൂലൈ 19 ന് തെക്ക് പടിഞ്ഞാറൻ കാലവർഷം രാജ്യത്താകെ വ്യാപിച്ചു.

സെപ്റ്റംബർ 27 ന് (ഏകദേശം മൂന്ന് ആഴ്ചയോളം) വൈകിയാണ് ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ കാലവർഷം പിൻവാങ്ങൽ ആരംഭിച്ചത്. സെപ്റ്റംബർ 30 ന് ഇന്ത്യയുടെ വടക്ക് പടിഞ്ഞാറുള്ള കുറച്ചധികം ഭാഗങ്ങളിൽ കാലവർഷം പിൻവലിഞ്ഞു. ഉത്തർപ്രദേശിന്റെ കിഴക്ക് ഭാഗം ഒഴികെ ഇന്ത്യയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ഭൂരിഭാഗം പ്രദേശങ്ങളിലും കാലവർഷം ഒക്ടോബർ 11 ന് പിൻവലിഞ്ഞു.

തെക്കു പടിഞ്ഞാറൻ കാലവർഷ സമയത്ത് (2017 ജൂൺ 1 മുതൽ 2017 സെപ്റ്റംബർ 30) കേരളത്തിൽ ലഭിച്ച യഥാർത്ഥ മഴ, 1,855.9 മി.മി ആയിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിക്കേണ്ട സാധാരണ മഴ 2,039.7 മി.മി ആണ്, സാധാരണ ലഭിക്കുന്ന മഴയിൽ നിന്നും (–)9 ശതമാനത്തിന്റെ കുറവ് കാണിക്കുന്നുണ്ട്. വയനാട് ജില്ലയൊഴികെയുള്ള മറ്റെല്ലാ ജില്ലകളിലും സ്വാഭാവിക മഴ ലഭിച്ചു. വയനാട് ജില്ലയിലാണ് സ്വാഭാവിക മഴയേക്കാൾ ഏറ്റവും കുറവ് മഴ ലഭിച്ചത്. ഈ ജില്ലയിൽ ലഭിച്ച യഥാർത്ഥ മഴ സാധാരണയായി തെക്കു പടിഞ്ഞാറൻ കാലവർഷ സമയത്ത് ലഭിക്കുന്ന മഴയേക്കാൾ (–)37 ശതമാനം കുറവാണ് (**ചിത്രം 2.1**).

കേരളത്തിൽ 2017 ഒക്ടോബർ 1 മുതൽ നവംബർ 1 വരെ ലഭിച്ച യഥാർത്ഥ മഴ 236.3 മി.മി ആണ്. ഇത് സാധാരണ ലഭിക്കുന്ന മഴയായ 301.9 മി.മി യിൽ നിന്നും (–)22 ശതമാനം കുറവാണ്. ഈ കാലയളവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട് എന്നീ 7 ജില്ലകളിൽ സാധാരണ മഴ ലഭിച്ചു. മറ്റ് ജില്ലകളിൽ മഴയിൽ കുറവുണ്ടായി. സാധാരണ ലഭിക്കേണ്ട മഴയിൽ നിന്നും കൂടുതൽ കുറവ് ഉണ്ടായിട്ടുള്ളത് പാലക്കാട് ജില്ലയിലാണ് [(–) 62 ശതമാനം].

കാലവർഷപൂർവ മഴ കേരളത്തിൽ, 2017

2017 മാർച്ച് 1 മുതൽ 2017 മെയ് 31 വരെ സംസ്ഥാനത്ത് ലഭിച്ച കാലവർഷപൂർവ മഴ

ചിത്രം 2.2
കാലവർഷപൂർവ്വ മഴ (2017 മാർച്ച് 1 മുതൽ 2017 മെയ് 31 വരെ)



അവലംബം: ഐ.എം.ഡി, തിരുവനന്തപുരം

സാധാരണ ലഭിക്കുന്ന മഴയേക്കാൾ (–)7 ശതമാനം കുറവായിരുന്നു. ഈ സമയത്ത് 354.3 മി.മി മഴയാണ് കേരളത്തിൽ ലഭിച്ചത്. സാധാരണ ലഭിക്കുന്ന മഴ 379.9 മി.മി ആണ്. കൊല്ലം, പത്തനംതിട്ട ജില്ലകളിൽ അധികമഴ ലഭിച്ചിരുന്നു. നാല് ജില്ലകളിൽ (തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ്) കുറവ് മഴയാണ് ലഭിച്ചത്. 8 ജില്ലകളിൽ സാധാരണ മഴ ലഭിച്ചു. സാധാരണ ലഭിക്കുന്ന മഴയിൽ നിന്നും ഏറ്റവും കുറവ് മഴ ലഭിച്ചത് കാസർഗോഡ് ജില്ലയിലാണ് (–)68 ശതമാനം. **(ചിത്രം 2.2, അനുബന്ധം 2.1)**

വടക്കു കിഴക്കൻ കാലവർഷം കേരളത്തിൽ, 2017

വടക്കു കിഴക്കൻ കാലവർഷം (2017 ഒക്ടോബർ 1 മുതൽ 2017 ഡിസംബർ 31 വരെ) സാധാരണ ലഭിക്കുന്ന മഴയേക്കാൾ (–)8 ശതമാനം കുറവായിരുന്നു. ഈ സമയത്ത് 441.8 മി.മീ മഴയാണ് കേരളത്തിൽ ലഭിച്ചത്. ഈ കാലയളവിൽ സാധാരണ ലഭിക്കുന്ന മഴ 480.7 മി.മീ ആണ്. 3 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട) അധികമഴ ലഭിച്ചു. 4 ജില്ലകളിൽ (ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം) സാധാരണ മഴ ലഭിച്ചു. മറ്റ് ജില്ലകളിൽ കുറവ് മഴയാണ് ലഭിച്ചിട്ടുള്ളത്. സാധാരണ ലഭിക്കുന്ന മഴയിൽ നിന്നും ഏറ്റവും കുറവ് മഴ ലഭിച്ചത് പാലക്കാട് ജില്ലയിലാണ് [(–) 59 ശതമാനം].

ഭൂവിനിയോഗക്രമം

സംസ്ഥാനത്തെ മൊത്തം വിള വിസ്തൃതി തുടർച്ചയായി കുറഞ്ഞ് 2000 –ത്തിലെ 30 ലക്ഷം ഹെക്ടറിൽ നിന്നും 2016–17 –ൽ 25.84 ലക്ഷം ഹെക്ടറായിട്ടുണ്ട്. യഥാർത്ഥത്തിൽ കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതിയിൽ (8.64 ശതമാനം) ഉണ്ടായിട്ടുള്ളത്. ഒന്നിൽ കൂടുതൽ തവണ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ 30.29 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമിയിൽ 7.5 ശതമാനത്തിന്റെ കുറവും, "ഇപ്പോൾ ഉള്ള തരിശുഭൂമിയിൽ ഉൾപ്പെടാത്ത തരിശു ഭൂമി" യിലും "കൃഷി യോഗ്യമായ തരിശു ഭൂമി"യിലും യഥാക്രമം 63.38 ശതമാനത്തിന്റേയും 71 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൃഷിക്ക് അനുയോജ്യമായ ഭൂമി പലവിധ കാരണങ്ങൾ കൊണ്ടും ജനങ്ങൾ കൃഷി ചെയ്യാതെ തരിശാക്കിയിടുന്ന പ്രവണത കൂടി വരുന്നതായും ഇതിൽ നിന്ന് കാണാൻ കഴിയുന്നു.

കേരളത്തിന്റെ ഭൂവിനിയോഗം സംബന്ധിച്ച കണക്കുകൾ പ്രകാരം 2016–17 ൽ

സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ മൊത്തം വിള വിസ്തൃതി 25.84 ലക്ഷം ഹെക്ടറും (66 ശതമാനം) വനഭൂമി (28 ശതമാനം) കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 11 ശതമാനവുമാണ്. കൃഷിക്ക് അനുയോജ്യമായ പാഴ്ഭൂമിയും തരിശുഭൂമിയും 3 ശതമാനം വീതമാണ്. മൊത്തം വിള വിസ്തൃതിയിൽ വർഷം തോറും 2 ശതമാനം കുറവ് വരുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണങ്ങൾ ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലുള്ള കുറവ്, ഉല്പാദനോപാധികളുടെ ഉയർന്ന വില, ഉയർന്ന കൂലിചെലവ്, നാണ്യവിളകളിലേയ്ക്കുള്ള ചുവടുമാറ്റം എന്നിവയാണ് **(അനുബന്ധം 2.2, 2.3).**

വിളക്രമം

കേരളത്തിന്റെ വിളക്രമത്തിൽ നാണ്യവിളകൾക്കാണ് മുന്തിയ സ്ഥാനം. ആകെ കൃഷി വിസ്തൃതിയുടെ 62.46 ശതമാനം പ്രദേശത്ത് നാണ്യവിളകളാണ്. എന്നാൽ ഭക്ഷ്യവിളകളായ നെല്ല്, കപ്പ, പയറുവർഗ്ഗങ്ങൾ എന്നിവ ആകെ കൃഷി വിസ്തൃതിയുടെ 9.35 ശതമാനം പ്രദേശത്ത് മാത്രമാണ് ഉള്ളത്. നാണ്യവിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനാണ് (30 ശതമാനം) തുടർന്ന് റബ്ബർ (21.3 ശതമാനം) കുരുമുളക് (3.3 ശതമാനം) കാപ്പി (3.28 ശതമാനം). നെൽകൃഷി വിസ്തൃതി 6.6 ശതമാനത്തോടെ മൂന്നാം സ്ഥാനത്താണ്. ഭക്ഷ്യവിളകളുടെ കൃഷി വിസ്തൃതിയിൽ വർഷംതോറും കുത്തനെ കുറവ് ഉണ്ടായിട്ടുണ്ട്. നെൽകൃഷി വിസ്തൃതി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 1.71 ലക്ഷം ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. പയർ വർഗ്ഗങ്ങളുടെ കൃഷി വിസ്തൃതി പകുതിയോളം കുറഞ്ഞു. കപ്പയുടെ കൃഷി വിസ്തൃതി 1000 ഹെക്ടറിനോടടുത്ത് കുറഞ്ഞിട്ടുണ്ട് **(അനുബന്ധം 2.4).**

വിളകൾ തിരിച്ചുള്ള വിശകലനം

നെല്ല്

കേരളത്തിന്റെ മുഖ്യ ഭക്ഷ്യവിളയാണ് നെല്ല്. സംസ്ഥാനത്തെ കൃഷി വിസ്തൃതിയുടെ 6.6 ശതമാനവും നെൽകൃഷിയാണ്. നിർഭാഗ്യവശാൽ, 1980 മുതൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1980 ൽ 8 ലക്ഷം ഹെക്ടറായിരുന്ന നെൽ വയലുകളുടെ വിസ്തീർണ്ണം 2015-16 ആയപ്പോൾ 1.96 ലക്ഷം ഹെക്ടറായി ചുരുങ്ങുകയും 2016-17 ൽ വീണ്ടും കുറഞ്ഞ് 1.71 ലക്ഷം ഹെക്ടറായി. 1980-ൽ 12.9 ലക്ഷം മെട്രിക് ടണ്ണായിരുന്ന നെൽ ഉല്പാദനം 2015-16 ആയപ്പോൾ 5.49 ലക്ഷം മെട്രിക് ടണ്ണായും 2016-17 ൽ 4.37 ലക്ഷം മെട്രിക് ടണ്ണായും കുറഞ്ഞു. സീസൺ അടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് വിരിപ്പ് സീസണിലുള്ള ഉല്പാദനത്തിൽ കാര്യമായ കുറവ് വന്നിട്ടില്ല. എന്നാൽ മുണ്ടകൻ, പുഞ്ച സീസണിലെ ഉല്പാദനം കാര്യമായി കുറഞ്ഞിട്ടുണ്ട് **(അനുബന്ധം 2.5, 2.6).**

നെൽകൃഷിയുടെ ജില്ലതിരിച്ചുള്ള കണക്കനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും നെൽകൃഷി വിസ്തൃതി കുറഞ്ഞിട്ടുണ്ട്. ഈ കുറവ് ഏറ്റവും കൂടുതൽ പാലക്കാട് ജില്ലയിലാണ്. തുടർന്ന് തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലാണ്. പ്രധാന നെല്ലുല്പാദന ജില്ലകളായ പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ നെല്ലുല്പാദനത്തിന്റെ കണക്കുകൾ പ്രകാരം ആലപ്പുഴ ജില്ലയിലെ നെല്ലുല്പാദനം വർദ്ധിക്കുകയും കോട്ടയം ജില്ലയിലെ നെല്ലുല്പാദനത്തിൽ നേരിയ കുറവും വന്നിട്ടുണ്ട്. എന്നാൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നെല്ലുല്പാദനത്തിൽ വലിയ കുറവ് വന്നിട്ടുള്ളതുമൂലം മൊത്തം ഉല്പാദനത്തിൽ കുറവ് ഉണ്ടായി **(അനുബന്ധം 2.7, 2.8).**

2016-17 -ൽ നെൽകൃഷിയുടെ വിസ്തൃതിയിലും നെല്ലുല്പാദനത്തിലും ഉല്പാദനക്ഷമതയിലും കാര്യമായ കുറവ് വന്നിട്ടുള്ളതിന്റെ പ്രധാന കാരണം സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചയാണ്. കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 36,927.62 ഹെക്ടർ വിളനാശം സംഭവിച്ചത് ഉൾപ്പെടെ മൊത്തം 50,917.62 ഹെക്ടർ നെൽകൃഷിയെ വരൾച്ച ബാധിച്ചിട്ടുണ്ട്.

പതിമൂന്നാം പദ്ധതിയിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി പദ്ധതി അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലകൾ, തരിശുനിലങ്ങൾ,

പാഴ്നിലങ്ങൾ എന്നിവിടങ്ങളിലെ കൃഷിക്കായി സഹായം, ഉയർന്ന ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളുടെയും പ്രത്യേക വിത്തിനങ്ങളുടെയും പ്രോത്സാഹനം, കൃഷി സ്ഥലത്ത് വച്ചുതന്നെയുള്ള സംസ്കരണം, ബ്രാന്റിംഗ് ഉൾപ്പെടെയുള്ള മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകൽ എന്നീ ഘടകങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നാളികേരം

കൃഷി വിസ്തൃതി എടുത്താൽ 7.81 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യുന്ന സംസ്ഥാനത്തെ പ്രധാന വിളയാണ് നാളികേരം. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ (ജി.സി.എ) ഏറ്റവും കൂടുതൽ ഭാഗം തെങ്ങ് കൃഷിക്കായി ഉപയോഗിക്കുന്നു. തുടർന്ന് റബ്ബർ, നെല്ല് എന്നീ വിളകളാണ്. രാജ്യത്ത് തെങ്ങ് കൃഷിയുടെ വിസ്തൃതിയിൽ ഒന്നാമത് കേരളമാണെങ്കിലും ഉല്പാദനത്തിൽ മൂന്നാം സ്ഥാനം മാത്രമാണ് കേരളത്തിനുള്ളത്. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് ഈ വിളയുടെ ഉല്പാദനക്ഷമതയിലുള്ള കുറവാണ്. ഒരു ഹെക്ടറിൽ നിന്നും 6,883 തേങ്ങയാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നതെങ്കിൽ തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഇത് യഥാക്രമം ഹെക്ടറിന് 14,873 തേങ്ങയും 13,808 തേങ്ങയുമാണ്. രാജ്യത്ത് നാളികേര ഉല്പാദനത്തിലും കൃഷി വിസ്തൃതിയിലും കേരളത്തിന്റെ വിഹിതം വർഷം തോറും കുറഞ്ഞു വരുന്നു. 1960–61 ൽ രാജ്യത്തെ നാളികേര കൃഷി വിസ്തൃതിയുടെ 69.58 ശതമാനവും ഉല്പാദനത്തിന്റെ 69.52 ശതമാനവും കേരളത്തിലായിരുന്നുവെങ്കിൽ 2011–12 –ൽ ഈ വിഹിതങ്ങൾ യഥാക്രമം 40.2 ശതമാനവും 42.12 ശതമാനവുമായി കുറഞ്ഞു. എന്നാൽ സംസ്ഥാനത്ത് തെങ്ങ് കൃഷിയുടെ വിസ്തൃതിയും തേങ്ങയുടെ ഉല്പാദനവും കൂടി വരികയാണ്. 1980–81 –ൽ 29.88 ശതമാനമായിരുന്ന നാളികേര കൃഷിയിടത്തിന്റെ വിസ്തൃതി 2000–01 –ൽ 41.96 ശതമാനമായി ഉയർന്നു. അടുത്ത ദശാബ്ദത്തിൽ ഇത് 37.19 ശതമാനമായി കുറഞ്ഞുവെങ്കിലും 2011–12 –ൽ ഇത് 40.24 ശതമാനമായി. നെൽ വയലുകളുടെ ഒരു ഭാഗം വീണ്ടെടുത്ത് തെങ്ങ് കൃഷി ചെയ്യുന്നതാണ് വിസ്തൃതി വർദ്ധിക്കുന്നതിനുള്ള കാരണം. ഉല്പാദനത്തിലും ഈ കാലയളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1960–61 ൽ 3,220 മില്ല്യൺ തേങ്ങയായിരുന്നു ഉല്പാദനമെങ്കിൽ 2000–01–ൽ ഇത് 5,536 മില്ല്യൺ തേങ്ങയായി ഉയർന്നു. അടുത്ത ദശാബ്ദത്തിൽ ഉല്പാദനത്തിൽ വലിയ വ്യത്യാസമില്ലാതെ തുടർന്നു. സംസ്ഥാനത്ത് തെങ്ങിന്റെ ഉല്പാദനക്ഷമത വളരെ കുറവാണ്. ഉല്പാദനവർദ്ധനവിന് കാരണം വിസ്തൃതിയിലുണ്ടായ വർദ്ധനവാണ്. 2016–17–ൽ നാളികേര ഉല്പാദനത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. 2015–16 ലെ 5,873 മില്ല്യൺ തേങ്ങയിൽ നിന്നും 2016–17 –ൽ 5,379 മില്ല്യൺ തേങ്ങയായി കുറഞ്ഞു. കേരളത്തിൽ തെങ്ങ് കൃഷിയുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ **അനുബന്ധം 2.9** –ൽ കൊടുത്തിരിക്കുന്നു.

കാറ്റുവീഴ്ച, പരിപാലനത്തിലെ അപര്യാപ്തത, പ്രായം ചെന്നതും ഉല്പാദനശേഷിയില്ലാത്തതുമായ തെങ്ങുകൾ എന്നിവയാണ് ഉല്പാദനക്ഷമത കുറയുവാനുള്ള പ്രധാന കാരണങ്ങൾ. ആയതിനാൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടേണ്ടതും നേഴ്സറികളിൽ ഗുണനിലവാരമുള്ള തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതുമാണ്. കൂടുതൽ ഫലപ്രദമാക്കുന്നതിനായി ക്ലസ്റ്റർ വികസന പരിപാടി പുനഃസംഘടിപ്പിക്കേണ്ടതും ആവശ്യമാണ്. കൃഷി വകുപ്പും സഹകരണ വകുപ്പും പഞ്ചായത്ത് തലത്തിലുള്ള നാളികേര വികസന പരിപാടികൾ സംയോജിത സമീപനത്തോടെ പുനസംഘടിപ്പിക്കുന്നതിനായി 2014–15–ൽ നടത്തിയിട്ടുള്ള ശ്രമങ്ങളും നാളികേര വില വർദ്ധനവും സംസ്ഥാനത്തെ നാളികേര ഉല്പാദന മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. ഉയരം കുറഞ്ഞ ഇനങ്ങളും സങ്കര ഇനങ്ങളും ഉല്പാദിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങളും ഗവേഷണ വികസന സ്ഥാപനങ്ങളുടെ പിന്തുണയോടെ കൂടുതൽ വ്യാപിപ്പിക്കണം. മൂല്യവർധിത ഉല്പന്നങ്ങളായ ഉണക്കിയ തേങ്ങ, പാനീയങ്ങൾ, ചിരട്ട കൊണ്ടുള്ള ഉല്പന്നങ്ങൾ, കോക്കനട്ട് ക്രീം, നീര മുതലായവ ഉല്പാദിപ്പിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വായ്പാലഭ്യതയും വിപണന സൗകര്യവും ഏർപ്പാടാക്കണം. കേരഫെഡുമായി ചേർന്ന് കൃഷിഭവനുകൾ വഴി നാളികേരം സംഭരിക്കുന്ന പദ്ധതിക്ക് 2012–13 –ൽ തുടക്കം കുറിച്ചു. മൂല്യവർദ്ധനവിനും നീരയുടെ പ്രോത്സാഹനത്തിനും ഗവൺമെന്റ് കൈക്കൊണ്ട നടപടി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ

പുനരുജ്ജീവനത്തെ സഹായിക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാന ഗവൺമെന്റ് 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള കാലയളവ് കേരവർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർദ്ധനവിനുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനം തൈകളും കുറിയ ഇനം തൈകളും ഉല്പാദിപ്പിക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതാണ്. തെങ്ങ് കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും പ്രോസ്സസ്സിംഗ് യൂണിറ്റുകളും സ്ഥാപിച്ച് രോഗനിയന്ത്രണ മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്.

കുരുമുളക്

വിയറ്റ്നാമിനും ഇന്തോനേഷ്യക്കും ശേഷം കുരുമുളക് ഉല്പാദനത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനം ഇന്ത്യക്കാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി രാജ്യത്തെ കുരുമുളക് ഉല്പാദനം 50,000 ടൺ എന്ന അളവിൽ നിശ്ചലമായിരിക്കുന്നതിനാൽ പ്രമുഖ ഉല്പാദക രാഷ്ട്രം, കയറ്റുമതി രാഷ്ട്രം എന്ന പദവി വളരെ പെട്ടെന്ന് നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. കഴിഞ്ഞ ദശാബ്ദത്തിൽ കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും കേരളത്തിലെ പശ്ചിമഘട്ട മലഞ്ചെരുവുകളിലേയും കുരുമുളക് കൃഷി സ്ഥലത്തിന്റെ വിസ്തൃതി കുത്തനെ കുറഞ്ഞത് ഉല്പാദനത്തേയും കയറ്റുമതിയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016–17 –ൽ കുരുമുളക് ഉല്പാദനം 55,500 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. മുൻവർഷം ഇത് 48,500 ടണ്ണായിരുന്നു. എന്നാൽ രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 75 ശതമാനം നൽകുന്ന കേരളത്തിൽ കുരുമുളക് ഉല്പാദനം 42,000 ടണ്ണിൽ നിന്നും 2016–17 –ൽ 34,000 ടണ്ണായി കുറഞ്ഞിട്ടുണ്ട്.

2010 മുതൽ കുരുമുളകിന്റെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ 2015 ൽ മുൻവർഷത്തെ വിലയേക്കാൾ കിലോഗ്രാമിന് 16.48 രൂപ കുറഞ്ഞ് 646.79 രൂപയായി. 2016 വർഷത്തെ ആദ്യ 6 മാസ ശരാശരി വില ചൂണ്ടിക്കാട്ടുന്നത് ഉല്പാദനത്തിലും ആഗോള വിതരണത്തിലും കുരുമുളക് ഇന്ത്യയിലെ മുന്തിയ വിളയായിട്ടും അതിന്റെ ഉയർന്ന വില തുടരുന്നതായിട്ടാണ്. 2016 ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കിലോഗ്രാമിന് 669.29 രൂപയായിരുന്നു. 2015 ജൂണിൽ അത് കിലോഗ്രാമിന് 619.76 രൂപയായിരുന്നു, കിലോഗ്രാമിന് 49.53 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഉല്പാദനക്ഷമതയുടെ കുറവും വിവിധ രോഗബാധകളുമാണ് സംസ്ഥാനത്തെ കുരുമുളക് ഉല്പാദനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനത്തെ സുഗന്ധവ്യഞ്ജന കൃഷിയുടെ പുനരുജ്ജീവനത്തിനായി 2014–15 –ൽ കൃഷി വകുപ്പ് സമഗ്ര കുരുമുളക് വികസനപരിപാടിക്ക് എല്ലാ ജില്ലയിലും തുടക്കം കുറിച്ചിരുന്നു. സംസ്ഥാനത്തെ കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിന് നടീൽ വസ്തുക്കളുടെ ഉല്പാദനം, സാദ്ധ്യമായ സ്ഥലങ്ങളിൽ ഗ്രാഫ്റ്റിങ്ങ് വിപുലീകരണം, രോഗപരിചരണം, പോഷകപരിചരണം, കുരുമുളക് സമിതികളുടെ പുനരുദ്ധാരണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള യോജിച്ചുള്ള പ്രവർത്തനഫലമാണ് കുരുമുളക് ഉല്പാദനം വർദ്ധിക്കുവാൻ കാരണം.

കശുവണ്ടി

ലോകത്തിലെ ഏറ്റവും കൂടുതൽ അസംസ്കൃത കശുവണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ തുടർന്നു വരുന്നു. വിയറ്റ്നാം, ബ്രസീൽ, ടാൻസാനിയ, ഐവറി കോസ്റ്റ് എന്നിവയാണ് കശുവണ്ടി ഉല്പാദിപ്പിക്കുന്ന മറ്റു പ്രധാന രാജ്യങ്ങൾ. ഇന്ത്യയിലെ അസംസ്കൃത കശുവണ്ടി ഉല്പാദനം 2015–16 –ലെ 670,000 മെട്രിക് ടണ്ണിൽ നിന്ന് 2016–17 –ൽ 779,350 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ ഇന്ത്യയിൽ കശുമാവ് കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം യഥാക്രമം 10.34 ലക്ഷം ഹെക്ടറിൽ നിന്ന് 20.34 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു.

ഇതിന് വിപരീതമായി, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ കഴിഞ്ഞ ഒരു ദശകമായി കശുവണ്ടി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും കശുവണ്ടിയുടെ ഉല്പാദനവും തുടർച്ചയായും ഗണ്യമായും കുറഞ്ഞു വരുന്നതായി കാണുന്നു. 2004–05 ൽ 60,000 മെട്രിക് ടൺ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2013–14 ൽ 33,300 മെട്രിക് ടണ്ണും 2015–16 ൽ 24,730 മെട്രിക് ടണ്ണുമാണ്

ഉല്പാദനം എന്നത് ആശങ്കാജനകമാണ്. കൂടാതെ, ഈ കാലയളവിൽ കശുമാവ് കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം 81,000 ഹെക്ടറിൽ നിന്ന് 49,000 ഹെക്ടറായും പിന്നീട് 43,000 ഹെക്ടറായും കുറഞ്ഞു. എന്നാൽ കൃഷി വിസ്തൃതിയിൽ കുറവ് വന്നെങ്കിലും ഉല്പാദനക്ഷമതയിലുണ്ടായ വർദ്ധനവ് മൂലം 2016–17 –ൽ 3,211 ടണ്ണിന്റെ വർദ്ധനവ് ഉല്പാദനത്തിൽ ഉണ്ടായിട്ടുണ്ട്. ഇതോടൊപ്പം, കശുവണ്ടിയുടെ ഉല്പാദനക്ഷമത എൺപതുകളുടെ അവസാനം ഹെക്ടറിന് 900 കി. ഗ്രാം ആയിരുന്നത് 2014–15 –ൽ ഹെക്ടറിന് 654 കി. ഗ്രാമായി കുറഞ്ഞു. വിശദവിവരങ്ങൾ **അനുബന്ധം 2.10** –ൽ കൊടുത്തിരിക്കുന്നു.

കശുവണ്ടി ഉല്പാദിപ്പിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും ഉല്പാദനവും ക്രമേണ വർദ്ധിച്ചു വരുന്നു. കശുവണ്ടി കൃഷി വിസ്തൃതിയിൽ ആന്ധ്രാപ്രദേശാണ് മുൻപന്തിയിലെങ്കിലും (18.3 ശതമാനം), ഉല്പാദനത്തിന്റെ കാര്യത്തിൽ മഹാരാഷ്ട്രയാണ് മുൻപിൽ. ഉല്പാദനത്തിൽ മുൻപന്തിയിലുള്ള മഹാരാഷ്ട്രയുടെ വിഹിതം 2013–14 –ൽ 32.9 ശതമാനമാണ്. 1990–91 –ൽ മഹാരാഷ്ട്രയുടെ വിഹിതം 10 ശതമാനം മാത്രമായിരുന്നു.

തോട്ട വിളകൾ

തോട്ടവിളകൾ പൊതുവെ കയറ്റുമതി ലക്ഷ്യമാക്കിയുള്ളതോ ഇറക്കുമതി ചെയ്യുന്നവയ്ക്ക് പകരം വെയ്ക്കാനുള്ളതോ ആകയാൽ ദേശീയ കാഴ്ചപ്പാടിൽ ഇത്തരത്തിലുള്ള വിളകൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഏകദേശം 14 ലക്ഷം കുടുംബങ്ങൾ ഉപജീവനമാർഗ്ഗമായി തോട്ടവിളയെ ആശ്രയിച്ചു ജീവിക്കുന്നുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്. തെക്കേ ഇന്ത്യയിലെ നാലു തോട്ടവിളകൾക്ക് ഓരോന്നിനും വ്യത്യസ്തമായ സവിശേഷതകളും സാമ്പത്തിക പ്രശ്നങ്ങളുമുണ്ട്. ഇറക്കുമതിയുടെ അളവിലുള്ള നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതുകാരണം തോട്ടവിളകൾ പൊതുവേ ഗുണനിലവാരം കുറഞ്ഞവ ഇറക്കുമതി ചെയ്യുന്ന ഭീഷണിയും നേരിടുന്നുണ്ട്.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാലു തോട്ടവിളകളുടെ കൃഷിയിലും കേരളത്തിനു ഗണ്യമായ ഒരു പങ്കുണ്ട്. കേരളത്തിന്റെ യഥാർത്ഥ കൃഷി ഭൂമിയുടെ 27.29 ശതമാനമായ 7.04 ലക്ഷം ഹെക്ടറിലായി ഈ നാലു വിളകളും കൃഷി ചെയ്യുന്നു. വിശദ വിവരങ്ങൾ **അനുബന്ധം 2.11**–ൽ കാണുക.

റബർ

ഇന്ത്യയിലെ പ്രകൃതിദത്ത റബറിന്റെ ഉല്പാദനം 2015–16 ൽ 83,000 ടൺ കുറഞ്ഞ് 5.62 ലക്ഷം ടണ്ണായിട്ടുണ്ട്. എന്നാൽ കേരളത്തിലെ റബ്ബറിന്റെ മൊത്തം ഉല്പാദനം 2015–16 ലെ 4.38 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2016–17 ൽ 5.4 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 2.1**2 മുതൽ **2.14** വരെ.

2011 ൽ പ്രകൃതിദത്ത റബ്ബറിന്റെ വില ഏക്കാലത്തേയും ഉയർന്ന നിലവാരത്തിൽ എത്തിയതിനു ശേഷം ശക്തമായി താഴേയ്ക്കു പോയി. 2016 ജനുവരി മുതൽ ജൂൺ വരെയുള്ള വിലനിലവാരമനുസരിച്ച് വിലയിലുള്ള തകർച്ച തുടർന്നുകൊണ്ടിരിക്കുകയാണെന്ന് കാണാം. ആർ.എസ്.എസ് – 4 റബ്ബറിന്റെ ശരാശരി വില കിലോഗ്രാമിന് 13.56 രൂപ കുറയുകയും ആർ. എസ്.എസ്.–5 റബ്ബറിന്റെ വില കിലോഗ്രാമിന് 3.58 രൂപയും കുറയുകയും അതനുസരിച്ച് ആർ. എസ്.എസ് – 4 ന്റെ ശരാശരി വില കിലോയ്ക്ക് 115.82 രൂപയും ആർ.എസ്.എസ് – 5 ന് 112.73 രൂപയും ആയിട്ടുണ്ട്. മൊത്തത്തിൽ വിപണിയിലെ വിലനിലവാരം ദുർബലമായി നിലനിൽക്കുന്നു. സ്വാഭാവിക റബ്ബറിന്റെ ഉപയോഗത്തിലുള്ള ആവശ്യകത കുറഞ്ഞതു മൂലം മൊത്തം സാമ്പത്തിക രംഗം ദുർബലമാവുകയും വില കുറയുകയുമുണ്ടായി. സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് ആശങ്കാജനകമാണ്.

കാപ്പി

2016–17 –ൽ ആഭ്യന്തര കാപ്പി ഉല്പാദനം 312,000 ടണ്ണായിരുന്നു. ഇതു മുൻ വർഷത്തേക്കാൾ 36,000 ടൺ കുറവാണ്. കോസ്റ്റ് ബ്ലോസ്സം കണക്കെടുപ്പിലൂടെ 2016–17 ൽ കോഫി ബോർഡ് കാപ്പിയുടെ ഉല്പാദനം 320,000 ടൺ ആയിരിക്കുമെന്ന് അനുമാനിച്ചിരുന്നു. എന്നാൽ പിന്നീട് ബോർഡ് അത് കുറവ് ചെയ്ത് 312,000 ടൺ ആക്കി മാറ്റുകയുണ്ടായി. പുതിയ കണക്കനുസരിച്ച് അറബിക്കയുടെ ഉല്പാദനം 95,000 ടണ്ണും (30.4 ശതമാനം), റോബസ്റ്റയുടെ ഉല്പാദനം 217,000 (69.6 ശതമാനം) ടണ്ണുമാണ്. എഫ്. എ. ഒ യുടെ കണക്കുകളനുസരിച്ച് ഇന്ത്യയിൽ കാപ്പിയുടെ ഉല്പാദനക്ഷമത

കുറയാനുള്ള കാരണങ്ങൾ പരിമിതമായ യന്ത്രവത്ക്കരണം, കീടരോഗ ബാധ, പ്രായം ചെന്നതും രോഗം ബാധിച്ചതുമായ ചെടികൾ, തൊഴിലാളികളുടെ അപര്യാപ്തത എന്നിവയാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഇതിനു വേണ്ടി നയപരമായും ഫാംതലത്തിലും വേണ്ട സംഘടിതശ്രമങ്ങൾ നടത്തേണ്ടതാണ്. കൂടുതൽ വിളവ് ലഭിക്കുന്നതിന് സഹായകമാകുന്ന തരത്തിലുള്ള ഗവേഷണവും വികസനപരിപാടികളും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുന്നതാണ്.

കേരളത്തിൽ 2016–17 –ൽ കാപ്പിയുടെ ഉല്പാദനം നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്. 2015–16 ൽ 69,230 മെട്രിക് ടൺ ആയിരുന്നത്, 2016–17 –ൽ 63,476 മെട്രിക് ടണ്ണായി കുറഞ്ഞു. റോബസ്റ്റാ ഇനമാണ് കേരളത്തിൽ പ്രധാനമായി ഉല്പാദിപ്പിക്കുന്നത് (ആകെ കൃഷി സ്ഥലത്തിന്റെ 97.1 ശതമാനം). കാപ്പിയുടെ ഉല്പാദനക്ഷമത കേരളത്തിൽ ഹെക്ടറിന് 808 കിലോഗ്രാമാം ആണ്. ഇത് രാജ്യത്തെ ഉല്പാദനക്ഷമതയേക്കാൾ (ഹെക്ടറിന് 852 കിലോ) കുറവാണ്. രാജ്യത്തെ മൊത്തം കാപ്പി ഉല്പാദനത്തിന്റെ 70.4 ശതമാനം ഉല്പാദിപ്പിക്കുന്ന കർണാടകത്തിന്റെ തൊട്ടു പിന്നിലാണ് കേരളത്തിന്റെ സ്ഥാനം.

തേയില

ഏറ്റവും കൂടുതൽ തേയില ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നായ ഇന്ത്യയിലെ ഉല്പാദനം ലോകത്തെ മൊത്തം ഉല്പാദനത്തിന്റെ 24.8 ശതമാനമാണ്. 2016 ൽ തേയിലയുടെ ആഭ്യന്തര ഉല്പാദനം 58.7 മെട്രിക് കിലോഗ്രാം വർദ്ധിച്ചു. എന്നാൽ തെക്കേ ഇന്ത്യയിലെ ഉല്പാദനം തുടർച്ചയായി രണ്ടാം വർഷവും കുറഞ്ഞ് ഈ ദശാബ്ദത്തിലെ ഏറ്റവും കുറഞ്ഞ ഉല്പാദന നിരക്കായ 212.9 മെട്രിക് കിലോഗ്രാമായി. സ്ഥിരമായ വിളകുറവ് എന്ന അവസ്ഥയിൽ നിന്നും ഒരു വർഷം മാറ്റം കാണിച്ചുവെങ്കിലും തെക്കെ ഇന്ത്യയിൽ വീണ്ടും ഉല്പാദനത്തിലെ കുത്തനെയുള്ള ഇടിവ് ഉൽകണ്ഠ ഉയർത്തുന്ന വിഷയമാണ്.

രാജ്യത്ത് തേയില കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ 5.03 ശതമാനവും, മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 6.3 ശതമാനവും കേരളത്തിലാണ്. 2016–17 ൽ തേയില ഉല്പാദനം 3,607 ടൺ വർദ്ധിച്ചിട്ടുണ്ട്. തേയില കൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടായെങ്കിലും ഉല്പാദനക്ഷമതയിലുള്ള വർദ്ധനവു മൂലം ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഉല്പാദനക്ഷമതയിൽ കാര്യമായ വർദ്ധനവില്ലാത്തതും, കടുത്ത തൊഴിലാളി ക്ഷാമവും, യന്ത്രോപകരണങ്ങളുടെ ഉയർന്ന വിലയും, തദ്ദേശീയമായ ഉപകരണങ്ങളുടെ കുറവുമാണ് തേയില വ്യവസായത്തെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ **(അനുബന്ധം 2.15)**.

ഏലം

ലോകത്ത് ഏറ്റവും കൂടുതൽ ചെറിയ ഏലം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാമതാണ് ഇന്ത്യ. അന്താരാഷ്ട്ര മേഖലയിൽ ഏലം വ്യാപാരത്തിൽ ഇന്ത്യ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇടവിട്ടുള്ള മഴയും നല്ല സൂര്യപ്രകാശവും ചെടിയുടെ വളർച്ചാഘട്ടത്തിൽ അത്യന്താപേക്ഷിതമായതിനാൽ ഏലത്തിന്റെ ഉല്പാദനം കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. 2016–17 ൽ രാജ്യത്തെ ഏലം ഉല്പാദനം 19,630 ടൺ ആയി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇത് 2015–16 ലെ 23,890 ടണ്ണിനേക്കാൾ 4,260 ടൺ കുറവാണ്. 2006–07 ൽ ഏലത്തിന്റെ വിലയിലുണ്ടായ അപ്രതീക്ഷിത മാറ്റം 2014–15 വരെ തുടർന്ന് ഏറ്റവും ഉയർന്ന് 754 രൂപയിൽ എത്തുകയും തുടർന്ന് വിലയിൽ ഏറ്റക്കുറച്ചിലുണ്ടാകുകയും ചെയ്തു. 2016–17 ൽ (ആഗസ്റ്റ് മുതൽ ജൂൺ വരെയുള്ള കാലയളവിൽ) കിലോഗ്രാമിന് 481.94 രൂപ എന്ന നിരക്കിൽ വില വർദ്ധിച്ച് കിലോ ഗ്രാമിന് 1,105.67 രൂപയായിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിൽ ഏലത്തിന്റെ ഉല്പാദനം 2015–16 ലെ 19,500 ടണ്ണിൽ നിന്നും കുറഞ്ഞ് 2016–17 ൽ 17,147 ടൺ ആയിട്ടുണ്ട്.

കുടുംബശ്രീ മുഖേനയുള്ള കൂട്ടുകൃഷി

ഗാർഹികതലത്തിലും സമൂഹത്തിലും ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിയുള്ള കുടുംബശ്രീയുടെ ഒരു പ്രധാന പ്രവർത്തന മേഖലയാണ് കൂട്ടുകൃഷി. നെല്ല്, പച്ചക്കറികൾ, വാഴ, കൈതച്ചക്ക, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് മുഖ്യമായും കൃഷി ചെയ്യുന്ന വിളകൾ. 2016–17 –ൽ നെൽ കൃഷി 9475 ഹെക്ടറിലും, പച്ചക്കറികൾ 13,569 ഹെക്ടറിലും മറ്റു വിളകൾ (വാഴ, കൈതച്ചക്ക, കിഴങ്ങുവർഗ്ഗം) 29,678 ഹെക്ടറിൽ 78,746 ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) കൾ മുഖേന കൃഷിചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ

അനുബന്ധം 2.16 –ൽ കൊടുത്തിരിക്കുന്നു. കാർഷികവൃത്തിയിൽ വ്യാപരിച്ചിരിക്കുന്ന വനിതാ ഗ്രൂപ്പുകളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് ബാങ്കിംഗ് സൗകര്യങ്ങളുടെ ലഘൂകരണം, സാങ്കേതിക വിദ്യയുടെ പിന്തുണ മുതലായ കൈത്താങ്ങുകൾ ആവശ്യമാണ്.

പന്ത്രണ്ടാം പദ്ധതി ഒരു അവലോകനം

പന്ത്രണ്ടാം പദ്ധതിയിൽ ഊന്നൽ നൽകാൻ ഉദ്ദേശിച്ചിരുന്ന പ്രധാന മേഖലകൾ സമഗ്ര ഭക്ഷ്യവിള ഉല്പാദനത്തിനായുള്ള പ്രോത്സാഹനം, തെങ്ങ് കൃഷിയുടെയും കുരുമുളക് വികസനത്തിന്റെയും പുനരുജ്ജീവനം, കാർഷിക ജൈവ വ്യവസ്ഥ യൂണിറ്റ് അടിസ്ഥാനമാക്കിയുള്ള സാങ്കേതിക പ്രവർത്തനങ്ങൾ, വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ, കാർഷിക വിജ്ഞാന വ്യാപന സേവനങ്ങളുടെ പുനരുജ്ജീവനം, കൃഷിയ്ക്കായി സേവന സംവിധാനത്തിനായുള്ള സ്ഥാപനവൽക്കരണം, കൃഷിഭവനുകളുടെ ശാക്തീകരണം, പുതിയ സാങ്കേതിക വിദ്യകളുടെ പ്രോത്സാഹനം, ജൈവ കൃഷി ശക്തിപ്പെടുത്തൽ, മണ്ണിന്റെയും സസ്യത്തിന്റെയും ആരോഗ്യപരിപാലനം, ഉല്പാദനോപാധികൾക്കായും വിപണികൾക്കായും അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധനവിന് പ്രത്യേകം ഊന്നൽ എന്നിവയാണ്.

പന്ത്രണ്ടാം പദ്ധതിയിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 40,837 ഹെക്ടറിൽ നിന്നും 52,830 ഹെക്ടറായും ഉല്പാദനം 5.51 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 7.25 ലക്ഷം മെട്രിക് ടണ്ണായും വർദ്ധിക്കുകയുണ്ടായി. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഇനി പറയുന്നവയാണ്. 1,380 സ്ഥാപനങ്ങളിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി, 39 ബ്ലോക്ക് തല നഴ്സറികൾ, 269 എ ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണം, 800 ക്ലസ്റ്ററുകളിലൂടെയുള്ള പച്ചക്കറി കൃഷി എന്നിവയാണ്. നാളികേര വികസന പദ്ധതി പുനഃസംഘടിപ്പിച്ച് അടുത്തടുത്തുള്ള പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് ഊന്നൽ നൽകുന്നതിനായി കേര ഗ്രാമങ്ങൾ എന്ന പേരിൽ നടപ്പിലാക്കി. 60 കേരഗ്രാമങ്ങൾ സ്ഥാപിക്കുകയും ജലസേചനം, നഴ്സറികൾ, മൂല്യവർദ്ധനവ്, കുറുകിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദനം, പരമ്പരാഗത പ്രദേശങ്ങളിൽ നിന്നല്ലാതെ പുതിയ കുറുകിയ ഇനം തൈകൾ തിരഞ്ഞെടുത്ത് ഹൈബ്രിഡൈസേഷൻ നടത്തുക, തെങ്ങുകളുടെയും വിത്ത് തേങ്ങയുടെയും ബാർ കോഡിംഗ് എന്നിവ നടത്തുകയുമുണ്ടായി. നെൽകൃഷി വിസ്തൃതിയിൽ തുടർന്ന് വന്നിരുന്ന കുറവ് നിർത്തലാക്കി കൂടുതൽ നെൽപ്പാടങ്ങളിൽ സുസ്ഥിര നെൽകൃഷി നടപ്പിലാക്കി. കാസർഗോഡ് ജില്ലയിലെ 3,000 ഹെക്ടർ ജൈവകൃഷിക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയിലാദ്യമായി ആത്മ പ്ലസ്സ് ആരംഭിക്കുകയും 456 ഫാം സ്കൂളുകൾ, 250 ഫാർമർ ഫീൽഡ് സ്കൂളുകൾ, 205 സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ എന്നിവയും ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് വാഹന സൗകര്യവും ഉപദേശക സേവനങ്ങൾക്കായി ടോൾഫ്രീ ആത്മ കാൾ സെന്ററുകളും (1800–425–1661) സ്ഥാപിക്കുകയുണ്ടായി. കൂടാതെ 64 കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും 1.41 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ഉണ്ടായി. പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാതല ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും 18.77 ലക്ഷം കർഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി നേരിട്ടുള്ള ആനുകൂല്യ വിതരണം പൂർണ്ണമായും നടപ്പിലാക്കി. 23 വർഷത്തിനു ശേഷം കാർഷിക നയം തയ്യാറാക്കുകയുണ്ടായി. പഞ്ചായത്തു തലത്തിൽ ഏകദേശം 5,772 കീടനിരീക്ഷണ യൂണിറ്റുകളും 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ജില്ലാതലത്തിൽ 4 റഫറൽ ക്ലിനിക്കുകളും സ്ഥാപിക്കുകയുണ്ടായി. 3,825 സ്കൂളുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുകയുണ്ടായി. നാളികേര മേഖലയിലെ സാമ്പത്തിക നേട്ടത്തിനായി നീരയുടെ പ്രോത്സാഹനം, നീരയുടെയും കോക്കനട്ട് ഷുഗർ ഉല്പാദനത്തിനുമായുള്ള കേരള കാർഷിക സർവ്വകലാശാലയുടെ പ്രാരംഭ പ്രോജക്ടിനുള്ള സഹായം, സി.റ്റി.സി.ആർ.ഐ യിൽ ഇൻകുബേഷൻ സെന്റർ, വയനാട് എൻ.ഐ.ഐ.എസ്.റ്റി യുമായി സംയുക്തമായി ഇഞ്ചിയുടെ മൂല്യവർദ്ധനവിനായുള്ള പ്രോജക്ട് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പന്ത്രണ്ടാം പദ്ധതിയിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്ന 3,413.91 കോടി രൂപയിൽ 3,303.93 കോടി രൂപ (97 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

പതിമൂന്നാം പദ്ധതി – വീക്ഷണം

- പരമാവധി ഉല്പാദനക്ഷമത, ലാഭം, പാരിസ്ഥിതിക സംതുലിതാവസ്ഥ എന്നിവ ഉറപ്പാക്കി കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനം
- നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക
- പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത
- 2022 ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുക
- വിളകൾ അടിസ്ഥാനമാക്കി പ്രത്യേക കാർഷിക മേഖലകൾ (എസ്.എ.ഇസഡ്) ക്കുള്ള പ്രോത്സാഹനം

കൃഷിവകുപ്പിന്റെ 2017–18 വാർഷിക പദ്ധതിയിലെ മുഖ്യ സംരംഭങ്ങൾ

കൃഷി വകുപ്പിന്റെ 2017–18 വാർഷിക പദ്ധതിയിലെ മുഖ്യ സംരംഭങ്ങൾ താഴെ പറയുന്നവയാണ്. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സമഗ്ര ജനപങ്കാളിത്തത്തോടെയുള്ള തരിശുനില കൃഷിയിലൂടെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള സംയോജിത ഭക്ഷ്യവിള ഉല്പാദന പദ്ധതി, തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര പരിപാലനത്തിനായി കേര ഗ്രാമങ്ങൾ, ജൈവ കൃഷിക്കും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനത്തിനുള്ള പ്രോത്സാഹനം, പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ആധുനീകവത്ക്കരണവും, വിപണനത്തിനായി സ്ഥാപന സംവിധാനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റ് അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണം, ആത്മ പ്ലസ് മാതൃകയിലുള്ള വിജ്ഞാന വ്യാപനം, സുഗന്ധ വിളകളുടെ പുനരുജ്ജീവനം, കീടരോഗ നിരീക്ഷണം ഉൾപ്പെടെയുള്ള വിള ആരോഗ്യ പരിപാലനവും ഡ്രോണുകളുടെ ഉപയോഗവും, പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനായി 20 പുതിയ കാർഷിക സേവന കേന്ദ്രങ്ങളും നിലവിലുള്ളവയുടെ ശക്തിപ്പെടുത്തലും, വിള ഇൻഷ്വറൻസ്, വയനാട് ജില്ലയിൽ കുരുമുളകിന്റെ പുനരുജ്ജീവനത്തിനായുള്ള പാക്കേജ്, നെല്ല്, പച്ചക്കറി, നാളികേരം, വാഴപ്പഴം, പൂക്കൾ എന്നിവയ്ക്ക് സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ രീതിയിൽ നടപ്പിലാക്കുന്നതിനായുള്ള പ്രത്യേക കാർഷിക മേഖല (എസ്.എ.ഇസഡ്) എന്നിവയാണ്.

വിള ഇൻഷ്വറൻസ് പദ്ധതി

കേരളത്തിലെ വലിയ വിഭാഗം കാർഷിക ഉല്പാദകരും ചെറുകിട കർഷകരാണ്. കൂടാതെ കേരളത്തിലെ കൃഷി കാലാവസ്ഥയെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥയിലെ അനിശ്ചിതത്വം കൃഷി ഒരു വലിയ നഷ്ടസാധ്യതയുള്ള സംരംഭമാക്കുന്നു. ഇത്തരത്തിൽ വിളകളുടെ ഉല്പാദനത്തിലുള്ള അനിശ്ചിതത്വം ഓരോ കർഷകനും നേരിടേണ്ടതായി വരുന്നു. വിള ഉല്പാദനത്തെ പ്രകൃതിയുടെ അസംതുലിതാവസ്ഥ മൂലമുള്ള വരൾച്ച, വെള്ളപ്പൊക്കം, കീടരോഗങ്ങൾ എന്നിവയെല്ലാം ബാധിക്കുന്നതിനാൽ കർഷകർക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് മുഖ്യപങ്ക് വഹിക്കുന്നുണ്ട്.

2016–17 വർഷത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി വിള നഷ്ടപരിഹാര തുകയിൽ കാര്യമായ വർദ്ധനവ് വരുത്തിക്കൊണ്ട് പരിഷ്ക്കരിക്കുകയും 53,161 ഹെക്ടറിൽ ഉൾപ്പെടുന്ന 89,862 കർഷകർ അംഗങ്ങളാവുകയും 2478 കർഷകർക്കുള്ള ഇൻഷ്വറൻസ് തുകയായി 159.87 ലക്ഷം രൂപ വിതരണം നടത്തിയിട്ടുമുണ്ട്. പരിഷ്ക്കരിച്ച ദേശീയ കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷ്വറൻസ് പദ്ധതി (ആർ.ഡബ്ല്യു. ബി.സി.ഐ.എസ്) 10 വിളകൾക്കായി (നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, അടയ്ക്ക, ഏലം, കുരുമുളക്, ജാതി, കരിമ്പ്) ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളെ തിരഞ്ഞെടുക്കുകയുണ്ടായി. പരിഷ്ക്കരിച്ച ദേശീയ കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് കീഴിൽ 2016 ഖാരിഫ് സീസണിൽ 21,435 ഹെക്ടറിൽ ഉൾപ്പെടുന്ന 31,532 കർഷകർ അംഗങ്ങളാവുകയും 21,046 കർഷകർക്കുള്ള ഇൻഷ്വറൻസ് തുകയായി

17.19 കോടി രൂപ വിതരണം ചെയ്യുകയും റാബി സീസണിൽ 18,703 ഹെക്ടറിലുള്ള 27,459 കർഷകർ അംഗങ്ങളാവുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി വിളകളായ കാബേജ്, കാരറ്റ്, വെളുത്തുള്ളി, ഫ്രെഞ്ച് ബീൻസ്, ഉരുളക്കിഴങ്ങ് എന്നിവ ആദ്യമായി ഈ ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കുകയുണ്ടായി. നാളികേര ഇൻഷ്വറൻസ് പദ്ധതി (സിപി.ഐ.എസ്) സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയ്ക്ക് കീഴിൽ 250 ഹെക്ടറിലായി 403 കർഷകർ അംഗങ്ങളാവുകയും 2.70 ലക്ഷം രൂപ വിതരണം ചെയ്യുകയുമുണ്ടായി. 2016–17 റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾ ഉൾപ്പെടുത്തി കൊണ്ട് പ്രധാൻ മന്ത്രി ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ) എന്ന പദ്ധതി തിരഞ്ഞെടുക്കുകയുണ്ടായി. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് നെല്ല് തിരഞ്ഞെടുത്തിട്ടുള്ളത്. പ്രധാൻ മന്ത്രി ഫസൽ ബീമ യോജന പദ്ധതിയിൻ കീഴിൽ 12,961 ഹെക്ടറിലായുള്ള 18,415 കർഷകർ അംഗങ്ങളാവുകയും 341 കർഷകർക്കുള്ള ആനുകൂല്യമായി 55 ലക്ഷം രൂപ വിതരണം നടത്തുകയുമുണ്ടായി.

പ്രത്യേക കാർഷിക മേഖല (എസ്.എ.ഇസഡ്)

പ്രത്യേക കാർഷിക വികസന മേഖല (എസ്.എ.ഇസഡ്) എന്ന ഒരു പുതിയ ആശയം സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ നടപ്പിലാക്കുന്നതിനായി 2017–18 –ൽ ആരംഭിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ഉത്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം, ജലസേചനം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ പ്രത്യേക കാർഷിക മേഖലയിലും മണ്ണ് പരിശോധനാ ലാബുകളും, കാൾ സെന്ററുകൾ ഉൾപ്പെടെയുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, കാലാവസ്ഥാ കേന്ദ്രങ്ങളും, ഉപദേശക സംവിധാനവും, ഓൺ ഫാം പ്രൊഡക്ഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള ബയോഫാർമസികൾ, നടീല്വസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ, വിപണികൾ, സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള യൂണിറ്റുകൾ, ജലസേചന സഹായം, വായ്പലഭ്യമാകുന്നതിന് ആവശ്യമായ ഇടപെടീലുകൾ,ഐ.സി.റ്റി അടിസ്ഥാനമാക്കിയുള്ള വിജ്ഞാന വ്യാപനം, കമ്മ്യൂണിറ്റി റേഡിയോ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ, അധിക ഉത്പാദനം സംഭരിക്കുന്നതിനായുള്ള സംവിധാനം, സംയോജിത രീതിയിൽ കർഷകർക്ക് സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് പരിശീലനം നൽകുക എന്നീ സഹായങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലയിലെ പ്രോജക്ടുകൾക്ക് ഒരു പ്രത്യേക മേൽനോട്ട സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ

- നെല്ല് – കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്
- പച്ചക്കറികൾ – ദേവികുളം, കഞ്ഞികുഴി, പഴയന്നൂർ, ചിറ്റൂർ–കൊല്ലങ്കോട്
- വാഴ–തൃശ്ശൂർ,
- പൂക്കൾ – വയനാട്
- നാളികേരം–കോഴിക്കോട്

സംസ്ഥാന ഹോർട്ടീക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)

2005 ൽ രൂപീകൃതമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഹോർട്ടീകൾച്ചർ മിഷന്റെ പരിപാടികൾ സംസ്ഥാനത്ത് 85 ശതമാനം കേന്ദ്ര വിഹിതവും 15 ശതമാനം സംസ്ഥാനവിഹിതത്തോടും കൂടി നടപ്പിലാക്കി വന്നിരുന്നു. 2014–15 മുതൽ ഹോർട്ടീക്കൾച്ചറിനായുള്ള സംയോജിത വികസന മിഷൻ(മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഫോർ ഹോർട്ടിക്കൾച്ചർ) എന്ന പേരിൽ ഈ പദ്ധതിയെ പുനര്രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയുടെ വിഹിതം വകയിരുത്തുന്ന രീതി 60:40 എന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പഴവർഗങ്ങൾ, തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ, സുഗന്ധമുള്ളതും, ഔഷധ ഗുണമുള്ളതുമായ സസ്യങ്ങൾ, കൂണുകൾ എന്നിവയുടെ സമഗ്രവികസനമാണ് ഹോർട്ടികൾച്ചർ മിഷന്റെ ഉദ്ദേശ്യം. ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, വിപണനം എന്നിവയ്ക്കായുള്ള

പദ്ധതികളാണ് പ്രധാനമായും മിഷൻ നടപ്പിലാക്കുന്നത്.

പന്ത്രണ്ടാം പദ്ധതിക്കാലത്ത് കേന്ദ്ര വിഹിതമായി 145 കോടി രൂപയും സംസ്ഥാന വിഹിതമായി 45.74 കോടി രൂപയും ഉൾപ്പെടെ മൊത്തം 190.74 കോടി രൂപ എസ്.എച്ച്.എം ന് അനുവദിക്കുകയുണ്ടായി. ഇതിൽ 209.37 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉല്പാദനത്തിനും വിതരണത്തിനുമായി നഴ്സറികൾ സ്ഥാപിക്കുക, പുതിയ തോട്ടങ്ങൾ സ്ഥാപിക്കുക, ഉൽപ്പന്നങ്ങൾ തരം തിരിക്കുന്നതിനും ഗ്രേഡ് ചെയ്യുന്നതിനും ഉള്ള യൂണിറ്റുകൾ, ശീതീകരണ യൂണിറ്റുകൾ, ഗ്രാമീണ വിപണികൾ എന്നിവ സ്ഥാപിക്കുക, മൊത്ത വിപണികളുടെ ശാക്തീകരണം, വിപണികളുടെ വിവരശേഖരണം, ഗുണനിലവാരത്തെ സംബന്ധിച്ച വിജ്ഞാന വ്യാപനം, പുതിയതും സംസ്കരിച്ചതും ആയ ഭക്ഷ്യവസ്തുക്കളുടെ വിപണനം സംബന്ധിച്ചുള്ള വിജ്ഞാന വ്യാപനം എന്നിവ ഈ കാലയളവിലെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടും.

നിരവധി ഗവണ്മെന്റിതര സ്ഥാപനങ്ങൾക്കും സ്വകാര്യമേഖലയ്ക്കും പങ്കാളിത്തമുള്ള ഈ പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ മേൽനോട്ടം ആവശ്യമാണ്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി. എഫ്. പി. സി. കെ)

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി) രൂപീകരിക്കുക, പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായം (പി.ജി.എസ്) സംബന്ധിച്ച ബോധവത്ക്കരണം നൽകുക, പങ്കാളിത്ത സാങ്കേതിക വികസനം സംബന്ധിച്ച പ്രചരണം നടത്തുക, കാര്യശേഷി വർദ്ധനവ് പരിപാടികൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ഉൽപ്പാദനം, പങ്കാളിത്ത വായ്പാ സഹായവും ഇൻഷ്വറൻസ് സഹായവും, ഗ്രൂപ്പ് മാർക്കറ്റിംഗ്, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഹരിതനഗരി പരിപാടി തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. 2016–17–ൽ 4,465 കർഷകരെ ഉൾപ്പെടുത്തി 106 പുതിയ സ്വയം സഹായ സംഘങ്ങൾ (SHG) രൂപീകരിച്ചു. ഇതോടെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം 189,902 ഉം – സ്വയം സഹായ സംഘങ്ങളുടെ എണ്ണം 9,540 ഉം ആയി. ഈ കാലയളവിൽ 4 പുതിയ കർഷക വിപണികളും 10 സംഭരണ കേന്ദ്രങ്ങളും ആരംഭിച്ചു. ഇതോടെ നിലവിൽ 278 സ്വാശ്രയ കർഷക സമിതികളും 177 സംഭരണ കേന്ദ്രങ്ങളും കൗൺസിലിന്റെ കീഴിലുണ്ട്. 2016–17 –ൽ 277 സ്വാശ്രയ കർഷക സമിതികളിലൂടെ 280 കോടി രൂപയുടെ 100,213 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും വിപണനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ആരംഭിച്ചിട്ടുള്ള കട്ട് വെജിറ്റബിൾ യൂണിറ്റിലൂടെ പൊതു ജനങ്ങൾക്ക് പെട്ടെന്ന് പാചകം ചെയ്യാൻ തരത്തിലുള്ള (Ready to cook) പച്ചക്കറി പാക്കറ്റുകൾ ലഭിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ വിത്ത് സംസ്കരണ പ്ലാന്റിലൂടെ 17 തരം പച്ചക്കറി വിത്തുകളുടെ 68.30 മെട്രിക് ടൺ പച്ചക്കറി വിത്തുകളും 6.56 ലക്ഷം ടിഷ്യൂക്കൾച്ചർ വാഴവിത്തുകളും സംസ്ഥാനത്തുടനീളം വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വായ്പയായി 71.69 കോടി രൂപ 8,919 കർഷകർക്ക് വിതരണം ചെയ്തു. വിള ഇൻഷ്വറൻസിൽ ആകെ 23.92 ലക്ഷം വാഴകളും 500 ഹെക്ടറിൽ കൃഷി ചെയ്തിട്ടുള്ള പച്ചക്കറികളും ഉൾപ്പെടുത്തി കർഷകർക്ക് നഷ്ടപരിഹാരമായി 80 ലക്ഷം രൂപ വിതരണം ചെയ്തു. 2016–17 ഓണക്കാലത്ത് പച്ചക്കറികളുടെ വില വർദ്ധനവ് നിയന്ത്രിച്ചു കൊണ്ട് സംസ്ഥാനത്തുടനീളം 190 പച്ചക്കറി വ്യാപാര ചന്തകൾ സംഘടിപ്പിച്ചു. ഈ കാലയളവിൽ കൗൺസിലിന്റെ ഭാഗമായുള്ള കർഷകർ 14,622 ഹെക്ടറിൽ പച്ചക്കറികളും 19,964 ഹെക്ടറിൽ വാഴയും 2,845 ഹെക്ടറിൽ കിഴങ്ങ് വർഗ്ഗങ്ങളും കൃഷി ചെയ്തിട്ടുണ്ട്. മൊത്തം ഉല്പാദനം പച്ചക്കറികൾ – 1.02 ലക്ഷം മെട്രിക് ടൺ, നേന്ത്രപ്പഴം – 1.86 ലക്ഷം മെട്രിക് ടൺ, കിഴങ്ങ് വർഗ്ഗങ്ങൾ – 25266 മെട്രിക് ടൺ എന്ന നിരക്കിലാണ്. കേരളത്തിലെ പഴങ്ങളുടേയും പച്ചക്കറികളുടേയും പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായ (പി.ജി.എസ്) ജൈവ സർട്ടിഫിക്കേഷനായുള്ള റീജിയണൽ കൗൺസിലായി വി.എഫ്.പി.സി.കെ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായം സംബന്ധിച്ച ബോധവത്ക്കരണം 725 ഹെക്ടറിൽ കൃഷി ചെയ്യുന്ന 1,470 കർഷകർ ഉൾപ്പെടുന്ന 213 പ്രാദേശിക ഗ്രൂപ്പുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. കർഷക പങ്കാളിത്തത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 26 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ നിന്നും കൃഷിയെ സംബന്ധിച്ചുള്ള കാലാവസ്ഥ പഠന വിവരങ്ങൾ ശേഖരിച്ച് വരുന്നു. ഈ മേഖലയെ സംബന്ധിച്ച മറ്റ് വിവരങ്ങൾ **അനുബന്ധം 2.17, 2.18, 2.19, 2.20, 2.21, 2.22** ൽ കൊടുത്തിട്ടുണ്ട്.

കാർഷിക ധന വിനിമയം

കാർഷിക ഉല്പാദനത്തിന് സഹായകരമാകുന്ന ഒരു പ്രധാന വിതരണ ഘടകങ്ങളി ലൊന്നാണ് കാർഷിക വായ്പ. കാർഷിക മേഖലയ്ക്ക് സമയോചിതവും ആവശ്യവുമായ വായ്പ നൽകുന്നതിനുള്ള ഫലപ്രദമായ വായ്പ വിതരണ സംവിധാനം അനിവാര്യമാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, റീജിയണൽ റൂറൽ ബാങ്കുകൾ എന്നിവയാണ് കാർഷിക ധനവിനിമയ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. ദേശീയ തലത്തിൽ 2016–17 കാലഘട്ടത്തിൽ ബാങ്കുകൾ 959,826 കോടി രൂപ (2017 ഫെബ്രുവരി 28 ന് താൽക്കാലികം) കാർഷിക മേഖലയ്ക്ക് (കൃഷിയും അനുബന്ധ മേഖലകളും, കൃഷി–അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടെ) വിതരണം ചെയ്തു. 900,000 കോടി രൂപയായിരുന്നു ലക്ഷ്യം. വാണിജ്യ ബാങ്കുകൾ, റീജിയിണൽ റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, 733,201 കോടി രൂപ (76.3 ശതമാനം), 103,974 കോടി (10.8 ശതമാനം), 122,651 കോടി (12.77 ശതമാനം) എന്നിങ്ങനെയാണ് യഥാക്രമം വിതരണം ചെയ്തത്. 2015–16 വർഷത്തിൽ 8.7 ലക്ഷം കോടി രൂപയാണ് കാർഷിക വായ്പയായി വിതരണം ചെയ്തത്. കഴിഞ്ഞ പത്ത് വർഷ കാലയളവിൽ (2007–08 മുതൽ 2016–17) കാർഷിക വായ്പാ ഇനത്തിൽ ആകർഷകമായ വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ ഇത് 2.54 ലക്ഷം കോടി രൂപയിൽ നിന്നും 9.60 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. എന്നാൽ, ആകെയുള്ള കാർഷിക വായ്പയിൽ ദീർഘകാല വായ്പയുടെ പങ്ക് 30.2 ശതമാനത്തിൽ നിന്നും 22.1 ശതമാനമായി കുറഞ്ഞു വരികയായിരുന്നു. 2012–13 ൽ ഈ പ്രവണത മാറി. ദീർഘകാല വായ്പയുടെ പങ്ക് കൂടി 2016–17 ൽ 35.1 ശതമാനമായി.

കേരളത്തിലും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കാർഷിക വായ്പകൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവ് നോക്കുകയാണെങ്കിൽ 2012–13 ൽ 37,710 കോടി രൂപയായിരുന്നത് 2017 മാർച്ച് ആകുമ്പോഴേക്കും 54,270 കോടി രൂപയായി വർദ്ധിച്ചു (43.9 ശതമാനം) **ചിത്രം 2.3**. നിലവിൽ ഇത് ദേശീയ കാർഷിക വായ്പയുടെ 5.64 ശതമാനമാണ്. ആകെയുള്ള കാർഷിക വായ്പയായ 54,270 കോടി രൂപയിൽ വാണിജ്യ ബാങ്കുകൾ, ആർ. ആർ.ബി, സഹകരണ ബാങ്കുകൾ വഴി യഥാക്രമം 33,802 കോടി രൂപ (62.2 ശതമാനം), 8,515 കോടി രൂപ (15.6 ശതമാനം), 11,953 കോടി രൂപ (22.2 ശതമാനം) വിതരണം ചെയ്തു. കാർഷിക വായ്പ ഇനത്തിൽ വാണിജ്യ ബാങ്കുകളുടെ പ്രാധാന്യം തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

നിക്ഷേപ വായ്പ

കാർഷിക വായ്പ ഇനത്തെ ഉല്പാദന വായ്പ, നിക്ഷേപ വായ്പ എന്ന് തരംതിരിച്ചാൽ നിക്ഷേപ വായ്പയുടെ പങ്ക് 13.4 ശതമാനത്തിൽ നിന്നും (12–ാം പദ്ധതിയുടെ തുടക്കത്തിൽ) ക്രമേണ 25.54 ശതമാനമായി (2016–17) വർദ്ധിച്ചതായാണ് കാണാൻ കഴിയുന്നത് **(ചിത്രം 2.4, അനുബന്ധം 2.23)**. ഇത് തീർച്ചയായും ഒരു നല്ല പ്രവണതയാണ്. പ്രത്യേകിച്ചും മുൻവർഷങ്ങളിൽ നിക്ഷേപവായ്പയുടെ പങ്ക് തുടർച്ചയായി കുറഞ്ഞുകൊണ്ടിരുന്നു

ചിത്രം 2.3
കാർഷിക വായ്പ കേരളത്തിൽ



അവലംബം: എസ്.എൽ.ബി.സി.

എന്നതിനാൽ (2008–09 –ലെ 22 ശതമാനത്തിൽ നിന്നും 2011–12 ൽ 11 ശതമാനമായി കുറഞ്ഞു). എന്നിരുന്നാലും ഹ്രസ്വകാല വിളവായ്പ അഥവാ ഉല്പാദനവായ്പയ്ക്ക് അനുകൂലമായ അനുപാതം, മൂലധനം അഥവാ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ആസ്തികളിൽ നിക്ഷേപം കുറച്ചിട്ടുണ്ട്. ആയതിനാൽ വിവിധ മേഖലകൾക്ക് ആവശ്യമായ വായ്പയുടെ തോത് വിലയിരുത്തി അനുയോജ്യമായ പലിശനിരക്കുകൾ സബ് വെൻഷൻ വഴി നടപ്പിലാക്കേണ്ടതാണ്. ഇത് പ്രധാനപ്പെട്ട എന്നാൽ പുരോഗമിക്കാത്തതുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കും (സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2017, നബാർഡ്).

ഉപമേഖല തിരിച്ചുള്ള നിക്ഷേപ വായ്പയുടെ ഒഴുക്ക് പരിശോധിച്ചാൽ 2015–16 –ൽ ഏറ്റവും കൂടുതൽ വിഹിതം പ്ലാന്റേഷൻ ആന്റ് ഹോർട്ടീക്കൾച്ചർ (18.3 ശതമാനം), ഭൂവികസനം (15.96 ശതമാനം)

ചിത്രം 2.4
ആകെയുള്ള കാർഷിക വായ്പയിൽ ഉല്പാദന വായ്പയുടേയും നിക്ഷേപ വായ്പയുടേയും പങ്ക്



അവലംബം: എസ്.എൽ.ബി.സി.

ചിത്രം 2.5
ഉപമേഖല തിരിച്ചുള്ള നിക്ഷേപ വായ്പ



അവലംബം: സ്റ്റേറ്റ് ഫോക്സ് പേപ്പർ 2017-18 നബാർഡ്

എന്നിവയ്ക്കായിരുന്നു. യന്ത്രവത്ക്കരണം, ക്ഷീര വികസനം എന്നിവയ്ക്കാണ് യഥാക്രമം 8.34 ശതമാനം, 11.21 ശതമാനവും ആയിരുന്നു. ഉല്പാദന മേഖലകളായ മത്സ്യബന്ധനം, കോഴി, ചെമ്മരിയാട്/ആട്, പന്നി തുടങ്ങിയവയ്ക്ക് 5 ശതമാനത്തിൽ താഴെ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ **(ചിത്രം 2.5, അനുബന്ധം 2.24, 2.25).**

ഏജൻസി തിരിച്ചുള്ള നിക്ഷേപ വായ്പയുടെ ഒഴുക്ക് പരിശോധിച്ചാൽ വാണിജ്യ ബാങ്കുകളാണ് ഏറ്റവും കൂടുതൽ നിക്ഷേപ വായ്പ നൽകിയിട്ടുള്ളത് (63 ശതമാനം). സഹകരണ സ്ഥാപനങ്ങൾ

ചിത്രം 2.6
ഏജൻസി തിരിച്ചുള്ള നിക്ഷേപ വായ്പ



അവലംബം: സ്റ്റേറ്റ് ഫോക്സ് പേപ്പർ 2017-18 നബാർഡ്

22 ശതമാനവും ബാക്കി ആർ.ആർ.ബിയും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവ വായ്പകൾ നൽകിയിട്ടുള്ള മേഖലകൾ പരിശോധിച്ചാൽ, വാണിജ്യ ബാങ്കുകൾ പ്രധാനമായിട്ടും കൃഷി ഭൂമിയുടെ യന്ത്രവൽക്കരണം പ്ലാന്റേഷൻ ആന്റ് ഹോർട്ടീക്കൾച്ചർ, ഭൂവികസനം, ക്ഷീര വികസനം എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത് (**ചിത്രം 2.6**). സഹകരണ സ്ഥാപനങ്ങൾ, പ്ലാന്റേഷൻ, ഭൂവികസനം കൂടാതെ ചെറുകിട ജലസേചനത്തിനുമാണ് ഊന്നൽ നൽകിയത്. ആർ.ആർ.ബി ആവട്ടെ ഭൂവികസനത്തിനും ക്ഷീര വികസനത്തിനും. ഉല്പാദന മേഖലകളായ മത്സ്യബന്ധനം, ആട്/പന്നിവളർത്തൽ, കോഴിവളർത്തൽ എന്നിവ വലിയ തോതിൽ അവഗണിക്കപ്പെട്ടു.

ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട്

ആകെയുള്ള കാർഷിക വായ്പയിൽ ദീർഘകാല വായ്പയുടെ പങ്ക് വർഷം തോറും കുറഞ്ഞു വരികയും ആസ്തികൾ സൃഷ്ടിക്കുന്നതിന് ഇത് വിപരീതമായി ബാധിച്ചു വരുന്ന സാഹചര്യത്തിൽ, ഭാരത സർക്കാർ നബാർഡിന്റെ സഹായത്തോടെ ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർ.ആർ.ബി ക്കും കുറഞ്ഞ പലിശ നിരക്കിൽ കൃഷി അനുബന്ധ മേഖലകളിൽ ദീർഘകാല വായ്പകൾ വിതരണം ചെയ്യുവാൻ വേണ്ടിയുള്ള സഹായമായാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.

എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾക്കും ആർ.ആർ.ബികൾക്കും നബാർഡിൽ നിന്നുള്ള ഈ സഹായം പ്രയോജനപ്പെടുത്താനുള്ള അർഹതയുണ്ട്. സ്വാഭാവിക പുനർവായ്പാ സഹായം കൃഷി അനുബന്ധ മേഖലകളിലെ എല്ലാ പദ്ധതികൾക്കും ഉപയോഗിക്കാവുന്നതാണ്. (പുനർ വായ്പയുടെ അളവ്, ആകെയുള്ള വിഹിതം, ബാങ്ക് വായ്പ എന്നിവയ്ക്ക് ഉയർന്ന പരിധിയില്ലാതെ).

2015–16 –ൽ, കേരള, എൽ.റ്റി.ആർ.സി ഫണ്ടിൽ നിന്നും 750 കോടി രൂപ കെ.എസ്.സി.എ.ആർ.ഡി.ബി ക്കും 181 കോടി രൂപ കെ.എസ്.സി.ബി 38 കോടി രൂപ കേരള ഗ്രാമീണ ബാങ്കിനും നൽകിയിട്ടുണ്ട്.

കിസ്സാൻ ക്രെഡിറ്റ് കാർഡ്

ആവശ്യാനുസരണവും സമയബന്ധിതവുമായി വായ്പ നൽകുന്നതിനുള്ള ഫലപ്രദമായ വായ്പ വിതരണ ഉപകരണമാണ് കിസാൻ ക്രെഡിറ്റ് കാർഡ് എസ്.എൽ.ബി.സി യിൽ നിന്നും ലഭ്യമായുള്ള റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയിൽ 17,826.27 കോടി രൂപ വിനിയോഗിച്ച് 518,802 കിസ്സാൻ ക്രെഡിറ്റ് കാർഡുകൾ ആണ് വിതരണം ചെയ്തിട്ടുള്ളത്.

കെ.സി.സി യുടെ പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഇത് എ.റ്റി.എം–ലും സ്വൈപ്പിംഗ് മെഷിനുകളിലും ഉപയോഗിക്കാൻ പറ്റുന്ന സ്മാർട്ട് കാർഡും ഡെബിറ്റ് കാർഡുമായിരിക്കണം. കെ.സി.സി.യുടെയും റുപെയുടെയും ആനുകൂല്യങ്ങൾ ലഭിക്കുന്ന റുപെയ് കെ.സി.സി കാർഡ് റുപെയ് പുറത്തിറക്കിയിട്ടുണ്ട്. സാധാരണ കെ.സി.സി യിൽ നിന്ന് വ്യത്യസ്തമായി ഒരു ഐഡന്റിറ്റി കാർഡായും ഇടപാടുകൾ രേഖപ്പെടുത്തുന്ന ഒരു കാർഡായി മാത്രമല്ല മറിച്ച് ഒരു സ്മാർട്ട് കാർഡായിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. ഈ കാർഡ് ഉപയോഗിച്ച് അടുത്തുള്ള എ.റ്റി.എം കളിൽ നിന്നും പി.ഒ.എസിൽ നിന്നും പണം പിൻവലിക്കാവുന്നതാണ്. അക്കൌണ്ട് പ്രവർത്തിപ്പിക്കാൻ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘത്തിലേക്കോ ബാങ്കിലേക്കോ പോകുന്നതിന്റെ ആവശ്യകത ഇത് നീക്കം ചെയ്യുന്നു. നിലവിൽ കേരളത്തിൽ റുപെയ് കെ.സി.സി യുടെ വിനിമയം പ്രാരംഭ ഘട്ടത്തിലാണ്.

കേരളത്തിലെ കർഷകരുടെ കടബാധ്യത

സംസ്ഥാനത്തെ വിവിധ ഏജൻസികളുടെ കാർഷിക വായ്പ വിതരണത്തെക്കുറിച്ചാണ് മുകളിൽ വിശകലനം ചെയ്തത്. എന്നാൽ കേരളത്തിലെ കർഷകന്റെ കാഴ്ചപ്പാടിൽ നിന്നും വായ്പയുടെ ഘടന എന്താണ്, അല്ലെങ്കിൽ സംസ്ഥാനത്ത് കർഷക കടബാധ്യത എത്രയാണ്? കാർഷിക വായ്പയുടെ ഘടനയെക്കുറിച്ചും രാജ്യത്തെ നിലവിലുള്ള കർഷക കടബാധ്യതയെക്കുറിച്ചും സമഗ്രമായ കണക്കുകൾ നൽകുന്ന ഒരു റിപ്പോർട്ടാണ് എൻ.എസ്.എസ്.ഒ പുറത്തിറക്കുന്ന സിറ്റുവേഷൻ അസ്സെസ്സ്മെന്റ് സർവ്വെ ഓഫ് അഗ്രിക്കൾച്ചർ ഹൌസ്ഹോൾഡ്സ് (**പട്ടിക 2.4**). ഇതു

പട്ടിക 2.4
വായ്പാ കുടിശ്ശികകളുടെ കണക്ക് – ഭൂവിസ്തൃതിയുടെയും വായ്പ എടുത്ത സ്ഥാപനങ്ങളുടേയും അടിസ്ഥാനത്തിൽ (രൂപ കോടിയിൽ)

	ചെറുകിട ഇടത്തരം കർഷകർ			വൻകിട കർഷകൻ			ആകെ		
	സുസ്ഥാപിതമായ	സുസ്ഥാപിതമല്ലാത്ത	ആകെ	സുസ്ഥാപിതമായ	സുസ്ഥാപിതമല്ലാത്ത	ആകെ	സുസ്ഥാപിതമായ	സുസ്ഥാപിതമല്ലാത്ത	ആകെ
കേരളം	34429	3993	38361	407	53	461	34835	3986	38821
ഇന്ത്യ	93253	208771	102024	31515	10645	42160	324768	219417	544185

അവലംബം: സാമ്പത്തിക സർവ്വേ – ഭാരത സർക്കാർ, സിറ്റുവേഷൻ അസ്സെസ് മെന്റ് സർവ്വേ 2017–18 ൽ നിന്ന് കണക്കാക്കിയിട്ടുള്ളത്

സൂചിപ്പിക്കുന്നത് കേരളത്തിലെ മൊത്തം കർഷക വായ്പ 38,821 കോടി രൂപയാണ്. ഇതിൽ 34,835 കോടി രൂപ (89.7 ശതമാനം) സുസ്ഥാപിതമായ ഏജൻസികളിൽ നിന്നും എടുത്തവയാണ്. സുസ്ഥാപിതമല്ലാത്ത ഏജൻസികളിൽ നിന്നും എടുത്ത വായ്പകൾ തീരെ കുറവാണ് എന്നു മാത്രമല്ല ചെറുകിട ഇടത്തരം കർഷകരുടെ വായ്പകളാണ് സുസ്ഥാപിതമായ ഏജൻസികളിൽ നിന്ന് എടുത്ത ഏറെയും സംസ്ഥാനത്തിലെ ഫിനാൻഷ്യൽ ഇൻക്ലൂഷന്റെ തോതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ മൊത്തം ചിത്രം എടുത്താൽ ഇതിന്റെ നേർ വിപരീതമായമാണ് കാണാൻ കഴിയുക. ഇവിടെ ചെറുകിട ഇടത്തരം കർഷകർ എടുത്തിരിക്കുന്ന 85 ശതമാനം വായ്പയും സുസ്ഥാപിതമല്ലാത്ത ഏജൻസികളിൽ നിന്നാണ്.

നബാർഡിൽ നിന്നുള്ള സഹായം

കേരളത്തിൽ നബാർഡിൽ നിന്നുള്ള മൊത്തം പുനർ വായ്പാ വിതരണം 2015–16–ൽ 5,820 കോടി രൂപയായിരുന്നു. ഇതിൽ 5,090 കോടി രൂപ പുനർവായ്പയായിട്ട് വാണിജ്യ ബാങ്കുകൾക്ക് വിതരണം ചെയ്തു, 600 കോടി സംസ്ഥാന സർക്കാരിന് ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്) ആയിട്ടും, 115 കോടി രൂപ സഹകരണ ബാങ്കുകൾക്ക് നേരിട്ടുള്ള സഹായമായിട്ടും 15 കോടി രൂപ വിവിധ ഏജൻസികൾക്ക് ഗ്രാന്റായിട്ടുമാണ് നൽകിയിട്ടുള്ളത്. പുനർവായ്പയായിട്ട് വിതരണം ചെയ്ത 5,090 കോടി രൂപയിൽ 2,390 കോടി രൂപ ദീർഘകാല ധനസഹായമായിട്ടും 2,708 കോടി രൂപ ഹ്രസ്വകാല ധനസഹായമായിട്ടുമാണ് ബാങ്കുകൾക്ക് നൽകിയിട്ടുള്ളത്. 10 വർഷത്തിന് ശേഷമാണ് സഹകരണ ബാങ്കുകൾക്ക് ദീർഘകാല നിക്ഷേപത്തിനുള്ള പുനർവായ്പ പദ്ധതി പുനരാരംഭിച്ചത്. ആർ.ഐ.ഡി.എഫ് പദ്ധതിയിൽ 710 കോടി രൂപയുള്ള പുതിയ പദ്ധതികൾ സംസ്ഥാന സർക്കാരിന് അനുവദിച്ചിരുന്നു.

ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്)

നബാർഡ് ആരംഭം മുതൽ തന്നെ വായ്പാ അനുബന്ധ സേവനങ്ങളിലൂടെ ഗ്രാമീണ സമൃദ്ധി എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനായി മുൻഗണന നൽകിയിട്ടുണ്ട്. 1995 മുതൽ ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.ഐ.ഡി.എഫ് വഴി തുക ചെലവഴിച്ചിട്ടുണ്ട്. 2.60 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. കേരളത്തിൽ 9,789 കോടി രൂപയുടെ പദ്ധതികൾക്കാണ് സഹായം നൽകിയിട്ടുള്ളത്. ആർ. ഐ. ഡി. എഫ് XXI ൽ 673.99 കോടി രൂപ അനുവദിക്കുകയും 134.8 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. ഓരോ ഘട്ടത്തിലും അനുവദിച്ചതും വിതരണം ചെയ്തതുമായ തുകയുടെ വിശദാംശങ്ങൾ **അനുബന്ധം 2.26, 2.27, 2.28** എന്നിവയിൽ കൊടുത്തിരിക്കുന്നു.

സഹകരണം

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വിപുലമായ ശൃംഖലകൾ മുഖേന ഗ്രാമീണ മേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആകെയുള്ള കാർഷിക വായ്പയുടെ 12 ശതമാനം പങ്ക് സഹകരണ സ്ഥാപനങ്ങളുടേതാണ്, എന്നു മാത്രമല്ല പലപ്പോഴും പ്രാദേശിക വികസനത്തിന് ഇന്ധനം നൽകുകയും ചെയ്യുന്നു. എല്ലാ

തരത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ ഇല്ലാതാകുന്നു. ഈ വേളയിൽ ഈ ലക്ഷ്യം കൈവരിക്കാൻ ഏറ്റവും മികച്ച സ്ഥാപനമാണ് സഹകരണ സ്ഥാപനങ്ങൾ. എന്തെന്നാൽ ഇത് ജനങ്ങളുടെ മനസ്സിൽ ആഴത്തിൽ വേരുള്ളവയും സമത്വം പ്രോത്സാഹിപ്പിക്കുന്നതുമാണ്.

വായ്പ നൽകുന്ന പ്രസ്ഥാനമായിട്ടാണ് ആദ്യം ഇത് തുടങ്ങിയതെങ്കിലും പിന്നീട് സാമൂഹിക സാമ്പത്തിക മുൻനിരയിലെ മറ്റ് പല പ്രവർത്തികളിലേയ്ക്കും ഇത് വൈവിദ്ധ്യവത്ക്കരിക്കപ്പെട്ടിട്ടുണ്ട്. 15,428 സഹകരണ സംഘങ്ങളാണ് റജിസ്റ്റാർ ഓഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതിൽ 11,966 എണ്ണം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും വായ്പാ സഹകരണ സംഘങ്ങളും (4,048) ഉപഭോക്തൃ സംഘങ്ങളും (4,665) വനിതാ സഹകരണ സംഘങ്ങളുമാണ് (1,160). ഇതു കൂടാതെ, വിപണന, ആരോഗ്യ, പട്ടികജാതി പട്ടിക വർഗ്ഗ സംഘങ്ങളാണുള്ളത്. ഇതിൽ പകുതിയോളം പ്രവർത്തനരഹിതമോ നഷ്ടത്തിലോ പ്രവർത്തിക്കുന്നവയാണ്. വിശദവിവരങ്ങൾ **അനുബന്ധം 2.29, 2.3**0 ലും ചേർത്തിരിക്കുന്നു.

വായ്പാ സഹകരണ സംഘങ്ങൾ

വായ്പാ സഹകരണ സംഘങ്ങളാണ് കേരളത്തിൽ ഏറ്റവും ആകർഷകമായതും, സാധ്യതയുള്ളതുമായ സഹകരണപ്രസ്ഥാനങ്ങളിലൊന്ന്. ഹ്രസ്വകാലം, ദീർഘകാലം എന്നിവ അടങ്ങുന്നതാണ് സഹകരണ വായ്പാ ഘടന. സംസ്ഥാന സഹകരണ ബാങ്ക് (ഏറ്റവും മേലേത്തട്ടിൽ), 14 ജില്ലാ സഹകരണ ബാങ്കുകൾ, താഴേത്തട്ടിൽ 1,647 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ എന്നിവയുൾപ്പെടുന്ന ഒരു ത്രിതല സംവിധാനമാണ് ഹ്രസ്വകാല കാർഷിക സഹകരണ വായ്പാ ഘടനയിലുള്ളത്. ഈ ത്രിതല സംവിധാനം കൂടാതെ നന്നായി വികസിച്ച അർബൻ സഹകരണ ബാങ്കുകളും കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്ക്, താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന 78 പ്രാഥമിക സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ എന്നിവയടങ്ങുന്നതാണ് ദീർഘകാല സഹകരണ വായ്പാ സംവിധാനം. ദീർഘകാല നിക്ഷേപ വായ്പവഴി കാർഷിക ഗ്രാമവികസന മേഖലയിലെ മൂലധനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരളസംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സുപ്രധാന പങ്കുണ്ട്.

സഹകരണ വായ്പ പ്രസ്ഥാനത്തിന്റെ കാര്യശേഷി താഴേത്തട്ടിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിൽ 2.35 കോടി അംഗങ്ങൾ അടങ്ങുന്ന ആകെ 1,647 സൊസൈറ്റികളാണുള്ളത്. എന്നിരുന്നാലും നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സൊസൈറ്റികളുടെ ഓഹരി മൂലധനം 1,497.06 കോടി രൂപയിൽ നിന്ന് 1,802.81 കോടി രൂപയായി കൂടിയിട്ടുണ്ട്. നിക്ഷേപങ്ങൾ 80,190.41 കോടി രൂപയിൽ നിന്ന് 83,157.38 കോടി രൂപയായി കൂടിയപ്പോൾ, വായ്പകൾ 76,007.84 കോടിയിൽ നിന്ന് 75,350.90 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. ആകെ വായ്പകൾ നൽകിയതിന്റെ ഏകദേശം 10 ശതമാനം കാർഷിക വായ്പയാണ്. ഇതു കൂടാതെ ഈ വർഷത്തിലെ ഒരു പ്രധാന സംഭവമാണ് മധ്യകാല ദീർഘകാല കാർഷിക വായ്പകളിലെ കുറവ്. ഇത് മൂലധന രൂപീകരണത്തിൽ വിപരീത ഫലമാണുളവാക്കുന്നത്. വിശദവിവരങ്ങൾ **അനുബന്ധം 2.31, 2.32, 2.33** ലും കൊടുത്തിരിക്കുന്നു. 2016–17 വർഷത്തിൽ 37 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 34.25 ലക്ഷം രൂപ മൂലധനസഹായമായി നൽകിയിട്ടുണ്ട്.

ഉപഭോക്തൃ സഹകരണ സംഘങ്ങൾ

പൊതു ജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറവിൽ ന്യായമായ വിലയിൽ നൽകി കൊണ്ട് ഉപഭോക്തൃ സഹകരണ സംഘങ്ങൾ പൊതു വിതരണ സംവിധാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാന തലത്തിൽ, സംസ്ഥാന ഉപഭോക്തൃ സഹകരണ ഫെഡറേഷൻ, 14 ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾ, പ്രാഥമിക തലത്തിൽ 643 പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് കേരളത്തിലെ ഉപഭോക്തൃ

സഹകരണ സംഘങ്ങൾ. സംസ്ഥാന ഉപഭോക്തൃ സഹകരണ ഫെഡറേഷൻ ബൾക്കായി പ്രോഡ്യൂസ് ചെയ്ത് ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകൾക്കും, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾക്കും (ത്രിവേണി) നൽകുന്നു. ജില്ലാതല മൊത്ത വ്യാപാര സ്റ്റോറുകളും പ്രാഥമിക സഹകരണ സംഘങ്ങളും അവരുടെ തന്നെ സൂപ്പർ സ്റ്റോറുകൾ, പ്രൈമറി സ്റ്റോറുകൾ, ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. ഉപഭോക്തൃത സഹകരണസംഘങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ തുണിത്തരങ്ങൾ, പലവ്യഞ്ജനം, സ്റ്റേഷനറി വസ്തുക്കൾ എന്നിവയുടെ ചില്ലറ, മൊത്ത വ്യാപാരത്തിലേർപ്പെട്ടിരിക്കുന്നു. ഇതിനു പുറമെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്കൂൾ, കോളേജ് തലത്തിലും സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണ ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചത്. നിലവിൽ 204 ത്രിവേണി സൂപ്പർ മാർക്കറ്റുകളും, മൊബൈൽ ത്രിവേണി യൂണിറ്റുകളും, ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകളും അവശ്യ സാധന വിതരണ ത്തിനായുണ്ട്.

കേരള സർക്കാറിന്റെ ഉത്തരവ് പ്രകാരം 1998 –ൽ ആരംഭിച്ച പദ്ധതിയായ നീതി പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നു. ആയിരത്തിൽപ്പരം പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികൾ വഴി കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലക്ക് കൊടുക്കപ്പെടുന്നു. മരുന്നുകൾ കുറഞ്ഞ വിലക്ക് കൊടുക്കുന്നതിനാണ് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത്. കൺസ്യൂമർഫെഡ്സാണ് ഈ മരുന്നുകൾ മൊത്തവിലയ്ക്ക് സംഭരിക്കുകയും, ആവശ്യാനുസരണം നീതി മെഡിക്കൽ സ്റ്റോറുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നത്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘ ങ്ങൾ നേരിട്ട് നടത്തുന്ന 600 നീതി മെഡിക്കൽ സ്റ്റോറുകൾ കൂടാതെ ഫെഡറേഷൻ നടത്തുന്ന 96 സ്റ്റോറുകളാണ് ഉള്ളത്.

സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരെയും താഴെതട്ടിലുള്ളവരെയും ഉദ്ദേശിച്ചുകൊണ്ടാണ് 2,180 ചില്ലറ വില്പന കേന്ദ്രങ്ങൾ വഴി 10 അത്യാവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് നന്മ സ്റ്റോറുകൾ തുടങ്ങിയത്.
നിലവിൽ 751 നന്മ സ്റ്റോറുകളാണ് കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഉള്ളത്. ഇതിൽ 1,311 എണ്ണം തെരെഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളും 869 എണ്ണം ഫെഡറേഷന്റെ ത്രിവേണി ശാഖയുമാണ് നടത്തുന്നത്. ഇവിടെ കമ്പോള വിലയെക്കാളും 20 ശതമാനം കുറഞ്ഞ വിലയ്ക്കാണ് സാധനങ്ങൾ വിൽക്കപ്പെടുന്നത്. ഇതു കൂടാതെ പ്രാഥമിക സംഘങ്ങൾ നടത്തുന്ന നന്മ സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി വാർഡുകളിലും നേരിട്ട് നന്മ സ്റ്റോറുകൾ തുടങ്ങുന്ന ഒരു പ്രധാന പദ്ധതിയുമുണ്ട്.

സഹകരണ വായ്പാ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പരിപാടി

സഹകരണ വായ്പാ സ്ഥാപനങ്ങളുടെ നിക്ഷേപ സമാഹരണ പരിപാടി റിപ്പോർട്ട് വർഷത്തിലും തുടരുകയുണ്ടായി. അവലോകന വർഷത്തിൽ 6,386.18 കോടി രൂപയാണ് സമാഹരിച്ചത്. കഴിഞ്ഞ വർഷത്തിൽ സമാഹരിച്ചത് 7,311 കോടി രൂപയാണ്. ഓരോ വർഷത്തെയും ലക്ഷ്യവും നേട്ടവും **അനുബന്ധം 2.34** –ൽ കൊടുത്തിരിക്കുന്നു.

2016-17 വർഷത്തിലെ പ്രധാന നേട്ടങ്ങൾ

- 39.61 ലക്ഷം രൂപയുടെ സഹായത്താൽ 26 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കംപ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തീകരിച്ചു.
- ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ കഴിവുള്ളതുമായ 19 സഹകരണ സ്ഥാപനങ്ങളെ പുനഃരുദ്ധാരിച്ചു.
- തിരുവനന്തപുരം, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധനാടിസ്ഥാനം, സി.ആർ.എ.ആർ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 11 കോടി രൂപയുടെ സഹായം.
- 112 ദുർബലമായ വനിത സഹകരണ സംഘങ്ങളെ പുനർജ്ജീവിപ്പിക്കാനായി 549.13

ലക്ഷം രൂപയുടെ സഹായം.

- 2.09 കോടി രൂപ ചെലവഴിച്ച് 312 ഉപഭോക്തൃ സഹകരണ സംഘങ്ങളെയും നീതി സ്റ്റോറുകളേയും ശക്തിപ്പെടുത്താനായി ചെലവഴിച്ചു.
- പട്ടിക ജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വരുമാനവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനായി 39 സഹകരണ സംഘങ്ങൾ വിവിധ പ്രോജക്ടുകൾ ഏറ്റെടുത്തു. ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് പരിശീലനം കൊടുക്കുന്നതിനായി 2 സഹകരണ സംഘങ്ങൾ പരിശീലന സ്ഥാപനങ്ങൾ തുടങ്ങി 32 പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് മൂലധന സഹായവും 67 സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റും നൽകി. 42 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് മൂലധനസഹായം നൽകി. 4 സംഘങ്ങൾ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തു.

കേരള ബാങ്കിന്റെ രൂപീകരണം

14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഏകോപിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ സർക്കാർ തുടങ്ങി കഴിഞ്ഞു. വലിയ ഡെപ്പോസിറ്റ് അടിത്തറ സംസ്ഥാനത്ത് ആകെയുള്ള ബാങ്കിംഗ് ഇടപാടുകളിൽ പ്രധാന പങ്ക് വഹിക്കുന്നതിനാലും സ്റ്റേറ്റ് ബാങ്കിനു ശേഷം ഏറ്റവും വലിയ ബാങ്കായി മാറും. കേരളത്തിലെ മൊത്തം ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ കേരള ബാങ്കിന്റെ രൂപീകരണത്തോടെ ഇത് ഇനിയും വളരുവാനും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള ലയനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ഒഴിവ് നികത്താനും സാധിക്കും. കേരളാ ബാങ്കും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും ഒരു പരിപൂരകമായ രീതിയിലാണ് പ്രവൃത്തിക്കുക. പാക്സ് അതിന്റെ നിലവിലുള്ള ബാങ്കിംഗ് പ്രവൃത്തികൾ തുടർന്ന് കൊണ്ട് പോവുകയും കേരളാ ബാങ്ക് മൂല്യവർദ്ധിത സേവനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യുന്നു.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം

കേന്ദ്ര സർക്കാർ പാർലമെന്റ് ആക്ട് പ്രകാരം സ്ഥാപിച്ച സ്ഥാപനം ആണ് ദേശീയ സഹകരണ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ വഴി കാർഷിക ഉപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കാനും, സംസ്കരണത്തിനും, വിപണനം, സംഭരണം, കയറ്റുമതി ഇറക്കുമതി എന്നിവയ്ക്ക് വേണ്ടിയുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഇത് നിലവിൽ വന്നത്. രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആവശ്യമായ പ്രമുഖ ധനകാര്യ സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്. 2017 മാർച്ച് 31 വരെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി എൻ. സി. ഡി. സി യുടെ കേരളത്തിനുള്ള മൊത്തം സാമ്പത്തിക സഹായം 6,736.00 കോടി രൂപയായിരുന്നു. ഇതിൽ 1,610.84 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 5,125.3 കോടി രൂപ നേരിട്ടുള്ള സഹായമായും നൽകിയിട്ടുണ്ട്. കൂടാതെ 1,670.84 രൂപയിൽ 1,506.47 കോടി രൂപ ദീർഘകാല വായ്പയായി നൽകിയിട്ടുണ്ട്. 56.65 കോടി രൂപ മാത്രമാണ് സബ് സിഡി ഇനത്തിൽ നൽകിയിട്ടുള്ളത്. പ്രവർത്തന മൂലധനമായി 5,173 കോടി രൂപ നൽകിയിട്ടുണ്ട്. എൻ.സി. ഡി. സി യുടെ വിവിധ തരത്തിലുള്ള വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 2.35** –ൽ ചേർത്തിരിക്കുന്നു.

2016–17 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്കുള്ള എൻ. സി. ഡി. സി യുടെ സഹായം വിതരണം ചെയ്യുന്നതിൽ കേരളം ആറാം സ്ഥാനത്തായിരുന്നു. 2015–16 ലേക്ക് എൻ. സി. ഡി. സി കേരളത്തിനു വേണ്ടി അനുവദിച്ചത് 603.73 കോടി രൂപയും, വിതരണം ചെയ്തത് 462.79 കോടി രൂപയും ആയിരുന്നു. ഇത് രാജ്യമൊട്ടാകെ അനുവദിച്ച തുകയുടെ 2.39 ശതമാനവും വിതരണത്തിന്റെ 2.91 ശതമാനവും ആണ്. 2015–16 വർഷത്തിൽ സംസ്ഥാന ഗവൺമെന്റ് മുഖേനയോ നേരിട്ടുള്ള സഹായമായോ ലഭിച്ച എൻ. സി. ഡി. സി. ഫണ്ട് കേരളത്തിലെ 108 സഹകരണ സംഘങ്ങൾക്ക് പ്രയോജനപ്പെട്ടു. ഹ്രസ്വകാല കാർഷിക വായ്പ, കാർഷികോല്പന്ന വിപണനം, വളങ്ങളുടെയും ഉല്പാദനോപാധികളുടേയും വിതരണം, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സംഭരണ/ശേഖരണ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും, സേവന മേഖല, വ്യാവസായിക സംരംഭങ്ങൾ,

സംസ്കരണ പ്രവർത്തനങ്ങൾ, തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവ കൂടാതെ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/ പട്ടികവർഗ്ഗം പോലുള്ള ദുർബല വിഭാഗങ്ങൾക്കുള്ള പരിപാടിയും ഉൾപ്പെടെ കാർഷിക അനുബന്ധ മേഖലകളിലെ മിക്കവാറും എല്ലാ പ്രവർത്തനങ്ങളും 2016–17 –ലെ എൻ.സി. ഡി. സി സാമ്പത്തിക സഹായത്തിലുൾപ്പെടുന്നു. **അനുബന്ധം 2.35, 2.36, 2.37**

ഭക്ഷ്യ സുരക്ഷ

എല്ലാ ജനങ്ങൾക്കും എല്ലായിപ്പോഴും സജീവവും ആരോഗ്യപൂർണ്ണവുമായ ജീവിതം നയിക്കുന്നതായി ഭക്ഷണാഭിരുചിയും ആഹാരാവശ്യങ്ങളും നിറവേറ്റത്തക്ക രീതിയിൽ മതിയായതും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ ഭൗതിക, സാമൂഹിക, സാമ്പത്തിക പ്രാപ്യതയുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷ നിലനിൽക്കുന്നുവെന്ന് പറയാം. ലഭ്യത, പ്രാപ്യത, ഉപയുക്തത, സ്ഥിരത എന്നിവയാണ് ഭക്ഷ്യസുരക്ഷയുടെ നാല് സ്തംഭങ്ങൾ. ഭക്ഷ്യസുരക്ഷ എന്ന ആശയത്തിൽ പോഷകാഹാരം, എന്നത് സമന്വയിച്ചിരിക്കുന്നു. 'വിശപ്പുരഹിതസമൂഹം' എന്ന ലക്ഷ്യം നേടുന്നതിനായി വിശപ്പ് അവസാനിപ്പിക്കൽ, ഭക്ഷ്യസുരക്ഷയും മെച്ചപ്പെട്ട പോഷകാഹാരവും സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയെ ഐക്യരാഷ്ട്രസഭ സുസ്ഥിരവികസന ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭാ പ്രഖ്യാപനത്തിന്റെ ചുവട് പിടിച്ച് കേരള സർക്കാർ സംസ്ഥാനത്തെ ഒരു വിശപ്പുരഹിത സംസ്ഥാനമാക്കുന്നതിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

ലോക ഭക്ഷ്യ സംഘടനയും ഐക്യരാഷ്ട്ര സംഘടനയും ചേർന്ന് പ്രസിദ്ധീകരിച്ച 2016–ലെ കണക്കനുസരിച്ച് ലോകത്താകമാനം ഭക്ഷ്യദൗർലഭ്യം അനുഭവപ്പെടുന്ന ജനതയുടെ എണ്ണം 815 ദശലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. അതിൽ 520 ദശലക്ഷംപേർ ഏഷ്യൻ രാജ്യങ്ങളിലാണ് താമസിക്കുന്നത്. 2011–12 –ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 264.9 ദശലക്ഷം പേർ ദരിദ്രരാണ്. കൂടാതെ, ഇന്ത്യയിൽ ഭൂരിഭാഗം ജനങ്ങളുടെയും ഭക്ഷണത്തിൽ കലോറിയുടെയും പ്രോട്ടീന്റെയും അളവ് ഗ്രാമപ്രദേശങ്ങളിൽ സാധാരണനിരക്കിനേക്കാൾ കുറവാണ്. ഭക്ഷ്യകാർഷിക സംഘടനയുടെ സ്റ്റേറ്റ് ഓഫ് ഫുഡ് ഇൻ സെക്യൂരിറ്റി (2015) അനുസരിച്ച് ലോകത്തെ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന ജനതയിൽ (194.6 മില്യൺ) രണ്ടാംസ്ഥാനം ഇന്ത്യയ്ക്കാണ്. ഇത് ലോക ജനസംഖ്യയിൽ പോഷകാഹാരക്കുറവ് നേരിടുന്നവരുടെ 15.2 ശതമാനം വരും. ഇന്ത്യയിലെ 120 കോടി വരുന്ന ജനസംഖ്യയുടെ മൂന്നിൽ രണ്ടിനും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കി ദാരിദ്ര്യത്തിന്റെ വ്യാപ്തികുറയ്ക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി ഇന്ത്യാഗവണ്മെന്റ് ഭക്ഷ്യ ഭദ്രതാനിയമം 2013 –ൽ പാസ്സാക്കുകയുണ്ടായി.

ഭക്ഷ്യോല്പാദനത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മൊത്തം ഭക്ഷ്യാവശ്യത്തിന്റെ 15 ശതമാനം മാത്രമേ സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നുള്ളൂ. പച്ചക്കറിയുടെ കാര്യത്തിൽ അയൽ സംസ്ഥാനങ്ങളെ നാം വളരെയധികം ആശ്രയിക്കുന്നു. ഭക്ഷ്യസുരക്ഷയും കാർഷിക ഉല്പാദനസ്ഥിരതയും തമ്മിൽ ശക്തമായ ബന്ധമുണ്ട്. അതിനാൽ ഭക്ഷ്യ സബ്സിഡിയ്ക്കൊപ്പംതന്നെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കാർഷികോല്പാദന സ്ഥിരതയിലും വിതരണശൃംഖലാ മേൽനോട്ടത്തിലും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംവിധാനങ്ങൾ, ഗുണഭോക്താക്കളുടെ അവബോധം എന്നിവയിലെല്ലാം കേരളം വളരെ പുരോഗതി പ്രാപിച്ചെങ്കിലും 'വിശപ്പ് രഹിത കേരളം' എന്ന ലക്ഷ്യം സഫലീകരിക്കുന്നതിനായി ഏറ്റവും ദുർബല വിഭാഗത്തിന്റെയും പോഷകാഹാര

ബോക്സ് 2.1
"വിശപ്പ് രഹിത കേരളം"

സുസ്ഥിര വികസനത്തിനുവേണ്ടി സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 എന്നത് ലോക നേതാക്കൾ സെപ്തംബർ 2015-ൽ അംഗീകരിച്ചു. 2030-ൽ നേടത്തക്കരീതിയിൽ കൃത്യമായി നിർവ്വചിക്കപ്പെട്ട 5 ലക്ഷ്യങ്ങളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളിലുള്ളത്. വിശപ്പ് അവസാനിപ്പിക്കുകയും എല്ലാവർക്കും സുരക്ഷിതവും പോഷക സമൃദ്ധവും ആവശ്യമായതുമായ ഭക്ഷണത്തിന്റെ പ്രാപ്യത വർഷം മുഴുവൻ ഉറപ്പുവരുത്തുക, എല്ലാത്തരത്തിലുമുള്ള പോഷകക്കുറവും അവസാനിപ്പിക്കുക, ചെറുകിട കർഷകരുടെ വരുമാനവും ഉല്പാദനവും ഇരട്ടിയാക്കുക, സുസ്ഥിരമായ ഭക്ഷ്യ ഉല്പാദന വ്യവസ്ഥ ഉറപ്പുവരുത്തുക, വിത്തിന്റെ ജനിതക വൈവിധ്യം നിലനിർത്തുകയും, മൃഗങ്ങളെ വളർത്തുകയും ചെടികൾ നട്ടുവളർത്തുകയും ചെയ്യുക എന്നിവയാണ് അവ.

2030 ഓടെ രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും പോഷകാഹാരക്കുറവിന്റെ എല്ലാ രൂപങ്ങളും ഇല്ലാതാക്കുക എന്നതാണ് വിശപ്പ് രഹിത ചട്ടക്കൂട് 2030 -ന്റെ അജണ്ട. ആവശ്യക്കാർക്ക് ദിനംപ്രതി ഒരു നേരത്തെ ഭക്ഷണം സൗജന്യമായി പ്രദാനം ചെയ്യുന്നതിനുദ്ദേശിച്ചുള്ള പദ്ധതി സംസ്ഥാന ഗവണ്മെന്റ് ആരംഭിച്ചിട്ടുണ്ട്. 2017-18 മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ജില്ലകളിൽ മുൻപരിചയമുള്ള കുടുംബശ്രീയുടേയും മറ്റ് സന്നദ്ധസംഘടനകളുടേയും സർക്കാരിതര സംഘടനകളുടെയും സഹായത്തോടെ നടപ്പാക്കുന്നതാണ്. സംസ്ഥാന ഗവണ്മെന്റ് നയത്തെ പിന്തുടർന്ന് നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യക്കാർക്ക് ഭക്ഷണം ലഭ്യമാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സുരക്ഷ ഉറപ്പാക്കേണ്ടതാണ്. ദാരിദ്ര്യ നിർമ്മാർജനത്തിനായി ജീവിതചക്ര സമീപനത്തിലൂടെ ഭക്ഷ്യസുരക്ഷയിൽ എത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന പരിപാടികളായ പൊതുവിതരണ സംവിധാനം, ഐ.സി. ഡി.എസ്., ഉച്ചഭക്ഷണപരിപാടി എന്നിവയെ കൂടുതൽ ശക്തിപ്പെടുത്തുകയും സംയോജിപ്പിക്കുകയും ആധുനികവൽകരിക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ആവശ്യക്കാർക്ക് വളരെകുറഞ്ഞ നിരക്കിൽ ഭക്ഷണം ലഭ്യമാക്കിക്കൊണ്ട് ഒരു വിശപ്പ് രഹിത സംസ്ഥാനമായി **(ബോക്സ് 2.1)** കേരളത്തെ മാറ്റുകയെന്നത് പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. നവ കേരള മിഷന്റെ നാല് ഉപഘടകങ്ങളിലൊന്നായ ഹരിതകേരളത്തിന്റെ പ്രവർത്തനങ്ങൾ ഭക്ഷ്യ സുരക്ഷയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013

120 കോടി വരുന്ന ഇന്ത്യൻ ജനതയുടെ ഏകദേശം മൂന്നിൽ രണ്ടിനും കുറഞ്ഞനിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഭക്ഷ്യഭദ്രതാനിയമം 2013 ഇന്ത്യൻ പാര്ലമെന്റ് പാസ്സാക്കി. ഒരു വ്യക്തിക്ക് ഒരു മാസം 5 കിലോ എന്ന കണക്കിന് രാജ്യത്തെ 75 ശതമാനം ഗ്രാമീണരും 50 ശതമാനം നഗരവാസികളും ഉൾപ്പെടുന്ന രീതിയിലാണ് ഈ നിയമം. അന്ത്യോദയ അന്നയോജന കുടുംബങ്ങൾ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായതിനാലും നിലവിൽ പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം ലഭിക്കുന്നതിനാലും എ.എ.വൈ കാർഡുടമകൾക്ക് തുടർന്നും പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. കേരളത്തിൽ 2016-ൽ ഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കിയത് മുതൽ സർക്കാർ ആ ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയാണ്. 2017-18 ലെ വാർഷിക പദ്ധതിയിൽ 117 കോടി രൂപ ഇതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. വിതരണ ശൃംഗല രൂപപ്പെടുത്തലും ഇ-പോസ് യന്ത്രങ്ങളുടെ സ്ഥാപിക്കലും 2017 ഡിസംബർ മാസത്തോടെ പൂർത്തിയാവും.

പരമാവധിപേരെ ഉൾപ്പെടുത്തുന്ന രീതിയിൽ പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിന് കേരള സർക്കാർ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. കേരളം വിഭാവനംചെയ്ത രീതിയിൽ എൻ.എഫ്.എസ്.എ. നടപ്പാക്കുകയാണെങ്കിൽ പൊതുവിതരണ സമ്പ്രദായം നടത്തിക്കൊണ്ടു പോകുന്നതിനുള്ള ചെലവ് വളരെ ഉയർന്നതായിരിക്കും. ഈ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാനത്തിന് സഹായകരമാകുന്ന ഇടപെടലുകൾക്കുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. വിളവെടുപ്പിന് ശേഷമുള്ള ഭക്ഷ്യധാന്യ നഷ്ടം

കുറയ്ക്കുക, പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെ ഭക്ഷ്യധാന്യ ചോർച്ച തടയുക തുടങ്ങിയവ ഇതിൽപ്പെടുന്നു.

റേഷൻകാർഡ് വിതരണം

ഇന്ത്യാഗവണ്മെന്റിന്റെ 1955 –ലെ അവശ്യവസ്തു നിയമപ്രകാരം 1965 ജൂലായ് 1 ന് പൊതുവിതരണ സമ്പ്രദായം നിലവില്വന്നു. കേന്ദ്രപൂളിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യം കൃത്യസമയത്തും കാര്യക്ഷമമായും എടുക്കുന്നതോടൊപ്പം സംസ്ഥാനത്തെ 14,335 റേഷൻകടകളിലൂടെ ഇവ വിതരണം ചെയ്യുന്നത് ഉറപ്പാക്കേണ്ടതും പൊതുവിതരണ സമ്പ്രദായത്തിന്റെ ഒരു പ്രധാന ചുമതലയാണ്. 'സാർവ്വത്രിക റേഷൻ സമ്പ്രദായം' നടപ്പിലാക്കുന്നതിൽ കേരളം മികച്ചനേട്ടം കൈവരിച്ചിട്ടുണ്ട്.

കേരളത്തിലെ റേഷൻകാർഡുടമകളുടെ എണ്ണം 2015–16–ലെ 83.14 ലക്ഷത്തിൽ നിന്നും 2016–17–ൽ 80.24 ലക്ഷമായി കുറഞ്ഞു. ആകെയുള്ള 80.24 ലക്ഷം കാർഡുടമകളിൽ 35.08 ലക്ഷം കാർഡുകൾ എൻ.എഫ്. എസ്.എ. വിഭാഗത്തിലും (മുൻഗണന) 45.16 ലക്ഷം നോൺ എൻ.എഫ്.എസ്.എ. (മുൻഗണനേതര) വിഭാഗത്തിലും വരുന്നു. എൻ.എഫ്.എസ്.എ. വിഭാഗത്തിൽ 5.96 ലക്ഷം എ.എ.വൈ.കാർഡുടമകളും 5,726 അന്നപൂർണ്ണ കാർഡുടമകളും ഉൾപ്പെടുന്നു. എൻ.എഫ്.എസ്.എ. ഇതര വിഭാഗത്തിൽ 29.35 ലക്ഷം മുൻഗണനേതര സബ്സിഡി കാർഡുടമകളും 15.80 ലക്ഷം മുൻഗണനേതര കാർഡുടമകളും ഉൾപ്പെടുന്നു. ഭക്ഷ്യ ഭദ്രതാനിയമം 2013 നടപ്പാക്കിയതോടെ കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിൽ വലിയ പരിവർത്തനം വന്നു. കേരളത്തിൽ നാല് നിറങ്ങളോടെ നാല്തരം റേഷൻകാർഡുകൾ നിലവിൽ വന്നു. എ.എ.വൈ. കാർഡുകൾ മഞ്ഞനിറത്തിലും മുൻഗണനാകാർഡുകൾ പിങ്ക്നിറത്തിലും മുൻഗണനേതര സബ്സിഡി കാർഡുകൾ നീലനിറത്തിലും മുൻഗണനേതര കാർഡുകൾ വെള്ളനിറത്തിലുമാണ് തയ്യാറാക്കിയിരിക്കുന്നത്. (**ചിത്രം 2.7** കാണുക). ഇത് കൂടാതെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കായി കുറഞ്ഞനിരക്കിൽ ഭക്ഷ്യധാന്യം നല്കുന്നതിനായി 6,044 കാർഡുകൾകൂടി വിതരണം ചെയ്തിട്ടുണ്ട്.

കേരളത്തിലെ ആകെ 80.19 ലക്ഷം കുടുംബങ്ങളിൽനിന്നും 35.03 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തി എൻ.എഫ്.

ചിത്രം 2.7
വിവിധ വിഭാഗം കാർഡുടമകൾ (ശതമാനം) മാർച്ച് 31, 2017വരെ



സ്റ്റേറ്റ് ഫോക്സ് പേപ്പർ 2017-18 നബാർഡ്സിവിൽ സപ്ലൈസ് വകുപ്പ്

പട്ടിക 2.5
ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി – ഭക്ഷ്യധാന്യം വിതരണം

ക്രമ നം.	വിഭാഗം	റേഷൻകാർഡിന്റെ എണ്ണം	അരി	ഗോതമ്പ്	ആട്ട
1	എ.എ.വൈ.	595,800	28 കി.ഗ്രാം/ മാസം – സൗജന്യം	7 കി.ഗ്രാം/ മാസം – സൗജന്യം	
2	മുൻഗണന	2,906,709	4 കി.ഗ്രാം/ മാസം/ അംഗം – സൗജന്യം	1 കി.ഗ്രാം/ മാസം/അംഗം – സൗജന്യം	
3	മുൻഗണനേതര സബ്സിഡി	2,935,436	2 കി.ഗ്രാം/ മാസം/ അംഗം 2 രൂപ നിരക്കിൽ		1 കി.ഗ്രാം/ മാസം 15 രൂപ നിരക്കിൽ
4	മുൻഗണനേതരം	1,580,085	കി.ഗ്രാമിന് 8.90 രൂപ നിരക്കിൽ ലഭ്യതയ്ക്ക് അനുസരിച്ച്	കി.ഗ്രാമിന് 6.70രൂപ നിരക്കിൽ ലഭ്യതയ്ക്ക് അനുസരിച്ച്	2 കി.ഗ്രാം/ മാസം 15 രൂപ നിരക്കിൽ
5	അന്നപൂർണ്ണ	5,726	10 കി.ഗ്രാം/ മാസം – സൗജന്യം		

സ്രോതസ്: സിവിൽ സപ്ലൈസ് വകുപ്പ് 2017

എസ്.എ. സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം നല്കുന്നതിനായി 1.54 കോടി അംഗങ്ങളുള്ള ഒരു ലിസ്റ്റ് സംസ്ഥാന സർക്കാർ തയ്യാറാക്കി. ശേഷിച്ച 1.87 കോടി അംഗങ്ങളുൾപ്പെടുന്ന 45.16 ലക്ഷം കുടുംബങ്ങളിൽനിന്നും 29.35 ലക്ഷം (1.21 കോടി അംഗങ്ങൾ) കുടുംബങ്ങളെ സംസ്ഥാന സബ്സിഡി വിഭാഗത്തിലുൾപ്പെടുത്തി. റേഷൻകാർഡിന്റെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഇനം തിരിച്ച് പട്ടിക 2.5 –ൽ നല്കിയിരിക്കുന്നു. 2016–17 –ൽ കേരളാഗവണ്മെന്റ് വിവിധ വിഭാഗങ്ങൾക്കുനല്കിയ സബ്സിഡിയുടെ വിവരങ്ങൾ **അനുബന്ധം 2.38** –ൽ നൽകിയിരിക്കുന്നു.

ചിത്രം 2.8
വ്യത്യസ്ഥ വിഭാഗങ്ങൾക്ക് മാർച്ച് 31, 2017 വരെ ചെലവഴിച്ച സബ്സിഡി



അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്

വ്യത്യസ്ത വിഭാഗം കാർഡുടമകൾക്ക് കേരള സർക്കാർ ചെലവഴിച്ച സബ്സിഡി

2016–17–ൽ മൊത്തം 48,163.87 ലക്ഷം രൂപ സബ്സിഡിയായി നല്കിയതിൽ 7,305.21 ലക്ഷം രൂപ എ.എ.വൈ. കാർഡുടമകൾക്കും (15.17 ശതമാനം) 21,384.76 ലക്ഷം രൂപ മുൻഗണനാ കാർഡുടമകൾക്കും (44.40 ശതമാനം) 19,472.72 ലക്ഷം (40.43 ശതമാനം) മുൻഗണനേതര കാർഡുടമകൾക്കുമായി ചെലവഴിച്ചു. (**ചിത്രം 2.8, അനുബന്ധം 2.8** എന്നിവ കാണുക) 2016–17 –ൽ എ.പി.എൽ കാർഡുടമകൾക്ക് അനുവദിച്ച അരി 4.05 ലക്ഷം ടണ്ണും ബി.പി.എൽ. കാർഡുടമകൾക്ക് 4.29 ലക്ഷം ടണ്ണുമായിരുന്നു. 2017–18–ൽ, 2017 ആഗസ്റ്റ് 31, വരെ, എ.എ.വൈ., എ.എൻ.പി. കാർഡുടമകൾക്കായി 2.14 ലക്ഷം ടൺ അരിയും 0.53 ലക്ഷം ടൺ ഗോതമ്പും വിതരണം ചെയ്തിട്ടുണ്ട്. അതേ സമയം, മുൻഗണനേതര വിഭാഗത്തിന് 1.37ലക്ഷം ടൺ അരിയും, 0.12 ലക്ഷം ടൺ ഗോതമ്പും വിതരണം ചെയ്തിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണംചെയ്ത സാധനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 2.39** –ലും എ.എ.വൈ., എ.എൻ. പി. വിഭാഗങ്ങൾക്ക് 2017 ആഗസ്റ്റ് 31, വരെ നല്കിയ ഭക്ഷ്യധാന്യത്തിന്റെ വിവരങ്ങൾ **അനുബന്ധം 2.40** –ലും നൽകിയിട്ടുണ്ട്.

അന്ത്യോദയ അന്നയോജന (എ.എ.വൈ.) യും അന്നപൂർണ്ണ പദ്ധതിയും (എ.എൻ.പി.)

എൻ.എഫ്.എസ്.എ. വിഭാഗത്തിൽപ്പെടുന്നവരിലെ ദരിദ്രരിൽ ദരിദ്രരായവർക്ക് ഒരു മാസം 35 കി.ഗ്രാം. ഭക്ഷ്യധാന്യം നൽകുന്ന ഈ പദ്ധതി 2001 ഡിസംബർ 25 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിൽ അന്ത്യോദയ അന്നയോജന കാർഡുടമകളുടെ എണ്ണം 2015–16–ൽ 5.82 ലക്ഷം ആയിരുന്നത് 2016–17–ൽ 5.96 ലക്ഷമായി. 2016–17 –ൽ എ.എ.വൈ. പദ്ധതിയുടെ കീഴിൽ ഇന്ത്യാ ഗവണ്മെന്റ് കേരളത്തിനായി 230,022 ടൺ അരിയാണ് അനുവദിച്ചത്. ഈ പദ്ധതിപ്രകാരം ഒരു കിലോയ്ക്ക് മൂന്നു രൂപ നരക്കിലാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാന ഗവണ്മെന്റ് അതിന്റെ സബ്സിഡി ഉൾപ്പെടുത്തി സൗജന്യ നിരക്കിലാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത്. **(അനുബന്ധം 2.38).**

അന്നപൂർണ്ണ പദ്ധതിയിൽ 65 വയസ് പ്രായമുള്ള, ക്ഷേമപെൻഷനുകൾ ഒന്നും ലഭിക്കാത്ത അഗതികളായവർക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. കേന്ദ്ര ഗവണ്മെന്റ് അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം 44,980 ആണ്. 2015–16 –ൽ സംസ്ഥാന ഗുണഭോക്താക്കളുടെ എണ്ണം 23,322 ആയിരുന്നു. 2017 മാർച്ച് 31 –ലെ കണക്ക് പ്രകാരം ഇത് 5,726 ആണ്. 2016–17 –ൽ അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ പരിപാടികളിലൂടെ വിതരണം ചെയ്ത ഭക്ഷ്യധാന്യത്തിന്റെ വിശദവിവരം **അനുബന്ധം 2.41**ലും **2.42** –ലും നൽകിയിരിക്കുന്നു.

പഞ്ചസാരയുടെയും മണ്ണെണ്ണയുടേയും കേന്ദ്രവിഹിതം

പൊതുവിതരണ സമ്പ്രദായംവഴി പഞ്ചസാര വിതരണം ചെയ്യുന്നത് കേന്ദ്രഗവണ്മെന്റ് മാർച്ച് 1, 2017 മുതൽ നിർത്തലാക്കി. 2017–18 –ൽ സംസ്ഥാന ഗവണ്മെന്റ് ഓണത്തിന് കിലോയ്ക്ക് 22 രൂപ നിരക്കിൽ ഒരു കിലോ പഞ്ചസാര എല്ലാ കാർഡുടമകൾക്കും നൽകി. ആഗസ്റ്റ് 31, 2017 വരെ 2718.78 ടൺ പഞ്ചസാര വിതരണം ചെയ്തു. കേരളത്തിന് 2016–17 –ൽ 123,632.16 ടൺ പഞ്ചസാരയും 2015–16 –ൽ 53,664 ടൺ പഞ്ചസാരയും വിതരണംചെയ്തു. 2017–18–ൽ 130.38 ശതമാനം വർദ്ധനയുണ്ടായി. മണ്ണെണ്ണയുടെ വിതരണത്തിൽ 2016–17 –ൽ 26.04 ശതമാനം കുറവുണ്ടായി. 2015–16 –ൽ 114,422 കി.ലിറ്ററും 2016–17 –ൽ 84,628.45 കി.ലിറ്ററും മണ്ണെണ്ണ വിതരണംചെയ്തു. കേന്ദ്ര അലോട്ട്മെന്റിന്റെ വിശദവിവരം **അനുബന്ധം 2.43** –ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ ധാന്യത്തിന്റെ ജില്ലാതല വിതരണം

കേരളത്തിലെ ജില്ലകളിലെ വിതരണം പരിശോധിച്ചാൽ 2016–17 –ൽ വിതരണം ചെയ്ത ആകെ 438,279.3 ടൺ എൻ.എസ്. എഫ്.എ.അരിയുടെ ഏറ്റവും കൂടുതൽ (12 ശതമാനം) മലപ്പുറം ജില്ലയും രണ്ടാംസ്ഥാനം (11.3 ശതമാനം) തൃശ്ശൂർ ജില്ലയുമാണ് നേടിയത്.

അതേസമയം എൻ.എസ്.എഫ്.എ. ഗോതമ്പിന്റെ കാര്യത്തിൽ തൃശ്ശൂർ ജില്ല 11.3 ശതമാനവും മലപ്പുറം 10.9 ശതമാനവുമായി ഒന്നും രണ്ടും സ്ഥാനങ്ങളിൽ നിൽക്കുന്നു. എൻ.എസ്.എഫ്.എ. അരിയുടെയും ഗോതമ്പിന്റെയും കാര്യത്തിൽ ഏറ്റവും കുറവ് വയനാട് ജില്ലയിലാണ് നൽകിയത് (2 ശതമാനം). മുൻഗണനേതര അരിയുടെ ഏറ്റവും കൂടുതൽ തിരുവനന്തപുരവും 13.29 ശതമാനം രണ്ടാമത് മലപ്പുറം ജില്ലയുമാണ് (12 ശതമാനം). മുൻഗണനേതര ഗോതമ്പിന്റെ വിതരണത്തിൽ ഒന്നാമത് തിരുവനന്തപുരവും (11.65 ശതമാനം) എറണാകുളം (11.6 ശതമാനം) രണ്ടാമതുമാണ്. മുൻഗണനേതര ഭക്ഷ്യധാന്യത്തിൽ ഏറ്റവും കുറവ് അരി പത്തനംതിട്ട (2.06 ശതമാനം) യിലും ഗോതമ്പ് വയനാട് (2.24 ശതമാനം) ജില്ലയിലുമാണ് വിതരണം ചെയ്തത്.

കേരള സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ)

രാജ്യത്തെ മികച്ച പൊതുവിതരണ ശൃംഖലകളിലൊന്നാണ് കേരളത്തിലേത്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയ്ക്കായി 1974–ൽ സ്ഥാപിതമായ സപ്ലൈകോ അവശ്യവസ്തുക്കളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിൽ പൊതുവിതരണ സമ്പ്രദായത്തിന്റെ ഒരു ഉപസ്ഥാപനമായി പ്രവർത്തിക്കുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് വർഷം മുഴുവൻ പൊതുവിതരണ സംവിധാനം കമ്പോളത്തിൽ ഫലപ്രദമായി ഇടപെടേണ്ടതുണ്ട്. സംസ്ഥാനത്ത് ഓരോ വ്യക്തിയ്ക്കും ലഭ്യമാകുന്നതരത്തിൽ സപ്ലൈകോ അതിന്റെ ന്യായ വില സ്റ്റോറുകളിലൂടെ അവശ്യ സാധങ്ങളെത്തിക്കുന്നു. സപ്ലൈകോ അതിന്റെ 1,406 സ്റ്റോറുകളിലൂടെ 13 അവശ്യ വസ്തുക്കളുടെ വിതരണം നടത്തി അവയുടെ വില നിയന്ത്രിക്കുന്നതിൽ പങ്ക് വഹിക്കുന്നു.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് അഞ്ച് പ്രാദേശിക ഓഫീസുകളും, 56 ഡിപ്പോകളും 1,100 –ൽ അധികം ചില്ലറവില്പന ശാലകളുമുണ്ട്. സപ്ലൈകോയുടെ ഔട്ടലെറ്റുകളുടെ വിശദവിവരം **അനുബന്ധം 2.44** –ൽ കൊടുത്തിരിക്കുന്നു. കുറഞ്ഞവിലയിൽ അത്യാവശ്യ ഉപഭോക്തൃ സാധനങ്ങളുടെ ചില്ലറവില്പന, ഉത്സവ സീസണുകളിൽ പ്രത്യേക വില്പനശാലകൾ ആരംഭിച്ച് വിലനിലവാരം പിടിച്ചുനിർത്തൽ, മെഡിക്കൽ സ്റ്റോറുകളിലൂടെ മരുന്നുകളുടെ ചില്ലറവില്പന, നെല്ല് സംഭരണം, ഗോതമ്പും അതിന്റെ ഉല്പന്നങ്ങളുടെയും സംസ്കരണവും വിതരണവും, മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽ.പി.ജി. എന്നിവയുടെ ഡീലറായി പ്രവർത്തിക്കൽ, സംസ്ഥാനത്ത് മൈക്രോബയോളജി ലാബ്, ഭക്ഷ്യസംസ്കരണ യൂണിറ്റ് എന്നീ കേന്ദ്ര സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്നിവയാണ് സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ. 2016–17 – ൽ 8 മാവേലിസ്റ്റോറുകളും, 10 സൂപ്പർ മാർക്കറ്റുകളും, ഒരു പീപ്പിൾ ബസാറും, 4 മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചു. സപ്ലൈകോയുടെ 2010–11 –ലെ വിറ്റുവരവ് 2,223 കോടി രൂപയായിരുന്നത് 2015–16 ആയപ്പോഴേയ്ക്കും 3,857 കോടി രൂപയായി വർദ്ധിച്ചു. ഏപ്രിൽ 1, 2017 – ലെ കണക്ക് പ്രകാരം എഫ്.സി.ഐ. ഗോഡൗണുകളുടെ എണ്ണം 21 ഉം, മൊത്ത വൽപ്പന ശാലകൾ 140 ഉം, റീട്ടെയിൽ ഷോപ്പുകൾ 11,572 ഉം ആയി. വിശദ വിവരങ്ങൾ **അനുവന്ധം 2.44** –ൽ നൽകിയിരിക്കുന്നു.

ലീഗൽ മെട്രോളജി

അളവ് തൂക്കങ്ങളുടെ കാര്യത്തിൽ സുരക്ഷിതത്വവും കൃത്യതയും ഉറപ്പ് വരുത്തുകയാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ ഉദ്ദേശ്യം. ലീഗൽ മെട്രോളജി വകുപ്പിന്റെ പങ്ക് ദിനംപ്രതി വർദ്ധിച്ചുവരുന്നു. വിവിധ വകുപ്പുകൾ കൈകാര്യംചെയ്യുന്ന വ്യത്യസ്ത മേഖലകളിലെ ഉപഭോക്താക്കളെ (പ്രത്യേകിച്ച് ചൂഷണങ്ങൾക്ക് വേഗം വിധേയരാകാവുന്ന ഗ്രാമീണ ജനതയുൾപ്പെടെ) ബോധവൽക്കരിക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ഇത് നേടുന്നതിന് ലീഗൽ മെട്രോളജി നിയമം നടപ്പാക്കലാണ് ലീഗൽ മെട്രോളജി വകുപ്പ് ചെയ്യുന്നത്. ഭാരം, അളവ്, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ വിൽക്കുന്ന സാധനങ്ങളുടെയും വ്യാപാരം ചെയ്യുന്ന അളവുകളുടെയും തൂക്കങ്ങളുടെയും നിയന്ത്രണവും അളവുകളുടെയും തൂക്കങ്ങളുടെയും കൃത്യത, നിലവാരം എന്നിവ ഉറപ്പുവരുത്തുകയാണ് ലീഗൽ മെട്രോളജി നിയമം ലക്ഷ്യമിടുന്നത്. 2016–17 –ൽ വകുപ്പ് നിരവധി പരിശോധനകൾ നടത്തി 26,021 കേസുകൾ രജിസ്റ്റർ ചെയ്യുകയും 71 ലക്ഷം രൂപ പെനാൽറ്റി ചുമത്തുകയും ചെയ്തു.

ഉച്ചഭക്ഷണ പരിപാടി

കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നത്. സ്കൂൾ പ്രവേശനം, സ്ഥിരം ഹാജരാകൽ, പഠനം തുടരൽ എന്നിവയിലൂടെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും പ്രൈമറി സ്കൂളിലെത്തുന്ന വിദ്യാർത്ഥികൾക്ക് പോഷകാഹാര ഭക്ഷണം നൽകുക എന്ന ഉദ്ദേശത്തോടുകൂടി 1995 –ൽ ഭാരതസർക്കാരിന്റെ മാനവശേഷിവികസന മന്ത്രാലയം ആരംഭിച്ചതാണ് ഈ പദ്ധതി. സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയ്ക്കായി സാധനങ്ങളെത്തിക്കുന്നതിന് സപ്ലൈകോയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2016–17–ൽ 26.55 ലക്ഷം കുട്ടികൾക്കായി സപ്ലൈകോ 57,494 ടൺ അരിയും 12,333.5 ടൺ സ്പെഷ്യൽ അരിയും വിതരണം ചെയ്തു. ഗുണഭോക്താക്കളായ കുട്ടികളുടെയെണ്ണം 2015–16 –ലെ 25.02 ലക്ഷത്തിൽനിന്നും 2016–17 –ൽ 26.55 ലക്ഷമായി വർദ്ധിച്ചിട്ടും അരിയുടെ വിതരണത്തിൽ 2015–16 –ലെ 96458 ടണ്ണിൽനിന്നും 2016–17 –ൽ 57,494 ടണ്ണായി കുറയുകയാണുണ്ടായത്. സ്പെഷ്യൽ അരിയുടെ വിതരണത്തിലും നേരിയ കുറവ് വന്നിട്ടുണ്ട്. 2017–18–ൽ, 2017 ആഗസ്റ്റ് 31 വരെ, സപ്ലൈകോ 250,674.1 ടൺ അരിയും 124,545.9 ടൺ സ്പെഷ്യൽ അരിയും വിതരണം ചെയ്തിട്ടുണ്ട്. 2013–14 മുതൽ പയർ വർഗ്ഗങ്ങൾ വതരണം ചെയ്യുന്നില്ല. ഉച്ചഭക്ഷണ പരിപാടിയിൽ ഗുണഭോക്താക്കളായ കുട്ടികളുടെയും നൽകിയ ഭക്ഷ്യധാന്യത്തിന്റെ അളവും **ചിത്രം 2.9** –ൽ കാണിച്ചിരിക്കുന്നു. (**അനുബന്ധം 2.45** കാണുക).

ചിത്രം 2.9

ഉച്ചഭക്ഷണ പരിപാടിയിലൂടെ വിതരണം ചെയ്ത അരിയുടെ അളവും കുടികളുടെ എണ്ണവും



സ്രോതസ്: സിവിൽ സപ്ലൈസ് വകുപ്പ് 2017

കന്നുകാലി വികസനം

സാംസ്കാരികമായ ഉയർച്ച ഉണ്ടായതു മുതൽ മനുഷ്യജീവിതത്തിലെ അവിഭാജ്യ ഘടകങ്ങളാണ് മൃഗസംരക്ഷണവും ഡയറിയും. ജനങ്ങൾക്ക് വേണ്ടി ചെലവ് കുറഞ്ഞ പോഷകസമൃദ്ധമായ ആഹാരം ലഭ്യമാക്കുക മാത്രമല്ല പാരിസ്ഥിക തുലനാവസ്ഥ നിലനിർത്തുകയും മൃഗസമ്പത്ത് ലഭ്യമാക്കുകയും ചെയ്യുന്നു. കന്നുകാലി ഉല്പാദനവും കൃഷിയും പരസ്പരം ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. കൃഷിക്കാവശ്യമായ നിർണ്ണായക സാധനങ്ങൾ ലഭ്യമാക്കുകയും,

പ്രധാനമായും മറ്റൊരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്ക് ഉപവരുമാനം സമ്പാദിക്കാനും ഈ മേഖല സഹായിക്കുന്നു.

സമ്പദ് വ്യവസ്ഥയിലെ ദേശീയ, സംസ്ഥാന സംഭാവനകൾ

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ഉപമേഖലയാണ് കന്നുകാലി വളർത്തൽ. 2011–12 മുതൽ രാജ്യത്തെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കൃഷി (ധാന്യം, വനപരിപാലനം, കന്നുകാലി വളർത്തൽ, മത്സ്യബന്ധനം ഉൾപ്പെടെ)യുടെ പങ്ക് കുറഞ്ഞു കൊണ്ടിരിക്കുകയാണ്. എന്നാൽ കന്നുകാലി വളർത്തലിന്റെ കാര്യത്തിൽ ഇത് 4 ശതമാനമായി തുടരുന്നു. കൂടാതെ, കൃഷി മേഖലയുടെ മൂല്യവർദ്ധനവിൽ കന്നുകാലി വളർത്തൽ മേഖലയുടെ പങ്ക് 2011–12 –ൽ 21.80 ശതമാനം ആയിരുന്നത് 2015–16 –ൽ 25.7 ശതമാനമായി വർദ്ധിച്ചു.

കേരളത്തിൽ കൃഷിയിൽ നിന്നുള്ള മൊത്തം ആഭ്യന്തര മൂല്യ വർദ്ധനവിൽ കന്നുകാലി വളർത്തലിന്റെ പങ്ക് ഏകദേശം 29 ശതമാനമാണ്. ഇത് 2015–16 –ൽ 29.35 ശതമാനം ആയിരുന്നത് 2016–17 –ൽ 29.14 ശതമാനമായി കുറഞ്ഞു. ഈ മേഖലയിൽ നിന്നുള്ള മൊത്തം ആഭ്യന്തര വർദ്ധനവ് കൂടിയിട്ടുണ്ടെങ്കിലും, സംസ്ഥാനത്തെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ ഇതിന്റെ പങ്കിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട് 2015–16 –ൽ 3.18 ശതമാനമായിരുന്നത് 2016–17 –ൽ 3.08 ശതമാനമായി കുറഞ്ഞു.

കന്നുകാലികളുടെ എണ്ണം

പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് (2012), അനുസരിച്ച് രാജ്യത്തെ കന്നുകാലികളുടെ എണ്ണം 512 മില്ല്യൺ ആണ്. ഇതിൽ 299.61 മില്ല്യൺ കാള, 65.07 മില്ല്യൺ ചെമ്മരിയാട്, 135.2 മില്ല്യൺ ആട്, 10.3 മില്ല്യൺ പന്നി എന്നിവ ഉൾപ്പെടുന്നു. 2007 ലെ പതിനെട്ടാം കന്നുകാലി കണക്കെടുപ്പ് പ്രകാരം രാജ്യത്തെ കന്നുകാലികളുടെ എണ്ണം 529 മില്ല്യൺ ആയിരുന്നു. രാജ്യത്തെ മൊത്തം കന്നുകാലികളുടെ എണ്ണത്തിലുണ്ടായ കുറവ് മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ കാണാം. എങ്കിലും എരുമയുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോഴികളുടെ എണ്ണത്തിൽ 649 മില്ല്യൺ (പതിനെട്ടാം കന്നുകാലി കണക്കെടുപ്പ് 2007) എന്നത് 729 മില്ല്യൺ (പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് 2012) ആയി. ഇത് പന്ത്രണ്ട് ശതമാനത്തിൽ കൂടുതൽ വർദ്ധനവ് കാണിക്കുന്നു.

പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് പ്രകാരം (2012) സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 27.35 ലക്ഷമാണ്. കഴിഞ്ഞ വർഷത്തെ കണക്കെടുപ്പുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 23 ശതമാനം കുറവാണ്. ശതമാനത്തിലുണ്ടായ ഈ കുറവിന്റെ പ്രഥമ കാരണം കന്നുകാലിയുടേയും ആടിന്റേയും എണ്ണത്തിലുണ്ടായ കുറവാണ്. ഇവയുടെ എണ്ണത്തിൽ യഥാക്രമം 23.62 ശതമാനം, 27.9 ശതമാനം എന്നിങ്ങനെ കുറവ് രേഖപ്പെടുത്തി. മൊത്തം കന്നുകാലികളിൽ സങ്കരയിനത്തിൽപ്പെട്ടവ 12.51 ലക്ഷം (94 ശതമാനം) ആണ്. എന്നാൽ നാടൻ ഇനത്തിൽപ്പെട്ടവ വെറും 77,000 മാത്രമേ ഉള്ളൂ. നാടൻ ഇനത്തിൽപ്പെട്ട കന്നുകാലികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ 35.18 ശതമാനം കുറവ് രേഖപ്പെടുത്തി. പത്തൊൻപതാം കന്നുകാലി കണക്കെടുപ്പ് പ്രകാരം (2012) 242.82 ലക്ഷം എണ്ണം കോഴികളാണ് കേരളത്തിലുള്ളത്. ഇതിൽ രാജ്യത്തെ മൊത്തം കോഴികളുടെ എണ്ണത്തിന്റെ 3.3 ശതമാനമാണ്. കോഴികളുടെ എണ്ണത്തിൽ പതിനെട്ടാം സെൻസസിനേക്കാൾ 54 ശതമാനം വർദ്ധനവ് പത്തൊൻപതാം സെൻസസിൽ രേഖപ്പെടുത്തുകയുണ്ടായി. ദേശീയ തലത്തിൽ രേഖപ്പെടുത്തിയ വളർച്ചാ നിരക്കിനേക്കാൾ കൂടുതലാണ് കേരളത്തിന്റെ വളർച്ചാ നിരക്ക്. കോഴികളുടെ എണ്ണത്തിൽ സംസ്ഥനങ്ങൾക്കിടയിൽ കേരളത്തിന് എട്ടാം സ്ഥാനമാണ് ഉള്ളത്. ഇന്ത്യയിലേയും കേരളത്തിലേയും കന്നുകാലികളുയേും കോഴികളുടേയും ഇനം തിരിച്ചുള്ള എണ്ണം **പട്ടിക 2.6** –ൽ കാണുക.

കന്നുകാലി മേഖലയിലെ തൊഴിൽ

68–ാം നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം (2011 ജൂലൈ മുതൽ 2012 ജൂൺ) തൊഴിൽ, തൊഴിലില്ലായ്മ എന്നിവയിൽ നടത്തിയ സർവ്വെയിൽ ഇന്ത്യയിൽ 16.44 മില്ല്യൺ തൊഴിലാളികൾ സാധാ നിലയിൽ (പ്രിൻസിപ്പൽ സ്റ്റാറ്റസ് – സബ്സിഡിയറി സ്റ്റാറ്റസ്) കന്നുകാലി

പട്ടിക 2.6
കന്നുകാലികളുടേയും കോഴികളുടേയും കേരളത്തിലേയും ഇന്ത്യയിലേയും കണക്ക് (രൂപ ലക്ഷത്തിൽ)

	കേരളം		ഇന്ത്യ	
	പതിനെട്ടാം സെൻസസ് (2007)	പത്തൊൻപതാം സെൻസസ് (2012)	പതിനെട്ടാം സെൻസസ് (2007)	പത്തൊൻപതാം സെൻസസ് (2012)
കന്നുകാലി	17.4	13.29	1990.75	1909.04
പോത്ത്	0.58	1.02	1053.42	1087.02
ചെമ്മരിയാട്	0.01	0.02	715.58	650.69
ആട്	17.29	12.46	1405.37	1351.73
പന്നി	0.59	0.56	111.33	102.93
മറ്റുള്ളവ			20.48	19.88
ആകെ (കന്നുകാലി)	**35.87**	27.35	**5296.93**	**5121.29**
ആകെ (കോഴി)	156.85	242.82	6488.29	7292.09

അവലംബം: പത്തൊൻപതാം കന്നുകാലി സെൻസസ്

വളർത്തൽ, മിശ്ര കൃഷിരീതി, മത്സ്യബന്ധനം, ജലകൃഷി എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിൽ കന്നുകാലി വളർത്തൽ മേഖലയ്ക്ക് പ്രാധാന്യമായ സ്ഥാനമുണ്ട്.

കന്നുകാലികളിൽ നിന്നുള്ള പ്രധാന ഉല്പന്നങ്ങളുടെ ലഭ്യത

സംസ്ഥാനത്തിന് ലഭിക്കുന്ന പ്രധാനപ്പെട്ട കന്നുകാലി ഉല്പന്നങ്ങളാണ് പാൽ, മാംസ്യം, മുട്ട. മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ മാംസ്യ ഉല്പാദനത്തിൽ നേരിയ വർദ്ധനവും പാൽ, മുട്ട എന്നിവയുടെ ഉല്പാദനം കുറഞ്ഞതായിട്ടുമാണ് കാണാൻ സാധിക്കുന്നത്. പന്ത്രണ്ടാം പദ്ധതിക്കാലത്തെ ഓരോവർഷത്തെയും പാൽ, മാംസ്യം, മുട്ട എന്നിവയുടെ ഉല്പാദനം **ചിത്രം 2.10 –ൽ** ചേർത്തിട്ടുണ്ട്.

ചിത്രം. 2.10
പന്ത്രണ്ടാം പദ്ധതിക്കാലത്തെ പാൽ, മുട്ട, ഇറച്ചി ഉല്പാദനം



അവലംബം: മൃഗസംരക്ഷണ വകുപ്പ്

പാൽ ഉല്പാദനം

ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോല്പാദക രാഷ്ട്രമാണ് ഇന്ത്യ. കഴിഞ്ഞ മൂന്ന് ദശാബ്ദമായി ക്ഷീരോല്പാദനം ദേശീയതലത്തിൽ സ്ഥിരമായി വർദ്ധിക്കുന്നു. 2015–16 –ൽ 155.5 മില്ല്യൺ ടൺ ആയിരുന്നത് 2016–17 –ൽ 163.7 മില്ല്യൺ ടണ്ണായി വർദ്ധിച്ച് 5.3 ശതമാനം വളർച്ച രേഖപ്പെടുത്തി. ഓരോ വർഷവും ഇന്ത്യയിൽ പാലിന്റെ പ്രതിശീർഷ ലഭ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2015–16 –ൽ പ്രതിദിനം 337 ഗ്രാം ആയിരുന്നത് 2016–17 –ൽ 352 ഗ്രാം ആയി വർദ്ധിച്ചു.

രാജ്യത്തെ ക്ഷീരോല്പാദന സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന് 14–ാം സ്ഥാനമാണുള്ളത്. രാജ്യത്തെ മൊത്തം പാലുല്പാദനത്തിന്റെ 1.5 ശതമാനമാണ് കേരളം ഉല്പാദിപ്പിക്കുന്നത്. 2016–17 –ൽ പാലുല്പാദനം 26.49 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 25.20 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ കേരളത്തിൽ നിന്നുള്ള പാലിന്റെ പ്രതിശീർഷ ലഭ്യത കുറഞ്ഞു. 2015–16 –ൽ പ്രതിദിനം 200 ഗ്രാം ആയിരുന്നത് 2016–17 –ൽ പ്രതിദിനം 189 ഗ്രാം ആയി കുറഞ്ഞു. ഇത് ദേശീയ ശരാശരിയുടെ പകുതിയുടെ തൊട്ട് മുകളിലാണ്.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 25.20 ലക്ഷം മെട്രിക് ടൺ പാലിന്റെ ഭൂരിഭാഗവും സങ്കരയിനത്തിൽപ്പെട്ട പശുക്കളുടേതാണ് (93.5 ശതമാനം). നാടൻ പശുക്കൾ 1,640 മെട്രിക് ടൺ (0.07 ശതമാനം) പാൽമാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ആട് 1.26 ലക്ഷം മെട്രിക് ടൺ (5 ശതമാനം) പാൽ ഉല്പാദിപ്പിക്കുന്നു. ബാക്കിയുള്ളത് എൻ.ഡി കന്നുകാലികൾ നാടൻ എരുമകൾ, എൻ.ഡി എരുമകൾ എന്നിവ ഉല്പാദിപ്പിക്കുന്നവയാണ്. 2016–17 ലെ കേരളത്തിലെ ക്ഷീര ഉല്പാദനം ഇനം തിരിച്ച് **ചിത്രം 2.1**1 –ൽ കാണിച്ചിട്ടുണ്ട്.

മുട്ട ഉല്പാദനം

2000–01 മുതൽ മുട്ട ഉല്പാദനം ദേശീയതലത്തിൽ കാര്യമായി വർദ്ധിച്ചു. 2015–16 –ൽ മൊത്തം മുട്ട ഉല്പാദനം 82.9 ബില്ല്യൺ എണ്ണം ആയിരുന്നത് 2016–17 –ൽ 88.1 ബില്ല്യൺ ആയി വർദ്ധിച്ചു. ഇക്കാലയളവിലെ നിരക്ക് 6.2 ശതമാനം സമാനമായി 2000–01 മുതൽ മുട്ടയുടെ പ്രതിശീർഷ ലഭ്യതയും വർദ്ധിച്ചു. 2015–16 –ൽ പ്രതിവർഷം 66 മുട്ട ആയിരുന്നത് 2016–17 –ൽ പ്രതിവർഷം 69 മുട്ട ആയി വർദ്ധിച്ചു.

പന്ത്രണ്ടാം പദ്ധതിക്കാലത്താണ് കേരളത്തിൽ മുട്ട ഉല്പാദനത്തിൽ വലിയ മാറ്റം ഉണ്ടായത്. 2012–13 ൽ സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനം 2.23 ബില്ല്യൺ ആയിരുന്നത് തുടർച്ചയായ വർദ്ധനവിലൂടെ 2014–15 ൽ 2.50 ബില്ല്യണിൽ എത്തിച്ചേർന്നു. 2015–16 ലും 2016–17 ലും മുട്ടഉല്പാദനം കുറഞ്ഞ് യഥാക്രമം 2.44 ബില്ല്യൺ 234 ബില്ല്യൺ എന്നിങ്ങനെ ആയി. മുട്ടഉല്പാദനത്തിൽ ഇന്ത്യയിലെ

ചിത്രം 2.11
2016–17 ലെ കേരളത്തിലെ ക്ഷീര ഉല്പാദനം (ഇനം തിരിച്ച്)



അവലംബം: മൃഗസംരക്ഷണ വകുപ്പ്

ചിത്രം. 2.12
കേരളത്തിലെ മുട്ട ഉല്പാദനം ഇനം തിരിച്ച്



അവലംബം: മൃഗസംരക്ഷണ വകുപ്പ്

സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന്റെ സ്ഥാനം 9 ആണ്. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ നാലു വർഷങ്ങളിൽ ദേശീയ ശരാശരിയേക്കാൾ മുകളിലായിരുന്നു മുട്ടയുടെ പ്രതിശീർഷ ലഭ്യത. എന്നാൽ 2016–17 –ൽ ദേശീയ ശരാശരിയേക്കാൾ താഴെയായി. 2014–15 വരെ മുട്ടയുടെ പ്രതിശീർഷ ലഭ്യത വർദ്ധിച്ച് പ്രതിവർഷം 70 എണ്ണം ആയി. 2015–16 –ൽ ഇത് 67 ആയി കുറയുകയും 2016–17 –ൽ വീണ്ടും കുറഞ്ഞ് 64 –ൽ എത്തിച്ചേരുകയും ചെയ്തു.

സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദിപ്പിക്കുന്നതിൽ 69 ശതമാനം മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട കോഴികളും 25 ശതമാനം നാടൻ വിഭാഗത്തിൽപ്പെട്ട കോഴികളുമാണ്. സംസ്ഥാനത്തെ മൊത്തം മുട്ട ഉല്പാദനത്തിൽ മെച്ചപ്പെട്ട ഇനം താറാവിന്റെയും, നാടൻ വിഭാഗം താറാവിന്റെയും മുട്ട ഉല്പാദന ശതമാനം യഥാക്രമം 2.96, 2.40 എന്നിങ്ങനെയാണ്. കേരളത്തിലെ മുട്ട ഉല്പാദനം ഇനം തിരിച്ച് **ചിത്രം 2.12** –ൽ ചേർത്തിട്ടുണ്ട്. സംസ്ഥാനത്തെ 99.18 ശതമാനം മുട്ട ഉല്പാദനം പിന്നാമ്പുറ കോഴിവളർത്തലിൽ നിന്നാണ്. വളരെ ചെറിയ ഓഹരി മാത്രമാണ് വാണിജ്യത്തിനു വളർത്തുന്ന കോഴികളിൽ നിന്ന് ലഭിക്കുന്നത്. വരും വർഷങ്ങളിൽ ബാക്ക് യാഡ് പൗൾട്രിക്ക് വളരെയധികം പ്രാധാന്യം നൽകണം.

മൊത്തം മുട്ട ഉല്പാദനത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് കണക്കാക്കിയാൽ, കേരളത്തിന്റേത് 2.7 ശതമാനമാണ്. എന്നാൽ മൊത്തം കോഴികളുടെ എണ്ണം കണക്കാക്കിയാൽ അത് 3.3 ശതമാനം ആണ്. എന്നാൽ ഉല്പാദനക്ഷമതയുടെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്, പ്രത്യേകിച്ച് പിന്നാമ്പുറത്തെ കോഴിവളർത്തൽ. മെച്ചപ്പെട്ട ഇനം കോഴികളുടെ ഉല്പാദനക്ഷമത ഒരു വർഷം 220 മുട്ട ആണ്. ഇതിന്റെ ദേശീയശരാശരി 145 മുട്ടയാണ്. എന്നാൽ വാണിജ്യപരമായ കോഴിവളർത്തലിൽ മെച്ചപ്പെട്ട ഇനം കോഴികളുടെ ഉല്പാദനക്ഷമത ദേശീയശരാശരിയേക്കാൾ കൂടുതലാണ്. നാടൻതാറാവുകളുടെ ഉല്പാദനക്ഷമത ഏകദേശം ദേശീയശരാശരിയോടൊപ്പം നിൽക്കുന്നു. ഇന്ത്യയിലേയും കേരളത്തിലേയും പിന്നാമ്പുറത്തെ കോഴിവളർത്തൽ സംബന്ധിച്ച വിശദാംശം **ചിത്രം 2.13** –ൽ ചേർത്തിട്ടുണ്ട്.

മാംസ ഉല്പാദനം

2007–08 മുതൽ ഇന്ത്യയിൽ മാംസ ഉല്പാദനത്തിൽ സ്ഥിരവർദ്ധനവുണ്ടായി. 2015–16 –ൽ രാജ്യത്തെ മൊത്തം മാംസ ഉല്പാദനം 7 മില്ല്യൺ ടൺ ആയിരുന്നത് 2016–17 –ൽ 7.4 മില്ല്യൺ ടൺ ആയി വർദ്ധിച്ചു. ഇക്കാലയളവിലെ വളർച്ചാ നിരക്ക് 5.71 ശതമാനമാണ്. പതിനൊന്നാം പദ്ധതിയുടെ തുടക്കത്തിൽ കേരളത്തിലെ മാംസ ഉല്പാദനം ഏകദേശം 2 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2011–12 –ൽ 4.26 മെട്രിക് ടണ്ണായി വർദ്ധിച്ചു. പിന്നീട് നേരിയ വ്യത്യാസത്തിൽ 4 ലക്ഷം മെട്രിക് ടൺ ആയി

ചിത്രം 2.13
ഇന്ത്യയിലേയും കേരളത്തിലേയും പിന്നാമ്പുറത്തെ കോഴി വളർത്തൽ



അവലംബം: മൃഗസംരക്ഷണ വകുപ്പ്

തുടർന്നു. 2015-16 -ൽ 4.66 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2016-17 -ൽ 4.69 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന മാംസത്തിന്റെ 6.3 ശതമാനം കേരളത്തിന്റെ സംഭാവനയാണ്. രാജ്യത്തെ ഏറ്റവും വലിയ ഏഴാമത്തെ മാംസ ഉല്പാദന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ മൊത്തം മാംസ ഉല്പാദനത്തിന്റെ 40.26 ശതമാനം കോഴി മാംസം, 31.15 ശതമാനം കന്നുകാലി മാംസം 22.6 ശതമാനം പോത്ത് മാംസം എന്നിങ്ങനെയാണ്. ആട്, പന്നി എന്നിവയുടെ മാംസം യഥാക്രമം 4.51 ശതമാനം, 1.45 ശതമാനം എന്നിങ്ങനെയാണ്. കേരളത്തിലെ മാംസ ഉല്പാദന വിവരങ്ങൾ ഇനം തിരിച്ച് **ചിത്രം 2.14** -ൽ കാണിച്ചിട്ടുണ്ട്.

ക്ഷീരവിപണനം

രാജ്യത്തിലെ കർഷകർക്ക് പാലിന് ഉയർന്ന വില നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം. പാലിന്റെ ആവശ്യകത ദിനംപ്രതി വർദ്ധിക്കുകയും മിൽമ പാൽ വിൽപ്പന ഇക്കൊല്ലം മികവ് കാണിക്കുകയും ചെയ്യുന്നു. 2016-17 -ൽ സംസ്ഥാനത്തു നിന്നും ക്ഷീര സഹകരണ സംഘങ്ങൾ 5,940 ലക്ഷം ലിറ്റർ പാൽ സംഭരിച്ചതിൽ 3,779 ലക്ഷം ലിറ്റർ ഡയറിയിലേയ്ക്ക് അയയ്ക്കുകയും 2,161 ലക്ഷം ലിറ്റർ സൊസൈറ്റികൾ വഴി പ്രാദേശികമായി വില്പന നടത്തുകയും ചെയ്തു. 2016-17 -ൽ ആനന്ദ് മോഡൽ സഹകരണ സംഘങ്ങളുടെ

ചിത്രം. 2.14
കേരളത്തിലെ മാംസം ഉല്പാദനം ഇനം തിരിച്ച്



അവലംബം: മൃഗസംരക്ഷണ വകുപ്പ്

(ആപ്കോസ്) പ്രതിദിന ക്ഷീരസംഭരണം 1,082 മെട്രിക് ടൺ ആണ്. മുൻവർഷം ഇത് ശരാശരി 1,109 മെട്രിക് ടൺ ആയിരുന്നു. ഓരോ സൊസൈറ്റിയുടേയും പ്രതിദിന സംഭരണം 2015–16 –ൽ 372 ലിറ്റർ ആയിരുന്നത് 2016–17 ൽ 360 ലിറ്റർ ആയി കുറഞ്ഞു. 2016–17 –ൽ കെ.സി.എം.എഫിന്റെ പാൽ സംഭരണം കുറഞ്ഞ് 3,834.58 ലക്ഷം ലിറ്ററും വിപണനം 4,774.20 ലക്ഷം ലിറ്ററുമായിരുന്നു. പാലക്കാട്, വയനാട് ഡയറികൾ ഒഴികെ ബാക്കി എല്ലാ ഡയറികളിലും പാൽ വിതരണം സംഭരണത്തെക്കാൾ കൂടുതലാണ്. ആഭ്യന്തര ലഭ്യത കുറവായതിനാൽ കർണ്ണാടകം, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളിലെ മിൽമ ഫെഡറേഷനിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുകയും പാട നീക്കം ചെയ്ത പാൽ പൊടിയായി വാങ്ങുകയും ചെയ്യുന്നു. കെ.സി.എം.എം.എഫിന്റെ ക്ഷീരശാലകൾ സംഭരിച്ചതും വില്പന നടത്തിയതുമായ പാലിന്റെ വിവരങ്ങൾ, ഇക്കാലയളവിലെ കെ.സി.എം.എം. എഫിന്റെ പ്രവർത്തനങ്ങൾ, ആഫ്കോസ് പ്രതിദിനം സംഭരിച്ച പാലിന്റെ ശരാശരി കണക്ക് എന്നിവ യഥാക്രമം **അനുബന്ധം 2.46, 2.47, 2.48** എന്നിവയിൽ ചേർത്തിട്ടുണ്ട്. ഇപ്പോഴത്തെ പുതുക്കിയ വിലയും 2010 മുതലുള്ള വിലകളും യഥാക്രമം **അനുബന്ധം 2.49, 2.50** എന്നിവയിൽ കൊടുത്തിട്ടുണ്ട്.

കാലിത്തീറ്റ

കേരളത്തിൽ പുല്ല്, വയ്ക്കോൽ എന്നിവയുടെ ലഭ്യതയിലും കാലിത്തീറ്റ ഉല്പാദനത്തിലുമുള്ള കുറവ് കണക്കിലെടുത്ത് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടിയിരിക്കുന്നു. കേരളത്തിലെ തീറ്റപ്പുൽ വികസന പ്രവർത്തനത്തിന്റെ നോഡൽ ഏജൻസി ക്ഷീരവികസന വകുപ്പാണ്. കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും എന്ന പദ്ധതിയുടെ കീഴിൽ വാണിജ്യാടിസ്ഥാനത്തിൽ തരിശു ഭൂമിയിൽ തീറ്റപ്പുൽക്കൃഷി വ്യാപനം എന്ന ഘടകം കൂടി പുതുതായി ഉൾപ്പെടുത്തി. പുരോഗമന ചിന്താഗതിയുള്ള കർഷകർ, മറ്റ് വ്യക്തികൾ, എൽ.എസ്.ജി.ഡി, പി.എസ്.യു മുതലായവരുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഫലപുഷ്ടിയുള്ള ഭൂമി തീറ്റപ്പുൽകൃഷി വികസനത്തിനായി തെരഞ്ഞെടുക്കുന്നു. 2016–17 ൽ ഡിപ്പാർട്ട്മെന്റ് നിലവിലുള്ള കൃഷി സ്ഥലത്തിനേക്കാൾ 2,050 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുകയും 3.28 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ, അസോള കൃഷിക്കും, തീറ്റപ്പുൽക്കൃഷിയും വിളവെടുപ്പും യന്ത്രവത്ക്കരിക്കുന്നതിനും ഇറിഗേഷൻ സൌകര്യത്തിനും കർഷകർക്ക് സഹായം നൽകി. കൊല്ലം, എറണാകുളം ജില്ലകളിൽ സമഗ്രക്ഷീരവികസന പ്രോജക്ടുകൾ നൂതന തീറ്റപ്പുൽ വികസന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. 2015–16 ലെ മൊത്തം കാലിത്തീറ്റ ഉല്പാദനം 3.97 ലക്ഷം മെട്രിക് ടൺ എന്നത് 2016–17 ൽ 3.70 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. കാലിത്തീറ്റ ഉല്പാദനത്തെ സംബന്ധിച്ച വിവരങ്ങൾക്ക് **അനുബന്ധം 2.51, 2.52, 2.53** എന്നിവ കാണുക.

സംസ്ഥാനത്ത് പ്രത്യേക ഡയറി സോണുകൾ രൂപീകരിക്കൽ

കൊമേഴ്സ്യൽ ഡയറി ആന്റ് മിൽക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ പ്രത്യേക ഡയറി സോണുകൾ രൂപീകരിക്കൽ എന്ന ഒരു പുതിയ ഘടകം കൂടി ഉൾപ്പെടുത്തി. ഈ പദ്ധതി പ്രാവർത്തികമാക്കാൻ 14 അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളുടെ കീഴിൽ 50 പൊട്ടൻഷ്യൻ ഡയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ തെരഞ്ഞെടുത്തു. കറവപ്പശുക്കളുടെയും പശുക്കുട്ടികളുടെയും വർദ്ധനവ് പുരോഗമന ചിന്താഗതിക്കാരായ കർഷകരുടെ ആവശ്യാനുസരണം സഹായം, ശാസ്ത്രീയമായ രീതിയിൽ കന്നുകാലി ഷെഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ സഹായം, യന്ത്രവത്ക്കരണം, കറവയന്ത്രങ്ങൾ വാങ്ങുക, സൈലേജ് യൂണിറ്റുകൾ, കറവപ്പശുക്കൾക്ക് അന്തരീക്ഷ സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ഘടകങ്ങൾ മുതലായവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ.

പ്രജനനത്തിനുള്ള പിന്തുണ

മരവിപ്പിച്ച ബീജം ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിന്റെ ചുമതല കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനാണ്. 2015–16 –മായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 ൽ ബീജ ഉല്പാദനം 24.47 ലക്ഷ മാത്രകളിൽ നിന്നും 27.66 ലക്ഷം മാത്രയായി വർദ്ധിച്ചു. ഈ കാലയളവിൽ ഇതിന്റെ വിതരണം സംസ്ഥാനത്തിനകത്തും പുറത്തും 17.65 ലക്ഷം

മാത്രയിൽ നിന്നും 16.62 ലക്ഷം മാത്രയായും 10.71 ലക്ഷം മാത്രയിൽ നിന്നും 4.94 ലക്ഷം മാത്രയായി കുറയുകയും ചെയ്തു. വിശദവിവരങ്ങൾ **അനുബന്ധം 2.54** –ൽ കാണാവുന്നതാണ്.

സംസ്ഥാനത്തെ കൃത്രിമ ഗർഭോല്പാദന കേന്ദ്രങ്ങളുടെ എണ്ണം 2016–17 ൽ 2,515 ആയിരുന്നു. 2016–17 –ൽ 12.32 ലക്ഷം കുത്തിവയ്പ് നടത്തിയതിൽ 3.10 ലക്ഷം കിടാങ്ങളുണ്ടായി. ഒരു കിടാവ് ജനിക്കുന്നതിന് ശരാശരി 4 കുത്തിവയ്പ്പുകൾ ആവശ്യമായിട്ടുണ്ട്. കൃത്രിമ ഗർഭോല്പാദനത്തെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 2.55** –ൽ കാണുക. കൃത്രിമ ഗർഭോല്പാദനത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതല്ലാത്തതിനാൽ, വിതരണം ചെയ്യുന്ന ബീജത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ ആവശ്യമാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 2.56** –ൽ കൊടുത്തിട്ടുണ്ട്.

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി)

കന്നുകാലി വളർത്തുന്നതിന് 32 മാസം വരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയും പശുക്കിടാവുകളെ വളർത്തുന്ന പദ്ധതി 1976 മുതൽ നിലവിലുണ്ട്. എരുമകളുടെ എണ്ണത്തിൽ പെട്ടെന്നുണ്ടായ കുറവ് പരിഹരിക്കാനുദ്ദേശിച്ച്, 2006–07 ൽ ഈ പദ്ധതി എരുമക്കിടാങ്ങൾക്കും ബാധകമാക്കി. ഈ പദ്ധതിയിൽ എരുമക്കിടാങ്ങളെ ഉൾപ്പെടുത്തുന്ന പ്രവണത കുറഞ്ഞു വരുകയും 2014–15 മുതൽ 2016–17 വരെ ഒറ്റ എരുമക്കിടാങ്ങളെ പോലും ഉൾപ്പെടുത്തിയിട്ടുമില്ല. 2015–16 –ൽ 29,164 കിടാങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയപ്പോൾ 2016–17 –ൽ കിടാങ്ങളുടെ എണ്ണം 73,538 ആയി വർദ്ധിച്ചു. 2006–07 മുതലുള്ള ആണ്ടുതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2.57**–ൽ കാണുക.

മൃഗങ്ങളുടെ ആരോഗ്യസുരക്ഷ

കൃത്രിമ ബീജസങ്കലന പരിപാടികൾ മുഖേന കന്നുകാലികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം, അന്യദേശത്തു നിന്നുള്ളതുൾപ്പെടെ പലതരം രോഗങ്ങളും വർദ്ധിക്കുകയുണ്ടായി. 14 ജില്ല വെറ്റിനറി സെന്ററുകൾ, 50 വെറ്റിനറി പോളീക്ലിനിക്കുകൾ, 215 വെറ്റിനറി ആശുപത്രികൾ, 885 വെറ്റിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ സെന്ററുകൾ, 1,359 വെറ്റിനറി സബ്സെന്ററുകൾ, 9 മൊബൈൽ വെറ്റിനറി ആശുപത്രികൾ, 7 മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവ മുഖേന മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സുരക്ഷ വകുപ്പ് നൽകി വരുന്നു. ഫലപ്രദമായി സമയാസമയങ്ങളിൽ രോഗനിർണ്ണയം നടത്തി രോഗം പൂർണ്ണമായും തുടച്ചുമാറ്റുന്നതിനായി ആശുപത്രികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ശൃംഖല ശക്തിപ്പെടുത്തി. തുടർന്ന് കുളമ്പുരോഗ നിയന്ത്രണപരിപാടി, റാബീസ് ഫ്രീ കേരള വാക്സിനേഷൻ പരിപാടി, എ.എസ്.സി.എ.ഡി പൌൾട്രി വാക്സിനേഷൻ പരിപാടി തുടങ്ങിയ വാക്സിനേഷൻ പരിപാടികൾ തുടർച്ചയായി സംഘടിപ്പിക്കുകയുണ്ടായി. 2010–11 മുതൽ 2016–17 വരെയുള്ള കാലയളവിൽ കേരളത്തിലെ കന്നുകാലികളെ ബാധിച്ച പ്രധാന പകർച്ചവ്യാധികൾ, രോഗബാധ, ചത്തൊടുങ്ങിയ മൃഗങ്ങളുടെ എണ്ണം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 2.58** ൽ കാണുക. ആന്ത്രാക്സ് (Anthrax), ഹെമറാജിക് സെപ്റ്റിസീമിയ (Hemorrhagic Septicemia), കുളമ്പുരോഗം (FMD) മുതലായ രോഗങ്ങൾ 2016–17 ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെമറാജിക് സെപ്റ്റിസീമിയ മുൻവർഷത്തെ അപേക്ഷിച്ച് 2016–17 –ൽ വളരെ കൂടുതലാണ്.

രാത്രികാലങ്ങളിലെ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ

വെറ്ററിനറി ഡോക്ടറുടെ സേവനം പകൽ സമയങ്ങളിൽ മാത്രമേ ലഭിക്കാറുള്ളൂ. രാത്രികാലങ്ങളിൽ സേവനം ലഭിക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വൈകിട്ട് 6 മുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് ഡോക്ടറുടെ സേവനം ബ്ലോക്ക് തലത്തിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പ്രോജക്ടിന് രൂപം നൽകിയത്. കരാർ അടിസ്ഥാനത്തിൽ ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം നൽകുന്നു. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഒരു വെറ്റേറിനറി സ്ഥാപനത്തിന്റെ നിയന്ത്രണത്തിലായിരിക്കും ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ആവശ്യമായ

മരുന്നുകൾ യൂണിറ്റിന് ലഭ്യമാക്കും. രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം 2016–17 വരെ 65 ബ്ലോക്കിലും 2017–18 ൽ 85 ബ്ലോക്കിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി.

പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാക്സിൻ ഉല്പാദനം

സംസ്ഥാനത്ത് മൃഗങ്ങൾക്കുള്ള വാക്സിൻ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഒരേയൊരു സ്ഥാപനമാണ് പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന വാക്സിനുകളുടെ വിശദവിവരങ്ങൾ **അനുബന്ധം 2.59** –ൽ ചേർത്തിട്ടുണ്ട്. 2016–17 ൽ 194.95 ലക്ഷം ഡോസ് പൗൾട്രി വാക്സിനും 4.36 ലക്ഷം ഡോസ് കന്നുകാലികൾക്കുള്ള വാക്സിനും ഉല്പാദിപ്പിച്ചു. മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പൗൾട്രി വാക്സിൻ ഉല്പാദനം 21.48 ശതമാനം കുറയുകയും കന്നുകാലികൾക്കുള്ള വാക്സിന്റെ ഉല്പാദനം മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു. 2016–17 –ൽ കന്നുകാലികൾക്ക് 26.76 ലക്ഷവും കോഴികൾക്ക് 69.52 ലക്ഷവും വാക്സിനേഷനുകൾ നടത്തി. മുൻവർഷത്തെ അപേക്ഷിച്ച് കന്നുകാലികളുടെ വാക്സിനേഷൻ 7.47 ശതമാനം ആയി വർദ്ധിക്കുകയും കോഴികൾക്കുള്ള വാക്സിനേഷൻ 34.64 ശതമാനമായി കുറയുകയും ചെയ്തു. പേവിഷത്തിന് നായ്ക്കളിൽ നടത്തിയ കുത്തിവയ്പ്പുകളുടെ എണ്ണം മുൻവർഷം 2.87 ലക്ഷമായിരുന്നത് 2016–17 –ൽ 2.83 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. **(അനുബന്ധം 2.60)**.

വിലകൾ

കഴിഞ്ഞ ആറു വർഷങ്ങളിൽ കാലിവളർത്തൽ മേഖലയിലെ പ്രധാന ഉല്പന്നോപാധികളുടേയും ഉല്പന്നങ്ങളുടേയും ശരാശരി വില **അനുബന്ധം 2.61** ലുണ്ട്. ഈ കാലയളവിൽ എല്ലാ ഉല്പന്നങ്ങളുടേയും വില വർദ്ധിച്ചു. ബ്രോയിലർ കോഴി ഇറച്ചിയുടെ വില 1.66 ശതമാനവും, നാടൻ കോഴി ഇറച്ചിയുടെ വില 15.30 ശതമാനവും, ആട്ടിറച്ചി 7.96 ശതമാനവും മാട്ടിറച്ചി 8.07 ശതമാനവും, പന്നിയിറച്ചി വില 2.99 ശതമാനവും വർദ്ധിച്ചു. 2016–17 ൽ ഏറ്റവും ഉയർന്ന വർദ്ധനവ് ചിക്കൻഡെസിക്കും(15.30 ശതമാനം) തുടർന്ന് മാട്ടിറച്ചി (8.07 ശതമാനം) യ്ക്കുമാണ്. 2015–16 ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 ൽ വെള്ള ക്കോഴി മുട്ടയുടെ വില 13.81 ശതമാനവും, തവിട്ടുനിറത്തിലുള്ള മുട്ടയുടെ വില 15 ശതമാനവും, താറാമുട്ടയുടെ വില 22.31 ശതമാനവും വർദ്ധിച്ചു. 2015–16 ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 –ൽ പശുവിൻ പാലിന്റെ വില 7.31 ശതമാനവും എരുമപ്പാലിന്റെ വില 24.38 ശതമാനവുമായി വർദ്ധിച്ചു.

ഉല്പന്നോപാധികളെ സംബന്ധിച്ചിടത്തോളം, 2016–17 –ൽ വയ്ക്കോലിന്റെ വില 13.34 ശതമാനവും പുല്ലിന്റെ വില 5.26 ശതമാനവും വർദ്ധിച്ചു. 2015–16 ലെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 –ൽ നിലക്കടല പിണ്ണാക്കിന്റെ വില 10.95 ശതമാനവും, തേങ്ങാപ്പിണ്ണാക്കിന്റെ വില 9.25 ശതമാനവും, എള്ളിൻപിണ്ണാക്കിന്റെ വില 7.63 ശതമാനവും വർദ്ധിച്ചു. ഈ വില വർദ്ധന ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ ഒരു ഭീഷണിയാണ്. ആയതിനാൽ സംസ്ഥാനത്ത് യഥേഷ്ടം ലഭ്യമാകുന്ന പരമ്പരാഗത രീതിയിലുള്ള തീറ്റകളുടെ സാധ്യത കണ്ടെത്തുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്. 2011–12 മുതൽ 2016–17 വരെ കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകളിൽ ദൃശ്യമാകുന്ന പ്രവണത **ചിത്രം 2.15** –ൽ കാണിച്ചിട്ടുണ്ട്.

2016-17 ലെ ഭൗതിക നേട്ടങ്ങൾ

- കർഷകർക്ക് ഏതു സമയവും വീട്ടുപടിക്കൽ സേവനം ഉറപ്പാക്കുന്ന പരിപാടി 2016–17 ൽ തെരെഞ്ഞെടുത്ത 65 ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യാപിപ്പിച്ചു.
- രോഗനിർണ്ണയവും മേൽനോട്ടവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി.
- പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി), ഗോവർദ്ധിനി എന്നീ പദ്ധതികളുടെ കീഴിൽ പുതിയതായി 73,538 കന്നുകുട്ടികളെ ഉൾപ്പെടുത്തി. ശാസ്ത്രീയമായി വളർത്തുന്നതിനു വേണ്ടി ഇൻഷ്വറൻസും സബ്സിഡിയിനത്തിൽ കാലിത്തീറ്റയും ഉറപ്പു വരുത്തി.
- സ്കൂൾ പൗൾട്രി പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി ഓരോ വിദ്യാർത്ഥിക്കും 5 കോഴിക്കുഞ്ഞും അവയ്ക്കു വേണ്ട തീറ്റയും വിതരണം ചെയ്തു. 701 സ്കൂളിലെ മൊത്തം 35,050

ചിത്രം 2.15
കന്നുകാലി ഉല്പന്നങ്ങളുടെ ശരാശരി വിലകൾ
(2011–12 മുതൽ 2016–17 വരെ)

മാംസം



മുട്ട



പാൽ



കാലിത്തീറ്റ



അവലംബം: മൃഗസംരക്ഷണ വകുപ്പ്

വിദ്യാർത്ഥികൾക്ക് ഈ പദ്ധതി മുഖേന പ്രയോജനം ലഭിച്ചു.

- ആട് വളർത്തൽ, താറാവ് വളർത്തൽ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും യഥാക്രമം 25,000 രൂപ, 1,200 രൂപ എന്നിങ്ങനെ സഹായം നൽകി.
- കൊല്ലത്തും, എറണാകുളത്തും 15 കോടി രൂപ വകയിരുത്തി സമഗ്രവികസന പരിപാടി
- പുതിയതായി 28 ക്ഷീര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു.
- 2,050 ഹെക്ടർ ഭൂമി തീറ്റപ്പുൽ കൃഷിയ്ക്കായി ഉപയോഗിച്ചു. കറവപ്പശുക്കളുടെയും പശുകുട്ടികളുടെയും വർദ്ധനവിനായി 3,385 ക്ഷീരകർഷകർക്ക് സഹായം നൽകി.
- 3 തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കി. (കൊല്ലം ജില്ലയിലെ ഏറ്റൂർ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വേലൻഗല്ലൂർ പഞ്ചായത്ത്, കോട്ടയം ജില്ലയിലെ ഉദയനപുരം പഞ്ചായത്ത്)
- കാസർഗോഡും കോട്ടയത്തും പുതിയ റീജിയണൽ ക്ഷീര ലാബുകൾ ആരംഭിച്ചു.
- 5 ചെക്ക് പോസ്റ്റുകളിൽ (വാളയാർ, മീനാക്ഷിപുരം, കുമളി, ആര്യൻങ്കാവ്, പാറശ്ശാല) എന്നിവിടങ്ങളിൽ പ്രത്യേക ഓണം ക്വാളിറ്റി കൺട്രോൾ ഡ്രൈവുകൾ ആരംഭിച്ചു. 14 ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളും തുടങ്ങി.

2017-18 ലെ മുഖ്യ സംരംഭങ്ങൾ

- കർഷകർക്ക് ഏതു സമയവും വീട്ടുപടിക്കൽ സേവനം ഉറപ്പാക്കുന്ന പരിപാടി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 85 ബ്ലോക്കു പഞ്ചായത്തുകളിൽ വ്യാപിപ്പിച്ചു.
- രോഗനിർണ്ണയവും മേൽനോട്ടവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലബോറട്ടറികളുടെ അടിസ്ഥാന സൌകര്യങ്ങൾ ശക്തിപ്പെടുത്തുക.
- ഇ–ഗവേർണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൃഗചികിത്സാ സേവനത്തിനായി സമഗ്ര ഓൺ ലൈൻ മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം ആരംഭിച്ചു.
- കന്നുകാലികൾക്കായി സമഗ്ര ഇൻഷുറൻസ് പാക്കേജുകൾ.
- മനുഷ്യന്റെ ഉപയോഗത്തിനായുള്ള പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള മരുന്ന് പാലോടുള്ള ഐ.എ.എച്ച് ആന്റ് വി.ബിയിൽ ഉല്പാദിപ്പിച്ചു.
- പാലോട് സി.ഡി.ഐ.ഒ യിൽ പുതിയ ഓങ്കോളജി ശാഖയും വൈൽഡ് ലൈഫ് സ്റ്റഡി സെന്ററുകളും തുടങ്ങി.
- സംസ്ഥാനത്ത് പ്രത്യേക ഡയറി സോണുകൾ സ്ഥാപിച്ചു.
- തരിശുഭൂമിയിലും പാഴ്ഭൂമിയിലും വാണിജ്യപരമായി തീറ്റപ്പുൽകൃഷി.
- സ്ഥിരമായി ക്ഷീരഗുണനിലവാരം പരിശോധിക്കുന്നതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി.
- ക്ഷീര സഹകരണ സംഘങ്ങൾക്കായി യൂണിഫൈഡ് അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ ആരംഭിച്ചു.
- കന്നുകാലികൾക്കും, അവയുടെ ഉടമകൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ഏർപ്പെടുത്തി.
- ക്ഷീര വികസന ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങളിൽ ഇ–ഗവേർണൻസ് പ്രവർത്തനങ്ങൾ പ്രായോഗത്തിൽ വരുത്തി.
- എല്ലാ ക്ഷീരവികസന സ്ഥാപനങ്ങളുടെയും ഭൂരേഖ തയ്യാറാക്കി.
- സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ഭൂരേഖ തയ്യാറാക്കി.
- ചെറിയ ക്ഷീര യൂണിറ്റുകൾ സ്ഥാപിച്ചു.

മത്സ്യവികസനം

ദേശീയ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വിജയ സാധ്യതയുള്ള മേഖലയായാണ് മത്സ്യബന്ധനത്തെ കണക്കാക്കപ്പെടുന്നത്. മൊത്തം ആഭ്യന്തര ഉല്പാദനം, തൊഴിൽ എന്നീ സംഭാവനകൾക്കു പുറമെ അനേകം ഉപവ്യവസായങ്ങൾക്കും ഈ മേഖല വഴിയൊരുക്കുന്നു. ചെലവു കുറഞ്ഞ പോഷകാഹാരത്തിന്റെ സ്രോതസ്സും കൂടിയായ ഈ മേഖല മികച്ച വിദേശ നാണ്യ സ്രോതസ്സാണ്.

ലോകത്തിൽ ഏറ്റവും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. അക്വാക്കൾച്ചർ വഴി മത്സ്യഉല്പാദനം നടത്തുന്ന ലോകരാജ്യങ്ങളിൽ ഇന്ത്യ ചൈനയ്ക്ക് തൊട്ടു പിറകിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. 2015–16 (താൽക്കാലിക കണക്ക്) ലെ മൊത്തം മത്സ്യ ഉല്പാദനം 107.9 ലക്ഷം ടൺ ആണ്. ഇതിൽ 71.65 ലക്ഷം ടൺ ഉൾനാടൻ മത്സ്യബന്ധനത്തിൽ നിന്നും 36.3 ലക്ഷം ടൺ സമുദ്ര മത്സ്യബന്ധനത്തിൽ നിന്നുമുള്ള സംഭാവനയാണ്. രാജ്യത്തെ ആകെ മത്സ്യ ഉല്പാദനത്തിന്റെ 66 ശതമാനം വിഹിതം ഇന്ന് ഉൾനാടൻ മത്സ്യമേഖലയിൽ നിന്നാണ്. ഉൾനാടൻ മത്സ്യബന്ധന

ഉല്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്കും ഉയർന്നതാണ്. സമുദ്ര മത്സ്യ ഉല്പാദനം കൂടിയിട്ടുണ്ടെങ്കിലും അതിന്റെ വളർച്ചാ നിരക്ക് കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ കുറഞ്ഞതായി കാണുന്നു. അനിയന്ത്രിതവും തുറസ്സായതുമായ മത്സ്യബന്ധനം മൂലം ഇന്ത്യയിലെ സമുദ്ര മത്സ്യബന്ധനം പ്രതിസന്ധി നേരിടുകയാണ്. 14.50 ദശലക്ഷം ആളുകൾ പ്രധാനമായും ഈ മേഖലയിൽ ആശ്രിതരാണ്. വളരെയധികംപേർ ഈ ശൃംഖലയിൽ ഉൾപ്പെടുന്നു. 2016–17 ൽ ഈ മേഖലയിൽ നിന്നുള്ള കയറ്റുമതി വരുമാനം 37,870.90 കോടി രൂപ ആയിരുന്നു. 2015–16 ലെ കയറ്റുമതി വിവരങ്ങൾ പരിശോധിച്ചാൽ സമുദ്രോല്പ്പന്നങ്ങളുടെ അളവിലും വിലയിലും കുറവുണ്ടായതായി കാണാം. എന്നാൽ 2016–17 ൽ ഇതിന് വർദ്ധനവ് ഉണ്ടായി. 2015–16 കാലയളവിൽ ദേശീയ മൊത്തം മൂല്യവർദ്ധനവിന്റെ 0.9 ശതമാനം, ഈ മേഖലയുടെ സംഭാവനയായിരുന്നു. കാർഷിക മേഖലയിൽ നിന്നുള്ള മൊത്തം മൂല്യവർദ്ധനവിന്റെ 5.43 ശതമാനവും ഈ മേഖലയിൽ നിന്നാണ്.

2016–17 ലെ കേരളത്തിന്റെ മൊത്തം മത്സ്യ ഉല്പാദനം 6.76 ലക്ഷം ടണ്ണായിരുന്നു. അതിൽ 4.88 ലക്ഷം ടൺ സമുദ്ര മത്സ്യഉല്പാദനവും, 1.88 ലക്ഷം ഉൾനാടൻ മത്സ്യ ഉല്പാദനവുമാണ്. വിശദവിവരങ്ങൾ **അനുബന്ധം 2.62** –ൽ കൊടുത്തിട്ടുണ്ട്. കേരളത്തിലെ മത്സ്യ ഉല്പാദന വിവരങ്ങൾ വർഷം തിരിച്ച് **ചിത്രം 2.16**–ൽ കൊടുത്തിട്ടുണ്ട്. 2016–17 –ൽ സംസ്ഥാനത്തെ സമുദ്ര മത്സ്യഉല്പാദനം, ഉൾനാടൻ മത്സ്യ ഉല്പാദനം, മൊത്തം മത്സ്യ ഉല്പാദനം എന്നിവ 2015–16 നെ അപേക്ഷിച്ച് കുറവായിരുന്നു. സംസ്ഥാനത്തിന്റെ മത്സ്യ ഉല്പാദനം വിഭവശേഷിയുടെ അടുത്ത് എത്തി നിൽക്കുകയാണ് എന്ന് വിദഗർ അഭിപ്രായപ്പെടുന്നു. കേരളത്തിലെ സമുദ്ര മത്സ്യ ലഭ്യതയുടെ അളവിൽ 2011–12 നു ശേഷം തുടർച്ചയായി കുറവുണ്ടായി. എന്നാൽ 2014–15 ൽ നേരിയ വർദ്ധനവുണ്ടായി. വിലകൂടിയ മത്സ്യങ്ങളുടെ ലഭ്യത ഇപ്പോഴും കുറവാണ്. നെയ്മീൻ, വാള, കൊഞ്ച്, അയല എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. ലഭിക്കുന്ന വിലകൂടിയ മത്സ്യങ്ങളുടെ ഗുണനിലവാരമാണ് മത്സ്യത്തൊഴിലാളികളുടെ വരുമാനം നിർണ്ണയിക്കുന്നത്. 2013–14 മുതൽ 2016–17 വരെ കേരള തീരത്തു നിന്നു ലഭിച്ച മത്സ്യത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് **അനുബന്ധം 2.63** –ൽ കൊടുത്തിട്ടുണ്ട്.

ദേശീയ തലത്തിൽ ആകെ മത്സ്യഉല്പാദനത്തിന്റെ 66 ശതമാനം ഉൾനാടൻ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ കേരളത്തിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ സംഭാവന 28 ശതമാനം മാത്രമാണ്. ഇത് കടൽ മത്സ്യ ഉല്പാദനത്തിനേക്കാൾ കുറവാണ്. ഇന്ത്യയിലെയും കേരളത്തിലെയും ആകെ മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 2.17** –ൽ കൊടുത്തിട്ടുണ്ട്.

2013–14 മുതൽ 2016–17 വരെയുള്ള കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 2.64** ൽ കൊടുത്തിട്ടുണ്ട്. 1999–2000 മുതൽ ഉൾനാടൻ മത്സ്യ ഉല്പാദനം മെച്ചപ്പെട്ടു വരുന്നു. ഇത്

ചിത്രം 2.16
കേരളത്തിലെ മത്സ്യ ഉല്പാദനം (2012–13 മുതൽ 2016–17 വരെ)



അവലംബം: ഫിഷറീസ് വകുപ്പ്

ചിത്രം 2.17
ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം
(സമുദ്ര-ഉൾനാടൻ മേഖലകളുടെ വിഹിതം)



അവലംബം: ഫിഷറീസ് വകുപ്പ് കേരള സർക്കാർ; ടി.എ.എച്ച്.ടി., ഭാരതസർക്കാർ

2015-16 വരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉൾനാടൻ മത്സ്യമേഖലയിലെ ശേഷി മുഴുവനായി വിനിയോഗിക്കാൻ കേരളത്തിനു സാധിച്ചിട്ടില്ല. രാജ്യത്തിന്റെ 7 ശതമാനത്തിനു മുകളിൽ ജലാശയങ്ങളുള്ള കേരളത്തിന്റെ ഉൾനാടൻ മത്സ്യബന്ധനത്തിലെ പങ്ക് ബാക്കി സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായി കാണപ്പെടുന്നു.

2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 334 ലക്ഷമാണ്. മത്സ്യത്തൊഴിലാളികൾ സംസ്ഥാന ജനസംഖ്യയുടെ 3.1 ശതമാനമാണ്. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യബന്ധന ഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യ ബന്ധന ഗ്രാമങ്ങളിലുമായി ഇവർ വസിക്കുന്നു. 2016-17-ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ എണ്ണം 10.29 ലക്ഷമാണ്. ഇതിൽ 7.92 ലക്ഷം പേർ സമുദ്ര മത്സ്യബന്ധനത്തിലും 2.37 ലക്ഷം മത്സ്യത്തൊഴിലാളികൾ ഉൾനാടൻ മത്സ്യ ബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ കേരളത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ആലപ്പുഴ ജില്ലയാണ്(1.91 ലക്ഷം). തൊട്ടു പിന്നിൽ തിരുവനന്തപുരവും (1.70 ലക്ഷം) എറണാകുളവും ഉണ്ട് (1.37 ലക്ഷം). മത്സ്യത്തൊഴിലാളി ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2.65**-ൽ നൽകിയിട്ടുണ്ട്.

2016-17 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 236,300 ആണ്. ഇതിൽ 89 ശതമാനം പുരുഷൻമാരാണ്. ഏറ്റവും കൂടുതൽ സജീവ മത്സ്യത്തൊഴിലാളികൾ ഉള്ളത് തിരുവനന്തപുരം ജില്ലയിലാണ്. ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നതും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതുമായ മത്സ്യത്തൊഴിലാളികളെയാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2016-17 ൽ മത്സ്യബന്ധന മേഖലയിൽ 77,597 അനുബന്ധ മത്സ്യത്തൊഴിലാളികളാണ് കേരളത്തിൽ ഉള്ളത്. ഇതിൽ 81 ശതമാനം സ്ത്രീകളാണ്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ അനുബന്ധ മത്സ്യത്തൊഴിലാളികൾ ഉള്ളത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനുബന്ധ മത്സ്യബന്ധന പ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്നവരെയാണ് അനുബന്ധ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രാഥമിക മേഖലയിൽ നിന്നുള്ള ആഭ്യന്തര മൂല്യവർദ്ധനവിൽ 8.5 ശതമാനം മത്സ്യബന്ധന അക്വാക്കൾച്ചർ മേഖലയിൽ നിന്നാണ്. സംസ്ഥാന ആഭ്യന്തര മൂല്യവർദ്ധനവ് ആണ്ടുതോറും ഉയരുന്നുണ്ടെങ്കിലും ഇതിലേയ്ക്കുള്ള കാർഷികമേഖലയുടേയും മത്സ്യബന്ധന മേഖലയുടേയും സംഭാവന കുറഞ്ഞു വരുന്നതായി കാണുന്നു. സംസ്ഥാന ആഭ്യന്തര

മൂല്യവർദ്ധനവിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന 2011–12 ലെ 1.12 ശതമാനത്തിൽ നിന്നും 2016–17 –ൽ 0.95 ശതമാനമായി കുറഞ്ഞു. കാർഷിക മേഖലയുടെ പങ്ക് 2011–12 ലെ 15.20 ശതമാനത്തിൽ നിന്നും 2016–17 –ൽ 11.27 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2016–17 –ൽ മൊത്തം ആഭ്യന്തരമൂല്യ വർദ്ധനവിൽ വർദ്ധനവുണ്ടായി. എന്നാൽ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കാർഷിക മേഖലയുടേയും മത്സ്യബന്ധന ഉപമേഖലയുടേയും വർദ്ധനവിന്റെ ഗതി മറ്റ് മേഖലകളേക്കാൾ കുറവാണ്. സംസ്ഥാന ആഭ്യന്തര മൂല്യവർദ്ധനവിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന **അനുബന്ധം 2.66** –ൽ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തെ ജില്ലാതല മത്സ്യ ഉല്പാദന കണക്കുകൾ പരിശോധിച്ചാൽ സമുദ്ര മത്സ്യ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്ത് കൊല്ലം ജില്ലയും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളുമാണ്. സംസ്ഥാനത്തെ മൊത്തം സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ ഏകദേശം 74 ശതമാനം ഈ മൂന്ന് ജില്ലകളിൽ നിന്നാണ്. ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ ഏറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ അലങ്കരിക്കുന്നു. സംസ്ഥാനത്തെ മൊത്തം മത്സ്യ ഉല്പാദനത്തിൽ കൊല്ലം ജില്ല ഒന്നാമതും എറണാകുളം രണ്ടാമതും തിരുവനന്തപുരം മൂന്നാം സ്ഥാനത്തുമാണ്. വിശദാംശങ്ങൾ **അനുബന്ധം 2.67** –ൽ കൊടുത്തിരിക്കുന്നു.

സമുദ്രോല്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ സംഭാവന പ്രത്യേക പ്രശംസ അർഹിക്കുന്നു. ദേശീയ സമുദ്ര ഉല്പന്ന കയറ്റുമതിയിൽ കേരളം ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 2016–17 കാലയളവിൽ കേരളത്തിൽ നിന്ന് 5,008.54 കോടി രൂപ വിലമതിക്കുന്ന 159,141 ടൺ സമുദ്ര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ നിന്നുള്ള മൊത്തം സമുദ്രോല്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം അളവിലും മൂല്യത്തിലും കുറഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 2.68 –ൽ** രേഖപ്പെടുത്തിയിട്ടുണ്ട്.

2017-18 ലെ മുഖ്യ സംരംഭങ്ങൾ

കേരളത്തിന്റെ ഭാവിക്ക് ഉതകുന്ന ഒരു വാഗ്ദാനമാണ് ഉൾനാടൻ മത്സ്യബന്ധന മേഖല. നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത കുറവ് ഈ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമായി കണക്കാക്കപ്പെടുന്നു. നല്ലയിനം മത്സ്യവിക്കുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമായി നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ് ഫാമുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനോടൊപ്പം പുതിയ യൂണിറ്റുകൾ നിർമ്മിക്കുകയും വേണം. 2017–18 ൽ അക്വാക്കൾച്ചറിന്, 28.38 കോടി രൂപ ഉൾപ്പെടുത്തിക്കൊണ്ട് ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി 48.88 കോടി രൂപ അനുവദിച്ചു. മത്സ്യബന്ധനത്തിനിടയിൽ ജീവൻ നഷ്ടപ്പെടുന്നത് അവസാനിപ്പിക്കുന്നതിന് സമുദ്ര റസ്ക്യൂ ക്രാഫ്റ്റ് കരസ്ഥമാക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താരതമ്യേനയുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 2015–16 –ൽ സംസ്ഥാന സർക്കാർ 'അടിസ്ഥാന സൌകര്യവും മാനവശേഷി വികസനവും' എന്ന പുതിയ പദ്ധതിയ്ക്ക് രൂപം നൽകി. 2017–18 –ൽ ഈ പദ്ധതിക്കായി 216 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 150 കോടി രൂപ സമുദ്രതീരത്തിന്റെ 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന, കടലാക്രമണ ഭീതി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും, ഭൂമി വാങ്ങുന്നതിനും, ഭവന നിർമ്മാണത്തിനും വേണ്ടി മാത്രമായി നീക്കി വച്ചിട്ടുള്ളതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലേയും 2016-17 വാർഷിക പദ്ധതിയിലേയും പ്രവർത്തനത്തിന്റെ അവലോകനം

അടിസ്ഥാന സൌകര്യവികസനം, ഭവനനിർമ്മാണം, ആരോഗ്യരക്ഷാ പരിപാടികൾ, കുടിവെള്ളം, ജീവനോപാധികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര തീരദേശ പ്രോജക്ട് നടപ്പാക്കുക, ഉൾനാടൻ മത്സ്യ ഉല്പാദനം 1.17 ലക്ഷം ടണ്ണിൽ നിന്നും 2

ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുക, വിത്തുല്പാദനം വർദ്ധിപ്പിക്കുക, മത്സ്യബന്ധനാന്തര സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ലാന്റിംഗ് കേന്ദ്രങ്ങൾ, ശീത സംഭരണികളുടെ ശൃംഖലയും, വിപണന സൗകര്യവും മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക, സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക, വായ്പാ സൗകര്യവും സാമൂഹ്യ സുരക്ഷിതത്വവും ഏർപ്പെടുത്തുക എന്നിവയാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തത്. പഞ്ചവത്സര പദ്ധതികളുടെ മുൻഗണനാക്രമം അനുസരിച്ചാണ് വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നത്. അതിൻപ്രകാരം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതി 2016–17 –ൽ പൂർത്തീകരിക്കുകയും ചെയ്തു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ മത്സ്യബന്ധന മേഖലയ്ക്ക് വിഭാവനം ചെയ്ത മൊത്തം വിഹിതമായ 1471 കോടി രൂപ (തീരദേശ വികസനപരിപാടികൾ ഉൾപ്പെടെ) സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 1.44 ശതമാനവും, കൃഷി അനുബന്ധമേഖലകൾക്കുള്ള വിഹിതത്തിന്റെ 16.66 ശതമാനവുമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവായ 2012–13 മുതൽ 2016–17 വരെ വകയിരുത്തിയ ബഡ്ജറ്റ് തുക 1,420.89 കോടി രൂപയും റിപ്പോർട്ട് ചെയ്തിരിക്കുന്ന ചെലവ് തുക 1,292.69 കോടി രൂപയുമാണ് (91 ശതമാനം). വർഷം തിരിച്ചുള്ള കണക്കുകൾ താഴെ **ചിത്രം 2.18** –ലും **അനുബന്ധം 2.69** ലും കാണിച്ചിട്ടുണ്ട്.

2016–17 ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ വകയിരുത്തിയത് 345.03 കോടി രൂപയാണ്. റിപ്പോർട്ട് ചെയ്തിട്ടുള്ള ചെലവ് തുക 381.22 കോടി രൂപ. ഇത് മേഖലയുടെ പദ്ധതി വിഹിതത്തിന്റെ 104 ശതമാനം ആണ്. ഭാഗികമായി കേന്ദ്രസഹായമുള്ള പദ്ധതികളുടെ വകയിരുത്തൽ 63.99 കോടി രൂപയും ചെലവ് 77.44 കോടി രൂപയുമാണ്. സി.എസ്.എസ് പദ്ധതികളിൽ ഉൾപ്പെട്ട എൻ.സി.ഡി.സി സഹായ പദ്ധതിയുടെ വകയിരുത്തൽ 16.50 കോടി രപൂയും ചെലവ് 22.50 കോടി രൂപയുമാണ് (136.4 ശതമാനം). വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന ബൃഹത് പദ്ധതികൾ ഈ മേഖലയിൽ ഉൾപ്പെടുന്നു. ഇതിൽ വളരെയധികം ഘടകങ്ങളും ഉപഘടകങ്ങളും ഉൾപ്പെടുന്നു. വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന വിവിധതരം പദ്ധതികൾ നിലവിലുള്ളതിനാൽ ഓവര്‌ലാപ്പിംഗ് ഒഴിവാക്കാനും മോണിറ്ററിംഗ് ശക്തമാക്കാനും ശ്രദ്ധിക്കണം. വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ വിലയിരുത്തുന്നതിനായി ഒരു എക്സ്റ്റേണൽ മോണിറ്ററിംഗ് സംവിധാനം ഏറ്റെടുക്കാവുന്നതാണ്.

ചിത്രം. 2.18

ഫിഷറീസ് – തീരദേശ വികസന മേഖല – പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ വകയിരുത്തലും ചിലവും



അവലംബം: ബജറ്റ് പ്രോഗ്രാം ബുക്ക്, പ്ലാൻ സ്പേസ്

പ്രധാന വികസന പദ്ധതികൾ

മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളെ ഇത്തരത്തിൽ തരം തിരിക്കാം

1. സമുദ്ര മത്സ്യബന്ധന വികസനം
2. ഉൾനാടൻ മത്സ്യബന്ധന വികസനം
3. നീലവിപ്ലവം – സി.എസ്.എസ്. സ്കീം
4. വിജ്ഞാന വ്യാപനം, പരിശീലനം, സേവനങ്ങൾ
5. വിപണികളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധനവും
6. മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ
7. മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനവും മാനേജ്മെന്റും – സി.എസ്.എസ്. ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്.
8. ഫിഷറീസ് സർവകലാശാലയ്ക്കുള്ള പദ്ധതി
9. തീരദേശ വികസനത്തിനായുള്ള പദ്ധതികൾ

പൊതു മേഖലയിൽ 218.32 ലക്ഷം മത്സ്യ വിത്തുകളും 1,145.65 ലക്ഷം ചെമ്മീൻ വിത്തുകളും ഉല്പാദിപ്പിച്ചു. 2016–17 –ൽ 8055 ഹെക്ടർ ശുദ്ധ ജല സ്രോതസ്സുകളിലും, 2,040 ഹെക്ടർ ലവണജലത്തിലും 3,970 ഹെക്ടർ പാടശേഖരങ്ങളിലും മത്സ്യ/ചെമ്മീൻ കൃഷി ആരംഭിച്ചു.

മത്സ്യത്തൊഴിലാളികളുടെ പാർപ്പിട മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനായി 2016–17–ൽ ഗൃഹനിർമ്മാണത്തിനായി 2421 മത്സ്യത്തൊഴിലാളികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. വീടിന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനായി 3722 മത്സ്യത്തൊഴിലാളികൾക്ക് 50,000 രൂപ വീതം ധനസഹായം അനുവദിച്ചു. ശുചീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2016–17 ൽ 1,688 മത്സ്യത്തൊഴിലാളികൾക്ക് ശൗചാല യങ്ങൾ നിർമ്മിക്കുന്നതിനായി 17,500 രൂപ വീതം ധനസഹായം അനുവദിച്ചു.

തുറമുഖ എഞ്ചിനീയറിംഗ് വകുപ്പും മത്സ്യബന്ധന തുറമുഖങ്ങളും

കേരള സർക്കാർ ഇതുവരെ 13 മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും 11 തുറമുഖങ്ങളുടെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, തോട്ടപ്പള്ളി, മുനമ്പം, പൊന്നാനി, ബേപ്പൂർ, പുതിയാപ്പാ, ചോമ്പാൽ, മാപ്പിളബേ, അഴീക്കൽ, ചെറുവത്തൂർ എന്നിവയാണ് പൂർത്തിയായ തുറമുഖങ്ങൾ. മുതലപ്പൊഴി, ചെത്തി(ഒന്നും രണ്ടും) അർത്തുങ്കൽ (രണ്ട്), ചെല്ലാനം (ഒന്ന്, രണ്ട്), ചേറ്റുവാ, താനൂർ, കൊയിലാണ്ടി, വെള്ളയിൽ, തലായ്, മഞ്ചേശ്വരം, കാസർഗോഡ് മുതലായവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ **ചിത്രം 2.19** –ൽ കാണിച്ചിട്ടുണ്ട്.

അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ തുറമുഖങ്ങൾക്കായുള്ള പദ്ധതി സഹായം 2016–17 ൽ ലഭ്യമാക്കിയിട്ടുണ്ട്. ചേറ്റുവ, ചെറുവത്തൂർ, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണത്തിനായും പ്രവർത്തന ക്ഷമമാക്കുന്നതിനായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിനായും ധനസഹായം നൽകിയിട്ടുണ്ട്. 2016–17 –ൽ സംസ്ഥാന പദ്ധതിക്കു കീഴിൽ 26.24 കോടി രൂപ മത്സ്യബന്ധന തുറമുഖങ്ങൾക്കു വേണ്ടി അനുവദിച്ചു. റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്ന ചിലവ് 33.48 കോടിയാണ്.

സംസ്ഥാന ഫണ്ട്, കേന്ദ്ര ഗവൺമെന്റ് ഫണ്ട് (50 ശതമാനം, 75 ശതമാനം സി.എസ്.എസ്) കേന്ദ്ര സ്കീമായ ആർ.കെ.വി.വൈ മുതലായവയിൽ നിന്നുള്ള ഫണ്ട്, നബാർഡ് പോലുള്ള ഏജൻസികളിൽ നിന്നുള്ള ഫണ്ട് (ആർ.ഐ.ഡി.എഫിനു കീഴിൽ) എന്നിവ ഉപയോഗിച്ചാണ് മുൻപ് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടത്തിയിരുന്നത്. എന്നാൽ ഈയടുത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗിൽ വന്ന മാറ്റങ്ങൾ കാരണം കേന്ദ്ര നൽകുന്ന ഫണ്ടിൽ വളരെയധികം കുറവുണ്ടായി. ഇത് കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കും. ഇത്തരം വലിയ പദ്ധതികൾക്കായുള്ള ധനസമാഹരണം സംസ്ഥാനത്തിനൊരു വലിയ വെല്ലുവിളിയാണ്.

ചിത്രം 2.19
കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ ലൊക്കേഷൻ

അവലംബം: തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സർക്കാർ

നടന്നുകൊണ്ടിരിക്കുന്ന എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടേയും സമയബന്ധിതമായ പൂർത്തീകരണ ഷെഡ്യൂളുകൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. നിലവിലുള്ള പല മത്സ്യബന്ധന തുറമുഖങ്ങളും ഉപയോഗശൂന്യവും പ്രവർത്തനക്ഷമമല്ലാത്തതു മാണെന്നാണ് ലഭിച്ചിട്ടുള്ള റിപ്പോർട്ട്. വർഷത്തിലുടനീളം പ്രവർത്തനക്ഷമമായ മത്സ്യബന്ധന തുറമുഖങ്ങൾ ഉണ്ടാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്. മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി **അനുബന്ധം 2.70** –ൽ കൊടുത്തിരിക്കുന്നു.

മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനം 2015–16 –ൽ 422.23 ലക്ഷം രൂപയായിരുന്നു. എന്നാൽ 2016–17 –ൽ വരുമാനം 28 ശതമാനം കുറഞ്ഞ് 302.53 ലക്ഷം രൂപയായി. 2012–13 മുതൽ തുടർച്ചയായി ഏറ്റവും കൂടുതൽ വരുമാനം നീണ്ടകര തുറമുഖത്ത് നിന്നാണ് ലഭിക്കുന്നത്. 2016–17 –ൽ പുതിയപ്പ മത്സ്യബന്ധന തുറമുഖം രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും ഫിഷ്–ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നുമുള്ള മൊത്തവരുമാനത്തിന്റെ 58 ശതമാനം നീണ്ടകര, പുതിയപ്പ, കായംകുളം തുറമുഖങ്ങളിൽ നിന്നാണ്. നീണ്ടകര, പുതിയപ്പ, തങ്കശ്ശേരി, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ 2015–16

നെ അപേക്ഷിച്ച 2016–17 –ൽ വരുമാനം വളരെയധികം കുറഞ്ഞിട്ടുണ്ട്. കടലിൽ നിന്നു ലഭിക്കുന്ന മത്സ്യത്തിന്റെ അളവിനെ ആശ്രയിച്ചാണ് മൊത്തം വരുമാനം എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ രൂക്ഷമായ കുറവിനും ഏറ്റക്കുറച്ചിലുകൾക്കും കാരണം സമുദ്ര മത്സ്യ ഉല്പാദനത്തിലുണ്ടാകുന്ന കുറവ് മാത്രമല്ല. മറ്റുകാരണങ്ങൾ എന്തൊക്കെയാണെന്ന് സൂക്ഷ്മമായ കണ്ടെത്തേണ്ടിയിരിക്കുന്നു. വിശദവിവരങ്ങൾ **അനുബന്ധം 2.71** –ൽ കൊടുത്തിട്ടുണ്ട്.

നബാർഡ് സഹായം ലഭിക്കുന്ന പദ്ധതികൾ

പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനു പുറമേ നിലവിലുള്ള തുറമുഖങ്ങളുടെ നവീകരണം, ലാന്റിംഗ് കേന്ദ്രങ്ങളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, ലോക്കർ മുറികൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണത്തിനും നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 2016–17 ൽ കൂപ്പറക്കടവ് ബ്രിഡ്ജ്, രാതിക്കൽ തൊട്ടിപ്പാലം ബ്രിഡ്ജ്, കനയംകോട് ഫിഷിംഗ് ലാന്റിംഗ് സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

ആർ.ഐ.ഡി.എഫ് XV –ന് കീഴിൽ 11 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അതിൽ 10 എണ്ണം പൂർത്തിയാവുകയും ചെയ്തു. ആർ.ഐ.ഡി.എഫ് XVII നു കീഴിൽ 7 പാലങ്ങൾ, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ, നടപ്പാത എന്നിവയുൾപ്പെട്ട 10 പദ്ധതികൾക്കായി 62.91 കോടി രൂപ അനുവദിച്ചു. ഇതിൽ 5 പദ്ധതികൾ പൂർത്തിയാവുകയും മറ്റു പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്. ആർ.ഐ.ഡി.എഫ് XIX–ന് കീഴിൽ 13 ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങൾ, നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ശക്തിപ്പെടുത്തൽ, 9 പാലം പണികൾ, 2 റോഡു പണികൾ എന്നിവയ്ക്കായി 76.72 കോടി രൂപ അനുവദിച്ചു. ആർ.ഐ.ഡി.എഫ്–XX ന് കീഴിൽ രണ്ട് റോഡുകളുടേയും ഒരു പാലത്തിന്റേയും നിർമ്മാണത്തിനായി 7.82 കോടി രൂപ അനുവദിച്ചു. 9 ലാന്റിംഗ് സെന്ററുകളുടെ പണികളും നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ശക്തിപ്പെടുത്തലും 2 പാലം പണികളും 1 റോഡ് പണിയും പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുകയാണ്. ആർ.ഐ.ഡി.എഫ് XXIII നു കീഴിൽ നടപ്പാക്കുന്നതിനു വേണ്ടി 25.37 കോടി രൂപ ചെലവു വരുന്ന 4 പുതിയ പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡ് സഹായം ലഭിക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികൾക്കായുള്ള 2016–17 ലെ അടങ്കൽതുക 20 കോടി രൂപയാണ്. റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്ന ചെലവ് 37.48 കോടി രൂപയാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ(കെ.എസ്.സി.എ.ഡി.സി)

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി). തീരദേശവികസനം, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം, സാങ്കേതിക വിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനവും, വിദഗ്ധോപദേശം എന്നിവ സ്ഥാപനം നൽകുന്നു. കേരള സർക്കാർ, കേന്ദ്രസർക്കാർ എൻ.എഫ്.ഡി.ബി, നബാർഡ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് ഏകദേശം 760 കോടി രൂപയുടെ വർക്കുകൾ കെ.എസ്.സി.എ.ഡി.സി നടപ്പാക്കി വരുന്നു. 2016–17 ൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 57 കോടി രൂപയുടെ 63 പ്രവർത്തനങ്ങൾ പൂർത്തിയാക്കി. 2016–17 –ൽ അടിസ്ഥാന സൌകര്യങ്ങളും മാനവശേഷി വികസനവും എന്ന പദ്ധതിക്കു കീഴിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 32.10 കോടി രൂപയുടെ 19 പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. വിദ്യാഭ്യാസ മേഖലയിലെ 14 അടിസ്ഥാന വികസന പദ്ധതികൾ/വിദ്യാഭ്യാസ മേഖലയെ സഹായിക്കുന്ന പദ്ധതികൾ, ആരോഗ്യമേഖലയിലെ 4 അടിസ്ഥാന വികസന പദ്ധതികൾ, ഒരു ഡ്രെയിനേജ് പദ്ധതി ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഡ്രെയിനേജ് പദ്ധതി പൂർത്തിയാക്കികഴിഞ്ഞു. 2016–17 –ൽ ആർ.ഐ.ഡി.എഫിനു കീഴിൽ 11 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകി. മീൻ വളർത്തുന്നതിനായുള്ള കുളങ്ങളുടെ വികസനം/ഹാച്ചറീസ് എന്നിവയ്ക്കുള്ള 6 പദ്ധതികൾ, ഫിഷറീസ് ട്രെയിനിംഗ് സെന്ററുകളുടെ വികസനവുമായി ബന്ധപ്പെട്ട 2 പദ്ധതികൾ, വിദ്യാഭ്യാസ മേഖലയിലെ 3 അടിസ്ഥാന

വികസന പദ്ധതികൾ എന്നിവയ്ക്കായി 31.74 കോടി രൂപ അനുവദിച്ചു. 2016–17 –ൽ കൊല്ലം ജില്ലയിലെ കാരിക്കോട് എന്ന സ്ഥലത്ത് ആധുനീക രീതിയിലുള്ള മത്സ്യവിപണന വ്യാപാര കേംന്ദ്ര നിർമ്മിക്കാൻ അനുമതി ലഭിച്ചു. അടങ്കൽ തുക 356 ലക്ഷം രൂപയാണ്. ഇതിൽ 178 ലക്ഷം രൂപ ദേശീയ മത്സ്യവികസന ബോർഡിന്റെ ഓഹരിയാണ്.

സാമൂഹ്യ അടിസ്ഥാന വികസനം ഉൾപ്പെടെ തീരദേശ അടിസ്ഥാന വികസനത്തിന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാർ വളരെയധികം രൂപ ചെലവഴിച്ചു. ദീർഘകാലമായി പൂർത്തീകരിക്കാത്ത ധാരാളം പദ്ധതികൾ ഉണ്ട്. ഈ പദ്ധതികളുടെ അവസ്ഥ വിലയിരുത്തി, പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപട്ടിക തയ്യാറാക്കി, അത് പ്രാബല്യത്തിൽ വരുത്തുക അനിവാര്യമാണ്.

മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും

മത്സ്യത്തൊഴിലാളി സമൂഹത്തിന് സാമൂഹിക സുരക്ഷിതത്വവും ഉപജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാറിന്റെ ഫിഷറീസ് വകുപ്പിന് പുറമെ മത്സ്യഫെഡും, കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിലെ പല സ്കീമുകൾക്കും പ്ലാൻ സഹായം ലഭ്യമാണ്. ഇവയിൽ ചിലത് കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. മത്സ്യത്തൊഴിലാളികൾക്ക് തുടർച്ചയായി ഉപജീവനോപാധികൾ നൽകുന്ന പദ്ധതികൾക്ക് പുറമേ ഭവനനിർമ്മാണം, ഇൻഷ്വറൻസ്, പെൻഷൻ മുതലായവയ്ക്കുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മുഖേന 2.36 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു. 77,597 അനുബന്ധ മത്സ്യബന്ധന പ്രവർത്തകർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന പ്രയോജനം ലഭിച്ചു. 55,335 മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യ പെൻഷൻ നൽകി. 'പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസഡ് ഫിഷർമെൻ' എന്ന പദ്ധതിയുടെ കീഴിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി മുഖേന ആനുകൂല്യം ലഭിച്ചു. 9,965 പേർക്കാണ് പ്രയോജനം ലഭിച്ചത്. 200 മത്സ്യയാനങ്ങൾക്ക് യന്ത്രം ഘടിപ്പിക്കുന്നതിനായി തുക അനുവദിച്ചു. 960 മത്സ്യത്തൊഴിലാളികൾക്ക് ഫിഷിംഗ് ഗിയർ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. 'സേവിംഗ് കം റിലീഫ്' പദ്ധതി യ്ക്കു കീഴിൽ 1.9 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് പ ഞ്ഞമാസ(ഓഫ് സീസൺ)ത്തിലേയ്ക്കു വേണ്ട സഹായം അനുവദിച്ചു. ഫിഷറീസ് ഡിപ്പാ ർട്ട്മെന്റും കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡും നടപ്പിലാക്കുന്ന ഇത്തരം സ്കീമുകളുടെ വിശദാംശങ്ങൾ **അനുബന്ധം 2.72 ലും 2.73** ലും കൊടുത്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന് കൂടുതൽ സഹായം നൽകാനും കൂടുതൽ ജനങ്ങളെ സാമൂഹിക സുരക്ഷാപദ്ധതികളുടെ ഭാഗമാക്കാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

മത്സ്യഫെഡ്

പ്രാഥമിക തലത്തിലുള്ള 651 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 335 സംഘങ്ങൾ സമുദ്രമേഖലയിലും 198 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 118 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.45 ലക്ഷത്തിൽ കൂടുതലാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്താനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. സമ്പാദ്യശീലത്തിലൂടെ ഈ സംഘങ്ങൾക്ക് ധനസമാഹരണം നടത്താൻ സാധിച്ചു. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2016–17 –ൽ മൈക്രോഫിനാൻസിന്റെ പിന്തുണയോടെ സ്വയം സഹായ സംഘം വഴിയുള്ള പ്രയോജനം 26,400 ഗുണഭോക്താക്കൾക്കു ലഭിച്ചു. 17,928 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികളും അറിവുകളും എത്തിക്കുന്നതിൽ മത്സ്യഫെഡ് വിജയിച്ചിട്ടുണ്ട്. പദ്ധതി മുഖേന സബ്സിഡിയിനത്തിൽ ഫിഷിംഗ് ഗിയറുകൾ

അനുവദിച്ചു. 899 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 2.74** –ൽ കാണിച്ചിട്ടുണ്ട്.

സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർ വുമണും സ്ത്രീ ശാക്തീകരണവും

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും ആകമാനമുള്ള വികസനം സാധ്യമാക്കുന്നതിനും വേണ്ടി സ്ഥാപിതമായ ഏജൻസിയാണ് സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് റ്റു ഫിഷർ വുമൺ. എസ്.എ.എഫ് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ കൂട്ടായ പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകി. ചെറുകിട സംരംഭങ്ങളും, നിലനിൽപ്പിനുവേണ്ടി തൊഴിലുകളും ആരംഭിച്ചു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉപജീവനോപാധി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകിച്ച് ചെറുകിട സംരംഭങ്ങളുടെ വികസനത്തിനു വേണ്ടിയും 320 ഗുണഭോക്താക്കൾക്ക് സഹായം നൽകി. 542 ഗുണഭോക്താക്കൾക്ക് അവരുടെ കാര്യക്ഷമതാ വളർത്തുന്നതിനുള്ള പരിശീലനം നൽകി. കൂടാതെ നിലവിലുള്ള യൂണിറ്റുകളുടെ നിലനിൽപ്പ് ഉറപ്പു വരുത്തുന്നതിനു വേണ്ടി, 588 യൂണിറ്റുകൾക്ക് പ്രവർത്തന മൂലധന തുക അനുവദിച്ചു. 100 യൂണിറ്റുകൾക്ക് സാങ്കേതിക അഭിവൃദ്ധിക്കു വേണ്ട സഹായം നൽകി. 1,025 യൂണിറ്റുകൾക്ക് കാര്യക്ഷമതാ പരിശീലനം നൽകി. 30 വയസ്സിനു താഴെയുള്ള 336 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തീരനൈപുണ്യം പദ്ധതി വഴി പ്രയോജനം ലഭിച്ചു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 2.75** –ൽ കൊടുത്തിട്ടുണ്ട്.

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സമുദ്ര മത്സ്യ ബന്ധന മേഖല അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. ഈ അടിസ്ഥാന സൗകര്യങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി, പോഷകാഹാരത്തിനും, ഭക്ഷ്യസുരക്ഷയ്ക്കും, സാമ്പത്തിക വളർച്ചക്കും വേണ്ടി മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുക എന്നതാണ് പന്ത്രണ്ടാം പദ്ധതിയുടെ തന്ത്രം. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ മാനേജ്മെന്റ്, ഓഫ്ഷോർ സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ വർദ്ധന, വിളവെടുത്ത മത്സ്യത്തിന്റെ പൂർണ്ണമായ വിനിയോഗവും, മൂല്യവർദ്ധനവും എന്നീ കാര്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് സംസ്ഥാനം നീങ്ങുമ്പോൾ, സംസ്ഥാനത്തിന്റെ വികസനത്തിന് ബൃഹത്തായ സംഭാവന നൽകാൻ കെൽപ്പുള്ള മേഖലയെന്ന നിലയ്ക്ക് വളരെ താല്പര്യത്തോടെയാണ് മത്സ്യബന്ധന മേഖലയെ ഏവരും കാണുന്നത്. മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പോഷകാഹാര ഭദ്രത ഉറപ്പ് വരുത്തുക, ഉല്പാദന ഫലങ്ങൾ സുസ്ഥിരവും നിഷ്പക്ഷവുമായ രീതിയിൽ വീതിച്ചു നൽകുക വഴി മത്സ്യത്തൊഴിലാളി സമൂഹത്തിനിടയിലുള്ള ദാരിദ്ര്യം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മേഖല സ്വയം ഏറ്റെടുക്കേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി അധ:പതനവും സൃഷ്ടിക്കുന്ന വെല്ലുവിളികളെ മനസ്സിലാക്കിയാകണം ഇത് കൈവരിക്കേണ്ടത്. ഉൾനാടൻ ജലസ്രോതസ്സുകളിലെ അക്വാകൾച്ചറിന്റെ വളർച്ചയ്ക്ക് കേരളത്തിന്റെ വിഭവ അടിത്തറ വിപുലമായ സാധ്യതകളാണ് മുന്നോട്ട് വയ്ക്കുന്നത്. കാര്യനിർവ്വഹണത്തിന്റെ വിപ്ലവകരമായ ഈ മാറ്റത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവപങ്കും സംഭാവനയും അനിവാര്യമാണ്. എന്നാൽ ഭാവി ഉദ്യമങ്ങളിൽ വിഭവ സംരക്ഷണത്തിനും ഹാനികരമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. കൂടാതെ ഭാവിയിലെ നിലനിൽപ്പും ഉറപ്പുവരുത്തേണ്ടതാണ്. പര്യാപ്തമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെയും, വ്യാപന പ്രവർത്തനങ്ങളിലൂടേയും മത്സ്യബന്ധന മേഖലയ്ക്ക് വരും വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കാൻ സാധിക്കും.

ജലവിഭവങ്ങൾ

സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ ജലസമ്പത്തിന്റെ പങ്കിനെക്കുറിച്ച് 2016 ലെ വേൾഡ് വാട്ടർ ഡവലപ്മെന്റ് റിപ്പോർട്ടിൽ (ഡബ്ല്യു.ഡബ്ല്യു.ഡി.ആർ) വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സുസ്ഥിര വികസനത്തിനും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ജലസമ്പത്ത് അത്യന്താപേക്ഷിതമാണ്. ജലത്തിന്റെ ഉല്പാദനക്ഷമത ഭാരതത്തിൽ വളരെ കുറവാണ്. എല്ലാ കൃഷിയിടങ്ങളിലും ജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി, ഭാരത സർക്കാർ പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ) എന്ന പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. ജലസമ്പത്തിന്റെ നയപരമായ ഉപയോഗം മൂലം 'ഒരു കണിക ജലത്തിൽ നിന്ന് കൂടുതൽ വിളവ്' എന്ന ആശയം പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചത്.

ദേശീയ തലത്തിലെ സ്ഥിതിവിവര കണക്കു പ്രകാരം, 2014–15 കാലഘട്ടത്തിൽ, രാജ്യത്തെ മൊത്തം കൃഷി ഭൂമി 1,983.60 ലക്ഷം ഹെക്ടറും, മൊത്തം ജലസേചിത പ്രദേശം 964.57 ലക്ഷം ഹെക്ടറും ആയിരുന്നു. എന്നാൽ, ഇതേ കാലഘട്ടത്തിൽ, കൃഷി ഭൂമിയുടെ അറ്റവിസ്തീർണ്ണം 1,401.30 ലക്ഷം ഹെക്ടറും, ജലസേചിത പ്രദേശത്തിന്റെ അറ്റവിസ്തീർണ്ണം 683.83 ലക്ഷം ഹെക്ടറും ആയിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ കേരളത്തിലെ മൊത്തം ജലസേചിത പ്രദേശം 4.69 ലക്ഷം ഹെക്ടർ ആയിരുന്നു.

ജലസമ്പത്ത് ധാരാളമുള്ള സംസ്ഥാനമാണ് കേരളം. മഴവെള്ളം ധാരാളമായി ലഭിക്കുന്നുണ്ടെങ്കിൽപ്പോലും സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജലദൗർലഭ്യം (ജലത്തിന്റെ ഗുണത്തിലും, അളവിലും) അനുഭവപ്പെടുന്നുണ്ട്. മഴവെള്ളം ഭൂമിയിൽ പതിച്ചതിനുശേഷം അത് ഉപരിതലത്തിലൂടെ ഒലിച്ചു പോവുകയോ, ഭൂഗർഭജലം പുനരുജ്ജീവിപ്പിക്കുന്നതിന് സഹായകമാവുകയോ ചെയ്യും. ജലസേചന സാധ്യതയുള്ള പ്രദേശങ്ങളും, ജലസേചനം നടപ്പിലാക്കിയ പ്രദേശങ്ങളും തമ്മിലുള്ള വിടവ് വളരെ വലുതാണ്. വിതരണ ശൃംഖലാ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാലും, കമാന്റ് ഏരിയ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കാത്തതിനാലും, കൃത്യമായ പ്രവർത്തനവും പരിപാലനവും ഇല്ലാത്തതിനാലുമാണ് ജലസേചന സാധ്യതയുള്ള പ്രദേശങ്ങളും ജലസേചനം നടപ്പിലാക്കിയ പ്രദേശങ്ങളും തമ്മിലുള്ള അനുപാതം കുറഞ്ഞു വരുന്നത്. ജലസമ്പത്ത് കൃത്യമായി നിയന്ത്രിക്കുന്നതിലൂടെ ഈ വിഷയത്തിൽ ഒരു ഇടപെടൽ സാധ്യമാണ്. ജലത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി വേണം ഒരു ഏകീകൃത ജലവിഭവ നിയന്ത്രണം നടപ്പിലാക്കേണ്ടത്. പരിമിതമായ ജലവിഭവം വളരെ ഫലപ്രദമായി വിനിയോഗിക്കുവാൻ ഇതു മൂലം സാധിക്കും.

ജലസംഭരണികളിലെ ഉപയോഗക്ഷമമായ സംഭരണ ശേഷി

54 ഡാമുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇതിൽ 14 ഡാമുകളും, 6 ബാരേജുകളും ജലസേചന വകുപ്പിന്റെ അധീനതയിലാണ്. സംസ്ഥാനത്തെ ജലസംഭരണികളിലെ ഉപയോഗക്ഷമമായ സംഭരണശേഷിയുടെ തോത് 1,431 ദശലക്ഷം ക്യൂബിക് മീറ്ററായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2015–17 കാലഘട്ടത്തിലെ അണക്കെട്ടുകളുടെ സംഭരണനിലയുടെ വിശദാംശങ്ങൾ (വർഷകാലാരംഭത്തെ സംഭരണവും, വർഷകാലാവസാനത്തെ സംഭരണവും) **അനുബന്ധം 2.76** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2017 ലെ കാലവർഷാരംഭത്തിൽ ആകെ സംഭരണം 266.24 ദശലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നു. എന്നാൽ കാലവർഷത്തിന്റെ അവസാനം ഇത് 523.23 ദശലക്ഷം ക്യൂബിക് മീറ്റർ ആയി ഉയർന്നു. മുൻ വർഷം ഇത് യഥാക്രമം 488.35 ദശലക്ഷം ക്യൂബിക് മീറ്ററും 690 ദശലക്ഷം ക്യൂബിക് മീറ്ററും ആയിരുന്നു. ജലസംഭരണികളിൽ കാലവർഷത്തിനു ശേഷം സംഭരിക്കുന്ന

ചിത്രം 2.20
ജലസംഭരണികളിലെ സംഭരണ നില (2015–17)



അവലംബം: ജലസേചന വകുപ്പ്,കേരള സർക്കാർ

ജലത്തിന്റെ തോത് പരിശോധിക്കുമ്പോൾ, കഴിഞ്ഞ മൂന്ന് വർഷങ്ങളായി സംഭരണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്ന പ്രവണതയാണ് കാണുന്നത്. 2015 കാലയളവിൽ 373.32 ദശലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നത് 2016 ആയിരുന്നപ്പോൾ 201.65 ദശലക്ഷം ക്യൂബിക് മീറ്ററായി കുറയുകയുണ്ടായി. എന്നാൽ 2017 ൽ ഇത് 256.99 ദശലക്ഷം ക്യൂബിക് മീറ്ററായി വർദ്ധിച്ചു (**ചിത്രം 2.20**).

വൻകിട ഇടത്തരം ജലസേചന പദ്ധതികൾ

വൻകിട ഇടത്തരം ഇനത്തിൽപ്പെട്ട 23 ജലസേചന പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ ഉള്ളത്. ഇതിൽ 19 പദ്ധതികൾ പൂർത്തീകരിക്കുകയും, 4 പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. 1970–80 കാലഘട്ടങ്ങളിൽ ആരംഭിച്ച മൂവാറ്റുപുഴ ജലസേചന പദ്ധതി, ഇടമലയാർ ജലസേചന പദ്ധതി, കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലസേചന പദ്ധതി എന്നിവയാണ് പൂർത്തീകരിക്കേണ്ട സമയപരിധിയും, ചെലവഴിക്കേണ്ട തുകയും അതിക്രമിച്ചിട്ടും പണി പൂർത്തീകരിക്കാതെ ഇപ്പോഴും നടപ്പിലാക്കി വരുന്നത്. സാങ്കേതികവും ഭരണസംബന്ധവുമായ വിവിധ കാരണങ്ങൾ കൊണ്ടാണ് പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത്. വിശദാംശങ്ങൾ **അനുബന്ധം 2.77** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി (എം.വി.ഐ.പി)

കേരളത്തിലെ പ്രധാന ജലസേചന പദ്ധതികളിൽ ഒന്നാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി. ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ മൂലമറ്റം പവർ ഹൌസിൽ നിന്നും തൊടുപുഴ നദിയുടെ സംഭരണ പ്രദേശത്ത് നിന്നുമുള്ള മിച്ചജലം ഉപയോഗിച്ച് ജലസേചന സൗകര്യം ലഭ്യമാക്കാനുള്ളതാണ് ഈ പ്രോജക്ട്. 1974 –ൽ 20.86 കോടി രൂപ മതിപ്പുചെലവിൽ ആരംഭിച്ച ഈ പദ്ധതിക്ക്, 1983 ജൂൺ മാസത്തിൽ ആസൂത്രണ കമ്മിഷൻ 48.08 കോടി രൂപയ്ക്ക് അനുമതി നൽകുകയുണ്ടായി. 1994 ൽ ഈ പദ്ധതി ഭാഗികമായി കമ്മിഷൻ ചെയ്തു. ഈ സമയം മുതൽ പൂർത്തീകരിച്ച കനാൽ ശൃംഖലകളിൽ കൂടി ജലം വിതരണം ചെയ്യുന്നുണ്ട്. 35,619 ഹെക്ടർ നേട്ടമാണ് ഈ പദ്ധതിയിൽ കൂടി വിഭാവനം ചെയ്തത്. ഇതിൽ 32,608 ഹെക്ടർ നേട്ടം ഇതുവരെ കൈവരിച്ചു. എന്നാൽ ചില പ്രദേശങ്ങളിലെ പ്രശ്നങ്ങൾ ഇതു വരെ പരിഹരിച്ചിട്ടില്ല. 2015 ലെ ഡി.എസ്.ആർ നിരക്ക് അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുക

945 കോടി രൂപയാണ്. 2017 മാർച്ച് വരെയുള്ള മൊത്തം ചെലവ് 918.32 കോടി രൂപയാണ്.

ഇടമലയാർ ജലസേചന പദ്ധതി

പെരിയാർ നദിയിൽ നിന്നുള്ള വെള്ളം തിരിച്ച് കൃഷിയോഗ്യമായ പെരിയാർ, ചാലക്കുടി നദീതടങ്ങളിലെ 14,394 ഹെക്ടർ പ്രദേശത്തെ ജലസേചനത്തിനു വേണ്ടിയുള്ള ഒരു വ്യതിയാന പദ്ധതിയാണ് ഇടമലയാർ ജലസേചന പദ്ധതി. 17.85 കോടി രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തി 1981 ലാണ് ഈ പദ്ധതി ആരംഭിച്ചത്. 2012 ലെ ഷെഡ്യൂൾ നിരക്ക് അനുസരിച്ച് എസ്റ്റിമേറ്റ് 750 കോടി രൂപയാക്കി ഭേദഗതി ചെയ്തു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയെല്ലാമാണ് – (1) പ്രധാന കനാൽ ആരംഭിക്കുന്നിടത്ത് കനാലിന് കുറുകെയുള്ള റെഗുലേറ്റർ (2) പ്രധാന കനാൽ (32.278 കി.മീ), ലോ ലെവൽ കനാൽ (27.25 കി.മീ), ലിങ്ക് കനാൽ (7.575 കി.മീ) എന്നിവ ഉൾപ്പെടുന്ന കനാൽ ശൃംഖല. 32.278 കി.മീ നീളമുള്ള പ്രധാന കനാലിന്റെ പണി പൂർത്തീകരിച്ചു. എം.സി. റോഡ് ക്രോസ്സിംഗ്, റെയിൽവെ ക്രോസ്സിംഗ് എന്നീ തടസ്സങ്ങൾ ഒഴികെ ലൊ ലെവൽ കനാലിന്റെ 15 കി.മീ വരെയും, ലിങ്ക് കനാലിന്റെ 2 കി.മീ വരെയുമുള്ള പണികൾ പൂർത്തീകരിച്ചു. 32.278 കി.മീ നീളത്തിൽ പ്രധാന കനാലിലൂടേയും, 7.3 കി.മീ നീളത്തിൽ ലോ ലെവൽ കനാലിലൂടേയും ജലവിതരണം 2013, 2014, 2015, 2016, 2017 (ജനുവരി മുതൽ ജൂൺ വരെ) വർഷങ്ങളിൽ നടത്തുകയുണ്ടായി. ഇതു മൂലം എറണാകുളം ജില്ലയിലെ മലയാറ്റൂർ–നീലേശ്വരം, അയ്യാമ്പുഴ, മഞ്ഞപ്ര, തുറവൂർ പഞ്ചായത്തുകളിലെ കാർഷിക ആവശ്യങ്ങൾക്കും, കുടിവെള്ള ആവശ്യങ്ങൾക്കും ഗുണം ലഭിച്ചു. 2998 ഹെക്ടർ അയാക്കട്ട് (അറ്റ) നേട്ടം കൈവരിച്ചു. 2017 മാർച്ച് മാസം വരെ ഈ പദ്ധതിയുടെ ആകെ ചെലവ് 433 കോടി രൂപയാണ്.

കാരാപ്പുഴ ജലസേചന പദ്ധതി

കാവേരി നദിയുടെ ഉപനദീതടമായ കബനിയിൽ ആദ്യമായി നടപ്പിലാക്കിയ ഇടത്തരം ജലസേചന പദ്ധതിയാണ് കാരാപ്പുഴ ജലസേചന പദ്ധതി. കാവേരി നദിയുടെ 2.80 റ്റി.എം. സി ജലമാണ് കാരാപ്പുഴ പദ്ധതിക്ക് കാവേരി നദീതട ട്രിബ്യൂണൽ അനുവദിച്ചിട്ടുള്ളത്. എ.ഐ.ബി.പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 99 മുൻഗണനാ പദ്ധതികളിൽ ഒന്നാണ് കാരാപ്പുഴ പദ്ധതി. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ, വാഴവട്ട എന്ന സ്ഥലത്ത് കാരാപ്പുഴ നദിക്ക് കുറുകെ ഒരു അണക്കെട്ടും, ജലനിർഗ്ഗമന മാർഗ്ഗവും പണിയുന്നതിനാണ് പ്രസ്തുത പദ്ധതി. ഇതു മൂലം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി തൂലൂക്കുകളിലായി 5,221 ഹെക്ടർ (നെറ്റ്) സ്ഥലത്ത് ജലസേചനം നടത്തുവാൻ സാധിക്കും. റിസർവോയറിന്റെ ആകെ സംഭരണശേഷി 76.50 ദശലക്ഷം ക്യൂബിക് മീറ്ററും, നിലവിലെ സംഭരണശേഷി 72 ദശലക്ഷം ക്യൂബിക് മീറ്ററുമാണ്.

ഈ പദ്ധതിക്ക് 1978 ൽ പ്ലാനിംഗ് കമ്മിഷൻ 7.60 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. 5,600 ഹെക്ടർ പ്രദേശത്ത് ജലസേചനം കൈവരിക്കാനും ജലസേചനസാധ്യതാ പ്രദേശമായി 8,721 ഹെക്ടർ കൈവരിക്കാനും ലക്ഷ്യമിട്ടിരുന്നു. 2014 –ലെ ഡി.എസ്.ആർ നിരക്കനുസരിച്ച് 560 കോടിരൂപയാണ് ഭേദഗതി ചെയ്ത അടങ്കൽ തുക. ജൂൺ 2010 ൽ പദ്ധതി ഭാഗികമായി കമ്മിഷൻ ചെയ്തു. 2017 മാർച്ച് പ്രകാരം, ആകെ ചിലവഴിച്ച തുക 318.08 കോടി രൂപയാണ്. 601 ഹെക്ടറിൽ നേട്ടം കൈവരിക്കുവാനും, 938 ഹെക്ടർ ജലസേചന സാധ്യതാ പ്രദേശമായി വികസിപ്പിക്കുവാനും സാധിച്ചു.

ബാണാസുര സാഗർ ജലസേചന പദ്ധതി

വയനാട് ജില്ലയിലെ രണ്ടാമത്തെ ജലസേചന പദ്ധതിയാണ് ബാണാസുരസാഗർ ജലസേചന പദ്ധതി. പനമരം നദിയുടെ പോഷകനദിയായ കരമൻതോട് നദീതടത്തിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. വയനാട് ജില്ലയിലെ രണ്ട് താലൂക്കുകളിലായി 2,800 ഹെക്ടർ കൃഷിഭൂമിയിൽ, രണ്ടാമത്തെയും മൂന്നാമത്തെയും വിളകൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 1979–ൽ എട്ട് കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കി ആരംഭിച്ചതാണ് ഈ പദ്ധതി.

2.73 കി.മീ നീളമുള്ള പ്രധാന കനാലും, 2 ശാഖാ കനാലുകളുമാണ് ഉള്ളത്. ഇതിൽ പടിഞ്ഞാറത്തറ ശാഖാ കനാലിന് 9.030 കി.മീ നീളവും, വെണ്ണിയോട് ശാഖാ കനാലിന് 5.390 കി.മീ നീളവും ഉണ്ട്. പ്രധാന കനാലിന്റെ 2,360 മീ. നീളത്തിലുള്ള പണികൾ പൂർത്തീകരിച്ചു. പടിഞ്ഞാറത്തറ, വെണ്ണിയോട് ശാഖാ കനാലിന്റെ പണികൾ പുരോഗമിക്കുന്നു. 2016 ഡി.എസ്.ആർ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തുക 390 കോടി രൂപയാണ്. മാർച്ച് 2017 ലെ കണക്ക് പ്രകാരം ഈ പദ്ധതിക്ക് ചെലവഴിച്ച തുക 54.01 കോടി രൂപയാണ്.

ബോക്സ് 2.2
നടപ്പിലാക്കി വരുന്ന ജലസേചന പദ്ധതികളുടെ അവലോകനത്തിനായി രൂപീകരിച്ച സാങ്കേതിക കമ്മിറ്റി

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വൻകിട ഇടത്തരം വിഭാഗത്തിൽപ്പെട്ട ജലസേചന പദ്ധതികളുടെ അവലോകനത്തിനായി, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ആർ രാമകുമാറിന്റെ അധ്യക്ഷതയിൽ അഞ്ചംഗ സാങ്കേതിക കമ്മിറ്റി രൂപവൽക്കരിച്ചു.

കമ്മിറ്റിയിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ

- നടപ്പിലാക്കി വരുന്ന ജലസേചന പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തുക
- പദ്ധതി പ്രദേശം സന്ദർശിച്ചും, സാങ്കേതിക വിലയിരുത്തലിലൂടേയും പദ്ധതി നേട്ടങ്ങൾ അവലോകനം ചെയ്യുക
- പദ്ധതികൾക്കായി ചിലവഴിച്ച തുക ഫലപ്രദമായി വിനിയോഗിക്കുന്ന തരത്തിൽ പദ്ധതികൾ പൂർത്തീകരിക്കാനോ/നിർത്തലാക്കാനോ ഉള്ള സാധ്യത പരിശോധിക്കുക.
- പദ്ധതികളുടെ തുടർ നിർവ്വഹണത്തിന് അനുയോജ്യമായ മാർഗ്ഗനിർദ്ദേശം തയ്യാറാക്കുക.

കമ്മിറ്റി സ്വീകരിച്ച പ്രവർത്തന രീതികൾ

- 2017 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും, പദ്ധതി നടത്തിപ്പിലുള്ള തടസ്സങ്ങൾ മനസ്സിലാക്കുകയും ചെയ്തു.
- ജനപ്രതിനിധികൾ, പാടശേഖരസമിതി പ്രതിനിധികൾ, കർഷകർ എന്നിവരുമായി അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു.
- കെ.എസ്.ആർ.ഇ.സി/എൽ.യു.ബി എന്നീ സ്ഥാപനങ്ങളുമായി പദ്ധതി പ്രദേശങ്ങളുടെ അയാക്കട്ടിന്റെ ഉപഗ്രഹ ചിത്രങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി

അവലോകന റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്.

കുട്ടനാട് പാക്കേജ്

ആലപ്പുഴ ജില്ലയിലെ 32 പഞ്ചായത്തുകളും, കോട്ടയം ജില്ലയിലെ 27 പഞ്ചായത്തുകളും, പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് കുട്ടനാടൻ ചതുപ്പ് പ്രദേശം. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 1840 കോടി രൂപയുടെ (2007 വിലനിലവാരത്തിൽ) ഒരു പദ്ധതി എം.എസ്.എസ്.ആർ.എഫ് നിർദ്ദേശിക്കുകയുണ്ടായി. വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും, ജലത്തിലെ ഉപ്പുരസം നിയന്ത്രിക്കുന്നതിനും, ജലനിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി 1,517.90 കോടി രൂപയുടെ വിവിധ പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ പരിപാടികളിൽ ഉൾപ്പെടുത്തി 4 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാറിന്റെ അംഗീകാരം ലഭിച്ചത്. കെ.ഇ.എൽ 1 – വെള്ളപ്പൊക്ക നിവാരണം (14 പാടശേഖരങ്ങൾ), കെ.ഇ.എൽ 2 – വെള്ളപ്പൊക്ക നിവാരണം (9 പാടശേഖരങ്ങൾ), കെ.ഇ.എൽ 3 – വെള്ളപ്പൊക്ക നിവാരണം (231 പാടശേഖരങ്ങൾ), കെ.ഇ.എൽ 4 – 12 നീർത്തടങ്ങളിൽ വെള്ളപ്പൊക്ക നിവാരണം. കെ.ഇ.എൽ 1, കെ.ഇ.എൽ 2 എന്നിവയുടെ പണി പൂർത്തീകരിച്ചു. കെ.ഇ.എൽ 3 ന്റെ പണികൾ 92 ശതമാനവും, കെ.ഇ.എൽ നാലിന്റെ പണികൾ 62 ശതമാനവും പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികൾ പുരോഗമിച്ചു വരുന്നു.

ജലസേചന നിലവാരം

2016–17 കാലയളവിലെ ജലസേചന സൌകര്യമുള്ള പ്രദേശത്തിന്റെ സ്രോതസ്സ് തിരിച്ചുള്ള അറ്റ വിസ്തീർണ്ണം **അനുബന്ധം 2.78** ലും **2.79** ലും രേഖപ്പെടുത്തിയിരിക്കുന്നു. ജലസേചന സൗകര്യമുള്ള പ്രദേശത്തിന്റെ അറ്റ വിസ്തീർണ്ണം കുറഞ്ഞു വരുന്ന പ്രവണതയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ ജലസേചന സൗകര്യമുള്ള പ്രദേശത്തിന്റെ അറ്റ വിസ്തീർണ്ണം 2014–15 –ൽ 4.14 ലക്ഷം ഹെക്ടർ ആയിരുന്നത്

2015–16 –ൽ 4.13 ലക്ഷം ഹെക്ടർ ആയും 2016–17 –ൽ 3.77 ലക്ഷം ഹെക്ടറായും കുറഞ്ഞു. ജലസേചനത്തിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. 1.22 ലക്ഷം ഹെക്ടർ പ്രദേശത്ത് ഇവ മൂലം ജലസേചനം ലഭ്യമാകുന്നു. സർക്കാർ കനാലിൽ കൂടി 0.63 ലക്ഷം ഹെക്ടറിൽ ജലേസേചനം ലഭിക്കുന്നു. എന്നാൽ പോലും, കിണറുകളും കനാലുകളും മുഖാന്തിരം ജലസേചനം ലഭ്യമാകുന്ന പ്രദേശങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നു.

മൊത്തം ജലസേചന സൌകര്യമുള്ള പ്രദേശത്തിന്റെ വിസ്തൃതിയിൽ വ്യതിയാനം ഉണ്ടാകുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2014–15 –ൽ 4.69 ലക്ഷം ഹെക്ടർ ആയിരുന്നത്, 2015–16 ആയപ്പോൾ 4.83 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചുവെങ്കിലും, 2016–17 –ൽ ഇത് 4.57 ലക്ഷം ഹെക്ടറായി കുറയുകയുണ്ടായി. മൊത്തം ജലസേചിത പ്രദേശത്തിന്റെ വിശദാംശങ്ങളും, ജലസേചനത്തിന്റെ പ്രയോജനം ഏറ്റവും അധികം ലഭിച്ച വിളകളുടെ വിശദാംശങ്ങളും **അനുബന്ധം 2.80** ലും **2.81** ലും രേഖപ്പെടുത്തിയിരിക്കുന്നു. നാളികേരം, നെല്ല്, അടയ്ക്ക, പച്ചക്കറികൾ എന്നീ വിളകൾക്കാണ് ഈ കാലഘട്ടത്തിൽ കൂടുതൽ പ്രയോജനം ലഭിച്ചത്. എന്നിരുന്നാൽപ്പോലും, ഈ വിളകൾക്ക് ജലസേചനം ലഭ്യമായ പ്രദേശത്തിന്റെ വിസ്തൃതി കഴിഞ്ഞ വർഷത്തേക്കാൾ 2016–17 കാലയളവിൽ കുറഞ്ഞതായിട്ടാണ് കാണുന്നത്. 2015–16 ലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ, നാളികേരത്തിന് ജലസേചനം ലഭ്യമായ പ്രദേശത്തിന്റെ വിസ്തൃതി 1.65 ലക്ഷം ഹെക്ടറിൽ നിന്നും 1.59 ലക്ഷം ഹെക്ടറായിട്ടും, നെൽകൃഷിയുടേത് 1.50 ലക്ഷം ഹെക്ടറിൽ നിന്നും 1.31 ലക്ഷം ഹെക്ടറായിട്ടും 2016–17 വർഷത്തിൽ കറയുകയുണ്ടായി. മൊത്തം കൃഷി ഭൂമിയും മൊത്തം ജലസേചിത പ്രദേശവും തമ്മിലുള്ള അനുപാതം 2015–16 ൽ 18.4 ശതമാനമായിരുന്നത് 2016–17 ൽ 17.7 ശതമാനമായി കുറഞ്ഞു.

ചെറുകിട ജലസേചനം

2000 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനം എത്തിക്കുന്ന പദ്ധതികളെയാണ് ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹെക്ടർ അനുപാതത്തിൽ വേണ്ടി വരുന്ന കുറഞ്ഞ മുതൽ മുടക്ക്, മെച്ചപ്പെട്ട രീതിയിലുള്ള ആദായം, ആവാസ വ്യവസ്ഥക്ക് അനുയോജ്യമായ പ്രവർത്തനം എന്നീ കാരണങ്ങൾ കൊണ്ട് നമ്മുടെ സംസ്ഥാനത്ത് ചെറുകിട ജലസേചന പദ്ധതികൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. തടയണകളുടെ നിർമ്മാണം, ജലസേചന ടാങ്കുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, റഗുലേറ്ററുകൾ, ബണ്ടുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുതലായവയാണ് പ്രധാനമായും ചെറുകിട ജലസേചന പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നത്. കുളങ്ങളുടേയും ടാങ്കുകളുടേയും നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടായിരുന്നു പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് ചെറുകിട ജലസേചന മേഖലയ്ക്ക് പ്രാധാന്യം നൽകിയത്. ചെറുകിട ജലസേചന പദ്ധതികൾക്ക് അനുയോജ്യമായ സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെങ്കിലും, ഇതിന്റെ മുഴുവൻ സാധ്യതയും പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. പന്ത്രണ്ടാം പദ്ധതിക്കാലയളവ് വരെ 1,231.50 കോടി രൂപ ചെറുകിട ജലസേചന മേഖലയ്ക്ക് ചെലവഴിച്ചതു വഴി 325,565 ഹെക്ടർ (അറ്റ) നേട്ടം കൈവരിക്കുവാൻ സാധിച്ചു. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കലാത്ത് മാത്രം 43,699 ഹെക്ടർ നേട്ടം കൈവരിച്ചു.

2014–15 മുതൽ 2016–17 വർഷം വരെയുള്ള ചെറുകിട ജലസേചന പദ്ധതിയുടെ ഭൗതികനേട്ടങ്ങൾ **അനുബന്ധം 2.82** –ൽ രേഖപ്പെടുത്തിയിരിക്കുന്നു. ജലസേചന പദ്ധതികൾക്ക് ആർ.ഐ.ഡി.എഫ് പദ്ധതികളിൽ കൂടി നബാർഡ് വായ്പ അനുവദിക്കുന്നുണ്ട്. ഘട്ടം I മുതൽ XXI വരെയുള്ള വിവിധ പദ്ധതികളിൽ ഇതുവരെ 1329 പണികൾ പൂർത്തിയായി. വിശദാംശങ്ങൾ **അനുബന്ധം 2.83** ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXII ൽ 27.50 കോടി രൂപയുടെ 3 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

ഹരിതകേരളം മിഷൻ - ജല സംരക്ഷണവും പ്രകൃതി വിഭവ പരിപാലനവും

ജലസംരക്ഷണം അഥവാ ജലസമൃദ്ധി എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഉത്തരവാദിത്വം ജലസേചന വകുപ്പിനാണ്. നിലവിലുള്ള ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നതിലൂടേയും, പുനരുദ്ധരിക്കുന്നതിലൂടേയും ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കും. ഇതിലൂടെ ജലസേചനത്തിനും കുടിവെള്ളത്തിനുമായി ശുദ്ധജലം ഉറപ്പു വരുത്താനാകും. ജല മേഖലയിലുള്ള എല്ലാ ഗുണഭോക്താക്കളേയും ഒരുമിപ്പിച്ച് ഒരു ഏകീകൃത നീർത്തടാധിഷ്ഠിത

മാർഗ്ഗത്തിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രകൃതി വിഭവ പരിപാലനവും സാധ്യമാകും. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ കുളങ്ങളുടെ നവീകരണവും, രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മുതലായ ജലാശയങ്ങളുടെ പുനരുദ്ധാരണവും, വലിയകുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കുന്നതിനും, ജലസേചന കനാലിന്റെ ചോർച്ച പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഭൂഗർഭ ജല വികസനം

ആഗോളതലത്തിലുള്ള ജല ഉപയോഗത്തിൽ ഭൂഗർഭജല വിനിയോഗം വളരെയധികം പുരോഗതി നേടിയിട്ടുണ്ട്. പട്ടണങ്ങളിലും നഗരങ്ങളിലും ഗാർഹിക ഉപയോഗത്തിനുള്ള ജലത്തിന്റെ ഒരു പ്രധാന സ്രോതസ്സ് ഭൂഗർഭജലമാണ്. കേന്ദ്ര ഭൂഗർഭജല വകുപ്പും, സംസ്ഥാന ഭൂഗർഭജല വകുപ്പുമാണ് ഭൂഗർഭജലത്തിന്റെ നിർണ്ണയം നടത്തുന്നത്. ഓരോ പ്രദേശത്തേയും ഭൂഗർഭജലത്തിന്റെ അളവനുസരിച്ചാണ് നിർണ്ണയം നടത്തുന്നത്.

2013 ലെ സംസ്ഥാന ഭൂഗർഭജല കണക്ക് പ്രകാരം, സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ ആകെ വാർഷിക റീചാർജ്ജ് 6,251.31എം.സി.എം ഉം, യഥാർത്ഥ വാർഷിക ഭൂഗർഭ ജല ലഭ്യത 5,651.53 എം.സി.എം ഉം ആണ്. സംസ്ഥാനത്ത് ജലസേചനവികസനത്തിനാവശ്യമായി വരുന്ന യഥാർത്ഥ ഭൂഗർഭ ജലം 2,944.62 എം.സി.എം ആണ്. നമ്മുടെ സംസ്ഥാനത്ത് ഭൂഗർഭ ജല വികസനത്തിന്റെ സ്റ്റേജ് 46.68 ശതമാനം ആണ്. ജില്ലാതലത്തിൽ, ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയിലാണ് (69.81 ശതമാനം), തുടർന്ന് തിരുവനന്തപുരത്തും (60.27 ശതമാനം). ഏറ്റവും കുറവ് വയനാട് ജില്ലയിലാണ് (19.48 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 2.84** –ൽ രേഖപ്പെടുത്തി യിരിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ ശ്രദ്ധേയമായ നേട്ടങ്ങൾ – ഭൂഗർഭജല പര്യവേഷണം (44643 എണ്ണം), കിണർ നിർമ്മാണം (8,259 എണ്ണം), 104 ബോട്ടിലിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകൽ, ചിറ്റൂർ ബ്ലോക്കിൽ സബ് സർഫസ് ഡൈക്കിന്റെ നിർമ്മാണം, തുറന്ന കിണർ റീച്ചാർജ്ജിംഗ് (150 എണ്ണം), 4 ചെക് ഡാമുകൾ, 6 ബോർവെൽ റീച്ചാർജ്ജിനുള്ള സംവിധാനങ്ങൾ, ചെക്ക് ഡാമിന്റെ സൈഡ് കെട്ടൽ നിർമ്മാണം വ്യാപിപ്പിക്കൽ മുതലായവയാണ്. ഭൗതികനേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 2.85** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജലസേചന മേഖലയുടെ പ്രവർത്തന നേട്ടം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജലസേചന മേഖലയ്ക്ക് 2,560.06 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. വൻകിട ഇടത്തര ജലസേചന പദ്ധതികൾക്കാണ് തുകയുടെ ഏറിയ പങ്കും വകയിരുത്തിയിരുന്നത് (69.43 ശതമാനം). തുടർന്ന് ചെറുകിട ജലസേചനം (19.63 ശതമാനം), വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ (9.84 ശതമാനം), കമാന്റ് ഏരിയ വികസനപ്രവർത്തനങ്ങൾ (1.09 ശതമാനം). പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് വകയിരുത്തിയ ബഡ്ജറ്റ് വിഹിതവും ചിലവ് വിശദാംശങ്ങളും **അനുബന്ധം 2.86** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വനം, വന്യജീവി സംരക്ഷണം

പരിസ്ഥിതിക്കും, മെച്ചപ്പെട്ട ഉപജീവനത്തിനും, ഭക്ഷ്യസുരക്ഷയ്ക്കും, വനങ്ങൾ അത്യന്താപേക്ഷിതമാണ്. വനമേഖലയെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് ഭക്ഷണം, ഊർജ്ജം, പാർപ്പിടം, ജോലി, വരുമാനം എന്നിവ വനമേഖലയിൽ നിന്നും ലഭിക്കുന്നതാണ്. വനപരിപാലനത്തിന് 'ഫോറസ്റ്റ് ഹെൽത്ത്' എന്ന ആശയം അത്യന്താപേക്ഷിതമാണ്. ലഭ്യമായ വനമേഖലയുടേയും, വനമേഖലക്കു പുറത്തുള്ള വൃക്ഷങ്ങളുടേയും വനപ്രദേശങ്ങളുടേയും ശാസ്ത്രീയമായ അവലോകനം കാലാനുസൃതമായി നടപ്പിലാക്കുന്നത് ഇന്ത്യ ഉൾപ്പെടയുള്ള വളരെ കുറച്ച് രാജ്യങ്ങളിൽ മാത്രമേയുള്ളൂ. ആന്റമാൻ നിക്കോബാർ ദ്വീപുകൾ, പശ്ചിമഘട്ട മലനിരകൾ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നീ പ്രദേശങ്ങളിൽ കാണപ്പെടുന്ന നിത്യഹരിത വനങ്ങൾ മുതൽ ഹിമാലയൻ പർവ്വതനിരകളിൽ കാണപ്പെടുന്ന കുറ്റിച്ചെടികൾ വരെയുള്ള വിവിധ

വനമേഖല പ്രദേശങ്ങളാണ് രാജ്യത്തുള്ളത്. ഈ രണ്ടുതരത്തിലുള്ള വനമേഖല പ്രദേശങ്ങൾ കൂടാതെ, ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, ആർദ്ര നിത്യഹരിത വനങ്ങൾ, മുൾപ്പടർപ്പുകൾ, ഉപഉഷ്ണമേഖല പ്രദേശങ്ങളിലുള്ള പൈൻ മരങ്ങളും നമ്മുടെ രാജ്യത്തുണ്ട്. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ റിപ്പോർട്ട് 2015 പ്രകാരം 794,245 ച.കി.മീ ആണ് രാജ്യത്തെ മൊത്തം വനമേഖല പ്രദേശം, അതായത് മൊത്തം ഭൂപ്രകൃതിയുടെ 24.16 ശതമാനം. ഇതിൽ 85,904 ച.കി.മീ നിബിഡ വനവും, 315,374 ച.കി.മീ താരതമ്യേന നിബിഡ വനവും, 300,395 ച.കി.മീ തുറന്ന വനപ്രദേശവുമാണ്. നമ്മുടെ സംസ്ഥാനത്തെ വനങ്ങളേയും, വൃക്ഷ സമ്പത്തിനേയും രണ്ടായി തരം തിരിക്കാം (എ). സർക്കാർ അധീനതയിലും, നിയന്ത്രണത്തിലുമുള്ള വനങ്ങൾ (ബി). വനപ്രദേശത്തിന് പുറത്തുള്ള വൃക്ഷങ്ങൾ. സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതി 38,863 ച.കി.മീ ആണ്. ഇതിൽ, റിസർവ്ഡ് വനങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത് 11,309 ച.കി.മീ ആണ്, അതായത് മൊത്തം ഭൂവിസ്തൃതിയുടെ 29.1 ശതമാനം. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ 2015 കണക്കെടുപ്പ് പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി 19,239 ച.കി.മീ ആണ്. 2013 ലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ റിപ്പോർട്ടുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ തുറന്ന വനപ്രദേശങ്ങളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതായിട്ടാണ് കാണാൻ സാധിക്കുന്നത്. എന്നാൽ നിബിഡ, താരതമ്യേന നിബിഡ വനമേഖലയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്.

ചിത്രം 2.21
കേരളത്തിലെ വനമേഖലയുടെ ജില്ലതിരിച്ചുള്ള വിസ്തീർണ്ണം (ച.കി.മീ)



സംസ്ഥാനത്തെ ഏറ്റവും അധികം വനമേഖലയുള്ള ജില്ല ഇടുക്കിയാണ് (3,770 ച.കി.മീ), തുടർന്ന് പാലക്കാടും (1,761 ചി.കി.മീ), പത്തനംതിട്ട(1,742 ചി.കി.മീ) ജില്ലകളുമാണ് (**ചിത്രം 2.21**). സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള വന മേഖല പ്രദേശങ്ങൾ **അനുബന്ധം 2.87** –ൽ രേഖപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള വനപ്രദേശമായ 11,309.48 ച.കി.മീ –ൽ ഭൂരിഭാഗവും ഉഷ്ണമേഖല നിത്യഹരിത വനങ്ങളാണ് (34.28%), തുടർന്ന് ആർദ്ര നിത്യഹരിത വനങ്ങളുമാണ് (31.97). സംസ്ഥാനത്തെ പ്രധാന ഇനം വനങ്ങൾ **അനുബന്ധം 2.88** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സ്വാഭാവിക വനങ്ങളുടെ പരിപാലനം

ജൈവ വൈവിദ്ധ്യ സംരക്ഷണവും, ജീവനോപാധിയും നിലനിർത്തുന്നതിനു വേണ്ടിയാണ് വിവിധ പദ്ധതികളിലൂടെ വനങ്ങൾ പരിപാലിക്കപ്പെടുന്നത്. വനാതിർത്തികളുടെ സർവ്വെ, വനസംരക്ഷണം, നശിച്ച പോയ വനത്തിനു പകരം വനം വച്ചു പിടിപ്പിക്കൽ എന്നിവയായിരുന്നു 2016–17 ലെ പ്രധാന പ്രവർത്തികൾ. വനാതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 12,831 ജണ്ടകളും, 8.41 കി.മീ നീളത്തിൽ കൈയ്യാലകളും നിർമ്മിച്ചു.

നശിച്ച പോയ വനത്തിനു പകരം വനം വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി 52 ഹെക്ടർ പ്രദേശത്ത് പുതുതായി നട്ടു പിടിപ്പിക്കുകയും, 384.28 ഹെക്ടറിൽ നിലവിലുള്ള തോട്ടങ്ങൾ പരിപാലിക്കുകയും ചെയ്തു. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തികളുടെ ഭാഗമായി 5,978.34 കി.മീ. നീളത്തിൽ കാട്ടുതീ നിയന്ത്രണ രേഖകൾ നിർമ്മിക്കുകയും, 77,555 വാച്ചർമാരെ നിയമിക്കുകയും ചെയ്തു.

തോട്ടങ്ങളുടെ ഉല്പാദനക്ഷമത

സംസ്ഥാനത്ത് മുൻകാലങ്ങളിൽ തോട്ട വിളകളിൽ കൂടുതൽ പ്രധാന്യം നൽകിയിരുന്നത് തേക്കിനായിരുന്നു. തേക്കിനുള്ള മുന്തിയ ഗുണഗണങ്ങൾ കാരണം ഇത് ഏറ്റവും പ്രിയപ്പെട്ട തോട്ടവിളയായി തുടർന്ന് പോരുന്നു. വ്യാവസായിക ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾക്കുള്ള ആവശ്യം വർദ്ധിച്ചതോടു കൂടി കട്ടി കുറഞ്ഞ തടികൾ വച്ചു പിടിപ്പിക്കുന്നത് വർദ്ധിച്ചു. വൻമരതോട്ടങ്ങൾക്കുള്ള ആവശ്യകത പരിഹരിക്കുന്നതിനായി 2016-17 കാലയളവിൽ 763.06 ഹെക്ടർ പ്രദേശത്ത് പുതുതായി വച്ചു പിടിപ്പിക്കുകയും, 2,499.48 ഹെക്ടറിൽ പരിപാലിക്കുകയും ചെയ്തു. വ്യാവസായിക ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ നൽകുന്നതിന് വേണ്ട തോട്ടങ്ങൾ 967.9 ഹെക്ടറിൽ പുതുതായി നട്ടു പിടിപ്പിക്കുകയും, 1280.78 ഹെക്ടറിൽ പരിപാലിക്കുകയും ചെയ്തു. ഈ കാലയളവിൽ തടിയിതര വനഉല്പന്നങ്ങൾ പുതുതായി 124.9 ഹെക്ടറിൽ വച്ചു പിടിപ്പിക്കുകയും, 544.4 ഹെക്ടറിൽ പരിപാലിക്കുകയും ചെയ്യുകയുണ്ടായി. വനവൃക്ഷത്തോട്ടങ്ങളുടെ തരംതിരിച്ചുള്ള വിസ്തീർണ്ണം **അനുബന്ധം 2.89** -ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മനുഷ്യ-മൃഗ സംഘർഷം

വന്യജീവികളുടെ ആവശ്യങ്ങൾ ജനവിഭാഗങ്ങളുടെ മേൽ അതിക്രമിക്കുമ്പോഴാണ് മനുഷ്യമൃഗ ഏറ്റുമുട്ടൽ ഉണ്ടാകുന്നത്. ഇതു മൂലം മനുഷ്യർക്കും വന്യജീവികൾക്കും ഒരു പോലെ നാശനഷ്ടം സംഭവിക്കുന്നു. ജനസംഖ്യയിലുള്ള വർദ്ധനവും, വനമേഖലാ പ്രദേശങ്ങൾക്കു മേലുള്ള അധിക സമ്മർദ്ദവും മൂലമാണ് മനുഷ്യമൃഗ ഏറ്റുമുട്ടലും തൽഫലമായുള്ള സംഘർഷവും വർദ്ധിക്കുന്നത്. മനുഷ്യർക്കുണ്ടാകുന്ന മുറിവുകൾ, കൃഷിനാശം, വളർത്തുമൃഗങ്ങളുടെ മോഷണം, വീടുകൾക്കും വസ്തുക്കൾക്കുമുള്ള കേടുപാടുകൾ എന്നിങ്ങനെ പലവിധത്തിലാണ് മനുഷ്യമൃഗ സംഘർഷം പ്രതിഫലിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മനുഷ്യമൃഗ സംഘർഷം ക്രമാ തീതമായി വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2016-17 കാലയളവിൽ മനുഷ്യ മൃഗ സംഘർഷവുമായി ബന്ധപ്പെട്ട് 7,765 സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ബോക്സ് 2.3
മനുഷ്യമൃഗ സംഘർഷങ്ങളുടെ കാരണവും, വ്യാപ്തിയും, സ്വീകരിച്ച പ്രതിവിധികളും

കേരളത്തിന്റെ വനാതിർത്തിയിൽ മനുഷ്യമൃഗ സംഘർഷങ്ങൾ വളരെ സാധാരണമാണ്. ആന, കാട്ടുപന്നി, കുരങ്ങൻ, കടുവ, സർപ്പം എന്നീ മൃഗങ്ങളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്.

പ്രധാന കാരണങ്ങൾ

- സ്വാഭാവിക വാസസ്ഥലം ചിന്നഭിന്നമാകൽ
- വനങ്ങളുടെ നശീകരണം
- വനത്തിലൂടെയുള്ള നടവഴികളുടെ അഭാവം
- കൃഷിയിലും ഭൂവിനിയോഗത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ
- കാലാവസ്ഥാ വ്യതിയാനം

സംഘർഷത്തിന്റെ വ്യാപ്തി

- ചില പ്രദേശങ്ങളിൽ മനുഷ്യമൃഗ സംഘർഷം ഭയപ്പെടുത്തുന്ന തരത്തിലാണ് ഉള്ളത്. നഷ്ടപരിഹാരമായി നൽകുന്ന തുകയിൽ വർഷാ വർഷം വർദ്ധനവുണ്ടാകുന്നു. ഇതിൽ നിന്നും പ്രശ്നത്തിന്റെ തീവ്രത മനസ്സിലാക്കുവാൻ സാധിക്കും.
- 145 മനുഷ്യ മരണങ്ങൾ, 361 കന്നുകാലി മരണം, കൃഷിനാശം രേഖപ്പെടുത്തിയ 6,461 സംഭവങ്ങൾ, വസ്തുനഷ്ടം എന്നിങ്ങനെ വിവിധ സംഭവങ്ങളാണ് 2016-17 ൽ രേഖപ്പെടുത്തിയത്.

ആക്രമണത്തിന് ഇരയായവർക്കുള്ള ധനസഹായം

- മനുഷ്യർക്കുണ്ടാകുന്ന മുറിവുകൾ – 75,000 രൂപ (പരമാവധി)
- വനവാസികൾക്കുണ്ടാകുന്ന മുറിവുകൾ – ചികിത്സക്കായി ചിലവഴിക്കുന്ന മുഴുവൻ തുകയും
- സ്ഥിരമായ അംഗഭംഗം സംഭവിക്കൽ – 75,000 രൂപ (പരമാവധി)
- കന്നുകാലി/കൃഷി/ഭവനം എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടം – 75,000 രൂപ (പരമാവധി)
- മനുഷ്യ ജീവൻ നഷ്ടപ്പെടൽ – 500,000 രൂപ
- വനമേഖലക്ക് പുറത്ത് സർപ്പദംശനമേറ്റ് മനുഷ്യ ജീവൻ നഷ്ടപ്പെടൽ – 100,000 രൂപ

സ്വീകരിച്ച നടപടികൾ

- സൗരോർജ്ജ വേലി നിർമ്മാണം (1,501 കി.മീ)
- ആനക്കിടങ്ങുകളുടെ നിർമ്മാണം (584 കി.മീ)
- ആനയുടെ ആക്രമണം നേരിടാനുള്ള സംരക്ഷണ ഭിത്തികൾ (35 കി.മീ)
- കൈയ്യാലകളുടെ നിർമ്മാണം (259 കി.മീ)
- വൃക്ഷങ്ങൾ/ചെടികൾ കൊണ്ടുള്ള വേലി നിർമ്മാണം (43 കി.മീ)
- കല്ല് കൊണ്ടുള്ള കിടങ്ങുകളുടെ നിർമ്മാണം (3.5 കി.മീ)

വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരമായി 9.63 കോടി രൂപ വിതരണം ചെയ്തു.

പട്ടികവർഗ്ഗക്കാരേയും മറ്റ് പരമ്പരാഗത വനവാസികളേയും സംബന്ധിച്ച (വനാവകാശം അംഗീകരിക്കൽ) വനാവകാശ നിയമം 2006

വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളുടെ വനാവകാശം അംഗീകരിക്കുക എന്നതാണ് വനാവകാശ നിയമം 2006 ലക്ഷ്യമിടുന്നത്. വനവാസികളായ പട്ടികവർഗ്ഗക്കാരുടെ വ്യക്തിഗത അവകാശങ്ങളും, സാമൂഹിക അവകാശങ്ങളും വനാവകാശ നിയമം അംഗീകരിക്കുന്നു. ഇതിലൂടെ വനവാസികൾക്ക് ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും, പ്രയോജനപ്പെടുത്തുന്നതിനും, പാരിസ്ഥിതിക സമതുലിതാവസ്ഥ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വവും അധികാരവും വനാവകാശ നിയമം അനുവദിക്കുന്നു. വ്യക്തിഗതാവകാശങ്ങൾ, സാമൂഹികാവകാശങ്ങൾ എന്നീ ഇനങ്ങളിൽ യഥാക്രമം 25,081 ഉം 164 ഉം റ്റൈറ്റിലുകൾ വിതരണം ചെയ്തു. വികസന അവകാശങ്ങളിൽ 455 പരാതികളിൽ തീർപ്പ് കല്പിച്ചു. വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 2.90**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രധാന വനവിഭവങ്ങളും വനത്തിൽനിന്നുള്ള വരുമാനവും

വനവിഭവങ്ങളുടെ ഉല്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് തടി ഉല്പന്നങ്ങൾ, ചന്ദനമരം, തേൻ എന്നീ വനവിഭവങ്ങളാണ്. 2015–16 ലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2016–17 കാലയളവിൽ തടിയുടെ ഉല്പാദനം 40,909.75 ക്യൂബിക് മീറ്ററിൽ നിന്നും 31,134.51 ക്യൂബിക് മീറ്ററായി കുറഞ്ഞിട്ടുണ്ട്. അതു പോലെ, ചന്ദനത്തിന്റെ ഉല്പാദനത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. 2015–16 ൽ 68,644.6 കി.ഗ്രാം ലഭിച്ചിടത്ത് 2016–17 ൽ 52,102.35 കി.ഗ്രാം ആയി കുറയുകയുണ്ടായി. എന്നാൽ തേനിന്റെ ഉല്പാദനം 56,176.90 കി.ഗ്രാമിൽ നിന്നും 60,390.05 കി.ഗ്രാമായി 2016–17 കാലയളവിൽ വർദ്ധിച്ചു. 2015–16, 2016–17 വർഷങ്ങളിലെ പ്രധാന വനവിഭവങ്ങളുടെ ഉല്പാദനം **അനുബന്ധം 2.91**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

വനവിഭവങ്ങളുടെ ഉല്പാദനത്തിലുള്ള കുറവ് വനവിഭവങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലും പ്രതിഫലിക്കുന്നു. തടിയിൽ നിന്നുള്ള വരുമാനം കഴിഞ്ഞ മൂന്ന് വർഷങ്ങളായി കുറഞ്ഞ് വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2014–15 –ൽ 269.43 കോടി രൂപയായിരുന്നു തടിയിൽ നിന്നും ലഭിച്ച വരുമാനം. ഇത് 2015–16 –ൽ 240.89 കോടി രൂപയായും, 2016–17 –ൽ 222.27 കോടി

രൂപയായും കുറഞ്ഞു. ഇത്തരത്തിൽ വരുമാനം കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. വിവിധ ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകളിൽ രേഖപ്പെടുത്തിയ തടിയുടെ കണക്ക് പ്രകാരമാണ് വകുപ്പിന്റെ വരുമാനം കണക്കാക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ വനമേഖലയിലെ നിരക്കും, മറ്റിടങ്ങളിലെ നിരക്കും തമ്മിൽ വലിയ അന്തരം ഉണ്ട്.
2. രണ്ട് വർഷങ്ങൾക്ക് മുമ്പായി വനം വകുപ്പ് ആരംഭിച്ച തടിയുടെ ഇ-ഓക്ഷൻ സമ്പ്രദായത്തിന് ഇപ്പോഴും വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല. പരമ്പരാഗതമായ ലേലം വിളിക്കുള്ള അത്രയും ആൾക്കാർ ഇ-ഓക്ഷൻ സമ്പ്രദായത്തിൽ പങ്കെടുക്കുന്നില്ല. ആയതിനാൽ ആവശ്യകതയും വിതരണവും തമ്മിൽ പൊരുത്തക്കേട് അനുഭവപ്പെടുന്നു.

2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ, തടിയിൽ കൂടിയും മറ്റ് വനവിഭവങ്ങളിൽ കൂടിയും ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 2.92** -ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ കാലയളവിൽ വനത്തിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ താഴെ പറയുന്ന **ചിത്രം 2.22** -ൽ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തെ മൊത്തം മൂല്യവർദ്ധനവിൽ വനമേഖലയുടെ പങ്ക് 2015-16 ൽ 1.03 ശതമാനമായിരുന്നത്, 2016-17 ആയപ്പോൾ 0.97 ശതമാനം ആയി കുറഞ്ഞു. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ പ്രാഥമിക മേഖലയുടെ വിഹിതം, 2015-16 -ൽ 10.16 ശതമാനമായിരുന്നത്, 2016-17 -ൽ 9.94 ശതമാനമായി കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 2.93** -ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷണ മേഖലയുടെ പരിപാലനവും

ലോകത്തിലെ പ്രധാനപ്പെട്ട 32 ജൈവ വൈവിദ്ധ്യ പ്രദേശങ്ങളിൽപ്പെടുന്നവയാണ് കേരളത്തിലെ വനമേഖല. മെച്ചപ്പെട്ട ജൈവ വൈവിദ്ധ്യ സംരക്ഷണത്തിലൂടെ, സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ലഘൂകരിക്കുവാൻ സാധിക്കും. ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ, സാമൂഹിക സംരക്ഷണ മേഖല എന്നിവ ഉൾപ്പെടുന്ന സംരക്ഷിത മേഖലയാണ് സംസ്ഥാനത്തുള്ളത്. ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 2.94**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 2.22
കേരളത്തിലെ വനങ്ങളിൽനിന്നുള്ള വരുമാനം (2012-13 മുതൽ- 2016-17 വരെ)



അവലംബം: വനം വകുപ്പ്, കേരള സർക്കാർ

സാമൂഹിക വനവൽക്കരണം

നമ്മുടെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പച്ചപ്പ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം പദ്ധതി ആരംഭിച്ചത്. സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൈകൾ സൌജന്യമായി നൽകിയും, പൊതു സ്ഥലങ്ങളിൽ ചെടികൾ നട്ടു പിടിപ്പിച്ചുമാണ് പ്രസ്തുത ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത്. സാമൂഹിക വനവൽക്കരണത്തിലൂടെ വിതരണം ചെയ്ത വൃക്ഷ തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 2.95**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ നേട്ടങ്ങളുടെ അവലോകനം

പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ താഴെപ്പറയുന്ന മേഖലകൾക്കാണ് കൂടുതൽ ഊന്നൽ നൽകിയിരുന്നത്. (1) ജൈവ വൈവിദ്ധ്യ സംരക്ഷണം ഉൾപ്പെടെയുള്ള സ്വാഭാവിക വനങ്ങളുടെ സംരക്ഷണം (2) വനപരിപാലനത്തിൽ പങ്കാളിത്ത സമീപനം നടപ്പിലാക്കൽ (3) തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, വനമേഖലയിലുള്ള പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുക (4) ചന്ദനക്കാടുകൾ സംരക്ഷിക്കുക (5) ഔഷധ സസ്യങ്ങളുടെ പരിപാലനവും വികസനവും (6) കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുക (7) വനപരിപാലനത്തിൽ എഫ്.എം.ഐ.എസ്, ജി.ഐ.എസ് എന്നിവയുടെ ഉപയോഗം നടപ്പിലാക്കുക (8) വനമേഖലക്ക് പുറത്തുള്ള വനവൽക്കരണം പ്രോത്സാഹിപ്പിക്കുക (9) വനമേഖലയെ ആശ്രയിച്ച് കഴിയുന്നവർക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക, തടി ഇതര വന ഉല്പന്നങ്ങൾ വികസിപ്പിക്കുക (10) കാലാവസ്ഥാ വ്യതിയാനങ്ങളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക (11) മനുഷ്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പന്ത്രണ്ടാം പദ്ധതിക്കാലത്തെ സുപ്രധാന നേട്ടങ്ങൾ

- കാട്ടു തീ നിയന്ത്രണ രേഖ നിർമ്മിക്കൽ (വനസംരക്ഷണം) – 6,599.4 കി.മീ
- സ്ഥായിയായ ജണ്ടകളുടെ നിർമ്മാണം – 19,140 എണ്ണം
- കയ്യാലകളുടെ നിർമ്മാണം – 8,045 മീ.
- നശിച്ചു പോയ വനത്തിനു പകരം വനം വച്ച് പിടിപ്പിക്കൽ –348.79 ഹെക്ടർ
- തോട്ടങ്ങളുടെ സംരക്ഷണം – 2,514.49 ഹെക്ടർ
- തോട്ടങ്ങൾ വച്ച് പിടിപ്പിക്കൽ (വൻമര തോട്ടങ്ങൾ) – 2,115.37 ഹെക്ടർ
- തോട്ടങ്ങളുടെ പരിപാലനം –3,448.78 ഹെക്ടർ
- തൈകൾ ഉല്പാദിപ്പിക്കൽ – 961,500 എണ്ണം
- തോട്ടങ്ങൾ വച്ച് പിടിപ്പിക്കൽ (വ്യാവസായിക ആവശ്യത്തിനുള്ളവ) – 2,949.19 ഹെക്ടർ
- തോട്ടങ്ങളുടെ പരിപാലനം –5,001.85 ഹെക്ടർ

പന്ത്രണ്ടാം പദ്ധതിക്കാലത്ത് വനമേഖലക്ക് ആകെ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം 786.29 കോടി രൂപയായിരുന്നു. ഇതിൽ 628.22 കോടി രൂപ ചെലവഴിച്ചു. ചെലവ് വിശദാംശങ്ങൾ **അനുബന്ധം 2.96**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പരിസ്ഥിതി

ആരോഗ്യകരവും ശുചിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതി മനുഷ്യന്റെ അടിസ്ഥാന അവകാശമായി ആഗോളതലത്തിലും ദേശീയ തലത്തിലും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം എന്നിവയോടൊപ്പം ശുദ്ധമായ പരിസ്ഥിതിയും മനുഷ്യ ക്ഷേമത്തിന് ആവശ്യമാണ്. പ്രതിരോധ ആരോഗ്യ പരിപാലനത്തിൽ പരിസ്ഥിതി ഒരു സുപ്രധാന നിവാരക കടമ വഹിക്കുന്നു. ഉയർന്ന

നിലവാരമുള്ള പാരിസ്ഥിതിക സേവനങ്ങൾ നിലനിർത്തുന്നതിൽ വീഴ്ച വരുത്തിയാൽ രോഗ ഭാരം കൂടുകയും സർക്കാരിന്റെയും കുടുംബങ്ങളുടെയും ആരോഗ്യ പരിപാലന ചെലവുകൾ വർദ്ധിക്കുകയും ചെയ്യും. പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഉത്ഭവം പലപ്പോഴും ബഹുമുഖമായിരിക്കും, അതിൽ വിവിധ സാമൂഹിക സാമ്പത്തിക മേഖലകൾ ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്നു. അതേ സമയം തന്നെ ചില നിർണായക കാര്യ നിർവഹണ നടപടികൾ എടുത്താൽ സർവ്വ സാധാരണമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പോംവഴിയുണ്ടാകും.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 48 എ രാജ്യത്തെ പരിസ്ഥിതി, വനം, വന്യജീവി സംരക്ഷണത്തിന് സംസ്ഥാനങ്ങളെ അധികാരപ്പെടുത്തുന്നു. തദനുസൃതമായി 2007-ൽ പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി രൂപീകരിക്കപ്പെട്ടു. 2010-ൽ അത് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റായി മാറി. മേഖലാ പരിസ്ഥിതി മാനേജ്മെന്റ് പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തലും സുപ്രധാന പാരിസ്ഥിതിക സംരംഭങ്ങൾ തയ്യാറാക്കാനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തലുമായിരുന്നു ഡയറക്ടറേറ്റ് തുടക്കത്തിൽ ചെയ്ത് പോന്നത്. സാമ്പത്തിക വികസനവും വൃത്തിയുള്ള പരിസ്ഥിതിയും ഉറപ്പ്നൽകുന്ന സന്തുലിത സമീപനമുള്ള പാരിസ്ഥിതിക മാനേജ്മെന്റിനാണ് പ്രാധാന്യം നൽകിയത്. പരിസ്ഥിതി മാനേജ്മെന്റിന് പുറമേ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ജൈവ വൈവിദ്ധ്യ ബോർഡ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളും പരിസ്ഥിതി വകുപ്പ് ഏകോപിപ്പിക്കുന്നു.

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലയളവിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനത്തങ്ങോളമിങ്ങോളമുള്ള വിവിധ കോളേജുകളിൽ ഭൂമിത്രസേന എന്ന പേരിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ചു. ഈ ക്ലബ്ബുകൾ ചുറ്റുമുള്ള പ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ചതുപ്പു നിലങ്ങളുടെ പരിസ്ഥിതി പുന:സ്ഥാപനം, പരിസ്ഥിതി ശാസ്ത്രത്തിലും കാലാവസ്ഥ വ്യതിയാന പാരിസ്ഥിതിക മാനേജ്മെന്റിലും അനുബന്ധ എഞ്ചിനീയറിങ് സാങ്കേതിക വിദ്യയിലും ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഡയറക്ടറേറ്റിന്റെ മറ്റ് പ്രവർത്തനങ്ങൾ. കേരളത്തിലെ തിരഞ്ഞെടുത്ത വന ജൈവ വ്യവസ്ഥകളിലെ കാർബൺ സ്വീക്കസ്ട്രേഷൻ നില, ജൈവഇന്ധന ഉല്പാദനത്തിനായി ഫ്ലൂഗ്യാസിൽ നിന്നും ഹരിതഗൃഹവാതകങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തദ്ദേശീയ പായൽ വികസനം, കൊതുക് നിയന്ത്രണത്തിന് ചെടികളുടെ ദ്വിതീയ മെറ്റബോളൈറ്റുകൾ ചെലുത്തുന്ന സ്വാധീനം തുടങ്ങിയ ചില പഠനങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ 3 സ്ഥാപനങ്ങൾക്ക് (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജൈവ വൈവിദ്ധ്യ ബോർഡ്, പരിസ്ഥിതി ഡയറക്ടറേറ്റ്) ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയത് 118.42 കോടി രൂപയായിരുന്നു. ഇതിൽ 79.80 കോടി രൂപ (67.40 ശതമാനം) വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഈ 3 സ്ഥാപനങ്ങളും വിനിയോഗിച്ചു. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തെ പദ്ധതി വിഹിതവും ചെലവും **അനുബന്ധം 2.97** -ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വായു ജല മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വായു, ജലം, മണ്ണ്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിക്ഷിപ്തമാണ്. ക്ലിപ്തമായ ഇടവേളകളിൽ വായു ജല ഗുണ നിലവാര പരിശോധനയും വായു ജല ഗുണനിലവാരം സംബന്ധിച്ചുള്ള അടിസ്ഥാന വിവര ശേഖരണത്തിന് ആവശ്യമായ പ്രാരംഭനടപടികളും മലിനീകരണ നിയന്ത്രണ ബോർഡ് ശക്തിപ്പെടുത്തിയിരിക്കുന്നു. റിസ്പയറബിൾ സസ്പെന്റഡ് പാർട്ടിക്കിൾ മാറ്റർ (ആർ.എസ്.പി.എം), സൾഫർഡയോക്സൈഡ് (എസ്.$ഒ_2$), നൈട്രജൻ ഓക്സൈഡുകൾ (എൻ.ഒ.എക്സ്) എന്നിവയുടെ അളവ് വ്യാവസായിക, ജനവാസ മേഖലകളിലുള്ള 30 സ്റ്റേഷനുകളിൽ നിന്നും ശേഖരിച്ച് വായുവിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ വായു ജല ഗുണനിലവാര ഡയറക്ടറി (2016) അനുസരിച്ച് ജനവാസ കേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന നിരീക്ഷണ സ്റ്റേഷനുകളിൽ എറണാകുളത്തെ പെരുമ്പാവൂരിൽ മാത്രമാണ് ക്യൂബിക് മീറ്ററിൽ

ചിത്രം 2.23
2016 ൽ കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിലുള്ള 9 നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ



അവലംബം: വായു ജല ഗുണനിലവാര ഡയറക്ടറി 2016, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

60 മൈക്രോ ഗ്രാം എന്ന അനുവദനീയമായ തോതിൽ നിന്നും റിസ്പയറബിൾ സസ്പെന്റഡ് പാർട്ടിക്കിൾ മാറ്റർ ഉയർന്ന അളവിൽ രേഖപ്പെടുത്തിയത് (61 മൈക്രോഗ്രാം). എസ്. ഒ2 എൻ.ഒ.എക്സ് അളവുകൾ നിശ്ചയിച്ചിട്ടുള്ള പരിധിയിലാണുള്ളത്. 2016 –ൽ 9 പ്രധാന നീരീക്ഷണ സ്റ്റേഷനുകളിലെ വായു ഗുണനിലവാരത്തിന്റെ അളവുകൾ മുകളിൽ ചേർക്കുന്നു (**ചിത്രം 2.23**).

ഗ്രാമ നഗര പ്രദേശങ്ങൾ പുറന്തള്ളുന്ന മാലിന്യങ്ങൾ, നദീജല മലിനീകരണം മുതൽ കടുത്ത ശബ്ദ മലിനീകരണം വരെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശ്രദ്ധ ആവശ്യമാണ്. ഇത്തരം വിപുലമായ പ്രശ്നങ്ങൾക്ക് വിവിധ നിർവ്വഹണ ഏജൻസികളുടെ പ്രത്യേകിച്ചും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ, സംയോജിതമായ ശ്രദ്ധ ആവശ്യമാണ്. നിർവ്വഹണ ഏജൻസികളുടെ നടത്തിപ്പും നിർവ്വഹണവും ആവശ്യമെങ്കിൽ ശിക്ഷാ നടപടികൾ കൈക്കൊള്ളാനുള്ള ഉദ്യമങ്ങളും കഴിവുറ്റതാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണം. 65 നദീകേന്ദ്രങ്ങളിലും 7 അരുവികളിലും 3 ശുദ്ധജലതടാകങ്ങളിലും 8 അഴിമുഖങ്ങളിലും 6 ജലസംഭരണികളിലും 3 കനാലുകളിലും 2 കുളങ്ങളിലും 34 കിണറുകളിലുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു. നിരീക്ഷിത ദത്തങ്ങൾ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ജലഗുണനിലവാര മാനദണ്ഡവുമായി താരതമ്യം ചെയ്യുന്നു. ഒരു ജലാശയത്തിന്റെ പ്രാഥമിക ഉപയോഗം കണക്കിലെടുത്ത് ജലാശയങ്ങളുടെ ആരോഗ്യാവഹമായ അവസ്ഥ നിലനിർത്തേണ്ട അല്ലെങ്കിൽ പൂർവ സ്ഥിതിയിൽ എത്തിക്കേണ്ട അളവായ ഡെസിഗ്നേറ്റഡ് ബെസ്റ്റ് യൂസ് (ഡി. ബി.യു) അഥവാ ഏറ്റവും മികച്ച ഉപയോഗം എന്ന സങ്കൽപ്പനം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഡി.ബി.യു അളവുകളനുസരിച്ച് ഒരു ലിറ്ററിൽ 2 മില്ലീഗ്രാമോ അതിൽ താഴെയോ അളവിൽ ബയോളജിക്കൽ ഓക്സിജൻ ഡിമാന്റുള്ള (ബി.ഒ.ഡി) ജലസ്രോതസ്സ് അണു നശീകരണത്തിന് ശേഷം കുടിവെള്ളമായി ഉപയോഗിക്കാവുന്നതാണ്. ലിറ്ററിൽ 3 ഗ്രാം ബി.ഒ.ഡി അളവുള്ള ജല സ്രോതസ്സ് കുളിക്കാനുപയോഗിക്കാവുന്നതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ വകുപ്പിന്റെ വാർഷിക റിപ്പോർട്ടനുസരിച്ച് (2016) കേരളത്തിലെ

തിരഞ്ഞെടുത്ത പ്രധാന നദീസ്റ്റേഷനുകളിലെ ബി.ഒ.ഡി നില രേഖപ്പെടുത്തുന്നത് പ്രധാന നദികളിൽ കനത്ത മലിനീകരണമില്ലെന്നാണ്. എന്നാൽ പ്രധാനപ്പെട്ട 7 നദീ കേന്ദ്രങ്ങളിലും 2016 –ൽ 2011 നെ അപേക്ഷിച്ച് ബി.ഒ.ഡി നില വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു (**ചിത്രം 2.24**).

ഹരിതകേരളമിഷനു കീഴിൽ എല്ലാ തലങ്ങളിലുമുള്ള പരിസ്ഥിതി സംരക്ഷണത്തിനും പരിരക്ഷക്കുമായി കേരള സർക്കാർ ശ്രമങ്ങൾ ശക്തിപ്പെടുത്തി വരുന്നു. സംയോജിത മിഷനായതു കൊണ്ടുതന്നെ പരിസ്ഥിതി വകുപ്പിന്റേത് മാത്രമല്ല മറിച്ച് വിവിധ വകുപ്പുകളുടെ സംരംഭങ്ങൾ ഇതിന്റെ സാധ്യതയിൽപ്പെടുന്നു.

ജൈവ വൈവിദ്ധ്യ സംരക്ഷണം

പരിസ്ഥിതിവകുപ്പിനു കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്. ജൈവ വൈവിദ്ധ്യ സംരക്ഷണം ഉറപ്പു വരുത്തുക, അവയുടെ സുസ്ഥിര ഉപയോഗം, അവയിൽനിന്ന് ലഭിക്കുന്ന ആദായങ്ങളുടെ ഉചിതമായ പങ്ക് വയ്പ് തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തി 2002 ലെ ജൈവ വൈവിദ്ധ്യ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരമാണ് 2005 ൽ കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് രൂപീകൃതമായത്.

ജൈവവൈവിദ്ധ്യത്തിന്റെ കലവറയാണ് കേരളം. എന്നാൽ വർദ്ധിച്ച ജനസാന്ദ്രതയും ഭൂപ്രകൃതിയിൽ വന്ന സാരമായ പരിവർത്തനങ്ങളും വൈവിദ്ധ്യമാർന്ന സസ്യജാലങ്ങളുടേയും മൃഗങ്ങളുടേയും സംരക്ഷണത്തിനും വിഭവങ്ങളുടെ സ്ഥായിയായ ഉപയോഗത്തിനും പ്രാമുഖ്യം കൊടുക്കേണ്ടതിന്റെ അടിയന്തരാവശ്യത്തെ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് 4,500 തരം പൂച്ചെടി വർഗ്ഗങ്ങളുണ്ട്. ഇതിൽ 1,500 ന് മുകളിൽ ഇനങ്ങൾ പ്രത്യേക സ്ഥലത്ത് മാത്രം കണ്ട് വരുന്നവയാണ്. കേരളത്തിൽ കണ്ട് വരുന്ന 1,847 കശേരു മൃഗങ്ങളിൽ 205 ഇനങ്ങൾ അതായത് ഏകദേശം 11 ശതമാനം, ഇന്റർ നാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റെ (ഐ.യു.സി.എൻ) ചുവന്ന പട്ടികയിൽ വംശനാശ ഭീഷണി നേരിടുന്നവയാണ്. ഇതിൽ 23 ഇനങ്ങൾ തീവ്രമായ വംശനാശ ഭീഷണി നേരിടുന്നു. 90 എണ്ണം വംശനാശ ഭീഷണിയിലാണ്. 92 എണ്ണം വംശനാശം നേരിടാൻ സാധ്യതയുള്ള ഗണത്തിൽപ്പെടുന്നു. 98 ശതമാനം മത്സ്യങ്ങളും 87 ശതമാനം ഉഭയജീവികളും ഇന്ത്യൻ വന്യജീവി ആക്ട് (1972) ൽ ഒരു പട്ടികയിലും

ചിത്രം 2.24
തിരഞ്ഞെടുത്ത നദീകേന്ദ്രങ്ങളിലെ ബി.ഒ.ഡി നില – 2011 ലും 2016 ലും



അവലംബം: വായു ജല ഗുണനിലവാര ഡയറക്ടറി 2016, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഉൾപ്പെട്ടിട്ടില്ല. പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന 173 ഉരഗ വർഗ്ഗങ്ങളിൽ 17 ശതമാനം ഐ.യു.സി.എൻ–ന്റെ വംശനാശ ഭീഷണി നേരിടുന്ന പട്ടികയിൽപ്പെടുന്നു. ഉൾനാടൻ സമുദ്ര മത്സ്യങ്ങളിൽ 950 ഇനങ്ങൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇവയിൽ 30 ശതമാനം ശുദ്ധജല മത്സ്യങ്ങൾ സംസ്ഥാനത്ത് മാത്രം കാണപ്പെടുന്നതാണ്. 779 ഇനം സമുദ്ര മത്സ്യങ്ങളിൽ 93 ശതമാനവും വന്യജീവി സംരക്ഷണ ആക്ടിൽ പെട്ടിട്ടില്ല. തനത് മത്സ്യസമ്പത്ത് ഏറ്റവും കൂടുതലുള്ളതും (ഓരോ ഉപനദീതടത്തിലും 77–102 മത്സ്യഇനങ്ങൾ) മത്സ്യഇനസമൃദ്ധവുമാണ് (ഓരോ ഉപനദീതടത്തിലും 133–160 മത്സ്യഇനങ്ങൾ) പമ്പ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ, ചാലിയാർ തുടങ്ങി പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ. ഈ നദികളിൽ പലയിടത്തും തനത് മത്സ്യസമ്പത്താണുള്ളത്.

കേരളത്തിന്റെ ദുർബലമായ പാരിസ്ഥിതിക അന്തരീക്ഷം ആശങ്കയുളവാക്കുന്നതാണ്. സ്വാഭാവികവും മനുഷ്യനിർമ്മിതവുമായ പല കാരണങ്ങളും ഇവിടുത്തെ ജൈവ വൈവിദ്ധ്യത്തിന് ഭീഷണി ഉയർത്തുന്നു. സംസ്ഥാനത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ജൈവ വൈവിദ്ധ്യ സംരക്ഷണ പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

- 2017 മാർച്ച് വരെ 863 ജനകീയ ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതുതായി തിരഞ്ഞെടുത്ത ജനപ്രതിനിധികൾ വന്നതിന്റെ ഫലമായി 2016–17 –ൽ 1,022 ജൈവ വൈവിദ്ധ്യ പരിപാലന സമിതികൾ പുനർരൂപീകരിക്കപ്പെട്ടു. വിവിധ ജൈവ വൈവിദ്ധ്യ പരിപാലന സമിതികൾ സമർപ്പിച്ച തിരഞ്ഞെടുത്ത 11 ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതികൾക്കായുള്ള 14 ലക്ഷം രൂപ ധനസഹായമായി നൽകി. 2016–17 –ൽ 264 ജൈവ വൈവിദ്ധ്യ ക്ലബ്ബുകൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി പുതുതായി രജിസ്റ്റർ ചെയ്യുകയുണ്ടായി.

- അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിന് 2.45 ഏക്കറിൽ ശാന്തിസ്ഥൽ സ്ഥാപിക്കുകയുണ്ടായി. 17 സ്ഥാപനങ്ങളിൽ ശാന്തിസ്ഥൽ സ്ഥാപിക്കുന്നതിന് 2016–17 –ൽ സാമ്പത്തിക സഹായം നൽകി.

ജൈവ വൈവിദ്ധ്യ രജിസ്റ്ററുകളിൽ നിന്ന് ലഭിച്ച അറിവുകളുടേയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുള്ള നിരവധി പദ്ധതികൾ ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു. ജൈവ വൈവിദ്ധ്യ നിയമനിർമ്മാണത്തിലെ പ്രാപ്യത ആദായ പങ്കുവെയ്പ് (ആക്സിസ് ആന്റ് ബെനിഫിറ്റ് ഷെയറിംഗ്) വ്യവസ്ഥയിലൂടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതയും വളരെയേറെയാണ്.

കാലാവസ്ഥാ വ്യതിയാനം

വികസനത്തിന് ഉയർന്ന ഒരു തടസ്സമാണ് കാലാവസ്ഥാ വ്യതിയാനം. ഹരിതഗൃഹ വാതകങ്ങൾ പുറംതള്ളുന്നത് കുറയ്ക്കുന്നതുമായും കാലാവസ്ഥാ വ്യതിയാനം വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതം കൈകാര്യം ചെയ്യുന്നതുമായും ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെയുള്ളത്. ആഗോള താപനത്തിന്റെ ഒരു പ്രധാന അനന്തരഫലം കൃഷിയിലും ബന്ധപ്പെട്ട മേഖലകളിലും അതേല്പിക്കുന്ന വർദ്ധിച്ച പ്രയാസങ്ങളാണ്. പശ്ചാത്തല സൗകര്യ വികസനമാണ് മറ്റൊരു പ്രശ്നമേഖല. സമുദ്ര നിരപ്പ് ഉയരുന്നതിനാൽ തീരദേശം പൊതുവിലും അവിടങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ പ്രത്യേകമായും അപകട സാധ്യതയിലാണ്. ഭാവിയിലുണ്ടാകുന്ന ഗുരുതരമായ കാലാവസ്ഥാ വ്യതിയാന ഫലങ്ങൾ പുതിയ പശ്ചാത്തല സൗകര്യ വികസനം ആസൂത്രണം ചെയ്യുമ്പോഴും നിർമ്മിക്കുമ്പോഴും കണക്കിലെടുക്കണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട അന്തരാഷ്ട്ര സഹകരണം ഉപയോഗപ്രദമായ ശാസ്ത്രീയവും സാങ്കേതികവുമായ വിവരങ്ങളും വിജ്ഞാനവും ലഭിക്കുന്നതിൽ സഹായിക്കും. എന്നിരുന്നാലും ആഗോളതാപനത്തെ പ്രതിരോധിക്കുന്നതിൽ അന്തർദേശീയ, ദേശീയ, സംസ്ഥാന തല നയരൂപീകരണത്തിൽ പ്രദേശത്തെ ജനങ്ങളുടെ വികസന മുൻഗണനകൾക്ക് വേണ്ടത്ര പരിഗണന നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

കേരളത്തിന്റെ പ്രത്യേക സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക സാഹചര്യങ്ങൾ മൂലം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ രൂക്ഷമാണ്. തന്മൂലം കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങളുമായി

പൊരുത്തപ്പെടുന്നത് ക്ലേശകരമാകുന്നു. ഉയർന്ന, താഴ്ന്ന, ശരാശരി താപനിലകൾ നോക്കിയാൽ സംസ്ഥാനത്ത് ചൂട് കൂടുന്നതായി കാണാം. 2016 ലാണ് ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത്. ഇതോടൊപ്പം തന്നെ ഹരിതഗൃഹ വാതകങ്ങളുടെ കേന്ദ്രീകരണം 400 പി.പി.എം ൽ കൂടിയത് കൃഷിക്ക് വിനാശകരമായി തീരും. മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ട കാലാവസ്ഥാ വ്യതിയാനങ്ങൾമൂലം പ്രകൃതിവിഭവങ്ങളുടെ തകർച്ചയും ഉയർന്ന ചെലവുകളും അടിക്കടിയുണ്ടാകുന്നത് കൃഷിക്കാർ ഇന്നു നേരിടുന്ന വെല്ലുവിളികളാണ്.

അടുത്തകാലത്ത് മാത്രമാണ് കേരളത്തിലെ വികസന ആസൂത്രണ അജണ്ടയിൽ കാലാവസ്ഥാ വ്യതിയാനം ചർച്ച ചെയ്യപ്പെട്ട് തുടങ്ങിയത്. 2014 ൽ കേരളം സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (എസ്.എ.പി.സി.സി) അംഗീകരിച്ചു. എന്നാൽ ഈ കർമ്മ പദ്ധതി കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിൽ കൂടുതലായും ദേശീയ കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതിയെ ആണ് ആശ്രയിക്കുന്നത്. പ്രധാന മേഖലകളായ കൃഷി, കന്നുകാലിവളർത്തൽ, ജലവിഭവങ്ങൾ, വനം, ജൈവ വൈവിദ്ധ്യം, മത്സ്യബന്ധനം, ആരോഗ്യം, ഊർജ്ജം, നഗരവികസനം, ഗതാഗതം, വിനോദസഞ്ചാരം എന്നിവയിലെ പ്രത്യേക പ്രശ്നങ്ങൾ എസ്.എ.പി.സി.സി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വികസന ആസൂത്രണ പ്രക്രിയയിൽ കാലാവസ്ഥാ വ്യതിയാന തന്ത്രങ്ങൾ ഏകോപിപ്പിക്കുന്നതിന് എസ്.എ.പി.സി.സി ലക്ഷ്യമിടുന്നു. സുസ്ഥിര വികസനത്തിനായി കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ഉൽക്കണ്ഠകൾക്ക് പ്രാധാന്യം നൽകുകയും അതുവഴി സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ആഗോള തലത്തിൽ കാർബൺഡയോക്സൈഡ് പുറംതള്ളുന്നതിൽ ഇന്ത്യയുടെ പങ്ക് 3 ശതമാനമാണ്. 1990 മുതൽ 2014 വരെയുള്ള കാലയളവിൽ രാജ്യത്തെ കാർബൺഡയോക്സൈഡ് പുറംതള്ളപ്പെടുന്നതിന്റെ ആളോഹരി അളവ് പടിപടിയായി ഉയർന്ന് വരികയാണ്. പുറംതള്ളപ്പെടുന്ന ഹരിതഗൃഹവാതക തീവ്രതയും മൊത്തം ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം കാലക്രമേണ കുറച്ച്കൊണ്ട് വരുന്നതിന് ലക്ഷ്യം വയ്ക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ (എമിഷൻ ഗ്യാപ് റിപ്പോർട്ട്, യു.എൻ.ഇ.പി). പുറംതള്ളുന്ന ഹരിതഗൃഹ വാതക തീവ്രതയുടെ മൊത്തം ആഭ്യന്തര ഉല്പാദനവുമായുള്ള അനുപാതം 2005 മുതൽ 33 ശതമാനം വീതം കുറയ്ക്കുന്നതിനും 2030 ൽ 35 ശതമാനം കുറയ്ക്കുന്നതിനും ഐ.എൻ.ഡി.സി ലക്ഷ്യമിടുന്നു.

കാലാവസ്ഥ വ്യതിയാനവുമായി പൊരുത്തപ്പെടാനുള്ള പ്രയത്നം രാജ്യത്ത് ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ കാലാവസ്ഥ വ്യതിയാനം പ്രധാനമായും ജൈവ മേഖലയുമായി ബന്ധപ്പെട്ട കാർഷിക വിളകളുടെ ഉല്പാദനം, തോട്ടമേഖല, തീരദേശം, വനം എന്നീ മേഖലകളിൽ അതിരൂക്ഷമായിരിക്കുന്നുവെന്ന് ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടതാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് കേരളത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാനുള്ള പ്രവർത്തനങ്ങൾ കുറവായതിനാൽ കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിന് കേരളത്തിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

ക്ലീൻ എൻവയോൺമെന്റ് സെസ്സ്

കാർബൺ നികുതികൾ ഏർപ്പെടുത്തുക എന്നതാണ് കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള പ്രധാന മാർഗ്ഗം എന്നിരുന്നാലും വികസ്വര രാജ്യങ്ങളിൽ കാർബൺ നികുതികളുടെ പങ്കുവയ്ക്കലിലെ വിപരീതഫലത്തെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ ആഗോളതലത്തിൽ തന്നെ നിലനിൽക്കുന്നുണ്ട്. ജൈവ ഇന്ധനങ്ങളുടെ ഉയർന്ന വില ഇന്ത്യയിൽ കാർബൺ നികുതി ഫലപ്രദമാക്കാൻ സഹായിക്കുന്നു. പാരീസ് ചർച്ചകളിൽ ഇന്ത്യൻ സർക്കാർ ആസൂത്രിത ദേശീയ നിശ്ചിത വിഹിതം (ഐ.എൻ.ഡി.സി) ആയി കാണിച്ചത് എണ്ണയുടെ നികുതിയിൽ പെട്രോളിൽ നിന്ന് വമിക്കുന്ന സി.ഒ–2 ഒരു ടണിന് 140 യു.എസ് ഡോളർ എന്ന കണക്കാണ്. ഡീസലിൽ നിന്ന് വരുന്ന സി.ഒ–2 ഒരു ടണിന് 64 യു.എസ് ഡോളർ ആണ്. ഒരു ടണിന് 25 –35 യു.എസ്.ഡോളർ എന്ന അന്തർദേശീയതലത്തിൽ അംഗീകരിച്ച മിതമായ നികുതിയേക്കാൾ വളരെ കൂടുതലാണ് ഇത്. 2010 –ൽ ഇന്ത്യാഗവൺമെന്റ്

കൽക്കരിക്ക് ക്ലീൻ എനർജി സെസ്സ് ഏർപ്പെടുത്തി. 2010–11 –ൽ ധനകാര്യ ബില്ല് മുഖാന്തരം കൽക്കരി നികുതിയിൽ നിന്നും ക്ലീൻ എനർജി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനും, ക്ലീൻ എനർജിയെ സംബന്ധിക്കുന്ന ഗവേഷണ പഠനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുമായി നാഷണൽ ക്ലീൻ എനർജി ഫണ്ട് (എൻ. സി.ഇ.എഫ്) രൂപീകരിച്ചു. 2014–15 ബഡ്ജറ്റിൽ കൽക്കരിയിൽ നിന്നുള്ള നികുതി ടണ്ണിന് 50 രൂപയിൽ നിന്നും 100 രൂപയാക്കി വർദ്ധിപ്പിച്ചു. 2016–17 ലെ കേന്ദ്ര ബഡ്ജറ്റിൽ ഇത് ടണ്ണിന് 400 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ ഈ നികുതിയെ ക്ലീൻ എൻവിയോൺമെന്റ് സെസ്സ് എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

കാലാവസ്ഥാ ധനകാര്യം

കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്ത് അതുമായി ഇണങ്ങിച്ചേരുന്നതിന് വിവിധ ദേശീയ, അന്തർദേശീയ ഫണ്ടുകൾ ലഭ്യമാണ്. അതിൽ പ്രധാനപ്പെട്ടവയാണ്: (1) അഡാപ്റ്റേഷൻ ഫണ്ട് (2) ഹരിതകാലാവസ്ഥാ ഫണ്ട് (3) അന്തർദേശീയ കാലാവസ്ഥാ സംരംഭം (ഐ.കെ.ഐ) (4) പ്രത്യേക കാലാവസ്ഥാ വ്യതിയാന ഫണ്ട് (എസ്.സി.സി.എഫ്) (5) കാലാവസ്ഥാ വ്യതിയാനത്തിനുള്ള ദേശീയ അഡാപ്റ്റേഷൻ ഫണ്ട് (എൻ.എ.എഫ്.സി.സി).

അഡാപ്റ്റേഷൻ ഫണ്ട്

2001 ൽ യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷന്റെ ക്യോട്ടോ പ്രോട്ടോക്കോളിന് കീഴിലാണ് അഡാപ്റ്റേഷൻ ഫണ്ട് രൂപീകരിക്കപ്പെട്ടത്. 2010 മുതൽ നടപ്പിൽ വന്ന് തുടങ്ങിയ ഈ സംവിധാനം കാലാവസ്ഥ അനുരൂപ/ അനുയോജ്യ പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യയിൽ ഇതിന്റെ ദേശീയ നിർവ്വഹണ ഏജൻസി നബാർഡാണ്.

ഹരിത കാലാവസ്ഥാ ഫണ്ട്

കാലാവസ്ഥ ധനകാര്യത്തിനായുള്ള കേന്ദ്ര ആഗോള നിക്ഷേപക വാഹനമായി ഹരിതകാലാവസ്ഥ ഫണ്ട് പ്രവർത്തിക്കുന്നു. വ്യാവസായിക രാജ്യങ്ങൾ വികസ്വര രാജ്യങ്ങൾക്ക് ഈ ഫണ്ട് വഴി പൊതു സ്വകാര്യ മേഖല പദ്ധതികളും പരിപാടികളും നടത്തുന്നതിനായി ധനസഹായം നൽകുന്നു. അഡാപ്റ്റേഷൻ ഫണ്ടിന് സമാനമായി ഹരിതകാലാവസ്ഥ ഫണ്ട് സ്വീകരിക്കുന്ന രാജ്യങ്ങൾക്ക്, ദേശീയ, പ്രാദേശിക, അന്താരാഷ്ട്ര ഇടനിലക്കാരിൽ നിന്നും ധനസഹായം സ്വീകരിക്കാവുന്നതാണ്. ഇന്ത്യയിൽ നബാർഡാണ് ഹരിതകാലാവസ്ഥ ഫണ്ടിന്റെ ദേശീയ നിർവ്വഹണ ഏജൻസി.

അന്തർദേശീയ കാലാവസ്ഥ സംരംഭം

ജർമൻ ഫെഡറൽ മിനിസ്ട്രിയുടെ ധനസഹായമാർഗ്ഗമാണിത്. വികസ്വര രാജ്യങ്ങളിലേയും നവ വ്യാവസായിക രാജ്യങ്ങളിലേയും കാലാവസ്ഥ ജൈവ വൈവിദ്ധ്യ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നു.

പ്രത്യേക കാലാവസ്ഥ വ്യതിയാന ഫണ്ട്

യു.എൻ.എഫ്.സി.സി യുടെ കീഴിൽ 2001 ലാണ് പ്രത്യേക കാലാവസ്ഥ വ്യതിയാന ഫണ്ട് നിലവിൽ വന്നത്. ഊർജ്ജം, ഗതാഗതം, വനവത്ക്കരണം, സാങ്കേതിക വിദ്യയുടെ കൈമാറ്റം എന്നിവയ്ക്കാണ് പ്രത്യേക കാലാവസ്ഥ ഫണ്ട് മുൻതൂക്കം നൽകുന്നത്.

നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്(എൻ.എ.എഫ്.സി.സി)

കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിക്കുന്ന ദേശീയ ആക്ഷൻ പ്ലാനും സംസ്ഥാന ആക്ഷൻ പ്ലാനും അടിസ്ഥാനപ്പെടുത്തി കാലാവസ്ഥാ മാറ്റങ്ങളുടെ വിപത്ത് കൂടുതൽ ഉണ്ടാകാൻ സാധ്യതയുള്ള സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഈ മാറ്റങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ തയ്യാറാക്കുന്ന പദ്ധതികളിൽ ഇടപെടുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയം എൻ.എ.എഫ്.സി.സി രൂപീകരിച്ചു. 2015–16 ലും

2016–17 ലും 350 കോടിരൂപയാണ് ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ നിയമിച്ചിട്ടുള്ള ദേശീയ നിർവ്വഹണ ഏജൻസിയാണ് ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (നബാർഡ്). സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നിർവ്വഹണ ഏജൻസികളായി വർത്തിക്കുന്നു. വകുപ്പുകൾക്ക് പ്രോജക്ട് പ്രൊപ്പോസലുകൾ നൽകി എൻ.എ.എഫ്.സി.സി ഫണ്ടുകൾ ലഭ്യമാക്കാം.

കേരളത്തിലെ എൻ.എ.എഫ്. സി.സി പ്രോജക്ട് :- "കേരളത്തിലെ തീരദേശ നീർത്തടങ്ങളിലെ സംയോജിത കൃഷി രീതിയായ കൈപ്പാട്, പൊക്കാളി പ്രോത്സാഹനം"

നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയിഞ്ച് (എൻ.എ.എഫ്.സി.സി) നു കീഴിൽ കേരളത്തിൽ നിന്നുള്ള –"കേരളത്തിലെ തീരദേശ നീർത്തടങ്ങളിലെ സംയോജിത കൃഷി രീതിയായ കൈപ്പാട്, പൊക്കാളി പ്രോത്സാഹനം" – എന്ന പദ്ധതിക്ക് നാഷണൽ സ്റ്റിയറിംഗ് കമ്മിറ്റി ഓൺ ക്ലൈമറ്റ് ചെയിഞ്ചിന്റെ അംഗീകാരം ലഭിച്ചു. ഈ പദ്ധതിക്കായി 25 കോടി രൂപയാണ് അനുവദിച്ചത്.

പ്രോജക്ടിന്റെ കാലയളവ് 4 വർഷമാണ് (2015–19). കേരളസർക്കാരിന്റെ മത്സ്യബന്ധന വകുപ്പുവഴി എ.ഡി.എ.കെ ആണ് പ്രോജക്ടിന്റെ നിർവ്വഹണം നടത്തുക. കാലാവസ്ഥ വ്യതിയാനത്താൽ, പ്രത്യേകിച്ച് സമുദ്ര നിരപ്പ് ഉയരുകയും അത് കടൽ വെള്ളത്തിന് ഉപ്പ് രസം വർദ്ധിപ്പിക്കുകയും ചെയ്യുന്ന അവസ്ഥയിൽ മത്സ്യ സമ്പത്ത് കുറയുന്നത് തടയാനുള്ള പദ്ധതികൾ സംയോജിത കൃഷി രീതിയിലൂടെ നടപ്പിലാക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതി 600 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കാനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത് (കണ്ണൂർ ജില്ലയിലെ 300 ഹെക്ടറും, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലയിലെ 300 ഹെക്ടറും).

അദ്ധ്യായം 3

വ്യവസായം, സേവനം, വ്യാപാരം

അദ്ധ്യായം 3

വ്യവസായം, സേവനം, വ്യാപാരം

3.1 വ്യവസായം

ഏതൊരു രാജ്യത്തിന്റെയും സാമൂഹിക സാമ്പത്തിക വളർച്ചയ്ക്കും മനുഷ്യ ക്ഷേമത്തിനും ആ രാജ്യത്തെ വ്യവസായങ്ങളുടെ വികസനം വളരെ നിർണായകമാണ്. സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനയ്ക്ക് പുറമേ, വരുമാനം സൃഷ്ടിക്കുന്നതിനും, ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലായ്മ ചെയ്യുന്നതിനും, പ്രതിശീർഷ വരുമാനവും ജനങ്ങളുടെ ജീവിത നിലവാരവും വർദ്ധിപ്പിക്കുന്നതിനും വ്യവസായ മേഖല സഹായിക്കുന്നു. കൃഷിയുടെ ആധുനികവല്കരണം, സംരംഭകത്വം, വളർച്ച, പ്രതിരോധ ഉത്പാദനത്തിൽ സ്വയം പര്യാപ്തത, അന്തർദ്ദേശീയ വ്യാപാരത്തിന്റെ വിജയം, പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായി ഉപയോഗം എന്നിവയുമായും വ്യവസായങ്ങളുടെ വളർച്ച ബന്ധപ്പെട്ടിരിക്കുന്നു. വ്യവസായത്തിന്റെയും, സേവനങ്ങളുടെയും വ്യാപനം, സാമ്പത്തിക വികസനത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്.

കേരളത്തിന്റെ വ്യാവസായിക വളർച്ചയെ സഹായിച്ച ഒട്ടനവധി ഘടകങ്ങളുണ്ട്. കേരളത്തിലെ ഉന്നത നിലവാരമുള്ള വിദഗ്ധ തൊഴിലാളികളും സംസ്ഥാനത്തെ ഉയർന്ന അളവിലുള്ള ഉപഭോഗവും അവയിൽ പ്രധാനപ്പെട്ടവയാണ്. ഗ്രാമീണ കേരളത്തിലെ പ്രതിശീർഷ ഉപഭോഗ ചെലവിന്റെ അനുപാതം ഗ്രാമീണ ഇന്ത്യയെക്കാൾ രണ്ടിരട്ടിയാണ്. ഇന്ത്യൻ നഗര പ്രദേശത്തെക്കാൾ 1.3 ഇരട്ടിയാണ് കേരള സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലുള്ള പ്രതിശീർഷ ഉപഭോഗ ചെലവ്. അതിനാൽ തന്നെ നിരവധി വ്യവസായ പ്രവർത്തനങ്ങൾക്ക് കേരളം ഒരു റെഡിമാർക്കറ്റ് ആയി പ്രവർത്തിക്കും. കിഴക്കും പടിഞ്ഞാറും തമ്മിൽ അന്തർദേശീയ മാരി ടൈം, ദേശീയപാതയിൽ നിലയുറച്ച കേരളത്തിലെ ജിയോ സ്ട്രാറ്റജിക് പ്രദേശം, വല്ലാർപ്പാടം, വരാനിരിക്കുന്ന വിഴിഞ്ഞം തുറമുഖം, എന്നിവ സംസ്ഥാനത്ത് കയറ്റുമതിയിൽ അധിഷ്ഠിതമായ വ്യവസായത്തിന് തനതായ ഒരു അവസരം നൽകുന്നു. കേരളത്തിൽ 3 അന്താരാഷ്ട്രാ വിമാനത്താവളങ്ങളും ഒരു പുതിയ വിമാനത്താവളവും കണ്ണൂരിലും ആരംഭിക്കാൻ പോകുന്ന കേരളജനതയുടെ ശക്തമായ സാന്നിദ്ധ്യം വിദേശ രാജ്യങ്ങളിലുണ്ട്. എന്നിരുന്നാലും, കേരളത്തിലെ വർദ്ധിച്ച ജനസാന്ദ്രത വ്യവസായത്തിനായിവലിയ ഭൂവിസ്തൃതി ലഭിക്കുക എന്നുള്ളത് ഒരു വെല്ലുവിളിയാണ്. കൂടുതൽ സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റുകളുടേയും സോണുകളുടേയും വികസനം, സംസ്ഥാനത്ത് കൂടുതൽ പ്രസക്തമാകുകയാണ്.

കേരളത്തിന്റെ വ്യവസായ മേഖല

ഇടത്തരവും വലുതുമായ വ്യവസായങ്ങൾ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്. എം.ഇ), പരമ്പരാഗത വ്യവസായങ്ങൾ എന്നിവ ഉൾപെടുന്നതാണ് കേരളത്തിന്റെ വ്യവസായ മേഖല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. എസ്.ഐ.ഡി.സി), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് കോർപ്പറേഷൻ (കിൻഫ്ര), പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്), ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ് (ബി.പി.ഇ), സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി. എം.ഡി.) എന്നീ വകുപ്പുകൾ/ഏജൻസികളാണ് ഇടത്തരവും വലുതുമായ വ്യവസായങ്ങളുടെ കീഴിൽ വരുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും കീഴിൽ വരുന്ന ഏജൻസികളാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്, ഡയറക്ടറേറ്റ് ഓഫ് ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ്, ഡയറക്ടറേറ്റ് ഓഫ് കയർ ഡവലപ്മെന്റ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കാപ്പെക്സ് എന്നിവ. മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ഈ സെക്റ്ററിന്റെ കീഴിൽ വരുന്നതാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേയും 2016–17, 2017–18 വാർഷിക പദ്ധതിയിലെയും വകുപ്പ് തിരിച്ച് ലഭിച്ച പദ്ധതി വിഹിതവും, ചെലവും സംബന്ധിച്ച വിവരവും **പട്ടിക 3.1.1** –ൽ കൊടുത്തിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് വ്യവസായ മേഖലയ്ക്ക് 3,007.34 കോടി രൂപ കേരള സർക്കാർ അനുവദിക്കുകയും അതിൽ 2,527.96 കോടി രൂപ ചെലവഴിക്കുകയും ചെയ്തു (84.1 ശതമാനം). 2016–17, 2017–18 വാർഷിക പദ്ധതിക്കാലയളവിൽ ഈ മേഖലയ്ക്ക് വകയിരുത്തിയ പദ്ധതി വിഹിതം യഥാക്രമം 658.9 കോടി രൂപയും 888.8 കോടി രൂപയും വീതമാണ്. 2016–17 വാർഷികപദ്ധതിയിൽ ചെലവ് 576.7 കോടി രൂപയും (87.5 ശതമാനം), 2017–18 കാലയളവിൽ 2017 ഒക്ടോബർ വരെയുള്ള ചെലവ് 335.4 കോടി (37.7 ശതമാനം) രൂപയുമാണ്. 2017–18 വാർഷിക പദ്ധതിയിൽ വ്യവസായ മേഖലയ്ക്ക് നീക്കിവെച്ച തുക കഴിഞ്ഞ വർഷത്തേക്കാൾ 35 ശതമാനം കൂടുതലാണ്.

ബോക്സ് 3.1.1
13–ാം പഞ്ചവത്സര പദ്ധതി സമീപനം

- വിവിധ ഉറവിടങ്ങളിൽ നിന്നുമുള്ള നിക്ഷേപം – സ്വകാര്യ, സഹകരണ പൊതുമേഖലാ സ്ഥാപനങ്ങൾ – വഴി വ്യാവസായിക ഉല്പാദന വർദ്ധനവ് .
- ബയോടെക്നോളജി, നാനോ ടെക്നോളജി ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം.
- കേരളത്തിൽ ശക്തമായ ഉല്പാദന അടിത്തറ നിർമ്മിക്കുന്നതിനായി, സംസ്ഥാനം, കാർഷിക പ്രകൃതിദത്ത, സമുദ്ര വിഭവങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് മുൻഗണന നൽകണം.
- ഭക്ഷ്യ വസ്തുക്കളും കാർഷിക അധിഷ്ഠിത വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുക
- ഉല്പന്ന നിരയേയും സാങ്കേതിക വിദ്യയേയും പറ്റി പുനർ വിചിന്തനം നടത്തി ഉല്പന്ന നിർമ്മാണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദീർഘകാല പുനരുജ്ജീവനം സാധ്യമാക്കുക.
- സ്വകാര്യ മേഖലയിലെ ഹൈടെക്നോളജി സംരംഭങ്ങളുടെ ഫസിലിറ്റേറ്റർ ആയി പൊതുമേഖലാ സ്ഥാപനങ്ങളെ രൂപാന്തരപ്പെടുത്തുക.
- പുതിയതും മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ബയോടെക്നോളജി, ബയോമെഡിക്കൽ സയൻസ്, ബയോ കെമിക്കൽ എഞ്ചിനീയറിംഗ് മേഖലയിലെ പുതിയ നേട്ടങ്ങളെ ഉപയോഗിക്കുക
- ബയോടെക്നോളജിയുടെ വികസനത്തിനും ഉപയോഗത്തിനും ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുക.

പട്ടിക 3.1.1
സബ് സെക്ടർ തിരിച്ചുള്ള വിഹിതവും ചെലവും. (തുക ലക്ഷത്തിൽ)

ക്രമ നമ്പർ	വകുപ്പിന്റെ പേര്/ സ്കീം	12-ാം പഞ്ചവത്സര പദ്ധതി		വാർഷിക പദ്ധതി 2016-17		വാർഷിക പദ്ധതി 2017-18	
		വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
1	ഇടത്തരവും വലുതുമായ വ്യവസായങ്ങൾ	130,643.00	99,932.00	29,178.00	18,023.3	48,296.0	20,407.0
2	മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്	893.0	536.10	84.00	48.8	135.0	88.33
3	ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ	169,198.00	152,328.1	36,631.0	39,593.9	40,446.0	13,048.3
	ആകെ	**300,734.00**	**252,796.2**	**65,893.0**	**57,666.0**	**88,877.0**	**33,543.6**

അവലംബം ബഡ്ജറ്റ് എസ്റ്റിമേറ്റ്

ഉൽപ്പന്ന നിർമ്മാണം

ഒരു ശക്തമായ വ്യാവസായിക ഉല്പന്നനിർമ്മാണ മേഖല, ആഭ്യന്തര ഉല്പാദനം, കയറ്റുമതി, തൊഴിലിന്റെ വളർച്ച എന്നിവ സമ്പദ് വ്യവസ്ഥയിലെ ഉയർന്ന വളർച്ചാ നിരക്കിനെ സഹായിക്കുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ താൽക്കാലിക ഡാറ്റയുടെ കണക്കുപ്രകാരം 2016-17 കാലഘട്ടത്തിൽ ഇന്ത്യയിലെ മൊത്തം മൂല്യവർദ്ധനവിന്റെ (ജി.വി.എ) വളർച്ച 6.6 ശതമാനമാണ്. 2015-16 ൽ വ്യവസായ മേഖലയുടെ വളർച്ച 8.8 ശതമാനം ആയിരുന്നത് 2016-17 -ൽ 5.6 ശതമാനമായി കുറഞ്ഞു. (**പട്ടിക 3.1.2**). ഇത് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലാണ്.

കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖല

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കൂട്ടിചേർക്കപ്പെട്ട മൊത്തം മൂല്യത്തിന്റെ ത്വരിത ഗതിയിലുള്ള കണക്കനുസരിച്ച്, കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല നടപ്പു വിലയിൽ മുൻ വർഷത്തെ 9.7 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2016-17 -ൽ 4.5 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥിര വിലയിലെ (2011-12) കണക്കനുസരിച്ച്, ഈ മേഖലയുടെ വളർച്ച 2015-16 ലെ 12 ശതമാനത്തിൽ നിന്നും 2016-17 -ൽ 2.2 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. 2016-17 -ൽ മൊത്തം കൂട്ടിചേർക്കപ്പെട്ട മൂല്യത്തിലേക്ക് ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം സ്ഥിര വിലയിലും, നടപ്പു വിലയിലും യഥാക്രമം 10.2 ശതമാനവും 9 ശതമാനവും വീതമാണ്. 2012-13 മുതൽ 2016-17 വരെ മൊത്തം കൂട്ടിചേർക്കപ്പെട്ട മൂല്യത്തിലേക്ക് ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വിഹിതം **അനുബന്ധം 3.1.1** -ൽ ചേർത്തിരിക്കുന്നു.

2012-13 മുതൽ 2016-17 വരെ സ്ഥിര വിലയിലെ മൊത്തം കൂട്ടിചേർക്കപ്പെട്ട മൂല്യമനുസരിച്ച് കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചാ നിരക്ക് **ചിത്രം 3.1.1** -ൽ ചേർത്തിരിക്കുന്നു.

കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചാനിരക്ക് 2012-13 -ൽ

പട്ടിക. 3.1.2
കൂട്ടിച്ചേർത്ത മൊത്തം മൂല്യത്തിന്റെ നിരക്ക്, സ്ഥിരവിലയിൽ (ശതമാനം)

ക്രമ.നം.	സബ്സെക്ടർ	2015–16	2016–17
1.	മൈനിഗും ക്വാറിയിഗും	10.5	1.8
2.	ഉല്പന്ന നിർമ്മാണം	10.8	7.9
3.	വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് സേവനങ്ങൾ	5	7.2
4.	നിർമ്മാണം	5	1.7
	ആകെ വ്യവസായം	8.8	5.6

അവലംബം: ഇക്കണോമിക് സർവ്വേ 2016-17

ചിത്രം 3.1.1
കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വാർഷിക വളർച്ചാ നിരക്ക് സ്ഥിര വിലയിൽ



അവലംബം: ഇക്കണോമിക് സർവ്വേ 2016-17

12.5 ശതമാനമായിരുന്നത് 2013–14 –ൽ 4.6 ശതമാനമായി കുറഞ്ഞു. 2014–15 –ൽ ഇത് 2.9 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2015–16 –ൽ വളർച്ച നിരക്ക് 12 ശതമാനം രേഖപ്പെടുത്തുകയും 2016–17 ൽ ഇത് 2.2 ശതമാനമായി രേഖപ്പെടുത്തുകയും ചെയ്തു.

കേരളത്തിലെ ഖനന മേഖല

മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിലേക്ക് മൈനിംഗ് ആന്റ് ക്വാറിയിംഗ് മേഖലയുടെ കൂട്ടിചേർക്കപ്പെട്ട മൂല്യത്തിലേക്കുള്ള 2016–17 ലെ വിഹിതം സ്ഥിരവിലയിൽ 2,905 കോടി രൂപയായിരുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 60.2 ശതമാനം കൂടുതലാണ്. സ്ഥിര വിലയിൽ ഈ മേഖലയുടെ വിഹിതം 2015–16 –ൽ 0.5 ശതമാനമായിരുന്നത് 2016–17 –ൽ 0.7 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

സ്ഥിര വിലയിലെ (2011–12) മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പന്ന കണക്കുകൾ പ്രകാരം 2012–13 മുതൽ 2016–17 വരെ ഈ മേഖലയിൽ നിന്ന് സംസ്ഥാനം നേടിയ വരുമാന വളർച്ച **ചിത്രം 3.1.2** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ ഖനന ക്വാറി മേഖലകളുടെ വളർച്ച നിരക്ക് 2012–13 –ൽ 16 ശതമാനമാണ് രേഖപ്പെടുത്തിയത്. 2013–14 –ൽ വളർച്ചാനിരക്ക് 50.1 ശതമാനവും 2014–15 –ൽ 60.8 ശതമാനവും 2015–16 –ൽ 67.2 ശതമാനവും 2016–17 –ൽ 60.2 ശതമാനവുമായിരുന്നു.

ചിത്രം 3.1.2
കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്



അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

2016 മാർച്ച് 31 വരെയുള്ള കണക്കുകൾ അനുസരിച്ച് കേരളത്തിൽ 64 പ്രധാന ധാതു ഖനികൾ പ്രവർത്തിക്കുന്നുണ്ട്. 2016–17 കാലയളവിൽ, 64 മേജർ മിനറൽ മൈനിംഗ് ലീസുകളും, മൈനർ മിനറൽ വിഭാഗത്തിൽപ്പെട്ട 472 ക്വാറി ലീസുകളും, മൈനർ മിനറലുകൾക്കായുള്ള 5,860 ക്വാറി പെർമിറ്റുകളും, 1,349 ഡീലർ ലൈസൻസുകളും നൽകി. 2016–17 ലെ കണക്ക് പ്രകാരം കേരളത്തിൽ ആകെ 180 അംഗീകൃത മെറ്റൽ ക്രഷർ യൂണിറ്റുകളുണ്ട്. കൂടാതെ, രണ്ട് മൈനർ മിനറലുകൾക്കുള്ള ലൈസൻസുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

2016 ഒക്ടോബർ വരെയുള്ള കണക്കു പ്രകാരം മൈനിംഗ് ലീസുകൾക്കായി നൽകിയിട്ടുള്ള ആകെയുള്ള ഭൂപ്രദേശം 1,128.9 ഹെക്ടറാണ്. ഇതിൽ ധാതുമണൽ 558.4 ഹെക്ടറും, ചുണ്ണാമ്പ് കല്ല് 245.7 ഹെക്ടറും, ലൈംഷെൽ/സീഷെൽ 99.4 ഹെക്ടറും, ഇരുമ്പയിര് 86.1 ഹൈക്ടറും ചൈനാക്ലേ 70.6 ഹെക്ടറും സിലിക്കാസാന്റ് 26.5 ഹെക്ടറും ക്വാർട്ട്സ് 6.8 ഹെക്ടറുമാണ്. ഗ്രാഫൈറ്റ് ഉള്ള പ്രദേശം 1.3 ഹെക്ടറുമാണ്. ബോക്സൈറ്റ് ഖനനം ഇപ്പോൾ കേരളത്തിലില്ല. മൈനിംഗ് ലീസുകൾക്ക് നൽകിയിട്ടുള്ള, ധാതുക്കൾ തിരിച്ചുള്ള, പ്രദേശങ്ങളുടെ വിവരങ്ങൾ **അനുബന്ധം 3.1.2** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016-17 ലെ ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിരൂപത്തിലാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ മിനറലുകളിൽ നിന്നും ബാക്കി മേജർ മിനറലുകളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2016–17 –ൽ ആകെ ലഭിച്ച വരുമാനം 138.7 കോടി രൂപയാണ്.

കേരളത്തിൽ 2016–17 വർഷത്തിൽ 537.3 ലക്ഷം ടൺ മേജർ/മൈനർ മിനറലുകൾ ഉൽപ്പാദിപ്പിച്ചു. മേജർ മിനറലുകളിൽ ഒന്നാം സ്ഥാനം ചുണ്ണാമ്പുകല്ല് (4.1 ലക്ഷം ടൺ), തുടർന്ന് ഇൽമനൈറ്റ് (1.2 ലക്ഷം ടൺ). മൈനർ മിനറലുകളിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണാണ് (341 ലക്ഷം ടൺ), തുടർന്ന്, ഓർഡിനറി എർത്ത് (104.6 ലക്ഷം ടൺ) രണ്ടാം സ്ഥാനത്തുണ്ട്.

2015–16 –ൽ 119.5 കോടി രൂപ ധാതുക്കളിൽ നിന്നും വരുമാനമായി ലഭിച്ചു, 2016–17

ആയപ്പോഴേക്കും വരുമാനം 138.7 കോടി രൂപയായി വർദ്ധിച്ചു. (16 ശതമാനം) ഇതിൽ 6.5 കോടി രൂപ മേജർ മിനറലുകളിൽ നിന്നും 132.3 കോടി രൂപ മൈനർ മിനറലുകളിൽ നിന്നുമാണ്. മേജർ മിനറലുകളിൽ 2016–17 –ൽ ഏറ്റവുമധികം റോയൽറ്റി ലഭിച്ചത് ലൈംസ്റ്റോണിൽ നിന്നാണ് (3.3 കോടി രൂപ) തുടർന്ന് ഇൽമനൈറ്റ് (1.5 കോടി). മൈനർ മിനറലുകളിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിൽ (81.8 കോടി രൂപ) നിന്നാണ് ഏറ്റവുമധികം റോയൽറ്റി 2016–17 വർഷത്തിൽ ലഭിച്ചത്. രണ്ടാം സ്ഥാനം ഓർഡിനറി എർത്തിനും (20.9 കോടി രൂപ), മൂന്നാം സ്ഥാനം ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോണിനുമാണ് (11.4 കോടി രൂപ). 2016–17 ൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.1.3** –ൽ ചേർത്തിരിക്കുന്നു.

മേജർ/മൈനർ മിനറലിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം

2016–17 ലെ ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല എറണാകുളമാണ്, 33.9 കോടി രൂപ (ആകെ വരുമാനത്തിന്റെ 24.5 ശതമാനം).രണ്ടാം സ്ഥാനം പാലക്കാടിനും (13.4 കോടി രൂപ, 9.6 ശതമാനം), മൂന്നാം സ്ഥാനം തിരുവനന്തപുരത്തിനുമാണ് (12.4 കോടി രൂപ, 8.9 ശതമാനം). കുറച്ച് വരുമാനം ലഭിച്ചത് വയനാട് ജില്ലയിൽ നിന്നുമാണ് (1.8 കോടി രൂപ, 1.3 ശതമാനം). ധാതുക്കളിൽ (മേജർ/മൈനർ മിനറലുകൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ **അനുബന്ധം 3.1.4** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇ–ഗവേർണൻസ് പദ്ധതിയുടെ നടപ്പാക്കൽ

കേരളാ ഓൺ ലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവീസസ് (കോംപാസ്) എന്ന ഓൺ ലൈൻ സംവിധാനം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ എല്ലാ മോഡ്യൂളുകളും വികസിപ്പിച്ചിട്ടുണ്ട്. നവംബർ 2017 മുതൽ പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

ശാസ്ത്രീയ മൈനിംഗ് നയം–മുമ്പോട്ടുള്ള പ്രയാണം

കേരളം ശാസ്ത്രീയ മൈനിംഗ് നയം ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ താഴെപ്പറയുന്നവ ഉൾപ്പെടേണ്ടതുണ്ട്.

- ഖനനം ചെയ്യാൻ സാധിക്കുന്ന പ്രകൃതിയിലുള്ള ഭൗതികവസ്തുക്കളായ മിനറലുകളും പാറകളും സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ സാധ്യതകളെപ്പറ്റി വിലയിരുത്തേണ്ടതുണ്ട്.
- പരിസ്ഥിതിയെ, അഥവാ ജലം, വായു, മണ്ണ്, ജൈവവ്യവസ്ഥ എന്നിവയ്ക്ക് ഏറ്റവും കുറഞ്ഞ തോതിലുള്ള കോട്ടം വരുന്ന ഖനന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെന്റ് അല്ലെങ്കിൽ എസ്.ഐ.എ ഉയർത്തിക്കാട്ടുകയും ചെയ്യുക.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഖനനം ചെയ്യാവുന്ന ധാതുക്കളുടെ വിതരണത്തിന്റെ മാപ്പിംഗിനായുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും യോജിച്ച ശ്രമങ്ങളുണ്ടാകണം. ജിയോഗ്രഫിക്ക്ഇൻഫർമേഷൻ സേവനങ്ങളും ജിയോ ഡാറ്റാ ബേസും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.
- പ്രവർത്തിക്കുന്നഖനികളുടെയും ക്വാറികളുടെയും ഫോട്ടോഗ്രാമെട്രിക് മോണിറ്ററിംഗ് സംവിധാനത്തിലൂടെ കുഴിച്ചെടുത്ത വസ്തുക്കളുടെ അളവ് സംബന്ധിച്ച എസ്റ്റിമേറ്റ് മനസ്സിലാക്കുന്നതിനും അതുവഴി സംസ്ഥാനത്ത് വരുമാനം/റോയൽറ്റി നഷ്ടം നികത്തുന്നതിനും സാധിക്കും.

- ലീസ്/പെർമിറ്റ് നൽകുന്നതിനും അടച്ചുപൂട്ടൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആധുനികവൽക്കരിക്കുന്നതിനും, പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും മൈനിംഗ് നടപടി കൈകൊള്ളേണ്ടതുണ്ട്. എൻജിനീയറിംഗ്, അപ്ലൈഡ് ജിയോഫിസിക്സ് എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കേണ്ടതുണ്ട്.
- മൈനിംഗും ക്വാറിയിങ്ങും പുതിയതായി ആരംഭിക്കുന്നതിനും ലീസ് പെർമിറ്റ് നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായ ഒരു ഏകജാലക സംവിധാനം ആരംഭിക്കുന്നത് അത്യന്താപേക്ഷിതമാണ്.
- ജില്ലാതലത്തിലുള്ള തീരുമാനങ്ങളുടെ അവലോകനത്തിനായി സംസ്ഥാന തലത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.
- സർക്കാർ രൂപവൽക്കരിച്ച ഒരു ഉന്നതതല കമ്മിറ്റി നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നുവെന്നത് ഉറപ്പു വരുത്തുന്നതിനായി ഉണ്ടായിരിക്കേണ്ടതാണ്.

ഉപസംഹാരം

മൈനിംഗും ക്വാറിയും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങളുടെ പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെമൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്കും സമ്പദ് വ്യവസ്ഥയ്ക്കും ഉണ്ടാക്കുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ

ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവത്കരണത്തിനും കേന്ദ്ര- സംസ്ഥാന തലത്തിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ (പി. എസ്സ്.യു) വഹിച്ച പങ്ക് വളരെ നിർണ്ണായകമാണ്. ഉത്പാദനത്തിലും സാങ്കേതിക വിദ്യയിലും സ്വയംപര്യാപ്തത കൈവരിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ത്യയിൽ പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിച്ചത്. വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും ഭരണ നിയന്ത്രണത്തിലായി, 2016 മാർച്ച് 31 വരെ 320 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യയിൽ നിലവിലുണ്ട്. ഇതിൽ, 244 സ്ഥാപനങ്ങൾ പ്രവർത്തന ക്ഷമമാണ്. ലാഭകരമായി പ്രവർത്തിക്കുന്ന 165 സ്ഥാപനങ്ങളുടെ അറ്റലാഭം 2015-16 വർഷത്തിൽ 1,400 ബില്യൻ രൂപയാണ്. അതേ സമയം, നഷ്ടത്തിൽ പ്രവർത്തിക്കുന്ന 78 സ്ഥാപനങ്ങളുടെ അറ്റ നഷ്ടം 287.5 ബില്യൺ രൂപ ആണ്.

കേന്ദ്ര മേഖലാ നിക്ഷേപം

ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെയുള്ള യഥാർത്ഥ നിക്ഷേപം കണക്കാക്കുന്നത് 'ഗ്രോസ് ബ്ളോക്കുകളിലാണ്. ഇത് 2014-15 -ൽ 19,069.3 ബില്യൺ രൂപ ആയിരുന്നത് 2015-16 ൽ 20,263.2 ബില്യൺ രൂപ ആയി വർദ്ധിച്ചു. ഇത് 2014-15 ലെ വളർച്ചയെ അപേക്ഷിച്ച് 6.3 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ

സ്ഥാപനങ്ങളിലെ നിക്ഷേപം 'ഗ്രോസ് ബ്ലോക്കിൽ' 2014–15 –ൽ 380.2 ബില്യൺ രൂപ ആയിരുന്നത് 2015–16 –ൽ 433.5 ബില്യൺ രൂപ ആയി ഉയർന്നു. അതായത്, 14 ശതനമാനം വർദ്ധനവ്. എന്നാൽ, ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ യഥാർത്ഥ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം 2014–15 ലെ 2 ശതമാനത്തിൽ നിന്നും 2015–16 –ൽ 2.1 ശതമാനം മാത്രമായാണ് വർദ്ധിച്ചത്. (പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2015–16). സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ളത് മഹാരാഷ്ട്രയിലാണ് (8.8 ശതമാനം), ഉത്തർപ്രദേശ് രണ്ടാം സ്ഥാനത്തും (6.4 ശതമാനം), തമിഴ്നാടും ഒറീസയും മൂന്നാം സ്ഥാനത്തും (6.1 ശതമാനം) ആണ്. 2012–13 മുതൽ 2015–16 വരെ കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.1.5** –ൽ ചേർത്തിരിക്കുന്നു. മാർച്ച് 31, 2016 വരെ തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്ര മേഖലാ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3.1.6** –ൽ ചേർത്തിരിക്കുന്നു.

2012–13 മുതൽ 2015–16 വരെയുള്ള കാലയളവിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം **ചിത്രം 3.1.3** –ൽ ചേർത്തിരിക്കുന്നു. 2013–14 –ൽ കേരളത്തിന്റെ വിഹിതം കുറയുകയും തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

സമ്പദ് ഘടനയുടെ വളർച്ചയ്ക്ക്, പ്രത്യേകിച്ച് ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വികസനത്തിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വളരെ നിർണ്ണായകമായ ഒരു പങ്കാണ് വഹിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുന്ന സംസ്ഥാന ഗവൺമെന്റ് കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പെടുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച് 2016 മാർച്ച് 31 വരെ കേരളത്തിൽ ആകെ 128 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇതിൽ 113 എണ്ണം (109 ഗവൺമെന്റ് കമ്പനികളും 4 സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും) പ്രവർത്തനം നടത്തുന്നുണ്ട്. അതേസമയം, 15 എണ്ണം പ്രവർത്തനം നടക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളാണ്. കേരളത്തിലെ പ്രവർത്തനം

ചിത്രം 3.1.3
കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരളത്തിന് ലഭിച്ച നിക്ഷേപ വിഹിതം ശതമാനത്തിൽ



നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ വിൽപന 198.7 ബില്യൺ രൂപയായിരേഖപ്പെടുത്തിയിരിക്കുന്നു(ഇത് സംസ്ഥാന ജി.എസ്.ഡി.പി യുടെ 3.4 ശതമാനത്തിന് തുല്യമാണ്). മാർച്ച് 31, 2016 വരെ 128 പൊതുമേഖല സ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം 19,786.9 കോടി രൂപയും പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ വരുത്തിയ നഷ്ടം 3,136.8 കോടി രൂപയുമാണ്. സംസ്ഥാനത്തെ, പ്രവർത്തനക്ഷമമായ പൊതുമേഖല സ്ഥാപനങ്ങളുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് 50 പൊതുമേഖല സ്ഥാപനങ്ങളുടെ മൊത്തം ലാഭം 395.5 കോടി രൂപയും 56 പൊതുമേഖല സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 1019.3 കോടി രൂപയുമാണ്. പ്രവർത്തിക്കാത്ത 3 പൊതുമേഖല സ്ഥാപനങ്ങൾക്ക് ലാഭമോ നഷ്ടമോ ഇല്ല.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

കേരള സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിൽ 40 പൊതു മേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ, 7 എണ്ണം കെമിക്കൽ മേഖല, 4 എണ്ണം ഇലക്ട്രിക്കൽ, 6 എണ്ണം എഞ്ചിനീയറിംഗ്, 3 എണ്ണം ഇലക്ട്രോണിക്, 8 എണ്ണം ടെക്സ്റ്റയിൽ, 2 എണ്ണം സിറാമിക്, 6 എണ്ണം പരമ്പരാഗത മേഖല, 1 എണ്ണം തടിയുമായി ബന്ധപ്പെട്ട മേഖല, 3 എണ്ണം വികസന മേഖലയിലുമാണ്. 2012–13 മുതൽ 2016–17 വരെ 40 സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനഗതി **ചിത്രം 3.1.4** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2012–13 മുതൽ 2016–17 വരെ വ്യവസായ വകുപ്പിന് കീഴിലുള്ള 40 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനത്തിന്റയേും വിറ്റുവരവിന്റയേും സംയുക്തമൂല്യം **ചിത്രം 3.1.5** –ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ഉൽപ്പാദന മൂല്യത്തിലും വിറ്റുവരവിലും കാര്യമായ വ്യതിയാനങ്ങളൊന്നും വന്നിട്ടില്ലെന്ന് കാണാൻ കഴിയും. 2012–13 –ൽ വ്യവസായ വകുപ്പിന് കീഴിലുള്ള 40 പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ അറ്റാദായം 110.41

ചിത്രം 3.1.4
വ്യവസായ വകുപ്പിനു കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഗതി



*കിൻഫ്രഒഴികെ

അവലംബം: പബ്ലിക്സെക്റ്റർ റീസ്ട്രെക്ചറിംഗ്ആന്റ്ഇന്റേണൽ ആഡിറ്റ്ബോർഡ്

ചിത്രം 3.1.5
വ്യവസായ വകുപ്പിന് കീഴിലുള്ള 40 കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഉല്പ്പാദനത്തിന്റയേും വിറ്റുവരവിന്റയേും മൂല്യം *



*കിൻഫ്ര ഒഴികെ

അവലംബം: പബ്ലിക്ക് സെക്റ്റർ റീ സ്ട്രെച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

കോടി രൂപയായിരുന്നു. എന്നിരുന്നാലും, 2013–14 മുതൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റലാഭം നെഗറ്റീവായി തുടരുന്നു. 2015–16 –ൽ ഇത് (–)131.9 കോടി രൂപ ആയിരുന്നത് 2016–17 –ൽ (–)80.7 കോടിരൂപയായി.

കഴിഞ്ഞ 5 വർഷത്തെ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായകണക്ക് അനുബന്ധം 3.1.7–ൽ ചേർത്തിരിക്കുന്നു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ 5 വർഷമായുള്ള അറ്റലാഭം/നഷ്ടക്കണക്ക് **ചിത്രം 3.1.6**–ൽ ചേർത്തിരിക്കുന്നു. പ്രവർത്തന മൂലധന നഷ്ടം, സാങ്കേതിക വിദ്യയിൽ കാലാനുസൃതമായ നവീകരണത്തിന്റെ അഭാവം, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലെ കുറവ്, മാറികൊണ്ടിരിക്കുന്ന കമ്പോളത്തിന്റെ ആവശ്യമനുസരിച്ച് പ്രവർത്തിക്കാനുള്ള കഴിവില്ലായ്മ, ഉല്പ്പാദന ചെലവിലെ വർദ്ധനവ്, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള കടുത്ത മത്സരം, വിലകുറഞ്ഞ ഇറക്കുമതിയിൽ നിന്ന് നേരിടേണ്ട മത്സരം, വർദ്ധിച്ച വരുന്ന സാമ്പത്തിക ബാധ്യത (സ്റ്റാറ്റ്യൂട്ടറി പേ ഔട്ട് ഉൾപ്പെടെ) എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **പട്ടിക 3.1.3** –ൽ കൊടുത്തിരിക്കുന്നു.

2016–17 കാലയളവിൽ, കെമിക്കൽ, ഇലക്ട്രോണിക് മേഖലകളിലെ പൊതു മേഖല സ്ഥാപനങ്ങൾ നല്ല പ്രകടനമാണ് കാഴ്ച വച്ചത്. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖല സ്ഥാപനങ്ങളുടെ വലിയ നഷ്ടം മൊത്തത്തിലുള്ള പ്രകടനത്തെ ബാധിച്ചു.

വ്യവസായ വകുപ്പിനു കീഴിലുള്ള 40 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്ത ഉല്പാദന മൂല്യം 2015–16 –ൽ 2,444.4 കോടി രൂപയിൽ നിന്നും 2016–17 –ൽ 2,421.2 കോടി രൂപയായി കുറഞ്ഞ് 0.9 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് മുൻ വർഷത്തെ അപേക്ഷിച്ച് 2016–17 –ൽ 2.4 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2012–13 മുതൽ 2016–17 വരെയും 2017–18 –ൽ ആഗസ്റ്റ് വരെയുള്ള പൊതുമേഖല

ചിത്രം 3.1.6
വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ അറ്റലാഭം/നഷ്ടം



സ്ഥാപനങ്ങളുടെ ടേൺ ഓവർ, ലാഭം/നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.8** –ൽ കൊടുത്തിരിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും സംസ്ഥാന ബജറ്റിൽ വർധിച്ച ആശ്രിതത്വം, പന്ത്രണ്ടാം പദ്ധതി കാലയളവിലെ പ്രധാന ആശങ്കയായിരുന്നു. എന്നിരുന്നാലും, പന്ത്രണ്ടാം പദ്ധതി കാലത്തെ

പട്ടിക 3.1.3
വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം

ഇനങ്ങൾ	2012–13	2013–14	2014–15	2015–16	2016–17
കെമിക്കൽ മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	7	7	7	7	7
പദ്ധതി വിഹിതം (തുക കോടിയിൽ)	5.5	9.4	22.0	10.0	19.7
ടേൺ ഓവർ (തുക കോടിയിൽ)	1132.9	1216.7	1123.1	1191.5	1324.5
അറ്റാദായം (കോടിയിൽ)	106.1	19.3	(–)43.7	12.9	44.2
ടെക്സ്റ്റയിൽ മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	8	8	8	8	8
പദ്ധതി വിഹിതം (തുക കോടിയിൽ)	27.6	47.1	24.6	38.1	42.3
ടേൺ ഓവർ (തുക കോടിയിൽ)	167.3	149.5	139.2	96.3	82.2
അറ്റാദായം (കോടിയിൽ)	(–)23.1	(–)46.8	(–)58.6	(–)72.2	(–)71.1

ഇനങ്ങൾ	2012–13	2013–14	2014–15	2015–16	2016–17
എഞ്ചിനീയറിംഗ് മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	6	6	6	6	6
പദ്ധതി വിഹിതം (തുക കോടിയിൽ)	35.1	20.5	13.7	9.0	24.9
ടേൺ ഓവർ (തുക കോടിയിൽ)	135.0	132.7	131.4	121.5	118.3
അറ്റാദായം (കോടിയിൽ)	(–)14.9	(–)18.3	(–)19.9	(–)34.2	(–)23.0
ഇലക്ട്രോണിക്സ് മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	3	3	3	3	3
പദ്ധതി വിഹിതം (തുക കോടിയിൽ)	6.2	11.3	7.0	2.2	5.00
ടേൺ ഓവർ (തുക കോടിയിൽ)	379.5	381.0	368.5	483.9	450.6
അറ്റാദായം (കോടിയിൽ)	4.6	2.8	2.5	0.6	2.4
ഇലക്ട്രിക്കൽ മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	4	4	4	4	4
പദ്ധതി വിഹിതം (തുക കോടിയിൽ)	23.1	18.8	14.0	18.5	15.5
ടേൺ ഓവർ (തുക കോടിയിൽ)	262.7	380.0	360.7	398.6	420.2
അറ്റാദായം (കോടിയിൽ)	(–)17.2	(–)9.2	(–)46.3	(–)47.2	(–)15.3
പരമ്പരാഗതവും തടി അടിസ്ഥാന മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	7	7	7	7	7
പദ്ധതി വിഹിതം (തുക കോടിയിൽ)	12.3	6.5	7.6	2.4	4.9
ടേൺ ഓവർ (തുക കോടിയിൽ)	91.4	86.8	97.3	102.7	90.95
അറ്റാദായം (കോടിയിൽ)	(–)10.0	(–)14.1	(–)15.1	(–)20.2	(–)19.0
സെറാമിക് മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	2	2	2	2	2
പദ്ധതി വിഹിതം (തുക കോടിയിൽ)	6.0	8.6	2.0	7.6	5.1
ടേൺ ഓവർ (തുക കോടിയിൽ)	9.4	12.3	15.2	5.5	4.1
അറ്റാദായം (കോടിയിൽ)	(–)3.8	(–)3.5	(–)3.5	(–)11.1	(–)9.7
വികസന മേഖല					
ആകെ യൂണിറ്റുകളുടെ എണ്ണം	3	3	3	3	3
പദ്ധതി വിഹിതം (തുക കോടിയിൽ)	0.0	0.0	0.0	10.71	5.50
ടേൺ ഓവർ (തുക കോടിയിൽ)	321.2	401.5	432.2	393.0	231.8
അറ്റാദായം (കോടിയിൽ)	68.6	45.3	34.7	38.5	10.2

അവലംബം: റിയാബ്

ബോക്സ് 3.1.2
പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തിലെ പ്രോത്സാഹന പ്രവണതകൾ

വ്യവസായ വകുപ്പിന് കീഴിലുള്ള 13 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 2016–17 മുതൽ മെച്ചപ്പെടുവാനുള്ള സൂചനകൾ നൽകുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള 13 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 2016–17 ൽ ലാഭം കൈവരിച്ചു. ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ലാഭവിഹിതം 94.7 കോടിയായിരുന്നത് 2016–17 –ൽ 99.8 കോടിയായി. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (40.4 കോടി രൂപ), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (32.1 കോടി രൂപ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് (8.5 കോടി) എന്നിവയാണ് 2016–17 –ൽ ലാഭമുണ്ടാക്കിയ മുഖ്യ യൂണിറ്റുകൾ.

2015–16–ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 32 ൽ നിന്നും 2016–17 ആയപ്പോൾ 27 ആയി കുറഞ്ഞു. 2015–16 ലെ മൊത്തനഷ്ടം 226.6 കോടിരൂപയിൽ നിന്നും 2016–17 –ൽ 180.5 കോടിരൂപയായി കുറഞ്ഞു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (29.4 കോടി), കേരള സ്മാൾ ഇൻഡസ്ട്രിസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (16 കോടി), ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് (10.2 കോടി) ഇവയാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഖ്യ യൂണിറ്റുകൾ

അവസാന വർഷം മുതൽ (2016–17) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുനർ നിർണ്ണയിക്കുന്നതിനുമുള്ള പ്രധാന നടപടികൾ കൈക്കൊണ്ടുവരുന്നു. 2016–17 –ൽ തന്നെ അഞ്ച് യൂണിറ്റുകളിൽ (ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്റ്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ്) അനുകൂലമായ മാറ്റം വന്നിട്ടുണ്ട്.

2017–18 ൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശ്രദ്ധേയമായ നേട്ടമുണ്ടാക്കി. 2017 ആഗസ്റ്റ് 31 വരെ 40 പൊതുമേഖല സ്ഥാപനങ്ങളുടെയും അറ്റാദായം 21.50 കോടി രൂപയാണ്. കഴിഞ്ഞ നാലു വർഷങ്ങളിൽ ഈ പൊതുമേഖല സ്ഥാപനങ്ങൾ അറ്റനഷ്ടം ഉണ്ടാക്കിയതിനു ശേഷമാണ് ഈ നേട്ടമെന്നത് ശ്രദ്ധേയമാണ്. പ്രവർത്തനശേഷി വർദ്ധനയുടെ ഭാഗമായും, പ്രവർത്തന മൂലധന ആവശ്യങ്ങൾക്കനുസരിച്ചും 2017–18 വർഷത്തെ സംസ്ഥാന ബജറ്റിൽ 270 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ശേഷിവർദ്ധനവിലൂടെയും പുതിയ ഉൽപ്പന്നങ്ങളുടെ അവതരണത്തിലൂടെയും എല്ലാ യൂണിറ്റുകളുടേയും പ്രവർത്തനങ്ങൾ 'ഒപ്റ്റിമൈസ്' ചെയ്യുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. 2017–18 വർഷത്തിൽ നടപ്പാക്കി വരുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണ/വിപുലീകരണ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.9** –ൽ ചേർത്തിരിക്കുന്നു.

പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)

1993 –ൽ ആരംഭിച്ച റിയാബിലൂടെയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നടപടികൾ നടപ്പാക്കുന്നത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ റിയാബ് ഒരു പ്രധാന

ബോക്സ് 3.1.3
പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിക്കായി നടപ്പിലാക്കുന്ന പ്രധാന നടപടികൾ

- പ്രൊഫഷണൽ മാനേജ്മെന്റ് സ്ഥാപിക്കൽ
- ലാഭകരമായ പൊതുമേഖല സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക
- നഷ്ടത്തിലോടുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണവും സാങ്കേതിക വിദ്യാ നവീകരണവും
- പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധനച്ചെലവുകൾക്കും കൂട്ട് പ്രവർത്തനത്തിനും ബജറ്റ് പിന്തുണ.

പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുന:നിർമ്മാണം, ശേഷി വികസനം,പൊതു മേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായം നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ.

ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2017 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലുള്ള 27,305 ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ 25,714 (94.2 ശതമാനം) എണ്ണം പ്രൈവററ് ലിമിറ്റഡും 1,591 (5.8 ശതമാനം)എണ്ണം പബ്ലിക് ലിമിറ്റഡ് കമ്പനികളുമാണ്. 2016–17 കാലയളവിൽ 3,711 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു. (3,477 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും 234 പബ്ലിക് ലിമിറ്റഡ് കമ്പനികളും). 2016–17 ൽ 297 കമ്പനികൾ പിരിച്ചു വിടുകയോ, പ്രവർത്തനം നിർത്തുകയോ, ലയനം നടത്തുകയോ ചെയ്തിട്ടുണ്ട്. 3 പബ്ലിക് കമ്പനികൾ പ്രൈവറ്റ് കമ്പനികളായും 3 പ്രൈവറ്റ് കമ്പനികൾ പബ്ലിക് കമ്പനികളായും മാറിയിട്ടുണ്ട്. 2017 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിൽ ആകെ 152 ഗവൺമെന്റ് കമ്പനികൾ ഉണ്ടായിരുന്നു. (83 പബ്ലിക് ലിമിറ്റഡും 69 പ്രൈവറ്റ് ലിമിറ്റഡും).

2017 മാർച്ച് വരെ സ്ത്രീ സംരംഭകർ ആരംഭിച്ച 14,648 ജോയിന്റ് സ്റ്റോക്ക് കമ്പനികളുണ്ട്. (1,285 പ്രൈവറ്റ്, 13,363 പബ്ലിക്ക്). കേരളത്തിലെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിവരങ്ങൾ **അനുബന്ധം 3.1.10** –ൽ ചേർത്തിരിക്കുന്നു.

വ്യവസായ ധന സഹായം

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി)

വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വൽക്കരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒരു എജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും (എം.എസ്. എം.ഇ) ഉൽപ്പാദന, സേവന മേഖലകൾക്കും സാമ്പത്തിക സഹായം നൽകുന്നതിലൂടെ ത്വരിത വ്യവസായ വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്. സി) പ്രധാന ലക്ഷ്യം. വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിങ്ങനെയുള്ള രൂപത്തിലാണ് സാമ്പത്തിക സഹായം നൽകുന്നത്. സൂക്ഷ്മ ചെറുകിട സ്ഥാപനങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിലെ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/ സേവന സ്ഥാപനങ്ങൾക്ക്

വികസനത്തിനും, ആധുനിക വൽക്കരണത്തിനും/വൈവിദ്ധ്യ വൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക

- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയറ്ററുകളുടെ ആധുനിക വൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ.
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/ മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ

2016–17 കാലഘട്ടത്തിൽ കെ.എഫ്.സി യുടെ പ്രവർത്തന ലാഭം 7.9 കോടി രൂപയും അറ്റാദായം 5.7 കോടി രൂപയുമാണ്. 2016–17 കാലഘട്ടത്തിൽ ധനസഹായമായി കോർപ്പറേഷൻ 385.3 കോടി രൂപ അനുവദിച്ചു. മുൻവർഷം ഇത് 1,026 കോടി രൂപയായിരുന്നു. 2015–16 –ൽ 838.4 കോടിരൂപയും 2016–17 –ൽ 655.3 കോടിരൂപയും കെ.എഫ്.സി വിതരണം ചെയ്തു. സർക്കാർ നയങ്ങളിലും മറ്റ് ബാഹ്യഘടകങ്ങളിലുമുണ്ടായ വ്യതിയാനം മൂലം ഹോസ്പിറ്റാലിറ്റി, ടൂറിസം, ഖനനം, റിയൽ എസ്റ്റേറ്റ് തുടങ്ങിയ വ്യവസായ മേഖലകളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചു. 2016–17 –ൽ സ്ഥാപനത്തിന്റെ മൊത്തം തിരിച്ചടവ് 874.3 കോടിരൂപയും 2015–16 –ൽ 758.2 കോടിരൂപയും ആയിരുന്നു. കഴിഞ്ഞ 5 വർഷത്തെ കോർപ്പറേഷന്റെ പ്രവർത്തനം **അനുബന്ധം 3.1.1**1 –ൽ ചേർത്തിരിക്കുന്നു. 2016–17 വർഷത്തിൽ കോർപ്പറേഷൻ നടത്തിയ വായ്പാ പ്രവർത്തനങ്ങളും വായ്പകളുടെ വ്യാവസായിക അടിസ്ഥാനത്തിലെ തരം തിരിവും **അനുബന്ധം 3.1.12** ലും **3.1.13** ലും നൽകിയിരിക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)

കേരളത്തിൽ ഇടത്തര–വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി. സി). കേരളത്തിന്റെ വ്യവസായികവും സാമ്പത്തികവുമായ വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി. സി നിക്ഷേപകർക്ക്സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. കേരളത്തിലെ സംരംഭകരെ വളർത്തുന്നതിൽ ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. വിവിധ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

2016–17 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി കെ.എസ്.ഐ. ഡി. സി 180.5 കോടി രൂപയുടെ മൂലധന നിക്ഷേപത്തിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 85.8 കോടി രൂപ പ്രത്യക്ഷ ടേം ലോൺ സഹായമാണ്. ഇവയിലൂടെ 1,200 പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതേകാലയളവിൽ 64.1 കോടി രൂപ വിതരണം ചെയ്യുകയും 75.5 കോടി രൂപ മുതലും പലിശയും ഉൾപ്പെടെ തിരിച്ചടവ് ലഭിച്ചതായും കോർപ്പറേഷൻ റിപ്പോർട്ട്ചെയ്തിരിക്കുന്നു. 2016–17 ലെ

പട്ടിക 3.1.4
കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും
(രൂപ കോടിയിൽ)

ക്രമ നം.	വർഷം	ലഭിച്ച തുക	ചെലവ്
1	2015–16	74.0	29.1
2	2016–17	87.5	50.2
3	2017–18*	96.7	119.1

അവലംബം:ബഡ്ജറ്റ് എസ്റ്റിമേറ്റ്
**2017 ഒക്ടോബർ വരെയുള്ള ചെലവുകൾ*

കോർപ്പറേഷന്റെ ഓപ്പറേറ്റിംഗ് ലാഭം 34.2 കോടി രൂപയാണ്. നിലവിൽ 4,464.7 കോടി രൂപ നിക്ഷേപമുള്ള 39 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 4,500 ഓളം ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകുവാൻ സാധിക്കും. 2016–17 കാലത്തെ കെ.എസ്.ഐ.ഡി സി യുടെ ഭൌതീകവും സാമ്പത്തികവുമായ പ്രകടനത്തിന്റെ വിവരങ്ങൾ **അനുബന്ധം 3.1.14** –ൽ ചേർത്തിരിക്കുന്നു.

കെ.എസ്.ഐ.ഡി.സി യുടെ 2015–16, 2016–17, 2017–18 വർഷങ്ങളിലെ പദ്ധതി തുകയും ചെലവ് വിവരങ്ങളും **പട്ടിക 3.1.4** –ൽ കൊടുത്തിരിക്കുന്നു.

12-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കെ.എസ്. ഐ.ഡി.സി പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ

- ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്– ഒന്നാം ഘട്ടം
- അങ്കമാലിയിലെ മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിയൽ സോൺ.

ബോക്സ് 3.1.4
കെ.എസ്.ഐ.ഡി.സി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

- മെഗാ ഫുഡ് പാർക്ക്, ചേർത്തല (സമുദ്ര ഭക്ഷ്യ വിഭവങ്ങളുടെ പ്രോസസ്സിംഗിനും കയറ്റുമതിക്കും മുൻഗണന നൽകി കൊണ്ട്)
- ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ആന്റ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ പ്രവർത്തനങ്ങൾ.
- സംരംഭക സഹായം.
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി – ഇലക്ട്രോണിക് മേഖലയിലെ ഗവേഷണ വികസന സൗകര്യങ്ങൾക്കും ലോകോത്തര നിലവാരത്തിലുള്ള ഉല്പാദനത്തിനും വേണ്ടി
- ലൈഫ് സയൻസ് പാർക്ക് – ലൈഫ് സയൻസ് മേഖലയിൽ ജ്യോഗ്രഫിക്കൽ ഇൻഡസ്ട്രിയൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും ഗവേഷണ വികസന സൗകര്യങ്ങൾക്കും
- ലൈററ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്–രണ്ടാം ഘട്ടം
- വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം
- ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ മെഡിക്കൽ ഉപകരണങ്ങൾക്കു വേണ്ടി ബിസിനസ്സ് ഇൻകുബേറ്റർ

കെ.എസ്.ഐ.ഡി.സി. യുടെ പ്രധാന മുൻനിര പ്രവർത്തനങ്ങൾ

ഈസ് ഓഫ് ഡ്യൂയിംഗ് ബിസ്സിനസ്

ഒരു വ്യവസായ പദ്ധതി ആരംഭിക്കുന്നതിനുള്ള ക്ലിയറൻസ് നടപടികൾ ലഘൂകരിക്കുന്നതിനായി ഇന്ത്യാഗവൺമെന്റിന്റെ ഇൻഡസ്ട്രിയൽ പോളിസി ആൻഡ്പ്രൊമോഷൻ വകുപ്പ് ആരംഭിച്ച ഒരു പദ്ധതിയാണ് ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി). കേരളത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള ക്ലിയറൻസ് നടപടിക്കായി നിലവിലുള്ള ചട്ടങ്ങളേയും വകുപ്പുകളേയും പരിഷ്കരിക്കുന്നതിനെപ്പറ്റി പഠിക്കുന്നതിനായി കെ.പി.എം.ജി എന്ന കൺസൾട്ടന്റിനെ കെ.എസ്.ഐ.ഡി.സി ചുമതലപ്പെടുത്തിയിരുന്നു. അവർ റിപ്പോർട്ട് സമർപ്പിക്കുകയും ഈ റിപ്പോർട്ടിൽ ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 7 ആക്ടുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തു. നിലവിലുള്ള 7 നിയമങ്ങളെ ഭേദഗതി ചെയ്ത്'കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017' ഒക്ടോബർ മാസം കേരള ഗവർണ്ണർ അംഗീകരിക്കുകയും ചെയ്തു. 10 നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന തീരുമാനം അതാത് വകുപ്പുകൾ അംഗീകരിക്കുകയും താമസമില്ലാതെ നിലവിൽവരികയും ചെയ്യും.

ഏകജാലക ക്ലിയറൻസ് സംവിധാനം

സംസ്ഥാനത്ത് വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി കേരള സർക്കാർ ഒരു 'ഏകജാലക ക്ലിയറൻസ് സംവിധാനം' ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഓൺലൈൻ പൊതു അപേക്ഷ ഫോമുകളും വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ (എൻ.ഐ.സി) ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ മേഖലകളിലായി 8 പ്രധാന പദ്ധതികൾക്കുള്ള ക്ലിയറൻസ് ഈ സംവിധാനത്തിലൂടെ നൽകിയിട്ടുണ്ട്.

യുവസംരംഭക സംഗമം (യെസ്-3ഡി)

2017 സെപ്റ്റംബറിൽ കൊച്ചിയിൽ യുവസംരംഭക സംഗമത്തിന്റെ മൂന്നാം ഭാഗം നടന്നു. 'യെസ് ത്രീ ഡി' എന്ന തലക്കെട്ടായിരുന്നു സംഗമത്തിന് കൊടുത്തത്. അതിന്റെ പ്രമേയം നിലവിലുള്ള പ്രക്രിയകളെ ഭേദിക്കുക, ഇതര സാങ്കേതിക വിദ്യ കണ്ടെത്തുക, മികച്ച ഉൽപ്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കുക എന്നിവയാണ്. യുവാക്കൾക്കിടയിൽ സംരംഭകത്വത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ മേഖലകളിലും സംരംഭകത്വത്തിന് അനുകൂലമായ ഒരു പരിസ്ഥിതി ത്വരിതപ്പെടുത്തുന്നതിനും ഈ സംഗമം ലക്ഷ്യമിടുന്നു.

ഏയ്ഞ്ചൽ ഫണ്ട്/സീഡ് ഫണ്ട്

യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി മാറ്റുന്നതിനും ഏയ്ഞ്ചൽ ഫണ്ട്/ സീഡ് ഫണ്ട് എന്നറിയപ്പെടുന്ന പ്രത്യേക ധനസഹായ പദ്ധതി കെ.എസ്.ഐ.ഡി. സി ആരംഭിച്ചു. ശാസ്ത്രീയമായും, സാങ്കേതികപരമായും പുതുമയുള്ളതും, വാണിജ്യാടിസ്ഥാനത്തിൽ വിജയിക്കാവുന്നതും ചെറുപ്പക്കാരായ യുവസംരംഭകരുടെ പദ്ധതികൾക്കുള്ള സാമ്പത്തിക സഹായമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2017 മാർച്ച് 31, ലെ കണക്കു പ്രകാരം, 58 നൂതന സ്റ്റാർട്ട് അപ്പുകൾക്ക് 12.3 കോടി രൂപക്കുള്ള ധനസഹായം കെ.എസ്.ഐ.ഡി.സി അനുവദിച്ചു.

വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ (ഐ.ജി.സി)

കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ ജില്ലകളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ കെ.എസ്.ഐ.

ഡി.സി തന്ത്ര പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2017 ഒക്ടോബർ മാസത്തിലെ കണക്ക് പ്രകാരം ഈ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ സൃഷ്ടിച്ച തൊഴിൽ (1,400), (640), (650) വീതമാണ്. ഇതേ കാലയളവിൽ വളർച്ചാ കേന്ദ്രങ്ങളിലെ യൂണിറ്റുകളുടെ എണ്ണം യഥാക്രമം (33), (28), (18)വീതമാണ്.

കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭ്യമായിട്ടുള്ള ഭൂമി

കെ.എസ്.ഐ.ഡി.സി യുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 1,635 ഏക്കറാണ്. ഇതിൽ വ്യവസായ വികസനത്തിന് ലഭ്യമായ സ്ഥലം 1,078.7 ഏക്കറാണ്. വ്യവസായിക ആവശ്യങ്ങൾക്കുള്ള 1,078.7 ഏക്കറിൽ നിന്നും 364.5 ഏക്കർ സ്ഥലം ഇതിനകം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള (714.3) ഏക്കർ ഭൂമി വ്യവസായിക യൂണിറ്റുകൾക്കായി അനുവദിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി യുടെ കൈവശമുണ്ട്. കെ.എസ്.ഐ.ഡി.സി വ്യവസായിക പാർക്കുകൾക്കായി 2017 ജൂലൈ 31 വരെ അനുവദിച്ചിട്ടുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.1.15** –ൽ കൊടുത്തിരിക്കുന്നു.

കേരള വ്യവസായ പശ്ചാത്തല സൗകര്യ വികസന കോർപ്പേറേഷൻ (കിൻഫ്ര)

വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൌകര്യം വികസിപ്പിക്കുകയും അതുവഴി വ്യവസായ വികസനത്തിന് അനുയോജ്യമായ പരിസ്ഥിതി സൃക്ഷ്ടിക്കുന്നതിനായി 1993 –ൽ സർക്കാർ, കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര) സ്ഥാപിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഉതകുന്ന തരത്തിലുള്ള വ്യവസായ പാർക്കുകൾ, ടൌൺഷിപ്പുകൾ, സോണുകൾ എന്നിവ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ പശ്ചാത്തല വികസനം സാധ്യമാക്കുക എന്നതാണ് കോർപ്പറേഷന്റെ ലക്ഷ്യം. കിൻഫ്രയുടെ 2015–16, 2016–17, 2017–18 വർഷങ്ങളിലെ പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 3.1.5** –ൽ കൊടുക്കുന്നു

കിൻഫ്ര വികസിപ്പിച്ച വ്യവസായ പാർക്കുകളിൽ സ്ഥല സൗകര്യം, ബിൽറ്റ്അപ്പ് സ്പേസ്, സമർപ്പിത വൈദ്യുതി, തുടർച്ചയായ ജല വിതരണം, വാർത്താ വിനിമയ സൗകര്യങ്ങൾ എന്നിവ കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബാങ്ക്, പോസ്റ്റാഫീസ്, സെക്യൂരിറ്റി എന്നിങ്ങനെയുള്ള സാമൂഹിക പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാണ്. കുറഞ്ഞ ചെലവിലും ചുരുങ്ങിയ സമയത്തിലും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുകൂല അന്തരീക്ഷവും ഈ പാർക്കുകളിൽ ഉണ്ട്. 2017 ആഗസ്റ്റ് വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.16** –ൽ കൊടുത്തിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്തെ വ്യവസായ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ചും പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് മികച്ച സംഭാവന നല്കുന്നുണ്ട്. കിൻഫ്രയിലെ വിവിധ വ്യവസായ പാർക്കുകളിൽ 715 വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിക്കുകയും 1,669.6 കോടി രൂപ ആകെ നിക്ഷേപം നടത്തുകയും 21,581 പേർക്ക് നേരിട്ട് തൊഴിൽ നൽകുകയും

പട്ടിക 3.1.5

കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

ക്രമ നം.	വർഷം	ലഭിച്ച തുക	ചെലവ്
1	2015–16	55.1	44.8
2	2016–17	101.2	56.0
3	2017–18 *	111.3	13.5

അവലംബം:ബജറ്റ്എസ്റ്റിമേറ്റ്

**(ഒക്ടോബർ 2017 വരെയുള്ള ചെലവ്)*

ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ പാർക്കുകളിലും ഏക ജാലക ക്ലിയറൻസ് സംവിധാനവും കിൻഫ്ര ഏർപ്പെടുത്തിയിട്ടുണ്ട്. പാർക്കുകളിൽ യാതൊരു തടസ്സവുമില്ലാതെ നിക്ഷേപകർക്ക് തങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഈ സംവിധാനം വളരെയധികം സഹായിക്കുന്നു.

കിൻഫ്രയുടെ 22 വ്യവസായ പാർക്കുകളിലായി 12 പ്രധാന മേഖലയിൽപെടുന്ന വ്യവസായങ്ങൾക്ക് ലോകോത്തര പശ്ചാത്തല സൗകര്യ വികസനം പൂർത്തിയാക്കി കഴിഞ്ഞു. ഇതിൽ 8 എണ്ണം ചെറുകിട, ഇടത്തരം മേഖലയിലെ സ്ഥാപനങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണ്. തിരുവനന്തപുരത്തെ അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ പാർക്ക്, ഇൻഫോടെയിൻമെന്റ് പാർക്ക്, തിരുവനന്തപുരത്തെ ഫിലിം ആൻഡ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക് എന്നിവ കിൻഫ്രയുടെ ശ്രദ്ധേയമായ നേട്ടങ്ങളിൽ ചിലതാണ്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറിയ വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ താഴെ പറയുന്ന 3 പദ്ധതികൾ പൂർത്തീകരിക്കുകയും ബിൽറ്റ് –അപ് സ്പേസ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

- ഇൻഡസ്ട്രിയൽ പാർക്ക്, ഒറ്റപ്പാലം – സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് – അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തിയായി.
- സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ നിർമ്മാണം (എസ്. ഡി.എഫ്) – കുന്നന്താനം, കൊരട്ടി, നെല്ലാട് എന്നിവിടങ്ങളിൽ ചെറിയ വ്യവസായ പാർക്കുകളുടെ നിർമ്മാണം പൂർത്തിയായി. കൊരട്ടിയിലെ ചെറിയ വ്യവസായ പാർക്കിൽ രണ്ടാംഘട്ട കെട്ടിടം നിർമ്മിക്കുന്നതിനായുള്ള തറക്കല്ലിട്ടു.
- വ്യവസായ പാർക്ക്, പിറവന്തൂർ – സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് അപ്പ് സ്പേസ് അനുവദിക്കൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി)

സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി) വികസന ഏജൻസികൾക്കും, കോർപ്പറേറ്റുകൾക്കും, ദേശീയ – സംസ്ഥാന– തദ്ദേശ സർക്കാരുകൾക്കും ഗവേഷണ, വിദഗ്ധാഭിപ്രായ, പരിശീലന സഹായം നൽകുന്ന പ്രമുഖമായ സ്വാശ്രയ സ്വയം ഭരണാധികാരമുള്ള ഒരു സ്ഥാപനമാണ്.

ബോക്സ് 3.1.5
കിൻഫ്രയുടെ നിലവിലുള്ള പദ്ധതികൾ

- ഇൻഡഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റയിൽ പാർക്ക്, പാലക്കാട്
- വ്യവസായ ജലവിതരണ പദ്ധതി, പാലക്കാട്
- ഒറ്റപ്പാലത്ത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം.
- വ്യവസായ പാർക്ക്, ഒറ്റപ്പാലം
- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെ.ഇ.പി.ഐ.പി എന്നിവയ്ക്കായുള്ള ജലവിതരണം, റോഡ് നിർമ്മാണം
- കൊരട്ടിയിലെ കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്കിൽ നിലവിലുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ
- ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം
- വ്യവസായ പാർക്ക്, മട്ടന്നൂർ
- ഗ്രീൻ ഫീൽഡ് ഇലക്ട്രോണിക് പാർക്ക് , എറണാകുളം

1979 –ൽ സ്ഥാപിതമായ ഈ സ്ഥാപനം കേരള സർക്കാരിന്റെ സ്പോൺസർഷിപ്പോടെ പ്രവർത്തിക്കുന്ന സ്വതന്ത്രമായതും പ്രൊഫഷണലുമായ ഒരു രജിസ്റ്റേർഡ് സൊസൈറ്റിയാണ്. 2016–17 –ൽ സി.എം.ഡി. 26 ഗവേഷണ പദ്ധതികൾ പൂർത്തീകരിച്ചു. 18 ഗവേഷണ പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇത് കൂടാതെ 2 സംരംഭകത്വ വികസന പരിപാടികളും, 15 മാനേജ്മെന്റ് വികസന വർക് ഷോപ്പുകൾ/ പരിപാടികളും, 8 സൂക്ഷ്മ സംരംഭക വികസന പരിപാടികളുംസെന്റർ നടത്തി.

ഉപസംഹാരം

കേരളത്തിലെ ഇടത്തരവും വലുതുമായ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ/ വെല്ലുവിളികൾ

വ്യവസായിക പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം,വ്യവസായിക വികസനത്തിനുള്ള സ്ഥലത്തിന്റെ അപര്യാപ്തത, നടപടി ക്രമങ്ങൾ ഉള്ളതിനാൽ പ്രവേശനത്തിലും പുറത്ത്കടക്കുമ്പോഴും ഉള്ള ബുദ്ധിമുട്ട്, താരതമ്യേന വലിയ അളവിലുള്ള വിദഗ്ദ തൊഴിലാളികളും അവരുടെ വൈദഗ്ധ്യത്തിനുള്ള ആവശ്യകതയുടെ വളർച്ചയ്ക്കും ഇടയിലുള്ള പൊരുത്തക്കേട്, ഇന്നവേഷന്റെ അഭാവം, സാങ്കേതിക പിന്നോക്കാവസ്ഥ, മോശമായ വിപണന സൗകര്യങ്ങൾ, പ്രാദേശിക വിഭവ അധിഷ്ഠിത സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കുക തുടങ്ങിയവയാണ് കേരളത്തിലെ ഇടത്തരവും വലുതുമായ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ.

തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള, പരിസ്ഥിതി സൗഹൃദവും, സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിമാറ്റുക എന്നതാണ് സംസ്ഥാനത്തിന്റെ ദർശനം. ഈ മേഖലയുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഉത്പാദനം, രൂപകൽപ്പന, വിപണനം എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടതായുണ്ട്. പുതിയ പ്രവണതകൾക്കനുസൃതമായി, ഫലപ്രദമായ ഉത്പന്ന വൈവിധ്യവത്കരണ രീതികൾ അവലംബിക്കുന്നത് വിജയത്തിലേക്കുള്ള താക്കോലായിരിക്കും.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

ഇന്ത്യൻ സമ്പത്ത്വ്യവസ്ഥയുടെ ഊർജ്ജസ്വലവും ചലനാത്മകവുമായ മേഖലയായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം. എസ്.എം.ഇ.) ഉയർന്ന് വന്നിട്ടുണ്ട്. താരതമ്യേന കുറഞ്ഞ മൂലധന ചെലവും മറ്റുള്ള മേഖലകളുമായിട്ടുള്ള മുന്നാക്ക–പിന്നാക്ക ബന്ധങ്ങളിലൂടെ ഒരു വിഭിന്ന നിർമ്മാണ മേഖല രൂപീകരിക്കുന്നതിൽ എം.എസ്.എം.ഇ യ്ക്ക് മുഖ്യ പങ്ക് വഹിക്കാൻ കഴിയും. വലിയ വ്യവസായങ്ങൾക്ക് അനുബന്ധ പരിപൂരക യൂണിറ്റുകളായി ഇവ പ്രവർത്തിക്കുന്നു. ഈ മേഖല രാജ്യത്തിന്റെ സാമൂഹിക–സാമ്പത്തിക വികസനത്തിന് ഗണ്യമായ സംഭാവന നൽകിവരുന്നു. 36 ദശലക്ഷം യൂണിറ്റുകൾ അടങ്ങിയ ഈ മേഖല ഇന്ന് 80 ദശലക്ഷത്തിലധികം പേർക്ക് തൊഴിൽ പ്രദാനം ചെയ്യുന്നു. കൂടാതെ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 6 ശതമാനവും, നിർമ്മാണ മേഖലയുടെ 33.0 ശതമാനവും രാജ്യത്തിന്റെ കയറ്റുമതിയുടെ 45 ശതമാനവും സംഭാവന ചെയ്യുന്നു *(അവലംബം: വാർഷിക റിപ്പോർട്ട് 2016-17, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ).*

ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.കൾ)

ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖല വലിപ്പം, സാങ്കേതികവിദ്യാ വിനിയോഗം, ഉൽപ്പന്നം എന്നിവയിൽ വൈവിദ്ധ്യം പുലർത്തുന്നു. 2013 ലെ ആറാം സാമ്പത്തിക സെൻസസ് (ഇസി), 2006–07 ലെ നാലാം എം.എസ്.എം.ഇ സെൻസസ്, 2005 ലെ സാമ്പത്തിക സെൻസസ് എന്നിവ പ്രകാരം രാജ്യത്തെ ആകെ എം.എസ്.എം.ഇ. കളുടെയും തൊഴിലിന്റെയും എണ്ണം യഥാക്രമം 512.99 ലക്ഷവും 1,112.28 ലക്ഷവുമാണ്. *(അവലംബം: വാർഷിക റിപ്പോർട്ട് 2016-17, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ).*

2013 ലെ ആറാം സാമ്പത്തിക സെൻസസ് പ്രകാരം, രാജ്യത്ത് ആകെയുള്ള സ്ഥാപനങ്ങളിൽ 77.6 ശതമാനം സംരംഭങ്ങളും കാർഷികേതര മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. എം.എസ്.എം.ഇ.കളിലും കാർഷികേതര സംരംഭങ്ങൾ ഉൾപ്പെടുന്ന മറ്റ് വിവിധ സ്ഥാപനങ്ങളിലുമായി 108.4 മില്ല്യൻ തൊഴിലാളികൾ പണി എടുക്കുന്നുണ്ട്. ഇത് കാർഷിക–കാർഷികേതര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന മൊത്തം തൊഴിലാളികളുടെ എണ്ണത്തിന്റെ 82.6 ശതമാനമാണ്. രാജ്യത്തെ ആദ്യ 10 മികച്ച സംസ്ഥാനങ്ങളിലാണ് (ബംഗാൾ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കേരളം, രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടകം, മധ്യപ്രദേശ്) എം.എസ്.എം.ഇ. മേഖലയിലെ ആകെയുള്ള സ്ഥാപനങ്ങളുടെയും തൊഴിലിന്റെയും 70 ശതമാനവും ഉൾപ്പെടുന്നത്. ഈ മേഖലയിലെ ആകെ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ 50 ശതമാനത്തിലേറെയും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിച്ചുവരുന്നത് *(അവലംബം: വാർഷിക റിപ്പോർട്ട് 2016-17, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ).*

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംസ്ഥാനതല രൂപരേഖ

കേരളത്തിന്റെ മികച്ച കണക്റ്റിവിറ്റി സൗകര്യം, വാർത്താ വിനിമയ ശൃംഖല, ലഭ്യമായ വിദഗ്ദ്ധ മനുഷ്യ വിഭവസമ്പത്ത് ഇവ കൂടാതെ താരതമ്യേന മെച്ചപ്പെട്ട വ്യവസായ അടിസ്ഥാന സൗകര്യം എന്നിവ എം.എസ്.എം.ഇ മേഖലയുടെ വളർച്ചയ്ക്ക് യോജിച്ചതാണ്. ഗ്രാമീണ പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായവൽക്കരണത്തിന് എം.എസ്.എം.ഇ കൾ പ്രധാന പങ്ക് വഹിക്കുകയും യുവാക്കളെയും സാമൂഹ്യപരമായി അവഗണിക്കപ്പെട്ട വിഭാഗക്കാരായ പട്ടികജാതി, പട്ടിക വർഗ്ഗക്കാർ, വനിതകൾ, അംഗപരിമിതർ എന്നീ വിഭാഗങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് ഈ മേഖല മുഖ്യമായ പങ്ക് വഹിക്കുന്നു.

ബോക്സ് 3.1.6
2013 ലെ ആറാം സാമ്പത്തിക സെൻസസ്

2013 ലെ ആറാം സാമ്പത്തിക സെൻസസ് പ്രകാരം, രാജ്യത്ത് ആകെയുള്ള സ്ഥാപനങ്ങളിൽ 77.6 ശതമാനം സംരംഭങ്ങളും കാർഷികേതര മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. എം.എസ്.എം.ഇ.കളിലും കാർഷികേതര സംരംഭങ്ങൾ ഉൾപ്പെടുന്ന മറ്റ് വിവിധ സ്ഥാപനങ്ങളിലുമായി 108.4 മില്ല്യൻ തൊഴിലാളികൾ പണി എടുക്കുന്നുണ്ട്. ഇത് കാർഷിക–കാർഷികേതര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന മൊത്തം തൊഴിലാളികളുടെ എണ്ണത്തിന്റെ 82.6 ശതമാനമാണ്. രാജ്യത്തെ ആദ്യ 10 മികച്ച സംസ്ഥാനങ്ങളിലാണ് (ബംഗാൾ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കേരളം, രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടകം, മധ്യപ്രദേശ്) എം.എസ്.എം.ഇ. മേഖലയിലെ ആകെയുള്ള സ്ഥാപനങ്ങളുടെയും തൊഴിലിന്റെയും 70 ശതമാനവും ഉൾപ്പെടുന്നത്. ഈ മേഖലയിലെ ആകെ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ 50 ശതമാനത്തിലേറെയും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിച്ചുവരുന്നത് *(അവലംബം: വാർഷിക റിപ്പോർട്ട് 2016-17, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം, ഭാരത സർക്കാർ).*

ചിത്രം 3.1.7
2016-17-ൽ നിർമാണ, സേവന മേഖലയിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ



(അവലംബം: www.udyogaadhar.gov.in & വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്)

സംസ്ഥാന ഗവൺമെന്റിന്റെ വ്യവസായ വാണിജ്യ വകുപ്പിന് (ഡി.ഐ.സി)), വ്യവസായ പ്രോത്സാഹനത്തിനും എം.എസ്.എം.ഇ യുടെയും പരമ്പരാഗത വ്യവസായമേഖലയുടെയും സുസ്ഥിര വികസനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഒരു നിർവ്വാഹകന്റെ സ്ഥാനമാണുള്ളത്. ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ്, കയർ, ഖാദി ഗ്രാമവികസന വകുപ്പ് എന്നീ സ്ഥാപനങ്ങൾ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യു.എ.എം)

എം.എസ്.എം.ഇ ഡവലപ്മെന്റ് ആക്ട് 2006 അനുഛേദം 8 അനുസരിച്ച് 2015 സെപ്റ്റംബർ മാസം മുതൽ നടപ്പിലാക്കിയ പദ്ധതിയാണ്, യു.എ.എം. ഇതിൽ എം.എസ്. എം.ഇ സംരംഭകർ ഒരു പ്രത്യേക ഉദ്യോഗ് ആധാർ നമ്പർ (യു എ എൻ) ലഭിക്കുന്നതിനായി ഓൺലൈനായി സംരംഭകത്വ ധാരണാപത്രം സമർപ്പിക്കേണ്ടതാണ്.

2015 സെപ്റ്റംബർ 18 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ ഇഎം ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. 2017 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 34,518 ആണ്. ഇതിൽ നിർമാണ മേഖലയിൽ (21,011), (3,014), (141) എന്നിങ്ങനെ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളും (ആകെ 24,166 എണ്ണം) സേവന മേഖലയിൽ (8,341), (1,952), (59) എന്നിങ്ങനെ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളും പ്രവർത്തിക്കുന്നു *(അവലംബം: www.udyogaadhar.gov.in & വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്)* വിശദാംശങ്ങൾ **അനുബന്ധം 3.1.17** – ൽ കൊടുത്തിരിക്കുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയുടെ സംസ്ഥാനതല പ്രകടനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ ആകെ എണ്ണം 15,535 ആണ്.

ഇക്കാലയളവിലെ മൊത്തം നിക്ഷേപം 138,711.73 ലക്ഷവും ആകെ സൃഷ്ടിച്ച തൊഴിലുകളുടെ എണ്ണം 57,445 ഉം ആണ്. 2,267 പുതിയ യൂണിറ്റുകളും 8,981 തൊഴിലുകളും ആരംഭിച്ച എറണാകുളം ജില്ല ഒന്നാമതും 216 യൂണിറ്റുകളും 634 തൊഴിലുകളും ആരംഭിച്ച കൊണ്ട് വയനാട് ജില്ല ഏറ്റവും പിന്നിലായും പ്രവർത്തനം കാഴ്ചവച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.1.18** –ൽ കൊടുത്തിരിക്കുന്നു.

സാമ്പത്തിക അവസ്ഥ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്ക് പദ്ധതി വിഹിതമായി 1,691.98 കോടി രൂപ അനുവദിച്ചതിൽ ചെലവ് 152.38 കോടി രൂപയാണ് (90.02 ശതമാനം).

സംസ്ഥാന ബജറ്റ് 2017-18

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖല വ്യവസായ മേഖലയിലെ മറ്റ് ഉപവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ഥിര വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2017–18 ലെ സംസ്ഥാന ബജറ്റിൽ ഗ്രാമീണ ചെറുകിട സംരംഭങ്ങൾക്ക് 404.46 കോടി രൂപ പദ്ധതി തുകയായി അനുവദിച്ചതിൽ 2017 ആഗസ്റ്റ് 30 വരെയുള്ള ചെലവ് 132.84 കോടി രൂപയാണ് (32.84 ശതമാനം).

പട്ടിക 3.1.6
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെയും 2017–18 വാർഷിക പദ്ധതിയിലെയും ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ പദ്ധതി വിഹിതവും ചെലവും
(രൂപ ലക്ഷത്തിൽ)

ക്രമ നം	മേഖല/ഉപമേഖല	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012–17)		വാർഷിക പദ്ധതി (2017–18)	
6.1	**ഗ്രാമീണ ചെറുകിട സംരംഭങ്ങൾ**	**വിഹിതം**	**ചെലവ്**	**വിഹിതം**	**ചെലവ്**
i	ചെറുകിട വ്യവസായം	39,692.0	29,688.9	12,806.0	3,985.6
ii	വാണിജ്യം	1,015.0	1,002.3	400.0	272.3
iii	കരകൗശലം	2,375.4	3950.2	595.0	206.8
	ആകെ (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ)	**43,082.4**	**34,641.4**	**13,801.0**	**4,464.6**
iv	കൈത്തറിയും യന്ത്രത്തറിയും	34,985.5	40,440.6	7,192.0	973.3
v	കയർ വ്യവസായം	56,294.9	44,859.9	12,812.0	1,400.6
vi	ഖാദി ഗ്രാമ വ്യവസായം	6,735.2	6,236.2	1,691.0	31.4
vii	കശുവണ്ടി വ്യവസായം	28,100.0	26,149.9	4,950.0	6,415.0
	ആകെ മൊത്തം (ഗ്രാമീണ ചെറുകിട സംരംഭങ്ങൾ)	**169,198.0**	**152,328.1**	**40,446.0**	**13,284.9**

അവലംബം: ബജറ്റ് 2017-18 & പ്ലാൻസ്പേസ്

ജെൻഡർ ബഡ്ജറ്റിംഗിന് അർഹമായ പ്രാധാന്യം നൽകിയ 2017–18 ലെ സംസ്ഥാന ബജറ്റിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലക്ക് പദ്ധതി വിഹിതമായി 404.46 കോടി രൂപ അനുവദിച്ചു. സർവകലാശാലകൾ/ഗവേഷണ സ്ഥാപനങ്ങൾ/വ്യവസായം/സംരംഭകർ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ എന്ന പുതിയ പദ്ധതി 2017–18 –ൽ ആരംഭിച്ചു. വിശദാംശങ്ങൾ ചുവടെ **പട്ടിക.3.1.6** –ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന പദ്ധതികളും നേട്ടങ്ങളും

2015–16 –ൽ സംസ്ഥാനത്ത് വ്യവസായത്തിന് അനുകൂല സാഹചര്യമൊരുക്കുവാൻ പല പരിപാടികളും സംസ്ഥാന സർക്കാർ വിജയകരമായി നടപ്പിലാക്കി. വ്യവസായ ആവശ്യത്തിന് വേണ്ടി അടിസ്ഥാന സൗകര്യമൊരുക്കൽ, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവ നടപ്പിലാക്കി. പ്രധാന പരിപാടികളും നേട്ടങ്ങളും താഴെ പറയുന്നു.

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

വ്യവസായ പാർക്കുകൾ, എസ്റ്റേറ്റുകൾ, വികസന പ്രദേശങ്ങൾ/പ്ലോട്ടുകൾ എന്നിവിടങ്ങളിലെ റോഡുകൾ, വൈദ്യുതി, വെള്ളം, മാലിന്യ നിർമ്മാർജ്ജന സൗകര്യം എന്നീ വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കലുമായി ഇവ ബന്ധപ്പെട്ടിരിക്കുന്നു. പുതിയ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ പാർക്കുകൾ, ക്ലസ്റ്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ കേന്ദ്രങ്ങൾ എന്നിവയുടെ വികസനവുമായും ബന്ധപ്പെട്ടിരിക്കുന്നു. 2016–17 –ൽ വേളി, ഷൊർണ്ണൂർ, പുന്നപ്ര, പുഴക്കൽപ്പാടം (രണ്ടാം ഘട്ടം) എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ 92.83 കോടി രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 11 ഡിഎ/ഡിപികളിലെ ആന്തരിക റോഡ് നിർമാണം 32 കോടി രൂപ ചെലവിൽ പൂർത്തിയാക്കി. 1,000 പുതിയ സംരംഭങ്ങൾക്ക് ഇത് ഗുണം ചെയ്യും. തൃശ്ശൂർ ജില്ലയിലെ വാരാവൂരിലെ 8.55 ഏക്കർ വ്യവസായ എസ്റ്റേറ്റിലെ രണ്ടാം ഘട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 4.05 കോടി രൂപ വകയിരുത്തി. 2016–17 കാലയളവിൽ പദ്ധതി വിഹിതമായി 25 കോടി രൂപ വകയിരുത്തി.

കാര്യശേഷി വികസന പരിപാടികൾ

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സംരംഭകത്വം/വ്യവസായ വികസന പരിപാടികളും നൈപുണ്യ വികസന പരിശീലനവും ഇതിലൂടെ ലഭ്യമാക്കുന്നു. ഇതനുസരിച്ച് താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിച്ചു.

- 14 ജില്ലകളിൽ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപികൾ) സംഘടിപ്പിച്ചതിൽ 616 സംരംഭകർ പങ്കെടുക്കുകയും 118 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു.
- 100 തൊഴിലാളി സഹായ പരിപാടികൾ (ഇഎപികൾ) സംഘടിപ്പിക്കുകയും15,460 പേർ പങ്കെടുക്കുകയും ഉണ്ടായി.
- 14 ജില്ലകളിലായി 196 ടെക്നോളജി ക്ലിനിക്കുകൾ ആരംഭിക്കുകയും 877 പേർ പങ്കെടുക്കുകയും ചെയ്തു.
- 15,535 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് 57,000 പുതിയ തൊഴിലുകൾ സൃഷ്ടിച്ചു.

2016–17 –ൽ 750 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു.

സംരംഭക സഹായ പരിപാടി (ഇ.എസ്.എസ്)

ഈ പദ്ധതി പ്രകാരം എം.എസ്.എം.ഇ കൾക്ക് വർദ്ധിച്ച സഹായവും ഒറ്റത്തവണ തീർപ്പാക്കലും, പ്രത്യേകിച്ചും വനിതകൾ, പട്ടികജാതി, പട്ടിക വർഗ്ഗ സംരംഭകർ എന്നിവർക്ക് ഇതിലൂടെ പ്രധാനം ചെയ്യുന്നു. 2016–17 –ൽ 1,101 സംരംഭങ്ങൾക്കായി 46.32 ലക്ഷം രൂപയും ഈ പദ്ധതി നടപ്പിലാക്കാൻ 4,500 ലക്ഷം രൂപയും അനുവദിച്ചു.

വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

2017 മാർച്ച് 31, ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവുകളുടെ ആകെ എണ്ണം 430 ആണ്. മുൻ വർഷം ഇത് 402 ആയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 7 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ട്. ഇതിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ–ഓപ്പറേറ്റീവുകളുടെ എണ്ണം 113 ആണ്. 2016–17 –ൽ 13 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം **അനുബന്ധം 3.1.19** –ൽ നൽകിയിരിക്കുന്നു.

വ്യവസായ വികസന പ്ലോട്ടുകൾ/പ്രദേശങ്ങൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റാണ് (ഡി.ഐ.സി). ഇന്ന്, ഡി.ഐ.സി യുടെ കീഴിൽ 24,343.57 ഏക്കറിലായി 37 വികസന പ്രദേശങ്ങൾ/ പ്ലോട്ടുകൾഉണ്ട്. മുൻവർഷത്തെ 2,563 യൂണിറ്റുകളെ അപേക്ഷിച്ച് 2016–17 ൽ 2,595 യൂണിറ്റുകൾ വ്യവസായ വികസന പ്രദേശങ്ങൾ/ പ്ലോട്ടുകളിൽ ആരംഭിച്ചു. ഇതിന്റെ വിശദാംശം **അനുബന്ധം 3.1.20** –ൽ കൊടുത്തിരിക്കുന്നു.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

2017 മാർച്ച് 31 ലെ കണക്കനുസരിച്ച് 89 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അവയിൽ 777 എസ്.എസ്.ഐ യൂണിറ്റുകളുമുണ്ട്. 3,400 പേർക്ക് വിവിധ യൂണിറ്റുകളിലായി തൊഴിൽ നൽകാൻ കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 3.1.21** –ൽ നൽകിയിട്ടുണ്ട്.

സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃത വസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ കേരള ചെറുകിട വ്യവസായ എസ്റ്റേറ്റുകളിലൂടെയും പാർക്കുകളിലൂടെയും സിഡ്കോ ലഭ്യമാക്കുന്നുണ്ട്. സിഡ്കോയുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തനക്ഷമങ്ങളായ 857 യൂണിറ്റുകളോട് കൂടിയ 17 വ്യവസായ എസ്റ്റേറ്റുകളുണ്ട്. 2017 സെപ്റ്റംബർ 31 ലെ കണക്കനുസരിച്ച് 7,456 തൊഴിലവസരങ്ങൾ ഈ യൂണിറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ 1,339 തൊഴിലാളികൾ പ്രവർത്തിക്കുന്ന 304 യൂണിറ്റുകളുള്ള 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും 7 ഇൻഡസ്ട്രിയൽ പാർക്കുകളും സിഡ്കോയുടെ കീഴിലുണ്ട്. 2016–17 ലെ മൊത്തം വിറ്റുവരവ് 312.34 കോടി രൂപയാണ്. 2012–13 മുതൽ സിഡ്കോ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 3.1.22, 3.1.23, 3.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

പ്രചരണപരിപാടികൾ/ പ്രദർശനങ്ങൾ-എം.എസ്. എം.ഇ സെക്ടറിലെ (2016-17) നേട്ടങ്ങൾ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കേരളത്തിനകത്ത് 2016–17 –ൽ എക്സിബിഷനുകൾ/ഫെയറുകൾ എന്നിങ്ങനെ 16 വിവിധ ഇനം പരിപാടികൾ സംഘടിപ്പിക്കുകയോ അവയിൽ പങ്കെടുക്കുകയോ ചെയ്യുകയും ആകെ 0.93 കോടി രൂപ വരുമാനം നേടുകയും ചെയ്തു. 3 എക്സിബിഷനുകൾ കാസർഗോഡും 2 എണ്ണം തൃശ്ശൂരും മറ്റുള്ളവ 12 വിവിധ ജില്ലകളിലുമായും സംഘടിപ്പിച്ചു. ഏറ്റവും കൂടുതൽ സ്റ്റാളുകളും (422 എണ്ണം) എക്സിബിഷനുകളും (3 എണ്ണം) സംഘടിപ്പിച്ചത് കാസർഗോഡ് ജില്ലയാണ്. ഡി.ഐ.സി കേരളത്തിന് പുറത്ത് 136 സ്റ്റാളുകളുമായി 1 അന്തർദ്ദേശീയ പ്രദർശനത്തിൽ കേരളത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 3.1.25** –ൽ കൊടുത്തിരിക്കുന്നു. 2016–17 ൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പ്രധാന പരിപാടികൾ താഴെപ്പറയുന്നവയാണ്.

- 2017 ഫെബ്രുവരി 2 മുതൽ 4 വരെ കൊച്ചി

ബോൾഗാട്ടി പാലസിലും ഐലൻഡ് റിസോർട്ടിലുമായി 'വ്യാപാർ 2017' (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്) സംഘടിപ്പിച്ചു.

- 2017 മാർച്ച് 7 മുതൽ 11 വരെ ന്യൂഡൽഹിയിൽ നടന്ന 'ആഹാർ 2017', 2017 ജൂൺ 9 മുതൽ 11 വരെ ബാംഗ്ലൂരിൽ നടന്ന 'ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ് 2017' എന്നിവയിൽ പങ്കെടുത്തു.
- 2016 ആഗസ്റ്റ് 11ന് ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന അഞ്ചാമത് 'ഇൻഡോ സിലോൺ ഇക്കണോമിക് ഡയലോഗ്' ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും (എഫ് ഐ സി സി ഐ) ഫെഡറേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ടറി ഓഫ് ശ്രീലങ്ക (എഫ് സി സി ഐ എസ് എൽ) യുമായിചേർന്ന് സംഘടിപ്പിച്ചു.
- 2016 ജൂലൈ 20 തിരുവനന്തപുരത്ത് വച്ച് 2013–14 –ലെ സംസ്ഥാന/ജില്ലാ എം.എസ്.എം.ഇ പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു.
- മാർജിൻമണി ലോണിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘടിപ്പിച്ചു. 592 കേസ്സുകൾ തീർപ്പാക്കുകയും 5.20 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു.
- 280 സംരംഭക വികസന ക്ലബുകളും (ഇ.ഡി.സി) സംരംഭക ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഇതിൽ 7,000 വിദ്യാർത്ഥികൾ പങ്കെടുത്തു.
- 13 പുതിയ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചു.
- 2015–16 ലെ കേരള ആർട്ടിസാൻസ് അവാർഡ്, 2016–17–ൽ വിതരണം ചെയ്യുകയും പെൻഷൻ ആനുകൂല്യമായി വയോധികരായ കരകൗശല ജീവനക്കാർക്ക് 447,600 രൂപ നൽകുകയും ചെയ്തു.
- ഓരോ ജില്ലയിലും കുറഞ്ഞത് ഒരു ക്ലസ്റ്റർ കൂടി ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചു.

സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം വിവിധ മേഖലകളിലായി 2017 മാർച്ച് വരെ കേരളത്തിന് അനുവദിച്ച വായ്പകളിലൂടെ പിരിഞ്ഞു കിട്ടാൻ ബാക്കി നിൽക്കുന്ന തുക 256,075 കോടി രൂപയാണ്. ഇത്, മുൻവർഷത്തെ 232,417 കോടി രൂപയേക്കാൾ 10.17 ശതമാനം അധികമാണ്. എം.എസ്.എം.ഇ മേഖലയിൽ 2017 മാർച്ച് വരെ മാത്രം 39,408 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇത് മുൻ വർഷത്തെ 39,463 കോടി രൂപയേക്കാൾ 0.13 ശതമാനം കുറവാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.26** –ൽ നല്കിയിരിക്കുന്നു.

സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)

സുരക്ഷിതമല്ലാത്ത വായ്പാ സൗകര്യം ലഭ്യമാക്കുന്ന പണമിടപാട് സ്ഥാപനങ്ങളുടെ പരിഷ്ക്കാരത്തിന് ഗവണ്മെന്റ് സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. ഇതുവഴി ന്യായമായ പലിശ നിരക്കിന്റെയും ഇടപാട് ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഇടപാടുകാർക്ക് വായ്പാ സൗകര്യം ഉറപ്പുവരുത്തുന്നു. 2017 മാർച്ച് 31 ലെ കണക്കുകൾ അനുസരിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്ക് വിവിധ ഉത്പന്നങ്ങളിലൂടെ മൊത്തത്തിൽ ലഭിച്ച ധനസഹായം 4.51 കോടി രൂപയാണ്. വിശദാംശങ്ങൾ **അനുബന്ധം 3.1.27** –ൽ നൽകിയിരിക്കുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും മറ്റ് മേഖലകൾക്കും സാമ്പത്തിക സഹായം നൽകുന്നതിന് കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എഫ്.സി) മറ്റൊരു ഉറവിടമാണ്. ഇക്കാലയളവിൽ കെ.എഫ്. സി ലക്ഷ്യമിടുന്നത് വീണ്ടെടുക്കൽ മേഖലയിൽ ഊന്നിയ സമ്പൂർണ വളർച്ചയാണ്. 2016–17 വർഷത്തിൽ വീണ്ടെടുത്ത ആകെ തുക 874.28 കോടിയും 2015–16–ൽ ഇത് 758.26 കോടി രൂപയും ആയിരുന്നു. 2016–17 –ൽ സാമ്പത്തിക സഹായമായി കെ എഫ് സി അനുവദിച്ചത് 385.31 കോടി രൂപയാണ്. 2015–16 –ൽ ഇത് 1,025.99 കോടി രൂപആയിരുന്നു. കോർപ്പറേഷന്റെ പ്രവർത്തന ലാഭം 7.87 കോടിരൂപയും അറ്റാദായം 5.69 കോടിരൂപയുമാണ് *(അവലംബം: വാർഷിക റിപ്പോർട്ട് 2017, കെ എഫ് സി).*

വ്യവസായിക ക്ലസ്റ്റർ വികസനം

ചെറുകിട–ഇടത്തരം വ്യവസായ യൂണിറ്റുകളുടെ വികസനത്തിനും അഭിവൃദ്ധിക്കുമുള്ള ഫലപ്രദമായ മാർഗ്ഗം എന്ന നിലയിൽ വ്യാവസായിക ക്ലസ്റ്റർ വികസനം വളരെയധികം അംഗീകരിക്കപ്പെട്ടിരിക്കുന്നു. എം.എസ്. എം.ഇ പങ്കാളികളെ സംബന്ധിച്ചിടത്തോളം ഇൻക്ലൂസീവ്നെസ്, സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ പൊതുവിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദനക്ഷമത, ശേഷി, മത്സരക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഉപായമായാണ് ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകമന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്.

പരമ്പരാഗത രീതിയിലുള്ള പ്രവർത്തനങ്ങളെയും, വ്യാവസായിക ജില്ലകളെയും മത്സരത്തിന് അനുകൂലമാക്കുന്നതിനും, നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള നവീന ശൃംഖലകളായി രൂപാന്തരപ്പെടുത്തുന്നതിലൂടെ, കൂട്ടായ്മയുടെ (agglomeration) ലാഭം കൊയ്യുന്നതിനായി കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, കെ–ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. തടി, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, ടെക്സ്റ്റയിൽസ്, അരിമിൽ, പ്ലാസ്റ്റിക് പ്രിന്റേഴ്സ്, എത്നിക് ഫുഡ്, കാർഷിക ഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കേന്ദ്ര എം.എസ്. എം.ഇ മന്ത്രാലയം 19 പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. സംസ്ഥാന ഗവൺമെന്റും മറ്റ് പങ്കാളികളുമായി ചേർന്ന് തൃശ്ശൂരിലെ എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് തലസ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. കൂടാതെ മൂവാറ്റുപുഴയിലെ പ്ലൈവുഡ് ക്ലസ്റ്ററിന്റെ നിർമാണത്തിന് തത്വത്തിലുള്ള അംഗീകാരം ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഒകാല കാലടി ഓൾ കേരള സ്റ്റീൽ ഫർണിച്ചർ മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ എം.എസ്. ഇ–സി.ഡി.പി. സ്കീമിൽ പുതിയ ക്ലസ്റ്റർ കൺസോർഷ്യവും ആരംഭിച്ചിട്ടുണ്ട് (അവലംബം: വാർഷിക റിപ്പോർട്ട്, എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ).

വൈദഗ്ധ്യവികസന പ്രോത്സാഹനം

പ്രാദേശിക സംരംഭകരുടെ പ്രോത്സാഹനം കൂടുതൽ സുസ്ഥിര ഉപഭോഗവും ഉത്പാദന സംവിധാനവും മെച്ചപ്പെടുത്താൻ സഹായിക്കും. സംരംഭക വിദ്യാഭ്യാസം നവീനത പ്രോത്സാഹിപ്പിക്കുകയും മികച്ച ഉത്പന്നങ്ങൾ, പദ്ധതികൾ, സേവനങ്ങൾ എന്നിവ ഉണ്ടാക്കാൻ സംരംഭകരെ സഹായിക്കുകയും ചെയ്യുന്നു. വികസനത്തിന്റെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സങ്കീർണതയും സുസ്ഥിര മൂല്യങ്ങളും ദീർഘകാല വീക്ഷണം എന്നിവ.

പട്ടിക 3.1.7 കേരളത്തിലെ വൈദഗ്ധ്യ വികസന പരിശീലനസ്ഥാപനങ്ങൾ	
എം.എസ്.എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ (എം.എസ്. എം.ഇ-ഡിഐ)	ഇന്ത്യാ ഗവൺമെന്റിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന് കീഴിൽ വരുന്ന എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, കേരളത്തിനും ലക്ഷദ്വീപുകൾക്കും ടെക്നോ ഇക്കണോമിക് മാനേജീരിയൽ കൺസൾട്ടൻസി സർവിസുകൾ നൽകിവരുന്നു. ഇവിടെ വ്യവസായ ഉത്തേജക ക്യാമ്പെയിനുകൾ, എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് പ്രോഗ്രാം (ഇഡിപി), എന്റർപ്രണർഷിപ്പ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം (എസ്എസ്ഡി), മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാമുകൾ (എം ഡി പി), പിഡി അക്കൗണ്ട് മുഖേനയുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ (എസ്.ഡി.പി.കൾ) എന്നീ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.
കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസ് (കെഎഎസ്ഇ)	കേരള സർക്കാർ, കേരള അക്കാഡമി ഫോർ സ്കിൽ എക്സലെൻസിന്റെ (കെഎഎസ്ഇ) നേതൃത്വത്തിൽ യുവ തൊഴിലാളികൾക്ക് തൊഴിൽ മാർഗനിർദേശങ്ങൾ നല്കുന്നതിനും വ്യവസായിക പരിശീലനം തൊഴിൽ ലഭ്യത എന്നിവ ഉറപ്പ് വരുത്തുന്നതിനുമായി കൊല്ലം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ കൗശൽ കേന്ദ്രങ്ങൾ സ്ഥാപിച്ചു. 2017 ആഗസ്റ്റ് 31 വരെ 245 വിവിധ പരിശീലന പരിപാടികളിലൂടെ 359 പേരെ പരിശീലിപ്പിച്ചിട്ടുണ്ട്.
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)	തൊഴിലും തൊഴിലധിഷ്ഠിതവുമായ മറ്റ് വിഷയങ്ങളിലും പരിശീലനത്തിനും ഗവേഷണത്തിനും ആയിട്ടുള്ള ഈ സ്ഥാപനം, 2016-17 -ൽ ട്രെയിനിംഗുകൾ, വർക്ക്ഷോപ്പുകൾ സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ, ഗവേഷണ പഠനങ്ങൾ എന്നീ വിവിധ കാര്യപരിപാടികൾ നടത്തുകയുണ്ടായി. ഇതനുസരിച്ച് 2,251 പേരും 2017-18 -ൽ 13 പരിപാടികൾ നടത്തിയതിൽ (2017 ആഗസ്റ്റ് 31 വരെ) 766 പേരും ഇതിന്റെ ഗുണഭോക്താക്കളായി. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 34.02 ശതമാനം കൂടുതലാണ്.

കണക്കിലെടുക്കുമ്പോൾ ഇത് പ്രത്യേകിച്ചും ഫലപ്രദമാണ്. കേരളത്തിലെ വൈദഗ്ധ്യ വികസന പരിശീലന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 3.1.7** -ൽ കാണിച്ചിരിക്കുന്നു.

ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും തൊഴിലധിഷ്ഠിതവും തുടർച്ചയായുള്ള ഓൺ-ദ-ജോബ് പരിശീലനവും തൊഴിലാളികളുടെ വൈദഗ്ധ്യം ശാശ്വതമായി മെച്ചപ്പെടുത്തുന്നത് ഉറപ്പുവരുത്തുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയം എം.എസ്.എം.ഇ സാങ്കേതിക വിദ്യാവികസനകേന്ദ്രങ്ങൾ, എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്, കെ.വി.ഐ.സി, കയർബോർഡ്, എൻ.എസ്.ഐ.സി തുടങ്ങിയ സ്ഥാപനങ്ങളിലൂടെ സംരംഭകത്വത്തിലും വൈദഗ്ധ്യവികസനത്തിലും പതിനൊന്നാം പദ്ധതികാലത്ത് 1.69 ദശലക്ഷം പേർക്കും പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ 1.16 ദശലക്ഷം പേർക്കും പരിശീലനം നൽകുകയുണ്ടായി. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്. എം. ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം.എസ്.എം.ഇ-ഡിഐ) 2016-17 വർഷത്തിൽ 49 ആവശ്യാനുസൃത വികസന പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിലൂടെ 9,548 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. 2017-18 -ൽ (2017 ആഗസ്റ്റ് 31) 14 നൈപുണ്യ വികസന പരിപാടികൾ നടത്തുകയും 1,582 പേർക്ക് ഇതിന്റെ ഗുണം ലഭിക്കുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.1.28** -ൽ നല്കിയിരിക്കുന്നു.

ഗ്രാമീണവ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം - പ്രധാന മന്ത്രിയുടെ തൊഴിൽദാന പരിപാടി (പി.എം.ഇ.ജി.പി)

ഗ്രാമങ്ങളിലും നഗരങ്ങളിലും കാർഷികേതര മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ച് അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ദേശീയതലത്തിൽ ആവിഷ്ക്കരിച്ച വായ്പാധിഷ്ഠിത സബ്സിഡി പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിശീലന പരിപാടി (പി.എം.ഇ.ജി.പി). 2016–17 –ൽ ബാങ്കുകൾ 783 അപേക്ഷകൾ അംഗീകരിച്ച് മാർജിൻ ധനസഹായമായി 991.88 ലക്ഷം രൂപവിതരണം ചെയ്തു. വിശദവിവരങ്ങൾ **അനുബന്ധം 3.1.29** –ൽ കൊടുത്തിരിക്കുന്നു.

പുതിയ സംരംഭങ്ങൾ

വ്യവസായ ജാലകം - കേരള എം.സ്.എം.ഇ. ജിയോ പോർട്ടൽ

വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യവസായ വാണിജ്യ വകുപ്പ് പദ്ധതി തയ്യാറാക്കിയത്. ഇത് പ്രകാരം വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. കൂടാതെ ജിപിഎസ് സംവിധാനം ഉപയോഗിച്ച് സംരംഭത്തിന്റെ സ്ഥാനം രേഖപ്പെടുത്തുന്നു. ഇതു വരെ 34,420 യൂണിറ്റുകളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ) ഏകീകരണ പദ്ധതി

സംസ്ഥാനത്തെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും അടിസ്ഥാന വിവര സാങ്കേതിക വിദ്യാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് രൂപകല്പന ചെയ്ത് നടപ്പിലാക്കിയ പദ്ധതിയാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ) ഏകീകരണ പദ്ധതി. പദ്ധതി നടപ്പാക്കുന്നതിലൂടെ ഫയൽ കൈകാര്യം ചെയ്യുന്ന ജില്ലാ ഓഫീസിലെ ഓരോ ഉദ്യോഗസ്ഥനും കെ.എസ്.എൻ.എൻ സംവിധാനം, ടെലിഫോൺ കണക്ടിവിറ്റി, യു.പി.എസ് പവർ ബാക്കപ്പ് എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും.

വ്യവസായ വാണിജ്യ വകുപ്പിന്റെ നവീകരിച്ച വെബ്സൈറ്റ്

വകുപ്പിന്റെ വെബ്സൈറ്റ് (www.industry.kerala.gov.in), ഏകജാലക സംവിധാനം, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, ട്രെയിനിങ് പ്രോഗ്രാമുകൾ, എം.എസ്.എം.ഇ അവാർഡുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് പുനർരൂപകൽപ്പന ചെയ്തു. കരകൗശല വ്യവസായത്തെ സംബന്ധിച്ച വിശദാംശങ്ങൾ, 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായുള്ള മൈക്രോ വെബ്സൈറ്റ് ലിങ്കുകൾ, വകുപ്പിന്റെ ഓൺലൈൻ പദ്ധതികളുടെ വിശദാംശങ്ങൾ എന്നിവ പുതിയ വെബ്സൈറ്റിൽ ലഭ്യമാണ്.

ലാൻഡ് മാനേജ്മെന്റ് സിസ്റ്റം

വകുപ്പിന്റെ കൈവശമുള്ള 2,500 ഏക്കറിൽ അധികം വരുന്ന ഭൂമിയോ വ്യവസായമോ അനുവദിച്ച് കിട്ടുന്നതിന്, ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ ലാൻഡ് മാനേജ്മെൻറ് സംവിധാനം ആരംഭിച്ചു.

വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അനുബന്ധ പദ്ധതികൾ

ഇ–ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു. പേപ്പർ ഫയലിംഗ് നിർമ്മാർജ്ജനമാണ് ലക്ഷ്യമിടുന്നത്. സംരംഭക സഹായ പദ്ധതിയിൽ അപേക്ഷകൾ സമർപ്പിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും ഓൺലൈൻ പ്രക്രിയയിലൂടെയാണ്.

ഭക്ഷ്യ സംസ്ക്കരണ മേഖല

ഉല്പാദനം, തൊഴിൽ സാധ്യത എന്നീ രംഗങ്ങളിൽ ഭക്ഷ്യസംസ്ക്കരണ മേഖലക്ക് മുഖ്യ സ്ഥാനമാണുള്ളത്. പഴവർഗ്ഗങ്ങളും പച്ചക്കറികളും, സുഗന്ധദ്രവ്യങ്ങൾ, മാംസാഹാരവും കോഴിയിറച്ചിയും, പാലും പാലുല്പന്നങ്ങളും മദ്യം, മത്സ്യം, ഗ്രെയിൻ പ്രോസസ്സിംഗ് തുടങ്ങിയവയാണ് ഇന്ത്യയുടെ ഭക്ഷ്യസംസ്ക്കരണ മേഖലയിൽപ്പെടുന്നവ.

ശരിയായി വളർച്ച നേടിയ ഭക്ഷ്യസംസ്കരണ മേഖല, ഭക്ഷ്യവസ്തുക്കളുടെയും വ്യാവസായിക ഉത്പന്നങ്ങളുടെയും മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുകയും, വിളകളുടെ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, കർഷകർക്ക് മെച്ചമായ വരുമാനം ഉറപ്പാക്കുകയും, തൊഴിൽ പ്രോത്സാഹിപ്പിക്കുകയും, കയറ്റുമതി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഭക്ഷ്യസംസ്ക്കരണ മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഫാക്ടറികളുടെ സംസ്ഥാനം തിരിച്ചുള്ള വിവരണം

2013–14 ലെ ഏറ്റവും പുതിയ വ്യവസായ വാർഷിക സർവ്വെ റിപ്പോർട്ട് പ്രകാരം ഭക്ഷ്യസംസ്ക്കരണ മേഖലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഫാക്ടറികളുടെ ആകെ എണ്ണം 37,445 ആണ്. രജിസ്ടേഡ് ഫാക്ടറികൾ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് ആന്ധ്രാപ്രദേശിലാണ്. ഭക്ഷ്യസംസ്ക്കരണ മേഖലയിൽ ആകെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഫാക്ടറികളുടെ 15.33 ശതമാനമാണ് ഇവിടെ പ്രവർത്തിക്കുന്നത്. തമിഴ്നാട് (13.90 ശതമാനം), തെലുങ്കാന (10.28 ശതമാനം), മഹാരാഷ്ട്ര (8.12 ശതമാനം), പഞ്ചാബ് (7.44 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് തൊട്ട് പിന്നിലുള്ളത്

(*അവലംബം: വാർഷിക റിപ്പോർട്ട് 2016-17, മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ്, ഭാരത സർക്കാർ*).

കിൻഫ്ര ഫുഡ് പ്രൊസസ്സിംഗ് പാർക്ക്, കാക്കൻഞ്ചേരി, മലപ്പുറം

മലപ്പുറം ജില്ലയിൽ 23.5 ഏക്കർ വിസ്തൃതിയിൽ പ്രവർത്തിക്കുന്ന കാക്കൻഞ്ചേരി ഫുഡ് പ്രൊസസ്സിംഗ് പാർക്കിൽ പ്രവർത്തന ക്ഷമങ്ങളായ 28 യൂണിറ്റുകളുണ്ട്. 2016–17 –ൽ 8,570.4 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 815 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, മഴുവന്നൂർ, എറണാകുളം

കേന്ദ്ര ഗവണ്മെന്റിന്റെ സംയോജിത പശ്ചാത്തല വികസന പദ്ധതിയിൽ (ഇൻഡഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം) ഉൾപ്പെടുത്തി 67 ഏക്കറിൽ പ്രവർത്തനം ആരംഭിച്ച പാർക്ക് ചെറുകിട വ്യവസായങ്ങളേയും ഭക്ഷ്യസംസ്ക്കരണ പ്രവർത്തനങ്ങളേയും പ്രോത്സാഹിപ്പിക്കുന്നു. ശുദ്ധജലം, ഊർജ്ജം, വികസിത പ്രദേശം എന്നീ പശ്ചാത്തല സൗകര്യങ്ങൾ ഈ പാർക്ക് പ്രദാനം ചെയ്യുന്നു. ഇതിന് 50 ടൺ ശേഷിയും 250 ടൺ വരെ വികസിപ്പിക്കാൻ ശേഷിയുമുള്ള കോൾഡ് സ്റ്റോറേജ് ഉണ്ട്.

കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്

കേന്ദ്ര ഗവൺമെന്റിന്റെ വൻകിട ഭക്ഷ്യ പാർക്ക് പദ്ധതിയിൽ (എം.എഫ്.പി.എസ്) ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് പാലക്കാട്ടെ കിൻഫ്ര മെഗാ ഫുഡ് പാർക്ക്. പാലക്കാട് ജില്ലയിലെ വാളയാറിൽ എലപ്പുള്ളി, പുതുശ്ശേരി

എന്നീ ഗ്രാമങ്ങളിലെ 79.42 ഏക്കറിൽ ഒരു കേന്ദ്രീകൃത സംസ്കരണ യൂണിറ്റ് ആരംഭിക്കുവാനും ഇതിന്റെ പ്രാഥമിക സംസ്കരണ യൂണിറ്റുകൾ ഏറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ തുടങ്ങുവാനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. കിൻഫ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശം **അനുബന്ധം 3.1.30** ൽ കൊടുത്തിരിക്കുന്നു.

എൻ സി.എച്ച്.സി. വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കൽ

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ-ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റീ സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സംസ്കരണത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ 2016 ഏപ്രിൽ മാസം 29 തീയതി കൊച്ചിയിൽ 'ഭക്ഷ്യ സുരക്ഷാ ബോധവൽക്കരണം' എന്ന ശില്പശാല സംഘടിപ്പിച്ചു.

പരമ്പരാഗത വ്യവസായങ്ങൾ

കേരളത്തിലെ കരകൗശല വ്യവസായം

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കരകൗശല വ്യവസായം. ആനക്കൊമ്പ്, മുള, പനയോല, കക്കകൾ, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്ത് കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാം. ഇതിൽ പണിയെടുക്കുന്ന ബഹുഭൂരിപക്ഷം കരകൗശല തൊഴിലാളികളും സാമൂഹികവും സാമ്പത്തികവുമായി തീരെ പിന്നോക്കാവസ്ഥയിൽപ്പെട്ടവരാണ്.

കരകൗശല വ്യവസായത്തിന്റെ പ്രാധാന്യം

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

പ്രാഥമിക സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിപണനം നടത്തി സംസ്ഥാനത്തെ കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥാപിക്കപ്പെട്ടതാണ് കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണസംഘം (സുരഭി). സുരഭിയുടെ കീഴിൽ 46 സഹകരണ

സംഘങ്ങൾ ഉണ്ട്. 2016–17 വർഷത്തെ അപ്പെക്സ് സഹകരണസംഘത്തിന്റെ ആകെ വിറ്റുവരവ് 280.83 ലക്ഷം രൂപയാണ്. 'കരകൗശല മേഖല അപ്പെക്സ് സ്ഥാപനങ്ങൾക്ക് സഹായം' എന്ന പദ്ധതിയിൽ നിന്ന് അപ്പെക്സ് സ്ഥാപനത്തിന് 255.50 ലക്ഷം രൂപ ലഭിച്ചു. ഇത് പ്രധാനമായും കരകൗശല വസ്തുക്കളുടെ പ്രദർശനത്തിനും ഷോറൂമുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുമാണ് വിനിയോഗിച്ചിട്ടുള്ളത്. 2016–17 വർഷത്തിൽ 'സുരഭി' 11 എക്സിബിഷനുകൾ സംഘടിപ്പിക്കുകയും 1.25 ലക്ഷം രൂപ ലാഭം നേടുകയും ചെയ്തു. 30,000 തൊഴിലുകൾ ഈ കാലയളവിൽ സൃഷ്ടിച്ചു (**അനുബന്ധം 3.1.31**).

കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച്.ഡി.സി.കെ)

കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഭാരതത്തിലുള്ള കൈരളി എംപോറിയങ്ങളിലൂടെയും ശ്രീ മൂലം ഷഷ്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എം എസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായവില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. നിലവിൽ 19 വിപണന എംപോറിയങ്ങളുടെ ഒരു ശൃംഖല തന്നെ ഈ സ്ഥാപനത്തിനുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എക്സിബിഷൻ/ക്രാഫ്റ്റ് ഫെയർ എന്നിവയും സംഘടിപ്പിച്ചു വരുന്നു.

തൊഴിലാളികൾക്ക് വിവിധ കരകൗശല ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടി സൗകര്യമുള്ള ഒരു പൊതു സൗകര്യ സേവന കേന്ദ്രം (സിഎഫ്എസ് സി) കോർപ്പറേഷൻ തിരുവനന്തപുരത്തുണ്ട്. 'അസിസ്റ്റൻസ് ടു അപ്പെക്സ് ഓർഗനൈസേഷൻ', 'കോമൺ ഫെസിലിറ്റ് സർവീസ് സെന്റർ' എന്നീ രണ്ട് പദ്ധതികളാണ് 2017–18 ൽ എച്ച്.ഡി.സി.കെ. നടപ്പിലാക്കിവരുന്നത്. ഈ കാലയളവിലെ കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 1,229.35 ലക്ഷം രൂപയാണ്. വിശദവിവരങ്ങൾ **അനുബന്ധം 3.1.32** –ൽ ചേർത്തിരിക്കുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കരകൗശല വിപണന തൊഴിലാളികൾക്ക് ഉത്പാദന യൂണിറ്റ് ആരംഭിക്കുന്നതിനും, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും,

ബോക്സ് 3.1.7
പതിമൂന്നാം പഞ്ചവത്സരപദ്ധതി സമീപനരേഖ–പരമ്പരാഗത വ്യവസായങ്ങൾ

- പരമ്പരാഗത വ്യവസങ്ങളുമായി ബന്ധപ്പെട്ട് ഒരു ദ്വിമുഖ ഇടപെടലാണ് ഉദ്ദേശ്ശിക്കുന്നത്
  - i) ഒന്ന്, വ്യവസായങ്ങളുടെ ആധുനികവൽക്കരണവും ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും.
  - ii) പരമ്പരാഗതരീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് സർക്കാർ മാന്യമായ കൂലി, തൊഴിൽ, വരുമാനം എന്നിവ ഉറപ്പു വരുത്തേണ്ടതാണ്.
- ഉത്പാദന പ്രക്രിയയിലെ യന്ത്രവത്കരണത്തിലൂടെ പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവത്കരണം.
- വൈവിധ്യമേറിയ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും ഫലപ്രദമായ കച്ചവട വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.
- തൊഴിലാളികളെ നിലനിർത്തിക്കൊണ്ടു തന്നെ വ്യവസായത്തിന്റെ മൊത്തത്തിലുള്ള വിപുലീകരണത്തിനും ഓരോ തൊഴിലാളികളുടെയും മൂല്യവർധിത ഉത്പാദനത്തിലേക്കും നയിക്കപ്പെടുന്ന ആധുനികവത്കരണം.

വ്യാപാര മേളകൾ, വിപണന കേന്ദ്രങ്ങൾ വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കുന്ന സംസ്ഥാന ഏജൻസികളിൽ ഒന്നാണ് കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ).

മുള വ്യവസായം

ഫലപ്രദവും നവീകരിക്കാവുന്നതും പരിസ്ഥിതി സൗഹൃദവുമായ ഒരു വിഭവമാണ് മുള. പരിസര സുരക്ഷ, പോഷകാഹാരം, ഉയർന്ന മൂല്യമുള്ള നിർമ്മാണ സാമഗ്രി എന്നിവയ്ക്ക് പുറമെ മറ്റ് 1,500 വിവിധ ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ മുള പ്രയോജനപ്പെടുത്തുന്നുണ്ട്. ലോകത്ത് 2.5 ബില്ല്യൺ ആൾക്കാർ വിവിധ രൂപങ്ങളിൽ മുള ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഫലപ്രദമായ ഇന്ധനോല്പാദനത്തിന് മുള ഉപയോഗിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരളത്തിൽ 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നതായാണ് കണക്ക്. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള തൃതീയ മേഖലകളിലേയ്ക്ക് ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്. വ്യവസായ ആവശ്യത്തിനുള്ള 67.3 ശതമാനം മുളയും വനത്തിൽ നിന്നല്ല മറിച്ച് പുരയിടങ്ങളിൽ നിന്നുതന്നെ ലഭിക്കുന്നു എന്നത് കേരളത്തിലെ മുള വ്യവസായത്തിന്റെ മാത്രം പ്രത്യേകതയാണ് *(അവലംബം: കേരള ബാംബൂ മിഷൻ വെബ്സൈറ്റ്)*.

കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെ.എസ്.ബി.എം)

2003 –ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെ എസ് ബി എം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബി ഡി എ) ആയി നിയോഗിക്കപ്പെട്ടിരിക്കുന്നു. കെ–ബിപ്പിനു കീഴിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ രൂപം കൊണ്ടതിന് ശേഷം നടത്തിയ ഇടപെടലുകളിൽ പ്രധാനം മുളയുടെ പ്രചാരണവും, ഇതിന്റെ പ്രചാരത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യയും വികസനവും ഒത്തുചേർന്ന ഉൽപ്പന്നങ്ങളും മാതൃകകളും സൃഷ്ടിക്കൽ എന്നിവയാണ്.

2016–17 –ൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ നടപ്പിലാക്കിയ പ്രധാന പരിപാടികൾ

i. 2016 ഓഗസ്റ്റ് മാസം എറണാകുളത്ത് അങ്കമാലിയിൽ ബാംബൂ ഇന്നൊവേഷൻ സെന്റർ സ്ഥാപിച്ചു. സംസ്ഥാനത്തെ മുള വ്യവസായത്തിന്റെ വികസനത്തിന് ഒരു റിസോഴ്സ് സെന്ററായി ഇത് പ്രവർത്തിക്കുന്നു.
ii. സംസ്ഥാനത്തെ മുള ഉത്പന്നങ്ങളുടെ വിപണന ഉദ്യമം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2016 ഡിസംബറിൽ എറണാകുളത്ത് 'കേരള ബാംബൂ ഫെസ്റ്റ് 2016' സംഘടിപ്പിച്ചു.
iii. ബാംബൂ കലാകാരന്മാർക്കായി വിവിധ നൈപുണ്യ വികസന/പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
iv. പൊതു സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉൽപ്പന്ന നിർമ്മിതിക്ക് സംഘങ്ങൾക്ക് ഉപകരണങ്ങളും/സാമഗ്രികളും വിതരണം ചെയ്തു.
v. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിലെ കരകൗശല തൊഴിലാളികൾ/ശില്പികൾ എന്നിവർക്ക് അസംസ്കൃത/സംസ്കൃത മുള ലഭ്യത ഉറപ്പ് വരുത്താൻ ബാംബൂ സപ്ലൈ ചെയിൻ സംവിധാനം ശക്തിപ്പെടുത്തി.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

മുള, ഈറ്റ, ചൂരൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനവും പ്രോത്സാഹനവും ലക്ഷ്യമിട്ട് 1971 –ൽ നിലവിൽവന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ്

ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപ്പറഞ്ഞ ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗനിർദേശങ്ങൾനൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാനലക്ഷ്യം.വെറും 900 ലക്ഷം രൂപ മാത്രം മൂലധന അടിസ്ഥാനമുള്ള കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000-ൽ അധികം വരുന്ന മുളതൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്ക, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളിൽ ഭൂരിഭാഗവും ദാരിദ്ര്യ രേഖയ്ക്ക് താഴെയായാണ് കഴിയുന്നത് (ബി പി എൽ).

കോർപ്പറേഷന്റെ പ്രധാന ദൗത്യം പരമ്പരാഗത മുള വ്യവസായ തൊഴിലാളികൾക്ക് തൊഴിലും ജീവിതമാർഗ്ഗവും ഉറപ്പുവരുത്തുക എന്നതാണ്. കോർപ്പറേഷൻ, ഗവണ്മെന്റിന്റെ വനം വകുപ്പിന് കീഴിലുള്ള ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുകയും ചെയ്യുന്നു. തുടർന്ന് കോർപ്പറേഷൻ നെയ്ത്ത മാറ്റുകളെ നേരിട്ട് സംഭരിക്കുന്നു. ബാംബൂ മാറ്റുകൾ, ബാംബൂ പ്ലൈ, ഫ്ലാറ്റെൻഡ് ബാംബൂ ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ തുടങ്ങിയവയാണ് കോർപ്പറേഷന്റെ പ്രധാന ഉല്പന്നങ്ങൾ.

ബാംബൂ മേഖലയിലെ പ്രശ്നങ്ങൾ

- വനംവകുപ്പിന്റെ മരം മുറിക്കലും കടത്തുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- ശരിയായ വിതരണ ശൃംഖലയുടെ അഭാവം (മുളയ്ക്ക്)
- കരകൗശല/എൻ.ജി.ഒ കളുടെ പ്രവർത്തന മൂലധനത്തിന്റെ അഭാവം.
- എം.എസ്.എം ഇലേയ്ക്കുള്ള പരിമിതമായ വായ്പാ ഒഴുക്കും വിദഗ്ധ മനുഷ്യശേഷിയുടെ അഭാവവും.
- സംരംഭകത്വ വികസന പരിപാടികളുടെയും നൈപുണ്യ വികസന പരിപാടികളുടെയും കുറവ്.
- ഈ പ്രക്രിയയിൽ നടപ്പിലാക്കുന്ന സാങ്കേതികവിദ്യയെ കുറിച്ചുള്ള അജ്ഞത.
- ഡിസൈൻ, വികസനം എന്നിവയ്ക്ക് അനുസൃതമായി ഉപകരണങ്ങൾ രൂപപ്പെടുത്തുന്നതിൽ ഉള്ള അവബോധമില്ലായ്മ.
- ആധുനികവൽക്കരണം പുതിയ ഡിസൈനുകൾ/നവീനത എന്നിവയുടെ അഭാവം
- സ്റ്റാൻഡർഡൈസേഷനും പാക്കേജിംഗ് സാങ്കേതികവിദ്യയും
- വിപണന സൗകര്യത്തിന്റെ അപര്യാപ്തത/ മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട്.

ഒരു സേവന ദാതാവ് എന്നനിലയിൽ നിന്ന് മാറി ഒരു സംഘാടകന്റെ ഭാഗം കൂടി സർക്കാർ നിർഹിവ്വക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനം, സ്വകാര്യ നിക്ഷേപം ഉറപ്പാക്കൽ, ആധുനികവൽക്കരണം, എം.എസ്.എം. ഇ മേഖലയുടെ വിഭിന്നതയും ആധുനികതയും ഉറപ്പുവരുത്തൽ എന്നീ ദൗത്യങ്ങൾ കൂടി സർക്കാർ നിർവ്വഹിച്ചുവരുന്നു.

തുണി വ്യവസായം

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ വ്യവസായിക ഉത്പാദനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി വരുമാനം എന്നിവയുടെ സംഭാവന കണക്കിലെടുക്കുമ്പോൾ ഇന്ത്യയിലെ തുണിവ്യവസായം വളരെ വലിയൊരു പങ്ക് വഹിക്കുന്നു. ഈ വ്യവസായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയും വികാസവും സമ്പദ്ഘടനയുടെ അഭിവൃദ്ധിയെ നേരിട്ട് സ്വാധീനിക്കുന്നു.

കൈത്തറി മേഖല, യന്ത്രത്തറി മേഖല, സ്പിന്നിംഗ് മേഖല

ഇന്ത്യയിൽ, കാർഷിക മേഖല കഴിഞ്ഞാൽ 43 ലക്ഷത്തിലേറെ പേർക്ക് നെയ്ത്തിലും

അനുബന്ധ ജോലികളിലുമായി പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽ നൽകുന്ന മേഖലയാണ് കൈത്തറി മേഖല. രാജ്യത്തെ തുണി ഉത്പാദനത്തിന്റെ ഏകദേശം 15 ശതമാനവും ഈ മേഖലയിൽ നിന്നാണ്. മാത്രമല്ല, രാജ്യത്തെ കയറ്റുമതി വരുമാനത്തിലും പ്രസ്തുത മേഖലയുടെ സംഭാവന വിലപ്പെട്ടതാണ്. യഥാർത്ഥത്തിൽ കൈത്തറി തുണിത്തരങ്ങളിൽ ലോകത്തിലെ 95 ശതമാനവും ഉല്പാദിപ്പിക്കപ്പെടുന്നത് ഇന്ത്യയിലാണ്. ഇന്ത്യയുടെ നിർമ്മാണ ഉത്പാദനത്തിൽ 10 ശതമാനവും മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2 ശതമാനവും രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന്റെ 13 ശതമാനവും തുണി വ്യവസായത്തിന്റെ സംഭാവനയാണ്. *(അവലംബം: വാർഷിക റിപ്പോർട്ട് 2016 -17, കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയം)*

തുണി ഉൽപ്പാദനത്തിലും തൊഴിലുല്പാദനത്തിലും പ്രധാന പങ്കു വഹിക്കുന്ന ഒരു മേഖലയാണ് വികേന്ദ്രീകൃത യന്ത്രത്തറി മേഖല. 64.36 ലക്ഷം ജനങ്ങൾക്ക് തൊഴിലും മൊത്തം തുണി ഉൽപ്പാദനത്തിന്റെ 60 ശതമാനവും ഈ മേഖല പ്രദാനം ചെയ്യുന്നു.

ചെറുതും വലുതുമായ വ്യവസായ മേഖലകളിലായി 3,400 –ൽ അധികം മില്ലുകൾ ടെക്സ്റ്റയിൽ മേഖ–ലയിലുണ്ട്. ഈ മില്ലുകളിലൂടെ ഏകദേശം 2,500 മില്യൺ ചതുരശ്ര മില്യൺ കിലോഗ്രാം മനുഷ്യ–നിർമ്മിത ഫൈബറും നൂലും ഉൽപ്പാദിപ്പിക്കപ്പെ–ടുന്നുണ്ട്. ദേശീയ കൈത്തറി വ്യവസായവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ വിഹിതം കുറവായിട്ടാണ് കാണുന്നത്. *(അവലംബം: വാർഷികറി-പ്പോർട്ട് 2016-17, കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയം)*

കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ കയർ മേഖല കഴിഞ്ഞാൽ രണ്ടാം സ്ഥാനം കൈത്തറി മേഖലയ്ക്കാണ്. കേരളത്തിലെ തുണി വ്യവസായം പരമ്പരാഗത കൈത്തറി മേഖല, യന്ത്രത്തറി മേഖല, സ്പിന്നിംഗ് മേഖല എന്നീ വിഭാഗങ്ങളിലുള്ളവയാണ്. സംസ്ഥാനത്തെ കൈത്തറി മേഖല പ്രധാനമായും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളുടെ ചില ഭാഗങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിലെ 96 ശതമാനം തറികളും സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ബാക്കി 4 ശതമാനം വ്യവസായ സംരംഭകരുടെ കൈകളിലാണ്.

മുണ്ടുകൾ, അലങ്കാര വസ്തുക്കൾ, ബെഡ്ഷീറ്റുകൾ, ഷർട്ടിങ്ങുകൾ, സാരികൾ, ലുങ്കികൾ എന്നിവയാണ്കൈത്തറി മേഖലയിലെ പ്രധാന ഉത്പന്നങ്ങൾ. കൈത്തറിയുടെ പാരമ്പര്യവും പൈതൃകവും പരിഗണിച്ച് താഴെ പറയുന്ന ഉല്പന്നങ്ങളെ ഇന്ത്യയുടെ ഭൗമ സൂചിക നിയമത്തിൽ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്.

1. ബാലരാമപുരം സാരികളും പകിട്ടാർന്ന കോട്ടൺ തുണിത്തരങ്ങളും
2. കാസർഗോഡ് സാരികൾ
3. കുത്താമ്പുള്ളി സാരികൾ
4. ചേന്ദമംഗലം മുണ്ടുകൾ
5. കണ്ണൂർ ഗൃഹാലങ്കാര സാമഗ്രികൾ

ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും കൈത്തറി മേഖലയിലെ ഏജൻസികളും

സംസ്ഥാന കൈത്തറി–വസ്ത്ര വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും വികസനത്തിനുമായി നയങ്ങൾ രൂപീകരിക്കുന്നത് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റാണ്. സംസ്ഥാനത്തെ അപെക്സ് സഹകരണ നെയ്ത്ത് സംഘങ്ങളുടെയും സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും തലവനായി പ്രവർത്തിക്കുന്നത്ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറാണ്.

കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാന്റെക്സ്)

കേരള സഹകരണ സംഘം നിയമം അനുസരിച്ച് 1961 –ൽ കേരള സംസ്ഥാന

കൈത്തറിനെയ്ത്തുസഹകരണസംഘം (ഹാന്റെക്സ്) രജിസ്റ്റർ ചെയ്തു. അസംസ്കൃത വസ്തുക്കളുടെ സംഭരണം, പ്രോസ്സസ്സിംഗ്, വിപണനം, ഗുണനിലവാരമുള്ള നൂലുകളുടെ പ്രോസ്സസ്സിംഗ്, കയറ്റുമതിയിലൂടെ കൈത്തറി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിച്ച കൊണ്ടുള്ള ബിസിനസ്സ് എന്നിങ്ങനെ പ്രാഥമിക സഹകരണ സംഘങ്ങൾക്കാവശ്യമായ കാര്യങ്ങൾ നടപ്പാക്കുന്ന അപെക്സ് സ്ഥാപനമാണ് ഹാന്റെക്സ്. നിലവിൽ ഹാന്റെക്സിൽ 518 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായുണ്ട്. ഇവയിൽ 350 എണ്ണം ആധുനിക സാങ്കേതിക വിദ്യയും പശ്ചാത്തല സൗകര്യങ്ങളും ഉപയോഗിച്ചുള്ള കര കൗശല തുണിത്തരങ്ങൾ, അലങ്കാര വസ്തുക്കൾ, സാരികൾ, പരമ്പരാഗത വസ്ത്രങ്ങൾ എന്നിവ രാജ്യത്തിനകത്തും പുറത്തുമുള്ള കയറ്റുമതി വിപണി ലക്ഷ്യമാക്കി പരിസ്ഥിതിസൗഹൃദ രീതിയിൽ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. നിലവിൽ ഹാന്റെക്സിന് 92 വില്പനശാലകൾ കേരളത്തിലുണ്ട്. 2015–16 വർഷം ഹാന്റെക്സിനുണ്ടായ നഷ്ടം 1,998.48 ലക്ഷം രൂപയിൽ നിന്നും 2016–17 വർഷത്തിൽ 1,837.87 ലക്ഷം രൂപയായി കുറഞ്ഞിട്ടുണ്ട്. ഹാന്റെക്സിന്റെ പ്രവർത്തന വിവരങ്ങൾ **അനുബന്ധം 3.1.33** –ൽ ചേർത്തിരിക്കുന്നു.

സഹകരണ മേഖല

ഫാക്ടറി മാതൃകയിലും കുടിൽ മാതൃകയിലുമുള്ള സംഘങ്ങൾ ഉൾക്കൊള്ളുന്നതാണ് സഹകരണ മേഖല. കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ, 2016 മാർച്ചിൽ 600 ആയിരുന്നത് 2017 സെപ്റ്റംബറിലെ കണക്കനുസരിച്ച് 625 ആണ്. ഇതിൽ 185 എണ്ണം ഫാക്ടറി മാതൃകയിലും 440 എണ്ണം കുടിൽ മാതൃകയിലും ഉൾപ്പെടുന്നു. സെപ്റ്റംബർ 2017 ലെ കണക്കനുസരിച്ച് ഈ 625 സംഘങ്ങളിൽ 409 എണ്ണം പ്രവർത്തനക്ഷമമാണ്. ഫാക്ടറി മാതൃകയിലുള്ളവയിൽ ഇപ്പോൾ പ്രവർത്തനക്ഷമായിട്ടുള്ളത് 99 (24.2 ശതമാനം) എണ്ണവും കുടിൽ മാതൃകയിൽ 310 (75.8 ശതമാനം) എണ്ണവും ആണ്. വിശദാംശങ്ങൾ **അനുബന്ധം 3.1.34** –ൽ ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)

കൈത്തറി വ്യവസായത്തിലെ അസംഘടിത പരമ്പരാഗത കൈത്തറി നെയ്ത്തുകാരുടെ ഉന്നമനത്തിനായി കണ്ണൂർ ആസ്ഥാനമായി 1968 ൽ രൂപം കൊണ്ട ഏജൻസിയാണ് ഹാൻവീവ്. വിപണി സ്വഭാവം അനുസരിച്ച് വിവിധതരം കൈത്തറി ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് കേരളത്തിലെ വിവിധ വില്പന ശാലകളിലൂടെ വിപണനം ചെയ്യുകയാണ് ഈ ഏജൻസിയുടെ ലക്ഷ്യം. നിലവിൽ കോർപ്പറേഷന് 49 പ്രദർശന ശാലകളും, 7 എസ്ക്ളൂസീവ് ഏജൻസി ഷോറൂമുകളും 32 ഉല്പാദന കേന്ദ്രങ്ങളുമുണ്ട്. ഹാൻവീവിന്റെ പ്രവർത്തന വിവരങ്ങൾ **അനുബന്ധം 3.1.35, 3.1.36** –ൽ ചേർത്തിരിക്കുന്നു. 2016–17 കാലയളവിൽ ഹാൻവീവിന്റെ വിറ്റുവരവ് 1,558.87 ലക്ഷം രൂപയും നഷ്ടം 8,277.16 ലക്ഷം രൂപയുമാണ്. (താത്കാലികം)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി)

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുകയും കൈത്തറി മേഖലയ്ക്കാവശ്യമായ സാങ്കേതിക വിവരങ്ങൾ, മനുഷ്യശേഷി സഹായങ്ങൾ എന്നിവ നൽകുകയും ചെയ്യുന്ന നോഡൽ ഏജൻസിയാണ് ഐ.ഐ.എച്ച്.ടി. 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമം അനുസരിച്ച് 1987 –ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജി (ഐ.എച്ച്.ടി.ടി) എന്ന പേരിൽ നിലവിൽ വന്നു. പിന്നീട് ഈ സ്ഥാപനത്തെ ഭാരതസർക്കാരിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയുമായി ലയിപ്പിച്ചു.

പട്ടിക 3.1.8
കൈത്തറി മേഖലയിലെ പ്രധാന പദ്ധതികളുടെ സംസ്ഥാന പദ്ധതി വിഹിതവും പദ്ധതി ച്ചെലവും

ക്രമ. നമ്പർ	പദ്ധതികൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			വാർഷികപദ്ധതി 2017–18		
		പദ്ധതി വിഹിതം	പദ്ധതി–ച്ചെലവ്	%	പദ്ധതി വിഹിതം	പദ്ധതി–ച്ചെലവ്	%
1	കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും	49.0	33.0	67.3	10.0	0.22	2.2
2	വൈദഗ്ധ്യ വികസന/ പരിശീലന പദ്ധതികൾ	13.5	12.8	95.0	2.3	0.34	15.0
3	മൂലധന സഹായ പദ്ധതികൾ	50.2	48.6	96.8	9.1	4.5	49.0
4	പ്രോത്സാഹന സഹായ പദ്ധതികൾ	49.3	39.8	81.0	1.1	0.32	29.0
5	വിപണനം, വ്യാപാരം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ	14.9	12.5	84.0	4.0	0.59	15.0

(അവലംബം: ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കേരള സർക്കാർ)

കേരളത്തിലെ കൈത്തറി വ്യവസായം

പന്ത്രണ്ടാം പഞ്ചവത്സര കാലയളവിൽ (2012–17) കൈത്തറി മേഖലയുടെ പദ്ധതി വിഹിതവും പദ്ധതിചെലവും യഥാക്രമം 349.9 കോടി രൂപയും 404.4 കോടി രൂപയും (115.6 ശതമാനം) ആയിരുന്നു. 2017–18 വാർഷിക പദ്ധതി കാലയളവിൽ കൈത്തറി മേഖലയ്ക്കനുവദിച്ച പദ്ധതി വിഹിതം 71.9 കോടി രൂപയും 2017 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് പദ്ധതി ചെലവ് 9.6 കോടി രൂപ(13.3 ശതമാനം) യുമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തും 2017–18 വാർഷിക പദ്ധതിക്കാലത്തും കൈത്തറി മേഖലയിലെ പ്രധാന പദ്ധതികൾക്കനുവദിച്ച പദ്ധതി വിഹിതവും പദ്ധതിച്ചെലവും പട്ടിക 3.1.8 –ൽ കാണിച്ചിരിക്കുന്നു.

2016-17 കാലയളവിൽ ഹാൻഡ്ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പുവഴി നടപ്പിലാക്കിയ പ്രധാന പദ്ധതികളും ഭൗതിക നേട്ടങ്ങളും

1. **കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും**

   നവീനവും മൂല്യ വർധിതവുമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, തറികളുടെ ആധുനികവത്ക്കരണം, വിൽപ്പനശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിപണന വൈദഗ്ധ്യം മെച്ചപ്പെടുത്തുക, പ്രദർശന/വിൽപ്പന ശാലകളുടെ പുനരുദ്ധാരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ഈ പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. 4 പ്രാഥമിക കൈത്തറി തൊഴിലാളി സഹകരണ സംഘങ്ങൾക്ക് (പി.ച്ച്. ഡബ്ളിയു. സി. എസ്) പണിശാല നവീകരിക്കുന്നതിനുള്ള സഹായം, 73 തൊഴിലാളികൾക്കുള്ള സഹായം, 2 സംഘങ്ങൾക്ക് ഡൈഹൗസ് ആധുനിക വത്ക്കരണത്തിനുള്ള സഹായം, 6 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ സഹായം, 57 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്ന വികസന സഹായം, 18 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തറി അനുബന്ധ സൗകര്യങ്ങൾക്കുള്ള സഹായം, 4 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം എന്നിവ 2016–17 കാലയളവിൽ ഈ പദ്ധതിയിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്.

2. **കൈത്തറി തൊഴിലാളികൾക്കുള്ള വൈദഗ്ധ്യ വികസന പരിശീലന പരിപാടി**

പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് പ്രത്യേക ഡിസൈനുകൾ രൂപീകരിക്കുന്നതിനും മൂല്യ വർദ്ധിതവും വൈവിദ്ധ്യമേറിയതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. 2016–17 കാലയളവിൽ 120 തൊഴിലാളികൾക്ക് വൈദഗ്ധ്യ പരിശീലനം നൽകി.

3. **മൂലധന സഹായ പദ്ധതികൾ**

2016–17 ൽ പലതരത്തിലുള്ള പശ്ചാത്തല സൌകര്യങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അപെക്സ്സ് സംഘങ്ങൾക്കും ഈ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യ നിലവാരം മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം, സംഘങ്ങളിൽ ജോലിക്കനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. 2016–17 –ൽ 13 പ്രാഥമിക സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് സഹായം നൽകിയിട്ടുണ്ട്.

4. **പ്രചോദന പദ്ധതികൾ**

നെയ്ത്ത്–അനുബന്ധ തൊഴിലാളികൾക്കുള്ള പ്രചോദന പദ്ധതികൾ, ഇൻകം സപ്പോർട്ട് സ്കീം, അംശദാന മിതവ്യയ പദ്ധതി, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള വിവിധ പ്രേരക പദ്ധതികളിലൂടെ ധാരാളം തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നു. 2016–17 –ൽ അംശദാന മിതവ്യയ പദ്ധതിയിലൂടെ 4,890 നെയ്ത്തുകാർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിലൂടെ 8350 നെയ്ത്തുകാർക്കും പ്രയോജനം ലഭിച്ചു.

5. **വിപണനം, വ്യാപാരം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി**

കൈത്തറി വിപണനം, വ്യാപാരം എന്നിവയെ പ്രോത്സാപിപ്പിക്കുന്നതിന്റെ ഭാഗമായി, കൈത്തറി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും പ്രദർശന ശാലകളുടെ നവീകരണത്തിനുള്ള സഹായങ്ങൾ നൽകയും ചെയ്തു.

കേരളത്തിലെ കൈത്തറി മേഖല

കൈത്തറി മേഖലയുടെ വികസനത്തിനായി 2016–17 വർഷത്തിൽ വായ്പയായി 74.31 ലക്ഷം രൂപയും ഗ്രാന്റായി 565.00 ലക്ഷം രൂപയും ഗവൺമെന്റ് ധനസഹായം നൽകിയിട്ടുണ്ട്. വിശാദാംശങ്ങൾ **അനുബന്ധം 3.1.37** –ൽ നല്കിയിരിക്കുന്നു. കൈത്തറി മേഖലയിലെ മൊത്തം ഉല്പാദന മൂല്യം 2015–16 ൽ 339.25 കോടി രൂപയായിരുന്നത് 2016–17 –ൽ 233.55 കോടി രൂപയായി കുറഞ്ഞു. അതായത് 31 ശതമാനം കുറവ് കാണിക്കുന്നു. മൊത്തം തൊഴിലാളികളുടെ എണ്ണം 2015–16 –ൽ 20,135 ആയിരുന്നത് 2016–17 –ൽ 4 ശതമാനം കുറഞ്ഞ് 19,321 ആയിട്ടുണ്ട്. മൊത്തം സ്ത്രീതൊഴിലാളികളുടെ എണ്ണവും 2015–16 –ൽ 15,093 ആയിരുന്നത് 2016–17 –ൽ 13780 ആയികുറഞ്ഞിട്ടുണ്ട്. മൊത്തം തൊഴിൽ ദിനങ്ങളുടെ എണ്ണവും 2015–16 –ൽ 67.37 ലക്ഷം മനുഷ്യ ദിനങ്ങൾ ആയിരുന്നത് 2016–17 ൽ 65.34 ലക്ഷം മനുഷ്യ ദിനങ്ങളായി കുറഞ്ഞു.

2016–17 ലെ മൊത്തം വിറ്റു വരവ് മൂലധന, വേതന ചെലവ് ഉൾപ്പടെ 78.94 കോടിയാണ്. കൈത്തറി വ്യവസായത്തിലെ തൊഴിലാളികൾക്ക് ഒരു ദിവസം കിട്ടുന്ന ശരാശരി കൂലി 150 മുതൽ 200 രൂപ വരെയാണ്. കേരളത്തിലെ കൈത്തറി വ്യവസായത്തിന്റെ ഉല്പാദന വിവരങ്ങൾ **അനുബന്ധം 3.1.38** ലും **ചിത്രം 3.1.8** ലും ചേർത്തിരിക്കുന്നു. കൈത്തറി മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ (ലക്ഷം മനുഷ്യ ദിനത്തിൽ) **ചിത്രം 3.1.9** –ൽ ചേർത്തിരിക്കുന്നു.

കൈത്തറി മേഖലയിലെ ഉല്പാദനത്തിലും ഉല്പാദന ക്ഷമതയിലും 2012–13 മുതൽ 2015–16 വരെ സ്ഥിരമായ വർദ്ധനവും 2016–17 ൽ കുറവും കാണിക്കുന്നു. ഈ മേഖലയിലെ തൊഴിൽ സൃഷ്ടിക്കലിന്റെ എണ്ണത്തിൽ 2012–13 ലും 2013–14 ലും താരതമ്യേന വർദ്ധനവും, പിന്നീടുള്ള മൂന്ന് വർഷങ്ങളിൽ കുറഞ്ഞു വരുന്നതായും കാണാം.

ചിത്രം 3.1.8
കൈത്തറി മേഖലയിലെ പ്രധാന പദ്ധതികളുടെ സംസ്ഥാന പദ്ധതി വിഹിതവും പദ്ധതി ച്ചെലവും



(അവലംബം: ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കേരള സർക്കാർ)

ചിത്രം 3.1.9
കൈത്തറി മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷം മനുഷ്യദിനത്തിൽ)



(അവലംബം:ഹാൻഡ്ലൂം ആൻഡ്ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കേരള സർക്കാർ)

ബോക്സ് നമ്പർ 3.1.8
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൈത്തറി മേഖലയിലുണ്ടായ പ്രധാന ഭൗതികനേട്ടങ്ങൾ

- കേരളത്തിലെ ഗവൺമെന്റ് സ്കൂളുകളിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 2.25 ലക്ഷത്തോളം വിദ്യാർത്ഥികൾക്കായുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്ക് തുടക്കം കുറിച്ചു.
- കേരളത്തിലെ ഏല്ലാ ജില്ലകളിലുമുള്ള കൈത്തറി തൊഴിലാളികൾക്കും അംശദാനമിതവ്യയ പദ്ധതി പ്രകാരം സഹായം ലഭിച്ചു. വലിയൊരു വിഭാഗം നെയ്ത്തുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്കുള്ള സഹായം ഈ പദ്ധതിയിലൂടെ ലഭിച്ചു.
- 11540 നെയ്ത്തുകാർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ സൗജന്യ വൈദ്യ സഹായം ലഭിച്ചു.
- അപ്പെക്സ് സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും അനുബന്ധ സംഘങ്ങൾക്കും പ്രീലൂം, പോസ്റ്റ് ലൂം സൗകര്യങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം ലഭിച്ചു.
- കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണത്തിനും, പ്രോത്സാഹനത്തിനുമായി സ്കൂളുകളിലും കോളേജുകളിലും പെയിൻറിംഗ് മത്സരങ്ങൾ, സെമിനാറുകൾ, പ്രശ്നോത്തരികൾ എന്നിവ സംഘടിപ്പിച്ചു.
- കൈത്തറി മേഖലയിലെ പ്രാഗത്ഭ്യമുള്ള സംരംഭകർക്ക് മാർജിൻ മണിസഹായം നൽകി.

കൈത്തറി വ്യവസായം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടവ കുറഞ്ഞ കൂലി കാരണം കൈത്തറി മേഖലയിലെത്തുന്ന നെയ്ത്തുകാരുടെ കുറവ്, കുറഞ്ഞ ഉല്പാദന ക്ഷമത, സാങ്കേതിക വിദ്യയിലുള്ള ന്യൂനത, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ടെക്സ്റ്റൈൽ യൂണിറ്റുകളിൽ നിന്നും യന്ത്രത്തറിയിൽ നിന്നുമുള്ള മത്സരം എന്നിവയാണ്. മാറുന്ന ടെൻഡിനനുസരിച്ച് ഉല്പന്ന വൈദഗ്ധ്യ മില്ലായ്മ, പ്രവർത്തന മൂലധനദൗർലഭ്യം, കഴിനൂലിനും പരുത്തിക്കുമുള്ള വില വ്യതിയാനം എന്നിവ മറ്റു ചില കാരണങ്ങളാണ്. സങ്കീർണ്ണമായ നെയ്ത്ത് തുണിത്തരങ്ങൾ, വിവിധോദ്ദേശ്യ യുക്തമായതും വിഭിന്നങ്ങളുമായ തുണിത്തരങ്ങൾ, വിവിധങ്ങളായ ഡിസൈനുകൾ, പുതിയ ഡിസൈനിലേക്ക് മാറാനുള്ള കഴിവ് എന്നിവ കൈത്തറി മേഖലയുടെ ശക്തി കേന്ദ്രങ്ങളാണ്. കൈത്തറി മേഖലയിലെ തൊഴിലാളികൾ പ്രത്യേകം വൈദഗ്ധ്യം ലഭിച്ചിട്ടുള്ളവരാണ്. പരിസ്ഥിതി സൗഹൃദമായ സാങ്കേതികവിദ്യയും സംവിധാനങ്ങളുമാണ് ഈ മേഖലയിൽ ഉപയോഗിച്ചു വരുന്നത്.

ടെക്സ്റ്റൈൽ മേഖല – നൂൽനൂൽപിലും നെയ്ത്തിലും ഏർപ്പെട്ടിരിക്കുന്ന മില്ലുകൾ

കേരളത്തിലെ ടെക്സ്റ്റൈൽ മേഖല, പൊതുമേഖല, സഹകരണ മേഖല, പൊതു മേഖലയിലും സഹകരണ മേഖലയിലും ഉള്ള സംയോജിത യൂണിറ്റുകൾ എന്നിങ്ങനെയാണ് സംഘടിതമായിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പൊതു/സഹകരണ മേഖലകളിലായി 17 സ്പിന്നിംഗ് മില്ലുകളാണുള്ളത്.

കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി.)

സംസ്ഥാനത്ത് ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിച്ച് നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ 1972–ൽ ഒരു കേരള സർക്കാർ സംരംഭമായി കെ.എസ്. ടി.സി നിലവിൽ വന്നു. കോർപ്പറേഷന്റെ കീഴിൽ നാല് മില്ലുകളും ഒരു റിസർച്ച് ആന്റ് ടെസ്റ്റിങ്ങ് സെന്ററും ഉണ്ട്. പ്രഭുറാം മിൽസ്, കോട്ടയം മിൽസ്, ഇടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ

സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവയാണ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ. മറ്റു രണ്ടു യൂണിറ്റുകളായ സീതാറം ടെക്സ്റ്റൈൽസും, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡും ഇപ്പോൾ കെ.എസ്.ടി.സി യുടെ ഭരണത്തിൻ കീഴിലാണ്. ഇതു കൂടാതെ കോർപ്പറേഷനു കീഴിൽ ഒരു റിസർച്ച് ആന്റ് ടെസ്റ്റിംങ്ങ് (സി.എ. ആർ.ഡി.റ്റി–സെന്റർഫോർ അപ്ലൈഡ് റിസർച്ച് & ഡെവലെപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്) ഡിവിഷനുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)

കേരളത്തിലെ സഹകരണ മേഖലയിലെ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ സ്ഥാപനം, മാനേജ്മെന്റ് എന്നിവയിൽ സഹായിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതിനായി 1992 –ൽ രൂപം കൊണ്ട സ്ഥാപനമാണ് ടെക്സ്ഫെഡ്. കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത യന്ത്രത്തറി സഹകരണ സംഘങ്ങളുടെയും ഉന്നതാധികാര സമിതിയാണ് ടെക്സ്ഫെഡ്. ടെക്സ്റ്റൈൽ വ്യവസായത്തിലെ വിവിധ ഭാഗങ്ങളായ സ്പിന്നിംഗ്, വീവിംഗ്, പ്രോസ്സസ്സിംഗ്, ഗാർമെന്റിംഗ് എന്നിവയെ സംയോജിപ്പിക്കുന്നത് ടി സ്ഥാപനം വഴിയാണ്. ടെക്സ്ഫെഡിന്റെ കീഴിൽ ഏഴ് സ്പിന്നിംഗ് മില്ലുകൾ അംഗങ്ങളായുണ്ട്. ഇതിൽ അഞ്ചെണ്ണം സംസ്ഥാന ഗവൺമെന്റിന്റെ ഭരണത്തിൽ കീഴിലും രണ്ടെണ്ണം തിരഞ്ഞെടുക്കപ്പെട്ട ബോർഡിന്റെ കീഴിലുമാണ്. സ്പിന്നിംഗിലും വീവിംഗിലും ഏർപ്പെട്ടിരിക്കുന്ന മില്ലുകൾ ഡിമാന്റ്–സപ്ലൈ രംഗങ്ങളിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. കാലഹരണപ്പെട്ട യന്ത്രങ്ങൾ, കടുത്ത മത്സരം, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, കുറഞ്ഞ ഉല്പാദന ക്ഷമത, കുറയുന്ന ലാഭം, പ്രവർത്തന മൂലധന ന്യൂനത എന്നിവയും കേരളത്തിലെ തുണി മില്ലുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. സംസ്ഥാനത്തെ ഭൂരിപക്ഷം സ്പിന്നിംഗ് മില്ലുകളും ഇരുപത്തിയഞ്ച് വർഷത്തിലെറെ പഴക്കം ചെന്നതും ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികൾ കാലഹരണപ്പെട്ടതുമാണ്. ഭാഗീക ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാലികമായ വ്യവസായ നിലവാരത്തിലേക്ക് ഈ സ്ഥാപനങ്ങളെ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നവീകരണം

സഹകരണ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന ഗവൺമെന്റ് പല ശ്രമങ്ങളും നടത്തിയിട്ടുണ്ട്. നിലവിലെ യന്ത്രങ്ങളും സാങ്കേതിക വിദ്യയും നവീകരിക്കുന്നതിനായി മാളയിലുള്ള കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മിൽ , പ്രിയദർശനി സഹകരണ സ്പിന്നിംഗ് മിൽ (പ്രികോമിൽസ്), മലബാർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയ്ക്ക് ഗവൺമെന്റ് ധന സഹായം നൽകുന്നുണ്ട്.
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത്, സഹകരണമേഖലയിലെ സ്പിന്നിംങ്ങ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 93.4 കോടി രൂപ വകയിരുത്തുകയും 179.2 കോടി രൂപ ചെലവുണ്ടാകുകയും ചെയ്തു. 2017–18 വാർഷിക പദ്ധതിയിൽ സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്കായി 27.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ഞിയുടെ ഉയർന്നവില, നൂലിന്റെ വിലയിലുണ്ടാകുന്ന കുറവ് മൂലം ഉണ്ടാകുന്ന നഷ്ടം എന്നിവ സ്പിന്നിംഗ് മേഖല നേരിടേണ്ടി വരുന്ന പ്രശ്നങ്ങളാണ്. ഇത് എല്ലാ വർഷവും സർക്കാർ നൽകുന്ന മൂലധന പിന്തുണ, അസംസ്കൃത വസ്തുക്കളുടെ ഉപയോഗശേഷി കുറയുന്നതനുസരിച്ച് കുറയുന്നതിന് ഇടയാക്കും. അതിനാൽ ഈ പ്രതിസന്ധി മറികടക്കാൻ ഈ മില്ലുകളെ ശക്തിപ്പെടുത്താൻ ശക്തമായ നടപടികൾ ആവശ്യമാണ്.

യന്ത്രത്തറി വ്യവസായം

കേരളത്തിലെ നെയ്ത്തു മേഖലയിലെ ഉല്പാദനക്ഷമതയുടെ നിലവിലെ സ്ഥിതി അനുസരിച്ച്, ഈ മേഖല അത്രത്തോളംവികാസംപ്രാപിച്ചിട്ടില്ല. വീവിംഗ് മേഖലയെ ഉത്തേജിപ്പിക്കുന്നതിനായി

പട്ടിക 3.1.9
യന്ത്രത്തറിമേഖലയിലെപ്രധാനപദ്ധതികളുടെസംസ്ഥാന പദ്ധതി വിഹിതവും പദ്ധതിച്ചെലവും (രൂപ കോടിയിൽ)

ക്രമ. നമ്പർ	പദ്ധതികൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			Annual Plan 2017–18		
		പദ്ധതി വിഹിതം	പദ്ധതി ച്ചെലവ്	%	പദ്ധതി വിഹിതം	പദ്ധതി ച്ചെലവ്	%
1	യന്ത്രത്തറി വ്യവസായത്തിന്റെ വികസനം	4.3	3.0	69.4	1.4	0.0002	0.01
2	യന്ത്രത്തറികളുടെ ആധുനികവത്കരണം	201.4	16.8	82.4	3.5	0.06	1.7

ഗവൺമെന്റ് സംയോജിത യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് പദ്ധതി സഹായം നല്കുന്നുണ്ട്. നിലവിൽ 32 യന്ത്രത്തറി സഹകരണ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ 637 യന്ത്രത്തറികളിൽ 545 എണ്ണം സഹകരണ മേഖലയിലാണ്. 2016–17 –ൽ യന്ത്രത്തറി വ്യവസായത്തിലെ ഉല്പാദനമൂല്യം 19.0 കോടിരൂപയും ഉത്പാദനക്ഷമത 7022 മീറ്റർ/ലും ആണ്. മൊത്തം വിറ്റുവരവ് 827.3 കോടി രൂപയുമാണ്. 2012–13 മുതൽ 2016–17 വരെയുള്ള കേരളത്തിലെ യന്ത്രത്തറി വ്യവസായത്തിലെ ഉല്പാദനവും ഉല്പാദന ക്ഷമതയും **അനുബന്ധം 3.1.39** –ൽ കൊടുത്തിരിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര ക്കാലത്തേയും, 2017–18 വാർഷിക പദ്ധതിക്കാലത്തേയും യന്ത്രത്തറി വ്യവസായത്തിലെ പ്രധാന പദ്ധതികളുടെ പദ്ധതിവിഹിതവും ചെലവും **പട്ടിക 3.1.9** –ൽ കാണിച്ചിരിക്കുന്നു.

വിപണനത്തിലുള്ള പ്രശ്നങ്ങൾ, സാമ്പത്തിക ന്യൂനത, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, സാങ്കേതിക വിദ്യയിലെ ന്യൂനത, അസംസ്കൃത വസ്തുക്കളെ ഉൽപ്പന്നമായി മാറ്റുന്നതിനുള്ള സൗകര്യക്കുറവ്, വിവിധ സൗകര്യങ്ങളെക്കുറിച്ച നെയ്ത്തുകാർക്കിടയിലുള്ള അവബോധക്കുറവ് എന്നിവ യന്ത്രത്തറി മേഖലയിൽ നിലനിൽക്കുന്ന ചില പ്രശ്നങ്ങളാണ്.

ഉപസംഹാരം

വസ്ത്ര വ്യവസായത്തിന്റെ ആധുനികവത്കരണത്തിനായി ചില നടപടികൾ അവശ്യമായിട്ടുണ്ട്. പ്രധാനമായും ഉല്പന്ന ഗുണ നിലവാരവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനുതകുന്ന തരത്തിൽ സാങ്കേതിക വിദ്യ വികസിപ്പിക്കുക, ഉല്പാദനത്തിലും വിപണനത്തിലും ദേശീയ അന്താരാഷ്ട്ര വിപണികളിൽ പ്രചാരണമുണ്ടാക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് നേരിട്ട് ധന സഹായം ലഭിക്കുന്ന തരത്തിൽ സഹായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. ആധുനികവത്കരണം, യന്ത്രവത്കരണം, മൂല്യ വർദ്ധനവ്, എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാനും അതു വഴി തൊഴിലാളികളുടെ കൊഴിഞ്ഞ് പോക്ക് തടയാനും സാധിക്കും. കൈത്തറി മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി ജൈവ തുണിത്തരങ്ങൾ ഉല്പാദിപ്പിച്ച് 'മെയ്ഡ് ഇൻ കേരള' ബ്രാന്റ് പ്രോത്സാഹിപ്പിക്കാവുന്നതാണ്. കൈത്തറി മേഖലയുടെ പാരമ്പര്യ തനിമ പ്രദർശിപ്പിക്കുന്നതിലൂടെ മറ്റു മേഖലകളുടെവികസനവും സാധ്യമാകുന്നു.

ഖാദി ഗ്രാമ വ്യവസായം

ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായം

ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്.

ഖാദി ഉൽപ്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിതിന് നിയമപരമായി പ്രവർത്തിക്കുന്നഒരു ഭാരത സർക്കാർ സ്ഥാപനമാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി). ദേശീയതലത്തിൽ 12 ലക്ഷത്തിലധികം പേർ കെ.വി.ഐ.സി.യുടെ കീഴിൽ ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാണ്. ഇതിൽ ഭൂരിഭാഗവും (70 ശതമാനം) സ്ത്രീകളാണ്.

ഇന്ത്യയിലെ ഖാദി ഗ്രമ വ്യവസായ മേഖല ഉൽപ്പാദന രംഗത്ത് കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് സ്ഥിര വളർച്ചനേടിയിട്ടുണ്ട്. 2013–14 ൽ ഉൽപ്പാദനം 811.0 കോടി രൂപയായിരുന്നത് 2015–16 –ൽ 1,066.0 കോടി രൂപയായി വർദ്ധിച്ചു. സമാനമായി ഖാദി വിൽപന 2013–14 –ൽ 1,081.0 കോടി രൂപയായിരുന്നത് 2015–16 –ൽ 1,510.0 കോടി രൂപയായി ഉയർന്നു. ഇന്ത്യയിലെ ഖാദി വ്യവസായ മേഖലയിലെ 2015–16 ലെ തൊഴിൽ സൃഷ്ടിക്കൽ നിരക്ക് 11.1 ലക്ഷമാണ്. 2016–17 –ൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി), 130.7 ലക്ഷം പേർക്ക് മൊത്തം തൊഴിലവസരം നൽകുകയും 34,211.6 കോടി രൂപ വിലമതിക്കുന്ന ഉത്പന്നങ്ങൾ ദേശീയ തലത്തിൽ ഉല്പ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യൻ ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം, വിപണനം, തൊഴിൽ ദാനം എന്നീ രംഗങ്ങളിൽ കേരളത്തിന്റെ പങ്ക് മൊത്തം ഇന്ത്യൻ ജനസംഖ്യയുടെ കേരളത്തിന്റെ വിഹിതത്തേക്കാൾ കുറവാണ് (**പട്ടിക 3.1.10** കാണുക).

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

കേരള ഖാദി ഗ്രാമ വ്യവസായത്തെ സംഘടിപ്പിക്കൽ, വികസിപ്പിക്കൽ, പരിപോഷിപ്പിക്കൽ എന്നീ ദൗത്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ച് രൂപീകരിച്ച നിയമ സ്ഥാപനമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്. 2016–17 –ൽ കേരളത്തിലെ ഖാദി

പട്ടിക 3.1.10
ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉല്പ്പാദനം, വിപണനം, മൊത്തം തൊഴിൽ സൃഷ്ടി

വർഷം	ഉൽപ്പാദനം (കോടിയിൽ)			വില്പ്പന (കോടിയിൽ)			മൊത്തം തൊഴിൽ സൃഷ്ടി (ലക്ഷം തൊഴിൽ ദിനങ്ങൾ)		
	ദേശീയം	കേരളം	സംസ്ഥാന വിഹിതം (ശതമാനത്തിൽ)	ദേശീയം	കേരളം	സംസ്ഥാന വിഹിതം (ശതമാനത്തിൽ)	ദേശീയം	കേരളം	സംസ്ഥാന വിഹിതം (ശതമാനത്തിൽ)
1	2	3	4	5	6	7	8	9	10
2011–12	21852.0	144.7	0.7	26797.1	167.5	0.6	119.1	1.3	1.1
2012–13	24024.2	145.8	0.6	27839.7	170.8	0.6	124.8	1.2	1.0
2013–14	26109.1	139.8	0.5	31152.4	172.6	0.6	140.4	1.2	0.8
2014–15	27569.4	136.4	0.5	33135.9	170.0	0.5	134.3	1.1	0.8
2015–16	34490.2	160.4	0.5	41894.6	161.3	0.4	137.8	1.1	0.8
*2016–17 (P)	**34211.6	171.7	0.5	41623.6	163.5	0.4	130.7	1.1	0.8

അവലംബം: വാർഷിക റിപ്പോർട്ട് 2015-16 എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ&ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരളസർക്കാർ
**താൽക്കാലികം*
***ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ*

പട്ടിക 3.1.11
ഖാദി വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും

ഇനം	2015-16		2016-17	
	വരവ്	ചെലവ്	വരവ്	ചെലവ്
സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി വിഹിതം	196.0	196.0	1399.0	1010.0
1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം)				
2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴിയുള്ള ഫണ്ട്)	2700.0	2700.0	2964.5	2964.5
സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി-യേതര	3037.2	3575.3	3493.0	3845.1
1. പദ്ധതിയേതര- ഭരണ ചെലവുകൾ	2213.0	2213.0	785.0	785.0
2. പദ്ധതിയേതര-പ്രത്യേക ഇളവ്				
കെ വി ഐ സി ഗ്രാൻറ്				
1. പി.എം.ഇ.ജി.പി. -മാർജിൻ മണി	819.46	819.5	848.0	994.7
സഹായം	1.2	1.2	2.2	2.2
2. പി.എം.ഇ.ജി.പി. യുടെ ജില്ലാ തല ബോധവൽക്കരണ ക്യാമ്പിനും ജില്ലാ തല പ്രദർശനങ്ങൾക്കു മുള്ള ഗ്രാൻറ്	2.2	2.2	2.5	2.5
3. സ്റ്റേഷനറി, പബ്ലിസിറ്റി, യാത്രാബ-ത്ത, പി.എം.ഇ.ജി.പി. പദ്ധതിച്ചെല-വുകൾ എന്നിവയ്ക്കുള്ള ഗ്രാൻറ്				

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

ഗ്രാമ വ്യവസായ ബോർഡിന്റെ പൂർണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ആകെ ഉല്പാദിപ്പിച്ച ഉൽപ്പന്ന മൂല്യം 171.7 കോടി രൂപയുടേ താണ്. 2011-12 കാലഘട്ടത്തിൽ കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ മൊത്തം തൊഴിലവസരം 1.3 ലക്ഷത്തിൽ നിന്ന് 2015-16 -ൽ 1.1 ലക്ഷമായി കുറഞ്ഞു. ഈ കാലയളവിൽ ഉല്പാദനം വർധിച്ചുവെങ്കിലും സംസ്ഥാനത്തിനകത്തെ വിറ്റുവരവ് കുറഞ്ഞു വരുന്ന പ്രവണത കാണിച്ചു. ഈ മേഖലയിൽ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുന്നതിനു പ്രധാന കാരണം മികച്ച തൊഴിൽ അന്വേഷിച്ചുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉന്നതവിദ്യാഭ്യാസ ലക്ഷ്യവുമാണ്. വൻതോതിൽ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, രാജ്യത്ത് പവർലൂം മേഖലയുടെ വമ്പിച്ച വളർച്ച, തുണിത്തരങ്ങളുടെ ആവശ്യത്തിൻമേലുള്ള വ്യതിയാനം, ഉല്പാദനക്ഷമമല്ലാത്ത ചർക്കകളുടേയും തറികളുടേയും ഉപയോഗം എന്നിവ ഈ മേഖലയുടെ മുന്നോട്ടുള്ള പ്രയാണത്തെ പിന്നോട്ടു വലിക്കുന്നതിനുള്ള മറ്റ് പ്രധാന കാരണങ്ങളാണ്.

ഖാദി വ്യവസായ ബോർഡിന് 2015-16, 2016-17 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 3.1.11** -ൽ ചേർത്തിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഖാദി ഗ്രാമ വ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്ക് വകയിരുത്തിയ തുക 6,735.2 ലക്ഷം രൂപയും ചെലവ് 6,236.2 ലക്ഷം രൂപയുമാണ്.

പട്ടിക 3.1.12
പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിലെ സാമ്പത്തിക പ്രകടനം
(രൂപ ലക്ഷത്തിൽ)

വർഷം	വിഹിതം	ചെലവ്	%
2012–13	1210.0	1306.0	108.0
2013–14	1331.0	2490.0	187.0
2014–15	1397.6	341.6	24.0
2015–16	1397.6	1114.6	80.0
2016–17	1399.0	1010.0	72.2
ആകെ	**6735.2**	**6262.2**	**93.0**

അവലംബം: ബജറ്റ് 2012-13 മുതൽ 2015-16 അക്കൗണ്ട്സ് & പ്ലാൻസ്പേസ്

2012–3, 2013–14 വർഷങ്ങളിൽപദ്ധതി വിഹിതത്തെക്കാൾ ചെലവ് കൂടുതലായിരുന്നു. എങ്കിലും 2014–15 ലെപദ്ധതിചെലവ് മൊത്തം പദ്ധതി തുകയായ 1,397.6 ലക്ഷം രൂപയുടെ 24 ശതമാനം മാത്രമായിരുന്നു. ഇതിനു പ്രധാന കാരണം സമയബന്ധിതമായി പദ്ധതി വിഹിതം നൽകുന്നതിനു നേരിട്ട കാലതാമസമാണ്. എന്നാൽ 2015–16, 2016–17 എന്നീ വർഷങ്ങളിൽ യഥാക്രമം 80 ശതമാനം 72 ശതമാനം എന്നിങ്ങനെ നിരക്ക് വർദ്ധനവ് രേഖപ്പെടുത്തി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ സാമ്പത്തിക വിശദാംശങ്ങൾ **പട്ടിക 3.1.12** –ൽ കൊടുത്തിരിക്കുന്നു.

ബജറ്റ് 2017 -18

2017–18 വാർഷികപദ്ധതിയിൽ വകയിരുത്തിയ പദ്ധതി വിഹിതം 1,691.0 ലക്ഷം രൂപയും ചെലവ് 488.6 ലക്ഷം (നവംബർ 30, 2017 വരെ) രൂപയുമാണ് (28.9 ശതമാനം). ഈ മേഖലയിൽ നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം 11 ആണ്. ഇതിൽ 'ഖാദി ഗ്രാമം പരിപാടി' എന്ന പുതിയ പദ്ധതിയും ഉൾപ്പെടുന്നു.ഇതിലൂടെ 3,000 ചർക്കകളും 2,000 തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുകയും ഗാർഹിക തലത്തിൽഅഞ്ച് വർഷംകൊണ്ട് 5,000 പേർക്ക് തൊഴിൽ നല്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. പദ്ധതി വിഹിതവും ചെലവും **അനുബന്ധം 3.1.40** –ൽ നൽകിയിരിക്കുന്നു. കേരളത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിയ പ്രധാന പദ്ധതികളിൽ ചിലത് താഴെ തന്നിരിക്കുന്നു:

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റിന്റെ ആധുനിക വൽക്കരണം, നവീകരണം

പരുത്തി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനാൽ കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് വികസിപ്പിച്ച് സംസ്കരിച്ച പരുത്തിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പുകാർക്ക് ആവശ്യമുള്ളതും ഗുണമേന്മയുള്ളതുമായ സ്ലിവർ താങ്ങാവുന്ന വിലക്ക് നൽകുന്നതിനും ലക്ഷ്യമിടുന്നു. യന്ത്ര സമഗ്രഹികൾ വാങ്ങൽ, അസംസ്കൃത വസ്തുക്കളുടെ ശേഖരണം, അടിസ്ഥാന സൗകര്യങ്ങൾ നൽകുക മുതലായവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും

നെയ്ത്തുകാർക്കും നൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും

റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റിന്റെയും കൈക്കടലാസ് നിർമാണ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്.

പ്രത്യേകതൊഴിൽ ദാന പരിപാടി

ചെറുകിട സംരംഭകർക്കും പരമ്പരാഗത കരകൗശലത്തൊഴിലാളികൾക്കും ബാങ്ക് ബന്ധിത പ്രോജക്ടുകൾക്ക് മാർജിൻ മണി സബ്സിഡി നൽകാൻ ഇത് നിർദേശിക്കുന്നു (പ്രൊജക്ട് വിലയിരുത്താൻ യോഗ്യതയുള്ള അധികാരിയുടെ അടിസ്ഥാനത്തിൽ).

തേനീച്ച വളർത്തൽ വികസനം

തേനീച്ച വളർത്തൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി തേനീച്ചപ്പെട്ടികൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും വ്യവസായ സംരംഭകർക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

ഖാദി ഗ്രാമം പരിപാടി

ഇതിലൂടെ 3,000 ചർക്കകളും 2,000 ലേറെ തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുകയും ഗാർഹിക തലത്തിൽ അഞ്ച് വർഷം കൊണ്ട് 5,000 പേർക്ക് തൊഴിൽ നല്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു.

ഇതിന് പുറമെ, സ്വാശ്രയ സംഘങ്ങൾ വഴി 582.0 കോടിരൂപ മൂല്യമുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും 596.0 കോടി രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിച്ചതിലൂടെ 1,47,355 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ

ബോക്സ് 3.1.9
2016–17 കാലയളവിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് കൈവരിച്ച പ്രധാന ഭൗതിക നേട്ടങ്ങൾ

- 2016–17 കാലത്ത് പി.എം.ഇ.ജി.പി പദ്ധതിയിലൂടെ 3,898 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
- 1,006.0 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായിഗുണഭോക്താക്കൾക്ക് നൽകി.
- 2016–17 കാലഘട്ടത്തിൽ പി.എം.ഇ.ജി.പിപദ്ധതിയിലൂടെ 3,017.1 ലക്ഷം രൂപ ചെലവിൽ 431 പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചു.
- 10,600 ഖാദി കരകൗശല പണിക്കർക്ക് പ്രൊഡക്ഷൻ ഇൻസെന്റിവ്/ഫെസ്റ്റിവൽ അലവൻസ് നൽകി.
- പണിപ്പുരകൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചർക്കകൾ, നെയ്ത്തുയന്ത്രങ്ങൾ, യന്ത്രഭാഗങ്ങൾ വാങ്ങൽ, സ്റ്റാളുകൾ, മേശകൾ, ടോയ്‌ലറ്റ് സൗകര്യംമെച്ചപ്പെടുത്തൽ, വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ നിർമ്മാണം എന്നീ പരിപാടികൾനടപ്പിലാക്കി.
- ഖാദി തൊഴിലാളികൾക്കുള്ള ഫെസ്റ്റിവൽ അലവൻസ് 1,250 രൂപയായി ഉയർത്തി ഓണസമയത്ത് വിതരണം ചെയ്തു.
- 2016–17 കാലയളവിൽ ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിലൂടെ 30.0 കോടി രൂപ വിതരണം ചെയ്തു.
- ചർക്കകൾ, യന്ത്ര ഭാഗങ്ങൾ വാങ്ങൽ, നെയ്ത്തു യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ, വാർപ്പിങ് യൂണിറ്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കായി 'ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായം' എന്ന പദ്ധതിയിലൂടെ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക്ബോർഡ് ധനസഹായം നൽകുകയുണ്ടായി.
- പ്രത്യേക തൊഴിൽദാന പരിപാടി പ്രകാരം ജില്ലാ ഓഫീസുകൾക്ക് ഫണ്ട് കൈമാറ്റം ചെയ്തു. ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ സംരംഭകരെ തിരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുവരുന്നു.
- 'തേനീച്ച വളർത്തൽ വികസനം' പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ75 തേനീച്ച കർഷകർക്ക് പരിശീലനം നൽകാൻ തുക വിതരണം ചെയ്തു.

കഴിഞ്ഞു. ഖാദി ഗ്രാമ വ്യവസായ എയ്ഡഡ് സംഘങ്ങളുടെ ആളോഹരി ഉല്പാദനക്ഷമത ഖാദിഗ്രാമവ്യവസായവകുപ്പ് യൂണിറ്റുകളുടേതിനേക്കാൾ ഉയർന്നതാണെന്ന് കാണാൻ കഴിയും. ഖാദി ബോർഡിന്റെ 2015–16, 2016–17 വർഷങ്ങളിലെ ഉല്പാദനം, വിപണനം, കൂലി, തൊഴിൽ ദിനങ്ങളുടെ എണ്ണം എന്നിവയും ജില്ല തിരിച്ചുള്ള വില്പന കേന്ദ്രങ്ങളുടെ വിവരങ്ങളും **അനുബന്ധം 3.1.41 അനുബന്ധം 3.1.42** എന്നിവയിൽ നൽകിയിരിക്കുന്നു.

ഗ്രാമ, നഗര പ്രദേശങ്ങളിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടി (പി.എം.ഇ.ജി.പി.) ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ/സംരംഭകർ എന്നിവർക്ക് സംസ്ഥാന സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക് വിതരണം ചെയ്യുന്നതാണ്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിയുടെ ആനുകൂല്യം ലഭിക്കാത്ത ചെറുകിടസംരംഭകരെയും പരമ്പരാഗത തൊഴിലാളികളെയും ഉദ്ദേശിച്ച നടപ്പിലാക്കിയ പദ്ധതിയാണ് പ്രത്യേക തൊഴിൽദാന പരിപാടി (എസ്. ഇ.ജി.പി). 2016–17 –ൽ ഖാദി ബോർഡ് 'എന്റെ ഗ്രാമം' പദ്ധതിയായി ഇത് നടപ്പിലാക്കി. 2016–17 വർഷത്തെ ഈ പദ്ധതിയുടെ മൊത്തം ചെലവ് 556.0 ലക്ഷം രൂപയാണ്. ഇക്കാലയളവിൽ 737 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 245 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു.
സ്വയം തൊഴിൽ പദ്ധതി വഴി 2016–17 വർഷത്തെ നേട്ടങ്ങൾ ജില്ല തിരിച്ച്, **അനുബന്ധം 3.1.43** –ൽ ചേർത്തിരിക്കുന്നു.

സാങ്കേതികവിദ്യയും മൂല്യവർദ്ധനവും

ഖാദി തുണിത്തരങ്ങൾ ഉപയോഗിച്ചും റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ചുവരുന്നു. നിലവിലെ സ്ഥാപനങ്ങളുടെ ഉല്പാദനക്ഷമത കൂട്ടുന്നതിന് ഖാദി ബോർഡ് ഐ.ഐ.ടി മദ്രാസിന്റെ സഹായത്തോടെ പുതിയ സാങ്കേതികവിദ്യാ കൂട്ടിച്ചേർക്കൽ പരിപാടി ആരംഭിച്ചിട്ടുണ്ട്. 13–ാം പഞ്ചവത്സരപദ്ധതി കാലയളവിൽ 10,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഖാദി ബോർഡ് ലക്ഷ്യമിടുന്നത്.

2016-17 ലെ വിപണനം

ഖാദി ബോർഡിനു കീഴിൽ 209 വില്പനകേന്ദ്രങ്ങളുണ്ട്. ഇതിൽ ഖാദി ഗ്രാമ സൗഭാഗ്യ (42), ഖാദി സൗഭാഗ്യ (51), ഗ്രാമസൗഭാഗ്യ (ജി.എസ്.ഡിപ്പോ 116) എന്നിവ കൂടാതെ 3 മൊബൈൽ വാനുകളും പ്രവർത്തിക്കുന്നു. 2016 –ൽ ഖാദിബോർഡ് ഓണം മേള സംഘടിപ്പിച്ചു. ലക്ഷ്യമിട്ടിരുന്ന 27 കോടി രൂപയെ മറികടന്ന് 30.4 കോടിരൂപയുടെ വില്പന നടത്തുവാൻ 2016 ഓണം മേളയിലൂടെ സാധിച്ചു. 2016–17 ലെ സംസ്ഥാനതല ഓണം മേള തിരുവനന്തപുരത്ത് നടക്കുകയും അതിലൂടെ 36.5 കോടി രൂപയുടെ വിൽപ്പന നേടുകയും ചെയ്തു. 2016–17 ലെ ജില്ല തിരിച്ചുള്ള വിപണനം (2017 മാർച്ച് 31, വരെ) **അനുബന്ധം 3.1.44** –ൽ ചേർത്തിരിക്കുന്നു.

ഖാദിഗ്രാമവ്യവസായ വകുപ്പിലെ പരിമിതികളും ഭാവി തന്ത്രങ്ങളും

ഈ മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നതിന് പ്രധാനകാരണം മറ്റുമേഖലകളിലെ ആകർഷണീയ വരുമാനവും അവസരങ്ങളുമാണ്. വിറ്റഴിക്കാത്ത ഖാദി ഉല്പന്നങ്ങളുടെ അമിതശേഖരം, ബാങ്ക് വായ്പ നേടുന്നതിനുള്ള പ്രയാസം, പുതിയ വിപണന തന്ത്രങ്ങൾ സ്വീകരിക്കുന്നതിലുള്ള പോരായ്മ, ഉല്പന്നവൈവിദ്ധ്യ കുറവ്, ഉല്പന്നങ്ങളുടെ മോശം ഗുണനിലവാരം, ഉയർന്ന ഉല്പാദനചെലവ് എന്നിവയാണ് ഈ മേഖലയെ നിശ്ചലാവസ്ഥയ്ക്ക് കാരണമാക്കുന്ന മറ്റ് പ്രധാനതടസ്സങ്ങൾ. മാർക്കറ്റിംഗ് സൗകര്യങ്ങളും, ഗവേഷണ വികസന പരിപാടികളും മറ്റ് പിന്തുണാ സ്ഥാപനങ്ങൾവഴി വർദ്ധിപ്പിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രീ–പ്രോസസിങ് ഘട്ടത്തിലെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സംരംഭകത്വവും തൊഴിൽ സൃഷ്ടിയും പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

കയർ വ്യവസായം

ലോകത്ത് ഏറ്റവും കൂടുതൽ കയർ ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ ചകിരി ഉൽപ്പാദനം ലോക ഉൽപ്പാദനത്തിന്റെ 80 ശതമാനത്തിൽ അധികം വരും. ചൈന, യു.എസ്.എ, നെതർലാന്റ്, സൗത്ത് കൊറിയ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളുൾപ്പെടെ 116 രാജ്യങ്ങളിൽ കയറും കയറുത്പന്നങ്ങളും കയറ്റുമതി ചെയ്യുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലാണ് കേരളത്തിൽ കയർ വ്യവസായത്തിന് തുടക്കം കുറിച്ചത്. സംസ്ഥാനത്തിലെ ദൈർഘ്യമേറിയ തീരദേശങ്ങൾ, തടാകങ്ങൾ, കായലുകൾ എന്നിവ കയർ വ്യവസായത്തിന് അനുകൂലമായ ഘടകങ്ങളായി വർത്തിക്കുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, ഒറീസ്സ, പശ്ചിമബംഗാൾ, ആസ്സാം, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങളിൽ നാളികേരോത്പാദനം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കയർ വ്യവസായവും ഉയർന്നു വരുന്നുണ്ട്.

ഇന്ത്യയുടെ മൊത്തം കയർ ഉത്പാദനത്തിന്റെ ഭൂരിഭാഗവും കേരളത്തിൽ നിന്നാണ്. കയർ വ്യവസായം പ്രധാനമായും നാല് ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. അവ തൊണ്ട് കുതിർത്ത് ചകിരി നാര് വേർതിരിച്ചെടുക്കുന്ന മേഖല, പിരി മേഖല, ഉല്പാദന മേഖല, കയറ്റുമതി മേഖല എന്നിവയാണ്. ഈ കൃഷി അധിഷ്ഠിത ഗ്രാമ വ്യവസായം കേരളത്തിന്റെ തീരദേശങ്ങളിലുള്ള ഏകദേശം 2 ലക്ഷത്തോളം കുടുംബങ്ങളുടെ ജീവനോപാധിയാണ്.

ചില കണക്കുകളുടെഅടിസ്ഥാനത്തിൽ കേരളത്തിൽ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായി ഏകദേശം 3.75 ലക്ഷം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 80 ശതമാനത്തോളം സ്ത്രീകളാണ്. കയർ മേഖലയെ സഹകരണ മേഖല വളരെയധികം സ്വാധീനിക്കുന്നുണ്ട്. കയർ, യാൺ ഉല്പാദകർ, ഉല്പന്ന നിർമ്മാതാക്കൾ, കയറ്റുമതിക്കാർ എന്നിവരുടെയിടയിൽ സ്വകാര്യ മേഖലയിൽ നിന്നുള്ളവർക്ക് വളരെ വലിയൊരു പങ്കുണ്ട്.

കയർ വികസന ഡയറക്ടറേറ്റും കയർ മേഖലയിലെ മറ്റ് ഏജൻസികളും

കേരളത്തിലെ കയർ മേഖലയ്ക്കാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന ചുമതല കയർ വികസന ഡയറക്ടേറ്റിനാണ്. സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതും കയർ വികസന ഡയറക്ടേറ്റാണ്. കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ (കയർ ഫെഡ്), കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.സി), ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് (ഫോമിൽ), ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ. സി.ആർ.എം.ഐ), സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കയർ ബോർഡ് എന്നിവയാണ് കയർ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങൾ. കേരളത്തിലെ കയർ വ്യവസായത്തിന്റെ വികസനത്തിനും പ്രോത്സാഹനത്തിനുമായുള്ള കേന്ദ്ര ഗവൺമെന്റിന്റെ സഹായം കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കയർ ബോർഡ് വഴിയാണ് ലഭിക്കുന്നത്.

കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ (കയർഫെഡ്)

കേരളത്തിലെ കയർ വ്യവസായ മേഖലയിൽ വ്യാപിച്ചു കിടക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഏജൻസിയാണ് കയർഫെഡ്. അംഗങ്ങളായുള്ള സഹകരണ സംഘങ്ങളിൽ നിന്നും കയർ ഉത്പന്നങ്ങൾ ശേഖരിക്കുകയും വിപണനം ചെയ്യുകയുമാണ് കയർ ഫെഡിന്റെ പ്രധാന പ്രവർത്തനം. നിലവിൽ കയർ ഫെഡിന് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, റബ്ബർ അധിഷ്ഠിത കയർ മാറ്റുകൾ എന്നിങ്ങനെ രണ്ട് ഫാക്ടറികളുണ്ട്. കൂടാതെ നാല് ഡീഫൈബറിംഗ് യൂണിറ്റുകളുമുണ്ട്.

കയർ സഹകരണ സംഘങ്ങൾ

കയറുൽപ്പന്ന നിർമ്മാണത്തിനാവശ്യമായ തൊണ്ട്, ചകിരിനാര് ശേഖരണം, സംസ്കരണം, വിവിധങ്ങളായ കയറുൽപ്പന്നങ്ങളുടെ നിർമ്മാണം എന്നീ പ്രക്രിയകളിൽ, കയർ സഹകരണ സംഘങ്ങൾ സുപ്രധാന പങ്കു വഹിക്കുന്നു. 2017 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത കയർ സഹകരണ സംഘങ്ങളുടെ എണ്ണം 1001 ആണ്. കയർ ഡയറക്ടറേറ്റിന്റെ കണക്കനുസരിച്ച് 2016–17 ൽ 2015–16–ലേതിനേക്കാൾ 7 യൂണിറ്റുകളുടെ കുറവാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രവർത്തനോന്മുഖമായ സഹകരണ സംഘങ്ങളുടെ എണ്ണം 2015–16 വർഷത്തിൽ 544 ആയിരുന്നത് 2016–17 –ൽ 564 ആയി വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.1.45** –ൽ ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന കയർ കോർപ്പറേഷൻ (കെ.എസ്.സി.സി)

കേരളത്തിലെ കയർ വ്യവസായത്തിന്റെ വ്യവസ്ഥാപിതമായ പുരോഗതിക്കായി 1969 ലാണ് കേരള സംസ്ഥാന കയർ കോർപ്പറേഷൻ സ്ഥാപിക്കപ്പെട്ടത്. ചെറുകിട കയർ ഉൽപാദകർക്ക് ഉൽപാദന–വിപണന സൗകര്യങ്ങൾ സജ്ജീകരിക്കുന്നത് കയർ കോർപ്പറേഷനാണ്. കയർ പിരി ഉൽപ്പന്നങ്ങളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉല്പാദനവും കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. കയർ മേഖലയിൽ വില വ്യതിയാന സ്ഥിരതാ ഫണ്ട് (പി.പി.എസ്) പദ്ധതി നടപ്പിലാക്കുന്നത് കയർ കോർപ്പറേഷൻ മുഖേനയാണ്. ഈ പദ്ധതി അനുസരിച്ച് ചെറുകിട ഉല്പാദകരിൽ നിന്നുള്ള ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി കയർ കോർപ്പറേഷൻ ശേഖരിക്കുന്നു. കയർ കോർപ്പറേഷന്റെ കയറ്റുമതി മൂല്യം 2015–16 –ൽ 8.14 കോടി രൂപയായിരുന്നത് 2016–17 –ൽ 10.16 കോടി രൂപയായി വർദ്ധിച്ചു.

ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് (ഫോമിൽ)

മൂല്യ വർദ്ധിത കയർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 1979 –ൽ നിലവിൽ വന്ന സ്ഥാപനമാണ് ഫോമിൽ. സാങ്കേതിക വിദ്യ, യന്ത്രങ്ങൾ എന്നിവയുടെ ഉപയോഗത്തിനാണ് ഫോമിൽ പ്രധാന്യം നൽകുന്നത്. യന്ത്രത്തറി മേഖലയിലെ കയറ്റുമതിക്കാരെ സഹായിക്കുന്നതിനായി 2000 –ൽ ആധുനിക രീതിയിലുള്ള ഒരു ഡൈ ഹൗസും ആരംഭിച്ചിട്ടുണ്ട്. ഫോമില്ലിന്റെ കയറ്റുമതി മൂല്യം 2015–16 –ൽ 13.05 ലക്ഷം രൂപയായിരുന്നത് 2016–17 –ൽ 56.41 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ)

ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളും രൂപ കല്പനാധിഷ്ഠിത ഉത്പന്നങ്ങളും വികസിപ്പിച്ച്, 'ന്യായവിലയ്ക്ക് കയർ ഉത്പന്നങ്ങൾ ലഭ്യമാക്കുക' എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനം. ദേശീയവും അന്തർദേശീയവുമായ സമാന ഗവേഷണ സ്ഥാപനങ്ങളുമായുള്ള സഹ പ്രവർത്തനത്തിലൂടെ പുതിയ കയർ സാങ്കേതിക വിദ്യകളിൽ പഠനങ്ങളും എൻ.സി.ആർ.എം.ഐ നടത്തുന്നുണ്ട്.

കേന്ദ്ര കയർ ഗവേഷണ സ്ഥാപനം

കേന്ദ്ര കയർ ബോർഡിന്റെ പ്രധാനപ്പെട്ട ഒരു കയർ ഗവേഷണ സ്ഥാപനമാണ് ആലപ്പുഴയിലെ കലവൂരിലുള്ള കേന്ദ്ര കയർ ഗവേഷണ സ്ഥാപനം. 1959 –ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിന് ഭാരത സർക്കാരിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കയർ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് ഈ സ്ഥാപനമാണ് .

കേരള സംസ്ഥാന കയർ യന്ത്ര നിർമ്മാണ കമ്പനി ലി. (കെ.എസ്.സി.എം.എം.സി) ആലപ്പുഴ.

കേരളത്തിലെ കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ നൽകുക എന്ന ഉദ്ദേശത്തോടെ 2014 ഫെബ്രുവരിയിൽ ആലപ്പുഴയിൽ ആരംഭിച്ച സ്ഥാപനമാണ് കെ.എസ്.സി.എം.എം.സി. ഇലക്ട്രോണിക് റാട്ടുകൾ, ആട്ടോമേററഡ് സ്പിന്നിംഗ് യന്ത്രങ്ങൾ, ഡി-ഫൈബറിംഗ് യന്ത്രങ്ങൾ, വില്ലോവിംഗ് യന്ത്രങ്ങൾ, കയർമേഖലയ്ക്കാവശ്യമായ മറ്റനുബന്ധ യന്ത്രങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക വഴി കേരളത്തിലെ കയർമേഖലയുടെ വേഗത്തിലുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കുകയാണ് കെ.എസ്.സി.എം.എം.സി യുടെ ഉദ്ദേശലക്ഷ്യം.

കേരളത്തിലെ കയർ വ്യവസായം

പന്ത്രണ്ടാം പഞ്ചവത്സര കാലയളവിൽ (2012-17) കയർ മേഖലയുടെ പദ്ധതി വിഹിതവും പദ്ധതിചെലവും യഥാക്രമം 562.95 കോടി രൂപയും 448.6 കോടി രൂപയും (79.7 ശതമാനം) ആയിരുന്നു. 2017-18 വാർഷിക പദ്ധതി കാലയളവിൽ കയർ മേഖലയ്ക്കനുവദിച്ച പദ്ധതി വിഹിതം 128.1 കോടി രൂപയും 2017 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് പദ്ധതി ചെലവ് 14.1 കോടി രൂപ (10.9 ശതമാനം) യുമാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തും 2017-18 വാർഷിക പദ്ധതിക്കാലത്തും കയർമേഖലയിലെ പ്രധാന പദ്ധതികൾക്കനുവദിച്ച പദ്ധതി വിഹിതവും പദ്ധതി പദ്ധതി ച്ചെലവും **പട്ടിക 3.1.13** -ൽ കാണിച്ചിരിക്കുന്നു.

2016-17-ൽ കയർ വികസന ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെഅവലോകനം

1. **കയർ മേഖലയിലെ യന്ത്രവത്കരണവും പശ്ചാത്തലസൗകര്യവികസനവും**

കയർ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം, പുനരുദ്ധാരണം, വിവിധ തരത്തിലുള്ള പശ്ചാത്തല സൗകര്യ വികസനം എന്നിവ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. 2016-17 വർഷത്തിൽ ഈ പദ്ധതിയിലൂടെ 290 ആട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുകയും പലതരത്തിലുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

2. വിപണനം, പരസ്യ പ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധന സഹായം.

കയർ മേഖലയിലെ പലതരത്തിലുള്ള വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഈപദ്ധതിയുടെഭാഗമായി 2016-17 -ൽ കയർ കേരള 2016, ഓൺലൈൻ വിപണനപ്രോത്സാഹനം എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.

3. കയർ, ചകിരി, നാര് എന്നിവയുടെ വിലസ്ഥിരതയ്ക്ക് വേണ്ടിയുള്ള വില വ്യതിയാന സ്ഥിരത ഫണ്ട്

കയർ, ചകിരിനാര്, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. വില വ്യതിയാന സ്ഥിരതാഫണ്ടിന്റെ കീഴിൽ കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നിവയ്ക്ക് ചെലവായ തുകയുടെ നഷ്ടപരിഹാരം ധനസഹായമായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ കെ.എസ്.സി.സി, കയർഫെഡ് എന്നിവിടങ്ങളിൽ നിന്നും 1 ലക്ഷം ക്വിന്റൽ ചകിരിനാരും 100 കോടി രൂപ വില വരുന്ന കയർ ഉൽപ്പന്നങ്ങളും ശേഖരിച്ചിട്ടുണ്ട്.

4. **കയർ ഭൂവസ്ത്ര വികസന പരിപാടി**

കയർ ഭൂവസ്ത്രം ഉപയോഗിച്ചുകൊണ്ടുള്ള കയർ അധിഷ്ഠിത പുതിയ സാങ്കേതിക വിദ്യകളുടെ വ്യാപനമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കയർ

പട്ടിക 3.1.13
കയർമേഖലയിലെപ്രധാനപദ്ധതികളുടെസംസ്ഥാന പദ്ധതി വിഹിതവും പദ്ധതിച്ചെലവും (രൂപ കോടിയിൽ)

ക്രമ. നമ്പർ	പദ്ധതികൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			വാർഷിക പദ്ധതി 2017-18		
		പദ്ധതി വിഹിതം	പദ്ധതിച്ചെലവ്	ചെലവ് വിഹിതത്തിന്റെ ശതമാനത്തിൽ	പദ്ധതി വിഹിതം	പദ്ധതിച്ചെലവ്	ചെലവ് വിഹിതത്തിന്റെ ശതമാനത്തിൽ
1	കയർമേഖലയിലെ യന്ത്രവത്കരണവും പശ്ചാത്തലസൗകര്യ വികസനവും	325.4	162.7	50.0	45.0	1.3	2.8
2	വിപണനം, പരസ്യ പ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധന സഹായം	33.5	28.7	85.7	8.8	0.03	0.3
3	കയർ, ചകിരി, നാര് എന്നിവയുടെ വിലസ്ഥിരതയ്ക്ക് വേണ്ടിയുള്ള വില വ്യതിയാന സ്ഥിരത ഫണ്ട്	95.0	148.9	156.7	48.7	2.6	5.3
4	കയർ ഭൂവസ്ത്ര വികസന പരിപാടി	1.5	5.0	333.0	0.30	0.15	50.0
5	ഉല്പാദനവും വിപണന പ്രചോദനവും	20.0	23.9	119.5	5.5	5.4	98.2
6	കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില്പനയ്ക്കുള്ള വിപണി വികസന സഹായം	30.0	30.0	100.0	8.8	3.3	37.5

അവലംബം: 2012-13 മുതൽ 2016-17 വരെയുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ബഡ്ജറ്റ്, പ്ലാൻ സ്പേസ്

ഭൂവസ്ത്രത്തെ ഒരു സ്റ്റാന്റർഡ്നിർമ്മാണ ഉൽപ്പന്നമായി ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. 2016-17 ൽ എൻ.സി.ആർ.എം.ഐയ്ക്ക് ഗവേഷണസഹായം നൽകി. കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗവും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളും സംബന്ധിച്ച പ്രദർശനവും 2,000 തൊഴിലാളികൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

5. **ഉല്പാദനവും വിപണന പ്രചോദനവും**

കയർ-കയർ ഉല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനം, വിപണനം, കയറ്റുമതി എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2016-17 -ൽ ഈ പദ്ധതിയുടെ കീഴിൽ 524 കയർ സഹകരണ

സംഘങ്ങൾക്ക് ഉല്പാദന വിപണന പ്രചോദന സഹായം നല്കി.

6. **കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില്പനയ്ക്കുള്ള വിപണി വികസന സഹായം**
പുതിയ ഷോറൂമുകൾ, പ്രചാരണം നിലവിലുള്ള ഷോറൂമുകളുടെ പുനരുദ്ധാരണം, ഗോഡൗണുകൾ, വിപണിയെക്കുറിച്ചുള്ള പഠനം, വിപണന തന്ത്രങ്ങൾ രൂപീകരിക്കുക എന്നിവയുള്ളതാണ് ഈ പദ്ധതി. 2016–17 –ൽ ഈ പദ്ധതി പ്രകാരം 25 കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സൊസൈറ്റികൾക്കും കയർ കോർപ്പറേഷനും ഫോമില്ലിനും വിപണി വികസന സഹായം നൽകിയിട്ടുണ്ട്.

തൊണ്ട് ശേഖരണവും ചകിരിനാര് നിർമ്മാണവും

കേരളത്തിലെ കയർ സഹകരണ സംഘങ്ങൾ 2016–17 –ൽ 1.42 കോടി രൂപ ചെലവിൽ 1.13 കോടി എണ്ണം തൊണ്ടും 22.34 കോടി രൂപ ചെലവിൽ 11,745.08 ടൺ ചകിരി നാരും സംഭരിച്ചിട്ടുണ്ട്. 42.96 കോടി രൂപ മൂല്യത്തിന് ഏകദേശം 10,740.06 ടൺ കയർ ഉല്പാദിപ്പിച്ചിട്ടുണ്ട്. 2016–17ൽ 436 കയർ സഹകരണ സംഘങ്ങൾ കയർ ഇഴ നിർമ്മാണ മേഖലയിലും 93 എണ്ണം കയർ ഉല്പന്ന മേഖലയിലും പ്രവർത്തിക്കുന്നു. 2016–17–ൽ കയർ ഉല്പാദക മേഖലയിലും ഉല്പന്ന മേഖലയിലും നൽകിയിരിക്കുന്ന മൊത്തം കൂലി യഥാക്രമം 28.94 കോടി രൂപയും 7.53 കോടി രൂപയുമാണ്. ഇത് സംബന്ധിച്ച കഴിഞ്ഞ 6 വർഷത്തെ വിശദാംശങ്ങൾ **അനുബന്ധം 3.1.46** –ൽ കൊടുത്തിരിക്കുന്നു.

കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി

2015–16 സാമ്പത്തിക വർഷം, കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി മൂല്യവും അളവും 1,901.43 കോടി രൂപയും 752,020 MTയും ആയിരുന്നത് 2016–17ൽ 2,281.65 കോടി രൂപയും 957,045 MTയും ആയി വർദ്ധിച്ചിട്ടുണ്ട്. അതായത്, 27.3 ശതമാനം വർദ്ധനവ് അളവിലും 20 ശതമാനം മൂല്യത്തിലും രേഖപ്പെടുത്തിയതായി കണക്കാക്കുന്നു. കയർനാര്, കയർ റഗ്സ്, കയർ പിത്ത്, കയർ റോപ്പ്, കയർ യാൺ, കയർ ജിയോ ടെക്സ്റ്റൈൽസ്, കൈത്തറി മാറ്റിങ്ങ്സ്, യന്ത്രത്തറി മാറ്റിങ്ങ്സ്, റബ്ബറൈസ്ഡ് കയർ, തുടങ്ങിയവയാണ് 2016–17ൽ ഇന്ത്യയിൽ നിന്നുള്ള പ്രധാന കയർ കയറ്റുമതി ഉല്പന്നങ്ങൾ. കഴിഞ്ഞ 5 വർഷത്തെ കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയുള്ള കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.1.47** ലും **ചിത്രം 3.1.10** ലും കാണിച്ചിരിക്കുന്നു.

കേരളത്തിലെ കയർ പൊതുമേഖലാ

ചിത്രം 3.1.10
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കയർ, കയറുല്പന്ന കയറ്റുമതി 2012–13 മുതൽ 2016–17 വരെ



(അവലംബം: കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ)

ചിത്രം 3.1.11
കേരളത്തിലും ദേശീയതലത്തിലും ഉള്ള കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കയറ്റുമതി വളർച്ചാ നിരക്ക് (ശതമാനത്തിൽ)



(അവലംബം: കയർ ബോർഡ് സ്റ്റാറ്റിസ്റ്റിക്സ്, കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ)

ബോക്സ് 3.1.10
പന്ത്രണ്ടാം പഞ്ചവത്സരക്കാലത്ത് കേരളത്തിലെ കയർ വ്യവസായത്തിനുണ്ടായ നേട്ടങ്ങൾ

- കയർ സഹകണ സംഘങ്ങൾ വഴി തൊണ്ട് ശേഖരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞു.
- ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2015-16 ൽ 28,041 കയർ തൊഴിലാളികൾക്കും 2016-17 ൽ 23,045 കയർ തൊഴിലാളികൾക്കും ധനസഹായം നൽകി
- 13,900 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകി.
- ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോംപസിററ് ബോർഡ് ഫാക്ടറി സ്ഥാപിച്ചു.
- പി.വി.സി ടഫ്റ്റഡ് യൂണിറ്റിന്റെ ആധുനികവത്ക്കരണത്തിനും വിപുലീകരണത്തിനുമായി കയർഫെഡിന് ധനസഹായം അനുവദിച്ചു.
- കയർ സഹകരണ സംഘങ്ങളിൽ 68 ഡിഫൈബറിംഗ് യന്ത്രങ്ങൾ സ്ഥാപിച്ചു.
- NREGP ബന്ധപ്പെടുത്തി ജലസംരക്ഷണം, മണ്ണൊലിപ്പ് തടയൽ, റോഡു നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം ആരംഭിച്ചു.
- ആലപ്പുഴയിൽ കയർ സ്ക്കൂൾ ആരംഭിച്ചു.
- കയർ വികസന പ്രവർത്തനങ്ങളുടെ മേൽ നോട്ടത്തിനായി അപെക്സ് ബോഡി ഫോർ കയർ പുനഃസംഘടിപ്പിച്ചു.
- പ്രകൃതിദത്ത കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ പ്രചരണത്തിനായി ഓരോ വർഷവും "കയർ കേരള" സംഘടിപ്പിച്ചു.
- കയർഫെഡിന്റെ കയർ സംഭരണം 2016-17-ൽ 98,965.19 ക്വിന്റലായി ഉയർന്നു.
- കയർഫെഡിൽ നിന്നുമുള്ള കയറിന്റെ വിൽപ്പന 2016-17 -ൽ 84,569.96 ക്വിന്റലായി ഉയർന്നു.
- 2016-17 ൽ കയർ ഫെഡിന്റെ വിറ്റുവരവ് 63.96 കോടി രൂപയായി ഉയർന്നു.
- കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ വിറ്റുവരവ് 2006-07 ൽ 293 ലക്ഷമായിരുന്നത് 2016-17 -ൽ 10,500 ലക്ഷം രൂപയായി വർദ്ധിച്ചു.

സ്ഥാപനങ്ങളുടെ കയറിന്റേയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതി 2012–13 മുതൽ 2016–17 വരെ അനുകൂലമായ ഗതിയാണ് കാണിക്കുന്നത്. മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016–17 –ൽ 25 ശതമാനം കയറ്റുമതി വർദ്ധനവാണുള്ളത്. ദേശീയ തലത്തിൽ പല വർഷങ്ങളിലും വ്യതിയാനം കാണിക്കുന്നുണ്ടെങ്കിലും ഉല്പാദനത്തിലും കയറ്റുമതിയിലും അനുകൂലമായ ഗതിയാണ് കാണിക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കയറ്റുമതിയും ദേശീയ തലത്തിലുള്ള കയറ്റുമതിയും തമ്മിലുള്ള താരതമ്യം **ചിത്രം 3.1.11** –ൽ കാണിച്ചിരിക്കുന്നു.

കയർ മേഖലയ്ക്കായുള്ള കേന്ദ്ര പദ്ധതികൾ

മഹിള കയർ യോജന

കയർ വ്യവസായ മേഖലയിൽ ഗ്രാമീണ വനിതകൾക്ക് ചകിരി ഉല്പാദനമേഖലയിലും അനുബന്ധ മേഖലകളിലും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ നിലവിൽ വന്ന ആദ്യ പദ്ധതിയാണ് മഹിളാ കയർ യോജന. ഗ്രാമീണ മേഖലയിൽ ചകിരി പിരിക്കുന്നതിന് യന്ത്രവൽകൃത റാട്ടുകൾ ഉപയോഗിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ, ഗുണം, ഉല്പാദനക്ഷമത, മികച്ച ജോലി സാഹചര്യങ്ങൾ, തൊഴിലാളികൾക്ക് ഉയർന്ന വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത സൃഷ്ടിക്കപ്പെടുന്നു.

കയർ ഉദ്യമി യോജന

കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം, നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കൽ എന്നിവയിലൂടെ കയർ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണ് കയർ ഉദ്യമി യോജന. ഇതിലൂടെ സ്ത്രീകൾക്കും ഗ്രാമീണ മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അവസരം ഉണ്ടാക്കുന്നു.

കയർ വികാസ് യോജന

അസംസ്കൃത വസ്തുക്കളുടെ ഉയർന്ന ഉപയോഗം, ഗ്രാമീണ ജനങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ വൈദഗ്ധ്യവും തൊഴിലും വികസിപ്പിക്കുക, രാജ്യത്തിനകത്തും പുറത്തും കയർ ഉത്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുക മുതലായ പ്രവർത്തനങ്ങളിലൂടെ കയർ വ്യവസായത്തിന്റെ സുസ്ഥിരമായ വികാസമാണ് ഈ പദ്ധതി കൊണ്ടുദ്ദേശ്യിക്കുന്നത്.

ഉപസംഹാരം

കയർ പ്രകൃതിദത്ത നാര് ആയതിനാലും പ്രകൃതിയിലേക്ക് മടങ്ങുക എന്ന സമീപകാലത്തെ ആപ്തവാക്യവും കയർ വ്യവസായത്തെ ഭാവിയുടെ പ്രതീക്ഷയാക്കി തീർത്തിട്ടുണ്ട്. തൊണ്ട് ശേഖരണത്തിലെ കുറവ്, വർദ്ധിച്ച ഉത്പാദനച്ചെലവ്, ചകിരിനാരിന്റെ ദൗർലഭ്യം, പരമ്പരാഗതരീതിയിലുള്ള തൊണ്ട് തല്ലലും പിരിക്കലും മൂലമുണ്ടാകുന്ന മലിനീകരണം, കൃത്രിമനാരുകളിൽ നിന്നുള്ള മത്സരം, മറ്റ് മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം എന്നിവയാണ് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ. നവീനവും, ശാസ്ത്രീയവും, ചെലവ് കുറഞ്ഞതുമായ മാർഗ്ഗങ്ങളിലൂടെ ഈ പരിമിതികളെ മറികടക്കാവുന്നതാണ്.

കശുവണ്ടി വ്യവസായം

ലോക വ്യാപകമായി ഉപയോഗിക്കുന്നതും ഏറ്റവും പ്രിയങ്കരവും ഭക്ഷ്യയോഗ്യവുമായ കശുവണ്ടി പരിപ്പിന്റെ ഉല്പാദനത്തിൽ ഇന്ത്യ മൂന്നാംസ്ഥാനത്താണ്. *(അവലംബം (www.casheinfo.com/cashew-facts.html).* 2014 ലെ കണക്കുകൾ പ്രകാരം ഇന്ത്യയുടെ അസംസ്കൃത കശുവണ്ടി ഉത്പാദനം 737,000 മെട്രിക് ടൺ ആണ്. ഇത് ലോകത്ത് ആകെ ഉല്പാദിപ്പിച്ച 4,092,241 മെട്രിക് ടൺ കശുവണ്ടിയുടെ 18 ശതമാനമാണ്. ലോകത്ത് ഇന്ത്യ ഏറ്റവും കൂടുതൽ അസംസ്കൃത കശുവണ്ടി ഉൽപ്പാദകരായി തുടരുന്നു. ഐവറികോസ്റ്റ്, വിയറ്റ്നാം, ഗിനി–ബിസൗ, ബ്രസീൽ, ടാൻസാനിയ, മൊസാംബിക്, ഇന്ത്യാനേഷ്യ തുടങ്ങിയവയാണ് മറ്റ് പ്രധാന ഉത്പാദക രാജ്യങ്ങൾ. കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റിന്റെ (ഡി.സി.സി.ഡി) യുടെ കണക്കു പ്രകാരം 2015–16 കാലഘട്ടത്തിൽ 670,000 മെട്രിക് ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2016–17

പട്ടിക 3.1.14
തെരഞ്ഞെടുത്ത രാജ്യങ്ങളിലെ കശുവണ്ടി ഉല്പ്പാദനം, 2011–2014 (മെട്രിക് ടണ്ണിൽ)

രാജ്യങ്ങൾ	2011	2012	2013	2014
ഇന്ത്യ	692,000	674,000	728,000	737,000
ഐവറികോസ്റ്റ്	400,000	460,000	525,000	460,000
വിയറ്റ്നാം	300,002	264,810	252,000	425,000
ഗിനി–ബിസൗ	190,000	176,400	158,000	220,000
ടാൻസാനിയ	149,999	130,000	126,000	120,000

അവലംബം: കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, കൊല്ലം

ചിത്രം 3.1.12
ലോകത്തിലെ തെരെഞ്ഞെടുത്ത രാജ്യങ്ങളിലെ കശുവണ്ടി ഉല്പ്പാദനം (2014)



അവലംബം: കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, കൊല്ലം

–ൽ 779,335 മെട്രിക് ടൺ കശുവണ്ടിയാണ് ഉൽപ്പാദിപ്പിച്ചത്. ലോകത്തിലെ തെരഞ്ഞെടുത്ത രാജ്യങ്ങളിലെ കശുവണ്ടി ഉല്പ്പാദനത്തിന്റെ പങ്ക് **ചിത്രം 3.1.12** –ൽ കൊടുത്തിരിക്കുന്നു. 2011 മുതൽ 2014 വരെയുള്ള തെരഞ്ഞെടുത്ത രാജ്യങ്ങളിലെ കശുവണ്ടി ഉല്പാദനം **പട്ടിക 3.1.14** –ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യയിൽ കശുവണ്ടി സംസ്കരണത്തിന്റെ 50 ശതമാനവും അസംഘടിത മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഏകദേശം 1,800 ഇടത്തരവും 2,200 വലുതുമായിട്ടുള്ള കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര, പശ്ചിമ തീരപ്രദേശം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സ, (കിഴക്കൻ തീരപ്രദേശം), പശ്ചിമ ബംഗാൾ, ഛത്തിസ്ഗഢ്, ഗുജറാത്ത്, ജാർഖണ്ഡ് വടക്കു–കിഴക്കൻ സംസ്ഥാനങ്ങൾ എന്നീ പ്രദേശങ്ങളിലാണ് കശുമാവ് കൃഷി മുഖ്യമായും കണ്ടുവരുന്നത്. നിലവിൽ 7.8 ലക്ഷം മെട്രിക് ടൺ ഉല്പാദനവും 753 കിലോഗ്രാം/ ഹെക്ടർ ഉല്പ്പാദനക്ഷമതയോടും കൂടിയ 10.4 ലക്ഷം ഹെക്ടർ പ്രദേശത്താണ് കശുമാവ് കൃഷി ചെയ്തു വരുന്നത്. ഏകദേശം 16 ലക്ഷം ടൺ അസംസ്കൃത കശുവണ്ടി ആവശ്യമായി വരുന്നത് ഇടത്തരവും വൻകിടവുമായ ആകെ 1,800 മെട്രിക് ടൺ 2,200 സംസ്കരണ യൂണിറ്റുകളിൽ നിന്നാണ്. ഇവയിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ്. ബാക്കിയുള്ള 8.9 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ആഫ്രിക്കൻ തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. 2016–17 ലെ ഇന്ത്യയുടെ അസംസ്കൃത കശുവണ്ടി ഇറക്കുമതി 7.7 ലക്ഷം മെട്രിക് ടൺ ആയിരുന്നു.

(അവലംബം. DCCD, കൊച്ചി).

ഡി.ജി.സി.ഐ & എസ് കണക്കുകളനുസരിച്ച് *(അവലംബം: സിഇപിസിഐ, കൊല്ലം)*, 2015–16 വർഷകാലയളവിൽ 4,952.1 കോടി രൂപ മൂല്യമുള്ള 96,346 മെട്രിക് ടൺ കശുവണ്ടി പരിപ്പും 2016–17–ൽ 5,168.8 കോടി രൂപ മൂല്യമുള്ള 82,302 മെട്രിക് ടൺ കശുവണ്ടി പരിപ്പും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തിട്ടുണ്ട്. 2016–17 ലെ കയറ്റുമതി അളവിൽ 15 ശതമാനം കുറയുകയും മൂല്യം 4 ശതമാനം വർദ്ധിക്കുകയും ചെയ്തു. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിന്റെ പ്രധാന അന്താരാഷ്ട്ര വിപണി അമേരിക്ക, യൂണൈറ്റഡ് അറബ് എമിറേറ്റ്സ്, ജപ്പാൻ, സൗദി അറേബ്യ, നെതർലാൻഡ്, ഫ്രാൻസ്, കൊറിയ, ജർമ്മനി, ബെൽജിയം, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളാണ്. 2007–08 മുതൽ 2016–17 വരെ കശുവണ്ടി മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം **അനുബന്ധം 3.1.48** –ൽ ചേർത്തിരിക്കുന്നു.

പ്രധാന കശുവണ്ടി ഉത്പാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും മുന്നിൽ മഹാരാഷ്ട്ര സംസ്ഥാനമാണ്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള വിത്തിനങ്ങളുടെ ഉപയോഗം, മെച്ചപ്പെട്ട കൃഷി പരിപാലനം, വേണ്ടത്ര ജലസേചന സൗകര്യം എന്നിവയിലൂടെയാണ് മഹാരാഷ്ട്ര ഈ നേട്ടം കൈവരിച്ചത്. ഡി.സി.സി.ഡി കണക്കുകളനുസരിച്ച് 2016–17 –ൽ അസംസ്കൃത കശുവണ്ടി ഉൽപ്പാദനത്തിൽ കേരളം അഞ്ചാം സ്ഥാനത്താണ്. ഇന്ത്യയിലെ കശുമാവ് കൃഷിയുടെ വിസ്തീർണ്ണം, ഉല്പാദനക്ഷമത, ആഭ്യന്തര ഉൽപ്പാദനം ഇവ **അനുബന്ധം 3.1.49** – ൽ ചേർത്തിരിക്കുന്നു.

കേരളത്തിലെ കശുവണ്ടി വ്യവസായം

കേരളത്തിൽ കശുവണ്ടി വ്യവസായം മുഖ്യമായും കൊല്ലം ജില്ലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കൊല്ലത്തെ 'കശുവണ്ടി വ്യവസായ കേന്ദ്രം' എന്നാണ് കേന്ദ്ര സർക്കാർ വിശേഷിപ്പിച്ചിട്ടുള്ളത്. ധാരാളം തൊഴിൽ സാദ്ധ്യത നൽകുന്നതും ഏകദേശം 1.5 ലക്ഷത്തോളം പേർ പണിയെടുക്കുന്നതുമായ ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് അധികവും (90 ശതമാനത്തിനു മുകളിൽ). താഴ്ന്ന വരുമാനക്കാരായ അനേകം കുടുംബങ്ങളുടെ വരുമാന മാർഗം കൂടിയാണ് ഈ വ്യവസായം.

2016–17 –ൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്ത കശുവണ്ടിയുടെയും കശുവണ്ടിപ്പരിപ്പിന്റെയും മൊത്തം കയറ്റുമതി 38,054 മെട്രിക് ടൺ ആയിരുന്നു. ഇന്ത്യയിലെ ആഭ്യന്തര കശുവണ്ടി ഉൽപ്പാദനത്തിന്റെ 11 ശതമാനവും സംസ്കരണത്തിന്റെ 35 ശതമാനവും കേരളം കൈകാര്യം ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിലായി പ്രവർത്തിക്കുന്ന 800 ഫാക്ടറികളുടെ ആവശ്യത്തിന് 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി പ്രതിവർഷം ആവശ്യമാണ്. കൊച്ചിയിൽ ഡി.സി.സി.ഡി കണക്ക് പ്രകാരം, നിലവിൽ കേരളത്തിലെ കശുവണ്ടി മേഖല 90,870 ഹെക്ടറാണ്. ഉല്പ്പാദനം 83,980 മെട്രിക് ടണ്ണും, ഉല്പ്പാദന ക്ഷമത 962 കിലോ ഗ്രാം/ ഹെക്ടറും ആണ് (*അവലംബം-ഡി.സി.സി.ഡി കൊച്ചി*). സാമ്പത്തിക സ്ഥിതി വിവര ഡയറക്ടറേറ്റിന്റെ കണക്കു പ്രകാരം, കേരളത്തിലെ കശുവണ്ടി മേഖല 41,660 ഹെക്ടറും, ഉല്പാപാദനം 27,944 മെട്രിക് ടണ്ണും, ഉല്പാദനക്ഷമത 671 കിലോ ഗ്രാം ഹെക്ടറുമാണ്. ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് & കൊക്കോ ഡെവലപ്മെന്റ്, കൊച്ചി കശുവണ്ടിയുടെ യഥാർത്ഥ ഏര്യ കണ്ടെത്തുന്നതിനായി ഒരു അടിസ്ഥാന സർവ്വെ 1990 –ൽ നടത്തി. ഡേറ്റായുടെ അടിസ്ഥാനത്തിൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റുകളുടെ വികസനത്തിനായി പ്രദേശത്ത് കൈവരിച്ച നേട്ടങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ കശുവണ്ടിയുടെ മേഖലയിലേക്ക് ചേർത്തിട്ടുണ്ട്. സാമ്പിൾ സർവ്വെ അടിസ്ഥാനമാക്കിയുള്ള ഗവേഷണ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഉൽപ്പാദന ഡാറ്റാ ശേഖരിക്കുന്നത്. ഈ രണ്ട് ഡയറക്ടറേറ്റുകളിൽ നിന്നുള്ള വിവരങ്ങൾ കൂട്ടി യോജിപ്പിക്കേണ്ടതുണ്ട്.

അസംസ്കൃത കശുവണ്ടി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് 1990–കളുടെ തുടക്കത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്തായിരുന്നു. എന്നാൽ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഒഡീഷ, കർണ്ണാടകം എന്നിവയ്ക്ക് പിന്നിൽ അഞ്ചാം സ്ഥാനമാണ് ഇപ്പോൾ കേരളത്തിന്റെ സ്ഥാനം. 2010–11 മുതൽ 2016–17 വരെയുള്ള കാലഘട്ടത്തിൽ കശുമാവ് കൃഷിയുടെ വിസ്തൃതിയുടെയും ഉല്പ്പാദനത്തിന്റേയും വിശദാംശം **ചിത്രം 3.1.13** –ൽ ചിത്രീകരിച്ചിരിക്കുന്നു.

ചിത്രം 3.1.13
കേരളത്തിൽ കശുമാവുകൃഷിയുടെ വിസ്തൃതിയും കശുവണ്ടിയുടെ ഉൽപാദനവും (മെട്രിക് ടണ്ണിൽ)



അവലംബം: ഡയറക്ടറേറ്റ് ഓഫ് കാഷ്യനട്ട് ആന്റ് കൊക്കോ ഡെവലപ്മെന്റ്, കൊച്ചി
കാഷ്യൂ കയറ്റുമതി സെക്ഷൻ കൗൺസിൽ, കൊല്ലം

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കശുവണ്ടി വ്യവസായത്തിന് അനുവദിച്ച പദ്ധതിവിഹിതം 186.50 കോടി രൂപയും ചെലവ് 179.10 കോടി രൂപയുമാണ് (96 ശതമാനം).

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കശുവണ്ടി മേഖലയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം 281 കോടി രൂപയും ആകെ പദ്ധതി ചെലവ് 261.49 (93.06 ശതമാനം) കോടി രൂപയുമായിരുന്നു. സംസ്ഥാനത്തിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലും 2017-18 വാർഷിക പദ്ധതിയിലും കശുവണ്ടി വ്യവസായത്തിന് അനുവദിച്ച പദ്ധതി വിഹിതവും ചെലവും **പട്ടിക 3.1.15** -ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ കശുവണ്ടി സംസ്കരണ ഏജൻസികൾ

കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു പ്രധാന ഏജൻസികളാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷനും (കെ.എസ്.സി.ഡി.സി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി സഹകരണ

പട്ടിക 3.1.15
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലെ കശുവണ്ടി വ്യവസായത്തിന് അനുവദിച്ച പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

വകുപ്പുകൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			വാർഷിക പദ്ധതി (2017-18) പദ്ധതിവിഹിതവും ചെലവും % തിരിച്ച്		
	വിഹിതം	ചെലവ്	ചെലവ് %	വിഹിതം	ചെലവ് (09-10-2017 വരെ)	% ചെലവ് (09.10.2017 വരെയുള്ളത്)
കാപെക്സ്	6530	5529.9	84.7	225	200	88.8
കെ .എസ്.സി.ഡി.സി	19260	19060	98.9	4075	3000	73.6
കെ.എസ്.എ.സി.സി	2310	1560	67.5	650	0	0
ആകെ	28100	26149.9	93.06	4950	3200	64.6

അവലംബം: അക്കൗണ്ട്സ് & പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

ചിത്രം 3.1.14
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ കശുവണ്ടി മേഖലയുടെ വരവു ചെലവുകണക്കുകൾ



അവലംബം: അക്കൗണ്ട്സ് & പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

സംഘം (കാപെക്സ്). മറ്റ് ഏജൻസികളാണ് കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.ഡി.സി), കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ), ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആന്റ് കൊക്കോ ഡെവലപ്മെന്റ് എന്നിവ.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ (കെ.എസ്.സി.ഡി.സി)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 30 ഫാക്ടറികളും 11,000 തൊഴിലാളികളുമുണ്ട്. കോർപ്പറേഷൻ അസംസ്കൃത കശുവണ്ടി സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നു. 2015–16 –ൽ ശരാശരി 106 പ്രവർത്തിദിനങ്ങളേ നൽകുവാൻ കഴിഞ്ഞുള്ളൂ. 2016–17 –ൽ 75 പ്രവർത്തി ദിനങ്ങളാണ് ഉള്ളത്. 2015–16 –ൽ 1,126,992 പേർക്ക് തൊഴിൽ നൽകിയപ്പോൾ 2016–17 ൽ 807,675 പേർക്ക് തൊഴിൽ നൽകാൻ കോർപ്പറേഷന് സാധിച്ചു. കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 8,499 ലക്ഷം രൂപയാണ്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 3,866 ലക്ഷം (119.8 ശതമാനം) കൂടുതലായിരുന്നു. ഇന്ന് കോർപ്പറേഷൻ 1,944 ലക്ഷം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് മുൻവർഷത്തെ നഷ്ടമായ 2,388 ലക്ഷം രൂപയെ അപേക്ഷിച്ച് 18.59 ശതമാനം കുറവാണ്. കഴിഞ്ഞ 9 വർഷത്തെ കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി **അനുബന്ധം 3.1.50** –ൽ കൊടുത്തിരിക്കുന്നു. കശുവണ്ടി മേഖലയുടെ ആധുനിക വൽക്കരണവും ബ്രാൻഡ് ബിൽഡിംഗും, നിലവിലെ സംവിധാനങ്ങളുടെ ആധുനികവൽക്കരണവും മെച്ചപ്പെടുത്തലും എന്നിവയാണ് കെ.എസ്. സി.ഡി.സി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ.

പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തത, അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വില, ഉൽപാദനത്തെ അപേക്ഷിച്ച് ഉയർന്ന കൂലി നിരക്ക്, ആഭ്യന്തരമായും അന്തർദേശീയമായും ഈ വ്യവസായത്തിലുണ്ടായിട്ടുള്ള വമ്പിച്ച കിടമത്സരം എന്നിവയാണ് കെ.എസ്.സി.ഡി.സി നേരിടുന്ന ഇന്നത്തെ പ്രധാന വെല്ലുവിളികൾ.

കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് സഹകരണ സംഘം (കാപെക്സ്)

കശുവണ്ടി തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളുടെ ഉന്നത സ്ഥപനമാണ് കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി അപെക്സ് സഹകരണ സംഘം (കാപെക്സ്). കശുവണ്ടി മേഖലയെ വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, അസംസ്കൃത കശുവണ്ടി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുബന്ധ സംഘങ്ങൾക്ക് സഹായം നൽകുകയും ഫാക്ടറികളിലും മറ്റ് വിവിധ സംഘങ്ങളിലും ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിനും ഉല്പന്നങ്ങൾക്കും വേണ്ടത്ര ധനസഹായം ഉറപ്പാക്കുക എന്നിവയാണ് കാപെക്സിന്റെ പ്രധാന ലക്ഷ്യങ്ങൾ. കാപെക്സ് അതിന്റെ പ്രവർത്തനം ആരംഭിച്ചത് 1985 ന്റെ മധ്യത്തിലാണ്. കാപെക്സിന്റെ കീഴിൽ പത്ത് ഫാക്ടറികളും ഒരു പാക്കിങ് സെന്ററും പ്രവർത്തിക്കുന്നു.

2015–16 –ൽ 203 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തപ്പോൾ 2016–17 –ൽ 120 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാനേ കാപെക്സിന് കഴിഞ്ഞിട്ടുള്ളൂ. കപെക്സ് ബ്രാൻഡ് ഉത്പന്നങ്ങളുടെ വിതരണത്തിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 36 സജീവ വിതരണ കേന്ദ്രങ്ങളും കേരളത്തിന് പുറത്ത് മറ്റ് 6 കേന്ദ്രങ്ങളും, പ്രവർത്തിക്കുന്നു. 462,160 ആളുകൾക്ക് കാപെക്സ് തൊഴിൽ നൽകുന്നു. 2016–17 ലെ മൊത്തം വിറ്റു വരവ് 4,588 ലക്ഷം രൂപയാണ്. ഇത് മുൻ വർഷത്തെ വിറ്റ് വരവായ 7,371.5 ലക്ഷം രൂപയെ അപേക്ഷിച്ച് 37.76 ശതമാനം കുറവാണ്.

കാപെക്സ് ഫാക്ടറികളുടെ ആധുനികവത്കരണവും, ഭാഗീക യന്ത്രവല്കരണവും, ബ്രാൻഡ് ബിൽഡിംഗും ഇന്ത്യയിലും അന്താരാഷ്ട്ര കമ്പോളങ്ങളിലുമുള്ള ബോധവത്ക്കരണ നടപടികളുമാണ് കാപെക്സ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. കാപെക്സിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തന പുരോഗതി **അനുബന്ധം 3.1.51** –ൽ കൊടുത്തിരിക്കുന്നു.

നേട്ടങ്ങളും ഭാവിപരിപാടികളും

ആഗോളമായി, പൂർണ്ണയന്ത്രവത്ക്കരണം വലിയ രീതിയിൽ പ്രാബല്യത്തിലായിട്ടുണ്ട്. ആഗോളതലത്തിൽ കശുണ്ടിയുടെ കയറ്റുമതിയിൽ വിയറ്റ്നം ഇപ്പോൾ ഒന്നാം സ്ഥാനത്തേക്ക് വരികയും ഇന്ത്യ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുകയും ചെയ്തു. പരമ്പരാഗത രീതിയിലുള്ള സംസ്കരണത്തിന്റെ ഫലമായി ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിയുടെ നിലവാരവും രുചിയും മഹത്തരമായി കണക്കാക്കുന്നു. അതുകൊണ്ട്, കാപ്പെക്സ് ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ യന്ത്രവത്ക്കരണം വഴി ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാധ്യമായ എല്ലാ വഴികളും പരിശോധിക്കുന്നു. കാപ്പെക്സിന്റെ വിൽപ്പന, കയറ്റുമതി, അറ്റാദായംഎന്നിവ **പട്ടിക 3.1.16** –ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.1.16
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ കാപെക്സിന്റെ നേട്ടങ്ങൾ
(രൂപ ലക്ഷത്തിൽ)

വർഷം	ആഭ്യന്തര വില്പ്പന	കയറ്റുമതി വില്പ്പന	അറ്റാദായം
2012–2013	5,309.4	1,573.6	6,883
2013–2014	4,229.6	2,117.4	6,347
2014–2015	5,944.5	1,440.5	7,385
2015–2016	5,906.1	1,465.9	7,372
2016–2017	2,631.3	1,465.9	4,588
ആകെ	**24,020.9**	**8,079.2**	**32,575**

അവലംബം: കാപെക്സ്, കൊല്ലം

പ്രവർത്തന മൂലധനത്തിന്റെയും ബാങ്കിംഗം ധനസഹായത്തിന്റെയും കുറവ് കാപെക്സ് നേരിടുന്നു. ബാങ്ക് വായ്പ പരിമിതപ്പെടുത്തി, പൂർണ്ണമായും പദ്ധതി വിഹിതത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് കാപെക്സ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായിട്ടുള്ള പദ്ധതി വിഹിതത്തിന്റെ ലഭ്യത കുറവ് സീസണനുസരിച്ചുള്ള കശുവണ്ടിയുടെ കരുതലിനെ തടസ്സപ്പെടുത്തുന്നു. അസംസ്കൃത പരിപ്പ് സീസണനുസരിച്ചുള്ള കാർഷിക ഉല്പന്നമാണ്. ഇവ പ്രത്യേകിച്ചും സീസണനുസരിച്ച് വാങ്ങേണ്ടവയാണ്. ആഭ്യന്തരമായും അന്തർദ്ദേശിയമായും വിപണികളിൽനിന്നും ഉന്നത ഗുണമേന്മയുള്ള അസംസ്കൃത കശുവണ്ടി ലഭ്യമാക്കിയാലെ ഇതിന്റെ പ്രയോജനം കാപെക്സിനും അവിടത്തെ തൊഴിലാളികൾക്കും ലഭിക്കുകയുള്ളൂ. ഇത് സ്ഥാപനത്തിന്റെ നഷ്ടം കുറയ്ക്കുന്നതിന് സഹായിക്കും.

250 ദിവസത്തിൽ കൂടുതൽ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് കുറഞ്ഞത് 13,000 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ആവശ്യമാണ്. ആഭ്യന്തര വിപണിയിലൂടെയും ഇറക്കുമതി ചെയ്യുന്നതിലൂടെയും ചലനാത്മക സംഭരണ തന്ത്രങ്ങൾ വഴി അസംസ്കൃത കശുവണ്ടിയുടെ നിരന്തരമായ വിതരണം ഉറപ്പാക്കണം. തൊഴിലാളികൾക്ക് സ്ഥിരമയി തൊഴിൽ നൽകുന്നതിലൂടെ, വ്യവസായത്തിന്റെ പരമ്പരാഗത മേഖലകൾ പുനർജ്ജീവിപ്പിക്കും. ചില്ലറ കശുവണ്ടിയുടെ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട മാർജ്ജിനോടൊപ്പം കൂടുതൽ കയറ്റുമതി വിറ്റുവരവ് സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ കാപെക്സ് കാഷ്യൂ ന്റെ നില ഉയർത്തുകയും ആഗോള വിപണിയിൽ കാപെക്സിന് മെച്ചപ്പെട്ട മത്സരം, മികച്ച മാർജിൻ എന്നിവ ലഭിക്കും.

കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി)

സംസ്ഥാനത്തിന്റെ കുറഞ്ഞു വരുന്ന കശുവണ്ടി കൃഷിയുടെ വിസ്തൃതി വിപുലീകരിക്കുന്നതിനുദ്ദേശിച്ച് 2007 –ൽ കേരള സർക്കാർ കൊല്ലം ജില്ല ആസ്ഥാനമാക്കി രൂപം നല്കിയ ഏജൻസിയാണ് കേരള സംസ്ഥാന കശുവണ്ടി കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി). സംസ്ഥാനത്തെ കശുവണ്ടി ഉദ്പാദനം കുറഞ്ഞ സാഹചര്യം മറികടക്കുവാനാണ് ഈ സ്ഥാപനം നിലവിൽ വന്നത്. ഘട്ടംഘട്ടമായി ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ ഉല്പാദനം പ്രതിവർഷം 65,000 മെട്രിക് ടണ്ണിൽ നിന്ന് 1,50,000 മെട്രിക് ടൺ ആക്കുക എന്നതാണ് കെ.എസ്.എ.സി.സിയുടെ കാഴ്ചപ്പാട്. ഇതിന് ഉയർന്ന വിളവ് നല്കുന്ന കശുമാവ് കൃഷിയുടെ വ്യാപനം, സ്ഥിരതയോടുകൂടിയ അസംസ്കൃത കശുവണ്ടിയുടെ ലഭ്യത എന്നിവ ഈ വ്യവസായത്തിന്റെ പ്രവർത്തനത്തിന് അനിവാര്യമാണ്. 2008 മുതൽ കശുമാവ് കർഷകർക്കുംസംസ്ഥാനത്തെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഇതര സ്ഥാപനങ്ങൾക്കും അത്യുൽപാദനശേഷിയുള്ള തൈകൾ വിതരണം ചെയ്തും, കശുമാവ് കൃഷിക്ക് മതിയായ സാമ്പത്തിക സഹായങ്ങൾ നൽകിയും കശുമാവ് കൃഷി വിപുലീകരിക്കുന്നതിനുമുള്ള പ്രോത്സാഹന പരിപാടികൾ കെ.എസ്.എ.സി.സി നടപ്പിലാക്കി വരുന്നു. 2007–2008 ലാണ് ഏജൻസി "കൾട്ടിവേഷൻ ഓഫ് ഓർഗാനിക് കാഷ്യൂ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റാ നട്ട് ബാങ്ക്" എന്ന പദ്ധതി ആരംഭിച്ചത്. ഉന്നത സാങ്കേതികവിദ്യയുടെ സഹായത്തോടെ കശുവണ്ടി ആവശ്യം നേരിടുന്നതിനായി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉൽപാദനം നൽകുന്ന കശുമാവിൻ തൈ വിതരണം, സംസ്കരണം, മൂല്യവർദ്ധനവ്, സ്വയം സഹായ സംഘങ്ങൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ കശുമാവ് കൃഷിയിലും സംസ്കരണത്തിലും നേരിട്ടും അല്ലാതെയും ഉള്ള അധിക തൊഴിൽ സൃഷ്ടിക്കൽ, ഇറക്കുമതി കുറയ്ക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. 2008–2009 മുതൽ 2017–2018 വരെയുള്ള കാലഘട്ടത്തിൽ 33400 ഹെക്ടർ സ്ഥലത്ത് കൂടി കശുമാവിൻ കൃഷി തുടങ്ങി.

കശുമാവ് കൃഷി പ്രവർത്തനങ്ങളിൽ കേരളത്തിലെ എൻ.എച്ച്.എം (നാഷണൽ ഹോർട്ടികൾച്ചർ മിഷൻ) ന്റെ അംഗീകരിച്ച നോഡൽ ഏജൻസിയായി കെ.എസ്.എ.സി.സി പ്രവർത്തിക്കുന്നു. 2017 ആഗസ്റ്റ് 30 വരെ ഈ പദ്ധതിയിലൂടെ 80,000 എണ്ണം കശുമാവിൻ തൈകൾ (ഏകദേശം 400 ഹെക്ടർ) കർഷകർക്ക് വിതരണം ചെയ്തു.

കാഷ്യു എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ (സി.ഇ.പി.സി.ഐ)

കശുവണ്ടി പരിപ്പ്, കശുവണ്ടി തോടെണ്ണ എന്നിവയുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിന് ലാഭേച്ഛ കൂടാതെ കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കാഷ്യു എക്സ്പോർട്ട്പ്രമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ (സി.ഇ.പി.സി.ഐ). ഭാരത സർക്കാരിന്റെ ആസൂത്രണ പദ്ധതികളും കയറ്റുമതി നടത്തുന്ന അംഗങ്ങൾക്ക് വിവിധ സേവനങ്ങളും കൗൺസിൽ നടപ്പിലാക്കുന്നു. അന്തർദ്ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഒരു ലബോറട്ടറിയും സാങ്കേതിക വിഭാഗവും കൗൺസിൽ സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ, കേരള സർവകലാശാലകളുടെ അംഗീകാരമുള്ള ഡോക്ടറൽ റിസർച്ച് സെന്ററായി ഇത് പ്രവർത്തിക്കുന്നു. സി.ഇ.പി.സി ലാബിന്റെ സേവനം കശുവണ്ടി വ്യവസായത്തിന് മാത്രമല്ല, ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള എല്ലാ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും ലഭ്യമാണ്. ഈ ലബോറട്ടറി വിജയകരമായി ഒരു ലബോറട്ടറി നിലവാര സംവിധാനം സ്ഥാപിച്ചതും ISO–IEC ഗൈഡ് 25 ൽ വിശദീകരിച്ചിട്ടുള്ള മാനദണ്ഡപ്രകാരം, കേന്ദ്ര ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ടെസ്റ്റിംഗും കാലിബ്രേഷൻ ലബോറട്ടറികളും (എൻ.എ.ബി.എൽ) നാഷണൽ ബോർഡ് ഫോർ അക്രിഡിറ്റേഷനും അംഗീകരിച്ചിട്ടുണ്ട്.

കശുവണ്ടിവ്യവസായത്തിലെ പരിമിതികൾ

അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വിലയും, ഉയർന്ന വേതനവും, ഉൽപ്പന്നങ്ങളുടെ മതസരാധിഷ്ഠിതമായ വിപണികളും കേരളത്തിലെ കശുവണ്ടി വ്യവസായത്തെ ബാധിക്കുന്ന പ്രധാന പ്രതിസന്ധികളാണ്. ഇന്ത്യയിലും ലോകത്തിലേക്കും വച്ച് ശ്രേഷ്ഠമായ കേരളം, ഇപ്പോൾ കശുവണ്ടി കൃഷിയും കശുവണ്ടി പരിപ്പിന്റെ ഉൽപ്പാദനത്തിലും പുറകിലേക്ക് പോകുന്നു. മറ്റ് സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നിവ അസംസ്കൃത കശുവണ്ടി ഉല്പ്പാദനത്തിൽ മുൻപന്തിയിലേക്ക് വരുന്നു. ഈ സംസ്ഥാനങ്ങൾ മെക്കാനിക്കൽ പ്രോസ്സസിംഗ് വഴി വലിയ തോതിൽ കശുവണ്ടി സംസ്കരണത്തിലേക്ക് കടക്കുകയാണ്. അന്താരാഷ്ട്ര തലത്തിൽ, ആഫ്രിക്കൻ രാജ്യങ്ങൾ അസംസ്കൃത കശുവണ്ടി കയറ്റുമതിയിലും, കശുവണ്ടി പരിപ്പ് കയറ്റുമതിയിൽ വിയറ്റ്നാമും മുൻപന്തിയിലാണ്. പ്രധാന പ്രശ്നം, അസംസ്കൃത കശുവണ്ടി പരിപ്പിന്റെ കുറവും ഉയർന്ന വിലയുമാണ്. കേരളത്തിൽ അസംസ്കൃത കശുവണ്ടിപ്പരിപ്പ് കൃഷിയിറക്കുന്നതിന്റെ അഭാവം കയറ്റുമതി വ്യവസായത്തെ സാരമായി ബാധിക്കുന്നു.തൊഴിലാളികളുടെ വേതനം, ക്ഷേമം, സുരക്ഷ, ആരോഗ്യം, ജോലിസാഹചര്യം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ കൊടുക്കേണ്ടതുണ്ട്. അവശ്യ വിതരണ സംവിധാനത്തിലെ അന്തരം ലഘൂകരിക്കൽ, സംസ്കരണ കേന്ദ്രങ്ങളിലെ വർദ്ധിച്ച യന്ത്രവല്ക്കരണചെലവ്,

ബോക്സ് 3.1.11
കാഷ്യൂ ബോർഡ് ലിമിറ്റഡ് – ഒരു പുതിയ സംരംഭം

കേരള സംസ്ഥാന കശുവണ്ടി മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ നേരിടുന്നതിനായി കൊല്ലം ആസ്ഥാനമായി "കേരള കശുവണ്ടി ബോർഡ് ലിമിറ്റഡ്" എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ തുല്യത മാനദണ്ഡമനുസരിച്ച് 49 ശതമാനം സർക്കാരും ബാക്കി 51 ശതമാനം കെ.എസ്.സി.ഡി.സി യും, കാപെക്സും മറ്റു ഏജൻസികളും വ്യക്തികളും ഉൾപ്പെടുന്ന ഒരു പ്രത്യേക ഉദ്യേശയാനമെന്ന നിലയിൽ പ്രവർത്തിക്കുന്നു. കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.

എ) ഇന്ത്യക്ക് അകത്തും, പുറത്തു നിന്നും അസംസ്കൃത കശുവണ്ടി ഇറക്കുമതിയിലൂടെ സംഭരിക്കുകയും, സംസ്കരിച്ച് മൂല്യം തിട്ടപ്പെടുത്തി ആഭ്യന്തര, അന്താരാഷ്ട്രാ വിപണികളിൽ വിപണനം നടത്തുക

ബി) ആഭ്യന്തര കശുവണ്ടി ഉല്പ്പാദകർക്ക് ന്യായവിലയ്ക്ക് അസംസ്കൃത കശുവണ്ടി വിതരണം ചെയ്യുന്നു.

സി) ഭൂഉടമസ്ഥർ, ഉല്പ്പാദകർ, മറ്റ് സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്ക് ആഭ്യന്തര അസംസ്കൃത കശുവണ്ടി പരിപ്പ് ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയമായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ, എന്നിവയുടെ പരിഹാരം, സംസ്ഥാനത്തിന്റെ കശുവണ്ടി വ്യവസായത്തിന്റെ സുസ്ഥിരവികസനത്തിന് അത്യന്താപേക്ഷിതമാണ്.

വികസനലക്ഷ്യങ്ങൾ

വർദ്ധിച്ചുവരുന്ന കശുവണ്ടി ആവശ്യത്തെ മുന്നിൽ കണ്ട് സംസ്ഥാനത്ത് ഗവേഷണവികസനപരിപാടികൾ പുനരാരംഭിച്ച് കുറവുകൾ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംസ്ഥാനത്തെ കശുവണ്ടി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സഹായിക്കും. കശുവണ്ടിയുടെ ആവശ്യകത വർദ്ധിക്കുന്നതോടൊപ്പം കശുവണ്ടി വിളകൾക്കാവശ്യമായ പ്രദേശവും വർദ്ധിക്കുന്നു. എന്നാൽ ഈ പ്രവണത തടസ്സപ്പെട്ടു. നല്ല കൃഷിരീതികൾ, ഉയർന്ന വിളവിനങ്ങൾ, കീടപ്രതിരോധമായ വിളകൾ, മറ്റ് സാങ്കേതിക വിദ്യകൾ എന്നിവയിൽ ഗവേഷണ വികസനം നടത്തിയാൽ ഉല്പ്പാദനക്ഷമത ഗുണനിലവാരമുള്ള കശുവണ്ടി ഉല്പ്പാദിപ്പിക്കാൻ സാധിക്കും. കശുവണ്ടി സംസ്കരണ മേഖലയിലെ ഉല്പ്പാദനക്ഷമത, കൃഷിയുടെ രീതികൾ, വായ്പാ സംവിധാനങ്ങൾ, വെയർഹൗസിംഗ് സൗകര്യങ്ങൾ, ഭക്ഷ്യസുരക്ഷാ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സംസ്ഥാനങ്ങൾക്ക് ആവശ്യമാണ്. ഗവേഷണത്തിനും വികസനത്തിനും ഊന്നൽ നൽകൽ, കശുണ്ടി മേഖലയിലെ മറ്റ് പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും ഒരു സർവെയുടെ ആവശ്യമുണ്ട്. തൊഴിൽ, ന്യായമായ വേതനം, ഉല്പ്പാദനം ഇവയ്ക്ക് ഊന്നൽ നൽകൽ, കശുവണ്ടി ഉല്പ്പാദനം വർദ്ധിപ്പിക്കൽ, സംസ്കരണം എന്നിവയിൽ ഗവേഷണ വികസന പരിപാടികൾ, കാഷ്യൂ ആപ്പിൾ, ഹാന്റ് ക്രാഫ്റ്റ് കാഷ്യൂ എന്നിവയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, കാഷ്യൂ ആപ്പിൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ എന്നിവക്കാണ് പ്രധാന ഊന്നൽ നൽകിയിട്ടുള്ളത്. ആഭ്യന്തര, ഗ്ലോബൽ മാർക്കറ്റുകളിൽ കേരള കശുവണ്ടിക്ക് വൻതോതിൽ വില വർദ്ധിപ്പിക്കാൻ ഈ നടപടികൾ കൊണ്ട് സാധിക്കും.

വിവരസാങ്കേതിക വിദ്യ

ആധുനിക വ്യവസായങ്ങളുടെ വികസനത്തിന് മാത്രമല്ല, സംസ്ഥാനത്തിന്റെ പൊതുവായ ക്ഷേമത്തിനും ഡിജിറ്റൽ സാങ്കേതിക വിദ്യ അനിവാര്യമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവര വിനിമയ സാങ്കേതിക വിദ്യ. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ വിവരസാങ്കേതിക വിദ്യയുടെ തന്ത്രപ്രധാന പ്രാധാന്യം തിരിച്ചറിഞ്ഞ സർക്കാർ, സംസ്ഥാനത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി നടപടികൾ എടുത്തിട്ടുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യ പദ്ധതികൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരത പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിനും ഐ.റ്റി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തെ മുൻപന്തിയിൽ ആക്കുന്നതിന് ഈ നയങ്ങൾ സഹായിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിൽ ദേശീയ തലത്തിൽ 32 ദശലക്ഷം കണക്ഷനോടുകൂടി ഏറ്റവും കൂടുതൽ മൊബൈൽ പേനിട്രേഷനും, 20 ശതമാനം ഭവനങ്ങളിലും ബ്രോഡ്ബാന്റ് കണക്ഷനിലൂടെയും 15 ശതമാനം വീടുകളിൽ മൊബൈൽ വഴിയും ഇന്റർനെറ്റ് വ്യാപനം എത്തിനിൽക്കുന്നു. വിവര ശാക്തീകരണ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ മാറ്റുന്നതിൽ മുഖ്യ പങ്കുവഹിച്ച ഘടകങ്ങളാണിവ. ഇന്ത്യയുടെ പ്രധാന ഐ.റ്റി. കേന്ദ്രങ്ങളിലൊന്നാണ് കേരളം. സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകളിലെ ഐ.റ്റി., ഐ.റ്റി.ഇ.എസ് യൂണിറ്റുകളുടെ കയറ്റുമതിയിൽ

എട്ടാംസ്ഥാനം കേരളത്തിനുണ്ട്. ഇന്ത്യയിൽ വേഗത്തിൽ വളർന്നു വരുന്ന ഒരു ഡിജിറ്റൽ സംസ്ഥാനം കൂടിയാണ് കേരളം.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ വിവര സാങ്കേതിക മേഖല സുസ്ഥിരമായ വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈനംദിന ജീവിതത്തിൽ വിവര സാങ്കേതിക വിദ്യയുടെ വിവിധ തരത്തിലുള്ള അവസരങ്ങൾ തുറന്നിട്ടിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതൽ സ്വയം നിയന്ത്രിത വാഹനങ്ങൾ വരെയും ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള ബിസിനസ്സ് മോഡലുകളുമാണ് ഇവ. സമ്പദ്‌വ്യവസ്ഥയിലെ എല്ലാ മേഖലകളെയും ഐ.റ്റി മേഖല വിപ്ലവകരമാക്കി കൊണ്ടിരിക്കുന്നു. ഐറ്റി കേന്ദ്രമായി കേരളത്തെ മാറ്റുന്നതിനായി സമ്പദ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുന്ന മൂല്യവർദ്ധനയെ ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഐ.ടി. മേഖലകളിലെ വളർന്നു വരുന്ന മേഖലകളിൽ നിക്ഷേപം നടത്തുകയും സ്ഥാപിത ഐ.ടി./ഐ.ടി.ഇ.എസ്. പ്രവർത്തനങ്ങളിൽ മാത്രം ആശ്രയിക്കാതെ നില്ക്കുകയുമാണ് വേണ്ടത്. ഇന്ത്യൻ ഐ.ടി. മേഖലയിൽ ഫോക്കസ് മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും, ആഗോള ഐ.റ്റി മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യൻ ഐ.ടി. മേഖലയെന്ന നിലയിൽ, ഈ മാറ്റങ്ങളെ കേരളം ശ്രദ്ധിക്കേണ്ടതുണ്ട്. അതേ സമയം ജനങ്ങളുടെ ഡിജിറ്റൽ ശാക്തീകരണത്തിലും ഐ.ടി. അവബോധത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം തുടരുകയും കാലാകാലങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉചിതമായ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും നേരത്തെ ഉണ്ടാകുന്ന അറ്റകുറ്റപണികൾ ഒഴിവാക്കുന്നതിനും കഴിയുന്നു.

കേരളത്തിന്റെ സമഗ്രമായ വികസനത്തിൽ ഐ.സി.റ്റിക്കുള്ള നിർണായകമായ പ്രാധാന്യം കേരള സർക്കാർ തിരിച്ചറിയുകയും 2017 ലെ ഇൻഫർമേഷൻ ടെക്നോളജി പോളിസിയിൽ സർക്കാരിന്റെ ഈ പ്രതിബദ്ധത ഊന്നിപറയുകയും ചെയ്തു. 2020 ഓടുകൂടി കേരളജനതയെ ഒരു ഡിജിറ്റൽ സമൂഹമാക്കി മാറ്റുക എന്നുള്ളതാണ് കേരളസർക്കാർ വിഭാവന ചെയ്യുന്നത്. ഡിജിറ്റൽ പൗരത്വം, ഡിജിറ്റൽ ജീവിതരീതി, ഡിജിറ്റൽ കൊമേഴ്സ് എന്നീ മേഖലകളിൽ ഡിജിറ്റൽ ടെക്നോളജി ഉപയോഗിക്കുകയും സ്വാതന്ത്ര്യം, ഉൾപ്പെടുത്തൽ, സുതാര്യത, എല്ലാവരുടേയും സുരക്ഷ എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായതും സാങ്കേതികവിദ്യ പ്രവണതകൾ, പൌരൻമാർ, വ്യവസായ ആവശ്യങ്ങൾ എന്നിവയുമായി യോജിച്ച് പൗരൻമാർക്ക് സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണം എന്നിവയാണ് ഐ.റ്റി പോളിസി ലക്ഷ്യമിടുന്നത്.

ഡിജിറ്റൽ സൗകര്യങ്ങൾ ഉപയോഗിക്കുന്ന തിനായി കേരളത്തിന് ശക്തമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയുമുണ്ട്. ഐ.റ്റി മേഖലയിൽ വൻകിട നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും യുവസംരംഭകരെ സ്റ്റാർട്ട് അപ്പിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നമ്മൾ മുന്നോട്ട് പോകേണ്ടതുണ്ട്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്–കേരള (ഐ.ഐ.ഐ.റ്റി. എം.കെ), ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്) എന്നിവയാണ് സംസ്ഥാനത്ത് വിവര സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും നേട്ടമുണ്ടാക്കുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ, ഐ.റ്റി. വ്യവസായ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഒരു ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയാണ് വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോ പാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ ഹബ്ബുകളായും ബാക്കിയുള്ള ജില്ലകൾ സ്പോക്കുകളായും പ്രവർത്തിക്കുന്നു.

ഐ.റ്റി പശ്ചാത്തലസൌകര്യങ്ങൾക്കും

പട്ടിക 3.1.17
പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	ഏജൻസി	12-ാം പദ്ധതി (2012-17)		വാർഷിക പദ്ധതി 2016-17		വാർഷിക പദ്ധതി 2017-18
		ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	വിഹിതം
1	കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ (കെ.എസ്.ഐ.റ്റി.എം)	46465	22143.24	13058	6235.04	14748.00
2	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ)	7990	6454.12	2050	2050	5200.00
3	ഐ.സി. ഫോസ്	830		220	220	500.00
4	ടെക്നോപാർക്ക്	32146	64188.04	7600	9552.28	8400.00
5	ഇൻഫോപാർക്ക്	26461		6161	8689.43	6705.00
6	സൈബർപാർക്ക്	9037		2568	2510.57	2569.00
7	കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)	16485	6575.66	5780	1075.66	5560.00
8	ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള-പാലാ (ഐ.ഐ.ഐ.റ്റി.കെ-പാല)	500	5925.00	500	500	2250.00
9	സ്റ്റാർട്ടപ് മിഷൻ	22295	9320.90	10000	1977.71	7999.00
10	സി-ഡിറ്റ്					1000.00
	മറ്റുള്ളവ	103	1367.50	1		
	ആകെ	**162312**	**115974.46**	**47938**	**32810.68**	**54931.00**

അവലംബം: ബജറ്റ് എസ്റ്റിമേറ്റ്

ഐ.റ്റി.ഇ.എസ്, ഇ-ഗവണൻസ് പ്രവർത്തനങ്ങൾക്കുമായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് 1,623.12 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 1,159.74 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (71.5 ശതമാനം). 2017-18 വാർഷിക പദ്ധതിയിൽ, 549.31 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 13.76 ശതമാനം കൂടുതലാണ്. പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 3.1.17** -ൽ നൽകിയിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)

കേരള സ്റ്റേറ്റ് ഐ.ടി മിഷൻ,തിരുവിതാംകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റി ആണ്. വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണിത്.

വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മാനേജീരിയൽ, സാങ്കേതിക സഹായം ഈ സ്ഥാപനം നൽകുന്നു.

സർക്കാരിനും, വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, നിക്ഷേപകരുമായി സംവദിക്കുക, ഐ.റ്റി, ഐ.റ്റി അനുബന്ധ വ്യവസായ അടിത്തറ ശക്തിപ്പെടുത്തുക, സംസ്ഥാനത്ത് പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക, ഡിജിറ്റൽ വിടവ് നികത്തുക, ഇ-ഗവേണൻസ്, ഐ.റ്റി, ഐ.റ്റി.ഇ.എസ് മേഖലകളിൽ മനുഷ്യ വിഭവങ്ങൾ വികസിപ്പിക്കുക, നയപരകാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക എന്നിവയാണ് (കെ.എസ്.ഐ.റ്റി.എം) ന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ പ്രോത്സാഹന നയങ്ങളുടേയും പദ്ധതികളുടേയും ഫലമായി കേരളം ഡിജിറ്റൽ സംസ്ഥാനം എന്ന ലക്ഷ്യത്തിലേക്ക് ഉയർന്നു

ചില പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെപ്പറയുന്നു.

- 2016 ഫെബ്രുവരിയിൽ ബഹു. ഇന്ത്യൻ പ്രസിഡന്റ് കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചു.
- ഇടുക്കിയിൽ ഇന്ത്യയിലെ ആദ്യത്തെ ഹൈസ്പീഡ് ഗ്രാമീണ ബ്രോഡ്ബാന്റ് ശൃംഖല ഇന്ത്യാ ഗവൺമെന്റ് കമ്മീഷൻ ചെയ്തു.
- ഇന്ത്യയിൽ 3 കോടിയിൽ കൂടുതൽ ഇ-സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത

ബോക്സ് 3.1.12
കെ.എസ്.ഐ.റ്റി.എം. ന്റെ പ്രധാന പ്രവർത്തനങ്ങൾ

- ഇ-ഗവേണൻസിനായുള്ള കേന്ദ്രത്തിന്റെ നിർമ്മാണം
- കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (സേർട്ട് കേരള)
- സിറ്റിസൺ കാൾ സെന്റർ
- ഡിപ്പാർട്ട്മെന്റ് ഡബ്ല്യു എ.എൻ
- ഇ-ഡിസ്ട്രിക്ട്
- ഈ-ഗവൺമെന്റ് പ്രൊക്യുയർമെന്റ്(ഇ.ജി.പി.)
- വെർച്വൽ ഐ.റ്റി. കേഡറിന്റെ സ്ഥാപനം
- ഇ-ഓഫീസ്
- ഫ്രണ്ട്സ്
- ഇൻഫർമേഷൻ ആൻഡ് ഡാറ്റാ എക്സ്ചേഞ്ച് അഡ്വാൻസ്ഡ് സിസ്റ്റം (ഐഡിയാസ്)
- ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ മാനേജ്മെന്റ് സെൽ (ഐ.പി.എം.സി)
- ഐ.പി.വി. 4-ൽ നിന്നും ഐ.പി.വി. 6 ലേക്ക് മൈഗ്രേഷൻ
- കേരള ഈ-ഗവേണൻസ് അവാർഡുകൾ
- കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ)
- കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെസ്വാൻ)
- മൊബൈൽ ഗവേണൻസ്
- ഈ-ഗവേണൻസ് പദ്ധതികളിൽ പി.ജി. ഡിപ്ലോമ
- സെക്രട്ടേറിയറ്റിലെ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ
- സെക്രട്ടേറിയറ്റിലെ വൈഡ് ഏരിയ നെറ്റ് വർക്ക് (സെക് വാൻ)
- സർവ്വീസ് പ്ലസ്
- സ്റ്റേറ്റ് ഡാറ്റാ സെന്റർ-കോ ബാങ്ക് ടവർ
- വീഡിയോ കോൺഫറൻസിംഗ്
- ഡിജിറ്റൽ സാക്ഷരതാ പ്രോഗ്രാം
- പബ്ലിക് വൈ.ഫൈ. പ്രോജക്ട്
- എൻ.ഇ.ജി.എ.പി.

ആദ്യത്തെ സംസ്ഥാനം.

- ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖേന 100 ശതമാനം ഗ്രാമപഞ്ചായത്തുകളേയും ബന്ധിപ്പിച്ചു.
- സംസ്ഥാനത്ത് 2,600-ൽ അധികം അക്ഷയ സെന്ററുകൾ (പൊതു സേവന കേന്ദ്രങ്ങൾ) പ്രവർത്തിക്കുന്നു.
- ആധാറിൽ 3.44 കോടിയിൽ കൂടുതൽ ആളുകൾ എൻറോൾ ചെയ്തു.
- 100 ശതമാനം സിവിൽ രജിസ്ട്രേഷനുകളും സമയബന്ധിതമായി രജിസ്റ്റർ ചെയ്തു.
- ബാങ്കിംഗ് എളുപ്പത്തിൽ ഉപയോഗിക്കുന്നതിന് സംസ്ഥാനത്താകമാനം 9,000 -ൽ അധികം എ.റ്റി.എമ്മുകൾ.
- 99 ശതമാനം ടെലിഫോൺ സാന്ദ്രത - സ്മാർട്ട് ഫോണുകളുടെ ഉപയോഗത്തിൽ ത്വരിത വർദ്ധനവ്.
- 40.18 ശതമാനം ഉയർന്ന ഇന്റർനെറ്റ് വ്യാപ്തി
- സംസ്ഥാനത്ത് 30,000 കിലോമീറ്ററിലധികം ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചു.
- കഴിഞ്ഞ 3 വർഷങ്ങളായി ഏകജാലക സംവിധാനം വഴി 99,500-ൽ അധികം ഇ-ടെൻണ്ടറുകൾ നിർവ്വഹിച്ചു.
- കേരളത്തിലുടനീളം പൊതുസ്ഥലങ്ങളിൽ 2,000 സൗജന്യ വൈ.ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു.

കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ ഇ-ഗവേണൻസ് പ്രോഗ്രാമുകൾ

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്തവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് ഇന്ന് ഇ-ഗവേണൻസ്. ഇ-സാക്ഷരതാ പദ്ധതിയും, ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതിനുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. സെക്രട്ടേറിയറ്റിലെ 42 വകുപ്പുകളിൽ 39 വകുപ്പുകളിലും സെക്രട്ടേറിയറ്റിന് പുറത്ത് 22 വകുപ്പുകളിലും ഇത് നടപ്പാക്കി കഴിഞ്ഞു. കൂടാതെ, ജില്ലകളിലും ഡയറക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഐ.റ്റി. മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) രൂപകൽപന ചെയ്ത് വികസിപ്പിച്ച ഒരു സോഫ്റ്റ് വെയറാണ് സർവ്വീസ് പ്ലസ്. ഇതിന്റെ ഫ്ലക്സിബിളായ പ്രവർത്തനം അപേക്ഷാ ഫോമുകൾ ആവശ്യമായ രീതിയിൽ രൂപകല്പന ചെയ്യുന്നതിനും ഇ-സേവനങ്ങൾ വേഗത്തിൽ നടപ്പാക്കുന്നതിനും സഹായിക്കുന്നു.

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സെക്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ. സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കെസ്വാൻ ആണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്.ഐ.ഐ) നട്ടെല്ല്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ 3500 ഓഫീസുകളെ വയർലെസ്സിലൂടെയും മറ്റനവധി ലീസ്ഡ് ലൈൻ, ലാൻ എന്നിവയിലൂടെയും ഈ ശൃംഖല ബന്ധിപ്പിക്കുന്നു.

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ട് വരുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷനാണ് എം. കേരളം. നൂറോളം സേവനങ്ങളുമായി ഉടൻതന്നെ എം-കേരളം ആരംഭിക്കും.

53 സർക്കാർ വകുപ്പുകളും 220 പൊതുമേഖലാ സ്ഥാപനങ്ങളുടെയും/സ്വയംഭരണ സ്ഥാപനങ്ങളുടെയും/സർക്കാർ ഏജൻസികളും ഉപയോഗിക്കുന്ന ഒരു പൊതു പ്രൊക്യുയർമെന്റ് സംവിധാനമണ് ഇ-ഗവൺമെന്റ്

പ്രൊക്യുയർമെന്റ് (ഇ.ജി.പി). 1,764 ഓഫീസുകളെ (വിവിധ സർക്കാർ വകുപ്പുകളും മറ്റു സർക്കാർ സ്ഥാപനങ്ങളും) ഇ–പ്രൊക്യുയർമെന്റ് സംവിധാനത്തിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവനാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016–17 സാമ്പത്തിക വർഷത്തിൽ 16.31 ലക്ഷം ഇടപാടുകൾ നടത്തുകയും അതുവഴി 183.48 കോടി രൂപ സർക്കാരിന് വരുമാനം നേടിക്കൊടുക്കുകയും ചെയ്തു.

വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ അക്ഷയ 2002 നവംബർ 18–ന് ആരംഭിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലാണ് 'അക്ഷയ' പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഒരാൾക്കെങ്കിലും ഇ–സാക്ഷരത നൽകുക എന്നതായിരുന്നു. തുടക്കത്തിലെ ഉദ്ദേശ്യം. ക്രമേണ പൗരന്മാർക്ക് സേവനം നൽകുക എന്നതിലേക്ക് അക്ഷയ മാറി. നിലവിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 2,679 അക്ഷയ കേന്ദ്രങ്ങളിലായി 7,774 പേർ ജോലി ചെയ്യുന്നു. സംസ്ഥാനത്തുടനീളം 700–ൽപരം ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നു. വിവിധ ബാങ്കുകൾക്കായി ബാങ്കിംഗ് കിയോസ്ക്കുകളായി പ്രവർത്തിക്കുന്ന 1,700–ൽ അധികം അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്. അക്ഷയ കേന്ദ്രങ്ങളിലൂടെ യു.ഐ.ഡിയിൽ 5.5 മില്യൺ പൗരന്മാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്ഷയവഴിയുള്ള യു.ഐ.ഡി എൻറോൾമെന്റിൽ ദേശീയ ശരാശരിയായ 62 ശതമാനത്തിനേക്കാളും 92.7 ശതമാനം കേരളത്തിനുണ്ട്. യു.ഐ.ഡി എൻറോൾമെന്റിലെ ഒരു പ്രമുഖ ഏജൻസിയായ അക്ഷയ വഴിയാണ് കേരളത്തിലെ മൊത്തം യു.ഐ.ഡി. കളിൽ 75 ശതമാനവും എൻറോൾ ചെയ്തത്. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **അനുബന്ധം 3.1.52**–ൽ ചേർത്തിരിക്കുന്നു.

അവാർഡുകളും അംഗീകാരങ്ങളും

- സ്കോച്ച് അവാർഡ് 2016:– 2016–ലെ ദേശീയ സ്കോച്ച് അവാർഡ് കെ.എസ്.ഐ.റ്റി.എം. കരസ്ഥമാക്കി.
- പ്ലാറ്റിനം അവാർഡ് – കെ.എസ്.ഐ.റ്റി.എം–ന്റെ ഡിജിറ്റൽ എംപവർമെന്റ് കാമ്പയിൻ പദ്ധതി പ്ലാറ്റിനം അവാർഡ് കരസ്ഥമാക്കി.
- ഓർഡർ ഓഫ് മെറിറ്റ് അവാർഡ് – ഇ – വോട്ടർ മൊബൈൽ ആപ്ലിക്കേഷൻ, അക്ഷയ സിറ്റിസൺ സേവനങ്ങൾ, അക്ഷയ കിയോക്സ് ബാങ്കിംഗ് എന്നിവയ്ക്ക് ഓർഡർ ഓഫ് മെറിറ്റ് അവാർഡ്.
- ഐ.റ്റി. ഇന്നവേഷൻ അവാർഡ് 2016 – കെ.എസ്.ഐ.റ്റി.എം. രൂപ കല്പന ചെയ്ത ഇ–വോട്ടർ മൊബൈൽ ആപ്ലിക്കേഷന് നാസ്കോം – കേരള മാനേജ്മെന്റ് അസോസിയേഷന്റെ 2016 ഐ.റ്റി. ഇന്നവേഷൻ അവാർഡ്.
- ഇ–ഇന്ത്യ അവാർഡ് 2016:– സ്റ്റുഡൻസ് പോലീസ് കേഡറ്റ് വഴിയുള്ള ഡിജിറ്റൽ സാക്ഷരതയ്ക്ക്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് – കേരള (ഐ.ഐ.ഐ.റ്റി.എം–കെ)

ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് മേഖലകളിൽ ഒരു ഉന്നത സ്ഥാപനമെന്ന നിലയിൽ 2000–ൽ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് – കേരള. വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനും, സംരംഭകത്വവും സാമൂഹിക ഉത്തരവാദിത്വവുമുള്ള പ്രൊഫഷണലുകളെയും നേതൃശേഷിയുള്ളവരെയും വളർത്തിയെടുക്കുന്നതിനും ഈ സ്ഥാപനം പ്രാധാന്യം നൽകുന്നു. വിദ്യാഭ്യാസം, ഗവേഷണം, വികസനം, പ്രായോഗിക വിവര സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും പരിശീലനം എന്നിവയിലും ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.
എം.ഫിൽ, എം.എസ്സ്.സി.ബിരുദങ്ങൾ നൽകുന്നത് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയും (കുസാറ്റ്), ബിരുദാനന്തര ഡിപ്ലോമ നൽകുന്നത് കേരള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റുമാണ്. ബയോമെട്രിക് എംബഡഡ് സിസ്റ്റം സെക്യൂരിറ്റി ആൻഡ് ഇന്റർനെറ്റ് ഓഫ് എംബഡഡ് തിംഗ്സ്, സോഫ്റ്റ് വെയർ എഞ്ചിനിയറിംഗ് ആൻഡ് സോഫറ്റ് വെയർ പ്രോജക്ട് മാനേജ്മെന്റ്

ബോക്സ് 3.1.13
ഐ.ഐ.ഐ.റ്റി.എം.കെ. യുടെ അക്കാദമിക് പരിപാടികൾ

- മാസ്റ്റേഴ്സ് പ്രോഗ്രാം
- എം.ഫിൽ പ്രോഗ്രാം
- പി.എച്ച്.ഡി. പ്രോഗ്രാം
- ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാം

യൂണിറ്റ്, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സർവ്വീസ് എന്നിവയാണ് പൂർത്തിയാക്കിയ പ്രധാന പ്രോജക്ട്കൾ. യു.ജി.സി/എ.ഐ.സി.റ്റി.ഇ. മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ റസിഡൻഷ്യൽ അക്കാദമിക് ക്യാമ്പസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ടെക്നോപാർക്ക്

ടെക്നോപാർക്ക് എന്നപേരിലറിയപ്പെടുന്ന ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് കേരള സർക്കാരിന്റെ കീഴിൽ വരുന്ന ഒരു സ്വയം ഭരണസ്ഥാപനമാണ്. വിവര സാങ്കേതിക വിദ്യയുടെ വികസനത്തിന് ആവശ്യമായ എല്ലാ സഹായവും നൽകുകയും ആഗോള നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. 1995 നവംബർ 18-നാണ് ഈ സ്ഥാപനം ഔദ്യോഗികമായി രാഷ്ട്രത്തിന് സമർപ്പിച്ചത്. അന്നു മുതൽ ടെക്നോപാർക്ക് അതിന്റെ വലിപ്പത്തിലും ജീവനക്കാരുടെ എണ്ണത്തിലും വളർന്നുകൊണ്ടേയിരിക്കുന്നു. മൂന്നാം ഘട്ട വികസനത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി. പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും. ഇവിടെ 330 ഏക്കർഭൂമിയും 9.3 മില്യൺ ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയുമുണ്ട്. ടെക്നോപാർക്കിൽ 53,000 ഐ.റ്റി. ജീവനക്കാർക്ക് നേരിട്ടും 150,000 ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നു. കഴക്കൂട്ടത്ത് ടെക്നോസിറ്റി പ്രോജക്ട് വരുന്നതോടുകൂടി 424 ഏക്കർ വിസ്തൃതിയിൽ ഒരു ഏകീകൃത ഐ.റ്റി. ടൗൺഷിപ്പാകുകയും, കേരളത്തിലെ തന്നെ ആദ്യത്തെ ഐ.റ്റി. ഇടനാഴിയായി മാറുകയും ചെയ്യും. 2020 ഓടെ 56,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ

ബോക്സ് 3.1.14
സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

- ക്യാമ്പസിൽ നിന്നുള്ള വാർഷിക ഉത്പാദനം - 12,000 കോടി രൂപ
- ക്യാമ്പസിൽ നിന്നുള്ള വാർഷിക കയറ്റുമതി - 50,000 കോടി രൂപ
- ആകെ ജീവനക്കാർ-52,746
- കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ അധിഷ്ഠിത ക്യാമ്പസ്.
- നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും ദ്വിതീയ സേവനങ്ങളായ ചില്ലറവ്യാപാര, ഹോസ്പിറ്റാലിറ്റി, ഗതാഗത, സാമ്പത്തിക സേവനങ്ങളുടെ വളർച്ചയെ ഉത്തേജിപ്പിക്കുന്നു.
- 424 ഏക്കറിലായി ടെക്നോസിറ്റി പദ്ധതി വരുന്നതിലൂടെ കഴക്കൂട്ടം - കോവളം (എൻ.എച്ച് 66) കേരളത്തിലെ ആദ്യത്തെ ഐ.റ്റി ഇടനാഴിയാകും.
- മൂന്നാംഘട്ടം കമ്മീഷൻ ചെയ്യുന്നതോടുകൂടി, ഇന്ത്യയിലെ ഏറ്റവും വലിയ ഐ.റ്റി പാർക്കുകളിൽ ഒന്നായി ടെക്നോപാർക്ക് മാറും.

അവലംബം: ടെക്നോപാർക്ക്

ടെക്നോപാർക്ക് ലക്ഷ്യമിടുന്നു. 760 ഏക്കറിലായി വികസനത്തിന്റെ വിവിധ തലത്തിലുള്ള 5 കാമ്പസുകൾ ടെക്നോപാർക്കിനുണ്ട്. ടെക്നോപാർക്കിന്റെ ഭൗതിക നേട്ടങ്ങളും വളർച്ചയും **അനുബന്ധം 3.1.53, 54** –ൽ നൽകിയിരിക്കുന്നു.

ടെക്നോപാർക്കിനുള്ള ഭൂവിസ്തൃതി

ടെക്നോപാർക്കിനുള്ള ആകെ ഭൂവിസ്തൃതി 760 ഏക്കറാണ്. 5 കാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഘട്ടം I & II	– 239.54 ഏക്കർ
ഘട്ടം III	– 90.00 ഏക്കർ
ടെക്നോസിറ്റി	– 424.00 എക്കർ

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏരിയയുടെ വളർച്ച

ടെക്നോപാർക്കിന്റെ ഭൂവിസ്തൃതി 2015–16 ൽ 72 ലക്ഷം ചതുരശ്ര അടിയിൽ നിന്നും 2016–17 ൽ 93 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. ടെക്നോപാർക്കിലെ ബിൽറ്റ്അപ് ഏരിയയുടെ വളർച്ച **ചിത്രം 3.1.15**– ൽ കാണിച്ചിരിക്കുന്നു.

ടെക്നോപാർക്കിലെ കമ്പനികൾ

12–ാംപദ്ധതിയുടെ ആദ്യത്തെ 4 വർഷം കൊണ്ട് ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2012–13 ൽ ടെക്നോപാർക്കിൽ 285 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2015–16 ൽ ഇത് 390 ആയിരുന്നത് 2016–17 ൽ 370 ആയി കുറയുകയും ചെയ്തു. ആഗസ്റ്റ് 31, 2017 വരെ ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം 370 ആയി തുടരുന്നു. 2012–13 മുതൽ 2016–17 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 3.1.16** – ൽ ചേർത്തിരിക്കുന്നു.

ടെക്നോപാർക്കിൽനിന്നുള്ള കയറ്റുമതിയുടെ വളർച്ച

ടെക്നോപാർക്കിൽനിന്നുള്ളകയറ്റുമതി 2012–13 ൽ 3,493 കോടിയായിരുന്നത് 2015–16 ആയപ്പോൾ 6250 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ 2016–17 ൽ ഇത് 5,000 കോടി രൂപയായി കുറഞ്ഞു. അമേരിക്കയിലെ തെരഞ്ഞെടുപ്പു ഫലവും അതിനെത്തുടർന്നുണ്ടായ അമേരിക്കയുടെ നയ വ്യതിയാനങ്ങളും വലിയ

ചിത്രം 3.1.15
ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് ഏര്യയുടെ വളർച്ച



അവലംബം:ടെക്നോപാർക്ക്

ചിത്രം 3.1.16
ടെക്നോപാർക്കിലെ കമ്പനികളുടെ വളർച്ച



അവലംബം: ടെക്നോപാർക്ക്

ചിത്രം 3.1.17
ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി



അവലംബം:ടെക്നോപാർക്ക്

ഒരളവിൽ ഇന്ത്യയിൽ നിന്നുള്ള സോഫ്റ്റ് വെയർ കയറ്റുമതിയെ ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷമായി ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വിവരം **ചിത്രം 3.1.17** – ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്

ടെക്നോപാർക്കിന്റെ വളർച്ച ആ സ്ഥാപനത്തിലുണ്ടായ അവസാന അഞ്ച് വർഷത്തെ തൊഴിലിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാവുന്നതാണ്. 2012–13 –ൽ തൊഴിലവസരങ്ങൾ 40,521 ആയിരുന്നത് 2016–17 (ആഗസ്റ്റ് 31, 2017) ആയപ്പോഴേക്കും 52,746 ആയി വർദ്ധിച്ചു.

കഴിഞ്ഞ 5 വർഷത്തെ തൊഴിലവസരങ്ങ–ളിലുണ്ടായ വർദ്ധന **ചിത്രം 3.1.18**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 3.1.18
ടെക്നോപാർക്കിലെ തൊഴിലവസരങ്ങളുടെ വർദ്ധന



അവലംബം:ടെക്നോപാർക്ക്

ടെക്നോസിറ്റി

ടെക്നോപാർക്ക്, 424 ഏക്കർ ഭൂമി, പള്ളിപ്പുറത്ത് ടെക്നോസിറ്റി പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തിട്ടുണ്ട്. ടെക്നോപാർക്കിന് ടി.സി.എസ്, ഇൻഫോസിസ്, സൺടെക്, കെ.എ.എസ്.ഇ,ഐ.ഐ.ഐ.ടി.എം.കെ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ഇൻഫോപാർക്ക്

കേരളത്തിലെ രണ്ടാമത്തെ വലിയ ഐ.റ്റി ഹബ്ബാണ് കൊച്ചിയിലുള്ള ഇൻഫോപാർക്ക്. ഇതിന്റെ സ്പോക്കുകൾ ചേർത്തലയിലും തൃശ്ശൂരിലുമാണ്. ഐ.ടി./ഐ.ടി.ഇ. എസ് കമ്പനികൾക്ക് ആവശ്യമായ വൈദ്യുതി, ജല വിതരണം, കണക്ടിവിറ്റി, തുടങ്ങിയ സ്റ്റേറ്റ് ഓഫ് ആർട്ട് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. നിലവിൽ ഇൻഫോപാർക്കിന്, കൊച്ചി – ഒന്നാം ഘട്ടത്തിലായി 102.82 ഏക്കർ സ്ഥലത്തും, രണ്ടാം ഘട്ടത്തിലായി 160 ഏക്കർ സ്ഥലത്തുമായി ഐ.റ്റി പാർക്കുകളുണ്ട്. കൊരട്ടിയിൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ ഇൻഫോപാർക്ക് 30 ഏക്കറിലും ചേർത്തല ഇൻഫോപാർക്ക് 66 ഏക്കറിലുമായി സ്ഥിതിചെയ്യുന്നു.

ഇൻഫോപാർക്കും അതിന്റെ വികസന പങ്കാളികൾ ചേർന്ന് (2004–ൽ ആരംഭിച്ചതു മുതൽ) 66 ലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ് സ്ഥലം സൃഷ്ടിക്കുകയും 298 ഐ.ടി കമ്പനികളിലൂടെ 33,116 ലധികം ഐ.ടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകിയിട്ടുമുണ്ട്. ഇൻഫോപാർക്ക് ടി.ബി.സി. –ൽ 25,845 ചതുരശ്ര അടി വിസ്തീർണമുള്ള കലൂർ അന്തരാഷ്ട്ര സ്റ്റേഡിയത്തിലെ ഭാഗികമായ ഫിറ്റഡ് സ്ഥലം, 2013 വർഷത്തിൽ കെ.എസ്.ഐ.ടി. എം –ൽ നിന്ന് ഏറ്റെടുത്തു. ആവശ്യമായ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നവീകരണവും ഇൻഫോപാർക്ക് നടത്തി, ഇപ്പോൾ ഈ സൌകര്യം സ്റ്റാർട്ട് അപ് കമ്പനികൾക്കുള്ള ഓഫീസുകൾക്കായി നൽകുന്നു. ഇൻഫോപാർക്ക് റ്റി.ബി.സിയിൽ ഏകദേശം 400 ആളുകൾ ജോലിചെയ്യുന്നു. ഇൻഫോപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.1.55** –ൽ ചേർത്തിരിക്കുന്നു.

സൈബർ പാർക്ക്

കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള ഐ.റ്റി. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക് എന്നിവയുടെ ഹബ് സ്പോക്ക് മാതൃകയിൽ ആരംഭിച്ചതാണ് സൈബർ പാർക്ക്.

കോഴിക്കോട്ടെ സൈബർ പാർക്ക് ഹബ്ബായും കണ്ണൂരും കാസർഗോഡും ഉള്ള പാർക്കുകൾ സ്പോക്കുകളായും സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിലെ ഐ.റ്റി. പശ്ചാത്തല സൗകര്യവികസനത്തിനായി പ്രവർത്തിക്കുന്നു. സൗഹൃദവും, ചെലവ് കുറഞ്ഞതും, എന്നാൽ ഉയർന്ന ഗുണനിലവാരത്തിലുള്ളതുമായി അടിസ്ഥാന സൗകര്യങ്ങൾ ഐ.റ്റി./ഐ.റ്റി.ഇ.എസ്സ്. നിക്ഷേപകർക്ക് ലഭ്യമാക്കുക എന്നതാണ് സൈബർ പാർക്കിന്റെ ലക്ഷ്യം. അതുവഴി സോഫ്റ്റ് വെയറുകളുടെയും സോഫ്റ്റ് വെയർ സേവനങ്ങളുടെയും കയറ്റുമതി ത്വരിതപ്പെടുത്തുന്നതിനും തദ്വാര മലബാർ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

സൈബർ പാർക്കിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

- 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ആദ്യത്തെ ഐ.റ്റി കെട്ടിടം പൂർത്തിയാക്കി.
- സി.എഫ്.സി.യിലെ ലീസിന് നൽകിയ ഐ.റ്റി സ്ഥലത്ത് ഇക്കാലയളവിൽ പ്രവർത്തനം ആരംഭിച്ചു.
- പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കയറ്റുമതി വരുമാനം 5 കോടി രൂപയായി.
- മൊത്തം 150 ഓളം തൊഴിൽ ഈ കാലയവിൽ സൃഷ്ടിച്ചു.
- ഭൂമി ഏറ്റെടുക്കുകയും വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.
- അടിസ്ഥാന പശ്ചാത്തല സൌകര്യ പ്രവൃത്തികൾ പൂർത്തീകരിച്ചു.
  - 50000 ലിറ്റർ വാട്ടർ ടാങ്കും വാട്ടർ ലൈനുകളും കമ്മീഷൻ ചെയ്തു.
- മൊത്തം പാർക്കിലെ വൈദ്യുതി ആവശ്യകതകൾ നിറവേറ്റുന്നതിനായി 200 കെ.വി.എ. എച്ച്.റ്റി. സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
- 11,000 ചതുരശ്ര അടി സി.എഫ് സിപാർക്ക് സെന്റർ പൂർത്തീകരിക്കുകയും 4 ഐ.ടി യൂണിറ്റുകൾ ഇവിടെ ആരംഭിക്കുകയും 80 പേർക്ക് തൊഴിലവസരങ്ങൾ നൽകുകയും 3.5 കോടിയുടെ കയറ്റുമതിയും നടത്തി.

സൈബർ പാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.1.56** –ൽ ചേർത്തിരിക്കുന്നു.

കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)

1956–ലെ കമ്പനീസ് ആക്ട് അനുസരിച്ച് രൂപീകരിച്ച പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) സർക്കാരിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഭൂമി പാട്ടത്തിന് നൽകുകയോ പ്രായോഗികമായ സാമ്പത്തിക മാതൃകകളിലൂടെ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐ.റ്റി. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് കമ്പനി ചെയ്യുന്നത്.

ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റുമതിൽ, സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി, വ്യക്തികൾക്ക് ഐ.റ്റി. (സെസ്) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക.

കോഴിക്കോട് ഐ.റ്റി. പാർക്ക്. കണ്ണൂർ ഐ.റ്റി. പാർക്ക്. കാസർഗോഡ് ഐ.റ്റി പാർക്ക്, കൊല്ലം ഐ.റ്റി. പാർക്ക്, കൊരട്ടി ഐ.റ്റി. പാർക്ക്, ചേർത്തല ഐ.റ്റി. പാർക്ക്, അമ്പലപ്പുഴ ഐ.റ്റി. പാർക്ക്, ഇൻഫോസിറ്റി പാലാ, ഐ.ഐ..ഐ.റ്റി. കെ, ടെക്നോ ലോഡ്ജസ് എന്നിവയാണ് കെ.എസ്.ഐ.റ്റി.ഐ.എൽ നടപ്പിലാക്കുന്ന നിലവിലുള്ള പ്രധാന പദ്ധതികൾ.

ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും ഫ്രീനോളഡ്ജും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നോഡൽ ഏജൻസിയാണ് ഐസിഫോസ്. ഐസിഫോസിന്റെ പ്രധാന പരിപാടികൾ **ബോക്സ്** 3.1.15 –ൽ ചേർത്തിരിക്കുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സംരംഭകത്വ വികസനം, ഇൻകുബേഷൻ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.). ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ ആയി അറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ അക്കാദമിക് ബിസിനസ്സ് ഇൻകുബേറ്ററാണ്. 2007 ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥി-കളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും, വികസിപ്പിക്കുന്നതിനും, കേരളത്തിന്റെ പരമ്പരാഗത മേഖലകളിൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യുക, കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ വിപണി കണ്ടെത്തുക, വൈജ്ഞാനിക, ഗവേഷണ വികസന സ്ഥാപനങ്ങളുമായും, വ്യവസായിക സാമ്പത്തിക സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേഗത്തിൽ വാണിജ്യവൽക്കരിക്കുന്നതിനും ഒരു വേദി സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

ബോക്സ് 3.1.15
ഐസിഫോസിന്റെ പ്രധാന പ്രവർത്തനങ്ങൾ

- ഫോസ് സംരംഭങ്ങളുടെ സ്റ്റാർട്ട് അപ്പ് ആക്സിലറേഷൻ
- ഇ-ഗവേണൻസും മറ്റ് ഫോസ് പഠനങ്ങളും
- അക്കൗണ്ടിങ്ങും മറ്റ് യൂട്ടിലിറ്റി സോഫ്റ്റ് വെയറുകളുടെ പ്രാദേശിക വൽക്കരണവും
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വിവര സാങ്കേതിക വിദ്യ സഹായം നൽകുക
- സാങ്കേതിക വർക്ക്ഷോപ്പുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക
- ഫോസ് സർട്ടിഫിക്കേഷൻ
- എഞ്ചിനീയറിംഗ്/സാങ്കേതിക വിഭാഗം വിദ്യാർത്ഥികളുടെ ശേഷി വർദ്ധിപ്പിക്കലും നൈപുണ്യ വികസനവും
- മലയാളം കമ്പ്യൂട്ടിംഗ്
- ഗവേഷണ പരിപാടികൾ

അവലംബം: ഐസിഫോസ്

കേരളത്തിലെ യുവജനങ്ങളിൽ സംരംഭകത്വം വളർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ യുവജന സംരംഭകത്വ വികസന പരിപാടി ആരംഭിച്ചിട്ടുണ്ട്. റാസ്ബറി പൈ പ്രോഗ്രാം, സ്റ്റാർട്ട് അപ് ബോക്സ് ക്യാംപയിൻ, സ്റ്റാർട്ട് അപ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ട് അപ് ലീഡർഷിപ് അക്കാഡമിയും, പരിശീലന പരിപാടിയും, അന്താരാഷ്ട്രാ സംരംഭകത്വ വിനിമയ പരിപാടി, ഫാബ് ലാബ് പ്രോഗ്രാം, സംരംഭകത്വ ഡ്രൈവിംഗ് പ്രോഗ്രാം, പെർഫോർമൻസ് ലിങ്ക്ഡ് സ്കീം, പേറ്റൻറ് സപ്പോർട്ട് സ്കീം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്ന പ്രധാന സംരംഭങ്ങൾ. കൂടാതെ, കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ വിവിധ മേഖലകളിലെ ഇൻകുബേറ്ററുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി ഒരു ടെക്നോളജി ഇന്നവേഷൻ സോൺ സർക്കാർ ആരംഭിച്ചിട്ടുണ്ട്.
കഴിഞ്ഞ അഞ്ചു വർഷത്തെ പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു

- സ്റ്റുഡൻസ് സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 700 സ്റ്റാർട്ട് അപ്പുകൾ ആരംഭിച്ചു.
- 4 സ്പെഷ്യലൈസ്ഡ് ഇൻകുബേറ്റർ ഉൾപ്പെടെ 20 ഇൻകുബേറ്റർ/ ആക്സിലറേറ്ററുകൾ
- 12-ാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ 1,000 കോടി മൊത്ത മൂല്യം സൃഷ്ടിച്ച്കൊണ്ട് 26,500 പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു.
- കോളേജുകളിൽ 187 ബൂട്ട് ക്യാമ്പുകൾ നടത്തപ്പെട്ടു.
- ബൂട്ട് ക്യാമ്പിലൂടെ 30 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ
- ഐ.ഇ.ഡി.സി. സംഗമം നടത്തി. (2,000-ൽ അധികം വിദ്യാർത്ഥികൾ)
- ഇൻകുബേറ്ററുകൾക്ക് 84 സ്റ്റാർട്ടപ്പ് ബോക്സുകൾ വിതരണം ചെയ്തു.
- 20,000 റാസ്പ്ബെറി പൈ കിറ്റുകൾ വിതരണം ചെയ്തു.
- 5483 ഇലക്ട്രോണിക് കിറ്റുകൾ വിതരണം ചെയ്തു.
- 2 സിലിക്കൺ വാലി സന്ദർശനവും 17 സ്റ്റാർട്ടപ്പുകൾക്ക് ബൗദ്ധിക സന്ദർശനത്തിനുള്ള സഹായം നൽകി.
- 2 ഫാബ് ലാബുകളും 20 മിനി ഫാബ് ലാബുകളും സ്ഥാപിച്ചു.
- 2 ഫാബ് ലാബ് അക്കാദമി കോഴ്സുകൾ നടത്തി.
  - 26 സ്റ്റാർട്ടപ്പുകൾക്കുള്ള സീഡ് സഹായം.

സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

കേരള ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്വയം ഭരണ ഗവേഷണ പരിശീലന കേന്ദ്രമാണ് സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ഇമേജിംഗ് ടെക്നോളജിയിലെ ആശയവിനിമയത്തിന്റെ വികാസം കൂടാതെ ഒരു ഗവേഷണ വികസന സ്ഥാപന സംഘടന എന്ന നിലയിലാണ് സി-ഡിറ്റിന്റെ പ്രാരംഭ പദവി. ഇതിൽ നിന്നും മാറി കേരളത്തിലെ ഐ.റ്റി. യെ സംയോജിപ്പിച്ച് ഭരണ സംവിധാനത്തിൽ സംയുക്തമായി പ്രവർത്തിക്കുകയും എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവത്ക്കരണത്തിനായുള്ള ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിക്കൽ, ഫ്രണ്ട്സ് പൗരസേവന കേന്ദ്രം എന്ന ഫ്ലാഗ്ഷിപ് പരിപാടിയുടെ നടത്തിപ്പ്, സർക്കാർ വകുപ്പുകളിലും, ഏജൻസികളിലും കമ്പ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു പരിഹാര പരിപാടി നടപ്പിലാക്കുക എന്നിവ ഉൾപ്പടെ പല സുപ്രധാനമായ പ്രവർത്തനങ്ങൾക്കും വഴിയൊരുക്കുന്നതിന് സി-ഡിറ്റ് പ്രവർത്തിച്ചിട്ടുണ്ട്.

ഐ.റ്റി. പോളിസി 2017

വിജ്ഞാനത്തിൽ അടിസ്ഥാനമാക്കിയുള്ള സമൂഹത്തിലേക്ക് കേരളത്തെ രൂപാന്തരപ്പെടുത്തുക എന്നതാണ് സർക്കാർ പ്രഖ്യാപിച്ച പുതിയ ഐ.ടി. നയം 2017 ലക്ഷ്യം വയ്ക്കുന്നത്. കേരളത്തെ ഒരു മുൻനിര ഐ.റ്റി കേന്ദ്രമാക്കി മാറ്റുന്നതിനും പ്രത്യക്ഷ പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.സി.ടി. വികസനത്തിന് അനുകൂലമായ ഒരു പരിസ്ഥിതി സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസ - വൈദഗ്ധ്യ വികസനത്തിലൂടെ നൂതന സാങ്കേതിക വിദ്യ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുകയും ചെയ്യേണ്ടതും കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള നിക്ഷേപങ്ങളെ ആകർഷിച്ച് കേരളത്തെ ഒരു ഐ.ടി. വ്യവസായ കേന്ദ്രമാക്കി മാറ്റുക എന്നിവയാണ് ഈ നയത്തിന്റെ പ്രധാന ലക്ഷ്യം.

- ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ജി.ഡി.പി.യ്ക്കും തൊഴിലവസരങ്ങൾക്കും ഗണ്യമായി സംഭാവന ചെയ്യുന്നതിനും ഐ.ടി., ഐ.ടി.ഇ.എസ് ഹബ്ബുകളിൽ മുൻഗണന നൽകുന്ന സംസ്ഥാനമാക്കി കേരളത്തെ വളർത്തുക
- ആഗോള ഐ.ടി. പ്രധാനികളെ പാർക്കിലേക്ക് ആകർഷിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- 1 കോടി ചതുരശ്ര അടി ബിൽറ്റ് അപ്പ് സ്പേസ് സൃഷ്ടിക്കുകയും 2.5 ലക്ഷം തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുക.
- കോർപ്പറേറ്റുകളുടെ ശേഷികളും വിദേശ ഇന്ത്യക്കാരിൽ നിന്നുള്ള മൂലധനവും ഉപയോഗിച്ച് പാർക്കുകൾ വികസിപ്പിക്കുക
- ഐ.ടി., ഐ.ടി.ഇ.എസ് സേവനങ്ങളുടെയും ഉത്പന്നങ്ങളുടെയും കയറ്റുമതിയിൽ സ്ഥിര വാർഷിക വളർച്ച നിലനിർത്തുക.
- ഗവേഷണം, വികസനം, നവീകരണം എന്നിവയ്ക്കുവേണ്ടി ഒരു ശാസ്ത്ര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു പരിതസ്ഥിതി സൃഷ്ടിക്കുക.
- ചെറുതും ഇടത്തരവുമായ ഐ.ടി. സ്ഥാപനങ്ങളുടെ വൈദഗ്ധ്യവും, സാമർത്ഥ്യവും വർദ്ധിപ്പിക്കുകയും അവരെ അന്താരാഷ്ട്ര മാർക്കറ്റുമായി ബന്ധിപ്പിക്കുകയും ചെയ്യുക.
- സാങ്കേതിക സംരംഭകത്വ സംസ്കാരം വളർത്തുകയും സാങ്കേതിക വിദ്യാ കേന്ദ്രങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒരു സ്റ്റാർട്ട് അപ്പ് ഇക്കോ സിസ്റ്റം രൂപവൽക്കരിക്കുകയും ചെയ്യുക.
- പൊതു സേവനത്തിന് ഉൾക്കൊള്ളാവുന്ന, താങ്ങാവുന്നതും പ്രാപ്യമായതുമായ ഇലക്ട്രോണിക് സേവന വിതരണ സംവിധാനവും ലഭ്യമാക്കുക
- ഡിജിറ്റൽ മണ്ഡലത്തിൽ ഡാറ്റാ, വിവരങ്ങൾ വിജ്ഞാന വിഭവങ്ങൾ എന്നിവയ്ക്ക് സാർവത്രികമായ തുറന്ന പ്രവേശനം ഉറപ്പാക്കുക
- സമൂഹത്തിന്റെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് എല്ലാ മേഖലകളിലും ഐ.സി.ടി. പ്രയോജനപ്പെടുത്തുകയും സമദർശിയായ വികസനം സാധ്യമാക്കുകയും സംസ്ഥാനത്തെ 100 ശതമാനം ഇ-സാക്ഷരത സംസ്ഥാനമാക്കി മാറ്റുകയും ചെയ്യുന്നു.
- മലയാള ഭാഷാ കമ്പ്യൂട്ടിംഗിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് ഇതിനായി 'ടൂളുകൾ' വികസിപ്പിക്കുകയും ചെയ്യുക.
- ഐ.ടി. മേഖലയിലെ ഗവേഷണ വൈദഗ്ധ്യ പഠനത്തിനുള്ള മികവിന്റെ കേന്ദ്രങ്ങളായി ഐ.ഐ.ഐ.ടി.എം.കെ., ഐ.സി. ഫോസ്സ് എന്നിവയെ മാറ്റുക.
- ഐ.ടി. അറ്റ് സ്കൂൾ ശക്തിപ്പെടുത്തുക
- സൈബർ സുരക്ഷ, സ്വകാര്യത,

ബോക്സ് 3.1.16
പതിമൂന്നാം പഞ്ചവത്സര പദ്ധതി സമീപനം

- പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒരു ലക്ഷം തൊഴിൽ സൃഷ്ടിച്ച് കൂടുതൽ തൊഴിലവസരങ്ങൾ നൽകുക
- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന പ്രവർത്തനങ്ങളിലൂടെ കൂടുതൽ പരിശീലനം സൃഷ്ടിച്ച മനുഷ്യ വിഭവശേഷി ഉറപ്പാക്കുക
- പുതിയ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവ വികസിപ്പിക്കുകയും സ്റ്റാർട്ട് അപ്പുകളെ തുടർച്ചയായ ഇന്നവേഷനെ പ്രോത്സാഹിപ്പിച്ചു കൊണ്ട് വളരുന്നതിനാവശ്യമായ ഒരു പരിസ്ഥിതി സൃഷ്ടിച്ചെടുക്കുകയും ചെയ്യുക
- സർക്കാറിന്റെ 4 മിഷന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പിനും മോണിറ്ററിംഗിനും ഇൻഫർമേഷൻ ടെക്നോളജിയെ പ്രാപ്തമാക്കുക
- വൈഫൈ ഹോട്ട്സ്പോട്ട് നൽകുന്നതിലൂടെ ഡിജിറ്റൽ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക
- സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും വിവിധങ്ങളായ വിവരങ്ങളെ ഒറ്റ പ്ലാറ്റ് ഫോമിൽ കൊണ്ടു വരിക

ഇന്റർനെറ്റ് സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള ഡിജിറ്റൽ ജീവിതരീതിക്കാവശ്യമായ സുരക്ഷിതമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കുകയും ഇലക്ട്രോണിക് ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികളും, ബോധവല്ക്കരണ പരിപാടികളും നടത്തുകയും ചെയ്യുക.

- ദൈനംദിന പ്രവർത്തനങ്ങളിലും ആശുപത്രികളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഐ.ടി.യുടെ സ്വാധീനം വർദ്ധിപ്പിക്കുക.
- പൊതു മണ്ഡലത്തിൽ ഓപ്പൺ സോഴ്സും ഓപ്പൺ ടെക്നോളജികളും സ്വീകരിക്കുകയും സൂക്ഷ്മ, ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളിലും പ്രോത്സാഹിപ്പിക്കുക.
- ഇലക്ട്രോണിക്സ് സാധനങ്ങൾ/ഘടകങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഉല്പാദനം വീട്ടമ്മമാർ ഉൾപ്പടെ എല്ലാവരിലും സാധ്യമാക്കുക.
- കെന്റണിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുൻകാലങ്ങളിൽ പ്രാമുഖ്യം നേടിയെടുക്കുക.
- കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന പഴങ്ങളുടേയും പച്ചക്കറികളുടേയും മത്സ്യത്തിന്റേയും സുഗന്ധ വ്യഞ്ജനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഐ.ടി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയും ജൈവ സാങ്കേതിക വിദ്യകൾ സമന്വയിപ്പിക്കാനുള്ള മേഖലയിൽ ഗവേഷണ വികസന സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
- ഐ.ടി. മേഖലയിൽ ജോലിചെയ്യാൻ സ്ത്രീകൾക്ക് അനുകൂലമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ജോലിസ്ഥലത്ത് സുരക്ഷിതമായ ഗതാഗതവും സുരക്ഷിതപരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുക.

ഉപസംഹാരം

ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലും കഴിഞ്ഞ അഞ്ച് വർഷത്തെ ആസൂത്രണ കാലയളവിൽ കേരളത്തിന് ശ്രദ്ധേയമായ പുരോഗതി നേടി എടുക്കാൻ കഴിഞ്ഞെങ്കിലും, സംസ്ഥാനത്തെ ഒരു നോളഡ്ജ് സമ്പദ് വ്യവസ്ഥയാക്കി മാറ്റാനുള്ള ഗവേഷണത്തിനും വികസനത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം പിന്നിലാണ്. വരും വർഷങ്ങളിൽ സംസ്ഥാനത്ത് പുതിയ വേദികൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ഗവേഷണം, വികസനം, നവീകരണം എന്നിവയെ പ്രാപ്തമാക്കി അടിസ്ഥാന സൗകര്യ വികസനത്തിൽ സർക്കാരിന്റെ ഊന്നൽ ശക്തിപ്പെടുത്തുന്നതിന് മുൻ കൈ എടുക്കാനും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും മാനവ വിഭവ ശേഷി വികസനത്തിനും സമൂലമായ സാമ്പത്തിക വികസനത്തിനും ഗവൺമെന്റ് കൂടുതൽ ഊന്നൽ കൊടുക്കുകയും വിവര സാങ്കേതിക വിദ്യയുടെ അർത്ഥവത്തായ ഉപയോഗത്തിന് വലിയ അവസരങ്ങൾ തുറക്കുകയും ചെയ്യും.

3.2 വിനോദ സഞ്ചാരം

ലോകമെമ്പാടുമുള്ള രാഷ്ട്രങ്ങളിൽ സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വികസനം എന്നിവയ്ക്ക് അന്തർദേശീയ പ്രാദേശിക വിനോദസഞ്ചാരം സംഭാവന നൽകുന്നു. ആഗോളതലത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 10 ശതമാനവും മൊത്തം കയറ്റുമതിയുടെ 7 ശതമാനവും തൊഴിലിന്റെ കാര്യത്തിൽ, 10ൽ ഒരാൾക്ക് എന്ന തോതിൽ പങ്കു നൽകുന്നതുമായ ഒരു മേഖലയാണ് വിനോദ സഞ്ചാരം. 2016 ൽ അന്താരാഷ്ട്രാതലത്തിൽ വിനോദസഞ്ചാരികളുടെ എണ്ണം 1.2 ബില്യൺ ആയിട്ടുണ്ട്. 2030 ആകുമ്പോഴേക്കും1.8 ബില്യൺസഞ്ചാരികൾ രാജ്യാന്തര അതിർത്തികൾ കടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലോക സാമ്പത്തിക ഫോറം 2017-ന്റെ സഞ്ചാര മത്സര സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 40-ആണ്.

വൈവിധ്യമായ ഭൂമിശാസ്ത്ര ഘടന കേരളത്തെ ഏഷ്യയിലെ ഒരു പ്രധാന വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ മുഖമുദ്രയായ വിനോദ സഞ്ചാര മേഖല സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് പ്രധാന സംഭാവന നൽകുന്നു. ഇന്ന് കേരളം അന്താരാഷ്ട്ര തലത്തിലെ ഒരു പ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മാറിയിട്ടുണ്ട്. കൂടാതെ, വ്യാപാരം, ഗതാഗതം, ആതിഥേയ മേഖലയിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക വഴി സുസ്ഥിര പ്രാദേശിക വികസനത്തിന് ഈ മേഖല സഹായിക്കുന്നു. വിനോദസഞ്ചാരം വിദേശവരുമാനം നേടിത്തരുകയും പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കേരളത്തിലെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ വിനോദസഞ്ചാരത്തിന്റെ സംഭാവന ഏകദേശം 10 ശതമാനമാണ്.വിനോദ സഞ്ചാരം തൊഴിൽ സൃഷ്ടിക്കുന്നു, വരുമാനം കൊണ്ട് വരുന്നു. രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും ലോകത്തിലേക്കും സംസ്കാരത്തിന്റെ വാതിൽ തുറക്കുന്നു.മറ്റു വികസന മേഖലകളുമായുള്ള പരസ്പര ബന്ധമാണ് വിനോദ സഞ്ചാരത്തിന്റെ ഒരു പ്രത്യേകത. ആരോഗ്യം, ശുചീകരണം, നഗര, ഗ്രാമ ആസൂത്രണം, ഗതാഗതം, കണക്ടിവിറ്റി, തദ്ദേശ സ്ഥാപനങ്ങൾ, ഇതര മേഖലകൾ എന്നിവയുടെ ഒരുപോലെയുള്ള വികസനം ഉണ്ടായില്ലെങ്കിൽ വിജയകരമായ വിനോദ സഞ്ചാരം സാധ്യമല്ല.

വികസനത്തിനായുള്ള അന്താരാഷ്ട്ര സുസ്ഥിര വിനോദ സഞ്ചാര വർഷം

സുസ്ഥിര സാമ്പത്തികത്തിനായുള്ള ആഗോള അജണ്ട–2030, 17 സുസ്ഥിരവികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) എന്നിവയുടെ വ്യാപനത്തിനായി വിനോദസഞ്ചാരത്തിന്റെ സാധ്യത കണക്കിലെടുത്ത് ഐക്യരാഷ്ട്ര സംഘടന ജനറൽ അസംബ്ലി വികസനത്തിനായുള്ള അന്താരാഷ്ട്രാ സുസ്ഥിര വിനോദ സഞ്ചാര വർഷമായി 2017 നെ പ്രഖ്യാപിച്ചിട്ടുണ്ട്. വികസന അജണ്ടയിൽ വിനോദ സഞ്ചാര മേഖലയുടെ സംഭാവന തിരിച്ചറിഞ്ഞതു കൊണ്ടാണ് സാമ്പത്തിക വളർച്ച, സാമൂഹിക അംഗീകാരം, സാസ്കാരിക പാരിസ്ഥിതിക സംരക്ഷണം എന്നിവയിലേക്ക് നയിക്കുന്നതിൽ ഈ മേഖലയ്ക്കുള്ള സംഭാവന കണക്കിലെടുത്തുകൊണ്ടാണ് ഐക്യരാഷ്ട്രസംഘടന ഇത്തരത്തിലുള്ള പ്രഖ്യാപനം നടത്തിയിരിക്കുന്നത്.

ബോക്സ് 3.2.1
2017–വികസനത്തിനായുള്ള അന്താരാഷ്ട്രാ സുസ്ഥിര വിനോദ സഞ്ചാര വർഷം

വികസനത്തിനായുള്ള സുസ്ഥിര വിനോദ സഞ്ചാര വർഷം ലക്ഷ്യമിടുന്നത് നയങ്ങൾ, വ്യാപാര പ്രവർത്തനങ്ങൾ, ഉപഭോക്താക്കളുടെ മനോഭാവം എന്നിവയെ കൂടുതൽ സുസ്ഥിരമായ വിനോദ സഞ്ചാരത്തിനായി മാറ്റിയെടുക്കുന്നതിന് സഹായിക്കുകയും അതുവഴി സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് (എസ്.ഡി.ജി) കാര്യമായ സംഭാവന നൽകുകയും ചെയ്യുക എന്നതാണ്.

അന്താരാഷ്ട്ര വർഷാചരണം താഴെപ്പറയുന്ന അഞ്ച് സുപ്രധാന മേഖലകളിൽ വിനോദ സഞ്ചാരത്തിന്റെ പങ്ക് പ്രോത്സാഹിപ്പിക്കുന്നതാണ്.

- സുസ്ഥിര വികസനത്തിനൊപ്പമുള്ള സാമ്പത്തിക വളർച്ച.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ദാരിദ്ര്യ ലഘൂകരണവും ഉൾപ്പെടുന്ന സാമൂഹ്യമേഖല
- വിഭവങ്ങളുടെ കാര്യക്ഷമത, പരിസ്ഥിതി സംരംക്ഷണം, കാലാവസ്ഥാ വ്യതിയാനം
- സാംസ്കാരിക മൂല്യങ്ങൾ, വൈവിധ്യം, പാരമ്പര്യം
- പരസ്പര ധാരണ, സമാധാനം, സുരക്ഷിതത്വം

അവലംബം: ലോക വിനോദ സഞ്ചാര സംഘടന (യു.എൻ.ഡബ്ല്യൂ.റ്റിഒ)

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നേട്ടങ്ങൾ

വിനോദസഞ്ചാര മേഖലയ്ക്ക് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് അനുവദിച്ച ബജറ്റ് വിഹിതം 1,101.40 കോടിരൂപയും ചെലവഴിച്ചതുക 1,046.37 കോടി രൂപയും (95 ശതമാനം) ആയിരുന്നു. ഇത് കൂടാതെ, എസ്.ഡി.ജി മുഖേനയും ഫണ്ട് ശേഖരിക്കുകയുണ്ടായി. പ്രദേശ വികസനം, മേളകളും പരിപാടികളും, ഗവേഷണ അധിഷ്ഠിത പ്രോജക്ടുകൾ എന്നിവയ്ക്ക് കേന്ദ്ര സഹായവും ലഭ്യമായിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയുടെ കീഴിൽ ഉൾപ്പെട്ടിരിക്കുന്ന വകുപ്പുകൾ/ഏജൻസികൾ

1. വിനോദസഞ്ചാര വകുപ്പ്
2. കേരള വിനോദസഞ്ചാര കോർപ്പറേഷൻ (കെ.റ്റി.ഡി.സി)
3. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.റ്റി.ഐ.എൽ)
4. ബേക്കൽ റിസോർട്ട്സ് വികസന കോർപ്പറേഷൻ (ബി.ആർ.ഡി.സി)
5. എക്കോ ടൂറിസം ഡയറക്ടറേറ്റ്
6. കേരളഇൻസ്റ്റിട്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കെ.ഐ.റ്റി.റ്റി.എസ്)
7. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ)
8. സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം)

പന്ത്രണ്ടാം പദ്ധതിക്കാലത്തു നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

1. പശ്ചാത്തല സൗകര്യങ്ങൾ, നിർമാണവും നവീകരണവും – മാസ്റ്റർ പ്ലാനുകൾ മുഖന പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം നടപ്പിലാക്കുകയുണ്ടായി. വിനോദസഞ്ചാരികളുടെ സുരക്ഷാ ഉറപ്പാക്കിക്കൊണ്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിൽ വിനോദസഞ്ചാര വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു
2. വിപണനം – വിപണിയിലെ ആധിപത്യം നിലനിർത്തുന്നതിനായി നൂതനവും പുതുമയുള്ളതുമായ വിപണന പ്രചാരണ പ്രവർത്തനങ്ങൾ സ്വദേശ, വിദേശ വിപണികളിൽ കേരളം വിനോദസഞ്ചാരം ആരംഭിച്ചു
3. കേരള വിനോദ സഞ്ചാര പ്രോത്സാഹന, വിപണന പ്രവർത്തനങ്ങൾ –അന്താരാഷ്ട്ര, ദേശീയ വിനോദസഞ്ചാര മേളകളിൽ കേരള വിനോദസഞ്ചാരം സ്ഥിരമായി പങ്കാളിത്തം വഹിക്കുന്നു. പ്രമുഖ അന്താരാഷ്ട്ര മേളകളിൽ കേരള വിനോദസഞ്ചാരം പന്ത്രണ്ടാം പദ്ധതിക്കാലത്തു പങ്കാളിത്തം വഹിച്ചിട്ടുണ്ട്
4. മുസിരിസ് ഹെറിറ്റേജ് &സ്പൈസ് റൂട്ട്

പട്ടിക 3.2.1
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും &വാർഷിക പദ്ധതി 2017 –18

ക്രമ നമ്പർ	വകുപ്പ്/ഏജൻസി	പന്ത്രണ്ടാം പദ്ധതി 2012–17		വാർഷിക പദ്ധതി 2017–18	
		വിഹിതം	ചെലവ്	വിഹിതം	(ചെലവ് 30/9/17)
1	വിനോദസഞ്ചാര വകുപ്പ്	992.85	962.59	316.51	97.81
2	കേരള വിനോദസഞ്ചാര കോർപ്പറേഷൻ (കെ.റ്റി.ഡി.സി)	32.00	19.00	7.20	
3	കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.റ്റി.ഐ.എൽ)	11.00	8.91	1.67	
4	ബേക്കൽ റിസോർട്ട് വികസന കോർപ്പറേഷൻ (ബി.ആർ.ഡി.സി)	7.00	3.45	3.00	
5	എക്കോ ടൂറിസം ഡയറക്ടറേറ്റ്	17.05	15.44	3.85	
6	കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കെ.ഐ.റ്റി.റ്റി.എസ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ)&സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം)	41.50	36.98	10.50	.5
	ആകെ	**1101.40**	**1046.37**	**342.73**	**98.31**

അവലംബം :വാർഷിക പദ്ധതി രേഖ, സംസ്ഥാന ആസൂത്രണ ബോർഡ്

പ്രോജക്റ്റ് – മുസിരിസ് പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയായി. 100 മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗുകൾ, മറ്റു ചരിത്ര സ്മാരകങ്ങൾ എന്നിവ ജലമാർഗം ബന്ധിപ്പിക്കുന്നതാണ് ഈ പദ്ധതി. അതുപോലെ, യുനെസ്കോയും മറ്റ് പങ്കാളിത്ത രാജ്യങ്ങളുമായിചേർന്നുകൊണ്ട് വിനോദ സഞ്ചാര വകുപ്പിന്റെ സംരംഭമായ സ്പൈസ് റൂട്ട് കേരളം സംസ്ഥാനം കേന്ദ്രീകരിച്ചു കൊണ്ടു ആഗോള തലത്തിലെ ഒരുപ്രത്യേക വിനോദ സഞ്ചാര സംരംഭമായി മാറിക്കൊണ്ടിരിക്കുന്നു

5. ഉത്തരവാദിത്ത വിനോദ സഞ്ചാരം – ഉത്തരവാദിത്ത വിനോദസഞ്ചാര സംരംഭം മുഖേന വിനോദ സഞ്ചാര പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം വിജയകരമായി നടപ്പിലാക്കാൻ സാധിച്ചു

പന്ത്രണ്ടാം പദ്ധതിക്കാലത്തു നടപ്പിലാക്കിയ പദ്ധതികളുടെ സംഗ്രഹം

എ. വിനോദ സഞ്ചാര കേന്ദ്ര വികസന സംരംഭങ്ങൾ

- എറണാകുളത്തെ ഫോർട്ട് കൊച്ചി, കോവളം–പൂവാർ വിനോദസഞ്ചാര നടപ്പാത, കോട്ടയം കുമരകം, തേക്കടിയിലും അതിന്റെ സമീപപ്രദേശങ്ങൾ എന്നിവയുടെ വികസനത്തിനായി 30 വർഷത്തെ വികസന പദ്ധതികൾ
- കൊല്ലം ജില്ലയിലെ അഷ്ടമുടി, തിരുവനന്തപുരത്തെ ഗോൾഡൻവലി,

കക്കയം–പെരുവണ്ണാമൂഴി, കാലടി–മലയാറ്റൂർ–അതിരപ്പള്ളി വിനോദ സഞ്ചാര സർക്യൂട്ട്, നിലമ്പൂർ എന്നിവയ്ക്കായുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കൽ.

ബി. വിനോദ സഞ്ചാര കേന്ദ്ര വികസനത്തിനായുള്ള ഗ്രീൻകാർപെറ്റ് സംരംഭം

- വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ടാസ്ക് ഫോഴ്സുകളും മോണിറ്ററിങ് സെല്ലുകളും.
- കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കായ് 10 പോയിന്റ് പെരുമാറ്റ ചട്ടം.

സി. കേരള വിനോദ സഞ്ചാരത്തിന്റെ വിപണി സംരംഭങ്ങൾ

- 15 രാജ്യങ്ങളിലെ 17 സംഘങ്ങളെ പങ്കെടുപ്പിച്ച കൊണ്ടുള്ള സ്പൈസ് റൂട്ട് അന്തർദേശീയ പാചക മേള
- ഒരു സംസ്ഥാനത്തിന്റെ തന്നെ ആദ്യത്തെ വാട്സ് ആപ് ക്യാമ്പയിൻ ആയ "മയാ"
- മിഡിൽ ഈസ്റ്റിൽ കേരള മോഡൽ ടാക്സികൾ
- 2015 –16 നെ വിസിറ്റ് കേരളവർഷമായി പ്രഖ്യാപനം
- വിസിറ്റ് കേരളയോട് അനുബന്ധിച്ചുള്ള ദേശീയ പ്രചാരണ പ്രവർത്തനങ്ങൾ
- 42 അന്തർദേശീയ വ്യാപാര മേളകളിലും 66 അന്തർദേശീയ റോഡ് ഷോകളിലും പങ്കാളിത്തം
- 37 ഇന്ത്യൻ നഗരങ്ങളിൽ ദേശീയ പങ്കാളിത്ത സംഗമങ്ങൾ, 50 ഭാരതീയ നഗരങ്ങളിൽ ദേശീയ വ്യാപാര മേളകൾ, ദേശീയ ഡ്രീം സീസൺ ക്യാമ്പയിൻ
- ഡിജിറ്റൽ ക്യാമ്പയിനുകൾ –ഡ്രീം ഡീൽസ്, സോഷ്യൽ മീഡിയ ഒപ്ടിമൈസേഷൻ, ട്രിപ് അഡ്വൈസർ ക്യാമ്പയിൻ

ഡി. കേരള വിനോദ സഞ്ചാരത്തിന്റെ വിവര സാങ്കേതിക വിദ്യ സംരംഭങ്ങൾ

- 11 അന്തർദേശീയ ഭാഷകളിലും 10 ഇന്ത്യൻ ഭാഷകളിലും കേരള വിനോദ സഞ്ചാര വെബ്സൈറ്റ്
- റെസ്പോൺസീവ് മാതൃകയിലുള്ള വെബ്സൈറ്റ്
- പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിർച്വൽ സിനിമകളും കേരളത്തിന്റെ ഏറ്റവും മികച്ച ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനായി വിർച്വൽവീഡിയോ വോൾ എന്നിവ വികസിപ്പിച്ചു
- വെബ്സൈറ്റിലൂടെ ഉത്സവങ്ങളുടെയും മറ്റു പരിപാടികളുടെയും എച് ഡി മികവോടെയുള്ള തല്സമയം വെബ്കാസ്റ്റിംഗ്
- മലബാറിലെ 100 തെയ്യം ഉത്സവങ്ങളെ സംബന്ധിക്കുന്ന ഒരു ജിയോ കോഡഡ് കലണ്ടർ, മൺസൂൺ സീസണിൽ നടത്തപ്പെടുന്ന ഉത്സവങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ജിയോ കോഡഡ് മൺസൂൺ കലണ്ടർ, അഡ്വാൻസ്ഡ് ഓൺലൈൻ ടൂർ പ്ലാനർ എന്നിവ തയ്യാറാക്കി
- സഞ്ചാര വ്യവസായത്തിനായി മെച്ചപ്പെട്ട നിലവാരത്തിലുള്ളതും ലഘുവായ രജിസ്ട്രേഷൻ നടപടിക്രമങ്ങളോട് കൂടിയതുമായ ഒരു നൂതന മെസേജ് ബോർഡ് തയാറാക്കി
- ടൂർ ഓപ്പറേറ്റർമാർക്ക് ഓൺലൈൻ അംഗീകാര സംവിധാനം
- കേരളത്തിലെ പാചക കലകളുടെ ഒരു ഓഡിയോ വിഷ്വൽ ഗൈഡ്
- വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു കേരള വിനോദ സഞ്ചാരത്തിന് നിരവധി അവാർഡുകളും അംഗീകാരങ്ങളും ലഭിക്കുകയുണ്ടായി.

വിനോദ സഞ്ചാര മേഖല 2016–17 – അവലോകനം

ലോക വിനോദ സഞ്ചാരത്തിന്റെ സംക്ഷിപ്തരൂപം

ആഗോളതലത്തിൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2016 ൽ 4 ശതമാനം വർദ്ധനവോടെ ആകെ 1.2 ദശലക്ഷം ആയി. 2010 ലെ മാന്ദ്യത്തിനു ശേഷം ഓരോ വർഷവും ശരാശരി 4 ശതമാനമോ അതിലധികമോ വളർച്ച അന്താരാഷ്ട്ര സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് കാണുവാൻ സാധിക്കുന്ന തുടർച്ചയായ

ഏഴാമത്തെ വർഷമാണിത്. അന്താരാഷ്ട്ര സഞ്ചാരികളുടെ വരവിൽ 2015 നേക്കാൾ 46 ദശലക്ഷം വർദ്ധനവിന് 2016 സാക്ഷ്യം വഹിച്ചു. വികസിച്ചു കൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥകളിലേതിനേക്കാൾ (+2 ശതമാനം) അധികമാണ് വികസിത രാഷ്ട്രങ്ങളിലെ സമ്പദ് വ്യവസ്ഥകളിൽ (+5 ശതമാനം) ഈ വളർച്ചാ നിരക്ക്.യൂറോപ്പ് കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവുമധികം ആളുകളാൽ സന്ദർശിക്കപ്പെട്ട മേഖലകൾ ഏഷ്യയും പസഫിക്കുമാണ്. അന്താരാഷ്ട്രാ വിനോദ സഞ്ചാരികളുടെ വരവിന്റെ ഏറ്റവുമധികം സംഭാവന ചെയ്തിരിക്കുന്ന രാഷ്ട്രങ്ങൾ ഫ്രാൻസ് (6.7 ശതമാനം), യു.എസ്.ഏ, സ്പെയിൻ (6.1 ശതമാനം) എന്നിവയാണ്. ഇതിൽ ഇന്ത്യയുടെ സംഭാവന 1.2 ശതമാനമാണ്. ഏഷ്യയിലും പസഫിക്കിലും ഉൾപ്പെടുന്നതും കൂടെ ചേർന്നുള്ള വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രധാന വിപണി ഉറവിടമായി ചൈന ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്നു. 2016-ൽ ഇലക്ട്രോണിക് ടൂറിസ്റ്റ് വിസ സംവിധാനം ഏറ്റവുമധികം ഉപയോഗപ്പെടുത്തിയ പ്രധാനപ്പെട്ട രാജ്യങ്ങളാണ് യു.കെ. യും യു.എസ്.എ. യും.

വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ സമീപകാല പ്രവണത

2015 നേക്കാൾ 9.68 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി കൊണ്ട് 2016 ൽ കേരളത്തിൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 8.80 ദശലക്ഷം ആയി. ഇത് 2015 ൽ 8.3 ദശലക്ഷം ആയിരുന്നു. 2016 ൽ രാജ്യത്ത്, വിനോദ സഞ്ചാരത്തിൽ കേരളത്തിന്റെ സംഭാവന 11.79 ശതമാനമാണ്. ഇത് 2015 ൽ 12.18 ശതമാനം ആയിരുന്നു. കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക് **ചിത്രം 3.2.1** – ൽ കൊടുത്തിരിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ വളർച്ചാ നിരക്ക് ഇന്ത്യയിലേക്കാൾ ഉയർന്നതാണ് കേരളത്തിൽ. എന്നാൽ കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് 2014 ൽ സംസ്ഥാനത്തെ വിദേശ വിനോദ സഞ്ചാരികളുടെ വളർച്ച നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറയുകയുണ്ടായി.

ചിത്രം 3.2.1
കേരളത്തിലേക്കും ഇന്ത്യയിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക് (2006 മുതൽ 2016 വരെ, ശതമാനത്തിൽ)



അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

എന്നാൽ 2010 മുതൽ സംസ്ഥാനത്ത് വിദേശ വിനോദ സഞ്ചാര വളർച്ച നിരക്ക് കുറഞ്ഞ് വരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2010 ലെ വളർച്ചാ നിരക്ക് 18.31 ശതമാനമായിരുന്നത് 2013 ൽ 8.12 ശതമാനമായി കുറയുകയും 2015 ആയപ്പോൾ വീണ്ടും കുറഞ്ഞ് 5.86 ശതമാനമാകുകയും ചെയ്തു. 2016-ൽ മുൻവർഷത്തെ അപേക്ഷിച്ച് 6.23 ശതമാനം കൂടുതൽ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. 2006 മുതൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിന്റെ ദേശീയ/സംസ്ഥാന വളർച്ച നിരക്ക് **അനുബന്ധം 3.2.1** -ൽ കൊടുത്തിരിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളുടെ ആഗമനത്തിലെ കാലികത

ഇന്ത്യയിലെത്തുന്ന വിദേശ വിനോദ സഞ്ചാരികളെ സംബന്ധിക്കുന്ന വിശകലനം സൂചിപ്പിച്ചിരിക്കുന്നത് 2016-ൽ ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേർന്നത് നവംബർ-ഡിസംബർ മാസങ്ങളിലാണ്. 2015 ലും ഇതേ പ്രവണത കാണുവാൻ സാധിക്കും. 2015 ലും 2016 ലും ഏറ്റവും അധികം വിദേശ വിനോദ സഞ്ചാരികൾ കേരളത്തിൽ എത്തിയത് ഫെബ്രുവരിയിലെ തുടർന്ന് ജനുവരിയിലുമാണ്.

2016 ൽ സംസ്ഥാനം സന്ദർശിച്ച മൊത്തം വിദേശ വിനോദ സഞ്ചാരികളിൽ ഏകദേശം 13.6 ശതമാനം പേർ ഫെബ്രുവരിയിലും ആണ് എത്തിയത്. ഏറ്റവും കുറഞ്ഞ തിരക്ക് അനുഭവപ്പെട്ടത് ജൂൺ മാസത്തിൽ ആണ്. 2010 മുതൽ 2016 വരെ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ മാസാടിസ്ഥാനത്തിലുള്ള താരതമ്യം **ചിത്രം 3.2.2** - ൽ കൊടുത്തിരിക്കുന്നു.

വിനോദ സഞ്ചാരികളുടെ ആഗമനം സംബന്ധിക്കുന്ന വിപണി ഉറവിടം

2016 ൽ ഇന്ത്യയിലെത്തിയ വിദേശ വിനോദ സഞ്ചാരികളെ സംബന്ധിക്കുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത് ഏകദേശം 15.68 ശതമാനം വിദേശ വിനോദ സഞ്ചാരികൾ കടന്നു വരുന്നത് ബംഗ്ലാദേശിൽ നിന്നും തുടർന്ന് അമേരിക്ക (14.73 ശതമാനം), യു.കെ (10.7 ശതമാനം) എന്നിവിടങ്ങളിൽ നിന്നുമാണ്.

കേരളത്തിൽ, സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളിൽ 15 ശതമാനം സംഭാവന ചെയ്തുകൊണ്ട് യു കെ മുൻപന്തിയിലാണ്.

ചിത്രം 3.2.2
2010 മുതൽ 2016 വരെ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെഎണ്ണം (മാസാടിസ്ഥാനത്തിൽ)



അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

ചിത്രം 3.2.3
വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങൾ



അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

8.5 ശതമാനത്തോടെ യു എസ് എ രണ്ടാം സ്ഥാനത്താണ്. തൊട്ടടുത്ത സ്ഥാനങ്ങൾ സൗദി അറേബ്യക്കും (8.4 ശതമാനം) ഫ്രാൻസിനുമാണ് (7.7 ശതമാനം). 2016 ൽ കേരള വിനോദ സഞ്ചാരത്തിന്റെ പ്രധാന വിപണി ഉറവിടങ്ങളുടെ സംഭാവന **അനുബന്ധം 3.2.2** ലും 2007 മുതൽ 2016 വരെയുള്ള കാലയളവിൽ സംസ്ഥാനത്തേക്കു ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നില്ക്കുന്ന 10 രാജ്യങ്ങളുടെ സംഭാവന **ചിത്രം 3.2.3** – ലും കൊടുത്തിരിക്കുന്നു.

വിദേശ വിനോദ സഞ്ചാരികളുടെ ആഗമനം സംബന്ധിക്കുന്ന വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി തിരുവനന്തപുരവും എറണാകുളവുമാണ് സംസ്ഥാനത്ത് ഏറ്റവുമധികം വിദേശ വിനോദ സഞ്ചാരികൾ എത്തിച്ചേർന്ന രണ്ട് ജില്ലകൾ. റിപ്പോർട്ട് കാലയളവിൽ, 407,653 വിദേശ വിനോദ സഞ്ചാരികൾ എറണാകുളം ജില്ലയും 383,608 സഞ്ചാരികൾ തിരുവനന്തപുരം ജില്ലയും സന്ദർശിച്ചു. ഇത് സംബന്ധിക്കുന്ന വിശദാംശങ്ങൾ **അനുബന്ധം 3.2.3** –ൽ കൊടുത്തിരിക്കുന്നു.

ആഭ്യന്തരവിനോദ സഞ്ചാരികളുടെ ആഗമനം

2016 ൽ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 13172535 ആയിരുന്നു. 2015 ലെ വിനോദ സഞ്ചാരികളുടെ എണ്ണത്തേക്കാൾ 5.67 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര വിനോദ സഞ്ചാരത്തിൽ നിന്നും ലഭ്യമായ വരുമാനം 2016 ൽ 15348 കോടി രൂപയായിരുന്നു. ഇത് മുൻ വർഷത്തേക്കാൾ 10.93 ശതമാനം കൂടുതലാണ്. 2006 മുതൽ 2016 വരെ കേരളത്തിലെത്തിയ സ്വദേശികളായ.വിനോദ സഞ്ചാരികളുടെ വിവരങ്ങൾ **അനുബന്ധം 3.2.4** ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് മാസാടിസ്ഥാനത്തിൽ

2016 ലെ കേരളത്തിലെ ആഭ്യന്തര വിനോദ

ചിത്രം 3.2.4
കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2010 മുതൽ 2016 വരെ



അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

സഞ്ചാരികളുടെ വരവ് സംബന്ധിക്കുന്ന മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത് ഏറ്റവുമധികം സഞ്ചാരികളുടെ തിരക്ക് അനുഭവപ്പെട്ടതു ഡിസംബർ മാസത്തിലും ഏറ്റവും കുറവ് ജൂൺ മാസത്തിലുമാണ് ആഭ്യന്തരവിനോദ സഞ്ചാരികളുടെ വരവിന്റെ 2010 മുതൽ 2016 വരെയുള്ള മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **ചിത്രം 3.2.4** – ൽ കൊടുത്തിരിക്കുന്നു.

ആഭ്യന്തര വിനോദ സഞ്ചാരം പ്രദാനം ചെയ്യുന്ന ഉറവിടം

2016 ലെ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളിൽ ഏകദേശം 66.05 ശതമാനവും സംസ്ഥാനത്തിനകത്ത് നിന്ന് തന്നെയുള്ള സന്ദർശകർ ആണെന്നാണ്. സന്ദർശകരുടെ വിതരണത്തിൽ മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ 8.23 ശതമാനം സന്ദർശകരെ സംഭാവന ചെയ്തുകൊണ്ട് തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടകവും (5.89) മഹാരാഷ്ട്രയും (3.72) ആണ് മറ്റു പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ. കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ മുൻപന്തിയിൽ നിൽക്കുന്ന 15 സംസ്ഥാനങ്ങളുടെ സംഭാവന സംബന്ധിക്കുന്ന വിശദാംശങ്ങൾ **അനുബന്ധം 3.2.5**–ൽകൊടുത്തിരിക്കുന്നു.

ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് ജില്ലാടിസ്ഥാനത്തിൽ

കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ എറണാകുളവും തിരുവനന്തപുരവും ആണ് മുൻപന്തിയിൽ നിൽക്കുന്ന ജില്ലകൾ. സഞ്ചാരികളെ ആകർഷിക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ജില്ലാ എറണാകുളവും സഞ്ചാരികളെ ആകർഷിക്കുന്നത് പത്തനംതിട്ടയുമാണ്. 2015 ലും 2016 ലും കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ **അനുബന്ധം 3.2.6** –ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3.2.5
കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം, 2007 മുതൽ 2016 വരെ



അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിനോദ സഞ്ചാരത്തിന്റെ സാമ്പത്തിക പ്രതിഫലനം

2016 ൽ വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വിദേശ നാണ്യ വരുമാനം 7,749.51 കോടി രൂപയും ആഭ്യന്തര വിനോദ സഞ്ചാര വരുമാനം 15,348.64 കോടി രൂപയുമായിരുന്നു. നേരിട്ടും അല്ലാതെയും ഈ മേഖലയ്ക്ക് ലഭിച്ച വരുമാനം 29,658.56 കോടി രൂപയാണ്. 2015 ലേക്കാൾ 11.12 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം3.2.7** –ൽ കൊടുത്തിരിക്കുന്നു. 2007 മുതൽ 2016 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നും ലഭ്യമായ മൊത്തം വരുമാനം **ചിത്രം 3.3.5** – ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാന, കേന്ദ്ര സർക്കാർ പദ്ധതി വിഹിതം

2012–13 മുതൽ 2016–17 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദ സഞ്ചാര മേഖലയ്ക്ക് ലഭിച്ച സംസ്ഥാന, കേന്ദ്ര പദ്ധതി വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 3.2.2, 3.2.3** എന്നിവയിൽ നൽകിയിരിക്കുന്നു.

പട്ടിക 3.2.2
സംസ്ഥാന പദ്ധതി വിഹിതം(രൂപ കോടിയിൽ)

വർഷം	വിഹിതം(എസ് ഡി ജി ഉൾപ്പെടെ)
2012–13	1805.53
2013–14	214.89
2014–15	245.36
2015–16	230.45
2016–17	314.32

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

പട്ടിക 3.2.3
കേന്ദ്ര പദ്ധതി വിഹിതം (രൂപ കോടിയിൽ)

വർഷം	വിഹിതം
2012–13	78.26
2013–14	346.67
2014–15	–
2015–16	99.23
2016–17	194.43

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിനോദ സഞ്ചാരത്തിന് ലഭ്യമായ നേട്ടങ്ങൾ, പുരസ്ക്കാരങ്ങൾ

കേരള വിനോദ സഞ്ചാരത്തെ ഉന്നതിയിൽ എത്തിക്കുന്നതിന് പൊതു, സ്വകാര്യ മേഖലകളുടെ സംയുക്തമായ പ്രയത്നത്തിന്റെ ഫലമായി ധാരാളം പുരസ്ക്കാരങ്ങളും നേട്ടങ്ങളും കേരള വിനോദ സഞ്ചാരത്തിനു ലഭിക്കുകയുണ്ടായി.

- പി.എ.ടി.എ ഗോൾഡ് അവാർഡ് ഫോർ വിസിറ്റ് കേരള കൊമേഴ്സിയൽ ക്യാംപെയിൻ 2016
- പി.എ.ടി.എ ഗോൾഡ് അവാർഡ് ഫോർ ഇ–ന്യൂസ് ലെറ്റർ 2016
- ട്രാവൽ ആൻഡ് ലെഷർ അവാർഡ് ഫോർ ഹണിമൂൺ ഡെസ്റ്റിനേഷൻ 2016.
- കോൺടെനാസ്റ്റ് ട്രാവലർ റീഡേഴ്സ് അവാർഡ് ഫോർ ബെസ്റ്റ് ലെഷർ ഡെസ്റ്റിനേഷൻ 2016.
- ലോണ്ലി പ്ലാനെറ്റ് ട്രാവൽ അവാർഡ് ഫോർ ബെസ്റ്റ് ഡെസ്റ്റിനേഷൻ ഫോർ ഫാമിലീസ്.
- ലോണ്ലി പ്ലാനെറ്റ് ട്രാവൽ അവാർഡ് ഫോർ ബെസ്റ്റ് ഡെസ്റ്റിനേഷൻ ഓഫ് റൊമാൻസ്, ഇന്ത്യ – മൂന്നാർ, കേരളം 2017.
- 2017 ലെ ഇന്ത്യയിലെ ഏറ്റവും പ്രിയങ്കരമായ വാട്ടർ ഫ്രണ്ട് ഡെസ്റ്റിഷേനുള്ള ബെറ്റർ ഹോളിഡേ അവാർഡ്
- ഏറ്റവും മികച്ച വെൽനസ്സ് ആന്റ് സ്പിരിച്ചാലിറ്റി കേന്ദ്രത്തിനുള്ള 2017 ലെ ഔട്ടലുക്ക് ട്രാവലർ അവാർഡ്
- മികച്ച ഉപഭോക്തൃ യാത്ര ലഘുലേഖയ്ക്കുള്ള പി.എ.ടി.എ ഗോൾഡ് അവാർഡ് 2017.
- ഏറ്റവും മികച്ച ജലാശയങ്ങൾ, ആയുർവ്വേദം, സ്പാ, വെൽനസ്സ് എന്നിവയ്ക്കുള്ള വി.റ്റി.എച്ച് ഇന്റർ നാഷണൽ ടൂറിസം കോൺക്ലേവ് & ട്രാവൽ അവാർഡുകൾ.
- 2016 ൽ നാഷണൽ ജോഗ്രാഫിക്ക് ചാനലിന്റെ എറൗണ്ട് ദ വേൾഡിൽ സ്ഥാനം നേടിയ ഒരേയൊരു സംസ്ഥാനമാണ് കേരളം.

സാംസ്ക്കാരിക സംരംഭങ്ങൾ

ഓണം 2016 – മികച്ച ജനപങ്കാളിത്തത്തോടെ 2016 ലെ ഓണം സെപ്റ്റംബർ മാസം 12 മുതൽ 18 വരെ നടത്തുകയുണ്ടായി.

നിശാഗന്ധി ഫെസ്റ്റിവൽ–2016–ൽ ഭക്ഷ്യമേള, നൃത്തോത്സവം, കഥകളി ഉത്സവം എന്നിവ ഉൾപ്പെടുത്തി ജനുവരി മാസം നിശാഗന്ധി ഫെസ്റ്റിവൽ നടത്തി. 7 ദിവസം പരിപാടി നീണ്ടു നിന്നു.
ഉൽസവം – പ്രാദേശിക കലാപരിപാടികൾ പ്രോത്സാഹിപ്പിക്കുന്ന പരിപാടിയായ ഉത്സവം തിരഞ്ഞെടുക്കപ്പെട്ട 14 കേന്ദ്രങ്ങളിൽ 2016 ഫെബ്രുവരി 25 മുതൽ മാർച്ച് 1 വരെ നടത്തി.

വിനോദ സഞ്ചാരം – പ്രോത്സാഹനവും പ്രചരണവും

വിനോദ സഞ്ചാര പ്രോത്സാഹനത്തിനും പ്രചരണത്തിനുമായി വിനോദ സഞ്ചാര വകുപ്പ് നിരവധി നൂതന സംരംഭങ്ങൾ നടത്തുകയുണ്ടായി.

2016–17 ൽ സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് 12 അന്താരാഷ്ട്രാ വ്യാപാരമേളകളിലും 18 ശില്പശാലകളിലും പങ്കെടുത്തു.

അനുവദിച്ച പ്രോജക്ട്കൾ

2016–17 ൽ 212 കോടി രൂപയുടെ 223 പദ്ധതികൾക്കും 194കോടി രൂപയുടെ രണ്ട് കേന്ദ്ര പദ്ധതികൾക്കും അനുമതി ലഭിക്കുകയുണ്ടായി. ഇതിൽ കേന്ദ്ര സർക്കാർ 37 കോടി രൂപ അനുവദിക്കുകയും ചെയ്തു. കേന്ദ്ര സഹായ പദ്ധതികൾ താഴെ പറയുന്നവയാണ്.

I. സ്വദേശ് ദർശൻ പദ്ധതിയുടെ കീഴിൽ 94 കോടി രൂപയ്ക്ക് ശ്രീ പത്മനാഭ, ആറൻമുള, ശബരിമല എന്നിവ സ്പിരിച്വൽ സർക്യൂട്ട്

ബോക്സ് 3.2.2
പതിമൂന്നാം പദ്ധതി സമീപന രേഖ

- സംസ്ഥാനത്തിന്റെ തുടരുന്ന വാഗ്ദാന സാധ്യതയായി വിനോദ സഞ്ചാരം നിലനിൽക്കുന്നു. പാരമ്പര്യ കേന്ദ്രങ്ങളായ കൊച്ചി, കൊച്ചിയുടെ തെക്കെ പ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ എന്നിവ ഇന്നും സാധ്യതയുള്ളവയാണ്. സ്ഥിരതയാർന്നതും വർദ്ധിച്ചു വരുന്നതുമായ തീർത്ഥാടകരുടെ വരവിലെ വർദ്ധനവ് ഒരു സാധ്യതയാണ്. വിസ്തൃതമായതും ഇതുവരെ ഉപയോഗപ്പെടുത്തിട്ടില്ലാത്തതും വിനോദ സഞ്ചാരം സാധ്യതകൾ സംസ്ഥാനത്തിന്റെ വടക്ക് ഭാഗങ്ങളിലുണ്ട്.
- വിനോദ സഞ്ചാര വികസനത്തിന് സാങ്കേതിക വൈദഗ്ധ്യവും മൊത്തത്തിലുള്ള ആസൂത്രണവും ആവശ്യമാണ്. അത് എല്ലാ വിഭാഗ വിനോദ സഞ്ചാരികളുടേയും, സുഖഭോഗ സഞ്ചാരികൾ തുടങ്ങി കുറഞ്ഞ വരുമാനമുള്ള കുടുംബ സഞ്ചാരികളുടേയും യാതൊരു തയ്യാറെടുപ്പുമില്ലാതെ ചുമലിൽ ബാഗുമായി എത്തുന്നവരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതുമായിരിക്കണം. അത് ഉത്തരവാദിത്വ വിനോദ സഞ്ചാരം ആയിരിക്കണം. വാഹക ശേഷിയോട് സംവേദിക്കുന്നതും സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടേയും ജനങ്ങളുടേയും ആവശ്യത്തിനു യോജിച്ചതാകണം. ഈ വെല്ലുവിളിയിൽ തീർച്ചയായും നമുക്ക് വിജയിക്കാനാകും.
- സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയ്ക്കു വേണ്ടി പുതിയ വളർച്ചാ തന്ത്രത്തിന് പതിമൂന്നാം പദ്ധതി ശ്രമിക്കും. പ്രധാന ഫലസൂചികകളായ വിദേശത്തു നിന്നു വരുന്ന സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കും. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 50 ശതമാനം കണ്ട് വർദ്ധിപ്പിക്കും. അതുപോലെ പതിമൂന്നാം പദ്ധതിക്കാലത്ത് ഈ രംഗത്ത് ഏകദേശം 400,000 തൊഴിലുകൾ സൃഷ്ടിക്കും.
- അന്തർദേശീയമായി വിനോദ സഞ്ചാരത്തിനു വേണ്ടിയുള്ള സർക്കാർ ചെലവഴിക്കൽ പൊതുവിൽ ഊന്നൽ നൽകുന്നത് പലതരത്തിൽ വിനോദ സഞ്ചാരം പ്രചരിപ്പിക്കുന്നതിനാണ്. അതേസമയം പശ്ചാത്തല സൌകര്യവും വിനോദ സഞ്ചാര കേന്ദ്ര വികസനവും പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാകുന്നു. നേരെ മറിച്ചാണ് കേരളത്തിലെ സാഹചര്യം. ഇവിടെ വിനോദ സഞ്ചാര വികസനത്തിനു വേണ്ടി വകയിരുത്തുന്നതിന്റെ 60 ശതമാനത്തിലധികവും പശ്ചാത്തല സൗകര്യത്തിനും 25 ശതമാനം വിനോദ സഞ്ചാര പ്രചരണത്തിനും എടുക്കുന്നു. ഈ അസമത്വം പതിമൂന്നാം പദ്ധതി ഭാഗികമായി ശരിയാക്കും. മൊത്തം വകയിരുത്തലിന്റെ ചുരുങ്ങിയത് മൂന്നിലൊന്ന് വിഹിതമെങ്കിലും വിനോദ സഞ്ചാര പ്രചരണത്തിനായി മാറ്റിവെയ്ക്കും.
- കടൽത്തീരം, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ എന്നീ കേരളത്തിലെ വിനോദ സഞ്ചാരത്തിന്റെ പൂർണ്ണ സാധ്യതകൾ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യണം. അത് പാരമ്പര്യേതര വിനോദ സഞ്ചാര കേന്ദ്രങ്ങളുടേയും ഉൽപ്പന്നങ്ങളുടേയും വികസനത്തെ പ്രോത്സാഹിപ്പിക്കും. അങ്ങിനെ ഏതെങ്കിലും പ്രത്യേക സീസണിൽ മാത്രം ഒതുങ്ങുന്ന നിലവിലുള്ള വിനോദ സഞ്ചാരത്തെ അതിൽ നിന്നും വർഷം മുഴുവനായും വ്യാപിപ്പിക്കും.

- വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതും ഈ മേഖലയിൽ സാധ്യതയുള്ള വിവിധ പ്രവർത്തനങ്ങളായ ബിനാലെ, കേരളത്തിലെ പലതരം കലകളുടെ ഉത്സവങ്ങൾ, പരിസ്ഥിതി വിനോദ സഞ്ചാരം, സുഗന്ധദ്രവ്യ ഇടനാഴിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളും പരിപാടികളും, ഉത്തരകേരളത്തിലെ താരതമ്യേന ഉപയോഗപ്പെടുത്താത്ത വിനോദ സഞ്ചാര സാധ്യതകൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും പതിമൂന്നാം പദ്ധതി വിഭവങ്ങൾ വകയിരുത്തും
- കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഉന്നത നിലവാരമുള്ള സേവനങ്ങൾ പ്രധാനം ചെയ്യുന്നതിന് നൈപുണ്യ, വൈദഗ്ധ്യമുള്ള കൂടുതൽ യുവാക്കളെ ആവശ്യമുണ്ട്. ഇത് ചെയ്യേണ്ടത് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ മനുഷ്യവിഭവ ശേഷി ഉയർത്തുന്നതിനു മാത്രമല്ല, ഇന്ത്യടെ മറ്റു ഭാഗങ്ങളിലും ലോകത്തുതന്നെയും ഈ രംഗത്ത് തൊഴിലെടുക്കാൻ യുവാക്കളെ തയ്യാറെടുക്കുന്നതിനുമാണ്.
- കേരളത്തിലേക്കു വരുന്ന വർഷ പ്രചരണം വിജയിക്കണമെങ്കിൽ ഇതോടൊപ്പം ആരോഗ്യം, പൊതുജനാരോഗ്യം, ശുചീകരണം, ചവറുകൾ വലിച്ചെറിയുന്നത് നിരോധിക്കൽ, ഖരമാലിന്യ സംസ്കരണം, ജലാശയങ്ങളുടെ ശുചീകരണം എന്നിവയും ആവശ്യമാണ്. ഈ ശ്രമം എല്ലാ അർത്ഥത്തിലും വിജയിക്കണമെങ്കിൽ സംസ്കാരം, പരിസ്ഥിതി, വനം, ആരോഗ്യം, തദ്ദേശ സ്വയംഭരണ സർക്കാരുകൾ, പുരാവസ്തുവും കാഴ്ച്ചബംഗ്ലാവും,കൃഷി തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങൾ യോജിപ്പിച്ചുകൊണ്ടുപോകുവാൻ സംഘാടക സമിതിയ്ക്ക് കഴിയണം.

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

ആക്കികൊണ്ട് സ്വദേശ ദർശൻ സ്കീമിന്റെ കീഴിൽ വികസിപ്പിക്കൽ. ഇതിൽ 18 കോടി രൂപ ഭാരത സർക്കാർ നൽകിയിട്ടുണ്ട്.

II. കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ ശബരിമല–എരുമേലി–പമ്പ–സന്നിധാനം ഒരു സ്പിരിച്വൽ സർക്യൂട്ട് ആയി 99 കോടി രൂപയ്ക്കു വികസിപ്പിക്കുന്നതിന് സ്വദേശി ദർശൻ പദ്ധതിയുടെ കീഴിൽ, ഭാരത സർക്കാർ 19 കോടി രൂപ അനുവദിച്ചു.

പ്രശ്നങ്ങൾ നേരിടേണ്ടതുണ്ട്. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി ആരോഗ്യം, ശുചിത്വം, നഗര, ഗ്രാമ ആസൂത്രണം, ഗതാഗതം, കണക്ടിവിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു മേഖലകൾ എന്നിവയുടെയെല്ലാം ഏകോപിച്ചുള്ള പ്രവർത്തനം എന്നിവ വിനോദ സഞ്ചാര വികസനത്തിന് അത്യാവശ്യമാണ്.

ഉപസംഹാരം

അയൽ രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള വർധിച്ച തോതിലുള്ള മത്സരം, സംസ്ഥാനത്തിനകത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിലെ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മാലിന്യ നിർമ്മാർജനം, സുരക്ഷാ സംവിധാനങ്ങൾ, പ്രധാനപ്പെട്ട പ്രാദേശിക, അന്തർദേശീയ വിപണികളെ കേരളത്തിലേക്ക് ബന്ധിപ്പിക്കുന്നതിനാവശ്യമായ മെച്ചപ്പെട്ട സൗകര്യങ്ങളുടെ അപര്യാപ്തത എന്നിങ്ങനെ വിനോദ സഞ്ചാര മേഖലയിലെ വെല്ലുവിളികൾ/

3.3 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ദേശീയ വികസനത്തിലെ ഒരു പ്രധാന ഘടകമാണ് ശാസ്ത്രവും സാങ്കേതികതയും. നൂതനവും വർദ്ധിച്ച തോതിലും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാന വർദ്ധനവിനും കാരണമാകുന്ന വിധത്തിലുള്ള സന്തുലിതവും സുസ്ഥിരവുമായ വളർച്ചക്ക് സഹായകമാകുന്നതിനും മെച്ചപ്പെട്ട സാമ്പത്തിക വികസനം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയിലെ പൊതു നിക്ഷേപം.

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഉൾപ്പെടുന്ന രണ്ടു പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ആണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ എസ് സി എസ് ടി ഇ) തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെൻറ്ററും (ആർ സി സി).

I. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ)

കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കെ.എസ്.സി.എസ്.ടി.ഇ ശാസ്ത്രസാങ്കേതികതയിലൂടെ മാറ്റത്തിനും വികസനത്തിനുമുള്ള ഒരു ഏജൻസി ആയി പ്രവർത്തിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രി പ്രസിഡന്റും കെ.എസ്.സി.എസ്.ടി.ഇ യുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കൗൺസിലും ചേർന്നുള്ള സ്റ്റേറ്റ് കൗൺസിൽ ആണ് കെ.എസ്. സി.എസ്.ടി.ഇ യെ നിയന്ത്രിക്കുന്നത്. പൂർണമായി സജ്ജീകരിച്ച 7 ഗവേഷണ വികസനകേന്ദ്രങ്ങളും ഗവേഷണകേന്ദ്രങ്ങളായി വളർന്നുകൊണ്ടിരിക്കുന്ന രണ്ടു സ്ഥാപനങ്ങളും, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന രണ്ടു സ്ഥാപനങ്ങളും നിലവിൽ കെ എസ് സി എസ് ടി യുടെ കീഴിൽ ഉണ്ട്.

സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്ര, സാങ്കേതിക, നൂതന നയങ്ങൾക്ക് രൂപം കൊടുക്കുകയും ആവിഷ്കരിക്കുകയും ചെയ്യുകയെന്നതാണ് കെ.എസ്.സി.എസ്. ടി.ഇ യുടെ പ്രധാന ലക്ഷ്യം. കൗൺസിലിന്റെ പദ്ധതികളും പരിപാടികളും സംസ്ഥാനത്തു ഉന്നതഗുണ നിലവാരമുള്ള ശാസ്ത്ര വിദ്യാഭ്യാസ സംവിധാനം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ളവയാണ്.

സംസ്ഥാനത്തെ വികസനം സംബന്ധിക്കുന്ന ശാസ്ത്ര സാങ്കേതിക നൂതന പദ്ധതി രൂപീകരിക്കുകയാണ് കെ എസ് സി എസ് ടി ഇ യുടെ പ്രധാന ലക്ഷ്യം. ശാസ്ത്ര പഠനത്തിന്റെ അടിസ്ഥാന ഗവേഷണത്തിനും പ്രോത്സാഹനത്തിനും ആവശ്യമായ പശ്ചാത്തല സൗകര്യ വികസനത്തിലൂടെ സംസ്ഥാനത്ത് ഉന്നത നിലവാരത്തിലുള്ള ശാസ്ത്ര പഠനവും ഈ കൗൺസിലിന്റെ പദ്ധതികളും പരിപാടികളും ലക്ഷ്യമിടുന്നു. തെരഞ്ഞെടുത്ത ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഗവേഷണ വികസന കേന്ദ്രങ്ങളുടെ ഗവേഷണത്തിനും പുരോഗതിക്കുമായി പശ്ചാത്തല സൗകര്യം ഒരുക്കൽ, ഗവേഷണ സൗകര്യങ്ങൾ എന്നിവക്ക് സഹായങ്ങൾ കെ.എസ്.സി.എസ്. ടി. ഇ. നൽകുന്നു കൗൺസിലിന്റെ മറ്റു സംരംഭങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

- ശാസ്ത്ര പ്രചാരണ പരിപാടികൾ
- ഗവേഷണ വികസന പരിപാടികൾ
- ആവാസ വ്യവസ്ഥ, പരിസ്ഥിതിപരിപാടികൾ
- ശാസ്ത്ര പ്രോത്സാഹനത്തിനായുള്ള അംഗീകാരവും പുരസ്കാരങ്ങളും
- സാങ്കേതിക വിദ്യ–വികസിപ്പിക്കലും കൈമാറ്റവും
- സ്കൂൾ തലപരിപാടികൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

പന്ത്രണ്ടാം പദ്ധതിക്കാലത്തെ ബജറ്റ് വിഹിതം 435.45 കോടി രൂപയും ചെലവ് 311.66 കോടി രൂപയും ആയിരുന്നു. **(പട്ടിക 3.3.1)**

പട്ടിക 3.3.1
വിഹിതവും ചെലവും,–പന്ത്രണ്ടാം പദ്ധതി&വാർഷിക പദ്ധതി 2017 –18
(രൂപ കോടിയിൽ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പന്ത്രണ്ടാം പദ്ധതി		വാർഷിക പദ്ധതി 2017 –18	
		വിഹിതം	ചെലവ്	വിഹിതം	ചെലവ് (30/09/2017 ൽ)
1	കെ എസ് സി എസ് ടി ഇ യുടെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ	240.20	100.90	63.58	0
2	കെ എസ് സി എസ് ടി ഇ യുടെഅ–ടിസ്ഥാന സൗകര്യ വികസനം	9.55	2.24	2.26	0.37
3	കെ എസ് സി എസ് ടി ഇ യുടെ പദ്ധതികളും പരിപാടികളും	116.93	25.42	31.08	7.14
4	ഗവേഷണ വികസന സ്ഥാപനങ്ങൾക്കുള്ള സർക്കാർ ധനസഹായം	9.90	53.99	1.90	0
5	ബയോടെക്നോളജി വികസന പരിപാടികൾ	11.50	6.46	3.05	0.66
6	കെ എസ് സി എസ് ടി ഇ യുടെ പ്രത്യേക പരിപാടികൾ	13.85	1.23	4.20	0.27
7	കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി	29.00	12.83	3.00	0
8	മറ്റു പദ്ധതികൾ	4.52	108.59		
	ആകെ	**435.45**	**311.66**	**109.07**	**8.44**

അവലംബം: വാർഷിക പദ്ധതി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്

പന്ത്രണ്ടാം പദ്ധതി കാലയളവിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

1. കെ എസ് സി എസ് ടി ഇ യുടെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

- ശാസ്ത്രത്തിന്റെ സമകാലീന മേഖലകളിലെ യുവ വൈജ്ഞാനികർ, ഗവേഷകർ, ബിരുദാനന്തരബിരുദ വിദ്യാർഥികൾ എന്നിവർക്കായി കാര്യശേഷി വികസനത്തിന് വേണ്ടി കോട്ടയം ജില്ലയിലെ പാമ്പാടിയിൽ 2013–ൽ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് സ്ഥാപിതമായി.
- തിരുവന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾക്കായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) ഒരു സമഗ്രമായ മൊബിലിറ്റി പ്ലാൻ തയ്യാറാക്കുകയുണ്ടായി
- പശ്ചിമ ഘട്ടത്തിലെ മുഴുവൻ സസ്യ സമ്പത്തിനെയും സംബന്ധിക്കുന്ന വിവരണം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ എൻ

ടി ബി ജി ആർ ഐ) തയ്യാർ ചെയ്തു പ്രസിദ്ധീകരിച്ചു

- ജല വിഭവ വികസന മാനേജ്മന്റ് കേന്ദ്രം (സി.ഡബ്ല്യൂ.ആർ.ഡി.എം) ചാലിയാർ നദീ തടത്തിനായി ഒരു മാനേജ്മന്റ് പ്ലാൻ, സെന്റർ ഫോർ എർത്ത് സയൻസും (സെസ്) കേരള വനഗവേഷണ കേന്ദ്രവും (കെ എഫ് ആർ ഐ) ആയി യോജിച്ചു കൊണ്ട് തണ്ണീർത്തടങ്ങൾ സംബന്ധിക്കുന്ന അറ്റ്ലസ് എന്നിവ തയ്യാറാക്കുകയും സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കുടിവെള്ള കാർഡുകൾ വിതരണം ചെയ്യുകയും ഒരു ജല പൈതൃക മ്യൂസിയം സ്ഥാപിക്കുകയും ചെയ്തു
- ഇന്ത്യൻ ഫോറെസ്റ് സർവീസിലുള്ള ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങളിൽ ഒന്നായി പീച്ചിയിലുള്ള കേരള വന ഗവേഷണ കേന്ദ്രത്തെ ഭാരതസർക്കാർ തിരഞ്ഞെടുത്തു. റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് ജൈവ വിഭവ നിർണയം നടത്തുന്നതാണ് ഈ സ്ഥാപനത്തിന്റെ ഒരു പ്രധാന നേട്ടം

II. കെ.എസ്.സി.എസ്.ടി.ഇ. യുടെ പദ്ധതികളും പരിപാടികളും

- ക്രിട്ടിക്കൽ മിനറൽ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (സി എം ആർ ഐ) – മൂല്യ വർദ്ധനവിനായി സമുദ്ര മേഖലയിലെ ധാതുക്കളെ സംബന്ധിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള ഗവേഷണത്തിനും വികസനത്തിനും അത് വഴി ഈ മേഖലയിലെ വ്യാവസായിക സാങ്കേതിക കണ്ടുപിടിത്തങ്ങൾ വിപുലമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു നൂതന സംരംഭം
- കോഴിക്കോട് ജില്ലയിലെ ഫാറൂഖ് കോളേജിൽ കാഴ്ച വൈകല്യം ഉള്ളവർക്കായി ഒരു കേന്ദ്രം സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആരംഭിക്കുകയുണ്ടായി.
- കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതി ആരംഭിച്ചു.
- വൈദഗ്ധ്യ മേഖലകളിൽ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനായി ഡോ.എ.പി. ജെ.അബ്ദുൽകലാം യൂത്ത് ചലഞ്ച് പ്രോഗ്രാം ആരംഭിച്ചു.
- വർഗീസ് കുര്യൻ യുവ ശാസ്ത്രജ്ഞ ഫെലോഷിപ് ആരംഭിച്ചു.

2016–17 അവലോകനം

എ. ശാസ്ത്ര ഗവേഷണത്തിൽ കെ.എസ്.സി.എസ്.റ്റി.ഇ. യുടെ മുഖ്യ ശാഖകൾ

കൗൺസിലിന്റെ കീഴിൽ 7 ഗവേഷണ വികസന സ്ഥാപനങ്ങൾ പ്രത്യേക മേഖലകളിൽ ഗവേഷണവും വികസന പ്രവർത്തനങ്ങളും നടത്തി വരുന്നു. ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. 2016–17 കാലയളവിൽ 56.50 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തുകയും 43.38 കോടി രൂപ ചെലവാകുകയും ചെയ്തു.

കേരള വന ഗവേഷണ കേന്ദ്രം (കെ.എഫ്.ആർ.ഐ)

പ്രകൃതി വിഭവസംരക്ഷണം, സുസ്ഥിര വിനിയോഗം, ശാസ്ത്രീയ പരിപാലനം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ട് വനപരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശാസ്ത്രീയ പിന്തുണ നൽകിക്കൊണ്ട് ഉഷ്ണമേഖലാ വനപരിപാലനത്തിൽ ഒരു മികവിന്റെ കേന്ദ്രമായി കേരള വന ഗവേഷണ കേന്ദ്രം (കെ എഫ് ആർ ഐ)നിലകൊള്ളുന്നു.വനം വകുപ്പും മറ്റു സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിച്ചേർന്നു പ്രവർത്തിച്ചു കൊണ്ട് വനപരിപാലനത്തിലെ ശാസ്ത്രീയ അടിത്തറ മെച്ചപ്പെടുത്തുന്നതിൽ കെ എഫ് ആർ ഐ പ്രധാന പങ്കു വഹിക്കുന്നു.

പ്രധാന നേട്ടങ്ങൾ

വ്യാപന പ്രവർത്തനങ്ങൾ

- നാഷണൽ ബാംബൂ മിഷന്റെ (എൻ. ബി.എം) സഹകരണത്തോടെ ബാംബൂടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ കീഴിൽ ബാംബൂ പ്രൈമറി പ്രോസസ്സിംഗ്

സെന്ററിനു രൂപം കൊടുത്തു.

- വിവിധ ഇനം തടി വൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, ആവാസ വ്യവസ്ഥകൾക്ക് അനുയോജ്യമായ വിധത്തിലുള്ള സസ്യ ഇനങ്ങൾ, ആർ ഇ ടി സസ്യങ്ങൾ, വന്യ ഫലങ്ങൾ, നാടൻ ചോല മരങ്ങൾ, എന്നിവയുടെ 350,000 ൽ അധികം ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുകയും അവ വിവിധ സർക്കാർ വകുപ്പുകൾ, സജ്ജീകരിച്ച ക്ലസ്റ്ററുകൾ, തോട്ടം ഉടമകൾ, പൊതു ജനങ്ങൾ എന്നിവർക്ക് വിതരണം ചെയ്യുകയുമുണ്ടായി
- വംശനാശ ഭീഷണി നേരിടുന്ന 24 തരംഓർക്കിടുകളും ചതുപ്പുനിലങ്ങളും കണ്ടെത്തുകയുണ്ടായി
- കെ എഫ് ആർ ഐയുടെ കേന്ദ്ര ഇൻസ്ട്രമെന്റേഷൻ സെൻററിൽ 1,000 അന്വേഷണങ്ങൾ വിശകലനത്തിനായി ലഭിക്കുകയും അവയിൽ 859 സാമ്പിളുകളുടെ വിശകലനം നടത്തുകയും ചെയ്തു. 2016–17 കാലയളവിൽ ഈ യൂണിറ്റ് 2.7 ലക്ഷം രൂപയുടെ വരുമാനം നേടി. ഇത് 2015–16 വർഷത്തേക്കാൾ 59 ശതമാനം കൂടുതലാണ്.
- നിലവിലുള്ള ജനിതക ദ്രവ്യങ്ങൾ സമ്പുഷ്ടമാക്കുന്നതിനായി 95 തരം ഔഷധ സസ്യങ്ങൾ ശേഖരിക്കപ്പെടുകയുണ്ടായി
- കേരള ഫോറെസ്റ് സീഡ് കേന്ദ്രം മുഖേന 44 സസ്യ ഇനങ്ങൾ ശേഖരിക്കപ്പെട്ടു. 32,258.46 കിലോ ഗ്രാം വിത്തുകൾ ശേഖരിക്കുകയും 893.30 കിലോഗ്രാം വിത്തുകൾ സംസ്കരിച്ച് 4.22 ലക്ഷം രൂപയ്ക്കു വിൽക്കുകയും ചെയ്തു

ഗവേഷണ പ്രോജക്ടുകൾ

- കേരളത്തിലെ വനങ്ങൾക്കായി ഒരു വിവര സംവിധാനം എന്ന ശീർഷകത്തിൽ ഫോറസ്ട്രി ലിറ്ററേച്ചർ ഡേറ്റാബേസ് വികസിപ്പിച്ചെടുത്തു. സ്കാൻ ചെയ്ത പുസ്തകങ്ങൾ, റിപ്പോർട്ടുകൾ, ആനുകാലിക ലേഖനങ്ങൾ, വർക്കിംഗ് പ്ലാനുകൾ, മാനേജ്മന്റ് പ്ലാനുകൾ,പ്രബന്ധങ്ങൾ എന്നിവ ഉൾപ്പെടുന്ന 6,200 റെക്കോർഡുകൾ അടങ്ങിയതാണ് ഈ ഡാറ്റാബേസ്. ഓരോ റെക്കോർഡിനും മെറ്റാ ഡേറ്റാ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭാരതത്തിലെ വനമേഖലയുമായി ബന്ധപ്പെട്ട 9600 ലേഖനങ്ങളുടെ ഗ്രന്ഥസൂചി അവലംബം ഉൾപ്പെടുത്തുകയുണ്ടായി.
- 5 ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ഡിജിറ്റിസേഷൻ പൂർത്തിയായി.
- തേക്ക് മ്യൂസിയത്തിനായി ഒരു ഡിജിറ്റൽ ലൈബ്രറിക്ക് രൂപം കൊടുത്തു. 1,200 റെക്കോർഡുകളും കൂടെ ചേർത്ത് കൊണ്ട് 2004 ൽ വികസിപ്പിച്ചെടുത്ത ഡേറ്റാബേസ് പുതുക്കുകയുണ്ടായി.
- കേരളത്തിലെ കേന്ദ്ര നഴ്സറികളിൽ ഫംഗൽ ഡിസീസ് സർവ്വേ നടത്തുകയുണ്ടായി.
- പ്രസിദ്ധീകരിച്ച ലേഖനങ്ങളിൽ നിന്ന് കേരളത്തിലെ കണ്ടൽ മേഖലകൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും ഗ്രൗണ്ട് ട്രൂതിങ് നടപ്പിലാക്കുകയും പ്ലോട്ടുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുകയും ചെയ്തു. ഈ പ്ലോട്ടുകളിലെ കണ്ടൽ ഇനങ്ങൾ കണ്ടെത്തി വിവരങ്ങൾ രേഖപ്പെടുത്തി.

ദേശീയ ഗതാഗതആസൂത്രണ കേന്ദ്രം (നാറ്റ് പാക്ക്)

ഗതാഗത എഞ്ചിനീയറിങ്, ഗതാഗത ആസൂത്രണം, ദേശീയ പാത എഞ്ചിനീയറിംഗ്, പൊതു ഗതാഗതം, പൊതു ഗതാഗതത്തിനു ബദൽ സംവിധാനം, ട്രാൻസ്പോർട്ട് എനർജി, ഉൾനാടൻ ജല ഗതാതം,വിനോദസഞ്ചാര ആസൂത്രണം, ഗ്രാമീണ റോഡുകൾ എന്നിവ സംബന്ധിക്കുന്ന ഗവേഷണവും കൺസൾട്ടൻസി ജോലികളും ഏറ്റെടുക്കുന്ന പൊതുമേഖലാ സ്ഥാപനം ആണ് നാറ്റ്പാക്.റോഡ്, റെയിൽ,ജല മാർഗം, തുറമുഖങ്ങൾ,വിമാനത്താവളങ്ങൾ എന്നിവയിലെ മാതൃകാ സംവിധാനങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനായി സർവേ മുതൽ സാങ്കേതിക സാമ്പത്തിക പഠനങ്ങൾ, പ്രായോഗിക വിശകലനങ്ങൾ,വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ വരെ തയാറാക്കുന്നതും നാറ്റ്പാക്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

പ്രധാന നേട്ടങ്ങൾ

- 2016 –17 കാലയളവിൽ നാറ്റ്പാക് 28 ഗവേഷണ പ്രോജക്ടുകൾ, പുറമെ നിന്ന് ധന സഹായം ലഭ്യമായ 19 പ്രോജക്ടുകൾ, 13 റോഡ് സുരക്ഷാ പ്രോജക്ടുകൾ എന്നിവ ഏറ്റെടുത്തു നടത്തുകയുണ്ടായി.
- തൃശ്ശൂർ ജില്ലക്കായി വിശദമായ ഒരു മൊബിലിറ്റി പ്ലാൻ തയ്യാറാക്കി.
- സംസ്ഥാനത്തെ റോഡുകൾക്കായി ജി ഐ എസ് അടിസ്ഥാനപ്പെടുത്തിയുള്ള റോഡ് ഗതാഗത ഡേറ്റാബേസ് തയ്യാറാക്കി.
- സംസ്ഥാനത്തെ വായു മലിനീകരണ സൂചിക തയ്യാറാക്കി.
- പ്രദർശന മാതൃകയിൽ കോഴിക്കോട് ഡിവിഷൻ ദേശീയ പാതയ്ക്ക് വേണ്ടി ഒരു പര്യപ്രേക്ഷണ പദ്ധതി തയ്യാറാക്കി.
- കേരളത്തിലെ ദേശീയ പാതകൾക്കായി ഒരു വികസന മാതൃക തയ്യാറാക്കി.
- നഗര പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളിൽ സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങളുടെ എണ്ണം കണക്കാക്കുന്നതിനു അപകട സാധ്യത പ്രവചന മാതൃകകൾ തയാറാക്കി.
- കഴിഞ്ഞ 3 വർഷത്തെ അപകടങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് അപകട മേഖലകൾ കണ്ടെത്തുന്നതിനും അവയെ മുൻഗണന അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനും ഒരു മാതൃക വികസിപ്പിച്ചു.
- മൂവായിരത്തിൽ അധികം റോഡ് ഉപയോക്താക്കളിൽ എത്തിച്ചേരുക എന്ന ലക്ഷ്യം പൂർത്തിയാക്കികൊണ്ടു സ്കൂളുകൾ, പഞ്ചായത്തുകൾ, ഡ്രൈവർമാർ, മറ്റു റോഡ് ഉപയോക്താക്കൾ എന്നിവർക്കായി ഏകദേശം നൂറോളം റോഡ് സുരക്ഷാ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കി.
- സംസ്ഥാനത്തെ ഉൾനാടൻ ജല സംവിധാനങ്ങൾ അടിസ്ഥാനമായുള്ള അപകടങ്ങൾ, മറ്റു സുരക്ഷാ സംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന പഠനങ്ങൾ നടത്തുകയും ജല സംബന്ധിയായ വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും വേണ്ടി ഭൗമ വിവര സംവിധാനം അടിസ്ഥാനമാക്കി ഒരു ഡാറ്റാബേസ് തയ്യാറാക്കി.

ജലവിഭവ വികസന മാനേജ്മെൻറ് കേന്ദ്രം (സി.ഡബ്ല്യു.ആർ.ഡി.എം)

ജലവിഭവ മേഖലയിലെ ഒരു മുഖ്യ ഗവേഷണ സ്ഥാപനമാണ് കെ എസ് സി എസ് ടി ഇ യുടെ കീഴിൽ പ്രവർത്തിക്കുന്ന സി ഡബ്ല്യു ആർ ഡി എം. ജല വിഭവ സംരക്ഷണത്തിനും ജല സംബന്ധിയായ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണത്തിനും സി ഡബ്ല്യു ആർ ഡി എം സംഭാവന നൽകുന്നു, പ്രത്യേകിച്ച് വൃഷ്ടി പ്രദേശ സംബന്ധിയായ വിഷയങ്ങളിൽ. നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, കൃഷിക്കാവശ്യമായ ജല സംരക്ഷണം, വനമേഖലയും നഗര പ്രദേശവും സംബന്ധിക്കുന്ന ജല സംരക്ഷണം, നദിമുഖം, പാഴ്ജലം എന്നിവ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, ഭൂഗർഭ ജല വികസനം, ജല ഗുണ നിലവാര സംരക്ഷണം, ജല സംബന്ധിയായ പാരിസ്ഥിക പ്രശ്നങ്ങൾ ജലസേചനവും പാഴ്ജലവും സംബന്ധിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ഗവേഷണത്തിന് ആവശ്യമായ വിദഗ്ധ സഹായങ്ങൾ നൽകുന്നു. നിലവിൽ ഈ സെന്ററിന് 9 ശാസ്ത്രിയ വിഭാഗങ്ങളും 3 എക്സ്റ്റൻഷൻ കേന്ദ്രങ്ങളും ഉണ്ട്.

പ്രധാന നേട്ടങ്ങൾ

- ജലനിധിപ്രോജക്ടിനുവേണ്ടി 13 ഗ്രാമപഞ്ചായത്തുകൾക്കായി സി ഡബ്ല്യു ആർ ഡി എം ജല സുരക്ഷ പദ്ധതി തയ്യാറാക്കി–മലപ്പുറം, കോഴിക്കോട്, കാസറഗോഡ് ജില്ലകളിൽ രണ്ടാം ഘട്ടം.
- കേരളത്തിലെ നദീ തടങ്ങൾക്കായി ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കി.
- പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/ കോർപറേഷനുകൾ/മറ്റു പൊതു സംവിധാനങ്ങൾ എന്നിവയിൽ നിന്നുള്ള ആവശ്യങ്ങൾക്ക് അനുസരണമായി ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുകയും വാട്ടർ കാർഡ് വിതരണം നടത്തുകയും ചെയ്തു.
- യൂണിസെഫ് പ്രോജക്ടിന്റെ ഭാഗമായി അട്ടപ്പാടി ബ്ലോക്കിലെ ജല, ശുചിത്വ, ആരോഗ്യ സൗകര്യങ്ങൾ

വിലയിരുത്തുകയുണ്ടായി.

- പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജനയുടെ (പി എം കെ എസ് വൈ) കീഴിൽ പാലക്കാട്, ഇടുക്കി ജില്ലകൾക്കായി ജില്ലാ ജലസേചന പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം കൊടുത്തു.
- വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്കായി നാളികേരത്തിനും കുരുമുളകിനുമായി ജലസേചന പട്ടിക വികസിപ്പിച്ചെടുത്തു.
- കവ്വായി, കാട്ടാമ്പള്ളി തണ്ണീർ തടങ്ങൾക്കായി സംരക്ഷണ കർമ്മ പദ്ധതികൾ തയ്യാറാക്കി.
- മേലെ കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ലഘൂകരണ നടപടികൾക്കുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി.
- 2016–17 കാലയളവിൽ വരൾച്ചാ ദുരിതങ്ങൾ നേരിടുന്നതിനുള്ള പ്രവർത്തനങ്ങളിൽ സി ഡബ്ല്യു ആർ ഡി എം മുൻഗണന എടുക്കുക ഉണ്ടായി.
- 67 ഗവേഷണ, കൺസൾട്ടൻസി പ്രൊജെക്ടുകൾ സി ഡബ്ല്യു ആർ ഡി എം 2016 –17 വർഷത്തിൽ ഏറ്റെടുക്കുകയും ഇതിൽ 16 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു,. ഇതിൽ 12 എണ്ണം പുറമെ നിന്നുള്ള ഏജൻസികളുടെ ധന സഹായത്തോടെ പൂർത്തിയാക്കിയവയാണ്.
- റിപ്പോർട്ട് കാലയളവിൽ സി ഡബ്ല്യു ആർ ഡി എം 29 പേപ്പറുകൾ പ്രസിദ്ധീകരിച്ചു, 6 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു, കൂടാതെ കോൺഫെറൻസുകളിൽ 12 പേപ്പറുകൾ അവതരിപ്പിച്ചു.

ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. (ജെ.എൻ.ടി.ബി.ജി.ആർ.ഐ)

കേരളത്തിലെ സസ്യ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനായി ജെ എൻ ടി ബി ജി ആർ ഐ ഗവേഷണപരിപാടികൾ നടത്തുന്നു. ഏഷ്യയിലെ ഏറ്റവും വലിയ സംരക്ഷിത തോട്ടമായി കണക്കാക്കപ്പെടുന്ന ഇവിടെ 4,000–ത്തിൽ അധികം വിവിധ തരം പൂച്ചെടികളും ഏകദേശം 300 തരത്തിലുള്ള വിവിധയിനം പുഷ്പിക്കാത്ത സസ്യങ്ങളും നിലവിൽ സംരക്ഷിക്കപ്പെടുന്നു. തിരുവനന്തപുരത്തെ പുത്തൻതോപ്പിൽ സ്ഥിതി ചെയ്യുന്നതും ബയോ ഇൻഫോമാറ്റിക്സ് കേന്ദ്രം സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമായ സരസ്വതി തങ്കവേലു കേന്ദ്രം ഈ സ്ഥാപനത്തിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആണ്. ഭാരത സർക്കാർ ഈ കേന്ദ്രത്തെ ദേശീയ തലത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ട്.

- കേരളത്തിലെ മൂന്നു ജില്ലകളിലെ 17 ഗ്രാമ പഞ്ചായത്തുകളിലെ 13 പട്ടിക വർഗ വിഭാഗങ്ങൾക്കിടയിൽ എത്നോമെഡിക്കൽ സർവേയും പരമ്പരാഗത അറിവുകൾ സംബന്ധിക്കുന്നവിവര ശേഖരണവും പൂർത്തിയായി.
- കേരളത്തിലെ മൂന്നു തെക്കൻജില്ലകളിലെ തീരപ്രദേശങ്ങൾ സംബന്ധിക്കുന്ന എത് നോ ബൊട്ടാണിക്കൽ സർവ്വേ പൂർത്തീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 422 ഭക്ഷ്യ യോഗ്യമായ സസ്യങ്ങൾ, 2,117 ഔഷധങ്ങൾ, 132 കാലിത്തീറ്റകൾ, 281 മൽസ്യബന്ധന ഉപകരണങ്ങൾ, 117 ഇന്ധനങ്ങൾ എന്നിവയുൾപ്പെടുന്ന പരമ്പരാഗത വിവരങ്ങൾ ശേഖരിച്ചു രേഖപ്പെടുത്തുകയുണ്ടായി
- പശ്ചിമ ഘട്ടത്തിൽ മാത്രം കാണപ്പെടുന്ന സസ്യങ്ങളിലെ എണ്ണകൾ, കൊഴുപ്പുകൾ എന്നിവ സംബന്ധിക്കുന്ന ഫൈറ്റോ കെമിക്കൽ ഇൻവെസ്റ്റിഗേഷൻ
- കേരള സർക്കാരിന്റെ, കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ സഹകരണത്തോടെ ഹരിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലെ കുഴൂർപഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിച്ചു
- 43 ഗവേഷണ പ്രബന്ധങ്ങളും3 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം)

ഗണിത ശാസ്ത്രത്തിൽ ഉന്നത പഠനവും ഗവേഷണവുംനടത്തുന്നതിനായി സംസ്ഥാന

സർക്കാരിന്റെ കെ എസ് സി എസ് ടി ഇ യും, കേന്ദ്ര സർക്കാരിന്റെ അണുശക്തി വകുപ്പും സംയുക്തമായി 2009 രൂപീകരിച്ചതാണ് കേരളാ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്.

- റിപ്പോർട്ട് കാലയളവിൽ ഈ സ്ഥാപനം നാലു ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു.
- ഔട്ട് റീച് പരിപാടിയും പന്ത്രണ്ടു പരിശീലന പരിപാടികൾ/ശില്പശാലകൾ നടത്തുകയും ചെയ്തു.

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്)

അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, അധ്യാപനം, പഠനം എന്നിവക്കായി വിഭാവനം ചെയ്തിട്ടുള്ളതും കാര്യ ശേഷി വികസനത്തിനും വേണ്ടിയുള്ള സ്ഥാപനമാണ് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ് ആർ ഐ ബി എസ്). ശാസ്ത്ര അനുബന്ധ മേഖലകളിൽ യുവ അധ്യാപകർ, ഗവേഷകർ, ബിരുദാനന്തര ബിരുദധാരികൾ എന്നിവർക്കായി കഴിവുകൾ വിപുലമാക്കുന്ന തരത്തിലുള്ള പരിപാടികൾക്ക് രൂപം കൊടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.

2016 കാലയളവിൽ ഈ സ്ഥാപനം ശാസ്ത്രത്തിന്റെ വിവിധ വിവിധമേഖലകളിൽ വിദ്യാർഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക് പ്രയോജനം ചെയ്യുന്ന വിധത്തിൽ വിദ്യാഭ്യാസ സമ്മേളനങ്ങൾ, സെമിനാറുകൾ, എന്നിവ നടത്തുകയുണ്ടായി. 2016–17 കാലയളവിൽ എസ് ആർ ഐ ബി എസ് 6 വിദ്യാഭ്യാസ പരിപാടികൾ നടത്തി.

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്.)

വിവിധയിനം ജലാശയ സസ്യങ്ങൾ, ചെറിയ സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി പ്രവർത്തിക്കുന്നതും സസ്യശാസ്ത്രത്തിന്റെ വിവിധ തലങ്ങളെസംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള കെ എസ് സി എസ് ടി ഇ യുടെ സ്ഥാപനമാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്).

പ്രധാന നേട്ടങ്ങൾ

- സുസ്ഥിര വിദ്യാഭ്യാസത്തിൽ പ്രാദേശിക വിദഗ്ധ കേന്ദ്രമായി ഐക്യരാഷ്ട്ര സംഘടനയുടെ വിദ്യാഭ്യാസ ഗവേഷണ ഘടകമായ ഐക്യ രാഷ്ട്ര സർവകലാശാല–ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എം ബി ജി ഐ പി എസിനെ അംഗീകരിച്ചു.
- ചെടികളിലെ വിറ്റാമിൻ ഉറവിടങ്ങളെ വിശദീകരിക്കുന്ന ഒരു പുതിയ വിഭാഗമായ ബയോ ഫോർട്ടിഫിക്കേഷൻ ഗാർഡൻ വികസിപ്പിച്ചെടുത്തു.
- നിലവിലെ പാം ഗാർഡനെ പാം പാർക്ക് ആയി നവീകരിച്ചു.
- മലബാറിലെ സുഗന്ധ വിളകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ വിഭാഗം ആരംഭിച്ചു.
- ഓയിൽ ഡീഗ്രേഡിങ് ബാക്റ്റീരിയകളുടെയും ആല്ഗകളുടെയും 24 ജെൻ ബാങ്ക് സബ്മിഷൻസ്.
- മൈക്രോപ്രൊപഗേഷൻ സ്ഥാപിച്ചു.
- ഹരിതകേരളം പരിപാടിയുടെ ഭാഗമായി എം ബി ജി ഐ പി എസും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തും കൂടി ചേർന്ന് കൊണ്ട് വനം വകുപ്പുമായി സംയോജിച്ച 50,000 വനവൃക്ഷങ്ങളും 33 തരം ഫലവൃക്ഷങ്ങളും പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.
- എം ബി ജി ഐ പി എസിന്റെ ഹെർബേറിയത്തിൽ 500 മാതൃകകൾ തരം തിരിക്കുകയും ശേഖരിക്കുകയും ചെയ്തു.
- എട്ടു ഗവേഷണ വികസന പ്രൊജക്ട്കൾക്കു അനുമതി നൽകി.
- റിപ്പോർട്ടിംഗ് കാലയളവിലെ പ്രസിദ്ധീകരണങ്ങളുടെ എണ്ണം 4 ആണ്.

ചിത്രം 3.3.1
ഗവേഷണ പ്രബന്ധങ്ങളുടെ എണ്ണം (2012–13 മുതൽ 2016–17 വരെ)



അവലംബം: കെ.എസ്.റ്റി.ഇ. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

ഗവേഷണ സ്ഥാപനങ്ങളുടെ പഠനപരമായ നേട്ടങ്ങൾ

ഗവേഷണ പ്രസിദ്ധീകരണങ്ങൾ –വ്യത്യസ്ത മേഖലകളിൽ വിജ്ഞാനസമ്പാദനത്തിനായി പ്രവർത്തിക്കുന്നവയാണ് കെഎസ് സി എസ് റ്റി യുടെ ഗവേഷണ വികസന സ്ഥാപനങ്ങൾ. ദേശീയ അന്തർദേശീയ സമ്മേളനങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ, ആനുകാലിക പ്രസിദ്ധീകരണം, പുസ്തക പ്രസിദ്ധീകരണം എന്നിവയിൽ ഈ സ്ഥാപനങ്ങൾ പങ്കാളികളാകുന്നു. 2012 കാലയളവ് മുതൽ ഗവേഷണസ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളുടെ എണ്ണം ചിത്രം **3.3.1**–ൽ കാണിച്ചിരിക്കുന്നു

കൗൺസിലിന്റെ കീഴിലുള്ള ഏഴു ഗവേഷണ വികസന സ്ഥാപനങ്ങളിൽ ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ജെ എൻ ടി ബി ജി ആർ ഐ, സി ഡബ്ല്യൂ ആർ ഡി എം എന്നിവയാണ് 2016–17 ലെ ഏറ്റവും മുൻനിരയിലുള്ള സ്ഥാപനങ്ങൾ. 2016–17ൽ ജെ.എൻ.ടി.ബി.ജി.ആർ.ഐ. 3 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇതേ കാലയളവിൽ സി.ഡബ്ല്യു.ആർ.ഡി.എം. 6 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അന്തർദേശീയ/ദേശീയ/ പ്രാദേശികസമ്മേളനങ്ങളിൽ 44 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

മാനവശേഷി പരിശീലനം

കെ.എസ്.സി.എസ്.ടി.ഇ. യുടെ ഗവേഷണ വികസന സ്ഥാപനങ്ങൾ 2016 ൽ 8 പി.എച്ച്.ഡി. കൾ നൽകുകയും 488 പേർക്ക് ഗവേഷണത്തിലും 170 പേർക്ക് സാങ്കേതികതയിലും പരിശീലനം നൽകുകയും ചെയ്തു. മെച്ചപ്പെട്ട മാനവശേഷി പ്രദാനം ചെയ്യുന്നതിലും പേറ്റന്റുകൾ, സാങ്കേതികത കൈമാറ്റം എന്നിവയിലും ഗവേഷണ വികസന സ്ഥാപനങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം **പട്ടിക 3.3.2** – ൽ കൊടുത്തിരിക്കുന്നു.

ബി. കെ എസ് സി എസ് ടി ഇയുടെ മറ്റു പദ്ധതികളും പരിപാടികളും

2016–17–ൽ കെ.എസ്.സി.എസ്. ടി യുടെ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനായി 43.29 കോടി രൂപ അനുവദിക്കുകയും 32.08 കോടി രൂപ ചെലവാക്കുകയും ചെയ്തു.

സയൻസ് റിസർച്ച് സ്കീം (എസ്.ആർ.എസ്.)
കൗൺസിലിന്റെ ശാസ്ത്ര സാങ്കേതിക പ്രചാരണ വിഭാഗത്തിന്റെ (എസ് ടി ഡി പി)ഫ്ലാഗ്ഷിപ് പ്രവർത്തനങ്ങളിൽ ഒന്നാണ് എസ് ആർ എസ്.

പട്ടിക 3.3.2
ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനം

ഗവേഷണ വികസന സ്ഥാപനം	2012	2013	2014	2015	2016
പി.എച്.ഡി. കൾ	12	10	11	12	8
ഗവേഷണത്തിലെ മാനവ ശേഷി പരിശീലനം (പിഎച് ഡി അല്ലാതെയുള്ളവ)	171	1017	703	534	1086
സാങ്കേതികതയിലെ മാനവശേഷി പരിശീലനം	146	283	473	243	488
ഫയൽ ചെയ്ത പേറ്റന്റുകൾ	1	1	-	1	1
സാങ്കേതികത കൈമാറ്റം					3

അവലംബം: കെ.എസ്.റ്റി.ഇ,. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

സംസ്ഥാനത്തെ അടിസ്ഥാന, പ്രായോഗിക ഗവേഷണത്തിൽ വികസന, ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു ഈ പദ്ധതിയുടെ കീഴിൽ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണത്തിന് സാമ്പത്തിക സഹായം നൽകുന്നു. സർവകലാശാല വിഭാഗങ്ങൾ, കലാലയങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവേഷണ പ്രൊജക്ടുകൾക്കാണ് സഹായം നൽകുന്നത്. 2016–17 ൽ അനുവദിച്ച പ്രോജക്ടുകളുടെ എണ്ണം 37 ആണ്. കൂടാതെ, സഹായം ലഭ്യമായ പ്രൊജക്ടുകളിൽ നിന്നും 7 പേറ്റന്റുകൾ ഫയൽ ചെയ്യുകയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 162 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 40 പി.എച്ച്.ഡി. കൾ നൽകുകയും ചെയ്തു.

കെ എസ് സി എസ് ടി ഇ എമിരറ്റസ് സയന്റിസ്റ് സ്കീം

പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് വ്യത്യസ്ത മേഖലകളിൽ അവരുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനായി ഗവേഷണം നടത്തുന്നതിന് പിന്തുണ നൽകുന്നതിനും അവരുടെ കഴിവുകൾ സംസ്ഥാനത്തിലെ പ്രധാന പ്രശ്നങ്ങൾ നേരിടുന്നതിന് വിനിയോഗിക്കുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. 2016–17 ൽ ഈ പദ്ധതിയുടെ കീഴിൽ 9 ശാസ്ത്രജ്ഞൻമാർക്ക് എമിരറ്റസ് അവാർഡ് നൽകുകയും 54 പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 11 പി.എച്.ഡികൾ നൽകുകയും ചെയ്തു.

വിദ്യാർത്ഥികൾക്കായുള്ള പ്രോജക്ടുകൾ

ഈ പ്രോജക്ടിന്റെ കീഴിൽ സംസ്ഥാനത്തെ സർവകലാശാല വകുപ്പുകളിലേയും കലാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് ശാസ്ത്രസംബന്ധമായ പ്രോജക്ടുകൾ ചെയ്യുന്നതിനായി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുകയും 2016–17–ൽ, മൊത്തം 424 പ്രോജക്ട് പ്രൊപ്പോസലുകൾ ലഭിക്കുകയും അതിൽ 204 എണ്ണം സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ശുപാർശ ചെയ്യപ്പെടുകയും ചെയ്തു.

യുവ ശാസ്ത്ര പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി (സ്പ്രൈറ്റിസ്)

8, 9 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പുരസ്കാരങ്ങൾ നൽകുന്നതിനും (സ്പ്രൈറ്റിസ്–I) ശാസ്ത്ര സാങ്കേതികയിൽ നൂതന ആശയങ്ങൾ ഉള്ള കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രൊജക്ടുകൾ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും (സ്പ്രൈറ്റിസ്–II) വേണ്ടിയുള്ളതാണ് ഈപദ്ധതി. 2016 –17 ൽ,132 പ്രോജക്ടുകൾക്കു സഹായം അനുവദിച്ചിട്ടുണ്ട് .

ചിത്രം 3.3.2
കെ.എസ്.സി.എസ്.ടി.ഇ. ഗവേഷകരുടെ 2016 –17 ലെ നേട്ടങ്ങൾ



അവലംബം: കെ.എസ്.റ്റി.ഇ. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

കെ എസ് സി എസ് ടി ഇ ഗവേഷണ ഫെല്ലോഷിപ്പുകൾ

454 അപേക്ഷകൾ ലഭിച്ചതിൽ നിന്ന് 2016–17–ൽ 50 ഗവേഷണ ഫെലോഷിപ്പുകൾക്കു അനുമതി നൽകി. 2016 ൽ 4 സ്പെഷ്യൽ ഡോക്ടറൽ ഫെല്ലോഷിപ്പുകൾ കെ എസ് സി എസ് ടി ഇ യിൽ ആരംഭിക്കുകയുണ്ടായി. 15 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകളും 1 സ്പെഷ്യൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പും 2016–17–ൽ നൽകുകയുണ്ടായി.

2016 –17 ലെ കെ എസ് സി എസ് ടി ഇ ഗവേഷകരുടെ നേട്ടങ്ങൾ **ചിത്രം 3.3.2**–ൽ കാണിച്ചിരിക്കുന്നു.

ശാസ്ത്ര സാങ്കേതികതയിലെ പശ്ചാത്തല വികസന പരിപാടികൾ

ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വ്യാപിപ്പിക്കുന്നതിനും കലാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ലാബുകളും അനുബന്ധ സൗകര്യങ്ങളും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്രമീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കൗൺസിൽ നൽകുന്നുണ്ട്. സെലെക്ടിവ് ഓമെന്റഷൻ ഓഫ് റിസർച് ആൻഡ് ഡെവലപ്മെൻറ് (എസ് എ ആർ ഡി), ശാസ്ത്രപോഷിണി എന്നീ രണ്ടു പരിപാടികൾ കൗൺസിൽ ഇതിനായി നടത്തുന്നുണ്ട്. കലാലയങ്ങളിലും സർവകലാശാലകളിലും നിർദ്ദിഷ്ട മേഖലകളിൽ ഗവേഷണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് എസ് എ ആർ ഡി പരിപാടി.ലബോറട്ടറികളിലെസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റ പണികൾക്കുമായി ഈ പരിപാടിയിലൂടെ ധനസഹായം നൽകുന്നു. ഇത്തരത്തിൽ കേരളത്തിലെ 57 സയൻസ് ബിരുദാനന്തര ബിരുദ ലബോറട്ടറികളിലും ഗവേഷണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ വർധിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ മെച്ചപ്പെട്ട ശാസ്ത്ര അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃക ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നതിനു സഹായം നൽകിയിട്ടുണ്ട്. 2016 –17 ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി അഞ്ചു സർക്കാർ സ്കൂളുകൾ തെരഞ്ഞെടുക്കുകയുണ്ടായി.

ചിത്രം 3.3.3
ഇ ടി പിയുടെ കീഴിൽ ലഭ്യമായതും അംഗീകരിക്കപ്പെട്ടതുമായ പ്രൊപ്പോസലുകളുടെ എണ്ണം (2012–13 മുതൽ 2016–17 വരെ)



അവലംബം: കെ.എസ്.റ്റി.ഇ. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

എഞ്ചിനീറിങ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇ.റ്റി.പി)

എഞ്ചിനീയറിംഗ്, സാങ്കേതിക മേഖലയിൽ ഉന്നത നിലവാരത്തിലുള്ള ഗവേഷണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിപാടിയാണ് ഇ ടി പി. സംസ്ഥാനത്തെ എഞ്ചിനീറിങ് കോളേജുകളിലെ പ്രഗൽഭർക്കും ഗവേഷണ വികസന സ്ഥാപനങ്ങളെ ശാസ്ത്രജ്ഞർക്കും വേണ്ടി ആരംഭിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2012 –13 മുതൽ 2016–17 വരെയുള്ള കാലയളവിൽ ഇ.ടി.പിയുടെ കീഴിൽ ലഭ്യമായതും അംഗീകരിക്കപ്പെട്ടതുമായ പ്രൊപ്പോസലുകളുടെ എണ്ണം **ചിത്രം 3.3.3** –ൽ കൊടുത്തിരിക്കുന്നു.

സാങ്കേതിക വിദ്യ വികസനവും അനുരൂപീകരണവും പരിപാടി (റ്റി.ഡി.എ.പി)

നൂതനവും ആവശ്യാധിഷ്ഠിതവുമായ സാങ്കേതിക വിദ്യയുടെ വികസനത്തിനും പരീക്ഷണത്തിനും വേണ്ട സഹായം നൽകുക എന്നതാണ് ഈ പരിപാടിയുടെ ശരിയായ ലക്ഷ്യം. ഇത്തരത്തിലുള്ള സാങ്കേതിക വിദ്യ വാണിജ്യവത്കരണം വരെ എത്തിക്കുക എന്നതും പരിപാടി ലക്ഷ്യമിടുന്നു. 2016–17 ൽ ലഭിച്ച 18 പ്രൊപ്പോസലുകളിൽ 11 എണ്ണത്തിനു അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമീണ സാങ്കേതിക പരിപാടി (ആർ.ടി.പി)

പരമ്പരാഗത ഗ്രാമീണ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും അവ നവീകരിക്കുന്നതിനും വേണ്ടി ധനസഹായത്തിന്റെ രൂപത്തിൽ സഹായം പ്രദാനം ചെയ്യുന്നതിനും അതുവഴി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തി വ്യാപകമായി ഉപയോഗിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണ നിവാസികളുടെ കഠിനമായ ജോലിഭാരം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ആർ.ടി.പി. പദ്ധതി. അടിസ്ഥാന തലത്തിലുള്ള വ്യക്തികളെയും നൂതന കണ്ടുപിടിത്തങ്ങൾ നടത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ ഗ്രാമീണ സാങ്കേതിക മേഖലയിലുള്ള നൂതന ആശയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നൂതന കണ്ടുപിടിത്തങ്ങൾ സംരംഭക നിലയിൽ എത്തിക്കുന്നതിനും ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്. 2016–17 ൽ ലഭിച്ച 13 പ്രൊപ്പോസലുകളിൽ 5 എണ്ണത്തിന് അംഗീകാരം നൽകി.

പട്ടിക 3.3.3
ലഭിച്ചിട്ടുള്ള പേറ്റന്റ് അപേക്ഷയുടെ എണ്ണം

വർഷം	പേറ്റന്റ് അപേക്ഷയുടെ എണ്ണം
2012–13	87
2013–14	89
2014–15	59
2015–16	60
2016–17	105

അവലംബം: കെ.എസ്.റ്റി.ഇ. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

പേറ്റന്റ് ഇൻഫർമേഷൻ സെന്റർ കേരളം

കേരള സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഐ പി ആർ സംബന്ധിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കെ എസ് സി എസ് ടി ഇ ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെ 2003 ൽ പേറ്റന്റ് ഇൻഫർമേഷൻ സെന്റർ ആരംഭിച്ചു. ബോധവത്കരണ ക്യാമ്പയിനുകൾ, പ്രസിദ്ധീകരണങ്ങൾ, എന്നിവയിലൂടെ സംസ്ഥാനത്ത് ഐ പി ആർ പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പേറ്റന്റ് ഇൻഫർമേഷൻ സെന്റർ വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കണ്ടുപിടിത്തം നടത്തുന്ന വ്യക്തികൾക്ക് തങ്ങളുടെ ഐ പി ആർ സംരക്ഷിക്കുന്നതിനും പേറ്റന്റ് സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനും ഈ കേന്ദ്രം മാർഗനിർദ്ദേശം നൽകുന്നു. ഈ കേന്ദ്രത്തിന്റെ ആത്യന്തിക ലക്ഷ്യം സംസ്ഥാനത്തെ ഐ പി ഔട്ട്പുട്ട് വർധിപ്പിക്കുക എന്നതാണ്. 2012–13 മുതൽ 2016–17 വരെ ലഭിച്ചിട്ടുള്ള പേറ്റന്റ് അപേക്ഷയുടെ എണ്ണം **പട്ടിക 3.3.3** – ൽ കൊടുത്തിരിക്കുന്നു.

സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ

സ്ത്രീ സാക്ഷരരുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണെങ്കിലും ശാസ്ത്ര ഗവേഷണത്തിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്ര രംഗത്തേക്കു ആകർഷിക്കുന്നതിനും ഈ മേഖലയിൽ നിന്ന് തൊഴിൽ സ്വീകരിക്കുന്നതിനും സഹായകരമാകുന്ന സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി ശാസ്ത്രം, സാങ്കേതികത, എഞ്ചിനീറിങ്, കൃഷി, വൈദ്യ ശാസ്ത്രം (എസ് ടി ഇ എ എം) എന്നീ മേഖലകളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർധിപ്പിക്കുന്നതിനായി വളരെയധികം പദ്ധതികളും പരിപാടികളും കെ എസ് സി എസ് ടി ഐയുടെ വനിതാ ശാസ്ത്ര വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ കൌൺസിൽ നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ താഴെ ചേർക്കുന്നു.

വിമൻ ഇൻ സയൻസ്

I. **ബാക് ടു ലാബ് റിസർച് ഫെലോഷിപ് പരിപാടി**–ഈ പരിപാടിയുടെ ഭാഗമായി 14 പദ്ധതികൾക്ക് അനുമതി ലഭിക്കുകയും, 1 പേറ്റന്റ് അപേക്ഷ ഫയൽ ചെയ്യപ്പെടുകയും,48 അന്തർദേശീയ/ദേശിയ ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും 6 വ്യക്തികൾ പി എച് ഡി പൂർത്തിയാക്കുകയും ചെയ്തു.

II. **ജീവിതത്തിൽ മാറ്റങ്ങൾ ഉളവാക്കുന്നതിൽ ശാസ്ത്ര പുരോഗതിയുടെ പ്രാധാന്യം സംബന്ധിക്കുന്ന** 3 അവബോധ പരിപാടികൾ ഈ പ്രോജക്ടിന്റെ ഭാഗമായി അനുവദിച്ചു.

III. **ശാസ്ത്രരംഗത്തെ കേരളത്തിലെ സ്ത്രീകളെ സംബന്ധിക്കുന്ന ഡേറ്റാബേസ് തയ്യാറാക്കൽ**–സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിൽ സ്ത്രീകളുടെ സ്ഥിതി യെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ ഓൺലൈൻ ഡിറക്ടറിയിൽ 506 രജിസ്ട്രേഷൻ നടത്തുകയുണ്ടായി.

പട്ടിക 3.3.4
2012 –13 മുതൽ 2012 –17 വരെയുള്ള പദ്ധതി വിഹിതവും ചെലവും

വർഷം	വിഹിതം	ചെലവ്
2012–13	66.20	63.96
2013–14	78.95	51.36
2014–15	91.71	54.64
2015–16	99.79	66.24
2016–17	99.79	75.47

അവലംബം: കെ.എസ്.റ്റി.ഇ. ശാസ്ത്ര ഭവൻ, തിരുവനന്തപുരം

സ്റ്റാർസ് (ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നതിന് പ്രാഗത്ഭ്യവും അഭിരുചിയും ഉള്ള വിദ്യാർത്ഥികൾക്കായുള്ള പരിപാടി)

I. പ്രതിഭ സ്കോളർഷിപ് പദ്ധതി–200 വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തു.
II. സ്പീഡ് (വിദ്യാർത്ഥികൾക്കായി പരീക്ഷണ മാതൃകകളിൽ മികവിനുള്ള പരിപാടി)– 2016–17 ൽ ഈ പരിപാടിയുടെ കീഴിൽ അനുവദിച്ച പ്രോജക്ടുകളുടെ എണ്ണം1 ആണ്.

ശാസ്ത്രസേവനങ്ങൾക്കും ഗവേഷണത്തിനും സർക്കാർ വിനിയോഗം

സംസ്ഥാനത്തെ വർദ്ധിച്ച ശാസ്ത്ര സേവനങ്ങൾക്കും ഗവേഷണത്തിനും ആവശ്യമായി വരുന്ന നിക്ഷേപങ്ങളുടെയും അതുമായി ബന്ധപ്പെട്ട ചെലവുകളുടെയും വർധിച്ചു വരുന്ന ആവശ്യകത മനസ്സിലാക്കിക്കൊണ്ട്, അഞ്ചാം പഞ്ചവത്സര പദ്ധതി കാലയളവ് മുതൽ സർക്കാർ ഈ മേഖലക്ക് വേണ്ടി ധന വിനിയോഗം നടത്തുന്നുണ്ട്. അഞ്ചാം പദ്ധതിക്കാലത്തു (1974–78) 7.98 കോടി ആയിരുന്ന വിഹിതം വർധിച് പന്ത്രണ്ടാം പദ്ധതി (2012–17) ആയപ്പോൾ 435.45 കോടി രൂപ ആയി. 2012 –13 മുതൽ 2012 –17 വരെയുള്ള പദ്ധതി വിഹിതവും ചെലവും **പട്ടിക 3.3.4**–ൽ കൊടുത്തിരിക്കുന്നു.

റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി), തിരുവനന്തപുരം

ആഗോളതലത്തിൽ ക്യാൻസർ രോഗ നിയന്ത്രണത്തിൽ പൊതുവായി നേരിടുന്ന വെല്ലുവിളികൾ രോഗ നിർണയവും ചികിത്സയുടെ ലഭ്യതക്കുറവുമാണ്. 2030 ആകുമ്പോഴേക്കും ലോകവ്യാപകമായി കാൻസർ ബാധിത മരണങ്ങളുടെഎണ്ണംവർധിച്ചു 13.1 മില്യനാകുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ റിപ്പോർട്ട് പ്രകാരം 2020 ൽ ബ്രസ്റ്റ്, ശ്വാസകോശം, ഗർഭാശയം എന്നീ ശരീരഭാഗങ്ങളെ ഏറ്റവുമധികം ബാധിക്കുന്ന വിധത്തിൽ ഇന്ത്യയിൽ ക്യാൻസർ മുഖേന മരിക്കുന്നവരുടെ എണ്ണം 8.8 ലക്ഷം കവിയുകയും 17.3 ൽ അധികം പുതിയ കേസുകളും ഉണ്ടാകുമെന്നു കരുതുന്നു.

അർബുദരോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൌകര്യങ്ങൾ പ്രധാനം ചെയ്യുന്ന രാജ്യത്തെ മുൻനിര ക്യാൻസർ സെന്ററുകളിൽ ഒന്നാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജണൽ ക്യാൻസർ സെന്റർ. അർബുദ രോഗ പഠന വൈദ്യ ശാസ്ത്ര മേഖലയിലെ വിവിധ മേഖലകളെ സംബന്ധിക്കുന്ന അടിസ്ഥാന, പ്രായോഗിക, സ്ഥിതി വിവര ശാസ്ത്ര ഗവേഷണം നടത്തുക എന്നതാണ് ഈ സെന്ററിന്റെ പ്രധാന ലക്ഷ്യം. ഇവിടെ അടിസ്ഥാന, പ്രായോഗിക, ചികിത്സ സംബന്ധിയായ ഗവേഷണങ്ങൾ നടത്തുകയും വിജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ക്യാൻസർ നിയന്ത്രണം, ചികിത്സ, ഗവേഷണം, പരിശീലനം എന്നിവക്കാവശ്യമായ

ബോക്സ് 3.3.1
പതിമൂന്നാം പഞ്ചവത്സര പദ്ധതി സമീപന രേഖ

- കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര, സാങ്കേതിക വിദ്യ മേഖലയുടെ മൊത്തം നിക്ഷേപം സംസ്ഥാന സർക്കാരുകളുടെ ചെലവഴിക്കലിനേക്കാൾ കുറവാണ്. 2000 ത്തിന്റെ ആദ്യ ദശകത്തിൽ സംസ്ഥാന സർക്കാരുകളുടെ മൊത്തം ചെലവഴിക്കൽ ദേശീയ ചെലവഴിക്കലിനെ അപേക്ഷിച്ച ഏകദേശം 18 ശതമാനത്തിൽ നിന്ന് 16 ശതമാനത്തിലേക്ക് താഴ്ന്നു. എന്നിരുന്നാലും സാങ്കേതിക വിദ്യയിൽ ഗവേഷണത്തിനും കണ്ടുപിടിത്തങ്ങൾക്കുമായി പരിപാടികൾ രൂപകൽപന ചെയ്യുന്നതിന് സംസ്ഥാന തലചെലവഴിക്കൽ അനിവാര്യമാണ്. അവ സംസ്ഥാനത്തിന്റെ സാധ്യതക്കും ആവശ്യങ്ങൾക്കും അനുസരിച്ച പരുവപ്പെടുത്തിയിട്ടുള്ളതായിരിക്കണം. നിക്ഷേപം ആകർഷിക്കുന്നതിനും പ്രാദേശിക വിഭവങ്ങൾ വികസിപ്പിക്കുന്നതിനും കണ്ടുപിടിത്തങ്ങൾക്കു സൗകര്യമൊരുക്കുന്നത്തിനും ശാസ്ത്ര സാങ്കേതിക രംഗത്തെ സംസ്ഥാന തല നിക്ഷേപം സംസ്ഥാന സർക്കാരിന്റെ ശേഷി മെച്ചപ്പെടുത്തും.

- വ്യത്യസ്ത പദ്ധതികളിലായി ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നീ ഹെഡുകളിൽ കേരളത്തിന്റെ പദ്ധതി ചെലവഴിക്കാൻ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച വളരെക്കൂടുതലാണ്. സംസ്ഥാനത്തു സ്ഥാപനങ്ങളുടെ ഒരു ശൃംഖല വികസിപ്പിച്ചിട്ടുണ്ട്. ഈസ്ഥാപനങ്ങളിലൂടെ ശാസ്ത്ര, സാങ്കേതിക വിദ്യ പ്രവർത്തനങ്ങൾക്ക് നിർദേശം നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും പുറമെ, ശാസ്ത്ര പ്രചാരണം ഉൾപ്പെടെ ഒരു കൂട്ടം വ്യത്യസ്ത പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യുന്ന ഒരു അപെക്സ് ഏജൻസിയായി കേരളസംസ്ഥാനശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൌൺസിൽ സ്ഥാപിച്ചു. ഈ പ്രവർത്തനങ്ങളുടെ സാധ്യത സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യ വികസനനത്തിന്റെ മൊത്തത്തിലുള്ള സമീപനനത്തിൽ നിന്നും വ്യക്തമാണ്. ഗവേഷക സ്ഥാപനങ്ങൾ, സർവകലാശാല കേന്ദ്രങ്ങൾ, ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിച്ചിട്ടുള്ള കോളേജ് വകുപ്പുകൾ എന്നിവ നടത്തുന്നത് ശാസ്ത്രീയ ഗവേഷണങ്ങളിൽ തനിയായിരിക്കണം പ്രധാന ഊന്നലെന്നു നിർദേശിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യക്കുള്ള കേന്ദ്ര സഹായത്തിനു പകരം വയ്ക്കുന്നതിനായല്ല, മറിച്ചു പരിപോഷിപ്പിക്കുന്നതിനാണ് സംസ്ഥാനത്തിന്റെ ഇടപെടലുണ്ടാവേണ്ടത്

- ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം പുരോഗമിക്കുമ്പോൾ തന്നെ കൃത്യമായ അവലോകനം നടത്താൻ അനുയോജ്യമായ വ്യവസ്ഥയും ഉത്പന്നങ്ങളുടെ ഗുണനിലവാരവും ദേശീയ അന്തർദേശീയ മികച്ച പ്രവർത്തനങ്ങളെ കണക്കിലെടുത്തു കൊണ്ട് ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. നിലവിലുള്ള പദ്ധതികളുടെ ഇടയ്ക്കിടെയുള്ള അവലോകനവും തുടർന്നും ധനസഹായം ലഭിക്കുന്നതിന് ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസത്തിലോ നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളിലോ സ്ഥിതി ചെയ്യുന്ന ഗവേഷണത്തിന് വേണ്ട പുതിയ വകുപ്പുകളോ ഷ്ണങ്ങളോ വലിയ പ്രയോജനം ചെയ്യാം. ഗവേഷണ പ്രോജക്ടുകൾ, ഗവേഷണ ഗ്രാന്റുകൾ, പ്രോജക്ട് വിലയിരുത്തൽ, കൃത്യ സമയത്തെ എത്തിച്ചു കൊടുക്കൽ മതിയായ വ്യവസ്ഥയും ഉറപ്പുവരുത്തേണ്ടതുണ്ട്.

- കേന്ദ്രസഹായത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടം സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് കേരളത്തിന്റെ ശാസ്ത്രസാങ്കേതിക വിദ്യയുടെ പ്രത്യേകതയാണ്. ഇവ സംസ്ഥാന തല ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ശേഷിയും വികസനം പൊതുവിലും വർധിപ്പിക്കാനുള്ള ഒരു വിലയേറിയ സ്രോതസ്സാണ്.

- വ്യവസായം, അക്കാദമിക്,സർക്കാർ എന്നിവ തമ്മിലുള്ള ബന്ധമാണ് ശാസ്ത്ര സാങ്കേതിക രംഗത്തെ ആഗോള തലത്തിൽ മുൻപന്തിയിലുള്ള പ്രദേശങ്ങളിലെ ശക്തി. ഇവിടങ്ങളിൽ ഗവേഷണ സ്ഥാപനങ്ങളും സർവകലാശാലകളും തമ്മിൽ ശക്തമായ ബന്ധമുണ്ട്. അത് ശാസ്ത്ര, സാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള വ്യാവസായിക രംഗത്തെ മൂല്യവർദ്ധനവിന്റെ വളർച്ച ത്വരിതപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ വ്യവസ്ഥയും വ്യവസായവും സർക്കാരും തമ്മിലുള്ള സഹകരണവും യോജിച്ച പ്രവർത്തനവും സർക്കാർ പ്രോത്സാഹിപ്പിക്കണം.

- ഒരു വിഭിന്നവും ഉൾച്ചേർച്ചയുമുള്ള മനുഷ്യ വിഭവ അടിത്തറ ശാസ്ത്ര, സാങ്കേതികവിദ്യക്കു വലിയ മൂല്യം നൽകുന്നു. സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിലെ ആളുകളെ ശാസ്ത്ര, സാങ്കേതിക വിദ്യയിൽ പങ്കെടുപ്പിക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളെയും സർക്കാർ പിന്തുണക്കണം.

അവലംബം: പതിമൂന്നാം പഞ്ചവത്സരപദ്ധതി സമീപന രേഖ, സംസ്ഥാന ആസൂത്രണ ബോർഡ്

ബോക്സ് 3.3.2
2017 ലോകാരോഗ്യ സംഘടന ക്യാൻസർ പ്രമേയം

2017 ലോകാരോഗ്യ സംഘടന ക്യാൻസർ പ്രമേയം "ക്യാൻസർ പ്രതിരോധവും നിയന്ത്രണവും ഒരു ഏകീകൃത സമീപനം"

2017 മെയ് 30ന് നടന്ന ലോകാരോഗ്യ സമ്മേളനത്തിൽ, ലോകാരോഗ്യ സംഘടന ക്യാൻസറിന്റെ പ്രതിരോധവും നിയന്ത്രണവും ഏകീകൃത സമീപനം എന്ന ഒരു കരട് പ്രമേയം സ്വീകരിക്കുകയുണ്ടായി. സാര്വത്രിക ആരോഗ്യം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ ക്യാൻസർ ഉൾപ്പടെയുള്ള പകരാത്ത രോഗങ്ങളാലുള്ള മരണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2030 ആകുമ്പോഴക്കും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സർക്കാരുകൾക്ക് ക്യാൻസറിന്റെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഒരു സമീപനമാണ് ഈ പ്രമേയം മുന്നോട്ട് വച്ചിരിക്കുന്നത്. ക്യാൻസർ ബാധിതരായ ആളുകൾക്ക് ക്യാൻസർ പ്രതിരോധം, നേരത്തെയുള്ള രോഗനിർണ്ണയം, ശരിയായ ചികിത്സ, പാലിയേറ്റീവ് കെയർ എന്നിവയെ സമബന്ധിക്കുന്ന വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും വ്യക്തമായ ഒരു മാർഗ്ഗരേഖ ഈ പ്രമേയത്തിൽ പ്രതിപാദിക്കുന്നു. ക്യാൻസർ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വിവരങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയടങ്ങുന്ന ഒരു ആഗോള റിപ്പോർട്ട് തയ്യാറാക്കുന്നതിനെ കുറിച്ചും ഈ പ്രമേയം പരാമർശിക്കുന്നു.

അവലംബം: ലോകാരോഗ്യ സംഘടന

മാർഗനിർദേശങ്ങൾ നൽകുകയും നൂതന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. രാജ്യത്തെ നിലവിലുള്ള 28 റീജണൽ ക്യാൻസർ സെന്ററുകളിൽ മുൻപന്തിയിലുള്ള മൂന്നെണ്ണത്തിലൊന്നാണ് ആർ.സി.സി. അന്താരാഷ്ട്ര സംഘടനകളായ ലോകാരോഗ്യ സംഘടന, അന്താരാഷ്ട്ര ക്യാൻസർ ഗവേഷണ കേന്ദ്രം (ഫ്രാൻസ്), അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി (വിയന്ന), ദേശീയ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യു.എസ്എ), ക്യാൻസർ ഗവേഷണ കേന്ദ്രം (യു.കെ), ലീഡ്സ് യൂണിവേഴ്സിറ്റി (യു.കെ), ആരോഗ്യ ഗവേഷണ കേന്ദ്രം (ജപ്പാൻ) എന്നിവയും മറ്റ് പ്രമുഖ സംഘടനകളുമായി ആർ.സി.സി മെച്ചമായ ബന്ധം നിലനിർത്തുന്നു.

കഴിഞ്ഞ 36 വർഷങ്ങളായി, കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട അർബുദ പരിശോധനയും ചികിൽസയും നൽകി കൊണ്ട് കേരളത്തിലെയും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ സമീപ പ്രദേശങ്ങളിലെയും ജനങ്ങളുടെ വർദ്ധിച്ച് വരുന്ന അർബുദ രോഗാവശ്യങ്ങൾ പരിഗണിക്കുന്നതിൽ അർ.സി.സി ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, അർബുദ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനും അർബുദ ചികിൽസയുടെ വിവിധ മേഖലകളിലാവശ്യമായ മാനുഷിക ശേഷി വളർത്തുന്നതിനും പുതിയ ചികിത്സാ രീതികൾ ലഭ്യമാക്കുന്നതിനായി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നതും ആർ.സി.സിയുടെ പരിധിയിൽ ഉൾപ്പെടുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് റീജിയണൽ ക്യാൻസർ സെന്ററിനു വേണ്ടി

പട്ടിക 3.3.5
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012–17) വാർഷിക വിഹിതം (രൂപ കോടിയിൽ)

വർഷം	വിഹിതം	ചെലവ്	ചെലവ് (%)
2012–13	34.00	34.00	100
2013–14	42.17	42.17	100
2014–15	40.40	20.00	50
2015–16	53.50	00	00
2016–17	59.36	10.54	18
ആകെ	229.43	106.71	47

അവലംബം: വാർഷിക പദ്ധതി, സംസ്ഥാന ആസൂത്രണ ബോർഡ്

അനുവദിച്ച ബഡ്ജറ്റ് വിഹിതം 229.43 കോടി രൂപയും ചെലവ് 106.71 കോടി രൂപയുമാണ് (47 ശതമാനം).

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രധാന ഭൗതിക നേട്ടങ്ങൾ

അടിസ്ഥാന സൗകര്യ വ്യാപനം

- രോഗികളുടെ വർദ്ധനവ് കണക്കിലെടുത്ത് പുതിയ 10 നില കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. എല്ലാ ഔട്ട് പേഷന്റ് വിഭാഗങ്ങൾ, ന്യൂക്ലിയാർ മെഡിസിൻ ഡിവിഷൻ, കീമോതെറാപ്പി വാർഡുകൾ, മെഡിക്കൽ റെക്കോർഡുകൾ, അക്കാഡമിക് ഓഫീസുകൾ, ക്യാൻസർ എപ്പിഡമോളജി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ എന്നിവയെല്ലാം തന്നെ ഈ കെട്ടിടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- പി ഇ റ്റി –സി.റ്റി സ്കാനർ,, സ്പെക്ട് ഗാമ ക്യാമറ, 4 ഡി.സി.റ്റി സ്കാനർ, ഹൈ എൻഡ് യു.എസ്.എസ് മെഷീൻ എന്നീ ഉപകരണങ്ങൾ സെന്ററിൽ ലഭ്യമാക്കുകയും ഡിജിറ്റൽ ഓഡിയോഗ്രാഫി, പോർട്ടബിൾ എക്സ് റേ ഡെക്സ്സാ സ്കാനർ, എൻഡോസ്കോപ്പി സംവിധാനം, മോളിക്യുലാർ ജെനറ്റിക് സൌകര്യങ്ങൾ എന്നിവ സ്ഥാപിക്കുകയും ടെലിമെഡിസിൻ സൌകര്യങ്ങൾ നവീകരിക്കകയും ചെയ്തു.

ഗവേഷണവും പരിശീലനവും

- മറ്റുള്ള ചികിത്സാ സംവിധാനങ്ങളുമായി ചേർന്ന് കൊണ്ട് അടിസ്ഥാന, സാംക്രമിക രോഗ ശാസ്ത്ര, ട്രാൻസലേഷണൽ, ക്ലിനിക്കൽ ഏകീകൃത ഗവേഷണം–155 തുടർ ഗവേഷണ പ്രോഗ്രാമുകളും 30 ഡോക്ടറൽ ഗവേഷണ പ്രോഗ്രാമുകളും നടപ്പിലാക്കി.
- 1,700 അധികം ലേഖനങ്ങളും, പുസ്തകങ്ങളിൽ/കോൺഫറൻസ് പേപ്പറുകളിൽ 600 അദ്ധ്യായങ്ങളും പ്രസിദ്ധീകരിച്ചു.
- കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് പുസ്തകങ്ങളിൽ 489 ലേഖനങ്ങളും 189 അദ്ധ്യായങ്ങളും പ്രസിദ്ധീകരിച്ചു.
- 79 പി.എച്ച്.ഡി കൾ നൽകുകയുണ്ടായി.(23 എണ്ണം കഴിഞ്ഞ 5 വർഷങ്ങളിൽ)

ക്ഷേമ പരിപാടികൾ

- സർക്കാർ, സർക്കാരിതര സഹായത്തോടെയുള്ള പരിപാടികളിലൂടെ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം, സൌജന്യ ഭക്ഷണം, സൌജന്യ മരുന്നുകൾ, വിവിധ പുനരധിവാസ സൌകര്യങ്ങൾ എന്നിവ നൽകുന്നതിനായി ആർ. സി.സി വിവിധ പദ്ധതികൾ നടപ്പിലാക്കി. രോഗികൾക്ക്സൌജന്യമായും കുറഞ്ഞ നിരക്കിലുമുള്ള വിവിധ സഹായ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആരംഭിച്ചിട്ടുണ്ട്. സുകൃതം, ക്യാൻസർ സുരക്ഷാ പദ്ധതി, ചിസ് പ്ലസ്സ്, കാരുണ്യ ഫണ്ട്, താലോലം, പട്ടിക വർഗ്ഗ രോഗികൾക്കുള്ള സഹായം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ളപദ്ധതിയായ സ്നേഹ സ്വാന്തനം, പ്രധാന മന്ത്രിയുടെ സഹായ നിധി, ആരോഗ്യമന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യ നിധി എന്നിവയാണ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.
- റീജിയണൽ ക്യാൻസർ സെന്ററിൽ 'ന്യൂക്ലിയാർ മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട്', 'ഹോളിസ്റ്റിക്ക് മെഡിസിൻ കേന്ദ്രം' എന്നിവ സ്ഥാപിച്ചു.
- ക്യാൻസർ കെയർ ഫോർ ലൈഫ് (സി. സി.എൽ)–ക്യാൻസർ ചികിത്സയ്ക്കുള്ള ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്. ജനങ്ങളിൽ നിന്നും വലിയ തോതിൽ പ്രതികരണം ലഭിച്ചതിനാൽ ആർ. സി.സി ഈ പദ്ധതി കൂടുതൽ വിപുലമാക്കി കൊണ്ടിരിക്കുന്നു.
- സൗജന്യ മരുന്നു ബാങ്ക്, രോഗികൾക്ക് സൌജന്യ ഭക്ഷണം (അക്ഷയ പാത്രം) തുടങ്ങിയ മറ്റ് സംരംഭങ്ങൾ.
- 'കിങ്ങിണിച്ചെപ്പ്' – പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് സൌജന്യ ഭക്ഷണവും, ചികിത്സയും സന്നദ്ധ സേവനമായി നൽകുന്ന പരിപാടി.

പട്ടിക 3.3.6
ആർ.സി.സി യുടെ 2015 –16 ലെ രൂപ രേഖ ഒറ്റനോട്ടത്തിൽ

രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ	16255
പുന: പരിശോധനയക്കായി രജിസ്റ്റർ ചെയ്ത കേസുകൾ– 234,271	234271
കിടത്തി ചികിത്സിച്ച രേഗികൾ	11416
റേഡിയോ തെറാപ്പി	7141
ബ്രാച്ചി തെറാപ്പി	1482
ശാസ്ത്രക്രിയ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ	6539
എൻഡോസ്കോപ്പിക് പ്രവർത്തനങ്ങൾ	2045
കീമോതെറാപ്പി	10572
മജ്ജമാറ്റിവയ്ക്കൽ	41
ക്യാൻസർ രോഗ നിർണ്ണയ പരിപാടകൾ	423
ക്യാൻസർ രോഗ വിദ്യാഭ്യാസ പരിപാടികൾ	280
നിലവിലുള്ള ഗവേഷണ പ്രോജക്ടുകൾ	155

അവലംബം: ആര്.സി.സി, തിരുവനന്തപുരം

പട്ടിക3.3.7
കഴിഞ്ഞ 5 വർഷങ്ങളിൽ റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ (2012–13 മുതൽ 2016–17 വരെ)

വർഷം	പുതിയ കേസുകളുടെ എണ്ണം
2012–13	14958
2013–14	14903
2014–15	15999
2015–16	16042
2016–17	16255
ആകെ	**78157**

അവലംബം: ആര്.സി.സി, തിരുവനന്തപുരം

റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ സെന്ററായി ഉയർത്തൽ

ക്യാൻസർ, പ്രമേഹം, കാർഡിയോവാസ്ക്കുലാർ രോഗങ്ങൾ, പക്ഷാഘാതം എന്നീ രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള ദേശീയ പരിപാടിയുടെ (എൻ.പി.സി.ഡി.സി. എസ്) കീഴിൽ റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ സെന്ററായി ഉയർത്തുന്നതിനായി 120 കോടി ചെലവ് വരുന്ന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പദ്ധതി ചെലവിന്റെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. 2016–17 ൽ ഇതിന്റെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ തവണയായി 46.95 കോടി രൂപ അനുവദിയ്ക്കുകയുണ്ടായി. ഇതേ വർഷം സംസ്ഥാന വിഹിതമായി 31.31 കോടി രൂപയും 2017–18 ൽ 10.56 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചു.

ആർ .സി.സി യുടെ രൂപ രേഖ **പട്ടിക 3.3.6** –ൽ നൽകുന്നു.

2012–13 മുതൽ 2016–17 വരെ ഉള്ള കാലയളവിൽ

ചിത്രം3.3.4
വിവിധ ശരീരഭാഗങ്ങളിൽ വ്യാപിച്ച അർബുദ രോഗത്തിന്റെ വിവരങ്ങൾ
(രോഗികളുടെ എണ്ണം ശതമാനത്തിൽ)



അവലംബം: ആർ.സി.സി, തിരുവനന്തപുരം

പട്ടിക3.3.8
2016–17 ൽ ചികിത്സ തേടിയിട്ടുള്ള രോഗികളുടെ എണ്ണം
(പുതിയതും പുനഃ പരിശോധിച്ചതും സ്പെഷ്യാലിറ്റി ക്ലിനിക്ക് അടിസ്ഥാനത്തിൽ)

ക്ലിനിക്	പുതിയത്	റിവ്യൂ	ആകെ
നെഞ്ച്. ഗ്രാസ്ട്രോഇന്റസ്റ്റിനൽ	3782	35009	38791
ഗൈനക്, ജനിറ്റിനറി	2764	33259	36023
സ്തനം, കേന്ദ്ര നാഡീ വ്യൂഹം	2621	48567	51188
ഹെഡ്, നെക്ക്	2668	33773	36441
ഹിമറ്റോ ലിം ഫോറിറ്റിക്യുലാർ, ബോൺ, സോഫ്റ്റ്, ടിഷ്യു സർകോമ	2378	45996	48374
പീഡിയാട്രിക്	620	21924	22544
തൈറോയിഡ്	1422	15843	17265
ആകെ	**16255**	**234371**	**250626**

അവലംബം: ആര്.സി.സി, തിരുവനന്തപുരം

ആർ സി സിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **പട്ടിക 3.3.7** –ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3.3.4 – ൽ വിവിധ ശരീരഭാഗങ്ങളിൽ വ്യാപിച്ച അർബുദ രോഗത്തിന്റെ വിവരങ്ങൾ 2016–17 ൽ രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണത്തിന്റെ ശതമാനത്തിൽ കാണിച്ചിരിക്കുന്നു.

ഈ കാലയളവിൽ കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് നെഞ്ച് ഗ്രാസ്ട്രോഇന്റസ്റ്റിനൽ അർബുദ രോഗങ്ങൾക്കാണ്. തുടർന്ന് ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത് ഗർഭാശയ, ജെനിറ്റോ യൂറിനറി, ബ്രെസ്റ്റ് കേന്ദ്രനാഡീ വ്യവസ്ഥാ ക്യാൻസറുകളാണ്. 2016–17 ൽ പുതിയതായി ചികിത്സ തേടിയിട്ടുള്ളതും പുനഃപരിശോധനയ്ക്ക് വിധേയമായതുമായ രോഗികളുടെ എണ്ണം **പട്ടിക 3.3.8** –ൽ കൊടുത്തിരിക്കുന്നു.

പ്രായം/എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ

ചിത്രം 3.3.5
2016–17 ൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ പ്രായവും ലിംഗവുമനുസരിച്ചുള്ള കണക്ക്



അവലംബം: ആർ.സി.സി, തിരുവനന്തപുരം

പട്ടിക3.3.9
വിവിധ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്ററർ ചെയ്ത പുതിയ കേസുകളുടെ എണ്ണം (ലിംഗ അടിസ്ഥാനത്തിൽ)

ക്ലിനിക്ക്	പുരുഷൻമാർ	സ്ത്രീകൾ
നെഞ്ച്, ഗ്യാസ്ട്രോഇന്റസ്റ്റിനിയൽ	2698	1084
ഗൈനക്, ജെനിറ്റോയൂറിനറി	986	1778
ബ്രെസ്റ്റ്, കേന്ദ്ര നാഡീവ്യവസ്ഥ	224	2397
ശിരസ്സ്, കഴുത്ത്	2016	652
ഹെമറ്റോലിംഫറ്റിക്യുലേർ, മജ്ജ, സോഫ്റ്റ്ടിഷ്യുസർക്കോമ	1419	959
പീഡിയാട്രിക്ക്	348	272
തൈറോയിഡ്	266	1156
ആകെ	**7957**	**8298**

അവലംബം: ആർ.സി.സി, തിരുവനന്തപുരം

സൂചിപ്പിക്കുന്നത് രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ മധ്യവയസ്കരാണ് കൂടുതൽ രോഗ ബാധിതർ എന്നാണ്. പുരുഷന്മാരിൽ 55–64 പ്രായമുള്ളവരിൽ ഏകദേശം 28.8 ശതമാനം പേർ രോഗ ബാധിതരാണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ ഇതിലും കുറഞ്ഞ പ്രായമുള്ളവരാണ് രോഗ ബാധിതർ. അതായത് 24.5 ശതമാനം ക്യാൻസർ ബാധിതരായ സ്ത്രീകൾ ഉൾപ്പെടുന്നത്. 45–54 പ്രായ പരിധിയിലാണ്. (25.1 ശതമാനം) **ചിത്രം 3.3.5** –ൽ ലിംഗ / പ്രായമനുസരിച്ച് 2016–17 ൽ ആർ.സി.സി യിൽ കാൻസർ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത രോഗികളുടെ വിവരങ്ങൾ കൊടുത്തിരിക്കുന്നു.

അർബ്ബുദ രോഗികളുടെ എണ്ണം ലിംഗാടിസ്ഥാനത്തിൽ (ശതമാനം)

വിവിധ സ്പെഷാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **പട്ടിക 3.3.9** – ൽ കൊടുത്തിരിക്കുന്നു. **പട്ടിക**

പട്ടിക3.3.10
ആർ.സി.സി യിലെ എച്ച്.ബി.സി.ആർ സെന്റർ രജിസ്റ്റർ ചെയ്ത പ്രകാരം ലിംഗാടിസ്ഥാനത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം (ശതമാനത്തിൽ) 2016-17

സിസ്റ്റം	പുരുഷൻമാർ N=7172	സ്ത്രീകൾ N =7329
ബ്രെയിൻ, നാഡീ വ്യവസ്ഥ	2.4	1.9
ഓറൽ ക്യാവിറ്റി&ഫാരിങ്സ്	19.5	6.8
തൈറോയിഡ്	3.9	15.6
റെസ്പിറേറ്ററി സിസ്റ്റം	19.5	3.6
ബ്രെസ്റ്റ്	0.5	28.3
അന്നനാളം, ഉദരം	8.1	3.3
ദഹന വ്യവസ്ഥയുമായി ബന്ധപ്പെട്ട മറ്റ് അവയവങ്ങൾ	13.1	6.8
യൂറിനറി ട്രാക്റ്റ്	3.7	1.1
റീപ്രൊഡക്റ്റീവ് സിസ്റ്റം	5.9	17.2
ബോൺ, ടിഷ്യൂ, ത്വക്ക്	4.1	2.7
ലുക്കീമിയ, മെലോമ	9.4	7.2
ലിംഫോമ	7.4	3.6
മറ്റുള്ളവ	2.8	1.9

അവലംബം: ആർ.സി.സി, തിരുവനന്തപുരം

പട്ടിക3.3.11
എച്ച്.ബി.സി.ആർ യൂണിറ്റ് - രോഗികളുടെ എണ്ണം (ലിംഗ അടിസ്ഥാനത്തിൽ)

സൈറ്റ്	പുരുഷന്മാർ		സ്ത്രീകൾ		ആകെ	
	എണ്ണം	%	എണ്ണം	%	എണ്ണം	%
ഇവേസീവ്	7172	90.2	7329	88	14501	89.2
നോൺ ഇവേസീവ്	785	9.8	969	12	1754	10.8
ആകെ രജിസ്ടർ ചെയ്തവ	7957	100	8298	100	16255	100

അവലംബം: ആർ.സി.സി, തിരുവനന്തപുരം

3.3.10 -ൽ ലിംഗാടിസ്ഥാനത്തിൽ അർബുദ രോഗികളുടെ എണ്ണം ശതമാനത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ചിലതരം അർബുദ രോഗങ്ങൾ ബാധിക്കുന്നതിലെ ലിംഗഭേദം കണക്കിലെടുത്താൽ ഓറൽ ക്യാവിറ്റി, ഫാരിൻകസ് ക്യാൻസർ, ശ്വാസകോശ ക്യാൻസർ എന്നിവ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷൻമാരെയാണ് ബാധിക്കുന്നത് എന്ന് കാണാം.

ആർ.സി.സി യിലെ എച്ച്.ബി.സി.ആർ സെന്ററിൽ 2016-17 ൽ രജിസ്റ്റർ ചെയ്ത ക്യാൻസർ രോഗികളുടെ എണ്ണം ലിംഗാടിസ്ഥാനത്തിൽ **പട്ടിക 3.3.11**- ൽ കൊടുത്തിരിക്കുന്നു.

2016-17 ൽ മൊത്തം രജിസ്റ്റർ ചെയ്ത 16,258 കേസുകളിൽ 14,501 എണ്ണം ഇവേസീവ് ക്യാൻസറും 1,754 എണ്ണം നോൺ ഇവേസീവ് ക്യാൻസറും ആണ്.

റഫറൽ സിസ്റ്റം

ത്രിദീയ തലത്തിലുള്ള ഒരു റഫറൽ ആശുപത്രിയായ ആർ.സി.സി. യിലേക്ക് മറ്റ്

പട്ടിക 3.3.12
കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ (2016-17)

ക്രമ.നം	പദ്ധതി	രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയത്)	പ്രയോജനം ലഭിച്ചവരുടെ എണ്ണം	ചെലവായ തുക (ലക്ഷത്തിൽ)
1	പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട്	204	953	180.49
2	ആരോഗ്യമന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യനിധി	505	2053	263.73
3	ആരോഗ്യമന്ത്രിയുടെ ഡിസ്ക്രീ-ഷണറി ഫണ്ട്		15	.42
4	ഇന്ത്യൻ ക്യാൻസർ സൊസൈറ്റി	26	202	35.37
സംസ്ഥാന സർക്കാർ പദ്ധതികൾ				
5	ക്യാൻസർ സുരക്ഷ പദ്ധതി	541	4390	602.68
6	ചിസ് പ്ലസ്സ്	5232	27210	1416.25
7	കാരുണ്യ ഫണ്ട്	4179	17349	2929.58
8	സുകലം	2585	6043	1654.61
9	താലോലം	13	83	4.74
10	പട്ടിക വർഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട്	24	305	24.11
11	എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി	3	37	4.22
ആകെ		**13312**	**58640**	**7116.2**

അവലംബം: ആർ.സി.സി, തിരുവനന്തപുരം

സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നുമുള്ള രോഗികളെ റഫർ ചെയ്യപ്പെടുന്നു. 2016-17 കാലയളവിൽ ആർ.സി.സി യിലേക്ക് ആകെ 16,255 കേസുകൾ റഫർ ചെയ്തു. 2016-17 ൽ തിരുവനന്തപുരം ജില്ലയിൽ നിന്നുമാണ് മിക്കവാറും കേസുകൾ റഫർ ചെയ്യപ്പെട്ടത്. (3757 കേസുകൾ) തുടർന്ന് കൊല്ലം(2,782), മലപ്പുറം (1,112), പാലക്കാട് (1,037), ആലപ്പുഴ(933) എന്നിവിടങ്ങളിൽ നിന്നുമാണ്. കൂടാതെ തമിഴ്നാട്ടിൽ നിന്നും 1908 കേസുകളും കർണ്ണാടകയിൽ നിന്നും 29 ഉം ലക്ഷദ്വീപിൽ നിന്ന് 15 ഉം, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും 56 ഉം റഫർ ചെയ്യപ്പെട്ടിട്ടുണ്ട്. 2016-17 ൽ മാലിദ്വീപിൽ നിന്ന് 178 പേരേയും മിഡിൽ ഈസ്റ്റിൽ നിന്നും 16 പേരേയും റഫർ ചെയ്തിട്ടുണ്ട്.

കേന്ദ്ര -സംസ്ഥാന സർക്കാർ പദ്ധതികൾ

രോഗികൾക്ക് സൗജന്യ നിരക്കിലും കുറഞ്ഞ നിരക്കിലും ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ കാരുണ്യ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 3.3.12**-ൽ കൊടുത്തിരിക്കുന്നു.

ആർ.സി.സിയുടെ പ്രധാന സംരംഭങ്ങൾ

സർക്കാർ സഹായ പദ്ധതികൾക്കു പുറമേ

കാൻസർ രോഗികളെയും കുടുംബങ്ങളെയും താഴെ പറയുന്ന മറ്റു പദ്ധതികൾ വഴിയും സഹായിക്കുന്നു.

1. **ക്യാൻസർ കെയർ ഫോർ ലൈഫ് (സി.സി.എൽ) പദ്ധതി** – ക്യാൻസർ രോഗ ചികിത്സയ്ക്കായുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്. ജനങ്ങളിൽ നിന്നുമുള്ള പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി ആർ.സി.സി പരിഷ്ക്കരിക്കുന്നുണ്ട്. 2015–16 ൽ ഈ പദ്ധതി പ്രകാരം 179 രോഗികൾ ചികിത്സ നേടിയിട്ടുണ്ട്.

2. **സൗജന്യമരുന്ന് ബാങ്ക്** – പ്രത്യേകമാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി, ആർ.സി.സിയുടെ ഡയറക്ടർ രൂപീകരിച്ചിട്ടുള്ള ഒരു കമ്മറ്റിയുടെ നിരീക്ഷണങ്ങൾക്കനുസരിച്ചാണ് ഈ സൗജന്യമരുന്ന് ബാങ്ക് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 3,440 രോഗികൾക്ക്പൂർണ്ണമായോഭാഗികമായോ ഇതിലൂടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

3. **സൗജന്യ ഭക്ഷണം (അക്ഷയപാത്രം)** വിവിധ സഹായ സംഘടനകളുടെ സഹായത്തോടെ 2016–17 ൽ മെച്ചമല്ലാത്ത സാമൂഹിക സാമ്പത്തിക സ്ഥിതിയിലുള്ള 6750 രോഗികൾക്ക് ഭക്ഷണം സൗജന്യമായി നൽകിയിട്ടുണ്ട്.

4. **രോഗ ബാധിതരായ കുട്ടികൾക്കുള്ള സഹായം** – ശിശുരോഗ വിഭാഗവുമായി ചേർന്ന് പ്രവർത്തിക്കുന്ന സന്നന്ധസംഘടനയായ 'പ്രത്യാശ' കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായവും മാനസിക പിന്തുണയും നൽകുന്നു.

5. ഇന്ത്യൻ ക്യാൻസർ സൊസൈറ്റിയുടെ സഹായ പദ്ധതി – ക്യാൻസർ രോഗ ചികിത്സക്കായി ഇന്ത്യൻ ക്യാൻസർ സെന്ററിന്റെ സഹായം ലഭിക്കുന്ന രാജ്യത്തുട നീളമുള്ള 5 ക്യാൻസർ സെന്ററുകളിൽ ഒന്നായി ആർ.സി.സി യെ തെരഞ്ഞെടുത്തിട്ടുണ്ട് .

ഗവേഷണ വികസന പരിപാടികൾ

ഒരു മുൻനിര ക്യാൻസർ ഗവേഷണ സ്ഥാപനമെന്ന നിലയിൽ ധാരാളം പി.എച്ച്. ഡികൾ ആർ.സി.സി നൽകിയിട്ടുണ്ട്. 2016–17 ൽ ഏകദേശം 25 ഗവേഷകർ ഗവേഷണം നടത്തുന്നു, 33 പേർ വൈദ്യശാസ്ത്രം, ശിശുരോഗം, സർജിക്കൽ ഓങ്കോളജി എന്നീ വിഷയങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും 49 പേർ അനസ്തേഷ്യ, രോഗനിർണ്ണയ ശാസ്ത്രം, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും പഠിക്കുന്നു. 155 ഗവേഷണ പദ്ധതികളും ആർ. സി.സി. ഏറ്റെടുത്തിട്ടുണ്ട്.

ക്യാൻസർ നിയന്ത്രണ പരിപാടികൾ, 2016-17

പരിശീലകർ–പരിശീലന പരിപാടി – സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലെ ആരോഗ്യസംരക്ഷണദായകരായ ഡോക്ടർമാർ, വൈദ്യശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്കായി 53 പരിശീലകർ–പരിശീലന പരിപാടി നടത്തുകയും 2352 പേർക്ക് പരിശീലനം ലഭിക്കുകയും ചെയ്തു.

അന്താരാഷ്ട്ര കോൾപോസ്കോപ്പി സ്കൂൾ – 8 ഗൈനക്കോളജി വിദഗ്ധർക്ക്വി.ഐ.എ, വി.ഐ.എൽ.ഐ, കോൾപോസ്കോപ്പി എന്നിവ സംബന്ധിച്ച് ഒരാഴ്ചത്തെ പരിശീലനവും 151 ബി.എസ്.സി. (എം.എൽ.റ്റി) വിദ്യാർത്ഥികൾക്ക്ഓറിയന്റേഷൻ പ്രോഗ്രാമും നടത്തി.

പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തുന്നതിനുള്ള പരിപാടി 2016

റിപ്പോർട്ട് കാലയളവിൽ പ്രാരംഭദിശയിൽ ക്യാൻസർ കണ്ടെത്തുന്നതിനുള്ളവിഭാഗത്തിൽ 10,483 പേർ പരിശോധനയ്ക്ക് വിധേയരാവുകയും 7,111 പേർ ഔട്ട്റീച്ച് ക്യാമ്പുകളിൽ പങ്കെടുക്കുകയും ചെയ്തു.

ക്യാൻസർ ഔട്ട്റീച്ച് പ്രോഗ്രാമുകൾ-2016

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന 102 പരിശോധന ക്യാമ്പുകളിൽ 2016–17 ൽ 9,223 പേർ പരിശോധനയ്ക്ക് വിധേയമായി. സമൂഹത്തിൽ ക്യാൻസർ അവബോധം നൽകുന്നതിനായി 6,971 പേർ സംബന്ധിച്ച 48 ക്യാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. കൂടാതെ ഇടുക്കി ജില്ലയിൽ 10 ക്യാൻസർ ബോധവൽക്കരണ പരിപാടികളും 9 പരിശോധന ക്യാമ്പുകളും നടത്തുകയുണ്ടായി.

ഉപസംഹാരം

ക്യാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിന് പ്രാധാന്യം നൽകേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിൽ പ്രാഥമിക, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പ്രധാന പങ്കു വഹിക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ ഏജൻസികളുടെ കൂട്ടുതലായുള്ള ഇടപെടൽ ഇതിനാവശ്യമാണ്. പ്രാഥമിക, ദ്വിതീയ ക്യാൻസർ തടയുന്നതിന് വ്യാപകമായ രീതിയിൽ സാമൂഹ്യ അടിസ്ഥാനത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

3.4 വിദേശ രംഗം

ഇന്ത്യയിൽനിന്നുള്ള എല്ലാ ഇറക്കുമതിയും കയറ്റുമതിയും ഉൾപ്പെടുന്നതാണ് ഇന്ത്യയുടെ വിദേശവാണിജ്യം ഏകദേശം 190 രാജ്യങ്ങളിലേക്ക് 7,500 വസ്തുക്കൾ ഇന്ത്യയിൽ നിന്നും കയററുമതി ചെയ്യുകയും 6,000 വസ്തുക്കൾ 140 രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കണക്കു പ്രകാരം ഇന്ത്യയുടെ കയററുമതി മൂല്യത്തിൽ 2016-2017 വർഷം 4.71 ശതമാനം വളർച്ച ഉണ്ടായിരുന്നു. 2015-16-ൽ ഇത് 1,716,377.99 കോടി രൂപയായിരുന്നത് 2016-17-ൽ 1,841,314.39 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ 12 മാസത്തെ കയറ്റുമതിയിലുള്ള വളർച്ചയുടെ തുടർച്ചയായി, കയറ്റുമതി മൂല്യം ആഗസ്റ്റ് 2016-ൽ 144,570.03 കോടി രൂപയായിരുന്നത് 2017 ആഗസ്റ്റ് -ൽ 5.39 ശതമാനം വർദ്ധിച്ച് 152,365.23 കോടി രൂപയായി. ശുദ്ധിചെയ്ത പെട്രോളിയം, രത്നങ്ങൾ, അമൂല്യമായ ലോഹങ്ങൾ, നാണയങ്ങൾ, വാഹനങ്ങൾ, യന്ത്രങ്ങൾ, എൻജിനുകൾ, പമ്പുകൾ, ജൈവ രാസവസ്തുക്കൾ, മരുന്നുകൾ, ഭക്ഷ്യ ധാന്യങ്ങൾ, ഇരുമ്പ്, ഉരുക്ക്, തുണിത്തരങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ എന്നിവയാണ് കയറ്റുമതി ചെയ്യുന്ന 10 പ്രധാന വസ്തുക്കൾ.

പ്രധാനമായും എൻജിനീയറിംഗ് സാമഗ്രികൾ (19.53 ശതമാനം), പെട്രോളിയം ഉല്പന്നങ്ങൾ (36.56 ശതമാനം), ജൈവ അജൈവ രാസവസ്തുക്കൾ (32.41 ശതമാനം), മരുന്നുകളും ഔഷധങ്ങളും (4.21 ശതമാനം), എല്ലാത്തുണിത്തരങ്ങളുടെയും റെഡിമെയിഡ് ഗാർമെന്റ്സ് (0.56 ശതമാനം) എന്നിവയുടെ കയറ്റുമതിയിലാണ് കഴിഞ്ഞ വർഷം ഇതേ കാലയളവിലെ കയറ്റുമതിയേക്കാൾ വളർച്ചയുണ്ടായിട്ടുള്ളത്. 2017-18 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ മൊത്തം കയറ്റുമതി കഴിഞ്ഞ വർഷം ഇതേ കാലയളവിലെ കയറ്റുമതിയായ 731,420.12 കോടി രൂപയിൽനിന്നും 4.34 ശതമാനം വർദ്ധിച്ച് 76,145.37 കോടി രൂപയായി ഉയർന്നു. ഇറക്കുമതി മുൻവർഷത്തേക്കാൾ 2.43 ശതമാനം വർദ്ധന രേഖപ്പെടുത്തി. 2016-17 വർഷം 2,550,926.19 കോടി രൂപയുടെ ഇറക്കുമതി ഇന്ത്യ നടത്തുകയുണ്ടായി. മുൻ വർഷം ഇത് 2,490,298.03 കോടി രൂപയായിരുന്നു. ആഗസ്റ്റ് 2016-ൽ 196,154.44 കോടി രൂപയായിരുന്ന ഇറക്കുമമൂല്യം 15.65 ശതമാനം വർദ്ധിച്ച് 2017 ആഗസ്റ്റിൽ 226,849.74 കോടി രൂപയായി. 2017-18 -ൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ ഇന്ത്യ 1,169,589.74 കോടി രൂപ മൂല്യം വരുന്ന ഇറക്കുമതി നടത്തി. ഇത് കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ ഇറക്കുമതി മൂല്യമായ 961,178.43 കോടി രൂപയേക്കാൾ 21.68 ശതമാനം കൂടുതലാണ്. എണ്ണ, രത്നങ്ങൾ, അമൂല്യമായ ലോഹങ്ങൾ, നാണയങ്ങൾ, ഇലക്ട്രോണിക്സ് സാധനങ്ങൾ, യന്ത്രങ്ങൾ, എൻജിനുകൾ, പമ്പുകൾ, ജൈവ രാസവസ്തുക്കൾ, പ്ലാസ്റ്റിക്സ്, ഇരുമ്പുരുക്ക് സാധനങ്ങൾ, മൃഗങ്ങളുടെയും സസ്യങ്ങളുടെയും കൊഴുപ്പുകളും എണ്ണകളും, അയിരുകൾ, ലോഹമാലിന്യം, ലോഹാവശിഷ്ടം, ചാരം, മെഡിക്കൽ സാങ്കേതിക ഉപകരണങ്ങൾ എന്നിവയാണ് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന 10 പ്രധാനപ്പെട്ട സാമഗ്രികൾ.

കഴിഞ്ഞവർഷം ഇതേകാലയളവിനെ സംബന്ധിച്ച് ആഗസ്റ്റ് 2017-ൽ ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയ സാധനങ്ങൾ പെട്രോളിയം, പെട്രോളിയം ഉല്പന്നങ്ങൾ (14.22 ശതമാനം), ഇലക്ട്രോണിക്സ് സാധനങ്ങൾ (27.44 ശതമാനം), യന്ത്രങ്ങൾ, ഇലക്ട്രിക്കലും ഇലക്ട്രിക്കൽ അല്ലാത്തവയും (18.35 ശതമാനം), സ്വർണ്ണം (68.90 ശതമാനം), പവിഴം, അമൂല്യമായ കല്ലുകൾ (30.88 ശതമാനം) എന്നിവയാണ്.

കയറ്റുമതിയിൽ തുടർച്ചയായുള്ള ഇടിവിന്റെ പ്രവണത നേരിടുന്നതിനും വ്യാപാര വ്യവസായ പ്രവർത്തനങ്ങൾ എളുപ്പമാക്കുന്നതിനും നിർമ്മാണ സേവനമേലകളിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നല്കിക്കൊണ്ട് ഒരു പുതിയ വിദേശ വ്യാപാരനയത്തിന് 2015-20 കാലഘട്ടത്തിലേയ്ക്ക് ഇന്ത്യാ ഗവണ്മെന്റ് (എഫ്.ടി.പി.) തുടക്കമിട്ടു. കേന്ദ്രസർക്കാരിന്റെ 'മേക്ക് ഇൻ ഇന്ത്യ',

'ഡിജിറ്റൽ ഇന്ത്യ' എന്നീ പരിപാടികൾ ഇതിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള ഒരു രൂപരേഖയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ വിദേശ വാണിജ്യം

സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിൽ നല്ലൊരുഭാഗം സംഭാവനചെയ്യുന്നതിലൂടെ രാജ്യത്തിന്റെ കയറ്റുമതിയിൽ കേരളം പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ വിദേശവാണിജ്യം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണ് നടക്കുന്നത്. കശുവണ്ടി, കയർ, കയറുല്പന്നങ്ങൾ, തേയില, കാപ്പി, കുരുമുളക്, ഏലം, ഇഞ്ചി, മറ്റ് സുഗന്ധവ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജനങ്ങളുടെ എണ്ണ, സമുദ്രോല്പന്നങ്ങൾ, യന്ത്രസാമഗ്രികൾ, രാസവസ്തുക്കൾ, കല്ക്കരി, രാസവളം, അസംസ്കൃതവസ്തുക്കൾ എന്നിവയാണ് കേരളത്തിന്റെ പ്രധാന വിദേശവ്യാപാര സാധനങ്ങൾ.

ആഭ്യന്തരവും വിദേശവും ഉൾപ്പെടെ കൊച്ചിതുറമുഖം 2015–16–ൽ കൈകാര്യംചെയ്തിരുന്ന മൊത്തം ചരക്ക് 220.18 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 13.16 ശതമാനം വർദ്ധിച്ച് 2016–17 –ൽ 250.07 ലക്ഷം ടണ്ണായി. 2015–16–ൽ ഇതിന് മുൻപുള്ള വർഷത്തേക്കാൾ 2.33 ശതമാനം വളർച്ചയേ ഉണ്ടായിരുന്നുള്ളൂ. ഇതിൽ, 47.59 ലക്ഷം ടൺ കയറ്റുമതിയും 202.48 ലക്ഷം ടൺ ഇറക്കുമതിയുമാണ്. (**പട്ടിക 3.4.1** കാണുക)

കൊച്ചിതുറമുഖം വഴിയുള്ള വിദേശ, ആഭ്യന്തര കയറ്റുമതി 2016–17 – ൽ 21.59 ശതമാനം വർദ്ധിച്ചു. (**അനുബന്ധം 3.4.1**). ആഭ്യന്തര കയറ്റുമതി 2015–16 – ൽ 12.86 ലക്ഷം ടണ്ണായിരുന്നത് 2016–17–ൽ 14.18 ലക്ഷം ടണ്ണായും വിദേശ കയറ്റുമതി 2015–16–ൽ 26.28 ലക്ഷം ടണ്ണായിരുന്നത് 2016–17–ൽ 33.41 ലക്ഷം ടണ്ണായും വർദ്ധിച്ചു. അവലോകന വർഷം മൊത്തം ഇറക്കുമതി 2015–16 വർഷത്തേക്കാൾ 11.35 ശതമാനം വർദ്ധിച്ച് 202.48 ലക്ഷം ടണ്ണായി ഉയർന്നു. ഈ കാലയളവിൽ വിദേശ ഇറക്കുമതി 121.44 ലക്ഷം ടണ്ണിൽനിന്നും 145.92 ലക്ഷം ടണ്ണായി ഉയർന്നതാണ് ഇതിനു കാരണം. ആഭ്യന്തര ഇറക്കുമതി ഈ കാലയളവിൽ മുൻവർഷത്തേയ്ക്കാൾ 6.35 ശതമാനം കുറയുകയാണുണ്ടായത്.

തേയില, കശുവണ്ടി, കയർ, കയറുല്പന്നങ്ങൾ, കാപ്പി, കുരുമുളക്, ഏലം, ഇഞ്ചി, മറ്റ് സുഗന്ധവ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജന എണ്ണ, സമുദ്രോല്പന്നങ്ങൾ, യന്ത്രസാമഗ്രികൾ, രാസവസ്തുക്കൾ, രാസവളം മറ്റ് അസംസ്കൃത സാധനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റുമതിചെയ്യുന്ന പ്രധാന വസ്തുക്കൾ. മുൻവർഷങ്ങളിൽ രേഖപ്പെടുത്തിയതുപോലെ തന്നെ 2016–17 വർഷവും തേയില, അസംസ്കൃത കശുവണ്ടി എന്നിവയുടെ കയറ്റുമതിയിലെ കുറവ് തുടരുകയാണുണ്ടായത്. തേയില, കശുവണ്ടിപ്പരിപ്പ്

പട്ടിക 3.4.1
കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ
2011–12മുതൽ 2016–17വരെ
(അളവ് : ലക്ഷം മെട്രിക്ടണ്ണിൽ)

വ്യാപാരം	കയറ്റുമതി						ഇറക്കുമതി					
	2011–12	2012–13	2013–14	2014–15	2015–16	2016–17	2011–12	2012–13	2013–14	2014–15	2015–16	2016–17
1	2	3	4	5	6	7	8	9	10	11	12	13
ആഭ്യന്തരം	14.86	14.05	17.18	16.48	12.86	14.18	51.74	52.12	60.63	52.15	60.4	56.56
വിദേശം	28.25	24.29	25.32	24.10	26.28	33.41	106.06	107.99	105.73	123.22	121.44	145.92
ആകെ	**43.11**	**38.34**	**42.50**	**40.58**	**39.14**	**47.59**	**157.80**	**160.11**	**166.36**	**175.37**	**181.84**	**202.48**

അവലംബം: വാർഷിക റിപ്പോർട്ട് 2015-16 കൊച്ചിൻ പോർട്ട് ട്രസ്റ്റ്

എന്നിവയുടെ കയറ്റുമതിയിൽ യഥാക്രമം 4.19 ശതമാനത്തിന്റെയും, 22.75 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തി. ഏറെകാലങ്ങൾക്കുശേഷം കയറിന്റെ കയറ്റുമതിയിൽ ഭീമമായ വളർച്ചയാണുണ്ടായിട്ടുള്ളത്. 2015–16–ൽ നിന്ന് ഈ കാലയളവിലെ കയറ്റുമതി 69.89 ശതമാനം വർദ്ധിച്ച് 211,177 മെട്രിക് ടണ്ണായി. കടലിൽനിന്നും ലഭിക്കുന്ന ഭക്ഷ്യ സമ്പത്ത്, കാപ്പി എന്നിവയുടെ കയറ്റുമതിയിൽ യഥാക്രമം 16.43 ശതമാനവും 2.11 ശതമാനവും വളർച്ച ഈ കാലയളവിൽ ഉണ്ടായി. മൊത്തം കയറ്റുമതി 2015–16–ൽ 39.14 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 21.59 ശതമാനം വർദ്ധിച്ച് 2016–17–ൽ 47.59 ലക്ഷം മെട്രിക് ടണ്ണായി. 2011–12–ൽ 43.11 ലക്ഷം മെട്രിക് ടണ്ണായിരുന്ന കയറ്റുമതിയുടെ അളവ് ആറുവർഷത്തെ കാലയളവിൽ 10.39 ശതമാനം മാത്രം വളർച്ച രേഖപ്പെടുത്തി 2016–17–ൽ 47.59 ലക്ഷം മെട്രിക് ടണ്ണായി. (**അനുബന്ധം 3.4.1**)

കൊച്ചിതുറമുഖം മുഖേനയുള്ള ഇറക്കുമതിയിലുള്ള വർദ്ധന 2016–17ലും തുടർന്നു. 2015–16–ൽ 181.84 ലക്ഷം ടണ്ണായിരുന്ന ഇറക്കുമതി 11.36 ശതമാനം വർദ്ധിച്ച് 2016–17 –ൽ 202.48 ലക്ഷം ടണ്ണായി. രാസവളം, അസംസ്കൃത വസ്തുക്കൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രസാമഗ്രികൾ, പത്രക്കടലാസ്, അസംസ്കൃത കശുവണ്ടി, ഭക്ഷ്യധാന്യം, പെട്രോളിയം എന്നിവയാണ് പ്രധാന ഇറക്കുമതി സാധനങ്ങൾ. 2016–17–ൽ രാസവളങ്ങളുടെയും അസംസ്കൃത സാധനങ്ങളുടെയും ഇറക്കുമതിയിൽ 0.41 ശതമാനം കുറവുണ്ടായി. പലവക സാധനങ്ങളുടെ ഇറക്കുമതി 2016–17–ൽ 11.74 ശതമാനം വർദ്ധിച്ചു. 2015–16–ൽ ഇത് 4.63 ശതമാനമായിരുന്നു. ഇരുമ്പുരുക്ക്, യന്ത്രസാമഗ്രികൾ എന്നിവയുടെ ഇറക്കുമതിയിൽ 2015–16 വർഷം 44.47 ശതമാനം വർദ്ധനവുണ്ടായപ്പോൾ 2016–17–ൽ 35.33 ശതമാനം കുറവാണുണ്ടായിട്ടുള്ളത്. അവലോകന കാലയളവിൽ കൊച്ചിതുറമുഖം വഴി 174,344 മെട്രിക് ടൺ ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്തു. ഈ കാലയളവിൽ കൊച്ചിതുറമുഖം വഴി പത്രക്കടലാസ് ഇറക്കുമതി ചെയ്തിട്ടില്ല. അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയിൽ 44.21 ശതമാനം കുറവുണ്ടായി. അസംസ്കൃത കശുവണ്ടി, വളവും അസംസ്കൃത വസ്തുക്കളും, പലവക സാധനങ്ങൾ എന്നിവയൊഴികെ എല്ലാത്തിന്റെയും ഇറക്കുമതിയിൽ ഈ കാലയളവിൽ കുറവുണ്ടായി. (**അനുബന്ധം 3.4.2** കാണുക)

സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി

അന്താരാഷ്ട്ര കമ്പോളത്തിൽ ഇന്ത്യയിൽനിന്നുള്ള ശീതീകരിച്ച ചെമ്മീനിനും മത്സ്യത്തിനുമുള്ള ഡിമാന്റ് കുതിച്ചുയരുമ്പോൾ ഇന്ത്യ 2016–17–ൽ 37,870.91 കോടി രൂപ മൂല്യംവരുന്ന 11.35 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി. മുൻവർഷം ഇത് 30,420.83 കോടി രൂപ മൂല്യമുള്ള 9.46 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2015–16 വർഷവുമായി താരതമ്യംചെയ്യുമ്പോൾ സമുദ്രോല്പന്ന കയറ്റുമതിയുടെ അളവിലും മൂല്യത്തിലും 2016–17 –ൽ യഥാക്രമം 19.98 ശതമാനവും 24.49 ശതമാനവും വർദ്ധനവുണ്ടായി. കേരളത്തിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ അളവിലും മൂല്യത്തിലും 2016–17–ൽ മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവുണ്ടായി. സമുദ്രോല്പന്ന കയറ്റുമതി 2015–16–ൽ 1.49 ലക്ഷംമെട്രിക്ടണ്ണായിരുന്നത് 2016–17 –ൽ 1.59 ലക്ഷം മെട്രിക്ടണ്ണായി വർദ്ധിച്ചു. കയറ്റുമതിമൂല്യം 4,644.42കോടി രൂപയിൽ നിന്നും 5008.54 കോടി രൂപയായി ഉയർന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അവലോകന കാലയളവിൽ 15.77 ശതമാനത്തിൽ നിന്നും 14.02 ശതമാനമായും മൂല്യത്തിന്റെ കാര്യത്തിൽ 15.27 ശതമാനത്തിൽനിന്ന് 13.23 ശതമാനമായും കുറഞ്ഞു. 2010–11 മുതൽ 2016–17 വരെയുള്ള കാലയളവിൽ ഇന്ത്യയിൽനിന്നും കേരളത്തിൽനിന്നുമുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ മൂല്യത്തിൽ യഥാക്രമം 193.54 ശതമാനവും 150.16 ശതമാനവും വർദ്ധനവുണ്ടായി. (**പട്ടിക 3.4.2** കാണുക). കൊഞ്ച്, മത്സ്യം, സ്ക്വിഡ്, ഉണക്കിയ വിഭവങ്ങൾ, തണുപ്പിച്ചതും അല്ലാത്തതുമായ സമുദ്രോല്പന്നങ്ങൾ എന്നിവയാണ് പ്രധാന സമുദ്രോല്പന്ന കയറ്റുമതി വിഭവങ്ങൾ. 2016–17 –ൽ കേരളത്തിൽനിന്നുമുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 3.4.3** –ൽ കൊടുത്തിരിക്കുന്നു.

2016–17–ൽ ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയുടെ അളവിന്റെ 38.28 ശതമാനവും മൂല്യത്തിന്റെ 65.25 ശതമാനവും രേഖപ്പെടുത്തി ശീതീകരിച്ച ചെമ്മീൻ കയറ്റുമതിയിൽ സ്ഥിരമായി മുന്നിലുള്ള സ്ഥാനം നിലനിർത്തി. 2015–16 –നെ അപേക്ഷിച്ച് ശീതീകരിച്ച ചെമ്മീന്റെ കയറ്റുമതി

പട്ടിക3.4.2
ഇന്ത്യയിലെയുംകേരളത്തിലെയുംസമുദ്രോല്പന്നങ്ങളുടെ കയറ്റുമതി
(2010-11 മുതൽ 2016-17വരെ)
(അളവ് ടണ്ണിലും, മൂല്യം ലക്ഷം രൂപയിലും)

വർഷം	ഇന്ത്യ		കേരളം		കേരളത്തിന്റെ ഓഹരി (ശതമാനത്തിൽ)	
	അളവ്	മൂല്യം	അളവ്	മൂല്യം	അളവ്	മൂല്യം
2010-11	813,091	1,290,147	124,615	200,210	15.33	15.52
2011-12	862,021	1,659,723	155,714	298,833	18.06	18.00
2012-13	928,215	1,885,626	166,399	343,585	17.93	18.22
2013-14	983,756	3,021,326	165,698	470,636	16.84	15.58
2014-15	1051,243	3,344,161	166,754	516,608	15.86	15.45
2015-16	945,892	3,042,083	149,138	464,442	15.77	15.27
2016-17	1134,948	3,787,090	159,141	500,854	14.02	13.23

അവലംബം: സമുദ്രോല്പന്നകയറ്റുമതിവികസനഅതോറിറ്റി

2016-17-ൽ അളവിൽ 16.21 ശതമാനവും മൂല്യത്തിൽ 23.28 ശതമാനവും വർദ്ധിച്ചു. കയറ്റുമതിയിൽ മുൻ വർഷത്തേക്കാൾ 28.84 ശതമാനം വളർച്ച കൈവരിച്ച് രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ശീതീകരിച്ച മത്സ്യത്തിന്റെ അളവ് മൊത്തം കയറ്റുമതിയുടെ 26.15 ശതമാനവും മൂല്യം 11.78 ശതമാനവുമാണ്.

2013-14 മുതൽ കേരളത്തിൽനിന്നുള്ള കയറ്റുമതിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ശീതീകരിച്ച ചെമ്മീനിന്റെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും 2015-16-നെ അപേക്ഷിച്ച് 2016-17-ൽ യഥാക്രമം 10.56 ശതമാനത്തിന്റേയും 8.56 ശതമാനത്തിന്റേയും കുറവുണ്ടായി. 2016-17-ൽ 2,178.01 കോടിമൂല്യം വരുന്ന 45,133 മെട്രിക് ടൺ ചെമ്മീൻ കയറ്റുമതി ചെയ്യുകയുണ്ടായി. ഇത് യഥാക്രമം മൊത്തം കയറ്റുമതിയുടെ മൂല്യത്തിന്റെ 43.49 ശതമാനവും അളവിന്റെ 28.36 ശതമാനവുമാണ്. കയറ്റുമതിയുടെ മൂല്യത്തിന്റെ 19.10 ശതമാനം രേഖപ്പെടുത്തി ശീതീകരിച്ച കണവയ്ക്കാണ് കയറ്റുമതിയിൽ രണ്ടാം സ്ഥാനം.

അമേരിക്കയും തെക്ക്-കിഴക്കേഏഷ്യയും തുടർന്ന് യൂറോപ്യൻ യൂണിയനും ജപ്പാനും സമുദ്രോല്പന്നങ്ങളുടെ ഇറക്കുമതിയിൽ മുൻപന്തിയിലുള്ള സ്ഥാനങ്ങൾ 2016-17 ലും നിലനിർത്തി. ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതി ഏറ്റവും കൂടുതൽ യു.എസ്.എ (30.32 ശതമാനം) യിലേയ്ക്കാണ്. തുടർന്ന് തെക്ക്-കിഴക്കേ ഏഷ്യ (30.27 ശതമാനം), യൂറോപ്യൻ യൂണിയൻ (18.20 ശതമാനം), ജപ്പാൻ (6.92 ശതമാനം), മറ്റു രാജ്യങ്ങൾ (5.92 ശതമാനം), മധ്യേഷ്യ (4.83 ശതമാനം), ചൈന (3.54 ശതമാനം) എന്നിങ്ങനെയാണ് മറ്റ് പ്രദേശങ്ങളിലേയ്ക്കുള്ള സമുദ്രോല്പന്ന കയറ്റുമതി. 2016-17 ൽ ഇന്ത്യയിൽ നിന്നും 1,88,617 മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ യു.എസ്.എ. ഇറക്കുമതി ചെയ്തു. 2015-16 -നെ അപേക്ഷിച്ച് ഇറക്കുമതിയുടെ അളവിൽ 22.72 ശതമാനവും മൂല്യത്തിൽ 33 ശതമാനവും വളർച്ചയാണ് ഈ കാലയളവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2016-17-ൽ ഇന്ത്യയിൽനിന്നുള്ള സമുദ്രോല്പന്ന ഇറക്കുമതിയിൽ മുൻപന്തിയിലുള്ള രാജ്യങ്ങളും അവരുടെ പങ്കും താഴെ കാണിച്ചിരിക്കുന്ന ചിത്രത്തിൽ കൊടുത്തിരിക്കുന്നു. (**ചിത്രം 3.4.1** കാണുക)

കശുവണ്ടി കയറ്റുമതി

കയറ്റുമതി - ഇറക്കുമതി കണക്കുകളനുസരിച്ച് 2015-16-ൽ രാജ്യത്തിന്റെ മൊത്തം കയറ്റുമതിയുടെ 6.84 ശതമാനം കാർഷികോല്പന്നങ്ങളാണ്. അതിൽ മൊത്തം കാർഷികോല്പന്ന കയറ്റുമതിയുടെ 4.28 ശതമാനം സംഭാവന ചെയ്തുകൊണ്ട് കശുവണ്ടി ആറാം സ്ഥാനത്താണ്. 2016-17-ൽ ഇന്ത്യയിൽനിന്നും 5168.78 കോടി രൂപയുടെ 82,302 മെട്രിക്

ചിത്രം 3.4.1
സമുദ്രോല്പന്ന കയറ്റുമതി 2016-17



അവലംബം: കൊച്ചിതുറമുഖ ട്രസ്റ്റ്

ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. 2015-16-ൽ ഇത് 4,952.12 കോടി രൂപയുടെ 96,346 മെട്രിക് ടൺ കശുവണ്ടിയായിരുന്നു. കയറ്റുമതിയുടെ അളവിൽ 14.58 ശതമാനത്തിന്റെ കുറവും മൂല്യത്തിൽ 4.38 ശതമാനത്തിന്റെ വർദ്ധനയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യു.എസ്.എ., യു.എ.ഇ., ജപ്പാൻ, സൗദി അറേബ്യ, നെതർലാന്റ്, ഫ്രാൻസ്, സ്പെയിൻ, ജർമ്മനി, ബൽജിയം, കൊറിയ എന്നിവയാണ് ഇന്ത്യൻ കശുവണ്ടിയുടെ 2016-17-ലെ പ്രധാന കമ്പോളങ്ങൾ. യു.എസ്.എ.യെ രണ്ടാംസ്ഥാനത്താക്കി ഇത് ആദ്യമായി യു.എ.ഇ. ഇന്ത്യയിൽ നിന്നും ഏറ്റവുംകൂടുതൽ കശുവണ്ടി ഇറക്കുമതി ചെയ്യുന്ന രാജ്യമായി. മൊത്തം കശുവണ്ടിയിറക്കുമതിയുടെ 23 ശതമാനം യു.എ.ഇ. യിലും 21 ശതമാനം യു.എസ്.എ.യിലുമാണ്. പ്രധാന കമ്പോളങ്ങളിൽ സിങ്കപ്പൂർ, ഖത്തർ, അൾജീരിയ, ജോർദ്ദാൻ എന്നിവ ഇറക്കുമതിയുടെ അളവിൽ വർദ്ധന രേഖപ്പെടുത്തി. മറ്റ് പ്രധാന കമ്പോളങ്ങളിൽ ഇറക്കുമതി കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.

മുൻവർഷത്തെ അപേക്ഷിച്ച് 2016-17-ൽ കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ കുത്തനെയുള്ള ഇടിവാണുണ്ടായിട്ടുള്ളത്. അളവിൽ 24.87 ശതമാനവും മൂല്യത്തിൽ 6.36 ശതമാനവും കുറവ് ഈ കാലയളവിൽ രേഖപ്പെടുത്തുകയുണ്ടായി. 2016-17 -ൽ കശുവണ്ടി കയറ്റുമതി 2,415.32 കോടി രൂപയുടെ 38054 മെട്രിക് ടണ്ണായിരുന്നു. എന്നാൽ 2015-16 -ൽ 2,579.49 കോടി രൂപയുടെ 50,652 മെട്രിക് ടൺ കശുവണ്ടിയാണ് കയറ്റുമതി ചെയ്തത്. 2015-16 -ൽ ഇന്ത്യയുടെ മൊത്തം കശുവണ്ടി കയറ്റുമതിയുടെ അളവിൽ കേരളത്തിന്റെ വിഹിതം 52.57 ശതമാനമായിരുന്നത് 2016-17-ൽ 46.24 ശതമാനമായി കുറഞ്ഞു. കയറ്റുമതി മൂല്യത്തിന്റെ കാര്യത്തിൽ 2015-16-ൽ 52.09 ശതമാനമായിരുന്നത് 2016-17-ൽ 46.73 ശതമാനമായി കുറഞ്ഞു. (**പട്ടിക 3.4.3** കാണുക)

2015-16-ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിത്തോടെണ്ണക്കയറ്റുമതി 57.59 കോടി രൂപയ്ക്കുള്ള 11,677 മെട്രിക് ടണ്ണായിരുന്നത് 2016-17-ൽ 44 കോടി രൂപയ്ക്കുള്ള 11,422 മെട്രിക് ടണ്ണായി കുറഞ്ഞു. ഇതിന്റെ കയറ്റുമതിയുടെ അളവിലും മൂല്യത്തിലും യഥാക്രമം 2.18 ശതമാനത്തിന്റെയും 23.63 ശതമാനത്തിന്റെയും കുറവാണുണ്ടായിട്ടുള്ളത്. 2015-16-ൽ കൊച്ചിതുറമുഖം വഴിയുള്ള കയറ്റുമതി 0.27 കോടിരൂപയുടെ 111 മെട്രിക് ടണ്ണായിരുന്നു. (**അനുബന്ധം 3.4.4** കാണുക)

പട്ടിക 3.4.3
കശുവണ്ടി കയറ്റുമതി – കേരളം ഇന്ത്യ
(2010–11 മുതൽ 2016–17 വരെ)
(അളവ് : മെട്രിക് ടൺ, മൂല്യം : രൂപ കോടിയിൽ)

വർഷം	കേരളം *		ഇന്ത്യ		കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ)	
	അളവ്	മൂല്യം	അളവ്	മൂല്യം	അളവ്	മൂല്യം
2010–11	56,578	1,478.67	105,755	2,819.39	53.50	52.45
2011–12	68,655	2,295.84	130,869	4,383.82	52.46	52.37
2012–13	53,624	2,138.47	100,105	4,046.23	53.57	52.85
2013–14	65,679	2,861.75	114,791	5,058.73	57.22	56.57
2014–15	68,150	3,098.75	118,952	5,432.85	57.29	57.04
2015–16	50,652	2,579.49	96,346	4,952.12	52.57	52.09
2016–17	38,054	2,415.32	823,02	5,168.78	46.24	46.73

**കൊച്ചി തുറമുഖം വഴിയുള്ള കയറ്റുമതി*
അവലംബം: കാഷ്യു എക്സ്പോർട്ട് കൌൺസിൽ ഓഫ് ഇന്ത്യ

ലോകത്തിലെ അസംസ്കൃത കശുവണ്ടി ഉല്പാദകരിൽ ഒന്നാം സ്ഥാനത്തുതന്നെ ഇന്ത്യ തുടരുകയാണ്. 2015–16–ൽ അസംസ്കൃത കശുവണ്ടി ഉല്പാദനം 670,300 മെട്രിക് ടണ്ണായിരുന്നത് 2016–17–ൽ 779,335 മെട്രിക് ടണ്ണായി. വിയറ്റ്നാം, ബ്രസീൽ, താൻസാനിയ, ഐവറികോസ്റ്റ്, ഗിനിയ, മൊസാംബിക്ക്, ഇന്തോനേഷ്യ എന്നിവയാണ് മറ്റ് പ്രമുഖ അസംസ്കൃത കശുവണ്ടി ഉല്പാദക രാജ്യങ്ങൾ. 2016–17–ൽ 8,839.42 കോടി രൂപയ്ക്കുള്ള 770,446 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇന്ത്യയിലേയ്ക്ക് ഇറക്കുമതിചെയ്തു. 2015–16–ൽ ഇത് 8,561.01 കോടി രൂപയ്ക്കുള്ള 958,339 മെട്രിക് ടണ്ണായിരുന്നു. അസംസ്കൃത കശുവണ്ടിയുടെ യൂണിറ്റ് വില കി.ഗ്രാമിന് 89.33 രൂപയിൽ നിന്നും 114.73 രൂപയായി വർദ്ധിച്ചതാണ് അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിമൂല്യം ഉയർന്നതിനുകാരണം. അതേസമയം കൊച്ചിതുറമുഖം വഴിയുള്ള അസംസ്കൃത കശുവണ്ടി ഇറക്കുമതി 2015–16–ൽ 157,905 മെട്രിക് ടണ്ണായിരുന്നത് 45 ശതമാനം കുറഞ്ഞ് 2016–17–ൽ 86,821 മെട്രിക് ടണ്ണായി.

കാപ്പി കയറ്റുമതി

2016–17 –ൽ ഇന്ത്യയിൽ നിന്നുള്ള കാപ്പി കയറ്റുമതി 5,634.84 കോടി (താൽകാലികം) രൂപയ്ക്കുള്ള 355,665 മെട്രിക് ടണ്ണാകുന്നു. 2015–16–ൽ ഇത് 5,175.61 കോടിരൂപയ്ക്കുള്ള 318,039 മെട്രിക് ടൺ ആയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് അളവിൽ 11.83 ശതമാനവും മൂല്യത്തിൽ 8.87 ശതമാനവും വർദ്ധനവുണ്ടായി. 2016–17–ൽ കേരളത്തിൽ കൊച്ചിതുറമുഖം വഴിയുള്ള കാപ്പി കയറ്റുമതി 885.22 കോടിരൂപയ്ക്കുള്ള 55,874 മെട്രിക് ടണ്ണായിരുന്നു. 2015–16–ൽ ഇത് 858.16 കോടിരൂപയ്ക്കുള്ള 54,720 മെട്രിക് ടൺ ആയിരുന്നു.

തേയില കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള തേയില കയറ്റുമതി 2016–17–ൽ 4,632.50 കോടി രൂപയ്ക്കുള്ള 227,630 മെട്രിക് ടണ്ണായിരുന്നു. 2015–16–ൽ ഇത് 4493.1 കോടി രൂപയ്ക്കുള്ള 232,920 മെട്രിക് ടൺ ആയിരുന്നു. കയറ്റുമതിയുടെ മൂല്യത്തിൽ 3.1ശതമാനം വർദ്ധനവും അളവിൽ 2.27 ശതമാനം കുറവുമുണ്ടായി. കേരള തുറമുഖങ്ങളിൽ നിന്നും 2015–16 –ൽ 1,025.34 കോടി രൂപയ്ക്കുള്ള 69,706 മെട്രിക് ടൺ തേയില കയറ്റുമതിചെയ്തു. 2014–15 –ൽ ഇത് 948.78 കോടി രൂപയ്ക്കുള്ള 69,343 മെട്രിക് ടണ്ണായിരുന്നു. തേയില കയറ്റുമതി അളവിൽ 0.52 ശതമാനവും മൂല്യത്തിൽ 8.07 ശതമാനവും നേരിയ വർദ്ധനവ് രേഖപ്പെടുത്തി. (**പട്ടിക 3.4.4** കാണുക)

കയറും കയറുല്പന്നങ്ങളുടെയും കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള കയറുല്പന്നങ്ങളുടെ കയറ്റുമതി 2015–16–ൽ 1,901.43 കോടിയുടെ 752,020 മെട്രിക് ടണ്ണായിരുന്നത് 2016–17 –ൽ

പട്ടിക 3.4.4
കേരളത്തിലെയും ഇന്ത്യയിലെയും തുറമുഖങ്ങളിൽ നിന്നുള്ള തേയില കയറ്റുമതി (2010–11 മുതൽ 2016–17 വരെ)
(അളവ്: മെട്രിക് ടൺ, മൂല്യം: രൂപ കോടിയിൽ)

വർഷം	കേരളം		ഇന്ത്യ	
	അളവ്	മൂല്യം	അളവ്	മൂല്യം
2010–11	48,104	552.12	222,019	3,058.31
2011–12	71,784	742.87	214,355	3,304.83
2012–13	69,017	904.62	216,231	4,005.93
2013–14	75,036	1,064.67	225,764	4,509.09
2014–15	69,343	948.79	199,077	3,823.64
2015–16	69,706	1,025.34	232,920	4,493.10
2016–17*			227,630	4,632.50

*അവലംബം: റ്റീബോർഡ് ഇന്ത്യ, *ഏപ്രിൽ മുതൽ സെപ്തംബർവരെ*

228,164 കോടി രൂപയുടെ 957,045 മെട്രിക് ടണ്ണായി വർദ്ധിച്ചു. കയർമാറ്റ്, കയർനാര്, കയറുപായ, ചകിരി, ചവിട്ടി, കാർപ്പറ്റ് മറ്റ് കയറുല്പന്നങ്ങൾ എന്നിവയാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്ന സാധനങ്ങൾ യു.എസ്.എ. (23 ശതമാനം), നെതർലാൻഡ് (8 ശതമാനം), യു.കെ. (4.85 ശതമാനം) എന്നിവയാണ് കയറുല്പന്നങ്ങളുടെ 2016–17–ലെ പ്രധാന കമ്പോളങ്ങൾ. ഈ കാലയളവിൽ യു.എസ്.എ. 532.87 കോടി രൂപയുടെ 133,536.72 മെട്രിക് ടൺ കയറുല്പന്നങ്ങളും നെതർലാൻഡ് 181.48 കോടി രൂപയുടെ 82,487.53 മെട്രിക് ടൺ കയറുല്പന്നങ്ങളും ഇറക്കുമതി ചെയ്യുകയുണ്ടായി. 2011–17 കാലയളവിൽ യു.എസ്.എ. 6.27 കോടി രൂപയുടെ 595.89 മെട്രിക് ടൺ കയറ്റുപായയും 30.60 കോടി രൂപയുടെ 28,604.63 മെട്രിക് ടൺ ചവിട്ടിയും ഇറക്കുമതി ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ കാലയളവിൽ കയർനാരിന്റെ പ്രധാനപ്പെട്ട കമ്പോളങ്ങൾ നെതർലാൻഡും അതുകഴിഞ്ഞാൽ ഇറ്റലിയുമാണ്. 11.69 കോടി രൂപയുടെ 1,547.89 മെട്രിക് ടൺ ചകിരിനാര് ഈ കാലയളവിൽ നെതർലാൻഡ് ഇറക്കുമതി ചെയ്തു.

2010–11 മുതൽ 2015–16 വരെയുള്ള വർഷങ്ങളിലെ കയറിന്റെയും കയറുല്പന്നങ്ങളുടെയും ഇറക്കുമതിയുടെ പ്രവണത **ചിത്രം 3.4.2** –ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.4.2
കയറിന്റെയും കയറുല്പന്നങ്ങളുടേയും കൊച്ചി തുറമുഖംവഴിയുള്ള കയറ്റുമതി (അളവ് : ലക്ഷം മെട്രിക് ടൺ)



അവലംബം: കൊച്ചി തുറമുഖ ട്രസ്റ്റ്

സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിലുള്ള വളർച്ച 2016–17 –ലും തുടരുകയും അളവിലും ആദായത്തിലും റിക്കാർഡ് വർദ്ധന കൈവരിക്കുകയും ചെയ്തു. 2015–16 –ൽ 16,238.23 കോടി രൂപയുടെ 843,255 മെട്രിക് ടൺ ആയിരുന്ന ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതി 2016–17 –ൽ 17,664.61 കോടി രൂപ മൂല്യംവരുന്ന 947,790 മെട്രിക് ടണ്ണായി വർദ്ധിച്ചു. അളവിൽ 12.39 ശതമാനത്തിന്റെയും മൂല്യത്തിൽ 8.78 ശതമാനത്തിന്റെയും വർദ്ധനയാണ് ഇത് കാണിക്കുന്നത്.

കേരളത്തിൽനിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (കൊച്ചി, തിരുവനന്തപുരം തുറമുഖങ്ങൾവഴി) 2015–16 –ൽ 3,905.18 കോടിയുടെ 100,076 മെട്രിക് ടണ്ണായിരുന്നത് 2016–17–ൽ 3857.88 കോടി രൂപ മൂല്യംവരുന്ന 84,656.95 മെട്രിക് ടണ്ണായി കുറയുകയാണുണ്ടായത്. അളവിൽ 15.41 ശതമാനത്തിന്റെയും മൂല്യത്തിൽ 1.21 ശതമാനത്തിന്റെയും കുറവാണ് ഇത് കാണിക്കുന്നത്. 2016–17–ൽ കേരളത്തിൽ നിന്നുമുള്ള സുഗന്ധ വ്യഞ്ജന കയറ്റുമതിയിൽ കുറവുണ്ടായെങ്കിലും മഞ്ഞൾ, ജീരകം, സെലറി, ചതകുപ്പ, വെളുത്തുള്ളി, ജാതിക്ക, ചോളം, കറിപൗഡർ/കൂട്ട് എന്നീ സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനയുണ്ടായിട്ടുണ്ട്.

04 അദ്ധ്യായം

സാമൂഹ്യസേവനം

അദ്ധ്യായം 04

സാമൂഹ്യസേവനം

മാനവ വികസനത്തിനുവേണ്ടിയുള്ള നിക്ഷേപത്തിൽ കേരളം പ്രസിദ്ധമാണ്. പൗരൻന്മാർക്കു വേണ്ടിയുള്ളക്ഷേമത്തിന്പ്രഥമപരിഗണനനല്കുന്നതാണ്കേരളത്തിന്റെവികസനഗാഥയുടെ മുഖമുദ്ര. മാനവ വികസനത്തിലെ കേരളത്തിന്റെ നേട്ടങ്ങൾ ദേശീയ – അന്തർദേശീയ ശ്രദ്ധ പിടിച്ചു നേടിയിട്ടുണ്ട്. ജനങ്ങൾക്ക് വേണ്ടിയുള്ള സമർപ്പിത പ്രവർത്തനങ്ങൾ തുടരുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, ശുചിത്വ പൂർണമായ പരിസ്ഥിതി എന്നീ മേഖലകളിൽ നാലു മിഷനുകൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നവർക്കുവേണ്ടിയും ക്ഷേമ പ്രവർത്തനങ്ങൾ വ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്ര അതിരുകൾക്കപ്പുറമുള്ള പ്രവാസി മലയാളികൾക്കും വേണ്ടിയും സർക്കാർ നയപരമായ ഇടപെടലുകൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ രീതിയിലാണ് സമഗ്രമായ നയങ്ങളും പദ്ധതികളും രൂപകല്പന ചെയ്തിരിക്കുന്നത്..

4.1 മാനവ ശേഷി

വിദ്യാഭ്യാസം

കേരളത്തിലെ വിദ്യാഭ്യാസം എല്ലാ വിഭാഗങ്ങളിലെയും ജനങ്ങളെ ഉൾപ്പെടുത്തിയുള്ളതും ഏവർക്കും പ്രാപ്യവുമാണ്. വളരെ ഉയർന്ന സാക്ഷരതാ നിലവാരമുള്ള ഈ സംസ്ഥാനത്ത് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വിദ്യാഭ്യാസ വികസന സംവിധാനം നടപ്പാക്കി വരുന്നു. വളരെ കുറച്ചു വിഭാഗങ്ങൾക്കൊഴികെ സംസ്ഥാനത്ത് കൊഴിഞ്ഞുപോകൽ അനുപാതം ഏതാണ്ട് പൂജ്യം ആണെന്നു തന്നെ പറയാവുന്നതാണ്. കുറഞ്ഞ സാമ്പത്തിക വളർച്ചയും, ഉയർന്ന സാമൂഹിക വികസനവുമുള്ള കേരളത്തിന്റെ സവിശേഷ വികസന പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് സ്തുത്യർഹമാണ്.

സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ അവസ്ഥയും നിലവാരവും വളരെ ശ്രദ്ധേയമാണെങ്കിലും പ്രത്യേകം സംബോധന ചെയ്യേണ്ട ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസത്തിൽ, കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളെ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും

വേണ്ടി വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ, ഉന്നത വിദ്യാഭ്യാസ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകേണ്ടത് സുപ്രധാന കടമയാണ്. അക്കാദമിക നേട്ടങ്ങൾ, നൈപുണ്യ വികസന വിദ്യാഭ്യാസം, പാഠ്യപദ്ധതിയിൽ നൂതന സാങ്കേതിക വിദ്യ നടപ്പാക്കുക, നിലവാരം ഉയർത്തുന്നതിനും വൈദഗ്ധ്യം നേടുന്നതിനും അദ്ധ്യാപകർക്ക് നൂതന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കലാകായികയിനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേകമായി പരിപാടികൾ തയ്യാറാക്കുക, ലിംഗപദവി പഠനം തുടങ്ങിയവയാണ് പ്രത്യേകമായി സംബോധന ചെയ്യേണ്ട പ്രധാന പ്രശ്നങ്ങൾ. അക്കാദമിക മികവും എല്ലാവരെയും ഉൾപെടുത്തലും പദ്ധതികളുടെ പ്രാഥമിക കർത്തവ്യമായി കരുതുമ്പോൾ തന്നെ ഉൽപ്പാദന– ഉന്നത വിദ്യാഭ്യാസ മേഖലയുടെയും മാറികൊണ്ടിരിക്കുന്ന കാലഘട്ടത്തിന്റെയും ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്.

വിദ്യാഭ്യാസമേഖലയിലെ ആധുനിക ആവശ്യങ്ങളും അതിന്റെ പ്രാധാന്യവും ഉൾക്കൊണ്ട് 13–ാം പഞ്ചവത്സര പദ്ധതിയിൽ സർക്കാർ ഇടപെടലിനുള്ള പ്രധാന

ബോക്സ് 4.1.1
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

പൊതുവിദ്യാഭ്യാസ നവീകരണ പ്രവർത്തനം ലക്ഷ്യം

1. 1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക.
2. 9 തൊട്ട് 12 വരെയുള്ള എല്ലാ ക്ലാസ്മുറികളെയും നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ക്ലാസ് മുറികളാക്കി മാറ്റുക.
3. 1000–ത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക.
4. പ്രൈമറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക.
5. ഇംഗ്ലീഷ് ഭാഷാ പാടവത്തെ പ്രോത്സാഹിപ്പിക്കുക.
6. 50 ഉം 100 ഉം വർഷങ്ങൾ പൂർത്തിയാക്കിയ സ്കൂളുകളുടെ നവീകരണത്തിനുള്ള പ്രത്യേക പാക്കേജുകൾ.

സംഘടനയുടെ ഘടന

പൊതുവിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ മിഷൻ സെക്രട്ടറിയായും സംസ്ഥാനതല മിഷൻ രൂപീകരിക്കുകയുണ്ടായി. മിഷൻ സെക്രട്ടറിയായി ജില്ലാ കളക്ടറും അധ്യക്ഷനായി ജില്ലാ ആസൂത്രണ കമ്മിറ്റി ചെയർപേഴ്സനും ഉൾപ്പെടുന്ന ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കാംമ്പയിനിന്റെ പ്രവർത്തനങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിനായി സംസ്ഥാന–ജില്ലാതല ചുമതലാ സംഘടനകളെയും രൂപീകരിച്ചിട്ടുണ്ട്.

1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി നിലവാരമുയർത്തുക.

ഒരു സ്കൂളിനുവേണ്ടി മൊത്തം ചെലവിന്റെ 50ശതമാനം അല്ലെങ്കിൽ പരമാവധി തുക 5 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടത്. ആവർത്തനചെലവുകൾ വഹിക്കുന്നതിനായുള്ള ബാക്കി തുക സ്കൂൾ പി.ടി.എയോ, മറ്റ് ഏജൻസികളോ വഹിക്കേണ്ടതാണ്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 37 സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ കിറ്റ്കോ തയ്യാറാക്കുകയും പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്. രണ്ടാം ഘട്ടത്തിൽ കിറ്റ്കോ 69 സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

അവലംബം : പൊതുവിദ്യാഭ്യാസ വകുപ്പ്

മേഖലകളിൽ ഒന്നായി വിദ്യാഭ്യാസത്തെ ഉയർത്തിക്കാട്ടുന്നുണ്ട്. 2016-ൽ ആരംഭിച്ച നവകേരളാമിഷന്റെ നാലുഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ മിഷൻ അഥവാ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശാക്തീകരിക്കുന്നതിനു വേണ്ടി പാഠ്യപദ്ധതിയും ക്ലാസ്സ് മുറികളും നവീകരിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ മൂന്ന് മേഖലകളിലെ-സ്കൂൾ, ഉന്നത-സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലെ-സുപ്രധാന വെല്ലുവിളികളെ നേരിടുന്നതിന് പ്രത്യേകിച്ച് പ്രത്യേക ഊന്നൽ നൽകേണ്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധരുമായുള്ള യോഗങ്ങൾക്കും കൂടിയാലോചനകൾക്കും ശേഷം ശുപാർശകളും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രോജക്ട് പ്രൊപ്പോസലുകളും ഉൾപ്പെടുന്ന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് സമർപ്പിക്കുകയുണ്ടായി.

സാക്ഷരത

സാക്ഷരത കണക്കിലെടുക്കുമ്പോൾ, 93.91ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (92.28ശതമാനം) മിസോറാമും (91.58ശതമാനം) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട്. (സെൻസസ് ഓഫ് ഇന്ത്യ, 2011). 1951-ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആകുമ്പോൾ ഏകദേശം ഇരട്ടിയായിരിക്കുന്നു. 1951-ൽ 22ശതമാനം മായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011-ൽ 4.41 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92 ശതമാനം നിരക്കോടെ രാജ്യത്ത് ഒന്നാമത് നിൽക്കുന്നു. ഇത് ഏറ്റവും കുറവ് രാജസ്ഥാനിലാണ് (52.66 ശതമാനം). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ നിരക്കുകൾ **അനുബന്ധം 4.1.1**-ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ

ബോക്സ് 4.1.2
ചങ്ങാതി: കുടിയേറ്റ തൊഴിലാളികളുടെ സാക്ഷരത പദ്ധതി

മലയാളം നന്നായി എഴുതുവാനും വായിക്കാനും ലക്ഷ്യം വച്ചു കൊണ്ട് കുടിയേറ്റത്തൊഴിലാളികൾക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രത്യേക പരിപാടിയാണ് ചങ്ങാതി. സംസ്ഥാനത്തെ ഏറ്റവും വലിയ കുടിയേറ്റ തൊഴിലാളികളുള്ള നഗരമായ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2016 ഡിസംബർ 12 ന് പദ്ധതിയ്ക്ക് തുടക്കമിടുകയുണ്ടായി. ഈ പരിപാടിക്ക് 'ഹമാരി മലയാളം' (നമ്മുടെ മലയാളം) എന്ന പേരിൽ ഒരു പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, ഭരണഘടനാ മൂല്യങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ, ആരോഗ്യകരമായതും ശുചിത്വമയവുമായ ജീവിതത്തിന്റെ ആവശ്യകത എന്നിവ ഈ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികൾക്ക് ദൈനംദിന ജീവിതത്തിൽ സൗകര്യപ്രദമായും സുതാര്യമായും പ്രാദേശിക ജനതയുമായി ഇടപെടാൻ കഴിയുന്ന വിധത്തിലാണ് ഈ പുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. കുടിയേറ്റത്തൊഴിലാളികളെ തിരിച്ചറിയുന്നതിന്, പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നടത്തിയ സർവേയിൽ 3211 തൊഴിലാളികളാണുള്ളത്. 432 കുടിയേറ്റത്തൊഴിലാളികളെ ഉൾപ്പെടുത്തികൊണ്ട് 'ചങ്ങാതി ' എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഈ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. മദ്രസ ഹാളുകൾ, ഫാക്ടറികൾ, ലൈബ്രറി ഹാളുകൾ, മറ്റ് പൊതുസ്ഥലങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ 27 ബാച്ചുകളിൽ ക്ലാസുകൾ നടന്നു വരുന്നു. പെരുമ്പാവൂരിലെ പരിപാടിയുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടം ഓരോ ജില്ലയിൽ നിന്നും ഒരു പ്രാദേശിക സ്ഥലം തിരഞ്ഞെടുക്കുകയും തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സ്ഥലങ്ങളിൽ സർവേ നടത്തുകയും ചെയ്യുന്നുണ്ട്. രണ്ടാംഘട്ട പരിപാടിയിൽ കുടിയേറ്റക്കാരുടെ ഹിന്ദിയിലെ സാക്ഷരതാ മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരമായ ജീവിതശൈലി കൈവരിക്കുന്നതിനു സഹായിക്കുന്നതിനുമായാണ് ലക്ഷ്യമിടുന്നത്. കുടിയേറ്റക്കാർക്ക് പ്രവേശനം നൽകുന്നതിനും അവരെ ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി പ്രാദേശിക സ്ഥാപനങ്ങളിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സംസ്ഥാനത്തിലേക്ക് കുടിയേറിയ 25 ലക്ഷം തൊഴിലാളികൾക്ക് സംസ്ഥാന ഗവൺമെൻറിന്റെ ഈ പ്രത്യേക പദ്ധതി പ്രയോജനകരമായിരിക്കും

അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

തമ്മിലുള്ള വ്യതിയാനം തുലോം കുറവാണ്. കേരളത്തിന്റെ സാക്ഷരതാനിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുകയാണെങ്കിൽ 96.93 ശതമാനത്തോടെ പത്തനംതിട്ടയാണ് ഏറ്റവും മുന്നിൽ. 96.41 ശതമാനത്തോടെ കോട്ടയം ജില്ലയും 96.26 ശതമാനത്തോടെ ആലപ്പുഴയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാനിരക്കുള്ള ജില്ല പാലക്കാടാണ്. 88.49 ശതമാനം. ഇതിനു കാരണം ആകാവുന്ന വസ്തുത, ജില്ലയിൽ ജനസംഖ്യയുടെ പട്ടികജാതി-പട്ടിക വർഗ്ഗ അനുപാതം വളരെ കൂടുതലാണ് എന്നതാണ്. 74.44ശതമാനം ശരാശരി സാക്ഷരതയുള്ള പട്ടിക വർഗ്ഗ ജനസംഖ്യയുടെ 11.01 ശതമാനം ഈ ജില്ലയിലാണുള്ളത്(ജില്ലയിലെ എസ്.ടി. ജനസംഖ്യയുടെ അനുപാതം 1.67ശതമാനം ആണ്). പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ, 2005, 2015 വർഷങ്ങളിലേത്, **അനുബന്ധം 4.1.2**-ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ സാക്ഷരതാ തുല്യതാ പദ്ധതികൾ നടപ്പാക്കുന്നത് പ്രേരക(സാക്ഷരതാ പരിപാടി ഫീൽഡ് തലത്തിൽ പ്രചരിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രതിനിധികൾ)മാരെ ഉപയോഗിച്ചാണ്. സാക്ഷരതാ മിഷന്റെ തുല്യതാ പരിപാടിയിലൂടെ 2007-08 മുതൽ 2015-16 വരെ പ്രയോജനം ലഭിച്ച വ്യക്തികളുടെ എണ്ണം **അനുബന്ധം 4.1.3**-ൽ കാണാം. 7-ാം തരം തുല്യതാ പരിപാടിയുടെ പരീക്ഷയ്ക്കിരുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. 2005-ൽ 11631 ആയിരുന്നത് 2016-ൽ 4939 ആയി കുറഞ്ഞു. ഇതിനർത്ഥം 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയെങ്കിലും ഇല്ലാത്തവരുടെ എണ്ണം സംസ്ഥാനത്ത് ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നാണ്.

സ്കൂൾ വിദ്യാഭ്യാസം

2016-17-ൽ കേരളത്തിൽ 12981 സ്കൂളുകൾ ഉണ്ടായിരുന്നു. ഇതിൽ 4695 (36.17 ശതമാനം) എണ്ണം സർക്കാർ സ്കൂളുകളായിരുന്നു. കൂടാതെ 7220 (55.62 ശതമാനം) എയ്ഡഡ് സ്കൂളുകളും 1066 (8.2 ശതമാനം) അൺ എയ്ഡഡ്

ചിത്രം.4.1.1
സംസ്ഥാനത്തെ സ്കൂളുകളുടെ എണ്ണം (മാനേജ്മെന്റ് തിരിച്ച്) 2016-17



അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

സ്കൂളുകളും ഉണ്ട്. സർക്കാർ തലത്തിലെ അപ്പർ പ്രൈമറി, ഹൈസ്കൂളുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ സർക്കാർ മേഖലയിൽ കൂടുതൽ ലോവർ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിഭാഗങ്ങളിലും എയ്ഡഡ് സ്കൂളുകളുടെ എണ്ണം സർക്കാർ സ്കൂളുകളുടേതിനേക്കാൾ കൂടുതലാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1558 എണ്ണം) തൊട്ടു പിന്നാലെ കണ്ണൂരും (1308 എണ്ണം), കോഴിക്കോടുമാണ് (1283 എണ്ണം). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (553 എണ്ണം) അൺ എയ്ഡഡ് സ്കൂളുകളും (198 എണ്ണം) ഉള്ളതും മലപ്പുറത്തു തന്നെ. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963 എണ്ണം). **അനുബന്ധം 4.1.4** –ൽ ജില്ല/മാനേജ്മെന്റ്/തലം തിരിച്ച് 2016–17 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ 1436 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1229 സി.ബി. എസ്.ഇ. സ്കൂളുകളും, 157 ഐ.സി.എസ്.ഇ. സ്കൂളുകളും, 36 കേന്ദ്രീയവിദ്യാലയങ്ങളും, 14 നവോദയ വിദ്യാലയങ്ങളും ഉണ്ട്. എല്ലാ ജില്ലയിലും ഓരോ ജവഹർ നവോദയ വിദ്യാലയം പ്രവർത്തിക്കുന്നു. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന 2016–17 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 4.1.5** –ൽ കൊടുത്തിട്ടുണ്ട്.

സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 126 സർക്കാർ സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 4.1.6** –ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ അഭിയാൻ പോലുള്ള പരിപാടികളും വളരെയെറെ സഹായിച്ചിട്ടുണ്ട്. കണക്കുപ്രകാരം 98.16 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, 99.95 ശതമാനം സർക്കാർ സ്കൂളുകളിൽ മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/ മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2017–18 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 4.1.7**–ൽ കാണാം.

വിദ്യാർത്ഥികളുടെ പ്രവേശനം

സംസ്ഥാനത്ത് സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ അടുത്തകാലത്തായി കുറവ് കാണുന്നുണ്ട്. 2016–17–ൽ 37.02 ലക്ഷത്തിൽ നിന്ന് 2017–18 (പ്രൊവിഷണൽ)–ൽ 36.8 ലക്ഷമായി കുറഞ്ഞു. എന്നിരുന്നാലും എൽ. പി. വിഭാഗത്തിൽ 2016–17 നെ അപേക്ഷിച്ച് 2017–18 ൽ 18066 കുട്ടികളുടെ വർദ്ധനവ് വന്നിട്ടുണ്ട്. യു.പി. വിഭാഗത്തിൽ ഇതേ കാലയളവിൽ കുറഞ്ഞത് 11505 കുട്ടികളാണ്. ഹൈസ്കൂൾ വിഭാഗത്തിലാകട്ടെ 28641 കുട്ടികളുടെ കുറവാണ് ഇതേ കാലയളവിൽ ഉണ്ടായത്. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2013–14 മുതൽ 2017–18വരെ **അനുബന്ധം 4.1.8**–ൽ കൊടുത്തിരിക്കുന്നു. 2017–18–ൽ കേരളത്തിലെ സ്കൂളുകളിലെ ഉടമസ്ഥത തിരിച്ചും, ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.1.9**–ൽ കൊടുത്തിരിക്കുന്നു. ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ–പെൺ കണക്കുകൾ എണ്ണം തിരിച്ച് 2017–18–ൽ കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയവരുടെ വിശദാംശങ്ങൾ **അനുബന്ധം 4.1.10**–ൽ കൊടുത്തിരിക്കുന്നു. സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ് **ചിത്രം 4.1.2**–ൽ കാണിക്കുന്നു.
സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ ഒരു നല്ല മാറ്റം കഴിഞ്ഞ വർഷം സംഭവിച്ചിട്ടുണ്ട്. 2017–ൽ മുൻ വർഷത്തെ അപേക്ഷിച്ച് എൽ.പി. വിഭാഗത്തിൽ 14,268 വിദ്യാർത്ഥികളുടെ

ചിത്രം 4.1.2
ഘട്ടം തിരിച്ചുള്ള കേരളത്തിലെ സ്കൂൾ കുട്ടികളുടെ എണ്ണം (ലക്ഷത്തിൽ)



അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പട്ടിക 4.1.1
സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എൻറോൾമെന്റിൽ മാറ്റം
(2016-17 മുതൽ 2017 വരെ 18)

മാനേജ്മന്റ്	ക്ലാസ് തിരിച്ചുള്ള കണക്ക്							ആകെ I to X
	I	II	III	IV	ആകെ	V-VII	VIII-X	I-X
സർക്കാർ	5703	354	1346	667	8070	-5192	-2409	469
എയ്ഡഡ്	6495	-1243	216	1302	6770	-5798	-17143	-16171
അ. എയ്ഡഡ്	-1122	63	-128	615	-572	-2834	-1729	-5135
ആകെ മൊത്തം	11076	-826	1434	2584	14268	-13824	-21281	-20837

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

പട്ടിക 4.1.2
പട്ടികജാതി/പട്ടികവർഗ്ഗ സ്കൂൾകുട്ടികളുടെ പ്രവേശനം ശതമാനത്തിൽ

മാനേജ്മെന്റ്	മറ്റുള്ളവ	പട്ടികജാതി	പട്ടിക വർഗ്ഗം	ആകെ
ഗവൺമെന്റ്	82.66	13.48	3.86	82.66
പ്രൈവറ്റ് എയ്ഡഡ്	88.23	10.33	1.44	88.23
പ്രൈവറ്റ് അൺഎയ്ഡഡ്	95.41	4.13	0.46	95.41

അവലംബം:-പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വർദ്ധനവും സർക്കാർ സ്കൂളുകളിൽ മാത്രം 8,070 വിദ്യാർത്ഥികളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ജനസംഖ്യ വർദ്ധനവിലുള്ള മാറ്റത്തിന്റെ ഫലമായി കേരളത്തിലെ കുട്ടികളുടെ എണ്ണം വർഷങ്ങളായി കുറഞ്ഞു വരികയാണ്. എന്നിട്ടും സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവ് അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നു പൊതു വിദ്യാലയങ്ങളിലെക്കുള്ള വിദ്യാർത്ഥികളുടെ മാറ്റം മൂലം ഉണ്ടായതാണ്. പട്ടികയിൽ കാണിക്കുന്നതുപോലെ, അൺ എയ്ഡഡ് സ്കൂളുകളിൽ എൻറോൾമെന്റ് കുറയുന്നുണ്ട്.

പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 48.98 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിട്ടും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് ലിംഗസമത്വത്തിന്റെ വിടവ് കേരളത്തിൽ തുലോം കുറവാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2017–18ലെ കണക്കു പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 10.60 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. സർക്കാർ, സ്വകാര്യ എയ്ഡഡ്, സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം യഥാക്രമം (13.48), (10.33), (4.13) ശതമാനമാണ്. സർക്കാർ സ്കൂളുകളിലെ പട്ടികജാതി കുട്ടികളുടെ ശതമാനം പ്രൈവറ്റ് എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലേതിനേക്കാൾ കൂടുതലാണ്. 2017–18 –ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 2.107 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് യഥാക്രമം 2017–18–ൽ സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളിൽ (3.86), (1.44), (0.46) ശതമാനം വീതമാണ്. 2017–18 ലെ സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള കണക്ക് **അനുബന്ധം 4.1.11** –ൽ കൊടുത്തിരിക്കുന്നു.

പട്ടിക ജാതി– പട്ടികവർഗ്ഗ വിഭാഗത്തിലെ മൊത്തം കുട്ടികളിൽ 4.38 ശതമാനം പട്ടികജാതി കുട്ടികളും 2.5 ശതമാനം പട്ടികവർഗ്ഗ കുട്ടികളും മാത്രമാണ് പ്രൈവറ്റ് അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയിരിക്കുന്നത്. ബാക്കിയുള്ള കുട്ടികൾ ഗവൺമെന്റ് – പ്രൈവറ്റ് എയ്ഡഡ് സ്കൂളുകളിലായി പ്രവേശിക്കപ്പെട്ടിരിക്കുന്നു.

കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. 2016–17 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.22 ശതമാനമാണ്. യു.പി. തലത്തിൽ ഉള്ളതിനേക്കാൾ കൊഴിഞ്ഞുപോകൽ നിരക്ക് എൽ.പി, ഹൈസ്കൂൾ തലങ്ങളിൽ ഉള്ളതായി കാണുന്നു. ഹൈസ്കൂൾ തലങ്ങളിൽ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഉയരുന്നതായി കാണാം

സംസ്ഥാനത്തെ ജില്ലകളിൽ ലോവർ പ്രൈമറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോകൽ ഉള്ളത് ഇടുക്കിയിലാണ് (0.55 ശതമാനം). യു.പി. തലത്തിലും (0.58 ശതമാനം) ഹൈസ്കൂൾ തലത്തിലും (2.8 ശതമാനം) വയനാട്ടിലാണ് കൊഴിഞ്ഞുപോകൽ കൂടുതൽ. ജില്ല തിരിച്ചും ക്ലാസ് തിരിച്ചും 2016–17 ലെ കൊഴിഞ്ഞുപോകൽ നിരക്കുകൾ **അനുബന്ധം 4.1.12**–ൽ കൊടുത്തിട്ടുണ്ട്. 2016–17 ലെ കണക്കനുസരിച്ച് കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ 0.26 ശതമാനവും, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോകൽ 2.27 ശതമാനവുമാണ്. കേരളത്തിലെ പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2016–17– ലെ ജില്ല തിരിച്ചും ക്ലാസ് തിരിച്ചുമുള്ള കൊഴിഞ്ഞുപോകലിന്റെ വിശദവിവരങ്ങൾ **അനുബന്ധം 4.1.13**–ലും **4.1.14**–ലും കൊടുത്തിരിക്കുന്നു.

അധ്യാപകരുടെ എണ്ണം

റ്റി.റ്റി.ഐ. അധ്യാപകർ ഉൾപ്പെടെ കേരളത്തിൽ ആകെ അധ്യാപകരുടെ എണ്ണം 2016-17 -ലെ കണക്കനുസരിച്ച് 163160 ആണ്. ഇതിൽ 97457 (59.7 ശതമാനം) അധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 15457 (9.47 ശതമാനം) പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളിലുമാണ് ജോലി ചെയ്യുന്നത്. ബാക്കി 30.8 ശതമാനം അധ്യാപകർ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നു. സംസ്ഥാനത്ത് ആകെയുള്ള അധ്യാപകരിൽ 51.53 ശതമാനം ഹൈസ്കൂളുകളിലാണ് ജോലി ചെയ്യുന്നത്. ബാക്കിയുള്ളവരിൽ 24.56 ശതമാനം യു.പി. സ്കൂളുകളിലും, 23.51 ശതമാനം എൽ.പി. വിഭാഗം സ്കൂളുകളിലും, പിന്നെയും ബാക്കിയുള്ള 0.34 ശതമാനം ടി.ടി.ഐകളിലും പഠിപ്പിക്കുന്നു. സംസ്ഥാനത്ത് ആകെ അധ്യാപകരിൽ 72.66 ശതമാനം സ്ത്രീകളാണ്. 2016-17-ൽ കേരളത്തിൽ ഘട്ടം തിരിച്ചും മാനേജ്മെന്റ് തിരിച്ചുമുള്ള അധ്യാപകരുടെ എണ്ണം **അനുബന്ധം 4.1.15**-ൽ കൊടുത്തിരിക്കുന്നു.

അൺ ഇക്കണോമിക് സ്കൂളുകൾ

വിദ്യാർത്ഥികളുടെ എണ്ണം പര്യാപ്തമല്ലാത്ത (ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികളെക്കാൾ കുറവ്) സ്കൂളുകളെയാണ് അൺഇക്കണോമിക് എന്ന് പറയുന്നത്. 2016-17 ലെ കണക്ക് പ്രകാരം കേരളത്തിൽ 5723 അൺ ഇക്കണോമിക് സ്കൂളുകളുണ്ട്. ഇത് കഴിഞ്ഞവർഷത്തേക്കാളും 142എണ്ണം കൂടുതലാണ്. ഇതിൽ 2589 എണ്ണം സർക്കാർ സ്കൂളുകളും 3134എയ്ഡഡ് സ്കൂളുകളുമാണ്. ജില്ല തിരിച്ചുള്ള വിശകലനം കാണിക്കുന്നത് ഏറ്റവും കൂടുതൽ അൺ ഇക്കണോമിക് സ്കൂളുകൾ ഉള്ളത് കണ്ണൂർ ജില്ലയിലാണെന്നാണ് (737 എണ്ണം). കോഴിക്കോട് (603), കോട്ടയം (562) എന്നിവയാണ് തൊട്ടു പുറകിൽ. എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ അൺ ഇക്കണോമിക് സ്കൂളുകൾ ഉള്ളത് കണ്ണൂരും (583), തൊട്ടുപുറകിൽ കോഴിക്കോടു(426) മാണ്. സർക്കാർ മേഖലയിൽ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ അൺ ഇക്കണോമിക് സ്കൂളുകളുള്ളത് (283 എണ്ണം), രണ്ടാം സ്ഥാനത്ത് തിരുവനന്തപുരം ജില്ലയാണ് (281 എണ്ണം). സർക്കാർ മേഖലയിലെ അൺ ഇക്കണോമിക് സ്കൂളുകളിൽ 73.23 ശതമാനം എൽ.പി. സ്കൂളുകളാണ്. എയ്ഡഡ് മേഖലയിലും 78.05 ശതമാനം അൺഇക്കണോമിക് സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. ജില്ല തിരിച്ച് 2016-17 ലെ കേരളത്തിലെ അൺ ഇക്കണോമിക് സ്കൂളുകളുടെ വിശദവിവരങ്ങൾ **അനുബന്ധം 4.1.16**-ൽ കൊടുത്തിരിക്കുന്നു.

സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ)

6 വയസ്സുമുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഉപയോഗപ്രദവും പ്രസക്തവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി ഇന്ത്യാ ഗവൺമെന്റിന്റെ പ്രധാന പദ്ധതിയായി 2000-2001-ൽ ആവിഷ്ക്കരിച്ചതാണ് സർവ്വശിക്ഷാ അഭിയാൻ. സാമൂഹിക, സാമ്പത്തിക, പ്രാദേശിക, ലിംഗ വ്യത്യാസങ്ങൾ തടസ്സമാവാതെ സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെ സ്കൂളുകൾ നടത്തി കൊണ്ടു പോകുന്നു. മാനേജ്മെന്റ് നടപ്പിലാക്കുന്നു. സ്കൂളുകളുടെ ഭൗതിക അടിസ്ഥാന സൗകര്യ വികസനം, കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുക, പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപക പരിശീലനം തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പത്താം പഞ്ചവത്സര പദ്ധതിയിൽ 75:25 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് വകയിരുത്തിയിരുന്നു. ഫണ്ടിങ്ങ് രീതി 60:40 എന്ന അനുപാതത്തിലാക്കി മാറ്റിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കണ്ടറി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിനുവേണ്ടിയാണ് ഹയർസെക്കണ്ടറി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2016-ൽ സംസ്ഥാനത്ത് 2073 ഹയർസെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 833 എണ്ണം (40.18 ശതമാനം) സർക്കാർ സ്കൂളുകളാണ്; 854 എണ്ണം (41.2 ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 386 എണ്ണം (18.62 ശതമാനം) അൺഎയ്ഡഡ്/ ടെക്നിക്കൽ സ്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർസെക്കണ്ടറി സ്കൂളുകൾ മലപ്പുറത്താണ് (248 എണ്ണം), തൊട്ടു പിന്നാലെ യഥാക്രമം എറണാകുളവും (209

എണ്ണം) തൃശ്ശൂരുമാണ് (204 എണ്ണം).

2017–ൽ 7,245 ബാച്ച് ഹയർസെക്കണ്ടറി കോഴ്സുകൾ ഉണ്ടായിരുന്നു. ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം നേടിയത് 382,051 പേരാണ്. ഏറ്റവും കൂടുതൽ ബാച്ചുകൾ കോഴിക്കോട് ജില്ലയിലാണ് (1,052 എണ്ണം). ഇവിടെ 56,802 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നു. ജില്ല/മാനേജ്മെന്റ് തിരിച്ചുള്ള ഹയർസെക്കണ്ടറി സ്കൂളുകളുടെ എണ്ണവും ബാച്ചുകളും **അനുബന്ധം 4.1.17** –ൽ കൊടുത്തിട്ടുണ്ട്. ജില്ലതിരിച്ച് ഹയർ സെക്കണ്ടറി സ്കൂൾ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 4.1.18**– ൽ കാണാം.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിജയശതമാനം 2015–16–ൽ 73.18 ശതമാനമായിരുന്നത് 2016–17–ൽ 70.91 ശതമാനമായി കുറഞ്ഞു. 2017–ൽ 11911 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. 3,053,737 വിദ്യാർത്ഥികൾ ഉന്നതപഠനത്തിന് യോഗ്യത നേടി. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 4.1.19, 4.1.20** എന്നിവിടങ്ങളിൽ കൊടുത്തിട്ടുണ്ട്. 2015–16 നെ അപേക്ഷിച്ച് 2016–17–ൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിജയശതമാനവും കൂടിയതായി കാണുന്നു. 57.77 ശതമാനത്തിൽ നിന്ന് പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 59.42 ശതമാനമായി കൂടിയപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിജയശതമാനം 58.12 ശതമാനത്തിൽ നിന്നും 58.13 ശതമാനമായി കൂടുകയുണ്ടായി. വിശദവിവരങ്ങൾ **അനുബന്ധം 4.1.21, 4.1.22** എന്നിവയിലുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983–84 കാലഘട്ടത്തിലാണ്. നേരിട്ടുള്ള വ്യക്തിഗത തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, കഴിവുകൾ വർദ്ധിപ്പിക്കുക, എന്നീ ലക്ഷ്യങ്ങളോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമിടുന്നത്. 389 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും, 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്.എസുകൾ ഉള്ള ജില്ല കൊല്ലവും തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2017–18–ൽ ജില്ല തിരിച്ച് വിഎച്ച്.എസ്.എസ്. കളും കോഴ്സുകളും **അനുബന്ധം 4.1.23** –ൽ കൊടുത്തിരിക്കുന്നു.

മാർച്ച് 2017 ലെ വി.എച്ച്.എസ്.ഇ. പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 81.5 ശതമാനമാണ്. മാർച്ച് 2016–ൽ ഇത് 74.92 ശതമാനമായിരുന്നു. 2010 മുതൽ 2017 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും പാസ്സായവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും **അനുബന്ധം 4.1.24, 4.1.25 എന്നിവയിൽ കാണാം.**

സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച 13-ാം പഞ്ച വത്സര പദ്ധതിയിലെ വർക്കിങ് ഗ്രൂപ്പ് റിപ്പോർട്ട്

സ്കൂൾ വിദ്യാഭ്യാസത്തിലുള്ള വർക്കിങ് ഗ്രൂപ്പ് നാലു പ്രധാന വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നു. ആദ്യത്തേത് സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ് റൂം സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ, ജല ടാപ്പുകൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ് ലറ്റുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, നിലവാരം, ഉച്ച ഭക്ഷണ പരിപാടി, കാന്റീൻ സൗകര്യങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതിൽ വിദ്യാലയങ്ങളിൽ ഓൺലൈൻ സൗകര്യങ്ങൾ, സ്മാർട്ട് ക്ളാസ് മുറികൾ, അധ്യാപകരുടെ ഉന്നത നിലവാരത്തിലുള്ള പരിശീലനം തുടങ്ങിയവ ഉൾപ്പെടുന്നു. മൂന്നാമത് ലോകവ്യാപകമായി വിദ്യാഭ്യാസത്തിനുള്ള ഉന്നത നിലവാരത്തിനനുസരിച്ച് പാഠ്യപദ്ധതിയും സിലബിയും രൂപപ്പെടുത്തുന്നതാണ്. ആദിവാസികൾ, ദളിതർ, ഭാഷാ ന്യൂനപക്ഷ സമുദായങ്ങൾ, തീരദേശ കുട്ടികൾ എന്നിവർ ഉൾപ്പെടുന്ന പാർശ്വവത്കരിക്കപ്പെട്ടവരും പിന്നോക്കാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ

ബോക്സ് 4.1.3
സ്കൂൾ വിദ്യാഭ്യാസം– 13–ാം പഞ്ചവത്സര പദ്ധതി വർക്കിംഗ് ഗ്രൂപ്പ്റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

13–ാം പഞ്ചവത്സര പദ്ധതിയിലെ സ്കൂൾ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്റിപ്പോർട്ടിലെ സുപ്രധാന നിർദ്ദേശങ്ങൾ

- ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, എസ്എസ്എ, ആർ. എം .എസ്എ തുടങ്ങിയ വിവിധ വിദ്യാഭ്യാസ വകുപ്പുകളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പ്രവർത്തനങ്ങളുടെ ഏകീകരണവും ഏകോപനവും ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ എന്ന ഏക സ്ഥാപനത്തിൻ കീഴിൽ കൊണ്ടുവരിക.

- സ്കൂളിലെ ശുചിത്വ പരിപാലന പരിപടി: സ്കൂൾ ക്യാമ്പസിലെ ശുചീകരണം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേക ടോയ് ലറ്റുകളുടെ നിർമാണവും പരിപാലനവും, ഉച്ചഭക്ഷണവിതരണ മേഖലയുടെ ശുചിത്വം, സാനിറ്ററി നാപ്കിനുകളുടെയും മറ്റ് വസ്തുക്കളുടെയും നിർമ്മാർജ്ജനം, തുടങ്ങിയവയാണ് സ്കൂൾ ക്യാമ്പസ് ശുചിത്വ പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- ആദിവാസി വിദ്യാർത്ഥികളിൽ കൊഴിഞ്ഞുപോകൽ നിരക്ക് കുറയ്ക്കുന്നതിനും പൂർണമായ ഉന്മൂലനം നടത്തുന്നതിനും ലക്ഷ്യമാക്കുന്ന ഒരു പുതിയ ടൈബൽ വിദ്യാഭ്യാസ പാക്കേജ് അവതരിപ്പിക്കേണ്ടതുണ്ട്.

- അക്കാദമിക് പ്രകടനം, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിവരങ്ങൾ, വിവിധ മത്സരങ്ങളിൽ സ്കൂളുകളുടെ പ്രകടനം തുടങ്ങിയ വിദ്യാലയങ്ങളുടെ എല്ലാ പ്രകടന സൂചകങ്ങളും ഉൾക്കൊള്ളുന്ന ഒരു 'സ്കൂൾ എജ്യുക്കേഷൻ ഇൻഫോർമേഷൻ സംവിധാനം (എസ് ഇ ഐ എസ്)' വികസിപ്പിക്കുക.

- ആരോഗ്യം, ഭക്ഷണം, പോഷകാഹാരം എന്നിവ കൂടാതെ കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം കൂടി ലക്ഷ്യമിടുന്ന സമഗ്ര സ്കൂൾ ആരോഗ്യ പരിപാടി വികസിപ്പിച്ചെടുക്കുക. കലാ, കായിക കര കൗശലങ്ങൾ എന്നിവ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനും പരിപാടിയിൽ ലക്ഷ്യമിടുന്നു .

- സാങ്കേതിക വിദ്യയിലൂടെ പഠനം സാദ്ധ്യമാക്കുന്നതിന് വേണ്ടി സ്മാർട്ട് ക്ലാസ്റൂമുകൾ സൃഷ്ടിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

- ക്ലാസ്റൂം ലൈബ്രറികളും, വായനാമുറിയോടുകൂടിയ സ്കൂൾ ലൈബ്രറികളും നിർമ്മിക്കുക.

- പ്രകൃതിയോടു ഇണങ്ങി നിന്നുള്ള പരിസ്ഥിതി പഠനം സാധ്യമാക്കുന്നതിനായി സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കുക

- വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനം സ്കൂൾ അന്തരീക്ഷത്തിൽ സാധ്യമാകുന്നതിനു വേണ്ടിയുള്ള പരിപാടി തയ്യാറാക്കുകയും, അതുവഴി അത്തരം കുട്ടികളെ കൂടെ ഉൾകൊള്ളുന്ന വിദ്യാഭ്യാസം പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

- എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ തെരഞ്ഞെടുപ്പ്, നിയമനം, സർക്കാർ സംരക്ഷിതരായ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ വിന്യസിക്കുക എന്നിവ കേരള പബ്ലിക് സർവീസ് കമ്മീഷനെ ഏൽപ്പിക്കുക.

- ഒരു ഏകീകൃത വിദ്യാഭ്യാസ ഫണ്ട് രൂപപ്പെടുത്തുന്നതിലൂടെ സംസ്ഥാന–കേന്ദ്ര ഗവണ്മെന്റുകൾ, മറ്റ് തല്പര ഏജൻസികൾ എന്നിവയുടെ വിദ്യാഭ്യാസത്തിനായുള്ള ധനസഹായം സംയോജിപ്പിക്കുന്നതിനും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും കഴിയും.

- എസ് സി ആർ ടി–യെ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള ഒരു സ്വയംഭരണ സ്ഥാപനമായി പൂർണ്ണമായി പരിവർത്തനം ചെയ്യുക.

- എസ്.ഇ.ആർ.ടി., ഡയറ്റ്, ബിആർസികൾ, സി.ആർ.സികൾ എന്നിവയുടെ പ്രവർത്തനം സംയോജിപ്പിക്കുന്നതിലൂടെ സ്കൂൾ അധ്യാപകരുടെ പരിശീലനവും അക്കാദമിക മോണിറ്ററിങ്ങും മെച്ചപ്പെടുത്തുന്നതിനു സാധിക്കും.

- ദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള വിദഗ്ധരെ കൂടി ഉൾക്കൊള്ളിച്ച് പാഠ്യപദ്ധതി കമ്മറ്റി രൂപീകരിക്കണം.

- പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും സാങ്കേതികവിദ്യയും തയ്യാറാക്കുകയും അവ സമയബന്ധിതമായി സ്കൂളുകളിൽ ലഭ്യമാകുന്നുണ്ടോ എന്നും ടെക്സ്റ്റ്ബുക്ക് കമ്മിറ്റി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.

അവലംബം: 13-ാം പഞ്ചവത്സര പദ്ധതിയിലെ സ്കൂൾ വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പ്റിപ്പോർട്ട്

പട്ടിക 4.1.3
2016-17-ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ കുട്ടികളുടെ പ്രവേശനം

കോഴ്സന്റെ പേര്	ആകെ കുട്ടികൾ	പെൺകുട്ടികൾ	ആൺകുട്ടികൾ	പെൺട്ടികളുടെ ശതമാനം
ബി.എ	117,874	77,334	40,540	65.61
ബി.എസ്സ്.സി	99,017	73,809	25,208	74.54
ബി.കോം	42,519	26,819	15,700	63.08
ആകെ	259,410	177,962	81,448	68.60
എം.എ	13,733	9,307	4,426	67.77
എം.എസ്.സി	16,772	11,705	5,067	69.79
എം.കോം	5,632	4,009	1,623	71.18
ആകെ- ബിരുദാനന്തര ബിരുദം	36,137	25,021	11,116	69.24
ആകെ- ബിരുദം, ബിരുദാനന്തര ബിരുദം	**295547**	**202983**	**92564**	**68.68**

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്.-

ആവശ്യങ്ങളെ അഭിസംബോധന ചെയ്യാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതും ആവശ്യമാണ്. വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള പാഠ്യപദ്ധതി നിലവിലെ സിസ്റ്റവുമായി സമന്വയിപ്പിക്കാനുള്ള പ്രാധാന്യവും ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വ കലാശാലകൾ- കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ - പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷികസർവകലാശാല, കേരള ആരോഗ്യ സർവകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. ഇതുകൂടാതെ 2005-ൽ സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു.

ആർട്സ് ആന്റ് സയൻസ് കോളേജുകൾ

സംസ്ഥാനത്ത് 217 ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലുള്ളതിൽ 156 സ്വകാര്യ എയ്ഡഡ് കോളേജുകളും 61 സർക്കാർ കോളേജുകളും ആണ്. എറണാകുളം ജില്ലയിലാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഉള്ളത് (25 എണ്ണം). തൊട്ടുപുറകിൽ തിരുവനന്തപുരം, കോട്ടയം, (23 എണ്ണം) ജില്ലകളാണ്. ഏറ്റവും കൂടുതൽ സർക്കാർ കോളേജുകൾ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് (10 എണ്ണം). 2016-17 ൽ സംസ്ഥാനത്ത് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് **അനുബന്ധം 4.1.26**-ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് കോളേജുകൾക്കു പുറമെ ധാരാളം അൺഎയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളെജുകളുമുണ്ട്.

വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവകലാശാലയ്ക്കു കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2016-17- ൽ 2.96 ലക്ഷം

വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.03 ലക്ഷം (68.68ശതമാനം) പെൺകുട്ടികളാണ്.

ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 45.43 ശതമാനം പേർ ബി.എയ്ക്കും, 38.17 ശതമാനം പേർ ബി.എസ്.സിയ്ക്കും, 16.39 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ 68.68 പേർ പെൺകുട്ടികളാണ്.

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. സാമ്പത്തികശാസ്ത്രമാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിഷയം. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ പഠിക്കാം. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഗണിതശാസ്ത്രത്തിനാണ്. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.1.27 – 4.1.29** വരെ കൊടുത്തിരിക്കുന്നു. 2016–17 കാലഘട്ടത്തിൽ കേരളത്തിൽ 36137 വിദ്യാർത്ഥികൾ ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം നേടി. ഇതിൽ 69.24 ശതമാനം പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി., എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 4.1.30 – 4.1.32** വരെ ഉൾപ്പെടുത്തിയിരിക്കുന്നു **(ബോക്സ് 4.1.4).**

പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

ബിരുദ ബിരുദാനന്തര കോഴ്സുകളിൽ യഥാക്രമം 33968 ഉം 4847 ഉം പട്ടികജാതി വിഭാഗ വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിട്ടുള്ളത്. 2016–17– ൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 13.13 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. ഇങ്ങനെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരിൽ 72.02 ശതമാനം പെൺകുട്ടികളാണ്.

2016–17–ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരിൽ 5952 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുണ്ട്. ഇതിൽ 4623

പട്ടിക 4.1.4
ഉന്നത വിദ്യാഭ്യാസത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം - 2016-17

കോഴ്സിന്റെ പേര്	ആകെ കുട്ടികളുടെ എണ്ണം	പട്ടിക ജാതി കുട്ടികളുടെ എണ്ണം	പട്ടിക ജാതി കുട്ടികളുടെ ശതമാനം	പട്ടിക വർഗ്ഗ കുട്ടികളുടെ എണ്ണം	പട്ടിക വർഗ്ഗ കുട്ടികളുടെ ശതമാനം	ആകെ എസ്.സി–എസ്.റ്റി കുട്ടികൾ	എസ്.സി എസ്.റ്റി കുട്ടികളുടെ ശതമാനം
ബി.എ	117874	13685	11.61	2946	2.50	117874	13685
ബി.എസ്സ്.സി	99017	14476	14.62	929	0.94	99017	14476
ബി.കോം	42519	5807	13.66	748	1.76	42519	5807
ആകെകുട്ടികൾ – ബിരുദം	259410	33968	13.09	4623	1.78	259410	33968
എം.എ	13733	2125	15.47	702	5.11	13733	2125
എം.എസ്.സി	16772	1996	11.90	494	2.95	16772	1996
എം.കോം	5632	726	12.89	133	2.36	5632	726
ആകെകുട്ടികൾ–ബിരുദാനന്തര ബിരുദം	36137	4847	13.41	1329	3.68	36137	4847
ആകെ–ബിരുദം, ബിരുദാനന്തര ബിരുദം	**295547**	**38815**	**13.13**	**5952**	**2.01**	**295547**	**38815**

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ബോക്സ് 4.1.4
ഉന്നത വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് – ശുപാർശകൾ

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ അനിവാര്യമാക്കുന്ന വശങ്ങളെ കുറിച്ച് വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, ഉന്നതവിദ്യാഭ്യാസത്തിന്റെഗുണഫലങ്ങൾ പൊതുജനങ്ങളിലേക്ക്എത്തിക്കുന്നതിനും, വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനുമായി അധ്യാപന–പഠന പ്രക്രിയ, ഗവേഷണം, അടിസ്ഥാന സൗകര്യം, നൈപുണ്യ വികസനം, നവീകരണം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. ഈ വശങ്ങൾ പരിശോധിച്ചതിനു ശേഷം, 13–ാമത് പഞ്ചവത്സരപദ്ധതികളിൽ ചില നിർദേശങ്ങളും പ്രോജക്ടുകളും നടപ്പിലാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് മേഖലകളിൽ മികച്ച ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ, വിവിധ തലങ്ങളിൽ നിരീക്ഷണ സംവിധാനങ്ങളും റിക്രൂട്ട്മെന്റ് പ്രക്രിയകളും ശക്തിപ്പെടുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക് മികവിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഭരണപരമായതും അക്കാദമികവുമായ ഘടനകളുടെ പുനർക്രമീകരണത്തിനുള്ള ശുപാർശകളും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ശുപാർശകൾ ഇവയാണ്:

- മാസ്സിവ് ഓപ്പൺ ഓൺലൈൻ പ്രോഗ്രാമുകൾ (MOOCS)
- സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി
- ദേശീയ വിജ്ഞാന ശൃംഖല (എൻ കെ എൻ)
- ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC).
- ശരിയായ അധ്യാപക– വിദ്യർത്ഥി അനുപാതം ഉറപ്പാക്കുക
- വ്യവസായ–വിദ്യാർത്ഥി–സർവകലാശാല ബന്ധം
- വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും സംയോജനവും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
- ഇറ്റടയിറ്റ് പ്രോഗ്രാം നടപ്പിലാക്കുക
- പൊതു ഗവേഷണ ഫണ്ട്.
- അന്തർ സർവകലാശാല സെന്ററുകൾ കൂടുതൽ സാമ്പത്തിക വിഭവങ്ങൾ ഉപയോഗിച്ച് ശക്തിപ്പെടുത്തുക
- ദ്വി ബിരുദ പരിപാടി ആരംഭിക്കുക
- കാര്യശേഷി വികസന സംരംഭങ്ങൾ ആരംഭിക്കുക
- വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലുള്ള പരിശീലനവും അപ്രന്റീസ്ഷിപ്പും.
- സാമൂഹ്യ ഇടപഴകൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി
- സയൻസ് ആൻഡ് സോഷ്യൽ സയൻസ് ജനകീയ വത്ക്കരിക്കുന്നതിനുള്ള പദ്ധതികൾ
- വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ
- ഫാക്കൽറ്റി സപ്പോർട്ട് പ്രോഗ്രാമുകൾ
- എമേരിറ്റസ് പ്രൊഫസ്സർഷിപ്പ്
- സ്കോളർഷിപ്പ്സ്, ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വിദ്യാർത്ഥികൾക്ക് നൽകുക
- പ്രവർത്തനങ്ങളുടെ ആവർത്തനം ഒഴിവാക്കൽ
- തുടർ പ്രോഗ്രാമുകളുടെ വിലയിരുത്തൽ
- അടിസ്ഥാന സൗകര്യങ്ങൾ, ലാബ് / ലൈബ്രറി എന്നിവയുടെ ഗുണ നിലവാരം മെച്ചപ്പെടുത്തൽ
- മിഡ് കരിയർ ഫാക്കൽറ്റി അവാർഡ് സ്കീം

ചിത്രം 4.1.3
ബിരുദ– ബിരുദാനന്തര കോഴ്സിനുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ശതമാനം



അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പേർ ബിരുദതലത്തിലും 1329 പേർ ബിരുദാനന്തരബിരുദ തലത്തിലും പഠിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിൽ 66.81 ശതമാനം പെൺകുട്ടികളാണ്. 2016–17–ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 4.1.33** –ൽ കാണാം.

സ്കോളർഷിപ്പുകൾ

13 തരം കേന്ദ്ര – സംസ്ഥാനതല സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. ഇതിൽ 2016–17 കാലത്ത് നൽകിയ സ്കോളർഷിപ്പുകളിൽ 4000 കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പും, 11586 ജില്ല മെറിറ്റ് സ്കോളർഷിപ്പും 121215 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും ഉൾപ്പെടും. ഭാരത, കേരള സർക്കാരുകൾ നൽകിയ സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപിച്ചിട്ടുള്ള എൽ..ഇ.ഡി. ബോർഡിൽ നിന്നും ലഭിക്കും. 2014–15 മുതൽ 2016–17 വരെ ഇങ്ങനെ നൽകിയ സ്കോളർഷിപ്പുകളുടെ വിവരം **അനുബന്ധം 4.1.34** –ൽ കാണാം.

അധ്യാപകർ

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2016–17 ലെ അധ്യാപകരുടെ എണ്ണം 9742 ആണ്. ഇതിൽ 56.12 ശതമാനം സ്ത്രീകളാണ്. 2014–15 മുതൽ 2015–16 വർഷങ്ങളിൽ സർ വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം അനുബന്ധം 4.1.35–ൽ കാണാം. ഇവരിൽ 3343 പേർ (34.31 ശതമാനം) പി.എച്ച്ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ അനുബന്ധം 4.1.36 –ൽ കൊടുത്തിട്ടുണ്ട്. 2017–ൽ ഇതേ കോളേജുകളിൽ 2393 പേർ ഗസ്റ്റ് ലക്ചർമാരായി ജോലിചെയ്തിട്ടുണ്ട്. ഇതിന്റെവിശദാംശങ്ങൾ **അനുബന്ധം 4.1.37**–ൽ കാണാം.

കേരള ചരിത്രഗവേഷണ കൗൺസിൽ(കെ.സി.എച്ച്.ആർ)

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001–ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്രഗവേഷണ കൗൺസിൽ. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണസ്ഥാപനങ്ങളുമായി അക്കാദമിക അംഗീകാരമുള്ളതും കേരള സർവകലാശാലയുടെ അംഗീകരിക്കപ്പെട്ട ഗവേഷണ കേന്ദ്രവുമാണ് കേരള ചരിത്രഗവേഷണ കൗൺസിൽ. ചരിത്രാതീതകാലം മുതൽ വർത്തമാനകാലം വരെയുള്ള കേരളത്തിന്റെ ചരിത്രം ശാസ്ത്രീയമായി തയ്യാറാക്കി ഒരു സമഗ്ര വാല്യമായി പ്രസിദ്ധീകരിക്കാൻ കൗൺസിൽ തയ്യാറെടുക്കുകയാണ്.

കൊടുങ്ങല്ലൂർ–പറവൂർ സോണിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചരിത്ര–ടൂറിസം പ്രോജക്ടിന് സാങ്കേതിക സഹായം നൽകുന്ന നോഡൽ ഏജൻസിയായി ചരിത്രഗവേഷണ കൗൺസിലിനെ തെരഞ്ഞെടുത്തിട്ടുണ്ട്. 2006–07 മുതൽ കേരള ചരിത്രഗവേഷണ കൗൺസിൽ "പട്ടണത്തിൽ" വിവിധ തലങ്ങളിലുള്ള ഗവേഷണങ്ങൾ നടത്തി വരികയാണ്. കേരളത്തിന്റെ ആദ്യകാല ചരിത്രത്തെ പുനർ നിർമ്മിക്കാൻ വേണ്ടത്ര തെളിവുകൾ ഈ ഗവേഷണങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നു.

കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട്ടും അസാപ്പും

യുവാക്കളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിനകത്തും പുറത്തും ഉൽപ്പാദനക്ഷമമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അവസരമൊരുക്കികൊണ്ട് കേരള സംസ്ഥാന നൈപുണ്യ വികസന പദ്ധതി 2012 ജൂണിൽ ആരംഭിച്ചു. ഭാരത സർക്കാർ സാമ്പത്തിക കാര്യ വകുപ്പ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി. ബി) ന്റെ സഹായത്തോടെ ഏജൻസിയെ ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും സഹായിക്കുന്നു. വിദ്യാർത്ഥികളുടെ താഴ്ന്ന തൊഴിൽ ലഭ്യത പരിഹരിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും രൂപകൽപന നൽകിയ ഒരു പ്രോഗ്രാമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. ഹയർസെക്കന്ററി തലം മുതൽ ഗ്രാജ്വേറ്റ് തലം വരെയുള്ള ജനറൽ കരിക്കുലവുമയി ബന്ധപ്പെടുത്തി സുപ്രധാന അടിസ്ഥാന പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനം, കരിയർ കൌൺസലിംഗ് എന്നിവയിലൂടെ വിദ്യാഭ്യാസ തൊഴിലില്ലായ്മയെ നേരിടാൻ ഇത് ലക്ഷ്യമിടുന്നു. 836 ഹയർ സെക്കൻഡറി സ്കൂളുകളിലും, 26 വി എച്ച് എസ് ഇ കളിലും, 108 കോളേജുകളിലും 2016–17 കാലയളവിൽ അസാപ്പും നടപ്പിലാക്കുകയാണ്. 2016–17 കാലയളവിൽ ആകെ 29411 വിദ്യാർത്ഥികൾ പരിശീലനം നേടിയിട്ടുണ്ട്. പ്രോഗ്രാം നടത്തിപ്പിനായി അസാപ്പ് സെക്രട്ടേറിയറ്റിനെ സഹായിക്കുന്നതിന് 200–ലധികം പ്രോഗ്രാം മാനേജർമാരെയും, 1900 വൈദഗ്ധ്യ വികസന എക്സിക്യൂട്ടീവുകളെയും കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജിയിൽ ഫൗണ്ടേഷൻ ട്രെയിനിംഗ് നൽകുന്നതിനായി റിക്രൂട്ട് ചെയ്തിട്ടുണ്ട്. 2016–17 കാലഘട്ടത്തിൽ 30 മേഖലകളിലായി 85 വൈദഗ്ധ്യ പരിശീലനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസം

സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തൽ സാങ്കേതിക വിദ്യകളും വർദ്ധിപ്പിക്കൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര

ബോക്സ് 4.1.5
സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വർക്കിംഗ് ഗ്രൂപ്പ്

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്:

1. സംസ്ഥാന നൈപുണ്യ തൊഴിലവസര നയം വികസിപ്പിക്കുക.
2. എൻ.എസ്.ക്യു.എഫ്. മായി ചേർന്നു ഒരു ക്വാളിറ്റി അഷ്വറൻസ് ഫ്രെയിംവർക്ക് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
3. പ്രൊഫഷണൽ / വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗിൽ (ടി.വി.ഇ.ടി) മിനിസ്റ്റീരിയൽ, അക്കാദമിക് ഉദ്യോഗസ്ഥർ എന്നിവർക്കായി പ്രൊഫഷണൽ ആൻഡ് കരിയർ ഡവലപ്മെന്റ് പോളിസി (പി.സി.ഡി) വികസിപ്പിക്കുക.
4. ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകളും വൊക്കേഷണൽ വിദ്യാഭ്യാസ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് ഒരു സംഘടന രൂപീകരിക്കുക. ഇത്തരത്തിലുള്ള സംവിധാനം ഗവേഷണ–പഠനസഹായികളുടെ ഗുണങ്ങൾ ലഭിക്കാൻ വൊക്കേഷണൽ പരിശീലനം ലഭിച്ച വ്യക്തിയെ സഹായിക്കും.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും വ്യവസായത്തിൽ തൊഴിൽ പരിശീലനം നേടിയ വ്യക്തികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ദേശീയതലത്തിലോ, ആഗോളതലത്തിലോ അക്രിഡിറ്റേഷൻ ലഭിച്ച വൊക്കേഷണൽ കേന്ദ്രീയ തൊഴിൽ പരിശീലന നിലവാര വ്യവസ്ഥ കൊണ്ട് വരിക.
6. പ്രാദേശിക അന്തർ ദേശീയ ജോലി സാദ്ധ്യതകൾ പരിഗണിച്ച്കൊണ്ടുള്ള പരിശീലന ആവശ്യകത വിശകലനം നടത്തുക. പ്രാദേശികതലത്തിലുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ സാമൂഹ്യ–സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും ഭാവിയിൽ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സഹായിക്കും.
7. 7. നിലവിലെ ഗുണപരമായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അക്കാദമിക സ്വയം ഭരണം എന്ന ആശയം പരിശോധിക്കുകയും എല്ലാ സ്റ്റേക്ക്ഹോൾഡർമാർക്കും ഉത്തരവാദിത്തം ഉറപ്പുവരുത്തികൊണ്ടുള്ള അക്കാദമിക സ്വയം ഭരണാവകാശം വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്നു.

അവലംബം :- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വികസനത്തിനും സമൂഹ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.1.38**–ൽ കൊടുത്തിരിക്കുന്നു.

മനുഷ്യവിഭവവികസന മന്ത്രാലയം, ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ (എ.ഐ.സി.റ്റി.ഇ), സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മാ വർദ്ധന പരിപാടി (റ്റീക്യുപ്), തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റേഴ്സ് (റ്റി.ബി.ഐ), ശാസ്ത്ര–സാങ്കേതിക വകുപ്പ് (ഡി.എസ്സ്. റ്റി), യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ തുടങ്ങിയ വിവിധതരം ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന തുക ഉപയോഗിച്ച് പലതരം പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ, വിവിധ സ്ഥാപനങ്ങളിലെ ലബോറട്ടറിയുടെ ആധുനികവല്ക്കരണവും ഉപയോഗശൂന്യമായവയെ നീക്കം ചെയ്യുക (എം.ഒ.ഡി.ആർ.ഓ.ബി.എസ്) എന്ന എ.ഐ.സി.ടി.ഇ യുടെ പദ്ധതിയിലൂടെ വിവിധ സ്ഥാപനങ്ങളിലെ ലബോറട്ടറിയുടെ വികസനം നടപ്പിലാക്കി വരുന്നു

എഞ്ചിനീയറിംഗ് കോളേജുകൾ

2017–ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 180 എഞ്ചിനിയറിംഗ് കോളേജുകളിലായി 60376 പേർ പ്രവേശനം നേടി. ഇതിൽ 168 എണ്ണം (93.33 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9എണ്ണം (5 ശതമാനം) സർക്കാർ കോളെജുകളും, 3 എണ്ണം (1.64 ശതമാനം) സ്വകാര്യ എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ

ബോക്സ് 4.1.6
എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

വിദ്യാർത്ഥികളുടെ പ്രാരംഭ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ ആരംഭിച്ചത്. കളമശ്ശേരിയിലെ ഗവൺമെന്റ് എൻജിനീയറിങ് കോളെജുകളിലും 8 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും 4 പോളിടെക്നിക്കുകളിലും ടെക്നോളജി ഇൻകുബേഷൻ സെന്റർ സർക്കാർ അനുവദിച്ചിട്ടുണ്ട്. സംരംഭത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

i. സാങ്കേതികവിദ്യയിലെ നൂതന ആശയങ്ങൾ വളർത്തികൊണ്ടുള്ള സാധ്യതാ സംരംഭങ്ങളെ സഹായിക്കുകയും സ്റ്റാർട്ട് അപ് തലങ്ങളിലുള്ള വിജയകരമായ കോർപറേറ്റ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ii. പരിശീലനം ലഭിച്ച വളർന്നുവരുന്ന എഞ്ചിനീയർമാർക്കിടയിൽ നൂതനത്വം പ്രോത്സാഹിപ്പിക്കുക.iii. നിലവിലുള്ള ഗവേഷണം വാണിജ്യവത്ക്കരിക്കുക.

iv. വിദ്യാർത്ഥികളുടെ സംരംഭക കഴിവുകൾ വളർത്തിയെടുക്കുക.

നിലവിൽ സിഇറ്റി ൽ എട്ടു ഇൻക്യുബേറ്ററുകളുണ്ട്. അതിനോടോപ്പം തന്നെ പല ആശയങ്ങളും വികസിപ്പിച്ച്കൊണ്ടിരിക്കുന്നുണ്ട്. തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ, കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ സേവനങ്ങൾ നൽകിക്കൊണ്ട് ടിബിഐയുടെ സേവനം വിപുലപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ 5 ഉം, കണ്ണൂരിൽ എഞ്ചിനീയറിംഗ് കോളേജിൽ 6 ഉം വിഭാഗങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. M/s CAIRUZ, M/s Lotus Button,M/sMearEnterprises,M/sKRACKiTandM/sCREA8എന്നിവയാണ്നിലവിലെഇൻകുബേറ്ററുകൾ

അവലംബം :- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഉള്ളത് എറണാകുളം ജില്ലയിലാണ് (33 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (28 എണ്ണം). കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 4.1.39** –ൽ ചേർത്തിട്ടുണ്ട്. 2016–ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,340 ആണ് (5.48 ശതമാനം). ഇത് എയ്ഡഡ് കോളേജുകളിൽ 1,850 (3.22 ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 52,354 (90.98 ശതമാനം)ഉം ആയിരുന്നു.

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലാണ് (11,211). തുടർന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് (10,912), സിവിൽ എഞ്ചിനീയറിംഗ് (10,038), കംപ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് (9,897) വിഭാഗങ്ങളിലുമാണ്. 2016–17–ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭജനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.1.40** –ൽ ചേർത്തിരിക്കുന്നു. ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 2016–17–ലെ 5,134 –ൽ നിന്ന് 2017–18 –ൽ 6,222 ആയി കൂടിയിട്ടുണ്ട്. പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2016–17 –ലെ 36.42 –ൽ നിന്ന് 2017–18–ൽ 39.86 ശതമാനമായി കൂടിയിട്ടുണ്ട്. 2017–18–ൽ 1,606 വിദ്യാർത്ഥികൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കായി പ്രവേശനം ലഭിച്ചു. സർക്കാർ–എയ്ഡഡ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സിസിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 58.78 ശതമാനം പെൺകുട്ടികളാണ്. വിശദാംശങ്ങൾ **അനുബന്ധം 4.1.41** ലും, **4.1.42** ലുമായി ചേർത്തിരിക്കുന്നു.

എഞ്ചീനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്

ഗവൺമെന്റ് എഞ്ചീനീയറിംഗ് കോളേജു–കളിലെ അധ്യയന മികവ് ഉയർന്നതും, ശ്ലാഘനീയവുമാണ്. വിജയശതമാനവും പ്രശസ്തമായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കും (പ്ലെയ്സ്മെന്റ്) വളരെ മെച്ചപ്പെട്ടതാണ്. ഗേറ്റ്, ക്യാറ്റ് (സി.എ.റ്റി) തുടങ്ങിയ മത്സര പരീക്ഷകൾ എഴുതി

പട്ടിക 4.1.5
2016-17-ലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റിന്റെ വിശദാംശങ്ങൾ

ക്രമ നം	കോളേജിന്റെ പേര്	പ്ലേസ്മെന്റുകളുടെ എണ്ണം
1	കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം	960
2	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടർഹിൽ	132
3	ആർ.ഐ.റ്റി, കോട്ടയം	129
4	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി	13
5	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ	353
6	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട്	35
7	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്	4
8	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട്	3
9	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ	101
	ആകെ	**1,730**

ഉറവിടം :- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഉപരിപഠനത്തിന് അർഹത നേടുന്നവരുടെ എണ്ണവും കൂടിയിട്ടുണ്ട്. വിപ്രോ, മഹീന്ദ്രാ, റ്റി.സി.എസ്സ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളിലാണ് കൂടുതൽ വിദ്യാർത്ഥികൾക്കും ജോലി ലഭിച്ചിട്ടുള്ളത്. 2016-17 -ൽ വിവിധ ഗവ. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് ലഭിച്ച പ്ലേസ്മെന്റിന്റെ വിശദാംശങ്ങൾ, ചുവടെയുള്ള **പട്ടിക 4.1.5** -ൽ ചേർത്തിരിക്കുന്നു.

പോളിടെക്നിക്കുകളും, ടെക്നിക്കൽ ഹൈസ്കൂളുകളും

കേരളത്തിൽ 45 സർക്കാർ പോളിടെക്നിക്കുകളും, 6 സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് നിലവിലുള്ളത്. ഇവിടങ്ങളിലെ പ്രവേശനം 2017-18 -ൽ യഥാക്രമം 10,749 -ഉം, 1,531 -ഉം ആണ്. 2017-18-ൽ 27,163 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4209 വിദ്യാർത്ഥികൾ സ്വകാര്യ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 4.1.45, 4.1.46** -ൽ കാണാം. 2016-17 ലുള്ള പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനം ട്രേഡ് തിരിച്ച് **അനുബന്ധം 4.1.47** -ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് (2016), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,000) മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,660)), സിവിൽ എഞ്ചിനീയറിംഗ്(1,310), എന്നിവയ്ക്കുമാണ്.

സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ 1,905 അധ്യാപകർ ജോലി ചെയ്യുന്നതിൽ 30.29ശതമാനം സ്ത്രീകളാണ്. സർക്കാർ പോളിടെക്നിക്കുകളിലെ വിദ്യാർത്ഥി - അധ്യാപക അനുപാതം **പട്ടിക 4.1.6** കാണുക

പട്ടിക 4.1.6
പോളിടെക്നിക്കുകളിലെ വിദ്യാർത്ഥി - അധ്യാപക അനുപാതം

സ്ഥാപനങ്ങൾ	2014	2015	2016	2017
സർക്കാർ	21	20	20	18
പ്രൈവറ്റ് (എയ്ഡഡ്)	11	10	11	11
ആകെ	**19**	**17**	**18**	**16**

അവലംബം : സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

പട്ടിക 4.1.7
പോളിടെക്നിക്കുകളിലെ പട്ടിക ജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ശതമാനം

സ്ഥാപനം	2014–15				2015–16				2016–17			
	എസ്. സി	എസ്. റ്റി	മറ്റുള്ളവർ	ആകെ	എസ്. സി	എസ്. റ്റി	മറ്റുള്ളവർ	ആകെ	എസ്. സി	എസ്. റ്റി	മറ്റുള്ളവർ	ആകെ
1.ഗവൺമെന്റ്	8.19	1.01	90.8	100	7.08	0.86	92.06	100	6.86	0.71	92.43	100
2. പ്രൈവറ്റ് (എയ്ഡഡ്)	9.84	0.47	89.69	100	5.46	0.38	94.16	100	5.13	0.47	94.40	100
ആകെ	8.4	0.94	90.66	100	6.86	0.79	92.36	100	6.62	0.68	92.70	100

അവലംബം : സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 4.1.48** –ൽ കാണാം. ഇതേ വർഷം ഇവിടെയുള്ള പട്ടികജാതി–പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 4.49** –ൽ കാണാം. പട്ടികജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ശതമാനം കുറവാണെന്നും കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഈ അനുപാതം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നും കാണുന്നു (**പട്ടിക 4.1.7**).

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2017–18–ൽ ഇവിടെ ആകെ 7996 വിദ്യാർത്ഥികളും 731 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 26.13 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2015–16 മുതൽ, 2016–17 വരെയുള്ള വർഷങ്ങളിലെ അധ്യാപക വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 4.50** ലുണ്ട്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ പട്ടികജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 12.76 ശതമാനത്തിൽ നിന്നും 9.36 ശതമാനമായും 0.96 ശതമാനത്തിൽനിന്നും 0.63 ശതമാനമായും കുറവാണ് യഥാക്രമം കാണിച്ചിരിക്കുന്നത്. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 4.1.51 –ൽ** ചേർത്തിരിക്കുന്നു.

വിവിധ മേഖലകളിൽ വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങൾ നേരിടുന്നതിന് കേരളത്തിലെ ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസത്തെ സജ്ജമാക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൂടുതൽ തൊഴിൽ–നൈപുണ്യ– വ്യവസായ കേന്ദ്രീകൃത കോഴ്സുകൾ സംസ്ഥാനം ആരംഭിക്കേണ്ടതുണ്ട്. നൈപുണ്യ വികസന കോഴ്സുകൾ വിവിധ ഏജൻസികളുമായി സംയോജിപ്പിച്ചുകൊണ്ട് ആവർത്തനം ഒഴിവാക്കി നടപ്പിലാക്കാവുന്നതാണ്.

വിദ്യാഭ്യാസത്തിനുള്ള പദ്ധതി വിഹിതവും ചെലവും

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ വിദ്യാഭ്യാസ മേഖലയ്ക്കായി 590.24 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 98.78 ശതമാനം ചെലവഴിച്ചു. ഈ അഞ്ചു വർഷക്കാലത്ത് കാര്യമായ വർദ്ധനവ് വരുത്തി 2016–17 ലെ പദ്ധതി വിഹിതം 1330.79 കോടി രൂപ വർദ്ധിപ്പിക്കുകയുണ്ടായി. ഈ അഞ്ച്

പട്ടിക 4.1.8
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതി വിഹിതവും ചെലവും രൂപ കോടിയിൽ

സെക്ടറുകൾ	വാർഷിക പദ്ധതി 2012–13		വാർഷിക പദ്ധതി 2013–14		വാർഷിക പദ്ധതി 2014–15		വാർഷിക പദ്ധതി 2015–16		വാർഷിക പദ്ധതി 2016–17		12–ാം പഞ്ചവത്സര പദ്ധതി		
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	% ചെലവ്
സ്കൂൾ വിദ്യാഭ്യാസം	287.15	290.6698	333.15	318.5813	367.81	302.3843	379.75	341.6872	502.51	503.4127	1870.37	1756.735	93.92
ഉന്നത വിദ്യാഭ്യാസം	202	188.8691	247.99	292.4577	367.97	206.5545	510.42	418.5926	592.81	243.0481	1921.19	1349.522	70.24
സാങ്കേതിക വിദ്യാഭ്യാസം	101.09	139.2316	117.86	152.9403	143.22	145.8392	184.45	366.6027	235.41	166.9842	782.03	971.598	124.24
ആകെ	**590.24**	**618.7705**	**699**	**763.9793**	**879**	**654.778**	**1074.62**	**1126.883**	**1330.73**	**913.445**	**4573.59**	**4077.855**	**89.16**

അവലംബം : വാർഷിക പദ്ധതി രേഖകൾ

ചിത്രം 4.1.4
12–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിദ്യാഭ്യാസ മേഖലയുടെ വിഹിതം
രൂപ കോടിയിൽ



അവലംബം : വാർഷിക പദ്ധതി രേഖകൾ

വർഷക്കാലയളവിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ശതമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഈ കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ചെലവ് നാമമാത്രമാണ് വർധിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസത്തിന്റെ വിഹിതം മൊത്തം വിഹിതത്തിന്റെ 80 ശതമാനത്തിലധികം വരും. ടെക്നിക്കൽ വിദ്യാഭ്യാസത്തിനുള്ള വിഹിതത്തിന്റെ ശതമാനക്കണക്ക് വളരെ കുറവാണ്, എന്നാൽ അതിന്റെ ശതമാനച്ചെലവ് മെച്ചപ്പെടുന്നുണ്ട്. ഈ അഞ്ച് വർഷങ്ങളിലായി മൂന്ന് ഉപവിഭാഗങ്ങളുടേയും മൊത്തം വിഹിതം വർദ്ധിക്കുകയാണ് ചെയ്തതെങ്കിലും (ചിത്രം 4.1.7 കാണുക)

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ശതമാനം അവസാന വർഷത്തിലൊഴികെ ഈ കാലയളവിൽ കുറയുന്ന പ്രവണത കാണിക്കുന്നു. 2012–13–ൽ ഇത് 56 ശതമാനമായിരുന്നത് 2016–17 ൽ 37.8 ശതമാനമായി കുറഞ്ഞു. സ്കൂൾ വിദ്യാഭ്യാസത്തിൽ ഏറ്റവും പ്രാഥമികമായ ലക്ഷ്യങ്ങൾ കേരളം ഇതിനകം നേടിക്കഴിഞ്ഞതാകാം ഇതിന് കാരണം.

ഭാവി വീക്ഷണം

ഇന്ത്യയിലെ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്ലാൻ ഇന്റർനാഷണൽ എന്ന എൻ.ജി.ഒയുടെ ഈയടുത്ത് പുറത്ത് വിട്ട റിപ്പോർട്ട് പ്രകാരം ഗോവയ്ക്ക് ശേഷം ഇന്ത്യയിൽ പെൺകുട്ടികൾക്ക് സുരക്ഷിതമായ ജീവിക്കാൻ കഴിയുന്ന രണ്ടാമത്തെ സ്ഥലം കേരളമാണ്. എന്നാൽ വിദ്യാഭ്യാസ സൂചികയിൽ കേരളത്തിന്റെ സ്ഥാനം എട്ടാമതാണ്. 68 നിർണ്ണായക സൂചികകൾ വിദ്യഭ്യാസ സൂചിക കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നതിന്റെ ശതമാനം ദേശീയ ശരാശരിയേക്കാൾ താഴെയാണെന്നാണ് റിപ്പോർട്ട് ചൂണ്ടി കാണിക്കുന്നത്. അതുപോലെ പെൺകുട്ടികൾക്ക് ശുചിത്വമുള്ള ടെയ് ലറ്റുകളും പ്രതീക്ഷിച്ചതുപോലെയില്ല. വിദ്യാഭ്യാസത്തിലെ നിലവാര കുറവിനെപ്പറ്റി പന്ത്രണ്ടാം പദ്ധതി വിദഗ്ദ്ധ കമ്മിറ്റിയും, എ.എസ്.ഇ.ആർ റിപ്പോർട്ടുംപതിമൂന്നാം പദ്ധതി വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളും മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. ഇവയൊക്കെ ഗവൺമെന്റിന്റെ സത്വര ശ്രദ്ധയും ഇടപെടലുകളും ആവശ്യപ്പെടുന്നു.

തൊഴിൽ

കേരളത്തിലെ തൊഴിലില്ലായ്മയുടെ അവസ്ഥ

തൊഴിലാളികളുടെയും തൊഴിലന്വേഷകരുടെയും എണ്ണത്തിലുണ്ടായ വർദ്ധനയെ തുടർന്ന് സമീപഭാവിയിൽ അന്താരാഷ്ട്ര തൊഴിലില്ലായ്മയുടെ തോതും നിരക്കും ഉയർന്നതായാണ് അന്താരാഷ്ട്ര തൊഴിലാളി സംഘടന 2017 –ൽ പ്രസിദ്ധീകരിച്ച വേൾഡ് എംപ്ലോയ്മെന്റ് & സോഷ്യൽ ഔട്ട് ലുക്ക് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. പ്രത്യേകിച്ച് അന്താരാഷ്ട്ര തൊഴിലില്ലായ്മയുടെ നിരക്ക് 2016 –ൽ 5.7 ശതമാനമായിരുന്നത് 2017 ൽ 5.8 ശതമാനമായി ചെറിയ തോതിൽ ഉയരുമെന്ന് പ്രതീക്ഷിക്കുമ്പോൾ 2017 ൽ തൊഴിലില്ലായ്മ ഇന്ത്യൻ സാമ്പത്തിക വളർച്ചയെ പിന്നോക്കം വലിക്കാനുള്ള പ്രവണതയാണ് കാണിക്കുന്നതെന്നും സാമൂഹിക അസമത്വവു, തൊഴിലില്ലായ്മയും ഉയരുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 2017–18 ലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ അതിന്റെ ഗതിവേഗം കൂട്ടാത്തതിനാൽ തൊഴിലില്ലായ്മയുടെ ശതമാനം ഉയർന്ന് നിശ്ചലാവസ്ഥയിലേക്ക് എത്തിച്ചേരും. ഇന്ത്യയിൽ തൊഴിലില്ലായ്മ 2016 ൽ 17.7 ദശലക്ഷവും 2017–ൽ 17.8 ദശലക്ഷം ആയിരുന്നത് 2019 ൽ 18 ദശലക്ഷമായി കുതിച്ചുയരുമെന്നും റിപോർട്ടിൽ പ്രതിപാദിക്കുന്നു, ശതമാനകണക്കിൽ 2017–18 –ൽ ഇത് 3.4 ശതമാനമായി തുടരുന്നതാണ്.

തൊഴിൽ സൃഷ്ടി കേരളത്തിന്റെ സഗൗരവ പരിഗണനയിലുള്ള വിഷയമാണ്. ഇന്ത്യൻ ശരാശരിയുടെ ഇരട്ടിയോളമുള്ള തൊഴിലില്ലായ്മയെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പിന്നോട്ടടിക്കുകയും സാമൂഹിക അരാജകത്വം സൃഷ്ടിക്കുകയും ചെയ്യുന്നു. സമൂഹത്തിലും സാമ്പത്തിക മേഖലയിലും ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുവാനായി തങ്ങൾ നേടിയ അറിവും നൈപുണ്യങ്ങളും ഉപയോഗരഹിതമാക്കുന്നത് അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കേരളത്തിൽ സുലഭമായിട്ടുള്ള കഴിവുറ്റ മനുഷ്യ വിഭവത്തെ ഉപയോഗിക്കാൻ സർക്കാർ പുതിയ നയങ്ങൾ രൂപീകരിക്കേണ്ടതാണ്.

2015–16 –ലെ അഞ്ചാം വാർഷിക തൊഴിൽ–തൊഴിലില്ലായ്മ സർവ്വെ അനുസരിച്ച് ദേശീയതലത്തിൽ തൊഴിൽ പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.) 50.3 ശതമാനമാണ് (യു.പി.എസ്. സമീപനം). ദേശീയതലത്തിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് പുരുഷന്മാരേക്കാൾ വളരെക്കുറവാണ്. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 23.7 ശതമാനവും പുരുഷ തൊഴിൽപങ്കാളിത്ത നിരക്ക് 75 ശതമാനവും ഭിന്നലിംഗ വിഭാഗക്കാരുടെ തൊഴിൽപങ്കാളിത്ത നിരക്ക് 48 ശതമാനവുമാണ്. അതുപോലെ ദേശീയതലത്തിൽ തൊഴിലാളി ജനസംഖ്യാനുപാതം 47.8 ശതമാനമായി കണക്കാക്കിയിരിക്കുന്നു. ഇതിൽ 27.7 ശതമാനം സ്ത്രീകളും 72.1 ശതമാനം പുരുഷന്മാരും 45.9 ശതമാനം ഭിന്നലിംഗക്കാരും ഉൾപ്പെടുന്നു. ഭാരത തൊഴിൽ മന്ത്രാലയം 2015–16–ൽ നടത്തിയ അഞ്ചാമത് വാർഷിക തൊഴിൽ–തൊഴിലില്ലായ്മ സർവ്വെ പ്രകാരം പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തൊഴിലില്ലായ്മാ നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം (12.5 ശതമാനം). കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് ദേശീയ ശരാശരി (5 ശതമാനം) യേക്കാൾ കൂടുതലാണ്. (**അനുബന്ധം 4.1.52, ചിത്രം 4.1.5**) കേരളത്തേക്കാൾ ഉയർന്ന തൊഴിലില്ലായ്മാനിരക്ക് രേഖപ്പെടുത്തിയത് സിക്കിം, ത്രിപുര എന്നീ രണ്ട് ചെറിയ സംസ്ഥാനങ്ങളിൽ മാത്രമാണ് യു.പി.എസ്. സമീപനമനുസരിച്ച്, ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മാ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം ഗുജറാത്തും (0.9 ശതമാനം) കേന്ദ്ര ഭരണ പ്രദേശം ദാമൻദ്യൂയുമാണ് (0.3 ശതമാനം). ദേശീയ ശരാശരി (5 ശതമാനം)യേക്കാൾ കുറവ്

ചിത്രം 4.1.5
പ്രധാന സംസ്ഥാനങ്ങളുടെ തൊഴിലില്ലായ്മാ നിരക്ക്
(യു.പി.എസ്. സമീപനമനുസരിച്ച്) (ശതമാനത്തിൽ)



അവലംബം: അഞ്ചാമത് വാർഷിക തൊഴിൽ-തൊഴിലില്ലായ്മ സർവ്വെ2015-16 ഇന്ത്യാഗവണ്മെന്റ്

തൊഴിലില്ലായ്മാനിരക്ക് രേഖപ്പെടുത്തിയ മറ്റ് സംസ്ഥാനങ്ങൾ കർണ്ണാടകം (1.5 ശതമാനം), ഛത്തീസ്ഗഢ് (1.9 ശതമാനം), മഹാരാഷ്ട്ര (2.1 ശതമാനം ശതമാനം), ആന്ധ്രാ പ്രദേശ് (3.9 ശതമാനം), തമിഴ്നാട് (4.2 ശതമാനം), മദ്ധ്യപ്രദേശ് (4.3 ശതമാനം), പശ്ചിമബംഗാൾ (4.9 ശതമാനം) എന്നിവയാണ്.

മൊത്തം തൊഴിൽ ശക്തിയിൽ (15–60) തൊഴിൽ ഇല്ലാത്തവരുടെ അനുപാതമാണ് തൊഴിലില്ലായ്മ നിരക്ക് എന്ന് നിർവ്വചിച്ചിട്ടുണ്ട്. യൂഷ്യൽ സ്റ്റാറ്റസ്, വീക് ലി സ്റ്റാറ്റസ്, ഡെയ് ലി സ്റ്റാറ്റസ് എന്നിങ്ങനെ ഇതിനെ മാപനം ചെയ്യുന്നു. യൂഷ്യൽ സ്റ്റാറ്റസ് സ്ഥിരതൊഴിലില്ലായ്മെയും വീക് ലി സ്റ്റാറ്റസും ഡെയ് ലി സ്റ്റാറ്റസും സീസണിലോ താൽക്കാലികമായ തൊഴിലില്ലായ്മയെയും കാണിക്കുന്നു.

ചിത്രം 4.1.6 –ൽ വിവിധ സമീപന പ്രകാരം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ സ്ത്രീ പുരുഷ തൊഴിലില്ലായ്മ നിരക്ക് കാണിക്കുന്നു. ഏത് സമീപനത്തിലൂടെയാണെങ്കിലും കേരളത്തിലെ തൊഴിലില്ലായ്മ മൂന്ന് മുതൽ നാല് ഇരട്ടി ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കാണാം. യു.പി.സ് സമീപിന പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 9.8 ശതമാനമാണ്. എൻ.എസ്.എസ്.ഒ കൂടുതൽ ശാസ്ത്രീയമായി തയ്യാറാക്കുന്ന സമീപനം ആയതിനാൽ ഈ നിരക്ക് കൂടുതൽ കൃത്യതയുള്ള കണക്കായി എടുക്കവുന്നതാണ്. സ്ത്രീകളിലെ തൊഴിലില്ലായ്മ, പ്രത്യേകിച്ച് ഗ്രാമ പ്രദേശങ്ങളിലെ തൊഴിലില്ലായ്മ പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന വിഷയമായിരിക്കുകയാണ്. എന്നിരുന്നാലും സ്ത്രീകളിലെ തൊഴിൽ പങ്കാളിത്തനിരക്ക് ദേശീയ ശരാശരിയായ 23.7 ശതമാനത്തേക്കാൾ കേരളത്തിൽ കൂടുതലാണെന്ന് കാണാം. (30.8 ശതമാനമാണ്) തൊഴിലിന്റെയും തൊഴിൽ ഇല്ലായ്മയുടെയും വ്യത്യസ്ത സൂചികകൾ ദേശീയ സംസ്ഥാന തലത്തിൽ **അനുബന്ധം 4.1.53**–ലും **4.1.54**–ലും നൽകിയിട്ടുണ്ട്. അഞ്ചാം വാർഷിക തൊഴിൽ – തൊഴിൽ ഇല്ലായ്മ സർവ്വെ അനുസരിച്ച് കേരളത്തിൽ നഗര പ്രദേശങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ തൊഴിലില്ലായ്മ നിരക്ക് ഗ്രാമപ്രദേശങ്ങളിലാണെന്ന് കാണാവുന്നതാണ് (**ചിത്രം 4.1.6**). ഇന്ത്യയിലെ തൊഴിൽ–തൊഴിലില്ലായ്മ അവസ്ഥ സർവ്വെ (എൻ.എസ്.എസ്. 68–ാം തവണ) അനുസരിച്ച് തൊഴിലില്ലായ്മാനിരക്ക് നഗര പ്രദേശങ്ങളിലേക്കാൾ ഗ്രാമപ്രദേശങ്ങ ളിലാണ് കൂടുതൽ.

സാമ്പത്തിക വികസനത്തിന്റെ അവശ്യ ഘടകങ്ങളിലൊന്നാണ് യുവജനങ്ങൾക്കു വേണ്ടി സൃഷ്ടിക്കപ്പെടുന്ന ഉല്പാദനപരമായ തൊഴിൽ അവസരങ്ങൾ. കേരളത്തിന്റെ ആകെ ജനസംഖ്യയുടെ ഏകദേശം 23 ശതമാനമാണ് യുവാക്കൾ. ഈ സർവ്വെ റിപ്പോർട്ടനുസരിച്ച് യുവാക്കളിലെ തൊഴിലില്ലായ്മാ നിരക്ക് മൊത്തം ജനവിഭാഗത്തിന്റെ തൊഴിലില്ലായ്മാ നിരക്കിനേക്കാൾ കൂടുതലാണെന്നത് തൊഴിലില്ലായ്മയുടെ തീവ്രത തുറന്ന് കാണിക്കുന്നു. യുവാക്കളിലെ തൊഴിലില്ലായ്മാ നിരക്ക് ഗ്രാമ പ്രദേശങ്ങളിൽ 21.7 ശതമാനവും

ചിത്രം 4.16
വിവിധ സമീപനങ്ങളിൽ കണക്കാക്കിയ കേരളത്തിലെ



അവലംബം: ഇന്ത്യയിലെ തൊഴിൽ/തൊഴിലില്ലായ്മയുടെ അവസ്ഥ, (എൻ.എസ്.എസ്. അറുപത്തെട്ടാമത് റൗണ്ട്, ജൂലൈ 2011 – ജൂൺ 2012) (പ്രായം 15-59 വയസ്സ്)

ചിത്രം 4.1.7
ഇന്ത്യയിലേയും കേരളത്തിലേയും യുവജനങ്ങളുടെ തൊഴിലില്ലായ്മാ നിരക്ക് (യു.പി.എസ്. സമീപനത്തിൽ കണക്കാക്കിയത്)



അവലംബം: ഇന്ത്യയിലെ തൊഴിൽ/തൊഴിലില്ലായ്മയുടെ അവസ്ഥ, (എൻ.എസ്.എസ്. അറുപത്തെട്ടാമത് റൗണ്ട്, ജൂലൈ 2011 – ജൂൺ 2012 (പ്രായ വിഭാഗം :15-29)

നഗര പ്രദേശങ്ങളിൽ 18.0 ശതമാനവുമാണ്. കൂടാതെ, യുവതികളായ സ്ത്രീകളിലെ തൊഴിലില്ലായ്മാ നിരക്ക് യുവാക്കളിലെ തൊഴിലില്ലായ്മാ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. ഗ്രാമ പ്രദേശത്ത് യുവാക്കളിലെ തൊഴിലില്ലായ്മാ നിരക്ക് 9.7 ശതമാനമാണെങ്കിൽ യുവതികളിൽ ഇത് 47.4 ശതമാനമാണ് (**ചിത്രം 4.1.7**). നൈപുണ്യത്തിന്റെ കുറവും നൂതനമേഖലകളിൽ പരിചയകുറവുമാണ് യുവാക്കൾക്കിടയിൽ ഉയർന്ന തൊഴിലില്ലായ്മ നിലനില്ക്കാൻ കാരണം. കൂടുതൽ മികച്ചതൊഴിലവസരങ്ങൾ കണ്ടെത്താൻ നിലവിലുള്ള തൊഴിൽദായക പദ്ധതികളും നൈപുണ്യവികസന പരിപാടികളും പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്.

കേരളത്തിലെ ഒരു പ്രധാന സവിശേഷത സ്ത്രീകൾ പൊതുവെ വിദ്യാഭ്യാസ സമ്പന്നർ ആണെന്നുള്ളതാണ്. എന്നാൽ തൊഴിൽ സേവന പങ്കാളിത്ത നിരക്കിനെപ്പോലെതന്നെ സ്ത്രീകളിൽ തൊഴിൽ എടുക്കുന്നവരുടെ അനുപാതം പുരുഷൻമാരുടെ അനുപാതത്തേക്കാൾ വളരെ കുറവാണ്. വ്യത്യസ്ത സമീപനങ്ങളിൽ കണക്കാക്കിയ പുരുഷൻമാരുടെയും സ്ത്രീകളുടെയും തൊഴിലെടുക്കുന്നവരുടെ അനുപാതം **ചിത്രം 4.1.8** –ൽ കാണാവുന്നതാണ്.

വിവിധ പ്രായവിഭാഗങ്ങളെ അടിസ്ഥാന മാക്കിയുള്ള തൊഴിലെടുക്കുന്നവരുടെ അനുപാതത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് ഗ്രാമപ്രദേശത്ത് ഏറ്റവും കൂടിയ പങ്കാളിത്തമുള്ളത് 40–44 പ്രായ വിഭാഗത്തിലാണെന്നാണ് (പുരുഷൻമാർ– 97.8 ശതമാനം, സ്ത്രീകൾ 47.0ശതമാനം) അതേസമയം നഗരപ്രദേശത്ത് ഉയർന്ന് പങ്കാളിത്തമുള്ളത് 35–39 പ്രായവിഭാഗത്തിലാണ് (പുരുഷൻമാർ – 96.6 ശതമാനം, സ്ത്രീകൾ 39.6 ശതമാനം) വിവിധ പ്രായവിഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള തൊഴിലെടുക്കുന്നവരുടെ അനുപാതത്തിന്റെ ഒരു രേഖാചിത്രം **ചിത്രം 4.1.9** –ൽ നൽകിയിട്ടുണ്ട്.

സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിലെ സംഘടിത മേഖലയിൽ

ചിത്രം 4.1.8
2011–12 കാലയളവിലെ വ്യത്യസ്ത സമീപനങ്ങളിൽ കണക്കാക്കിയ തൊഴിലെടുക്കുന്നവരുടെ അനുപാതം (എല്ലാ പ്രായത്തിലുള്ളവരും)



അവലംബം : ഇന്ത്യയിലെ തൊഴിൽ/തൊഴിലില്ലായ്മയുടെ അവസ്ഥ, എൻ.എസ്.എസ്. റിപ്പോർട്ട് നമ്പർ 554 (എൻ.എസ്.എസ്. അറുപത്തെട്ടാമത് റൗണ്ട്, ജൂലൈ 2011 - ജൂൺ 2012

ചിത്രം 4.1.9
2011–12 കാലയളവിൽ വിവിധ പ്രായ വിഭാഗങ്ങളെ അടിസ്ഥാനമാക്കി തൊഴിലെടുക്കുന്നവരുടെ അനുപാതം (യു.പി.എസ്എസ്)



അവലംബം: ഇന്ത്യയിലെ തൊഴിൽ/തൊഴിലില്ലായ്മയുടെ അവസ്ഥ, എൻ.എസ്.എസ്. റിപ്പോർട്ട് നമ്പർ 554 (എൻ.എസ്.എസ്. അറുപത്തെട്ടാമത് റൗണ്ട്, ജൂലൈ 2011 - ജൂൺ 2012)

തൊഴിലവസരങ്ങൾ ഏകദേശം സ്ഥിരമായി നിൽക്കുന്ന പ്രവണതയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംഘടിത മേഖലയിൽ നാമമാത്ര വർദ്ധനവ് മാത്രമാണ് കാണിക്കുന്നത്. 2010 –ൽ 11.15 ലക്ഷം തൊഴിലാളികൾ പണിയെടുത്തിരുന്നെങ്കിൽ 2017 ആയപ്പോഴേക്കും അത് 11.73 ലക്ഷമായി. അനൗദ്യോഗിക മേഖലകളായ നിർമ്മാണം, റിയൽ എസ്റ്റേറ്റ്, ടെക്സ്റ്റയിൽ എന്നീ കൂടുതൽ തൊഴിൽ ദായക മേഖലകളിലേക്ക് തൊഴിലാളികളുടെ മാറ്റമാണ് ഇതിന് കാരണം.

പൊതുമേഖലയും, സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിത മേഖല. 2011–ന് ശേഷം പൊതുമേഖലയെ അപേക്ഷിച്ച് സ്വകാര്യ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടിവരുന്ന പ്രവണത കാണിക്കുന്നത്. 2017 ൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന 11.73 ലക്ഷം ആൾക്കാരിൽ 5.60 ലക്ഷം ആളുകൾ (48 ശതമാനം) പൊതുമേഖലയിലും 6.13 ലക്ഷം ആളുകൾ (52 ശതമാനം) സ്വകാര്യമേഖലയിലും തൊഴിലെടുക്കുന്നു. (**അനുബന്ധം 4.1.55, ചിത്രം 4.1.10**).

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.2 ശതമാനവും സംസ്ഥാന സർക്കാർ ജീവനക്കാരാണ്. കേന്ദ്ര സർക്കാർ ജീവനക്കാരാകട്ടെ 10.5 ശതമാനമാണുള്ളത്. അതേ സമയം സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർ 23.7 ശതമാനവും കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർ 14.8 ശതമാനവും 4.6 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുമാണ്. (**ചിത്രം 4.1.11 അനുബന്ധം 4.1.56**).

2017 മാർച്ചിലെ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള തൊഴിലിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 1.89 ലക്ഷം ആളുകളാണ്. ഇത് സംഘടിത മേഖലയിലെ മൊത്തം തൊഴിലിന്റെ 16 ശതമാനം വരും. അതേസമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം 34,915 ആണ്. ഇതാകട്ടെ സംഘടിത മേഖലയിലെ തൊഴിലിന്റെ കേവലം 3 ശതമാനം മാത്രമേയുള്ളൂ. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ പുരുഷന്മാർ സ്ത്രീകളേക്കാൾ എണ്ണത്തിൽ കൂടുതലാണ്. എന്നാൽ സ്വകാര്യ മേഖലയിലെ

ചിത്രം 4.1.10
കേരളത്തിൽ സംഘടിത മേഖലയിലെ തൊഴിൽ (ലക്ഷം ആളുകൾ)



അവലംബം: ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്, കേരള സർക്കാർ, 2017

ചിത്രം 4.1.11
പൊതുമേഖലയിലെ തൊഴിൽ



അവലംബം: ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്, കേരള സർക്കാർ, 2017

ചിത്രം 4.1.12
സംഘടിത മേഖലയിലെ തൊഴിൽ വിതരണം – മാർച്ച് 2017



അവലംബം: ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്, കേരള സർക്കാർ 2017

തൊഴിലിൽ സ്ത്രീകളാണ് എണ്ണത്തിൽ കൂടുതൽ. പൊതുമേഖലയിലെ തൊഴിലിൽ 66 ശതമാനവും പുരുഷന്മാരും സ്വകാര്യ മേഖലയിലെ തൊഴിലിൽ 52 ശതമാനം സ്ത്രീകളുമാണ് കൈകാര്യം ചെയ്യുന്നത്. (**അനുബന്ധം 4.1.57**).

സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ സേവന മേഖലയിലെ എണ്ണം വർദ്ധിക്കുമ്പോൾ കാർഷിക മേഖലയിലെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. നിർമ്മാണം, വിദ്യാഭ്യാസം, ധനകാര്യം, ഇൻഷ്വറൻസ് തുടങ്ങിയ മേഖലയിലെ തൊഴിലുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നതായി കാണാ. (**അനുബന്ധം 4.1.58 & ചിത്രം 4.1.1**2).

അസംഘടിത മേഖലയിലെ തൊഴിൽ

മൊത്തം ആഭ്യന്തര ഉല്പാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേയ്ക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ ഇന്ത്യൻ സമ്പദ് ഘടനയിൽ അസംഘടിത മേഖല ഒരു പ്രധാന പങ്ക് നിർവ്വഹിക്കുന്നുണ്ട്. തൊഴിൽ ശക്തിയുടെ 90 ശതമാനത്തിലധികം തൊഴിലിലേർപ്പെട്ടിരിക്കുന്നത് ഈ മേഖലയിലാണ്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ ഏതാണ്ട് 50 ശതമാനവും അസംഘടിതമേഖലയുടെ സംഭാവനയാണ്. സമൂഹത്തിലെ സാമ്പത്തികമായും, സാമൂഹ്യമായും പിന്നോക്കം നില്ക്കുന്ന തൊഴിലാളികളിൽ വലിയൊരു വിഭാഗം, രാജ്യത്തും സംസ്ഥാനത്തും ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. 2011–12–ലെ നാഷണൽ സാമ്പിൾ സർവ്വേയുടെ അറുപത്തിയെട്ടാം റൗണ്ടിന്റെ ഭാഗമായി എൻ. എസ്.എസ്.ഒ നടത്തിയ തൊഴിലിനേയും തൊഴിലില്ലായ്മയേയും സംബന്ധിച്ച ഏറ്റവും പുതിയ സർവ്വെ ഫലം അനുസരിച്ച് യു.പി. എസ്.എസ് സമീപനത്തിൽ കേരളത്തിലെ മൊത്തം തൊഴിലാളികളിൽ സ്വയംതൊഴിൽ കണ്ടെത്തിയവരുടെ നിരക്ക് 37.7 ശതമാനമാണ്. സ്ഥിരമായി തൊഴിലും വേതനം/ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ നിരക്ക് 22.5 ശതമാനം വരും. കാഷ്വൽ തൊഴിലാളികളുടെ നിരക്ക് 39.8 ശതമാനമാണ്.

കുറഞ്ഞ തൊഴിൽ സുരക്ഷിതത്വം, തൊഴിൽപരമായി ഉയരുവാനുള്ള സാധ്യത കുറവ്, പൊതു അവധികൾക്ക് ശമ്പളത്തോടെ ലീവില്ലാത്ത അവസ്ഥ, നിയമവിരുദ്ധമായി പെരുമാറുന്ന തൊഴിലുടമകൾക്കെതിരെ സംരക്ഷണമില്ലായ്മ എന്നിവ അസംഘടിത മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളാണ്. സമൂഹത്തിലെ മറ്റ് വിഭാഗങ്ങൾ അസംഘടിത മേഖലയിലെ തൊഴിലാളികളെ ചൂഷണംചെയ്യുന്നു. ഔദ്യോഗിക മേഖലകളിലെ തൊഴിലിനോട് സാദൃശ്യമുള്ള തൊഴിലുകൾ ആണെങ്കിലും വേതനം വളരെക്കുറവാണ്. അസംഘടിത മേഖലയിൽ നിലനിൽക്കുന്ന അനുകരണീയമല്ലാത്ത നടപടികൾ കുറയ്ക്കാനും തൊഴിലന്വേഷകർക്ക് നേട്ടങ്ങളുണ്ടാക്കാനുമായി കേരളത്തിലെ തൊഴിൽ വകുപ്പ് ഈ മേഖലയിൽ അവസരോചിതമായി ഇടപെട്ടുവരുന്നു. അടുത്തകാലത്തായി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിരവധി നടപടികൾ കേരള സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

നൈപുണ്യവും തൊഴിലില്ലായ്മയും

കേരളത്തിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ലഭിച്ചവരിലെ തൊഴിലില്ലായ്മ നിരക്ക് (തൊഴിൽ ശക്തിയിൽ തൊഴിലില്ലാത്തവരുടെ ശതമാനം) ബാക്കിയുള്ളവരെക്കാളും വളരെ ഉയർന്നതാണെന്ന് കാണാം. തൊഴിൽ ശക്തിയിലെ നാലിൽ ഒന്ന് ബിരുദാനന്തര ബിരുദക്കാരും ആറിലൊന്ന് വീതം സാങ്കേതിക ബിരുദമുള്ളവരും, വൊക്കോഷണൽ പരിശീലനം ലഭിച്ചവരും തൊഴിൽ രഹിതരാണ്. **പട്ടിക 4.1.9** കാണുക

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സേവനങ്ങളും രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് 2012 ഡിസംബർ 31–ന് 44.99 ലക്ഷം തൊഴിലന്വേഷകരാണ് ഉണ്ടായിരുന്നത്. എന്നാൽ 2017 ഒക്ടോബർ 31–ന് ഇത് 8.16 ലക്ഷത്തോളം കുറഞ്ഞ് 36.83 ലക്ഷമായിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ രജിസ്റ്റർ

പട്ടിക 4.1.9
കേരളത്തിലെ നൈപുണ്യാടിസ്ഥാനത്തിലെ തൊഴിലില്ലായ്മ നിരക്ക്
(പ്രായം 15 നും അതിന് മുകളിലും)

പൊതുവിദ്യാഭ്യാസം	തൊഴിലില്ലായ്മ നിരക്ക്	വൊക്കേഷണൽ ട്രയിനിംഗ്	തൊഴിലില്ലായ്മ നിരക്ക്
നിരക്ഷർ	4.6	ഔപചാരികം	14.9
കേവല സാക്ഷർ	4.1	അനൗപചാരികം	3.5
പ്രാഥമികം	2.4	പരിശീലനം ലഭിക്കാത്തവർ	9.7
മിഡിൽ	4.1	ബിരുദം	16.2
സെക്കണ്ടറി	10.2	ഡിപ്ലോമ	20.3
ഹയർ സെക്കണ്ടറി	18.8	ബിരുദാനന്തര ബിരുദ ഡിപ്ലോമ	25.7
ബിരുദം	20.0		
ബിരുദാനന്തര ബിരുദം	23.3	യോഗ്യതയില്ലാത്തവർ	7.7

അവലംബം - 68-ാമത് റൗണ്ട് എൻ.എസ്. എസ്. റിക്കോർഡ്

ചെയ്ത തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.1.59** –ൽ കൊടുത്തിട്ടുണ്ട്.

അഖിലേന്ത്യാതലത്തിലെ സ്ഥിതിവിവരക്കണക്കിന് വ്യത്യസ്തമായി കേരളത്തിൽ സ്ത്രീകളാണ് തൊഴിലന്വേഷകരിൽ കൂടുതൽ. മൊത്തം തൊഴിലന്വേഷകരിൽ 60 ശതമാനം സ്ത്രീകളാണ്. നിരക്ഷരരായ 1291തൊഴിലന്വേഷകരുണ്ട്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസയോഗ്യതയെ അടിസ്ഥാനമാക്കിയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്.എസ്.എൽ.സിക്ക് താഴെ യോഗ്യതയുള്ളവർ 10 ശതമാനം മാത്രമേയുള്ളൂവെന്നാണ്. എസ്.എസ്.എൽ. സി യോഗ്യതയുള്ള തൊഴിലന്വേഷകർ 62

ചിത്രം 4.1.13
2017 ജൂൺ 30 വരെയുള്ള കേരളത്തിലെ തൊഴിലന്വേഷകരായ സ്ത്രീകളും പുരുഷൻമാരും



അവലംബം. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്, കേരള സർക്കാർ, 2017

ബോക്സ് 4.1.7
കൈവല്യ

കേരള സംസ്ഥാന തൊഴിൽ വകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പട്ടിക ചേർത്തിട്ടുള്ള വിഭിന്ന ശേഷിക്കാരായുള്ള ഉദ്യോഗാർത്ഥികൾക്കായി 2016 നവംബറിൽ അവതരിപ്പിച്ച സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. വിഭിന്ന ശേഷിക്കാരുടെ പൂർണ്ണായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്കരീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1.തൊഴിൽപരമായ സഹായം 2. കാര്യക്ഷമത നിർമ്മാണം 3.മത്സര പരീക്ഷകൾക്കായുള്ള പരിശീലനം 4.സ്വയം തൊഴിൽ ഉദ്യമങ്ങൾ

ഇതിനായി 2016–17 ൽ 168 ലക്ഷം രൂപ 505 വ്യക്തികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ചെലവഴിച്ചു. 2017– 18 വർഷത്തിൽ 4111 അപേക്ഷകരിൽ നിന്നും 803 ഗുണഭോക്താക്കൾക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശതമാനമാണ് (**അനുബന്ധം 4.1.60**). 2017 ജൂൺ 30 ലെ കണക്കനുസരിച്ച് പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 1.85 ലക്ഷമാണ്. ഇതിൽ 97 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ് / എഞ്ചിനീയറിംഗിൽ ഡിപ്ലോമയുള്ളവർ ആണ്. എഞ്ചിനീയറിംഗ് ബിരുദധാരികളായ 35,541 തൊഴിലന്വേഷകരുണ്ട് (**അനുബന്ധം 4.1.61**).

കേരളത്തിലെ ഒരു പ്രധാന സവിശേഷത എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. കേരളത്തിലെ തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം **ചിത്രം 4.1.13** –ൽ കൊടുത്തിട്ടുണ്ട്.

2017 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും പ്രൊഫഷണൽ/സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിൽ ആകെ 5.19 ലക്ഷം തൊഴിലന്വേഷകർ ഉള്ളതിൽ 3.11 ലക്ഷം സ്ത്രീകളും 2.07 ലക്ഷം പുരുഷന്മാരുമാണ്. തൊഴിലന്വേഷകരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് കൊല്ലം ജില്ലയാണ്. ഈ ജില്ലയിൽ 4.16 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ള ജില്ല വയനാടാണ്. ഇവിടെ 96262 തൊഴിലന്വേഷകർ മാത്രമേയുള്ളൂ. 97355 തൊഴിലന്വേഷകരുള്ള കാസർഗോഡ് ജില്ലയാണ് വയനാടിന് തൊട്ട് മുന്നിലുള്ളത്. വിശദാംശങ്ങൾക്ക് (**അനുബന്ധം 4.1.62**) കാണുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിഭിന്ന ശേഷിക്കാരായുള്ള ഉദ്യോഗാർത്ഥികൾക്കായി തൊഴിൽവകുപ്പ് കൈവല്യ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. (**ബോക്സ് 4.1.7** കാണുക)

ബോക്സ് 4.1.8
നിയുക്തി 2017

തൊഴിൽ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വലിയ നിയമനയജ്ഞമായിരുന്നു നിയുക്തി – 2017. വിദ്യാസമ്പന്നരും, നൈപുണ്യമുള്ളവരുമായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായ് തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംഘടിപ്പിച്ച ഈ മേളയിൽ 24824 തൊഴിലന്വേഷകരും 252 തൊഴിൽദായകരും പങ്കാളികളാവുകയും 17,641 തൊഴിലവസരങ്ങൾ റിപ്പോർട്ട് ചെയ്തതിൽ 6817 തൊഴിലവസരങ്ങളിലേക്ക് ഓഫറുകൾ നൽകുകയും 333 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയും ചെയ്തു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്ന സ്വയം തൊഴിൽ പരിപാടികൾ

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ മുഖേന 3 സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

1. കേരള സ്റ്റേറ്റ് സെൽഫ് പ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് എംപ്ലോയീസ് (കെ. ഇ.എസ്.ആർ.യു)

കെ.ഇ.എസ്.ആർ.യു എന്ന സ്വയം തൊഴിൽ പരിപാടി 1999 മാർച്ച് മുതൽ നടപ്പാക്കിവരുന്ന, എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21–50 പ്രായവിഭാഗത്തിൽപ്പെടുന്നവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. സാങ്കേതിക യോഗ്യതയുള്ളവർ, ഡിഗ്രിനേടിയ വനിതകൾ, തൊഴിലില്ലായ്മവേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നല്കുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ, നൽകുന്നു. 2016–17 ൽ 720 ഗുണഭോക്താക്കൾക്ക് 1.33 കോടിരൂപ വിതരണംചെയ്തു.

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ജോബ്ക്ലബ് (എം. പി.എസ്.സി./ജെ.സി.)

അസംഘടിതമേഖലയിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പരിപാടിയാണിത്. എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21–45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 വരെയുള്ള തൊഴിൽ രഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡിയോടെ 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്ക്കീമിൽ ലയിപ്പിച്ചു. 2016–17 ൽ 62 ജോബ്ക്ലബ്ബുകൾക്കായി ഒരു കോടി രൂപ അനുവദിച്ചു.

3. ശരണ്യ

വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ എന്നിങ്ങനെയുള്ള ഏറ്റവും പിന്നോക്കം നില്ക്കുന്നതും തനിച്ചുപാർക്കുന്നതുമായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ" (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ (പരമാവധി 25,000 രൂപ) 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നല്കുന്നു. 2016–17 ൽ 3,200 ഗുണഭോക്താക്കൾക്കായി 16 കോടി രൂപ അനുവദിച്ചു.

തൊഴിലില്ലായ്മാവേതനം

കേരള സർക്കാർ 1982 –ലാണ് തൊഴിലില്ലായ്മാ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്ന് വർഷക്കാലാവധി പൂർത്തിയാക്കിയതുമായ തൊഴിൽ രഹിതർക്ക് പ്രതിമാസം 120 രൂപ വീതം തൊഴിൽ രഹിത വേതനമായി നൽകി വരുന്നു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷനുശേഷം രണ്ട് വർഷ കാലാവധി പൂർത്തിയാക്കിയാൽ മതിയാകും. ഉയർന്ന പ്രായപരിധി 35 വയസാണ്. വിദ്യാഭ്യാസ യോഗ്യത; പൊതു വിഭാഗത്തിൽപ്പെട്ടവർ എസ്.എസ്.എൽ. സി. വിജയിച്ചിരിക്കണം. പട്ടികജാതി/ പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരെയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും സംബന്ധിച്ചിടത്തോളം എസ്.എസ്.എൽ.

സി പരീക്ഷയ്ക്ക് ഹാജരായവരായിരുന്നാൽ മതിയാകും. വാർഷിക കുടുംബ വരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും അധികരിക്കാൻ പാടില്ല. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമപഞ്ചായത്തുകൾക്കും നഗര തദ്ദേശഭരണ

സ്ഥാപനങ്ങൾക്കും കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2017 ഒക്ടോബർ വരെ 193,071 ഗുണഭോക്താക്കൾക്കായി 24.00 കോടി രൂപ തൊഴിലില്ലായ്മ സഹായമായും 5,280 ഗുണഭോക്താക്കൾക്കായു 24 കോടി രൂപ സ്വയം തൊഴിൽ സഹായവും വിതരണം ചെയ്തിട്ടുണ്ട്.

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ

2010-ന് ശേഷം കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ കുറയുന്നതായി തൊഴിൽ പരിശീലന വകുപ്പ് ലഭ്യമാക്കിയ കണക്കുകൾ വ്യക്തമാക്കുന്നു. 2010-ൽ 12,643 നിയമനങ്ങൾ നടന്നുവെങ്കിലും 2016-ൽ 10,212 ആയും 2017 സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് 5,437 ആയും കുറഞ്ഞു. താൽക്കാലിക ഒഴിവുകൾ ദിവസ വേതന/കരാർ നിയമന വ്യവസ്ഥയിൽ നികത്തുന്നതുകൊണ്ടോ നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്നതുകൊണ്ടോ ആകാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ കുറവുണ്ടാകുന്നത്. കേരളത്തിൽ 2010-നു ശേഷം എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകൾ വഴി നടന്ന നിയമനങ്ങൾ ചുവടെയുള്ള ഗ്രാഫിൽ ചിത്രീകരിച്ചിട്ടുണ്ട് (**ചിത്രം 4.1.14**).

ചിത്രം 4.1.14
കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടന്ന നിയമനങ്ങൾ



അവലംബം: പഞ്ചായത്ത് ഡയറക്ടറേറ്റ്

നൈപുണ്യവികസനം

കഴിഞ്ഞ രണ്ടു ദശാബ്ദ കാലമായി കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയ്ക്കു മുകളിൽ സ്ഥിരതയോടെ നിലകൊള്ളുന്നു. വൻതോതിൽ സേവന മേഖലയിലധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയിലേക്ക് നയിച്ച ഈ നേട്ടത്തിന് പ്രോത്സാഹനമായത് പ്രധാനമായും സമ്പദ് വ്യവസ്ഥയുടെ ഘടനയിലുണ്ടായ മാറ്റമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ കാല കാർഷിക സമ്പദ് വ്യവസ്ഥയിൽ നിന്നും വളരെ സവിശേഷമായ മാറ്റമാണിത്. 72 ശതമാനത്തിലേറെ നാഗരിക പുരുഷ തൊഴിൽ ശക്തിയും 68 ശതമാനത്തിലേറെ നാഗരിക സ്ത്രീ തൊഴിൽശക്തിയും സേവന മേഖലയിലാണ് (എൻ.എസ്.എസ് 2009–10), എന്നത് തൊഴിൽ ഘടനയിൽ വളരെ വ്യക്തമായി കാണാവുന്നതാണ്. അതിന് തത്തുല്യമായി ഗ്രാമീണ മേഖലയിലെ പുരുഷ/ സ്ത്രീ നിരക്ക് യഥാക്രമം 57 ശതമാനവും 38 ശതമാനവുമാണ്. എന്നിരുന്നാലും ഉയർന്നു വരുന്ന മേഖലകളിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സമ്പദ് വ്യവസ്ഥയിലുള്ള ഘടനാപരമായ മാറ്റം പര്യാപ്തമല്ല. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനും സംഭാവന ചെയ്യാൻ കഴിയുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുമുള്ള തൊഴിൽ ശക്തി സൃഷ്ടിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഒപ്പം 2022 ഓടു കൂടി 500 ദശലക്ഷം നൈപുണ്യമുള്ള വ്യക്തികളെ സൃഷ്ടിക്കുക എന്ന ദേശീയ ലക്ഷ്യം നേടാനും ഗുണമേന്മയുള്ള പരിശീലനം നൽകിക്കൊണ്ട് തൊഴിലില്ലായ്മ കുറയ്ക്കാനും ലക്ഷ്യമിടുന്നു. കേരളത്തിൽ പഠിച്ചിറങ്ങുന്ന ബിരുദ ധാരികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് അടിസ്ഥാനമാക്കി ദേശീയ ലക്ഷ്യത്തിനൊപ്പ മെത്താൻ വർഷം തോറും 1.5 മുതൽ 2 ലക്ഷം വരെ മനുഷ്യ വിഭവത്തെ നൈപുണ്യമുള്ളവരാക്കുവാൻ പരിശീലിപ്പിക്കേണ്ടതുണ്ട്.

കേരളത്തിന്റെ നൈപുണ്യ വികസന പാന്ഥാവിൽ സമീപ വർഷങ്ങളിൽ മികവ് കാണാൻ കഴിയുന്നുണ്ട്. എന്നാൽ കേരളത്തിലെ നിലവിലെ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ പദവി ഇന്നും അന്തർദേശീയ നിലവാരത്തെക്കാൾ താഴെയാണ്. സംസ്ഥാനത്തിന്റെ വിവിധ നൈപുണ്യ വികസന സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെയിസ്) എന്ന ലാഭേച്ഛയില്ലാത്ത കമ്പനിയെ കേരള സർക്കാർ നോഡൽ ഏജൻസിയാക്കിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിലെ യുവ തൊഴിൽ ശക്തിയെ നൈപുണ്യമുള്ളവരാക്കുന്നതിനും ഇന്ത്യയിലും വിദേശത്തും തൊഴിൽ ചെയ്യുന്നതിന് പ്രാപ്തമായ ലോക നിലവാരത്തിലേക്ക് അവരുടെ നൈപുണ്യങ്ങൾ ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. മറ്റൊരു സംരംഭമാണ് അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (അസാപ്). വ്യാവസായ പ്രാധാന്യമുള്ള തൊഴിൽ നൈപുണ്യങ്ങൾ പകർന്നു കൊടുക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് പ്രധാന ആശയ വിനിമയ മേഖലകളിൽ തൊഴിൽ സാദ്ധ്യതകൾ വിപുലപ്പെടുത്തുന്നതിന് അസാപ് ലക്ഷ്യമിടുന്നു. ഹയർ സെക്കന്ററി വിദ്യാർത്ഥികളും ഉടൻ ജോലി അന്വേഷിക്കുന്ന ബിരുദതലത്തിലെ വിദ്യാർത്ഥികളുമാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. സംസ്ഥാനത്തുടനീളം 949 വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ 25528 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കൊണ്ട് 22 വ്യവസായ മേഖലകളിലായി 76 നൈപുണ്യ കോഴ്സുകൾ അസാപ് നൽകുന്നു. സമീപകാലത്ത് ശ്രദ്ധാർഹമായ അസാപ്പിന്റെ മറ്റൊരു സംരംഭമാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കൽ. സംസ്ഥാനത്തെ ഓരോ നിയമസഭ മണ്ഡലങ്ങളിലും ഓരോ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഐ.റ്റി.ഐയിലെ വിദ്യാർഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും അധിക കഴിവ് വളർത്തൽ (അസെപ്) പദ്ധതി വികസിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് തൊഴിൽ പരിശീലനം നൽകുന്നവരുടെ സഹായത്തോടെ മോഡുലാർ തൊഴിൽ

നൈപുണ്യ പദ്ധതിയും നടത്തുന്നുണ്ട്. ദേശീയ ഗ്രാമീണ ഉപജീവന (എൻ.ആർ.എൽ.എം) മിഷനിലൂടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ വികസന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൌശല്യ യോജന (ഡി. ഡി.യു.-ജി.കെ.വൈ). ഗ്രാമീണ യുവാക്കളുടെ തൊഴിൽ പ്രതീക്ഷകൾക്ക് വൈവിധ്യം നൽകികൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 15 നും 35 നും മദ്ധ്യേ പ്രായമുള്ള ഗ്രാമീണ യുവാക്കളെയാണ് പദ്ധതി കേന്ദ്രീകരിക്കുന്നത്. കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കുടുംബശ്രീയാണ്. പരിശീലനം നൽകുന്നതിന് വിവിധ വ്യവസായങ്ങളെ തമ്മിൽ ഈ പദ്ധതി ബന്ധിപ്പിക്കുന്നു. വ്യവസായ കൂടിച്ചേരൽ ഉണ്ടാകുന്നതിലൂടെ വിദ്യാർത്ഥികൾക്ക് വ്യവസായങ്ങളിൽ തൊഴിൽ ലഭിക്കുന്നു.

ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ്

വിവിധ പ്രാദേശിക വ്യവസായങ്ങളിലേക്ക് നൈപുണ്യം നേടിയ തൊഴിലാളികളുടെ സ്ഥിരതയാർന്ന ഒഴിക്കിനു വ്യാവസായിക പരിശീലന വിഭാഗത്തിന് കീഴിൽ 87 ഗവണ്മെന്റ് ഐ.ടി.ഐ. കളും ഒരു അടിസ്ഥാന പരിശീലന കേന്ദ്രവും, ഒരു സ്റ്റാഫ് പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും, രണ്ട് എ.വി.റ്റി.എസ്, 486 സ്വകാര്യ ഐ.റ്റി. ഐകൾ, പട്ടിക വർഗ്ഗ വകുപ്പിന് കീഴിൽ പട്ടിക വർഗ്ഗക്കാർക്കുള്ള ഐ.റ്റി.ഐ എന്നിങ്ങനെ പ്രവർത്തിക്കുന്നു. ഇതു കൂടാതെ 44 ഐ.റ്റി. ഐകൾ പട്ടിക ജാതിക്കാർക്ക് മാത്രമായും 2 ഐ.റ്റി.ഐകൾ പട്ടിക വർഗ്ഗക്കാർക്കു മാത്രമായും യഥാക്രമം പട്ടികജാതി വികസന വകുപ്പിന് കീഴിലും പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുമുണ്ട്. ഏകദേശം 85 ബ്രാഞ്ചുകളിൽ, മൊത്തം 97038 സീറ്റുകളിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗിനു മാത്രമായി സീറ്റുകൾ മാറ്റി വെച്ചിട്ടുണ്ട്. ഐ.റ്റി.ഐ കളുടെയും അവയുടെ വിവിധ ബ്രാഞ്ചുകളുടെയും വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അപ്പ്രന്റീസ്ഷിപ്പ് പരിശീലനം

1961 ലെ അപ്പ്രന്റീസ്ഷിപ്പ് നിയമം അനുസരിച്ച് അപ്പ്രന്റീസ്ഷിപ്പ് പരിശീലന പരിപാടികൾ നടത്തി വരുന്നു. അപ്പ്രന്റീസ്ഷിപ്പ് പരിശീലന പരിപാടികൾ നിയിന്ത്രക്കുകയും അതു വഴി നിലവാരമുള്ള പാഠ്യപദ്ധതി, പരിശീലന കാലയളവ്, നൈപുണ്യങ്ങൾ ഉറപ്പാക്കൽ തുടങ്ങിയവയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. വ്യവസായങ്ങളിൽ തൊഴിൽ നൈപുണ്യമുള്ള തൊഴിലാളികളുടെ ആവശ്യം സാധൂകരിക്കുന്നതിനായി വ്യവസായശാലകളിലെ സൗകര്യം പ്രയോജനപ്പെടുത്തി നൈപുണ്യ പരിശീലനം നൽകുന്നു. അപ്പ്രന്റീസ്ഷിപ്പ് എന്നത് അപ്പ്രന്റീസും തൊഴിലുടമയും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. ഒരു നിശ്ചിത കാലയളവിൽ, ഒരു പ്രത്യേക നൈപുണ്യം വികസിപ്പിച്ചെടുക്കുന്നതിന് പരിശീലിപ്പിക്കുകയും, പ്രസ്തുത കാലയളവിൽ അപ്പ്രെന്റിസ്ഷിപ്പ് നിയമം അനുസരിച്ചുള്ള ഒരു ധന സഹായം നൽകുകയും ചെയ്യുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ഒരു മൂന്നാം കക്ഷിയായി ഈ ഉടമ്പടി നിയിന്ത്രക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ നിയമം അനുസരിച്ച് വ്യവസായ ശാലകളിലെ നൈപുണ്യ പരിശീലനത്തിനുള്ള സൌകര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തുകയും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് സെർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നു. കേരളത്തിലെ ട്രേഡ് അപ്പ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത മേൽനോട്ടത്തിൽ നടത്തുന്നു. സംസ്ഥാനത്തെ അപ്പ്രന്റീസ്ഷിപ്പ് പദ്ധതികൾ 9 ജില്ലകളിൽ ഇൻസ്ട്രക്ഷൻ സെന്ററുകൾ വഴിയും ബാക്കി 5 ജില്ലകളിൽ ഐ ടി ഐ മുഖേനയും നടത്തി വരുന്നു.

81 തൊഴിലുകളുടെ ട്രേഡുകൾ അപ്പ്രെന്റിസ്ഷിപ്പ് ട്രെയിനിംഗിന് നീക്കി വെച്ചിട്ടുണ്ട്. 10422 സീറ്റുകൾ ഈ പദ്ധതി പ്രകാരം നീക്കി വയ്ക്കുകയും, അതിൽ 4328 സീറ്റുകൾ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2000 ത്തോളം ട്രെയിനിംഗ് സെർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. 50 ശതമാനം അപ്പ്രന്റീസ്ഷിപ്പ് നിയമനം സംസ്ഥാനത്ത് ഗവണ്മെന്റ് മേഖലയിൽ നടത്തി വരുന്നു.

നൈപുണ്യ വികസന പദ്ധതികൾ

നൈപുണ്യ വികസന പദ്ധതികളുടെ ലക്ഷ്യം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുൻപ് വിട്ടുപോന്നവർക്കും, നിലവിൽ അസംഘടിത മേഖലയിൽ ജോലി

ചെയ്യുന്നവർക്കും സൗജന്യ തൊഴിൽ വൈദഗ്ധ്യം കൊടുക്കുക എന്നതാണ്. നിലവിൽ ഉള്ളവരുടെ നൈപുണ്യം /വൈദഗ്ധ്യം ഈ പദ്ധതിയിലൂടെ പരിശോധിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് എൻ. സി.വി.റ്റി യുടെ സാക്ഷ്യ പത്രവും നൽകുന്നു. കേരളത്തിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നത് വ്യാവസായിക പരിശീലന വകുപ്പാണ്.

സ്കിൽ അപ്പ് ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ്

സാങ്കേതിക വികസനത്തിനനുസരിച്ച് സാങ്കേതിക മികവിൽ അദ്ധ്യാപകർക്കും, മറ്റുള്ളവർക്കും പരിശീലനത്തിനായി കേരളത്തിൽ സ്റ്റാഫ് ട്രെയിനിംഗിന് ആയുള്ള നൈപുണ്യ വികസന ഇൻസ്റ്റിറ്റ്യൂട്ട് 1999 ൽ തിരുവനന്തപുരത്ത് കഴക്കൂട്ടത്താണ് ആരംഭിച്ചത്. പരിശീലന കോഴ്സുകൾ തയ്യാറാക്കുക, പുതിയ പഠന രീതികൾക്കായി ഗവേഷണം,സാങ്കേതിക ഉദ്യോഗസ്ഥരുടെ നൈപുണ്യ വികസനം, സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി ഐ.എം.ജി.യിൽ പരിശീലനം, ഓഫ് ക്യാമ്പസ് പരിശീലനം, വെർച്വൽ ക്ലാസ്സ് ട്രെയിനിംഗ്, ഡി.ജി.ഇ. & റ്റി യുടെ ഡി.എൽ.പി ട്രെയിനിംഗ് ഏകോപിപ്പിക്കൽ എന്നിവയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ)

പൂർണ്ണമായും കേരളാ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള സെക്ഷൻ 25 പ്രകാരമുള്ള കമ്പനിയാണ് കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്. സംസ്ഥാനത്തുടനീളം പ്രത്യേക നൈപുണ്യ വികസന കോഴ്സുകൾ വഴി മാനവവിഭവ ശേഷി വികസനത്തിന് സൌകര്യമൊരുക്കുക എന്നതാണ് ഈ കമ്പനിയുടെ ലക്ഷ്യം. ആതിഥ്യം, വിനോദസഞ്ചാരം, ഐ.റ്റി ആന്റ് ഐ.റ്റി.ഇ.എസ്, ഫിനാൻസ്, റീട്ടെയിൽ, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പ്രമുഖ പൊതു സ്വകാര്യ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി വിഭാവനം ചെയ്യുന്നത്. വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ശാസ്ത്രീയമായി രൂപ കല്പന ചെയ്ത പ്രത്യേക തരം കോഴ്സുകൾ വഴി വ്യവസായ സംരംഭങ്ങളിലെ എല്ലാത്തരം ജോലികൾക്കുമായി വളരെ ഉയർന്ന കാര്യശേഷിയുള്ള പ്രോഫഷണലുകളായ തൊഴിലാളികളെ വാർത്തെടുക്കുകയാണ് പ്രധാന ലക്ഷ്യം. അനൌദ്യോഗിക കഴിവിനെയും സാങ്കേതിക കഴിവിനെയും ശക്തിപ്പെടുത്തുവാനും പരിശീലനങ്ങൾ വഴി സാധ്യമാകുന്നുണ്ട്. തോഴിലാളികളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അനൌദ്യോഗിക കഴിവുകളായ ആശയ വിനിമയ കഴിവുകൾ, ഭാഷാ നൈപുണ്യം, സുരക്ഷയെ കുറിച്ചും പരിസ്ഥിതിയെ കുറിച്ചുമുള്ള അറിവുകൾ തുടങ്ങിയവയ്ക്കായുള്ള പരിശീലനം നൽകേണ്ടത് ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ തോഴിലാളികളും വിവിധ കോളേജുകളിൽ നിന്നും പഠിച്ച് ഡിഗ്രി എടുക്കുന്ന പ്രൊഫഷണൽ വിദ്യാർഥികൾക്കും ഈ കഴിവുകളുടെ അപര്യാപ്തതയുണ്ട്. മേൽനോട്ടം വഹിക്കുന്ന വ്യക്തി മുതൽ തൊഴിലാളികൾ വരെയുള്ള വിഭാഗക്കാർക്കായി കഴിവുകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായ പരികൽപ്പനാപരവും പ്രായോഗികവുമായ പരിശീലനങ്ങളും നൽകുന്നതിനും ഈ സ്ഥാപനം ലക്ഷ്യമിടുന്നു.

ബോക്സ് 4.1.9
പതിമൂന്നാം പദ്ധതി രൂപീകരണത്തിവുമായി ബന്ധപ്പെട്ട് നൈപുണ്യ വികസനത്തിനായുള്ള കർമ്മ സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ

- വ്യത്യസ്ത വകുപ്പുകളുടെയും മാന്ത്രലയങ്ങളുടെയും കീഴിൽ നൈപുണ്യ വികസന സംരംഭങ്ങൾക്കായുള്ള വിവിധ പദ്ധതികളും നയങ്ങളും വ്യാപിച്ചു കിടക്കുന്നു. അതിനാൽ ആവർത്തനവും ഏകോപനമില്ലായ്മയും സംസ്ഥാനത്തുടനീളമുള്ള പ്രശ്നങ്ങളാണ്. ഒരേ നൈപുണ്യ മേഖല അല്ലെങ്കിൽ

ഒരേ ഗ്രൂപ്പിനെ ലക്ഷ്യമാക്കിയുള്ള വ്യത്യസ്ത പദ്ധതികളെ ഏകീകരിക്കുന്നതിന് ഒരു ഔദ്യോഗിക കാര്യാലയത്തിന്റെ ആവശ്യകതയുണ്ട്.

സംസ്ഥാനത്തെ നൈപുണ്യ പ്രവചന സംവിധാനമായി കേന്ദ്രം പ്രവർത്തിക്കുകയും പരസ്പരം ബന്ധപ്പെട്ട വകുപ്പുകളെ അവരുടെ പ്രത്യേക നൈപുണ്യ ആവശ്യകതയ്ക്ക് ആവശ്യമായ ഉപദേശം നൽകുകയും ചെയ്യും.

- അന്തർ മേഖല ബന്ധങ്ങളോട് കൂടി സംസ്ഥാനത്ത് പരിശീലന സ്ഥാപനങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കുക.
- സംസ്ഥാനത്തെ എല്ലാ ഗവണ്മെന്റ് ഐ.റ്റി.ഐ കളെയും അന്താരാഷ്ട്ര പരിശീലന സ്ഥാപനങ്ങളുടെതിന് തുല്യമായ എക്സ്ലന്റ് നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുക.
- അനിവാര്യമായ നൈപുണ്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്ന ഫാക്കൽറ്റി വികസന കേന്ദ്ര.
- നൈപുണ്യ വിടവും പരിശീലനത്തിന്റെ ആവശ്യകതയും നിർണ്ണയിക്കുന്നതിന് വ്യവസായ സംഘത്തിന്റെ സഹായത്തോടെ നൈപുണ്യ നിർണ്ണയ ഉപാധികൾ വികസിപ്പിക്കുക.
- സംസ്ഥാനത്തെ വ്യത്യസ്ത മണ്ഡലങ്ങളിലെ നൈപുണ്യ ഭൂപടം.
- വിദ്യാഭ്യാസം, നൈപുണ്യം ആർജ്ജിക്കൽ, തൊഴിൽ അന്വേഷണം എന്നിവയ്ക്കായി തിരികെയെത്തുന്ന പ്രവാസികളുടെ രൂപരേഖ പഠനം.
- തൊഴിൽ ശക്തിയിലേക്ക് പുതുതായി പ്രവേശിക്കുന്നവർക്ക് നൈപുണ്യം നൽകുന്നതോടൊപ്പം പ്രധാനമാണ് നിലവിലെ തൊഴിൽ ശക്തിയിൽ വ്യവസായ മേഖല ആവശ്യപ്പെടുന്ന പ്രാധാന്യമുള്ള നൈപുണ്യങ്ങൾ ആർജ്ജിക്കൽ.
- കേരളത്തിലെ പ്രാദേശിക വ്യവസായങ്ങളെ മൊത്തത്തിൽ പങ്കെടുപ്പിച്ച കൊണ്ട് മേഖലാ നൈപുണ്യ കൌൺസിലുകൾ വിപുലപ്പെടുത്തൽ.
- നൈപുണ്യ വികസന നയം തയ്യാറാക്കൽ. കേരള സംസ്ഥാന നൈപുണ്യ പദ്ധതി രൂപികരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി (സംസ്ഥാന നൈപുണ്യ പദ്ധതി) എമർജിംഗ് സ്കിൽസ് കേരള എന്ന പേരിൽ ഒരു അന്തർദേശീയ സെമിനാർ നടത്തുക.

ബോക്സ് 4.1.10
വ്യാവസായിക പരിശീലന വകുപ്പിന്റെ നൂതന സംരംഭം
വെർച്വൽ ക്ലാസ്സ് സംവിധാനം

ഇത് സംസ്ഥാനത്തിന്റെ വികസനത്തിൽ മാർഗ്ഗം തെളിക്കുന്ന ഒന്നാണ്. വെർച്വൽ ക്ലാസ്സ് സംവിധാനത്തിലൂടെ ഇ-ലേണിംഗ് പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ഇത് അംഗീകരിക്കുകയും ഇ-ഗവേണൻസ്സ് രിപാടിയിൽ വകുപ്പിന് മൂന്നാം സ്ഥാനം നൽകുകയും ചെയ്തു. സംസ്ഥാനത്തുടനീളം ഓരോ ഐ.റ്റി.ഐ കളിലും മൂന്നു സംവിധാനങ്ങളിലായി (രണ്ടു തിയറി ക്ലാസ്സുകളും ഒരു പ്രാക്റ്റി ക്കൽ ക്ലാസും) 34 ഐ.റ്റി.ഐ കളിലൂടെ വെർച്വൽ ക്ലാസ്സ് സംവിധാനം നൽകുന്നുണ്ട്

ത്രിമാന (ത്രീ ഡി) ഇന്ററാക്റ്റീവ് അധ്യാപന സഹായി

പരിശീലനത്തിൽ ത്രിമാന ദൃശ്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി വകുപ്പ് ത്രിമാന ഇന്ററാക്റ്റീവ് അധ്യാപന സഹായികൾ വികസിപ്പിച്ചിട്ടുണ്ട്.

- ഓട്ടോമൊബൈൽ മെക്കാനിക് ,എഞ്ചിനീയറിംഗ് ഡ്രോയിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ ആൻറ് ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ്, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകളിൽ ത്രിമാന (ത്രീ ഡി) ഇന്ററാക്റ്റീവ് അധ്യാപന സഹായി വികസിപ്പിച്ചിട്ടുണ്ട്.
- ക്ലാസ്സിൽ സജീവമായി ഇടപഴകുന്നതിനും പഠന പ്രക്രിയയിൽ കുട്ടികളുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിന് പദ്ധതി മുഴുവനും വളരെ പാരസ്പര്യ പ്രവർത്തനവും ദൃശ്യങ്ങൾ കൊണ്ട് സമ്പന്നവുമായതിനാൽ പരിശീലകന് പരിപാടി സഹായിക്കുന്നു.
- ത്രിമാന (ത്രീ ഡി) ഇന്ററാക്റ്റീവ് അധ്യാപന സഹായി തിയറിയും പ്രാക്റ്റിക്കലും വളരെ ആഴത്തിൽ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

- ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടിയ ഐ,റ്റി.ഐ കളാണ് നമ്മുടെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ മുഖമുദ്ര. പരിശീലനങ്ങളിൽ വിവിധ നൂതന സങ്കേതങ്ങൾ അവലംബിച്ചിട്ടുണ്ട്. നമ്മുടെ സ്ഥാപനങ്ങളുടെ പ്രകടനംമെച്ചപ്പെടുത്തി മികച്ച പരീക്ഷാഫലം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. വകുപ്പിന്റെ ഇത്തരം സംരംഭങ്ങളെ തിരിച്ചറിഞ്ഞ് 24 ഐ.റ്റി.ഐ കൾക്ക് ഐ.എസ്.ഒ സെർറ്റിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഐ.എസ്.ഒ സെർട്ടിഫിക്കറ്റ് നേടിയ ഐ.റ്റി.ഐ.കൾ ചുവടെ കൊടുക്കുന്നു.

വനിതാ ഐ.റ്റി.ഐ കോഴിക്കോട്, ഏറ്റുമാനൂർ ഐ.റ്റി.ഐ, മാള ഐ.റ്റി.ഐ, വനിതാ ഐ.റ്റി.ഐ കളമശ്ശേരി, കോഴിക്കോട് ഐ.റ്റി.ഐ, കൽപെറ്റ ഐ.റ്റി.ഐ, കണ്ണൂർ ഐ.റ്റി.ഐ, വനിതാ ഐ.റ്റി.ഐ കഴക്കൂട്ടം, ആറ്റിങ്ങൽ ഐ.റ്റി.ഐ, ചെന്നീർകര ഐ.റ്റി.ഐ, കളമശ്ശേരി ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ ചാലക്കുടി, അരീക്കോട് ഐ.റ്റി.ഐ, ചെങ്ങന്നൂർ ഐ.റ്റി.ഐ, ധനുവെച്ചപുരം, ചാക്ക ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ കൊല്ലം, പള്ളിക്കാത്തോട്, കട്ടപ്പന, ചാലക്കുടി, മലമ്പുഴ ഐ.റ്റി.ഐ, വനിത ഐ.റ്റി.ഐ, കാസർകോട് ഐ.റ്റി.ഐ.

ബയോമെട്രിക് ഹാജർ സംവിധാനം

സ്റ്റേക്ക്ഹോൾഡേഴ്സിന് ഗുണനിലവാരമുള്ള സേവനം ഉറപ്പാക്കുന്നതിനും അച്ചടക്കമുള്ള തൊഴിൽ ശക്തിയെ നിലനിർത്തുന്നതിനും വകുപ്പിൽ ഒരു ബയോമെട്രിക് ഹാജർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. അച്ചടക്കമുള്ള പ്രഫഷണലുകളുടെ ഒരു സഞ്ചയം സൃഷ്ടിക്കുന്നതിനായി ട്രെയിനികളെയും ഇതിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം

വകുപ്പ്, സമയ ബന്ധിതമായ പ്രവർത്തനവും മികച്ച സേവനവും നൽകുന്ന പേപ്പർ രഹിത ഓഫീസ് സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടുകൂടി വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി.

ഐ.റ്റി.ഐ കളുടെ വെബ്സൈറ്റുകളുടെ വികസനം

ഡി.ജി.ഇ.&റ്റി യുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സർക്കാരിന്റെ പ്രത്യേക വിഭാഗങ്ങളുടെ വെബ്സൈറ്റുകൾ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ, കോഴ്സുകൾ, പ്രവേശന വിവരങ്ങൾ, ഫാക്കൽറ്റി, സേവനങ്ങൾ, പ്രത്യേകതകൾ, കൺസൾട്ടൻസി, ഭാവി പരിപാടികൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റ് നൽകുന്നു.

ബോക്സ് 4.1.11
2015-16 ലെ നാഴിക കല്ലുകൾ

- വകുപ്പിന്റെ സംരംഭങ്ങൾ അംഗീകരിച്ചുകൊണ്ട് ധനുവെച്ചപുരം, ചാക്ക, കൊല്ലം, കൊല്ലം(വനിത), പള്ളിക്കാത്തോട്, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കണ്ണൂർ (വനിത), കാസറഗോഡ് എന്നീ 10 ഐ.റ്റി. ഐകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നൽകി.
- സമയ ബന്ധിതമായ പ്രവർത്തനവും മികച്ച സേവനവും നൽകുന്ന പേപ്പർ രഹിത ഓഫീസ് പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി.
- പോഷകാഹാര പരിപാടി ആരംഭിച്ചു. എല്ലാ ഗവണ്മെന്റ് ഐ.റ്റി.ഐ കളിലെയും ട്രെയിനികൾക്ക് മുട്ടയും പാലും വിതരണം ചെയ്തു.
- അട്ടപ്പാടി,നിലമ്പൂർ , ആര്യനാട് ഐ.റ്റി.ഐ കളിൽ ഉച്ച ഭക്ഷണ പരിപാടി ആരംഭിച്ചു.
  - 2017 മാർച്ചിൽ മൂന്നു പ്രദേശങ്ങളിലായി തൊഴിൽ മേള നടത്തി. ഇതിലൂടെ ഐ.റ്റി.ഐ കളിൽ നിന്നും പഠിച്ചിറങ്ങിയ ഏകദേശം 2800 ട്രെയിനികൾക്ക് ഉദ്യോഗ നിയമനം നൽകുവാനായി.
  - കിഫ്ബി ഫണ്ടുപയോഗിച്ച് 10 ഐ.റ്റി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വകുപ്പ് നടപടികൾ ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ടഐ.റ്റി.ഐ കളാണ് ഐ.റ്റി.ഐ ധനുവെച്ചപുരം, ഐ.റ്റി.ഐ കൊല്ലം, ഐ.റ്റി.ഐ ചെങ്ങന്നൂർ, ഐ.റ്റി.ഐ ഏറ്റുമാനൂർ, ഐ.റ്റി.ഐ കട്ടപ്പന.
- ഐ.റ്റി.ഐ ചാലക്കുടി, ഐ.റ്റി.ഐ മലമ്പുഴ, ഐ.റ്റി.ഐ കൊയിലാണ്ടി, ഐ .റ്റി.ഐ കണ്ണൂർ, ഐ.റ്റി.ഐ കയ്യൂർ. പദ്ധതിയ്ക്കായുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പ്രത്യേക ഉദ്ദേശ മാധ്യമമായ കെയിസിൽ നിക്ഷിപ്തമാണ്.
- എല്ലാ ഐ.റ്റി.ഐ കളിലും പ്ലയ്സ് മെൻറ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്, 2017 മാർച്ച് വരെ 1642 ട്രെയിനി കൾക്ക് ഉദ്യോഗ നിയമനം ലഭിച്ചു.
- പുതിയ തലമുറയ്ക്കുനുയോജ്യമായ സംരംഭങ്ങളിലേക്ക് വഴി നടത്തുന്നതിനാവശ്യമായ നൈപുണ്യങ്ങളും സാങ്കേതിക വിദ്യകളും ആർജ്ജിക്കുന്നതിനും യുവാക്കൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തുന്നതിനും സംസ്ഥാനത്തു ജില്ലാ വ്യാവസായ കേന്ദ്രങ്ങളുടെ സഹായത്തോടെ എല്ലാ ഐ.റ്റി.ഐ കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

വാർദ്ധക്യം

ജീവിതതോടൊപ്പം ആരംഭിച്ച് ജീവിതചക്രം മുഴുവൻ തുടരുന്ന ഒരു പ്രക്രിയയാണ് വാർദ്ധക്യം. ഇത് വെല്ലുവിളികളും അവസരങ്ങളും പ്രദാനംചെയ്യുന്നു. പ്രായമായവർ അഥവാ വയോജനങ്ങൾ ആയ വ്യക്തികൾ മനുഷ്യരുടെ ശരാശരി ആയുസിനോട് അടുത്തെത്തിയവരാണ്. എല്ലാ സമൂഹങ്ങളിലും വാർദ്ധക്യത്തിന്റെ പ്രായ പരിധി ഒരേ പോലെ അല്ലാത്തതിനാൽ ആയതു കൃത്യമായി നിർവചിക്കാനാവില്ല. ഇന്ത്യൻ നിയമപ്രകാരം അറുപതു വയസോ അതിനു മുകളിലോ പ്രായമുള്ള ഇന്ത്യൻ പൗരനായ ഒരാളെ ഒരു മുതിർന്നപൗരൻ എന്നാണ് അർത്ഥമാക്കുന്നത്.

കേരളത്തിലെ ജനസംഖ്യ സംക്രമണം

ഉയർന്ന ജനനനിരക്കും മരണനിരക്കും എന്നതിൽ നിന്നും കുറഞ്ഞ ജനനനിരക്കും മരണനിരക്കും എന്നതിലേക്കുള്ള മാറ്റമാണ് ജനസംഖ്യാ സംക്രമണം. ജനസംഖ്യാപരമായ പരിവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ ആശങ്കകളും ഉയർത്തിയിട്ടുണ്ട്. ജനനനിരക്കുംമരണനിരക്കും തമ്മിലുള്ള വ്യതിയാനം ജനസംഖ്യയുടെ പ്രായഘടനയിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ജനസംഖ്യാ പ്രവണത

വ്യക്തമാക്കുന്നത് ജനനനിരക്കിലും മരണനിരക്കിലും ഉണ്ടായ മാറ്റം പ്രേത്യേകിച്ചും 70-കളിലും 80-കളിലും കുത്തനെ ഉണ്ടായ മാറ്റങ്ങളും തുടർന്നു പ്രായഘടനയിൽ ഉണ്ടായ മാറ്റങ്ങളും മൂലം കേരളം ജനസംഖ്യാ സംക്രമണത്തിന്റെ നിർണായകമായ ഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. ജനസംഖ്യാ പരിവർത്തനത്തിന്റെ പ്രധാനപ്പെട്ട അന്തരഫലം വാർദ്ധക്യമാണ്. ഒരുജനസമൂഹത്തിന്റെ പ്രായമാകൽ എന്നതു പ്രായമായവരുടെ എണ്ണത്തിലുള്ള ആപേക്ഷിക വർദ്ധനവാണ്. ജനനനിരക്കിലും മരണനിരക്കിലും ഉണ്ടായ മാറ്റം പ്രായമായവരുടെ എണ്ണത്തിൽ നല്ല മാറ്റങ്ങൾ വരുത്തിയതായി വ്യക്തമാണ്. മുതിർന്നവർക്ക് അനുകൂലമായി പ്രായഘടനയിൽ ഉണ്ടായ മാറ്റം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക സാഹചര്യത്തെ ബാധിക്കുന്നതാണ്.

ഇന്ത്യയിലെയും കേരളത്തിലെയും അവസ്ഥ

പരമ്പരാഗത ഇന്ത്യൻ സംസ്കാരത്തിലും സാമൂഹ്യക്രമങ്ങളിലും കുടുംബങ്ങൾക്ക് നൽകിയിരുന്ന സാമൂഹ്യസുരക്ഷാ സമ്പ്രദായം പ്രാധാന്യമർഹിക്കുന്നതാണ്. മുതിർന്നവർ അവരുടെ കുടുംബത്തിലും അയൽക്കാരുടെ ഇടയിലും സമൂഹത്തിലും ആദരിക്കപ്പെട്ടിരുന്നു. എന്നാൽ അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ ഈ സംവിധാനം ഏകദേശം പൂർണമായും ഇല്ലാതാകുകയും മുതിർന്നവരെ പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ദുർബലമാവുകയും ചെയ്തു. വളരെയധികം ചെറുപ്പക്കാർ ഉപജീവനത്തിനുള്ള തൊഴിലിനായി മറ്റു ദേശങ്ങളിലേക്കു (പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലേയ്ക്ക്) പോയിരിക്കുന്നു എന്ന വസ്തുത മുതിർന്നവരുടെ ഒറ്റപ്പെടലിനു കൂടുതൽ ഊന്നൽ നൽകി. കൂടാതെ, പരമ്പരാഗതമായി കുടുംബത്തിനെ പരിചരിച്ചുപോന്നിരുന്ന പല സ്ത്രീകളും ഇപ്പോൾ പുറത്തു പോയി ജോലി ചെയ്യുന്നതിനാൽ വയോജന പരിപാലനവും പുറംജോലിയും സംയോജിപ്പിക്കേണ്ടിവരുന്നു.

നഗര ഗ്രാമീണ സംവിധാനങ്ങളിൽ പരമ്പരാഗതമായ ക്രമീകരണങ്ങൾ സാവധാനത്തിൽ കുറയുന്നതായി കാണുന്നു.

2011 ലെ ജനസംഖ്യാ സെൻസസ് അനുസരിച്ച് ഏതാണ്ട് 10.4 കോടി വൃദ്ധർ (60 വയസ്സിനു മേൽ പ്രായമുള്ളവർ) ഇന്ത്യയിൽ ഉണ്ട്; 5.3 കോടി സ്ത്രീകളും 5.1 കോടി പുരുഷന്മാരും. കാലാകാലങ്ങളിൽ പ്രായമായവരുടെ എണ്ണം വർധിച്ചുവരികയാണ്. 1961-ൽ 5.6 ശതമാനം ആയിരുന്നത് 2011-ൽ 8.6 ശതമാനം ആയി വർദ്ധിച്ചു. പുരുഷന്മാരിൽ ഇത് 8.2 ശതമാനവും സ്ത്രീകളുടേത് 9.0 ശതമാനവുമാണ്. ഗ്രാമീണ നഗര പ്രദേശങ്ങളിൽ താരതമ്യപ്പെടുത്തുമ്പോൾ 71 ശതമാനം പ്രായമായ ജനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവരാണ് ബാക്കി 29 ശതമാനം നഗരപ്രദേശങ്ങളിലാണ്. 2009-13 കാലയളവിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 65.8 ഉം സ്ത്രീകളിൽ 69.3 ഉം വയസ്സായിരുന്നു.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെക്കാൾ വേഗത്തിലാണ് കേരളത്തിലെ വയോജനങ്ങളുടെ വളർച്ച. 60 വയസിനു മുകളിലുള്ള ജനസംഖ്യ 1961 ൽ 5.1 ശതമാനമായിരുന്നപ്പോൾ ദേശീയ ശരാശരി 5.6 ശതമാനം ആയിരുന്നു. 1980 മുതൽ കേരളം മറ്റുപ്രദേശങ്ങളെ പിന്നിലാക്കി ബാക്കിയുള്ളത് 2001 ൽ ഇത് താരതമ്യേന 10.5 ശതമാനവും 7.5 ഉം ആയിരുന്നത്. 2011 ആകുമ്പോഴേക്കും ജനസംഖ്യയിൽ ഏകദേശം 13 ശതമാനം പേർ 60 വയസ്സ് കഴിഞ്ഞവരായിരിക്കും. കേരളത്തിലെ പ്രായമായ ജനസംഖ്യാവളർച്ച 2.3 ശതമാനം നിരക്കിലെന്നു ഒരു പഠനറിപ്പോർട്ടിൽ (സെന്റർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസ്, 2013, "കേരളത്തിൽ പ്രായമാകലിനെ സംബന്ധിച്ചുള്ള ഒരു സർവ്വേ") പറയുന്നു. 70 അല്ലെങ്കിൽ 80 വയസ്സിന് മുകളിലുള്ള പ്രായമായവരുടെ വളർച്ചയാണ് ഏറ്റവും കൂടുതൽ. നിലവിൽ കേരളത്തിലെ 42 ലക്ഷം ആളുകൾ 60 വയസ്സിനു മുകളിലാണുള്ളത്. ഇതിൽ 13 ശതമാനം വേഗത്തിൽ വളരുന്ന 80 വയസും അതിനുമുകളിലുള്ളവരുമാണ്. അറുപതു വയസിനു മുകളിലുള്ള സ്ത്രീപുരുഷന്മാരിൽ കൂടുതലും സ്ത്രീകളാണ്. അവരിൽ ഭൂരിഭാഗവും വിധവകളാണ്. കേരളമാണ് ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ള സംസ്ഥാനം. എസ്.ആർ.എസ്. റിപ്പോർട്ട് 2009 -13 അനുസരിച്ച് കേരളത്തിൽ പ്രീതീഷിത ആയുർദൈർഘ്യം പുരുഷന്മാരിലും സ്ത്രീകളിലും യഥാക്രമം 71.8 വയസും 77.8 വയസും ആണ്.

പട്ടിക 4.1.10
കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായസങ്കലനം (എണ്ണത്തിൽ)

പ്രായസങ്കലനം	ആകെ	പുരുഷൻ	സ്ത്രീ
ആകെ ജനസംഖ്യ	33,406,061	16,027,412	17,378,649
ആകെ മുതിർന്നവരുടെ ജനസംഖ്യ	4,193,393	1,853,595	2,309,798
60-69	2,416,805 (58%)	1,114,368 (60%)	1,272,437 (55%)
70-79	1,234,739 (29%)	534,879 (29%)	699,860 (30%)
80+	541,849 (13%)	204,348 (11%)	337,501 (15%)

അവലംബം : സെൻസസ് 2011

സാധാരണയായി സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരെക്കാൾ ഉയർന്നതാണ് (ഇന്ത്യയിലും). എന്നാൽ കേരളത്തിൽ ഇത് വളരെ കൂടുതലാണ്. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ വയോജനങ്ങളിൽ വിധവകളുടെ എണ്ണം കൂടുതലാണ്. 65ശതമാനം വൃദ്ധരും രോഗികളാണെന്നു എൻഎസ്എസ് സർവേ 2015 വ്യക്തമാക്കുന്നു.

വൃദ്ധജനങ്ങളെ വൃദ്ധസദനത്തിലേക്ക് അയയ്ക്കുന്ന സംസ്കാരം കേരളത്തിൽ വളരെ വേഗത്തിൽ വികസിക്കുകയാണ്. കേരളത്തിലെ പ്രായമായവരിൽ ഭൂരിഭാഗവും വിധവകളാണ്. 1991 ൽ 60–69 വരെ പ്രായമുള്ളവരിൽ 53.8ശതമാനം വിധവകളാണ്. 70 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ഇത് 69.20 ശതമാനമാണ്. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയിൽ 20 ശതമാനവും പ്രായമായവരാകുമെന്നതിനാൽ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ ആവശ്യം വളരെ വലിയ തോതിൽ ഉണ്ടാകും. അതിനാൽ മുതിർന്ന പൗരന്മാർക്ക് സാമൂഹ്യ സുരക്ഷ എന്നത് സഹാനുഭൂതിയല്ലെന്നത് ഓർക്കുക, അത് അവരുടെ അടിസ്ഥാന മനുഷ്യാവകാശമാണ്. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പ്രായ സങ്കലനം **പട്ടിക 4.1.10**–ൽ കൊടുത്തിരിക്കുന്നു കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ദാമ്പത്യാവസ്ഥ **പട്ടിക 4.1.11**–ൽ കൊടുത്തിരിക്കുന്നു.

നിലവിലെ വിവാഹിതരുടെ എണ്ണം തെറ്റിദ്ധാരണജനകമാണ്. നിലവിൽ വിവാഹിതർ 60.8ശതമാനവും ഇതിൽ പുരുഷൻമാർ 88.9ശതമാനം വും സ്ത്രീകൾ 37.8ശതമാനവും മാത്രമാണ്. കേരളത്തിലെ മുതിർന്നവരുടെ ദാമ്പത്യ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഭൂരിപക്ഷം പുരുഷന്മാരുടേയും (89 ശതമാനം) ഭാര്യമാർ പ്രായാവസ്ഥയിലും ജീവിച്ചിരിക്കുന്നവരാണ്. എന്നാൽ 38 ശതമാനം സ്ത്രീകളുടെ ഭർത്താക്കന്മാർ മാത്രമേ പ്രായമായി ജീവിച്ചിരിക്കുന്നുള്ളൂ. പുരുഷന്മാർ തങ്ങളേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം ചെയ്യുന്നതുകൊണ്ടുതന്നെ പുരുഷന്മാർക്ക് അറുപത് വയസ്സു പ്രായമാകുമ്പോൾ അവരുടെ

പട്ടിക 4.1.11
കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ദാമ്പത്യാവസ്ഥ (ശതമാനം)

	ആകെ	പുരുഷൻ	സ്ത്രീ
വിവാഹം കഴിക്കാത്തവർ	2.6	1.8	3.3
നിലവിൽ വിവാഹിതരായവർ	60.8	88.9	37.8
വിധവ/വിഭാര്യൻ	35.7	8.8	57.0
മറ്റുള്ളവർ	0.9	0.5	1.9
പങ്കാളിയില്ലാത്തവർ	39.2	11.1	62.2

അവലംബം : സെൻസസ് 2011

ഭാര്യമാർ വളരെ ചെറുപ്പമായിരിക്കും (അവരുടെ അന്പതുകളുടെ അവസാന കാലഘട്ടത്തിൽ). അതായത് 80 ൽ, 17ശതമാനം പുരുഷൻമാർ വിഭാര്യരാണ്, 84.2ശതമാനം സ്ത്രീകൾ വിധവകളാണ് (പട്ടികയിൽ കാണിച്ചിട്ടില്ല).

കേരള അംഗപരിമിത സെൻസസ് 2015

2011 സെൻസസ് പ്രകാരം മുതിർന്ന പൗരൻമാർ 41,93,393 ആണ്. എന്നാൽ 2015 ൽ അംഗപരിമിത സെൻസസ് കണക്കനുസരിച്ച് 8217434 കുടുംബങ്ങളിൽ 34254086 ജനസംഖ്യയുള്ളതിൽ 42,33,474 മുതിർന്ന കുടുംബ അംഗങ്ങളാണുള്ളത് ഇത് ആകെ കുടുംബാംഗങ്ങളുടെ12.36ശതമാനം ആണ്. മുതിർന്ന അംഗങ്ങളിൽ 19,34,758 പുരുഷന്മാരും 2,298,716 സ്ത്രീകളുമാണുള്ളത്. 2011 സെൻസസ് പ്രകാരം പ്രായമായവരുടെ ഏറ്റവും സാധാരണമായ വൈകല്യം ലോക്കോ മോട്ടോർ വൈകല്യവും ദൃശ്യവൈകല്യവുമായിരുന്നു. അൽഷിമേഴ്സ് രോഗികൾ 35,041 പേരുണ്ട്. കേരളത്തിൽ വിവിധ സ്ഥാപനങ്ങളിൽ ജീവിക്കുന്ന വൈകല്യമുള്ള മുതിർന്ന പൗരന്മാരുടെ എണ്ണം 4,260 ആണ്. ഇതിൽ 2,352 സ്ത്രീകളും 1,908 പുരുഷന്മാരും ആണ്. ഇതിൽ 80 വയസ്സിനു മുകളിലുള്ളവർ 570 പേരാണ്. മൊത്തം അംഗങ്ങൾ സീനിയർ അംഗങ്ങൾ ആയ 432,953 കുടുംബങ്ങൾ ആണുള്ളത്. ഇത് ആകെ കുടുംബങ്ങളുടെ 5.27 ശതമാനം ആണ്. മുതിർന്ന വനിതാ അംഗങ്ങളുടെ എണ്ണം 2,298,716 ഉം മുതിർന്ന പുരുഷ അംഗങ്ങളുടെ എണ്ണം 1,934,758 ഉം ആണ്. ഇത് യഥാക്രമം 54.3 ഉം 45.7 ഉം ശതമാനമാണ്.

വയോജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആശ്രയത്വം

ആശ്രിതജനസംഖ്യയുടെ അനുപാതം തൊഴിലെടുക്കുന്ന പ്രായ പരിധിയിലുള്ളവരുടെ അനുപാതവുമായി താരതമ്യപ്പെടുത്തുന്നതാണ് ആശ്രയത്വ അനുപാതം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്. ഓരോ തൊഴിലാളിയും വഹിക്കുന്ന സാമ്പത്തിക ഭാരത്തിന്റെ ഒരു പ്രധാന സൂചകമാണിത്. 60 വയസും അതിനു മുകളിലും പ്രായമുള്ള വ്യക്തികളുടെ എണ്ണം തൊഴിലെടുക്കുന്ന പ്രായ പരിധിയിലുള്ളവരുമായി താരതമ്യപ്പെടുത്തുന്നതാണ് വയോജന ആശ്രയത്വ അനുപാതം. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ 'ഓൾഡ് ഡിപ്പൻഡൻസി റേഷ്യോ 142 ഉം കേരളത്തിൽ ഉയർന്ന ആയുർദൈർഘ്യം മൂലം ഇത് 196 ഉം ആണ്. വാർദ്ധാക്യകാല ആശ്രിതത്വ അനുപാതം കേരളത്തിൽ വർധിച്ചുവരുന്ന പ്രവണത കാണിക്കുന്നു ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതലാണിത്. (എൽഡർലി ഇൻ ഇന്ത്യ 2016, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ). മൊത്തം ജനസംഖ്യയിൽ മുതിർന്നവരുടെ അനുപാതം അധ്വാനിക്കുന്ന ജനസംഖ്യക്കു അനുപാതമായി വർധിക്കുന്നതായി ഡിപൻഡൻസി അനുപാതം സൂചിപ്പിക്കുന്നു.

മുതിർന്ന പൗരന്മാർ അനുഭവ പരിചയമുള്ള മനുഷ്യവിഭവശേഷി എന്നനിലയിൽ

സംസ്ഥാന സർക്കാർ സേവനത്തിലുള്ള വിരമിക്കൽ പ്രായം 56 വയസ്സാണ്. മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് 60 ആണ്. പ്രായമാകൽ വ്യക്തികളുടെ പ്രവർത്തനജീവിതം കുറയ്ക്കുന്നു. കേരളത്തിൽ വിരമിച്ച സർക്കാർ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിനാൽ അവർക്ക് സുഖപ്രദമായ ജീവിതം നയിക്കാൻ കഴിയും. ഈ അനുഭവ സമ്പന്നരായ മനുഷ്യശക്തിയെ ശരിയായി വിന്യസിക്കുന്നത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയാണ്. പ്രായപൂർത്തിയായവർ തിരക്കുപിടിച്ച ജോലിയിൽ ഏർപ്പെടുമ്പോഴും ആരോഗ്യത്തോടെ കൂടുതൽ കാലം ജീവിക്കുന്നു. എന്നാൽ അത്തരം ജോലി ഇല്ലാതിരുന്നവർക്കും മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പെൻഷനും വിരമിക്കലും ഇല്ല. ചില വിഭാഗങ്ങളിൽ പെൻഷൻ ആയി നാമമാത്രമായ തുക മാത്രം ലഭിക്കുന്നത് അവരുടെ മെഡിക്കൽ ആവശ്യകതക്കു പോലും സഹായിക്കില്ല. വികസിത രാജ്യങ്ങളിൽ സാമൂഹ്യസുരക്ഷാ സംവിദാനം വളരെ ശക്തമായതുകൊണ്ട് വാർദ്ധാക്യത്തിൽ അവർക്ക് വിഷമിക്കേണ്ട കാര്യമില്ല.

പ്രായമായവർക്കായുള്ള പോഷക പരിഗണനകൾ

അറുപതു വയസ്സിനു മേലെയുള്ള പ്രായമുള്ള വ്യക്തികളുടെ എണ്ണവും വർദ്ധിക്കുന്നു. മിക്കപ്പോഴും ഇത് പോഷകാഹാരക്കുറവുള്ള ആരോഗ്യപ്രശ്നങ്ങൽ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു ഗ്രൂപ്പാണ്. ആവശ്യമായ ഊർജ്ജവും പോഷകാഹാര ആവശ്യങ്ങളും നിറവേറ്റുന്നതിനായി ശരിയായ അളവിലുള്ള ഭക്ഷണവും ഭക്ഷണ രീതിയും ലഭിക്കുന്നതിൽ പ്രായമായവരിൽ അധികവും പരാജയപ്പെടുന്നു. വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ ഇപ്പോൾ സാമൂഹ്യവും ജനസംഖ്യാ സംബന്ധവുമായ മാറ്റങ്ങൽ മൂലം പോഷകാഹാരക്കുറവിനെ അഭിമുഖീകരിക്കുകയാണ്. അതേസമയം, കൊഴുപ്പ്, മൃഗാധിഷ്ഠിത ഉത്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷണസാധനങ്ങൾ എന്നീ നാരുകുറഞ്ഞ ഭഷ്യവസ്തുക്കൾക്കു കൂടുതൽ പ്രാധാന്യം ലഭിക്കുന്നുവെന്നും ഇതുമൂലം പൊണ്ണത്തടി, ടൈപ്പ് 2 ഡയബറ്റിസ് രോഗികളുടെ എണ്ണം കൂടുന്നതായും കണ്ടെത്തിയിട്ടുണ്ട്. പ്രായപരിധിയിലെ മാറ്റങ്ങൾക്കനുസരിച്ച പോഷക ആവശ്യങ്ങൾ സംബന്ധിച്ച കൃത്യമായ ശുപാർശകൾ അടിസ്ഥാനമാക്കിയുള്ള ഡാറ്റയുടെ കുറവ് കാരണം പ്രായമായവർക്കുള്ള ഭക്ഷണം ക്രമം ഒരു വെല്ലുവിളിയാണ്.

ആരോഗ്യം

വാർദ്ധക്യം ബാധിക്കാത്ത ആരുമുണ്ടാവില്ല. ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും സ്വാഭാവികമായി നിർണയിക്കപ്പെട്ട ചക്രം പിന്തുടരുന്നു. അത് ഒരാളെ കൗമാരപ്രായം, യൗവനം, വാർദ്ധക്യം എന്നീ ഘട്ടങ്ങളിലൂടെ കൊണ്ട് പോകുന്നു. ഓരോ ഘട്ടത്തിനും അതിന്റേതായ ശക്തിയും ഉത്തരവാദിത്തങ്ങളും പ്രശ്നങ്ങളും ഉണ്ട്. സാധാരണഗതിയിൽ പ്രായത്തിന്റെ പുരോഗതിയോടെ മുഴുവൻ രംഗവും ഒരു വലിയ മാറ്റത്തിന് വിധേയമാകുന്നു. ഉത്തരവാദിത്തങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റംചെയ്യപ്പെടുകയും കഴിവുകൾ സാവധാനത്തിൽ മങ്ങുകയും ഫലപ്രദത്വത്തെ തടസ്സപ്പെടുത്തുന്ന സങ്കീർണ പ്രശ്നങ്ങളുമായി ക്രമേണ നയിക്കപ്പെടുന്നു. ഈ പ്രശ്നങ്ങൾ ഒരു വ്യക്തിയുടെ ആരോഗ്യത്തെ വിപരീതമായി ബാധിക്കുന്നു. ഇന്ത്യയിലെ മികച്ച ആരോഗ്യ പരിപാലന സംവിധാനമുള്ള സംസ്ഥാനമായി കേരളം പരിഗണിക്കുന്നു. എന്നാൽ ഏറ്റവും രോഗാവസ്ഥയുള്ള സംസ്ഥാനവും കേരളമാണ്. മോർബിഡിറ്റിയുടെ നാഷണൽ സാമ്പിൾ സർവേ 71–ാം റൗണ്ട് (ജനുവരി – ജൂൺ, 2015) പ്രകാരം ഇന്ത്യയിലുടനീളം നടത്തിയ 15 ദിവസത്തെ സർവേയിൽ പങ്കെടുത്ത 1000 പേരിൽ 89 പേരാണ് രോഗബാധിതരെന്നു റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരളത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കണക്കുപ്രകാരം 1000 ൽ 310 ആണ്. അറുപതു വയസ്സിനു മുകളിലുള്ളവരിൽ ഇത് ഇന്ത്യയിൽ 276 ഉം കേരളത്തിൽ 646 ഉം ആയിരുന്നു. ഇന്ത്യയിൽ സംക്രമികേതര രോഗങ്ങൾ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ പ്രമേഹ രോഗത്തിന്റെ തലസ്ഥാനമാണ് കേരളം. റെജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് ഡെത്ത് റിപ്പോർട്ട് പറയുന്നത് 2013 ൽ പ്രമേഹം മൂലം ഇന്ത്യയിൽ വെറും 3ശതമാനം പേർ മാത്രമാണ് മരിച്ചതെങ്കിൽ അത് കേരളത്തിൽ 10.2ശതമാനം ആയിരുന്നു. രക്താതിസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയുടെ കാരണങ്ങളും വ്യത്യസ്തമല്ല. ജീവിത ദൈർഘ്യവും ജീവിതനിലവാരവും കുറയ്ക്കുന്നതിനു ഇത് കാരണമാകുന്നു. കേരളത്തിലെ എല്ലാ പ്രായവിഭാഗങ്ങളേയും ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങളാണിതെൻകിലും, ആരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ദുർബലരായ പ്രായമായവരെ ഇത് കൂടുതലായി ബാധിക്കുന്നു.

പ്രായമായവരുടെ ക്ഷേമത്തിൽ സർക്കാരിന്റെ പങ്ക്

സ്വാതന്ത്ര്യാനന്തര കാലം മുതൽക്കുതന്നെ ചില സാമൂഹ്യ ക്ഷേമ പരിപാടികളിലൂടെ നമ്മുടെ സമൂഹത്തിൽ മുതിർന്ന ആളുകളെ പിന്തുണയ്ക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ വാർഷിക വയോജന വർഷം ആയി 1999 പ്രഖ്യാപിച്ച തുടർന്നു പ്രായമായവരെ അവർക്ക് ഗുണപ്രദമായ വഴികളിൽ ശാക്തീകരിക്കുകയും ക്ഷേമ നടപടികൾ വേഗത്തിലാക്കുകയും ചെയ്യുന്നതിനായി 1999 ജനവരി 13 ന് ഭാരതസർക്കാർ വയോജനങ്ങൾക്കായുള്ള ദേശീയ നയം അംഗീകരിച്ചു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന

ബോക്സ് 4.1.12
മുതിർന്ന പൗരന്മാരുടെ സാമൂഹ്യ സംരക്ഷണത്തിനായുള്ള പതിമൂന്നാം പദ്ധതി വിദഗ്ദ്ധ ഗ്രൂപ്പിന്റെ പ്രധാന ശുപാർശകൾ

- മുതിർന്ന പൗരന്മാർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ തുറക്കണം
- മുതിർന്ന പൗരന്മാർക്കായി വകുപ്പിന്റെ രൂപീകരണം
- മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള സ്റ്റേറ്റ് കമ്മീഷൻ
- മുതിർന്ന പൗരന്മാർക്കായി സംസ്ഥാന ജില്ലാ കൗൺസിലുകൾ
- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 നടപ്പിലാക്കുന്നതിലൂടെ മുതിർന്നവരെ അപമാനിക്കൽ തടയുക. പഞ്ചായത്തുകളും സാമൂഹ്യനീതി വകുപ്പും മുതിർന്ന പൗരൻമാരുടെ ക്ലബുകൾ അല്ലെങ്കിൽ വയോജന സഭകൾ പ്രാദേശിക തലത്തിൽ സ്പോൺസർ ചെയ്യണം. അത് മൂലം മുതിർന്ന പൗരൻമാരോടുള്ള മോശമായ സമീപനം ഫലപ്രദമായി തടയാൻ കഴിയും.
- മുതിർന്ന പൗരന്മാർക്കുള്ള ക്ഷേമനിധി
- ബിപിഎൽ വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യവും സമഗ്രവുമായ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകേണ്ടതാണ്.
- മുതിർന്ന പൗരന്മാർ ഇടക്കിടെ സന്ദർശിക്കുന്ന പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ കൂടുതൽ വായോസൗഹൃദമായി നിലനിർത്തണം

ക്ഷേമ നിയമം, 2007 മുതിർന്നവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നല്കുന്നു. ഭരണഘടനാ വ്യവസ്ഥകൾക്ക് പുറമെ വൃദ്ധജന സുരക്ഷ, വൃദ്ധജന പെൻഷൻ, വയോജന ഭവനങ്ങൾ സ്ഥാപിക്കുക, വാർദ്ധക്യസഹജമായ സേവനങ്ങൾ വികസിപ്പിക്കുക, മുതിർന്നവർക്കായുള്ള ഭവന നയം ഉദാരവൽക്കരിക്കൽ എന്നിവ നടപ്പിലാക്കുന്നു.

സംസ്ഥാന വയോജന നയം 2013

മുതിർന്ന പൗരന്മാർക്കായി ഒരു നയം അവതരിപ്പിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ആദ്യത്തെ നയരേഖ 2006 ൽ നിലവിൽവന്നു. പിന്നീട് സർക്കാർ 2006 ലെ വയോജന നയം അവലോകനം ചെയ്യുകയും 2013 ലെ പുതിയ സംസ്ഥാന വയോജന നയം പുറത്തിറക്കുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ വയോജനങ്ങൾക്കും പരമാവധി ക്ഷേമ സൗകര്യങ്ങൾ ഉറപ്പാക്കാനാണ് നയം ലക്ഷ്യം വയ്ക്കുന്നത്. പ്രായമായവരെ ചൂഷണം ചെയ്യുന്നവർക്കെതിരെ സംസ്ഥാന സർക്കാർ പോലീസ് കേസ് രജിസ്റ്റർ ചെയ്യും.

മുതിർന്ന പൗരന്മാരുടെ ദേശീയ നയം 2011

ദേശീയ നയം മുതിർന്ന വ്യക്തികളുടെ സമ്പന്നമായ അനുഭവത്തെ തിരിച്ചറിയുകയും അവരെ പ്രധാനപ്പെട്ട മനുഷ്യവിഭവങ്ങൾ എന്ന നിലയിൽ പരിഗണിക്കുകയും അവരുടെ അവസാനകാലത്തിൽ അന്തസ്സായ ജീവിതം ഉറപ്പുവരുത്തുകയും ശാരീരികവും സാമ്പത്തികവുമായ സുരക്ഷ, ആരോഗ്യ സംരക്ഷണം, അഭയം എന്നിവ ഉറപ്പുവരുത്തുകയും സർക്കാർ ഉറച്ച തീരുമാനമെടുക്കേണ്ടവ അംഗീകരിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും മുതിർന്ന സ്ത്രീകളുടെയും പാവപ്പെട്ട ഗ്രാമീണരുടെയും കാര്യത്തിൽ. സാമ്പത്തിക ഭക്ഷ്യ സംരക്ഷണം, ആരോഗ്യപരിചരണം, അഭയം, പ്രായമായവരുടെ മറ്റ് ആവശ്യങ്ങൾ, വികസനത്തിൽ നീതിനിഷ്ഠമായ പങ്കാളിത്തം, ചൂഷണത്തിനെതിരായ സംരക്ഷണം, ജീവിത നിലവാരം ഉയർത്തുന്നതിന് സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയ്ക്കായി സർക്കാർ പിന്തുണ നൽകി.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007

മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും അവരുടെ ക്ഷേമത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും 2007 ഡിസംബറിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 നടപ്പിലാക്കി. മാതാപിതാക്കൾ / മുതിർന്ന പൗരന്മാർക്ക് മക്കളും ബന്ധുക്കളും സംരക്ഷണം നൽകുന്നത് ന്യായസഭകൾ മുഖേന നിർബ്ബന്ധിതവും നിയമപരവുമായി, ബന്ധുക്കൽ അവഗണിച്ചാൽ മുതിർന്ന പൗരന്മാർക്ക് സ്വത്ത് കൈമാറ്റം ചെയ്യൽ പിൻവലിക്കാവുന്നതാണ്, മുതിർന്ന പൗരന്മാരെ ഉപേക്ഷിക്കുന്ന കാര്യത്തിൽ പീനൽ പ്രൊവിഷൻ, വയോജന പരിപാലന ഹോമുകൾ സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണവും, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ വൈദ്യസഹായ സൗകര്യങ്ങൾ തുടങ്ങിയവക്കു ഈ നിയമം സംരക്ഷണം നൽകുന്നു.

കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പരിപാലന ക്ഷേമ ചട്ടങ്ങൾ 2008

ഈ ചട്ടങ്ങൾ പ്രകാരം സ്വയം പരിപാലനം നടത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർക്കു പരിപാലനത്തിനായി മെയ്ന്റനൻസ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. ഈ ചട്ടങ്ങൾ പ്രകാരം ഓരോ സബ് ഡിവിഷനിലും മെയ്ന്റനൻസ് ട്രിബ്യൂണലിന്റെ പ്രെസീഡിങ് ഓഫീസർ ആയി റെവന്യൂ ഡിവിഷണൽ ഓഫീസർ നിയമിക്കപ്പെടുന്നു. ജില്ലാ കളക്ടർമാരെ ഓരോ ജില്ലയുടെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെ പ്രെസീഡിങ് ഓഫീസർമാരായി നിയമിച്ചിരിക്കുന്നു. ഓരോ ജില്ലയുടെയും പരിപാലന ഓഫീസറായി ജില്ലാ വെൽഫെയർ ഓഫീസർ നിർദേശിക്കപ്പെട്ടിരിക്കുന്നു.

സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം

സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം പേര് സൂചിപ്പിക്കുന്നത് പോലെ സാമൂഹ്യ അസമത്വങ്ങൾ, ചൂഷണം, വിവേചനം, അനീതി എന്നിവ അനുഭവിക്കുന്ന സമൂഹത്തിലെ വിഭാഗങ്ങൾക്ക് തുല്യമായ നീതി ഉറപ്പാക്കുന്നതിനു വേണ്ടിയാണു നിലകൊള്ളുന്നത്. മന്ത്രാലയത്തിന്റെ സോഷ്യൽ ഡിഫൻസ് ഡിവിഷൻ പ്രധാനമായും മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. കൂടാതെ മദ്യപാനത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഇരകൾ, ഭിന്നലിംഗക്കാർ, യാചകർ / അഗതികൾ എന്നിവരുമുൾപ്പെടുന്നു. മുതിർന്ന പൗരന്മാർക്ക് സുരക്ഷിതവും മാന്യവും ഉല്പ്പാദനക്ഷമവുമായ ജീവിതം നയിക്കാൻ മന്ത്രാലയം സംസ്ഥാന സർക്കാരുകളും / യൂണിയൻ ടെറിട്ടറി അഡ്മിനിസ്ട്രേഷൻ എന്നിവയുമായി സഹകരിച്ചു മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമങ്ങൾ, നയങ്ങൽ, പരിപാടികൽ എന്നിവ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു.

പ്രായമായവർക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ്

എല്ലാ വർഷവും ഒക്ടോബർ 1 ലോകമെമ്പാടും അന്താരാഷ്ട്ര വയോജന ദിനമായി ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം എല്ലാ വർഷവും വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും മുതിർന്ന പൗരന്മാർ, സംഘടനകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് വയോശ്രേഷ്ഠ സമ്മാൻ അവാർഡ് നൽകുകയും ചെയ്യുന്നു. പ്രായമായവരുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും സമൂഹത്തെ ബോധവൽക്കരിക്കാനും പ്രായമായവരോടുള്ള ഗവൺമെൻറിൻറെ പ്രതിബദ്ധതയെ ഊന്നിപ്പറയാനും മുതിർന്ന പൗരന്മാർ നൽകുന്ന സേവനങ്ങളെ അംഗീകരിക്കുക എന്നതാണ് ഇതിൻറെ ലക്ഷ്യം. വിവിധ വിഭാഗങ്ങളിലായി 10 അവാർഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർധക്യത്തെ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്ന സ്ഥാപനങ്ങൾ, വയോജന ക്ഷേമ സേവനം നൽകുന്ന അസോസിയേഷനുകൾ, പ്രായമായവർക്കിടയിൽ സാമൂഹ്യപ്രവർത്തനം തുടരുന്ന 90 വയസ്സിന് മുകളിൽ പ്രായമുള്ളവർ, തങ്ങളുടെ കുട്ടികളെ ഒരു സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടുവരാൻ കഠിനമായി ശ്രമിച്ച നല്ല അമ്മമാർ, ധീരരായ വയോജനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങളിൽ ദേശീയ / അന്തർദേശീയ അവാർഡുകൾ നേടിയവർ, വാർദ്ധാക്യകാല ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മികച്ച പഞ്ചായത്തുകൾ, കായികരംഗത്ത് പ്രവർത്തിക്കുന്ന വൃദ്ധജനങ്ങൾ, സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി ജോലി ചെയ്യുന്ന പ്രായമായ ആളുകൾ എന്നിവർക്ക് ബന്ധപ്പെട്ട ബഹുമതികൾക്ക് അപേക്ഷിക്കാവുന്നതാണ്.

വയോജനങ്ങൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ

മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള നയങ്ങളും പരിപാടികളും വൃദ്ധസദനങ്ങൾ, പകൽ പരിചരണ കേന്ദ്രങ്ങൾ, മൊബൈൽ വൈദ്യചികിത്സാ യൂണിറ്റുകൾ തുടങ്ങിയവയ്ക്കായി അവരുടെ ക്ഷേമവും പരിപാലനവും ലക്ഷ്യംവച്ചുള്ളതാണ്.

രാഷ്ട്രീയ വയോശ്രീ യോജന - മുതിർന്ന പൗരന്മാർക്ക് ഭൗതിക സഹായവും സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള ഒരു കേന്ദ്രപദ്ധതി

ബിപിഎൽ വിഭാഗത്തിൽപെടുന്ന പ്രായപരിധി വൈകല്യങ്ങളുള്ള മുതിർന്ന പൗരന്മാർക്ക് ഈ കേന്ദ്ര ഗവൺമെൻറ് സ്കീം സഹായവും സഹായ ഉപകരണങ്ങളും നൽകുന്നു. കാഴ്ച, കേൾവി, പല്ല്, ലോക്കോമോട്ടോർ എന്നീ വൈകല്യങ്ങളെ /രോഗങ്ങളെ അഭിമുഖീകരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വോക്കിങ് സ്റ്റിക്സ്, വാക്കേഴ്സ്/ക്രച്ചസ്, ക്രാച്ചുകൾ, ട്രൈപോഡ്സ്/ക്വാഡ്പോഡ്സ്, കണ്ണടകൾ, ശ്രവണസഹായികൾ, കൃത്രിമ ദന്തങ്ങൾ, വീൽചെയർ തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ നൽകി വരുന്ന സഹായങ്ങളും സഹായ ഉപാധികളുമാണ്.

വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതി - പ്രായമായവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

സർക്കാർ / സർക്കാരിതര സംഘടനകൾ / പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / സമൂഹം എന്നിവക്ക് പിന്തുണ നൽകുന്നതിലൂടെ ഉൽപാദനക്ഷമവും സജീവവുമായ ജീവിതം പ്രോത്സാഹിപ്പിക്കുക താമസം, ഭക്ഷണം, വൈദ്യ പരിചരണം, വിനോദ അവസരങ്ങൾ എന്നീ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കി പ്രായമായവരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പഞ്ചായത്തി രാജ് സ്ഥാപനങ്ങൾക്കും/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അർഹരായ സർക്കാർ ഏജൻസികൾക്കും ഈ സ്കീമിൽ സഹായം ലഭിക്കും.

സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ വയോജന സൗഹൃദ പഞ്ചായത്തുകൾ

സംസ്ഥാന വയോജന നയം, 2013–ന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണ് വയോജന സൗഹൃദ പഞ്ചായത്ത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും വയോജന സൗഹൃദ പഞ്ചായത്തുകളായി മാറ്റിയെടുത്ത് വയോജനങ്ങൾക്ക്മെച്ചപ്പെട്ട ആരോഗ്യവും പങ്കാളിത്തവും ഉറപ്പാക്കി അവരുടെ ജീവിതനിലവാരം ഉയർത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

വയോമിത്രം

കേരള സാമൂഹിക സുരക്ഷാ മിഷൻ സംസ്ഥാനത്തെ കോർപ്പറേഷൻ /

മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള പ്രായമായവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം പദ്ധതി നടപ്പാക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ, സാന്ത്വന പരിപാലനം, പ്രായമായവരുടെ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യ മരുന്നുകൾ വയോമിത്രം പരിപാടി നൽകുന്നു. അതാതു പ്രദേശത്തെ തദ്ദേശഭരണസ്ഥാപനവുമായി (മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) ഒരു സംയുക്ത സംരംഭമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി വാർഡ് തലത്തിൽ ക്ലിനിക്കുകൾ നടത്തിക്കൊണ്ട് മരുന്ന് സൗജന്യമായി നൽകുന്നു. സേവനം ലഭ്യമാക്കാൻ സാമ്പത്തിക മാനദണ്ഡങ്ങൾ ഇല്ല. ഓരോ മൊബൈൽ യൂണിറ്റിലും മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവ ഉൾപ്പെടുന്നു. പദ്ധതി പ്രേദേശത്തെ കിടപ്പു രോഗികൾക്ക് സാന്ത്വന പരിചരണ സേവനം നൽകുന്നു. പ്രത്യേക പരിശീലനം ലഭിച്ച നഴ്സുമാരുടെയും ജെ.പി.എച്. എൻ മാരുടെയും സേവനം ലഭ്യമാണ്. വയോമിത്രം കോ-ഓർഡിനേറ്റർമാർ ഈ പ്രദേശത്തെ ആവശ്യമുള്ള വയോജനങ്ങൾക്കു സഹായ കേന്ദ്രത്തിന്റെ സേവനം നൽകും. വയോജനങ്ങൾക്കു വയോമിത്രം ഓഫീസിൽ നിന്ന് സഹായം ലഭ്യമാകാൻ കഴിയും. ഈ പ്രത്യേക മെഡിക്കൽ ക്യാമ്പിനു പുറമേ സല്ലാപം, സ്നേഹയാത്ര എന്നീ വിനോദപരിപാടികൾ വയോജന ഭവനങ്ങളിൽ അഗതികൾക്ക് വേണ്ടി നടത്തിയിട്ടുണ്ട്. വയോമിത്രം ഗുണഭോക്താക്കൾ, എൻ.ജി.ഒകളുടെ സഹായത്തോടെ സ്പോൺസർഷിപ്പ് പരിപാടികളും പ്രത്യേക ദിന പരിപാടികളും സംഘടിപ്പിക്കുന്നു. വയോമിത്രം കോ-ഓർഡിനേറ്റർമാർ മൊബൈൽ ക്ലിനിക്കുകളിൽ നിന്നുള്ള ഡോക്ടർമാരുടെ സഹായത്തോടെ കൗൺസിലിങ് സേവനം നൽകിവരുന്നു. വാർധക്യവുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രശ്നങ്ങളിൽ വയോമിത്രത്തിന്റെ സജീവ പങ്കാളിത്തവും ഉണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഈ പരിപാടി 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 14 ജില്ലകളിലായി 70 മുനിസിപ്പാലിറ്റികളിലും നടപ്പാക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ 38 പുതിയ വയോമിത്രം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ ഗുണഭോക്താക്കളുടെ എണ്ണം 1,75,865 ആണ്.

വയോ അമൃതം

ആരോഗ്യപരിരക്ഷാ പ്രോട്ടോക്കോളുകളുടെ ഫലമായി ആയുർദൈർഘ്യം വർധിക്കുകയും വയോജനങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്തു. ഇന്നത്തെ സമൂഹത്തിലെ അണു കുടുംബങ്ങൾ വളരെയധികം വൃദ്ധജന പരിപാലന കേന്ദ്രങ്ങൾ ഉണ്ടാകുന്നതിനു വഴിയൊരുക്കിയിട്ടുണ്ട്. പ്രായമായ ആളുകൾ പലപ്പോഴും ആണു കുടുംബങ്ങളിൽ നിന്നും ഒറ്റപ്പെടാൻ നിർബന്ധിതരാകുന്നു. ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾക്കൊപ്പം പ്രായമായ ജനസംഖ്യാ സാമൂഹിക ഒറ്റപ്പെടലും അനുഭവിക്കുന്നു. ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അംഗങ്ങളുടെ ചികിത്സയ്ക്കായി ഭാരതീയ ചികിത്സ വകുപ്പിന്റെ (ഐ.എസ്. എം) സഹായത്തോടെ 15 വൃദ്ധസദനങ്ങളിൽ സാമൂഹ്യനീതി വകുപ്പ് ഈ പരിപാടി ഏറ്റെടുത്തു നടപ്പിലാക്കി. പ്രമേഹ രോഗങ്ങൾ, ആസ്ത്മ, ത്വക് രോഗങ്ങൾ, വാതം, കണ്ണ്, ചെവി രോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളാണ് ചികിത്സിക്കുന്ന കേസുകളിൽ ഭൂരിഭാഗവും. ആരോഗ്യ പരിചരണത്തിൽ കൗൺസിലിംഗും സാന്ത്വന പരിചരണവും ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ വയോജന ഭവനങ്ങളിലെയും അന്തേവാസികൾക്കും ആയുർവേദ ചികിത്സ ലഭ്യമാകും. ഒരു ഡോക്ടറുടെയും അറ്റൻഡറുടെയും സഹായം ഈ അന്തേവാസികൾക്കു നൽകുന്നു.

മന്ദഹാസം

മുതിർന്ന പൗരന്മാർക്ക് സൗജന്യമായി പല്ല് നൽകുന്ന സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതിയാണ് മന്ദഹാസം. പല്ലുകൾ നഷ്ടപ്പെട്ടശേഷം പ്രായമായവർ നേരിടുന്ന പോഷകാഹാരവും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന ഡൻറൽ കോളേജുകളുടെയും ഡെൻറൽ ട്രീറ്റ്മെന്റ് സെന്ററുകളുടെയും ലിസ്റ്റ്

വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവാരവും മാനദണ്ഡവും ഉറപ്പാക്കുന്നതിലൂടെ കൃത്രിമ പല്ലിന്റെ ഗുണനിലവാരവും ചികിത്സയുടെ ഗുണനിലവാരവും ഉറപ്പാക്കും. ബിപിഎൽ വിഭാഗത്തിൽ വരുന്ന മുതിർന്ന പൗരന്മാർ ഈ സ്കീമിന്റെ പ്രയോജനങ്ങൾക്ക് യോഗ്യരായിരിക്കും. ഒരു ഗുണഭോക്താവ് അയ്യായിരം രൂപയാണ് പരമാവധി സാമ്പത്തിക സഹായം ലഭിക്കുക.

സായംപ്രഭ പദ്ധതി - മുതിർന്ന പൗരന്മാർക്കായുള്ള സമഗ്ര പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പകൽ പരിചരണ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സാമൂഹ്യനീതി വകുപ്പിന്റെ പുതിയ സംരംഭമാണ് സായംപ്രഭ പദ്ധതി. ഈ പകൽ പരിചരണ കേന്ദ്രങ്ങൾ മുതിർന്നവർക്ക് തടസ്സമില്ലാത്ത സ്വതന്ത്ര പ്ലാറ്റ്ഫോമിൽ ഏറ്റവും ആവശ്യമായ സേവനങ്ങളും സഹായവും നൽകും. മുതിർന്ന പൗരന്മാർക്ക് അവരുടെ പ്രായക്കാരുമായി ഒത്തുചേരാനും പകൽ സമയത്ത് ഏകാന്തത അനുഭവിക്കുന്ന വൃദ്ധർക്ക് ആശ്വാസം നൽകാനും ഈ പകൽ പരിചരണ സൗകര്യങ്ങൾ അവസരമൊരുക്കുന്നു. ആദ്യഘട്ടത്തിൽ 70 അത്തരം പകൽ പരിചരണ കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാൽ രൂപീകരിക്കുകയും മുതിർന്ന പൗരന്മാർക്ക് കൗൺസിലിംഗ് പ്രോഗ്രാമുകളും യോഗാ ധ്യാന പരിപാടികളും നൽകുന്നുണ്ട്.

വൃദ്ധസദനങ്ങളും പകൽ പരിചരണ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം

സംസ്ഥാനത്തിന്റെ വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭരണപരമായ ചെലവുകൾക്കായി ഓരോ സ്ഥാപനത്തിനും 2 ലക്ഷം രൂപ നൽകിക്കൊണ്ട് വാർഡ് ഹോമുകൾ / പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം നൽകും. സ്ഥാപനത്തിന്റെ നടത്തിപ്പിന് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളും അറ്റകുറ്റപ്പണികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളൽ നൽകും. ഇതിനുവേണ്ടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ ഒരു നിരീക്ഷക സമിതി രൂപവത്കരിക്കും. അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ആവർത്തന ചെലവ് വകുപ്പ് നൽകും. ഭൂമി, കെട്ടിടം, പശ്ചാത്തല സൗകര്യങ്ങൾ, ദൈനംദിന സംരക്ഷണം, പ്രാദേശിക കുടുംബശ്രീ അംഗങ്ങളെ നടത്തിപ്പിനായി തിരഞ്ഞെടുക്കുക എന്നിവയാണ് ഈ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല.

വൃദ്ധസദനങ്ങളും പകൽ പരിചരണ കേന്ദ്രങ്ങളും

ആരും സംരക്ഷിക്കാനില്ലാത്ത മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനു വേണ്ടി ഈ സ്ഥാപനങ്ങൾ പരിപാലിക്കപ്പെടുന്നു. ഈ സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്നവർ സ്ഥാപനത്തിലെ സൂപ്രണ്ടിന് അപേക്ഷ നൽകണം. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം പ്രവേശനം ഉറപ്പുവരുത്തും. അത്തരത്തിലുള്ള പരിചരണ കേന്ദ്രങ്ങളുടെ എണ്ണം 15 ഉം കിടക്കയുടെ എണ്ണം 1125–ഉം ആണ്.

ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി

ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി എന്നത് 60 വയസിനും അതിനു മുകളിലുള്ളവർക്കും ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിക്കുന്നവർക്കുമുള്ള ഒരു നോൺ–കോൺട്രിബ്യൂട്ടറി വാർധക്യകാല പെൻഷൻ പദ്ധതിയാണ്. ദാരിദ്ര്യരേഖക്കു താഴെ ജീവിക്കുന്ന 60 വയസ്സിനു മുകളിലുള്ള എല്ലാ വ്യക്തികൾക്കും ഐ.ജി.എൻ.ഒ.എ.പി.എസ്. നു അപേക്ഷ നൽകാവുന്നതാണ്. 60–79 വയസ് പ്രായമുള്ള എല്ലാ ഐ.ജി.എൻ.ഒ.എ.പി. എസ്. ഗുണഭോക്താക്കൾക്കും പ്രതിമാസം 1,100 രൂപ പെൻഷൻ ലഭിക്കുന്നു. 80 വയസ്സും അതിനുമുകളിലും ഉള്ളവർക്ക് പ്രതിമാസ

പെൻഷൻ ആനുകൂല്യം 1500 രൂപയും ലഭിക്കുന്നു. ഇന്ത്യൻ ഭരണഘടനാ ഭേദഗതി നിയമം 1993 പ്രകാരം വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിലെ റവന്യൂവകുപ്പ് കൈകാര്യം ചെയ്ത ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ പെൻഷൻ അപേക്ഷ, സംസ്കരണം, വിതരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊതു ഗതാഗത സംവിധാനത്തിൽ സംവരണം

ഷിപ്പിംഗ്, റോഡ് ഗതാഗതം, ഹൈവേ മന്ത്രാലയത്തിന്റെ നിർദേശത്തിലൂടെ സംസ്ഥാന റോഡ് ഗതാഗത സ്ഥാപനങ്ങളുടെ ബസുകളിൽ മുൻനിരയിൽ മുതിർന്ന പൗരന്മാർക്ക് രണ്ട് സീറ്റുകളിൽ സംവരണം നൽകുന്നു. കേരളത്തിലെ സംസ്ഥാന ബസ് സർവീസുകളിൽ 65 വയസ്സിനും അതിനു മുകളിലുള്ളവർക്കും രണ്ടു സീറ്റുകളിൽ സംവരണം ലഭിക്കാൻ അർഹതയുണ്ട്. റെയിൽവേ മന്ത്രാലയം മുതിർന്ന പൗരന്മാർക്കായി പാസഞ്ചർ റിസർവേഷൻ കേന്ദ്രങ്ങളിൽ ഷിഫ്റ്റിലെ ശരാശരി ഡിമാൻഡ് 120 ടിക്കറ്റിനു മുകളിലാണെങ്കിൽ പ്രത്യേക ടിക്കറ്റ് കൌണ്ടറുകൾ നൽകുന്നു. കൂടാതെ 60 വയസിനും അതിനു മുകളിലുമുള്ള പുരുഷന്മാർക്കും 45 വയസും അതിനു മുകളിലുമുള്ള സ്ത്രീകൾക്കും താഴെയുള്ള ബെർത്ത് നൽകും. കൂടാതെ 60 വയസിനും അതിനു മുകളിലുമുള്ള പുരുഷന്മാർക്കും 58 വയസും അതിനു മുകളിലുമുള്ള സ്ത്രീകൾക്കും യഥാക്രമം 45 ശതമാനവും 50 ശതമാനവും യാത്രക്കൂലി ഇളവും പ്രായമായ യാത്രക്കാർക്കായി സ്റ്റേഷനുകളിൽ വീൽ ചെയറും നൽകും.

വീക്ഷണം

ഇന്ന് വയോജനങ്ങളുടെ വളരെ വലിയ ജനവിഭാഗം കേരളത്തിലുണ്ട്. ഈ ജനസംഖ്യാ മാറ്റങ്ങൾ മറ്റു ദ്രുതഗതിയിലുള്ള സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങളോടൊപ്പം മുതിർന്ന ആളുകളുടെ ജീവിതത്തെ മാറ്റിമറിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ പ്രായോഗിക നയങ്ങളും പുനഃപരിശോധിക്കേണ്ടതും പ്രായമായവരുടെ ആവശ്യങ്ങളും അവകാശങ്ങളും കണക്കിലെടുത്ത് ഒരു പ്രായോഗിക സമീപനമായി ഇത് നടപ്പിലാക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ സംസ്ഥാനത്തിനു മുൻപിലുള്ള പ്രധാന വെല്ലുവിളി പ്രായമായവരുടെ തൊഴിലവസരങ്ങൾ, സാമൂഹ്യ സുരക്ഷ, പെൻഷൻ എന്നിവയാണ്.

4.2 ആരോഗ്യവും ശുചീകരണം

വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

സമൂഹത്തിലെ സാമൂഹ്യവികസനത്തിന്റെ നിർണായക മേഖലകളിൽ ഒന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതി. അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട വിഭാഗങ്ങളിലേക്ക് കൂടി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ ഇത് നേടിയെടുക്കാൻ കഴിയൂ. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ആരോഗ്യനിലവാരം കൈവരിച്ചു. മെച്ചപ്പെട്ട സാക്ഷരതാ നിരക്ക്, പൊതുവിതരണ സമ്പ്രദായം, തൊഴിലളിസംഘടനകളുടെ സാന്നിധ്യം മുഖേന തൊഴിലാളി ചൂഷണത്തിലുണ്ടായ കുറവ് തുടങ്ങിയ മറ്റു സാമൂഹ്യ ഘടകങ്ങളെ കൂടാതെ ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുടെ എളുപ്പത്തിലുള്ള ലഭ്യതയും പ്രാപ്യതയും കേരളത്തിന്റെ ആരോഗ്യ നിലവാരത്തെ സ്വാധീനിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 1996 ന് ശേഷം ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക, ദ്വിതീയ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുകയും അതുവഴി ആരോഗ്യ സംരക്ഷണ ലഭ്യത വിസ്തൃതമാകുകയും ചെയ്തു. കേരളത്തിൽ സമൂഹത്തിലെ പാവപ്പെട്ടവർക്ക് സാര്വത്രികമായ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിൽ അലോപ്പതിയും ആയുഷും നിർണ്ണായക പങ്ക് വഹിക്കുന്നു.

ശിശുമരണനിരക്ക്, ജനനനിരക്ക്, മരണനിരക്ക്, പ്രതീക്ഷിത ആയുർ ദൈർഘ്യം എന്നീ ആരോഗ്യ സൂചികകളിൽ കേരളം വൻകുതിപ്പുകൾ നടത്തിയിരിക്കുന്നു. ഈ നേട്ടങ്ങൾ നിലനിർത്താൻ സംസ്ഥാനം ബുദ്ധിമുട്ടു നേരിടേണ്ടിവരുന്നു. കൂടാതെ ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, ഹൈപ്പർടെൻഷൻ, കൊറോണറി ഹാർട്ട് രോഗങ്ങൾ, അർബുദം, വാർദ്ധക്യകാല രോഗങ്ങൾ തുടങ്ങിയവ സംസ്ഥാനത്ത് വൈഷമ്യം സൃഷ്ടിക്കുന്നു. സാംക്രമിക രോഗങ്ങളായ ചിക്കുൻഗുനിയ പനി, ഡങ്കിപ്പനി, ലെപ്റ്റോസ്പൈറോസിസ് അഥവാ എലിപ്പനി, പന്നിപ്പനി തുടങ്ങിയവയും വളരെ ആശങ്ക ഉണ്ടാക്കുന്നു. ഇതെല്ലാം കൂടാതെ സംസ്ഥാനത്തെ ആരോഗ്യരംഗത്തിന് പുത്തൻ ഭീക്ഷണികളായി മാനസികരോഗങ്ങൾ, ആത്മഹത്യ, മദ്യപാനത്തിന്റേയും മയക്കുമരുന്നിന്റേയും വർദ്ധിച്ചുവരുന്ന ഉപയോഗം, കൗമാരകാലത്തെ ആരോഗ്യപ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന റോഡ് ട്രാഫിക് അപകടങ്ങൾ എന്നിവയും പ്രധാന പ്രശ്നങ്ങളാണ്. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ആരോഗ്യ നിലവാരം പൊതുസമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ പിന്നിലാണ്. ഇതൊക്കെ കൈകാര്യം ചെയ്യാൻ വിവിധ മേഖലകൾതമ്മിൽ ആത്മാർത്ഥവും അതീവശ്രദ്ധയോടുംകൂടിയ ഏകോപനം അത്യാവശ്യമാണ്.

കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട ആരോഗ്യ ജനസംഖ്യാ സൂചകങ്ങൾ **പട്ടിക 4.2.** 1–ൽ ചേർത്തിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരോഗ്യ മേഖലയ്ക്കുള്ള കർമ്മ സമിതികൾ

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിലേക്ക് വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും, ആയുഷ് എന്നീ പ്രത്യേക കർമ്മ സമിതികൾ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചിരുന്നു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.രാജീവ് സദാനന്ദൻ ഐ.എ.എസ്, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ്

ടെക്നോളജിയിലെ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിലെ പ്രൊഫസറും തലവനുമായ ഡോ:കെ.ആർ തങ്കപ്പൻ എന്നിവർ സഹാധ്യക്ഷരും മറ്റ് പതിമൂന്ന് അംഗങ്ങളെയും ഉൾപ്പെടുത്തിയാണ് വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും മേഖലക്കുള്ള കർമ്മ സമിതി രൂപീകരിച്ചത്. ആയുഷ് വകുപ്പ് സെക്രട്ടറി ഡോ.ബി.അശോക് ഐ.എ.എസ്, ഡോ.രവി എം നായർ എന്നിവർ സഹാധ്യക്ഷരും മറ്റ് പതിനാറ് അംഗങ്ങളെയും ഉൾപ്പെടുത്തി ആയുഷ് കർമ്മസമിതി രൂപീകരിച്ചു. കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് അനുവർത്തിക്കേണ്ട തന്ത്രങ്ങളെപ്പറ്റിയും കമ്മിറ്റി വിശദമായി ചർച്ച നടത്തി. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കായി ആരോഗ്യ മേഖലയിലെ മുൻഗണനാ മേഖലകൾ കർമ്മ സമിതികൾ കണ്ടെത്തി റിപ്പോർട്ടുകൾ സമർപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. സമിതിയുടെ ശുപാർശകൾ ആരോഗ്യമേഖലയുടെ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പട്ടിക 4.2.1
ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ ജനസംഖ്യ, സാമൂഹിക–സാമ്പത്തിക ആരോഗ്യ സൂചകം

സക്രമ നമ്പർ	സൂചകം		കേരളം	ഇന്ത്യ
	ആകെ ജനസംഖ്യ (കോടിയിൽ) ((സെൻസസ് 2011)		3.34	121.06
	ദശവർഷ വളർച്ച (ശതമാനത്തിൽ)		4.90	17.7
	(സെൻസസ് 2001)		1084	943
	ലിംഗ അനുപാതം (സെൻസസ് 2011)		964	919
1	ജനന നിരക്ക്		14.3	20.4
2	മരണ നിരക്ക്		7.6	6.4
		പുരുഷൻ	8.5	6.8
		സ്ത്രീ	6.7	5.9
3	സാധാരണ വളർച്ചാനിരക്ക് #		6.8	14
4	ശിശുമരണനിരക്ക് #		10	34
		പുരുഷൻ	9	33
		സ്ത്രീ	11	36
5	നവജാത ശിശു മരണനിരക്ക്*		6.00	25.00
6	പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്*		9.00	23.00
7	ശിശുമരണ നിരക്ക്*		3.00	10.00
8	5 വയസ്സിനു താഴെയുള്ള മരണ നിരക്ക്*		13.00	43.00
9	ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്*		4.00	19.00
10	ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്*		2.00	6.00
11	പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്*		6.00	12.00

12	മരണ നിരക്ക് *			
	എ) കുട്ടികൾ (0–4)		2.9	13.4
	ബി) കുട്ടികൾ (5–14)		0.3	0.7
	സി) കുട്ടികൾ (15–19)		2.60	3.10
	ഡി) വ്യക്തികൾ(60 ഉം മുകളിലും)		35.4	42.3
	ഇ) വൈദ്യ ശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം *			
		സർക്കാർ	41.3	27.5
		സ്വകാര്യം	35.3	16.9
		നിർദ്ദിഷ്ട യോഗ്യതയുള്ളവർ	16.4	34.9
		പരിശീലനം ലഭിക്കാത്തവർ/ മറ്റുള്ളവർ	7.1	20.7
13	ചാപിള്ളയുടെ ജനന നിരക്ക് *		5	4
14	പ്രത്യുൽപാദന നിരക്ക് *		1.80	2.30
15	സാധാരണ പ്രത്യുൽപാദന നിരക്ക് *		53.00	76.2
16	ടോട്ടൽ മാരിറ്റൽ ഫെർട്ടിലിറ്റി റേറ്റ് *		4	4.6
17	ഗ്രോസ് റീപ്രൊഡക്ഷൻ റേറ്റ് *		0.9	1.1
18	സ്ത്രീകളിലെ വിവാഹ പ്രായം *			
	എ) 18–ന് മുമ്പ്		16.70	16.30
	ബി) 18–20		19.20	19.00
	സി) 21–ന് മുകളിൽ		24.40	23.90
	ഡി) എല്ലാവരും		24.40	20.70
19	കപ്പിൾ പ്രൊട്ടക്ഷൻ റേറ്റ്		62.30	52.00
20	മാതൃ മരണ നിരക്ക് **		61.00	167.00
21	പ്രതീക്ഷിത ആയുർ ദൈർഘ്യം *		74.9	67.9
		പുരുഷൻ	72	66.4
		സ്ത്രീ	77.8	69.6

*അവലംബം: # എസ്.ആർ.എസ് 2017 സെപ്തംബർ * എസ്ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2015*
*## എസ്.ആർ.എസ് 2009 ** സ്പെഷൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2011-13*
**** എസ് ആർ എസ് ലൈഫ് ടേബിൾ 2010-14*

കർമ്മസമിതികളുടെ പ്രധാന ശുപാർശകൾ

I. ആയുഷ്

ഭാരതീയ ചികിത്സാ വകുപ്പ് (ഐഎസ്എം)

- ആശുപത്രി മാനദണ്ഡങ്ങൾക്കുള്ള കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് / ഇന്ത്യൻ പൊതു ആരോഗ്യ മാനദണ്ഡങ്ങൾ എന്നിവക്കനുസരണമായി ഐഎസ്എം സ്ഥാപനങ്ങൾ വികസിപ്പിക്കൽ
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷലിസ്റ്റ് സേവനം ലഭ്യമാക്കുക
- ആയുർവേദ ടൂറിസം ശക്തി കൈവരിക്കാൻ ആയുർവേദ ടൂറിസം കൺസോർഷ്യം രൂപീകരിക്കുക

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് (ഡി.എ. എം.ഇ)

- സർക്കാർ ആയുർവേദ കോളേജ് ആശുപത്രികളെ ടെറിഷെറി സ്പെഷ്യാലിറ്റി കെയർ സെന്ററുകളാക്കി വികസിപ്പിക്കുക
- പുതിയ ആയുർവേദ കോളേജുകൾ സ്ഥാപിക്കുക
- ആയുർവേദ ചികിത്സയെ തെളിവ് അടിസ്ഥാനമാക്കി പുനർനിർണയിക്കുന്നതിന് സംസ്ഥാന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക
- ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക

ഹോമിയോപ്പതി

- ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക
- ഹോംകോ വികസിപ്പിക്കുക (കേരള സംസ്ഥാന ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്)
- ഹോമിയോപ്പതിക്ക് മരുന്നു നിയന്ത്രണ വിഭാഗം സ്ഥാപിക്കുക
- ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിക്കുക

II. വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

- ആർദ്രം മിഷൻ നടപ്പിലാക്കുക
- പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രകളാക്കി വികസിപ്പിക്കുക
- ജില്ലാ താലൂക്ക് ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ
- ഹെൽത്ത്കെയർ വിവരങ്ങളുടെ കേന്ദ്രീകൃത ഡാറ്റാബേസ് സൃഷ്ടിക്കാനും പൊതുജനാരോഗ്യ പ്രശ്നങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കാനും നിയന്ത്രണ നടപടികൾ വേഗത്തിലാക്കാനും ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക
- പബ്ലിക് ഹെൽത്ത് കേഡർ സ്ഥാപിക്കുക
- സംസ്ഥാനത്തെ ആരോഗ്യരംഗത്ത് ഒരു മാനവ വിഭവശേഷി വികസന പദ്ധതി നടപ്പിലാക്കുക

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കുള്ള സമീപനം

- പൊതുമേഖലയിൽ ഏറ്റവും നല്ല പ്രതിരോധ, രോഗനിവാരണ, സാന്ത്വന സംരക്ഷണം നൽകുക.
- ഇൻഷുറൻസ് കവറേജ് വർധിപ്പിക്കുക
- ശുചിത്വവും, മാലിന്യ നിർമാർജനവും കൊതുക് നശീകരണവും സാധ്യമാക്കുക
- പൊതുമേഖലയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക
- ആർദ്രം മിഷൻ ഒരു വിജയമാക്കി മാറ്റുക
- പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രകളാക്കി മാറ്റുക
- സെക്കണ്ടറി നിലവാരത്തിൽ ഗുണമേന്മയുള്ള ചികിത്സ സേവനങ്ങൾ നൽകുക
- സർക്കാർ ആശുപത്രികളിൽ രോഗീ സൗഹൃദ പരിസ്ഥിതി സൃഷ്ടിക്കുക
- ആയുർവേദത്തിൻറെ വിവിധ ശാഖകളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക.

ആർദ്രം മിഷൻ

2017-18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി. കൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച നിയമനം നടത്തിയതുമൂലം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 ഡോക്ടർമാരും 4 നഴ്സുമാരും ഉണ്ടാകും. 29 ഫാമിലി ഹെൽത്ത് സെന്ററുകൾ ഉദ്ഘാടനം ചെയ്യപ്പെടുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തു കൂടാതെ 26 എണ്ണം ഉദ്ഘാടനത്തിനായി തയ്യാറായി. പി.എച്ച്.സി. കൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നത് സമൂഹം അംഗീകരിക്കുകയും അവരുടെ പ്രതികരണം വളരെ പ്രോത്സാഹജനകമാണെന്ന് കണ്ടെത്തുകയും ചെയ്യുന്നു. ക്ലിനിക്കൽ കെയർ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ

ബോക്സ് 4.2.1
ആർദ്രം മിഷൻ

കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ ആർദ്രം മിഷൻ ആരംഭിച്ചു. ഈ ദൗത്യം ആരോഗ്യ മേഖലയിൽ ഒരു രോഗീ സൗഹൃദ പരിവർത്തനം തന്നെ ഉദ്ദേശിച്ചുള്ളതാണ്. അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്ന ഒരു പദ്ധതിയാണ് ആർദ്രം മിഷൻ. പല സർക്കാർ ആശുപത്രികളിലും രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. സർക്കാർ ആശുപത്രികളിൽ ഔട്ട്പേഷ്യന്റ് മെഡിക്കൽ പരിശോധനകളും മറ്റ് പരിശോധനകകളും കുറഞ്ഞ സമയത്തിനുള്ളിൽ നൽകിക്കൊണ്ടും ഗുണനിലവാരമുള്ള ആരോഗ്യപരിരക്ഷ ഉറപ്പാക്കിക്കൊണ്ടും പൊതുജന സൗഹൃദമാക്കാൻ കഴിയും. ഇത് കിടത്തിച്ചികിത്സ ആവശ്യമായ രോഗികൾക്കു വേണ്ടത്ര ശ്രദ്ധ നൽകുന്നതിന് സഹായിക്കും. സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബആരോഗ്യ കേന്ദ്രങ്ങളായി മാറ്റി മതിയായ മരുന്ന് വിതരണം, ഉറപ്പായ ചികിത്സാ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യ വ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെൻറ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗീ സൗഹൃദ പരിവർത്തനം.
2. ജില്ല താലൂക്ക് തല ആശുപത്രികളുടെ സ്റ്റാൻഡേർഡിസേഷൻ
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക
4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

ഈ സ്ഥാപനങ്ങൾ സേവനം വർദ്ധിപ്പിച്ചിരിക്കുകയാണ്. വൈകുന്നേരം 6.00 മണി വരെ ഔട്ട് പേഷ്യന്റ് കെയർ നൽകി വരുന്നു. ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിലൂടെ കുടുംബ ആരോഗ്യ രജിസ്ട്രേഷൻ ഡാറ്റയെ അടിസ്ഥാനപ്പെടുത്തി വ്യക്തിഗത രോഗ പരിപാലന പദ്ധതിയും കുടുംബ ആരോഗ്യ പദ്ധതിയും കൂടുതൽ വികസിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇ-ആരോഗ്യ സേവനത്തിനുള്ള രജിസ്ട്രേഷൻ നടപടിക്രമം ഇതിനകം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളുമായും പൊതുജന പങ്കാളിത്തത്തോടെയും സഹകരിച്ച വാർഡ്, പഞ്ചായത്ത് തലത്തിലുള്ള പ്രതിരോധം, പരിപാലനം, പുനരധിവാസ സംരക്ഷണ സേവനങ്ങൾ എന്നിവയിലൂന്നി ആരോഗ്യ പദ്ധതികൾ വികസിപ്പിച്ചെടുക്കും. ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ആരോഗ്യസേന എന്ന പുതിയ ഹെൽത്ത് വോളന്റിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കേരളീയ സമൂഹത്തിന്റെ സാംക്രമിക രോഗങ്ങളെ അടിസ്ഥാനമാക്കി പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ പ്രത്യേകിച്ചും പകർച്ചവ്യാധികൾ സംബന്ധിച്ച പരിപാടികൾ ഇതിന്റെ ഒരു ശ്രദ്ധേയമായ മേഖലയാണ്. പി.എച്ച്.സി. തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന 53 സാധാരണ ചികിത്സാ ഉപാധികൾക്കുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർമാർക്കായി തയ്യാറാക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നു. പരിഷ്കരിച്ച തൊഴിൽ ഉത്തരവാദിത്തങ്ങളും കുടുംബ ആരോഗ്യ പരിപാലന പരിവർത്തന മാർഗനിർദേശങ്ങളും ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് മൊഡ്യൂൾ അടിസ്ഥാനത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു

ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒപി രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നത്തിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിദാനം, കുടിവെള്ളം, ടോയ് ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ, ഒ.പി. കമ്പ്യൂട്ടർവൽക്കരണം, നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ നിർമാണ പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാതല ആശുപത്രികളിൽ ഉടൻ പ്രവർത്തനം തുടങ്ങും

ഇ-ഹെൽത്ത് പ്രൊജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശ്രിംഘലയായി ബന്ധിപ്പിക്കുന്നതിന് ഇ–ഹെൽത്ത് പ്രൊജക്ട് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോദിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃദീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്കു കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി കേരളത്തിലെ ഏഴ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ദേശീയ ആരോഗ്യ നയം 2017

പഞ്ചവത്സര പദ്ധതികളിൽ ആരോഗ്യമേഖലയോടുള്ള നയ സമീപനം വ്യക്തമാക്കുന്ന ദേശീയ ആരോഗ്യ നയത്തിന് 1983 –ലും 2002 – ലും അടക്കം രണ്ടു പ്രാവശ്യം ഇന്ത്യ രൂപം നല്കുകയുണ്ടായി. പതിനാലു വർഷങ്ങൾക്കുശേഷം പുതുക്കിയ ദേശീയ ആരോഗ്യനയം 2017 ൽ രൂപപ്പെടുത്തി. ഇതിൽ സാർവത്രിക ആരോഗ്യ പരിരക്ഷ, മാതൃമരണനിരക്കും ശിശുമരണനിരക്കും കുറയ്ക്കൽ, സൌജന്യമായി പരിശോധനയും മരുന്നുകളും ലഭ്യമാക്കൽ, കാലഘട്ടത്തിനനുസരണമായി നിയമങ്ങളിൽ മാറ്റംവരുത്തൽ എന്നിവ ഉൾപ്പെടുന്നു. സാങ്കേതികവിദ്യകൾ ലഭ്യമാക്കുക, മനുഷ്യ വിഭവങ്ങൾ വികസിപ്പിക്കുക, മെഡിക്കൽ ബഹുഭാഷാ പ്രോത്സാഹിപ്പിക്കുക, വിവരശേഖരം, മെച്ചപ്പെട്ട സാമ്പത്തിക സംരക്ഷണ തന്ത്രങ്ങൾ വികസിപ്പിക്കൽ, നിയന്ത്രണം ശക്തിപ്പെടുത്തുക, ആരോഗ്യപരിരക്ഷ ഉറപ്പിക്കൽ എന്നിവക്കായി ആരോഗ്യരംഗത്ത് നിക്ഷേപം, ആരോഗ്യ സംരക്ഷണ സേവനങ്ങൾ, രോഗപ്രതിരോധത്തിലൂടെ നല്ല ആരോഗ്യം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ ആരോഗ്യരംഗത്തെ രൂപപ്പെടുത്തുന്നതിൽ ഗവൺമെന്റിന്റെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും മുൻഗണന നൽകുന്നതിനും 2017 ലെ ദേശീയ ആരോഗ്യ നയം ലക്ഷ്യം വയ്ക്കുന്നു. ദേശീയ ആരോഗ്യനയം 2017–ന്റെ സുപ്രധാന സവിശേഷതകൾ ചുവടെ ചേർത്തിരിക്കുന്നു.

- സർക്കാരിന്റെ ആരോഗ്യച്ചെലവ് ജി.ഡി.പി യുടെ നിലവിലുള്ള 1.15ശതമാനം ശതമാനത്തിനിന്നും 2.5ശതമാനം വരെ 2025 ഓടെ വർദ്ധിപ്പിക്കുക.
- 2020 ഓടെ സംസ്ഥാന ആരോഗ്യ പരിരക്ഷാ ബജറ്റ് സംസ്ഥാന ബജറ്റിന്റെ 8 ശതമാനത്തിൽ കൂടുതലായി വർധിപ്പിക്കുക.
- 2025 ഓടെ ദുരന്തപൂർണമായ ആരോഗ്യ ചെലവ്നേരിടുന്ന വീടുകളുടെ അനുപാതം 25 ശതമാനം ആയി കുറയ്ക്കുക.
- 2020 ആകുമ്പോഴേക്ക് ആരോഗ്യ

സംവിധാനത്തിലെ വിവരങ്ങളുടെ ജില്ലാതല ഇലക്ട്രോണിക് ഡാറ്റാബേസ് ഉറപ്പാക്കുക.

- 2020 ആകുമ്പോഴേക്ക് ആരോഗ്യ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുകയും പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗങ്ങൾക്ക് രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക.
- 2025 ആകുമ്പോഴേക്കും ആയുർദൈർഘ്യം 67.5 ൽ നിന്ന് 70 ആക്കുക.
- 2025 ഓടെ 5 വയസ്സിൽ താഴെഉള്ള മരണനിരക്ക് 23 ആയും എം.എം.ആർ ഇപ്പോഴത്തെ നിലവാരത്തിൽ നിന്നും 2020 ആകുമ്പോഴേക്കും 100 ആയും കുറയ്ക്കുക.
- 2019 ൽ ശിശു മരണനിരക്ക് 28 ആയി കുറയ്ക്കുക.
- 2025 ഓടെ നവജാത ശിശു മരണനിരക്ക് 16 ആയും സ്റ്റിൽ ബർത്ത് റേറ്റ് ഒറ്റ അക്കത്തിലേക്കും കുറക്കുക.
- 2025 ഓടെ പൊതുജനാരോഗ്യ സൗകര്യങ്ങളുടെ ഉപഭോഗം 50ശതമാനം ആയി ഉയർത്തുക .
- 2025 ആകുമ്പോഴേക്കും 90 ശതമാനത്തിൽകൂടുതൽ നവജാതശിശുക്കൽക്കും ഒരു വയസ്സാകുന്നതോടെ പ്രേതിരോധ മരുന്ന് നൽകും.
- പുകയിലയുടെ ഉപയോഗം 2020 ആകുമ്പോഴേക്കും 15ശതമാനം ആയും 2025 ൽ 30ശതമാനം ആയും കുറക്കുക.

സംസ്ഥാന ആരോഗ്യ നയം

സംസ്ഥാനത്ത് ഒരു പുതിയ ആരോഗ്യനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി ആസൂത്രണ ബോർഡ് അംഗം ഡോ.ബി.ഇക്ബാൽ തലവനായുള്ള 17 അംഗ സമിതി രൂപീകരിച്ചു. ആരോഗ്യ മേഖലയിൽ സാധാരണക്കാരന്റെ ആവശ്യങ്ങൾ ആരായുന്നതിനായി വിവിധ ജില്ലകളിൽ സമിതി യോഗം ചേരുകയും ചെയ്തു. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധർ, തൊഴിൽ ചെയ്യുന്നവർ, വ്യക്തികൾ എന്നിവരുമായി സമിതി കൂടിയാലോചനകൾ നടത്തി. രോഗ നിർണ്ണയത്തിന് മുഖ്യ പങ്ക് വഹിക്കുന്ന പ്രാഥമിക ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനുമായി താഴെതട്ടിലേക്കുള്ള രോഗപ്രതിരോധം ശക്തിപ്പെടുത്തുന്നതിനും സമിതി ഊന്നൽ നൽന്നു. ചികിൽസാ സൌകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് പുറമേ രോഗനിവാരണത്തിന് ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമിതി പരിശോധിച്ചു. സർക്കാർ ധനസഹായത്തിലുള്ള സൗജന്യവും സാർവത്രികവും സമഗ്രവുമായ ആരോഗ്യ സംരക്ഷണ സംവിധാനത്തിലൂടെ മാതൃ-ശിശു മരണനിരക്കുകൽ വികസിത രാജ്യങ്ങളിലെ നിരക്കിലെത്തിക്കുക, ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു. കരട് റിപ്പോർട്ട് ഗവണ്മെന്റിനു തുടർ നടപടികൾക്ക് സമർപ്പിച്ചിരിക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ: കേരളത്തിന്റെ ലക്ഷ്യം

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഹ്രസ്വകാലത്തേക്കും ഇടക്കാലത്തേക്കും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഐക്യ രാഷ്ട്ര സഭ രൂപപ്പെടുത്തിയ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽപ്പെടുന്ന പ്രത്യേകിച്ചും എസ്.ഡി.ജി നമ്പർ മൂന്ന് പരാമർശമായി തെരഞ്ഞെടുത്ത് ദേശീയ അന്തർദേശീയ ലക്ഷ്യങ്ങളോട് തുലനമുള്ള ലക്ഷ്യങ്ങൾക്ക് അന്തിമരൂപം നൽകി. ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ലക്ഷ്യങ്ങളിൽ കേരളത്തിന് പ്രസക്തമായവ കർമ്മ സമിതി വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള സാംക്രമികരോഗ നിലക്കും വ്യാപ്തിക്കും യോജിച്ചവ തെരഞ്ഞെടുത്തിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ രേഖയിലുള്ള ലക്ഷ്യങ്ങൾകൂടാതെ സംസ്ഥാനത്ത് പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതായ ദന്തസംരക്ഷണം, നേത്ര സംരക്ഷണം, പാലിയേറ്റീവ് കെയർ എന്നീ ലക്ഷങ്ങളും കേരളം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ പുരോഗതി നിർണ്ണയിക്കുന്നതിനായി മൂല്യങ്ങൾ വിലയിരുത്തുന്നതിന് 2021 ൽ ഒരു സർവേ നടത്തി സംസ്ഥാനത്തിന്റെ പ്രവർത്തനം വിലയിരുത്തും.

പട്ടിക-4.2.2
വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും (വാർഷിക പദ്ധതി 2013-18)
രൂപ ലക്ഷത്തിൽ

വകുപ്പ്	വാർഷിക പദ്ധതി 2013-14		വാർഷിക പദ്ധതി 2014-15		വാർഷിക പദ്ധതി 2015-16		വാർഷിക പദ്ധതി 2016-17		വാർഷിക പദ്ധതി (2017-18 സെപ്റ്റംബർ വരെ)	
	വിഹിതം	ചിലവ് ശതമാനം.	വിഹിതം	ചിലവ് ശതമാനം	വിഹിതം	ചിലവ് ശതമാനം.	വിഹിതം	ചിലവ് ശതമാനം.	വിഹിതം	ചിലവ് ശതമാനം.
ആരോഗ്യ സേവന ഡയറക്ടറേറ്റ്	24530	97.67	29693	78.90	32216	67.86	52174	113.30	72402	36.15
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്	22665	93.85	25750	97.40	26699	89.69	39388	77.56	47009	15.31
ഭാരതീയ ചികിത്സാ വകുപ്പ്	2330	95.11	2545	78.15	2670	93.85	3412	94.06	4320	25.10
ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറേറ്റ്	2300	94.04	2567	84.10	2567	94.60	3364	55.50	4600j	4.20
ഹോമിയോപ്പതി ഡയറക്ടറേറ്റ്	1475	61.80	1440	88.76	1440	91.26	1983	76.26	2300	28.35
ഹോമിയോ വിദ്യാഭ്യാസ ഡയറക്ടറേറ്റ്	800	90.50	945	97.60	945	93.78	990	24.30	864	59.13
ആകെ	54100	94.72	62940	87.76	66537	79.65	101311	95.24	131495	26.88

അവലംബം: പ്ലാൻ സ്പെയിസ്

പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റില് നിന്നും തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായി കാണുന്നു. എന്നിരുന്നാലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിവാക്കിയാൽ മൊത്തം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 5 ശതമാനത്തിൽ താഴെ മാത്രമാണ് ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 331,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 300,600.50 ലക്ഷം (90.57ശതമാനം). പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷത്തിൽ (2017-18) ആരോഗ്യ മേഖലയ്ക്ക് 131,495 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2017 സെപ്റ്റംബർ വരെ 26.88 ശതമാനം ചെലവഴിച്ചു. കഴിഞ്ഞ നാല് വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും 2017 സെപ്റ്റംബർ വരെ (2017-18) ആകെ പദ്ധതി വിഹിതവും ചിലവും **പട്ടിക 4.2.2** കൊടുത്തിട്ടുണ്ട്.

കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. ഡെങ്കി, ചിക്കൻഗുനിയ, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1 എൻ1 തുടങ്ങിയ സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കാൻ ഈ രോഗങ്ങളുടെ പുനരുജ്ജീവനം നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ,

ജാപ്പനീസ് എൻസെഫലൈറ്റിസ്, സ്ക്രബ് ടൈഫസ് മുതലായ വെക്റ്റർ ജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി കുറവ് രേഖപ്പെടുത്തിയിരുന്ന കോളറ ചില ജില്ലകളിൽ കൂടുതലായി കാണപ്പെടുന്നു. വർഷങ്ങളോളം പരിശ്രമിച്ചിട്ടും ഡിഫ്തീരിയയും വില്ലൻ ചുമയും പോലുള്ള വാക്സിൻ മൂലം തടയാനുള്ള രോഗങ്ങൾ ഇനിയും നിർമാർജനം ചെയ്യേണ്ടിയിരിക്കുന്നു. പല തവണ ദേശീയ പരിപാടികൾക്കു ഒരു മാതൃകയായിരുന്ന സംസ്ഥാനത്ത് ഇത്തരം രോഗങ്ങൽ മൂലം ഉണ്ടായ മരണം ദേശീയവും അന്തർദേശീയവുമായ സംഘടനകളാൽ ശ്രദ്ധിക്കപ്പെട്ടു.

ഡെങ്കിപ്പനി

ഇപ്പോൾ വെക്ടർ ജന്യ രോഗങ്ങളുടെ ഏറ്റവും വലിയ കാരണമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 –ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ജില്ലയും ഒഴിവാക്കപ്പെട്ടില്ല. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെടു. ഈ വൈവിധ്യമാർന്ന വിതരണത്തിന്റെ മുഖ്യ കാരണം ഡെങ്കി വെക്റ്റർ–ഈഡിസ് കൊതുകുകളുടെ വ്യാപനത്തിനു കാരണമാവുന്ന തരത്തിൽ പരിസ്ഥിതി ഘടകങ്ങളിലെ മാറ്റങ്ങൾ മൂലമാണെന്ന് കരുതുന്നു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ട ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. ഈ പ്രചാരണത്തിനുള്ള പ്രധാന കാരണങ്ങൾ മനുഷ്യ ജീവിതരീതിയിലെ മാറ്റങ്ങളും കൊതുകിന്റെ ജീവ വ്യതിയാനങ്ങളും കാലാവസ്ഥാ മാറ്റങ്ങളുമാണ്.

എലിപ്പനി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യ വെല്ലുവിളിയാണ് ലെപ്റ്റോസ്പൈറോസിസ്. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. 2012–13 ൽ ഒരു വലിയ പകർച്ചവ്യാധിയായി വടക്കൻ ജില്ലകളെ രോഗബാധിതമാക്കിയ രോഗം പിന്നീട് കേരളം മുഴുവനായും ബാധിച്ചു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. സ്തംഭനാവസ്ഥയിലുള്ള കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്കു ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈയിടെ ലെപ്റ്റോ സ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൽ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്.

കേരളത്തിൽ 2012 –ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 510 ലെപ്റ്റോസ്പൈറോസിസ് കേസുകളിൽ 11 മരണമുണ്ടായെങ്കിൽ 2013 –ൽ അത് 613 കേസുകളും 15 മരണവുമായി. 2014 –ൽ 717 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, 19 പേർ മരിക്കുകയും ചെയ്തു. 2015 –ൽ 666 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, 15 ആളുകൾ മരിക്കുകയും ചെയ്തു. 2016–17 കാലത്ത് ചികിത്സ തേടിയ രോഗികളുടെ എണ്ണം 967 ഉം മരണം സംഭവിച്ചവരുടെ എണ്ണം 25 ഉം ആയിരുന്നു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. 2017–18 –ൽ (2017 ജൂലായ് വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 848 ഉം മരണം റിപ്പോർട്ട് ചെയ്തത് 11ഉം ആണ്. 2016–17 ലും 2017–18 ലും (2017 ജൂലായ് വരെ) ലെപ്റ്റോസ്പൈറോസിസ് രോഗം മൂലം ചികിത്സ തേടിയവരുടേയും മരണം സംഭവിച്ചവരുടേയും എണ്ണം ജില്ല തിരിച്ച് **അനുബന്ധം 4.2.1** –ൽ കൊടുത്തിരിക്കുന്നു.

ചിക്കൻഗുനിയ

2005–06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. ഭാഗ്യവശാൽ രോഗംവ്യാപനം കുറയുകയും ജനങ്ങൾക്ക് ദീർഘകാലികമായ പ്രതിരോധശേഷി ലഭിക്കുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേരളത്തിൽ 200 കേസുകൾ മാത്രം റിപ്പോർട്ട് ചെയ്യുകയും ഈ കാലയളവിൽ മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടില്ല. ഇവിടെ രോഗം കൈമാറ്റം ചെയ്യുന്നതു ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കുൻഗുനിയ എന്നിവ ഒരേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം.

കേരളത്തിൽ ചിക്കൻഗുനിയ ബാധിച്ചവരുടെ എണ്ണം 2011 –ൽ 58 ആയിരുന്നത് 2013 –ൽ 169 കേസുകളായി വർദ്ധിച്ചു. ഇതിൽ 149 കേസുകൾ തിരുവനന്തപുരത്തും, 11 കേസുകൾ ഇടുക്കിയിലും ആയിരുന്നു. 2014 –ൽ 139 ചിക്കൻഗുനിയ കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 106 എണ്ണവും തിരുവനന്തപുരത്താണ്. 2015 –ൽ 104 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 99 കേസുകൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ്. ഇത് 2016–17 –ൽ യഥാക്രമം 90 ഉം 67 ഉം ആണ്. ഇത് 2017–18 കാലഘട്ടത്തിൽ യഥാക്രമം 63 ഉം 48 ഉം ആയിരുന്നു. കേരളത്തിൽ ആകെ 2014–ൽ 2046455 വൈറൽ പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016–17–ൽ ഇത് 1,541,441 ഉം 2017–18 –ൽ 2,149,204 ഉം ആണ്. 2016–17 & 2017–18 (ജൂലൈ വരെ) ചിക്കൻഗുനിയക്കും വൈറൽ പനിക്കും ചികിത്സതേടിയവരുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 4.2.2** –ൽ കൊടുത്തിരിക്കുന്നു.

മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയം നേടുന്നു. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഫാൽസിപിയം മലേറിയയുടെ അനുപാതം കേരളത്തിൽ സാവധാനത്തിൽ വർധിച്ചു വരികയാണ്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 2000–ൽ കുറവും മരണനിരക്ക് വളരെ കുറവുമാണ് എങ്കിലും പ്രധാന പ്രശ്നം ആഭ്യന്തര മലേറിയ വർദ്ധനയാണ്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി തദ്ദേശീയ മലേറിയ പിടിമുറുക്കുന്നു. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്തകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ പടിഞ്ഞാറൻ തീരത്തുള്ള മീൻപിടുത്തക്കാരുടെ സംഘം തീരദേശ ജില്ലകളിൽ മലേറിയ പടരുന്നതിനുള്ള ഒരു ഭീഷണിയാണ്.

ജാപ്പനീസ് എൻസെഫലൈറ്റിസ്

ഇത് മസ്തിഷ്ക്കത്തെ ബാധിക്കുന്ന കൊതുകു ജന്യമായ എൻസൈഫലൈറ്റിസിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ

നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ തനതായ സ്വഭാവം മറ്റ് മേഖലകളിൽ രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കും. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിദ്ധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ് കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ. ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്.

ജല ജന്യ രോഗങ്ങൾ

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2017 ൽ കടുത്ത വയറിളക്ക രോഗങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ്–എ, ടൈഫോയ്ഡ് എന്നീ രോഗങ്ങളിൽ 2017 ൽ ഗണ്യമായ കുറവുണ്ടായി എന്നാൽ ഹെപ്പറ്റൈറ്റിസ് രോഗബാധമൂലം മരണം നടന്നതായി സംശയിക്കുന്നു. ഈ വർഷം മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിലാണ് കൂടുതൽ ജല ജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്തത്. മലപ്പുറം, കോഴിക്കോട്, വയനാട്, എറണാകുളം, കൊല്ലം, തൃശ്ശൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ ഹെപ്പറ്റൈറ്റിസ് എ കൂടുതൽ ആയിരുന്നു. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ടൈഫോയ്ഡ് സ്ഥിരീകരിച്ചു.

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവസ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമണ്. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ 2018 ഡിസംബർ വരെ "ജാഗ്രത" എന്ന പേരിൽ നടപ്പിലാക്കുന്ന ഒരു വർഷത്തെ പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ്തയ്യാറാക്കിയിട്ടുണ്ട്.

എച്ച്.ഐ.വി/എയ്ഡ്സ്

ഇന്ത്യയിൽ 2.4 ദശലക്ഷം ആളുകൾ എച്ച്.ഐ.വി ബാധിതരായി കഴിയുന്നുവെന്ന് കണക്കാക്കപ്പെടുന്നു. എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രി ക്കുക, എച്ച്.ഐ.വി/ എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് കൺട്രോൾ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്.

സംസ്ഥാനത്തെ എച്ച്.ഐ.വി മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 4.95 ശതമാനം, പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം) 0.36 ശതമാനം, സ്ത്രീ ലൈംഗിക തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ലിയു) 0.73ശതമാനം എന്ന തോതിലാണ്. സ്ത്രീ ലൈംഗിക തൊഴിലാളികൾക്കിടയിലും, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാർക്കിടയിലുമുള്ള എച്ച്.ഐ.വി വ്യാപനം ഒരു ശതമാനത്തിൽ താഴെയും, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 4.95 ശതമാനവുമാണ്. മയക്കുമരുന്ന് കുത്തി വയ്ക്കുന്നവർക്കിടയിലെ എയ്ഡ്സ് വ്യാപനം 2007–ൽ 9.57ശതമാനവും 2008–ൽ 5.3 ശതമാനവും 2011–ൽ 4.95 ശതമാനവും ആയിരുന്നു. ഇപ്പോഴുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ എച്ച്.ഐ.വി രോഗ സംക്രമണം മിക്കവാറും ഉയർന്ന അപകട സാദ്ധ്യതയുള്ള വ്യക്തികളിലും അവരുടെ ലൈഗിക പങ്കാളികളിലും ഒതുങ്ങി നിൽക്കുന്നു എന്നാണ്. പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച താരതമ്യ വിശകലനം **പട്ടിക 4.2.3 ൽ** നൽകിയിട്ടുണ്ട്.

പട്ടിക 4.2.3
കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം

രോഗം		2013		2014		2015		2016		2017 (ഒക്ടോബർ വരെ)	
		രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം	രോഗികൾ	മരണം
ഡെങ്കിപ്പനി		7,938	29	2,548	13	4,114	29	7,218	21	18,943	34
മലേറിയ		1,634	0	1,751	6	1,549	4	1,540	3	816	3
സ്ഥിരീകരിച്ച ചിക്കൻ-ഗുനിയ		247	0	264	0	152	0	124	0	70	0
ജാപ്പനീസ് എൻസെ-ഫലൈറ്റിസ് (ജെ.ഇ.)		2	0	3	2	0	0	1	0	0	0
ലെപ്റ്റോസ്പൈറോ-സിസ്		814	34	1,075	43	1,098	43	1,710	35	1,028	13
ഹെപ്പറ്റൈറ്റിസ് – എ		6,166	8	2,833	6	1,980	10	1,351	10	717	7
കോളറ		20	0	8	1	1	0	10	0	6	1
ടൈഫോയ്ഡ്		2,930	0	1,955	0	1,772	0	1,668	2	295	0
എ.ഡി.ഡി (ഡയേറിയ)		411,819	2	442,109	5	467,102	4	493,973	14	379,413	5
സ്ക്രബ്ബ് ടൈഫസ്		68	0	433	6	1,149	15	633	3	205	1
കല അസർ		0	0	1	0	4	0	2	0	0	0
കൈസന്റർ ഫോറ-സ്റ്റ് ഡിസീസ്		1	0	6	0	102	11	9	0	0	0
എച് 1 എൻ 1		32	1	62	15	900	80	22	1	1,328	75
പനി	ഒ.പി.	2,922,351	23	2,655,507	29	2,676,842	26	2,641,311	18	2,858,291	95
	ഐ.പി.	119,998		85,959		96,189		80,049		95,433	
വയറിളക്കരോഗങ്ങൾ		–	–	–	–	–	–	326,517	10	293,431	4
എന്ററിക് പനി		–	–	–	–	–	–	1,192	0	250	0
മീസിൽസ്		–	–	–	–	–	–	870	3	347	0
ചിക്കൻ പോക്സ്		–	–	–	–	–	–	12,698	1	20,185	9

അവലംബം: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

സാംക്രമികേതര രോഗങ്ങൾ

മനുഷ്യജീവന് ഭീഷണിയായിട്ടുള്ളത് അർബുദം, പ്രമേഹം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നീ സാംക്രമികേതര രോഗങ്ങളാണ്. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സക്കാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവൽക്കരണവും, ജീവിത രീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, വിചിത്രമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, ജനങ്ങളുടെ ഉയർന്ന തലത്തിലുള്ള മാനസിക സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്.

ഇന്ത്യയിൽ അകെ മരണത്തിന്റെ 42ശതമാനം എൻ.സി.ഡി. മൂലമാണ്. കേരളത്തിൽ ഈ അവസ്ഥ ഏറ്റവും ഗൗരവമുള്ളതാണ് എന്തെന്നാൽ 30 വയസിനും 59 വയസിനും ഇടയിലുള്ള മൊത്തം മരണത്തിന്റെ 52 ശതമാനത്തിൽ അധികവും എൻസിഡി മൂലമാണ്. ഹൈപ്പർടെൻഷൻ, പ്രമേഹം,

കാർഡിയോ വാസ്കുലർ രോഗങ്ങൾ, സ്ട്രോക്ക്, കാൻസർ തുടങ്ങിയവയാണ് കേരളത്തിലെ പ്രധാന സാംക്രമികേതര രോഗങ്ങൾ. കേരളത്തിലെ പ്രായപൂർത്തിയായ പുരുഷന്മാരിൽ 27 ശതമാനവും പ്രമേഹ രോഗികളാണ്. ഇന്ത്യയിൽ 15 ശതമാനവും. ജനസംഖ്യയിൽ 19 ശതമാനം സ്ത്രീകൾ പ്രമേഹരോഗികളാണ്. ഇന്ത്യയിൽ ഇത് 11ശതമാനം മാണ്. ജനിതക പ്രവണത, ഭക്ഷണ ശീലങ്ങൾ, ഉദാസീനമായ ജീവിതരീതി എന്നിവ ഈ പ്രതിഭാസത്തിനു കാരണമായി കരുതപ്പെടുന്നു. പ്രായപൂർത്തിയായ പുരുഷന്മാരിൽ 40.6 ശതമാനം ഉം പ്രായപൂർത്തിയായ സ്ത്രീകളിൽ 38.5 ശതമാനം ഉം ഇൻഡ്യയിൽ യഥാക്രമം 30.7 ശതമാനം ഉം 31.9 ശതമാനം ഉം ഹൈപ്പർടെൻഷനുള്ളവരാണ്. പൊണ്ണത്തടി, ഹൈപ്പർലിപിഡെമിയ, ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയവ ഉയർന്ന നിരക്കിലാണ്. ദേശീയ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്.

അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് നടത്തിയ സർവ്വേയിൽ സംസ്ഥാനത്തെ എൻസിഡി സാഹചര്യം കൂടുതൽ വഷളായിട്ടുണ്ട്. മൂന്ന് പേരിൽ ഒരാൾക്ക് ഹൈപ്പർടെൻഷനും അഞ്ച് പേരിൽ ഒരാൾ പ്രമേഹവുമുണ്ടെന്നാണ് സർവ്വേ പറയുന്നത്. രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദവും നേരത്തെ കണ്ടെത്തിയാലും സാധാരണ നിലവാരം ലഭിക്കാനുള്ള സാധ്യത മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. 18 വയസ്സിനു മുകളിലുള്ള മുതിർന്ന ആളുകളിൽ ശരാശരി മൂന്നിലൊന്ന് പേർക്ക് ഹൈപ്പർടെൻഷനും അഞ്ചിൽ ഒരാൾക്കു പ്രമേഹവുമാണ്. ഹൈപ്പർ ടെൻഷനും പ്രമേഹവുമുള്ളവരിൽ ഹൈപ്പർടെൻഷൻ നിയന്ത്രണവും (140 എം.എം/എച്ച്ജി. യിൽ കുറവും ഡയസ്റ്റോളിക് രക്തസമ്മർദ്ദം 90 എം.എം/ എച്ച്ജി യിൽ കുറവും), ഡയബറ്റിസ് നിയന്ത്രണവും (ഭക്ഷണത്തിനു മുൻപ് 126 മില്ലിഗ്രാം / ഡി.എൽ.യിൽ കുറവും) യഥാക്രമം 13 ശതമാനം ഉം 16 ശതമാനം ഉം കുറവായി കാണുന്നു. പാശ്ചാത്യ ജനതയിലെ നിയന്ത്രണ നിരക്കുകൾ 50 ശതമാനത്തിലധികം വരും. കൂടാതെ പ്രായപൂർത്തിയായ നാലു പേരിൽ ഒരാളിൽ പുകയിലയുടെ ഉപയോഗം റിപ്പോർട്ടുചെയ്യുകയും 30 ശതമാനത്തിലധികം മദ്യം ഉപയോഗിക്കുകയും ചെയ്യുന്നു. ശരാശരി 69 ശതമാനം പേർ ശുപാർശചെയ്യപ്പെട്ട നിരക്കായ 5 ഗ്രാം / ദിവസം എന്നതിനേക്കാൾ കൂടുതൽ ഉപ്പു ഉപയോഗിക്കുന്നവരാണ്. പഠനവിദേയമാക്കിയവരിൽ നാലിൽ മൂന്ന് ആളുകളും (77.8 ശതമാനം) ഒരു ദിവസം ശുപാർശ ചെയ്യപ്പെട്ട 3 നേരത്തേക്കാൾ കുറഞ്ഞ അളവിൽ പച്ചക്കറി ഉപയോഗിക്കുന്നവരും 86 ശതമാനം പേരും രണ്ടു നേരത്തേക്കാൾ കുറഞ്ഞ അളവിൽ പഴങ്ങൾ ഉപയോഗിക്കുന്നവരും ആണ്. ഏറ്റവും പുതിയ ഗ്ലോബൽ അഡൽറ്റ് ടുബാക്കോ സർവ്വെ കണക്കുകൾ പ്രകാരം കേരളത്തിൽ പുകയില ഉപയോഗം എട്ടുശതമാനമായി കുറഞ്ഞിരിക്കുന്നത് സംസ്ഥാനത്തിന്റെ നേട്ടമാണ്. ഹൈപ്പർ ടെൻഷന്റേയും പ്രമേഹത്തിന്റെയും വളരെ കുറഞ്ഞ അളവിലുള്ള നിയന്ത്രണം അടിയന്തിരമായി ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സ്കൂളുകളിലൂടെയും എൻ.സി.ഡിയുടെ എല്ലാ അപകടസാധ്യതകളും (പുകയില, മദ്യം, അനാരോഗ്യകരമായ ഭക്ഷണക്രമം, ശാരീരിക പ്രവർത്തിയില്ലായ്മ) കുറയ്ക്കുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നു. എന്നിരുന്നാലും പ്രമേഹം, ഹൈപ്പർ ടെൻഷൻ എന്നിവ നിയന്ത്രിക്കുന്നതിന് സെക്കണ്ടറി പ്രിവൻഷൻ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

അർബ്ബുദം

ജനസംഖ്യയുടെ എല്ലാവിഭാഗങ്ങളെയും ബാധിക്കുന്ന ഒരു പ്രധാന രോഗമാണ് അർബ്ബുദം. കേരളത്തിൽ എല്ലാവർഷവും 35,000 പുതിയ അർബ്ബുദരോഗികൾ തങ്ങളുടെ രോഗം തിരിച്ചറിയുന്നു. വർഷാവർഷം ഒരു ലക്ഷം പേർ ഇതിനു ചികിത്സ തേടുന്നു. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബ്ബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ ക്യാൻസർ സെന്റർ. ഇവിടെ 200 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2016–17 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 3971 പേർ കിടത്തി ചികിത്സ ലഭ്യമായവരും 60834 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 4392 ആണ്.

മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06ശതമാനംവും 0.12ശതമാനംവുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിരക്ക് വളരെ കൂടുതലാണ്. ശാരീരികാരോഗ്യത്തിന് നൽകുന്ന പ്രാധാന്യം കണക്കിലെടുക്കുമ്പോൾ മാനസികാരോഗ്യത്തിന് കേരളത്തിൽ പ്രാധാന്യം കുറവാണ്.

ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും, റഫറൽ സംവിധാനങ്ങളാക്കണം. കൂടാതെ മാനസികരോഗം ചികിത്സിച്ചുഭേദമാക്കുന്നതിനും തടയുന്നതിനും ഗവേഷണം പ്രോത്സാഹിപ്പിക്കണം. നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റൊരു കാര്യം മനോരോഗങ്ങളെപ്പറ്റി പൊതുജന അവബോധം സൃഷ്ടിക്കുന്ന ഒരു ബോധവത്കരണ പരിപാടിയാണ്. പരിശീലനം നേടാൻ തയ്യാറായി മുന്നോട്ട് വരുന്ന ഡോക്ടർമാർക്ക് അവർ സ്വകാര്യ മേഖലയിലായാലും സർക്കാർ മേഖലയിലായാലും സൗജന്യമായി പരിശീലനം നൽകണം. മാനസികരോഗികളുടെ പുനരധിവാസത്തിനും പരിചരണത്തിനും വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനവും പുതിയ സംസ്ഥാന മാനസികാരോഗ്യനയം വിഭാവനം ചെയ്യുന്നു.

കേരളത്തിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലായി 1366 കിടക്കകൾ നിലവിലുണ്ട്. മാസം തോറും 10080 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നൽകിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽ വീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ജില്ലാ മാനസിക ആരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. 2014 –ഓടു കൂടി തിരുവനന്തപുരം ജില്ല മാനസികാരോഗ്യം പ്രാഥമിക ചികിത്സാ പദ്ധതികളിലേക്ക് വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. മരുന്നുകൾ തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനം മുഴുവനും ഇതു വ്യാപിപ്പിക്കാൻ ശ്രമിക്കുന്നു. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 17,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക

സമ്മർദ്ദം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 26 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

സംസ്ഥാനത്തൊട്ടാകെയുള്ള 170 ഫാമിലി ഹെൽത്ത് സെൻററുകളിൽ പ്രാഥമിക പരിചരണത്തിൽ ആശ്വാസം ഡിപ്രഷൻ മാനേജ്മെന്റ് പദ്ധതി ആരംഭിച്ചു. പി. എച്ച്. ക്യു. 9 ഉം മാനസിക പ്രാഥമിക ചികിത്സയും ഉപയോഗിച്ചു പരിശോധന നടത്തുന്നതിന് ആരോഗ്യ പ്രവർത്തകരും സ്റ്റാഫ് നഴ്സുമാരും പരിശീലനം നേടിയപ്പോൾ പ്രാഥമിക ശുശ്രൂഷയിൽ വിഷാദ രോഗനിർണ്ണയത്തിലും മാനേജ്മെന്റിലും ഡോക്ടർമാരെ പരിശീലിപ്പിക്കാനായി. ഡി.എം.എച്ച്.പി മാനസികരോഗവിദഗ്ദ്ധൻ കണ്ടേക്കാവുന്ന കേസുകൾക്കായുള്ള റഫറൽ പ്രോട്ടോക്കോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 4588 പേരെ പരിശോധനയ്ക്ക് വിധേയരാക്കിയതിൽ 626 പേർ വിഷാദരോഗികളാണ്. ഫാർമക്കോതെറാപ്പി 400 പേർക്ക് ആരംഭിച്ചപ്പോൾ മാനസിക സാമൂഹിക ഇടപെടൽ 472 പേർക്ക് ആരംഭിച്ചു.

ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി.എച്ച്. എസ്) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്(ഡി.എം.ഇ)മാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾ

ആരോഗ്യ സേവനവകുപ്പിന് കീഴിലുള്ള 1280 ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങളിലായി 38004 കിടക്കകളും 5335 ഡോക്ടർമാരുമാണുള്ളത്. ഇതിൽ 848 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 232 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, 81 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 18 ജില്ലാആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികരോഗാശുപത്രികൾ, 8 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ 17 ക്ഷയരോഗക്ലിനിക്കുകൾ, 2 ക്ഷയരോഗാശുപത്രികൾ 5 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 45 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെന്നാൽ എല്ലാത്തരം പ്രാഥമികതല സേവനങ്ങളും നൽകുന്ന സ്ഥാപനമാണ്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതല പരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. സാമൂഹ്യരോഗ്യ കേന്ദ്ര തലം വരെ എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയ്ക്കാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. കേരളത്തിലെ ബെഡ് പോപ്പുലേഷൻ അനുപാതം 878 ഉം ശരാശരി ഡോക്ടർ ബെഡ് അനുപാതം 6.95 ഉം ആണ്. കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ സർജറികൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 4.2.3, 4.2 4, 4.2 5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

അപകടകരമായ ആരോഗ്യ സംരക്ഷണചിലവിൽ നിന്നുമുള്ള സാമ്പത്തിക സുരക്ഷ

രാഷ്ട്രീയ സ്വാസ്ത്ര്യ ബീമ യോജന എന്നത് കേന്ദ്ര സർക്കാരിന്റെ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. ഇത് സമൂഹത്തിലെ ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യം ഗുണനിലവാരമുള്ളതുമായ കിടത്തി ചികിത്സ ലഭ്യമാക്കുന്നു. ഈ പദ്ധതി പ്രകാരം

ഒരു കുടുംബത്തിലെ പരമാവധി 5 അംഗങ്ങൾക്ക് ഒരു വർഷം തിരഞ്ഞെടുക്കപ്പെട്ട പൊതുസ്വകാര്യ ആശുപത്രികൾ മുഖേന മുൻധാരണ പ്രകാരമുള്ള വൈദ്യപരിശോധന ശസ്ത്രക്രിയ നിരക്കുകളിൽ ജനറൽ വാർഡിൽ 30000 രൂപ വരെയുള്ള സൗജന്യകിടത്തി ചികിത്സ ഉറപ്പു വരുത്തുന്നു. ദേശീയആരോഗ്യ ഇൻഷുറൻസ് പദ്ധതി പുറം രോഗികൾക്ക് ചികിത്സ നൽകുന്നില്ല. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമാണ്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിരക്കിൽ 1100-ൽ അധികം ശസ്ത്രക്രിയകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആകെ ഇൻഷുറൻസ് വരി സംഖ്യയുടെ 60 ശതമാനം കേന്ദ്രസർക്കാരും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു. ദേശീയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ 3 പ്രധാന സവിശേഷതകൾ ഇവയാണ്. (1) ഈ പദ്ധതിയിൽ അംഗമായി ചേരുന്നതിന് പ്രായപരിധിയില്ല. (2) ഇതു നിലവിലുള്ള രോഗങ്ങൾക്കും സംരക്ഷണം നൽകുന്നു. (3) രോഗി ആശുപത്രി വിട്ടുപോകുമ്പോൾ വാഹനബത്തയിനത്തിൽ 100 രൂപ പണമായി നൽകുന്നു. ഒരു വർഷം പരമാവധി നൽകാവുന്ന വാഹനബത്ത 1000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മുൻ നിശ്ചയപ്രകാരമുള്ള വേതനം നൽകലും ഇതിന്റെ ഒരു ഘടകമാണ്. സംസ്ഥാനത്തിന്റെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്ന നിർവചന പ്രകാരം പ്ലാനിംഗ് കമ്മീഷന്റെ നിർവചന പ്രകാരമുള്ളതിനേക്കാൾ 10 ലക്ഷം കുടുംബങ്ങൾ കൂടുതലായതിനാൽ സംസ്ഥാന സർക്കാർ ഈ കുടുംബങ്ങളുടെ ആവശ്യത്തിലേക്കായി പ്രത്യേകം പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ഈ രണ്ട് പദ്ധതികളും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്ന പേരിൽ നടപ്പിലാക്കിവരികയാണ്. ചിയാക്(സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി, കേരളം) എന്ന് പ്രത്യേകമായി രൂപീകരിച്ച സ്ഥാപനത്തിനാണ് ഈ പദ്ധതി നടപ്പാക്കലിന്റെ ചുമതല.

കേന്ദ്ര സർക്കാർ ഈ പദ്ധതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പോയ വർഷം 15 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തവരുടെ കുടുംബങ്ങളിലേക്കും തെരുവ് കച്ചവടക്കാർ, വീട്ടു ജോലിക്കാർ എന്നിവരുടെ കുടുംബങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. ഇതിനുപരി അസംഘടിത മേഖലയിലെ തൊഴിലാളികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വരികയാണ്. സംസ്ഥാനത്ത് മറ്റ് വിഭാഗങ്ങളിലുള്ള ജനങ്ങളെയും ചിസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2014-15 വർഷത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളെയും പെൻഷൻകാരെയും പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരെയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവയും ഉൾപ്പെടുത്തി. ഈ രണ്ടു പദ്ധതികളും ചേർന്ന് സംസ്ഥാനത്തെ വളരെ വലിയ ഒരു ജനസമൂഹത്തിന് സംരക്ഷണം നൽകുന്നു. പദ്ധതി പുരോഗതി **അനുബന്ധം 4.2.6**-ൽ നൽകിയിരിക്കുന്നു. 2016-17-ൽ പദ്ധതിയിൽ ഉൾപ്പെടെ കുടുംബങ്ങളുടെ എണ്ണം 34.83 ലക്ഷമായി വർദ്ധിച്ചു. ദേശീയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലെ അംഗങ്ങൾക്കുള്ള സാമ്പത്തിക സംരക്ഷണം സ്വകാര്യമേഖലയിലും പ്രാപ്യമായിട്ടുള്ളതാണ്. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ അനുപാതം ഓരോ വർഷവും വർദ്ധിക്കേണ്ടുന്നതിനുപകരം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണുണ്ടായത്. ഇത് **അനുബന്ധം 4.2.7** -ൽ കൊടുത്തിട്ടുണ്ട്.

ആർ.എസ്.ബി.വൈ/ചിസ് കാർഡ് ലഭ്യമാക്കിയിട്ടുള്ള കുടുംബങ്ങൾക്കായി മാരക രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ മുതലായവയ്ക്കുള്ള ത്രിതീയതലചികിത്സ നൽകുന്നിനായി ആവിഷ്ക്കരിച്ച പുതിയ പദ്ധതി പ്രകാരം 2010-11 മുതൽ 70,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്. ചിസ് പ്ലസ് എന്ന് പേരിട്ടിരിക്കുന്ന പദ്ധതി 2011 ഫെബ്രുവരി മധ്യത്തോടെ ആരംഭിച്ചിട്ടുണ്ട്. കരൾരോഗം മസ്തിഷ്ക്കരോഗം, അപകടങ്ങൾക്കുള്ള അടിയന്തിരചികിത്സ എന്നിവയെകൂടി ഉൾപ്പെടുത്തി 2012-ൽ ചിസ് പ്ലസ്സ്പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി. ഈ പദ്ധതി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽകോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, ജില്ലാ സർക്കാർ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ വഴിയാണ് നടപ്പിലാക്കുന്നത്. കെൽട്രോൺ വികസിപ്പിച്ച ഒരു സോഫ്ട് വെയർ മുഖേനയാണ് ചിയാക് ഈ പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ഈ പദ്ധതി ഇൻഷുറൻസ് വഴിയല്ലാതെ നടപ്പിലാക്കി വരികയും 2016-17 വരെ 357036 രോഗികൾക്ക് പ്രയോജനപ്പെടുകയും ആകെ 361.43 കോടി രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തു. ഇത് **അനുബന്ധം 4.2.8** ൽ കൊടുത്തിട്ടുണ്ട്.

ത്രിതീയതല ചികിത്സ ആർ.എസ്.ബി.വൈയുടെ ആനുകൂല്യത്തിൽ ഉൾപ്പെടുന്നില്ല. ചിസ് പ്ലസ് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ചെറിയ തോതിൽ ത്രിതീയതല ചികിത്സ ലഭ്യമാണ്. ത്രിതീയ ചികിത്സാചെലവ് വഹിക്കാൻ കഴിയാത്ത മറ്റ് വിഭാഗങ്ങൾ ഇതിൽ പരിഗണിക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള ധാരാളം പേർ സഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇത്തരത്തിലുള്ളവരുടെ ആവശ്യം മനസ്സിലാക്കുകയും അർഹതപ്പെട്ടവരുടെ ത്രിതീയതലചികിത്സാചെലവ് വഹിക്കുന്നതിനുമായി സംസ്ഥാന ധനകാര്യ മന്ത്രി ആവിഷ്ക്കരിച്ച പുതിയ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. ഈ പദ്ധതിയിൽ ചികിത്സിക്കുന്ന ഡോക്ടർ നൽകുന്ന മതിപ്പ് ചിലവ് ചികിത്സ തേടിയ ആശുപത്രിയിലെ അധികാരപ്പെട്ട വ്യക്തിയുടെ മേലൊപ്പോടുകൂടി മുൻകൂർ അനുമതി തേടേണ്ടതാണെന്നത് പണമില്ലാതെ ചികിത്സ നൽകുന്ന ചിസ് പദ്ധതിയിൽ നിന്നും കാരുണ്യബെനവലന്റ് ഫണ്ടിനെ വ്യത്യസ്തമാക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് ആശുപത്രിയ്ക്ക് തുക കൈമാറുന്നു. ഇതു കൂടാതെ ഒരു കുടുംബത്തിനും ഒറ്റത്തവണ സഹായമായി 3000 രൂപ നൽകുന്നതിനും വ്യവസ്ഥയുണ്ട്. എല്ലാ സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ചികിത്സതേടാവുന്നതാണ്.

ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യപദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൌജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഈ പദ്ധതിയിലുൾപ്പെടുന്നത് ഒ.പി. രജിസ്ട്രേഷൻ ചിലവ്, രോഗനിർണ്ണയം/ മരുന്നുകൾ/ ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചിലവുകൾക്കാണ്. മേൽപ്പറഞ്ഞ ചിലവുകൾ നിർവ്വഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2013 ഒക്ടോബർ മുതൽ 2017 ജൂലൈ വരെയുള്ള കാലയളവിൽ ഈ പദ്ധതിയിലൂടെ 20,432,275 രോഗികൾക്ക് പ്രയോജനം ലഭിച്ചു. 2016–17 കാലഘട്ടത്തിൽ മാത്രം ഈ പദ്ധതി 7642497 രോഗികൾക്ക് പ്രയോജനപ്പെട്ടു.

ദേശീയ ആരോഗ്യമിഷൻ

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻ ആർ എച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ ആർ. സി.എച്ച് ഫ്ലെക്സി പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5) ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം/ എൽ.എച്ച്.വി പരിശീലന സ്ക്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിന് വേണ്ടിയാണ് എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവിസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ. എച്ച്.എം ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും തിട്ടപ്പെടുത്താൻ കഴിയുന്നതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം ഗ്രാമത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം ന് 83 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2014–15 ൽ ഭാരതസർക്കാർ സംസ്ഥാനത്തിന് നൽകിയത് 224.94 കോടിയും, 2015–16 ൽ 219.19 കോടിയും 2016–17 ൽ 191.94 കോടി രൂപയുമാണ്.

പ്രധാനമന്ത്രി സ്വാസ്ത്യ സുരക്ഷാ യോജന (പി. എം.എസ്.എസ്.വൈ)

പ്രധാനമന്ത്രി സ്വാസ്ത്യസുരക്ഷായോജന (പി. എം.എസ്.എസ്.വൈ) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽകോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സാങ്കേതിക വിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽകോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം മെഡിക്കൽകോളേജിന്റെ ഒന്നാംഘട്ടം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2017–18 ൽ തുടരും.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് (സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 7 നഴ്സിംഗ് കോളേജുകളിലായി 340 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2017 ഒക്ടോബറിൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 918 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.എസ്)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാര പരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ കൗൺസിലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണ ആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2015–16 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 14174 ഉം 2016–17 ൽ 19051 ഉം ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 434 മെഡിക്കൽ, നഴ്സിങ് വിദ്യാർത്ഥികൾ അക്കാദമിക പരിശീലനം നേടി.

ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദവിഭാഗങ്ങൾ, 2 മരുന്ന് പരിശോധനാ ലബോറട്ടറികൾ എന്നിവയുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും മരുന്ന് പരിശോധനാലബോറട്ടറികൾ പ്രവർത്തിക്കുന്നു. 2016–17 –ൽ വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 4.2.4–ൽ** കൊടുത്തിരിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, ഇടുക്കി, എറണാകുളം, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിലുള്ള 9 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നഴ്സിങ് വിദ്യാഭ്യാസം നൽകുന്നതിനായി 6 നഴ്സിങ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ 5 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്.

സർക്കാർ മെഡിക്കൽകോളേജുകളിൽ 2017–18 –ൽ നടത്തിവരുന്ന മെഡിക്കൽ പാരാമെഡിക്കൽ കോഴ്സുകൾ, വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള

ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.2.9** ലും **4.2.10** ലും കൊടുത്തിരിക്കുന്നു. 2016–17 & 2017–18 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാനങ്ങളുടെയും ഒരു താരതമ്യ വിശകലനം **അനുബന്ധം 4.2.11** ൽ കാണാം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2017–18 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകൾ 330 എണ്ണം വർധിച്ചു. 2016–17 കാലയളവിൽ ഔട്ട്പേഷ്യന്റിന്റെയും പ്രധാന ശസ്ത്രക്രിയകളുടെയും എണ്ണം വർദ്ധിച്ചിരിക്കുന്നു. 2016–17 കാലഘട്ടത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രധാന നേട്ടങ്ങളാണ്;എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതി ആരംഭിച്ചുഎല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക് പഞ്ചിങ് സംവിധാനം ആരംഭിച്ചുഇ–ഗവേണൻസ് നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

- കോട്ടയത്തുള്ള മെഡിക്കൽ കോളേജിൽ ഹാർട്ട് ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയ വിജയകരമായി ചെയ്തു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോളി ട്രൂമ കെട്ടിടവും പി.എം.എസ്.എസ്. വൈ. പദ്ധതിയും പൊള്ളലേറ്റവർക്കുള്ള യൂണിറ്റും പൂർത്തിയായി
- തൃശ്ശൂരിലെ മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് ആരംഭിച്ചു
- പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 390 തസ്തികകൾ സൃഷ്ടിച്ചു
- ഇടുക്കി മെഡിക്കൽ കോളേജിൽ ഒന്നാം ഘട്ടം നിർമാണം പൂർത്തിയായി

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽ സമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താൻ ഉദ്ദേശിച്ചുള്ളതാണ്. 2010–11 അദ്ധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവകലാശാലയ്ക്ക് കീഴിൽ 2017 ഒക്ടോബർ വരെ 284 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 37 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ 242 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംങ് ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽ സമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി ഏകദേശം 20000 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്

പട്ടിക 4.2.4
2016–17–ൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം

നടത്തിയ പരിശോധനകളുടെ എണ്ണം	13,712
എടുത്ത നടപടികളുടെ എണ്ണം	77
വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം	340
ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം	9,161
പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതിയിലും കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം	26
അമിതവില ഈടാക്കുന്നത് കണ്ടെത്തുകയും അത് ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റിയെ അറിയിച്ചവയുടെയും എണ്ണം	27
പുതിയ ബ്ലഡ് ബാങ്ക് ലൈസൻസ് വിതരണം ചെയ്തവരുടെ എണ്ണം	15

അവലംബം: ഡ്രഗ്സ് കൺട്രോൾ വകുപ്പ്

കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 4.2.5**-ൽ കൊടുത്തിരിക്കുന്നു.

ഭാരതീയ വൈദ്യശാസ്ത്ര സമ്പ്രദായം

ആയുർവേദ രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവേദ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഗ്രാന്റ്-ഇൻ-എയ്ഡ് ആയുർവേദ സ്ഥാപനങ്ങൾ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നൽകി വരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി, പഞ്ചകർമ്മ, പ്രകൃതി ചികിത്സ, മർമ്മ തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 127 ആശുപത്രികളും 819 ഡിസ്പെൻസറികളുമുണ്ട്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2016 ലും 2017 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ കിടക്കകൾ രോഗികൾ എന്നിവ ജില്ലതിരിച്ച് **അനുബന്ധം 4.2.12** -ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് നടപ്പിലാക്കി വരുന്നു. 2016-17-ൽ നടപ്പിലാക്കിയ അത്തരം പ്രോജക്ടുകളാണ്; ബാലമുകുളം, ഋതു, പ്രസാദം, കൗമാരസ്ത്രീത്വം, ദൃഷ്ടി, ജീവനി, പുനർനവ, കരൾരോഗമുക്തി, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, വയോഅമൃതം, ഭാമിനി മുതലായവ.

ആയുഷ് (ആയുർവേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

ഭാരതസർക്കാർ രണ്ട് നിയന്ത്രണ ഏജൻസികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൌൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ

പട്ടിക 4.2.5

വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2017 ലെ എണ്ണം)

വിഭാഗം	ഗവൺമെന്റ്	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
മോഡേൺ മെഡിസിൻ	എയ്ഡഡ്	ആകെ	23	33
ആയുർവേദ മെഡിസിൻ	3	2	12	17
ഹോമിയോ മെഡിസിൻ	2	3	0	5
ദന്തൽ	5	0	20	25
സിദ്ധമെഡിസിൻ	0	0	1	1
യുനാനി മെഡിസിൻ	0	0	1	1
നഴ്സിംഗ്	6	0	113	119
പാരാമെഡിക്കൽ	7	0	33	40
ഫാർമസി	4	0	37	41
ആയുർവേദ ദഫാർമസി	0	0	1	1
ആയുർവേദ നഴ്സിംഗ്	0	0	1	1
ആകെ	37	5	242	284

അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്

ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനുകീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ്മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. 2016-17 കാലത്ത് കേന്ദ്ര വിഹിതം 858.63 ലക്ഷം രൂപയും 2017-18 കാലഘട്ടത്തിൽ (30.09.2017 വരെ) അത് 1260.82 ലക്ഷം രൂപയും ആണ്.

ആയുർവേദ മരുന്ന് നിർമ്മാണം-ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന വളരെ ചുരുക്കം പൊതുമേഖലാസ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദ മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് വിതരണം ചെയ്യുന്നു. ഇത് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളം 600 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2016-17-ൽ കമ്പനിയുടെ വിറ്റ് വരവ് 95.76 കോടി രൂപയും ലാഭം 13.99 കോടി രൂപയുമാണ്.

ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1389 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവേദ മെഡിക്കൽകോളേജുകളുണ്ട്. 2016-ൽ 6650 ഇൻപേഷ്യൻസിനും 523925 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇത് 2017-ൽ (ഓഗസ്റ്റ് വരെ) യഥാക്രമം 13100-ഉം 460595-ഉം ആണ്. തിരുവനന്തപുരം ആയുർവേദ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദ കോളേജുകളും, 11 സ്വാശ്രയ ആയുർവേദ കോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ബിരുദകോഴ്സിന് 980, ബിരുദാനന്തര കോഴ്സിന് 127, പാരാമെഡിക്കൽ കോഴ്സുകൾക്ക് 700 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നു.

ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 659 ഹോമിയോപ്പതി ഡിസ്പെൻസറികളും 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്സ് ആശുപത്രികൾ, 100 കിടക്കകൾ ഉള്ള ഒരു ആശുപത്രി എന്നിവയുണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ്. കഴിഞ്ഞ 20 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2016 & 2017 വർഷങ്ങളിലായി ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 4.2.13**-ൽ കൊടുത്തിട്ടുണ്ട്.

2016-17 & 2017-18 വർഷങ്ങളിൽ ഹോമിയോപ്പതി വകുപ്പ് കൈവരിച്ച പ്രധാന നേട്ടങ്ങൾ

- ഓരോ ജില്ലയിലും ഒരു ഹോമിയോ ഡിസ്പെൻസറി മോഡൽ ഡിസ്പെൻസറായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു
- സർക്കാർ ഹോമിയോ ഹോസ്പിറ്റൽ കായങ്കുളത്തു ക്ലിനിക്കൽ ലാബുകൾ സ്ഥാപിച്ചു.
- എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും സാന്ത്വന ചികിത്സാ സംവിദാനം ആരംഭിച്ചു
- ഹോമിയോപ്പതി, ആയുർവേദ, യോഗ, നാച്ചുറോപ്പതി തുടങ്ങിയ വിഭാഗങ്ങളുടെ ഗുണങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി തിരുവനന്തപുരം, കൊല്ലം,എറണാകുളം, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിൽ ആയുഷ്ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു.
- സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകൾക്ക് മാത്രമായി നടപ്പിലാക്കുന്ന ലിംഗാധിഷ്ഠിത പദ്ധതിയാണ് സീതാലയം. എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും സ്ത്രീകൾക്കുവേണ്ട പലവിധസഹായം, ക്ഷേമം, ആരോഗ്യപരിരക്ഷാസേവനങ്ങൾ എന്നിവ പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലഹരിവിമുക്തകേന്ദ്രങ്ങളും വന്ധ്യതാക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.
- ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടെ തീരപ്രദേശങ്ങളിൽ ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.
- ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്റർ പദ്ധതിയ്ക്ക് കീഴിൽ ഇടുക്കിയിൽ എന്റോക്രൈയിൻ ഡിസ് ഓർഡർ സെന്ററും, കണ്ണൂരിൽ മാതൃശിശു പരിപാലന കേന്ദ്രവും, ആലപ്പുഴ, കൊല്ലം, കോഴിക്കോട്, കോട്ടയം, വയനാട് എന്നീ ജില്ലകളിൽ വയോജനപരിപാലനകേന്ദ്രവും, ഇടുക്കിയിൽ സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക് എന്നിവ ആരംഭിച്ചിട്ടുണ്ട്.
- ഉത്സവകാലങ്ങളിൽ വിവിധ തീർത്ഥാടനകേന്ദ്രങ്ങളിൽ 16 താല്കാലിക ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.
- ഓരോ ജില്ലയിൽ ഒന്നുവീതം 14 ഹോമിയോഡിസ്പെൻസറികളെ മോഡൽ ഹോമിയോ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്തും സംസ്ഥാനത്തുടനീളം നിലവിലുള്ള 56 മോഡൽ ഹോമിയോ ഡിസ്പെൻസറികളുടെ നിലവാരം ഉയർത്തിയിട്ടുമുണ്ട്.
- പാലാ ഗവൺമെന്റ് ഹോമിയോ ആശുപത്രിയിൽ ഒരു ക്ലിനിക്കൽ സ്റ്റോർ ആരംഭിച്ചിട്ടുണ്ട്.
- കോട്ടയം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.
- എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കി
- ഹോംകോ യുടെ രണ്ടാം വട്ട പ്രവർത്തന വികാസത്തിന് തുടക്കമായി.

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജും, ഒരു അൺഎയ്ഡഡ് കോളേജും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 118–ഉം 2016–17 ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 1,192–ഉം ഔട്ട് പേഷ്യന്റ്സ് 114,215–ഉം ആണ്. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 100–ഉം 2016–17 –ൽ ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 1,678– ഉം ഔട്ട് പേഷ്യന്റ്സ് 155,903–ഉം ആണ്. 6 ഹോമിയോ മെഡിക്കൽ കോളേജുകളിലെയും കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ **അനുബന്ധം 4.2.14** –ൽ കൊടുത്തിരിക്കുന്നു.

രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പും കൊണ്ട് ഒഴിവാക്കാനാകുന്ന ആരോഗ്യത്തെ ദുർബലപ്പെടുത്തുന്ന വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റീസ് എ–യും ബി–യും, അഞ്ചാം പനി, മുണ്ടിനീര്,

ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചിലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2013–14 മുതലുള്ള 5 വർഷങ്ങളിലെ രോഗവപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 4.2.15**– ൽ കാണാം.

ഭാവി വീക്ഷണം

സാമ്പത്തിക വികസനത്തിനു വളരെ പ്രാധാന്യത്തോടെയും ഫലപ്രദമായും സംഭാവന ചെയ്യാൻ ഒരു ആരോഗ്യമുള്ള സമൂഹത്തിന് മാത്രമേ കഴിയൂ. നീണ്ടകാലത്തെ രോഗാവസ്ഥയും ചെലവേറിയ ചികിത്സാരീതിയും ധനികരെപോലും ദരിദ്രരാക്കുന്നു. ജീവിതത്തിലെ എല്ലാ ഘട്ടങ്ങളെയും ആസ്വാദ്യമാക്കുന്നതിന് നല്ല ആരോഗ്യം അനിവാര്യമാണ്. കേരളത്തിൽ നല്ല ആരോഗ്യനിലവാരം നേടിയെടുക്കുന്നതിൽ ഉന്നതവിദ്യാഭ്യാസനിലവാരവും (പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ) ഉയർന്ന ആരോഗ്യ അവബോധവും സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗോത്ര ജനവിഭാഗങ്ങൾക്കിടയിലെയും മറ്റ് പാർശ്വവത്കൃത സമൂഹങ്ങൾക്കിടയിലെയും ആരോഗ്യ പ്രശ്നങ്ങൾ സാംക്രമിക രോഗങ്ങളുടെ പുനരാവിർഭാവം രണ്ടാം തലമുറപ്രശ്നങ്ങളായ ജീവിത ശൈലി രോഗങ്ങളുടെ വർദ്ധനവ് വയോജനങ്ങളുടെ പ്രത്യേകിച്ചും സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന ആരോഗ്യ ചെലവ് എന്നിവ ശ്രദ്ധ കൊടുക്കേണ്ട വിഷയങ്ങളാണ്. ഈ വെല്ലുവിളികൾ വരും വർഷങ്ങളിൽ നേരിടേണ്ടി വരും. പതിമൂന്നാം പദ്ധതിക്കാലയളവിൽ പൊതുജനാരോഗ്യം, ഗ്രാമീണ ആരോഗ്യം, ഗോത്രാരോഗ്യം, സ്ത്രീ ആരോഗ്യം, മാതൃശിശു ആരോഗ്യം, ആരോഗ്യ ഇൻഷൂറൻസ്, ആരോഗ്യടൂറിസം എന്നീ വിവിധങ്ങളായ വിഷയങ്ങൾ വിവിധതരത്തിൽ പരിഗണിക്കേണ്ടതായിട്ടുണ്ട്. ഈ വെല്ലുവിളികളെ നേരിടാനായിട്ട് ആരോഗ്യ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

കുടിവെള്ളം

ഉയർന്ന മഴ ലഭ്യത, നദികൾ, തടാകങ്ങൾ, ഉൾനാടൻ ജലസ്രോതസുകൾ, നിരവധി അരുവികൾ ഇങ്ങനെ ജലവിഭവങ്ങളുടെ ഭൂമിയായാണ് കേരളം കരുതപ്പെടുന്നത്. എന്നാൽ, കേരളത്തിലെ നിരവധി ജില്ലകളിൽ വരൾച്ചയും കടുത്ത ജല ദൗർലഭ്യവും അനുഭവപ്പെടുന്നുണ്ട്. കേരളത്തിലെ ഭൂരിഭാഗം വരുന്ന ഗ്രാമീണജനതയും സുരക്ഷിതമല്ലാത്ത കിണറുകൾ ടാങ്കുകൾ, അരുവികൾ, നദികൾ എന്നിവയെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. നഗരപ്രദേശത്തിലും പൂർണ്ണമായ തോതിൽ സുരക്ഷിതമായിട്ടുള്ള കുടിവെള്ളവിതരണം നടപ്പിലാക്കിയിട്ടില്ല. പഞ്ചവത്സരപദ്ധതികളിൽ കുടിവെള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയിരുന്നുവെങ്കിലും സംസ്ഥാനത്തിലുടനീളം ജലദൗർലഭ്യം ഒരു പ്രധാന പ്രശ്നം തന്നെയായി നിലനിൽക്കുന്നു. 13–ാം പഞ്ചവത്സര പദ്ധതിയുടെ സമീപനംതന്നെ എല്ലാവർക്കും, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുക എന്നതാണ്. കിണറുകളുടെ സംരക്ഷണം നടത്തുക, വിതരണ നഷ്ടം കുറയ്ക്കുക എന്നിവയും ലക്ഷ്യങ്ങളിൽപ്പെടുന്നു.

കേരളത്തിലെ കുടിവെള്ള വിതരണത്തിൽ പങ്ക് വഹിക്കുന്ന രണ്ട് പ്രധാന ഏജൻസികളാണ് കേരള വാട്ടർ അതോറിട്ടിയും (കെ.ഡബ്ലിയു.എ) കെ.ആർ.ഡബ്ലിയു.എസ്.എയും (ജലനിധി). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും വളരെ പ്രധാനമാണ്. എല്ലാ പൗരൻമാർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാരുകൾ ഗ്രാമനഗരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളെ കേന്ദ്രസർക്കാർ സഹായിക്കുന്നു. അതു പോലെ ഗ്രാമീണ നഗര പ്രദേശങ്ങളിൽ ജലവിതരണം

മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനവും പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ജലസ്രോതസ്സുകൾ

പശ്ചിമഘട്ടത്തിൽ ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളും കിഴക്കോട്ട് ഒഴുകുന്ന 3 നദികളുമാണ് കേരളത്തിൽ ഉള്ളത്. കേരളത്തിലെ 44 നദികളിൽ 4 ഇടത്തരവും 40 ചെറിയ നദികളുമാണുള്ളത്. ഇതിൽ സംസ്ഥാനത്തിന് ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പ്രധാന നദി ഇല്ല. നിരവധി കായലുകളും, ഉൾനാടൻ ചിറകളും, കുളങ്ങളുമായി കേരളം അനുഗ്രഹീതമാണ്. എന്നാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന കടുത്ത ജല ദൗർലഭ്യവും ശ്രദ്ധിക്കപ്പെടേണ്ട കാര്യം തന്നെയാണ്. എല്ലാ ജലസ്രോതസ്സുകളുടെയും അടിസ്ഥാന ജലസ്രോതസ്സ് മഴയായതിനാൽ, മഴലഭ്യതയിൽ ഉണ്ടാവുന്ന കുറവുകൾ സംസ്ഥാനത്തിന്റെ കുടിവെള്ള ശേഷിയെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ മഴലഭ്യതയിലുള്ള കുറവ് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു

കേരളത്തിന് രണ്ട് മഴക്കാലങ്ങളാണ് പ്രതിവർഷം ലഭിക്കുന്നത്. കേരളത്തിന് ലഭിക്കുന്ന ശരാശരി മഴ 3,055 മില്ലിമീറ്ററാണ്. ഇത് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയോളം വരും. തെക്ക് പടിഞ്ഞാറ് കാലവർഷത്തിലൂടെയാണ് (ജൂൺ–സെപ്റ്റംബർ) കേരളത്തിന് 69 ശതമാനം മഴയും ലഭിക്കുന്നത്. വടക്കുകിഴക്കൻ കാലവർഷത്തിലൂടെ (ഒക്ടോബർ –ഡിസംബർ) പ്രതിവർഷം 16 ശതമാനം മഴയും ലഭിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്ര ഘടനപ്രകാരം ജലം വളരെ പെട്ടെന്ന് തന്നെ കടലിലേക്ക് ഒലിച്ചുപോകുന്നു. അതിനാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മൺസൂൺ അല്ലാത്ത കാലത്ത് ജലത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നു. സാധാരണ മഴയേക്കാൾ വളരെ കുറഞ്ഞ(9ശതമാനം) ലഭ്യതയാണ് 2017 വർഷത്തിൽ കാലവർഷത്തിലൂടെ ലഭിച്ചത്. പട്ടിക 4.2.6 പ്രകാരം കേരളത്തിലെ മഴലഭ്യതയുടെ ജില്ല തിരിച്ചുള്ള വ്യതിയാനത്തിന്റെ കണക്കുകൾ ഉയർന്നതാണെന്ന് കാണാം.

പട്ടിക 4.2.6
2017–ൽ കേരളത്തിൽ തെക്ക് പടിഞ്ഞാൻ മൺസൂണിൽ (2017 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) ലഭിച്ച മഴ

ജില്ലകൾ	യഥാർത്ഥത്തിൽ ലഭിച്ചത്	സാധാരണ ലഭിക്കാറുള്ളത്	വ്യതിയാനം
കേരള	1,855.9	2,039.6	–9
തിരുവനന്തപുരം	764	871.3	–12
കൊല്ലം	1,355.5	1,332.3	2
പത്തനംതിട്ട	1,754	1,715.7	2
ആലപ്പുഴ	1,585.8	1,745.9	–9
കോട്ടയം	1,929.1	1,897.3	2
ഇടുക്കി	2,057.6	2,276.2	–10
എറണാകുളം	2,002.9	2,065	–3
തൃശ്ശൂർ	1876	2,197.5	–15
പാലക്കാട്	1,521.7	1,572.7	–3
മലപ്പുറം	1,926.9	2,060.4	–6
കോഴിക്കോട്	2,521.6	2,603.1	–3
വയനാട്	1,652.1	2,632.1	–37
കണ്ണൂർ	2,301.3	2,669	–14
കാസർഗോഡ്	2,645.6	3,007.5	–12

അവലംബം: മീറ്ററോളജിക്കൽ സെന്റർ , തിരുവനന്തപുരം

വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് മഴ ലഭിച്ചത് (59 ശതമാനം). ഇത് സംസ്ഥാനത്തെ ശരാശരി മഴക്കുറവിനേക്കാൾ (37 ശതമാനം) കുറവാണ്. ഏറ്റവും കൂടുതൽ മഴ ലഭിച്ചിരിക്കുന്നത് കാസർഗോഡാണ് (2,645.6 mm), കുറവ് തിരുവനതപുരം ജില്ലയിലുമാണ്(764 mm). മഴയുടെ വ്യതിയാനം ഏറ്റവും കുറവ് (37 ശതമാനം) വയനാട് ജില്ലയിലാണ്. ഈ ജില്ല മൺസൂൺ സീസണിലെ എറ്റവും തണുത്തതും ദുർബലവുമായ പ്രദേശമാണ്. ഇത് വളരെയധികം ശ്രദ്ധ നൽകേണ്ട ഒരു കാര്യമായതിനാൽ ഇവിടുത്തെ വികസന തന്ത്രങ്ങൾ ഇതനുസരിച്ച് പുനരാവിഷ്ക്കരിക്കേണ്ടത് ആവശ്യമാണ്.

എൻ.എസ്.എസ്.ഒ 69-ാം സമ്മേളനത്തിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളിൽ 85.8 ശതമാനവും, നഗര പ്രദേശങ്ങളിൽ 89.6 ശതമാനവുമാണ് കുടിവെള്ളം ലഭ്യമാകുന്നത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആവശ്യത്തിന് ഉയർന്ന അനുപാതത്തിൽ കുടിവെള്ളം ലഭ്യമാകുന്നത് ഉത്തർപ്രദേശിലെ ഗ്രാമപ്രദേശങ്ങളിലാണ് (97.1 ശതമാനം). കുടിവെള്ളം കുറഞ്ഞ അനുപാതത്തിൽ ലഭ്യമാകുന്നത് ജാർഖണ്ഡുമാണ് (70.3 ശതമാനം). ഇതുപോലെ ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്ന കുടുംബങ്ങളുടെ അനുപാതത്തിൽ പഞ്ചാബ് (99.5 ശതമാനം) ഏറ്റവും മുന്നിലും കേരളം (29.5 ശതമാനം) ഏറ്റവും പിന്നിലുമാണ്. അതുപോലെ നഗരമേഖലയിലും മെച്ചപ്പെട്ട കുടിവെള്ള സ്രോതസ്സുകളുടെ ശതമാനത്തിൽ ഏറ്റവും താണ അനുപാതം രേഖപ്പെടുത്തിക്കൊണ്ട് കേരളം(56.8 ശതമാനം) പട്ടികയുടെ ഏറ്റവും ഒടുവിൽ നിലകൊള്ളുന്നു. (അനുബന്ധം 4.2.16) പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കുടിവെള്ള അവലോകന വിശകലനം **അനുബന്ധം 4.2.17** നൽകിയിട്ടുണ്ട്.

വ്യാപനം

2017 മാർച്ച് 31 -ലെ കണക്കുകൾ പ്രകാരം 3367.13 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) സ്ഥാപിത ശേഷിയുള്ള 1073 ജലവിതരണ പദ്ധതികളാണ് കെ.ഡബ്ലിയു.എ യുടെ കീഴിൽ പ്രവർത്തിക്കുന്നത്. പൈപ്പ് വഴി ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 104.20 ലിറ്ററാണെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മൊത്തം 1,073 ജലവിതരണ പദ്ധതികളിൽ 989 എണ്ണം ഗ്രാമീണ മേഖലയിലും 84 എണ്ണം നഗരമേഖലയിലും ആണ് നടപ്പിലാക്കുന്നത്. കഴിഞ്ഞ വർഷത്തെ

ചിത്രം .4.2.1

കേരളത്തിലെ കുടിവെള്ള ലഭ്യത (ശതമാനത്തിൽ)



അവലംബം : കേരള ജലദുരിതാശ്വാ

(1,078) അപേക്ഷിച്ച് സംസ്ഥാനത്ത് ജലവിതരണ പദ്ധതികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കണക്കുകൾ പ്രകാരം തൃശ്ശൂർ ജില്ലയിൽ 119 ജല വിതരണ പദ്ധതികളും എണാകുളം ജില്ലയിൽ 98 പദ്ധതികളും ഉണ്ട്. കെ.ഡബ്ല്യു.എയുടെ ജലവിതരണ പദ്ധതികളുടെ ഏറ്റവും കുറച്ച് നടപ്പിലാക്കുന്ന പ്രദേശം വയനാട് ജില്ലയാണ്. (**അനുബന്ധം 4.2.18** കാണുക.) 2017 മാർച്ച് 31–ലെ കണക്കനുസരിച്ച് എൽപിസിഡി എറണാകുള (201.35) ത്തും ഏറ്റവും കുറവ് കാസർഗോഡുമാണ് (35.77). എന്നാൽ എല്ലാ ജില്ലകളിലേയും വ്യത്യസ്ത ആവാസ വ്യവസ്ഥകളിൽ എൽപിസിഡിയിൽ വ്യതിയാനം സംഭവിക്കുന്നുണ്ട്. നിലവിലുള്ള ശരാശരി എൽപിസിഡി കണക്കുകൾ **അനുബന്ധം 4.2.19** –ൽ നൽകിയിട്ടുണ്ട് എന്നാൽ വലിയതോതിലുള്ള വിതരണ നഷ്ടം കൂടി കണക്കിലെടുത്താൽ വിതരണത്തിൽ ലഭ്യമാക്കാവുന്ന കുടിവെള്ളം വളരെ കുറവാണ്. മിക്ക ജലവിതരണ പദ്ധതികളും നഗരപ്രദേശങ്ങളിലാണ് നടപ്പിലാക്കിയിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിയ ജില്ല തിരിച്ചുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ വിവരം **അനുബന്ധം 4.1.19** –ൽ കൊടുത്തിരിക്കുന്നു. 2017 മാർച്ച് 31 –ലെ കണക്കനുസരിച്ച് 477 പദ്ധതികൾ ഇപ്രകാരം കൈമാറിയിട്ടുണ്ട് (**അനുബന്ധം 4.2.20** കാണുക).

ഗാർഹിക കണക്ഷനും പൊതുടാപ്പും ഉപയോഗിച്ചാണ് കേരളവാട്ടർ അതോറിറ്റി കുടിവെള്ളവിതരണം നടത്തുന്നത്. കേരളവാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 54 ശതമാനം ജനസംഖ്യയുടെ 1.81 കോടി ജനങ്ങൾ കേരള ജല അതോറിറ്റിയിലെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. 54.19 ശതമാനം ഗ്രാമീണ ജനസംഖ്യയും 54.36 ശതമാനം നഗര ജനസംഖ്യയുമാണ് പൈപ്പ് വഴി കുടിവെള്ള വിതരണം ലഭ്യമാകുന്നത്. ഗ്രാമീണ മേഖലയിൽ 100 എൽ.പി.സിഡി. യും നഗരമേഖലയിൽ 150 എൽപിസിഡി.യും മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കുകയാണ് കേരള വാട്ടർ അതോറിറ്റിയുടെ ലക്ഷ്യം.

കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ കുടിവെള്ള പദ്ധതികൾ ഉള്ളത് എറണാകുളം ജില്ലയിലും (83 ശതമാനം) രണ്ടാമത്

ചിത്രം 4.2.2
കുടിവെള്ളത്തിന്റെ ജില്ലാതല വ്യാപനം



അവലംബം : കേരള ജലഅതോറിറ്റി (2017, സെപ്റ്റംബർ വരെയുള്ള ഡാറ്റ)

തിരുവനന്തപുരം ജില്ലയിലും (72 ശതമാനം) തൃശ്ശൂരിലുമാണെന്നു (71 ശതമാനം) ജില്ലാതല കണക്കുകൾ സൂചിപ്പിക്കുന്നു. കെ.ഡബ്ലിയു.എ. യുടെ ജലവിതരണ പദ്ധതികളുടെ വ്യാപനം ഏറ്റവും കുറവുള്ളത് കാസർഗോഡ് ജില്ലയിലാണ്. വെറും 21 ശതമാനം മാത്രമാണ്. വിശദവിവരങ്ങൾ **ചിത്രം 4.2.2** –ലും **അനുബന്ധം 4.2.21** –ലും നൽകിയിട്ടുണ്ട്.

ഗ്രാമീണ കുടിവെള്ള വിതരണത്തിന്റെ കാര്യത്തിൽ കൊല്ലം ജില്ല 75 ശതമാനത്തോടുകൂടി ഒന്നാമതാണ്. തൊട്ടു പിറകിൽ എറണാകുളം ജില്ലയും (74 ശതമാനം), തൃശ്ശൂർ (68 ശതമാനം), ആലപ്പുഴ (68 ശതമാനം) ജില്ലകളുമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഇടുക്കി (29 ശതമാനം)വും കാസർഗോഡ് (28 ശതമാനം) മാണ് കുടിവെള്ള വിതരണം ലഭ്യമാകുന്നത്. സംസ്ഥാനത്തെ ഗ്രാമീണ കുടിവെള്ള വിതരണത്തിന്റെ ശരാശരി വ്യാപനം 54 ശതമാനമാണ്. (**ചിത്രം 4.2.3** കാണുക).

നഗര പ്രദേശത്തെ കുടിവെള്ള വിതരണത്തിന്റെ കാര്യമെടുത്താലും കാസർഗോഡ് ജില്ലയാണ് ഏറ്റവും പിറകിൽ (10 ശതമാനം.) കുടിവെള്ള വിതരണത്തിന്റെ വ്യാപനത്തിന്റെ കാര്യത്തിൽ നഗരപ്രദേശങ്ങളിൽ എറണാകുളം (87 ശതമാനം)ഒന്നാമതും തുടർന്ന് തിരുവനന്തപുരം (76 ശതമാനം) തൃശ്ശൂർ (72 ശതമാനം), പാലക്കാട് (72 ശതമാനം) എന്നീ ജില്ലകളിലുമാണ്. (**ചിത്രം 4.2.4** കാണുക).

2017 മാർച്ച് 31, വരെയുള്ള കണക്കുകകൾ പ്രകാരം കെ ഡബ്ലിയു എ യുടെ കീഴിൽ ഗാർഹിക ഗാർഹികേതര വ്യാവസായിക കണക്ഷനുകൾ മുൻവർഷത്തെക്കൾ 283496 എണ്ണത്തിന്റെ വർദ്ധനവാണ് കാണിക്കുന്നത്. വ്യാവസായിക ആവശ്യങ്ങൾക്കുള്ള ജല കണക്ഷനുകൾ 1623 മാത്രമാണ്. കണക്കുകൾ പ്രകാരം 214097 പൊതുടാപ്പ് കണക്ഷനുകളാണുള്ളത്. ഇത് മുൻവർഷത്തേക്കാൾ 6,063 എണ്ണം കൂടുതലാണ്. പഞ്ചായത്തുകളിൽ പൊതു ടാപ്പുകളുടെ എണ്ണം 159,463 ഉം, കോർപ്പറേഷനുകളിൽ 20,239 ഉം, മുൻസിപ്പാലിറ്റികളിൽ 34,395 ഉം ആണ്. 2015–16–ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ 162,568 നെ അപേക്ഷിച്ച് പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. (**അനുബന്ധം 4.2.22** കാണുക)

ചിത്രം 4.2.3
ഗ്രാമീണ ജനതയുടെ ജില്ല തിരിച്ചുള്ള കുടിവെള്ള വ്യാപനം



അവലംബം : കേരള ജലഅതോറിറ്റി

ചിത്രം 4.2.4
നഗരത്തിലെ ജില്ല തിരിച്ചുള്ള കുടിവെള്ള വ്യാപനം



അവലംബം: കേരള ജല അതോറിറ്റി

കുടിവെള്ളപദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയ ആവാസ വ്യവസ്ഥകൾ

ജില്ലാ അടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയ ഗ്രാമീണ, നാഗര ജലവിതരണ പദ്ധതികളക്കുറിച്ചും ജില്ലാതലത്തിൽ വിട്ടുപോയ ആവാസ വ്യവസ്ഥകളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ **പട്ടിക 4.2.7** –ൽ നൽകിയിട്ടുണ്ട്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കുടിവെള്ളപദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയ ആവാസ വ്യവസ്ഥകൾഎണ്ണം 17 ആണ്. കുടിവെള്ളപദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയ ആവാസ വ്യവസ്ഥകൾ 0.14 ശതമാനത്തിൽ നിന്നും 0.71 ശതമാനമായി വർദ്ധിച്ചു. കുടിവെള്ളപദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയ ആവാസ വ്യവസ്ഥകൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത് തൃശ്ശൂർ ജില്ലയിലാണ് (57). എന്നാൽ പത്തനംതിട്ട, വയനാട് ജില്ലകളിൽ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നിലച്ചുപോയ ആവാസ വ്യവസ്ഥകൾ ഒന്നും തന്നെ ഇല്ല.

ജലത്തിന്റെ ഗുണ മേന്മ

അശാസ്ത്രീയമായ ശുചിത്വ ശീലങ്ങളും വിവേചന രഹിതമായ മാലിന്യ നിർമാർജ്ജനവും നിമിത്തം നമ്മുടെ സംസ്ഥാനത്തിലെ ഭൂരിപക്ഷം കുടിവെള്ള സ്രോതസ്സുകളും മലിനമാക്കപെടുന്നു. ബാക്ടീരിയകളുടേയും സാന്നിധ്യം നിമിത്തം കേരളത്തിലെ ഭൂരിപക്ഷം കുടിവെള്ള സ്രോതസ്സുകളും വിഷലിപ്തമായി കഴിഞ്ഞു. മറ്റു മേഖലകളിൽ കേരളം മെച്ചപ്പെട്ടനിലവാരം പുലർത്തുന്നുണ്ടെങ്കിലും ആരോഗ്യ–സാമ്പത്തിക മേഖലകളിൽ സ്വാധീനം ചെലുത്തുന്ന കുടിവെള്ള മാനേജ്മെന്റിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. ജില്ല തിരിച്ചുള്ള മാലിന്യ പരിശോധനാ സ്രോതസ്സ് **ചിത്രം 4.2.5**–ൽ കൊടുത്തിട്ടുണ്ട്.

ജനസാന്ദ്രതയും വിവേചന രഹിതവും അനിയന്ത്രിതവുമായ മലിനീകരണവും ജലജന്യ രോഗങ്ങൾ കൂടുന്നതിന് കാരണമാണ്. മരണത്തിന് കാരണമായേക്കാവുന്ന നിരവധി ജലജന്യ രോഗങ്ങളാണ് മലിനജലം ഉപയോഗിക്കുന്നതിലൂടെ പകരുന്നത്. ജലജന്യ രോഗങ്ങളുടെ കണക്ക് പരിശോധിച്ചാൽ വർഷങ്ങളായി അത് വർദ്ധിച്ചു വരികയാണെന്ന് കാണാം. 2012–ൽ 366463–ഉം കേസും 2015–ൽ 470863–ഉം കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെങ്കിൽ, 2016–ൽ അത് 497027 ആയി വർദ്ധിച്ചു. 2017 ലെ കണക്കനുസരിച്ച് 97089 ആയി വർദ്ധിക്കുകയുണ്ടായി. ജലജന്യരോഗങ്ങൾ സംബന്ധിച്ച് വിശദമായ കണക്കുകൾ **അനുബന്ധം 4.2.23**–ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4.2.7
കേരളത്തിലെ 2016-17-ൽ കുടിവെള്ളപദ്ധതികൾ നിന്നുപോയ ആവാസ വ്യവസ്ഥകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

ക്രമ നം.	ജില്ല	ആവാസ വ്യവസ്ഥകൾ	നിന്നുപോയവ	ആകെ ശതമാനത്തിൽ (ആവാസ വ്യവസ്ഥകൾ)
1	തിരുവനന്തപുരം	1,462	17	1.16
2	കൊല്ലം	2,260	002	0.09
3	പത്തനംതിട്ട	1,491	0	0.00
4	ആലപ്പുഴ	1,178	5	0.42
5	കോട്ടയം	2,195	10	0.46
6	ഇടുക്കി	822	5	0.61
7	എറണാകുളം	1,538	19	1.24
8	തൃശ്ശൂർ	2,774	57	2.05
9	പാലക്കാട്	1,883	15	0.80
10	മലപ്പുറം	1,972	10	0.51
11	കോഴിക്കോട്	1,455	10	0.69
12	വയനാട്	461	0	0.00
13	കണ്ണൂർ	1,395	1	0.07
14	കാസർഗോഡ്	665	1	0.15
ആകെ		**21,551**	**152**	**0.71**

അവലംബം: കേരള വാട്ടർ അതോറിറ്റി

കേരളത്തിലെ ജലവിഭവ വകുപ്പിന്റെ സഹായത്തോടുകൂടി ജല വിഭവങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി സെന്റർ ഫോർവാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റിന്റെ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറി ഫോർ ദ ക്വാളിറ്റി അഷ്വറൻസ് ഓഫ് വാട്ടർ റിസോഴ്സ് ഇൻ കേരള" ആവിഷ്ക്കരിച്ചിട്ടുണ്ട്. ജല സ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച അവബോധം വളർത്തുകയാണ് മൊബൈൽ ലബോറട്ടറി കൊണ്ട് ഉദ്ദേശിക്കുന്നത്. മൊബൈൽ ലബോറട്ടറിയുടെ സേവനം ഏകദേശം 120 പഞ്ചായത്തുകളിലേക്കും, 15 മുനിസിപ്പാലിറ്റികളിലും, 3 കോർപ്പറേഷനുകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനമുപയോഗിച്ച് 3000-ത്തിൽ കൂടുതൽ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന നടത്തി ഒരു കുടിവെള്ള കാർഡ് നൽകുകയും അതിൻ പ്രകാരം പൊതു ജനങ്ങൾക്ക് തങ്ങളുടെ പ്രദേശത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം മനസിലാക്കുന്നതിനും സഹായിക്കുന്നു.

മലിനജല നിയന്ത്രണം

ഏകദേശം 90,000 കണക്ഷനുൾപ്പെടെ തിരുവനന്തപുരം നഗരത്തിൽ 37 ശതമാനത്തോളം സിവറേജ് കണക്ഷനുകൾ ഉണ്ട്. ഗുരുവായൂരിൽ മൂന്ന് എം.എൽ.ഡി മലിന ശുദ്ധീകരണ പ്ലാന്റിന്റെ പണി ഏകദേശം പൂത്തിയായെങ്കിലും ചില അവസാന മിനുക്കുപണികൾ അവശേഷിക്കുന്നു. ഈ പദ്ധതി ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ മുഴുവൻ താമസക്കാരെയും ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എറണാകുളത്ത് വളരെ നേരിയ തോതിലുള്ള മലിനജലനിവാരണ ശൃംഖലയാണുള്ളത്. ആകെ ആയിരം കണക്ഷനുകളാണുള്ളത്. തിരുവനന്തപുരം മലിനജല നിവാരണ പദ്ധതി 1931-ലാണ് രൂപപ്പെടുത്തിയത്.

ചിത്രം 4.2.5
ജില്ല തിരിച്ചുള്ള മാലിന്യ പരിശോധനാ സ്രോതസ്സ് ശതമാനത്തിൽ (11/11/2017–വരെ)



അവലംബം : എൻ.ആർ.ഡി.ഡബ്ല്യു.പി. കുടിവെള്ള ശുചീകരണ മന്ത്രാലയം ഗവൺമെന്റ് ഓഫ് ഇന്ത്യ

മലിനജലനിവാരണത്തിനായി പുതിയ കണക്ഷൻ സിസ്റ്റം പ്രകൃതിയ്ക്ക് അനുയോജ്യമായ രീതിയിൽ പ്രത്യേക ബ്ലോക്കുകൾ എന്നീ പ്രധാന തത്ത്വത്തിലൂന്നി വളരെ ഫലപ്രദമായ മലിനജല നിവാരണമാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി എ, ബി, സി,ഡി, ഇ, എഫ്, ജി എന്നീ 7 ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. ഇതിൽ അവസാന നിവാരണ സ്ഥലം വരെ മുഖ്യമായ മലിനജല പൈപ്പുകളും, ശേഖരണ പൈപ്പുകളും, ശാഖാ പൈപ്പുകളും, ഇടയ്ക്കുള്ള പമ്പിംഗ് മെയിനുകളും, പമ്പിംഗ് സ്റ്റേഷനുകളും വിവിധ ഭാഗങ്ങളിലായി ഉൾപ്പെടുന്നു. ആദ്യ ബ്ലോക്കായ എ 1931–ൽ കമ്മീഷൻ ചെയ്തു. ബി ബ്ലോക്ക് 1965–ലും, സി ബ്ലോക്ക് 1970–ലും കമ്മീഷൻ ചെയ്തു. എന്നാൽ ഡിയും, ഇ–യും ഭാഗികമായി 1994–ലും 1990–ലും യഥാക്രമം കമ്മീഷൻ ചെയ്തു. മുട്ടത്തറയിലെ സിവറേജ് ഫാമിംഗ് സംസ്കരണ രീതിയാണ്. തിരുവനന്തപുരം സിവറേജ് പദ്ധതി ഭാഗികമായി 74.93 സ്ക്വയർ കിലോമീറ്ററിലുള്ള 50 വാർഡുകളുടെ മലിനജലനിവാരണം നടത്തുന്നു. ഇപ്പോൾ ഭാഗികമായോ മുഴുവനായോ എ. മുതൽ ഇ. വരെയുള്ള ബ്ലോക്കുകളിൽ സിവറേജ് സൗകര്യമുണ്ട്. 2013–ൽ ആകെ 107 എം.എൽ. ഡി. കപ്പാസിറ്റിയുള്ള ഒരു സിവറേജ് ട്രീറ്റ്മെന്റ് പ്ലാൻ കമ്മീഷൻ ചെയ്തു. വിവിധയിടങ്ങളിലായി സ്ഥാപിച്ചിട്ടുള്ള 10 പമ്പിംഗ് സ്റ്റേഷനുകളിലെ മലിനജലം സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നു. നിലവിൽ ഈ പ്ലാന്റിൽ എ മുതൽ ഇ വരെയുള്ള ബ്ലോക്കുകളിലെ മലിനജലം ശുദ്ധീകരിക്കപ്പെടുന്നു. അമൃതിലും സംസ്ഥാന പദ്ധതിയിലും സിവറേജ് സൗകര്യം, ഇല്ലാത്തിടത്തേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും, നിലവിലുള്ളവയെ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി (ജലനിധി)

കേരളത്തിലെ ഗ്രാമീണ മേഖലയിലെ എസ്. സി/എസ്.റ്റി (16ശതമാനം), ബി.പി.എൽ (52 ശതമാനം) കാറ്റഗറികളിലെ കുടുംബങ്ങൾക്ക് തുല്യവും മുഴുവൻ ആളുകളെയും ഉൾപ്പടുന്നതും വികേന്ദ്രീകൃതവുമായിട്ടുള്ള ജലവിതരണ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. 2005–ൽ പരീക്ഷണാടിസ്ഥാനത്തിൽ 4 ജില്ലകളിലായി നടത്തിയ ഈ പദ്ധതി ആദ്യഘട്ടത്തിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി ആവശ്യത്തിനനുസൃതമായിട്ടുള്ളതും വികേന്ദ്രീകൃത സേവന വിതരണ സമീപനത്തോടുകൂടി ഇത് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. ജലവിതരണം നടത്തുന്നതിന് രണ്ട് തരത്തിലുള്ള രീതിയാണുള്ളത്. കേരള വാട്ടർ അതോറിറ്റി, ഗ്രാമപഞ്ചായത്തും സഹകരിച്ച് പ്രധാന വൻകിട

ജലവിതരണ പദ്ധതികൾക്കുവേണ്ടി ജി–പാറ്റ്, (ഗ്രാമപഞ്ചായത്ത് ആക്ഷൻ ടീമുകൾ) ഡബ്ലിയു എൽ സി – വാർഡ് തല കമ്മിറ്റികൾ എസ് എൽ സി – കൾ (പദ്ധതി തല കമ്മിറ്റികൾ എന്നിങ്ങനെയുള്ള സ്ഥാപന ധനകാര്യ മാതൃകകൾ രൂപപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എത്തിച്ചു നൽകുന്ന വെള്ളം ഗ്രാമപഞ്ചായത്ത് മുഖേന കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി വിതരണം ചെയ്യുന്നതാണ് രണ്ടാമത്തെ രീതി. സംസ്ഥാനത്ത് മഴവെള്ള കൊയ്ത്ത് നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി ആണ്. ഇതിനു വേണ്ടി കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി യുടെ കീഴിൽ മഴ കേന്ദ്രം എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസി – യെ.ഡബ്ലിയു.എസ്.എസ്.ഒ. (വാട്ടർ ആന്റ് സാനിട്ടേഷൻ ഓർഗനൈസേഷൻ) ആയി നിയോഗിച്ചിട്ടുണ്ട്. 2000–2008 കാലഘട്ടത്തിലാണ് ജലനിധിയുടെ ആദ്യഘട്ടം നടപ്പിലാക്കിയത്. ഈ കാലഘട്ടത്തിൽ 10.56 ലക്ഷം ആളുകൾക്ക് ഉപയോഗപ്രദമായ 3759 ചെറുകിട ജല വിതരണ പദ്ധതികളും 19 വൻകിട ജല വിതരണ പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്. 2012–13 കാലഘട്ടത്തിൽ നടപ്പിലാക്കിയ ജലനിധി II ജലനിധി I–ന്റെ തുടർച്ചയാണ്.

ബോക്സ് 4.2.2
സാധ്യമാകും വരെ അസാധ്യമാണെന്ന് തോന്നും

തിരുവനന്തപുരത്തുള്ള ജലത്തിന്റെ പ്രധാന ഉറവിടങ്ങൾ അരുവിക്കരയിലും (2 ദശലക്ഷം ക്യൂബിക് മീറ്റർ സ്റ്റോറേജ് കപ്പാസിറ്റി), പേപ്പാറ (70 ദശലക്ഷം ക്യൂബിക് മീറ്റർ സ്റ്റോറേജ് ശേഷി)യുമാണ്. ഇത് അരുവിക്കര ജലസംഭരണിയുടെ 25 കിലോമീറ്ററിനുള്ളിലാണ്. അരുവിക്കര, പി പി ടി നഗർ, വെള്ളയമ്പലം എന്നിവിടങ്ങളിലാണ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറുകളിൽ രണ്ട് ലക്ഷം ഉപഭോക്താക്കൾക്ക് 24 മണിക്കൂറും കുടിവെള്ളം ലഭ്യമാകുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ്. കൂടാതെ, ഈ ജലവിതരണ പദ്ധതിക്ക് 5,600 കിലോമീറ്റർ നെറ്റ്‌വർക്ക് കണക്ഷനാണുള്ളത്.

2016 –ൽ കേരളത്തിൽ വാർഷിക മഴയുടെ 34 ശതമാനം കുറവ് രേഖപ്പെടുത്തിയത്. സ്ഥിതിഗതിയുടെ ഗൗരവം കണക്കിലെടുത്ത് കേരള മുഴുവൻ സംസ്ഥാനം വരൾച്ച ബാധിച്ചതമാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. കുടിവെള്ള ലഭ്യതയിലുള്ള കുറവ് കാരണം തിരുവനന്തപുരം നഗരസഭയുടെ ചരിത്രത്തിൽ ആദ്യമായി 2016 ഏപ്രിൽ 18 മുതൽ കുടിവെള്ളം റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വന്നു.

നഗരത്തിന്റെ കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കാൻ ജലവിഭവ വകുപ്പിന് നെയ്യാറിൽ നിന്നു അരവിക്കരയിലേക്ക് ജലവിതരണം നടത്തേണ്ടി വന്നു. അതിൻ പ്രകാരം അടിയന്തിരമായി രണ്ട് ഡ്രഡ്ജിംഗ് ഉപയോഗിച്ച് നെയ്യാറിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളം പമ്പ് ചെയ്യേണ്ടി വന്നു. 50 എം എൽ ഡി കപ്പാസിറ്റിയുള്ള രണ്ട് പുതിയ 180 എച്ച് പി പമ്പുകൾ വാങ്ങാനും 100 എച്ച് പി യുടെ രണ്ട് പമ്പുകൾ വെള്ളയമ്പലത്ത് ലഭ്യമാക്കാനും അടിയന്തിര തീരുമാനം എടുക്കുകയുണ്ടായി. ഇത് നടപ്പിലാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നിലവിൽ സ്റ്റോക്കിൽ ഉള്ള പൈപ്പുകളാണ് റിസർവോയറിൽ നിന്നും കനാലിലേക്ക് ബന്ധിപ്പിക്കുന്നതിന് ഉപയോഗിച്ചത്.

21.04.2017 ൽ തുടങ്ങി റെക്കോർഡ് വേഗത്തിൽ 14 ദിവസം കൊണ്ട് പ്രവൃത്തി പൂർത്തികരിക്കുകയുണ്ടായി. ഓരോ ദിവസവും 117 എം എൽ ഡി നെയ്യാറിൽ നിന്നും കരമനയാറിലേക്ക് മാറ്റുന്നതിന് 1 എം എൽ ഡി കപ്പാസിറ്റിയുള്ള ഒരു ഡ്രെഡ്ജിംഗും 29 എം എൽ ഡി കപ്പാസിറ്റിയുള്ള മറ്റൊരു ഡ്രഡ്ജുമാണ് പ്രവർത്തിപ്പിച്ചത്. കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസ്റ്റി ബോർഡ്, വനം വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവയുടെ യോജിച്ചുള്ള പ്രവർത്തനം ഈ പദ്ധതിയുടെ വിജയത്തിന് കാരണമായി.

ആസൂത്രണത്തിലെ സൂക്ഷ്മത, കൂട്ടായ പ്രവർത്തനം, മികവുറ്റ നേതൃത്വവും, കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർമാരുടേയും മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അർപ്പണബോധവും കൊണ്ടാണ് ഈ വലിയ ദൗത്യം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. വകുപ്പുകളുടെ സമീപകാല ചരിത്രത്തിൽ ഏറ്റവും വെല്ലുവിളി നിറഞ്ഞ പ്രവർത്തനമായിരുന്നു വകുപ്പുകൾ കാഴ്ച വച്ചത്. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ യോജിച്ച പ്രവർത്തനം എത്രമാത്രം സഹായകരമാണെന്നതിന് മാതൃകയാണിത്.

അവലംബം – കേരള വാട്ടർ അതോറിറ്റി

31.03.2017-ലെ കണക്ക് പ്രകാരം 14.90 ലക്ഷം ആളുകൾക്ക് ജലനിധി I, II പദ്ധതികളുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. പാവപ്പെട്ടവരും നിരാലംബരുമായ ആളുകളെ ഉൾപ്പെടുത്തുന്നതിനായിട്ട് പദ്ധതി രൂപകല്പനയിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഗുണഭോക്തൃ സംഘങ്ങളിൽ പൊതു വിഭാഗത്തേക്കാളും കുറഞ്ഞ നിരക്കിൽ പാവപ്പെട്ടവരുടെ വിഹിതം നിജപ്പെടുത്തിയാണ് ഇത് നടപ്പിലാക്കിയത്. തൊഴിലായോ പണമായോ ഗുണഭോക്തൃ വിഹിതം നൽകാവുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. കൂടാതെ ആദിവാസികൾക്ക് വേണ്ടി ഒരു പ്രത്യേക ഘടക പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ട്.

2017 മാർച്ച് 31-ൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്നതിന്റെ ജില്ലതിരിച്ചുള്ള വിശദവിവരം **അനുബന്ധം 4.2.24**-ൽ നൽകിയിരുന്നു. 2017 മാർച്ച് 31-ലെ ജലനിധി സാനിറ്റേഷൻ വിവരങ്ങൾ **അനുബന്ധം 4.2.25**-ൽ കൊടുത്തിരിക്കുന്നു. 2017 മാർച്ച് 31 മൊത്തം ഭൂഗർഭ റീചാർജ്ജ് സ്ട്രക്ചറുകളുടെ എണ്ണം 2429. ഏറ്റവും കൂടുതൽ റീ ചാർജ്ജ് സ്ട്രക്ചറുകൾ ഉള്ളത് കോട്ടയത്താണ് (833). ആലപ്പുഴയിലും എറണാകുളത്തും ഇത്തരം സ്ട്രക്ചറുകൾ ജലനിധി നിർമ്മിച്ചിട്ടില്ല. അതുപോലെ തന്നെ സംസ്ഥാനത്ത് ജില്ല തിരിച്ചുള്ള മൊത്തം 24666 മഴ വെള്ള സംഭരണി സ്ട്രക്ചറുകൾ ജലനിധി നിർമ്മിച്ചു നൽകി. ഏറ്റവും കൂടുതൽ ഇടുക്കിയിലാണ് (7149),

ബോക്സ് 4.2.3
ജല ക്ഷാമം പരിഹരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ

1. ഹരിത കേരളം – സുസ്ഥിര കുടിവെള്ള പ്രവൃത്തികൾ

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നവകേരള പദ്ധതിയിലെ പ്രധാന പദ്ധതികളിലൊന്നാണ് ഹരിത കേരള പദ്ധതി. കേരളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും, സുസ്ഥിരതയ്ക്കും, ഉപയോഗത്തിലും പുതിയ സംസ്കാരം വളർത്തിയെടുക്കുകയാണ് പ്രധാന ലക്ഷ്യം. വർദ്ധിച്ച് വരുന്ന കുടിവെള്ളത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിയിൽ നീർത്തടാധിഷ്ഠിത പദ്ധതികളിലൂടെ ജല ലഭ്യത വർദ്ധിപ്പിക്കകയാണ് ലക്ഷ്യം. പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ സംരക്ഷണം, അരുവികൾ, കിണർ റീച്ചർജിംഗ്, ജലത്തിന്റെ പുനരു പയോഗം, വെള്ളത്തിന്റെ ഉപയുക്തതയിലെ വർദ്ധനവ്, മിതമായ ജല ഉപയോഗം, പ്രാദേശികമായി നടപ്പിലാക്കാവുന്ന പുതിയ സംഭരണികൾ, വിവിധ ഘടകങ്ങളുടെ സംയോജനം എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

2. ജലശ്രീ

തിരുവനന്തപുരം ജില്ലയിൽ സുസ്ഥിരമായ കുടിവെള്ള സമ്പത്ത് ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതിയാണിത്. ക്ഷയോൻമുഖമായ കുടിവെള്ള സ്രോതസ്സുകൾ ജനപങ്കാളിത്തത്തോടു കൂടി നവീകരിക്കുക , ജല സാക്ഷരത എന്നിവയാണ് ഈ പദ്ധതിയുടെ സുപ്രധാന ലക്ഷ്യം. കൂടാതെ, നദികളുടെ പുനരുദ്ധാരണവും സംരക്ഷണവും ഇതിൽ ഉൾപ്പെടുന്നു. ജില്ലാ പഞ്ചായത്തിന്റേയും ജില്ലാ ആസൂത്രണ മിഷന്റേയും സംയോജിത പദ്ധതിയാണെങ്കിലും ഇത് സംസ്ഥാനത്തിന്റെ ഹരിത കേരളം പദ്ധതിയുടെ കീഴിലാണ് ഉൾപ്പെടുന്നത്. മൂന്ന് വർഷത്തിനുള്ളിൽ തിരുവനന്തപുരത്ത് നൂറ് ശതമാനം വെള്ളം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

3. ജല സൗഹൃദ വിദ്യാലയം

മഴവെള്ള സംരക്ഷണം, ഭൂഗർഭ ജല റീചാർജിംഗ് എന്നിവയുടെ ആവശ്യകത വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 14 ജില്ലകളിലെ 840 സർക്കാർ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ജലനിധിയും വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളെ വിദ്യാഭ്യാസ വകുപ്പാണ് തെരഞ്ഞെടുക്കുന്നത് . മഴവെള്ളം സംഭരിക്കുന്നതിന് പതിനായിരം ലിറ്റർ ഫെറോസിമൻറ് ടാങ്ക് സ്കൂളുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തി ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ജലനിധിയുടെ മഴ കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂളുകളിലെ ജലലഭ്യതയിലെ കുറവ് ഒരു പരിധി വരെ പരിഹരിക്കുന്നതിന് ജലം ശേഖരിച്ച് വയ്ക്കുന്നത് സഹായകരമാകുന്നുണ്ട്. നിലവിലുള്ള വരൾച്ച സാഹചര്യത്തിൽ ഈ പദ്ധതിക്ക് വളരെയധികം പ്രാധാന്യമുണ്ട്.

ബോക്സ് 4.2.4
ജലസമൃദ്ധി പദ്ധതി – കാട്ടാക്കടയിലെ ജല സംരക്ഷണ പ്രവർത്തനങ്ങൾ

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടപ്രദേശത്തുള്ള ജലസ്രോതസ്സുകൾ പുനർ നിർമ്മിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിദ്യാർത്ഥികളെ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും ബോധവൽക്കരണം നടത്താനും സ്കൂൾ തലത്തിൽ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും കുടുംബശ്രീ, എൻജി ഒ, നാഷണൽ സർവ്വീസ് സ്കീം, യുവജന ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ റാലികൾ, പൊതുയോഗങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിനു പുറമെ സ്കൂളുകളിലെ കുളങ്ങളുടെ നവീകരണം, കിണറുകളിലെ കൃത്രിമ ജലം നിറയ്ക്കൽ തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുത്തു നടത്തുന്നു. ജല സമൃദ്ധിയിലൂടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ശുചിത്വമിഷനും യുവജന ബോർഡും ചേർന്ന് ജലമിത്രം വളണ്ടിയർമാരെ തെരഞ്ഞെടുകയുണ്ടായി. ഈ പദ്ധതിയിൽ ഉപേക്ഷിച്ച ക്വാറികളിൽ നിന്നും കിണറുകളുടെ അടുത്ത് സ്ഥാപിച്ച റീചാർജ് പിറ്റിലേക്ക് ജലം തിരിച്ച് വിടുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു. ടാപ്പ് ഉപയോഗിച്ച് ക്വാറിയിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നു. പദ്ധതിയുടെ ഭാഗമായി കാട്ടാക്കട നിയമസഭാ പരിധിയിലുള്ള 6 കുളങ്ങൾ ജലസംരക്ഷണത്തിനായി ഉപയോഗിച്ചു. മഴക്കുഴി' നിർമ്മിക്കാൻ നിർദ്ദേശിച്ച ആറ് വാർഡുകളിൽ ഇതിന്റെ പ്രവർത്തനം ആദ്യഘട്ടം പൂർത്തീകരിച്ചു. ഉപയോഗിച്ച വെള്ളം പുനരുപയോഗിക്കുന്നതിനുള്ള പദ്ധതി മലയിൻ കീഴ് സ്കൂളിൽ നടന്ന് വരുകയാണ്. പള്ളിച്ചൽ പഞ്ചായത്തിലെ കണ്ണംകോട് വാർഡിൽ പ്രവർത്തനം നിലച്ച ഗ്രാനൈറ്റ് ക്വാറിയിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

ജലനിധിയുടെ സഹായം: ജലനിധിയുടെ സിസിഡി യൂണിറ്റ് ജലസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നതിനായി കാട്ടാകടയിൽ 7 ടെയിനിംഗ് പ്രോഗ്രാമുകൾ നടത്തുകയുണ്ടായി. അതിൽ 6 എണ്ണം പഞ്ചായത്ത്തലത്തിലും ഒരെണ്ണം ബ്ലോക്ക് തലത്തിലുമാണ് നടത്തിയത്. സ്കൂളുകൾ (അദ്ധ്യാപകർ, കുട്ടികൾ) ആശാ വർക്കർമാർ, അംഗനവാടി ടീച്ചർമാർ, കുടുംബശ്രീ, പ്രേരക്, കെ.എസ്.പി.യു, എൻ.ജി.ഒ തുടങ്ങിയവയുടെ പ്രതിനിധികളാണ് ടെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തിരുന്നത്. ജലസംരക്ഷണം, ഗുണവനിവാരം, പരിഹാരമാർഗ്ഗങ്ങൾ, ജലഗുണനിലവാര കിറ്റ് ഉപയോഗിച്ചുള്ള വ്യക്തിഗത/പൊതു ജലസ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന തുടങ്ങിയവയിൽ പരിശീലനം നൽകുകയുണ്ടായി. സിസിഡി യൂണിറ്റ് 250 ഫീൽഡ് ടെസ്റ്റിംഗ് കിറ്റ്, ബാക്ടീരിയ ടെസ്റ്റിംഗിന് വേണ്ടിയുള്ള 2500 H2s സ്ടിപ്പ്, അവയുടെ ഫലം രേഖപ്പെടുത്തുവാനുള്ള ഫോർമാറ്റ് തുടങ്ങിയവ നൽകുകയുണ്ടായി. ഇതിൽ 76066 പരിശോധനാ ഫലങ്ങളുടെ ഫീഡ്ബാക്ക് ലഭിക്കുകയുണ്ടായി. ബാക്കിയുള്ള വിവരങ്ങൾ ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലഗുണനിലവാരത്തിന്റെ തോതനുസരിച്ച് ചെലവ് കുറഞ്ഞ രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങൾ ഗ്രാമീണ ജനങ്ങൾക്ക് നിർണ്ണയിച്ച് നൽകുകയും വിവരങ്ങൾ വിശകലനം നടത്തുകയും ചെയ്യും.

ഗ്രാമീണ ജനത വെള്ളം ശേഖരിക്കുന്ന സ്വകാര്യ ജലസ്രോതസ്സുകളുടെ ഗുണമേന്മ നിരീക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ ഉത്തരവാദിത്തമാക്കി മാറ്റുന്നതിന് സിസിഡി യൂണിറ്റ് ഉദ്ദേശിക്കുന്നു. പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്തിലെ സ്വയം സഹായ സംഘങ്ങളുടെ പിന്തുണയോടുകൂടി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ബോക്സ് 4.2.5
കുടിവെള്ളത്തെ സംബന്ധിച്ചുള്ള പതിമൂന്നാം പഞ്ചവത്സ പദ്ധതി വർക്കിംഗ് ഗ്രൂപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ

- സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ജല ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വകുപ്പിന് ഫലപ്രദമായിട്ടുള്ള സ്ഥാപന സംവിധാനമുണ്ടാക്കുന്നതിനും ഊന്നൽ നൽകുക
- ഗ്രാമ നഗര പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പൈപ്പു മുഖേനയുള്ള വിതരണ സംവിധാനത്തിൽ തുല്യത ഉറപ്പുവരുത്തുക
- ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുക

- വ്യത്യസ്തങ്ങളായ സേവന വിതരണ മാതൃകകൾ നടപ്പിലാക്കുന്നതിനായി സമൂഹത്തിനും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടേയും സാങ്കേതികവും – ഭരണപരവുമായ ശേഷികൾ ശക്തിപ്പെടുത്തുക
- വിവരങ്ങൾ കൃത്യതയോടുകൂടി രേഖപ്പെടുത്തൽ, വിവരങ്ങളുടെ സമാഹരണം, ക്രോഡീകരണം, വിശകലനം, ചോർച്ച കണ്ടു പിടിക്കുന്നതും തടയുന്നതമായ സങ്കേതങ്ങളുടേയും സാങ്കേതിക വിദ്യയുടേയും മെച്ചപ്പെടുത്തൽ, പ്രൊജക്ടുകൾ സമയബന്ധിതമായ നടപ്പിലാക്കൽ, സേവനാധിഷ്ഠിതമായ സമീപനം തുടങ്ങിയവ ആവശ്യമാണ് .
- കേരള വാട്ടർ അതോറിറ്റി, ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ തുടങ്ങിയവ കുടിവെള്ള മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ജി ഐ എസ് ഉപയോഗിച്ച് ഒരേ തലത്തിൽ കൊണ്ട് വന്ന് വിശകലനം നടത്തി കുടിവെള്ള മേഖലയിലെ ന്യൂനത പരിഹരിച്ച് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുക.
- വിവിധങ്ങളായ ഏജൻസികൾ സാധൂകരിക്കുന്നതിനോടൊപ്പം ഒരു സമ്പൂർണ്ണമായ വിവര ശാഖകൂടി രൂപപ്പെടുകയും കുടിവെള്ള മേഖലയിലെ വിവിധ ഗുണഭോക്താക്കളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി അവലോകനം നടത്തേണ്ടതുണ്ട്. ഇതിനു വേണ്ടി ജലവിഭവ സെക്രട്ടറി ചെയർമാനായും കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, സി ജി ഡബ്ലിയു ബി, മണ്ണ് സംരക്ഷണം, ഭൂഗർഭ ജലവകുപ്പ്, പ്ലാനിംഗ്, തദ്ദേശസ്വയംഭരണം, സെൻട്രൽ വാട്ടർ കമ്മീഷൻ, ജലനിധി, കൃഷി വകുപ്പ് തുടങ്ങിയവയിലെ ഉന്നത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയുള്ള ചേർന്നുള്ള ഒരു സെൽ രൂപീകരിക്കേണ്ടതുണ്ട് .
- ജി.ഐ.എസ് ഫ്രെയിം വർക്കിൽ കൃത്രിമ റീചാർജ്ജ് സ്ട്രക്ച്ചറുകൾ രേഖപ്പെടുത്തുക. കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്ക് കൃത്രിമമായി റീ ചാർജ്ജ് ചെയ്യാൻ പറ്റുന്ന സ്ട്രക്ച്ചറുകൾ ആവശ്യമാണ്. ഇതിനുശേഷമുള്ള വിലയിരുത്തൽ പഠനം ഭാവിയിൽ ആവശ്യമാണ്. പദ്ധതി അനുമതി വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നൽകിയാൽ ആവർത്തനം ഒഴിവാക്കാം.
- കിണറിലെ വെള്ളം ഉപയോഗിക്കുന്നവരുണ്ടെങ്കിൽ അതിന്റെ ഗുണമേൻമ ഉറപ്പു വരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടിവെള്ളത്തിന്റെ ഗുണമേൻമയെ സംബന്ധിച്ച് പൊതുജനത്തിന് അവബോധം നൽകേണ്ടതും ജല ഗുണനിലവാര പരിശോധനാ ലാബുകൾ ഏകീകരിക്കേണ്ടതുമാണ്.
- ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് നിലവിലുള്ള നിയമം കർശനമായി ഉപയോഗിക്കേണ്ടതാണ്.
- മഴവെള്ള കൊയ്ത്തും ഭൂഗർഭ ജല പുനരുജ്ജീവനവും ഉറപ്പ് വരുത്തേണ്ടതാണ്.
- കുടിവെള്ള സംഭരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യം വർദ്ധിപ്പിക്കേണ്ടതാണ്
- കാലാ കാലങ്ങളായി വരൾച്ച സമയങ്ങളിൽ ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾക്ക് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

പിറകെ കോട്ടയം(4664), കാസർഗോഡ് (2765), പാലക്കാട് (2242) ആണ് (**അനുബന്ധം 4.2.26** കാണുക) 2017 മാർച്ച് 31–ലെ ജലനിധിയുടെ വിവരശേഖരം അനുസരിച്ച് ആകെയുള്ള 5072 പദ്ധതികളിൽ 1293 പദ്ധതികൾ പ്രവൃത്തന രഹിതമാണ്. ഇത്, സാങ്കേതികം, സാമൂഹികം, സാമ്പത്തികം എന്നീ പ്രശ്നങ്ങളാലാണ്. 2017 മാർച്ച് 31 വരെ നടപ്പിലാക്കിയ പദ്ധതികൾ പ്രവർത്തിക്കുന്നവ പ്രവർത്തനരഹിതമായവ എന്നിവയുടെ വിവരങ്ങൾ **അനുബന്ധം 4.2.27**–ൽ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങളും വെല്ലുവിളികളും

ശുദ്ധജലത്തിന്റെ വർദ്ധിച്ച് വരുന്ന ആവശ്യകത സംസ്ഥാനത്തിന്റെ ഒരു

പ്രധാന വെല്ലുവിളിയാണ്. മലിനമാകാത്ത ജലസ്രോതസ്സുകളുടെ ലഭ്യത സംസ്ഥാനത്ത് ദുർലഭവും വളരെ വേഗത്തിൽ കുറയുന്നവയുമാണ്. ശരിയായ ശുചിത്വ സംവിധാനത്തിന്റെ അഭാവം ലഭ്യമായ ജല സ്രോതസുകളെ മാലിന്യമാക്കും. നഗര കേന്ദ്രീകൃതമായ വളർച്ചയുടെ സ്ഥിതിമാറ്റം നഗരത്തിന്റെ വിവിധ ഇടങ്ങളിൽ ജനങ്ങൾ വളരെയധികം കേന്ദ്രീകരിക്കുന്നതിനിടയാകും. ഇതും അശാസ്ത്രീയമായ ശുചീകരണ പ്രക്രിയയും കൂടി ചേർന്നാൽ ലഭ്യമായ ജലസ്രോതസ്സുകൾ മലിനമാക്കപ്പെടും. വ്യാവസായിക വളർച്ചയും മലിനീകരണത്തിന് കാരണമാകുന്ന ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തെ കുടിവെള്ള പ്രതിസന്ധിയുടെ തീവ്രത നേരിടുന്ന പ്രശ്നങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ജലത്തിന്റെ ഗുണനിലവാരവും മലിനീകരണവും, ഭൂഗർഭ ജല ശോഷണം, മഴ ലഭ്യതയിലുള്ള കുറവ്, അഴുക്ക് ചാൽ, വിവരങ്ങളുടെ ലഭ്യത കുറവ്, കുടിവെള്ളം – ശുചിത്വം എന്നീ മേഖലകളിലുള്ള ഏജൻസികളുടെ ഏകീകരണം, മഴക്കൊയ്ത്ത്, ഭൂഗർഭ ജല പരിപോഷണം, ഉപരിതല ജലം ഒഴുകിപോകുന്നത് തടയുക, വരൾച്ച തുടങ്ങിയവയാണ് അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലകൾ. ജല പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലനിർത്തുന്നതിനും പ്രാദേശികമായി ലഭ്യമായിട്ടുള്ള വൈദഗ്ധ്യം ഉപയോഗിക്കേണ്ടതാണ്, ഇതിലേക്കായി മേഖലയിൽ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ട്.

4.3 സാമൂഹ്യ സേവനം

ലിംഗപദവിയും വികസനവും

യു.എൻ.ഡി.പി 2010 മുതൽ എല്ലാ വർഷവും പുറത്തിറക്കുന്ന ലിംഗ അസമത്വ സൂചിക (ജി.ഐ.ഐ)യിൽ 159 രാഷ്ട്രങ്ങളുടെ പട്ടികയിൽ 125-ാം സ്ഥാനത്താണ് ഇന്ത്യ (മാനവ വികസന റിപ്പോർട്ട് 2016). മൂന്ന് പ്രധാന മേഖലകളിലെ ലിംഗഅസമത്വമാണ് ജി.ഐ.ഐ കാണിക്കുന്നത്. 1) പ്രത്യുൽപ്പാദന ആരോഗ്യം (മാതൃമരണനിരക്കും കൗമാര ജനനനിരക്കും വഴി കണക്കാക്കുന്നു.) 2) ശാക്തീകരണം (സ്ത്രീകൾ വഹിക്കുന്ന പാർലമെന്റ് സീറ്റുകളുടേയും സെക്കന്ററി വിദ്യാഭ്യാസം ലഭിച്ച മുതിർന്ന സ്ത്രീകളുടേയും പുരുഷന്മാരുടേയും അനുപാതം വഴി കണക്കാക്കുന്നു). 3) തൊഴിൽ വിപണി പങ്കാളിത്തം വഴി പ്രകടമാകുന്ന സാമ്പത്തിക സ്ഥിതി. ആദ്യത്തെ 10 രാജ്യങ്ങളുടെ സൂചിക 0.05 ലും താഴെയായിരിക്കുമ്പോൾ ഇന്ത്യയുടെ അസമത്വ സൂചിക 0.563 ആയി വളരെ ഉയർന്നു നില്ക്കുന്നു.

ഇത് സൂചിപ്പിക്കുന്നത് നമ്മുടെ സർക്കാരിന്റെ നിഷ്ഫലമായ നയങ്ങളും ലിംഗഅസമത്വങ്ങളെ കൈകാര്യം ചെയ്യുന്നതിലുള്ള വലിയ തോൽവിയുമാണ്. മറ്റ് ചില ഏഷ്യൻ വികസ്വര സമ്പദ് വ്യവസ്ഥകളിൽ നിന്നും തികച്ചും വ്യത്യസ്തമായി ഇന്ത്യയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഏറ്റവും കുറവാണെന്നത് അറിവുള്ള കാര്യമാണ്. ഉയർന്ന വളർച്ചാ നിരക്കുകളുണ്ടെങ്കിലും യഥാർത്ഥത്തിൽ 2000-ങ്ങളുടെ മധ്യം മുതൽ തന്നെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞുവരുന്ന ഒരു പ്രവണതയാണ് കാണിക്കുന്നത്. വികസ്വര രാഷ്ട്രങ്ങളിൽ ഏറ്റവും കുറഞ്ഞ സ്ത്രീ തൊഴിൽശക്തി പങ്കാളിത്തനിരക്കുകളുള്ള രാജ്യങ്ങളിലൊന്നായ ഇന്ത്യ, സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുന്നതിനായി സ്ത്രീ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഒരു ഐ.എം.എഫ് വർക്കിംഗ് പേപ്പർ പറയുന്നു. 2011-12 -ലെ ഇന്ത്യയുടെ സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്തം 33 ശതമാനമാണെന്നത് വസ്തുതാപരമായി ആഗോള ശരാശരിയായ 50 ശതമാനത്തേക്കാൾ കുറവാണ്. 'പ്രസക്തമായ നയങ്ങളെ ആശ്രയിച്ചുകൊണ്ട് സാമ്പത്തിക വളർച്ചയെ 1.5-നും 2.4 ശതമാനത്തിനുമിടയിൽ ഓരോ വർഷവും വർദ്ധിപ്പിക്കാൻ കഴിയും' എന്ന് 2015[1]-ലെ ഐ.എം.എഫ് പഠനം പറയുന്നു. അതുകൊണ്ട് സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഇത് സാമ്പത്തികവും വാണിജ്യപരവുമായ ബോധമുണ്ടാക്കുന്നു. അടിയന്തര നയ ഇടപെടലിന്റേയും സക്രിയ ചിന്തയുടെയും സ്ത്രീകളുടെ ക്രമാനുഗത കോട്ടങ്ങളെ മറികടക്കുന്നതിനായുള്ള പൊതു നയങ്ങളുടേയും ആവശ്യകതയുണ്ടെന്ന് 2015 വർഷം പ്രസിദ്ധീകരിച്ച മാനവ വികസന റിപ്പോർട്ട് നിരീക്ഷിക്കുന്നു.

ദേശീയ സാഹചര്യങ്ങൾ തുടരുമ്പോൾ തന്നെ സാമൂഹ്യവികസനത്തിന്റെ മാതൃകയായി അറിയപ്പെടുന്ന കേരളത്തിൽ സ്ത്രീകളുടെ അവസ്ഥയുടെ സമാന്തര പ്രവണതകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തു. 2011 സെൻസസിൽ റിപ്പോർട്ട് ചെയ്ത 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന അനുപാതത്തോടെ ശുഭകരമായ ലിംഗാനുപാതം സ്ഥിരമായി തുടരുന്ന രാജ്യത്തെ ഒരേ ഒരു സംസ്ഥാനം കേരളമാണ്. കേരളത്തിലെ മാനവവികസന സൂചികകളിലെ ശ്രദ്ധേയ നേട്ടങ്ങൾ സ്ത്രീകളുടെ അവസ്ഥകളിലും ശരിയായ പ്രഭാവം ഉണ്ടാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ലിംഗ അസമത്വ സൂചികകളിൽ പ്രതിപാദിക്കുന്നത് പോലെ കുറഞ്ഞ മാതൃമരണ നിരക്ക്, കുറഞ്ഞ കൗമാര ജനന നിരക്ക്, സെക്കന്ററി വിദ്യാഭ്യാസം ലഭിച്ച വനിതകളുടെ കൂടിയ നിരക്ക് എന്നിവയിലും സംസ്ഥാനത്തിന്റെ

1. "ഇന്ത്യയിലെ സ്ത്രീ തൊഴിലാളികൾ : എന്തുകൊണ്ട് ധാരാളം പേരുടെ കൂട്ടത്തിൽ വളരെ കുറച്ചു മാത്രം" സോണാലി ദാസ് മറ്റുള്ളവരും1, മാർച്ച് 2015 ഡബ്ല്യൂപി/15/55

പ്രവർത്തനം ഏറെ ആശാവഹമാണ്. സാമ്പത്തിക സാഹചര്യങ്ങളിലും (തൊഴിൽ വിപണി) രാഷ്ട്രീയത്തിലെ[2] ഭരണ വിന്യാസത്തിന്റെ ഉയർന്ന തലങ്ങളിലും സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം എന്ന രണ്ടു പ്രധാന സൂചികകളിലെ നേട്ടങ്ങളെ വ്യാഖ്യാനിക്കുവാൻ സംസ്ഥാനത്തിന് അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. തൊഴിൽ വിപണി പങ്കാളിത്തവും പാർലമെന്റ് സീറ്റുകൾ വഹിക്കുന്ന സ്ത്രീകളുടെ അനുപാതവും കാണിക്കുന്നത് കേരളത്തിന്റെ കണക്കുകൾതീരെ കുറഞ്ഞവയാണെന്നാണ്. അത് ദേശീയ ശരാശരിയേക്കാളും കുറഞ്ഞവയാണ്. ഇതൊരു വൈരുദ്ധ്യമാർന്ന സ്ഥിതിവിശേഷമാണ് മുന്നോട്ടു വയ്ക്കുന്നത്. കേരളത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിലേയും ആരോഗ്യസ്ഥിതിയിലേയും നേട്ടങ്ങൾ ആകർഷകമാണ്. അതേസമയം അവരുടെ സാമ്പത്തിക സ്ഥിതിയും രാഷ്ട്രീയ പദവിയും (ഉന്നതതലത്തിൽ) ശരാശരിയേക്കാൾ താഴെയാണ്.

എൻ.എസ്.എസ്.ഒ പുറത്തിറക്കിയ 2011–12 വിവരങ്ങൾ (താഴെ കാണിച്ചിരിക്കുന്നതുപോല) പ്രകാരം ഒരു വളരെ ചെറിയ അനുപാതം സ്ത്രീകൾ മാത്രമേ ഇന്ധനം, കാലിതീറ്റ, വെള്ളം[3] എന്നിവ ശേഖരിക്കുന്നതിൽ വ്യാപൃതരാകുന്നുള്ളൂ എന്നതിനാൽ കുടുംബത്തിനുള്ളിൽ ഭാരിച്ച ജോലികളിൽ കേരളത്തിലെ സ്ത്രീകൾ വളരെ കുറച്ചുമാത്രം കൈകാര്യം ചെയ്യുന്നുള്ളൂയെങ്കിലും കേരളത്തിലെ സ്ത്രീകൾ തൊഴിൽ ശക്തിയിൽ നിന്നും തൊഴിലന്വേഷകരായി പോലും ഇല്ലാതെ വിട്ട് നിൽക്കുന്നതെന്തുകൊണ്ടാണ് എന്നത് ഇന്ത്യൻ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ഉയർന്ന ഒരു സങ്കീർണ്ണ പ്രശ്നമാണ്. കേരളത്തിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് അഖിലേന്ത്യാകണക്കുകളേക്കാൾ 5 ഇരട്ടി കൂടുതലാണ്. ഗ്രാമീണ മേഖലകളിൽ വിദ്യാഭ്യാസമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 25.8 ശതമാനമായി ഉയർന്നു നിൽക്കുന്നു. (ദേശീയ തലത്തിൽ 9.7 ശതമാനം). എന്നിരുന്നാലും അടുത്തിടെ തൊഴിലില്ലായ്മ നിരക്കിൽ ഒരു കുറവ് കാണുന്നുണ്ട്. ഒരു പക്ഷേ തൊഴിൽ വിമുഖത കൊണ്ടാവാം സ്ത്രീകളിലെ തൊഴിലന്വേഷകരുടെ അനുപാതത്തിലും ഈ കുറവുണ്ടാകുന്നത്.

എൻ.എസ്.എസ്.ഒ യുടെ തൊഴിൽ നിർവചന പ്രകാരം 'പ്രത്യേക പ്രവർത്തനങ്ങളിൽ' എന്ന വിഭാഗത്തിൽ കേരളത്തിലെ സ്ത്രീകൾ വീടുകളിൽ ചെയ്യുന്ന പ്രത്യേക ജോലികൾ കണക്കിൽപ്പെടുത്താൻ കഴിഞ്ഞില്ല. അങ്ങനെ ചെയ്താലും ആ ജോലികളുടെ സിംഹഭാഗവും വേതനമില്ലാത്തതോ ഏറ്റവും കുറഞ്ഞ ഉല്പാദന ക്ഷമതയുള്ളതോ ആയതു കൊണ്ട് ജോലിയായിട്ടുപോലും കണക്കിൽപ്പെടുത്താൻ കഴിയുന്നില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് (2017–22) ലിംഗപദവി എന്ന വിഷയത്തിൽ സംസ്ഥാന ആസൂത്രണബോർഡ് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. (എ) സ്ത്രീകൾക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും അവശ്യ നൈപുണ്യം കൈവരുത്തുക വഴി വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കുക (ബി) ലിംഗാധിഷ്ഠിത അതിക്രമങ്ങളെ തടയുക, പരിഹാരം കാണുക, പുനരധിവസിപ്പിക്കുക (സി) സ്ത്രീകളുടെ വേതനമില്ലാത്ത കുടുംബജോലികളിൽ പൊതു നിക്ഷേപം വർദ്ധിപ്പിക്കുക, പ്രത്യേകിച്ച് ശിശുക്കളേയും മുതിർന്നവരേയും പരിചരിക്കൽ (ഡി) തദ്ദേശീയ തലത്തിൽ ലിംഗാധിഷ്ഠിത ഭരണ ശാക്തീകരണം (ഇ) ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എഫ്) ഓരോ വകുപ്പിലേയും ആസൂത്രണ നടപടികളെ ലിംഗ പ്രതികരണാത്മക ബഡ്ജറ്റിംഗുമായി സംയോജിപ്പിക്കുക എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ സമ്പൂർണ്ണമായൊരു പരിശോധന വർക്കിംഗ് ഗ്രൂപ്പ് നടത്തുകയുണ്ടായി. സ്ത്രീകളും തൊഴിലും, വിദ്യാഭ്യാസവും നൈപുണ്യവികസനവും, കുടിയേറ്റ സ്ത്രീ തൊഴിലാളികൾ, പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ, എൽ.ജിബി.റ്റി.കളും സ്ത്രീകളും തദ്ദേശ ഭരണവും എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ വിവിധ വിഭാഗങ്ങളിൽ പ്രതിപ്പാദിക്കുന്നത്. (**ബോക്സ് 4.3.1**).

ജനസംഖ്യാ പ്രത്യേകതകൾ

ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളെന്ന പദവിയോടെ കേരളം അതിന്റെ ശുഭകരമായ ആൺ–പെൺ അനുപാതത്തിൽ അറിയപ്പെടുന്ന

2. തദ്ദേശീയ തലത്തിൽ 50 ശതമാനത്തിൽ കൂടുതൽ സ്ത്രീ പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടത് കേരളത്തെ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലേത്തിച്ചു.

3. തീർച്ചയായും കേരളത്തിൽ ചില പ്രദേശങ്ങളിലും സാമൂഹ്യ സാമ്പത്തിക സംഘങ്ങളിലും ദാരിദ്രം ഉയർന്ന തോതിലാണെങ്കിലും ഇവിടെ അടിസ്ഥാവ സേവനങ്ങൾ സ്ത്രീകൾക്ക് ശരാശരി മെച്ചപ്പെട്ട നിലയിൽ ലഭ്യമാകുന്നുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു.

ഒരു സംസ്ഥാനമാണ്. കേരളത്തിലെ ആകെയുള്ള സ്ത്രീ–പുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ എന്നത് 2001–ൽ 1058 സ്ത്രീകൾ ആയിരുന്നു (**അനുബന്ധം 4.3.1**). കുട്ടികളിലെ ആൺ–പെൺ അനുപാതം 1991–2011 കാലയളവിൽ ഏറെക്കുറെ സുസ്ഥിരമായിരുന്നെങ്കിലും 2001–ൽ 963 ആയിരുന്നത് 2011–ൽ 959 ആയത് ശ്രദ്ധിക്കേണ്ട കാര്യമാണ്. എന്നാലും 2011 സെൻസസ് പ്രകാരം കേരളത്തിലെ കുട്ടികളുടെ ആൺ–പെൺ അനുപാതം രാജ്യത്തിലെ ശരാശരിയായ 914 –നേക്കാൾ മെച്ചപ്പെട്ടതാണ്. എന്നിരുന്നാലും, ദേശീയ കുടുംബാരോഗ്യ സർവ്വേ 2015–16 പ്രകാരം അഞ്ചു വയസ്സിൽ താഴെയുള്ളവരുടെ ആൺ–പെൺ അനുപാതത്തിൽ പെൺകുട്ടികളുടെ അനുപാതം ശുഭകരമാണ്. ഇത് **ചിത്രം 4.3.1** –ൽ കൊടുത്തിരിക്കുന്നു.

0–5 പ്രായത്തിലുള്ള ശിശുജനസംഖ്യയുടെ അനുപാതം 7.5ശതമാനം. ഇന്ത്യയിലിത് 9.7 ശതമാനത്തോടെ ഉയർന്ന നിരക്കിലാണ്. എന്നാൽ 60 വയസ്സ് പ്രായമുള്ളവരുടെ

ബോക്സ് 4.3.1
ലിംഗപദവിയെക്കുറിച്ചുള്ള 13–ാം പഞ്ചവത്സര പദ്ധതി വർക്കിംഗ് ഗ്രൂപ്പ്

സ്ത്രീകളുടെ ജോലി, തൊഴിൽ, നൈപുണ്യ വികസനം എന്നിവയെക്കുറിച്ച് താഴെ പറയുന്ന അഞ്ചു മേഖലകളിൽ പ്രത്യേക താല്പര്യത്തോടെയുള്ള ഇടപെടലിന്റെ ആവശ്യകത സൂചിപ്പിക്കുന്ന അഞ്ചു തരത്തിലെ നയബന്ധങ്ങളോടെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. (എ) പ്രത്യുൽപ്പാദന പ്രക്രിയയുടെ ക്ലേശം (ബി) വേതനമുള്ള സ്ത്രീ തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ചട്ടങ്ങൾ ഉണ്ടാക്കുകയും നടപടികൾ എടുക്കുകയും ചെയ്യുക (സി) സുരക്ഷിതമായ പൊതു അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് ഭരണ തലത്തിലുള്ള ഇടപെടലുകൾ (ഡി) പൊതു വിദ്യാഭ്യാസ സംവിധാനത്തിൽ തൊഴിലുമായി ബന്ധപ്പെട്ട ഘടകങ്ങൾ നൽകുക (ഇ) സ്ത്രീകൾക്ക് മെച്ചപ്പെട്ട കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി തൊഴിൽ ദാതാക്കളെ പ്രേരിപ്പിക്കുന്നതിനായി സാമ്പത്തികമോ മറ്റു പ്രോത്സാഹനങ്ങളോ ഉപയോഗിക്കുക (എഫ്) സ്ത്രീകളെ ലഭ്യമായ ജോലികളിലേക്ക് ആകർഷിക്കുന്നതിനായി ക്യാമ്പയിൻ നടത്തുക. ഇത്തരം നയപരമായ കാര്യങ്ങളിൽ കൂടെ ധാരാളം പ്രത്യേക പ്രോജക്ടുകളും പദ്ധതികളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കുകയുണ്ടായി.

അതുപോലെ വിദ്യാഭ്യാസമേഖലയിലെ ലിംഗാധിഷ്ഠിത പ്രശ്നങ്ങളെ നേരിടുന്നതിനായി അദ്ധ്യാപകർക്ക് ലിംഗാവബോധ പരിശീലനങ്ങൾ, പാഠഭാഗങ്ങളിൽ മാറ്റം വരുത്തക, ലിംഗ പദവിയെക്കുറിച്ചുള്ള ഹ്രസ്വകാല കോഴ്സുകൾ നടത്തുക എന്നിവയും നിർദ്ദേശിച്ചിട്ടുണ്ട്.

പ്രതിരോധം, പരിഹാരം, പുനരധിവാസം എന്നിങ്ങനെ പ്രശ്നങ്ങളുടെ മൂന്നുവശങ്ങളെ പരിഗണിച്ചുകൊണ്ട്, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെ തടയുന്നതിനായും പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

എൽ.ജി.ബി.റ്റിയ്ക്കു വേണ്ടിയുള്ള ഇടപെടലുകൾക്കായുള്ള പ്രധാന മേഖലകൾ പരിഗണിക്കുന്ന ചർച്ചകളും പ്രത്യേക നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് നടത്തുകയുണ്ടായി. താഴെ പറയുന്നവ വർക്കിംഗ് ഗ്രൂപ്പ് തിരിച്ചറിയുകയും നിർദ്ദേശിക്കുകയും ചെയ്തു.

എ)സുരക്ഷിതമായ ജീവനോപാധിയും മതിയായ വരുമാനവും ലഭ്യമാണെന്ന് ഉറപ്പു വരുത്തുന്നതിന് സുനിശ്ചിതവും സുരക്ഷിതവുമായ നടപടികൾ സ്വീകരിക്കുക (ബി) വിദ്യാഭ്യാസം പൂർണ്ണമായും പ്രാപ്യമാക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുരക്ഷ ഉറപ്പു വരുത്തുകയും ചെയ്യുക (സി) പൂർണ്ണ പൗരത്വം ഉറപ്പാക്കുന്നതിനുള്ള നെറ്റ് വർക്കുകൾ ഉൾപ്പെടെയുള്ള നടപടികളും സ്ഥാപന ഘടനകളും (ഡി) റ്റി.ജി. വ്യക്തികൾക്കായി സ്വകാര്യത സംരക്ഷിക്കുന്നതിനുള്ള ഇതര ഗാർഹിക സ്ഥലങ്ങൾ കണ്ടെത്തുന്നതിനും സഹായം നല്കുക.

"വികേന്ദ്രീകൃത ഭരണവും ലിംഗപദവിയുടെ കേന്ദ്രീകരണവും" എന്ന മേഖല പരിഗണിക്കുമ്പോൾ തദ്ദേശ സ്ഥാപനങ്ങളിലെ ജൻഡർ ബഡ്ജറ്റിംഗ്, ഓഡിറ്റിംഗ്, സെൻസിറ്റീവ്/ട്രാൻസ്ഫോമേറ്ററി പ്ലാനിംഗ് എന്നിവയെക്കുറിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രത്യേക നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. ദളിതർ, മത്സ്യബന്ധന സമുദായത്തിലുള്ളവർ എൻഡോസൾഫാൻ ബാധിതർ തുടങ്ങിയ നിരാലംബ സമുദായങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രത്യേകമായി പരാമർശിച്ചു.

ചിത്രം. 4.3.1
സ്ത്രീ പുരുഷാനുപാതത്തിന്റെ താരതമ്യം – ഇന്ത്യയും കേരളവും



ഉറവിടം:- എൻ.എഫ്.എച്ച്.എസ് റിപ്പോർട്ട് 2015-16

ജനസംഖ്യ 12.6 ശതമാനത്തോടെ കേരളത്തിൽ ദേശീയ ശരാശരിയായ 8 ശതമാനത്തേക്കാൾ കൂടുതലാണ്. പ്രായം അടിസ്ഥാനമാക്കി ജനസംഖ്യ **പട്ടിക 4.3.1** –ൽ ചിത്രീകരിച്ചിരിക്കുന്നു. കേരളത്തിലെ ശിശുജനസംഖ്യാനുപാതം പ്രായമേറിയവരുടെ ജനസംഖ്യാനുപാതത്തേക്കാൾ കുറവാണെന്നും അത് ദേശീയ ശരാശരിയിലെത്തുമ്പോൾ നേരെതിരിച്ചാണെന്നും വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. (**അനുബന്ധങ്ങൾ 4.3.2,4.3.3,4.3.4**).

നഗര ഗ്രാമീണ മേഖലയിലുള്ള 15 വയസ്സിനു മുകളിൽ പ്രായമേറിയവരുടെ കാര്യത്തിൽ കേരളത്തിലെ ലിംഗാധിഷ്ഠിത ജനസംഖ്യാ ഘടന സ്ത്രീകൾക്കനുകൂലമാണ്. 14 വയസ്സിനു താഴെവരെയുള്ള പുരുഷ ജനസംഖ്യാനുപാതം ഇന്ത്യയിലും കേരളത്തിലും ഉയർന്ന തോതിലാണ്. പക്ഷേ അതിന്റെ വ്യത്യാസം കേരളത്തിൽ താരതമ്യേന കുറവാണ്.

സാക്ഷരതയും വിദ്യാഭ്യാസവും

കേരളത്തിലെ സ്ത്രീ സാക്ഷരതാ നിരക്കായ 92 ശതമാനം ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതാണ്. എന്നിരുന്നാലും ലിംഗപദവിയിലെ ഒരു ചെറിയ വിടവ് നിലനിൽക്കുന്നു. എന്നാൽ കഴിഞ്ഞ 6 ദശകങ്ങളിൽ ഈ വിടവ് കുറഞ്ഞ് വരുന്നതായി കാണാം. (**ചിത്രം 4.3.2**)

ദേശീയ കുടുംബാരോഗ്യ സർവ്വേ നൽകുന്ന വിവരങ്ങളനുസരിച്ച് കേരളത്തിലെ മുതിർന്ന സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ദേശീയ ശരാശരിയേക്കാൾ മുമ്പിലാണ്. 10 വർഷം വിദ്യാഭ്യാസം പൂർത്തിയാക്കിയ വനിതകളുടെ അനുപാതം ഇന്ത്യയിലേക്കാൾ ഇരട്ടിയാണ്. (**പട്ടിക 4.3.2**)

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രൈമറി തലത്തിൽ സാർവത്രിക പ്രവേശനം സാധ്യമായിട്ടുണ്ട്. ലിംഗപദവി തുല്യത ഇക്കാര്യത്തിൽ നേടിയിട്ടുമുണ്ട്. സ്ക്കൂളുകളിൽ മൊത്തം വിദ്യാർത്ഥികളിൽ 48.98 ശതമാനം പെൺകുട്ടികളാണ്. ഹയർസെക്കന്ററി പ്രവേശനത്തിന്റെ കാര്യത്തിൽ 51.84 ശതമാനമുള്ള പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണ്. കൊഴിഞ്ഞുപോക്ക് നിരക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറവാണ്. വിദ്യാഭ്യാസത്തിന്റെ തൃതീയതലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. ഉദാഹരണത്തിന്,

ചിത്രം 4.3.2
കേരളത്തിലെ സാക്ഷരതാനിരക്ക്



അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

പട്ടിക 4.3.1
ലിംഗം, പാർപ്പിടം അടിസ്ഥാനത്തിലുള്ള വിവിധ പ്രായത്തിലുള്ളവരുടെ ജനസംഖ്യാ ശതമാനം

പ്രായം		ആകെ			ഗ്രാമം			നഗരം		
		ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
0മുതൽ 5 വയസ്സുവരെ	ഇന്ത്യ	9.7	9.9	9.5	10.3	10.5	10.1	8.2	8.3	8
	7.5	8	7.1	7.5	8	7.1	7.5	8	7	7
0 മുതൽ 14 വയസ്സുവരെ	29.5	30	28.8	30.9	31.5	30.3	25.5	26.1	24.9	24.9
	23.2	24.8	21.7	23.3	24.9	21.8	22.8	24.4	21.4	21.4
15 മുതൽ–59 വയസ്സുവരെ	62.5	62.2	62.8	61	60.7	61.3	66.6	66.2	66.9	66.9
	64.3	63.4	65	64.1	63.3	64.9	64.7	63.8	65.6	65.6
60 വയസ്സും അതിനു മുകളിലും	8	7.7	8.4	8.1	7.8	8.4	7.9	7.6	8.2	8.2
		11.8	13.3	12.6	11.8	13.4	12.4	11.8	13	13

അവലംബം: ഇന്ത്യ സെൻസസ്, 2011

2015–16 ൽ നാല് യൂണിവേഴ്സിറ്റികളിലുമായി ആർട്സ് ആന്റ് സയൻസ് വിഷയങ്ങളിലുള്ള ബിരുദ പ്രവേശനത്തിന് 68.6 ശതമാനം പെൺകുട്ടികളാണ് ഉണ്ടായിരുന്നത്. ബിരുദാനന്തര ബിരുദം പരിഗണിക്കുമ്പോൾ പെൺകുട്ടികളുടെ നില 69.24 ശതമാനത്തോടെ ഉയർന്നു നിൽക്കുന്നു. അതുകൊണ്ട് തന്നെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളത്തിൽ പെൺകുട്ടികളുടെ സ്ഥാനം ഉയർന്നതാണ്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും പ്രവേശനം പരിഗണിക്കുമ്പോൾ, അവസ്ഥ വ്യത്യസ്തമാണ്.

പട്ടിക 4.3.2
മുതർന്ന സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം (വയസ്സ് 15–59)

സൂചികകൾ	2005–06		2015–16	
	കേരളം	ഇന്ത്യ	കേരളം	ഇന്ത്യ
സാക്ഷരതാ സ്ത്രീകൾ (%)	93	55.1	97.9	68.4
സാക്ഷരരായ പുരുഷന്മാർ (%)	95.5	78.1	98.7	85.7
6 വയസ്സിനും അതിനു മുകളിലുമുള്ള സ്കൂൾ വിദ്യാഭ്യാസം ലഭിച്ച ജനസംഖ്യ(സ്ത്രീ) (%)	89.8	58.3	95.4	68.8
10 വർഷമോ അതിൽ കൂടുതലോ സ്കൂൾ വിദ്യാഭ്യാസം ലഭിച്ച് സ്ത്രീകൾ (%)	48.7	22.3	72.2	35.7

എൻ.എഫ്. എച്ച്.എസ്-4, 2015-16

എഞ്ചിനീയറിംഗ് കോളേജുകളിൽ മൊത്തം കുട്ടികളുടെ പ്രവേശനത്തിൽ 43.74 ശതമാനം പെൺകുട്ടികളും പോളിടെക്നിക്കുകളിൽ ഇത് 33.18 ശതമാനവുമാണ്. (**പട്ടിക 4.3.3**) സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ ഉയർന്ന നിലവാരം വിപണന വൈദഗ്ധ്യങ്ങളിൽ കാണുന്നില്ല. ഇത് താഴ്ന്ന തൊഴിൽ പങ്കാളിത്തത്തിൽ പ്രതിഫലിക്കുന്നു.

കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യസ്ഥിതി

കേരളത്തിൽ മിക്കവാറും എല്ലാ ആരോഗ്യസൂചികകളും സ്ത്രീകൾക്ക് അനുകൂലമാണ്. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ സൂചികകൾ രാജ്യത്തിലെ മറ്റ് സ്ത്രീകളുമായും കേരളത്തിലെ പുരുഷന്മാരുമായും താരതമ്യം ചെയ്യുമ്പോൾ വളരെ മെച്ചപ്പെട്ടതാണ്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം 76.9 വർഷം എന്നത് ഇൻഡ്യയിലെ തന്നെ ഏറ്റവും ഉയർന്നതാണ്. ഇൻഡ്യയിലെ സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം 67.7 വർഷമാണ്. രജിസ്ട്രാർ ജനറൽ ഓഫ്ഇൻഡ്യ പുറത്തുവിട്ട കണക്കുകൾ അനുസരിച്ച് ജനസംഖ്യാ ശാസ്ത്രപരമായ എല്ലാ സൂചികകളും കേരളത്തിന് അനുകൂലമാണ് (**പട്ടിക 43.4**).

2015–16–ലെ ദേശീയ കുടുംബാരോഗ്യ സർവ്വേ റിപ്പോർട്ട് പ്രകാരം കേരളത്തിലും ഇന്ത്യയിലും ബോഡിമാസ് ഇൻഡക്സ് സാധാരണയിലും താഴെ എന്ന നിലയിലുള്ള സ്ത്രീകൾ പുരുഷൻമാരേക്കാൾ കൂടുതലാണ്. ഇന്ത്യയെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകളുടെ നില മെച്ചമാണ്. പക്ഷേ അമിത ഭാരത്തിന്റെ കാര്യമെടുക്കുമ്പോൾ കേരളത്തിലെ സ്ത്രീകൾ ഇന്ത്യയിലേതിനേക്കാളും സംസ്ഥാനത്തെ

പട്ടിക 4.3.3
വിവിധ തലങ്ങളിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പ്രവേശനം–2016–17

	ആൺകുട്ടികൾ	പെൺകുട്ടി–കൾ	ആകെ	പെൺകുട്ടികളു–ടെ ശതമാനം
സ്കൂൾ വിദ്യാഭ്യാസം	1,877,953	1,802,787	3,680,740	48.98
ഹയർസെക്കന്ററി	183,979	198,072	382,051	51.84
ബിരുദം	81,448	177,962	259,410	68.60
ബിരുദാനന്തരബിരുദം	11,116	25,021	36,137	69.24
ബിടെക്	9,083	6,536	15,619	41.85
എം.ടെക്	662	944	1,606	58.78
ആകെ എഞ്ചിനീയറിംഗ്	4,404	3,424	7,828	43.74
പോളിടെക്നിക്	18,616	9,245	27,861	33.18

അവലംബം : ഡി.പി.ഐ, ഡി.സി.ഇ, ഡി.റ്റി.ഇ-2017

പട്ടിക 4.3.4
ഇൻഡ്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

ക്രമ നമ്പർ	സൂചിക		കേരളം	ഇൻഡ്യ
1	മരണനിരക്ക്		6.6	6.5
		പുരുഷൻ	7.6	6.9
		സ്ത്രീ	5.7	6.1
2	ശിശുമരണനിരക്ക്		12	37
		പുരുഷൻ	10	35
		സ്ത്രീ	13	39
3	മാതൃമരണനിരക്ക്		61	167
4	വിവാഹപ്രായം			
		പുരുഷൻ	27.3	23.2
		സ്ത്രീ	21.4	20
5	ആയുർദൈർഘ്യം	പുരഷൻ	71.4	62.6
		സ്ത്രീ	76.9	67.7

അവലംബം: എസ്. ആർ.എസ്. ബുള്ളറ്റിൻ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്.

പുരുഷന്മാരേക്കാളും മുന്നിലാണ്. അനീമിയയുടെ കാര്യത്തിൽ കേരളത്തിന്റെ അവസ്ഥ ദേശീയ ശരാശരിയേക്കാൾ മുന്നിലാണെങ്കിലും 2005–06–നും 2015–16–നും ഇടയിൽ അനുപാതം ഉയർന്നതായി കാണുന്നു. (**പട്ടിക 4.3.5**)

എങ്ങനെയായിരുന്നാലും എ) തൊഴിൽ സംബന്ധിച്ച ആരോഗ്യം (ബി) അക്രമം പൊതുജനാരോഗ്യ പ്രശ്നമാക്കുക എന്നിങ്ങനെ പുരോഗതി കുറവുള്ളതും ശാക്തീകരിക്കേണ്ടതാവശ്യമാണെന്നും 11–ാം പദ്ധതി തിരിച്ചറിഞ്ഞ മേഖലകളിൽ സംസ്ഥാനത്തിന് കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്.

തൊഴിൽ സംബന്ധിച്ച ആരോഗ്യം

വേതനമുള്ള തൊഴിൽ വിപണിയിൽ വനിതകൾ പ്രവേശിക്കുന്നുണ്ടെങ്കിലും കുടുംബങ്ങളിലെ

പട്ടിക 4.3.5
ഇന്ത്യയിലെയും കേരളത്തിലെയും ആരോഗ്യ നിലവാരത്തിന്റെ ചില സൂചികകൾ

സൂചിക	2005–06				2015–16			
	കേരളം		ഇന്ത്യ		കേരളം		ഇന്ത്യ	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
ബോഡിമാസ്സ് ഇന്ഡക്സ് (ബി.എം.ഐ) ലാധാരണയിൽ താഴെ (%)	21.5	18.0	34.2	35.5	8.5	9.7	20.2	22.9
അമിതഭാരം അല്ലെങ്കിൽ പൊണ്ണത്തടി (%)	17.9	28.1	9.3	12.6	28.5	32.4	18.6	20.7
വിളർച്ചയുടെ ശതമാനം (15–49 വയസ്സ്)	8.0	32.8	24.2	55.3	11.3	34.2	22.7	53
രക്തത്തിലെ ഉയർന്ന പഞ്ചസാര	NA				13.1	8.7	8.0	5.8
സാധാരണയേക്കാൾ ഉയർന്ന രക്ത സമ്മർദ്ദം					7.5	5.5	10.4	6.7

എൻ.എഫ്. എച്ച്.എസ്-4, 2015-16

തൊഴിൽ വിഭജനത്തിൽ താഴ്ന്ന ലിംഗഭേദം നിലനിൽക്കുന്നു. ഉത്പാദനവും പ്രത്യുൽപ്പാദനവും കൂട്ടിക്കുഴയ്ക്കുന്നതിന്റെ പ്രധാനപ്പെട്ട ഒരു പരിണതഫലം സ്ത്രീയുടെ ആരോഗ്യം നഷ്ടപ്പെടുന്നു എന്നതാണ്. ഞാറുനടീൽ, കശുവണ്ടി തല്ലൽ, കയറും പരുത്തിയും പിരിക്കുക, കൈത്തറി നെയ്യുക, മത്സ്യ സംസ്കരണം തുടങ്ങിയ കഠിനമായ ജോലികളിൽ മണിക്കൂറുകളോളം തുച്ഛമായ ഇടവേളകളോടെ വ്യപൃതരാവൽ, ക്രമം തെറ്റിയുള്ള ഭക്ഷണം മുതലായവ ഇതിനു കാരണമാകുന്നു. ദരിദ്രരായ സ്ത്രീ തൊഴിലാളികളുടെ വേതനം ഉയർന്ന തൊഴിൽ തീവ്രതയ്ക്ക് ഒരു പരിഹാരമാകുന്നില്ല. ഈ മേഖലകളിൽ നിലനിൽക്കുന്ന ക്ഷേമ നിധികൾ സാധാരണയായി ആരോഗ്യകാര്യങ്ങളിൽ ഒരു സഹായവും ചെയ്യുന്നില്ല. ചിലത് പ്രസവാനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും വളരെക്കുറച്ച് പേർക്ക് മാത്രമേ അത് നേടിയെടുക്കാൻ കഴിയുന്നുള്ളൂ. ചില പ്രത്യേക തൊഴിലുകളിലേർപ്പെടുന്നവരെ ബാധിക്കുന്ന ആരോഗ്യ ഭീഷണികളെക്കുറിച്ച് പഠനം നടത്തുവാനായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'കശുവണ്ടി തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ' എന്നതിനെക്കുറിച്ചുള്ള പഠനം പൂർത്തിയായിട്ടുണ്ട്. മറ്റു ചില വിഷയങ്ങളും വകുപ്പ് ഏറ്റെടുത്ത് പഠനം നടത്താനിരിക്കുന്നു. ഈ മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാവശ്യമാണ്.

അക്രമം പൊതുജനാരോഗ്യ പ്രശ്നമാകുമ്പോൾ

മാനസിക പ്രശ്നങ്ങൾ, ഗർഭാവസ്ഥയിലെ സങ്കീർണ്ണത എന്നിവ ഉൾപ്പെടെ ഹ്രസ്വകാലമോ ദീർഘകാലമോ നിലനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന ഒരു പൊതുജനാരോഗ്യ പ്രശ്നമായും മനുഷ്യാവകാശ ലംഘനമായും ലിംഗാധിഷ്ഠിത അതിക്രമങ്ങളെ (ജി. ബി.വി) തിരിച്ചറിഞ്ഞിട്ടുണ്ട്. ഗാർഹിക പീഢനത്തിനിരയായിട്ടുള്ളവർക്കുള്ള ആരോഗ്യ പ്രവർത്തനങ്ങളുടെ പ്രതികരണം ലിംഗാധിഷ്ഠിത അതിക്രമം നേരിടുന്നതിൽ ഒരു അന്താരാഷ്ട്ര മുൻഗണനയായി മാറിയിട്ടുണ്ട്. അനുയോജ്യമായ ഇടപെടലും സഹായവും ലഭിക്കുന്നതിന് വേണ്ടി അതിക്രമം അനുഭവിച്ച സ്ത്രീകൾക്ക് വേണ്ടിയുള്ള സൂക്ഷ്മ പരിശോധനയ്ക്കും ആരോഗ്യ പ്രവർത്തകർ സഹായിക്കുന്നു. അതിക്രമത്തിനിരയായവരെ തിരിച്ചറിയുന്നതിനായി മാതൃകാപരമായി നിയമിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യ പ്രവർത്തകർക്ക് തീവ്രപരിശീലനവും ലിംഗ സംവേദകത്വവും ആവശ്യമാണ്. അവർ സാധാരണത്വത്തോടെ മുൻവിധികളില്ലാതെ അക്രമത്തിനെക്കുറിച്ച് സാംസാരിക്കാൻ പഠിക്കേണ്ടതും അതിക്രമത്തിന് ഇരയായവരുടെ സൂചനകളെക്കുറിച്ച് കൂടുതൽ ബോധവല്ക്കരണം ഉണ്ടാകേണ്ടതും ആവശ്യമാണ്. ഭൂമിക, സീതാലയം, തുടങ്ങിയ പദ്ധതികൾ അങ്ങനെയുള്ള വനിതകൾക്കായി പതിനൊന്നാം പദ്ധതിക്കാലത്ത് ആരംഭിച്ചിട്ടുള്ളതും സുപ്രധാന പങ്ക് വഹിക്കുന്നവയുമാണ്. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് എല്ലാവിധ സഹായവും നൽകുന്നതിനായി 2015-ൽ കേന്ദ്രീ സർക്കാർ പ്രഖ്യാപിച്ച ഒൺ സ്റ്റോപ്പ് സെന്റർ-ഓടു കൂടി വർഷങ്ങൾ കൊണ്ട് കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇതുവരെ ലഭിച്ച് 9 സെന്ററുകൾക്ക് പുറമേ 5 സെന്ററുകൾ പുതുതായി ലഭിക്കുമെന്ന് കേരള സർക്കാർ പ്രതീക്ഷിക്കുന്നു. ലൈംഗികാതിക്രമ കേസുകളിൽ എല്ലാ സാമ്പിളുകളും ശേഖരിക്കുന്നതിന് ഡോക്ടർമാരെ സഹായിക്കുന്ന സെക്ഷ്വൽ അസ്സാൾട്ട് ഫോറൻസിക് എവിഡൻസ് (എസ്.എ.എഫ്.ഇ) കിറ്റ്, കേന്ദ്രീ സർക്കാരിന്റേയും ദേശീയാരോഗ്യമിഷന്റേയും സഹായത്തോടെ ഈ സെന്ററുകൾ കൊണ്ടുവന്നു. രാജ്യത്താദ്യമായി കേരളത്തിലെ ഡോക്ടർമാർക്കുവേണ്ടി സേഫ് (SAFE) കിറ്റ് കൊണ്ടുവന്നത് ഈ സർക്കാരിന്റെ ഒരു പ്രധാന കൽവെയ്പാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

ഉയർന്ന മാനവ വികസനമുള്ള രാജ്യങ്ങളിൽ സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം കൂടുതലാണെന്നു കാണാം. മാനവ വികസന സൂചിക ഏറ്റവും ഉയർന്ന 10 രാജ്യങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് (എൽ. പി.ആർ) 60 ശതമാനവും പുരുഷന്മാരുടേത് 70 ശതമാനവുമാണ്(മാനവ വികസന റിപ്പോർട്ട്, 2015). മാനവ വികസന സൂചിക ഇൻഡ്യയുടേതിനേക്കാൾ കുറഞ്ഞ ചില അയൽ രാജ്യങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് വളരെ കൂടുതലാണെന്നത് അതിശയിപ്പിക്കുന്ന കാര്യമാണ്. ഉദാഹരണമായി, സ്ത്രീകളുടെ

തൊഴിൽ പങ്കാളിത്ത നിരക്ക് ഭൂട്ടാനിൽ 66.4 ഉം കംബോഡിയയിൽ 78.9 ഉം ബംഗ്ലാദേശിൽ 57.3 ഉം നേപ്പാളിൽ 54.3 ഉം മ്യാൻമാറിൽ 85.7 ശതമാനവുമാണ്. (അവലംബം : മാനവ വികസന സൂചിക റിപ്പോർട്ട് 2014).

കഴിഞ്ഞ ഏതാനും ദശകങ്ങളായി സ്ത്രീകളുടെ തൊഴലിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. അവർ വീടിനു പുറത്തു പോവുകയും വേതനമുള്ള തൊഴിലിൽ ഏർപ്പെടുകയും ശമ്പളം നേടുകയും സ്വയം പര്യാപ്തതയുടെ പ്രതിരൂപങ്ങളാവുകയും ചെയ്തു. എന്നാൽ തന്നെ പുരുഷതൊഴിലാളികൾക്ക് ലഭിക്കുന്നതിനേക്കാൾ എത്രത്തോളം കുറവായിട്ടാണ് സ്ത്രീകളുടെ വേതനം ഇപ്പോൾ നിലനിൽക്കുന്നത് എന്നും ലിംഗപദവി അന്തരം കൂടിക്കൊണ്ടിരിക്കയാണ് എന്നും ഒരു തിരിച്ചറിവ് വന്നിട്ടുണ്ട്. അവർ പലപ്പോഴും പാർട്ട് ടൈം ജോലികളിൽ തന്നെ നിൽക്കുകയോ സംരക്ഷണയും അവകാശങ്ങളും കുറഞ്ഞ അനൗപചാരിക സമ്പദ് വ്യവസ്ഥ വളർത്തുകയോ ആണ്. അതേസമയം യുവതികൾ പുരുഷന്മാരേക്കാൾ വിദ്യാഭ്യാസ നേട്ടങ്ങളിൽ (സാങ്കേതിക ഇഞ്ചിനീയറിംഗ് മേഖല ഒഴികെ) വളരെ മുന്നിലാണ്. കല, ശാസ്ത്രങ്ങൾ എന്നിവയിലെ വിദ്യാർത്ഥികളിൽ പകുതിപേരും സ്ത്രീകളാണ്. എന്നിരുന്നാലും സ്ത്രീകളുടെ സാന്നിദ്ധ്യം തൊഴിൽ വിപണിയിൽ പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. നേതൃസ്ഥാനങ്ങളിൽ സ്ത്രീകളുടെ വളർച്ച വളരെ കുറഞ്ഞ നിരക്കിലാണെന്നത് ഏറെ ദുഃഖകരമാണ്. തൊഴിൽ വിപണിയിലെ ലിംഗ പദവി അന്തരത്തെക്കുറിച്ച് ഈയിടെയുണ്ടായ ഐ.എൽ.ഒ റിപ്പോർട്ട് പ്രകാരം ഇപ്രകാരം വെളിപ്പെടുത്തുന്നു.

തൊഴിൽ ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് ലിംഗപദവി വ്യത്യാസമാണ്. തൊഴിൽ വിപണിയിൽ പങ്കാളിയാകാൻ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് സാദ്ധ്യത കുറവാണ്. തൊഴിൽ സേനയിൽ ഉണ്ടെങ്കിലും പുരുഷന്മാരേക്കാൾ അവർക്ക് ജോലികൾ കണ്ടെത്താനും സാദ്ധ്യത കുറവാണ്. അവർക്ക് ഗുണമേന്മയുള്ള തൊഴിലുകളിൽ എത്തിപ്പെടാനുള്ള അവസരങ്ങളും പരിമിതമാണ്. എല്ലാറ്റിനുമുപരി വേതനമുള്ളതും ഇല്ലാത്തതുമായ തൊഴിലുകളെ പരിഗണിക്കുമ്പോൾ സ്ത്രീകൾ പുരുഷന്മാരേക്കാൾ നീണ്ട മണിക്കൂറുകളോളം ജോലി ചെയ്യാറുണ്ട്. എന്നുമാത്രമല്ല വേതനമുള്ള തൊഴിലുകളിൽ ശരാശരി സ്ത്രീകൾ വേതനത്തിനും ലാഭത്തിനുമായി കുറഞ്ഞമണിക്കൂറുകളേ ജോലി ചെയ്യുന്നുള്ളൂ. ഇതിനുകാരണം അവർ പാർട്ടൈം ജോലി തിരഞ്ഞെടുക്കുന്നതോ അവർക്ക് തിരഞ്ഞെടുക്കാൻ ആകെ ലഭ്യമായുള്ളത് പാർട്ട്ടൈം ജോലി മാത്രമാണ് എന്നതോ ആണ്. ലോക വ്യാപകമായി സ്ത്രീ ജനങ്ങൾ, വേതനമുള്ള തൊഴിൽ തന്നെ തിരഞ്ഞെടുക്കുന്നു എന്നാലും ഇത്തരം ലിംഗപദവി അന്തരങ്ങൾ നിലനിൽക്കുന്നു. സ്ത്രീകളുടെ തെരഞ്ഞെടുപ്പ് കുറെയേറെ ഘടകങ്ങളായി നിയന്ത്രിക്കപ്പെടുന്നുണ്ട് എന്ന കാര്യം അടിവരയിടുന്നു. (ലോകതൊഴിൽ സാമൂഹ്യ വീക്ഷണം: സ്ത്രീകളുടെ പ്രവണതകൾ 2017 ഐ.എൽ.ഒ)

പല വികസന സൂചികകളിലും കേരളത്തിലെ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുന്നിലാണ്. എന്നാൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ പ്രവർത്തനഫലം സ്ത്രീകൾക്ക് അനുകൂലമല്ല. തൊഴിൽ ചെയ്യുന്നവരുടേയും തൊഴിലില്ലാത്തവരുടേയും വിവരങ്ങൾക്ക് പ്രധാനമായും രണ്ട് ഉറവിടമാണുള്ളത്. ഒന്ന് സെൻസസും രണ്ട് എൻ.എസ്.എസ്.ഒ യുടെ അഞ്ച് വർഷത്തിലൊരിക്കലുള്ള തൊഴിലും തൊഴിലില്ലായ്മയും റൗണ്ട്സ് ആണ്. ഒരു രാജ്യത്തിലെയോ സംസ്ഥാനത്തിലെയോ, തൊഴിൽ സ്ഥിതി മനസ്സിലാക്കുന്നതിനായി പൊതുവായി ഉപയോഗിക്കുന്നത് എൻ. എസ്.എസ്.ഒ യിലെ തൊഴിലാളികളെ ഉൾപ്പെടുത്തിയുള്ള നിർവചനത്തിലൂടെയാണ്. ജില്ലാതലത്തിലോ, അതിലും താഴെയുള്ള തലത്തിലോ ലഭിക്കുന്ന ഡേറ്റയാണ് സെൻസസിന്റെ നേട്ടം. ഇവിടെ വിശകലനത്തിനായി കൂടുതലായി ഉപയോഗിച്ചിരിക്കുന്നത് എൻ.എസ്.എസ്.ഒ ഡേറ്റയാണ്.

എൻ.എസ്.എസ്.ഒയുടെ 68–ാം റൗണ്ട് (2011–12 വർഷം) അനുസരിച്ച് സംസ്ഥാനത്ത് പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിൽ പങ്കാളിത്തനിരക്കിൽ വലിയ വിടവ് ഉള്ളതായി കാണാം. സംസ്ഥാനശരാശരി 40.3 ശതമാനമായിരിക്കെ, കേരളത്തിൽ സ്ത്രീകളുടെ

തൊഴിൽ പങ്കാളിത്ത നിരക്ക് 24.8 ശതമാനവും (100 ആൾക്കാർക്ക്) പുരുഷന്മാരുടേത് 57.8 ശതമാനവുമാണ്. കേരളത്തിൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിൽ പങ്കാളിത്ത നിരക്കിൽ വലിയ വ്യത്യാസം ഉണ്ട്. സ്ത്രീ തൊഴിൽസേന പങ്കാളിത്ത നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം 49.8 ശതമാനമുള്ള ഹിമാചൽ പ്രദേശാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ നാഗാലാന്റ്, സിക്കിം, മണിപ്പൂർ, മിസ്സോറാം, അരുണാചൽപ്രദേശ്, മേഘാലയ എന്നീ സംസ്ഥാനങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കേരളത്തിലേതിനേക്കാൾ കൂടുതലാണെന്നത് അതിശയിപ്പിക്കുന്ന കാര്യമാണ്. അതിനാൽ മറ്റു സ്ഥലങ്ങളിലെ അനുഭവങ്ങൾ മനസ്സിലാക്കി, ഈ ദിശയിൽ നമ്മുടെ തന്ത്രങ്ങൾ പുതുക്കേണ്ടതുണ്ട്. കേരളത്തിലെ സ്ത്രീകളെ ഉചിതമായ തൊഴിൽ നൽകിക്കൊണ്ട് ശക്തിപ്പെടുത്തേണ്ടതുണ്ട്. കേരളത്തിൽ സ്ത്രീകളുടെ തൊഴിൽസേന പങ്കാളിത്തനിരക്ക് ഗ്രാമീണമേഖലയിൽ ഇൻഡ്യയുടേതിനേക്കാൾ കുറവാണ്. എന്നാൽ നഗരമേഖലയിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽസേന പങ്കാളിത്ത നിരക്ക് അഖിലേന്ത്യാതലത്തേക്കാൾ കൂടുതലാണ് (**പട്ടിക 4.3.6**).

കേരളത്തിലെ പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിൽസേന പങ്കാളിത്ത നിരക്ക് താരതമ്യം ചെയ്തുകൊണ്ടുള്ള ചിത്രം 4.3.3-ൽ കൊടുത്തിട്ടുണ്ട്. ലിംഗപദവി വ്യത്യാസത്തിലുള്ള വിടവ് നാളുകൾ കഴിയുന്തോറും കൂടി വരുന്നതായി കാണാം.
സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്, തൊഴിലിലുള്ള ലിംഗപദവി വിടവിനെയും വെളിപ്പെടുത്തുന്നുണ്ട് (**പട്ടിക 4.3.7**). പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ചെറിയ ഉയർച്ചകാണിക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. അഖിലേന്ത്യാതലത്തിൽ കാണുന്നത് പോലെ കേരളത്തിലും നഗരപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് കൂടുതലാണ്.

പട്ടിക 4.3.8 ജില്ലാതലത്തിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കാണിക്കുന്നു. 12 ശതമാനത്തോടുകൂടി മലപ്പുറമാണ് ഗ്രാമീണ മേഖലയിലെ സ്ത്രീ പങ്കാളിത്ത നിരക്കിലെ ഏറ്റവും കുറവ് കാണിക്കുന്നത്. നഗര പ്രദേശങ്ങളിൽ ഇത് 8 ശതമാനമാണ്. മലപ്പുറത്തെ പുരുഷന്മാരുടെ നിരക്ക് ഗ്രാമത്തിൽ 49-ഉം നഗരത്തിൽ 43 ഉം ശതമാനമാണ്. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നഗര ഗ്രാമ പ്രദേശങ്ങളിലെ സ്ത്രീ തൊഴിൽ, പങ്കാളിത്ത നിരക്ക് ചുരുങ്ങിയ തോതിലാണ്. തൊഴിൽ പങ്കാളിത്ത നിരക്കിലുള്ള ലിംഗപദവി വ്യത്യാസം നഗര ഗ്രാമ പ്രദേശങ്ങളിൽ യഥാക്രമം 43.6 ഉം 44.5 -മായി കോഴിക്കോട് ഏറ്റവും കൂടുതലാണ്.

പട്ടിക 4.3.6
ഇൻഡ്യയിലെയും കേരളത്തിലെയും തൊഴിൽസേന പങ്കാളിത്ത നിരക്ക് (ശതമാനം)- നഗരവും ഗ്രാമപ്രദേശവും (പി.എസ്+ എസ്.എസ്)[4]

	ഗ്രാമം				നഗരം			
	ഇൻഡ്യ		കേരളം		ഇൻഡ്യ		കേരളം	
വർഷം	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1987-88	54.9	33.1	55.8	33.6	53.4	12.9	59	26.1
1993-94	56.1	33	56.8	26.4	54.3	16.5	59.9	25
1999-2000	54	30.2	58.7	27.3	54.2	14.7	59.1	25.4
2004-05	55.5	33.3	58.9	32.1	57	17.8	58.3	30.1
2009-10	55.6	26.5	58.3	26	55.9	14.6	56.4	23.3
2011-12	55.3	25.3	58.3	25.8	56.3	15.5	56.7	22.2

അവലംബം: എൻ.എസ്.എസ്.ഒ.യുടെ വിവിധ റിപ്പോർട്ടുകൾ

[4]തൊഴിലാളി എന്നതിന് ഏറ്റവും ഉൾക്കൊള്ളുന്ന നിർവചനം, മുഖ്യസ്ഥിതിയോടൊപ്പം ഉപസ്ഥിതിയേയും സൂചിപ്പിക്കുന്നു

ചിത്രം 4.3.3
കേരളത്തിലെ പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിൽ സേവന പങ്കാളിത്ത നിരക്ക്



അവലംബം: എൻ.എസ്.എസ്.ഒ.യുടെ വിവിധ റിപ്പോർട്ടുകൾ

പട്ടിക 4.3.7
കേരളത്തിലെ പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിൽ പങ്കാളിത്ത നിരക്ക്

	ഗ്രാമം				നഗരം			
	ഇൻഡ്യ		കേരളം		ഇൻഡ്യ		കേരളം	
വർഷം	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1987-88	53.9	32.3	56.7	31.6	50.6	15.2	59.2	21.8
1993-94	55.3	32.8	53.7	23.8	52	15.4	56	20.3
1999-2000	53.1	29.9	55.3	23.8	51.8	13.9	55.8	20.3
2004-05	54.6	32.7	55.9	25.6	54.9	16.6	54.7	20
2009-10	54.7	26.1	56.4	21.8	54.3	13.8	54.7	19.4
2011-12	54.3	24.8	56.5	22.1	54.6	14.7	55.2	19.1

അവലംബം: എൻ.എസ്.എസ്.ഒ.യുടെ വിവിധ റിപ്പോർട്ടുകൾ

തൊഴിൽ ജനസംഖ്യാ നിരക്കിലെ ലിംഗപദവി വ്യത്യാസം (WPR)

സാധാരണ നിലയിലുള്ള തൊഴിൽ ജനസംഖ്യാ നിരക്കിലെ ലിംഗപദവി വ്യത്യാസം ചിത്രം 4.3.4-ൽ കൊടുത്തിട്ടുണ്ട്. നഗര ഗ്രാമീണ പ്രദേശങ്ങളിൽ സ്ത്രീ തൊഴിൽ ജനസംഖ്യാ നിരക്ക് പുരുഷന്മാരുടേതിനേക്കാൾ ശ്രദ്ധേയമായി കുറവാണ് ജില്ലകളിൽ ഗ്രാമീണ സ്ത്രീ തൊഴിൽ ജനസംഖ്യാ നിരക്ക് ഏറ്റവും കുറവ് ഇടുക്കിയിലും (35 ശതമാനം) നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വയനാടുമാണ്.

(23 ശതമാനം) (**അനുബന്ധം 4.3.6**). രണ്ടു മേഖലകളിലും ഏറ്റവും കുറഞ്ഞ സ്ത്രീ തൊഴിൽ ജനസംഖ്യാ നിരക്ക് മലപ്പുറത്താണ്. നഗര പ്രദേശങ്ങളിൽ 5–ഉം ഗ്രാമങ്ങളിൽ 7–ഉം (ശതമാനം). ഗ്രാമ പ്രദേശങ്ങളിൽ 10 ശതമാനവും നഗര പ്രദേശങ്ങിൽ 9 ശതമാനവുമായി കോഴിക്കോട് ജില്ല തൊട്ടടുത്തു തന്നെയുണ്ട്.

സെൻസസും എൻ.എസ്.എസ്.ഒ യും കാണിക്കുന്നത്, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവാണെന്നാണ്, സ്ത്രീകൾ വീടുകളിൽ ചെയ്യുന്ന അംഗീകാരം ലഭിക്കാത്ത ജോലികൾ കൂടി കണക്കാക്കുമ്പോൾ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കൂടുതലാണെന്നത് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്. വീട്ട് ജോലിയെക്കുറിച്ചുള്ള ധാരണയുടെ വിശാലതയ്ക്കുവേണ്ടി വളരെയധികം ശ്രമം നടക്കുന്നുണ്ടെങ്കിലും, ഡേറ്റയുടെ സൂക്ഷ്മ പരിശോധകരും (ഔദ്യോഗിക ഡേറ്റാ ശേഖരണം) സ്ത്രീകൾ തന്നെയും ആ ജോലിയുടെ പദവിയെക്കുറിച്ച് മനസ്സിലാക്കുന്നില്ല. കോഴിവളർത്തൽ, അടുക്കളത്തോട്ടം, തയ്യൽ മുതലായ വരുമാനമുള്ള ജോലികൾ ചെയ്യുന്ന, എന്നാൽ സാധാരണയായി വീട്ട് ജോലികൾ ചെയ്യുന്ന സ്ത്രീകളായി കണക്കാക്കപ്പെടുന്നു. അങ്ങനെ തൊഴിലില്ലാത്തവരാകുന്ന സ്ത്രീകളുടെ അനുപാതം കാണിക്കുന്ന **പട്ടിക 4.3.9** ഒരു പരിധി വരെ ഇത് മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

ഉയർന്ന വിദ്യാഭ്യാസമുള്ളവരും കുറഞ്ഞ വേതനത്തിൽ ഔപചാരികമല്ലാത്ത ജോലികൾ ചെയ്യാൻ താല്പര്യമില്ലാത്തവരുമായ സ്ത്രീകളുള്ള കേരളം പോലൊരു സംസ്ഥാനത്ത് വരുമാനമുള്ള ജോലികൾ ചെയ്യുന്ന സ്ത്രീകളുടെ അനുപാതം കൂട്ടാൻ സഹായിക്കുന്ന സ്വയം തൊഴിലിന്റെ പങ്ക് വളരെ പ്രധാന്യമുള്ളതാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ, സ്വയം തൊഴിലിന് ധാരാളം അവസരമുണ്ടായിട്ടും സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ അനുപാതം വളരെ കുറവാണെന്നത് അതിശയിപ്പിക്കുന്ന കാര്യമാണ്. കേരളത്തിൽ ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ (എഫ്.എസ്.ഇ.ഡബ്ല്യൂ) ശതമാനം 36.4 ഉം നഗരമേഖലയിലേത് 36.3 ഉം ആണ്. എന്നാൽ ഗ്രാമീണ മേഖലയിൽ തൊഴിൽ

പട്ടിക 4.3.8.
ജില്ലാതലത്തിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്

	ഗ്രാമം		നഗരം	
ജില്ല	**പുരുഷൻ**	**സ്ത്രീ**	**പുരുഷൻ**	**സ്ത്രീ**
തിരുവനന്തപുരം	54.4	23.9	53	20.6
കൊല്ലം	53.3	21.6	54.2	28
പത്തനംതിട്ട	62.6	25.7	56.7	15.6
ആലപ്പുഴ	58.9	24.8	56.4	22.2
കോട്ടയം	61.9	26.2	52.1	18.7
ഇടുക്കി	60.7	38.5	47.7	19.3
എറണാകുളം	58.9	25.9	56.9	22.2
തൃശ്ശൂർ	56	20.3	54.5	20.9
പാലക്കാട്	51.9	20.9	53.9	16.8
മലപ്പുറം	48.9	11.6	42.4	7.6
കോഴിക്കോട്	56.2	12.6	55.3	10.8
വയനാട്	61.4	22.3	56.1	27.9
കണ്ണൂർ	57.7	22	52.1	14.5
കാസറഗോഡ്	51.6	31.8	43.1	18.9
ആകെ	**55.6**	**21.4**	**53.7**	**17.7**

അവലംബം: എൻ.എസ്.എസ്.ഒ 68-ാം റൗണ്ട് (pooled data, സാമ്പത്തിക സ്ഥിരവിവര വകുപ്പ്, കേരള സർക്കാർ

ചിത്രം–4.3.4

ജില്ലാതല ജനസംഖ്യാ നിരക്കിലെ ലിംഗ പദവി വ്യത്യാസം



അവലംബം: എൻ.എസ്.എസ്.ഒ 68–ാം റൗണ്ട് (പകർപ്പ് ഡാറ്റാ, സാമ്പത്തിക സ്ഥിരവിവര വകുപ്പ്, കേരള സർക്കാർ

ചെയ്യുന്ന സ്ത്രീകളുടെ ശതമാനം അരുണാചൽ പ്രദേശിൽ 89.5 ഉം ഹിമാചൽ പ്രദേശിൽ 87.9 ഉം നാഗാലാന്റിൽ 94.9 ഉം സിക്കിമിൽ 90.2 ഉം ആണ്. ഈ എല്ലാ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സ്വയം തൊഴിൽ ചെയ്യുന്ന നിരക്ക് 35 ശതമാനത്തിനു മുകളിലാണ്.(എൻ. എസ്.എസ്.ഒ റിപ്പോർട്ട്, റൗണ്ട് 68).

തൊഴിലിൽ ലിംഗപദവി അനുസരിച്ചുള്ള വിവരങ്ങളിൽ നിന്നും സ്ത്രീകളുടെ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ശരിയായ രൂപം ലഭിക്കുന്നതാണ്. കേരളത്തിലെ സ്ത്രീകളുടെ മേഖല തിരിച്ചുള്ള തൊഴിൽ (പട്ടിക 4.3.10) കാണിക്കുന്നത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ഒരു വലിയ അനുപാതം കാർഷിക

പട്ടിക 4.3.9

പ്രത്യേക ജോലികൾ ചെയ്യുന്ന സ്ത്രീകളുടെ ശതമാനം (വീട്ട് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന 5 വയസ്സിനുമുകളിലുള്ളവർ)– അഖിലേന്ത്യ

ക്രമ നമ്പർ	പ്രവർത്തനം	അഖിലേന്ത്യാ	അഖിലേന്ത്യാ	കേരളം	കേരളം
		ഗ്രാമം 2011–12	നഗരം 2011–12	ഗ്രാമം 2011–12	നഗരം 2011–12
1	അടുക്കളത്തോട്ടം നടത്തുക	23.3	7.8	16.5	11.3
2	വളർത്തുമൃഗങ്ങളുടെ പരിപാലനം	21.5	2.4	14.2	5.3
3	വിറക്, കാലിതീറ്റ ശേഖരിക്കൽ	43.5	5.3	16.5	3.6
4	ചാണകപ്പൊടി തയ്യാറാക്കൽ	40.9	4.6	0.7	0.1
4	പുറത്തുനിന്നും വെള്ളം കൊണ്ടു–വരിക	30.6	9.6	7.7	6.0
5	തയ്യൽ	27.3	23.5	10.0	11.7
6	സ്വന്തം കുട്ടികളെയോ മറ്റു കുട്ടികളെയോ പഠിപ്പിക്കുക	6.8	12.0	12.2	13.7

അവലംബം : എൻ.എസ്.എസ്.ഒ റൗണ്ട് 68-വീട്ടുജോലികൾ ഉൾപ്പെടെ പ്രത്യേക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ-റിപ്പോർട്ട് നമ്പർ 559

പട്ടിക 4.3.10
കേരളത്തിലെ മേഖല തിരിച്ചുള്ള തൊഴിൽ

ആൾക്കാർ	കൃഷി	വ്യവസായം	സേവനം
പുരുഷന്മാർ	22.8	32.4	44.8
സ്ത്രീകൾ	31.9	30.4	37.7
ആകെ	**25.5**	**31.8**	**42.7**

അവലംബം: എൻ.എസ്.എസ്.ഒ റിപ്പോർട്ട്, 68-ാം റൗണ്ട്

മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണെന്നാണ്. സേവന മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരുടെ ശതമാനം സ്ത്രീകളേക്കാൾ വളരെ കൂടുതലാണ്. എന്നാൽ വ്യവസായത്തിൽ, സ്ത്രീ–പുരുഷ അനുപാതത്തിൽ വലിയ വ്യത്യാസം കാണുന്നില്ല. ഇത് എന്തുകൊണ്ടെന്നാൽ ഉല്പാദനക്ഷമത കുറഞ്ഞവയിലും കൈത്തറി, ഖാദി, കയർ, കശുവണ്ടി മുതലായ തൊഴിൽ കൂടുതലായുള്ള പരമ്പരാഗത വ്യവസായത്തിലും ധാരാളം സ്ത്രീകൾ തൊഴിൽ ചെയ്യുന്നതിനാലാണ്.

കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വം കാണിക്കുന്നത്, ചില പ്രത്യേക വ്യവസായങ്ങളിൽ സ്ത്രീകൾ കൂടുതൽ ഉൾപ്പെടുന്നതായാണ്(അനുബന്ധം 4.3.7 കാണുക). താരതമ്യേന കുറഞ്ഞ വേതനമുള്ള പരമ്പരാഗത വ്യവസായങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. ഉദാഹരണത്തിന്, കശുവണ്ടി തൊഴിലാളികൾ, ബീഡിതൊഴിലാളികൾ ഇവരുടെയിടയിൽ സ്ത്രീകളുടെ പങ്കാളിത്തം യഥാക്രമം 95 ശതമാനം, 99 ശതമാനം എന്നിങ്ങനെയാണ്

കേരളത്തിൽ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് അവരുടെ സാമ്പത്തികനില മോശമാക്കുകയും പ്രത്യേകിച്ച് വിദ്യാഭ്യാസമുള്ള സ്ത്രീകൾക്ക് ഉയർന്ന തൊഴിൽ എന്നത് കൂടിയാകുമ്പോൾ അവരുടെ സാമ്പത്തിക അവസ്ഥ കൂടുതൽ വഷളാക്കുകയും ചെയ്തിട്ടുണ്ട്. (**പട്ടിക 4.3.11**). അതിനാൽ ധാരാളം സ്ത്രീകൾ ജോലി കണ്ടുപിടിക്കാനാവാതെ ജോലി അന്വേഷിച്ച് നിൽക്കുന്നവരാണ്. അടുത്ത കാലത്തായി തൊഴിലില്ലായ്മ നിരക്കും തൊഴിൽ പങ്കാളിത്തനിരക്കും കുറഞ്ഞു വരുന്നതിന്റെ ഒരു കാരണം, കൂടുതൽ നാൾ തൊഴിൽ കമ്പോളത്തിൽ തൊഴിലിനുവേണ്ടി കാത്തിരുന്നിട്ട് അത് ലഭിക്കാതെ വരുന്നതിന്റെ നിരാശയുടെ ഫലമായി സ്ത്രീകൾ തൊഴിൽ ശക്തിയിൽ നിന്നും പുറത്താകുന്നതാണ്. ചില വിദഗ്ദ്ധർ വാദിക്കുന്നത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയാനുള്ള കാരണം വീട്ടിലെ വരുമാനത്തിന്റെ വർദ്ധനവ് മൂലം

പട്ടിക 4.3.11
ഇന്ത്യയിലെയും കേരളത്തിലെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് (പി.എസ്+എസ്.എസ്)

	ഗ്രാമം				നഗരം			
	ഇൻഡ്യ		കേരളം		ഇൻഡ്യ		കേരളം	
വർഷം	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1987–88	1.8	2.4	5.2	6.00	5.2	6.2	6.0	6.3
1993–94	1.4	0.8	5.5	6.6	4.0	6.2	6.6	18.7
1999–2000	1.7	1.0	5.7	5.6	4.5	5.7	5.6	20.0
2004–05	1.6	1.8	5.1	6.2	3.6	6.9	6.2	33.4
2009–10	1.6	1.6	3.2	2.9	2.8	5.7	2.9	16.8
2011–12	1.7	1.7	3.1	14.2	3.0	5.2	2.7	13.9

അവലംബം: എൻ.എസ്.എസ്.ഒ.യുടെ വിവിധ റിപ്പോർട്ടുകൾ

തൊഴിൽ ശക്തിയിൽ നിന്നും സ്ത്രീകൾ പിൻവാങ്ങുന്നതിന്റെ ഫലമായിട്ടാണെന്നാണ്. എന്തായാലും ഇതിനെക്കുറിച്ച് കൂടുതൽ സൂക്ഷ്മപരിശോധന ആവശ്യമാണ്.

കൂലി നിരക്കിലുള്ള അസമത്വം

ഇൻഡ്യയിലെയും സംസ്ഥാനത്തിലെയും സ്ത്രീകൾ കാർഷിക ജോലിയിലും പരമ്പരാഗത വ്യവസായത്തിലും (പ്രധാനമായും ഔപചാരികമല്ലാത്ത അസംഘടിത മേഖലയിൽ) ആണ് വ്യാപൃതരായിരിക്കുന്നത് (സെൻസസ് 2011). എന്നാൽ അസംഘടിതമേഖലയിൽ വേതനത്തിന്റെ കാര്യത്തിൽ വലിയ ലിംഗപദവി അസമത്വം നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ച് കാർഷിക അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന പുരുഷന്മാരുടേയും സ്ത്രീകളിടേയും വേതന നിരക്കിലെ അസമത്വത്തിന്റെ വ്യാപ്തി തൊഴിലും തൊഴിലാളിക്ഷേമവും എന്ന മേഖലയിൽ (ഭാഗം. 4) വിവരിച്ചിട്ടുണ്ട്. സാമ്പത്തിക ശാക്തീകരണവും സാമൂഹ്യ ശാക്തീകരണവും പരസ്പര പൂരകങ്ങളാണ്. സ്ത്രീകൾ സാമ്പത്തിക ശാക്തീകരണം നേടണമെങ്കിൽ അവർ തൊഴിൽ സേനയുടെ അവിഭാജ്യഘടകമായി മാറുകയും വീടിന്റെ മുഴുവൻ ഭാരവും ചുമതലയും വഹിക്കാതെ വരുമാനമുള്ള ജോലിയിലേർപ്പെടേണ്ടതുമാണ്. ഇത് അംഗീകരിക്കപ്പെടേണ്ടത് ആവശ്യമാണ്. വരുമാനം ലഭിക്കാത്ത വീട്ട്ജോലിയുടെ ഭാരവും സംരക്ഷണ ചുമതലയും കുറയ്ക്കുന്നതിനും വീടിനുള്ളിൽ തന്നെ അത് പങ്ക് വയ്ക്കുന്നതിനുമുള്ള ശ്രമം നടത്തേണ്ടതുണ്ട്. ഇതിനു സഹായിക്കുന്ന പോളിസികൾ/പദ്ധതികൾ രൂപകല്പന ചെയ്യുന്നതിന് സംസ്ഥാനം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

രാഷ്ട്രീയ നേതൃത്വത്തിലെ സ്ത്രീകൾ

മറ്റ് പല സൂചികകളോടൊപ്പം സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യവും സ്ത്രീ പദവി അളക്കുന്നതിനുള്ള പ്രധാനഘടകമായി കണക്കാക്കപ്പെടുന്നു. ഉദാഹരണത്തിന് സ്ത്രീകൾ വഹിക്കുന്ന പാർലമെന്ററിസീറ്റിന്റെ അനുപാതമാണ് യു.എൻ.ഡി.പി വികസിപ്പിച്ചെടുത്ത ലിംഗപദവി അസമത്വസൂചിക പ്രകാരം ശാക്തീകരണം അളക്കുന്നത്. ലോകസാമ്പത്തിക ഫോറം വികസിപ്പിച്ച ആഗോളലിംഗപദവി ന്യൂനത റിപ്പോർട്ടിൽ രാഷ്ട്രീയ ശാക്തീകരണം, സാമ്പത്തിക കാര്യങ്ങളിൽ അവസരവും പങ്കും, വിദ്യാഭ്യാസനേട്ടം, ആരോഗ്യം, അതിജീവനം എന്നിവ കണക്കാക്കുന്നുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ കേരളത്തിലെ സ്ത്രീകളെ ശാക്തീകരിക്കുകയും ജനാധിപത്യത്തിൽ പങ്കാളികളാക്കാൻ കഴിവുറ്റവരാക്കുകയും ചെയ്തിട്ടുണ്ട്. ഇത് തുല്യമായ ജനാധിപത്യ പൗരത്വത്തിന്റെ അവശ്യനിബന്ധനയാണെങ്കിലും ഇത് സാധ്യമാകണമെങ്കിൽ സ്ത്രീകൾ നേരിട്ട് തീരുമാനങ്ങൾ എടുക്കുന്നതിലും തുല്യപങ്കാളികളാകണം. നിയമ നിർമ്മാണനടപടികളിലെ സ്ത്രീ പ്രാതിനിധ്യം പ്രാധാന്യമർഹിക്കുന്നത് ഇക്കാര്യത്തിലാണ്. സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യം തെരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിലേക്ക് മാത്രമായി പരിമിതപ്പെടുത്തരുത്. പകരം തീരുമാനങ്ങൾ എടുക്കുന്ന സഭകളിലെ നേതൃത്വസ്ഥാനത്ത് തന്നെ സ്ത്രീകൾ ഉണ്ടാകണം. നയരൂപീകരണത്തിലുള്ള പങ്കാളിത്തം കൊണ്ട് സംസ്ഥാനത്തെ സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നു. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം 50ശതമാനം സീറ്റുകൾ ഉന്നത സ്ഥാനങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്ക് സംവരണം ചെയ്ത കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

പാർലമെന്റും സംസ്ഥാനനിയമസഭയും പോലെയുള്ള ഉയർന്ന സഭകളിൽ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം സ്ത്രീകൾക്കുണ്ടായാൽ മാത്രമേ ലിംഗപദവി ശാക്തീകരണം രാഷ്ട്രീയത്തിൽ അർത്ഥവത്താകൂ. ഉയർന്ന മാനവവികസനസൂചികയുള്ള വികസിത രാജ്യങ്ങളിലൊക്കെ സ്ത്രീകൾക്ക് നിയമനിർമ്മാണ സഭകളിൽ ഉയർന്ന പ്രാതിനിധ്യമുണ്ട്. നോർവെ(39.6ശതമാനം), സ്വീഡൻ (44.7ശതമാനം), ഐസ് ലാന്റ് (39.1ശതമാനം), ഡെൻമാർക്ക് (39.1ശതമാനം), ബെൽജിയം (38.9ശതമാനം), ഫിന്ലാന്റ്(42.5ശതമാനം), നെതര്ലാന്റ്(37.8ശതമാനം), ക്യൂബ (48.9ശതമാനം) ഇങ്ങനെ മാനവ വികസനസൂചികയിൽ ഉയർന്ന സ്ഥാനത്തുള്ള 8 രാജ്യങ്ങളെ പരിഗണിക്കുമ്പോൾ അവയിലൊക്കെ

പട്ടിക 4.3.12.
ലോകസഭയിലെ തെരഞ്ഞെടുക്കപ്പെട്ട സ്ത്രീ പ്രതിനിധികൾ– ഇന്ത്യ, കേരളം

വർഷം						
വർഷം	അഖിലേന്ത്യാ			കേരളം		
	ആകെ സീറ്റുകൾ	സ്ത്രീകൾ	സ്ത്രീകളുടെ ശതമാനം	ആകെ സീറ്റുകൾ	സ്ത്രീകൾ	സ്ത്രീകളുടെ ശതമാനം
2009	543	58	10.7	20	0	0
2014	543	62	11.5	20	1	5

നിയമസഭയിലെ സ്ത്രീകളുടെ പ്രാതിനിധ്യം – കേരളം			
നിയമസഭയുടെ പേര്	സ്ത്രീകളുടെ എണ്ണം	ആകെ സീറ്റുകൾ	ശതമാനം
2006	7	140	5
2011	7	140	5
2016	8	140	6

അവലംബം: ലോകസഭ, രാജ്യസഭ, വെബ്സൈറ്റ്, കേരളത്തിലെ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെ വെബ്സൈറ്റ്

നിയമനിർമ്മാണസഭകളിലെ സ്ത്രീ പ്രാതിനിധ്യം 37ശതമാനം ന് മുകളിലാണെന്ന് കാണാം.(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് ഓരോ രാജ്യത്തിലെയും ദേശീയ പാര്ലമെന്റുകളിലെ സ്ത്രീ പ്രാതിനിധ്യമാണ്.)

സംസ്ഥാന നിയമസഭയിലേക്കും ഇന്ത്യൻ പാർലമെന്റിലേക്കുമുള്ള സ്ത്രീ പ്രാതിനിധ്യം കേരളത്തിൽ വളരെ കുറവാണെന്ന് കാണാം. ഇന്ത്യ മുഴുവനായി എടുക്കുമ്പോഴും സ്ഥിതി ഇതു തന്നെയാണ്. എന്നാൽ മറ്റു പല സംസ്ഥാനങ്ങളേക്കാളും ദേശീയ ശരാശരിയേക്കാളും താഴെയാണ് ഇക്കാര്യത്തിൽ കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ എന്നത് അതിശയിപ്പിക്കുന്നതാണ്. (**പട്ടിക 4.3.12**).

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ പുറത്തുവിട്ട കണക്കുകൾ പ്രകാരം, സ്ത്രീകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങളുടെ കേസുകൾ കാലാകാലങ്ങളായി കൂടി വരുന്നതായാണ് കാണുന്നത്. (ചിത്രം 4.3.5) ലൈംഗികപീഡന കേസുകളുടെ എണ്ണം 2007–ൽ 500 ആയിരുന്നത് 2016–ൽ 1656 ആയി കൂടിയിട്ടുണ്ട്(**അനുബന്ധം 4.3.8**).

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പീഡനങ്ങൾ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകൾ പുറത്തിറങ്ങണമെന്നും ജോലികളിൽ വ്യാപൃതരാകണമെന്നും നാം ആവശ്യപ്പെടുമ്പോൾ സ്ത്രീകളുടെ സുരക്ഷിതത്വം ഒരു വലിയ പ്രശ്നമായി നിലനില്ക്കുന്നുണ്ട്. കുടുംബങ്ങൾക്ക് പുറത്ത് കൂടുതൽ അർത്ഥവത്തായ സാമ്പത്തിക പ്രവൃത്തികൾ സ്ത്രീകൾ ഏറ്റെടുക്കുന്നതിന് സ്ത്രീകളെ കഴിവുള്ളവരാക്കി മാറ്റുന്നതിന് വേണ്ട വലിയ ശ്രമങ്ങൾ അത്യാവശ്യമാണ്.

വർഷങ്ങൾ കൂടുന്തോറും കുറ്റകൃത്യങ്ങളുടെ കൃത്യമായ കണക്കുകൾ കൂടി വരുന്നുണ്ടെങ്കിലും കുറ്റകൃത്യങ്ങളുടെ അനുപാതം കുറഞ്ഞു വരുന്നതായി കാണാം. ഒരു ലക്ഷം സ്ത്രീജനസംഖ്യയ്ക്ക് കുറ്റകൃത്യങ്ങൾ സംഭവിക്കുന്നത് 2007–ൽ 1.9 ആയിരുന്നത് 2016–ൽ 1.1 ആയി കുറഞ്ഞിട്ടുണ്ട്. (**പട്ടിക 4.3.13**)

കേരളത്തിലെ ഭിന്നലിംഗക്കാർക്കുള്ള നയം

കേരളത്തിൽ സ്ത്രീകൾക്ക് ധാരാളം കഴിവുകളുണ്ടെന്ന് പരക്കെ അറിയപ്പെടുന്നുണ്ടെങ്കിലും, പലപ്പോഴും അവയെ അഭികാമ്യമായി പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിയുന്നില്ല. എന്നാൽ സാമൂഹികനീതി വകുപ്പ് ഭിന്നലിംഗക്കാർക്കിടയിൽ നടത്തിയ സർവ്വേവെളിപ്പെടുത്തുന്നത് മാന്യതയുള്ളതും സൗഖ്യത്തോടുമുള്ള ഒരു ജീവിതത്തിന് അത്യാവശ്യമായ കഴിവുകൾ

ചിത്രം 4.3.5
കേരളത്തിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ (2007–16)



അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

പട്ടിക 4.3.13
സ്ത്രീകൾക്കെതിരെയുള്ള കുറ്റ കൃത്യങ്ങൾ
(ലക്ഷം ജനസംഖ്യയിൽ)

വർഷം	കണക്കാക്കിയ സ്ത്രീ ജനസംഖ്യ (ലക്ഷത്തില്)	കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തത്	കുറ്റകൃത്യങ്ങൾ ലക്ഷത്തിൽ
2007	17,426	9381	1.9
2008	17,594	9,706	1.8
2011	17,379	13,279	1.3
2016	17,366	15,114	1.1

അവലംബം: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

ആർജ്ജിക്കാൻപോലും അവർക്ക് കഴിയുന്നില്ല എന്നതാണ്. സ്ത്രീകളുടെ താല്പര്യങ്ങളും ഉന്നയിക്കുന്ന ആവശ്യങ്ങളും ഭാഗികമായെങ്കിലും അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അതേ നിലയിലുള്ള താല്പര്യങ്ങളും ആവശ്യങ്ങളും വ്യാപകവും തീവ്രവുമായ യാഥാസ്ഥികസമൂഹം സാമൂഹിക മാനദണ്ഡങ്ങൾക്കനുസരിച്ചല്ലാത്ത ലൈംഗികത വച്ചു പുലർത്തുന്നവർക്ക് (non-normative sexual orientations) നിയമത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ കൂടി ഇവർ കടുത്ത അദൃശ്യതയും അവഹേളനങ്ങളും സഹിക്കേണ്ടി വരുന്നു. "കേരളത്തിൽ (non-normative sexual orientations) ഇവരുടെ അവസ്ഥ ഇല്ലായ്മകളുടെത് മാത്രമാണെന്ന് പണമില്ലാത്തതിലൂടെ മോശം സ്ഥിതിയിലായത് എന്നു മാത്രം പറയാനാവില്ല. അതിനേക്കാളും അനുയോജ്യമായി പറയാവുന്നത് നികൃഷ്ടമായത് എന്നതാണ് – കാരണം പൗരസമൂഹത്തിന്റെയും സംസ്ഥാനത്തിന്റെയും കണ്ണിൽ നിന്ന് ഇവർ നിർബന്ധിത അദൃശ്യത നേരിടുന്നു". (സംസ്ഥാന ആസൂത്രണബോർഡ് ലിംഗപദവിയ്ക്കായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ട് 2016).

അതിനാൽ ഭിന്നലിംഗകാർക്കായിട്ടുള്ള ഇടപെടൽ സാമ്പത്തിക കാര്യങ്ങളിൽ മാത്രം പരിമിതപ്പെടുത്താനാവില്ല. അടുത്തിടെ സുപ്രീംകോടതി നടത്തിയ വിധിയിൽ ഭിന്നലിംഗക്കാരുടെ ചില പ്രത്യേക പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും ഇടം നൽകിയിട്ടുണ്ട്. സാമൂഹ്യ മാനദണ്ഡങ്ങൾക്കനുസരിച്ചല്ലാത്ത ലൈംഗികത ഉള്ളവരെ നിയമപരമായി അംഗീകരിക്കൽ ഇപ്പോഴും ഒരു വിദൂര സ്വപ്നമായി നിലനിൽക്കുന്നു. എന്നിരിക്കെ, ബഹുമാനപ്പെട്ട ഇന്ത്യൻ സുപ്രീംകോടതി (2014, ഏപ്രിൽ 15-ാം തീയതിയിലെ വിധിന്യായപ്രകാരം) ഭിന്നലിംഗക്കാർക്കും തുല്യഅവകാശവും തുല്യസംരക്ഷണവും വ്യക്തമായി സ്ഥാപിക്കുന്നു, കൂടാതെ അവരുടെ ജീവിക്കാനുള്ള അവകാശത്തിൽ ലിംഗപദവി എന്ന നിലയ്ക്കുള്ള വിവേചനം പാടില്ല എന്നും ഊന്നൽ നല്കിയിരിക്കുന്നു. സുപ്രീംകോടതി വിധിയെ തുടർന്ന് ഭിന്നലിംഗക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചറിയുന്നതിനായി കേരള സർക്കാർ, സാമൂഹ്യനീതി വകുപ്പ് അവരുടെ സാമൂഹ്യവ്യക്തിജീവിതത്തിന്റെ വിവിധ തലങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയുന്നതിനായി അവയെ ഉൾക്കൊള്ളിച്ച് കൊണ്ട് സർവ്വേ നടത്തി. 4000 ഭിന്നലിംഗവ്യക്തികളുടെ വിവരങ്ങൾ സർവ്വേയിൽ ശേഖരിച്ചു. സർവ്വേ സൂചിപ്പിക്കുന്നത് കേരളത്തിൽ ഭിന്നലിംഗക്കാർ 250,005 ത്തിലധികം ഉണ്ട് എന്നാണ്.

2015-ൽ ഭിന്നലിംഗനയം പ്രഖ്യാപിച്ച ഇന്ത്യയിലെ തന്നെ ആദ്യ സംസ്ഥാനമാണ് കേരളം. ഒരു വ്യക്തമായ ചട്ടക്കൂടിനുള്ളിൽ നിന്ന് കൊണ്ട് ഭിന്നലിംഗക്കാർക്ക് അവകാശ അധിഷ്ഠിതമായ ഒരു സംസ്ഥാന നയമാണ് കേരളസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് കൂടാതെ 2014-ലെ സുപ്രീംകോടതി വിധിയ്ക്ക് യോജിച്ച വണ്ണം ഒരു വ്യക്തിയ്ക്ക് ഭിന്നലിംഗം ആണെന്ന് സ്വയം തിരിച്ചറിയുന്നതിന് നയം അനുവദിക്കുന്നു. ഭിന്നലിംഗക്കാർക്ക് രജിസ്റ്റർ ചെയ്യുന്നതിനും തിരിച്ചറിയൽകാർഡ് നൽകുന്നതിനും ജില്ലാതല ഭിന്നലിംഗബോർഡുകൾ സ്ഥാപിക്കുന്നതിനും നയം നിർദ്ദേശിക്കുന്നു. ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നതിനും അതിനായി എത്രയും പെട്ടെന്ന് സർക്കാർ ഉത്തരവിറക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് ആലോചിക്കുന്നുണ്ട് (5 സാമൂഹ്യനീതി വകുപ്പ്, കേരളത്തിലെ ഭിന്നലിംഗക്കാർക്കുവേണ്ടിയുള്ള സംസ്ഥാന നയം, 2015 പി.8)

ജൻഡർ ബഡ്ജറ്റിംഗ്

സ്ത്രീകളിലും പുരുഷൻമാരിലും വ്യത്യസ്ത സ്വാധീനമാണ് നയങ്ങളും പദ്ധതികളും ചെലുത്തുന്നത്. അതുകൊണ്ട് തന്നെ ലിംഗാത്മക ഫലം കാണിക്കുന്ന ബഡ്ജറ്റ് ശാക്തീകരിക്കേണ്ടത് അനിവാര്യമാണ്. ജൻഡർ ബഡ്ജറ്റ് സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക ബഡ്ജറ്റ് എന്നല്ല മറിച്ച് അതിൽ ലിംഗ പദവിയ്ക്ക് ഊന്നൽ നൽകുന്നു എന്നാണ്. സ്ത്രീകൾക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ എല്ലാ വിവരങ്ങളും ഒരുമിച്ച് കൊണ്ടുവരാൻ സഹായിക്കുന്ന പ്രധാനപ്പെട്ട ഉപകരണമാണ് ജൻഡർ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്. ലിംഗ അസമത്വം കണ്ടെത്തുന്നതിനുള്ള ഒരു ഉപകരണമായി ഇതിനെ ഇപ്പോൾ കണക്കാക്കുന്നു. കൂടാതെ ഒരു റിപ്പോർട്ടിംഗ് രീതിയായും സ്ത്രീകൾക്ക് നീക്കിവച്ചിരിക്കുന്ന ഫണ്ട് സൂചിപ്പിക്കുന്നതിനും ഉപയോഗപ്പെടുന്നു. പങ്കാളിത്ത വികസനം ശാക്തീകരിക്കുന്നതിനുള്ള ഒരു പ്രധാന ചുവടു വയ്പയാണിത്.

സ്ത്രീകളുടെ സമഗ്ര മാറ്റത്തിലൂന്നിയ ലിംഗാവബോധ ആസൂത്രണം ഏറ്റെടുത്ത ആദ്യസംസ്ഥാനം ഒരു പക്ഷേ കേരളമാണ്. ഒൻപതാം പദ്ധതിക്കാലത്ത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സന്ദർഭത്തിലാണ് ആദ്യമായി ഇത് ഏറ്റെടുത്തത്. തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ വനിതാഘടകപദ്ധതി (ഡബ്ല്യൂ.സി.പി)യെ കൂടി ഉൾപ്പെടുത്തി ബഡ്ജറ്റിംഗ് പ്രക്രിയയിൽ ജൻഡർ കൂടി സമന്വയിപ്പിക്കുന്നതിനുള്ള ശ്രമമായിരുന്നു ഇത്. ഒൻപതാം പദ്ധതിക്കാലത്ത് തന്നെ ജൻഡർ റെസ്പോൻസീവ് ബഡ്ജറ്റിംഗ് കേരള സംസ്ഥാനത്ത് നടപ്പിലാക്കി. സംസ്ഥാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി 35-40ശതമാനം വരെ ഫണ്ട് വിട്ടുനൽകി ജൻഡർ ബഡ്ജറ്റിംഗിന്റെ ആദ്യരൂപം കേരളത്തിൽ ആരംഭിച്ചത് 1996 ലാണ്. അവിടെ ഓരോ പഞ്ചായത്തിനോടും അവിടത്തെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് പദ്ധതി രേഖയിൽ ഒരു അധ്യായം ഉൾക്കൊള്ളിക്കാനും നിർദ്ദേശിച്ചു.

ബോക്സ്–4.3.2
ഭിന്നലിംഗക്കാർക്കുവേണ്ടി കേരളത്തിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പദ്ധതികളും പരിപാടികളും

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സമൂഹത്തിലെ ഇത്തരം ആളുകളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനു വേണ്ടി പ്രത്യേക പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- ഭിന്നലിംഗക്കാർക്കു വേണ്ടി സാക്ഷരാതാ തുല്യതാ പരിപാടികൾ (കെ.എസ്.എൽഎം.എ)
- ഭിന്നലിംഗ ഹെൽപ്പ് ലൈനും (24X7), ദുരന്ത നിവാരണ നിയന്ത്രണ കേന്ദ്രവും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അധികാരപ്പെടുത്തിയ സർക്കാരിതര സംഘടനകളുടെ സഹായത്തോടെ നടപ്പാക്കുക (സാമൂഹ്യ നീതി വകുപ്പ്)
- തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനും വേണ്ടി സാമ്പത്തിക സഹായം നൽകുക (സാമൂഹ്യ നീതി വകുപ്പ്)
- 60 വയസ്സിനു മേൽ പ്രായമുള്ള നിരാലംബരായ ഭിന്നലിംഗക്കാർക്ക് പെൻഷൻ നൽകുക, (സാമൂഹ്യ നീതി വകുപ്പ്)
- അംഗീകൃത എൻ.ജി.ഒ, ഭിന്നലിംഗ ജനസംഖ്യയുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സി.ബി.ഒ കൾ എന്നിവരോടൊപ്പം ഭിന്നലിംഗ ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുക (സാമൂഹ്യ നീതി വകുപ്പ്)
- സ്കൂൾ കൊഴിഞ്ഞു പോക്ക് കൂടുതലായതിനാൽ അനുയോജ്യമായ വിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം നൽകുക, വൈദ്യോപദേശം അടിസ്ഥാനപ്പെടുത്തി സർക്കാർ ആശുപത്രികളിൽ ലിംഗപുനർ ക്രമീകരണ ശസ്ത്രക്രിയ (എസ്.ആർ.എസ്) നടത്തുക, ഭിന്നലിംഗക്കാരിക്കായി എച്ച്.ഐ.വി സീറോ സർവ്വലൻസ് കേന്ദ്രം തുറക്കുക (സാമൂഹ്യ നീതി വകുപ്പ്)
- പൊതുജനത്തെ പ്രത്യേകിച്ച് മാതാപിതാക്കൾ, കുടുംബാംഗങ്ങൾ,വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, അനദ്ധ്യാപകർ വിദ്യാർത്ഥി സമൂഹം, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവരെ ബോധവൽക്കരിക്കുക (സാമൂഹ്യ നീതി വകുപ്പ്)
- ഭിന്നലിംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സാമൂഹ്യ നീതി വകുപ്പ്)

അവലംബം: പദ്ധതി രേഖകൾ, കേരള സർക്കാർ

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10ശതമാനം വനിതകളുടെ ആവശ്യങ്ങൾക്കും വനിതകളുടെ പ്രത്യേക പ്രോജക്ടുകൾക്കും മാത്രമായി നീക്കിവച്ചു. പതിനൊന്നും പന്ത്രണ്ടും (ആദ്യമൂന്ന് വർഷങ്ങളിൽ) പദ്ധതികളിൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ശതമാനവും വനിതാഘടകപദ്ധതികൾക്കുള്ള ചെലവും ചുവടെയുള്ള **പട്ടിക 4.3.14** – ൽ കൊടുത്തിരിക്കുന്നു.

പദ്ധതി വിഹിതത്തിന്റെ 10ശതമാനം വനിതകൾക്ക് നിർബന്ധമായും നീക്കി വയ്ക്കണം, എന്നാൽ പട്ടികയിൽ നിന്നും കാണാൻ കഴിയുന്നത് 10ശതമാനത്തിന് മുകളിൽ വകയിരുത്തിയിട്ടുണ്ട് എന്നാണ്. പതിനൊന്നാം പദ്ധതിയുമായി താരതമ്യേം ചെയ്യുമ്പോൾ പന്ത്രണ്ടാം പദ്ധതിയിൽ വനിതാഘടകപദ്ധതിയ്ക്കുള്ള വിഹിതവും ചെലവും കുറയുന്നതായാണ് കാണുന്നത്. വിഹിതം 13.22ശതമാനം നിന്നും 8.84 ശതമാനമായും ചെലവ് 12.35 ശതമാനത്തിൽ നിന്നും 10.22ശതമാനമായും കുറഞ്ഞു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന രണ്ടു വർഷങ്ങൾക്കു വേണ്ടിയുള്ള വനിതാഘടക പദ്ധതി വിഹിതം നിർബന്ധിത വിഹിതത്തേക്കാൾ കുറവാണ് (**പട്ടിക 4.3.15**).

പട്ടിക 4.3.14
ആകെ വിഹിതത്തിൽ വനിതാഘടക പദ്ധതികൾക്കുള്ള വിഹിതത്തിന്റെയും ചെലവിന്റെയും ശതമാനം

പഞ്ചവത്സരപദ്ധതി	വനിതാഘടക പദ്ധതി വിഹിതത്തിന്റെ ശതമാനം	വനിതാ ഘടക പദ്ധതി ചെലവ് ശതമാനം
പതിനൊന്നാം പദ്ധതി	13.22	12.35
പന്ത്രണ്ടാം പദ്ധതി–ആദ്യ മൂന്ന് വർഷങ്ങൾ	8.84	10.22

അവലംബം: ഐ.കെ.എം. 2017

പട്ടിക 4.3.15
12–ാംപദ്ധതി കാലയളവിലെ ആകെ വിഹിതവും ചെലവിലും ഡബ്ല്യു സി പി പദ്ധതികൾക്കായുള്ള വിഹിതവും ചെലവും

വർഷം	പദ്ധതി വിഹിതം			ചിലവ്		
	ആകെ	വനിതാഘടക പദ്ധതി വിഹിതം	വനിതാഘടക പദ്ധതി വിഹിതത്തിന്റെ ശതമാനം	ആകെ	വനിതാഘടക പദ്ധതി വിഹിതം	വനിതാഘടക പദ്ധതി വിഹിതത്തിന്റെ ശതമാനം
2012–13	3870.32	431.01	11.14	2741.97	294.20	10.73
2013–14	5057.59	530.34	10.49	3918.27	407.47	10.40
2014–15	9914.79	613.16	6.18	4033.94	441.32	10.94
2015–16	6069.18	604.57	9.96	4467.76	433.43	9.70
2016–17	6629.98	610.44	9.21	3839.88	366.35	9.54
ആകെ	**31541.86**	**2789.52**	**8.84**	**19001.82**	**1942.77**	**10.22**

അവലംബം: വാർഷിക പദ്ധതി രേഖയിൽ നിന്നും

വനിതാഘടകപദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പദ്ധതികളെ/പ്രോജക്ടുകളെ കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നുണ്ട്. മിക്കവയും ജൻഡർ സെൻസിറ്റീവ് പദ്ധതികളായിരുന്നില്ല. എന്നാൽ വികേന്ദ്രീകൃത ആസൂത്രണത്തിൽ ജൻഡറിന് നൽകിയ പ്രത്യേക പരിഗണന മൂലം സംസ്ഥാനത്തുടനീളം നല്ല ചില മാതൃകാ പദ്ധതികളും ഫലങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ലിംഗസമത്വം ഉയർത്തുന്നതിൽ വനിതാഘടകപദ്ധതികൾ പ്രതീക്ഷിച്ചതിനേക്കാൾ വളരെ താഴെയാണ്. പതിമൂന്നാം പദ്ധതിയിൽ ജനകീയ പങ്കാളിത്തത്തിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും പ്രത്യേക ഊന്നൽ നൽകുന്ന സന്ദർഭത്തിൽ ഇതിനെ വീണ്ടും വിശകലനം ചെയ്യേണ്ടതുണ്ട്.

വാർഷികപദ്ധതി വിഹിതത്തിൽ പ്രകടമായ വർദ്ധനവ് വരുത്തിക്കൊണ്ട് സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ സ്ത്രീകളുടെ ആവശ്യങ്ങൾ പരിഗണിച്ച് ആസൂത്രണ/ബഡ്ജറ്റിംഗ് പ്രക്രിയകളിൽ ജൻഡർ സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ ജൻഡർ റസ്പോൺസീവ് ബഡ്ജറ്റിംഗിന് ബോധപൂർവമായ ശ്രമമുണ്ടായി. അന്നുമുതൽ ഒരു പ്രശ്നമുള്ളത് സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രയോജനപ്രദമായ ധാരാളം പ്രോജെക്ട്കൾ ഉണ്ടെങ്കിലും ജൻഡർ വേർതിരിച്ചുള്ള ഡേറ്റ ലഭ്യമല്ലാത്തത് കാരണം സ്ത്രീകൾക്ക് മാത്രം പ്രയോജനപ്രദമായ ആകെ ധനവിഹിതം കണ്ടെത്തുക സാധ്യമല്ല എന്നുള്ളതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി ജൻഡർ റസ്പോൺസിംഗ് ബഡ്ജറ്റിംഗിന് ഊന്നൽ കൊടുക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ ലിംഗവീക്ഷണ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് എല്ലാ വകുപ്പുകളോടും നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾ ഏറ്റവും ആലംബരഹിതരായതിനാൽ സാദ്ധ്യമായ എല്ലാ വഴികളിലും അവരെ മുഖ്യ ധാരയിൽ കൊണ്ടു വരുമെന്ന് ഉറപ്പു വരുത്തുന്നതിൽ മുഖ്യ ശ്രദ്ധ നൽകേണ്ടതാണ്. സ്ത്രീകൾ, പെൺകുട്ടികൾ എന്നിവർ നേരിട്ട് ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രത്യേക പദ്ധതികൾ/ഘടകങ്ങൾ/ പരിപാടികളെ വേർതിരിച്ചെടുക്കുക എന്നതാണ് ജൻഡർ റസ്പോൺസീവ് ബഡ്ജറ്റിന്റെ ലക്ഷ്യം. സാധ്യമായിടത്തെല്ലാം സ്ത്രീകൾ/ പെൺകുട്ടികൾ എന്നിവരെ പരിഗണിക്കുന്ന പ്രത്യേക ആവശ്യാധിഷ്ഠിത പരിപാടികളെ ഉൾപ്പെടുത്തുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം.

പ്രധാന വകുപ്പുകൾക്ക് കീഴിൽ സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുന്ന പ്രധാന പദ്ധതികൾ **പട്ടിക 4.3.16** –ൽ കൊടുത്തിരിക്കുന്നു.

മുകളിൽ വിവരിച്ചതിൽ നിന്നും കാണാൻ കഴിയുന്നത് കേരളത്തിന്റെ വികസനനയത്തിൽ ലിംഗസമത്വത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട് എന്നതാണ്. കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ അടിസ്ഥാന യോഗ്യതകളിൽ വളരെ കുറഞ്ഞ ജൻഡർ ഗ്യാപ്പ് (ലിംഗവിടവ്) ആണ് മാനവ വിഭവ വികസനത്തിൽ പ്രതിഫലിക്കുന്നത്. എന്നിരുന്നാലും മികച്ച അടിസ്ഥാന യോഗ്യതാസൂചികകൾ ഉണ്ടെങ്കിലും അത് സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം മെച്ചപ്പെടുത്തുന്നില്ല. സാക്ഷരതയിലും ആരോഗ്യത്തിലും ഉയർന്ന നിലവാരമുണ്ടെങ്കിലും അത് സ്ത്രീകൾക്ക് വേതനമുള്ള തൊഴിലിലേക്കോ ഉയർന്ന ചലനാത്മകമായ തൊഴിൽ മേഖലയിലേക്കോ ഉള്ള വളർച്ചയായി പ്രയോഗത്തിൽ വരുന്നില്ല. കേരളത്തിൽ വിദ്യാസമ്പന്നരായ സ്ത്രീകൾക്കിടയിലും ജോലിയിൽ പങ്കെടുക്കുന്നവരുടെ നിരക്ക് (WPR) തുലോം കുറവാണ്. സ്ത്രീകൾക്കിടയിൽ ഉയർന്ന തോതിലുള്ള ലൈംഗികാതിക്രമങ്ങളും പൊതുസ്ഥലങ്ങളിലെ സുരക്ഷിതമില്ലായ്മയും അലട്ടുന്ന പ്രശ്നങ്ങളായി അവശേഷിക്കുന്നു. സമകാലിക കേരളത്തിൽ നിലനിൽക്കുന്ന പുരുഷനിയന്ത്രിതമായ വ്യവസ്ഥിതിയിൽ ഗാർഹിക ജോലികളിൽ സ്ത്രീകളുടെ സാമൂഹിക പ്രതിബദ്ധത അവരെ തൊഴിൽ ചെയ്യുന്നതിൽനിന്നും പിൻവലിക്കുന്നത് മൂലം തൊഴിലില്ലായ്മ കൂടുതലായി വർദ്ധിക്കുന്നു, പ്രത്യേകിച്ചും വിദ്യാസമ്പന്നർക്കിടയിലെ തൊഴിലില്ലായ്മ.

പട്ടിക 4.3.16
വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന പ്രധാന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതിയുടെ ലക്ഷ്യം
	കൃഷിയും അനുബന്ധ മേഖലകളും	
1	തീരമൈത്രി, ചെറുസംരഭക പദ്ധതി	ഉപജീവന വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന കുടുംബങ്ങളിലെ വനിതാ അംഗങ്ങളുടെ വരുമാന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള സുസ്ഥിര പദ്ധതി.
	ഗ്രാമവികസനമേഖല	
2	ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)	ഭാരത സർക്കാരിന്റെ സമഗ്രഭവനപദ്ധതി ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ട ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു.
3	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി	ഭാരതസർക്കാരിന്റെ തൊഴിൽ സൃഷ്ടിക്കലിനുള്ള ഫ്ലാഗ്ഷിപ്പ് പദ്ധതി. ഗുണഭോക്താക്കൾ ഭൂരിഭാഗവും സ്ത്രീകളാണ്.
	വ്യവസായങ്ങൾ	
4	മഹിളകയർ യോജന	കയർ വ്യവസായത്തിലെ ആദ്യ വനിതാകേന്ദ്രീകൃത സ്വയം തൊഴിൽ പദ്ധതി, അത് ഗ്രാമവനിതാകൈപ്പണിക്കാർക്ക് സ്വയം തൊഴിൽ അവസരങ്ങൾ നൽകുന്നു.

	ആരോഗ്യമേഖല	
5	വനിതകൾക്കുള്ള ആരോഗ്യ പരിചരണകേന്ദ്രങ്ങൾ (സീതാലയം)	സീതാലയം പദ്ധതിയിലൂടെ സ്ത്രീകൾക്ക് ഹോമിയോപ്പതി ചികിത്സ നൽകുന്നു..
6	ഭൂമിക-ലിംഗാധിഷ്ഠിത അതി-ക്രമ നിയന്ത്രണ കേന്ദ്രം (ജി. ബി.വി.എം.സി)	ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായവർക്ക് കൗൺസലിംഗ്, വൈദ്യ, നിയമ സഹായങ്ങളും നല്കുന്നു.
7	പ്രസവാശുപത്രികൾ, പ്രസവ യൂണിറ്റുകൾ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ (ആയുർവേദവും ആധുനിക ചി-കിത്സയും ഉൾപ്പെടെ)	സ്ത്രകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക അടിസ്ഥാന സൗകര്യ-ങ്ങളും മറ്റു സൗകര്യങ്ങളും
	പട്ടികജാതി-പട്ടികവികസന മേഖലകൾ	
8	പട്ടികജാതി പെൺകുട്ടികൾക്കു-ള്ള വിവാഹ ധനസഹായം	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ പെൺകുട്ടിയ്ക്ക് വിവാഹത്തി-ന് 50,000/- രൂപ നൽകുന്നു
9	പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം	പട്ടികവർഗ്ഗ പെൺകുട്ടിയുടെ വിവാഹത്തിന് 50,000/- രൂപയും പട്ടി-കവർഗ്ഗ അനാഥപെൺകുട്ടിയുടെ വിവാഹത്തിന് 1 ലക്ഷം രൂപയും നൽകുന്നു.
10	ജനനി-ജൻമരക്ഷ	പ്രസവസമയത്തെ പരിചരണത്തിന് സഹായം
11	വിവാഹമോചിതർ/വിധവകൾ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കു-ള്ള ഭവനപദ്ധതി	ഇത്തരം വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനപദ്ധതി
	വിദ്യാഭ്യാസം	
12	സർവ്വശിക്ഷാഅഭിയാന്	സമഗ്ര പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കൽ
13	കൗമാരത്തിലുള്ള പെൺ കുട്ടികൾക്ക് കൗൺസിലിംഗും പരിശീലന പരിപാടികളും	പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ ഡയറക്ടറേറ്റും അവബോധം സൃഷ്ടിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ
	സാമൂഹ്യസുരക്ഷയും ക്ഷേമവും മേഖല	
14	സുസ്ഥാപിത പരിചരണം സ്ത്രീകൾക്ക്	സാമൂഹ്യനീതി വകുപ്പിന് കീഴിൽ 17 ക്ഷേമ സ്ഥാപനങ്ങൾ ദുരിതമനു-ഭവിക്കുന്ന സ്ത്രീകൾക്കുള്ള പരിചരണം, സംരക്ഷണം പുനരധിവാ-സം എന്നിവയ്ക്കായി നിലകൊള്ളുന്നുണ്ട്.
15	വനിതകൾക്കുള്ള പെൻഷൻ പദ്ധതി	ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷനും (IGNWP) അവിവാഹി-തരായ 50 വയസ്സിനുമുകളിലുള്ള സ്ത്രീകൾക്കുമുള്ളതാണ് പ്രധാന പെൻഷൻ പദ്ധതികൾ.
16	നിർഭയ	ലൈംഗികചൂഷണം നേരിട്ട വനിതകൾക്ക് തൊഴിലവസരങ്ങ-ൾ നല്കുന്നതിന് നൈപുണ്യപരിശീലനം നൽകുവാൻ നിർഭയ ഭവനങ്ങൾ ആരംഭിക്കുവാൻ വിഭാവനം ചെയ്യുന്നു. 9 ജില്ലകളിലായി അത്തരം 10 ഭവനങ്ങളിലൂടെ 200 പേർക്ക് ആശ്രയം നൽകുന്നു..
17	നിർഭയ നിവാസികൾക്കായി-ട്ടുള്ള എസ്.ഒ.എസ് മാതൃകാ ഭവനങ്ങൾ	എസ്.ഒ.എസ് ഭവനങ്ങളിലെന്നപോലെ നിർഭയ നിവാസികൾക്ക് വാസസ്ഥലം ഒരുക്കുവാൻ വിഭാവനം ചെയ്യുന്നു
18	പ്രസവാനുകൂല്യ പദ്ധതി	ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭാവസ്ഥയോടെ ആദ്യ മൂന്നു മാസം മുതൽ പ്രസവശേഷം 6 മാസം വരെ സാമ്പത്തിക സഹായം നൽകുക
19	വൺസ്റ്റോപ്പ് കേന്ദ്രം	പൊതു സ്വകാര്യ സ്ഥലങ്ങളിലുച്ച് അക്രമത്തിനിരയാകുന്ന സ്ത്രീക-ൾക്ക് സഹായം നൽകുക
20	സ്വധാർ ഗ്രഹ്	സാമൂഹ്യവും സാമ്പത്തകവുമായി യാതൊരു സഹായവുമില്ലാത്ത സ്ത്രീകൾക്ക് സംരക്ഷണം, ചികിത്സ,വാസസ്ഥലം, ആഹാരം, വസ്ത്രം എന്നീ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുക.
21	ഉജ്ജ്വല പദ്ധതി	മനുഷ്യക്കടത്ത് നിരോധിക്കുകയും വ്യാപാരത്തിനും ലൈംഗിക ചൂഷണത്തിനുമായി കടത്തിക്കൊണ്ടു പോയ ഇരകളെ രക്ഷപ്പെടുത്തി പുനരധിവസിപ്പിച്ച് പൂർവ്വ സ്ഥിതിയിലെത്തിക്കുക.

22	ജൻഡർ പാർക്ക്	സംസ്ഥാനത്തെ സർക്കാരിതര സംഘടനകൾ, അക്കാദമിക-ൾ സിവിൽ സമൂഹം എന്നിവ ഒത്തൊരുമിച്ച് ലിംഗസമത്വത്തിൽ പഠനവും ഗവേഷണവും നടത്തുന്നതിനും നൂതനവും പുതിയതുമായ ഇടപെടലുകളിലൂടെ സ്ത്രീ ശാക്തീകരണത്തിനും ലിംഗസമത്വത്തി-നും സഹായിക്കുകയും ചെയ്യുന്ന ഒരു വേദിയാണിത്.
23	ബേറിബചാവോ ബേറി പഠാവോ	സംസ്ഥാനത്ത് പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനും വിദ്യാഭ്യാ-സം നല്കുന്നതിനും ധനസഹായം നൽകുന്നു.
24	സ്നേഹസ്പർശം	അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു.
25	കൗമാരക്കാരായ പെൺകു-ട്ടികൾക്കുള്ള രാജീവ്ഗാന്ധി പദ്ധതി	ഗ്രൂപ്പിൽപ്പെട്ട കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരവും ആരോഗ്യനിലയും ശാക്തീകരിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു.
26	കേരള വനിതാ കമ്മീഷൻ	കമ്മീഷൻ ലിംഗാവബോധ പരിപാടികൾ നടപ്പിലാക്കുകയും നിയമ ശില്പശാലകൾ, സെമിനാറുകൾ അദാലത്തുകൾ, ഡി.എൻ.എ പരി-ശോധന തുടങ്ങിയവ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നു.
27	കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ	സ്ത്രീകൾക്കു വേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതികൾ, ലിംഗാവ-ബോധത്തിൽ ഫ്ലാഗ്ഷിപ് പരിപാടി,സ്ത്രീകൾ/പെൺകുട്ടികൾക്കു-വേണ്ടി ഫിനിഷിംഗ്സ്കൂൾ (ഭൂരിഭാഗവും ദിരദ്രകുടുംബങ്ങളിൽ നിന്നു-ള്ളവർ) എന്നിവയാണ് ഈ കോർപ്പറേഷന്റെ പ്രധാന പരിപാടികൾ.
	തദ്ദേശസ്വയംഭരണവകുപ്പ്	
28	കുടുംബശ്രീ	സംസ്ഥാനത്തിന്റെ ദാരിദ്യനിർമ്മാർജ്ജനപദ്ധതി കുടുംബത്തിലെ വനിതാ അംഗങ്ങളെ കേന്ദ്രീകരിച്ചാണ്. താഴെതട്ടിലുള്ള സാമൂഹ്യ-സംഘടനയായാണ് ഇത് പ്രവർത്തിക്കുന്നത്

അവലംബം: പദ്ധതി രേഖകൾ

ബോക്സ് 4.3.3
ലിംഗ അരക്ഷിതത്വ സൂചിക

ക്ഷേമത്തിൽ നിന്നും 'വികസനം', 'ശാക്തീകരണം', ഇപ്പോൾ 'സമഗ്രം' എന്നിങ്ങനെ സ്ത്രീകൾക്കായുള്ള നയസമീപനങ്ങൾ കാലങ്ങളായി മാറികൊണ്ടിരിക്കുന്നു. ഇത് പ്രത്യക്ഷത്തിൽ ലിംഗ അനുകൂലഫലങ്ങൾ നൽകുന്നു. അപ്പോൾ മുതൽ പാവപ്പെട്ട സ്ത്രീകളെ സഹായിക്കുവാനും സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിലെ ലിംഗ പദവി വിടവ് നയങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവ ഉയർന്ന് വരുന്നുണ്ട്. ഇത് ചൈൽഡ് ഡവലപ്മെന്റ് തയ്യാറാക്കിയ ലിംഗ അരക്ഷിതത്വ സൂചിക (ജി.വി.ഐ)-ൽ പ്രതിഫലിക്കുന്നുണ്ട്. ഇതനുസരിച്ച് കേരളം (ജി.വി.ഐ 0.634) യ്ക്ക് തൊട്ടടുത്തായി പെൺകുട്ടിക്കുവേണ്ടിയുള്ള ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ്. ഗോവ (ജി.വി.ഐ മൂല്യം 0.649)യ്ക്ക് തൊട്ടടുത്തായി പ്രയാസമേറിയ സാഹചര്യങ്ങളിലുള്ള കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ വിവിധ പ്രശ്നങ്ങളുടെ വ്യാപ്തി സമഗ്രമായി മനസ്സിലാക്കുക എന്ന ലക്ഷ്യമാണ് എല്ലാകുട്ടികൾക്കുമുള്ള കാംപയിനുവേണ്ടി എൻ.ജി.ഒ പ്ലാനിന്റെ ഗവേഷണം സംഘം വികസിപ്പിച്ച ആ സങ്കീർണ്ണ സൂചിക ലക്ഷ്യമിടുന്നത്. ഡൽഹിയിലെ ദേശീയ യോഗത്തിൽ വച്ച് നവംബർ 1 -ന് ലിംഗ അരക്ഷിതത്വ സൂചിക റിപ്പോർട്ട് പ്ലാൻ ഇന്ത്യ പുറത്തിറക്കി. ശിശു സുരക്ഷ/ സംരക്ഷണം, ദാരിദ്ര്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ പെൺകുട്ടികളുടെ അവസ്ഥയെ സംബന്ധിക്കുന്ന നാല് പ്രശ്നങ്ങൾ പരിശോധിച്ചുകൊണ്ട് കണക്കാക്കിയ ഒരു സംസ്ഥാനതല റാങ്കിംഗ് ഈ സൂചിക നൽകുന്നു.

പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നോക്ക വിഭാഗം എന്നിവരുടെ ക്ഷേമം

2011 ലെ കാനേഷുമാരി കണക്ക് (സെൻസ്) പ്രകാരം ഇന്ത്യയിലെ പട്ടികജാതി ജനസംഖ്യ 16.6 ശതമാനവും പട്ടികവർഗ്ഗ ജനസംഖ്യ 8.6 ശതമാനവുമാണ്. ഇവ രണ്ടും കൂടി ചേർന്നാൽ ആകെ ജനസംഖ്യയുടെ നാലിലൊന്ന് വരും. കേരളത്തിലെ പട്ടികജാതി ജനസംഖ്യ 3039573 ആണ്. ഇത് സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.10 ശതമാനമാണ്. കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ 484839 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനമാണ്. പട്ടികജാതി വിഭാഗങ്ങളുടെയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ഇന്ത്യയിലെയും കേരളത്തിലെയും ജനസംഖ്യാനുപാതം **പട്ടിക 4.3.17** –ൽ കൊടുക്കുന്നു.

പാലക്കാട് ജില്ലയിലാണ് ഏറ്റവുമധികം പട്ടികജാതി ജനസംഖ്യയുള്ളത് (13.29 ശതമാനം). തൊട്ടുപിന്നിൽ തിരുവനന്തപുരം (12.27 ശതമാനം), കൊല്ലം (10.80 ശതമാനം), തൃശ്ശൂർ (10.67 ശതമാനം), മലപ്പുറം (10.14 ശതമാനം). സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യയിൽ 57.17 ശതമാനം മേല്പറഞ്ഞ അഞ്ചു ജില്ലകളിലായി കാണുന്നു. കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ എല്ലായിടത്തുമില്ലെന്നു മാത്രമല്ല ബഹുഭൂരിപക്ഷവും ഗ്രാമീണരുമാണ്. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതൽ വയനാട്ടിലാണ് ഉള്ളത് (31.24 ശതമാനം). തൊട്ടുപിന്നിൽ ഇടുക്കി (11.51 ശതമാനം), പാലക്കാട് (10.10 ശതമാനം), കാസർഗോഡ് (10.08 ശതമാനം). പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ജനസംഖ്യയുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 4.3.10 –ലും, 4.3.11 –ലും** നല്കിയിട്ടുണ്ട്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാക്ഷരത, സ്ത്രീപുരുഷാനുപാതം എന്നിവ ദേശീയതലവുമായുള്ള താരതമ്യം **അനുബന്ധം 4.3.12**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ പട്ടിക ജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് **അനുബന്ധം 4.3.13**–ൽ കൊടുത്തിരിക്കുന്നു. 1958–ലെ കേരള സംസ്ഥാന സബോർഡിനേറ്റ് സർവീസ് ചട്ടം 14 (a) പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമനങ്ങളിൽ സംവരണത്തിനുള്ള വ്യവസ്ഥയുണ്ട് . 2017 ആഗസ്റ്റ് 1–ലെ വാർഷിക അവലോകന പ്രകാരം 2017 വർഷത്തിൽ പൊതു സർവീസിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മൊത്തം പ്രാതിനിധ്യം 12.79 ശതമാനമാണ്. 82 വകുപ്പുകളിൽ 33 വകുപ്പുകളുടെ അവലോകനം മാത്രമാണ് 2017 ജനുവരി ഒന്ന് വരെ പൂർത്തീകരിച്ചത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.14**–ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4.3.17

ഇന്ത്യയിലെയും കേരളത്തിലെയും പട്ടിക ജാതി പട്ടികവർഗ്ഗ ജനസംഖ്യാനുപാതം

വർഷം	പട്ടികജാതി		പട്ടികവർഗ്ഗം	
	ഇന്ത്യ	കേരളം	ഇന്ത്യ	കേരളം
1981	15.81	10.01	7.83	1.03
1991	16.48	9.94	8.08	1.10
2001	16.23	9.81	8.15	1.14
2011	16.60	9.10	8.60	1.45

അവലംബം:- സെൻസസ് 1981, 1991, 2001, 2011

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ

സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് പട്ടികജാതി ജനസംഖ്യയുടെ ശതമാനത്തിന് ആനുപാതികമായി പട്ടികജാതി ഉപപദ്ധതിക്കും (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനത്തിന് ആനുപാതികമായി പട്ടികവർഗ്ഗ ഉപപദ്ധതിക്കും (റ്റി.എസ്.പി) കേരള സർക്കാർ പണം നീക്കിവെക്കുന്നു. ആകെയുള്ള പട്ടികജാതി ഉപപദ്ധതി/ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനും അവശേഷിക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിനും വകയിരുത്തുന്നു. പട്ടികജാതി ഉപപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഒരു നിശ്ചിത ശതമാനം ഫണ്ട് പ്രോജക്ട് സമീപനത്തിന്റെ ഭാഗമായി കൊടുക്കുന്ന പദ്ധതികൾക്ക് നീക്കിവെക്കുന്ന പൂൾഡ് ഫണ്ട് എന്ന സംവിധാനം 2009-ൽ ഏർപ്പെടുത്തി. ഈ വിഭാഗങ്ങളുടെ സർവ്വോന്മുഖമായ വികസനത്തിന് സഹായകമാകുന്ന മേഖലകളിലെ പ്രോജക്ടുകളാണ് ഇതിൽ ഉദ്ദേശിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ 2016-17 വർഷം യഥാക്രമം 2354.40 കോടി രൂപയും 682.80 കോടി രൂപയും വകയിരുത്തി. 2017-18-ൽ പട്ടികജാതി വിഭാഗത്തിന് 2599.65 കോടി രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 751.08 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2013-14 മുതൽ 2017-18 വരെ പട്ടികജാതി വകുപ്പിനും പട്ടിക വർഗ്ഗ വികസന വകുപ്പിനും ഓരോ വർഷവും വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.15**-ലും **ചിത്രം 4.3.6**- ലും കൊടുത്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ പരിപാടികൾ

പട്ടികജാതി വികസനത്തിനായി നീക്കിവെച്ചിട്ടുള്ള ആകെ പദ്ധതി വിഹിതം പട്ടികജാതി വികസന വകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയിലുള്ള പരിപാടികളും പ്രോജക്ടുകളും നടപ്പിലാക്കുന്നത് പട്ടികജാതി വികസന വകുപ്പാണ്. വിദ്യാഭ്യാസം, പരിശീലനം,

ചിത്രം 4.3.6
എസ്.സി.എസ്.പി/ടി.എസ്.പി വിഹിതം



അവലംബം:ബഡ്ജറ്റ് രേഖകൾ

ബോക്സ് 4.3.4
വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ വികസനത്തിനായി മാർഗ്ഗ നിർദ്ദേശങ്ങളും തന്ത്രങ്ങളും രൂപീകരിക്കുവാനായി സംസ്ഥാന ആസൂത്രണ ബോർഡ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ശുപാർശകൾ താഴെപ്പറയുന്നു.

എ. പട്ടികജാതി വികസനം

1. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലെ തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാരിന്റെ അധീനതയിലുള്ളതും, നിയമവിരുദ്ധമായി കൈവശം വച്ചതിന് സർക്കാർ പിടിച്ചെടുത്തതുമായ ഭൂമിയിൽനിന്നും കുറഞ്ഞത് ഒന്നുമുതൽ അഞ്ച് ഏക്കർ വരെ ഭൂമി നല്കുക. തരിശ്ശായി കിടക്കുന്ന ഭൂമിയും മറ്റ് കൃഷിഭൂമികളും പട്ടികജാതി തൊഴിലാളികൾക്ക് പാട്ട വ്യവസ്ഥയിൽ നൽകുക.
2. ഉന്നതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകിച്ചും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രത്യേക പരിശീലനത്തിനുള്ള ക്രമീകരണങ്ങൾ, മെന്റർസപ്പോർട്ട്, സാമ്പത്തികസഹായം മുതലായവ ആവശ്യമാണ്. സംസ്ഥാനത്തെ മറ്റ് സ്വകാര്യ മാനേജ്മെന്റുകളെ പോലെ പട്ടികജാതി വിദ്യാർഥികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും, മറ്റിതര സമൂഹങ്ങളുടെ നിലയിലേക്ക് അവരെ എത്തിക്കുന്നതിനുമായി സ്ഥാപനങ്ങളെ മാനേജ് ചെയ്യുന്നതിന് പട്ടികജാതി സംഘടനകളെ തെരഞ്ഞെടുക്കേണ്ടതാണ്.
3. സംസ്ഥാനത്ത് പ്രത്യേക റിക്രൂട്ട്മെന്റ് ഡ്രൈവ് മുഖേന സർക്കാരിന്റെ സംവരണ ഒഴിവുകൾ നികത്തുന്നതിനായി കൂട്ടായ പരിശ്രമം ആവശ്യമാണ്.
4. ആരോഗ്യ മേഖലക്ക് വേണ്ടി പ്രത്യേക പരിപാടികൾ ആവശ്യമാണ്. സർക്കാരിന്റെ സ്പോൺസർഷിപ്പിലുള്ള ഒരു സമഗ്ര ആരോഗ്യ പരിരക്ഷ നടപ്പിലാക്കുന്നത് ഏറെ പ്രയോജനപ്പെടും
5. മറ്റ് ഏജൻസികൾ, സ്റ്റാർട്ട് അപ് മിഷൻ എന്നിവയുമായി ചേർന്ന് പുതിയ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്ന തരത്തിൽ അവർക്കാവശ്യമായ സംരംഭക നൈപുണ്യവികസന വൈദഗ്ധ്യ മേഖലയിൽ പരിശീലനം നല്കുക. തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്നതിലും പ്രത്യേക വൈദഗ്ധ്യവും പുതിയ കഴിവുകളും വികസിപ്പിക്കുന്നതിലുമായിരിക്കണം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.
6. എസ്.സി.എസ്.പി/റ്റി.എസ്.പി ആക്ട്–എസ്.സി.എസ്.പി ഫണ്ടിന്റെ പ്രയോജനം പൂർണ്ണമായും പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതിനായി ഫണ്ടിന്റെ നിയന്ത്രണത്തിനുവേണ്ട നിയമ നിർമ്മാണം.

ബി. പട്ടികവർഗ്ഗ വികസനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണമായി ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ആണ് വികസന തന്ത്രങ്ങൾ ആവിഷ്ക്കരിച്ചിരിക്കേണ്ടത്.

1. സാമൂഹിക സാമ്പത്തിക വികസന പ്രക്രിയ വേഗത്തിലാക്കുക
2. ചൂഷണം ഇല്ലാതാക്കുക
3. ജീവിത ഗുണനിലവാരം ഉയർത്തുക
4. ഗോത്ര ജനവിഭാഗങ്ങളുടെ ജന്മസിദ്ധമായ കഴിവുകൾ വളർത്തുകയും അതോടൊപ്പം അവരെ സ്വയം പ്രാപ്തരാക്കുകയും ചെയ്യുക.
5. ഭൂമി അന്യവല്ക്കരണം തടയുന്നതിനും പുനസ്ഥാപിക്കുന്നതിനും വേണ്ടി പ്രത്യേക നിയമനിർമ്മാണവും എക്സിക്യൂട്ടീവ് ഉപാധികളും സ്വീകരിക്കുക.
6. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭ്യമാകുന്ന പൊതു സേവന പ്രദാനത്തിന്റെ അളവും ഗുണനിലവാരവും മെച്ചപ്പെടുത്തുവാൻ നൂതന തന്ത്രങ്ങൾ രൂപീകരിക്കുക.
7. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പട്ടികവർഗ്ഗ വികസനത്തിനുള്ള തന്ത്രങ്ങളും മാർഗ്ഗരേഖകളും തമ്മിൽ അനുരഞ്ജനം ഉണ്ടാകുക.
8. പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ നിർവ്വഹണവും പരിസ്ഥിതി സംരക്ഷണവും
9. പങ്കാളിത്ത സാമൂഹിക പരിപാലന വികസനം.
10. സാമൂഹിക സാംസ്കാരിക മൂല്യങ്ങളുടെ സംരക്ഷണം.
11. വിവിധ സ്റ്റേറ്റ് ഹോൾഡർമാരുടെ പ്രവർത്തനങ്ങളുടെ ഏകീകരണവും സംയോജനവും.

അവലംബം: വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് എസ്.സി, എസ്.ടി

ബോക്സ് 4.3.5
പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	എണ്ണം	ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ/ആനുകൂല്യങ്ങൾ
1	നഴ്സറി സ്കൂളുകൾ	85	30 കുട്ടികൾക്ക് മാത്രം പ്രവേശനം നൽകി വരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജ്– 30 രൂപ, യൂണിഫോം ചാർജ്ജ് 600 രൂപ, ലംപ്സം ഗ്രാന്റ്–190 രൂപ.
2	മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ)	10	5–ാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുന്നു. രക്ഷിതാക്കളുടെ വാർഷികവരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. 5–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾക്ക് പ്രതിമാസം 2,500 രൂപയും, പ്ലസ് ടു വിദ്യാർഥികൾക്ക് പ്രതിമാസം 2,875 രൂപയും സ്പോർട്സ് എം.ആർ.എസ്സ് വിദ്യാർഥികൾക്ക് പ്രതിദിനം 200 രൂപയും ഭക്ഷണത്തിനായി നൽകുന്നു, 10–ാം ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾക്ക് 119 രൂപയും പ്ലസ്ടുവിന് 150 രൂപയും പ്രതിമാസ പോക്കറ്റ് മണി നല്കുന്നു. 3750 രൂപ യൂണിഫോമിനുള്ള ബത്തയായും, അവധി ദിവസങ്ങളിൽ വീടുകളിൽ പോകുവാനുള്ള യാത്രാബത്തയായും നല്കുന്നു.
3	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രീമെട്രിക് ഹോസ്റ്റലുകൾ (തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾ)	87	5–ാം ക്ലാസ്സ് മുതൽ പ്രവേശനം. ഭക്ഷണം, രണ്ട് ജോടി യൂണിഫോം, ചെരുപ്പ്, ബാഗ്. പ്രതിമാസം 130 രൂപ പോക്കറ്റ് മണി, അവധി ദിവസങ്ങളിൽ വീട്ടിലേക്ക് പോകുവാനുള്ള യാത്രാബത്ത, ഭക്ഷണ ചെലവ് പ്രതിമാസം 2300 രൂപ
4	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ	17	ഭക്ഷണം, പോക്കറ്റ് മണി 190 രൂപ, അവധി ദിവസങ്ങളിൽ വീട്ടിലേക്ക് പോകുവാനുള്ള യാത്രാബത്ത ഭക്ഷണചെലവ് പ്രതിമാസം 2,300 രൂപ
5	പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ,	4	എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷകൾക്കും തൊഴിലധിഷ്ഠിത കോഴ്സുകൾക്കും, മറ്റ് മത്സര പരീക്ഷകൾക്കും സ്റ്റൈപ്പന്റോടുകൂടിയുള്ള പരിശീലനം.
6	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി)	1	സംസ്ഥാന തലത്തിൽ പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദേശീയ തലത്തിലെ മത്സരത്തിൽ പങ്കെടുക്കുന്നതിന് ഒരു വർഷത്തെ പരിശീലനം നല്കുന്നു. താമസ സൗകര്യവും ലൈബ്രറി സൗകര്യവും നല്കി വരുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	എണ്ണം	ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ/ആനുകൂല്യങ്ങൾ
7	വ്യവസായ പരിശീലന സ്ഥാപനങ്ങൾ	44	ഫീസാനുകൂല്യം, യൂണിഫോം ബത്ത 900 രൂപ, ലംപ്സം ഗ്രാന്റ് (ഒന്നാം വർഷ വിദ്യാർഥികൾക്ക് 820 രൂപയും, രണ്ടാം വർഷ വിദ്യാർഥികൾക്ക് 630 രൂപയും), പ്രതിമാസം 630 രൂപ വീതം സ്റ്റൈപ്പന്റ്. ദേശീയ തലത്തിലെ ട്രേഡ് ഫെസ്റ്റിവലിൽ പരാജയപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ട്യൂഷൻ നല്കുന്നു
8	ഗവേഷണത്തിനും സാമൂഹിക പരിവർത്തന വിദ്യാഭ്യാസത്തിനുമായി (CREST) കോഴിക്കോടുള്ള സ്ഥാപനം (ഒരു സ്വയംഭരണ സ്ഥാപനം)	1	എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർഥികൾക്ക് അവരുടെ പാഠ്യവിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലും, കാര്യക്ഷമമായി പങ്കാളികളാകുന്നതിനും, അവരുടെ പഠനത്തിലും ആശയവിനിമയത്തിലുമുള്ള പാടവം മെച്ചപ്പെടുത്തുന്നതിനുമായി മൂന്നാഴ്ചത്തെ ഓറിയന്റേഷൻ കോഴ്സ് നല്കി വരുന്നു. ബി.ടെക് ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യർഥികൾക്ക് കോഴ്സിന്റെ 4 വർഷവും സി.ആർ.ഇ.എസ്സ്.ടി എന്ന സ്ഥാപനം മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ നല്കി വരുന്നു. വിദ്യാർഥികളുടെ യാത്ര, ഭക്ഷണം, താമസസൗകര്യം എന്നിവയ്ക്ക് ആവശ്യമായ തുക സി.ആർ.ഇ.എസ്സ്.ടി വഹിക്കുന്നു.
9	പാലക്കാട് മെഡിക്കൽ കോളേജ്	1	പട്ടികജാതി വിദ്യാർഥികൾക്ക് എം.ബി.ബി.എസ്സി-ന് പ്രവേശനം നല്കി വരുന്നു. 70 സീറ്റുകൾ പട്ടികജാതി വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്. 19 ചികിത്സാ യൂണിറ്റുകളും 500 കിടക്കകളും നിലവിലുണ്ട്.
10	പാരാമെഡിക്കൽ സ്ഥാപനങ്ങൾ (തൃശ്ശൂർ, തിരുവനന്തപുരം)	2	പാലക്കാട് ജില്ലയിൽ കുഴൽമന്നത്ത് 57 വിദ്യാർഥികൾക്ക് (40 എസ്.സി, 9 എസ്.ടി, 8 ജനറൽ) ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സും, കണ്ണൂർ ജില്ലയിൽ പിലാത്തറയിൽ 27 വിദ്യാർഥികൾ വീതമുള്ള 2 ബാച്ചിൽ ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ട്രയിനിംഗ് കോഴ്സും (ഡി.എം.എൽ.റ്റി) നടത്തി വരുന്നു. 850 രൂപ ലംപ്സം ഗ്രാന്റ്, 190 രൂപ പോക്കറ്റ് മണി, 3500 രൂപ യഥാർത്ഥ താമസ സൗകര്യത്തിനും നൽകുന്നു.
11	മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്	1	30 വിദ്യാർഥികൾക്ക് പ്രവേശനം നല്കുന്നു
12	കമ്മ്യൂണിറ്റി കോളേജ്, വടക്കാഞ്ചേരി	1	സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷീനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്ക് പ്രവേശനം നല്കുന്നു. ഇതിന്റെ ഭാഗമായി ഒരു വർഷം സ്ഥാപനങ്ങളിൽ പരിശീലനവും ഒരു വർഷം വ്യവസായ പരിശീലനവും നല്കുന്നു. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 1500 രൂപയും, വീട്ടിൽ പോയി വരുന്നവർക്ക് 500 രൂപയും സ്റ്റൈപ്പന്റായി നല്കുന്നു. 630 രൂപ ലംപ്സം ഗ്രാന്റും 2,500 രൂപ പഠനയാത്രാ ബത്തയായും നല്കുന്നു.
13	സൈബർശ്രീ	1	60 വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണയും മാർഗ്ഗ നിർദ്ദേശവും നല്കുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് 1000 രൂപ

അവലംബം: പട്ടികജാതി വികസന വകുപ്പ്

പട്ടിക 4.3.18

പട്ടികജാതി വികസനവകുപ്പിന്റെയും സ്ഥാപനങ്ങളുടെയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി–യിലെ പട്ടികജാതി ഉപപദ്ധതിയുടെ വിഹിതവും ചെലവും (രൂപ കോടിയിൽ)

വർഷം	മൊത്തം പദ്ധതി വിഹിതം	സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയ പട്ടികജാതി ഉപപദ്ധതിയുടെ ശതമാനം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ			പട്ടികജാതി വികസന വകുപ്പ്	
			ബഡ്ജറ്റ് വിഹിതം	ലഭ്യമായ തുക	ചെലവ് പ്രാരംഭ (ബാക്കി ഉൾപ്പെടെ)	വിഹിതം	ചെലവ്
2012–13	1,374.38	9.81	824.63	1,066.56	665.97	549.75	519.48
2013–14	1,667.70	9.81	828.20	1,209.06	882.48	839.50	790.16
2014–15	1,962.00	9.81	927.58	1,253.97	811.55	1,034.42	693.45
2015–16	1,968.5	9.84	927.58	1,370.27	856.28	1,040.92	752.19
2016–17	2,354.40	9.81	1,038.90	1,345.04	726.02	1,315.50	1,099.91
ആകെ	**9,326.98**	**9.81**	**4,546.89**	**6,244.9**	**3,942.3**	**4,780.09**	**3,855.19**

അവലംബം: ബഡ്ജറ്റ് രേഖകൾ

ഗവേഷണാധിഷ്ഠിത പരിപാടികൾ എന്നിവ പട്ടികജാതി വികസനവകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിന് വേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ വിവരം **ബോക്സ് 4.3.5**–ൽ ചേർക്കുന്നു.

12-ാം പഞ്ചവത്സരപദ്ധതിയുടെ പുരോഗതി അവലോകനം

12–ാം പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ വിഹിതമായ 95010.00 കോടി രൂപയിൽ നിന്നും 9326.98 കോടി രൂപ പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതി (എസ്. സി.എസ്.പി) വിഹിതമായി നീക്കി വച്ചിട്ടുണ്ട്. ഇത് ആകെ സംസ്ഥാന വിഹിതത്തിന്റെ 9.81 ശതമാനമാണ്. ഈ തുകയിൽ നിന്നും 4780.09 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 4546.89 കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ പട്ടികജാതി വികസന വകുപ്പ് 81 ശതമാനം തുക (3855.19 കോടി രൂപ) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്. 6249.90 കോടി രൂപ പ്രാരംഭ ബാക്കി അടക്കം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചു. അതിൽ 3942.30 കോടി രൂപ (66.1 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി കാലയളവിലെ വർഷം തിരിച്ചുള്ള വിഹിതവും ചെലവും **പട്ടിക 4.3.18**–ൽ കൊടുത്തിരിക്കുന്നു. പദ്ധതി കാലയളവിലെ പ്രധാനപ്പെട്ട നേട്ടങ്ങൾ **അനുബന്ധം 4.3.16**–ൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന പദ്ധതികൾ

വിദ്യാഭ്യാസം, സാമ്പത്തിക വികസനം, സാമൂഹ്യക്ഷേമം, സാംസ്കാരികം എന്നീ പരിപാടികളും നിയമാധിഷ്ഠിത സേവനങ്ങളുമാണ് പട്ടികജാതിക്കുള്ള ഉപപദ്ധതിയ്ക്ക് കീഴിൽ പട്ടികജാതി വികസനവകുപ്പ് നടത്തി വരുന്നത്. 2016–17–ൽ 1,315.50 കോടി രൂപ പട്ടികജാതി വികസന വകുപ്പിന് ലഭ്യമായതിൽ 1,099.91 കോടി രൂപ (84 ശതമാനം) ചെലവഴിച്ചു. 2017–18–ൽ 1,427.60 കോടി രൂപ ലഭ്യമായതിൽ 2017 ആഗസ്റ്റ് 31 വരെ 234.26 കോടി രൂപ ചെലവഴിച്ചു. 2016–17, 2017–18 (2017 ആഗസ്റ്റ് 31 വരെ) പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതികളുടെ വിഹിതവും ചെലവും, ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും **അനുബന്ധം 4.3.17** –ലും **4.3.18** –ലും യഥാക്രമം നല്കിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ **ബോക്സ് 4.3.6**–ൽ കൊടുത്തിരിക്കുന്നു.

2016–17 ലെ പട്ടിക ജാതി വികസന വകുപ്പിന്റെ മറ്റ് സംരംഭങ്ങളും നേട്ടങ്ങളും

- വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം 50,000 രൂപയിൽ നിന്നും 100,000 രൂപയായി വർദ്ധിപ്പിക്കുകയും 446 പേർക്ക് ധനസഹായം നല്കുകയും ചെയ്തു.
- വിവാഹ ധനസഹായം 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തി.
- 1,466 ദമ്പതികൾക്ക് 7.33 കോടി രൂപ മിശ്രവിവാഹ ധനസഹായമായി നല്കി.
- വിദേശപഠനത്തിന് 3 വിദ്യാർഥികൾക്കും കേരളത്തിന് വെളിയിൽ പഠിക്കുന്നതിന് 476 വിദ്യാർഥികൾക്കും ധനസഹായം നല്കി.
- അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലൂടെ 196 പട്ടികജാതി കോളനികളുടെ വികസനത്തിനായി 98 കോടി രൂപ അനുവദിച്ചു.
- 1551 പട്ടികജാതിക്കാർക്ക് പരിശീലനവും 5401 പേർക്ക് തൊഴിലധിഷ്ഠിത പരിശീലനവും 30 വിദ്യാർഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനവും നല്കി.

പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയാനുള്ള നിയമം നടപ്പാക്കലും

തൊട്ടുകൂടായ്മ ആചരിക്കുന്നതിനും, അതു സംബന്ധിച്ച മതപ്രഭാഷണം നടത്തുന്നതിൽ നിന്നുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കുമെതിരെയുള്ള ശിക്ഷാനടപടികൾ നിർവ്വഹിക്കുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും '1995 ലെ പൗരാവകാശ സംരക്ഷണ നിയമവും, 1989 –ലെ അതിക്രമങ്ങൾ തടയാനുള്ള നിയമവും പാര്ലമെന്റ് പാസാക്കിയിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ വിചാരണ ചെയ്യുന്നതിനായും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നല്കുന്നതിനുമായി പ്രത്യേക കോടതി നിലവിലുണ്ട്

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2016–17–ൽ 267 കേസുകൾ രജിസ്റ്റർ ചെയ്തു. നഷ്ടപരിഹാരമായി 251.69 ലക്ഷം രൂപ വിതരണം ചെയ്തു. 2017–18 ആഗസ്റ്റ് 31 വരെ 96 കേസുകൾ രജിസ്റ്റർ ചെയ്യുകയും നഷ്ടപരിഹാരമായി 83.65 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.3.23**–ൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണായക വിടവുനികത്തൽ (കോർപ്പസ് ഫണ്ട്)

മനുഷ്യവിഭവശേഷി വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നല്കിക്കൊണ്ട് പട്ടികജാതി ഉപപദ്ധതിയനുസരിച്ചുള്ള പരിപാടികളുടെ നിർണ്ണായക വിടവു നികത്തലിന് പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു. 2014–15 മുതൽ ജനസംഖ്യാടിസ്ഥാനത്തിൽ ജില്ലകൾക്ക് വിഹിതത്തിന്റെ മൂന്നിലൊന്നു തുക അനുവദിക്കുന്നു. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല സമിതി 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾ അനുവദിക്കുന്നു, 25 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്ക് അനുമതി നല്കുന്നത് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകളായിരിക്കും. 2016–17–ൽ ചികിത്സാ സഹായം, ദുരിതാശ്വാസ ഫണ്ട്, സ്വയം പര്യാപ്തഗ്രാമം പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കൽ, നവീകരണ പ്രവൃത്തികൾ, കുടിവെള്ള പദ്ധതി, മെഷീനറിയും ഉപകരണങ്ങളും വാങ്ങൽ എന്നീ പരിപാടികൾ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കി. 2012–13 മുതൽ 2017–18 വരെയുള്ള ഈ പദ്ധതിയുടെ വിഹിതവും ചെലവും **അനുബന്ധം 4.3.24** –ൽ നല്കിയിരിക്കുന്നു.

പൂൾഡ് ഫണ്ട്

പ്രോജക്ട് അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വേണ്ടി പട്ടിക ജാതി ഉപപദ്ധതി പ്രകാരവും പട്ടികവർഗ്ഗ ഉപപദ്ധതി

ബോക്സ് – 4.3.6
പട്ടികജാതി വികസനത്തിനുള്ള പ്രധാന പദ്ധതികൾ

പദ്ധതികളുടെ പേര്	ലക്ഷ്യം	നേട്ടം
വിദ്യാഭ്യാസ പരിപാടികൾ	താഴെപറയുന്ന വിഭാഗങ്ങളിലായി വിദ്യാഭ്യാസ സഹായം നല്കൽ • പ്രീ മെട്രിക് വിദ്യാഭ്യാസം • പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം • മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് • ഐ.ടി.ഐ കളുടെ നടത്തിപ്പ്	2016–17 വർഷം വിദ്യാഭ്യാസ പദ്ധതികൾക്കായി 132.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ സഹായം 133420 വിദ്യാർഥികൾക്കും, പ്രീ–മെട്രിക് ലംപ്സം ഗ്രാന്റ് 392836 വിദ്യാർഥികൾക്കും ലഭ്യമായി. 182780 വിദ്യാർഥികൾക്ക് കേന്ദ്ര സഹായമായി പോസ്റ്റ് മെട്രിക് സ്കോളർഷിപ് ലഭ്യമായി. 2322 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പും, 313 മെഡിക്കൽ വിദ്യാർഥികൾക്ക് സ്റ്റെതസ്കോപ്പും 1199 വിദ്യാർഥികൾക്ക് അയ്യങ്കാളി സ്കോളർഷിപ്പും, 657 വിദ്യാർഥികൾക്ക് എൻടൻസ് പരിശീലനവും നല്കി. പട്ടിക ജാതി വിദ്യാർഥികൾക്ക് 2016–17ൽ നല്കിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, താമസ സൗകര്യത്തിനുള്ള ഫീസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.3.19** ൽ കൊടുത്തിരിക്കുന്നു.
ഭവന നിർമ്മാണ പദ്ധതി	•ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ ഭവന നിർമ്മാണം •ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം •ജീർണ്ണിച്ച ഭവനങ്ങളുടെ പുനരുദ്ധാരണം	2016–17–ൽ പദ്ധതി വഴി 14,956 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു (**ചിത്രം 4.3.7**). 2017–18–ൽ 2017 ആഗസ്റ്റ് 31 വരെ, 7000 ഭവനങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നല്കുകയുണ്ടായി. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു (**അനുബന്ധം 4.3.20**)
ഭൂരഹിതർക്ക് ഭൂമി	അർഹതപ്പെട്ട പാവപ്പെട്ട ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ സ്ഥലം വാങ്ങൽ	2016–17–ൽ 174.89 കോടി രൂപ പദ്ധതിക്ക് ചെലവഴിച്ചു (100%) 4465 പേർക്ക് പ്രയോജനപ്പെടുകയും ചെയ്തു 2017–18 വർഷം പ്രസ്തുത പദ്ധതിയ്ക്കായി 2017 ആഗസ്റ്റ് 31 വരെ 180 കോടി രൂപ അനുവദിക്കുകയും 1384 ഗുണഭോക്താക്കൾക്കായി 29.60 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. (**അനുബന്ധം 4.3.21**)
പട്ടിക ജാതിയിൽ പെട്ട ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ	• പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട ദുർബല വിഭാഗങ്ങളിലെ ഭൂരഹിത, ഭവനഹരഹിത കുടുംബങ്ങൾക്ക് 5 സെന്റ് ഭൂമി വാങ്ങാനും വീടു നിർമ്മിക്കാനും സാമ്പത്തിക സഹായവും പുനരധിവാസവും • ദുർബല വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ്, അടിസ്ഥാന സൌകര്യം, വാർത്താ വിനിമയ ശൃംഖല തുടങ്ങിയവ	2016–17–ൽ പദ്ധതിക്കായി 17.43 കോടി രൂപ ചെലവഴിച്ചു. 378 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും 210 ഭവനങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഈ പദ്ധതി വഴി ധനസഹായം ലഭിച്ചു,
ആരോഗ്യ പദ്ധതി ഗുരുതര മായി അസുഖ ബാധിതരായ വർക്ക് സാമ്പത്തിക സഹായം	കാൻസർ, ഹൃദയം, വൃക്ക, മസ്തിഷ്കം തുടങ്ങിയ അവയവങ്ങളിൽ ഗുരുതരമായി രോഗം ബാധിച്ച പട്ടികജാതിയിൽപ്പെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ള നിർധനർക്ക് ഡോക്ടർമാരുടെ ശുപാർശ പ്രകാരം ധനസഹായം നല്കുന്നു	2016–17–ൽ 18.80 കോടി രൂപ ചികിത്സാ സഹായമായി 23073 പേർക്ക് നല്കി. 29 ഹോമിയോ ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സജ്ജമാക്കി. പാലക്കാട്, ഇടുക്കി, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 91.95 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.
പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹ ത്തിനു ധന സഹായം	പട്ടികജാതിയിൽ പെട്ട മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹ ചെലവിന്റെ സാമ്പത്തിക ഭാരം കുറയ്ക്കാൻ സാമ്പത്തിക സഹായം	2016–17–ൽ 52.60 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിക്കുകയും 10523 പേർക്ക് പ്രയോജനപ്പെടുകയും ചെയ്തു. 2017–18–ൽ 13.75 കോടി രൂപ അനുവദിച്ചു നല്കുകയും 2017 ആഗസ്റ്റ് 31 വരെ 2735 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്തു
സ്വയം തൊഴിൽ പദ്ധതി	പട്ടികജാതിയിൽ പെട്ടവരുടെ പുതിയ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം	2016–17–ൽ 3.68 കോടി രൂപ ചെലവഴിക്കുകയും 542 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2017–18–ൽ 2017 ആഗസ്റ്റ് 31 വരെ 58 പേർക്ക് പദ്ധതി വഴി പ്രയോജനം ലഭിച്ചു. (**അനുബന്ധം 4.3.22**)

അവലംബം: പട്ടികജാതി വികസന വകുപ്പ്

ചിത്രം 4.3.7
2012-13 മുതൽ 2016-17 വരെ ഭവന പദ്ധതിയിൽ നിന്നും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും പദ്ധതിയുടെ വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)



അവലംബം: പട്ടികജാതി വികസന വകുപ്പ്

പ്രകാരവും പൂൾഡ് ഫണ്ടായി ഒരു വിഹിതം വകയിരുത്തുന്ന സംവിധാനമാണ് പൂൾഡ് ഫണ്ട്. ഇതുപ്രകാരം വിവിധ വികസന വകുപ്പുകളും ഏജൻസികളും പ്രോജക്ടുകൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിക്കുകയും സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചശേഷം ഉപയുക്തമായവ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ/ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് വേണ്ടി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളിലേക്കയയ്ക്കുന്നു. 2012-13 മുതൽ 2017-18 (2017 ആഗസ്റ്റ് 31) വരെയുള്ള ഈ പദ്ധതിയുടെ വിഹിതവും ചെലവും **അനുബന്ധം 4.16**-ലും **ചിത്രം 4.3.8**-ലും കൊടുത്തിരിക്കുന്നു.

പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം

പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമന പരിപാടികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായമാണ് പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം. ഒരു പദ്ധതിയുടെ രീതി ഇതിൽ വരുന്നില്ല. പ്രസ്തുത തുക കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലെ നിർണ്ണായക വിടവുനികത്തുന്നതിന് സഹായമാവുന്നു. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പ്രകാരം ലഭിക്കുന്ന ആകെ ധനസഹായത്തിന്റെ 75 ശതമാനം തുക ജില്ലകളിലെ പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക്നല്കുന്നുണ്ട്. ശേഷിക്കുന്ന 25 ശതമാനം തുക പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ കൈകാര്യം ചെയ്യും. പട്ടികജാതി കുടുംബങ്ങൾക്ക് സബ്സിഡിയും ധനകാര്യസ്ഥാപന ധനസഹായവും അടങ്ങിയ വരുമാനദായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതിപ്രകാരം ഏറ്റെടുക്കാവുന്നതാണ്. 2012-13 മുതൽ 2017-18 വരെയുള്ള പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ വിഹിതവും ചെലവും **അനുബന്ധം 4.3.26**-ൽ നൽകിയിരിക്കുന്നു.

പട്ടികവർഗ വികസനവകുപ്പിന്റെ പരിപാടികൾ

പട്ടിക വർഗക്കാരുടെ ക്ഷേമത്തിന് വേണ്ടിയുള്ള പട്ടികവർഗ ഉപപദ്ധതി അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്താണ് (1974–75) നിലവിൽ വന്നത്. ഒരു ഉപ പദ്ധതി സമീപനത്തിലൂടെ പട്ടിക വർഗക്കാർക്ക് പ്രത്യേക പരിഗണന നൽകുക എന്നതാണ് പട്ടിക വർഗ ഉപപദ്ധതിയുടെ ലക്ഷ്യം. 1983–84 മുതൽ പദ്ധതിയുടെ സമീപനത്തിൽ പലവിധ മാറ്റങ്ങൾ വരികയും ഇപ്പോൾ അത് ജില്ലാതലത്തിൽ വികേന്ദ്രീകരിക്കുകയും ചെയ്തിട്ടുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് ശേഷം, പട്ടികവർഗ വിഭാഗങ്ങളുടെ വികസനവും ക്ഷേമവുമായി ബന്ധപ്പെട്ട വ്യക്തമായ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയുണ്ടായി.

കേരളത്തിലെ ആദ്യത്തെ (1976) സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ടാണ് (ഐ.റ്റി.ഡി.പി) അട്ടപ്പാടിയിലെ പട്ടികവർഗ വികസന ബ്ലോക്ക്. പിന്നീട് പട്ടിക വർഗ വിഭാഗത്തിന്റെ പുരോഗതിക്കായി പ്രത്യേക അധികാര പരിധിയിൽ ആറിലധികം ഐ.റ്റി.ഡി.പി–കൾ കൂടി രൂപീകരിച്ചു. ഐ.റ്റി.ഡി.പി പ്രദേശത്തിന് പുറമെ അധിവസിക്കുന്ന പട്ടിക വർഗ ക്കാരുടെ വികസനം ഇപ്പോൾ 10 പട്ടികവർഗ വികസന ഓഫീസുകൾ മുഖേനയാണ് (റ്റി.ഡി.ഒ കൾ) നടപ്പിലാക്കുന്നത്.

വളരെ പ്രത്യേകതയുള്ള സങ്കേത ആവാസ രീതികളും, സാംസ്കാരിക ആചാരങ്ങളും, പാരമ്പര്യ സവിശേഷതകളും ഉള്ളതിനാൽ പട്ടിക വർഗ സമൂഹം വനത്തിന്റെ ഉൾപ്രദേശങ്ങളിലോ സമീപത്തോ കേന്ദ്രീകരിച്ച് അധിവസിച്ചുവരുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, പട്ടികവർഗക്കാരെ സംരക്ഷിക്കുന്നതിനും അതിലൂടെ അവരുടെ വികസനം നേടിയെടുക്കലുമാണ് പട്ടികവർഗ ഉപപദ്ധതിയുടെ തന്ത്രം. ഇതനുസരിച്ച്, സംസ്ഥാനത്തെ പട്ടികവർഗ ജനസംഖ്യയുടെ (1.45 ശതമാനം) അനുപാതത്തിലധികം തുക പട്ടികവർഗക്കാരുടെ പ്രത്യേക വികസനത്തിനായി വകയിരുത്തുന്നുണ്ട്. ബഡ്ജറ്റിൽ പട്ടികവർഗ ഉപപദ്ധതിക്ക് വകയിരുത്തുന്ന തുക സംസ്ഥാനത്തെ പട്ടികവർഗ

ചിത്രം 4.3.8
2012–13 മുതൽ 2017–18 വരെ പൂൾഡ് ഫണ്ട് ഇനത്തിലുള്ള പദ്ധതികളുടെ വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)



അവലംബം: പട്ടികജാതി വികസന വകുപ്പ്

വിഭാഗങ്ങളുടെ വികസനത്തിന് വേണ്ടിമാത്രം ചെലവഴിക്കുന്നതിനു വേണ്ടിയുള്ളതാണ്. 2016-17-ൽ സംസ്ഥാന ബഡ്ജറ്റിന്റെ 2.84 ശതമാനവും 2017-18-ൽ 2.83 ശതമാനവും തുക പട്ടികവർഗ ഉപപദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ വികസനത്തിനായുള്ള പ്രധാന വിഭവ സ്രോതസ്സുകൾ (i) സംസ്ഥാന പദ്ധതി വിഹിതം, (ii) കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടിക വർഗ ഉപപദ്ധതിവിഹിതം, (iii) പട്ടികവർഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്രവിഹിതം, (എസ്.സി.എ റ്റു റ്റി.എസ്.പി.) ഭരണഘടന ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ധനസഹായം, പട്ടികവർഗ മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന മറ്റു പരിപാടികളുടെ വിഹിതം, (iv) ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായം എന്നിവയാണ്.

2016-17-ൽ പട്ടികവർഗ വികസനവകുപ്പിന് അനുവദിച്ച 526.65 കോടി രൂപയിൽ 475.41 കോടി രൂപ (90.33 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ പട്ടികവർഗ വികസനത്തിനായി നീക്കിവെച്ചിട്ടുള്ള ആകെ സംസ്ഥാന പദ്ധതി വിഹിതം 751.08 കോടി രൂപയാണ്. ഇതിൽ 575.08 കോടി രൂപ (76.57ശതമാനം) പട്ടികവർഗ വികസന വകുപ്പിനും 176.00 കോടി രൂപ (23.43ശതമാനം) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുകയുണ്ടായി. 50 ശതമാനം, 100 ശതമാനം എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്രവിഹിതമായി യഥാക്രമം 21.30 കോടി രൂപയും 105.02 കോടി രൂപയും വകയിരുത്തുകയുണ്ടായി. ഇതുകൂടാതെ 13.00 കോടിരൂപ പട്ടികവർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായമായും പ്രതീക്ഷിക്കുന്നു. 2016-17-ലും 2017-18 (2017 ആഗസ്റ്റ് 31 വരെ)-ലും ചെലവായ തുകയുടെ വിവരങ്ങൾ **അനുബന്ധം 4.3.27**-ലും പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ ഭൗതികനേട്ടങ്ങൾ **അനുബന്ധം 4.3.28**-ലും കൊടുത്തിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവലോകനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ സംസ്ഥാന പദ്ധതി വിഹിതമായ 95010.00 കോടി രൂപയിൽ പട്ടിക വർഗ ഉപ പദ്ധതിക്കായി

പട്ടിക 4.3.19
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വകയിരുത്തിയ പട്ടിക വർഗ ഉപ പദ്ധതിയുടെ വിഹിതവും ചെലവും
(തുക കോടിയിൽ)

വർഷം	പദ്ധതി വിഹിതം	സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയ പട്ടിക വർഗ ഉപ പദ്ധതിയുടെ ശതമാനം	തദ്ദേശ ഭരണ സ്ഥാപനങ്ങൾ			പട്ടിക വർഗ വികസന വകുപ്പ്	
			ബഡ്ജറ്റ് വിഹിതം	ലഭ്യമായ തുക	ചെലവ് (ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ)	വിഹിതം	ചെലവ്
2012-13	325.05	2.32	123.62	162.17	102.00	201.43	205.33
2013-14	389.85	2.29	124.30	183.11	136.89	265.55	267.10
2014-15	600.00	3.00	139.22	185.44	121.61	460.78	390.46
2015-16	604.50	3.02	139.22	225.83	149.64	465.28	366.69
2016-17	682.80	2.84	156.00	216.87	107.53	526.80	480.77
ആകെ	2602.25	2.74	682.36	973.42	617.67	1919.84	1710.37

2602.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ അനുവദിച്ച 2.05 ശതമാനം തുകയെക്കാൾ വളരെ കൂടുതലാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പട്ടിക വർഗക്കാരുടെ ഉന്നമനത്തിനായി അനുവദിച്ച 2.74 ശതമാനം തുക. 2012–13 മുതൽ 2015–16 വരെയുള്ള കാലയളവിൽ പട്ടികവർഗ വികസന വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിതവും ചെലവും **പട്ടിക 4.3.19** –ൽ കൊടുത്തിരിക്കുന്നു.

പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം, സാമൂഹിക–സാമ്പത്തിക ഉന്നമനം, നിയമപരിരക്ഷ എന്നിങ്ങനെ പൊതുവായി തരം തിരിക്കാം. 2016–17, 2017–18 (ആഗസ്റ്റ് 31, 2017 വരെ) എന്നീ വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പ്രധാന പരിപാടികളുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും **ബോക്സ് 4.3.7**–ൽ നൽകുന്നു.

കോർപ്പസ് ഫണ്ട്

ഈ പരിപാടി പ്രകാരം വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ 2016–17–ൽ 5,057.69 ലക്ഷം രൂപ നീക്കിവയ്ക്കുകയും അതിൽ 4,754.41 ലക്ഷം രൂപ (94 ശതമാനം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ്വയം തൊഴിലുകൾ, വൈദ്യുതി വികസനം, ജലവിതരണവും ശുചീകരണവും, വാർത്താവിനിമയ സൗകര്യങ്ങൾ, നടപ്പാലങ്ങൾ, സാങ്കേതിക വിദ്യ കൈമാറ്റം, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, ആരോഗ്യം തുടങ്ങിയവയാണ് കോർപ്പസ് ഫണ്ടിലെ പ്രധാന ഘടകങ്ങൾ. 2012–13 മുതൽ 2017–18 വരെ (2017 ആഗസ്റ്റ് 31 വരെ) ഉള്ള കോർപ്പസ് ഫണ്ടിന്റെ വിഹിതവും ചെലവും സംബന്ധിച്ച വിവരം **അനുബന്ധം 4.3.37** ലും, **ചിത്രം 4.3.10** –ലും ജില്ല തിരിച്ചുള്ള 2017–18 –ലെ വിവരങ്ങൾ **അനുബന്ധം 4.3.38**–ലും നൽകിയിരിക്കുന്നു.

അധിക പട്ടിക വർഗ ഉപപദ്ധതിയ്ക്കുള്ള വിഹിതം (എ.റ്റി.എസ്.പി.ഫണ്ട്)/പ്രത്യേക പാക്കേജ്

സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് വേണ്ടി സാധാരണ വകയിരുത്തുന്ന പട്ടികവർഗ വിഹിതത്തിന് പുറമെ ഒരു പ്രത്യേക പാക്കേജായാണ് എ.റ്റി. എസ്.പി. ഫണ്ട് വകയിരുത്തുന്നത്. 2014–15–ൽ 150 കോടി രൂപ തിരഞ്ഞെടുത്ത സങ്കേതങ്ങളിലെ പട്ടികവർഗക്കാരുടെ സംയോജിത സുസ്ഥിര വികസനത്തിനുവേണ്ടിയുള്ള ഒരു പുതിയ ഉദ്യമമായി വകയിരുത്തുകയുണ്ടായി. 2015–16 ലും 2016–17 ലും ഈ പദ്ധതി തുടർന്നു. 2016–17 ൽ ഈ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിനാണ് പ്രാധാന്യം നൽകിയത്. 2017 ആഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച് ഈ പദ്ധതിയുടെ ചെലവ് 156.44 കോടി രൂപയാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.3.39**–ൽ കൊടുത്തിട്ടുണ്ട്.

അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം (മുമ്പുള്ള എ.റ്റി.എസ്.പി.ഫണ്ട് / പ്രത്യേക പാക്കേജ്)

2017–18 വാർഷിക പദ്ധതിയിൽ 'എ.റ്റി.എസി. പി.ഫണ്ട് / പ്രത്യേക പാക്കേജ്' എന്ന പദ്ധതി അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം എന്ന് പുനർനാമകരണം ചെയ്ത് 100 കോടി രൂപ വകയിരുത്തി. പട്ടിക വർഗ വികസന വകുപ്പ്, തെരഞ്ഞെടുത്ത 90 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പട്ടികവർഗ ഉപപദ്ധതിക്കു വേണ്ടിയുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ റ്റു റ്റി.എസ്.പി)

സംസ്ഥാന പദ്ധതികൾക്കു പുറമേ കേന്ദ്രസർക്കാരിൽ നിന്ന് അധിക വിഹിതമായി ലഭ്യമാകുന്ന ഫണ്ടാണ് പട്ടിക വർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം. ഈ പദ്ധതിയിലൂടെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ പ്രദാനം ചെയ്യുന്ന വരുമാനദായക പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. 2009–10 മുതൽ 2017–18 വരെ (ആഗസ്റ്റ് 31, 2017

ബോക്സ് 4.3.7
പട്ടികവർഗ വികസന വകുപ്പിന്റെ പ്രധാന പരിപാടികൾ

പരിപാടി യുടെ പേര്	ലക്ഷ്യങ്ങൾ	നേട്ടങ്ങൾ
വിദ്യാഭ്യാസ പരിപാടികൾ	* പ്രീ മെട്രിക് പഠനം *പോസ്റ്റ് മെട്രിക് പഠനം *മാതൃകാ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനം *സ്വാശ്രയ കോളേജുകളിലെ പഠനം തുടങ്ങിയവയ്ക്ക് വിദ്യാഭ്യാസ ധനസഹായം നൽകൽ.	2016-17-ൾ പ്രീമെട്രിക് പഠനത്തിന് 3.69 കോടി രൂപ ചെലവഴിച്ച് 14918 വിദ്യാർത്ഥികൾക്ക് പ്രയോജനം നൽകി. ഇതേ കാലയളവിൽ 25.00 കോടി രൂപ പോസ്റ്റ് മെട്രിക് പഠനത്തിന് ചെലവഴിച്ച് 12612 വിദ്യാർത്ഥികൾക്ക് പ്രയോജനം നൽകി. 2017-18ൽ (2017 ആഗസ്റ്റ് 31 വരെ) പ്രീമെട്രിക് പഠനത്തിന് 1.27 കോടി രൂപ ചെലവഴിച്ച് 1784 വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് പഠനത്തിന് 12.00 കോടി രൂപ ചെലവഴിച്ച് 15986 വിദ്യാർത്ഥികൾക്കും സഹായം ലഭിച്ചു. 2016-17-ൽ പട്ടികവർഗ വികസന വകുപ്പ് വിവിധ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നതിനായി 155.30 കോടി രൂപ വകയിരുത്തിയതിൽ 121.40 കോടി രൂപ ചെലവഴിച്ചു. 2017-18 -ൽ (2017 ആഗസ്റ്റ് 31 വരെ) 170.90 കോടി രൂപ വകയിരുത്തിയതിൽ 47.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (**അനുബന്ധം 4.3.29, 4.3.30, 4.3.31, 4.3.32**)
ഭവന പദ്ധതി	ഭവനരഹിത പട്ടിക വർഗ വിഭാഗങ്ങൾക്ക്പുതിയ വീടു നിർമാണത്തിന് ധന സഹായം.	2016-17-ൽ പൊതു ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് 50.47 കോടി രൂപ വകയിരുത്തുകയും മൊത്തം തുക ചെലവഴിക്കുകയും ചെയ്തു. കൂടാതെ എ.റ്റി.എസ്.പി. ഫണ്ടിൽ വകയിരുത്തിയ 156.45 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. 2017-18-ൽ (2017 ആഗസ്റ്റ് 31 വരെ)പൊതു ഭവന നിർമ്മാണ പദ്ധതിക്ക് അനുവദിച്ച 115.08 കോടി രൂപയിൽ 46.25 കോടി രൂപ ചെലവഴിച്ചു. (**ചിത്രം 4.3.9 അനുബന്ധം 4.3.33, 4.3.34**)
ആരോഗ്യ പരിപാടി	ക്ഷയം, കുഷ്ഠം, ചൊറി, അരിവാൾ രോഗം, ജലജന്യരോഗങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകൽ	2016-17-ൽ 15.00 കോടി രൂപ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതമായി വകയിരുത്തുകയും 14.78 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 -ൽ 20.00 കോടിരൂപ വകയിരുത്തിയതിൽ 13.47 കോടി രൂപ (2017 ആഗസ്റ്റ് 31 വരെ)ചെലവായിട്ടുണ്ട്. (**അനുബന്ധം 4.3.35**)
ഭൂരഹിത പട്ടിക വർഗ ക്കാരുടെ പുനരധി വാസം	ഭൂരഹിത പട്ടികവർഗ ക്കാർക്ക് മാസ്റ്റർ പ്ലാൻ അടിസ്ഥാനത്തിൽ ഒരേക്കർ മുതൽ പരമാവധി അഞ്ച് ഏക്കർ വരെ പരിധിക്ക് വിധേയമായി ഭൂമി നൽകുക.	ഈ പരിപാടിയിൽ (2017 ആഗസ്റ്റ് 31 വരെ)739 കുടുംബങ്ങൾക്ക് 278.96 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 4.3.36**-ൽ നൽകിയിരിക്കുന്നു.

അവലംബം: പട്ടികവർഗ വികസന വകുപ്പ്

ബോക്സ് 4.3.8
പട്ടികവർഗ വികസന വകുപ്പിന്റെ ഭരണ ചുമതലയിൽ ഉള്ള സ്ഥാപനങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ	ആരോഗ്യ സ്ഥാപനങ്ങൾ
19 മാതൃക റസിഡൻഷ്യൽ വിദ്യാലയങ്ങൾ 23 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ 13 നഴ്സറി വിദ്യാലയങ്ങൾ 9 കിന്റർഗാർട്ടനുകൾ 7 ബാലവാടി / വികാസ് വാടി / ബാലവിജ്ഞാന കേന്ദ്രങ്ങൾ പ്രാക്തന ഗോത്ര വർഗക്കാർക്കുള്ള ഏഴ് പെരിപ്പതറ്റിക് വിദ്യാഭ്യാസ കേന്ദ്രങ്ങൾ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ 12 പരിശീലന കേന്ദ്രങ്ങൾ 2 തൊഴിൽപരമായ പരിശീലന കേന്ദ്രങ്ങൾ	1 ആയുർവേദ ആശുപത്രി 17 ആയുർവേദ ഔഷധശാലകൾ 5 ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ 4 മിഡ് വൈഫറി കേന്ദ്രങ്ങൾ

അവലംബം: പട്ടികവർഗ വികസന വകുപ്പ്

അവലംബം: 4.3.9
പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയുടെ വിഹിതവും ചെലവും



** (2017 ആഗസ്റ്റ് 31 വരെ)*
അവലംബം: പട്ടികവർഗ വികസന വകുപ്പ് & പ്ലാൻ സ്പേസ് റിപ്പോർട്ട്

വരെ)പട്ടിക വർഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിന്റെ വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.3.40**-ൽ കൊടുത്തിരിക്കുന്നു.

ചിത്രം 4.3.10
കോർപ്പസ് ഫണ്ട് വിഹിതവും ചെലവും, തുക ലക്ഷത്തിൽ ചെലവും



** (2017 ആഗസ്റ്റ് 31 വരെ)*
അവലംബം: പട്ടികവർഗ വികസന വകുപ്പ് & പ്ലാൻ സ്പേസ് റിപ്പോർട്ട്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി

1970–ൽ ദേശീയ മാതൃകയിൽ സ്ഥാപിച്ച ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്ററാണ് പിന്നീട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/ എസ്.റ്റി (കിർത്താഡ്സ്) എന്ന സ്ഥാപനമായി അംഗീകരിച്ചത്. ഈ സ്ഥാപനം സംസ്ഥാനത്തെ പട്ടികജാതി, പട്ടിക വർഗക്കാരെക്കുറിച്ച് പഠനങ്ങളും ഗവേഷണവും നടത്തുന്നു.

പട്ടികജാതി വികസനവകുപ്പ്, പട്ടികവർഗ വികസനവകുപ്പ്, റവന്യൂ ഡിവിഷണൽ ഓഫീസർമാർ, തഹസിൽദാർമാർ, ജില്ലാ കളക്ടർ എന്നിവരുടെ ആവശ്യ പ്രകാരം സംശയാസ്പദമായ കേസുകളിൽ പ്രസ്തുത സ്ഥാപനം നരവംശ ശാസ്ത്രപരമായി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തന വിശദാംശങ്ങൾ **അനുബന്ധം 4.3.41** –ൽ നൽകിയിട്ടുണ്ട്.

കിർത്താഡ്സിന്റെ പരിശീലന വിഭാഗം പട്ടികവർഗ വികസനത്തിനായി നിരവധി പരിപാടികൾ നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഈ വിഭാഗം നിരവധി പരിശീലനപരിപാടികളും, കാര്യശേഷി വർധിപ്പിക്കൽ പരിപാടികളും ശാക്തീകരണ പരിപാടികളും വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ പാരമ്പര്യ നൃത്തവും സംഗീതവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദികലാഗ്രാമം പരിപാടികൾ ഏറ്റെടുത്തു നടത്തിവരുന്നു. കിർത്താഡ്സിന്റെ വിവിധ പരിപാടികളുടെ വിഹിതവും ചെലവും **അനുബന്ധം 4.3.42**–ൽ നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

1956 ലെ കമ്പനി ആക്ടിനു കീഴിൽ 1972–ൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്ഥാപിതമായി. കോർപ്പറേഷൻ പട്ടികജാതി/ പട്ടികവർഗ്ഗ സമുദായങ്ങളിലെ സംരംഭകരുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും യോജിക്കുന്ന തരത്തിലുള്ള ക്ഷേമപരിപാടികൾ ആവിഷ്ക്കരിക്കുകയും അവർക്ക് വേണ്ടി വരുമാനദായകമായ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളെ (i) ഒറ്റത്തവണ വായ്പാ പദ്ധതി (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC) യുമായി ചേർന്നു നടപ്പിലാക്കുന്ന ഒറ്റത്തവണ പദ്ധതികൾ ((ii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (NDTFDC) വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്.

2016–17 വർഷം കോർപ്പറേഷൻ 55.35 കോടി രൂപ 5031 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. 2017–18 ൽ 1809 ഗുണഭോക്താക്കൾക്ക് പദ്ധതി വഴി ധനസഹായം നൽകി. കോർപ്പറേഷന്റെ പദ്ധതി തിരിച്ചുള്ള ഭൗതിക നേട്ടവും സാമ്പത്തിക നേട്ടവും **അനുബന്ധം 4.3.43** ൽ ചേർത്തിട്ടുണ്ട്.

മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം

സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വികസനത്തിനായി 2011–12 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിച്ചു. ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിരവധി വിദ്യാഭ്യാസ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ഒ.ബി.സി വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ പദ്ധതികളിൽ പ്രീ–മെട്രിക് സ്കോളർഷിപ്പുകളും, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളും ഉൾപ്പെടുന്നു. 2016–17 സാമ്പത്തിക വർഷത്തിൽ 108042 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും, 306826 വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും വഴി പ്രയോജനം ലഭിച്ചു. ഒ.ഇ.സി വിദ്യാഭ്യാസ ധന സഹായ പദ്ധതിയിലൂടെ, 188376 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും 202230 വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും ലഭിച്ചു. വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റ് പ്രധാന പദ്ധതികളിൽ തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, ആട്ടോമൊബൈൽ വ്യവസായ മേഖലയിലെ തൊഴിൽ, ഹോസ്റ്റൽ നിർമ്മാണം, പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം എന്നിവ ഉൾപ്പെടുന്നു. 2016–17 വർഷം മുതൽ ഗ്രാമീണ മേഖലയിലെ പരമ്പരാഗത ബാർബർമാർക്ക് സ്ഥാപനം നവീകരിക്കുന്നതിനുള്ള സഹായപദ്ധതിയും ആരംഭിച്ചു. പ്രാരംഭ വർഷത്തിൽ 2219 വ്യക്തികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി. 2016–17 വർഷം മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ 14,022 ലക്ഷം രൂപയിൽ 8,804.26 ലക്ഷം രൂപ (62.78ശതമാനം) ചെലവഴിച്ചു.

2017–18 വർഷത്തിൽ സംസ്ഥാന സർക്കാർ പിന്നാക്ക വികസന വകുപ്പിന് വകയിരുത്തിയിരിക്കുന്നത് 10340 ലക്ഷം രൂപയാണ്. ഇതിൽ 2820 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമാണ്. 2017–18 ൽ 5000 ലക്ഷം രൂപ 100 ശതമാന കേന്ദ്ര സഹായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 31.08.2017 വരെയുള്ള ആകെ ചെലവ് 3723.95 ലക്ഷം രൂപയാണ്. 2016–17, 2017–18 (31.08.2017 വരെ) എന്നീ വർഷങ്ങളിലെ വകുപ്പ് നടപ്പിലാക്കിയ വിവിധ പരിപാടികളുടെ ചെലവും ഭൗതിക നേട്ടവും **അനുബന്ധം 4.3.44**–ലും **അനുബന്ധം 4.3.45**–ലും ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്. ബി.സി.ഡി.സി)

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും സാമൂഹികവും സാമ്പകത്തികവുമായ ഉന്നമനമാണ്

കോർപ്പറേഷന്റെ ലക്ഷ്യം. കെ.എസ്.ബി.സി.ഡി.സി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പിന്നാക്ക ന്യൂനപക്ഷ വിഭാഗക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കെ.എസ്.ബി.സി.ഡി.സി, വിവിധ ക്ഷേമ പദ്ധതികളായ വിവാഹധനസഹായ പദ്ധതി, വിദ്യാശ്രീ വായ്പ, വിദേശത്ത് തൊഴിലിനായുള്ള വായ്പ, സുവർണ്ണ ശ്രീ വായ്പ എന്നീ പദ്ധതികൾ തനതുഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. 2016–17 വർഷത്തിൽ 31,692.37 ലക്ഷം രൂപ ലോണായി വിതരണം ചെയ്യുകയും, ഇത് 37,766 പേർക്ക് പ്രയോജനപ്പെടുകയും ചെയ്തു. ഇതിൽ 28,257 പേർ (74.82 ശതമാനം) സ്ത്രീകളാണ്. 2017–18 ൽ 2017 ആഗസ്റ്റ് 31, വരെയുള്ള കണക്കനുസരിച്ച് 12,473.85 ലക്ഷം രൂപ 10368 പേർക്കായി 2017–18 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2016–17, 2017–18 (2017 ആഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിലെ കോർപ്പറേഷന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ചുള്ള ചെലവും ഭൗതിക നേട്ടവും **അനുബന്ധം 4.3.46** –ൽ കൊടുത്തിട്ടുണ്ട്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശൂപാർശിത വിഭാഗ വികസന കോർപ്പറേഷൻ

പട്ടിക ജാതിയിൽ നിന്നും, മറ്റു ശൂപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ സാമൂഹ്യ–വിദ്യാഭ്യാസ–സാംസ്കാരിക– സാമ്പത്തിക ഉന്നമനമാണ് കോർപ്പറേഷന്റെ ലക്ഷ്യം. കൃഷിഭൂമി വാങ്ങൽ, വിദേശ തൊഴിൽ, പാർപ്പിടം, വിദ്യാർത്ഥികൾക്ക് ധനസഹായം, വിവാഹ വായ്പ, കൃഷിയും അനുബന്ധ മേഖലയിലുമുള്ള സഹായം, ചെറുകിട കച്ചവടം, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന മുഖ്യ പദ്ധതികൾ. സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായവും എൻ.ബി.സി.എഫ്.ഡി.സി യിൽ നിന്നും ലഭിക്കുന്ന വായ്പാസഹായവുമാണ് കോർപ്പറേഷന്റെ ധനസ്രോതസ്സുകൾ. സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കിയ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ 2012–13 മുതൽ 2017–18 (2017 ആഗസ്റ്റ് 31 വരെ) **അനുബന്ധം 4.3.47** –ൽ കൊടുത്തിരിക്കുന്നു.

കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ ഭൗതിക നേട്ടങ്ങളും സാമ്പത്തിക നേട്ടങ്ങളുടെയും വിവരങ്ങൾ **അനുബന്ധം 4.3.48** –ൽ കൊടുത്തിരിക്കുന്നു.

ന്യൂനപക്ഷ ക്ഷേമം

ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുവാനായി ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട്, പാലൊളി മുഹമ്മദ്കുട്ടി കമ്മിറ്റി റിപ്പോർട്ട് എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012 മുതൽ സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകൃതമായി. വിദ്യാഭ്യാസ ധനസഹായം, വിവാഹബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച/ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഭവന പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണ പദ്ധതി എന്നിവയാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ. 2016–17 വർഷം കേന്ദ്രസഹായം ഉൾപ്പെടെ ബഡ്ജറ്റിൽ വകയിരുത്തിയ 10667 ലക്ഷം രൂപയിൽ 9,392.4 (88.05 ശതമാനം) ലക്ഷം രൂപ ചെലവഴിച്ചു. 2017–18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയ 8250 ലക്ഷം രൂപയിൽ 550 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമാണ്. കൂടാതെ 1650 ലക്ഷം രൂപ, 2017–18 വർഷത്തിലേക്കുള്ള ബഹുമേഖലാ വികസന പരിപാടികൾക്കായുള്ള 75 ശതമാനം കേന്ദ്ര സഹായമായും പ്രതീക്ഷിക്കുന്നു.
2016–17, 2017–18 (2017 ആഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക നേട്ടങ്ങളും സാമ്പത്തിക നേട്ടങ്ങളും **അനുബന്ധം 4.3.49**–ലും **അനുബന്ധം 4.3.50**–ലും ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കാലാകാലങ്ങളിലുള്ള നിർദ്ദേശാനുസരണം മതന്യൂനപക്ഷങ്ങളുടെയും ശൂപാർശിത വിഭാഗങ്ങളുടെയും ക്ഷേമവും സാമ്പത്തിക വികസനവും ഉയർത്തുന്നതിനായി

സംസ്ഥാന സർക്കാർ കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ രൂപീകരിച്ചു. വായ്പകൾ, അഡ്വാൻസുകൾ, ഗ്യാരന്റികൾ, സെക്യൂരിറ്റികൾ, മറ്റു ധനകാര്യ സഹായങ്ങൾ എന്നീ ഇനങ്ങളിൽ കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകി വരുന്നു. വരുമാനദായക പ്രോജക്ടുകൾ, ഭവന വായ്പ, വിദ്യാഭ്യാസ വായ്പകൾ, തൊഴിൽ പരിശീലനം മുതലായവയാണ് ന്യൂനപക്ഷ വിഭാഗക്കാർക്കായുള്ള കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ. ഓഹരി മൂലധനമായി കോർപ്പറേഷന് 2017–18 ൽ ലഭിച്ചത് 1500 ലക്ഷം രൂപയാണ്. കോർപ്പറേഷന്റെ സാമ്പത്തിക നേട്ടങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 4.3.51**–ൽ നൽകിയിരിക്കുന്നു.

മുന്നോക്ക സമുദായങ്ങളുടെ ക്ഷേമം (സമുന്നതി)

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചു. കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ സ്കോളർഷിപ്പ്, പരിശീലനത്തിനുള്ള സഹായം, തവണ വായ്പാ സഹായം, നൈപുണ്യ സംരംഭകത്വ വികസനം, ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നു. 2016–17 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 3,500 ലക്ഷം രൂപയിൽ 1,923.14 ലക്ഷം രൂപ ചെലവഴിച്ചു. 2017–18 വർഷത്തിലേക്ക് വിവിധ പരിപാടികൾക്കായി കോർപ്പറേഷനുവേണ്ടി വകയിരുത്തിയിരിക്കുന്നത് 3000 ലക്ഷം രൂപയാണ്. 2016–17, 2017–18 (2017 ആഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിൽ കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക നേട്ടങ്ങളും സാമ്പത്തിക നേട്ടങ്ങളും **അനുബന്ധം 4.3.52**–ൽ ചേർത്തിരിക്കുന്നു.

സാമൂഹ്യ സുരക്ഷയും ക്ഷേമവും

സാമൂഹിക സാമ്പത്തിക ദുരിതമനുഭവിക്കുന്നവർക്ക് സംരക്ഷണവും പിന്തുണയും ഉറപ്പുവരുത്തുകയും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് സാമൂഹ്യസുരക്ഷാപരിപാടികളും ക്ഷേമപരിപാടികളും കൊണ്ട് ഉദ്ദേശിക്കുന്നത്. ഐഎൽഒയുടെ നിർവചന പ്രകാരം സാമൂഹ്യ സംരക്ഷണം എന്നാൽ യാദൃച്ഛികമായി നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങളുടെ ഭാഗമായുണ്ടാകുന്ന അശ്രദ്ധയോ വരുമാനത്തിലുണ്ടാകുന്ന കുറവോ മൂലം സാമൂഹിക സാമ്പത്തിക ദുരന്തങ്ങളിൽ നിന്നും സമൂഹം അതിലെ അംഗങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള പൊതു മുൻകരുതലുകളും ജീവിത ചക്രത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെയും മാനദണ്ഡങ്ങളിലൂടെയും സമീപിക്കുക എന്നതുമാണ്. ഇതിൻ പ്രകാരം എല്ലാവർക്കും സാമൂഹ്യസുരക്ഷിതത്വം എന്നതാണ് വിഭാവനം ചെയ്യുന്നത്, "രാഷ്ട്രീയ, പാരിസ്ഥിതിക, സാമ്പത്തിക, അനിശ്ചിതത്വങ്ങളുടെ അഭൂതപൂർവ്വമായ ചൂഷണത്തിന് കാരണമായ ഒരു പ്രതിസന്ധിയേറിയ ലോകത്തിൽ എവിടെ ജീവിക്കുന്നവരാണെങ്കിലും സാമൂഹ്യ സുരക്ഷിതത്വം ഒരു മനുഷ്യാവകാശമാണ്, ഒരു തലത്തിലെങ്കിലും അടിസ്ഥാന സാമൂഹ്യ സംരക്ഷണം ഉറപ്പാക്കണം" (ഐ.എൽ.ഒ, എല്ലാവർക്കും സാമൂഹ്യസുരക്ഷിതത്വം, 2012). ഇത്തരം സാമൂഹ്യസുരക്ഷാപരിപാടികളും ക്ഷേമപരിപാടികളും വെറുതെ ഒരു ക്ഷേമപ്രിസത്തിൽ ഒതുക്കി നിർത്താതെ ഈ പരിപാടികളെ അവകാശാടിസ്ഥാനത്തിലുള്ള ചട്ടക്കൂട്ടിലേക്ക് മാറ്റിയെടുക്കണമെന്നുള്ള ആവശ്യം ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. ജനസംഖ്യയുടെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു വലിയ വിഭാഗത്തിന് സേവനങ്ങൾ

ലഭിക്കുന്നതിനും സാമ്പത്തിക വിപണിയുടെ പ്രയോജനം ലഭിക്കുന്നതിനും കഴിയാതെ വരുന്ന രാജ്യങ്ങളിൽ ഇത്തരത്തിലുള്ള സംരക്ഷണം അത്യാവശ്യമാണ്. സുസ്ഥിര വികസന പദ്ധതി ലക്ഷ്യമിട്ട് നേട്ടങ്ങൾ കൈവരിക്കുന്നതിനും ദാരിദ്ര്യത്തെ ലഘൂകരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളാണ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ. മുൻകാലങ്ങളിൽ വികസന സിദ്ധാന്തങ്ങൾ സാമൂഹ്യനയങ്ങളെ അവഗണിച്ചിരുന്നെങ്കിലും സാമ്പത്തിക സാമൂഹ്യ നയങ്ങളെ സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഉയർന്നുവരുന്നു. സാമ്പത്തിക വികസനപ്രക്രിയയിൽ മുൻകൂട്ടിത്തന്നെ രാജ്യം സാമൂഹ്യ സുരക്ഷാ സമ്പ്രദായങ്ങൾ കെട്ടിപ്പടുക്കുന്നത് മൊത്തമായുള്ള വികസനത്തിന് ഒരു മുതൽക്കൂട്ടാണ്.

ശക്തമായ സാമൂഹ്യ സുരക്ഷിതത്വ വലയങ്ങൾ

ബോക്സ് 4.3.9

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനം

1.സാമൂഹ്യ സുരക്ഷിതത്തിലെ നിക്ഷേപം – ദരിദ്രർ, സാമൂഹ്യ വിവേചനത്തിന് ഇരയായവർ, സാമ്പത്തികമായി പരാധീനത ഉള്ളവർ, തൊഴിലില്ലാത്തവർ, മുതിർന്ന പൗരന്മാർ, വിശപ്പുള്ളവർ, രോഗികൾ, അംഗപരിമിതർ – കേരളത്തിലെ പരിഷ്കൃത രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമാക്കാനും സവിശേഷതയുമായി.

2.ഭിന്നശേഷിക്കാർ – പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് എല്ലാ ഭിന്നശേഷിക്കാർക്കും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പൊതു കെട്ടിടങ്ങളിലേക്കുള്ള പ്രാപ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പണം വിനിയോഗിക്കും. ആസൂത്രണബോർഡ്, ഭിന്നശേഷിയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, മറ്റ് വ്യക്തികൾ എന്നിവരുമായി കൂടിയാലോചിച്ച് വിഭിന്ന ശേഷിയുള്ള വ്യക്തികളുടെ സമ്പൂർണ്ണ വികാസത്തിനായുള്ള പരിപാടികൾ രൂപീകരിക്കും.

3.പതിമൂന്നാം പദ്ധതിയിൽ പ്രതിരോധ നടപടികൾ, പ്രാരംഭ കണ്ടെത്തൽ, DEIC മുഖേന പ്രാരംഭ ഇടപെടൽ, പ്രത്യേക അംഗൻവാടികൾ മുഖേന വിദ്യാഭ്യാസ പിന്തുണ, മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ, സംയോജിത സ്കൂൾ പരിപാടി, വൊക്കേഷണൽ ടെയിനിംഗ്, അംഗപരിമിതർക്കുള്ള പ്രവർത്തന കേന്ദ്രങ്ങൾ, സാമൂഹ്യാധിഷ്ഠിത പുനരധിവാസം, അസിസ്റ്റഡ് ലിവിംഗ് പ്രോജക്ടുകൾ എന്നിവയ്ക്ക് മുൻഗണന നൽകുക.

4.കേരളത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും ജീവിത ദൈർഘ്യവും വിവാഹ പ്രായവും തമ്മിലുള്ള അന്തരം വിധവകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സൂചിപ്പിക്കുന്നു. 60 വയസിനു മേൽ പ്രായമുള്ള സ്ത്രീകളിൽ 58 ശതമാനം പേരും വിധവകളാണ്. അവരുടെ സാമ്പത്തിക ആരോഗ്യ ക്ഷേമ ആവശ്യങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

5.സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കുള്ള പെൻഷൻ പദ്ധതിയുടെ സാദ്ധ്യതയും അളവും വർദ്ധിപ്പിക്കേണ്ടതാണ്. ഇവരുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രത്യേക ഊന്നൽ നൽകുക, പകരാത്തരോഗങ്ങളുള്ളവർക്കും മുതിർന്നവർക്കുമായി പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങുക.
6.ലിംഗപദവിയും വികസനവും – 13–ാം പദ്ധതി ജൻഡർ ബഡ്ജറ്റിംഗ് നടപ്പാക്കുന്നു.

7.സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കാനും രാഷ്ട്രീയത്തിലും സമൂഹത്തിലും സ്വതന്ത്ര പങ്കാളിത്തം ഉറപ്പാക്കുന്നതിനും പൊതുസ്ഥലങ്ങളിൽ സ്വാതന്ത്ര്യം ഉണ്ടാകുന്നതിനുമായി നയങ്ങൾ രൂപീകരിക്കുക.

8.സ്ത്രീകളുടെ തൊഴിൽ വരുമാനം, സ്വയം തൊഴിലും ജീവിതമാർഗ്ഗങ്ങളും, നൈപുണ്യ വികസനം, ജോലിസ്ഥലത്തെ പ്രത്യേക സൗകര്യങ്ങൾ, ശിശുസംരക്ഷണം, അതിക്രമങ്ങളിൽ നിന്നുള്ള സംരക്ഷണം, അതിക്രമത്തിനിരയായവർ എന്നിവയ്ക്കായുള്ള വിഹിതങ്ങൾ വർദ്ധിപ്പിക്കുക.

9.ഭിന്നലിംഗക്കാരുടെ വളർന്നു വരുന്ന പ്രശ്നങ്ങളും ലിംഗവിവേചനവും പരിഹരിക്കുക.

ഉണ്ടായിട്ടും വളരെയധികം ജനങ്ങളും അവഗണന, മാരകരോഗങ്ങൾ, വൈകല്യങ്ങൾ, ദാരിദ്ര്യം എന്നിവയെ ഫലപ്രദമായി നേരിടുന്നതിന് ഇപ്പോഴും പ്രയാസപ്പെടുന്നു. സാമൂഹ്യ സുരക്ഷിതത്വ വലയങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന വിഭാഗങ്ങളുമുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗത്തിനും അവസരങ്ങളും കഴിവുകളും തത്തുല്യമായി ലഭ്യമാക്കുന്നതിനും ശ്രേഷ്ഠമായ ജീവിതം നയിക്കുന്നത് ഉറപ്പാക്കുന്നതിനും പരിഷ്കൃത സമൂഹം ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു. ലഭ്യമായ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മോണിട്ടറിംഗ് ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികളുണ്ടാകേണ്ടതാണ്. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ ഒട്ടുമിക്ക പദ്ധതികളും മേൽ സൂചിപ്പിച്ചവയ്ക്കൊക്കെയായി വിഭാവന ചെയ്തിട്ടുള്ളതാണ്. സമഗ്രമായ ഉൾക്കൊള്ളിക്കലിൽ കുറവു വന്നിട്ടുണ്ടെങ്കിൽ പുതുതായി എന്തെങ്കിലും ഇടപെടലുകൾ ആവശ്യമുണ്ടെങ്കിൽ കണ്ടെത്തുന്നതിനും ഇരട്ടിക്കലിനെ ഇല്ലാതാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

അംഗപരിമിതർ, മുതിർന്നവർ, ക്ലേശകരമായ ജീവിതം നയിക്കുന്ന സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ നടപടികൾ കൈക്കൊള്ളുന്ന കാര്യത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. കേരളത്തിൽ സാമൂഹ്യനീതി വകുപ്പും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുമാണ് സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. സാമൂഹ്യസുരക്ഷാ പരിപാടികൾക്കായി നിലകൊള്ളുന്ന വകുപ്പുകളും ഏജൻസികളും അവരുടെ പ്രധാന പ്രവർത്തനങ്ങളും **അനുബന്ധം 4.3.53** –ൽ കൊടുത്തിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി - സാമൂഹ്യനീതി വകുപ്പിന്റെ വീക്ഷണം

സാമൂഹ്യതുല്യതയ്ക്കും സംരക്ഷണത്തിനുമായി:

- മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, സാമൂഹ്യവിവേചനത്തിന് ഇരയായ സുരക്ഷിതമായതും ശ്രേഷ്ഠജീവിതം നയിക്കുന്നവർക്കും
- വിവേചനരഹിതവും അക്രമരഹിതവുമായ പരിതസ്ഥിതിയുടെ വികസനത്തിൽ സ്ത്രീകളെ തുല്യപങ്കാളികളാക്കാൻ സംരക്ഷിതവും സുരക്ഷിതവുമായ സാഹചര്യത്തിൽ വളർച്ചയ്ക്കും വികാസത്തിനും അവസരങ്ങൾ നൽകി കുട്ടികളെ പരിപോഷിപ്പിക്കുക.

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളുടെ തരം തിരിവ്

കേരളത്തിലെ സാമൂഹ്യ സുരക്ഷാ പരിപാടികളെ രണ്ട് വിഭാഗമായി തരം തിരിക്കാവുന്നതാണ്.
എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം
ബി. സാമൂഹ്യ സഹായ പരിപാടികൾ

എ. സ്ഥാപനങ്ങളിലൂടെ നൽകുന്ന സംരക്ഷണം

സംസ്ഥാനത്ത് സർക്കാരും സർക്കാരിതര സംഘടനകളും മറ്റ് സന്നദ്ധ സംഘടനകളും ചേർന്ന് സമൂഹത്തിൽ ദുർബലരായവർക്ക് സ്ഥാപനങ്ങളിലൂടെയുള്ള പരിചരണവും സംരക്ഷണവും നൽകുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ദുർബലർക്ക് പരിചരണവും സംരക്ഷണവും നൽകുന്ന 75 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 27 സ്ഥാപനങ്ങൾ കുട്ടികൾക്കും, 16 എണ്ണം സ്ത്രീകൾക്കും, 16 എണ്ണം വൃദ്ധർക്കും 16 എണ്ണം അംഗപരിമിതർക്കുമുള്ളതാണ്. സ്ഥാപനങ്ങളിലൂടെയുള്ള സേവനം മുഖേന, സാമൂഹ്യനീതി വകുപ്പ് വിവിധ വിഭാഗങ്ങളിലെ 2800 –ൽ അധികം പേർക്കും സർക്കാരിതര സംഘടനകളുടെ സഹായം മൂലം 80,000 ലധികം പേർക്കും പുനരധിവാസം നൽകിയിട്ടുണ്ട്. 2016–17–ൽ 2,142 പേർക്കും 2017 ആഗസ്റ്റ് 30 വരെ 1,308 പേർക്കും സാമൂഹ്യ നീതി ക്ഷേമസ്ഥാപനങ്ങളിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, രജിസ്റ്റർ ചെയ്ത വിവിധ ക്ഷേമസ്ഥാപനങ്ങൾ മുഖേന 2017 ആഗസ്റ്റ് 30 വരെ 2,068 പേർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ചില ക്ഷേമ സ്ഥാപനങ്ങളിലെ

അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗ സംഖ്യയേക്കാൾ കുറവാണെന്ന് കാണാം. കൂടുതൽ അന്തേവാസികളെ സംരക്ഷിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഏറി വരുന്നതിനാലാകാം ഒരുപക്ഷെ ഈ സ്ഥാപനങ്ങളിൽ അനുവദനീയമായ അംഗ സംഖ്യ നിലനിർത്താൻ കഴിയാതെ പോകുന്നത്. അനുവദനീയമായ അന്തേവാസികളുടെ അംഗസംഖ്യ 148,227 ആയിരിക്കെ 2016-ൽ ഈ സ്ഥാപനങ്ങളിലുണ്ടായിരുന്ന ആകെ അന്തേവാസികൾ 85,178 പേർ മാത്രമായിരുന്നു. ഇത് മൊത്തം അനുവദനീയമായ അംഗസംഖ്യയുടെ 57 ശതമാനം വരും. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന നിർഭയാ ഷെൽട്ടർ ഹോമുകളിലും ഭിക്ഷാടന ഹോമുകളിലും അന്തേവാസികളുടെ എണ്ണം അനുവദനീയമായ അംഗസംഖ്യയേക്കാൾ കൂടുതലും മാനസിക വൈകല്യമുള്ളവർ, അനാഥർ എന്നിവർക്കുള്ള സ്ഥാപനങ്ങളിൽ കുറവും ആയിരുന്നു.

സർക്കാർ തലത്തിൽ 75 ക്ഷേമസ്ഥാപനങ്ങളാണ് നിലവിലുള്ളത്. എന്നിരുന്നാലും ഇന്റലക്ച്വൽ ഡിസബലിറ്റീസ് (ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസബലിറ്റീസ്, ബുദ്ധിമാന്ദ്യം) ബാധിച്ച കുട്ടികൾക്കുള്ള ഏതെങ്കിലും തരത്തിലുള്ള പരിചരണ സ്ഥാപനങ്ങളോ/അസിസ്റ്റഡ് ലിവിംഗ് ഹോമുകളോ സംസ്ഥാനത്ത് ഇല്ലാത്തത് വളരെ ഉത്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. മുൻപുള്ളതിന് ഉപരിയായി പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ഒരു സംയോജിത സമീപനത്തിലൂന്നിയ നയ രൂപീകരണവും സൂക്ഷ്മമായ ആസൂത്രണവും ആവശ്യമാണെന്ന് ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള പ്രധാന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 4.3.54** -ലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേത് **അനുബന്ധം 4.3.55** -ലും ചേർത്തിട്ടുണ്ട്.

ബി. സാമൂഹ്യ സഹായ പരിപാടികൾ

സമൂഹത്തിൽ ഉപജീവനത്തിന് വഴിയില്ലാത്ത പാവപ്പെട്ടവരുടെ ഇടയിൽനിന്ന് ദാരിദ്ര്യവും മറ്റ് പിന്നോക്കാവസ്ഥയും തുടച്ച് നീക്കാൻ ലക്ഷ്യമിട്ട പരിപാടികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. വിവിധ സാമൂഹ്യ സഹായ പരിപാടികൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സിന് മേലെ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയാണ് പ്രധാനപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ. ഇതിൽ ആദ്യത്തെ മൂന്നെണ്ണം ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമാണ്. ഈ പെൻഷൻ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 2015, ഏപ്രിൽ മാസം മുതൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി) വഴിയാണ് പെൻഷൻ വിതരണ നടപടികൾ നടപ്പാക്കിവരുന്നത്. 2017 മാർച്ച് 31 വരെ സംസ്ഥാനത്ത് 42.45 ലക്ഷം പെൻഷൻകാർ ഉണ്ടായിരുന്നു. വാർദ്ധക്യകാല പെൻഷൻ വിഭാഗത്തിലും (49.02 ശതമാനം) തുടർന്ന് വിധവാ പെൻഷനിലുമാണ് (29.15 ശതമാനം) ഏറ്റവും കൂടുതൽ പെൻഷൻകാർ ഉള്ളത് **(ചിത്രം 4.3.11)**.

പെൻഷൻ പദ്ധതികളിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ തിരുവനന്തപുരം ജില്ലയിലും കുറഞ്ഞത് വയനാട് ജില്ലയിലുമാണ്. സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഒററ ശീർഷകത്തിൽ നിന്നും പ്രവർത്തിപ്പിക്കുകയും പെൻഷൻകാരുടെ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്താൽ പെൻഷൻ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താനും ഇതിന്റെ പരിധിയിൽ വരാത്ത ദരിദ്രരായവർക്ക് കൂടി ഈ പദ്ധതിയുടെ ആനുകൂല്യം നൽകാനും കഴിയും. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 4.3.56** -ൽ ചേർത്തിരിക്കുന്നു.

ചിത്രം 4.3.11
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കൾ 2016-17



അവലംബം: പഞ്ചായത്ത് ഡയറക്ടറേറ്റ്

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും ക്ഷേമവും

അസംഘടിത മേഖലയിൽ സാമൂഹ്യ സുരക്ഷാ പരിപാടികൾ നടപ്പാക്കുന്നത് ക്ഷേമനിധി ബോർഡുകളാണ്. 32 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നതിൽ 16 എണ്ണം തൊഴിൽ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ക്ഷേമനിധി ബോർഡുകളെല്ലാം തന്നെ ഒരു കുടക്കീഴിൽ കൊണ്ടുവരികയാണെങ്കിൽ മോണിറ്ററിംഗ് എളുപ്പമാക്കാനും അവയുടെ പ്രവർത്തനം ഏകീകൃത രൂപത്തിലാക്കി മാറ്റാനും കഴിയുന്നതാണ്.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഈ അദ്ധ്യായത്തിലെ 'വാർദ്ധക്യം' എന്ന ഭാഗത്തിൽ കൊടുത്തിട്ടുണ്ട്

അംഗപരിമിതരുടെ ക്ഷേമം

അംഗപരിമിതർക്കുള്ള സേവനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നതുപോലെ ഭിന്നശേഷിക്കാരെ ഇനിയും വെറുതെയുള്ള ഒരു ക്ഷേമ പ്രിസത്തിൽക്കൂടി നോക്കിക്കാണാതെ ഈ പരിപാടികളെ അവകാശാടിസ്ഥാനത്തിലും വികസനോന്മുഖമായും തിരിച്ചറിയേണ്ടതുണ്ട്. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരി വികസനരംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ പരിഗണിക്കേണ്ടിയിരിക്കുന്നു. സംസ്ഥാന പരിഗണനയിലുള്ള അംഗപരിമിതരുടെ അവകാശാടിസ്ഥാനത്തിലുള്ള സമഗ്രമായ ജീവിതചക്രസമീപനത്തിന് പതിമൂന്നാം പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രതിരോധനടപടികൾ, പ്രാരംഭ നിർണ്ണയം, സി.ഇ.ഐ.സി മുഖേനയും മറ്റും ആരോഗ്യ, സാമൂഹ്യ സ്ഥാപനങ്ങൾ മുഖേനയും പ്രാരംഭ ഇടപെടൽ, സ്പെഷ്യൽ അംഗൻവാടികൾ മുഖേനയുള്ള വിദ്യാഭ്യാസ പിന്തുണ, ബഡ്സ് സ്കൂളുകൾ, മാതൃകാശിശുപുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, വൊക്കേഷണൽ പരിശീലനം, ഷെൽറ്റേഡ് ശില്പശാലകൾ, സാമൂഹ്യാധിഷ്ഠിത

പുനരധിവാസം, അസിസ്റ്റഡ് ലീവിംഗ് പ്രോജക്ടുകൾ എന്നിവ ഇതിലുൾപ്പെടുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനം നല്കുന്നതിനോടൊപ്പം തന്നെ അവർക്കനുയോജ്യമായ യാന്ത്രിക ഘടനകൂടി തയ്യാറാക്കേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർക്ക് അവബോധം നൽകേണ്ടതുമാണ്. ആശുപത്രികളിൽ നിലവിൽ നഴ്സിംഗ് പരിശീലനം നൽകുന്നതുപോലെ സ്പെഷ്യൽ എഡ്യൂക്കേഷൻ പരിശീലന പരിപാടി കൂടുതൽ പ്രയോഗികമാക്കേണ്ടതാണ്. നിലവിലുള്ള സിദ്ധാന്തപരമായ സമ്പ്രദായം മാറേണ്ടതുണ്ട്. പെരുമാറ്റ വൈകല്യമുള്ളവർ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വ്യക്തി സംരക്ഷണ പദ്ധതി രൂപീകരണവും തുടർനടപടികളും മറ്റൊരു വലിയ സംരംഭമാണ്. ഇതിന് സേവനങ്ങളുടെയും, വിഭവങ്ങളുടെയും, സ്ഥാപനങ്ങളുടെയും ഒരു സംയോജനം ആവശ്യമാണ്.

കേരളത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ 2015 –ൽ ഒരു അംഗപരിമിത സർവേ നടത്തുകയുണ്ടായി. 22 തരത്തിലുള്ള വൈകല്യം അടിസ്ഥാനമാക്കി നടത്തിയ ഈ സർവേ ഇന്ത്യയിലെ തന്നെ ആദ്യത്തേയാണ്. ഇതനുസരിച്ച് കേരളത്തിൽ 7.94 ലക്ഷം പേർ അംഗപരിമിതരാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയിൽ 2.32 ശതമാനം വരും. അംഗപരിമിതരിൽ സ്ത്രീകൾ 44.57 ശതമാനവും, പട്ടികജാതി വിഭാഗത്തിലുള്ളവർ 10.93 ശതമാനവും, പട്ടികവർഗ്ഗക്കാർ 2.15 ശതമാനവുമാണ്. ഏറ്റവും കൂടുതൽ അംഗപരിമിതർ മലപ്പുറം ജില്ലയിലും (12.5 ശതമാനം) തുടർന്ന് തിരുവനന്തപുരം (9.72 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് വയനാട് (2.91 ശതമാനം) ജില്ലയിലുമാണ്. വൈകല്യത്തിന്റെ ലക്ഷണം നോക്കിയാൽ ചലനവൈകല്യം ഏറ്റവും മുന്നിലും (32.89 ശതമാനം) ബഹുഗുണവൈകല്യം (17.31 ശതമാനം) രണ്ടാമതുമാണ്.

അംഗപരിമിതർക്കായുള്ള സംസ്ഥാന നയം

കേരള സർക്കാർ 2015–ൽ വികസന പ്രക്രിയ, പ്രവർത്തന നടപടി, മറ്റ് പരിപാടികൾ തുടങ്ങിയ മേഖലകളിൽ വൈകല്യത്തിന്റെ മാനം അനിവാര്യവും അത്യന്താപേക്ഷിതവുമാണെന്ന് അംഗീകരിച്ചുകൊണ്ട് അംഗപരിമിതർക്കായുള്ള ഒരു നയം നിയമമാക്കി. വികസനപ്രക്രിയയിൽ അംഗപരിമിതരുടെ പങ്കാളിത്തം ഉറപ്പാക്കുക, വൈകല്യം ഒരു മനുഷ്യാവകാശ പ്രശ്നമായി കണക്കാക്കുക, അധിക്ഷേപത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുക, ഉൾപ്പെടുത്തൽ വികസനത്തിൽ അനുകൂലമായ സാഹചര്യവും മനോഭാവവും സൃഷ്ടിക്കുക, അംഗപരിമിതരുടെ ശാക്തീകരണം തുടങ്ങിയവയ്ക്ക് ഈ നയം ഊന്നൽ

ബോക്സ് 4.3.10

പതിമൂന്നാം പഞ്ചവത്സര പദ്ധതി വർക്കിംഗ് ഗ്രൂപ്പ് – സാമൂഹ്യ സുരക്ഷിതത്വം – അംഗപരിമിതർ

പ്രധാന നിർദ്ദേശങ്ങൾ

ഭിന്നശേഷിക്കാർ

- ഭിന്നശേഷിക്കാർക്കായി അവകാശാധിഷ്ഠിത സമഗ്ര ജീവിതചക്ര സമീപനം സ്വീകരിക്കുക.
- എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഓട്ടിസം കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, ഇടപെടൽ എന്നിവ ശക്തിപ്പെടുത്തുക.
- ഭിന്നശേഷി മേഖലയ്ക്കുവേണ്ടി മനുഷ്യ ശക്തി വിഭവങ്ങളെ പരിപാലകരായി വളർത്തിയെടുക്കുക.
- അംഗപരിമിതരായ പെൺകുട്ടികൾ/സ്ത്രീകൾ എന്നിവർക്കായി കൂട്ടുഭവനങ്ങളും പ്രായപൂർത്തിയായവർക്കുള്ള കുടുംബഭവനങ്ങളും നിർമ്മിക്കുക.
- കുടുംബത്തിലെ എല്ലാത്തരം വിഭവങ്ങളുടെയും 10–20 ശതമാനം വൃദ്ധർക്കും അംഗപരിമിതർക്കുമായി ശേഖരിച്ചുവയ്ക്കേണ്ടതാണ്.

കൊടുക്കുന്നു. നിഷ്ക്രിയരായ ഗുണഭോക്താക്കൾ എന്നതിലുപരിയായി വികസന രംഗത്ത് തുല്യപങ്ക് വഹിക്കുന്നവരും വേണ്ട സംഭാവന ചെയ്യുന്നവരുമായി അംഗപരിമിതരെ കണക്കാക്കേണ്ടിയിരിക്കുന്നു.

അംഗപരിമിതരുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന സ്ഥാപനങ്ങൾ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)

വൈകല്യരംഗത്തെ പ്രമുഖ സ്ഥാപനമായ നിഷ് അംഗപരിമിതരായവർക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ മികച്ച അവസരം ഒരുക്കുന്നു. നാഷണൽ യൂണിവേഴ്സിറ്റി ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസ് ആന്റ് റീഹാബിലിറ്റേഷൻ സയൻസസ് ആയി നിഷിനെ പ്രഖ്യാപിച്ചിട്ടുണ്ട്. കേൾവിശേഷി വിലയിരുത്തൽ, സ്പീച്ച് ലാംഗ്വേജ് റീഹാബിലിറ്റേഷൻ, പ്രീ-സ്ക്കൂൾ പരിപാടികൾ, ഇ.എൻ.റ്റി. സേവനങ്ങൾ, മനഃശാസ്ത്രസേവനം, സ്പീച്ച് തെറാപ്പി, കേൾവിശേഷിയില്ലാത്തവർക്കായുള്ള ഡിഗ്രി കോഴ്സുകൾ, മനുഷ്യവിഭവ വികസനത്തിലുള്ള ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ ഗവേഷണ പ്രവർത്തനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഈ സ്ഥാപനത്തിൽ ലഭിക്കുന്നു.

2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ നിഷിന്റെ പ്രാരംഭ ഇടപെടൽ പരിപാടി 226 കെയ്സുകൾ (കുട്ടികളുടെ എണ്ണം) കൈകാര്യം ചെയ്യുന്നതു കൂടാതെ, ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോഡർ പരിപാടിയിൽ 4553 കെയ്സുകളും ആരോഗ്യ, മനഃശാസ്ത്ര തുടർ സേവന പരിപാടിയിൽ 2,165 കെയ്സുകളും കൈകാര്യം ചെയ്തു. നിഷ് നടത്തിയ അക്കാഡമി പരിപാടികൾ 188 വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടു. പരിശീലനം, വ്യാവസായ ഉദ്യോഗ നിയമനം എന്നീ പരിപാടികൾ 24 പേർക്കും വോളണ്ടിയറിംങ്ങ് ആന്റ് ഇന്റേൺഷിപ്പ് 43 പേർക്കും അവസരം നല്കി.

കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ

അംഗപരിമിതരുടെ സാമ്പത്തിക ഉന്നമനത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ കോർപ്പറേഷൻ നടപ്പാക്കുന്നു. 2016-17-ൽ ട്രൈസൈക്കിൾ, വീൽചെയർ, ശ്രവണ സഹായി എന്നിവ 1,455 അംഗപരിമിതർക്കു നൽകുകയുണ്ടായി. സ്ത്രീകൾ ഉൾപ്പെടെ 23 പേർക്ക് 10,000 രൂപ ക്രമത്തിൽ യന്ത്രവത്കൃത ട്രൈസൈക്കിൾ സബ്സിഡിയിനത്തിൽ നൽകുകയുണ്ടായി. ദേശീയ വികലാംഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ സ്വയം തൊഴിൽ പദ്ധതിക്കായി 92 അംഗപരിമിതർക്ക് കോർപ്പറേഷൻ വായ്പ വിതരണം ചെയ്തു (63 പുരുഷന്മാർ, 29 സ്ത്രീകൾ). ഇതു കൂടാതെ കോർപ്പറേഷൻ സ്വന്തമായി 214 പേർക്ക് (150 പുരുഷന്മാർ, 64 സ്ത്രീകൾ) സ്വയം തൊഴിലിനുള്ള വായ്പ നൽകുകയും പാറശ്ശാല വൃദ്ധമന്ദിരത്തിൽ അംഗപരിമിതരായ 18 പുരുഷന്മാർക്കും 6 സ്ത്രീകൾക്കും പുനരധിവാസവും നൽകി. ഗുരുതരമായ ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20,000 രൂപ ക്രമത്തിൽ ഫിക്സഡ് ഡെപ്പോസിറ്റ് സ്കീം പ്രകാരം 235 കുട്ടികൾക്ക് (111 പെൺകുട്ടികൾ, 124 ആൺകുട്ടികൾ) കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. 2017-18 -ൽ സഹായസാമഗ്രികളായ ട്രൈസൈക്കിൾ, വീൽചെയർ, ശ്രവണ സഹായി എന്നിവ 648 അംഗപരിമിതർക്കു നൽകുകയും ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം 20,000 രൂപ ക്രമത്തിൽ 35 കുട്ടികൾക്ക് സഹായം നൽകുകയും ദേശീയ വികലാംഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ 58 അംഗപരിമിതർക്ക് സ്വയം തൊഴിലിനുള്ള വായ്പയും അനുവദിച്ചു.

അംഗപരിമിതർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്

കേന്ദ്രസർക്കാരിന്റെ 1995 -ലെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് നിയമപ്രകാരം സ്ഥാപിതമായതാണ് ഈ സ്ഥാപനം. അംഗപരിമിതർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം, സംസ്ഥാനത്ത്

ഇവർക്ക് വേണ്ടി അനുവദിക്കുന്ന ഫണ്ട് യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക എന്നതുമാണ് കമ്മിഷണറേറ്റിന്റെ പ്രധാന ചുമതല. ബോധവത്കരണ ക്യാമ്പുകൾ നടത്തുക, അംഗപരിമിതരുടെ പരാതികൾക്ക് പരിഹാരം കാണുക, ഇവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക എന്നിവയാണ് കമ്മീഷണറേറ്റിന്റെ മറ്റ് പ്രവർത്തനങ്ങൾ.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഒരു പുതിയ സംരംഭമാണ് എൻ.ഐ.പി.എം.ആർ. ബഹുഗുണ വൈകല്യമുള്ള കുട്ടികൾക്കും, സെറിബ്രൽ പാൾസി ഉൾപ്പെടെ മറ്റ് ക്രമക്കേടുകൾ ബാധിച്ച മുതിർന്നവർക്കുമുള്ള രോഗ നിർണ്ണയം, തെറാപ്പി ചികിത്സ എന്നിവ ഈ സ്ഥാപനത്തിലൂടെ നൽകുന്നു. ഈ സ്ഥാപനത്തിന്റെ ആഡിയോളജി സ്പീച്ച് ലാംഗ്വേജ് പാതോളജി ഡിപ്പാർട്ടുമെന്റ് ശരാശരി 20 ഉപഭോക്താക്കൾക്ക് ഏറെയും കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നു. സ്ട്രോക്ക്, അപകടം എന്നിവ വന്നവരെയും ഇവിടെ ചികിത്സിക്കുന്നുണ്ട്. പ്രോസ്തെറ്റിക് ആന്റ് ഓർത്തോപീഡിയാക് വകുപ്പിന്റെ നവീകരണം നടന്നു വരുന്നു. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോഡർ ആന്റ് ന്യൂറോ സയൻസും, ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററും വൈകല്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആരോഗ്യ പൊതുജനാരോഗ്യ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

അംഗപരിമിതർക്കുള്ള പരിപാടികൾ

അംഗപരിമിതരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ നടപ്പാക്കുന്നു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യസുരക്ഷാ മിഷനും ഏറ്റെടുക്കുന്ന പരിപാടികൾ താഴെ ചേർക്കുന്നു.

അംഗപരിമിതർക്ക് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി

2015 –ലെ ഭിന്നശേഷിവിഭാഗക്കാരുടെ സർവ്വേ പ്രകാരം കേരളത്തിൽ 7–9 ലക്ഷം പേർ ഭിന്നശേഷിക്കാരാണ്. അംഗപരിമിത നിയമം, 1995 പ്രകാരം എല്ലാ അംഗപരിമിതർക്കും സർട്ടിഫിക്കറ്റ് നല്കേണ്ടത് നിർബന്ധമാണ്. 2009 മുതൽ 2015 മാർച്ച് വരെ കേരള സാമൂഹ്യസുരക്ഷാ മിഷൻ 1495 ക്യാമ്പുകൾ സംഘടിപ്പിച്ച് 283,277 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. 2017–18 –ൽ 31 ക്യാമ്പുകൾ സംഘടിപ്പിച്ച് 7,750 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. അംഗപരിമിതരായവർക്ക് ദൂരെ സ്ഥലത്ത് പോയി മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കാൻ ഇത്തരത്തിലുള്ള ക്യാമ്പുകൾ സഹായകമായി.

ആശ്വാസകിരണം

കടുത്ത മാനസികവെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വൈകല്യം ബാധിച്ച് ശയ്യാവലംബികളായവർക്കും 100 ശതമാനം അന്ധതയുള്ളവരെയും, ക്യാൻസർ, സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക പരാധീനത ഉള്ളവരെയും പരിചരിക്കുന്ന സഹായികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. 2016–17 കാലയളവിൽ 90251 പരിചരണ സഹായികൾക്ക് ധനസഹായം നൽകി.

വിശപ്പു വിമുക്ത നഗരം

ആഹാരം വേണ്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി ആദ്യമായി ആരംഭിച്ചത് കോഴിക്കോട് നഗരത്തിലാണ്. 2016–17–ൽ 970157 പേർ ഗുണഭോക്താക്കളായി.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിലിറ്റീസ് (എസ്.ഐ.ഡി)

വൈകല്യം തടയുക, നിർണ്ണയിക്കുക, മുൻകൂട്ടി ഇടപെടുക, അംഗപരിമിതർക്ക് വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ വേണ്ടി സർക്കാർ പ്രത്യേക താല്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണിത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടെ സാമൂഹ്യനീതി വകുപ്പാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഈ പരിപാടിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- **എം.എം.ആർ വാക്സിനേഷൻ:** എം.എം.ആർ വാക്സിനേഷൻ 2014 ജനുവരി മാസം മുതൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസവാശുപത്രികളിൽ പുതുതായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യമായി നൽകി. 6 ലക്ഷം ഡോസ് വാക്സിൻ ലക്ഷ്യമിട്ട ഈ പരിപാടിയിൽ 4 ലക്ഷം ഡോസ് വാക്സിൻ നല്കി.

- **യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്:** പുതുതായി ജനിക്കുന്ന കുട്ടികളിൽ കേൾവിശേഷി പരിശോധിക്കാൻ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒട്ടോ അക്വസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് സജ്ജമാക്കി. 2014–15. മുതൽ ആരംഭിച്ച ഈ പരിപാടിയിലൂടെ 275,337 നവജാതശിശുക്കളെ സ്ക്രീൻ ചെയ്യാൻ സാധിച്ചു. ഇതിൽ 31,450 ശിശുക്കളെ കൂടുതൽ പരിശോധനയ്ക്കും പ്രശ്ന പരിഹാരത്തിനുമായി അയച്ചു.

- **ഡിസ്ട്രിക്ട് ഏർലി ഇന്റെർവൻഷൻ സെന്ററുകൾ:** 14 ജില്ലകളിലും ഡി.ഇ.ഐ.സി കൾ തുടങ്ങാൻ സ്ഥലം കണ്ടുപിടിച്ചു. അംഗപരിമിതർക്കായി ഒരു പ്രവേശനസേവന കേന്ദ്രം രക്ഷിതാക്കൾക്കും മറ്റ് താല്പര്യകക്ഷികൾക്കും വിദ്യാഭ്യാസവും, പരിശീലനവും ഏർപ്പെടുത്താനുമുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കുക എന്നതാണ് ഡി.ഇ.ഐ.സിയുടെ പ്രതീക്ഷിത ലക്ഷ്യം. 25 ബ്ലോക്കുകളിൽ മൊബൈൽ ഇന്റർവെൻഷൻ സെന്ററുകൾ എൻ.എച്ച്.എമ്മുമായി സംയോജിച്ച് സ്ഥാപിക്കുകയും, മട്ടന്നൂർ, മടൈ എന്നിവിടങ്ങളിൽ മാതൃക ശിശു പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തു.

- **അംഗപരിമിതരായ പ്രീ–സ്ക്കൂൾ കുട്ടികൾക്കുള്ള പ്രത്യേക അംഗൻവാടി:–** ഈ പരിപാടി സാമൂഹ്യനീതി വകുപ്പ് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോഴിക്കോട്ട് ആരംഭിച്ചു. കുട്ടികൾക്ക് അവരുടെ ദൈനംദിന കാര്യങ്ങൾ സ്വയം നിർവഹിക്കുന്നതിനും തുടർന്നുള്ള വിദ്യാഭ്യാസത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനും മുഖ്യധാരയിലേക്ക് വരുന്നതിനുള്ള തടസ്സം ഒഴിവാക്കാനും ഈ പരിപാടി സഹായകമാകുന്നു.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിമെൻഷ്യാ

ഡിമെൻഷ്യാ രോഗികളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതി പ്രകാരം തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഡേ കെയർ സെന്ററും എടവനക്കാട് വൃദ്ധസദനത്തിൽ ഒരു പൂർണ്ണസമയ സെന്ററും സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചു.

ഇൻസൈറ്റ് പ്രോജക്ട്

അറിവുനേടുന്നതിനും ആശയവിനിമയം നടത്തുന്നതിനും അംഗപരിമിതർ നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി 2007–ൽ ഇൻസൈറ്റ് പ്രോജക്ട് ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഈ പരിപാടി ഊന്നൽ നൽകിയത് കാഴ്ചവൈകല്യമുള്ളവരിലാണ്. 2009 –ൽ ധാരണാശക്തികൊണ്ട് തിരിച്ചറിയുന്നതിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പരിശീലനപരിപാടികൂടി ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി. കേരള സംസ്ഥാന ഐ.ടി. മിഷന്റെ ധനസഹായത്തോടെയുള്ള ഈ പ്രോജക്ട് നടപ്പാക്കുന്നത് 'സ്പേസ്' എന്ന ലാഭരഹിത സംഘടനയാണ്. 2013 –ൽ ഈ പദ്ധതി സാമൂഹ്യനീതി വകുപ്പിന് കൈമാറി.

ഇതിൽ കാഴ്ച വൈകല്യമുള്ളവർക്കായുള്ള പദ്ധതി നടപ്പാക്കുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് എന്ന സംഘടനയ്ക്ക് കൈമാറുകയും കൊഗ്നിറ്റീവ് വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പദ്ധതി 'സ്പേസ്' തുടരുകയും ചെയ്തു. ഇവർക്കായുള്ള ഇൻസൈറ്റ് പ്രോജക്ട് 60 –ൽ കൂടുതൽ കുട്ടികൾക്ക് സഹായം നൽകുന്നു (അടിസ്ഥാനനൈപുണ്യവും വിദ്യാഭ്യാസപരമായ പരിശീലനവും ഉൾപ്പെടെ). പാരമ്പര്യ സമ്പ്രദായങ്ങളുടെയും പുതിയ സാങ്കേതിക വിദ്യയുടെയും ഒരു സംയോജനമാണ് ഇത്. സ്പേസിൽ പുതിയ സാങ്കേതിക വിദ്യ ഉപകരണങ്ങളും പ്രയോഗവും പരീക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. പരിശീലനകേന്ദ്രങ്ങൾ സോഫ്റ്റ് വെയർ ഉപകരണങ്ങൾ ഉപയോഗിച്ച് വ്യക്തിഗത വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ കുട്ടികളിലുണ്ടാകുന്ന മികവ് ക്രമപ്രകാരം നിരീക്ഷിക്കുന്നതിന് ഉപയോഗിക്കുന്നു. പാഠഭാഗങ്ങൾ തയ്യാറാക്കുന്നതിനായി നൂതന വിദ്യാഭ്യാസപരമായ പാഠഭാഗങ്ങളും ഉപകരണങ്ങളും വികസിപ്പിച്ചുവരുന്നു. പ്രത്യേക വിദ്യാഭ്യാസത്തിനുള്ള ICT പരിശീലന പരിപാടികൾ, പാഠഭാഗങ്ങൾ തയ്യാറാക്കൽ, മാതാപിതാക്കൾക്കുള്ള പരിശീലനം എന്നിവയും നടപ്പാക്കിവരുന്നു. ഈ പരിപാടിയിലൂടെ മറ്റു സംഘടനകൾക്കും നേരിട്ടല്ലാതെ അറിവു ലഭിക്കുന്നു. ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും പിന്തുണ നൽകുകയും ചെയ്യുന്നതിലൂടെ കൂടുതൽ ജനങ്ങൾക്ക് അറിവു പകരുന്നതിനും പരിപാടിയുടെ നേട്ടങ്ങൾ ലഭ്യമാക്കാനും കഴിയുന്നു.

വനിതാക്ഷേമം

സംസ്ഥാന ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളും കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീകളുമാണ്. ഇന്ത്യയിൽ സ്ത്രീ സാക്ഷരത ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് (92 ശതമാനം). ഇന്ത്യയിലെ സ്ഥിതിവിശേഷവുമായി താരതമ്യം ചെയ്യുമ്പോൾ ശിശുമരണനിരക്ക് കേരളത്തിൽ വളരെ കുറവാണ്. കേരളത്തിലെ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥാവിശേഷം ജെൻഡർ വികസനം എന്ന ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും, വനിതാശാക്തീകരണത്തിനുള്ള സ്ഥാപനങ്ങളെക്കുറിച്ചും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പുനരധിവാസത്തിനായുള്ള പ്രധാന പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന

19 വയസ്സിന് മുകളിൽ പ്രായമുള്ള ഗർഭിണികളായ സ്ത്രീകൾക്ക് ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് ധനസഹായം നൽകുന്ന ഈ കേന്ദ്ര പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പാക്കി വരുന്നു.

സ്നേഹസ്പർശം

കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കുന്ന ഈ പദ്ധതി മുഖാന്തിരം 1,000 രൂപ ധനസഹായം നൽകി അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. 2017–18 –ൽ 2,044 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

വനിതാവികസന പദ്ധതികൾ

സ്ത്രീധന നിരോധനം, ഗാർഹിക പീഢനം, ലൈംഗീക അധിക്ഷേപത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുക, പീഢനത്തിന് ഇരയാകുന്നവരുടെ പുനരധിവാസവും നഷ്ടപരിഹാരവും, വനിത കുടുംബനാഥയായിട്ടുള്ളവർക്കും ബി.പി.എൽ കുടുബത്തിലെ വനിതകൾക്കുമുള്ള സഹായം, സ്വയം തൊഴിൽ ചെയ്യുന്ന കുറഞ്ഞ വേതനം പറ്റുന്ന സ്ത്രീകളുടെ കാര്യശേഷി ഉയർത്താനുള്ള ധനസഹായം എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ഒരു മുഖ്യ പദ്ധതിയാണിത്.

നിർഭയാ പരിപാടികൾ

സാമൂഹ്യനീതി വകുപ്പിന്റെ നിർഭയാ പദ്ധതി ലൈംഗിക പീഢനത്തിന് ഇരയായ സ്ത്രീകൾക്ക് സംരക്ഷണം നൽകാനുള്ള നിർഭയാകേന്ദ്രങ്ങൾ സജ്ജമാക്കുന്നതിന് വിഭാവനം ചെയ്യുന്നു. ലൈംഗിക പീഡനത്തിന് ഇരയായ സ്ത്രീകളുടെ സംരക്ഷണത്തിനായി 12 ഷെൽട്ടർ ഹോമുകൾ

പ്രവർത്തിച്ചു വരുന്നു (തിരുവനന്തപുരം- 3, കൊല്ലം-1, എറണാകുളം-1, തൃശ്ശൂർ-1, കാസർഗോഡ്-1, കോഴിക്കോട്-1, മലപ്പുറം-1, പാലക്കാട്-1, വയനാട്-1, ഇടുക്കി-1). ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലുമായി 21 വൺസ്റ്റോപ്പ് ക്രൈസിസ് സെൽ പ്രവർത്തനമാരംഭിച്ചിരുന്നു. ലൈംഗിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് വേണ്ടുന്ന അടിയന്തിര ആരോഗ്യ പരിചരണം, മനഃ ശാസ്ത്ര കൗൺസലിംഗ്, പോലീസ് സഹായം, നിയമസഹായം, സുരക്ഷിത ഷെൽട്ടർ സേവനം എന്നിവ ഈ സെല്ലുകളിലൂടെ നൽകുന്നു. 2016-17-ൽ (2017 ആഗസ്റ്റ് 30 വരെ) ഈ കേന്ദ്രങ്ങൾ 331 സ്ത്രീകൾക്ക് സഹായം നൽകി. വനിതകൾക്കും കുട്ടികൾക്കും മാത്രമായുള്ള 3 അതിവേഗ കോടതികൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥാപിച്ചു.

വൺ സ്റ്റോപ്പ് കേന്ദ്രം

പൊതുസ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും വച്ച് പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സഹായവും പിന്തുണയും വൺ സ്റ്റോപ്പ് കേന്ദ്രം മുഖേന നൽകി വരുന്നു. തിരുവനന്തപുരത്ത് ഈ കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാർ 2016-17 -ൽ പുതിയ 4 വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളിൽ അനുവദിച്ചിട്ടുണ്ട്.

ഭിന്നലിംഗക്കാർ

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള നയം നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ഇതിൽ ഭൂരിഭാഗം പേരും തന്റെ വ്യക്തിത്വം വെളിപ്പെടുത്താൻ തയ്യാറാകുന്നില്ല. ഭിന്നലിംഗക്കാർ അവരുടെ ദൈനംദിന ജീവിത പ്രവർത്തനങ്ങൾക്കായി വളരെയധികം കഷ്ടപ്പേടേണ്ടിവരുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളത്തിൽ 2015-16 -ൽ നടത്തിയ ഭിന്നശേഷിക്കാരുടെ സർവ്വേ പ്രകാരം 1,187 ഭിന്നലിംഗക്കാരാണുള്ളത്. ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 2016-17 -ൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നു. 3 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും ഭിന്നലിംഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ജീവിക്കാൻ ആവശ്യമായ പരിശീലനം നൽകുന്നതിനും ജില്ലാതല ശില്പശാല സംഘടിപ്പിക്കുന്നതിനും വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. 2017-18 -ൽ ഭിന്നലിംഗക്കാർക്കായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന ഘടകങ്ങൾ

ബോക്സ് 4.3.11

ഭിന്നലിംഗക്കാർക്കായുള്ള പദ്ധതി

- ഭിന്നലിംഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ സഹായത്താൽ ഭിന്നലിംഗ ഹെൽപ്പ് ലൈൻ (24x7), ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ
- തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമുള്ള ധനസഹായം
- 60 വയസ്സിന് മുകളിലുള്ള അനാഥരായ ഭിന്നലിംഗക്കാർക്ക് പെൻഷൻ
- ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന അംഗീകൃത ഏജൻസികൾ, സിബി.ഒ-കൾ എന്നിവരുമായി ചേർന്നുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കൽ
- സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ്പോക്ക് കൂടുതലുള്ള പ്രദേശങ്ങളിൽ ഉചിതമായ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, ആരോഗ്യ ഉപദേശം അടിസ്ഥാനമാക്കി സർക്കാർ ആശുപത്രികൾ വഴി സെക്സ് റീ-അസയിൻമെന്റ് സർജറി, ഭിന്നലിംഗക്കാർക്ക് എച്ച്.ഐ.വി. സീറോ സർവ്വയലൻസ് സെന്റർ ആരംഭിക്കൽ
- പൊതുജനങ്ങളെ പ്രത്യേകിച്ച് രക്ഷിതാക്കൾ, കുടുബാംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് ആന്റ് നോണ് -ടീച്ചിംഗ് സ്റ്റാഫ്, തൊഴിൽ, എംപ്ലോയ്മെന്റ്, തദ്ദേശ സ്വയം ഭരണം, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ കേന്ദ്രീകരിച്ച് കൊണ്ടുള്ള സൂക്ഷ്മ ബോധന പരിപാടികൾ.
- ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ്.

ച്ചവടെ കാണിച്ചിരിക്കുന്ന **ബോക്സ് 4.3.11** –ൽ ചേർത്തിരിക്കുന്നു.

ബേട്ടി ബച്ചാവോ ബേട്ടീ പഠാവോ

സാമൂഹ്യ നീതി വകുപ്പ് തൃശ്ശൂർ ജില്ലയിൽ പൈലറ്റ് ആയി ആരംഭിച്ച ഈ പദ്ധതി ഒരു കേന്ദ്ര പദ്ധതിയാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് സുദീർഘമായി പരിഹാരം കാണുവാനും കുറഞ്ഞുവരുന്ന ആൺ–പെൺ അനുപാതത്തിന്റെ ഗതി തിരിച്ചുവിടാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പെൺകുട്ടികളുടെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രസഹായം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

വനിതാ ശാക്തികരണത്തിനുള്ള സ്ഥാപനങ്ങൾ

കേരള സംസ്ഥാന വനിതാ കമ്മീഷൻ

സ്ത്രീകൾക്കെതിരെയുള്ള ന്യായരഹിതമായ ഏർപ്പാടുകളെപ്പറ്റി അന്വേഷിക്കാനും പരിഹാരം നിർദ്ദേശിക്കാനും, സ്ത്രീകളുടെ പദവി ഉയർത്താനുമായി 1996 –ൽ കമ്മീഷൻ നിലവിൽ വന്നു. ജെൻഡർ അവബോധന പരിപാടികൾ, നിയമ പരിശീലനം/സെമിനാർ, അദാലത്തുകൾ ഡി.എൻ.എ പരീക്ഷണം എന്നീ പ്രവർത്തനങ്ങൾ കമ്മീഷൻ ഏറ്റെടുക്കുന്നു. 2016–17 –ൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെപ്പറ്റിയുള്ള 262 നിയമപരിശീലനങ്ങൾ/സെമിനാറുകൾ, പഞ്ചായത്ത് ജാഗ്രതാസമിതി പ്രവർത്തകർക്ക് വനിതകളുമായി ബന്ധപ്പെട്ട നിയമങ്ങൾ മറ്റ് നിയമ നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള 46 കൗൺസലിംഗ്/നൈപുണ്യ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ 120 അദാലത്തുകൾ സംഘടിപ്പിച്ച് 3,350 പരാതികൾക്ക് തീരുമാനം എടുക്കുകയും ചെയ്തു. ജെൻഡർ അവബോധന പരിപാടികൾ പ്രകാരം 27 വിവാഹപൂർവ കൗൺസലിംഗ് പരിപാടികൾ വനിതാ സർക്കാരിതര സംഘടനകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ നടത്തുകയും, 309 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജെൻഡർ സൂക്ഷ്മബോധന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

2016–17 കാലയളവിൽ കമ്മീഷന് 6,402 പരാതികൾ ലഭിച്ചു. പരാതികളുടെ സ്വഭാവം പരിശോധിച്ചാൽ സ്ത്രീകൾക്കെതിരെയുള്ള ഗാർഹികപീഡനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, കുടുംബപ്രശ്നങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി കാണാം. മാർച്ച് 2017 വരെ പരാതികളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരം **അനുബന്ധം 4.3.57** –ൽ ചേർത്തിരിക്കുന്നു.

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയും ജെൻഡർ അവബോധന മുൻനിര പരിപാടി, ഫിനിഷിംഗ് സ്കൂൾ എന്നിവയുടെ ഫ്ലാഗ്ഷിപ്പ് പരിപാടികളുമാണ് കോർപ്പറേഷന്റെ പ്രധാന പരിപാടികൾ. നാഷണൽ കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പാപദ്ധതി പ്രകാരം 1,772 വനിതകൾക്ക് 35.74 കോടി രൂപ വിതരണം നടത്തി. സംസ്ഥാന പദ്ധതി വിഹിതമായ 3 കോടി രൂപ പൊതുവിഭാഗത്തിൽപ്പെട്ട 173 സ്ത്രീകൾക്കും കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ നൽകി. സംസ്ഥാനത്താകെ 49 ഷീ–ടോയിലറ്റ് യൂണിറ്റുകൾ കോർപ്പറേഷൻ സ്ഥാപിച്ചു. ഇതിൽ 8 എണ്ണം പ്രധാന റെയിൽവേ സ്റ്റേഷനുകളിലായിരുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആർത്തവസംബന്ധമായ ആരോഗ്യവും ശുചിത്വവും പാലിക്കുന്നതിന് ഉയർന്ന നിലവാരമുള്ള സാനിട്ടറി പാഡുകൾ മിതമായ വിലയ്ക്ക് നൽകുകയും സംസ്ഥാനത്തുടനീളം 623 സ്കൂളുകളിൽ വെൻഡിംഗ് മെഷിനും ഇൻസിനറേറ്ററും സ്ഥാപിക്കുകയും ചെയ്തു. മുൻനിര ഫിനിഷിംഗ് സ്കൂൾ പരിപാടിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരത്തും കണ്ണൂരും പ്രവർത്തിക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഫൈറ്റ്സ് (റീച്ച്) മുഖേന 712 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നല്കി. ഇ.ഡി.പി/സ്വയം തൊഴിൽ പരിശീലന പരിപാടികൾ 7 ജില്ലകളിൽ 800

വനിതകൾക്കും പ്രയോജനപ്പെട്ടു. ജെൻഡർ അവബോധ പരിപാടിയുടെ ഭാഗമായി 40 വനിതാ കോളേജുകളിൽ വനിതാസെല്ലുകൾ തുടങ്ങുകയുണ്ടായി. സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങൾക്ക് അവബോധം ഉണ്ടാക്കാനും ദൈനംദിന പ്രവൃത്തികൾ സുഗമമായി നിർവ്വഹിക്കാൻ കഴിയത്തക്ക തരത്തിൽ സജ്ജരാക്കുകയെന്നതുമാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. ലിംഗസമത്വം സംബന്ധിച്ച് ആശയം പ്രചരിപ്പിക്കുന്നതിനും ലിംഗ സൗഹൃദമായ കാമ്പസ് ഉണ്ടാക്കുന്നതിനുമായി സംസ്ഥാനത്തെ മിക്സഡ് കോളേജുകളിൽക്കൂടി വനിതാസെൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കായി വനിതാശിശു വികസന മന്ത്രാലയം വിഭാവനം ചെയ്തപോലെ ഒരു ഹെൽപ്പ് ലൈൻ സംവിധാനം – അത്യാവശ്യ ഉത്തരവാദിത്വ സംവിധാനം ഉണ്ട്. മിത്ര ഹെൽപ് ലൈൻ (181) 2017 മാർച്ച് 27–ന് കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ സ്ത്രീകൾക്ക് (24x7) സമീപിക്കാവുന്ന വിധത്തിലും അടിയന്തിര ഉത്തരവാദിത്വ സേവനങ്ങൾ നൽകി വിജയകരമായി പ്രവർത്തിക്കുന്നു. 6,300 –ൽ പരം കേസുകളിൽ ഈ ഹെൽപ് ലൈൻ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

ജെൻഡർ പാർക്ക്

ലിംഗസമത്വം, വനിതാശാക്തീകരണം എന്നിവ സംബന്ധിച്ചുള്ള പഠനം, ഗവേഷണം എന്നിവയ്ക്കുള്ള ഒരു വേദിയായാണ് സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് ജെൻഡർ പാർക്ക് എന്ന ആശയം (ആരംഭിച്ചത് 2011 ലാണെങ്കിലും) 2013–ൽ പ്രാവർത്തികമാക്കിയത്. സമൂഹം ഉയർത്തുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കടമ്പകൾ തരണം ചെയ്ത് ലിംഗ സമത്വത്തിനുള്ള ഒരു പ്രവേശനമാർഗ്ഗമായി ഈ വേദി പ്രയോജനപ്പെടുന്നു. കൂടാതെ, സാമ്പത്തിക സംസ്കാരിക സാമൂഹിക മേഖലകളിൽ സംസ്ഥാനത്തിനും രാജ്യത്തിനും നേട്ടം ഉണ്ടാക്കാൻ സഹായിക്കുകയും ചെയ്യുന്നു. പ്രധാന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത് ഗവേഷണം – നയരൂപീകരണത്തിന് ഗവേഷണം; നൈപുണ്യ വികസന കേന്ദ്രം – കഠിനമായതും ഭാരമേറിയതുമായ യന്ത്രപ്രവർത്തനങ്ങൾ പഠിപ്പിക്കുന്നു; ഉല്പാദനകേന്ദ്രം – എസ്.ഡി.സിയുടെ ഒരു വില്പന കേന്ദ്രമോ സ്വതന്ത്ര സ്വഭാവമുള്ളതോ ആയി പ്രവർത്തിക്കാവുന്നതാണ്; ലൈബ്രറിയും ഡൊക്യുമെന്റേഷൻ സെന്ററും – ഗവേഷണ ഗ്രന്ഥങ്ങളും സ്ത്രീകളുടെ പൈതൃക ചരിത്രങ്ങളും പൈതൃക മ്യൂസിയത്തിൽ സൂക്ഷിക്കണം,. സ്ത്രീകൾക്ക് ഡ്രോയിംഗ്, പെയിന്റിംഗ്, ഡാൻസ്, സംഗീതം, സാംസ്കാരികപരമായ മറ്റു കലകൾ തുടങ്ങിയവയിലുള്ള കഴിവുകൾ അവതരിപ്പിക്കാനുതകുന്ന ഒരു സാംസ്കാരിക സ്ഥലം എന്നിവ ഉൾപ്പെടുന്നു. ഇതിന് ഒരു ആംഭിതിയേറ്ററും നിയമകേന്ദ്രവും ഉണ്ടായിരിക്കണം.

ജെൻഡർ പാർക്ക് ഏറ്റെടുത്ത ഷീ ടാക്സി പദ്ധതി ഇന്ത്യയിലെത്തന്നെ ആദ്യത്തെ 24x7 സമയം പ്രവർത്തിക്കുന്ന വനിതകൾ നടത്തുന്നതും തൊഴിലെടുക്കുന്നതുമായ ഒരു പ്രവർത്തനമാണ്. സ്ത്രീകളുടെ സംരംഭകത്വം, സ്വയം തൊഴിൽ, സുരക്ഷ എന്നിവ പ്രോത്സാഹിപ്പിക്കാൻ ടി പദ്ധതി ലക്ഷ്യമിടുന്നു.

വിമുക്ത ഭടന്മാരുടെയും യുദ്ധാനന്തര വിധവകളുടെയും ക്ഷേമം

വിമുക്ത ഭടന്മാർ, യുദ്ധാനന്തര വിധവകൾ ഇവരുടെ ആശ്രിതർ എന്നിവരെ സന്നദ്ധമാക്കാൻ സ്വയം തൊഴിൽ/ തൊഴിൽപരം/സാങ്കേതികപഠനം എന്നിവയിലൂന്നിയുള്ള പുനരധിവാസ പരിശീലനമായിരുന്നു പ്രധാന പ്രവർത്തനം. 2017–18 കാലയളവിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ പരിശീലന സെന്ററുകൾ വഴി 184 പേർക്ക് പുനരധിവാസ തൊഴിൽ പരിശീലനം നൽകി. ഇതിൽ 57 പേർ വനിതകളാണ്. ഫാഷൻ ഡിസൈനിംഗിൽ 9 വനിതകൾക്ക് പരിശീലനം നൽകി.

തടവുകാരുടെ ക്ഷേമം

കേരളത്തിന്റെ ജയിൽ സംവിധാനത്തിൽ 44 ജയിലുകളും (വിചാരണ ചെയ്യാനുള്ള അന്തേവാസികളും ചെറിയ രീതിയിൽ ശിക്ഷയനുഭവിക്കുന്നവർക്കും) 11 പ്രിസണുകളുമുണ്ട് (ഗൗരവതരമായ

കുറ്റകൃത്യത്തിന് ദീർഘകാലമായി ശിക്ഷയനുഭവിക്കുന്നവർക്കായുള്ള) 2017 മാർച്ച് വരെ 7,542 തടവുകാരുണ്ടായിരുന്നു. ഇതിൽ 190 വനിതാ തടവുകാരാണ്. വനിതാ തടവുകാരുടെ അനുപാതം കേരളത്തിൽ 2.5 ശതമാനം ആണെങ്കിൽ മറ്റ് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഈ അനുപാതം 4 മുതൽ 6 ശതമാനം വരെയാണ്. ജയിലുകളുടെ ആധുനികവല്ക്കരണവും, തടവുകാരുടെ ക്ഷേമവുമാണ് ജയിൽ വകുപ്പിന്റെ രണ്ട് പ്രധാന പരിപാടികൾ. ജയിലുകളിൽ സി.സി. ടി.വി സ്ഥാപിക്കൽ, സെൻട്രൽ ജയിലുകളിൽ നൂതനമായ ഇന്റർവ്യൂ ഹാൾ നിർമ്മാണം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഭരണം സംബന്ധിച്ച സംസ്ഥാനതല ശില്പശാല എന്നിവ പ്രധാനപ്പെട്ട പരിപാടികളായിരുന്നു. 2016–17 –ൽ ചീമേനി തുറന്ന ജയിലിൽ വിവിധ ഫാമുകൾ സ്ഥാപിക്കുകയും കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഫ്രീ ഫാഷനിസ്റ്റ് യൂണിറ്റ് വ്യാപിപ്പിക്കുകയും വകുപ്പ് തലത്തിൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാഹാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ജയിലുകളിലെ തടവുകാരെ സംബന്ധിച്ച വിവരം **അനുബന്ധം 4.3.58** –ൽ കൊടുത്തിട്ടുണ്ട്.

കുട്ടികളുടെ ക്ഷേമം

2011 സെൻസസ് പ്രകാരം, കേരളത്തിൽ പൂജ്യത്തിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ജനസംഖ്യ സംസ്ഥാനത്തെ മൊത്തജനസംഖ്യയുടെ 30 ശതമാനം വരും. ഇതിൽ പൂജ്യം മുതൽ 6 വയസ്സുള്ളവർ 9.36 ശതമാനമാണ്. സംസ്ഥാനത്ത് 5 വയസ്സിൽ താഴെയുള്ള മരണനിരക്ക് 1,000 ൽ 12 ആണ്. കുട്ടികളുടെ നിലനില്പ്, വികാസം, സുരക്ഷ, പങ്കാളിത്തം എന്നീ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളം സമഗ്ര പുരോഗതി കൈവരിച്ചിട്ടുണ്ട്.

ബോക്സ് 4.3.12

ശിശു വികസന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ

- 3 വയസിൽ താഴെയുള്ള കുട്ടികൾക്ക് സുരക്ഷിതമായി പാകം ചെയ്ത ആഹാരം നിശ്ചിത അളവിൽ സംസ്ഥാനത്തൊട്ടാകെ വിതരണം നടത്തുക.
- ആരോഗ്യകരമായ ജീവിതരീതിയും ഭക്ഷണവും പ്രോത്സാഹിപ്പിക്കുക.
- കൗമാരപ്രായത്തിനുമുൻപുള്ള വളർച്ചയും പോഷകാഹാര പരിശോധനയും
- ഗർഭിണികൾക്ക് അനുപൂരക ഭക്ഷണവും പോഷകാഹാര പരിശോധനയും
- ശിശുക്കൾക്കും ചെറിയ കുട്ടികൾക്കും ആഹാരം നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കൽ
- പ്രീ പ്രൈമറി വിദ്യാഭ്യാസം/കരിക്കുലം നിയന്ത്രണം.
- അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അംഗൻവാടി വർക്കർമാർക്ക് പരിശീലനം, 6 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് പോഷകാഹാരം ഉറപ്പു വരുത്തുക.
- അംഗൻവാടികളിലെ എല്ലാ ഗുണഭോക്താക്കളിലും സമയബന്ധിതമായ ഇടപെടലിനും തുടർനടപടികൾക്കുമായി വിശദാംശങ്ങൾ ഡിജിറ്റലൈസു ചെയ്യുക.
- ഐ.സി.ഡി.എസിനു മാത്രമായി എല്ലാ സംവിധാനങ്ങളുമുള്ള ഭക്ഷ്യ പരിശോധനാ ലബോറട്ടറി സ്ഥാപിക്കൽ
- പ്രീ സ്കൂൾ കേന്ദ്രങ്ങളുടെ തരം തിരിക്കലും അംഗീകാരവും
- ചിൽഡ്രൻസ് ഹോമിലുള്ള കുട്ടികളെ സ്ഥാപനങ്ങളിൽ നിന്നും മാറ്റി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക.
- കുട്ടികളുടെ കൊഴിഞ്ഞു പോക്ക് കണ്ടെത്താനായി പഞ്ചായത്തു തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുകയും എസ്.എസ്.എയുടെ പിന്തുണയോടെ ഈ കുട്ടികൾക്ക് പുനർപ്രവേശനം നൽകാനുമുള്ള നടപടികൾ

കുട്ടികളുടെ സംരക്ഷണാവകാശം

കുട്ടികളോടുള്ള അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം എന്നിവയിൽ നിന്ന് അവരെ മോചിപ്പിച്ച് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുകയെന്നതാണ് കുട്ടികളുടെ സംരക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ തരത്തിലുമുള്ള മോശമായ പെരുമാറ്റത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിൽ കേരളം വളരെ മുന്നോട്ട് പോയിട്ടുണ്ട്. എന്നിരുന്നാലും കുട്ടികൾക്ക് സാമൂഹ്യ സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകിച്ച് ദുരിതമനുഭവിക്കുന്ന കുട്ടികൾക്ക് നൽകേണ്ട സുരക്ഷിതത്വത്തിൽ താഴെപറയുന്ന പരിമിതികൾ സംസ്ഥാനത്തിന് തടസ്സമാകുന്നു.

കുട്ടികൾക്കെതിരെയുള്ള അതിക്രമം

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ തോത് തുടർച്ചയായി ഉയർന്നു വരുന്നതോടൊപ്പം തട്ടിക്കൊണ്ടു പോകലും ബലാത്സംഗവും കൂടിവരുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോവിന്റെ കണക്ക് പ്രകാരം കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 2016–ൽ 2,881 എണ്ണവും 2017 ജൂലൈ വരെ 2,037 എണ്ണവുമാണ്.

പെൺകുട്ടികൾ

ഇന്ത്യയിൽ പൂജ്യം മുതൽ ആറ് വയസ് വരെ പ്രായമുള്ള കുട്ടികളുടെ ആൺപെൺ അനുപാതത്തിൽ പെട്ടെന്ന് വന്നിട്ടുള്ള കുറവ് വനിതാശാക്തീകരണത്തിനെതിരായുള്ള ഒരു പ്രധാന സൂചകമാണ്. 2001 –ൽ ഈ അനുപാതം 1,000 ആൺകുട്ടികൾക്ക് 927 പെൺകുട്ടികൾ എന്ന നിരക്കിലായിരുന്നു. എന്നാൽ 2011 –ൽ ഈ അനുപാതം 919 ആയി താണു. 2011 സെൻസസ് അനുസരിച്ച് കേരളത്തിൽ പൂജ്യം മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികളുടെ ആൺപെൺ അനുപാതം (964) 2001 സെൻസസിനേക്കാൾ (960) നാല് പോയിന്റ് മുകളിലാണ്. കേരളത്തിൽ എല്ലാ ജില്ലകളിലും ഈ അനുപാതം 1,000 ൽ താഴെയാണ്. എന്നിരുന്നാലും ആലപ്പുഴ (951), എറണാകുളം (961), കാസർഗോഡ് (961), തൃശ്ശൂർ (950) എന്നീ ജില്ലകളിൽ ഈ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണെന്നുള്ളത് ആപൽസൂചകമാണ്. സെക്സ് സെലക്ഷൻ ടെക്നിക്കുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക, പെൺകുട്ടികൾക്ക് പാരിതോഷികം ഏർപ്പെടുത്തുക, അവബോധനം സൃഷ്ടിക്കുക എന്നീ ഇടപെടലുകളിലൂടെ പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ശൈശവ വിവാഹം

കുട്ടികളുടെ അവകാശങ്ങളുടെ ലംഘനമാണ് ശൈശവ വിവാഹം. രാജ്യത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റം കേരളത്തിൽ ശൈശവവിവാഹം അടുത്തകാലത്ത് വർദ്ധിച്ചിട്ടുണ്ടെന്ന് യൂണിസെഫ് ചൂണ്ടിക്കാണിക്കുന്നു. യൂണിസെഫിന്റെ റിപ്പോർട്ട് പ്രകാരം സമീപവർഷത്തിൽ ഹരിയാനയിലെ യുവാക്കൾക്ക് വധുക്കളെ കണ്ടെത്തുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലമായി കേരളം മാറിയിട്ടുണ്ട് (വടക്കൻ സംസ്ഥാനങ്ങളിൽ സ്ത്രീ പുരുഷാനുപാതം കുറഞ്ഞിരിക്കുന്നതിനാൽ). ഈ വിഷയം തുടർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

കുട്ടികൾക്കെതിരെയുള്ള അധിക്ഷേപം

കുട്ടികൾക്കെതിരെയുള്ള അധിക്ഷേപം പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗിക അധിക്ഷേപ സംഭവങ്ങൾ കൂടി വരുന്നുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം, കേരളത്തിൽ 2017 ജൂലൈ വരെ 754 ലൈംഗിക അധിക്ഷേപം നടന്നിട്ടുണ്ട്. പദാർത്ഥ ദുരുപയോഗം പ്രത്യേകിച്ച് കൗമാര പ്രായക്കാരിൽ കൂടി വരുന്നു. മദ്യത്തിന്റെ ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ ഉൽക്കണ്ഠ ഉളവാക്കുന്ന മറ്റ് പ്രധാന പ്രശ്നങ്ങളാണ്.

കുട്ടികളുടെ വികസനാവകാശം

കുട്ടികളുടെ ബാല്യകാലം അവരുടെ പുരോഗതിയുടെ ഏറ്റവും പ്രബലമായ കാലഘട്ടമാണ്. 18 വയസ്സിനു താഴെയുള്ള

കുട്ടികളുടെ ശാരീരികം, മാനസികം, വികാരം, സാമൂഹ്യം എന്നീ തലങ്ങൾ കേന്ദ്രീകരിച്ചുള്ള സമഗ്ര പുരോഗതിയാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ നാല് മണ്ഡലങ്ങളിലുമുള്ള കുട്ടികളുടെ വളർച്ചയെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ കേരളം എപ്പോഴും മുൻപന്തിയിലാണ്. എന്നിരുന്നാലും കുട്ടികളുടെ ബാല്യകാല വികസനത്തിൽ ചില തടസ്സങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. പ്രതിരോധകുത്തിവയ്പ് എടുക്കുന്ന കാര്യത്തിൽ സംസ്ഥാനം വളരെ മുന്നിലാണെങ്കിലും (ഡിസ്ട്രിക്ട് ലെവൽ ഹെൽത്ത് സർവ്വേ (ഡി.എൽ.എച്ച്.എസ്) – 4 പ്രകാരം 12 മുതൽ 23 മാസംവരെ പ്രതിരോധകുത്തിവെയ്പ് 82.5 ശതമാനം) കേരളത്തിന്റെ വടക്കൻ ജില്ലകളിൽ വാക്സിനേഷനെതിരെയുള്ള ക്യാമ്പയിനുകൾ നടക്കുന്നുണ്ട്. അതുപോലെതന്നെ കേരളം പൂർണ്ണമായ മുലയൂട്ടൽ (ആദ്യത്തെ 6 മാസ ശൈശവ ഘട്ടത്തിൽ) നടത്തുന്നതിൽ സാവധാന പുരോഗതിയാണ് പ്രകടിപ്പിക്കുന്നത് (ഡി.എൽ.എച്ച്.എസ് –3 പ്രകാരം 0 മുതൽ 5 വയസ്സുള്ള കുട്ടികൾക്ക് പൂർണ്ണമായ മുലയൂട്ടൽ നടത്തുന്നതിന്റെ ആധിക്യം 69.1 ശതമാനവും ഡി.എൽ.എച്ച്.എസ്–4 പ്രകാരം 69.8 ശതമാനവുമാണ്). പാലൂട്ടലിന് മുമ്പായി ആഹാരം നൽകൽ, മുലപ്പാൽ നൽകുന്നതിനുള്ള കാലതാസം, കുപ്പിപ്പാൽ നൽകൽ തുടങ്ങിയ അനാരോഗ്യപരമായ ആഹാര ഊട്ടൽ സമ്പ്രദായം കേരളത്തിൽ നടക്കുന്നുണ്ടെന്ന് അനവധി ഗവേഷണ പഠനങ്ങൾ വ്യക്തമാക്കുന്നു. സംസ്ഥാനത്ത് സാർവലൗകികമായ പ്രീ–സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ അഭാവം മറ്റൊരു പ്രധാന പ്രശ്നമാണ്. ഇതിന് അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്. റാപ്പിഡ് സർവ്വേഓഫ് ചിൽഡ്രൻ (ആർ.എസ്.ഒ.സി)–14 പ്രകാരം മൂന്ന് വയസ്സിനും 6 വയസ്സിനും ഇടയിൽ പ്രായമായ 26.2 ശതമാനം കുട്ടികൾക്ക് പ്രീ–സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നില്ല എന്ന് കാണുന്നു. കൂടാതെ ശാസ്ത്രീയമായി തയ്യാറാക്കിയ പാഠ്യപദ്ധതിയുടെ അഭാവവും പരിഹാരം കാണേണ്ട വിഷയമാണ്.

കുട്ടികളുടെ അതിജീവനാവകാശം

ശിശുമരണ നിരക്കും നവജാത ശിശുക്കളുടെ തൂക്കകുറവിന്റെ ബാഹുല്യവും കുട്ടികളുടെ അതിജീവനത്തിൽ ഉത്കണ്ഠ ജനിപ്പിക്കുന്ന കാര്യങ്ങളാണ്. സംസ്ഥാനത്ത് ശിശുമരണ നിരക്ക് 1,000 ജനനത്തിന് 12 എന്നതിൽ നിന്ന് 8 ആയി കുറയ്ക്കാനാണ് സുസ്ഥിര വികസന ലക്ഷ്യം (എസ്.ഡി.ജി) വിഭാവനം ചെയ്യുന്നത്. അതുപോലെ 2020 ആകുമ്പോഴേക്കും മാതൃമരണ നിരക്ക് ഒരു ലക്ഷം ജനനത്തിന് 66 –ൽ നിന്ന് 30 ആയി കുറയ്ക്കാനും 5 വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് 1,000 ജനനത്തിന് 9 ആയി കുറയ്ക്കാനും ലക്ഷ്യമിടുന്നു. മുകളിൽ പറഞ്ഞിട്ടുള്ള രംഗത്തെല്ലാം സംസ്ഥാനം കാര്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും, കുട്ടികളിലെ പോഷക വൈകല്യത്തിന്റെ ബാഹുല്യവും (ഡി.എൽ.എച്ച്–4 പ്രകാരം 5 വയസ്സിന് താഴെ ഉദ്ദേശം 21 ശതമാനം കുട്ടികൾക്ക് തൂക്കകുറവും 19.4 ശതമാനം കുട്ടികൾക്ക് വളർച്ചാമുരടിപ്പും), കുട്ടികളിലെ വിളർച്ചയും (ഡി.എൽ.എച്ച്–4 പ്രകാരം 34.6 ശതമാനം കുട്ടികൾ വിളർച്ചയുള്ളവരും, 2.4 ശതമാനം പേർ കടുത്ത വിളർച്ച ഉള്ളവരും) പ്രതിരോധകുത്തിവെയ്പ്പിന്റെ സാവധാനത്തിലുള്ള പുരോഗതിയും (സംസ്ഥാനത്ത് ഉദ്ദേശം 17 ശതമാനം കുട്ടികൾക്ക് അവരുടെ ആദ്യ ജന്മദിനത്തിന് മുമ്പായി 5 വാക്സിനുകൾ ലഭിക്കുന്നില്ല) സംസ്ഥാനത്ത് ചില ജില്ലകളിൽ കൂടുതലാണ്. പ്രത്യേകിച്ച് പട്ടിക വർഗ്ഗക്കാരുടെയിടയിൽ. ഈ പ്രശ്നങ്ങൾ എല്ലാം തന്നെ സുസ്ഥിര വികസന ലക്ഷ്യം നേടിയെടുക്കാൻ സർക്കാരിന് ഒരു വെല്ലുവിളിയായി മാറും.

കുട്ടികളുടെ പങ്കാളിത്താവകാശം

തീരുമാനങ്ങൾ എടുക്കുന്ന വേളയിൽ കുട്ടികളുടെ കാഴ്ചപ്പാട് സ്വതന്ത്രമായി അവതരിപ്പിക്കാനുള്ള ഒരു ചുറ്റുപാട് സൃഷ്ടിക്കുകയാണ് കുട്ടികളുടെ പങ്കാളിത്താവകാശം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളുടെ ആരോഗ്യത്തിന്സമഗ്ര സംഭാവന ചെയ്യുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള അയൽക്കൂട്ട ശൃംഖലയായ കേരളാ മോഡൽ ബാലസഭകളും ബാലപഞ്ചായത്തുകളും ദേശവ്യാപകമായി അംഗീകാരം പിടിച്ചു പറ്റിയതാണ്.

കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കുള്ള പ്രധാന പരിപാടികൾ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് കുട്ടികളുടെ സുരക്ഷ, പരിചരണം, വളർച്ച എന്നിവയ്ക്കായുള്ള പരിപാടികളും പദ്ധതികളും നടപ്പാക്കുന്നത്. കുട്ടികൾക്കുള്ള

അവകാശങ്ങൾ നടപ്പാക്കുന്നതിനായി പ്രധാനപ്പെട്ട നിയമങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ താഴെ പ്രതിപാദിക്കുന്നു.

പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ്(പോക്സോ) നിയമം 2012

കുട്ടികൾക്കെതിരെയുള്ള അധിക്ഷേപങ്ങളെക്കുറിച്ചും ലൈംഗീക കൈയ്യേറ്റം, ലൈംഗീക പീഡനം, അശ്ലീല സാഹചര്യം എന്നിവയിൽനിന്ന് കുട്ടികളെ സംരക്ഷിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ഈ നിയമം പ്രതിപാദിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന പരിചരണവും സുരക്ഷയും കുട്ടികൾക്ക് നൽകാനായി സംസ്ഥാനത്തെ 9 ജില്ലകൾ കേന്ദ്രീകരിച്ച് 11 പ്രത്യേക പരിചരണ കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചു. എല്ലാ ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് ആരംഭിച്ചു. ഈ നിയമത്തിന്റെ കീഴിൽ വരുന്ന കേസ്സുകൾ പെട്ടെന്ന് വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ മുൻകൂട്ടി പ്രഖ്യാപിച്ചിരുന്നു.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഈ കമ്മീഷൻ നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ബാലാവകാശം സംരക്ഷിക്കാൻ നിലവിലെ നിയമങ്ങൾ പരിശോധിച്ച് അവലോകനം നടത്തുക, കുട്ടികളുടെ അവകാശ ലംഘനം നടന്നത് അന്വേഷിക്കുക, കുട്ടികളുടെ അവകാശങ്ങളുടെ പൂർണ്ണ സ്വാതന്ത്ര്യത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടു പിടിക്കുക, വസ്തുതകൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുക എന്നിവ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളാണ്. 2016–17 കാലയളവിൽ, 2,512 പരാതികൾ കമ്മീഷന് ലഭിച്ചു. ഇതിൽ 1138 പരാതികൾക്ക് പരിഹാരം കണ്ടു. പരിഹാരം കണ്ട പരാതികളിൽ 118 എണ്ണം പോക്സോ ആക്ടുമായി ബന്ധപ്പെട്ടതും, 128 എണ്ണം ആർ.റ്റി. ഇമായും ബാക്കിയുള്ളത് കുട്ടികളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ടതുമാണ്.

ദത്തെടുക്കൽ സേവനങ്ങൾ

കേരളത്തിൽ 18 പ്രത്യേക ദത്തെടുക്കൽ ഏജൻസികളും, രാജ്യാന്തര ദത്തെടുക്കലിന് നേതൃത്വം കൊടുക്കുന്ന 5 അംഗീകൃത ദത്തെടുക്കൽ ഏജൻസികളും ലൈസൻസുള്ള മറ്റ് 20 ദത്തെടുക്കൽ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. 2013–14 മുതൽ 2016–17 വരെ, 613 രാജ്യത്തിനകത്തുള്ള ദത്തെടുക്കലും 53 രാജ്യാന്തര ദത്തെടുക്കലും നടന്നു. 2016–17–ൽ കേരളത്തിൽ 136 കുട്ടികളെ ദത്തെടുത്തു. ഇതിൽ 67 പേർ പെൺകുട്ടികളാണ് (രാജ്യത്തിനകത്തുള്ളത് 55 ഉം, രാജ്യാന്തരം 12 ഉം). ദത്തെടുത്ത കുട്ടികളെ സംബന്ധിച്ച വിവരം അനുബന്ധം 4.3.59 –ൽ ചേർത്തിരിക്കുന്നു.

ചൈൽഡ് ലൈൻ സേവനങ്ങൾ

അപകടാവസ്ഥയിൽപ്പെട്ട കുട്ടികൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾഫ്രീ ടെലിഫോൺ (1098)സേവനമാണ് ചൈൽഡ് ലൈൻ. ഇൻഡ്യയിൽ 278 നഗരങ്ങളിൽ ഈ സേവനം ലഭ്യമാണ്. കേരളത്തിൽ 15 സ്ഥലത്ത് (ഗ്രാമങ്ങളിൽ 3–ഉം, നഗരങ്ങളിൽ – 12 ഉം) ഈ സംവിധാനം പ്രവർത്തിക്കുന്നു.
സർക്കാരിത സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ ചൈൽഡ് ലൈൻ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

സംയോജിത ശിശുവികസന സേവനങ്ങൾ (ഐ.സി. ഡി.എസ്)

കുട്ടികളുടെ ബാല്യത്തിൽതന്നെയുള്ള വളർച്ച സാധ്യമാക്കാൻ കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഒരു ഫ്ലാഗ്ഷിപ്പ് പരിപാടികളിലൊന്നാണിത്. പൂരകപോഷകാഹാരം, പ്രതിരോധകുത്തിവെയ്പ്, ആരോഗ്യപരിശോധന, റഫറൽ സർവീസസ്, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം,

പ്രീ–സ്ക്കൂൾ വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്ന ഒരു സമഗ്ര പദ്ധതിയാണിത്. 6 വയസ്സിന് താഴെയുള്ള കുട്ടികൾ, അമ്മമാർ, പാലൂട്ടുന്ന അമ്മമാർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2016–17 –ൽ 33,114 അംഗൻവാടികൾ മുഖേന ഈ പദ്ധതിയിലൂടെ നടപ്പാക്കുന്ന പൂരകപോഷകാഹാര പരിപാടി 11.16 ലക്ഷം പേർക്കും, പ്രീ–സ്ക്കൂൾ വിദ്യാഭ്യാസ പരിപാടി 3 മുതൽ 6 വയസ്സുള്ള 4.32 ലക്ഷം കുട്ടികൾക്കും പ്രയോജനപ്പെട്ടു. പൂരകപോഷകാഹാര പരിപാടിയിൽ 2.57 ലക്ഷം പേർ ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ആയിരുന്നു. പ്രീ–സ്ക്കൂൾ വിദ്യാഭ്യാസ പരിപാടിയിൽ 2.15 ലക്ഷം പേർ 3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള പെൺകുട്ടികളും ആണ് **(അനുബന്ധം 4.3.60)**.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധതരം നൂതനമായ പ്രക്രിയകൾ ഐ.സി.ഡി.എസിന്റെ കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുട്ടികളുടെ പോഷകാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കുന്നതിനായി വയനാട്ടിൽ കുടുംബശ്രീ ഉല്പാദന യൂണിറ്റുകൾ ആരംഭിച്ചു. ഗുരുതരമായ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി യൂണിസെഫിന്റെ സഹായത്തോടെ ഒരു സാമൂഹ്യാധിഷ്ഠിത പോഷകാഹാര പുനരധിവാസ പരിപാടി അട്ടപ്പാടി പട്ടിക വർഗ്ഗ പ്രോജക്ട് പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്. പോഷകാഹാര അവസ്ഥയുടെ തത്സമയ മോണിറ്ററിംഗിനായി GIS അധിഷ്ഠിതമായ ജാതക്–ജനനി അട്ടപ്പാടിയിൽ ആരംഭിച്ചു. കുട്ടികളുടെ 5 വയസുവരെയുള്ള വളർച്ച നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണ് ജാതക്. മൊബൈൽ ആപ്ലിക്കേഷൻ വഴി ശബ്ദരേഖയും ചിത്രവും സ്ഥാനവും ഉൾപ്പെടുന്ന തത്സമയ വിവരങ്ങൾ ജാതകിലൂടെ ലഭിക്കുന്നു. ഇത് അട്ടപ്പാടിയിലും മാനന്തവാടിയിലും പ്രവർത്തിച്ചുവരുന്നു. മുംബൈ ആസ്ഥാനമായിട്ടുള്ള ടിസ്സ്–ന്റെ സാങ്കേതിക സഹായത്തോടെ വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിലും തിരുവനന്തപുരം ജില്ലയിലെ നേമം പ്രോജക്ടിലും ഐ.സി.ഡി.എസിന്റെ സാമൂഹ്യ ആഡിറ്റ് നടത്തുകയുണ്ടായി. സാമൂഹ്യ ആഡിറ്റിന്റെ മാന്വലും ടൂൾ കിറ്റും മലയാളത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ 33,115 അംഗൻവാടി കേന്ദ്രങ്ങളിലും സാമൂഹ്യ ആഡിറ്റ് നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ക്ഷേമത്തിനായി അംഗൻവാടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ബാല്യത്തിൽത്തന്നെയുള്ള വളർച്ചയും സംരക്ഷണവും പ്രീ സ്ക്കൂൾ വിദ്യാഭ്യാസ പരിപാടിയും അംഗൻവാടികൾ മുഖേന പ്രീ സ്ക്കൂൾ വിദ്യാഭ്യാസവും ഇ.സി.സി.ഇ പദ്ധതി പ്രകാരം നൽകുന്നു.

സംയോജിത ശിശു സംരക്ഷണ പദ്ധതി

സുരക്ഷയും സംരക്ഷണവും ആവശ്യമുള്ളവരും നിയമക്കുരുക്കിൽ അകപ്പെട്ടവരുമായ കുട്ടികൾക്ക് പ്രതിരോധം, നിയമ സുരക്ഷ, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്ത് ജെ.ജെ ആക്ടിൽ ഉൾപ്പെട്ട നിബന്ധനകൾ വേഗത്തിൽ നടപ്പിലാക്കുവാനായി ശിശു സംരക്ഷണ യൂണിറ്റുകൾ, ശിശുക്ഷേമ കമ്മറ്റികൾ, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ, സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജെ.ജെ ബോർഡുകൾ എന്നിവ സ്ഥാപിച്ചു. ചൈൽഡ് മാര്യേജ് റീസ്റ്റ്റെയിന്റ് നിയമം, കേരള യാചക നിരോധന നിയമം, ചൈൽഡ് റൈറ്റ്സ് കൺവെൻഷൻ പരിപാടികൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ പോലുള്ള വിവിധ സാമൂഹ്യ നിയമങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ഈ പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്നുണ്ട്. പോക്സോ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രയൽ കേസുകൾ തീർപ്പാക്കാൻ പ്രത്യേക കോടതികൾ ആരംഭിച്ചു. ഷഫീക്ക് കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 'ബാലസുരക്ഷ' സംബന്ധിച്ച് ഒരു മാതൃകാ പ്രോട്ടോക്കോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 1. കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, 2. കേസുകൾ കണ്ടെത്തി നേരത്തെ തന്നെ ഇടപെടൽ നടത്തുക, 3. ഇരയ്ക്ക് സുരക്ഷയും സംരക്ഷണവും നൽകുക, 4. ആവർത്തിക്കുന്ന അക്രമങ്ങൾ തടയൽ എന്നിവ ഇതിൽ പെടുന്നു. 12–ാം പദ്ധതിയിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി സാമൂഹ്യ നീതി വകുപ്പ് ഐ.സി.ഡി.എസിനു കീഴിൽ വളരെയധികം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുർബലരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനും, ഫ്രണ്ട് ലൈൻ ഏജന്റുമാരുടെ കഴിവു വികസിപ്പിക്കുന്നതിനും കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതും അദ്ധ്യാപകരുടെ കഴിവു വികസിപ്പിക്കൽ, കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും റിപ്പോർട്ടുചെയ്യുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൗമാരക്കാരായ പെൺകുട്ടികളുടെ പദ്ധതി (മുമ്പുള്ള രാജീവ് ഗാന്ധി പദ്ധതി)

കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ നടപ്പാക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതി 11 നും 18 നും മദ്ധ്യേ പ്രായമുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാരോഗ്യ നിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഈ ജില്ലകളിലുള്ള 84 ഐ.സി.ഡി.എസ് പ്രോജക്ടുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 12–ാം പദ്ധതി കാലയളവിൽ 46.95 ലക്ഷം ഗുണഭോക്താക്കൾക്ക് ഇതു വഴി പ്രയോജനം ലഭിച്ചു.

കിശോരി ശക്തി യോജന

ഐ.സി.ഡി.എസ് പ്രോജക്ട് മുഖേനേ 11–18 വയസ്സ് പ്രായമുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കൗമാരക്കാരായ പെൺകുട്ടികൾക്കു തൊഴിലധിഷ്ഠിത പരിശീലനം, ആരോഗ്യ ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള ആരോഗ്യ പോഷകാഹാര ദിനാഘോഷം, വിവിധ തലങ്ങളിലുള്ള നിരീക്ഷണവും വിശകലനവും, നവീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്.

കാൻസർ സുരക്ഷയും ശിശുരോഗികൾക്കുള്ള താലോലം പദ്ധതിയും

കാൻസർ, മറ്റു ജീവനു ഭീഷണിയായ രോഗങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ അംഗീകൃത ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതിയാണിത്. കാൻസർ സുരക്ഷ 12 സർക്കാർ ആശുപത്രികൾ മുഖേനയും താലോലം പദ്ധതി 18 സർക്കാർ ആശുപത്രികൾ മുഖേനയും നടപ്പാക്കി വരുന്നു. 2017–18 വർഷം കാൻസർ സുരക്ഷാ പദ്ധതിയിലൂടെ 5791 കുട്ടികൾക്കും താലോലം പദ്ധതിയിലൂടെ 13,801 കുട്ടികൾക്കും സഹായം ലഭിച്ചിട്ടുണ്ട്.

സ്നേഹപൂർവ്വം

മാതാപിതാക്കൾ രണ്ടുപേരും നഷ്ടപ്പെട്ടതോ ഒരാളില്ലാത്തതോ മറ്റേയാൾക്ക് കുട്ടിയെ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതോ ആയ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഒരു പദ്ധതിയാണിത്. കുട്ടികൾക്ക് ബിരുദ പഠനം വരെ വിദ്യാഭ്യാസ സഹായം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. HIV/AIDS ബാധിതരായ കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മാർച്ച് 2017 വരെ 58106 കുട്ടികൾക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്.

സ്നേഹ സാന്ത്വനം

സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം 2010 ഡിസംബർ മുതൽ നൽകി വരുന്നു. 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും വിദ്യാഭ്യാസ സഹായം നൽകുന്നു. 2016–17 –ൽ ഈ പദ്ധതിയിൽ 10320 പേർ ഗുണഭോക്താക്കളായിരുന്നു.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ കേരള (ഒ.ആർ.സി)

പോലീസ്, വിദ്യാഭ്യാസ/ആരോഗ്യ വകുപ്പുകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മറ്റ് തല്പരകക്ഷികൾ എന്നിവരുടെ

സഹായത്തോടെ ദ്രവ്യ ദുർവിനിയോഗം പോലുള്ള ഹാനികരമായ സ്വഭാവങ്ങളിൽ നിന്നും കുട്ടികളെ തടഞ്ഞ് അവർക്ക് മനഃശാസ്ത്ര സാമൂഹ്യ - വൈകാരിക പരമായ പിന്തുണ ഈ പദ്ധതിയിലൂടെ നൽകുന്നു. 12-ാം പദ്ധതിക്കാലത്ത് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ 93 തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൗമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടിയുള്ള മനഃശാസ്ത്ര സാമൂഹ്യ സേവനങ്ങൾ

സാമൂഹ്യനീതി വകുപ്പിന്റെ ഈ പദ്ധതി കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, മാർഗ്ഗോപദേശം തുടങ്ങിയ സഹായങ്ങൾ നൽകുന്നു. തദ്ദേശസ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റേയും പിന്തുണയോടെ തെരഞ്ഞെടുക്കപ്പെട്ട 807 സ്കൂളുകളിൽ മനഃശാസ്ത്ര സാമൂഹ്യ കൗൺസലിംഗ് സെന്റർ ആരംഭിച്ചു. കുട്ടികൾക്ക് കൗൺസലിംഗും മാർഗ്ഗോപദേശവും നൽകുന്നതിനായി ഓരോ സ്കൂളിലും ഒരു ഫുൾടൈം കൗൺസിലറെ നിയമിച്ചിട്ടുണ്ട്.

കുട്ടികളിലെ കോക്ലിയർ ഇംപ്ലാന്റേഷൻ

പ്രാദേശിക സംസ്ഥാനതല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുത്ത അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ (കെ.എസ്.എസ്.എം) ഈ പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുള്ള സഹായം നൽകുന്നു. പ്രത്യേക പട്ടികയിലുള്ള ആശുപത്രികളിലൂടെ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ (എ.വി.എച്ച്) വേണ്ടി സാമ്പത്തിക സഹായവും നൽകുന്നു. 2016-17 കാലയളവിൽ 109 കുട്ടികൾക്ക് ഈ പദ്ധതി വഴി സഹായം ലഭിച്ചു.

അട്ടപ്പാടിയിലെ ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി

അട്ടപ്പാടിയിലെ ശിശുക്കൾക്കു വേണ്ടി നടപ്പിലാക്കുന്ന സാമൂഹ്യ നീതി വകുപ്പിന്റെ ഒരു പ്രത്യേക പരിപാടിയാണിത്. ശിശുക്കൾക്കു നേരത്തേ മുലയൂട്ടലിന് അമ്മമാരെ പ്രേരിപ്പിക്കുക, 6 മാസമാകുമ്പോൾത്തന്നെ മറ്റ് ആഹാരങ്ങൾ യഥാസമയം നൽകുക, മുലപ്പാലിനു പുറമേയുള്ള ആഹാരങ്ങൾ നൽകുമ്പോൾ ശുചിത്വം പാലിക്കുക, എല്ലാ പ്രതിരോധ കുത്തിവയ്പുകളും, വിറ്റാമിൻ-എയും വിരനാശക മരുന്നുകളും നൽകുക, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

മാനന്തവാടി ബ്ലോക്കിലെ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള അമ്മയും കുഞ്ഞും ആരോഗ്യ അനുഗമന വ്യവസ്ഥ

ജാതക്, ജനനി എന്നീ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുടെ സഹായത്തോടെ വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ കുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യനില അറിയുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ഒരു പ്രാരംഭ പദ്ധതിയാണിത്.

മാതൃകാ അംഗൻവാടികൾ/ ജനറേഷൻ അംഗൻവാടികൾ

മൂന്നു തലമുറയിലെ ജനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. മുതിർന്ന പൗരന്മാർക്കും, 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കും, അമ്മമാർക്കും ഒരു പൊതു കേന്ദ്രത്തിൽ വച്ച് തമ്മിൽ ആശയവിനിമയം നടത്തുന്നതിനും അവരവരുടെ പരിചയം പങ്കുവയ്ക്കുന്നതിനായുള്ള ഒരു അവസരം ഒരുക്കുക എന്ന ആശയമാണ് മാതൃകാ അംഗൻവാടിയുടേത്. ഈ മാതൃകാ അംഗൻവാടി കേന്ദ്രങ്ങളിൽ സാധാരണ

അംഗൻവാടികളിലെ പോലെ എല്ലാ സൗകര്യങ്ങളും ഉള്ളതിനു പുറമേ മുതിർന്ന പൗരന്മാർക്കായി ഒരു വായനാമുറിയുമുണ്ട്. ഭരണാനുമതി ലഭിച്ച 119 മാതൃകാ അംഗൻവാടികളും നബാർഡ്, ആർ.ഐ.ഡി.എഫ്. കെട്ടിടനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 506 –ൽ പരം അംഗൻവാടികളും അനുവദിച്ചിട്ടുണ്ട്.

വീക്ഷണം

വിവിധ ഘടകങ്ങൾ മൂലമുണ്ടാകുന്ന സുരക്ഷിതത്വമില്ലായ്മയിൽ നിന്നും നഷ്ടങ്ങളിൽ നിന്നുമാണ് അക്രമിക്കപ്പെടാനിടയുള്ള സ്ഥിതിവിശേഷമുണ്ടാകുന്നത്. പ്രത്യാഘാതങ്ങളെ സഹിക്കാനും, ദോഷകരമായ അവസ്ഥയെ കുറയ്ക്കുവാനും സാമൂഹ്യ സംരക്ഷണ സമ്പ്രദായം സഹായിക്കുന്നു. ദാരിദ്ര്യമില്ലാതാക്കുന്നതിനും ദാരിദ്ര്യത്തിലേക്കു നയിക്കുന്ന സാമ്പത്തിക സാമൂഹ്യ സ്ഥിതി വിശേഷങ്ങളെ ഇല്ലാതാക്കുവാനോ കുറയ്ക്കുവാനോ ചെയ്യുന്നതിനും അക്രമങ്ങളെ തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ സംരക്ഷണ സമ്പ്രദായത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തിലെ അവകാശാധിഷ്ഠിതമായ സാമൂഹ്യ സുരക്ഷിതത്വ ചട്ടക്കൂടിൽ (i) ഔപചാരിക മേഖലയുടെ സംരക്ഷണ നടപടികൾ (ii) പ്രോത്സാഹന നടപടികൾ (a) അനൗപചാരിക മേഖലയിലെ വരുമാന വർദ്ധനവ് (b) സാമൂഹ്യ സഹായ പെൻഷനുകൾ (c) എം.ജി.എൻ.ആർ.ഇ.ജി. എസ് പോലെയുള്ള പൊതുതൊഴിൽ (d) ഭക്ഷ്യ സുരക്ഷ: ഐ.സി.ഡി.എസും ഉച്ചഭക്ഷണ പരിപാടിയും (iii) സമൂഹത്തിലെ അംഗപരിമിതർ, വൃദ്ധർ, അധിക്ഷേപത്തിനിരയായവർ, ഭിന്നലിംഗക്കാർ, മറുനാടൻ തൊഴിലാളികൾ എന്നിവർക്ക് സംരക്ഷണം എന്നിവ പ്രധാന ഘടകങ്ങളാണ്. നിയമപ്രകാരം അർഹമായവ ലഭ്യമാക്കുന്നതിനുള്ള സാമൂഹ്യ സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി (a) പ്രൈമറി വിദ്യാഭ്യാസം, കുട്ടികളുടെ പോഷകാവസ്ഥയും ആരോഗ്യവും (b) എം.ജി. എൻ.ആർ.ഇ.ജി.എസ് കേന്ദ്രീകൃതമാക്കിക്കൊണ്ട് തൊഴിലും ജീവിതസുരക്ഷയും (c) വൃദ്ധർ, വിധവകൾ, ഭിന്നശേഷിക്കാർ, കൃഷിക്കാർ എന്നിവർക്കായുള്ള സാമൂഹ്യപെൻഷൻ (d) ആരോഗ്യ സംരക്ഷണം (e) ഭക്ഷ്യസുരക്ഷ (f) ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം എന്നീ 6 മേഖലകളിൽ സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ രൂപീകരിക്കാൻ കഴിയുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും

തൊഴിലാളികളുടെ അതിജീവനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആയതുകൊണ്ട്തന്നെ തൊഴിൽ തൊഴിലാളി ക്ഷേമ മേഖല വളരെ സുപ്രധാനവും നിർണ്ണായകവുമാണ്. ഈ ആഗോളീകരണ കാലഘട്ടത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയുള്ള ആവശ്യങ്ങളോട് ദേശീയ സമ്പദ് വ്യവസ്ഥയിൽ നിന്ന് വളരെ വ്യത്യസ്തമായാണ് കേരളം പ്രതികരിച്ചിട്ടുള്ളത്. തൊഴിൽ വിപണിയുടെ മാറുന്ന ആവശ്യങ്ങളോട് ഒരു അവകാശാധിഷ്ഠിത സമീപനമാണ് കേരളം പിന്തുടർന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തുല്യ സംഭാവനകൾ നൽകിയിട്ടുള്ള വ്യവസായ മേഖലയുടേയും ഒപ്പം വ്യക്തിഗത തൊഴിലാളികളുടേയും സർവ്വോന്മുഖ വളർച്ചയ്ക്ക് സഹായിക്കുന്ന രീതിയിലാണ് ഗവൺമെന്റിന്റെ നയപരമായ ഇടപെടലുകൾ. ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരം ജോലിചെയ്യാനുള്ള അവകാശം, വിവേചനത്തിനെതിരെയുള്ള അവകാശം, ബാലവേല തടയൽ, സമൂഹ്യ സുരക്ഷിതത്വം, കൂലിയുടെ സംരക്ഷണം, പരാതികളുടെ പരിഹാരം, ട്രേഡ് യൂണിയനിൽ ചേരാനും സംഘടിക്കാനുമുള്ള അവകാശം, സംഘടിതമായുള്ള വിലപേശൽ, ഭരണത്തിലുള്ള പങ്കാളിത്തം എന്നിങ്ങനെ കേരളത്തിലെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാനുള്ള നിരന്തര ഇടപെടൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു.

ഓരോ തൊഴിലാളിയും ക്ഷേമ ബോർഡിൽ അംഗമായിരിക്കണമെന്നും അതു വഴിഅവരുടെ ജീവിതം സംരക്ഷിക്കപ്പെടണമെന്നുമുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. നിലവിൽ 32 തൊഴിലാളിക്ഷേമ ബോർഡുകൾ സംസ്ഥാനത്ത് നിലനിൽക്കുന്നു. അതിൽ 16 എണ്ണവും ലേബർ കമ്മീഷണറേറ്റിന് കീഴിലാണ്.

2002–03 മുതൽ എട്ട് ശതമാനം വാർഷിക വളർച്ചാ നിരക്ക് എന്ന സാഹചര്യം നിൽനിൽക്കുന്നുണ്ടെങ്കിലും ഇന്ന് കേരളം തൊഴിൽ മേഖലയിൽ അഭിമുഖീകരിക്കുന്നത് വലിയ പ്രശ്നങ്ങളാണ്. അതിന് കാരണം വലിയ തോതിലുള്ള തൊഴിലില്ലായ്മയും, കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന അഭ്യസ്ത വിദ്യരും കുറഞ്ഞ ഉല്പാദനക്ഷമതയുള്ള തൊഴിലും, തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലുമുള്ള കുറവും, തൊഴിലിൽ പങ്കെടുക്കുവാനുള്ള തൊഴിലാളികളുടെ വൈമുഖ്യവും, ജനസംഖ്യാനുപാതികമായി തൊഴിലാളികളുടെ കുറവുമാണ്. ചുരുക്കിപറഞ്ഞാൽ തൊഴിലവസരങ്ങളും തൊഴിലധിഷ്ഠിത വളർച്ചയും സംസ്ഥാനം സൃഷ്ടിക്കേണ്ടിയിരിക്കുന്നു എന്നിരുന്നാലും കുറഞ്ഞ മൂല്യ വർദ്ധിത തൊഴിലിൽ നിന്നും കൂടിയ മൂല്യ വർദ്ധിത മേഖലയിലേക്ക് തൊഴിലാളികളെ കരകയറുവാനും തൊഴിൽ അധിഷ്ഠിത വികസനം കൈവരിക്കുവാനും തൊഴിൽ ലഭ്യത ഉറപ്പാക്കുവാനും സർക്കാർ നിർബന്ധിതമാണ്. ഗ്രാമീണ– നഗര മേഖലകളിൽ തൊഴിൽ ഉണ്ടാക്കുന്ന രീതിയിലുള്ള വികസനം നേടിയെടുക്കുക, സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി ഒരു ഏകീകൃതവും സംയോജിതവുമായ നിയമ നിർമ്മാണം നടത്തുക, ദുർബലരായ തൊഴിലാളികൾക്ക് ഗുണകരമാവുംവിധം ധനവിനിയോഗ മുൻഗണനാക്രമം പുനരാവിഷ്ക്കരിച്ചും, ഉല്പാദനക്ഷമതയുമായി ചേർത്ത് ദീർഘകാലാധിഷ്ഠിതമായി തുക വിന്യസിക്കുക, കാലഘട്ടത്തിനനുസൃതമായി തൊഴിൽ നിയമങ്ങളിൽ പരിഷ്ക്കാരം വരുത്തുക, 1947 ലെ വ്യവസായിക തർക്ക നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക, സിലബസും കരിക്കുലവും നവീകരിക്കുക.വ്യാവസായക പരിശീലന സ്ഥാപനങ്ങളിലെ മേൽനോട്ടം എന്നിവയാണ് നിലവിലുള്ള തൊഴിൽ നിയമം വിഭാവനം ചെയ്യുന്നത്.അന്തർദേശീയ– അന്തർ സംസ്ഥാന തൊഴിലാളി കുടിയേറ്റത്തിന്റെ സാഹചര്യത്തിൽ തൊഴിൽ പരിഷ്ക്കാരങ്ങളുടെ മേൽനോട്ടവും വിലയിരുത്തലും കൂടെ പരിഗണിക്കേണ്ടതാണ്.

ചിത്രം 4.3.12

ഗ്രാമീണ കേരളത്തിൽ പുരുഷ കർഷക തൊഴിലാളികൾക്കുള്ള ശരാശരി കൂലി (ജൂലൈ 2017 അനുസരിച്ച്)



അവലംബം: തൊഴിൽ മന്ത്രാലയം, ഭാരത സർക്കാർ

ദിവസവേതനനിരക്ക്

രാജ്യത്തിന്റെമറ്റുഭാഗങ്ങളുമായി താരതമ്യംചെയ്യുമ്പോൾ കാർഷിക-കാർഷികേതര മേഖലകളിലെ തൊഴിലാളികളുടെ കൂലിനിരക്ക് കേരളത്തിൽ വളരെ കൂടുതലാണ്. ഇന്ത്യാഗവണ്മെന്റിന്റെ ലേബർ ബ്യൂറോ പുറത്തുവിട്ട കണക്കനുസരിച്ച് കേരളത്തിലെ ഗ്രാമീണമേഖലയിൽ പുരുഷന്മാർക്ക് കാർഷിക ജോലികൾക്ക് ശരാശരി 658.93 രൂപാ ദിവസക്കൂലി ലഭിക്കുന്നു. ഈവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്ന ദേശീയ ശരാശരികൂലി 265.36 രൂപയാണ്. കേരളത്തിലെ കൂലി നിരക്ക് ദേശീയ ശരാശരിയെക്കാൾ 2.5 ഇരട്ടിയാണ്. **ചിത്രം 4.3.12** -ൽ കേരളത്തിലെ പുരുഷന്മാരുടെ ഗ്രാമീണ-കാർഷിക മേഖലയിലെ കൂലിനിരക്ക് ദേശീയ ശരാശരിയുമായും, മറ്റ് തെക്കൻ സംസ്ഥാനങ്ങളുമായും താരതമ്യം ചെയ്ത് കാണിച്ചിരിക്കുന്നു.

ദേശീയ ശരാശരി നിരക്കായ 206.59 രൂപയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ ഗ്രാമീണ മേഖലയിലെ കാർഷിക കൂലിനിരക്ക് 442.5 രൂപയാണ്. വിതയ്ക്കുകയും, വിളവെടുക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് കേരളത്തിൽ യഥാക്രമം 502.36 രൂപയും, 526.53 രൂപയും വീതം ലഭിക്കുന്നു. **ചിത്രം 4.3.13** -ൽ സ്ത്രീ കർഷക തൊഴിലാളികൾക്ക് തെക്കൻ സംസ്ഥാനങ്ങളിൽ ലഭിക്കുന്നകൂലിനിരക്ക് താരതമ്യം ചെയ്ത് കാണിച്ചിരിക്കുന്നു.

കേരളത്തിലെ കാർഷിക മേഖലയിലെ കൂലിനിരക്ക് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണെങ്കിലും സ്ത്രീ/പുരുഷ കൂലി നിരക്കിലുള്ള വ്യത്യാസം വളരെ ശ്രദ്ധേയമാണ്. വിളവെടുക്കുന്നതിനും, മെതിക്കുന്നതിനും, അടിച്ചുപെറുക്കുന്നതിനു (പാറ്റുന്നതിനും)മുള്ള, ഗ്രാമീണ മേഖലയിലെ ആണ്-പെണ്ണ് കൂലിനിരക്കിലുള്ള വിടവ് 33 ശതമാനമാണ് **ചിത്രം 4.3.14** -ൽ ചേർത്തിരിക്കുന്നു. അതായത് പുരുഷന്മാരുടെ കൂലിയുടെ 67 ശതമാനം മാത്രമേ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളൂ. കേരളത്തിലെയും മറ്റ് തെക്കൻ സംസ്ഥാനങ്ങളിലെയും കാർഷിക മേഖലയിലെ കൂലിനിരക്കിലുള്ള വ്യത്യാസം **ചിത്രം 4.3.15** -ൽ ചേർത്തിരിക്കുന്നു.

കാർഷിക തൊഴിലാളികളുടേതുപോലെ തന്നെ കാർഷികേതര ജോലികൾക്കുള്ള കൂലിനിരക്കും കേരളത്തിൽ, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതലാണ് (**ചിത്രം 4.3.16**). ഇത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്നു. സ്ത്രീ/പുരുഷ കൂലിയിലുള്ള

ചിത്രം 4.3.13
ഗ്രാമീണ കേരളത്തിൽ സ്ത്രീ കർഷക തൊഴിലാളികൾക്കുള്ള ശരാശരി കൂലി (2017 ജൂലൈ അനുസരിച്ച്)



അവലംബം: തൊഴിൽ മന്ത്രാലയം, കേരള സർക്കാർ

ചിത്രം 4.3.14
സ്ത്രീ– പുരുഷ കർഷക തൊഴിലാളികൾക്കുള്ള കൂലിയിലുള്ള വിടവ്



അവലംബം: തൊഴിൽ മന്ത്രാലയം, കേരള സർക്കാർ

ചിത്രം 4.3.15
കേരളത്തിലെ കാർഷികേതര ജോലിചെയ്യുന്നവരുടെ ശരാശരി കൂലി ജൂലൈ2017



അവലംബം: തൊഴിൽ മന്ത്രാലയം, കേരള സർക്കാർ

വ്യത്യാസം ലിംഗപദവിയിലുള്ള സമത്വം സാക്ഷാത്കരിക്കുന്നത് അതി വിദൂരമാണ് എന്നതിന്റെ സൂചനയാണ്.

തൊഴിൽ ഘടന

കേരളത്തിലെ തൊഴിലാളികൾ പ്രധാനമായും അനൗപചാരികമേഖലയിലും (കയറ്റിറക്ക്, കാഷ്വൽ ജോലി, കെട്ടിട നിർമ്മാണം, തൊഴിൽ, ഇഷ്ടികനിർമ്മാണം, സ്വയംതൊഴിൽ മുതലായവ), പരമ്പരാഗത വ്യവസായത്തിലും (കയർ, കശുവണ്ടി, കൈത്തറി, ബീഡി മുതലായവ), ഉല്പാദന മേഖലയിലും (ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾ), ഐ.ടിവ്യവസായത്തിലും കയറ്റുമതി പ്രോത്സാഹന മേഖലകളിലും ചിലകാലങ്ങളിൽ മാത്രം ജോലിചെയ്യുന്നവരും ആകുന്നു.

ചിത്രം 4.3.16
ജൂലൈ 2016 മുതൽ ജൂലൈ 2017 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ കൂലിയിലുണ്ടായ വളർച്ച



അവലംബം: തൊഴിൽ മന്ത്രാലയം, കേരള സർക്കാർ

വ്യവസായബന്ധങ്ങൾ

വ്യാവസായിക വളർച്ചയുടെ പ്രധാനമാർഗ്ഗമാണ് തൊഴിലാളികളും തൊഴിലുടമയും തമ്മിലുള്ള സൗഹാർദ്ദപരമായ അന്തീക്ഷം നിലനിർത്തുക എന്നത്. ആയതിനാൽ വ്യവസായികളായ തൊഴിലുടമയുടേയും തൊഴിലാളികളുടേയും ഇടയിൽ സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നത് തൊഴിൽ വകുപ്പിന്റെ ഉത്തരവാദിത്തമാണ്. വ്യവസായ മേഖലയിലുള്ള സമരങ്ങൾ കേരളത്തിൽ സാരമായി കുറഞ്ഞിട്ടുണ്ട്. അത് മൂലം വളർച്ച, വ്യാവസായികാന്തരീക്ഷം, സുസ്ഥിര വികസനം എന്നിവ സാധ്യമാകുന്നു.

സമരംമൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

2017 –ലെ (ജൂലൈ വരെ) കണക്കു പ്രകാരം 85.120 ആയിരം ആണ്. 2013 –ൽ ഇത് 2.68 ലക്ഷമായിരുന്നു. സമരംമൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ **ചിത്രം. 4.3.17** കൊടുത്തിരിക്കുന്നു.

ചിത്രം 4.3.17
സമരം മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ



അവലംബം: തൊഴിൽ മന്ത്രാലയം, കേരള സർക്കാർ

ബോക്സ് 4.3.13

1947-ലെ വ്യവസായ തർക്ക നിയമപ്രകാരമുള്ള ആശയങ്ങളുടെ വിശദാംശങ്ങൾ

സമരം: നിയമത്തിലെ വകുപ്പ് 2(9) അനുസരിച്ച് സമരം എന്നത് ഏതെങ്കിലും വ്യവസായ യൂണിറ്റിൽ പണിയെടുക്കുന്ന തൊഴിലാളികൾ ജോലിയിൽ നിന്നും സംഘടിതമായി വിട്ടുനിൽക്കുന്നതോ അല്ലെങ്കിൽ പൊതുവായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിട്ടു നിൽക്കുന്നതോ ആണ്.

പണിനിറുത്തൽ: സെക്ഷൻ 2(1) നിർവചിച്ചിരിക്കുന്ന തൊഴിലിടം താൽക്കാലികമായി അടച്ചിടുകയോ, പണിമുടക്കമോ അല്ലെങ്കിൽ തൊഴിലും അയാൾ തൊഴിൽ നൽകുന്ന വ്യക്തികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നത് നിഷേധിക്കുകയോ ചെയ്യുന്നതാണ്.

സാമ്പത്തികമാന്ദ്യവും മറ്റും കാരണം ജോലിക്കാരെ പിരിച്ചുവിടുക: നിയമത്തിലെ സെക്ഷൻ (2kkk) അനുസരിച്ച് പലകാരണങ്ങൾ കൊണ്ട് ജോലിക്കാരെ പിരിച്ചുവിടുക എന്നത് അർത്ഥമാക്കുന്നത് ഇന്ധനങ്ങളുടെ ദൗർലഭ്യം, ഊർജ്ജം, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ദൗർലഭ്യം കാരണവും അല്ലെങ്കിൽ യന്ത്രതകരാർ, പ്രകൃതി ദുരന്തങ്ങൾ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എന്തെങ്കിലും കാരണത്താൽ വ്യവസായ സ്ഥാപനത്തിന്റെ ജോലിക്കാരുടെ പേരുവിവര പട്ടികയിലുൾപ്പെട്ടിട്ടുള്ള ജോലിക്കാരെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നതാണ്.

അവലംബം:- 2013-ൽ ഇന്ത്യയിൽ പണിനിറുത്തലും ജോലിക്കാരെ പിരിച്ചുവിടലും, ലേബർ ബ്യൂറോ, തൊഴിൽ മന്ത്രാലയം, ഭാരതസർക്കാർ

ലോക്ക്ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

ലോക്ക്ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ കൂടുന്നതായിട്ട് കാണുന്നു. ലോക്ക്ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2014-ൽ 2.91 ലക്ഷമാണ്. അത് 2016 പ്രകാരം 5.26 ലക്ഷമായിട്ട് കൂടിയിരിക്കുന്നു. ലോക്ക്ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2017 (ജൂലൈ വരെ)-ലെ കണക്കു പ്രകാരം 3.59 ലക്ഷമാണ്.

ചിത്രം 4.3.18

ലോക്ക് ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 4.3.19
ലേ ഓഫ് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 4.3.18 ലോക്ക്ഔട്ട്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ നൽകുന്നു.കഴിഞ്ഞ പത്തുവർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്.

ലേ ഓഫ്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

ലേഓഫ്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2014 –ൽ 68,337 ആയിരുന്നു. അത് 2016 പ്രകാരം 424,650 ലക്ഷമായിട്ട് കൂടിയിരിക്കുന്നു. ലേഓഫ്മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ 2017 (ജൂലൈ വരെ) –ലെ കണക്കു പ്രകാരം 3.23 ലക്ഷമാണ്. **ചിത്രം 4.3.19** –യിലെ ലേ ഓഫ് മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ നൽകുന്നു.

2005–ൽ വ്യവസായശാലകളുടെ എണ്ണം 17,641 ആയിരുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണത്തിന്റെ വിശദാംശങ്ങൾ **ചിത്രം 4.3.20** –ൽ കൊടുത്തിരിക്കുന്നു. . അത് 2017–ൽ 22,998 ആയി വർദ്ധിച്ചിട്ടുണ്ട്. തത്ഫലമായി തൊഴിലാളികളുടെ തൊഴിൽ ലഭ്യത (ശരാശരി ദിവസ തൊഴിൽ) 2005–06 –ൽ 4.46 ലക്ഷത്തിൽ നിന്നും 7.02 ലക്ഷമായി 2016 –ൽ വർദ്ധിച്ചിട്ടുണ്ട് **(ചിത്രം 4.3.21).** 2017 (ജൂലൈ വരെ) –ലെ കണക്കു പ്രകാരം 6.78 ലക്ഷമാണ്.

വ്യവസായ തർക്കങ്ങൾ

ഒരുക്ഷേമരാഷ്ട്രത്തിന്റെ ആവശ്യം അവരുടെ തൊഴിലാളികളുടെ അവകാശങ്ങളെ സംരക്ഷിക്കുക എന്നതും ആ ലക്ഷ്യം ഉയർത്തിപ്പിടിക്കുന്നതിനായി തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങളെ രമ്യതയോടും ഇരുകൂട്ടർക്കും ശരിയായരീതിയിലുള്ള പരിഹാരം കണ്ടെത്തുന്നതിനും ഉചിതമായ വേദി ഒരുക്കുക എന്നതുമാണ്. 1947 –ലെ വ്യവസായ തർക്കനിയമം തർക്കപരിഹാരത്തിന്റെ നിയമപരമായ കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുണ്ട്. 2012–13 ആരംഭത്തിലുണ്ടായിരുന്ന 3890 തൊഴിൽ തർക്കങ്ങൾ 2016–17 –ൽ 2,913 ആയി കുറഞ്ഞു **(ചിത്രം 4.3.22).** 2013–14 –ൽ തർക്കപരിഹാരത്തിനായി പരിഗണിക്കപ്പെട്ട 5909 കേസുകളിൽ 2384 കേസുകൾക്കാണ് ഈ കാലയളവിൽ പരിഹാരം നിർദ്ദേശിക്കപ്പെട്ടത് (40.3 ശതമാനം) **(ചിത്രം 4.3.23).** 2016–17–ൽ ആകട്ടെ 6682 കേസുകൾ തർക്ക പരിഹാരത്തിനുണ്ടായിരുന്നതിൽ 3214 എണ്ണമാണ് പരിഹൃതമായത് (48 ശതമാനം). കേരളത്തിലെ പരാതികളുടെ വിശദാംശം **അനുബന്ധം 4.3.61** –ൽ കൊടുത്തിരിക്കുന്നു.

ചിത്രം 4.3.20
കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 4.3.21
ഫാക്ടറി തൊഴിലാളികളുടെ എണ്ണം



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

വ്യവസായ ശാലകളിലെ തൊഴിലാളികൾക്കുള്ള സുരക്ഷ

വിവിധ നിയമങ്ങൾ നടപ്പാക്കി എല്ലാ തൊഴിലാളികൾക്കും ഫാക്ടറിയുടെ സമീപവാസികൾക്കും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന നിയമ പ്രകാരമുള്ള വകുപ്പാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്. തൊഴിലാളികളുടെ സുരക്ഷയ്ക്കായി വർഷാവർഷം വകുപ്പ് വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. 2017–18 (ജൂലൈ വരെ) മുന്തിയ അപകട സാദ്ധ്യതയുള്ള വ്യവസായശാലകളിൽ 28 മുൻഗണനാപരിശോധനകളും, അപകട സാദ്ധ്യതയുള്ള ഫാക്ടറികളിൽ വിദഗ്ദ്ധരായ ഇൻസ്പെക്ടർ മാരെ കൊണ്ട് 112 പരിശോധനകളും 24 വായുപരിശോധന പഠനങ്ങളും ഫാക്ടറി തൊഴിലാളികൾക്കായി ക്രഷർ ഫാക്ടറിയിൽ ഒരു വൈദ്യപരിശോധനാ ക്യാമ്പും നടപ്പിലാക്കിയിട്ടുണ്ട്. ഈ വകുപ്പ് ഒട്ടേറെ

ചിത്രം 4.3.22
കേരളത്തിലെ വ്യവസായ തർക്കങ്ങളുടെ വിവരങ്ങൾ



അവലംബം: ലേബർ കമ്മീഷണറേറ്റ് , കേരള സർക്കാർ

ചിത്രം 4.3.23
2013-2016 കാലഘട്ടത്തിൽ പരിഹരിക്കപ്പെട്ട കേരളത്തിലെ വ്യവസായ തർക്കങ്ങൾ (ശതമാനത്തിൽ)



അവലംബം: ലേബർ കമ്മീഷണറേറ്റ് , കേരള സർക്കാർ

പരിശീലന പരിപാടികൾ തൊഴിലാളികൾക്ക് മാത്രമല്ല വ്യവസായശാലകൾക്ക് സമീപമുള്ള സ്കൂൾ കുട്ടികൾ, പൊതുജനങ്ങൾക്കും നൽകിവരുന്നുണ്ട്.വ്യവസായ അപകടങ്ങളും ബാധിക്കപ്പെട്ട സ്ഥാപനങ്ങൾ/തൊഴിലാളികൾ എന്നിവ **അനുബന്ധം 4.3.62 ലും 4.3.63** ലും നൽകിയിട്ടുണ്ട്.ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ പരിപാടികൾ **അനുബന്ധം** 4.3.64 നൽകിയിരിക്കുന്നു.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ)

അസംഘടിതമേഖലയിൽ പണിയെടുക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി 2008-09 വർഷത്തിൽ ആരംഭിച്ച കേന്ദ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്. ബി.വൈ). കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയാണ് ആർ.എസ്. ബി.വൈ പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കുന്നത്. തൊഴിലാളികളുടെ ഭാര്യ/ഭർത്താവ്, കുട്ടികൾ, ആശ്രിതരായ മാതാപിതാക്കൾ ഉൾപ്പെടെ 5 അംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 30,000 രൂപയാണ്. ടെണ്ടർ നടപടിയിലൂടെയാണ് വാർഷിക ഇൻഷ്വറൻസ് പ്രീമിയം തീരുമാനിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശം അനുസരിച്ച് പ്രീമിയം തുകയുടെ 60 ശതമാനം കേന്ദ്രഗവൺമെന്റും (സ്മാർട്ട് കാർഡിന്റെ ചെലവ് ഉൾപ്പെടെ) 40 ശതമാനം തുക സംസ്ഥാന സർക്കാരും (പ്രീമിയത്തിന്റെ വിഹിതവും ഭരണ ചെലവുകളും) വഹിക്കണം. ഇത് നടപ്പിലാക്കുന്നത് ചിയാക് എന്ന ഏജൻസി വഴിയാണ്. ഗുണഭോകതാക്കൾ 30 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതുണ്ട്. ഈ പദ്ധതി സംസ്ഥാനത്ത് ഒക്ടോബർ 2008 മുതൽ നടപ്പിലാക്കിവരുന്നു.

സമഗ്ര ആരോഗ്യ ഇഷ്വറൻസ് പദ്ധതി (ചിസ്)

മുൻകാല ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖകൾ അനുസരിച്ച് ആർ.എസ്. ബി.വൈ പദ്ധതിയിൽ അംഗമല്ലാത്ത ദാരിദ്ര്യരേഖയ്ക്കു താഴെയല്ലാത്ത എന്നാൽ തീർത്തും നിർദ്ധനരുമായ കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്) വ്യാപിപ്പിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ രണ്ടായി തിരിക്കുന്നു. എ) ആസൂത്രണ കമ്മീഷന്റെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദാരിദ്ര്യരേഖ പട്ടികയിൽ ഉൾപ്പെടുന്നവരും. ബി) ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പട്ടികയിലും സംസ്ഥാനസർക്കാരിന്റെ പട്ടികയിലും ഉൾപ്പെടാത്ത എ.പി.എൽ കുടുംബങ്ങൾ. എ വിഭാഗത്തിലെ ഗുണഭോക്താക്കൾ 30 രൂപ സ്മാർട്ട് കാർഡിന് സംഭാവനയായി നൽകേണ്ടതാണ്. ആർ.എസ്.ബി.വൈ പോലെ തന്നെ ഒരു കുടുംബത്തിന് 30,000 രൂപയാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. ഈ പദ്ധതിയുടെ മൊത്ത പ്രീമിയവും സംസ്ഥാന സർക്കാരാണ് നൽകുന്നത്.സർക്കാർ സ്വകാര്യ ആശുപത്രികൾ വഴി പദ്ധതിയുടെ നടത്തിപ്പിന്റെ വിവരങ്ങൾ **പട്ടിക 4.3.20** -ൽ നൽകിയിട്ടുണ്ട്. അംഗീകരിക്കപ്പെട്ട സ്വകാര്യ, പൊതുമേഖല, സഹകരണ ആശുപത്രിയിൽ കൂടിയാണ് ഈ പദ്ധതി ലഭ്യമാക്കുന്നത്. ഇതിന്റെ പരിധി 100,000 ലക്ഷം രൂപയാക്കാൻ സാദ്ധ്യതയുണ്ട്. ആർ.എസ്. ബി.വൈ- ചിസ് പദ്ധതി കൂടാതെ ചിസ് പ്ലസ് എന്ന പദ്ധതിയുമുണ്ട്.

ആംആദ്മിബിമയോജന

രാജ്യത്ത് ആകമാനം 48 വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കേന്ദ്രഗവൺമെന്റിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ് ആംആദ്മിബീമ യോജന (എ.എ.ബി.വൈ). ഈ പദ്ധതി പ്രകാരം ഗ്രാമീണ

പട്ടിക 4.3.20

ആർ. എസ്.ബി . വൈ/ചിസ് പദ്ധതികളുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ

വർഷം	രോഗികളുടെ എണ്ണം (ലക്ഷത്തിൽ)			തുക (കോടിയിൽ)		
	പൊതു	സ്വകാര്യം	ആകെ	പൊതു	സ്വകാര്യം	ആകെ
2015-2016	3.71	1.53	5.24	145.32	60.27	205.59
2016-2017	3.88	1.95	5.83	167.65	91.78	259.43
ആകെ	**7.59**	**3.48**	**11.07**	**312.97**	**152.05**	**465.02**

അവലംബം: ലേബർ കമ്മീഷണറേറ്റ്

ഭൂരഹിത കുടുംബങ്ങളിലെ കുടുംബനാഥനെയോ അല്ലെങ്കിൽ വരുമാനം ആർജ്ജിക്കുന്ന ഒരു വ്യക്തിയെയോ ഇൻഷ്വർ ചെയ്യുന്നു. പ്രാരംഭഘട്ടത്തിൽ ലേബർ കമ്മീഷണർ മുഖേന നടപ്പാക്കിയ ഈ പദ്ധതി ഇപ്പോൾ ചിയാക്കിൽ നിക്ഷിപ്തമാണ്. പദ്ധതിയുടെ പ്രീമിയം തുകയായ 200 രൂപയുടെ 50ശതമാനം കേന്ദ്രസർക്കാർ പദ്ധതിക്കായി രൂപീകരിച്ച ഫണ്ടിൽ നിന്നും സബ്സിഡിയായും ശേഷിക്കുന്ന 50ശതമാനം സംസ്ഥാന ഗവൺമെന്റും നൽകുന്നു.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി

അപകടകരമായ അസുഖങ്ങൾ, മെറ്റേണിറ്റി, വൈകല്യം, ജോലി സംബന്ധമായ അപകടമരണങ്ങൾ എന്നിവയിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുകയും ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും കുടുംബത്തിനും ചികിത്സാസഹായം നൽകുകയുമാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ സംരംഭത്തിന് സാമൂഹ്യസുരക്ഷാ പദ്ധതി 1948-ലെ ഇ.എസ്.ഐ ആക്ട് അനുസരിച്ചാണ് നടപ്പാക്കിവരുന്നത്. ഈ പദ്ധതി പത്തോ അതിൽ കൂടുതലോ തൊഴിലാളികളെ വച്ച് മുഴുവൻ സമയ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിച്ചു കൊണ്ടുപോകുന്ന സ്ഥാപനങ്ങളിലും, ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെ വച്ച് വൈദ്യുതിയില്ലാതെ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിലുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കടകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സിനിമാതിയേറ്ററുകൾ, മോട്ടോർ വാഹന വകുപ്പിന്റെകീഴിൽ വരുന്ന സ്ഥാപനങ്ങൾ, പത്രമോഫീസുകൾ എന്നിവയും ഉൾപ്പെടും. ഓരോ തൊഴിലാളിയും അവരുടെ ഉടമയും അവരുടെ ശമ്പളത്തിന്റെ നിശ്ചിത തുക ഓരോമാസവും ഇ.എസ്.ഐ കോർപ്പേറേഷനിൽ നിക്ഷേപിക്കേണ്ടതാണ്. പ്രീമിയംതുക കാലാകാലങ്ങളിൽ മാറ്റി നിശ്ചയിക്കുന്നതാണ്. ഇതൊരു സ്വാശ്രയ പദ്ധതി ആയതുകൊണ്ടും തുക അവരവരുടെ തൊഴിൽ ശമ്പളത്തിന്റെ ഒരു നിശ്ചിതതുക ആയതുകൊണ്ടും നേരിട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു തൊഴിലാളി/ ഉദ്യോഗസ്ഥൻ അവരുടെ ശമ്പളത്തിന്റെ 1.75 ശതമാനവും തൊഴിലുടമ 4.75 ശതമാനവും (ആ തൊഴിലാളിയ്ക്ക്) തുക ഇ.എസ്.ഐയിൽ അടയ്ക്കേണ്ടതാണ്. മൊത്തം 6.5ശതമാനം മാസശമ്പളത്തിന്റെ ഭാഗം ഇതിനു വേണ്ടി ഒടുക്കേണ്ടതാണ്. എന്നിരുന്നാലും, ഒരു തൊഴിലാളിയുടെ ദിവസവരുമാനം 50/- രൂപയിൽ താഴെയാണെങ്കിൽ തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാ ആരോഗ്യപരിരക്ഷയും സൗജന്യമായാണ് നല്കുന്നത്. അതായത് തൊഴിലാളിയും അവരുടെ കുടുംബവും സൗജന്യമായി മൊത്തം ആരോഗ്യ ചികിത്സക്ക് അർഹരാണ്. ഇ.എസ്.ഐ ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ, ഡയഗ്നോസ്റ്റിക്ക് സെന്ററുകൾ, ഇ.എസ്.ഐ ആശുപത്രികൾ എന്നിവ വഴി ചികിത്സ, സംരക്ഷണം ലഭ്യമാക്കിയിട്ടുണ്ട്. ചില തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ആറുതരം ആനുകൂല്യങ്ങളാണ് ഈ പദ്ധതി വഴി നല്കുന്നത്. അത് ആരോഗ്യം, അസുഖം, ഗർഭപരിരക്ഷ, വൈകല്യങ്ങൾ, ആശ്രിതരുടെ ആരോഗ്യം അസുഖം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയവയാണ്. കേരളത്തിൽ 142 ഇ.എസ്.ഐ ആശുപത്രികളാണുള്ളത്. വിശദാംശങ്ങൾ ചി**ത്രം 4.3.24** നൽകിയിട്ടുണ്ട്.

കുടിയേറ്റതൊഴിലാളികൾ

നിലവിലെ സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ചത്തീസ്ഗഢ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കൂടി വരുന്നു. കുടിയേറ്റ തൊഴിലാളികളുടെ ജോലി സംബന്ധിച്ച് തൊഴിൽ സാഹചര്യങ്ങളെപറ്റി ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവീസ് ആക്ട് 1979-ലാണ് പരാമർശിക്കുന്നത്. ഈ ആക്ട് പ്രകാരം കോൺട്രാക്ട് തൊഴിലാളികളെ തെരഞ്ഞെടുക്കുമ്പോൾ കുടിയേറുന്ന സംസ്ഥാനത്തിൽ നിന്ന് ലൈസൻസ് വാങ്ങിയിരിക്കണം. ഇതുപ്രകാരം കോൺട്രാക്ടറും ജോലി നൽകുന്ന വ്യക്തിയും ഈ ആക്ടിലെ നിയമങ്ങൾ അനുസരിക്കേണ്ടതാണ്. നിയമത്തെ അടിസ്ഥാനമാക്കി നടപ്പാക്കുന്നതിന്റെ പോരായ്മ കാരണം ഈ ആക്ട് ഫലവത്തായി പ്രവർത്തിക്കുന്നില്ല. ഈ തൊഴിലാളികളിൽ പലരും ആരോഗ്യ സംരക്ഷണമില്ലാതെ തുടരുന്ന

ചിത്രം 2.3.24
കേരളത്തിലെ ജില്ല തിരിച്ചുള്ള ഇ.എസ്. ഐ. ഡിസ്പെൻസറികൾ



അവലംബം: ഇൻഷ്വറൻസ് മെഡിക്കൽ സർവീസിന്റെ ഡയറക്ടറേറ്റ്, തിരുവനന്തപുരം

അവസ്ഥയിൽ ജീവിക്കുന്നവരാണ്. നിലവിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളെ താഴെ കാണും പ്രകാരമാണ് കേരളത്തിൽ വിന്യസിച്ചിരിക്കുന്നത്.

ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന കുടിയേറ്റ തൊഴിലാളികളുടെ വിവരം **ചിത്രം 4.3.25** –ൽ കൊടുത്തിരിക്കുന്നു. കേരളത്തിലെ അന്തർ സംസ്ഥാന തൊഴിലാളികളിൽ 47ശതമാനം പശ്ചിമബംഗാളിൽ നിന്നാണ്. 15 ശതമാനം ഒഡീഷയിൽ നിന്നും, 11 ശതമാനം ആസാമിൽ നിന്നുമാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ 17ശതമാനംഉം ആയി ഒന്നാംസ്ഥാനത്ത് എറണാകുളവും, അതിനുശേഷം വയനാട് 13ശതമാനം, കണ്ണൂർ 11 ശതമാനം, വയനാട് 13ശതമാനം എന്നീ നിലകളിലാണ്. ചുവടെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ കാണാവുന്നതാണ്. (**ചിത്രം 4.3.26**) (കൂടുതൽ വിവരങ്ങൾ **അനുബന്ധം 4.3.65** –ൽ കൊടുത്തിരിക്കുന്നു)
ഇവരുടെ തൊഴിൽ പരമായ കണക്കുകളിലേക്ക് കണ്ണോടിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് കൂടുതൽ തൊഴിലാളികൾ കൃഷി, കെട്ടിടനിർമ്മാണം, ഹോട്ടൽ വ്യവസായം, ഉത്പാദനം, വ്യാപാരം എന്നീ മേഖലകളിലാണ് പ്രവർത്തിക്കുന്നത് എന്നാണ്. ചിലതിൽ കുടിയേറ്റ തൊഴിലാളികൾ, സ്വദേശതൊഴിലാളികളേക്കാൾ കൂടുതൽ വരും. കണക്കുകൾ പ്രകാരം 60 ശതമാനം കുടിയേറ്റ തൊഴിലാളികൾ നിർമ്മാണ മേഖലയിലും, 8ശതമാനം പേർ ഉത്പാദന മേഖലയിലും, 7ശതമാനം പേർ ഹോട്ടൽ റസ്റ്റോറന്റ് മേഖലയിലും, 2 ശതമാനം പേർ വ്യാപാരവും, കൃഷി മേഖലയിലും ബാക്കി 23 ശതമാനം മറ്റു പല മേഖലകളിലുമായാണ് തൊഴിലെടുക്കുന്നത്. തൊഴിൽ പങ്കാളിത്തനിരക്ക് (എൽ.എഫ്.പി.ആർ) എൽ.എഫ്.പി.ആർ, ഡബ്ലിയു.പി.ആർ, ദിവസവേതന നിരക്ക്, വ്യാവസായിക ബന്ധങ്ങളിലെ പ്രവണത തുടങ്ങിയ സൂചകങ്ങളിൽ നിന്നും കേരളത്തിലെ തൊഴിൽ ശക്തിയുടെ അവസ്ഥ അളക്കാൻ കഴിയും. എൽ.എഫ്.പി.ആറിന്റെ കുറഞ്ഞ നിരക്ക്, ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തൊഴിൽ വിപണിയുടെ സ്ഥിരമായി നിലനിൽക്കുന്ന സ്വഭാവമാണ്. നഗര പ്രദേശങ്ങളിലെ എൽ.എഫ്.പി.ആറിലെ നേരിയ വർദ്ധനവ് ഒഴിച്ചുനിറുത്തിയാൽ കഴിഞ്ഞ 2 വർഷമായി തൊഴിൽ ശക്തി പങ്കാളിത്തം സ്ഥിരമായി നിലനിൽക്കുകയാണ്. ഭാരതസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിലെ തൊഴിൽ ബ്യൂറോ നടത്തിയ 5–ാമത്

ചിത്രം 4.3.25
വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തിയ കുടിയേറ്റ തൊഴിലാളികളുടെ വിവരങ്ങൾ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

ചിത്രം 4.3.26
കേരളത്തിലെ കുടിയേറ്റ തൊഴിലാളികൾ – ജില്ലാ അടിസ്ഥാനത്തിൽ



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

വാർഷിക തൊഴിലും തൊഴിലില്ലായ്മയും സർവെ (2015–16) പ്രകാരം എൽ.എഫ്.പി.ആർ കേരളത്തിൽ 50 ശതമാനമാണ്. ഇത് 2013–14 വർഷത്തേതിനേക്കാളും 0.3 ശതമാനം നേരിയ വർദ്ധനവ് കാണിക്കുന്നു. ദേശീയ ശരാശരിയോടൊപ്പമാണ് നമ്മൾ എന്നിരുന്നാലും എൽ.എഫ്.പി.ആർ അയൽ സംസ്ഥാനങ്ങളിൽ കൂടുതലാണ്, ആന്ധ്രാപ്രദേശ് 62.5 ശതമാനം, തമിഴ്നാട് 58.1 ശതമാനം, കർണ്ണാടക 55.5 ശതമാനം. അതുപോലെ ഗ്രാമപ്രദേശങ്ങളിൽ നമ്മൾ ദേശീയ ശരാശരിയേക്കാൾ താഴെയാണ്

ചിത്രം 4.3.27
15 വയസ്സിന് മുകളിലുള്ളവരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (യു. പി. എസ്)



അവലംബം: ലേബർ കമ്മീഷണറേറ്റ് , കേരള സർക്കാർ

എന്നുമാത്രമല്ല അയൽ സംസ്ഥാനങ്ങളേക്കാളും വളരെ അകലെയാണ്. ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും ഇത് 69.2, 65.8 ശതമാനം എന്ന നിരക്കുകളിലാണ്. **ചിത്രം 4.3.27** കേരളത്തിലെയും തെക്കൻ സംസ്ഥാനങ്ങളിലേയും എൽ.എഫ്.പി.ആർ കാണിക്കുന്നു. സ്ത്രീതൊഴിൽ ശക്തിപങ്കാളിത്ത നിരക്കിന്റെ കുറവാണ് മറ്റൊരു എടുത്തുപറയേണ്ട കാര്യം. സ്ത്രീതൊഴിൽ പങ്കാളിത്തം പരിഗണിക്കുമ്പോൾ 148 ലോകരാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 136 ആണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും തെക്കൻ സംസ്ഥാനങ്ങളിലും പൊതുവായി തൊഴിൽ ശക്തിപങ്കാളിത്തം വടക്കൻ സംസ്ഥാനങ്ങളേക്കാൾ ഉയർന്ന നിരക്കിലാണ്. കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 30.81 ആണ്. മറ്റു തെക്കൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ് (46.6 ശതമാനം) തമിഴ്നാട് (39.2) കർണ്ണാടക (32.7) എന്നിവയേക്കാൾ കേരളത്തിലെ നിരക്ക് വളരെ താഴെയാണ്.

തൊഴിലാളി ജനസംഖ്യാ നിരക്ക് (ഡബ്ലിയു.പി.ആർ)

തൊഴിലവസ്ഥ വിശകലനം ചെയ്യുന്നതിനും സമ്പദ് വ്യവസ്ഥയിൽ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉത്പാദനത്തിൽ ഊർജ്ജസ്വലമായി സംഭാവന ചെയ്യുന്ന ജനസംഖ്യാനുപാതം അറിയുന്നതിനുമുള്ള ഒരു സൂചകമാണ് തൊഴിലാളി ജനസംഖ്യാനിരക്ക് (ഡബ്ലിയു.പി.ആർ). ഭാരതസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിലെ തൊഴിൽ ബ്യൂറോ നടത്തിയ 5-ാമത് വാർഷിക തൊഴിലും തൊഴിലില്ലായ്മയും സർവേയിൽ കാണിക്കുന്നത് ഡബ്ലിയു.പി.ആർ കുറഞ്ഞുവരുന്ന പ്രവണതയാണ്. ദേശീയ ശരാശരിയോടൊപ്പം ഡബ്ലിയു.പി.ആർ തെക്കൻ സംസ്ഥാനങ്ങളിലും കുറഞ്ഞുവരുന്നു. അഖിലേന്ത്യ ശരാശരി 47.8 ശതമാനമായിരുന്നപ്പോൾ കേരളത്തിന്റേത് 43.8 ശതമാനമാണ് . ആന്ധ്രാപ്രദേശിൽ 60.1 ശതമാനമാണെന്നത് പ്രശംസനീയമാണ്. തൊട്ടടുത്തസ്ഥാനങ്ങളിൽ 54.8 ശതമാനം തമിഴ്നാടിനും 54.7 ശതമാനം കർണ്ണാടകത്തിനുമുണ്ട്. കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ ഡബ്ലിയു.പി.ആർ 44.3 ശതമാനമാണ്. എന്നാൽ ആന്ധ്രാപ്രദേശിൽ ഇത് 66.6 ശതമാനവും തമിഴ്നാട്ടിൽ 62.9 ശതമാനവുമാണ്. **ചിത്രം 4.3.28** കേരളത്തിലും മറ്റു തെക്കൻ സംസ്ഥാനങ്ങളിലേയും ഡബ്ലിയു. പി.ആർ പ്രവണതകൾ കാണിക്കുന്നു.

ചിത്രം 4.3.28
15 വയസ്സിന് മുകളിലുള്ളവരുടെ തൊഴിൽ ജനസംഖ്യ നിരക്ക് (യു.പി.എസ്)



അവലംബം: ലേബർ കമ്മീഷണറേറ്റ്, കേരള സർക്കാർ

തൊഴിൽ ശക്തിയിലെ സ്വയംതൊഴിൽ ചെയ്യുന്നവർ

സംസ്ഥാനത്ത് സ്വയംതൊഴിലിൽ വ്യാപൃതരായ തൊഴിൽ ശക്തി 27 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ 19.6 ശതമാനം കുറവാണ്. സംസ്ഥാനത്തെ തൊഴിൽ ശക്തിയിൽ സ്വയംതൊഴിൽ സ്ത്രീപുരുഷാന്തരം 9.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 8.5 ശതമാനത്തിനേക്കാൾ 1.3 ശതമാനം കൂടുതലാണ്. കർണ്ണാടകയിൽ തൊഴിൽ ശക്തിയിൽ സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ കൂടുതലാണെന്നിരിക്കലും അവരിലെ സ്ത്രീപുരുഷാന്തരം 14.8 ശതമാനം കൂടുതലാണ്.

ചിത്രം 4.3.29
തൊഴിൽ ശക്തിയിലെ സ്വയം തൊഴിൽ ചെയ്യുന്നവരുടെ ശതമാനം



അവലംബം: ഭാരതസർക്കാർ തൊഴിൽ മന്ത്രാലയത്തിലെലേബർബ്യൂറോ

ആന്ധ്രാപ്രദേശിൽ ഈ ലിംഗാന്തരം 4.6 ശതമാനമായി കുറഞ്ഞു കാണപ്പെടുന്നു. തൊഴിൽ ശക്തിയിലെ സ്വയംതൊഴിൽ ചെയ്യുന്നവരുടേയും കേരളത്തിലേയും മറ്റു സംസ്ഥാനങ്ങളിലേയും ലിംഗാന്തരങ്ങളും **ചിത്രം 4.3.29** കാണിക്കുന്നു.

ലഭ്യമായ തൊഴിലാളികളും യഥാർത്ഥത്തിൽ ജോലിചെയ്തവരും

കേരളത്തിൽ 12 മാസത്തേയ്ക്ക് ലഭ്യമായ ആകെ തൊഴിൽ ശക്തിയിൽ യഥാർത്ഥത്തിൽ 12 മാസത്തേയ്ക്കും തൊഴിലിലേർപ്പെട്ട തൊഴിലാളികളുടെ ശതമാനം 63.4 ആണ്. ഈ നിലവാരം കർണ്ണാടകയിലും, തമിഴ്നാട്ടിലും ക്രമമായി 70.8, 70.7 എന്നിങ്ങനെയാണ്. കേരളത്തിൽ കാലാവധി അനുസരിച്ചുള്ള തരംതിരിക്കൽ കാണിക്കുന്നത് 24.7 ശതമാനം തൊഴിലാളികൾ 6 മുതൽ 11 മാസത്തേയ്ക്ക് തൊഴിലിലേർപ്പെട്ടു എന്നും 10.4 ശതമാനം തൊഴിലാളികൾ 1 മുതൽ 5 മാസത്തേയ്ക്ക് തൊഴിലിലേർപ്പെട്ടു എന്നുമാണ്. **ചിത്രം 4.3.30** –ൽ കേരളത്തിലും മറ്റു തെക്കൻ സംസ്ഥാനങ്ങളിലും 12 മാസത്തേയ്ക്ക് ലഭ്യമായ തൊഴിലാളികളിൽ യഥാർത്ഥത്തിൽ ജോലിചെയ്തവരുടെ വിവരങ്ങൾ കാണിക്കുന്നു.

കേരളത്തിൽ ലിംഗാടിസ്ഥാനത്തിലുള്ള തരംതിരിക്കൽ കാണിക്കുന്നത് 12 മാസത്തേക്ക് ലഭ്യമായ ജോലികളിൽ യഥാർത്ഥത്തിൽ ഏർപ്പെട്ടിട്ടുള്ള പുരുഷതൊഴിലാളികൾ 69.3 ശതമാനവും സ്ത്രീ തൊഴിലാളികൾ അതേ കാലാവധിയിൽ 50.6 ശതമാനവും ആണെന്നതാണ്. പൊതുവേ സ്ത്രീ തൊഴിലാളികളേക്കാൾ കൂടുതൽ ദിവസം യഥാർത്ഥത്തിൽ തൊഴിൽ ചെയ്തത് പുരുഷ തൊഴിലാളികളാണ്. 12 മാസത്തേക്ക് ലഭ്യമായ തൊഴിലാളികളും യഥാർത്ഥത്തിൽ ജോലി ചെയ്തതുമായ സ്ത്രീ പുരുഷ വ്യത്യാസം കേരളത്തിൽ 18.7 ശതമാനമാണ്. ഇത് കർണ്ണാടകയിലേതിനെക്കാൾ 8 ശതമാനവും തമിഴ്നാടിനേക്കാൾ 4.9 ശതമാനവും ദേശീയ ശരാശരിയേക്കാൾ 14 ശതമാനവും കൂടുതലാണ്. **ചിത്രം 4.3.31**–ൽ 12 മാസത്തേക്ക് കേരളത്തിലും മറ്റു തെക്കൻ സംസ്ഥാനങ്ങളിലും ലഭ്യമായ സ്ത്രീ പുരുഷ തൊഴിലാളികളിൽ യഥാർത്ഥത്തിൽ ജോലിചെയ്തവരെ കാണിക്കുന്നു.

സാമൂഹ്യ സുരക്ഷ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികൾ

ഓരോ തൊഴിലാളികളുടേയും

ചിത്രം 4.3.30
ലഭ്യമായ തൊഴിലാളികളിൽ യഥാർത്ഥത്തിൽ ജോലിചെയ്തവരുടെ വിവരങ്ങൾ



അവലംബം: ലേബർബ്യൂറോ, തൊഴിൽ മന്ത്രാലയം- ഭാരതസർക്കാർ

ചിത്രം 4.3.31
സ്ത്രീ പുരുഷ തൊഴിലാളികളിൽ യഥാർത്ഥത്തിൽ ജോലി ചെയ്തവർ



അവലംബം: ലേബർബ്യൂറോ, തൊഴിൽ മന്ത്രാലയം- ഭാരതസർക്കാർ

സാമൂഹ്യസാമ്പത്തിക ഉപജീവനത്തിൽ തൊഴിലാളി സാമൂഹിക സുരക്ഷ ഒരു നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. രാജ്യത്തെ മറ്റു ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഒരു തൊഴിലാളി കൂടുതൽ സുരക്ഷിതനാണ്. 5-ാമത്തെ തൊഴിലും തൊഴിലില്ലായ്മയും സർവേ റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്നവർ ഒഴികെ സാമൂഹിക സുരക്ഷ ഉപയോഗപ്പെടുത്തുന്നവരുടെ ശതമാനം 23.2 ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ 1.6 ശതമാനവും ആന്ധ്രാപ്രദേശിനേക്കാൾ 9.8 ശതമാനവും തമിഴ്നാടിനേക്കാൾ 2.9 ശതമാനവും കൂടുതലാണ്. തെക്കൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കർണ്ണാടകയിൽ സ്വയം തൊഴിലിലേർപ്പെട്ടവർ ഒഴികെയുള്ള 27.1 ശതമാനം തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ നൽകുന്നു. ഇത് കേരളത്തേക്കാൾ 3.9 ശതമാനം കൂടുതലാണ്. **ചിത്രം 4.3.32** കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ ഭാഗങ്ങളിലും സ്വയം തൊഴിലിലേർപ്പെട്ടവർ ഒഴികെയുള്ള, സാമൂഹിക സുരക്ഷ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികളുടെ വിവരങ്ങൾ കാണിക്കുന്നു.

ശമ്പളത്തോടെയുള്ള അവധിയും സാമൂഹ്യസുരക്ഷയും ലഭിക്കുന്ന കാഷ്വൽ തൊഴിലാളികൾ

സ്ഥിരമായുള്ള തൊഴിൽ ശക്തിയുടെ ഭാഗമല്ല കാഷ്വൽ തൊഴിലാളികൾ. തൊഴിലാളികളുടെ ചോദനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി സ്ഥിരമല്ലാതെയോ കുറഞ്ഞകാലത്തേക്കോ സേവനം പ്രദാനം ചെയ്യുന്നവരാണ് അവർ. സമൂഹത്തിലെ തൊഴിൽ സൗഹൃദസമീപനത്തിന്റെ പ്രതിരൂപമാണ് അവിടത്തെ കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ. രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ മെച്ചപ്പെട്ടതാണ്. കേരളത്തിൽ സാമൂഹ്യസുരക്ഷ ലഭിക്കുന്ന കാഷ്വൽ തൊഴിലാളികൾ 5.7 ശതമാനമാണ്. അത് ദേശീയ ശരാശരിയേക്കാൾ 2.9 ശതമാനം കൂടുതലാണ്. ശമ്പളത്തോടെയുള്ള അവധി കേരളത്തിൽ 5.4 ശതമാനം കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. അത് ദേശീയശരാശരിയേക്കാൾ 3.7 ശതമാനവും ആന്ധ്രാപ്രദേശിനേക്കാൾ 4.9 ശതമാനവും

ചിത്രം 4.3.32
സ്വയം തൊഴിലിലേർപ്പെട്ടവർ ഒഴികെയുള്ള, സാമൂഹിക സുരക്ഷ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികളുടെ വിവരങ്ങൾ



അവലംബം: ലേബർബ്യൂറോ, തൊഴിൽ മന്ത്രാലയം- ഭാരതസർക്കാർ

കർണ്ണാടകത്തേക്കാൾ 4.2 ശതമാനവും കൂടുതലാണ്. കേരളത്തിലെയും തെക്കേ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെയും കാഷ്വൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളത്തോടെയുള്ള അവധിയുടേയും സാമൂഹ്യസുരക്ഷയുടേയും ശതമാനം **ചിത്രം 4.3.33** –ൽ കൊടുത്തിരിക്കുന്നു.

യഥാർത്ഥത്തിൽ കുടിയേറ്റ തൊഴിലാളികളുൾപ്പെടെ എല്ലാ തൊഴിലാളികൾക്കും തൊഴിൽ അവസരം ഒരുക്കുകയും കൂടാതെ മികച്ച കൂലി, തൊഴിൽ സ്ഥലത്തെ സുരക്ഷ, തൊഴിലാളികളുടെ കുടുംബങ്ങൾ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷ,

ചിത്രം 4.3.33
ശമ്പളത്തോടെയുള്ള അവധിയും സാമൂഹ്യസുരക്ഷയും ലഭിക്കുന്ന കാഷ്വൽ തൊഴിലാളികളുടെ ശതമാനം



അവലംബം: ലേബർബ്യൂറോ, തൊഴിൽ മന്ത്രാലയം- ഭാരതസർക്കാർ

വ്യക്തിവികസനം, പൊതുസമൂഹത്തിന്റെ കൂടെചേരാനും, തൊഴിലാളികളുടെ കാര്യങ്ങൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം, സംഘടിപ്പിച്ച തീരുമാനങ്ങളിൽ പങ്കുചേരാനുള്ള അവസരങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഇത് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഡീസന്റ് വർക്ക് അജണ്ടയിൽ ഉൾപ്പെടുന്ന കാര്യമാണ്. തൊഴിലാളികൾക്ക് മാന്യമായ ജീവിതം ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന്റെ പ്രവർത്തനത്തിൽ കുറച്ചുകൂടി മാറ്റം വരുത്തേണ്ടതാണ്.അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളും കുടിയേറ്റ തൊഴിലാളികളും ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും നൽകേണ്ടതുണ്ട്.

ഭവന നിർമ്മാണം

കെട്ടുറപ്പും സുരക്ഷിതത്വവുമുള്ള അനുയോജ്യമായ വാസസ്ഥലം, ജീവിതത്തിന്റെ മൗലികാവശ്യവും ഒരു അടിസ്ഥാന മനുഷ്യാവകാശവുമാണ്. ലോകം ഉടനീളം പ്രത്യേകിച്ച് ദക്ഷിണ പ്രദേശങ്ങളിൽ ദ്രുതഗതിയിലുള്ള നഗര വളർച്ചയുടെ ഫലമായി വാസയോഗ്യമായ നഗര പ്രദേശങ്ങൾ സൃഷ്ടിക്കുക എന്നത് 21-ാം നൂറ്റാണ്ടിന്റെ ഒരു വലിയ വെല്ലുവിളിയാണ്. ലോകത്തിലെ പകുതിയിലേറെ ജനസംഖ്യയും നഗരങ്ങളിലാണ് പാർക്കുന്നത്. 2050-ഓടു കൂടി ലോക ജനസംഖ്യയുടെ 70ശതമാനം വഹിക്കുന്ന നഗരങ്ങളുടെയും പട്ടണങ്ങളുടേയും പ്രാധാന്യം 'സ്ഥായിയായ വികസന'ത്തിനു വേണ്ടിയുള്ള 2030 അജണ്ട തിരിച്ചറിഞ്ഞിട്ടുണ്ട്. നഗരങ്ങളേയും ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളേയും സുരക്ഷിതവും ഉൾച്ചേർന്നതും മാന്ദ്യമുക്തവും നിലനിൽക്കുന്നതുമായി മാറ്റുന്നതിലായിരുന്നു എസ്.ഡി.ജി 11-ന്റെ പ്രത്യേക ഊന്നൽ. 2016-ലെ ഐക്യരാഷ്ട്രസഭയുടെ 'ഭവന നിർമ്മാണവും സ്ഥായിയായുള്ള നഗര വികസനവും' എന്ന വിഷയത്തിനെക്കുറിച്ചുള്ള യോഗം (ഹാബിറ്റാറ്റ് iii) സ്ഥായിയായ നഗരവൽക്കരണത്തെ[1] എങ്ങനെ ഏറ്റവും നന്നായി പ്രോത്സാഹിപ്പിക്കാം എന്നതിനു വേണ്ടി ഒരു ചട്ടക്കൂട് സ്ഥാപിക്കുന്നതിനായി ഒരു പുതിയ നഗര കാര്യപരിപാടിയുടെ ആവശ്യകത ഊന്നിപ്പറഞ്ഞതിൽ അതിശയോക്തി ഇല്ല.

എങ്ങനെയായാലും ധാരാളം വികസ്വര രാജ്യങ്ങളും, വാസസ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ വിഭവങ്ങളുമായാണെങ്കിലും നഗരവത്ക്കരണത്തിന്റെ പാതയിലാണ്. 2001നും 2011നും ഇടയിലുള്ള കാലയളവിൽ കേരളം പ്രകടമായിതന്നെ നഗരവത്ക്കരിക്കപ്പെടുകയും ഇന്ത്യൻ സംസ്ഥാനങ്ങളിൽ 47.72 ശതമാനത്തോടുകൂടി നഗര ജനസംഖ്യയുടെ അനുപാതത്തിൽ കേരളം ഏറ്റവും മുന്നിലാവുകയും ചെയ്തു. (ഇന്ത്യയൊട്ടാകെ 31.12 ശതമാനം). നഗരത്തിലെ വീടു നിർമ്മാണം അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാവശ്യമാണ് എന്ന കാര്യത്തിൽ സംശയമില്ല. അവയെ എല്ലാവർക്കും ഉൾച്ചേർക്കപ്പെട്ടതും സ്ഥായിയായതുമായ ഭവനങ്ങളാക്കുക എന്നതിലാണ് കാതലായ പ്രശ്നം സ്ഥിതിചെയ്യുന്നത്. 2016 അവസാനത്തിൽ കേരളം സമാരംഭിച്ച ആശാവഹമായ ഒരു ഭവനനിർമ്മാണ/ജീവനോപാധി പദ്ധതിയായ ലൈഫ്(ജീവനോപാധി, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം), വികസനത്തിന്റെ ഒരു സ്ഥായിയായ മാതൃക എന്ന നിലയിൽ ഹാബിറ്റാറ്റ് III -നെ യഥാർത്ഥത്തിൽ പ്രദർശിപ്പിക്കുന്നു.

വാസസ്ഥലം ഇല്ലായ്മ കുറയ്ക്കുന്നതിലും ഗുണമേന്മയുള്ള ഭവന നിർമ്മാണത്തിലും കേരളം മറ്റുള്ള ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. പക്ഷേ ചില പ്രദേശങ്ങളിൽ ദരിദ്രർക്കിടയിലുള്ള ഭവനമില്ലായ്മയും സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങൾക്കിടയിലുള്ള

[1] *ലോക വ്യാപകമായി സ്ഥായിയായ നഗര വികസനത്തെ നയിക്കുന്നതിനായി 20 വർഷത്തേക്കുള്ള ഒരു മാർഗ്ഗ് നിർദ്ദേശം ഈ അജണ്ട നൽകുന്നു.*

ഗുണനിലവാരമില്ലാത്ത അപൂർണ്ണമായ വീടുകളുമാണ് കേരളത്തിലെ ഭവന നിർമ്മാണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. സംസ്ഥാന ആസൂത്രണബോർഡ് ദുർബ്ബലവിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനെക്കുറിച്ച് നടത്തിയ സർവ്വെ 2016-ൽ, 12.04 ശതമാനം ഉപയോഗശൂന്യമായ വീടുകളിലാണ് താമസിക്കുന്നത്. തൊണ്ണൂറുകളുടെ അവസാനം മുതലുള്ള വികേന്ദ്രീകൃതാസൂത്രണവും തദ്ദേശസ്ഥാപനങ്ങളുടെ ഭവന നിർമ്മാണവും ഭവന നിർമ്മാണമേഖലയുടെ പ്രശ്നങ്ങളെ ഒരു പരിധിവരെ പരിഹരിച്ചു.
കേരളത്തിലുടനീളമുള്ള ഗ്രാമീണ നഗര തദ്ദേശസ്ഥാപനങ്ങളിലെ ഭവന രഹിത കുടുംബങ്ങളുടേയും ഭൂരഹിത ഭവന രഹിത കുടുംബങ്ങളുടേയും അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു. 1011 പഞ്ചായത്തുകൾ, 59 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് ക്രോഡീകരിച്ച വിവരങ്ങൾപ്രകാരം 2009 വർഷത്തിൽ 4,20,806 കുടുംബങ്ങൾക്ക് വീടില്ലെന്നും 1,57,562 കുടുംബങ്ങൾക്ക് ഭൂമിയില്ലെന്നും കാണാം (ഭവന നിർമ്മാണമേഖലയിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് 2016). 2010-2015 (മാർച്ച് 2015) കാലയളവിൽ ഏകദേശം 1,35,769 പുതിയ വീടുകൾ ഭവന രഹിതർക്കായി നിർമ്മിക്കുകയും 10,186 കുടുംബങ്ങൾക്കായി ഭൂമിയോടുകൂടി വീടുകൾ അനുവദിക്കുകയും ചെയ്തു. ഇതിനെ അടിസ്ഥാനമാക്കി 1) ഭൂമിയുള്ളവർക്ക് 285037 വീടുകളുടെ അഭാവമുണ്ടെന്നും 2) 147376 കുടുംബങ്ങൾ ഭൂരഹിതരായി ശേഷിക്കുന്നതായും കണക്കാക്കാം. ഭവന രഹിതരായ കുടുംബങ്ങളേയും ഭൂരഹിതരായ കുടുംബങ്ങളേയും രണ്ടു പ്രാവശ്യം കണക്കാക്കുമെന്നോ പല എണ്ണങ്ങളിലും കണക്കാക്കുമെന്നോ കരുതി കൊണ്ട് 432413 (ഭവന രഹിതരും ഭൂരഹിതരും)-നേക്കാൾ കുറവായിരിക്കും വീടുകളുടെ അഭാവം എന്ന നിഗമനത്തിൽ വിദഗ്ധ സമിതി എത്തിയിട്ടുണ്ട്. 2017 മാർച്ച് 31-ൽ ഇത് ഏകദേശം 3.5 ലക്ഷം വീടുകളായിരിക്കുമെന്ന് (ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ ഉൾപ്പെടെ) അവർ കണക്കാക്കുന്നു.

2011-ലെ പാർപ്പിട സെൻസസ് പ്രകാരം ഓരോ 1000 പേർക്കും കേരളത്തിൽ 336 വീടുകളുണ്ട്. (ഇന്ത്യ മൊത്തത്തിൽ ഇത് 1000 പേർക്ക് 273 വീടുകളാണ്). 1961 മുതൽ 2011 വരെയുള്ള കാലയളവിൽ കേരളത്തിലെ വാസയോഗ്യമായ കെട്ടിടങ്ങളുടെ വളർച്ച 3 മടങ്ങും, ദേശീയതലത്തിൽ ഇത് 2 മടങ്ങുമാണ്. 2017-ൽ ലൈഫ് മിഷൻ ഉറവിടങ്ങൾ സൂചിപ്പിച്ചിട്ടുള്ളതും ഭവന മേഖലയ്ക്കു വേണ്ടി പതിമൂന്നാം വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സ്വീകരിച്ചിട്ടുള്ളതുമായ വിവരങ്ങൾ പ്രകാരം ആകെയുള്ള 4.32 ലക്ഷം ഭവന രഹിത കുടുംബങ്ങളിൽ 1.58 ലക്ഷം ഭൂരഹിത ഭവന രഹിതരും 2.3 ലക്ഷം ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവരും 44000 വീടുകൾ അപൂർണ്ണവുമാണ്. കേരളത്തിലെ ശരാശരി വീടുകളുടെ വലിപ്പവും ഗുണവും രാജ്യത്തെ മറ്റിടങ്ങളേക്കാൾ വളരെ നല്ലതാണ്. ഇന്ത്യയൊട്ടാകെയുള്ള 53.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മൂന്നിൽ രണ്ടിലേറെ കുടുംബങ്ങളും ഗുണനിലവാരമുള്ള വീടുകളിലാണ് താമസിക്കുന്നത്. കേരളത്തിലെ 95 ശതമാനം വീടുകളും വൈദ്യുതീകരിച്ചവയാണ്. എന്നാൽ അഖിലേന്ത്യാതലത്തിലിത് 67 ശതമാനം മാത്രമാണ്. അങ്ങിനെയായിരുന്നാലും കേരളത്തിലെ ഒരു വീടിന്റെ ഓരോ യൂണിറ്റിന്റെയും ശരാശരിചെലവ് അഖിലേന്ത്യാതലത്തിലേതിനേക്കാൾ 4 മടങ്ങ് കൂടുതലാണ്. കെട്ടിട നിർമ്മാണത്തിനുവേണ്ടി പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്നതും ഭവന നിർമ്മാണ മേഖലയിൽ ഒരു വലിയ വെല്ലുവിളിയാണ്. ഏറ്റവും പുതിയ ഭവന സെൻസസ് കാണിക്കുന്നത് കേരളത്തിലെ കണക്കെടുത്ത ആകെ വീടുകളിൽ 10.6 ശതമാനത്തോളം ഒഴിഞ്ഞു കിടക്കുന്നു എന്നാണ്.

അടുത്ത 5 വർഷത്തിനുള്ളിൽ ഭവനരാഹിത്യം നിർമാർജ്ജനം ചെയ്യുക എന്നലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച സമ്പൂർണ്ണ ഭവന മിഷൻ അഥവാ പ്രോജക്ട് ലൈഫ് (ജീവനോപാധി, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം), പതിമൂന്നാം പദ്ധതി കാലയളവിലെ ഒരു മുഖ്യ ശ്രദ്ധാകേന്ദ്രമാകും. സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിതർക്കുവേണ്ടി സാമൂഹ്യസാമ്പത്തിക സുരക്ഷിതത്വം, ശരിയായ ജീവനോപാധി ലക്ഷ്യമാക്കിയുള്ള നൈപുണ്യ നവീകരണം എന്നിവ പോലുള്ള അവരുടെ നിലനിൽപ്പുമായി ബന്ധപ്പെട്ടുള്ള പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര പുനരധിവാസ പദ്ധതിയാണ് ഈ മിഷൻ വിഭാവനം ചെയ്യുന്നത്. ഏകദേശം 200,000 പാർപ്പിടങ്ങൾ ആകെ നിർമ്മിക്കുവാനാണ് ലൈഫ് മിഷൻ ലക്ഷ്യമാക്കുന്നത്.

ഇതിന്റെ കൂടെതന്നെയുള്ള പരിശീലനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏകദേശം 4.32 ലക്ഷം കുടുംബങ്ങൾക്ക് നേരിട്ട് ഗുണമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ലൈഫ് മിഷന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും കുടുംബശ്രീയുടേയും സഹായത്തോടെ ഭൂരഹിതർ, ഭവന രഹിതർ, പൂർത്തീകരിക്കാത്ത വീടുകൾ എന്നിവയുടെ ഒരു സമഗ്രമായ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളുടെ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ഈ പദ്ധതിയുടെ കുടക്കീഴിൽ കൊണ്ടുവരേണ്ടതാണ്. ആദ്യഘട്ടമായി ലൈഫ് മിഷന്റെ പ്രഥമപ്രവർത്തനങ്ങളിലൊന്നായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പുരോഗമിച്ചു വരുന്നു. ആദ്യ ഘട്ടത്തിൽ അപൂർണ്ണമായ വീടുകളുടെ പൂർത്തിയാക്കൽ ജോലികളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ബോക്സ് 4.3.14

ഭവന നിർമ്മാണ മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്കുവേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ.

- അടിസ്ഥാന സൗകര്യവും (ഭൗതികവും സാമൂഹ്യവും) ആവശ്യമായ ഹരിതാഭമായ തുറന്ന സ്ഥലങ്ങൾക്കു സൗകര്യം നൽകുന്നതുൾപ്പെടെയുള്ള പരിസ്ഥിതിയും ചേർന്ന പൂർണ്ണതയുള്ളൊരു ഉൽപ്പന്നമായി വാസസ്ഥലത്തെ പരിഗണിക്കേണ്ടതാണ്. ക്യാമ്പയിൻ രീതിയിൽ ആവാസ സംസ്കാരത്തേയും സാക്ഷരതയെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- വീടുകളുടേയും ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഉൾപ്പെടെ തദ്ദേശ സ്വയംഭരണ തലത്തിലുള്ള വിശ്വസനീയവും സമഗ്രവുമായ ഒരു ഡാറ്റാബെയ്സ് തയ്യാറാക്കുക
- മാലിന്യ സംഭരണികൾ, വെള്ളപ്പൊക്ക സാദ്ധ്യതയുള്ള സ്ഥലങ്ങൾ എന്നിവ പോലുള്ള പ്രകൃത്യാലുള്ളതും മനുഷ്യ നിർമ്മിതവുമായ അനഭിലഷണീയമായവയെ ഒഴിവാക്കി, സ്ഥാനം, എത്തിച്ചേരാൻ കഴിയുന്നത്, ഭൂപ്രകൃതി, സാമീപ്യം തുടങ്ങിയ മാനദണ്ഡങ്ങൾ പരിശോധിച്ചതിനുശേഷം ഭവനനിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുത്ത ഭൂമി അനുയോജ്യമാണെന്ന് ഉറപ്പു വരുത്തുക.
- തദ്ദേശീയമായ നിർമ്മാണ വസ്തുക്കൾ, അനുയോജ്യമായ ഇതര സാങ്കേതിക വിദ്യകൾ എന്നിവയുടെ ഉപയോഗത്തിലൂടെ പരിസ്ഥിതി സൗഹൃദപരവും നിർമ്മാണ ചെലവ് കുറയ്ക്കുന്നതുമായ സമീപനങ്ങൾ പ്രചരിപ്പിക്കുക
- വിവിധ വകുപ്പുകളുടേയും പൊതു ഏജൻസികളുടേയും സഹായത്തോടെ സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവർക്കു വേണ്ടിയുള്ള ഭവന നിർമ്മാണ പരിപാടികളെ ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുക
- ഗുണഭോക്താക്കൾ മുന്നോട്ട് വരുന്നതിനനുസരിച്ച് ഭവന നിർമ്മാണത്തിലെ വർദ്ധനവ് സുഗമമാക്കുക
- സ്ഥാനം, കാലാവസ്ഥ, വലിപ്പം, സ്ഥലത്തിന്റെ ഭൂപ്രകൃതി, തൊഴിൽ സംബന്ധമായ കാര്യങ്ങൾ, സാമൂഹ്യ സാംസ്കാരിക ആവശ്യങ്ങൾ മുതലായവ കണക്കിലെടുത്തു കൊണ്ടാവണം വീടിന്റെ രൂപരേഖ തയ്യാറാക്കുന്നത്.
- കുടിയേറ്റതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവർക്കു വാസസ്ഥലം നൽകുന്നതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ
- ഭവന നിർമമാണ പരിപാടികളെ പരിശീലിനവും നൈപുണ്യ നവീകരണ പദ്ധതികളുമായി സംയോജിപ്പിക്കുകയും അങ്ങനെ ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പു വരുത്തുകയും അവർക്ക് ജീവനോപാധിക്കുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക
- ദുർബ്ബല വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികളുടെ നിയന്ത്രണം, നിർവ്വഹണം, നിരീക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവര സാങ്കേതിക വിദ്യയുടേയും ബാങ്കുകളുടെയും സേവനങ്ങളും ഉപയോഗപ്പെടുത്തുക.
- ഓരോ തദ്ദേശ സ്വയംഭരണ തലങ്ങളിലും ഒരു ഭവന നിർമ്മാണനിധി രൂപീകരിക്കുക.
- ഭവന ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി തദ്ദേശ ഭവന നിർമ്മാണനിധി അപര്യാപ്തമായ സ്ഥലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങൾ ഉപയോഗിക്കുക
- ഗവേഷണ വികസന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ധനം കരുതി വയ്ക്കുക
- പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുകയും നിലനിറുത്തുകയും ചെയ്യുക.
- ഗുണഭോക്താക്കളേയും സർക്കാരിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുവാൻ, ഭവനമേഖലയിൽ വ്യാപൃതരായ വ്യക്തി കേന്ദ്രീകൃത സർക്കാരിതര സംരംഭങ്ങളെ ശാക്തീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്കുവേണ്ടിയുള്ള സമീപനം

എല്ലാവർക്കും സുരക്ഷിതവും അന്തസ്സുള്ളതും താങ്ങാനാവുന്നതുമായ ഭവനം എന്ന നയമാണ് കേരളത്തിലെ ഭവന നിർമ്മാണ മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പതിമൂന്നാം പദ്ധതി കാലയളവിൽ നടപ്പിലാക്കുന്ന ഭവന നിർമ്മാണ മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നതാണ്.

1. സാമൂഹികമായി ഒഴിച്ചുനിർത്തപ്പെട്ടവർക്കും പാവങ്ങൾക്കും വേണ്ടി ഭവന നിർമ്മാണത്തിലെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് വിഭവ സമാഹരണത്തിന് നൂതന രീതികൾ പരീക്ഷിക്കുക
2. ഭൂമിയുടെ ലഭ്യത മെച്ചപ്പെടുത്തുകയും ഉയരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതുമുൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ ഭൂമി ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.
3. പുതിയ സാങ്കേതിക വിദ്യ, നൈപുണ്യം എന്നിവയുടെ ഉപയോഗം വഴി മൂലധന ഉല്പാദന ക്ഷമത മെച്ചപ്പെടുത്തുക
4. നഗര പ്രദേശം വ്യാപിക്കുന്നതിന്റെ പ്രശ്നങ്ങളെ നേരിടുന്നതിനായി തന്ത്രപരമായി സാമൂഹിക ഭവന സങ്കേതം സ്ഥാപിക്കുക
5. പുതിയ ഉപജീവന മാർഗ്ഗങ്ങളുടെ സൃഷ്ടിയുമായി ഭവന നിർമ്മാണ നയം ബന്ധിപ്പിക്കുക.

കുടിയേറ്റ തൊഴിലാളികൾക്കു വേണ്ടിയുള്ള ഭവന നിർമ്മാണവും കേരളസർക്കാർ ഗൗരവമായി ഏടുക്കേണ്ടതും തൊഴിൽ മേഖലയിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഭവന നിർമ്മാണ മേഖലയിലെ ഏജൻസികൾ

സാമ്പത്തിക ദുർബല വിഭാഗങ്ങളെ സഹായിക്കുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധാരാളം പുതിയ പദ്ധതികളും പരിപാടികളുമായി ഭവന നിർമ്മാണ മേഖലയിൽ സജീവമാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള ധാരാളം ഭവന പദ്ധതികൾ എൻ.ആർ.ഇ.പി, ആർ.എൽ.ഇ.ജി.പി തുടങ്ങിയ കേന്ദ്രാവിഷ്കൃത തൊഴിലുൽപ്പാദന പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. പാവപ്പെട്ട ഗ്രാമീണരുടെ ഭവന നിർമ്മാണ പ്രശ്നങ്ങളെ നേരിടുന്നതിനായി 1996-ൽ കൊണ്ടു വന്ന കേന്ദ്ര സർക്കാരിന്റെ ഒരു ഫ്ളാഗ്ഷിപ് പരിപാടിയാണ് ഇന്ദിരാ ആവാസ് യോജന. വാല്മീകി അംബേദ്കർ ആവാസ് യോജന(വാംപെയ്), സമഗ്ര ഭവന നിർമ്മാണ ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി), നഗര ദരിദ്രർക്കായുള്ള അടിസ്ഥാന സേവനം (ബി.എസ്.യു.പി), മത്സ്യബന്ധനതൊഴിലാളികൾക്കുള്ള ദേശീയ ക്ഷേമനിധി (എൻ.എഫ്.ഡബ്ലിയു. എഫ്.), നഗര ദരിദ്രർക്ക് ഭവന നിർമ്മാണത്തിനായുള്ള പലിശ സബ്സിഡി പദ്ധതി (ഐ.എസ്.എച്ച്.യു.പി), പങ്കാളിത്ത വ്യസ്ഥയിൽ താങ്ങാനാവുന്ന ഭവന നിർമ്മാണം (എ.എച്ച്.പി) തുടങ്ങിയ കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതികൾ സാമൂഹ്യ, സാമ്പത്തിക ദുർബല വിഭാഗങ്ങൾക്ക് വീടു നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി വരുന്നു. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ മിഷൻ പോലുള്ള പരിപാടികൾ, നഗര ദരിദ്രർക്കുള്ള അടിസ്ഥാന സേവനങ്ങളിലും ചേരികളുടെ വികസനത്തിലും പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ഭൂമി, വാസസ്ഥലം അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിതരണം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. രാജീവ് ആവാസ് യോജന നഗരത്തിലെ പാവപ്പെട്ടവരുടെ ഭവന നിർമ്മാണ പ്രശ്നങ്ങൾ പരഹരിക്കുന്നതിനുള്ള പദ്ധതിയാണ്. '2022-ഓടു കൂടി എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യം നേടുന്നതിനായി നടപ്പിലാക്കിയ കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ). പി.എം.എ.വൈ. ഗ്രാമീണം, പി.എം.എ.വൈ നഗരം, എന്നിങ്ങനെ പി.എം.എ.വൈക്ക് രണ്ടു ഘടകങ്ങളുണ്ട്. പി.എം.എ.വൈ (നഗരം)യുടെ നടത്തിപ്പിനു വേണ്ടിയുള്ള സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയും പി.എം.എ.വൈ (ഗ്രാമീണം) യുടെ നടത്തിപ്പ് ഏജൻസി നഗര വികസന കമ്മീഷണറേറ്റുമാണ്. ഭവന രഹിതരായി പട്ടിക ജാതി വർഗ്ഗക്കാർ, കരാർ മുക്ത തൊഴിലാളികൾ, പട്ടിക വിഭാഗങ്ങളിൽപെടാത്ത ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ദരിദ്ര ഗ്രാമീണർ എന്നിവർക്ക് വാസസ്ഥലങ്ങൾ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വാർഷിക

വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ളതും ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥി കുടുംബാംഗം ആയിട്ടുള്ളതുമായ പട്ടികജാതി കുടുംബങ്ങളുടെ വീടുകളിൽ ഒരു അധിക മുറികൂടി നിർമ്മിക്കുവാൻ ഇത് സാമ്പത്തിക സഹായം നൽകുന്നുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതി 2015 മുതൽ 2022 വരെ രാജ്യത്തെ 93 നഗരങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്.

കേരളത്തിൽ 20–ലേറെ ഏജൻസികൾ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മിക്ക പദ്ധതികളിലും ഭവന നിർമ്മാണത്തിനായി സ്ഥാപന സഹായം നൽകുന്നതിന് ദരിദ്രരെ തിരിച്ചറിയുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ സുതാര്യമാണ്. ഇത്തരം മാനദണ്ഡങ്ങൾ യോജിക്കാത്തവർക്ക് പൊതു പദ്ധതികളുടെ ഗുണ ഭോക്താക്കളാകാൻ മിക്കവാറും കഴിയാറില്ല. ഭവന പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്പഷ്ടമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. ഓരോ പദ്ധതികളിലും ഭവന നിർമ്മാണത്തിന്റെ നിയമങ്ങൾ, ഓരോന്നിന്റേയും ചെലവ്, ആകൃതി, ഘടന, രൂപരേഖ, ധനവിനിയോഗക്രമം,സബ്സിഡി തുക എന്നിവ വിപുലമായ രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തികൾക്കുള്ള ഭവന പദ്ധതികളിൽ 2 മുതൽ 7 ലക്ഷം വരെയും ഫ്ലാറ്റുകൾ, ഇരട്ടവീടുകൾ എന്നിവ പോലുള്ള സാമൂഹ്യഭവന പദ്ധതികളിൽ 15 മുതൽ 85 ലക്ഷം വരെയും ഓരോന്നിലും ചെലവാകുന്നു എന്ന് വിവിധ വകുപ്പുകൾ/നടത്തിപ്പ് ഏജൻസികളുടെ മാർഗ്ഗരേഖകൾ സൂചിപ്പിക്കുന്നു. ഓരോ വകുപ്പിന്റെ/നടത്തിപ്പ് ഏജൻസിയുടെ തന്നെ വിവിധ പദ്ധതികളിൽ ഓരോ വീടിനുമുള്ള ചെലവ് വ്യത്യാസപ്പെട്ടിരിക്കുന്നതു കാണാം. അതുപോലെ വ്യക്തികൾക്കുള്ള വീടുകളുടെ രൂപരേഖകളിലും 20 മുതൽ 60 സ്ക്വയർ മീറ്റർ വരെ വ്യത്യാസമുണ്ട്. വിവിധ നടത്തിപ്പ് ഏജൻസികളുടെ വിവിധ പദ്ധതികളുടെ കീഴിലുള്ള സബ്സിഡി നിരക്കുകളും വ്യത്യസ്തമാണ്. ഉദാഹരണത്തിന് ഗൃഹശ്രീ, സാഫല്യം ഭവന പദ്ധതികളുടെ അർഹമായ സബ്സിഡി 2 ലക്ഷമാണെങ്കിലും ഗൃഹശ്രീ പദ്ധതിയുടെ ഓരോ വീടിന്റെയും ചെലവ് 4 ലക്ഷവും സാഫല്യത്തിന്റെത് 3.5 ലക്ഷവുമാണ്. പട്ടിക ജാതി വികസനവകുപ്പ് 2 ലക്ഷവും പട്ടികവർഗ്ഗവികസന വകുപ്പ് 2.5 ലക്ഷവുമാണ് അവരുടെ ഗുണഭോക്താക്കൾക്കായി അനുവദിക്കുന്ന സബ്സിഡി തുക. മിക്ക പദ്ധതികളിലും ഭവന നിർമ്മാണത്തിനായി ഗുണഭോക്തൃ വിഹിതം ശേഖരിക്കണമെന്ന നിർദ്ദേശമുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അത് നിർബന്ധമായും പാലിക്കപ്പെടുന്നില്ല. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പരിഗണിക്കുമ്പോൾ വിവിധ വകുപ്പുകൾ വ്യത്യസ്ത നിയമങ്ങളാണ് പിന്തുടരുന്നത്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ഗുണഭോക്താക്കൾക്ക് ഒരു ലക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് 2 ലക്ഷവുമാണ് സാമ്പത്തികസഹായം നൽകുന്നതിനുള്ള ഹൗസിംഗ് ബോർഡിന്റെ വരുമാന പരിധിയായി നിശ്ചയിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ലഭിക്കണമെങ്കിൽ 2 മുതൽ 3 സെന്റ് വരെ ഭൂമി കൈവശമുണ്ടാവണം.

കുടുംബശ്രീ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രധാന ഏജൻസികൾ ധാരാളമുണ്ട്. സർക്കാരിതര ഏജൻസികളായ കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്,, കേരള സംസ്ഥാന സഹകരണഭവന ഫെഡറേഷൻ, സഹകരണ സംഘങ്ങൾ മുതലായവയും ഭവന നിർമ്മാണ മേഖലയെ സഹായിച്ചിട്ടുണ്ട്. വിവിധ സർക്കാരിതര സംഘടനകളും ഈ മേഖലയിൽ കാര്യമായി സംഭാവനകൾ നൽകിയിട്ടുണ്ട്. തൊഴിൽ, മത്സ്യത്തൊഴിലാളി, സൈനികക്ഷേമം, നഗര കാര്യം, ന്യൂനപക്ഷക്ഷേമം തുടങ്ങിയ വകുപ്പുകളും സാമ്പത്തിക ദുർബ്ബല വിഭാഗക്കാർക്കും പാവപ്പെട്ട തൊഴിലാളികൾക്കും താങ്ങാനാകുന്ന തരത്തിലുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ ഏജൻസികൾ/വകുപ്പുകൾ 2011–12 മുതൽ 2017 മാർച്ച് വരെ ഏകദേശം 513795 വീടുകളുടെ നിർമ്മാണത്തിന് സഹായം നൽകിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഭവന നിർമ്മാണ ഏജൻസികൾ നടപ്പിലാക്കിയ പ്രധാനപ്പെട്ട ഭവന പദ്ധതികളിലെ നേട്ടങ്ങൾ അനുബന്ധം 4.3.66–ൽ കൊടുത്തിരിക്കുന്നു.

ഭവന പദ്ധതികളും അതു നടപ്പിലാക്കുന്ന ഏജൻസികളും

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

നവീന ഭവന പദ്ധതി – ദൂരദേശങ്ങളിൽ നിന്നും നഗര പ്രദേശങ്ങളിൽ വന്നു താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് വാടകയ്ക്ക് ഫ്ലാറ്റുകൾ നൽകുന്ന പദ്ധതി. 2016–17 കാലയളവിൽ നിർമ്മിച്ച 24 ഫ്ലാറ്റുകൾ ഉൾപ്പെടെ ആകെ 184 ഫ്ലാറ്റുകൾ വിവിധ നഗര കേന്ദ്രങ്ങളിലായി ഈ പദ്ധതിയിൻ കീഴിൽ നിർമ്മിച്ചു.

ഗൃഹശ്രീ ഭവന പദ്ധതി – ഇതിൽ സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീടു നിർമ്മിക്കുന്നതിന് ഓരോ വീടിനും 2 ലക്ഷം രൂപ വീതം സാമ്പത്തികസഹായം സർക്കാർ സബ്സിഡിയായി നൽകുന്നു. സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഗുണഭോക്താക്കളുടെ സ്വന്തം സ്ഥലത്താണ് നിർമ്മാണം. ഈ പദ്ധതിയിൽ 2016–17 കാലയളവിൽ 1288 വീടുകൾക്കും 2017 ആഗസ്റ്റ് 31 വരെ 157 വീടുകൾക്കും സഹായം നൽകി. ഈപദ്ധതിയിൻ കീഴിൽ ആകെ 2337 വീടുകൾ നിർമ്മിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആകെ ഗുണഭോക്താക്കളായ 3144 പേരിൽ 913 പേർ സ്ത്രീകളാണ്.

സാഫല്യം ഭവന പദ്ധതി – (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കായി ഫ്ലാറ്റുകളുടെ നിർമ്മാണം) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് അടിസ്ഥാന സൗകര്യങ്ങളുടേയും ആനുകൂല്യസേവനങ്ങളുടേയും രൂപീകരണമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. 280 ച.അടി നിർമ്മിക്കുന്നതിന് ചെലവ് 3.50 ലക്ഷം രൂപ (2 ലക്ഷം രൂപ സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപ– ഹഡ്കോ ലോൺ, 0.25 ലക്ഷം സർക്കാരിതര സന്നദ്ധസംഘടനാ വിഹിതം, 0.25 ലക്ഷം ഗുണഭോക്തൃ വിഹിതം). 2016–17–ൽ ഏകദേശം 24 ഫ്ലാറ്റുകളും ഇതുവരെ ആകെ 72 ഫ്ലാറ്റുകളും ഈ പദ്ധതിയിൻ കീഴിൽ നിർമ്മിച്ചു.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

ഹരിത സാങ്കേതിക വിദ്യയുടെ ആശയങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി 'സീറോ എനർജി സീറോ ഡിസ്ചാർജ്ജ്' കെട്ടിടങ്ങൾക്കു വേണ്ടിയുള്ള ആശയ നിർദ്ദേശത്തിൽ വിവിധ സ്ഥലങ്ങളിലായി 8 പരിശീലനങ്ങളും ബയോഗ്യാസ് യൂണിറ്റിന്റെ നിർമ്മാണത്തെക്കുറിച്ച് 7 പരിശീലനങ്ങളും 2016–17 കാലയളവിൽ നിർമ്മിതി കേന്ദ്രം സംഘടിപ്പിച്ചു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള വിവിധ ഗുണഭോക്താക്കൾക്ക് സിമന്റ്, സ്റ്റീൽ തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ ' കലവറകൾ' വഴി വിതരണം ചെയ്തു. പാരമ്പര്യ കെട്ടിട നിർമ്മാണ വസ്തുക്കൾ, കരകൗശല സാധനങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനായി പി.റ്റി.പി നഗറിലുള്ള നിർമ്മിതി കേന്ദ്രം ക്യാമ്പസിൽ ദേശീയ ഹാബിറ്റാറ്റ് മ്യൂസിയം സ്ഥാപിച്ചു. കെട്ടിടപ്പണി, മരപ്പണി ചെലവു കുറഞ്ഞതും ഊർജ്ജകാര്യക്ഷമതയുള്ളതും പരിസ്ഥിതിയ്ക്കിണങ്ങിയതുമായ നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം എന്നിവയിലും ഇതുമായി ബന്ധപ്പെട്ട ഭവനകല, ടെറാക്കോട്ട, ലാന്റ്സ്കേപ്പിംഗ് തുടങ്ങിയ മേഖലകളിലും നിർമ്മിതി കേന്ദ്രത്തിന്റെ 14 പ്രാദേശിക കേന്ദ്രങ്ങളിലായി 652 പേർക്ക് ഗുണമുണ്ടാകുന്ന രീതിയിൽ 49 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇതിൽ 570 പേർ സ്ത്രീകളാണ്. ഈ പരിശീലനങ്ങൾ വഴി ഗുണഭോക്താക്കൾക്ക് അതാതു മേഖലകളിൽ സ്വയം തൊഴിൽ അവസരങ്ങൾ കണ്ടെത്താനാകും. ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് ചെലവു കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ സാങ്കേതിക വിദ്യയെക്കുറിച്ച് അവബോധം മെച്ചപ്പെടുത്തുന്നതിനായി കോളേജ് വിദ്യാർത്ഥികൾക്കായി 8 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ

ഫെഡറേഷനിൽ അംഗങ്ങളായുള്ള പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക് (പി,സി.എച്ച്.എസ്) ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും സാമ്പത്തിക സൗകര്യങ്ങൾ നൽകുന്നു. സാമ്പത്തിക ദുർബ്ബലവിഭാഗം, താഴ്ന്നവരുമാനക്കാർ, ഇടത്തരവരുമാനക്കാർ, മറ്റുള്ളവർ എന്നിവർക്കായി 2016-17 കാലത്ത് 1361 വീടുകളുടെ നിർമ്മാണത്തിനായി 5948.47 ലക്ഷം രൂപയും 2017-18 ജൂലൈ 31 വരെ 452 വീടുകൾക്കായി 1795.46 ലക്ഷം രൂപയും വിതരണം ചെയ്തു. ഭവന നിർമ്മാണ ഫെഡറേഷൻ സഹായം നൽകിയ വീടുകളുടെ എണ്ണവും വിതരണം ചെയ്ത തുകയും അനുബന്ധം 4.3.67-ൽ ചേർത്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിലേർപ്പെട്ട മറ്റ് ഏജൻസികൾ

എ. തദ്ദേശ സ്വയം ഭരണ വകുപ്പ്: 2016-17 കാലയളവിൽ കുടുംബശ്രീ നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി 829 വീടുകളും ഗ്രാമവികസന കമ്മീഷണറേറ്റ് 46166 വീടുകളും നിർമ്മിച്ചു. നഗര കാര്യ പഞ്ചായത്ത് ഡയറക്ടറേറ്റുകൾ വിവിധ പദ്ധതികളിലായി 3450 വീടുകൾ നിർമ്മിച്ചു.

ബി. പട്ടിക വർഗ്ഗവികസന വകുപ്പ്: പൊതുവിഭാഗ പദ്ധതി- ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മാണം അറ്റകുറ്റപ്പണികൾ എന്നിവയ്ക്കു വേണ്ടി സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പുതിയ വീടുകൾ ഓരോന്നിനും 3.5 ലക്ഷം രൂപയാണ് നൽകുന്നത്. ഇതുവരെ ഈ പദ്ധതിയിൽ ആകെ 2498 വീടുകൾക്കാണ് സഹായം നൽകിയിട്ടുള്ളത്.

സി. പട്ടികജാതി വികസന വകുപ്പ്: ദുർബല സമുദായങ്ങളായ വേടൻ, നായാടി തുടങ്ങിയവർക്കായിട്ടുള്ള വികസന പരിപാടി. പട്ടികജാതിക്കാർക്ക് വാർഷിക വരുമാനം 0.5 ലക്ഷം രൂപയിൽ കൂടുതലില്ലെങ്കിൽ സ്ഥലം വാങ്ങുന്നതിനോ വീടു നിർമ്മാണം/ പുനരുദ്ധാരണം എന്നിവയ്ക്കോ വേണ്ടി 7.25 ലക്ഷവും സാമ്പത്തിക സഹായം നൽകുന്നപദ്ധതിയാണിത്. 2016-17 കാലയളവിൽ 102 വീടുകൾക്ക് ഈ പദ്ധതിയിൽ സഹായം നൽകി.

ഡി. സൈനിക ക്ഷേമ ഭവന വകുപ്പ് : കരാർ കാലാവധി തീരുന്നതിനുമുമ്പ് അവശരായ ഭടന്മാർ, റിക്രൂട്ട്സ്, യുദ്ധത്തിൽ മരിച്ചവരുടേയും സേവനത്തിലിരിക്കെ മരിച്ചവരുടേയും വിധവകൾ എന്നിവർക്ക് ഭവന നിർമ്മാണത്തിനായി ഗ്രാന്റ് നൽകുന്നു. ഗുണഭോക്താക്കളുടെ വാർഷിക വരുമാന പരിധി 1.5 ലക്ഷം രൂപയും ഇപ്പോഴത്തെ ഗ്രാന്റ് നിരക്ക് 1 ലക്ഷം രൂപയുമാണ്. യുദ്ധത്തിൽ മരിച്ചവരുടെ വിധവകൾക്കും അവശരായ വിമുക്തഭടന്മാർക്കും വരുമാന പരിധി ബാധകമല്ല. 2016-17 കാലയളവിൽ ഒരു കുടുംബത്തിന് ഈ പദ്ധതിയുടെ കീഴിൽ സഹായം നൽകി. *(ഉറവിടം: ഹൗസിംഗ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)*

4.4 മറ്റു സേവനങ്ങൾ

കലയും സംസ്കാരവും

വളരെ സമ്പന്നമായൊരു കലാ സാംസ്കാരിക പൈതൃകത്തിന് കീർത്തികേട്ട സംസ്ഥാനമാണ് കേരളം. സമ്പദ് വ്യവസ്ഥയുടെ മുഖ്യ ചാലക ശക്തികളിൽ ഒന്നായി സംസ്കാരത്തെ മാറ്റുന്നതിന് സംസ്ഥാനം ലക്ഷ്യമിടുന്നു . സാംസ്കാരിക ഉൽപ്പന്നങ്ങളുടെ ചോദനം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നു. ചോദനത്തിലുള്ള ഈ വർദ്ധനവ് നേരിടുന്നതിനായി സംസ്ഥാനം ഫലപ്രദമായ നടപടികൾ എടുക്കുന്നുണ്ട് . കേരളത്തിന്റെ സംസ്കാരത്തെ സമഗ്രമായ രീതിയിൽ പരിപോഷിപ്പിക്കുന്നതിന് കേരളത്തിന് വൻ അവസരങ്ങൾ ഇന്നുണ്ട്.

പതിമൂന്നാം പദ്ധതി കേരളത്തിന്റെ പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ സാമ്പത്തിക വളർച്ചയേയും വികസനത്തെയും മുന്നോട്ടു നയിക്കുന്നതിന് ഉദിച്ചു വരുന്ന മേഖലയായി കലാ സാംസ്കാരിക മേഖലയെ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിക്കാലത്ത്, സംസ്ഥാന സർക്കാർ ഇതിന്റെ സമ്പന്നവും വൈവിധ്യവുമായ സംസ്കാരത്തെ പരിപോഷിപ്പിക്കുകയും കലയും പൈതൃകവും സംയോജിപ്പിച്ച സാംസ്കാരിക ആസൂത്രണത്തിന് പ്രത്യേക ഊന്നൽ നൽകുകയും ചെയ്യും. കലയ്ക്കും സംസ്കാരത്തിനുമുള്ള വകയിരുത്തൽ ഗണ്യമായി ഉയർത്തും. കേരളത്തിന്റെ ചരിത്രത്തെയും സാംസ്കാരിക പൈതൃകത്തെയും പറ്റിയുള്ള ഗവേഷണത്തെ പ്രോത്സാഹിപ്പിക്കും.

കലാ സാംസ്കാരിക നയം ആധുനിക മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന്റെ വികസനത്തിന് സൗകര്യമൊരുക്കുന്നതായിരിക്കണം. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന പാരമ്പര്യത്തിന്റെ തുടർച്ചയെ പ്രതിനിധാനം ചെയ്യുന്നതായിരിക്കണം പ്രസ്തുത നയം. അത് ഭൂരിപക്ഷീയതയിൽ നിന്നും നവോത്ഥാനത്തിൽ നിന്നും ഉയർന്നുവരുന്ന സമകാലീന വെല്ലുവിളികൾക്കുള്ള പുരോഗമനാത്മകമായ പ്രതികരണമായിരിക്കണം. കേരള സാംസ്കാരിക ചരിത്രത്തിന്റെ അനേകം വ്യവസ്ഥാപിത പ്രത്യേകതകളുടെ സംയോജനം ആവശ്യമാണ്. ഗ്രാമീണ ഗ്രന്ഥശാലകളും വായനശാലകളും, സാംസ്കാരിക സംഘങ്ങൾ, ഫിലിം സൊസൈറ്റികൾ, പ്രാദേശിക വായ്മൊഴി ചരിത്ര പ്രോജക്ടുകൾ, മതനിരപേക്ഷ സന്ദേശമുൾക്കൊള്ളുന്ന ജനപ്രിയ കലാരൂപങ്ങൾ എന്നിവ ശക്തിപ്പെടുത്തണം, നൂതന സാങ്കേതിക വിദ്യകളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തണം. മുതലായവയ്ക്കാണ് പതിമൂന്നാം പദ്ധതിയുടെ സമീപനത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്.

സാംസ്കാരിക പൈതൃകത്തിന്റെ പ്രോത്സാഹനത്തിനും പ്രചാരണത്തിനുമായി ധാരാളം സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കലാ സാംസ്കാരിക മേഖലയ്ക്കുള്ള സാമ്പത്തിക സഹായം പ്രധാനമായും നൽകുന്നത് സാംസ്കാരിക കാര്യ വകുപ്പ് മുഖേനയാണ്. മേഖലയ്ക്ക് കീഴിൽ വരുന്ന പ്രധാനപ്പെട്ട പദ്ധതി നിർവ്വഹണ വകുപ്പുകളാണ് പുരാവസ്തു വകുപ്പ്, പുരാരേഖ വകുപ്പ്, സാംസ്കാരിക ഡയറക്ടറേറ്റ്, കാഴ്ചബംഗ്ലാവ് മൃഗശാലാ വകുപ്പ്, ചലച്ചിത്ര വികസന കോർപ്പറേഷൻ മുതലായവ. സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങളാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ഫോക്ക് ലോർ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, ഭാരത് ഭവൻ, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, വാസ്തുവിദ്യാ ഗുരുകുലം, കേരള കലാമണ്ഡലം, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുതലായവ. ഇത്തരം സ്ഥാപങ്ങളുടെ പ്രവർത്തനങ്ങളിൽ ഏകോപനമില്ലായ്മ,

പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, മോണിറ്ററിംഗ് എന്നിവയുടെ അഭാവം ഇവയാണ് മേഖലയിലുള്ള പ്രധാന പരിമിതികൾ. അതിനാൽ ഇത്തരം സ്ഥാപങ്ങളുടെ ഏകോപനത്തിനായി ഒരു ഉന്നത സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു .

2017–18 വർഷത്തിൽ കലയും സംസ്കാരവും മേഖലയ്ക്ക് കീഴിൽ വരുന്ന ചില വകുപ്പുകൾ കൈവരിച്ച നേട്ടങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം ചുവടെ കൊടുത്തിരിക്കുന്നു.

പുരാവസ്തു വകുപ്പ്

വകുപ്പിന്റെ നേട്ടങ്ങളിലൊന്നാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കൽ. തിരുവനന്തപുരം, കോഴിക്കോട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ ജോലി പുരോഗമിക്കുന്നു. വകുപ്പ്, മടവൂർ പാറയിൽ ഒരു പരിസ്ഥിതി സൗഹാർദ്ദ പാർക്ക് സ്ഥാപിക്കുകയും കുട്ടികളുടെ പാർക്ക് നവീകരിക്കുകയും ചെയ്തു. തൃപ്പൂണിത്തുറയിലെ ഹിൽപാലസ് മ്യൂസിയം, ശ്രീപാദം കൊട്ടാരം, പത്മനാഭപുരം കൊട്ടാരം, പുതുപള്ളി വെണ്ണിമല ശ്രീരാമലക്ഷ്മണ ക്ഷേത്രം എന്നിവിടങ്ങളിൽ അടിയന്തിര നവീകരണ ജോലികൾ ചെയ്തു. വിവിധ എക്സിബിഷനുകൾ, സെമിനാറുകൾ കോഴിക്കോട്ടുള്ള പൂവമ്പായി, നെയ്യാറ്റിൻകര, തൃശ്ശൂർ, കൊല്ലംകോട് കൊട്ടാരം, മുളയം എന്നിവിടങ്ങളിൽ ശാസ്ത്രീയ ഉത്ഖനന പ്രവർത്തനങ്ങളും വകുപ്പ് നടത്തി. ഫെബ്രുവരി 26 മുതൽ 28 വരെ ഹൈദ്രാബാദിലെ പ്രവാസി കേരളീയർക്കിടയിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുന്നതിനായി "കേരള തെലുങ്കാന ഹെറിറ്റേജ് ഫെസ്റ്റ് 2017" വകുപ്പ് സംഘടിപ്പിച്ചു.

പുരാരേഖാ വകുപ്പ്

സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരമൂല്യമുള്ളതും, നിലവിൽ ഉപയോഗത്തിലില്ലാത്തതുമായ പ്രധാന രേഖകളുടെ സൂക്ഷിപ്പിന് ചുമതലപ്പെട്ട വകുപ്പാണ് പുരാരേഖാ വകുപ്പ്. സ്ഥായിയായി സംരക്ഷിക്കപ്പെടേണ്ടതായ ചരിത്ര പ്രാധാന്യമുള്ള രേഖകൾ, താളിയോലകൾ, കൈയ്യെഴുത്തു പ്രതികൾ, സർക്കാർ രേഖകൾ തുടങ്ങിയവയുടെ സംരക്ഷണം പുരാരേഖാ വകുപ്പ് ഏറ്റെടുത്തു നടത്തുന്നു. അത്തരം രേഖകളെ റഫറൻസ് ആവശ്യങ്ങൾക്കായി വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ച് സൂക്ഷിക്കുന്നു. 2017–18 വർഷത്തിൽ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- പൊതുജന പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ വകുപ്പിന് ധാരാളം സ്വകാര്യ രേഖകൾ കണ്ടെത്തി സംരക്ഷിച്ച് സൂക്ഷിക്കാൻ കഴിയും. പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭണാനുമതി ലഭിക്കുകയും പ്രാരംഭ ജോലികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.
- 2017 ഫെബ്രുവരി 25 മുതൽ 27 വരെ പ്രവാസി കേരളീയർക്കിടയിൽ പൈതൃകാവബോധം സൃഷ്ടിക്കുന്നതിനായി പുരാരേഖാ പ്രദർശനങ്ങൾ, സെമിനാറുകൾ, അവബോധ പരിപാടികൾ എന്നിവ ഹൈദ്രാബാദിൽ വകുപ്പ് സംഘടിപ്പിച്ചു.
- വകുപ്പിന്റെ ഡിജിറ്റൽ രേഖകളും സേവനങ്ങളും ഗവേഷണ വിദ്യാർത്ഥികൾക്കും, ചരിത്രകാരൻമാർക്കും, പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി ഇന്ററാക്ടീവ് ഓൺലൈൻ ആർക്കൈവ്സ് വെബ്സൈറ്റ് വികസിപ്പിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചു.
- വകുപ്പിന്റെ തെരഞ്ഞെടുത്ത രേഖകളിലൊന്നായ "ചരിത്ര രശ്മി" യുടെ പ്രസിദ്ധീകരണ ജോലികൾ അന്തിമഘട്ടത്തിലാണ്. "പെരുമ്പടപ്പ് ഗ്രന്ഥവരി", "വൈക്കം സത്യാഗ്രഹത്തെക്കുറിച്ചുള്ള തെരഞ്ഞെടുത്ത വിവരങ്ങൾ", "പ്രാചീനലിപി മാതൃകകൾ" എന്നിവയുടെ പുന:പ്രസിദ്ധീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു.
- വകുപ്പ്, 46,718 താളിയോലകളുടെ മൊഴിമാറ്റം ചെയ്തു , സി.ഡിറ്റ് മുഖേന 6 ലക്ഷം പേപ്പർ രേഖകളും 2 ലക്ഷം ചുരുണ ഇലകളും ഡിജിറ്റലൈസ് ചെയ്തു.

കാഴ്ചബംഗ്ലാവും മൃഗശാലയും വകുപ്പ്

കാഴ്ച ബംഗ്ലാവും മൃഗശാലയും വകുപ്പ് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസും, കാഴ്ചബംഗ്ലാവും, ചിത്രശാലയും, മൃഗശാലയും, കോഴിക്കോട്ടുള്ള ചിത്രശാലയും, കൃഷ്ണമേനോൻ കാഴ്ചബംഗ്ലാവും ഈ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളാണ്.

വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ് ഈ സ്ഥാപനങ്ങൾ. 2017–18 വർഷത്തിൽ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

- നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ എയർ കണ്ടീഷനിംഗ് യൂണിറ്റും ഗുണനിലവാരമുള്ള ഇലക്ട്രിക്കൽ സംവിധാനങ്ങളും ഉൾപ്പെടുത്തിയുള്ള നവീകരണ ജോലികൾ പുരോഗമിക്കുന്നു. തൃശ്ശൂർ കാഴ്ചബംഗ്ലാവ് മൃഗശാലയിലെ ക്യാന്റീൻ നവീകരിച്ചു, പഴയ ഗാർഡൻ ഓഫീസിലെ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി.
- എല്ലാ ആധുനിക മ്യൂസിയങ്ങളും ഭിന്നശേഷിസൗഹൃദമായി പുനർസൃഷ്ടിക്കുന്നതിലൂടെ ഭിന്നശേഷിക്കാർക്കും മ്യൂസിയങ്ങളുടെ മനോഹാരിത നന്നായി സൂക്ഷ്മ പരിശോധന നടത്താനാകും. ആദ്യപടിയായി വകുപ്പിന്റെ കീഴിലുള്ള വിവിധ മ്യൂസിയങ്ങളിൽ ലിഫ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.
- തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും മൃഗശാലകൾ വർഷം മുഴുവൻ ഇന്ത്യയ്ക്കകത്തു നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമുള്ള ധാരാളം സന്ദർശകരെ ആകർഷിക്കുന്നുണ്ട്. വർഷംതോറും സന്ദർശകരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. മൃഗശാലയിൽ വിവിധ സന്ദർശക സൗകര്യങ്ങളായ കുടിവെള്ള പോയിന്റുകൾ, ടോയ് ലെറ്റുകൾ, വാഹന പാർക്കിംഗ് സൗകര്യം, വീൽ ചെയറുകൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ, സുവനീർ ഷോപ്പ് മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം സന്ദർശക സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഇ–ടോയ് ലെറ്റുകളും, ഷീ–ടോയ് ലെറ്റുകളും, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ടോയ് ലെറ്റുകളും സജ്ജീകരിക്കുന്നുണ്ട്.
- തിരുവനന്തപുരം കാഴ്ചബംഗ്ലാവ് മൃഗശാല ക്യാമ്പസിൽ നിർമ്മിച്ച അക്വാറിയം സന്ദർശകർക്ക് മുഖ്യാകർഷണമാണ്. അതിനാൽ തൃശ്ശൂർ കാഴ്ചബംഗ്ലാവ് മൃഗശാല ക്യാമ്പസിൽ നിലവാരമുള്ള അക്വാറിയം നിർമ്മിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. പ്രസ്തുത ആവശ്യത്തിന് പര്യാപ്തമായ സ്ഥലം ലഭ്യമായിട്ടുണ്ട്.
- വകുപ്പിന്റെ വാർഷിക പരിപാടിയാണ് വന്യജീവി വാരാഘോഷം. ക്വിസ്, ചിത്രരചന, പ്രസംഗം, ഉപന്യാസ രചന തുടങ്ങി വിവിധ മത്സരങ്ങൾ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

സാംസ്കാരിക കാര്യ ഡയറക്ടറേറ്റ്

2016–17 മാർച്ച് വരെ സാംസ്കാരിക കാര്യ ഡയറക്ടറേറ്റ് പദ്ധതി പദ്ധതിയേതര വിഹിതത്തിൽ നിന്നും തുഞ്ചൻ സ്മാരകം ഉണ്ണായി വാര്യർ സ്മാരകം ഉൾപ്പെടെ ഏകദേശം 21 സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി. ഡയറക്ടറേറ്റിന്റെ പുതിയ പദ്ധതികളാണ് യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്, മ്യൂസിയങ്ങളുടെ ശൃംഖലയും വികസനവും, കലാകാരന്മാർക്കുള്ള ഉപജീവനം റൂറൽ ആർട്ട് ഹബ്ബുകൾ, സാംസ്കാരിക ഉന്നത സമിതി, കൂടാതെ സാംസ്കാരിക സ്ഥാപങ്ങൾക്കുള്ള ആവർത്തനേതര ധനസഹായം, കേരള സംസ്കാരത്തിന്റെ വ്യാപനം എന്നീ രണ്ട് തുടർ പദ്ധതികളും ഉണ്ട്. കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതിയിൻ കീഴിൽ സാംസ്കാരിക കാര്യ ഡയറക്ടറേറ്റ് keralaculture.org എന്ന പേരിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കുകയും സാംസ്കാരികോത്സവങ്ങളുടെ വീഡിയോകളും വിവിധ സാംസ്കാരിക വീക്ഷണങ്ങളും ഉൾക്കൊള്ളിച്ച് ഇതിനെ പരിഷ്ക്കരിച്ചിട്ടുമുണ്ട്. ഭാരത് ഭവൻ, പുരാവസ്തു, പുരാരേഖ വകുപ്പുകളുമായി സംയോജിച്ച് 2017 ഒക്ടോബർ 14 മുതൽ 16 വരെ ന്യൂഡൽഹിയിൽ പൈതൃകോത്സവം എന്ന പേരിൽ സാംസ്കാരിക വിനിമയ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചു.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

2017–18 ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചിറ്റൂരിലുള്ള ചിത്രാഞ്ജലി തീയേറ്ററിനെ രണ്ട് ഭാഗങ്ങളാക്കി വേർതിരിച്ചുള്ള ആധുനീകരണ ജോലികൾ ആരംഭിച്ചു. 2017 ഡിസംബറോടുകൂടി തിയേറ്റർ പ്രദർശനത്തിനായി തുറക്കാനാകും. കിഫ്ബിയുടെ സഹായത്തോടുകൂടി സാംസ്കാരിക

കാര്യ വകുപ്പിന് കീഴിൽ കേരളത്തിലെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം, തിരുവനന്തപുരം ചിത്രഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കി മാറ്റൽ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കുവേണ്ടി കേരളം മുഴുവൻ 100 തീയേറ്ററുകളുടെ നിർമ്മാണം, തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വിവിധോദ്ദേശ്യ സാംസ്കാരികോത്സവ സമുച്ചയ നിർമ്മാണം തുടങ്ങിയ 4 പ്രധാന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ഉദ്ദേശ്യ മാധ്യമമായി (Special purpose vehicle) സർക്കാർ KSFDC യെ തിരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കേണ്ട ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ പ്രക്രിയ അന്തിമ ഘട്ടത്തിലാണ്.

വാസ്തു വിദ്യാ ഗുരുകുലം

പരമ്പരാഗത ശിൽപ്പവിദ്യയും അനുബന്ധ വിഷയങ്ങളും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സർക്കാരിനു കീഴിലുള്ള ഇന്ത്യയിലെ തന്നെ ഒരേയൊരു സ്ഥാപനമാണ് വാസ്തു വിദ്യ ഗുരുകുലം. ഭാരത സർക്കാറിന്റെ മനുഷ്യ വിഭവശേഷി വികസന മന്ത്രാലയം വാസ്തുവിലും മറ്റ് അനുബന്ധ വിഷയങ്ങളിലുമുള്ള അംഗീകൃത നോഡൽ ഏജൻസിയായി വാസ്തു വിദ്യാ ഗുരുകുലത്തെ അംഗീകരിച്ചിട്ടുണ്ട്. വാസ്തുവിദ്യാ ഗുരുകുലത്തെ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. വാസ്തുവിദ്യയിലും ചുമർചിത്രകലയിലും 5 അക്കാദമിക് കോഴ്സുകൾ വാസ്തുവിദ്യാ ഗുരുകുലം നടത്തുന്നു. വാസ്തുവിദ്യാ ഗുരുകുലത്തിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 250 ആണ്. കേന്ദ്ര ഗവണ്മെന്റും യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമും അവരുടെ വിനോദ സഞ്ചാര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രബിന്ദുവായി ആറൻമുള ഗ്രാമത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇന്ത്യയിൽ അവർ 31 ഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ആ പട്ടികയിലെ പ്രമുഖമായ സാംസ്കാരിക പൈതൃക ഗ്രാമങ്ങളിലൊന്നാണ് ആറൻമുള. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി ഗുരുകുലത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പിനുവേണ്ടി കേരളത്തിലെ എല്ലാ പാരമ്പര്യ ശിൽപ്പവിദ്യാ നിർമ്മിതികളും ഡോക്യുമെന്റ് ചെയ്യുന്നത് വാസ്തുവിദ്യാ ഗുരുകുലമാണ്. സംസ്ഥാന നഗരാസൂത്രണ വകുപ്പിനുവേണ്ടി ആലപ്പുഴയുടെയും തലശ്ശേരിയുടെയും ഹെറിറ്റേജ് പ്ലാൻ വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കിയിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ തെരഞ്ഞെടുത്ത 50 പ്രധാനപ്പെട്ട ശിൽപ്പ നിർമ്മിതികളെ ഗുരുകുലം ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. കേരള കലാമണ്ഡലത്തിന്റെയും ആലപ്പുഴ എസ്.ഡി കോളേജിന്റെയും ചുമർ ചിത്രങ്ങളുടെ നവീകരണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർവ്വവിജ്ഞാന കോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്

2017–18 വർഷത്തിൽ സംസ്ഥാന സർവ്വവിജ്ഞാന കോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട് വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ പത്താം വാല്യം പ്രസിദ്ധീകരിച്ചു. പൊതുവിജ്ഞാനകോശം 17 –ാം വാല്യം തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. കൂടാതെ നവസാങ്കേതിക വിദ്യാവിജ്ഞാന കോശത്തിന്റെയും കേരള വിജ്ഞാനകോശത്തിന്റെയും പ്രസിദ്ധീകരണ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രോത്സാഹനത്തിനും വികസനത്തിനുമായി സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. അക്കാദമിയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തെലുങ്ക്, കന്നഡ, തമിഴ്, കൊങ്കിണി, മലയാളം ഭാഷകളിലെ പ്രമുഖരായ എഴുത്തുകാരെ പങ്കെടുപ്പിച്ചുകൊണ്ട് 2016 നവംബറിൽ ശിൽപ്പശാല സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി അക്കാദമി 2016 ഡിസംബർ 27 മുതൽ 30 വരെ സംസ്ഥാനതല വിദ്യാരംഗം സർഗ്ഗോത്സവം നടത്തി. 2017 ജനുവരിയിൽ ദക്ഷിണേന്ത്യൻ ഭാഷകളിലെ പ്രമുഖ കവികളെ പങ്കെടുപ്പിച്ചുകൊണ്ട് ദക്ഷിണേന്ത്യൻ കവിതാ തർജ്ജിമയിൽ 4 ദിവസത്തെ ശിൽപ്പശാല അക്കാദമി സംഘടിപ്പിച്ചു. അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഭാഗമായി

നാടകരചനയിൽ അഞ്ചുദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചു.

കേരള സംഗീത നാടക അക്കാദമി

സംഗീതം, നൃത്തം, നാടകം, കഥകളി, നാടൻ കലകൾ എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനുവേണ്ടി കേരള സംഗീത നാടക അക്കാദമി സ്ഥാപിക്കപ്പെട്ടു. 2016 ഒക്ടോബർ 30 മുതൽ നവംബർ 5 വരെ ചെന്നൈ മെമ്മോറിയൽ സംഗീത കോളേജുമായി സഹകരിച്ച് സംഗീത നാടക അക്കാദമി "നാട്യകൈരളി" കഥകളി ഉത്സവം സംഘടിപ്പിച്ചു. പ്രസ്തുത ഉത്സവത്തിൽ പ്രമുഖ കഥകളി കലാകാരന്മാരുടെ കഥകളിയും സെമിനാറുകളും അവതരിപ്പിച്ചു. 2016 നവംബർ 4 മുതൽ 6 വരെ ഷഡ്കാല ഗോവിന്ദ മാരാർ സംഗീതോത്സവം എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു. 2017 ഫെബ്രുവരി 5 മുതൽ 8 വരെ സി.എം.എസ് കോളേജിൽ "ശ്രുതി പഞ്ചമം" സ്വരവാദ്യോത്സവം സംഘടിപ്പിച്ചു. ഒൻപതാമത് അന്താരാഷ്ട്ര നാടകോത്സവം 2017 ഫെബ്രുവരി 20 മുതൽ 28 വരെ തൃശ്ശൂരിൽ സംഘടിപ്പിച്ചു. 15 അന്തർദേശീയ നാടകങ്ങളും 8 ദേശീയ നാടകങ്ങളും 7 മലയാളം നാടകങ്ങളും 9 ദിവസത്തെ പരിപാടിയിൽ അവതരിപ്പിച്ചു.

കേരള ലളിതകലാ അക്കാദമി

കലാകാരന്മാരുടെ പ്രത്യേകിച്ചും ചിത്രകാരന്മാരുടെയും ശിൽപ്പികളുടെയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് കേരള ലളിതകലാ അക്കാദമി നടപ്പാക്കി വരുന്നത്. പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കലാകാരൻമാർക്ക് ധനസഹായവും ലളിതകലാ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അക്കാദമി നൽകി വരുന്നു. '2017 പാവായിൽ ഫെസ്റ്റിന്റെ' ഭാഗമായി കോഴിക്കോട്ടെ പാവായിൽ ഒരു ദിവസത്തെ ചിത്രകലാ ക്യാമ്പ് അക്കാദമി സംഘടിപ്പിച്ചു. ഏകദേശം 50 കലാകാരൻമാർ ഇതിൽ പങ്കെടുത്തു. 2017 മെയ് 4 മുതൽ 6 വരെ ദേശീയ കാർട്ടൂൺ ക്യാമ്പ് സംഘടിപ്പിച്ചു. എറണാകുളം ദർബാർഹാൾ കലാകേന്ദ്രയിൽ ജൂലൈ 14 മുതൽ 23 വരെ സമന്വയ എന്ന പേരിൽ പത്ത് ദിവസത്തെ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു. ഭിന്നലിംഗക്കാർ, ഗോത്രവർഗ്ഗക്കാർ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കലാകാരൻമാർ ഇതിൽ പങ്കെടുത്തു. 40 ഭിന്നലിംഗ വിഭാഗത്തിൽപ്പെട്ടതും 18 ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കലാകാരൻമാരും ഉൾപ്പെടെ 250 ഓളം കലാകാരൻമാർ ഇതിൽ പങ്കെടുത്തു. വിദ്യാർത്ഥികളെ ശിൽപ്പ നിർമ്മാണത്തിലും ചിത്രകലയിലും ആകർഷിക്കുന്നത് ലക്ഷ്യമിട്ട് സർക്കാർ സ്കൂളുകളിൽ ചിത്രകലാ ക്യാമ്പുകളും ശിൽപ്പ നിർമ്മാണവും അക്കാദമി സംഘടിപ്പിക്കുന്നു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

മലയാളത്തിൽ നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1998 ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമ, ടെലിവിഷൻ രംഗത്തെക്കുറിച്ചുള്ള നയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി ഗവണ്മെന്റിനെ സഹായിക്കുന്നു. അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രോത്സവം, അന്തർദേശീയ ഡോക്യുമെന്ററി-ഹ്രസ്വ ചലച്ചിത്രമേള എന്നീ മൂന്ന് ചലച്ചിത്രോത്സവങ്ങളാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രധാനമായും സംഘടിപ്പിക്കുന്നത്. 2017 മാർച്ച് 18 മുതൽ 21 വരെ അക്കാദമി ദേശീയ ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഫിലിം സൊസൈറ്റികൾ, സ്കൂളുകൾ, കോളേജുകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുമായി സഹകരിച്ച് ടൂറിംഗ് ടാക്കീസ് (സഞ്ചരിക്കുന്ന ഫിലിം ഷോ) അക്കാദമി സംഘടിപ്പിച്ചു. അക്കാദമി ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയുമായി സഹകരിച്ച് 2017 മാർച്ച് 6 മുതൽ 10 വരെ കോഴിക്കോട് ടാഗോർ തീയേറ്ററിൽ ആദ്യവനിതാ അന്തർദേശീയ ചലച്ചിത്രോത്സവം സംഘടിപ്പിച്ചു. ഇന്ത്യൻ സിനിമയിലെ പ്രമുഖ വനിതാ വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യം ചലച്ചിത്രോത്സവത്തിന്റെ മുഖ്യാകർഷണമായിരുന്നു. 2017 ജൂൺ 16 മുതൽ 20 വരെ പത്താമത് അന്തർദേശീയ ഡോക്യുമെന്ററി - ഹ്രസ്വ ചലച്ചിത്രോത്സവം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഇതിൽ 1500 പ്രതിനിധികൾ പങ്കെടുക്കുകയും 218 ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥിരം തീയേറ്റർ ഫെസ്റ്റിവൽ

കോംപ്ലക്സ് കഴക്കൂട്ടത്തെ കിൻഫ്രാ പാർക്കിൽ അന്തർദേശീയ ചലച്ചിത്ര പഠന ഗവേഷണ കേന്ദ്രം/ഡിജിറ്റൽ ആർക്കൈവിന്റെയും നിർമ്മാണം എന്നിവയും ആരംഭിച്ചിട്ടുണ്ട്.

ഗുരുഗോപിനാഥ് നടന ഗ്രാമം വട്ടിയൂർക്കാവ്

വിവിധ ഇന്ത്യൻ നൃത്തരൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണ കേന്ദ്രമായാണ് ഗുരുഗോപിനാഥ് നടന ഗ്രാമം സ്ഥാപിതമായത്. പ്രാഗൽഭ്യമുള്ള കുട്ടികൾക്ക് നൃത്തരൂപങ്ങളുടെയും സംഗീതോപകരണങ്ങളുടെയും പരിശീലന ക്ലാസുകൾ നടനഗ്രാമം നടത്തി വരുന്നു. കേരളത്തിലെ നൃത്തരൂപങ്ങളെ കുറിച്ചുള്ള സെമിനാറുകളും ഇവിടെ സ്ഥിരമായി നടത്തി വരുന്നു. 2017–18 വർഷത്തിൽ ചിലമ്പൊലി തീയറ്റർ, സംഗീതോപകരണങ്ങൾ, മ്യൂസിയത്തിന്റെ ചുറ്റുമതിൽ എന്നിവ നവീകരിച്ചു. 2017 ഫെബ്രുവരി 9 ന് "അന്തർദേശീയ മ്യൂസിയ ശിൽപ്പശാല" സംഘടിപ്പിച്ചു. ദേശീയ നൃത്ത മ്യൂസിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയായിരുന്നു ശിൽപ്പശാലയുടെ മുഖ്യലക്ഷ്യം. ആസ്ട്രിയ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വിദഗർ ഉൾപ്പെടെ ഏകദേശം 40 മ്യൂസിയ സജ്ജീകരണ വിദഗർ ശിൽപ്പശാലയിൽ പങ്കെടുത്തു. 2017 ഫെബ്രുവരി 7 മുതൽ 12 വരെ ദേശീയ നൃത്തോത്സവം സംഘടിപ്പിച്ചു. ഇതിൽ ഒഡീഷ, മണിപ്പൂർ, കർണ്ണാടകം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള നൃത്തസംഘങ്ങൾ പങ്കെടുത്തു. 2017 ജനുവരിയിൽ കേരളനടനം ഒന്നാംഘട്ട ഡോക്യുമെന്റേഷൻ പൂർത്തീകരിച്ചു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മലയാള ഭാഷയിൽ ബാലസാഹിത്യത്തിനുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവയുടെ സ്വീകാര്യത വർദ്ധിപ്പിച്ച് ജനപ്രിയമാക്കുകയും ചെയ്യുന്നു. കുട്ടികൾക്കായി 'തളിര്' എന്ന മാസിക ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. കുട്ടികളിലെ വായനാശീലവും സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പരിപാടികളും കുട്ടികളിലെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മത്സരങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് 2016 നവംബറിൽ തെരെഞ്ഞെടുത്ത സ്കൂളുകളിൽ സംഘടിപ്പിച്ച 'അക്ഷരയാത്ര'. കുട്ടികൾക്കിടയിൽ മാതൃഭാഷാ സ്നേഹം പകരുകയും വായനാശീലം പ്രോത്സാഹിപ്പിക്കുകയുമായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് നല്ല പുസ്തകങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി. ഇൻസ്റ്റിറ്റ്യൂട്ട് 2017 ൽ 8 ജില്ലകളിൽ അവധിക്കാല ക്യാമ്പ് (സർഗ്ഗ വസന്തം) നടത്തി. നാടകം, കവിത, കഥ, ചിത്രരചന, മീഡിയ, ശാസ്ത്രം, പരിസ്ഥിതി തുടങ്ങിയവയായിരുന്നു ക്യാമ്പിലെ 7 വിഷയങ്ങൾ. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ , ലൈബ്രറി കൗൺസിൽ എന്നിവ മുഖേന നടത്തിയ പുസ്തകമേളകളിലൂടെ 1 കോടി രൂപ വിലയുള്ള പുസ്തകങ്ങൾ വിറ്റഴിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു.

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഒരു അക്കാദമിക പുസ്തക പ്രസാധക ഏജൻസിയായ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രാദേശിക വികസനത്തിന്റെ ദേശീയ നയത്തിന്റെ ഭാഗമായി 1968 ലാണ് സ്ഥാപിതമായത്. 2017 ജൂലൈ വരെ 4260 വിജ്ഞാന സാഹിത്യ പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. ഭരണരംഗത്ത് മലയാള ഭാഷ ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥർക്കായി ഒരു മൊബൈൽ ആപ്പ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചു. സ്പെൽചെക്ക്, ഗ്രാമർ ചെക്ക് ഉൾപ്പെടെ മലയാളം കമ്പ്യൂട്ടിംഗ്, മലയാളം ഫോണ്ടുകൾ നിർമ്മിക്കൽ, ഇ–കോമേഴ്സിലൂടെ പുസ്തകങ്ങളുടെ വിൽപ്പന എന്നിവയ്ക്കായി സി–ഡാക്കുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

മാർഗി

കഥകളി എന്ന കലാരൂപത്തിന്റെ പരിപോഷണത്തിനായി 1970 ൽ സ്ഥാപിക്കപ്പെട്ട സ്ഥാപനമായ മാർഗി, കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രമായി മാറിയിരിക്കുന്നു. കളിയോഗ (ട്രെയിനിംഗ് കം പെർഫോമിംഗ് ഗ്രൂപ്പ്) മാതൃകയിലാണ് സ്ഥാപനം പ്രവർത്തിച്ചുപോരുന്നത്. കഥകളി വിഭാഗത്തിൽ

26 കലാകാരൻമാരുണ്ട്. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സ്കൂൾ വിദ്യാർത്ഥികൾക്കായി കഥകളി, ചെണ്ട എന്നിവയിൽ സൗജന്യ പരിശീലനം നൽകുന്നു. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെയാണ് കൂടിയാട്ട വിഭാഗം പ്രവർത്തിക്കുന്നത്. കൂടിയാട്ടത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സെമിനാറുകളും ക്ലാസുകളും നടത്തുന്നുണ്ട്. വർഷം തോറും കേരളത്തിനകത്തും പുറത്തുമായി 100 ൽ കൂടുതൽ കഥകളി, കൂടിയാട്ടം പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ

കേരള സംസ്ഥാന ഗ്രന്ഥശാല കൗൺസിൽ ഗ്രന്ഥശാലകളുടെ ഒരു സംയോജിത സമ്പ്രദായം ആവിഷ്കരിക്കുവാൻ തങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കുന്നു. കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 പ്രകാരമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളും സാമൂഹിക പ്രസക്തിയുള്ള മറ്റ് പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. ഗ്രന്ഥശാലാ സേവനം സാർവ്വത്രികമാക്കുക, വിവര ശേഖരണത്തിനായി ആധുനിക സൗകര്യമൊരുക്കുക, പഠിക്കാൻ മോശമായ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധൻമാർക്കും തടവുകാർക്കും പ്രത്യേക ഗ്രന്ഥശാലാ സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ഗ്രന്ഥശാലാ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ. മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകൾ, 14 ജില്ലകളിലെയും അക്കാദമിക പഠന കേന്ദ്രങ്ങൾ, 15 ജയിലുകളിലെ ജയിൽ ലൈബ്രറി സേവനങ്ങൾ എന്നിവയിലൂടെയാണ് സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ ഇതിന്റെ സേവനങ്ങൾ നൽകുന്നത്. അധികമായി മൂന്ന് ജയിലുകളിലും , 5 ജുവനൈൽ ഹോം ലൈബ്രറികളും, 7 ആശുപത്രി ലൈബ്രറികളും, 4 അനാഥാലയ ലൈബ്രറികളും ഉൾപ്പെടുത്തി സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ ഇതിന്റെ സേവനങ്ങൾ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

മലയാളം മിഷൻ

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷാ പഠനം സാധ്യമാക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുത്തുന്നതിനുമായി 2009 ജനുവരി 19 ന് സ്ഥാപിക്കപ്പെട്ടതാണ് മലയാള മിഷൻ. മിഷന് 10 വർഷ കാലയളവുള്ള 4 കോഴ്സുകളുടെ പാഠ്യപദ്ധതിയാണുള്ളത്. കണിക്കൊന്ന എന്ന പേരിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (2 വർഷം), സൂര്യകാന്തി ഡിപ്ലോമ കോഴ്സ് (2 വർഷം), ആമ്പൽ ഹയർ ഡിപ്ലോമ കോഴ്സ് (3 വർഷം), നീലക്കുറുഞ്ഞി സീനിയർ ഡിപ്ലോമ കോഴ്സ് (3 വർഷം). 2016–17 –ൽ, മിഷൻ യു.കെ.യിലും കുവൈറ്റിലും പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചതു കൂടാതെ തമിഴ്നാട്ടിൽ ഒരു പുതിയ പഠനകേന്ദ്രം ആരംഭിക്കുകയും ചെയ്തു.

പ്രവാസി മലയാളി ക്ഷേമം

വിദേശ കുടിയേറ്റവും വിദേശത്തു നിന്ന് കിട്ടുന്ന വരുമാനവും കേരള മോഡൽ ഡവലപ്മന്റിന്റെ രണ്ടു സുപ്രധാന ഘടകങ്ങളാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക ജീവിതത്തിൽ വിദേശ കുടിയേറ്റം എന്ന പ്രയോഗം നിർണ്ണായകമായ പങ്കു വഹിക്കുന്നു. ജോലിക്കു വേണ്ടി രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിൽ നിന്നും കുടിയേറ്റമുണ്ടെങ്കിൽ പോലും ജോലി നൈപുണ്യവും സാഹചര്യങ്ങൾക്ക് ഇണങ്ങി ജോലി ചെയ്യുന്ന വിഹിതവും തൊഴിൽ മേഖലയിൽ വരുന്ന സാങ്കേതികമാറ്റങ്ങളും കൈകാര്യം ചെയ്യുന്നതിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട നിലയിലാണ്. ഇത് കേരളത്തിൽ നിന്നും

വിദേശത്ത് കുടിയേറുന്നവർക്ക് അനുകൂലമാണ്. ഇതിന്റെ ഗുണം പ്രവാസിമലയാളികൾ ജി.സി.സി രാജ്യങ്ങളിൽ മാത്രമല്ലാതെ ലോകം മുഴുവനും വ്യാപിച്ചതായി കാണാം. പൊതുവേ അന്തർദേശീയ കുടിയേറ്റം കുടിയേറുന്ന രാജ്യങ്ങൾക്കും കുടിയേറിയ രാജ്യങ്ങൾക്കും വികസന സംഭാവന നടത്തുന്നു. വിദേശ മലയാളികൾ നാടിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് കുടുംബതലത്തിലും, പ്രാദേശിക/ സാമൂഹികതലത്തിലും, ദേശീയതലത്തിലും ദൃശ്യമാണ്. 6-ാമത് കേരള കുടിയേറ്റ സർവ്വേ 2014 അനുസരിച്ച് ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്ന വിദേശ മലയാളികൾ 36.5 ലക്ഷമാണ്. ഇത് 2011 -ൽ 34.3 ലക്ഷംവും 2008 -ൽ 33.5 ലക്ഷവുമായിരുന്നു. ഈ കാലയളവിൽ വിദേശ കുടിയേറ്റ മലയാളികൾ 24 ലക്ഷമാണ്. ഇത് 2011 -ൽ 22.8 ലക്ഷവും 2008 -ൽ 21.9 ലക്ഷവുമായിരുന്നു. ഈ എണ്ണം കേരളത്തിൽ നിന്നും വിദേശത്ത് കുടിയേറിയവരുടെ നേരെയുള്ള വളർച്ചയെയാണ് ചൂണ്ടി കാണിക്കുന്നത്. ഈ കാലയളവിൽ തന്നെ വിദേശത്തുനിന്നും മടങ്ങിയെത്തിയ പ്രവാസികളുടെ എണ്ണം 12.52 ലക്ഷമാണ്. ഇത് 2011-ൽ 11.5 ലക്ഷം 2008-ൽ 11.6 ലക്ഷവുമായിരുന്നു. പുതിയ സാങ്കേതിക കഴിവുകൾ നേടിയവർക്ക് അവസരങ്ങൾകിട്ടാത്തതു കാരണം മടങ്ങി വന്നതായിട്ട് കാണുന്നത്. ഈ സാഹചര്യം

ബോക്സ് 4.4.1

13-ാം പദ്ധതിയുടെ സമീപനം

- ലോകം മുഴുവനുമുള്ള മലയാളി പ്രവാസികളുമായി ഇടപാടുകൾ ശക്തിപ്പെടുത്തുമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാസികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയിലും സമ്പാദ്യ സ്വരുക്കൂട്ടലിലും സംഭാവന ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ നാട്ടിലേക്കുവരുന്ന പണത്തിൽ, നിന്നുള്ള വരുമാനം കൊണ്ട് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഒരു നിര ഭൗതിക, സാംസ്കാരിക, ഉത്പന്നങ്ങൾക്ക് ചോദനം സൃഷ്ടിച്ചിട്ടുണ്ട്. പ്രവാസികൾ കേരളത്തിലുള്ള അവരുടെ ബന്ധുക്കളോടും സുഹൃത്തുക്കളോടും നിലനിർത്തുന്ന ആത്മ ബന്ധം സംസ്ഥാനത്തിന് പലതരത്തിൽ, കേരളത്തിലെ പുതു തലമുറയ്ക്ക് സംസ്ഥാനത്തിനു പുറത്ത് തൊഴിൽ കണ്ടെത്തുന്നതിന് സാഹായിക്കുന്നതുൾപ്പെടെ, ഗുണകരമായിട്ടുണ്ട്.
- കേരള സമൂഹത്തിന്റെ ഒരു വലിയ പരിച്ഛേദത്തിൽ പ്രവാസികൾ ഒരു പ്രധാന ഭാഗമാകുന്നു. കേരളത്തിന്റെ സമ്പദ്ഘടന, സമൂഹം, സംസ്കാരം (സാഹിത്യം, സംഗീതം, സിനിമ, മതപരമായ ചടങ്ങുകൾ) എന്നിവ ഉൾപ്പെടുന്ന ബഹുവിധ മണ്ഡലങ്ങളിൽ അവർ സക്രിയമായി ഇടപെടുന്നു. അത്തരമൊരു പശ്ചാത്തലത്തിൽ പ്രവാസികളിലെ അംഗങ്ങൾക്ക് കേരളത്തിലെ സംവാദങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും പങ്കെടുക്കാനൊരവസരം കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.
- പ്രവാസികൾക്കുവേണ്ടി നയപരമായ പല ഇടപെടലുകളും ആരംഭിക്കാൻ സംസ്ഥാനം ഉദ്ദേശിക്കുന്നുണ്ട്. കാലാകാലങ്ങളിലുള്ള കുടിയേറ്റ സർവ്വേകളും സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയർക്കായി ഒരു ഓണ്‌ലൈൻ തത്സമയ സ്ഥിതിവിവര കണക്കു ശേഖരവും (online real time data base) മുന്തിയ പരിഗണനയിലാണ്. അതേസമയംതന്നെ, കേന്ദ്ര സർക്കാരിനൊപ്പം സംസ്ഥാന സർക്കാരും വ്യക്തമായൊരു കുടിയേറ്റ നയത്തിനു രൂപം നൽകും. പതിമൂന്നാം പദ്ധതി കുടിയേറിയവരിൽ നിയമ സഹായം ആവശ്യമുള്ളവർക്ക് അതു നൽകാനുള്ള നടപടികൾ എടുക്കും, വിദേശത്തേക്കു പോകുന്നതിനു മുമ്പുള്ള പരിശീലനത്തിലൂടെ കാര്യശേഷിയുള്ളവർക്ക് നൈപുണ്യ വികസനത്തിന്റെ പാഠങ്ങൾ നൽകും, പ്രസക്തമായ രേഖകളുടെ ആധികാരിത തെളിയിക്കൽ വേഗത്തിലെന്ന് ഉറപ്പുവരുത്തും, ഇടനിലക്കാരുടേയും സേവന ദാതാക്കളുടേയും (വിമാനകമ്പനി പോലുള്ളവ) പ്രവർത്തനങ്ങൾ നിയന്ത്രിക്കും. കുടിയേറ്റക്കാർക്ക് ഗുണകരമാവുന്ന ഇ ഷ്വറൻസിനും സാമൂഹിക സുരക്ഷാ പരിപാടികൾക്കും സംസ്ഥാനം രൂപം കൊടുക്കും, തിരിച്ചു വരുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പരിപാടി ആവിഷ്ക്കരിക്കും.

- പതിമൂന്നാം പദ്ധതി സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുകയും അവരിൽ നിന്ന് കേരളത്തിൽ നിക്ഷേപം തേടുകയും ചെയ്യും. "മസ്തിഷ്ക ചോർച്ചയെ നേരെ തിരിച്ചാക്കുക" (reverse brain drain)എന്നതിനെ കേരളം സ്വാഗതം ചെയ്യും, അറിവ്, സാങ്കേതിക വിദ്യ, പരിചയസമ്പത്ത് എന്നിവ സംസ്ഥാനത്തേക്ക് കുടിയേറ്റക്കാർ വഴി കൈമാറ്റം ചെയ്യും. സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരുൾപ്പെടുന്ന സംഘങ്ങളുടെ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കുമുള്ള ബിസിനസ്സ്, സാംസ്കാരിക സന്ദർശനങ്ങളെ സംസ്ഥാനം പ്രോത്സാഹിപ്പിക്കും. ഇവരുൾപ്പെടുന്ന ആഗോള സാംസ്കാരികോത്സവത്തിനെ പദ്ധതി പിന്തുണയ്ക്കും.

- മറ്റൊരു നയ മുൻഗണന കേരള വികസന ഫണ്ട് (Kerala Development Fund) എന്ന പേരിൽ (ഇന്ത്യാ വികസന ഫണ്ട് എന്നതുപോലെ) ലാഭേച്ഛയില്ലാത്തൊരു ട്രസ്റ്റ് സംസ്ഥാനത്തിനു പുറത്തു താമസിക്കുന്ന കേരളീയരിൽനിന്നും സംഘടനകളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിക്കും. ഇത് കേരളത്തിനുള്ളിലെ ഉത്പാദന മേഖലകളുടെ വികസനത്തിനായി പ്രവാസികളിൽ നിന്നും നിക്ഷേപം നടത്തിക്കാൻ സഹായിക്കും..

- ചൈനയുടെ അനുഭവം കാണിക്കുന്നത് വിശ്വാസയോഗ്യമായതും രാജ്യത്തിനു പുറത്തു താമസിക്കുന്നവരിൽ വിശ്വാസമുള്ളതുമായ ഒരു സർക്കാർ തങ്ങളുടെ മാതൃ രാജ്യത്തുണ്ടെങ്കിൽ ഭൗതികവും ധാർമ്മികവുമായ പിന്തുണ പ്രവാസികളിൽ നിന്നും നിക്ഷേപ സമാഹരണത്തിനും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും ലഭിക്കുമെന്നതാണ്.

സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ പുതിയ തൊഴിലവസരം സൃഷ്ടിക്കേണ്ട അവസ്ഥയാണ്. മടങ്ങിവരുന്ന വിദേശികളുടെ കഴിവുകളെ വിലയിരുത്തി തൊഴിൽ ലഭ്യമാക്കുന്ന സംവിധാനം തൊഴിൽ മേഖലയിൽ മെച്ചപ്പെട്ട മാറ്റം സൃഷ്ടിക്കാൻ സഹായിക്കും.

കേരളത്തിലെ ജില്ല തിരിച്ചുള്ള വിദേശ മലയാളികൾ

ജില്ല തിരിച്ചുള്ള കണക്കനുസരിച്ച് ഇന്ത്യയ്ക്ക് പുറത്ത് താമസിച്ചിട്ടുള്ള വിദേശ മലയാളികളുടെ എണ്ണത്തിൽ മലപ്പുറമാണ് ഒന്നാം സ്ഥാനം (7.56 ലക്ഷം 2014 –ൽ). തിരുവനന്തപുരം (4.61 ലക്ഷം), കണ്ണൂർ (4 ലക്ഷം) എന്നീ ജില്ലകളാണ് രണ്ടും മൂന്നും സ്ഥാനത്ത്. കേരളത്തിലെ ജില്ല തിരിച്ചുള്ള വിദേശ മലയാളികളുടെ വിശദാംശങ്ങൾ **ചിത്രം 4.4.1** –ൽ കൊടുത്തിട്ടുണ്ട്.

2011–2014 കാലയളവിൽ പ്രവാസി മലയാളികളുടെ മൊത്ത വർദ്ധനവ് 2.22 ലക്ഷമാണ്. ജില്ല തിരിച്ച് പരിശോധിച്ചാൽ 1.93 ലക്ഷം അധിക പ്രവാസി മലയാളികൾ രേഖപ്പെടുത്തി മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്. പത്തനംതിട്ട (0.71 ലക്ഷം), എറണാകുളം (0.62 ലക്ഷം) മാണ് രണ്ടും മൂന്നും സ്ഥാനത്ത്. ജില്ലതിരിച്ചുള്ള പ്രവാസി മലയാളികളുടെ വർദ്ധനവ്/കുറവ് **ചിത്രം 4.4.2**–ൽ കൊടുത്തിരിക്കുന്നു. ജില്ല/വർഷം തിരിച്ചുള്ള വിദേശ മലയാളികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.1**–ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റക്കാർ

കുറച്ച് വർഷങ്ങളായി കേരളത്തിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് കുടിയേറുന്ന മലയാളികളുടെ എണ്ണത്തിൽ കുറവ് കാണപ്പെടുന്നു. 1998–2003 കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2011–14–ൽ അധിക കുടിയേറ്റക്കാരുടെ എണ്ണം 4.77 ലക്ഷത്തിൽ നിന്നും 1.19 ലക്ഷമായി കുറഞ്ഞതായി രേഖപ്പെടുത്തുന്നു. വിവിധ കാലഘട്ടത്തിൽ ജില്ല തിരിച്ചുള്ള കുടിയേറ്റക്കാരുടെ കണക്ക് **ചിത്രം 4.4.3** – കാണിച്ചിരിക്കുന്നു. ജില്ല തിരിച്ചുള്ള കുടിയേറ്റക്കാരുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.2**–ൽ കൊടുത്തിരിക്കുന്നു.

ചിത്രം 4.4.1
കേരളത്തിലെ ജില്ല തിരിച്ചുള്ള വിദേശ മലയാളികളുടെ വിശദാംശങ്ങൾ



ചിത്രം 4.4.2
ജില്ല തിരിച്ചുള്ള പ്രവാസി മലയാളികൾ– 2011–2014



ജില്ല തിരിച്ചുള്ള വിദേശ കുടിയേറ്റക്കാർ

മലപ്പുറം, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 2008 നേക്കാൾ 2014 ൽ പ്രവാസികളുടെ അനുപാതം കൂടിയിട്ടുണ്ട്. കേരളത്തിന്റെ മൊത്തം പ്രവാസികളുടെ 19 ശതമാനം ഉള്ള മലപ്പുറം ആണ്ഏറ്റവും കൂടിയ അനുപാതം കാണിക്കുന്നത് . കണ്ണൂരിലെ പ്രവാസി അനുപാതം 12 ശതമാനമാണ് തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ 2008 നേക്കാൾ 2014 ൽ പ്രവാസികളുടെ അനുപാതം കുറഞ്ഞു. 9 ശതമാനത്തിൽ നിന്ന് 3 ശതമാനമായി കുറഞ്ഞ പാലക്കാടാണ് ഏറ്റവും കൂടുതൽ കുറവ് രേഖപ്പെടുത്തിയത്. ജില്ലതിരിച്ചുള്ള വിദേശ കുടിയേറ്റക്കാരുടെവിശദാംശങ്ങൾ **ചിത്രം 4.4.4**–ൽ കൊടുത്തിരിക്കുന്നു.

ചിത്രം 4.4.3
ജില്ല തിരിച്ചുള്ള കേരളത്തിലെ കുടിയേറ്റക്കാർ



ചിത്രം 4.4.4
ജില്ലതിരിച്ചുള്ള വിദേശ കുടിയേറ്റക്കാരുടെവിശദാംശങ്ങൾ



കേരളത്തിൽ തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണം

മധ്യേഷ്യയിലെ സ്വദേശി നയങ്ങളും ലോകം മുഴുവൻ വ്യാപിച്ച സാമ്പത്തിക അസ്ഥിരതയും മൂലം കേരളത്തിലേക്ക് തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. 1998 ലെ 7.3 ലക്ഷത്തിൽ നിന്ന് 2014 ൽ തിരിച്ചു വന്ന പ്രവാസികളുടെ എണ്ണം 12.5 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. **ചിത്രം. 4.4.5**-ൽ കേരളത്തിൽ തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിലുള്ള കണക്ക് കാണിക്കുന്നു.

ജില്ല തിരിച്ചുള്ള വിശകലനം കാണിക്കുന്നത് തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണത്തിൽ മലപ്പുറം ഒന്നാം സ്ഥാനത്തും തിരുവനന്തപുരം, കോട്ടയം എന്നിവ രണ്ടും മൂന്നും സ്ഥാനത്തുമാണ്. തിരിച്ചു വന്ന മലയാളികളുടെ ജില്ല തിരിച്ചുള്ള വിവരം **ചിത്രം. 4.4.6** -ൽ കാണിക്കുന്നു.

ചിത്രം 4.4.5
തിരിച്ചു വന്ന പ്രവാസികൾ



ചിത്രം 4.4.6
ജില്ല തിരിച്ചുള്ള പ്രവാസി മലയാളികൾ– 2011–2014



അവലംബം: കേരളാ പ്രവാസ സർവ്വേ, 2014 സംസ്ഥാന ആസൂത്രണ ബോർഡ്, കേരള സർക്കാർ

വിശദാംശങ്ങൾ **അനുബന്ധം 4.4.3**– ൽ കൊടുത്തിരിക്കുന്നു.

രാജ്യം തിരിച്ച് ജോലിചെയ്യുന്ന വിദേശ മലയാളികൾ

രാജ്യം തിരിച്ച് കണക്കാക്കിയാൽ ഏറ്റവും കൂടുതൽ വിദേശ മലയാളികൾജോലിയിലേർപ്പെട്ടിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് യുഎ.ഇ–ലാണ് 37.5 ശതമാനം. 21.8 ശതമാനം രേഖപ്പെടുത്തിയ സൗദി അറേബ്യയാണ് രണ്ടാം സ്ഥാനത്ത്. രാജ്യം തിരിച്ചുള്ള വിദേശ കുടിയേറ്റക്കാരിൽ 86.3 ശതമാനവും പശ്ചിമേഷ്യയിലാണ്. കാനഡ, യു.കെ മറ്റ് തെക്ക് കിഴക്കൻ രാജ്യങ്ങളിലോട്ടുള്ള കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു വരികയാണ്.

ചിത്രം 4.4.7
രാജ്യം തിരിച്ച് ജോലിചെയ്യുന്ന പ്രവാസികൾ



അവലംബം:-എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

2008–2014 വരെയുള്ള രാജ്യം തിരിച്ച് ജോലി ചെയ്യുന്ന വിദേശ മലയാളികളുടെ വിവരം **ചിത്രം. 4.4.7**–ൽ കൊടുത്തിരിക്കുന്നു.

ജോലി തിരിച്ചുള്ള വിദേശ മലയാളികൾ

കേരളത്തിന്റെ മനുഷ്യ വിഭവ ശേഷി ലോകത്തെവിടെയും വ്യാപിച്ചു കിടക്കുന്ന ഒന്നാണ്. ജോലി അന്വേഷണത്തിന്റെ രീതി അനുസരിച്ച് വിദേശ രാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നവരുടെ രീതിയിൽ മാറ്റം വന്നിരിക്കുകയാണ്. 1970 കാലഘട്ടത്തിൽ വിദേശ രാജ്യങ്ങളിൽ കുടിയേറി പാർത്തിട്ടുള്ള ആകെ തൊഴിലാളികളിൽ വൈദഗ്ധ്യം ഉള്ളവർ കുറവായിരുന്നു. നിലവിൽ വിദഗ്ദ്ധ തൊഴിൽ ചെയ്യുന്നവരായ ഡോക്ടർമാർ, നഴ്സുമാർ, എഞ്ചിനീയർമാർ, വിവര സാങ്കേതിക വിദഗ്ദ്ധർ, അദ്ധ്യാപകർ എന്നിവരുടെ എണ്ണം കൂടിയിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വിദേശ മലയാളികളെ തൊഴിൽ തിരിച്ചു നോക്കിയാൽ 11.85 ശതമാനം പേർ ഡ്രൈവർ തൊഴിൽ ചെയ്യുന്നവരാണ്. 10.99 ശതമാനം കടകളിലും മറ്റും സാധനങ്ങൾ വിൽക്കുന്നവരും, 6.37 ശതമാനം നഴ്സുമാരും, 3.78 ശതമാനം എൻജിനീയർമാരും 2.23 ശതമാനം വിവര സാങ്കേതിക വിദഗ്ദ്ധരും, 0.53 ശതമാനം ഡോക്ടർമാരുമാണ്. പിന്നെയുള്ള 64.25 ശതമാനം പേർ ബിസിനസ്, അദ്ധ്യാപന, ബാങ്ക് മുതലായ മേഖലകളിൽ ജോലികൾ ചെയ്യുന്നവരുമാണ്.

ചിത്രം 4.4.8
വിവിധ തരത്തിലുള്ള തൊഴിലിൽ ഏർപ്പെട്ട് കഴിയുന്ന പ്രവാസികളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ



അവലംബം: എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

ഡോക്ടർമാരിൽ നിന്നും 14.39 ശതമാനവുമായി തിരുവനന്തപുരത്തുള്ള വരാണ് ജോലിക്കാര്യത്തിൽ ഏറ്റവും മുന്നിൽ നില്കുന്നത്. 14.38 ശതമാനമുള്ള കോട്ടയം രണ്ടാം സ്ഥാനത്തും 14.34 ശതമാനമുള്ള എറണാകുളം മൂന്നാം സ്ഥാനത്തുമാണ്. വിദേശ മലയാളി ഡോക്ടർമാർ ഏറ്റവും കുറവ് എണ്ണം രേഖപ്പെടുത്തിയത് വയനാട്ടിലാണ്. നഴ്സുമാരുടെ കാര്യത്തിൽ, 23.73 ശതമാനം രേഖപ്പെടുത്തിയ കോട്ടയമാണ് ഒന്നാം സ്ഥാനത്ത്, 20.75 ശതമാനമുള്ള പത്തനംതിട്ട രണ്ടാം സ്ഥാനത്തും 18.16 ശതമാനം രേഖപ്പെടുത്തിയ എറണാകുളം മൂന്നാം സ്ഥാനത്തുമാണ്. എഞ്ചിനീയർമാരെ സംബന്ധിച്ച് 13.47 ശതമാനമുള്ള എറണാകുളത്തിനാണ് ആദ്യ സ്ഥാനം. 13.23 ശതമാനമുള്ള തൃശ്ശൂരും, 10.11 ശതമാനമുള്ള കോട്ടയവുമാണ് രണ്ടും മൂന്നും സ്ഥാനത്ത് ഉള്ളത്. അദ്ധ്യാപകരെ സംബന്ധിച്ച് 16.69 ശതമാനം രേഖപ്പെടുത്തിയ പത്തനംതിട്ടയാണ് ആദ്യ സ്ഥാനത്ത്. 15.99 ശതമാനമുള്ള ആലപ്പുഴ രണ്ടാം സ്ഥാനത്തും 9.74 ശതമാനം രേഖപ്പെടുത്തിയ കോട്ടയം മൂന്നാം സ്ഥാനത്തുമാണ്. തൊഴിലെടുക്കുന്ന പ്രവാസികളുടെ ജില്ലതിരിച്ചുള്ള എണ്ണം **ചിത്രം. 4.4.8**– ൽ കാണാവുന്നതാണ്. സംസ്ഥാനത്തിന്റെ സാമൂഹ്യ – സാമ്പത്തിക – രാഷ്ട്രീയ – സാംകാരിക വികസനത്തിൽ വിദേശ മലയാളികളുടെ നിർണ്ണായക പങ്ക് സംസ്ഥാന സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. വിദേശ മലയാളികളുടെ എല്ലാതരം ആശങ്കകളും പ്രശ്നങ്ങളും പരിഹരിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുടെ നൂതനമായ സമീപനം വരുന്ന 5 വർഷങ്ങളിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവുകയും ചെയ്യും.

ബോക്സ് 4.4.2
പതിമൂന്നാം പദ്ധതിയിൽ ശുപാർശ ചെയ്യപ്പെട്ട പ്രധാന ഉപക്രമങ്ങൾ

- മെച്ചപ്പെട്ട തൊഴിൽ അവസരങ്ങളുടെ സാധ്യതകളെ വിലയിരുത്തുന്നതിന് കുടിയേറ്റ മേഖലയെ നിരന്തര വിശദമായ വിശകലനത്തിനു വിധേയമാക്കും.
- വികസിത സമ്പദ്ഘടനകളിലെയും പുതുതായി വളർന്നുവരുന്ന വിപണികളിലെയും തൊഴിലും തൊഴിലവസരങ്ങളും കേന്ദ്രീകൃതമായ പ്രവേശനത്തിനായി മാപ്പുചെയ്യും.
- ഹ്രസ്വകാലയളവിലേക്കും ഇടക്കാലയളവിലേക്കും വികസിത രാജ്യങ്ങളിലേക്ക് വിദഗ്ദ്ധരും കൂടുതൽ പ്രതിഫലം ലഭിക്കുന്നവരുമായ പ്രൊഫഷണലുകളെ വിന്യസിക്കുന്നതിന് പ്രാധാന്യം നൽകും.
- ലോകത്തെമ്പാടുമുള്ള വികസന മേഖലകളിൽ മലയാളികൾക്ക് അവരുടെ കാലടികൾ ഉറപ്പാക്കാൻ കഴിയുംവിധം അന്താരാഷ്ട്ര നിലവാരത്തിലേക്ക് അവരുടെ കഴിവുകളെ ഉയർത്തി അംഗീകാരമുള്ള ഏജൻസികളുടെ സർട്ടിഫിക്കറ്റ് ഉറപ്പാക്കണം. പ്രമുഖ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ പ്രത്യേക ആവശ്യകതകൾ തിരിച്ചറിഞ്ഞ് അത്തരം സംഘടനകളിൽ വിന്യസിക്കുന്നതിന് ഉറപ്പ് നൽകിക്കൊണ്ട് തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികൾക്ക് വിദഗ്ധമായ പരിശീലനം നൽകും.
- പ്രവാസി മലയാളികൾക്ക് പുനരധിവാസ പാക്കേജ് പുന:സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട കക്ഷികളുടെ പങ്കാളിത്തവുമായി സഹകരിച്ച് കൂടുതൽ ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തും.
- റിക്രൂട്ട്മെന്റ് ഡിവിഷൻ ശക്തിപ്പെടുത്തുകയും ലോകത്തെമ്പാടുമുള്ള പ്രശസ്തരായ തൊഴിലുടമകൾ നോർക്ക റൂട്ട്സിനെ അവരുടെ സ്റ്റാഫ് ആവശ്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടത്തക്ക രീതിയിൽ ചലനാത്മകമായ ഒന്നായി രൂപാന്തരപ്പെടുത്തും.
- തൊഴിലാളികളുടെ പ്രത്യേകമായ യോഗ്യതകളും തൊഴിൽപരിചയങ്ങളും വിശദമായി നൽകേണ്ടതാണ്. ജീവനക്കാരുടെ യോഗ്യതകൾ ഉറപ്പുവരുത്തുന്നതിനും അവയുടെ കൃത്യത ഉറപ്പാക്കുന്നതിനും വിദഗ്ദ്ധ ഏജൻസിയുടെ സഹായം ലഭ്യമാക്കും.
- സുരക്ഷിതമായ കുടിയേറ്റം സാധ്യമാക്കുന്നതിന് വിദേശത്തേക്ക് പുറപ്പെടുന്നതിനു മുന്നേയുള്ള പരിശീലനവും ക്രമീകരണവും ആധുനികവൽക്കരിക്കും. കുടിയേറ്റം മൂലം നേട്ടമുണ്ടാക്കാൻ തീവ്രമായ ബോധവൽക്കരണ പ്രചാരണങ്ങൾ ഉപയോഗപ്പെടുത്തണം.
- പ്രവാസികളുടെ ഓൺലൈൻ ഡാറ്റാ ബേസ് അവരുടെ നിലവിലെ സ്ഥിതിയും മറ്റ് സുപ്രധാന വിവരങ്ങളും ഡൈനമിക്കായി പ്രതിഫലിപ്പിക്കുന്നതിനായി ഒരു സ്ഥിരം പ്ലാറ്റ്ഫോമായി നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യും.
- പ്രവാസവും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ടു ഉയർന്ന ഗവേഷണ പഠനത്തിനായി മൈഗ്രേഷൻ പഠന ഇൻസ്റ്റിറ്റ്യൂട്ട്.
- സംസ്ഥാനവും പ്രവാസികളും തമ്മിലുള്ള ഇടപെടലിനായി സംസ്ഥാന നിയമസഭയിലെ അംഗങ്ങളും പ്രവാസ രാജ്യങ്ങളിൽ/പ്രദേശങ്ങളിലുള്ള ജനസംഖ്യയുടെ അനുപാതത്തിൽ സംസ്ഥാന ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന പ്രവാസികളുടെ പ്രതിനിധികളുമായി ലോക കേരള സഭ രൂപീകരിക്കും.
- പ്രവാസികൾ ഉൾപ്പെടുന്ന ഗ്ലോബൽ കേരള കൾച്ചറൽ ഫെസ്റ്റിവൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

  അതിലൂടെ പ്രവാസികളെ സംസ്ഥാനത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ കഴിയുകയും അവർ ഇപ്പോൾ താമസിക്കുന്ന രാജ്യം, പ്രദേശം, സംസ്ഥാനം എന്നിവയുടെ കലയും സംസ്കാരവും പങ്കുവെക്കാനും കഴിയും.
- വിസ തട്ടിപ്പിനെക്കുറിച്ച ബോധവൽക്കരണ പ്രചരണങ്ങൾക്ക് മുൻഗണന നൽകും. വ്യക്തിഗത പരിപാടികളുടെ വിശദമായ പഠനത്തിനുശേഷം കാലാകാലങ്ങളിൽ ആവശ്യമായ പരസ്യത്തിന്റെ കാലയളവ്, ഇടവേള, രീതി എന്നിവ സംബന്ധിച്ച തന്ത്രങ്ങൾ നിർമിക്കപ്പെടും.

ബോക്സ് 4.4.3
ലോക കേരള സഭ

പ്രവാസികളെ ഔദ്യോഗികമായി അംഗീകരിക്കുക എന്നത് വളരെ നിർണ്ണായകമാണ്. ഒരു പ്രാതിനിധ്യ വേദി സൃഷ്ടിക്കുന്നത് അവർക്ക് ഒരുമിച്ച് കൂടുന്നതിനും അവർക്ക് സ്വദേശവുമായി ബന്ധം പുലർത്തുന്നതിനും വേണ്ടിയുള്ള അർത്ഥവത്തായ ഒരു മാർഗ്ഗമാണ്. സ്വദേശവും പ്രവാസി മലയാളികളും തമ്മിലുള്ള സമ്പർക്ക പ്രാധാന്യം കണക്കിലെടുത്ത് നിയമസഭ സാമാജികരും, ഓരോ രാജ്യത്തും മേഖലയിലുമുള്ള പ്രവാസി മലയാളികളുടെ ജനസംഖ്യയ്ക്ക് ആനുപാതികവുമായി ഗവണ്മെന്റ് നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികളും ഉൾപ്പെട്ട "ലോക കേരളസഭയ്ക്ക്" രൂപം നൽകുന്നതാണ്. രാജ്യത്തിനകത്തോ, പുറത്തോ മേഖല അടിസ്ഥാനത്തിലോ ആഗോള കൂട്ടായ്മ എന്ന നിലയിൽ ഈ സഭയ്ക്ക് രൂപം നൽകാവുന്നതാണ്. പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചയ്ക്കും വിചിന്തനത്തിനും പ്രാപ്തമാക്കുന്നതിനും രാജ്യത്തിന് അകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം നിർമ്മിച്ചെടുക്കുന്നതിനും ലോക കേരളസഭ സഹായിക്കും. ഈ സഭ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സമ്മേളിക്കണം. ഉപദേശക സ്വഭാവമുള്ളതും പ്രവാസി മലയാളികളുടെ ആകുലതകളുടെ ശബ്ദം വെളിവാക്കുന്നതിനുമുള്ള വേദി ആയിരിക്കുകയും നയരൂപീകരണത്തിനാവശ്യമായ സംഭാവനകൾ നൽകുകയും വേണം. ഈ സഭ 2 വർഷത്തിൽ ഒരിയ്ക്കലെങ്കിലും കൂടുന്നതായിരിക്കും. പ്രവാസികളെ ബന്ധപ്പെട്ടുള്ള നയരൂപീകരണത്തിന് ശുപാർശ നൽകുന്ന വേദിയായിരിക്കും.

ബോക്സ് 4.4.4
നോർക്ക റൂട്ട്സ് നൽകുന്ന പദ്ധതികളും സേവനങ്ങളും– ഒരു അവലോകനം

തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം: തിരിച്ചെത്തുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കുക, അല്ലെങ്കിൽ അവർക്കു സ്വയം തൊഴിൽ കണ്ടെത്താൻ അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഗവണ്മെന്റ് നോർക്കാ ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേണ്ഡ് എമിഗ്രന്റ്സ് എന്ന പ്ദധതി ആരംഭിച്ചു. സുസ്ഥിര ബിസിനസ് മാതൃക തയ്യാറാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. അഗ്രി–ബിസിനസ്സ്, വ്യാപാരം, സേവനം, നിർമ്മാണം എന്നീ മേഖലകളിലെ സംരംഭകർക്ക് അവരുടെ പദ്ധതി ആരംഭിക്കാൻ പത്തു ശതമാനം മൂലധന സബ്സിഡിയായി നൽകും.

സാന്ത്വനം:– വിദേശത്ത് രണ്ടു വർഷത്തിൽ കുറയാത്ത സേവനം നടത്തി തിരിച്ചെത്തി 10 വർഷം കഴിയാതെ, വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ളവർക്കായി വൈദ്യ സഹായം, കുട്ടികളുടെ വിവാഹാവശ്യങ്ങൾ എന്നിവയ്ക്കുള്ള സഹായ പദ്ധതിയാണിത്. ഈ പദ്ധതിയുടെ കീഴിൽ ചികിത്സാ സഹായമായി 50,000 രൂപയും, മരണത്തിനായി 100,000 രൂപയും വിവാഹ സഹായമായി 15,000 രൂപയും വീൽച്ചെയറിനും ക്രച്ചസ്സിനും കൃത്രിമ കാലിനും 10,000 രൂപയും നൽകുന്നുണ്ട്.

സ്വപ്ന സാഫല്യം: താഴ്ന്ന തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസി മലയാളികൾ വളരെയധികം ദുരിതങ്ങൾക്ക് ഇരയാകുന്നു. സൗദി അറേബ്യയിൽ മാത്രമായി തങ്ങളുടേതല്ലാത്ത കുറ്റങ്ങളാൽ ജയിലിലായ പ്രവാസി മലയാളികൾക്ക് അവർ ജയിലിൽ നിന്ന് മോചിതരാവുന്ന സമയത്ത് എയർടിക്കറ്റ് നൽകുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

പ്രവാസി ലീഗൽ അസിസ്റ്റൻസ് (പ്രവാസി ലീഗൽ എയ്ഡ് സെൽ): കേരളത്തിൽ നിന്നും മധ്യകിഴക്കൻ രാജ്യങ്ങളിലേക്ക് കുടിയേറിപ്പാർക്കുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് അവർ

നേരിടുന്ന കോടതി കേസുകളും നിയമ പ്രശ്നങ്ങളും. ഒരു വ്യക്തമായ നിയമസഹായം ഇല്ലാത്തതിനാൽ പാവപ്പെട്ട പ്രവാസികൾ ജയിലുകളിൽ പോലും എത്തപ്പെടുകയും എല്ലാതരത്തിലുള്ള ശിക്ഷകൾക്ക് വിധേയരാകേണ്ടി വരികയും ചെയ്യുന്നു. യഥാർത്ഥത്തിൽ നിസ്സാര കേസ്സുകളിൽ ചിലപ്പോൾ യാതൊരു കുറ്റവും ചെയ്യാതെപോലും വലിയ ശിക്ഷയാണ് അനുഭവിക്കേണ്ടി വരുന്നത്. ഇത്തരം കേസുകളുടെ ആധിക്യം പരിഗണിച്ച് അർഹരായവർക്ക് ഏതെങ്കിലും തരത്തിലുള്ള നിയമ സഹായം സർക്കാർ നൽകണമെന്ന കുടിയേറ്റ തൊഴിലാളികളുടെ ആവശ്യം കണക്കിലെടുക്കേണ്ടതുണ്ട്.

24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്ററുകൾ: വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും വിഷമഘട്ടത്തിലുള്ളവർക്ക് കൗണ്സിലിംഗ് നടത്തുന്നതിനും വിദേശത്ത് പോകുന്നവർക്കും പോകാൻ ആഗ്രഹിക്കുന്നവർക്കും അംഗീകൃത കുടിയേറ്റത്തിനെക്കുറിച്ചും ഈ മേഖലയിൽ നടക്കുന്ന ചൂഷണങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക, പ്രവാസി മലയാളികൾക്കു വേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്ന സഹായിയായി നിൽക്കുക തുടങ്ങിയവയ്ക്കായി സർക്കാരും നോർക്കാ റൂട്ട്സും നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരവ്യാപനം നടത്തുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം:– കുടിയേറ്റത്തെക്കുറിച്ച് പൊതുവായും വിദേശ തൊഴിൽ നിയമങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പൊതുജനങ്ങൾക്ക് അവബോധം കുറവാണ്. നിയമാനുസൃതമായ കുടിയേറ്റം സാദ്ധ്യമാകുന്ന തരത്തിൽ തൊഴിൽ അന്വേഷകർക്ക് പരിശീലനവും അവബോധവും നൽകുന്നതിനുള്ള പദ്ധതിയാണിത്. സംസ്ഥാനത്ത് കൂടുതൽ ഗ്രാമീണ മേഖലകളിലേക്ക് ഈ പരിപാടി വ്യാപിപ്പിക്കുന്നത് വഴി വിസതട്ടിപ്പ്, അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ നിയമാനുസൃതമല്ലാത്ത കുടിയേറ്റം തുടങ്ങിയ കാര്യങ്ങൾ അവസാനിപ്പിക്കുന്നതിന് സഹായകരമായിരിക്കും.

അദ്ധ്യായം 5

പശ്ചാത്തല സൗകര്യം

അദ്ധ്യായം 5

പശ്ചാത്തല സൗകര്യം

ദേശീയ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ സമഗ്ര വികസന നിയന്ത്രണത്തിൽ പശ്ചാത്തല സൗകര്യങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. പ്രധാനപ്പെട്ട പശ്ചാത്തലമേഖലകളായ റോഡുകൾ, റോഡ്ഗതാഗതം, ജലഗതാഗതം, തുറമുഖങ്ങൾ, ഊർജ്ജം, നഗരവികസനം, വാർത്താവിനിമയം, കായികം എന്നിവയാണ് പ്രസ്തുത വിഭാഗത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ പശ്ചാത്തല മേഖലയിലുണ്ടാകുന്ന പരിവർത്തനങ്ങൾ വിദേശ സംരഭത്വം വർദ്ധിപ്പിക്കുന്നതിന് സഹായമാകുന്നു. സമഗ്ര പശ്ചാത്തല സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വിവിധ സർക്കാർ പദ്ധതികൾ, പരിപാടികൾ, നയം എന്നിവയാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നത്. പദ്ധതി മുഖേനയും, പ്രധാനപ്പെട്ട നൂതന സ്ഥാപനമായ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേനയും പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കാവുന്നതാണ്. കേരളത്തിൽ, സാമ്പത്തിക വളർച്ചയും, സാമൂഹ്യ പുരോഗതിയും ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് സമീപകാലത്ത് നൽകി വരുന്ന പ്രാധാന്യം തുടരേണ്ടതാണ്. തുല്യത ഉറപ്പാക്കുന്ന പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതു നിക്ഷേപങ്ങൾ കിഫ്ബി വഴി സമാഹരിക്കാവുന്നതാണ്.

ഗതാഗത പശ്ചാത്തലം

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിൽ ഗതാഗതത്തിന് ഗണനീയമായ സ്ഥാനമാണുള്ളത്. ഇന്ത്യയിലെ വിസ്തൃതമായ റോഡ് ശൃംഖല ദശലക്ഷകണക്കിനുള്ള ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നു. ഇന്ത്യൻ റോഡ് ശൃംഖല 4.88 ദശലക്ഷം കിലോ മീറ്റർ ദൈർഘ്യത്തിൽ ലോകത്തെ മൂന്നാമത്തെ വലിയ റോഡ് ശൃംഖലയാണ്. ലോകബാങ്ക് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ദേശീയ പാതകളുടെ ദൈർഘ്യം 92,851 കി.മീറ്ററാണ്. ഇത് ആകെ ദൈർഘ്യത്തിന്റെ 2 ശതമാനം മാത്രമാണെങ്കിലും ആകെ ട്രാഫിക്കിന്റെ 40 ശതമാനം ദേശീയപാതയിലൂടെയാണ്. ദേശീയ പാതകളുടെ ആകെ ദൈർഘ്യത്തിന്റെ 24 ശതമാനം മാത്രമാണ് നാലു വരിപ്പാതകൾ ഉള്ളത്. ബാക്കിയുള്ളവ രണ്ടു വരിയോ, അതിൽ താഴെയോ മാത്രമാണ്. ഒരോറ്റ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ റെയിൽവെ (66,687 കിലോമീറ്റർ റൂട്ട് ദൈർഘ്യം) ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ റെയിൽവെ ശൃംഖലയാണ്.

റെയിൽവെയുടെ വരുമാനത്തിന്റെ 67 ശതമാനം ചരക്കു ഗതാഗതം മുഖേനയാണ്. വ്യോമഗതാഗത മേഖലയിൽ അനുക്രമമായ പുരോഗതി ഉണ്ടാകുന്നതോടൊപ്പം, സ്വകാര്യ മേഖലയുടെ പങ്കാളിത്തവും, വ്യോമഗതാഗത പശ്ചാത്തല മേഖലയുടെ വികസനവും സാധ്യമാകുന്നു.

ചരക്കു ഗതാഗത മേഖലയിൽ മറ്റ് ഗതാഗത മാർഗ്ഗങ്ങളായ ഉൾനാടൻ ജലഗതാഗതവും തീരദേശ ഗതാഗതവും ചരക്കു നീക്കത്തിൽ പ്രധാന പങ്കു വഹിക്കുന്നു. 7,512 കി.മീ തീരദേശ മേഖലയുള്ള ഇന്ത്യയിൽ 12 വൻകിട തുറമുഖങ്ങളും 200 ചെറുകിട തുറമുഖങ്ങളും നിലവിലുള്ളതിൽ 30 തുറമുഖങ്ങൾ മുഖേന ചരക്കുഗതാഗതം സാധ്യമാകുന്നു. ചെറുകിട വൻകിട തുറമുഖങ്ങൾ മുഖേന ഏകദേശം 53 ദശലക്ഷം ടൺ ചരക്കുഗതാഗതം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും, ആഭ്യന്തര ചരക്കു ഗതാഗത മേഖലയിൽ തീരദേശ ഉൾനാടൻ ജലഗതാഗതത്തിന്റെ പങ്ക് ഏകദേശം ഒരു ശതമാനം മാത്രമാണ്.

സംസ്ഥാന പശ്ചാത്തല മേഖല 2.19 ലക്ഷം കി.മീറ്റർ റോഡുകൾ, 1,588 കി.മീറ്റർ റെയിൽവെ, 1,687 കി.മീറ്റർ ഉൾനാടൻ ജലഗതാഗതം, 18 തുറമുഖങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്. 38,863 ച.കി.മീറ്റർ വിസ്തീർണ്ണമുള്ളതും, വൈവിധ്യമായ ഭൂപ്രകൃതിയോടു കൂടിയ കേരളത്തിന്റെ പൊതു ഗതാഗത മേഖലയിൽ, റോഡ് ഗതാഗതമാണ് മുഖ്യ പങ്കു വഹിക്കുന്നത്. കേരളത്തിൽ ആകെ 25,449 ബസ്സുകൾ നിലവിലുള്ളതിൽ 19,496 സ്വകാര്യ ബസ്സുകളും (77 ശതമാനം), 5,953 (23 ശതമാനം) കെ.എസ്.ആർ.റ്റി.സി ബസ്സുകളുമാണ്. തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലകളിലും സ്വകാര്യ ബസ്സുകളുടെ എണ്ണം, കെ.എസ്.ആർ.റ്റി.സി ബസ്സുകളെക്കാൾ കൂടുതലാണ്. പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിലായി 1,588 കി.മീറ്റർ ട്രാക്ക് ദൈർഘ്യത്തിൽ 1,257 റൂട്ട് ദൈർഘ്യത്തിൽ റെയിൽവെ ശൃംഖല നിലവിലുണ്ട്. കേരളത്തിൽ ജലഗതാഗത സ്രോതസ്സുകളായ നദികൾ, തടാകങ്ങൾ, നദീ മുഖങ്ങൾ, കായലുകൾ എന്നിവയിൽ 1,895 കി.മീറ്റർ ദൈർഘ്യത്തിൽ ഉൾനാടൻ ജലഗതാഗതം സാധ്യമാണ്. ഉൾനാടൻ ജലഗതാഗതം പരിസ്ഥിതി സൗഹൃദവും കാര്യക്ഷമവുമായ ഗതാഗത മാർഗ്ഗമാണ്. ദീർഘദൂര ചരക്കുഗതാഗതത്തിന് തീരദേശ ഗതാഗതത്തെ അവലംബിക്കുന്നു. ബഹുമാർഗ്ഗ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതു വഴി, കേരളത്തിൽ ലഭ്യമായ 585 കി.മീറ്റർ തീരദേശംചരക്കുഗതാഗത പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കി മാറ്റാവുന്നതാണ്.

കേരളത്തിൽ, ഒരു വൻകിട തുറമുഖവും, 17 ചെറുകിട തുറമുഖങ്ങളുമാണുള്ളത്. ബർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, ചരക്കു സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ നാല് ഇടത്തരം തുറമുഖങ്ങളാണ് സംസ്ഥാനത്തുള്ളത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിങ്ങനെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് കേരളത്തിൽ നിലവിലുള്ളത്. നിലവിലുള്ള എല്ലാ വിമാനത്താവളങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ളവയാണെന്ന പ്രത്യേകത കേരളത്തിന് സ്വന്തമാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പൂർത്തിയാകുന്ന തോടുകൂടി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള സംസ്ഥാനമായ തമിഴ്നാടിനൊപ്പം കേരളവും എത്തിച്ചേരും. നഗരങ്ങളെ ബന്ധിപ്പിച്ചുള്ള ഗതാഗത പ്രവർത്തനങ്ങൾക്ക് പൊതുഗതാഗത മാർഗ്ഗത്തിന്റെ പ്രായോഗികത മനസ്സിലാക്കി കേരള ഗവൺമെന്റ് കൊച്ചി മെട്രോ പദ്ധതി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ലൈറ്റ് മെട്രോപദ്ധതി എന്നിവയ്ക്ക് പ്രാരംഭം കുറിച്ചിട്ടുണ്ട്. ഈ പൊതുഗതാഗത മാർഗ്ഗം പ്രാവർത്തികമാകുന്നതോടു കൂടി പ്രധാന നഗരങ്ങളിലെ ഗതാഗതബാഹുല്യം കുറയ്ക്കുന്നതിന് സാധിക്കും.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്തു വകുപ്പ് (റോഡുകളും പാലങ്ങളും വിഭാഗം), ദേശീയ പാതകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജലസേചന വകുപ്പ്, വനം വകുപ്പ്, റെയിൽവെ എന്നീ ഏജൻസികളാണ് കേരളത്തിലെ റോഡുകൾ പരിപാലിക്കുന്നത്. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ സെന്റർ (നാറ്റ്പാക്), മോട്ടോർ വാഹന വകുപ്പ്, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി), റോഡുകളും, പാലങ്ങളും വികസന കോർപ്പറേഷൻ, കേരള (ആർ.ബി.ഡി.സി.കെ), കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി),

പട്ടിക 5.1
പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഗതാഗത മേഖലയ്ക്ക് വകയിരുത്തിയ തുക, ചെലവാക്കിയ തുക, 2017–18 വാർഷിക പദ്ധതിയിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	ഉപമേഖലകൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി		വാർഷികപദ്ധതി 2017–18	
		വിഹിതം	ചെലവ്	വിഹിതം	ചെലവ് (09/17)
1	തുറമുഖ വകുപ്പ്	121,627.00	78,063.12 (64.18%)	13,811.00	10,085.25 (73.02%) **
2	റോഡുകളും പാലങ്ങളും	43,8942.00	980,699.54 (223.42%)	135,094.00	79,484.39 (58.84%)
3	റോഡു ഗതാഗതം	40,093.00	27,275.62 (68.03%)	8,286.00	3,310.55 (39.95%)
4	ഉൾനാടൻ ജലഗതാഗതം	72,600.00	18,378.68 (25.31%)	16,307.00	263.45 (1.63%)

അവലംബം:ബജറ്റ്, സംസ്ഥാന ആസൂത്രണ ബോർഡ്.
*** വൻകിട പശ്ചാത്തല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുലക്ഷം രൂപ നാമമാത്ര വിഹിതം വകയിരുത്തിയിട്ടുള്ള വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ പദ്ധതിയുടെ ചെലവായ 10,000 ലക്ഷം രൂപ ചെലവ് ഇതിൽ ഉൾപ്പെടുന്നു.*

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (ആർ.ഐ.സി.കെ) ലിമിറ്റഡ് എന്നിവയാണ് ഗതാഗത മേഖലയുമായി ബന്ധിപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ.

ഗതാഗത മേഖലയ്ക്ക് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വകയിരുത്തിയ തുക, ചെലവാക്കിയ തുക, 2017–18 വാർഷിക പദ്ധതിയിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 5.1** –ൽ കൊടുത്തിരിക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി – ധനകാര്യ പ്രവർത്തനങ്ങൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആകെ പദ്ധതി വിഹിതമായ 102,000 കോടി രൂപയിൽ 8,540.00 കോടി രൂപയാണ് ഗതാഗത മേഖലയ്ക്ക് വകയിരുത്തിയത്. ഇത് മൊത്തം വിഹിതത്തിന്റെ 8.37 ശതമാനമാണ്. എന്നാൽ, പതിനൊന്നാം പദ്ധതിയിൽ ഇത് 9.8 ശതമാനമായിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വൻകിട പശ്ചാത്തല വികസന പദ്ധതികൾ,"മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്" എന്ന ശീർഷകത്തിലേക്ക് മാറ്റിയതിനാലാണ് ഗതാഗത മേഖലയുടെ വിഹിതം കുറഞ്ഞു പോയത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ റോഡുകളും പാലങ്ങളും വിഭാഗത്തിന് 438,942.00 ലക്ഷം രൂപ വകയിരുത്തിയതിൽ 980,699.51 ലക്ഷം രൂപ (223.42 ശതമാനം) ചെലവാക്കിയിട്ടുണ്ട്. റോഡ് ഗതാഗത മേഖലയ്ക്ക് വകയിരുത്തിയ 40,093.00 ലക്ഷം രൂപയിൽ 27,275.62 ലക്ഷം രൂപ (68.03 ശതമാനം) ചെലവാക്കിയിട്ടുണ്ട്

റോഡുകളും പാലങ്ങളും മേഖല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഗതാഗതമേഖലയിൽ ചെലവുകൾ വിശകലനം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ (36.37 ശതമാനം) തുക വിനിയോഗിച്ചത് പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും, മെച്ചപ്പെടുത്തലിനുമാണ്. നബാർഡ് സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഗ്രാമീണ റോഡുകൾക്കായി 9.56 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും ലക്ഷ്യമിടുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി) ക്ക് 11.26 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ റോഡുകളും പാലങ്ങളും ഉപമേഖലയുടെ ചെലവ് 223.42 ശതമാനമാണ്. ബജറ്റ് വിഹിതത്തേക്കാൾ അധിക ചെലവ് പ്രസ്തുത ഉപമേഖലയിൽ ഉണ്ടാകുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്

- പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ബില്ലുകൾ പന്ത്രണ്ടാം പദ്ധതിയിൽ

ക്രമപ്പെടുത്തുന്നതിനാൽ

- ഭൗതിക പുരോഗതി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് തീർപ്പാക്കുന്നതിനാൽ
- ബജറ്റ് വിഹിതം അധികരിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകൽ

സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനും, ചെലവു കുറഞ്ഞ രീതിയിലുള്ള ചരക്കു നീക്കം, യാത്ര എന്നിവയ്ക്കും കാര്യക്ഷമമായ റോഡു പശ്ചാത്തലം ആവശ്യമാണ്. കേരളത്തിലെ റോഡു ശൃംഖല പരസ്പരം ഫലപ്രദമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും, പാർശ്വങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വളരെയധികം പരിമിതികൾ നേരിടുന്നുണ്ട്. നിലവിൽ, റോഡുകളിലൂടെയുള്ള ഗതാഗതം ഉൾക്കൊള്ളാവുന്നതിലധികമാണ്. റോഡു ഗതാഗത വാർഷിക വളർച്ച 10 മുതൽ 11 ശതമാനമാണ്. നിലവിലുള്ള റോഡുകൾക്ക് ഗതാഗതം ഉൾക്കൊള്ളാനാവാത്തതിനുള്ള കാരണം, ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രശ്നങ്ങളും, റോഡിന്റെ വീതി വർദ്ധിപ്പിക്കാനാവാത്തതുമാണ്. ഗതാഗത മേഖലയിലെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്തും 2017–18 വാർഷിക പദ്ധതിയിലും അനുവദിച്ച തുക ചെലവഴിച്ച തുക എന്നിവ വകുപ്പ് തിരിച്ച് **പട്ടിക 5.2** –ൽ കൊടുത്തിരിക്കുന്നു.

ഗതാഗത വാർത്താ വിനിമയ രംഗത്തെ 2010 മുതലുള്ള വികസന സൂചികകൾ **അനുബന്ധം 5.1** –ൽ കൊടുത്തിരിക്കുന്നു. ഗതാഗത മേഖലയിലെ വളർച്ചാ നിരക്ക് 10 മുതൽ 11 ശതമാനം വരെയാണ്. തത്ഫലമായി സംസ്ഥാനത്തെ റോഡു മേഖലയിൽ അമിത ഗതാഗത ഞെരുക്കം അനുഭവപ്പെടുന്നു. കേരളത്തിന്റെ റോഡു ദൈർഘ്യം 2016–17 –ൽ 218,942.426 കി.മീറ്ററാണ്. ഇതിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ളവയും അല്ലാത്തവയും ഉൾപ്പെടുന്നു. സംസ്ഥാനത്തെ റോഡു സാന്ദ്രത 554.35 കീ.മീറ്റർ/100 ച.കീ. മീറ്ററാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (387 കി.മീറ്റർ/100 ച.കീ.മീറ്റർ) വളരെ കൂടുതലാണ്. ഒരു ലക്ഷം ജനസംഖ്യയ്ക്ക് ലഭ്യമായിട്ടുള്ള റോഡു ദൈർഘ്യം 655.7 കീ.മീറ്ററാണ്. മിക്കവാറും 90 ശതമാനം റോഡുകളും ഒറ്റവരി പാതകളാണ്. ദേശീയ പാതകളെ പ്രാഥമിക റോഡുകളായും, സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും ദ്വിതീയ റോഡുകളായും കണക്കാക്കപ്പെടുന്നു. ദേശീയ പാതകളിലൂടെ 40 ശതമാനം ഗതാഗതവും, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയിലൂടെ 40 ശതമാനം ഗതാഗതവും നടന്നു വരുന്നു. 10 ശതമാനത്തിൽ താഴെയുള്ള

പട്ടിക 5.2
ഗതാഗത മേഖലയിലെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്തും 2017–18 വാർഷിക പദ്ധതിയിലും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വകുപ്പ് തിരിച്ച്
(തുക ലക്ഷത്തിൽ)

ക്രമ. നമ്പർ	വകുപ്പുകൾ	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി		വാർഷിക പദ്ധതി 2017–18	
		വിഹിതം	ചെലവ്	വിഹിതം	ചെലവ് (09/17 വരെ)
1	പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)	400,680.00	860,622.13 (214.8%)	125,072.00	76,439.705 (61.11%)
2	പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത)	38,262.00	120,077.41 (313.83%)	10,022.00	3,044.69 (30.38%)
ആകെ (പൊതു മരാമത്ത് വകുപ്പ്)		**438,942.00**	**980,699.54 (223.42%)**	**135,094.00**	**79,484.39 (58.84%)**
3	കെ.എസ്.ആർ.റ്റി.സി	26,165.00	22,065.00 (84.33%)	4,468.00	3,070.00 (68.71%)
4	മോട്ടോർ വാഹന വകുപ്പ്	13,928.00	5,210.62 (37.41%)	3,818.00	350.55 (9.18%)
	ആകെ (ട്രാൻസ്പോർട്ട്)	**40,093.00**	**27,275.62 (68.03%)**	**8,286.00**	**3,310.55 (39.95%)**

അവലംബം:ബജറ്റ്, സംസ്ഥാന ആസൂത്രണ ബോർഡ്.

പട്ടിക 5.3
കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകൾ സംബന്ധിച്ച വിവരങ്ങൾ 2016-17

ക്രമ നമ്പർ	വകുപ്പുകൾ	ദൈർഘ്യം (കി.മി)	%
1	പഞ്ചായത്തുകൾ (എൽ.എസ്.ജി.ഡി)	152,777.210	69.79
2	പൊതുമരാമത്തു വകുപ്പ് (റോഡുകളും പാലങ്ങളും)	31,812.106	14.54
3	മുനിസിപ്പാലിറ്റികൾ	18,411.870	8.41
4	കോർപ്പറേഷനുകൾ	6,644.000	3.03
5	വനം വകുപ്പ്	4,575.770	2.07
6	ജലസേചന വകുപ്പ്	2,611.900	1.19
7	പൊതുമരാമത്തു വകുപ്പ് (ദേശീയ പാതകൾ)	1,781.570	0.82
8	മറ്റുള്ളവ (റെയിൽവെ, വൈദ്യുതി വകുപ്പ്)	328.000	0.15
	ആകെ	**218,942.426**	**100**

അവലംബം: വിവിധ വകുപ്പുകൾ

റോഡുകളിലൂടെയാണ് 80 ശതമാനത്തിലധികമുള്ള ഗതാഗതം നടക്കുന്നത്. സംസ്ഥാനത്തെ വിവിധ ഏജൻസികൾ പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ **പട്ടിക 5.3** -ൽ കൊടുത്തിരിക്കുന്നു.

ചില മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2016-17 ൽ പരിപാലിച്ച റോഡുകളുടെ ദൈർഘ്യമായ 152,777.210 കീ.മീറ്റർ (69.79 ശതമാനം), അവയിൽ 130,059 (85.13 ശതമാനം) ടാർ ചെയ്തവയും, 8498.35 കി.മീറ്റർ (5.56 ശതമാനം) റോഡുകൾ സിമന്റ് കോൺക്രീറ്റുമാണ്.

പൊതുമരാമത്തു വകുപ്പ്

കേരളത്തിലെ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ തുടങ്ങിയവ പരിപാലിക്കുന്നത് പൊതുമരാമത്തു വകുപ്പ് (റോഡുകളും പാലങ്ങളും) വിഭാഗമാണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള റോഡ് ശൃംഖലയുടെ 15 ശതമാനമായ പൊതുമരാമത്തു വകുപ്പ് റോഡുകളിലൂടെ 80 ശതമാനം റോഡുഗതാഗതമാണ് നടക്കുന്നത്. പൊതുമരാമത്തു വകുപ്പ് (റോഡുകളും പാലങ്ങളും) 2016-17 -ൽ പരിപാലിച്ച റോഡ് ദൈർഘ്യം 31,812.106 കി.മീറ്ററായിരുന്നു. ഇതിൽ 4,341.65 (13.65 ശതമാനം) കി.മീറ്റർ റോഡുകൾ സംസ്ഥാന പാതകളും, 27,470.455 (86.35 ശതമാനം) കി.മീറ്റർ റോഡുകൾ പ്രധാന ജില്ലാ റോഡുകളുമാണ്. സംസ്ഥാന പാതകളുടെ ആകെ ദൈർഘ്യമായ 4,341.651 കി.മീറ്ററിൽ, 1,640 കി.മീറ്റർ റോഡുകൾ ഇരട്ടവരിപ്പാതകളും, 2,404 കി.മീറ്റർ ഒറ്റവരി പാതകളോ അതിലും താഴെയുള്ളവയോ ആണ്. 27,470.455 കി.മീറ്റർ പ്രധാന ജില്ലാ റോഡുകളിൽ, 1,310 കി.മീറ്റർ സ്റ്റാന്റേർഡ് രണ്ടുവരിപ്പാതകളും 26,160 കി.മീറ്റർ ഒറ്റവരിപാതകളുമാണ്. പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന റോഡുകളിൽ 2,950 കി.മീറ്റർ അതായത് 9.27 ശതമാനം റോഡുകൾ മാത്രമേ രണ്ടു വരിപാതകളായുള്ളൂ.

പൊതുമരാമത്തു വകുപ്പ് പരിപാലിക്കുന്ന ആകെ ദൈർഘ്യമായ 31,812.106 കീ.മീറ്ററിൽ ഏറ്റവും കൂടുതൽ ദൈർഘ്യം കോട്ടയം ജില്ലയിലും 3,456.214 കീ.മീറ്റർ (10.86 ശതമാനം) ഏറ്റവും കുറവ് ദൈർഘ്യം 1,029.314 കീ.മീറ്റർ (3.24 ശതമാനം) വയനാട് ജില്ലയിലുമാണ്. പൊതുമരാമത്തു വകുപ്പ് പരിപാലിക്കുന്ന റോഡു ദൈർഘ്യം 2017 മാർച്ച് 31വരെയുള്ളത് ജില്ല തിരിച്ച് **അനുബന്ധം 5.2** -ൽ കൊടുത്തിരിക്കുന്നു.
പൊതുമരാമത്തു വകുപ്പു റോഡുകളിൽ 2017 മാർച്ച് 31 വരെ 1,806 പാലങ്ങളും 51,400 കലുങ്കുകളുമുണ്ട്. അതിൽ, 61 പാലങ്ങളും, 1,557

ബോക്സ് 5.1
പൊതുമരാമത്തു വകുപ്പിന്റെ (റോഡുകളും പാലങ്ങളും) 2016–17 ലെ പ്രധാന സംരംഭങ്ങൾ

- പുതിയ വൻകിട പദ്ധതികളുടെ രൂപീകരണത്തിനായി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് പൊതുമരാമത്ത് വകുപ്പിൽ രൂപീകരിച്ചു.
- ആന്വിറ്റി അടിസ്ഥാനത്തിൽ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, കേരള ലിമിറ്റഡ്, സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെൻറ് പ്രോജക്ട് (എസ്.ആർ.ഐ.പി) നടപ്പിലാക്കുന്നു.
- കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവസ്റ്റ്ഫണ്ട് ബോർഡ് (കിഫ്ബി)–ൽ ഉൾപ്പെടുത്തുന്നതിനായി പശ്ചാത്തല വികസന പദ്ധതികൾ തയ്യാറാക്കൽ.
- വൻകിട പദ്ധതികളിൽ, പരിസ്ഥിതി നിയന്ത്രണ പ്രക്രിയകൾ, പരിസ്ഥിതി സെൽ ഉറപ്പു വരുത്തുന്നു.
- PRICE – സോഫ്റ്റ് വെയർ രണ്ടാംഘട്ട പ്രവർത്തനങ്ങൾ.
- ഗുണനിലവാര നിയന്ത്രണ യൂണിറ്റുകൾ – എല്ലാ ജില്ലയിലും പ്രാദേശിക ലബോറട്ടറികൾ.
- റോഡ് നിർമ്മാണത്തിൽ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്ക്, നാച്യുറൽ റബ്ബർ, മോഡിഫൈഡ് ബിറ്റുമിൻ (NRBM), കയർ എന്നിവയുടെ ഉപയോഗം.

കലുങ്കുകളും സുരക്ഷിതാവസ്ഥയിലല്ലാത്തതിനാൽ പുനർനിർമ്മാണം/നവീകരണം ആവശ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.3, 5.4, 5.5, 5.6** എന്നിവയിൽ കൊടുത്തിരിക്കുന്നു. പൊതുമരാമത്തു വകുപ്പിന്റെ (ആർ&ബി) 2016–17 ലെ പ്രധാന സംരംഭങ്ങൾ **ബോക്സ് 5.1** –ൽ കൊടുത്തിരിക്കുന്നു.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ)

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്കു വേണ്ടി സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, ദേശീയ പാതകൾ എന്നിവയുടെ നിർമ്മാണ പരിപാലനങ്ങൾക്കാവശ്യമായ നയ രൂപീകരണം, ആസൂത്രണം, മാതൃകകൾ തയ്യാറാക്കൽ എന്നിവ സംസ്ഥാന പൊതുമരാമത്തു വകുപ്പിൽ നിക്ഷിപ്തമാണ്. പശ്ചാത്തല വികസന പ്രവർത്തനങ്ങളിൽ സംസ്ഥാന പൊതുമരാമത്തു വകുപ്പിന് വളരെയധികം പ്രാധാന്യമുണ്ട്. ആയതിനാൽ, കാലാനുസൃതമായ ആവശ്യങ്ങൾ നേരിടുന്നതിനായി സ്വകാര്യ പങ്കാളിത്തം, ബഹുരാഷ്ട്ര ഫണ്ടിംഗ് ഏജൻസികളായ ജപ്പാൻ അന്താരാഷ്ട്ര സഹകരണ ബാങ്ക് (ജെ.ബി.ഐ.സി), ലോകബാങ്ക്, എ.ഡി.ബി എന്നിവയുടെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതുണ്ട്.

പൊതുമരാമത്തുവകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം 2016–17 –ൽ 1,636 കി.മീറ്റർ സംസ്ഥാന പാതകളുടേയും മറ്റു ജില്ലാ റോഡുകളുടേയും വികസനവും, മെച്ചപ്പെടുത്തലും പൂർത്തീകരിച്ചു. ഇതിൽ 951 കി.മീറ്റർ (ബി.എം.&ബി.സി) ഉപരിതലം മെച്ചപ്പെടുത്തലും, 1036 കി.മീറ്റർ സാധാരണ മെച്ചപ്പെടുത്തലുമായിരുന്നു. റോഡുകളും, പാലങ്ങളും വിഭാഗം 7 പാലങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതിൽ കേരളാ ഗവൺമെന്റിന്റെ 2014–15 –ൽ പ്രഖ്യാപിച്ച 400 ദിവസം കൊണ്ട് 100 പാലങ്ങൾ എന്ന പദ്ധതിയിലുള്ള പാലങ്ങളും ഉൾപ്പെടുന്നു. ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ കാലതാമസമില്ലാതെ നൽകുന്നതിനായി 'PRICE" സോഫ്ട് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കി.

ദേശീയ പാതകൾ

കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക ഉപയോഗിച്ച് സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനം നടത്തുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗമാണ്. സംസ്ഥാനത്ത്

പട്ടിക 5.4
കേരളത്തിലെ ദേശീയ പാതകൾ

ക്രമ നമ്പർ	പുതിയ നമ്പർ	പഴയ നമ്പർ	ദേശീയ പാത		പുതിയ ദേശീയ പാതകൾ (കേരളത്തിൽ കി.മീ.)	
			മുതൽ	വരെ		
1	66	NH 17	തലപ്പാടി	ഇടപ്പള്ളി	420.777	669.437
		NH 47	ഇടപ്പള്ളി	കളിയിക്കാവിള	248.660	
2	544	NH 47	വാളയാർ	ഇടപ്പള്ളി		168.14
3	85	NH 49	ബോഡിമെട്ടു	കുണ്ടന്നൂർ		167.593
4	744	NH 208	കൊല്ലം	കഴുത്തുരുത്തി		81.280
5	766	NH 212	കോഴിക്കോട്	മുത്തങ്ങ കേരള – കർണ്ണാടക അതിർത്തി		117.600
6	966	NH 213	കോഴിക്കോട്	പാലക്കാട്		125.304
7	183	NH 220	കൊല്ലം	തേനി (തമിഴ് നാട് അതിർത്തി)		190.300
8	966 B	NH 47 A	വെല്ലിംഗ്ടൺ ഐലന്റ്	കുണ്ടന്നൂർ		5.920
9	966 A	NH 47 C	വല്ലാർപാടം	കളമശ്ശേരി		17.200
10	183 A	–	ഭരണിക്കാവ്	പത്തനംതിട്ട (വഴി) വണ്ടിപ്പെരിയാർ		116.800
11	185	–	അടിമാലി	പൈനാവ് (വഴി) കുമിളി		96.000
ആകെ						**1,781.57**

അവലംബം: പൊതുമരാമത്തു വകുപ്പ് (ദേശീയ പാതകൾ)

11 ദേശീയ പാതകളിലായി 1,781.57 കി.മീറ്റർ ദൈർഘ്യമാണുള്ളത്. ഇതിൽ, 1339 കി.മീറ്റർ (76.6 ശതമാനം) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) യുടെ കീഴിലാണ്. ബാക്കിയുള്ള 408 കി.മീറ്റർ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. വിശദവിവരങ്ങൾ **പട്ടിക 5.4** –ൽ ചേർത്തിരിക്കുന്നു.

മേൽപ്പറഞ്ഞ 11 ദേശീയ പാതകളിൽ വല്ലാർപാടം – കളമശ്ശേരി എൻ.എച്ച്.സി (പുതിയ എൻ.എച്ച് 966 എ) യുടെ വികസന പ്രവർത്തനങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) യുടെ ചുമതലയിലാണ് നടക്കുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന 176 കി.മീറ്റർ ദൈർഘ്യത്തിനു പുറമെയുള്ള റോഡുകൾ വികസിപ്പിക്കുന്നതിനുള്ള തുക ചെലവാക്കുന്നത് റോഡ് ഗതാഗത ഹൈവേ മന്ത്രാലയമാണ് (മോർത്ത്). സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് സെൻട്രൽ റോഡ് ഫണ്ടിനത്തിൽ ലഭ്യമാകുന്ന തുക സംസ്ഥാന പാതകൾ, മറ്റ് ജില്ലാ റോഡുകൾ തുടങ്ങിയവയുടെ വികസനത്തിനായി ഉപയോഗിക്കപ്പെടുന്നു. ഈ കാലയളവിൽ 31 പ്രവൃത്തികൾ തുടർന്നു വരുന്നതും, 16 പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ **പട്ടിക 5.5** –ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ ദേശീയപാതാ വികസന പദ്ധതികൾ

ദേശീയപാത വികസന പദ്ധതികളിൽ മൂന്നാം ഘട്ടത്തിൽ 664 കി.മീറ്റർ ദൈർഘ്യത്തിൽ വികസിപ്പിക്കുന്ന റോഡുപ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് രൂപീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകൾ ബി.ഒ.ടി അടിസ്ഥാനത്തിൽ നാലുവരിപാതകളാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബിഡ്ഡിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയപാത 47 –ൽ 83.20 കി.മീറ്റർ ദൈർഘ്യത്തിൽ കണ്ണൂർ–കുറ്റിപ്പുറം സെക്ഷന്റെ ലേലം സംബന്ധിച്ച പ്രവർത്തനങ്ങൾ

പട്ടിക 5.5
സംസ്ഥാന ഫണ്ടുപയോഗിച്ചുള്ള പ്രധാന പദ്ധതികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ദൈർഘ്യം	ഭരണാനുമതി ലഭിച്ച തുക (കോടി രൂപയിൽ)
1	കൊല്ലം-ബൈപ്പാസ്-50% കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭം	13.00	352.05
2	ആലപ്പുഴ ബൈപ്പാസ്- കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭം	6.80	348.43
3	കരമന-കളിയിക്കാവിള ഒന്നാംഘട്ടം-റീച്ച് II പ്രവച്ചമ്പലം-വഴിമുക്ക്	5.50	162.00
4	കോഴിക്കോട് ബൈപ്പാസ്സിൽ തൊണ്ടയാട് ഫ്ലൈ ഓവർ		59.00
5	കോഴിക്കോട് ബൈപ്പാസ്സിൽ രാമനാട്ടുകര ഫ്ലൈ ഓവർ		85.00

അവലംബം: പൊതുമരാമത്ത് വകുപ്പ് (ദേശീയപാതകൾ)

എൻ.എച്ച്.എ.ഐ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ബി.ഒ.ടി ലെ പദ്ധതി രൂപീകരണം മുതൽ പ്രവർത്തനയുക്തമാക്കി കൈമാറുന്നതു വരെയുള്ള (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ്, ട്രാൻസ്ഫർ) പ്രവൃത്തികൾ മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കളമശ്ശേരി മുതൽ വല്ലാർപാടം (17 കി.മീറ്റർ) വരെയുള്ള 557 കോടി രൂപയുടെ പുതിയ പദ്ധതി നാഷണൽ അതോറിറ്റി ഓഫ് ഇന്ത്യ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

കൊല്ലം-ആലപ്പുഴ ബൈപ്പാസുകൾ

ദേശീയപാത 47 ലെ കൊല്ലം-ആലപ്പുഴ ബൈപ്പാസ്സുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഒരു സംയുക്ത സംരംഭമാണ്. മൊത്തം പദ്ധതി ചെലവായ 700.48 കോടി രൂപയിൽ സംസ്ഥാന വിഹിതമായ 350.24 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ ബൈപാസിന്റെ (348.43 കോടി രൂപ) ആകെ ദൈർഘ്യമായ 6.8 കി.മീറ്ററിൽ 3.2 കീ.മീറ്റർ എലിവേറ്റഡ് ഹൈവേയാണ്. കോമാടി ജംഗ്ഷൻ മുതൽ കളർകോട് വരെയാണ് ദൈർഘ്യം. ഇ.പി.സി പദ്ധതി പ്രകാരം 2015 മാർച്ച് 16 ന്, പ്രവർത്തനം തുടങ്ങിയ പ്രസ്തുത പ്രോജക്ട് അതിവേഗം പുരോഗമിക്കുന്നു. 274.34 കോടി രൂപ ചെലവിൽ M/s RDSCVOC (Jv) എന്ന കമ്പനിയാണ് 2018 മെയ് മാസത്തിൽ പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. 135.06 കോടി രൂപ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഇതുവരെ നല്കി കഴിഞ്ഞിട്ടുണ്ട്. 67 ശതമാനം പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു

കാവനാട്ടു മുതൽ മേവറം വരെയുള്ള 13 കീ മീറ്ററാണ് കൊല്ലം ബൈപാസിന്റെ ആകെ ദൈർഘ്യം. 352.05 കോടി രൂപ ചെലവു വരുന്ന പ്രസ്തുത പദ്ധതിയിൽ മൂന്ന് പാലങ്ങളും, 7 കീ.മീറ്റർ പുതിയ റോഡുകളും 4 കീ.മീറ്റർ നിലവിലുള്ള റോഡുകളുടെവീതി കൂട്ടലും ഉൾപ്പെടുന്നു. ഇ.പി.സി പദ്ധതിയിൽ 2015 മെയ് 27 ന്, ആരംഭിച്ച ബൈപാസിന്റെ നിർമ്മാണം 2018 ആഗസ്റ്റ് മാസത്തിൽ പൂർത്തീയാക്കുന്നതിനുദ്ദേശിക്കുന്നു. 117.58 കോടി രൂപ ഇതുവരെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകിക്കഴിഞ്ഞ പ്രസ്തുത പദ്ധതിയുടെ 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി)

ലോകബാങ്ക് സഹായത്തോടെ 2013, ജൂൺ 13 ന്, 2,403 കോടി രൂപ (US $445) ചെലവിൽ

ആരംഭിച്ച കേരള സംസ്ഥാന ഗതാഗത പദ്ധതി വായ്പാ ഉടമ്പടി 2013 ജൂൺ 19 ആണെങ്കിലും, 2013 സെപ്റ്റംബർ മാസമാണ് നിലവിൽ വന്നത്. വായ്പാ കാലാവധി 2019 ഏപ്രിൽ മാസം വരെയാണ്. പ്രസ്തുത പദ്ധതിയുടെ അനുപാതം 56 ശതമാനം (ലോക ബാങ്ക്), 44 ശതമാനം കേരള ഗവൺമെന്റ് അർഹമായ ഇനങ്ങളിൽ (ഭൂമി ഏറ്റെടുക്കൽ പ്രവർത്തന ചെലവ് ഒഴികെ) എന്ന വ്യവസ്ഥയിലാണ്. 2,500 കോടി രൂപയ്ക്കുള്ള ഭരണാനുമതി കേരളാ ഗവൺമെന്റ് നൽകിയിട്ടുണ്ട്.

ലോക ബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. 363 കി. മീറ്റർ റോഡുകളുടെ സഞ്ചാര ഗുണ നിലവാരം മെച്ചപ്പെടുത്തി റോഡു സുരക്ഷ ഉറപ്പു വരുത്തുന്നതിനുദ്ദേശിക്കുന്നു. മൂന്ന് പ്രധാന ഘടകങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. (1) 363 കി.മീറ്റർ റോഡുകളുടെ നിലവാരം ഉയർത്തൽ (2) റോഡു സുരക്ഷാ ആസൂത്രണം (3) വകുപ്പുതല സ്ഥാപന ശാക്തീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ പദ്ധതിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദ വിവരങ്ങൾ **പട്ടിക 5.6** –ൽ കൊടുത്തിരിക്കുന്നു.

ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഏകദേശം 99 ശതമാനവും പൂർത്തിയായിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് ലോകബാങ്കിന്റെ റോഡ് സുരക്ഷാ മെച്ചപ്പെടുത്തൽ ഏജൻസിയുമായി ബന്ധപ്പെട്ട ഗ്ലോബൽ റോഡ് സേഫ്റ്റി ഫെസിലിറ്റി (ജി. ആർ.എസ്.എഫ്) എന്നിവയുടെ നിരന്തരമായ വിശകലനങ്ങൾക്കു ശേഷം എം.സി റോഡിലെ കഴക്കൂട്ടം–വെഞ്ഞാറമൂട്–അടൂർ സെക്ഷൻ, സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ

പട്ടിക5.6
കേരള സംസ്ഥാന ഗതാഗത പദ്ധതി–നിലവിലെ അവസ്ഥ
(തുക കോടിയിൽ)

ക്രമ നമ്പർ	റോഡുകളുടെ പേര്	ചെലവ്	പൂർത്തിയാക്കുന്ന വർഷം	ചെലവായ തുക	ഭൗതിക നേട്ടം (ശതമാനം)
1	കാസർഗോഡ് –കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ)	133.65	ഫെബ്രുവരി 2018	84.56	75
2	പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ)	118.20	മാർച്ച് 2018	71.72	74
3	തലശ്ശേരി – കളറോഡ് റോഡ് (28.80 കി.മീ പുതുക്കിയത്)	154.59	ജൂൺ 2018	13.34	15
4	കളറോഡ്– വളവുപാറ റോഡ് (25.20 കി.മീ പുതുക്കിയത്)	209.58	ഓഗസ്റ്റ് 2018	58.49	23
5	ചെങ്ങന്നൂർ – എറ്റുമാനൂർ റോഡ് (45.40 കി.മീ)	293.58	ഫെബ്രുവരി 2018	190.00	73
6	തിരുവല്ല ബൈപാസ് (2.3 കി.മീ)	31.80 (ഭേദഗതി വരുത്തിയത്)	പ്രവൃത്തി പുരോഗമിക്കുന്നു	17.19	64
7	ഏറ്റുമാനൂർ – മൂവാറ്റുപുഴ റോഡ് (40.96 കി.മീ)	171.49	മാർച്ച് 2018	115.71	80
8	പൊൻകുന്നം – തൊടുപുഴ റോഡ് (50 കി.മീ)	227.13	മാർച്ച് 2018	210.15	99.2
9	പെരുമ്പിലാവ് – പെരിന്തൽമണ്ണ റോഡ് (41 കി.മീറ്റർ)	210	ഫെബ്രുവരി 2018	100	100
10	കഴക്കൂട്ടം–അടൂർ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്	142.67	ഏപ്രിൽ 2018	7.33	3 (മൊബിലൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു)

അവലംബം: പൊതുമരാമത്ത് വകുപ്പ് (കെ.എസ്.ടി.പി)

പ്രോജക്ടായി തിരഞ്ഞെടുത്തിട്ടുണ്ട്. റോഡ് സേഫ്റ്റി മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി ആസ്ട്രേലിയയിലെ അന്താരാഷ്ട്ര ഏജൻസിയായ M/s.VicRoads -നെ റോഡുസുരക്ഷാ പ്രവർത്തനങ്ങളിൽ കൺസൾട്ടന്റായി കേരള സംസ്ഥാന ഗതാഗത പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥാപന ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനപ്പെട്ട ജില്ലാ റോഡുകൾ, കെ.എസ്.റ്റി. പിക്ക് ഗ്രീൻ ബിൽഡിംഗുകൾ, പൊതുമരാമത്ത് വകുപ്പ് ഹെഡ് ക്വാർട്ടേഴ്സ്, പൊതുമരാമത്ത് വകുപ്പിന്റെ ഐ.ടി വിശകലനം കൂടാതെ, മറ്റ്ചെറിയ പഠനങ്ങൾ എന്നിവ ലോകബാങ്ക് അംഗീകാരത്തോടെ നടത്തുന്നതാണ്.

കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി)

കേരള റോഡ് ഫണ്ട് നിയമം 2001 പ്രകാരം നിലവിൽ വന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരളാ റോഡ് ഫണ്ട് ബോർഡ്. സംസ്ഥാനത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനം വിഹിതം പദ്ധതിയേതര വിഹിതമായി ലഭിക്കുന്നതാണ് ബോർഡിന്റെ പ്രധാന വരുമാനം. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതി നടപ്പാക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡാണ്. ഈ പദ്ധതി പ്രകാരം പൊതു സ്വകാര്യ പങ്കാളിത്ത (അന്വറ്റി) പദ്ധതിയിലൂടെ തലസ്ഥാന നഗരത്തിലെ 43 കീ.മീറ്റർ റോഡുകൾ, നിർമ്മാണ ശേഷം 15 വർഷത്തെ അറ്റകുറ്റ പണികൾ ഉറപ്പു വരുത്തി നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞു.

കോഴിക്കോട് നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയിലുൾപ്പെടുത്തി 30.55കീ.മീറ്റർ റോഡുകൾ (7 എണ്ണം) 401.42 കോടി രൂപയിൽ ഡി.ബി.എഫ്.ഒ.ടി അന്വറ്റി പ്രകാരം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി, ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൊച്ചി നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 69.146 കി.മീറ്റർ റോഡുകൾ (19 എണ്ണം) ഫ്ലൈ ഓവറുകളും റെയിൽവെ മേൽപ്പാലങ്ങളുമുൾപ്പടെ 476.33 കോടി രൂപയുടെ പദ്ധതി കേരളാറോഡ് ഫണ്ട് ബോർഡ് ആരംഭിച്ചിട്ടുണ്ട്.

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (റിക്)

1956 ലെ ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് കേരളാ റോഡ് ഫണ്ട് ബോർഡിന്റെ ഒരു പ്രത്യേക ഉദ്ദേശ്യയാനമാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്. തെരഞ്ഞടുക്കപ്പെട്ട സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവിടങ്ങളിൽ സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി) പ്രകാരം റോഡ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു. ഈ പദ്ധതി രണ്ടു പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. വാർഷിക തവണ വ്യവസ്ഥയിൽ പുനരധിവാസ പാക്കേജ്, വിവിധ ഫണ്ടിങ്ങ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന മെച്ചപ്പെടുത്തൽ പാക്കേജ് എന്നിവയാണ് രണ്ട് പാക്കേജുകൾ. പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി 106.2 കി.മീറ്റർ റോഡുകൾ, രണ്ടു പാക്കേജുകൾ എ &ബി എന്ന രീതിയിൽ തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് ജില്ലകളിൽ 209.91 കോടി രൂപാ ചെലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. മെച്ചപ്പെടുത്തൽ പാക്കേജിൽ ഉൾപ്പെടുത്തി 600 കി.മീറ്റർ റോഡുകൾ ജ്യോമട്രിക്കൽ കറക്ഷൻ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവയ്ക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. മെച്ചപ്പെടുത്തൽ പാക്കേജിൽ ഉൾപ്പെടുത്തി 21.00 കോടി രൂപ ചെലവിൽ തിരുവനന്തപുരം ജില്ലയിലെ കരമന -വെള്ളറട റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റിക്കിന്റെ 2016-17 ലെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.2** -ൽ കൊടുത്തിരിക്കുന്നു.

റോഡു മേഖലയിലെ ഗവേഷണവും വികസനവും

റോഡു വ്യവസ്ഥയിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടാകാവുന്ന വെല്ലുവിളികൾ നേരിടുന്നതിനും, സാങ്കേതിക മെച്ചപ്പെടുത്തൽ പൊതുവായുള്ള പശ്ചാത്തല സൗകര്യ പ്രശ്നങ്ങൾക്ക് പര്യാപ്തമായ പരിഹാരങ്ങൾ കണ്ടെത്തൽ എന്നിവയ്ക്ക് ഗവേഷണ വികസന പ്രവർത്തനങ്ങളിൽ പ്രധാന

ബോക്സ് 5.2
റിക്കിന്റെ 2016-17 ലെ പ്രധാന പ്രവർത്തനങ്ങൾ

(1) ഡി.ബി.എഫ്.എം.ടി (DBFMT) ആന്വിറ്റി പ്രകാരം പുനരധിവാസ പാക്കേജ്

(എ) പാക്കേജ് എ- സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

പാക്കേജ് എ-യിൽ രണ്ടു റോഡുകളുടെ നിർമ്മാണം - ഉപ്പള-കാണിയാന റോഡ് (9 കി.മീ) വിദ്യാനഗർ-സീതങ്കോളി റോഡ് (15.6 കി.മീ), 81 കോടി രൂപാ ചെലവിൽ ഒരു വർഷ നിർമ്മാണകാലാവധിയും, 14 വർഷ അറ്റകുറ്റ കാലാവധിയും ഉൾപ്പെടുത്തി 26.08.2016 ൽ പ്രവൃത്തി ആരംഭിക്കുകയും, 80 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു.

(ബി) പാക്കേജ് ബി - സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി.

പാക്കേജ് ബി -യിൽ 2016 ആഗസ്റ്റിൽ ആരംഭിച്ച രണ്ട് റോഡുകളുടെ നിർമ്മാണം - കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവിള റോഡ് (36.10 കി.മീ), വെള്ളനാട്-ആര്യനാട്-ചെറ്റച്ചൽ റോഡ് (21.90 കി.മീ), ആകെ പദ്ധതിതുക 128.91 കോടി രൂപ. നിർമ്മാണകാലയളവ് രണ്ടു വർഷവും, അറ്റകുറ്റപണികൾ 13 വർഷത്തേയ്ക്കും. 50 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.

(2) മെച്ചപ്പെടുത്തൽ

കരമന-വെള്ളറ റോഡ് - പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ റവന്യൂ ഉദ്യോഗസ്ഥർ ആരംഭിച്ചു കഴിഞ്ഞു.

പങ്കാണുള്ളത്. രൂപ കൽപ്പന, ഗവേഷണം, സൂക്ഷ്മ പരിശോധന, ഗുണ നിയന്ത്രണം എന്നീ മേഖലകളിൽ ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ബോർഡ് (ഡ്രിക്ക് ബോർഡ്), കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്) എന്നീ ഗവേഷണ വികസന സ്ഥാപനങ്ങൾ റോഡു മേഖലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്നു.

(എ) ഡ്രിക്ക് ബോർഡ്

2016-17 -ൽ ഡ്രിക്ക് ബോർഡിന്റെ രൂപ കൽപ്പനാ വിഭാഗം 8 കെട്ടിടങ്ങൾ, 44 പാലങ്ങളുടെ ഘടന, 13 പൊതു രൂപ കൽപ്പനകൾ, 31 വിശദമായ രൂപ കൽപ്പനകൾ എന്നിവ പൂർത്തിയാക്കി. കൂടാതെ, ഡ്രിക്ക് ബോർഡിന്റെ ഗവേഷണ പ്രോജക്ട് തയ്യാറാക്കൽ വിഭാഗം 11 പ്രോജക്ടുകൾ തയ്യാറാക്കി.

(ബി) കേരളാ ഹൈവേ റിസർച്ച്ഇ ൻസ്റ്റിറ്റ്യൂട്ട്

പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കുന്ന ജോലികളുടെ ഗുണ നിലവാര നിയന്ത്രണം നടത്തുന്ന ദക്ഷിണ മേഖലാ പ്രാദേശിക ഓഫീസാണ് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പത്തനംതിട്ട, ആലപ്പുഴ, കൊല്ലം സബ് ഡിവിഷനുകളാണ് കെ.എച്ച്. ആർ.ഐ യുടെ പരിധിയിൽപ്പെടുന്നത്. പൊതുമരാമത്തു വകുപ്പിലെ സാങ്കേതിക, സാങ്കേതികേതര ജീവനക്കാർക്ക് കെ.എച്ച്.ആർ. ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശീലനം നൽകുന്നു. ഡ്രിക്ക് ബോർഡ്, കെ.എച്ച്.ആർ.ഐ എന്നിവയുടെ 2016-17 ലെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.3** -ൽ കൊടുത്തിരിക്കുന്നു.

ഗുണനിലവാര പരിശോധനയുടെ ഭാഗമായി 136 പരിശോധനകൾ നടത്തുകയും അവയുടെ ഫലം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർക്ക് അനന്തരപ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്തു.

(സി) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്)

ഗതാഗതവും, മറ്റ് ഗതാഗത അനുബന്ധ മേഖലകളിലും ഗവേഷണ, വികസന

ബോക്സ് 5.3
ഡ്രിക്ക് ബോർഡ്, കെ.എച്ച്.ആർ.ഐ യുടെ 2016-17 ലെ പ്രധാന പ്രവർത്തനങ്ങൾ

ഡ്രിക്ക് ബോർഡ്

- കോഴിക്കോട് ബാലുശ്ശേരി റോഡ്, വൈക്കം വെച്ചൂർ, തിരുവല്ല-മല്ലപ്പള്ളി റോഡ്, ഈരാറ്റ പേട്ട-വാഗമൺ, വഴയില-പഴകുറ്റി, കച്ചേരിനട -11-ാം കല്ല് റോഡ് എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്കായി നടത്തി.
- മൂവാറ്റുപുഴ ടൗണിന്റെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
- വഴിമുക്കു മുതൽ കളിയിക്കാവിള വരെയുള്ള രണ്ടാംഘട്ടം റോഡ് അലൈൻമെന്റ് പൂർത്തിയാക്കി
- പാരിപ്പള്ളി ദേശീയപാത 66 -ൽ മുക്കട ജംഗ്ക്ഷൻ നവീകരണം.
- കാസർഗോഡ് ചേർക്കള ജംഗ്ക്ഷൻ ഡിസൈൻ ഫീസിബിലിറ്റി പരിശോധിച്ച് നൽകി
- വൈറ്റില ഫ്ലൈ ഓവർ നിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത) ന്റയും കിറ്റ്കോയുടേയും താരതമ്യ പഠന-റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ. ഐ)

- കെ.എച്ച്.ആർ.ഐ യുടെ ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗുണനിലവാര നിയന്ത്രണ യൂണിറ്റ്, ലബോറട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്നിവ നടപ്പിലാക്കി.
- കെ.എച്ച്.ആർ.ഐ ലെ ഓഫീസ് ലാബ് സൌകര്യങ്ങൾ ആധുനികവൽക്കരിച്ചു.

വിപുലീകരണ പ്രവർത്തനങ്ങളുമാണ് സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിൽ (കെ.എസ്.സി.എസ്.ടി.ഇ) -ൽ ഉൾപ്പെടുന്ന നാറ്റ്പാക്കിന്റെ ലക്ഷ്യം. ഗതാഗത ആസൂത്രണവും റോഡു സുരക്ഷ, പ്രദേശിക ഗതാഗതം, ഹൈവേ ആസൂത്രണവും, വികസനവും, ട്രാഫിക് മാനേജ്മെന്റ്, ജല ഗതാഗതം കൂടാതെ വിവിധ പ്രായോജകർക്ക്പ്രവർത്തന മേഖലകൾക്കുള്ളിൽനിന്നു കൊണ്ട് ഉപദേശങ്ങൾ നല്കൽ എന്നിവയാണ് നാറ്റ്പാക്കിന്റെ പ്രവർത്തന മേഖല.
നാറ്റ്പാക്ക് 2016-17 ൽ 28 ഗവേഷണ പ്രോജക്ടുകൾ, 19 വിദേശ ഫണ്ട് പദ്ധതികൾക്ക് വേണ്ടിയുള്ള പഠനം എന്നിവയും 13 റോഡ് സുരക്ഷ പരിപാടികൾ റോഡ് സുരക്ഷാ അതോറിറ്റിക്കു (കെ.ആർ.എസ്സ്.എ) വേണ്ടി നടത്തി. സംസ്ഥാനത്തെ ഗതാഗത പ്രശ്നങ്ങളെ കുറിച്ചുള്ള ഗവേഷണ വികസന പരിപാടികളായിരുന്നു പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നത്. വിദേശ സഹായ പദ്ധതികളിൽ സർക്കാർ ഏജൻസികളായ പൊതുമരാമത്ത് വകുപ്പ്, ഗതാഗത മേഖല, വിനോദ സഞ്ചാര മേഖല, ജല വിഭവ വകുപ്പ്, നഗരാസൂത്രണ വകുപ്പ്, മറ്റ് ഏജൻസികളായ കൊച്ചി മെട്രോ റെയിൽ കമ്പനി, ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്. എ.ഐ) കേരളാ റോഡുകളും പാലങ്ങളും വികസന കോർപ്പറേഷൻ (ആർ.ബി.ഡി.സി.കെ), ടെക്നോപാർക്ക്, കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപറേഷൻ ലിമിറ്റഡ് (കെ.ആർ.ടി.എൽ), ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ), ഉൾനാടൻ ജല ഗതാഗത അതോറിറ്റി (ഐ.ഡബ്ലിയു.എ), മുതലായവയായിരുന്നു ഉൾപ്പെട്ടിരുന്നത്.

വിവിധ യാത്രാ മാധ്യമങ്ങളായ ഉൾനാടൻ ജലഗതാഗതം, യന്ത്രവൽകൃതമല്ലാത്ത ഗതാഗതം, പ്രാദേശിക ബസ് ഗതാഗതം, നഗരബസ്സ് ഗതാഗതം, മെട്രോ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് ഫലപ്രദമായ ഒരു ഗതാഗത സംവിധാനം സംബന്ധിച്ച പഠനം നടത്തി. കൊച്ചിയിലെ പൊതുഗതാഗതം ഫലവത്താക്കുന്നതിനുള്ള പഠനങ്ങൾ നാറ്റ്പാക്ക് നടത്തി. തൃശ്ശൂർ നഗരത്തിനുവേണ്ടി ഒരു സമഗ്ര മൊബിലിറ്റി പ്ലാൻ തയ്യാറാക്കി. കേരളത്തിൽ ഒരു ജോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) അടിസ്ഥാനമാക്കി ഒരു ട്രാഫിക്ക് ഡാറ്റാബേസ് തയ്യാറാക്കുകയും ഇത്

റോഡപകടങ്ങൾ, പേവ്മെന്റ് മാനേജ്മെന്റ് സിസ്റ്റം, വിനോദ സഞ്ചാര വിവരങ്ങൾ നൽകൽ എന്നിവയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. കോഴിക്കോട് ഡിവിഷൻ ദേശീയപാത സെക്ഷൻ ഒരു പരിപ്രേക്ഷ്യം തയ്യാറാക്കുകയും അത് കേരളത്തിലെ ദേശീയപാതകളുടെ ഒരു വളർച്ചാമാതൃകയായി വിശദീകരിക്കുകയും ചെയ്തു. മൂവായിരത്തോളം റോഡ് ഉപയോക്താക്കളെ (സ്കൂളുകൾ, പഞ്ചായത്തുകൾ, ഡ്രൈവർമാർ, മറ്റ് റോഡ് ഉപയോക്താക്കൾ) ലക്ഷ്യമാക്കി 100 റോഡ് സുരക്ഷാ പദ്ധതികൾ/ പരിപാടികൾ ഈ കാലയളവിൽ പൂർത്തിയാക്കി.

റോഡ് ഗതാഗതം

സംസ്ഥാനത്തെ ഗതാഗത മേഖലയിലെ പ്രവർത്തനങ്ങൾ പ്രധാനമായും കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.റ്റി.സി), മോട്ടോർ വാഹന വകുപ്പ് എന്നിവയിലൂടെയാണ്. റോഡ് ഗതാഗത വ്യവസായത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് സ്വകാര്യ സേവന ദാതാക്കളാണ്. റോഡു മുഖേനയുള്ള ചരക്കു ഗതാഗതം പൂർണ്ണമായും സ്വകാര്യ മേഖലയുടെ കൈവശമാണ്.

മോട്ടോർ വാഹന വകുപ്പ്

സംസ്ഥാനസമ്പദ് വ്യവസ്ഥയിൽ പ്രധാനപ്പെട്ടതും, അവിഭാജ്യവുമായ ഘടകമാണ് മോട്ടോർ വാഹന മേഖല. കേരളത്തിൽ 2017 മാർച്ച് മാസം വരെ 110.30 ലക്ഷം മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി മോട്ടോർ വാഹനങ്ങളുടെ പ്രതിവർഷ വളർച്ചാ നിരക്ക് 10 ശതമാനത്തിലധികമാണ്. 2017 മാർച്ചിലെ കണക്കനുസരിച്ച് 1,000 ആളുകൾക്ക് 330 വാഹനങ്ങൾ എന്ന നിരക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലോക വികസന സൂചികകൾ (2015) അനുസരിച്ച് ഈ കണക്കുകൾ ഇന്ത്യ 18, ചൈന 47, അമേരിക്ക 507 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് കഴിഞ്ഞ വർഷത്തേക്കാൾ 8 ശതമാനം കൂടുതലാണ്. കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധന **ചിത്രം 5.1** –ൽ കൊടുത്തിരിക്കുന്നു.
വാഹനങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേയുമായി താരതമ്യപ്പെടുത്തുമ്പോൾ 2017 മാർച്ച് 31 വരെ സാധ്യമായ രജിസ്ട്രേഷനുള്ള വാഹനങ്ങളുടെ എണ്ണം 10,171,813 –ൽ നിന്നും 11,030,037 ആയി വർദ്ധിച്ചു. വിശദ വിവരങ്ങൾ അനുബന്ധം 5.7 –ൽ കൊടുത്തിരിക്കുന്നു. 2016–17 ൽ പുതിയതായി രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 939,580 ആണ്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 5.8 –ൽ ചേർത്തിരിക്കുന്നു. സ്വകാര്യ വാഹനങ്ങളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് വൻ വർദ്ധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ വാഹനങ്ങളുടെ വളർച്ച ജില്ല തിരിച്ച്

ചിത്രം 5.1
കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഉണ്ടായ വാഹനങ്ങളുടെ വർദ്ധനവ്



ചിത്രം 5.2
2016–17 ൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങൾ ഇനം തിരിച്ച്



അനുബന്ധം 5.9 –ൽ കൊടുത്തിരിക്കുന്നു. 2016–17 വർഷത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ഇനം ശതമാനം തിരിച്ചുള്ള കണക്ക് **ചിത്രം 5.2** –ൽ കൊടുത്തിരിക്കുന്നു.

കേരളത്തിൽ ദിനം പ്രതി 2,574 വാഹനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നതിൽ 1,802 എണ്ണം ഇരുചക്ര വാഹനങ്ങളാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളത് എറണാകുളം ജില്ലയിലാണ്. അതായത് 1,675,199 വാഹനങ്ങൾ (15.19 ശതമാനം), തൊട്ടടുത്ത് 1,401,090 (12.7ശതമാനം) വാഹനങ്ങളുമായി തിരുവനന്തപുരമാണ്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് വാഹനങ്ങൾ. അതായത് 156,216 (1.42 ശതമാനം). 2010 മുതൽ 2017 വരെ വാഹന വളർച്ചയിലുണ്ടായ വർദ്ധനവ് ഇനം തിരിച്ച് അനുബന്ധം 5.10 –ൽ രേഖപ്പെടുത്തിയിരിക്കുന്നു. മോട്ടോർ വാഹന വളർച്ചയിലും റോഡ് ദൈർഘ്യം വർദ്ധിക്കുന്നതിലുമുള്ള അന്തരം കേരളത്തിൽ ഗതാഗത ഞെരുക്കത്തിനും, റോഡപകടങ്ങൾ വർദ്ധിക്കുന്നതിനും ഇടയാകുന്നു. കേരള മോട്ടോർ വാഹന വകുപ്പിന്റെ വരുമാനം 2012–13 ൽ 1,831.15 കോടിയായിരുന്നത് 2016–17 ൽ 3,026.42 കോടിയായി വർദ്ധിച്ചു.

റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയാണ് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ. ചേവായൂർ (കോഴിക്കോട്), എളവായൂർ (കണ്ണൂർ), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ വകുപ്പ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ ആരംഭിച്ചിട്ടുണ്ട്. മൂവാറ്റുപുഴ, മുട്ടത്തറ, മോനുപ്പള്ളി എന്നിവിടങ്ങളിൽ മൂന്ന് ട്രാക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പാലക്കാട്, തൃശ്ശൂർ, കോട്ടയം, കണ്ണൂർ, കൊല്ലം, എറണാകുളം എന്നിവിടങ്ങളിൽ റഡാർ സർവ്വലൈൻസ് സിസ്റ്റം (സ്പീഡ് ക്യാമറ സംവിധാനം) നടപ്പിലാക്കി. "തേർഡ് ഐ എൻഫോഴ്സ് മെന്റ്" എന്ന പുതിയ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ട്രാഫിക്ക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ വീഡിയോ ക്ലിപ്പിംഗ്, ഫോട്ടോ എന്നിവ പബ്ലിക്ക് വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതു വഴി പൊതുജനങ്ങൾക്കും ട്രാഫിക്ക് നിയമലംഘനങ്ങൾ തടയുന്നതിൽ വകുപ്പ് ഉദ്യോഗസ്ഥരെ സഹായിക്കാവുന്നതാണ്. റോഡു സുരക്ഷാ നിർദ്ദേശങ്ങൾ/പ്രതികരണങ്ങൾ എന്നിവയും പ്രസ്തുത പോർട്ടൽ വഴി നൽകാവുന്നതാണ്.

ഇ–ഗവേണൻസ്

രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, നികുതി ഒടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവ

ആധുനിക രീതിയിൽ ഇലക്ട്രോണിക് മാധ്യമത്തിന്റെ സഹായത്തോടെ ഗവൺമെന്റ് ശക്തിപ്പെടുത്തേണ്ടതാണ്. ഗതാഗതത്തെരുക്കം അനുഭവപ്പെടുന്ന സ്ഥലങ്ങൾ, അപകട സാധ്യത കൂടുതലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വാഹന ഗതിവിഗതികൾ കണ്ടെത്തുന്നതിനായി ഇലക്ട്രോണിക് റോഡ് പ്രൈസിംഗ് (ഇ.ആർ.പി) സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഓട്ടോമാറ്റിക്ക് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായവും വാഹന പരിശോധന സംവിധാനവും

- എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഓട്ടോമാറ്റിക്ക് ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായവും ഓട്ടോമാറ്റിക് വാഹന പരിശോധന സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
- ഡ്രൈവർ ലൈസൻസിംഗ് സമ്പ്രദായത്തിൽ റിയർവ്യൂ മിറർ, ഇന്റിക്കേറ്ററിന്റെ ഉപയോഗം, സീറ്റ് ബൽറ്റ് പാർക്കിംഗ് നടപടി ക്രമങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകേണ്ടതാണ്.
- കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് (മോർത്ത്) അനുശാസിക്കുന്ന ലൈസൻസിംഗ് സമ്പ്രദായവും, വാഹന രജിസ്ട്രേഷൻ സംവിധാനവും (വാഹൻ, സാരഥി) നടപ്പിലാക്കേണ്ടതാണ്.
- ലേണേഴ്സ് ലൈസൻസ് ഓൺലൈൻ ആയി നൽകൽ.

- ഓൺലൈൻ ടെക്നോളജി മുഖേന ലൈസൻസിംഗ് സമ്പ്രദായം
- സാങ്കേതിക വിദ്യ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന
- സംസ്ഥാനത്ത് എവിടെ നിന്നും വാഹന രജിസ്ട്രേഷനും, ലൈസൻസ് സമ്പാദിക്കലും.

മോട്ടോർ വാഹന (ഭേദഗതി) ബിൽ - 2016, ഭാരത സർക്കാർ

ഭാരത സർക്കാരിന്റെ മോട്ടോർ വാഹന ചട്ടത്തിന്റെ നിലവിലുള്ള 223 സെക്ഷനുകളിൽ 68 സെക്ഷനുകൾ ഭേദഗതി ചെയ്യുന്നതിനും അദ്ധ്യായം 10 നീക്കം ചെയ്യുന്നതിനും, അദ്ധ്യായം 11 ൽ തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം തീർപ്പാക്കൽ തുടങ്ങിയവയിൽ പുതിയ നിബന്ധനകൾ ചേർത്ത് ഉൾപ്പെടുത്തുന്നതിനും ബില്ലിൽ ഉദ്ദേശിക്കുന്നു. പ്രധാന ഭേദഗതി നിർദ്ദേശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

- പിഴ വർദ്ധിപ്പിക്കൽ – മദ്യം, ലഹരി മരുന്നുകൾ ഇവ ഉപയോഗിച്ച ശേഷം വാഹനമോടിച്ചാൽ പിഴ 2,000 രൂപയിൽ നിന്നും 10,000 രൂപയായും, അമിത വേഗത്തിൽ വാഹനമോടിച്ചാൽ പിഴ 1,000 രൂപയിൽ നിന്നും 5,000 രൂപയായും വർദ്ധിപ്പിച്ചു.
- റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സാ സഹായം.
- റോഡപകടങ്ങളിൽപ്പെട്ട് മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കൽ – വാഹനാപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് 2.00 ലക്ഷം രൂപയുടെ സഹായം നൽകുന്നു.
- ഗ്രഡ് സമരിറ്റാൻ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തൽ – ഗ്രഡ് സമരിറ്റൻ (നല്ല ഉദ്ദേശത്തോടെ കൂടി റോഡപകടങ്ങളിൽപ്പെട്ടവരെ സഹായിക്കുന്നവർ) സിവിൽ, ക്രിമിനൽ ബാധ്യതകളിൽ നിന്നും ഒഴിവാക്കുന്നതിനും, അവരുടെ ഐഡന്റിറ്റി പോലീസിനോടോ മെഡിക്കൽ ഓഫീസറോടോ വെളിപ്പെടുത്തുന്നതിനും സാഹചര്യം സൃഷ്ടിക്കുക.
- ദേശീയഗതാഗതനയം – റോഡുഗതാഗതം, റോഡുഗതാഗത ആസൂത്രണം, പെർമിറ്റുകൾ നൽകൽ, റോഡുഗതാഗത മുൻഗണനാസൂത്രണം എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള ദേശീയ ഗതാഗതനയം ആവിഷ്ക്കരിക്കൽ.
- നിർബന്ധിത ഇൻഷ്വറൻസ് – ഇന്ത്യയിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സ്വയമേവ ഇൻഷ്വറൻസ് പരിരക്ഷണം ലഭിക്കുന്ന ഒരു പദ്ധതി "മോട്ടോർ വാഹന അപകട ഫണ്ട്" കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.
- മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ്സ് – മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ്സ് സ്വയം പരിശോധിക്കുന്നതിനുള്ള ഒരു പദ്ധതി 2018 ഒക്ടോബർ ഒന്നു മുതൽ നിലവിൽ

വരുന്നതാണ്.

- മോട്ടോർ വാഹന രജിസ്ട്രേഷനും ലൈസൻസുകൾ നൽകുന്നതിനും ദേശീയ രജിസ്റ്റർ – ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 'വാഹൻ', വാഹന ലൈസൻസ് നൽകുന്നതിന് 'സാരഥി' തുടങ്ങിയ ദേശീയ രജിസ്റ്റർ നിലവിൽ വന്നിട്ടുണ്ട്.
- ഇലക്ട്രോണിക് മോണിട്ടറിംഗ്– നഗരങ്ങളിലെ റോഡുകളിലും ദേശീയപാതകൾ, സംസ്ഥാന പാതകൾ എന്നിവിടങ്ങളിലും ഇലക്ട്രോണിക് സർവയിലൻസ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്.

വാഹൻ – 4 (മോട്ടോർ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ), സാരഥി – 4 (മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ) രാജ്യത്താകമാനം നടപ്പിലാക്കുന്നതു വഴി പ്രസ്തുത ശൃംഖല ഓഫീസ് പ്രവർത്തന സമയങ്ങളിൽ സേവനം ലഭ്യമാവുന്നതാണ്. 'വാഹൻ, സാരഥി' സൗകര്യങ്ങൾ പ്രവർത്തനക്ഷമമാകുന്നതോടു കൂടി നിലവിലുള്ള പ്ലാസ്റ്റിക്ക് ലാമിനേറ്റഡ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും, സ്മാർട്ട് കാർഡ്, പ്ലാസ്റ്റിക്ക് കാർഡ്എന്ന നിലയിലേക്കും മാറുന്നതാണ്.

റോഡപകടങ്ങൾ

മോട്ടോർ വാഹന വകുപ്പ് നിയമങ്ങൾ ശക്തമായി നടപ്പാക്കിയിട്ടും പോലീസ്, റോഡ് അച്ചടക്കം പാലിച്ചിട്ടും റോഡപകടങ്ങൾ വർദ്ധിച്ച് വരുന്നു. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ പ്രാധാന്യം അർഹിക്കുന്നു. 1980–81 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ റോഡപകടങ്ങൾ ക്രമമായി വർദ്ധിച്ചു വരുന്ന രീതിയാണുള്ളത്. 1980–81 ൽ 7064 ആയിരുന്നത് 1990–91 ൽ 20,900 ആയും 2000–01 ൽ 34,387 ആയും, 2010–11 ൽ 35,282 ആയും, 2015–16 ൽ 39,137 ആയി വർദ്ധിക്കുകയും 2016–17 ൽ 38,777 ആയി കുറയുകയും ചെയ്തു. വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ കേരളത്തെ അപേക്ഷിച്ച് അപകടങ്ങൾ കുറവാണ്. കേരളത്തിലെ റോഡപകടങ്ങൾ ജില്ല തിരിച്ചും അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ ഇനം തിരിച്ചുമുള്ള വിവരങ്ങൾ യഥാക്രമം **അനുബന്ധം 5.11, 5.12** എന്നിവയിൽ ചേർത്തിരിക്കുന്നു.

കേരളത്തിൽ 2016–17–ൽ, 38,777 (പ്രതിദിനം 106) വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. കെ.എസ്. ആർ. ടി.സി മുഖേന ഉണ്ടായ അപകടങ്ങൾ 1000 (ദിനംപ്രതി 3) എണ്ണവും, സ്വകാര്യ ബസ്സുകൾ മുഖേന 3501 (പ്രതിദിനം 10) അപകടങ്ങളും ആണ്. 2016–ൽ 64.72 ലക്ഷം ഇരുചക്രവാഹനങ്ങൾ ഉണ്ടായിരുന്നത് 2017–ൽ 65.77 ലക്ഷമായി വർദ്ധിച്ചു. പ്രതി വർഷ വളർച്ചാ നിരക്ക് 11 ശതമാനമാണ്. അതുപോലെ ഇരുചക്ര വാഹനങ്ങൾ മുഖേന ഉണ്ടാകുന്ന അപകടങ്ങൾ 2016 –ൽ 31,595 (പ്രതിദിനം 87) ആയിരുന്നത് 2017 –ൽ 15033 (പ്രതിദിനം 41) ആയി കുറഞ്ഞു. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള റോഡപകടങ്ങളിൽ യഥാക്രമം 38 ശതമാനവും 28 ശതമാനവും ഇരുചക്ര വാഹനങ്ങൾ, കാറുകൾ മുഖേനയാണ് സംഭവിക്കുന്നത്. കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത **ചിത്രം 5.3** –ൽ രേഖപ്പെടുത്തിയിരിക്കുന്നു.

കേരളത്തിൽ 2017–ൽ 38,777 റോഡപകടങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു ലക്ഷം വാഹനങ്ങൾ ക്ക് 351 എണ്ണം എന്ന നിരക്കിലാണ്. കഴിഞ്ഞ എട്ട് വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ വാഹന വളർച്ചയും, റോഡപകടങ്ങളുടെ എണ്ണവും **പട്ടിക 5.7** –ൽ കൊടുത്തിരിക്കുന്നു. റോഡപകടങ്ങൾ സംഭവിക്കുന്നത് വ്യത്യസ്ഥ കാലയളവുകളിൽ വ്യത്യസ്ഥ രീതികളിൽ ആയതിനാൽ പ്രത്യേകമായി ഒരു പ്രവണത മനസ്സിലാക്കാൻ കഴിയുകയില്ല. എന്നാൽ, 2010–ന് ശേഷം ഓരോ വർഷവും അപകടങ്ങൾ സ്ഥിരമായി കുറയുന്ന ഒരു പ്രവണത എടുത്തുപറയേണ്ടതാണ്.

ട്രാഫിക് പോലീസ് റെക്കോർഡുകൾ അനുസരിച്ച്, ഡ്രൈവർമാരുടെ അശ്രദ്ധ മൂലമാണ് മിക്കവാറും റോഡപകടങ്ങളും സംഭവിക്കുന്നത്. എന്നിരുന്നാലും, മോട്ടോർ വാഹനങ്ങൾക്ക് പുറമെ റോഡ് ഡിസൈനിംഗിലുള്ള പോരായ്മ, റോഡുകളുടെ മോശപ്പെട്ട അവസ്ഥ, വഴിയാത്രക്കാരുടെ അശ്രദ്ധ എന്നീ വിവിധ കാരണങ്ങളാലാണ് അപകടങ്ങൾ സംഭവിക്കുന്നത്. റോഡുപയോഗിക്കുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് റോഡു സുരക്ഷാപരിശീലനം, റോഡു

ചിത്രം 5.3
കേരളത്തിലെ മോട്ടോർ വാഹന അപകട പ്രവണത



ഡിസൈനിംഗിലുള്ള പോരായ്മകൾ പരിഹരിക്കൽ, റോഡു നിർമ്മാണ പ്രാഥമിക ഘട്ടത്തിൽ റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ എന്നിവയിലൂടെ റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനു സാധിക്കും. 2016-17 -ൽ കേരളത്തിലുണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച് **ചിത്രം 5.4** -ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.റ്റി.സി)

സംസ്ഥാനത്തെ ഗതാഗത മേഖലയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ.

പട്ടിക 5.7
കേരളത്തിലെ റോഡപകട പ്രവണത 2010-17

വർഷം	മോട്ടോർ വാഹനങ്ങളുടെ എണ്ണം	അപകടങ്ങളുടെ എണ്ണം	അപകടങ്ങൾ / ലക്ഷം വാഹനങ്ങൾ
2010	5,397,652	35,633	660
2011	6,072,019	34,946	576
2012	6,870,354	35,282	514
2013	8,048,673	37,204	462
2014	8,547,966	35,198	412
2015	9,421,245	37,253	395
2016	10,171,813	39,137	385
2017	11,030,037	38,777	351

അവലംബം മോട്ടോർ വാഹനവകുപ്പ്, സംസ്ഥാന ക്രൈം റിക്കോർഡ് ബ്യൂറോ

ചിത്രം 5.4
2016–17 ൽ കേരളത്തിൽ ഉണ്ടായ റോഡപകടങ്ങളുടെ ശതമാനം വാഹനങ്ങളുടെ ഇനം തിരിച്ച്



കെ.എസ്.ആർ.ടി.സി യുടെ 2016–17 ലെ മൊത്തം വരുമാനം 1,827.45 കോടി രൂപയായിരുന്നു. മൊത്തം റവന്യൂ ചെലവ് 2,367.60 കോടി രൂപയും പ്രവർത്തന നഷ്ടം (–)540.15 കോടി രൂപയുമായിരുന്നു.

കെ.എസ്.ആർ.ടി.സി യിലെ ആകെയുള്ള 5,953 ബസ്സുകളിൽ 1,095 (18.4 ശതമാനം) ബസ്സുകൾ 10 വർഷമോ അതിലധികമോ പഴക്കമുള്ളതാണ്. കെ.എസ്.ആർ.ടി സി ബസ്സുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 5.13 ൽ രേഖപ്പെടുത്തിരിക്കുന്നു. 2015–16 –ൽ കോർപ്പറേഷന്റെ ശരാശരി പ്രതിദിന വരുമാനം 12,060 രൂപയായിരുന്നത് 2016–17 –ൽ 11,465 രൂപയായി കുറഞ്ഞു. ഈ കാലയളവിൽ 699 പുതിയ ബസ്സുകൾ നിരത്തിലിറക്കുകയും 460 ബസ്സുകൾ നിരത്തിൽ നിന്നും മാറ്റുകയും ചെയ്തു. കോർപ്പറേഷന്റെ ബസ്സുകൾ 5,771 ലക്ഷം കി.മീറ്റർ ഓടുകയും 10,403 ലക്ഷം ആളുകൾ കെ.എസ്. ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുകയും ചെയ്തു. കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തന കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം 5.14, 5.15** –ൽ രേഖപ്പെടുത്തുന്നു.

കെ.എസ്.ആർ.ടി.സിയുടെ നിരക്കുകളിൽ 2016–17 ൽ മാറ്റമുണ്ടായില്ല. കോർപ്പറേഷന്റെ ഓർഡിനറി, സിറ്റി ബസ്സുകളുടെ യാത്രാ നിരക്ക് കീ.മീറ്ററിന് 64 പൈസയായിരുന്നു. സൂപ്പർഫാസറ്റ് ബസ്സുകൾക്ക് കി.മീറ്ററിന് 72 പൈസയും, സൂപ്പർ ഡീലക്സ് ബസ്സുകൾക്ക് 90 പൈസയും, എ.സി എയർ ബസ്സുകൾക്ക് 110 പൈസയും, ഹൈടെക് വോൾവോ ബസ്സുകൾക്ക് 130 പൈസയുമാണ്. കെ.എസ്.ആർ.ടി. സി ബസ്സുകളുടെ യാത്രനിരക്ക് ഘടന സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.16** –ൽ കൊടുത്തിരിക്കുന്നു.
ഫ്ലീറ്റ് പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി, സ്ക്രാനിയ മുതലായ മൾട്ടി ആക്സിൽ ബസ്സുകൾ ഡീലർമാരിൽ നിന്ന് ലഭ്യമാക്കി അന്തർ സംസ്ഥാന റൂട്ടുകളിൽ പ്രവർത്തിപ്പിച്ചിരുന്നു. വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിനുള്ള ഹനുമന്തറാവു റിപ്പോർട്ടിന്റെ നിർദ്ദേശ പ്രകാരം 2016–17 –ൽ കെ.എസ്.ആർ.ടി.സി യുടെ പ്രധാന വർക്ക്ഷോപ്പുകൾ ആധുനിക സാമഗ്രികൾകൊണ്ട് പുനരുദ്ധാരിച്ചു.

കെ.എസ്.ആർ.ടി.സി യൂണിറ്റുകളുടെ പ്രവർത്തനം വിശകലനം ചെയ്യുമ്പോൾ 30 ശതമാനത്തോളം യൂണിറ്റുകളുടെ പ്രവർത്തനം മോശമാണ്. ജില്ല തിരിച്ചുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.17** –ൽ നൽകിയിട്ടുണ്ട്. വർദ്ധിച്ച

പ്രവർത്തന ചെലവ്, ഉയർന്ന പെൻഷൻ ബാധ്യത, പലിശ തിരച്ചടവ് വർദ്ധന, ലാഭകരമല്ലാത്ത റൂട്ടുകളിലുള്ള യാത്ര, സൗജന്യ യാത്രകൾ അനുവദിക്കുന്നത് തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം മോശമാക്കുന്നത്.

2009–10 –ൽ കെ.എസ്.ആർ.ടി. സി യുടെ ഒക്യുപ്പൻസി റേഷ്യോ 67.14 ശതമാനമായിരുന്നത് 2016–17–ൽ 75.09 ശതമാനമായി വർദ്ധിച്ചെങ്കിലും സ്വകാര്യ ബസ്സുകളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. കേരളത്തിൽ പൊതുഗതാഗത രംഗത്ത് സ്വകാര്യ വാഹനങ്ങൾക്കാണ് മേൽകൈ ഉള്ളത്. കെ.എസ്.ആർ.ടി.സി യുടെ വാഹന ഉപയോഗം 81 ശതമാനമാണ്. 12 ശതമാനത്തിലധികം ബസ്സുകൾക്ക് അറ്റകുറ്റപണികൾ ആവശ്യമായിട്ടുള്ളതും, 25.9 ശതമാനം ബസ്സുകൾ പഴക്കം ചെന്നവയുമാണ്. പ്രതി ബസ്സ് ജീവനക്കാർ തമ്മിലുള്ള അനുപാതം 6.05 ആണ്. കെ.എസ്.ആർ.ടി. സി ബസ്സുകളുടെ ബ്രേക്ക് ഡൗൺ നിരക്ക് ലക്ഷം കി.മീറ്ററിന് 6 എന്ന കണക്കിലാണ്. എന്നാൽ അയൽ സംസ്ഥാനമായ കർണ്ണാടക ആർ.ടി.സി യിലും ബാഗ്ളൂർ മെട്രോ പോളിറ്റൻ.ടി.സി എന്നിവിടങ്ങളിൽ ഇത് ഒന്നിനും താഴെയാണ്. കെ.എസ്.ആർടി.സി യുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.18** –ൽ കാണിച്ചിരിക്കുന്നു. കെ.എസ്. ആർ.ടി സി യുടെ 2016–17 ലെ പ്രധാന ആഭ്യന്തര സൂചകങ്ങൾ **ബോക്സ് 5.4** –ൽ ചേർത്തിരിക്കുന്നു.

കെ.യു.ആർ.റ്റി.സി യുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.19** –ൽ കൊടുത്തിരിക്കുന്നു.

കുറഞ്ഞ പ്രവർത്തന ക്ഷമത, ഉയർന്ന ബസ്/ ജീവനക്കാർ അനുപാതം, സാമ്പത്തിക നേട്ടമില്ലാത്ത റൂട്ടുകളിൽ സർവീസ്, പ്രായോഗികമല്ലാത്ത ഡിപ്പോകൾ തുടങ്ങിയവയാണ് കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രശ്നങ്ങൾ/വെല്ലുവിളികൾ. കെ. എസ്. ആർ.ടി.സി നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നതിന് നടപടികൾ നിർദ്ദേശിക്കാനും പ്രൊഫഷണൽ സാങ്കേതിക സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്.

റോഡു ഗതാഗത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, മുന്നോട്ടുള്ള വഴി

സംസ്ഥാനത്ത് മിക്കവാറും റോഡുകൾക്ക് നിലവിലുള്ള ഗതാഗത ബാഹുല്യം നേരിടുന്നതിനാവശ്യമായ വീതിയുള്ളവയല്ല. നാലിലൊന്ന് റോഡുകൾ മാത്രമേ രണ്ടുവരിപാതകളോ നാലുവരി പാതകളോ ആയിട്ടുള്ളൂ. ദേശീയ പാതകളിൽ, ഏകദേശം 12 ശതമാനം മാത്രമേ നാലുവരി പാതകളായിട്ടുള്ളൂ. ബാക്കിയുള്ളവ ഒറ്റവരിപാതകളോ ഇടത്തരം പാതകളോ ആണ്. മൊത്തം റോഡ് ശൃംഖലയുടെ 8ശതമാനം മാത്രം വരുന്ന ദേശീയ പാതകൾ, സംസ്ഥാന പാതകൾ

ബോക്സ് 5.4
കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആഭ്യന്തര സൂചകങ്ങൾ

• ശരാശരി ബസ്സുകൾ	– 5,953
• പ്രവർത്തനക്ഷമമായ ബസ്സുകൾ	– 5,795
• ബസ്സുകളുടെ ശരാശരി കാലപ്പഴക്കം (വർഷം)	– 7
• കാലപ്പഴക്കമുള്ള വാഹനങ്ങൾ	– 25.9%
• ജീവനക്കാരുടെഎണ്ണം	– 35,083
• ബസ്ജീവനക്കാർ അനുപാതം (ആകെ ബസുകൾ)	– 5.9
• ബസ് ജീവനക്കാർ അനുപാതം (പ്രവർത്തനക്ഷമമായ ബസ്സുകൾ)	– 6.05
• ബസ് ജീവനക്കാരുടെ കാര്യക്ഷമത (കി.മീ.)/ജീവനക്കാർ/ദിനം)	– 45.07
• ഇന്ധന ക്ഷമത (കി.മീ./ലിറ്റർ)	– 4.22
• ഒക്യുപ്പൻസി റേഷ്യോ	– 75.09%

എന്നിവയിലൂടെയാണ് അന്തർ സംസ്ഥാന അന്തർ നഗര ഗതാഗതം കൂടുതലും നടക്കുന്നത്. ഗതാഗതാവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്തേണ്ടതാവശ്യമാണ്. ട്രാഫിക്ക് ഞെരുക്കം, കാലതാമസം, ലക്ഷ്യസ്ഥാനങ്ങളിൽ എളുപ്പത്തിൽ എത്തിച്ചേരൽ, അപകടങ്ങൾ കുറയ്ക്കൽ എന്നീ ഘടകങ്ങൾ പരിഗണിക്കുമ്പോൾ നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. മിക്കവാറും എല്ലാ പൊതുമരാമത്ത് വകുപ്പ് റോഡുകളുടേയും നിലവാരം മെച്ചപ്പെടുത്തേണ്ടതും, വീതി വർദ്ധിപ്പിക്കേണ്ടതും, റോഡു സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

സംസ്ഥാനത്തിന്റെ റോഡ് വികസനത്തിൽ മുൻഗണന നിശ്ചയിക്കുന്നതിന് ചില മാനദണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാന പാതകളും, പ്രധാന ജില്ലാ റോഡുകളും ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങളോടെ നവീകരിക്കേണ്ടതുണ്ട്. പുതിയ റോഡ് വികസന സംരംഭങ്ങളായ മലയോര ഹൈവേ, തീരദേശ ഹൈവേ, ബൈപ്പാസ്സുകൾ തുടങ്ങിയവ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പൂർത്തിയാക്കേണ്ടതുണ്ട്.

കേരളത്തിലെ സംസ്ഥാനപാതകൾ, പ്രധാനപ്പെട്ട ജില്ലറോഡുകൾ, സിറ്റി റോഡുകൾ എന്നിവയിൽ ചില ഉചിതമായ സാങ്കേതിക മാറ്റങ്ങളായ ജ്യോമട്രിക്കൽ ഇംപ്രൂവ്മെൻറ്, ജംഗ്ഷൻ ഇംപ്രൂവ്മെൻറ്, മെയിൻറനൻസ് കോൺട്രാക്റ്റുകളിൽ ഏർപ്പെടൽ എന്നിവ നടത്തുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. സേവന നിലവാരം ഉയർത്തുന്നതിനായി, പ്രധാന പ്രശ്നമായ റോഡുകളുടെ അരികിലുള്ള പാർക്കിംഗ് സമ്പ്രദായം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഭൗതിക പശ്ചാത്തല ദാതാക്കളായ പൊതുമരാമത്ത് വകുപ്പ്, റെയിൽവെ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവളങ്ങൾ, ചരക്കു ഗതാഗത ഏജൻസികൾ എന്നിവയുടെ ഏകോപനം ഗതാഗത പശ്ചാത്തല മേഖലയുടെ പ്രവർത്തനത്തിനാവശ്യമാണ്. ബഹുവിധ ഗതാഗത ശൃംഖലയുടെ ഏകോപനം പശ്ചാത്തല മേഖലയുടെ പ്രവർത്തനം സുഗമമാക്കുന്നു.

ബോക്സ് 5.5
പതിമൂന്നാം പദ്ധതിയിൽ റോഡ്, റോഡ് ഗതാഗത മേഖലയുടെ സമീപനം

- പാരിസ്ഥിതിക – സുസ്ഥിര കേരളം എന്ന കാഴ്ചപ്പാടിനനുസൃതമായി ഹരിത ഇടനാഴി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകി ഹരിത വാഹനങ്ങളും പ്രോത്സാഹിപ്പിക്കുക (നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് വാഹനങ്ങളുടെ നവീകരണ പരിപാടികൾ).
- നഗരങ്ങളിൽ യന്ത്രവത്കൃതമല്ലാത്ത ഗതാഗത സൗകര്യങ്ങളായ ആകാശ നടപ്പാതകൾ (skywalks), കാൽനടപ്പാതകൾ (foot bridges), അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ വികസനം
- ദീർഘകാലാടിസ്ഥാനത്തിൽ റോഡുവഴിയുള്ള ഗതാഗതത്തിൽ നിന്നും റെയിൽ ഗതാഗതത്തിലേക്കുള്ള മാറ്റം
- ഗതാഗത മേഖലയിൽ നയരൂപീകരണത്തിൽ റോഡുസുരക്ഷാ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം
- റോഡു സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി സ്പീഡ് ക്യാമറകൾ സ്ഥാപിക്കുകയും, നിയമം നടപ്പിലാക്കുന്നതിനായി പുതിയ നടപടികളും, റോഡു സുരക്ഷാ ഓഡിറ്റിംഗും
- കേരളത്തിന്റെ പൊതു ഗതാഗത സംവിധാനത്തിലെ പ്രധാന ഘടകമായ കെ.എസ്.ആർ.ടി. സിയിലെ മനുഷ്യ വിഭവശേഷി, പ്രവർത്തന പ്രശ്നങ്ങൾ, സാങ്കേതിക പ്രശ്നങ്ങൾ, പശ്ചാത്തല സൗകര്യം/ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, എന്നിവയിലൂന്നി പുനരുദ്ധാരിക്കാൻ വേണ്ട വിവിധ നടപടികൾ അവലംബിക്കൽ
- റെയിൽ, റോഡ് ഗതാഗത സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുന്നതിനും, കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യതകളെ വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ വഴിയുള്ള യാത്രയും, ചരക്കു ഗതാഗതവും പ്രോത്സാഹിപ്പിക്കൽ
- കൂടുതൽ ചരക്കുകളും പാസഞ്ചർ ട്രാഫിക്കുകളും ആകർഷിക്കുന്നതിലൂടെ ദേശീയ ജലപാത–3 പ്രവർത്തനസജ്ജമാക്കുക.

പതിമൂന്നാം പദ്ധതിയിൽ റോഡ്, റോഡ് ഗതാഗത മേഖലയുടെ സമീപനം **ബോക്സ് 5.5** –ൽ കൊടുത്തിരിക്കുന്നു.

റെയിൽവെ

ഒറ്റ മാനേജ്മെന്റിന് കീഴിലുള്ള ലോകത്തെ രണ്ടാമത്തെ വലിയ ശൃംഖലയാണ് ഇന്ത്യൻറെയിൽവെ. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള യാത്ര റെയിൽവെ സാധ്യമാക്കുന്നു. 90,803 കി.മീറ്റർ ദൈർഘ്യമുള്ള റെയിൽവെ ശൃംഖലയിൽ 66,030 കി.മീറ്റർ റൂട്ട് ദൈർഘ്യവും, 7,137 സ്റ്റേഷനുകളും നിലവിലുണ്ട്. ലോകത്തെ ഏറ്റവും വലിയ നാലാമത്തെ റെയിൽവെ ശൃംഖല (അമേരിക്ക, റഷ്യ, ചൈന) യാണ് ഇന്ത്യയുടേത്. 1,257 കിലോ മീറ്റർ റൂട്ട് ദൈർഘ്യത്തിൽ 1,588 കോച്ചുകളിൽ 13 സ്റ്റേഷനുകളോടെ ഇന്ത്യൻ റെയിൽവെ ഭൂപടത്തിൽ വളരെ ഗണനീയ സ്ഥാനമാണ് കേരളത്തിനുള്ളത്. ദക്ഷിണ റെയിൽവെയുടെ തിരുവനന്തപുരം, പാലക്കാട്ഡിവഷനുകളാണ് കേരളത്തിലുള്ളത്. പാലക്കാട് ഡിവിഷനിൽ 76 എക്പ്രസ് ട്രെയിനുകളും 49 പാസഞ്ചർ ട്രെയിനുകളും, പ്രതിദിനം 2.16 ലക്ഷം യാത്രക്കാരുമാണുള്ളത്. തിരുവനന്തപുരം ഡിവിഷനിൽ 80 എക്സ്പ്രസ് ട്രെയിനുകൾ, 60 പാസഞ്ചർ ട്രെയിനുകൾ ദിനംപ്രതി 2.6 ലക്ഷം യാത്രക്കാർ എന്നിങ്ങനെയാണ് നിലവിലുള്ളത്. സംസ്ഥാനത്തുകൂടി കടന്നു പോകുന്ന റെയിൽവെ ലൈനുകൾ ബ്രോഡ്ഗേജ് ആക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഏകദേശം 200 റെയിൽവെ സ്റ്റേഷനുകൾ, സംസ്ഥാനത്തിനകത്തെ പ്രധാന പ്രദേശങ്ങളേയും രാജ്യത്തെ പ്രധാനപ്പെട്ട പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. റെയിൽവെ മേഖലയിൽ പുതിയ ലൈനുകൾക്കായുള്ള സാധ്യതാ പഠനങ്ങൾ നടന്നു വരുന്നു.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ)

കേരളത്തിലെ പ്രധാന റെയിൽവെ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ആർ.ഡി.സി.എൽ). 51 ശതമാനം സംസ്ഥാന സർക്കാർ ഓഹരിയും, 49 ശതമാനം കേന്ദ്രസർക്കാർ ഓഹരിയുമായി സംസ്ഥാനത്ത് ഭാവിയിൽ നിലവിൽ വരുന്ന റെയിൽവെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ഉദ്ദേശ്യയാനമാണിത്.

പ്രസ്തുത സംയുക്ത സംരംഭത്തിൽ പ്രാരംഭ കൊടുത്തു തീർത്ത ഓഹരി മൂലധനമായ 100 കോടി രൂപ ഏറ്റെടുക്കുന്ന പദ്ധതികളുടെ അനുപാതത്തിലാണ്. റെയിൽവെ മന്ത്രാലയത്തിന്റെയും (റെയിൽവെ ബോർഡ്) സംസ്ഥാന സർക്കാരിന്റേയും അനുമതിയോടെ പ്രസ്തുത മൂലധനത്തിൽ മാറ്റം വരുത്താവുന്നതാണ്. കെ.ആർ.ഡി.സി. എൽ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 5.8** –ൽ കൊടുത്തിരിക്കുന്നു.

കൊച്ചി മെട്രോ

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാരിന്റെ ഒരു ഫ്ലാഗ്ഷിപ് പരിപാടിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി (കെ.എം.ആർ.പി). ഭാരത സർക്കാരിന്റെയും, കേരള സർക്കാരിന്റെയും സംയുക്ത സംരംഭമായ പ്രസ്തുത പദ്ധതി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ. എം.ആർ.എൽ) എന്ന പ്രത്യേക ഉദ്ദേശ്യയാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. 5,181.79 കോടി രൂപ അടങ്കൽ വരുന്ന ഈ പദ്ധതിക്ക് 2012 ജൂലൈയിൽ ആലുവ മുതൽ പേട്ടവരെയുള്ള 25.6 കി.മീ. നീട്ടുന്നതിന് ഗവൺമെന്റ് അനുമതി നൽകി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എം. ആർ.എൽ, ഇന്ത്യ ഗവൺമെന്റ്, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഡി.എം.ആർ. സി) എന്നിവയുമായി ഒരു തൃകക്ഷി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ **പട്ടിക 5.9** –ൽ കൊടുത്തിരിക്കുന്നു.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനങ്ങൾക്ക് 2012 ജൂലൈ മാസത്തിലാണ് അനുമതി നൽകിയത്. ഒന്നാംഘട്ടത്തിൽ വിഭാവന ചെയ്തിരുന്നത് 25.612 കി.മീറ്റർ റൂട്ട് ദൈർഘ്യത്തിൽ ആലുവ മുതൽ പേട്ട വരെ 22 സ്റ്റേഷനോടെ എലിവേറ്റഡ് മെട്രോ വയാഡക്റ്റ് രീതിയിലായിരുന്നു. പ്രസ്തുത പദ്ധതിയുടെ

പട്ടിക 5.8
കെ.ആർ.ഡി.സി.എൽ തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾ

ക്രമനം.	പദ്ധതി	ദൈർഘ്യം (കി.മീ)	ലക്ഷ്യം
	ഒന്നാം ഘട്ടം – അഞ്ചു പദ്ധതികൾ		
1	ആർ.ആർ.റ്റി.എസ് തിരുവനന്തപുരം–ചെങ്ങന്നൂർ	125.56	നിലവിലുള്ള ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കൽ
2	തലശ്ശേരി–മൈസൂർപുതിയ ബ്രോഡ്ഗേജ് ലൈൻ– കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം വഴി	206.51	പശ്ചാത്തല വികസനം ത്വരിതപ്പെടുത്തൽ
3	എറണാകുളം ടെർമിനസ് (ഇ.ആർ.ജി) കൊച്ചിയിലെ മൂന്നാമത്തെ അവസാന സ്റ്റേഷനായി വികസിപ്പിക്കൽ	5	ടെർമിനൽ ഇൻഫ്രാ സ്ട്രക്ച്ചർ
4	കൊച്ചി അന്താരാഷ്ട്രാ വിമാനത്താവളം പുതിയ ബ്രോഡ്ഗേജ് ലൈൻ & പുതിയ പാസ്സഞ്ചർ സ്റ്റേഷൻ & കണ്ടയ്നർ ടെർമിനൽ	15	ടെർമിനൽ ഇൻഫ്രാ സ്ട്രക്ച്ചർ
5	വിഴിഞ്ഞം–ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ വിഴിഞ്ഞം അന്താരാഷ്ട്രാ തുറമുഖവുമായി ബന്ധിപ്പിക്കുന്നു	12	പശ്ചാത്തല വികസനം ത്വരിതപ്പെടുത്തൽ
	രണ്ടാംഘട്ടം– 2 പദ്ധതികൾ		
1	എരുമേലി–പുനലൂർ പുതിയ ബ്രോഡ്ഗേജ് പത്തനംതിട്ട വഴി ശബരിലൈനും, കൊല്ലം ചെങ്കോട്ട പാതയും തമ്മിൽ ബന്ധിപ്പിക്കൽ	65	പശ്ചാത്തല വികസനം ത്വരിതപ്പെടുത്തൽ
2	ഏറ്റുമാനൂർ–പാല പുതിയ ബ്രോഡ്ഗേജ് ലൈൻ ശബരി പാതയും തിരുവനന്തപുരം എറണാകുളം പാതയും (15 കി.മീ) ബന്ധിപ്പിക്കൽ	15	പശ്ചാത്തല വികസനം ത്വരിതപ്പെടുത്തൽ
	മൂന്നാം ഘട്ടം – ഒരു പദ്ധതി		
1	നിലമ്പൂർ–നഞ്ചൻഗുഡ് പുതിയ ബ്രോഡ്ഗേജ് ലൈൻ (സുൽത്താൻബത്തേരി വഴി)	236	പശ്ചാത്തല വികസനം ത്വരിതപ്പെടുത്തൽ

അവലംബം: (കെ.ആർ.ഡി.സി.എൽ)

ചെലവ് 5,181.79 കോടി രൂപയായിരുന്നു. പദ്ധതിയ്ക്ക് രണ്ട് അടിസ്ഥാന നിർമ്മാണ ഘടകങ്ങളായിരുന്നു ഉണ്ടായിരുന്നത്, സിവിൽ സ്ട്രക്ച്ചറും, സിസ്റ്റംസും. സിവിൽ ഘടകത്തിൽ മെട്രോ വയാഡക്റ്റ്, 22 മെട്രോ സ്റ്റേഷനുകൾ, ട്രാക്കുകൾ എന്നിവയും, സിസ്റ്റംസിൽ റോളിംഗ് സ്റ്റോക്ക് (മെട്രോ റെയിൽ കോച്ചുകൾ), സിഗ്നലിംഗ്, ടെലികോം, ഇലക്ട്രിഫിക്കേഷൻ ഫോർ ട്രാക്ഷൻ, പവർ സപ്ലൈ സൗകര്യങ്ങൾ എന്നിവയുമായിരുന്നു. ട്രെയിനുകളുടെ അറ്റകുറ്റപ്പണിയ്ക്കായി 15.12 ഹെക്ടർ സ്ഥലത്ത് ഒരു മെട്രോ ട്രെയിൻ ഡിപ്പോയും നിർമ്മിച്ചിട്ടുണ്ട്.

ആലുവ മുതൽ പാലാരിവട്ടം വരെയുള്ള 13.4 കി.മീറ്റർ ദൈർഘ്യത്തിലുള്ള 11 സ്റ്റേഷനുകൾ ഉൾപ്പെടുന്ന ഒന്നാം റീച്ചിന്റെ ഉത്ഘാടനം ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2017 ജൂൺ 17–ാം തീയതി ഉത്ഘാടനം ചെയ്യുകയും പൊതുജനങ്ങൾക്കായി ജൂൺ 19–ാം തീയതി തുറന്നു കൊടുക്കുകയും ചെയ്തു. പാലാരിവട്ടം

പട്ടിക 5.9
കൊച്ചി മെട്രോ– വിശദ വിവരങ്ങൾ

ക്രമ നമ്പർ	ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ	ദൈർഘ്യം (കി.മീ)	അടങ്കൽ തുക (രൂപ കോടിയിൽ)
ഒന്നാംഘട്ടം	ആലുവ – പേട്ട (22 സ്റ്റേഷനുകൾ)	25.6	5,181.79
ഒന്നാംഘട്ടം (എ)	പേട്ട – എസ്.എൻ ജംഗ്ഷൻ (എക്സ്റ്റെൻഷൻ)	2.00	359.00

അവലംബം: കെ.എം.ആർ.എൽ

മുതൽ മഹാരാജാസ് കോളേജ് വരെയുള്ള 4.892 കി.മീറ്റർ ദൈർഘ്യത്തിൽ 5 സ്റ്റേഷനുകൾ ഉൾപ്പെടുന്ന II എ റീച്ചിന്റെ ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017 ഒക്ടോബർ 3–ാം തീയതി ഉത്ഘാടനം ചെയ്യുകയും പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ 7.32 കി.മീറ്റർ ദൈർഘ്യത്തിൽ 6 സ്റ്റേഷനുകൾ ഉള്ള II ബി റീച്ച് 2019 ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം പദ്ധതിയുടെ 80 ശതമാനംപ്രവൃത്തികൾ 2017 സെപ്റ്റംബർ 30 വരെ പൂർത്തീയായിട്ടുണ്ട്.

തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി

ഒരു മാസ് റാപിഡ് ട്രാൻസിറ്റ് സിറ്റം (എം.ആർ.റ്റി.എസ്സ്) എന്ന നിലയിൽ തിരുവനന്തപുരത്തും, കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരളാ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർടി.എൽ) എന്ന ഒരു പ്രത്യേക ഉദ്ദേശ്യയാനം രൂപീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം.ആർ.സി) ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 13.33 കി.മീറ്റർ ദൈർഘ്യത്തിൽ 14 സ്റ്റേഷനുകളോടെ കോഴിക്കോട് മെട്രോ റെയിൽ പദ്ധതി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്നതാണ്.തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ അടങ്കൽ തുക 4,219.00 കോടി രൂപയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടേത് 2,509.00 കോടി രൂപയും ഉൾപ്പെടെ ആകെ 6,728.00 കോടി രൂപ (കേന്ദ്ര നികുതി, ഭൂമി ഏറ്റെടുക്കുന്ന ചെലവ് ഉൾപ്പെടെ) യാണെന്ന് കണക്കാക്കിയിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി അഞ്ചു വർഷം കൊണ്ടും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി നാലു വർഷം കൊണ്ടും പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്നു.

രാജ്യത്തെ പുതിയ മെട്രോ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള മെട്രോ റെയിൽ പദ്ധതികൾക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാണ്. ആയതിനാൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിയും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തേണ്ടതാവശ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ അനുമതിയ്ക്കായി ഭേദഗതി വരുത്തിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ലഭ്യമായതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി ഹൗസിംഗ് ആന്റ് അർബൻ അഫയേഴ്സ് മന്ത്രാലയത്തിലേക്ക് (എം.ഒ.എച്ച്.യു.എ) അയയ്ക്കുന്നതാണ്.

തിരുവനന്തപുരത്തെ ലൈറ്റ് ട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക മുന്നൊരുക്ക പദ്ധതികളായ ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നിവിടങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 2.77 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുൾപ്പെടെ 272.84 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. പ്രസ്തുത പദ്ധതിയ്ക്കുള്ള വിഹിതം കിഫ്ബി വഴി ലഭ്യമാകുന്നതാണ്.കോഴിക്കോട്

ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി മാനാഞ്ചിറ–മീഞ്ചന്ത റോഡ് വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ജല മെട്രോ പദ്ധതി

748 കോടി രൂപ ചെലവിൽ 76 കി.മീറ്റർ ദൈർഘ്യത്തിൽ 16 റൂട്ടുകളിലൂടെ 38 ജെട്ടികൾ ഉൾപ്പെടുന്ന കൊച്ചി മെട്രോ വാട്ടർ പദ്ധതിയ്ക്ക് എയ്ക്കോം കൺസോർഷ്യം ജനറൽ കൺസൾട്ടൻസിയായി 2017ജൂൺ 2–ൽ ഒപ്പ് വച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ 15 ശതമാനം ഓഹരിയായ 112.09 കോടി രൂപയും, കേരള ഗവൺമെന്റിന്റെ 85 ശതമാനം ഓഹരിയായ 635.88 കോടി രൂപയും വിദേശ ധനസഹായം എന്നിവയും ഉൾപ്പെടുന്നു. 682.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ, 579.71 കോടി രൂപ ലോൺ ഘടകവും 102.30 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര ഗവൺമെന്റും കെ.എഫ്. ഡബ്ല്യൂ., കെ.എം ആർ.എൽ എന്നീ ഏജൻസികൾ 2016 ജൂണിൽ ഒരു ത്രികക്ഷി ധാരണയിൽ 85 മില്യൺ യൂറോ ലഭ്യമാക്കുന്നതിനായി ഒപ്പ് വച്ചിട്ടുണ്ട്. എയ്ക്കോം കൺസോർഷ്യത്തെ കൺസൾട്ടൻസിയായി തീരുമാനിച്ച് 2017 ജൂൺ 2–ന് കരാർ ഒപ്പുവെച്ചു. വിശദാംശങ്ങൾ **പട്ടിക 5.10** –ൽ ചേർത്തിരിക്കുന്നു.

പ്രാരംഭ പരിശോധന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. റൂട്ടുകളിൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനായി ബാത്തിമെട്രിക്ക് സർവെ നടത്തി. 38 ജെട്ടികളിൽ 19 ജെട്ടികളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെൻറ് അനുമതിയ്ക്കായി നടപടികൾ പൂർത്തിയാക്കി.

വ്യോമ ഗതാഗതം

വ്യോമഗതാഗതചരിത്രത്തിൽ അന്താരാഷ്ട്ര യാത്രകൾക്കുള്ള ആവശ്യം ഏറി വരുകയും അന്തർ സംസ്ഥാന യാത്രകൾക്കുള്ള ആവശ്യം കുറഞ്ഞുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് ഇൻറർസിറ്റി സർവീസുകളും ആരംഭിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെപ്പോലെ കേരളത്തിലും തലസ്ഥാന നഗരത്തിൽ വ്യോമഗതാഗതം കൂടുതലാണ്. കേരളത്തിലെ വ്യോമഗതാഗതം പ്രധാനമായും മൂന്ന് വിമാനത്താവളങ്ങളിലൂടെയാണ് നടക്കുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട 15 അന്താരാഷ്ട്രാ വിമാനത്താവളങ്ങളിൽ കേരളത്തിന്റെ മൂന്ന് അന്താരാഷ്ട്രാ വിമാനത്താവളങ്ങൾ ഉൾപ്പെടുന്നു. എട്ട് ലക്ഷത്തിലധികം ആഭ്യന്തര യാത്രക്കാരും, 50 ലക്ഷത്തിലധികം അന്താരാഷ്ട്ര യാത്രക്കാരും എല്ലാ വർഷവും പ്രസ്തുത വിമാനത്താവളങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് നിലവിലുള്ളത്. കേരളത്തിലെ വിമാനത്താവളങ്ങളെല്ലാം തന്നെ അന്താരാഷ്ട്രാ വിമാനത്താവളങ്ങളാണെന്ന പ്രത്യേകത കൂടി കേരളത്തിനുണ്ട്. തെക്കെ ഇന്ത്യയിലെ പ്രധാനപ്പെട്ട വിമാനത്താവളമാണ് തിരുവനന്തപുരം അന്താരാഷ്ട്രാ വിമാനത്താവളം. ലോക വിമാനത്താവള ഭൂപടത്തിൽ ഒൻപത് അന്താരാഷ്ട്രാ റൂട്ടുകൾ, എട്ട് ആഭ്യന്തര എയർ റൂട്ടുകൾ, എട്ട് വൻകിട ചെറുകിട എയ്റോഡ്രോമുകളുടെ നിയന്ത്രണ സേവനം എന്നിവയിലൂടെ പ്രധാന പങ്കു വഹിക്കുന്നു. കാനഡയിലെ മോൺട്രിയൽ ആസ്ഥാനമായുള്ള എയർ പോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എ.സി.ഐ) 2016 അടിസ്ഥാനമാക്കി നടത്തിയ എയർപോർട്ട് സർവീസ് ക്വാളിറ്റി (എ.എസ്.ക്യൂ) സർവെയിൽ ഉൾപ്പെട്ട 15 വിമാനത്താവളങ്ങളിൽ മൂന്നാം സ്ഥാനം സിയാലിനാണ്. സിയാലിന്റെവികസനതന്ത്രം വളരെ നൂതനവും സമഗ്രവും സ്ഥായിയായിട്ടുള്ളതും ചെലവു കുറഞ്ഞതുമാണ്. കണ്ണൂർ അന്താരാഷ്ട്രാ

പട്ടിക 5.10
ജലമെട്രോ ധനകാര്യ രീതി (തുക കോടിയിൽ)

സ്രോതസ്സ്	ഒന്നാം ഘട്ടം	രണ്ടാം ഘട്ടം	അനുബന്ധ പശ്ചാത്തലം	ആകെ
ലോൺ	181.81	132.78	265.12	579.71
ഓഹരി(ഇക്വിറ്റി)	32.08	23.43	46.79	102.30
ആകെ	213.89	156.21	311.91	682.01

അവലംബം: കെ.എം.ആർ.എൽ

വിമാനത്താവളം പ്രവർത്തനക്ഷമമാകുന്നതോടു കൂടി ഏറ്റവും കൂടുതൽ അന്താരാഷ്ട്രാ വിമാനത്താവളങ്ങളുള്ള തമിഴ്നാടിനൊപ്പം കേരളവും എത്തിച്ചേരും.

കണ്ണൂർ അന്തർ ദേശീയ വിമാനത്താവളം നിർമ്മിച്ച്, പ്രവർത്തിപ്പിക്കുന്നതിന് കേരള സർക്കാർ കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളം (കിയാൽ) രൂപീകരിച്ചിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് കിയാൽ, കണ്ണൂർ വിമാനത്താവള വികസനം നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടപ്രവർത്തനങ്ങൾ 2016–17 മുതൽ 2025–26 വരെയും, രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ 2026–27 മുതൽ 2045–46 വരെയുമാണ്. 4.67 ദശലക്ഷം യാത്രക്കാർ 60,758 ടൺ ചരക്കുകൾ എന്നിവ പ്രസ്തുത വിമാനത്താവളത്തിൽ നിന്നും സാധ്യമാകുന്നതാണ്. റൺവെയുടെ ദൈർഘ്യം 3,050 മീറ്റർ, 96,000 ച.മീ വിസ്തൃതിയുള്ള ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാന്റ് (ഏപ്രൺ), 22,000 ച.മീ. കാർ/ബസ് പാർക്കിംഗ്, 1,200 ച.മീ. എ.ടി.സി/ടെക്നിക്കൽ ബിൽഡിംഗ്, 7,750 ച.മീ. ഗ്രൗണ്ട് സർവീസ് എക്വിപ്മെന്റ് പാർക്കിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ്.

ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം റൺവെ ദൈർഘ്യം 3,050 മീറ്ററിൽ നിന്നും 3,400 മീറ്ററായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. എല്ലാ സൗകര്യങ്ങൾക്കുമുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നാവിഗേഷൻ പ്രവർത്തനങ്ങൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ പൂർത്തിയാക്കുകയും, ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം (ഐ.എൽ. എസ്), കാലിബ്രേഷൻ ആന്റ് എയറോനോട്ടിക്കൽ ഇൻഫർമേഷൻ പബ്ലിക്കേഷൻ എന്നിവ 2018 ആഗസ്റ്റ് മാസം അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ബി.സി.എ.എസ്, ലൈസൻസ് ഓഫ് ഡയറക്ടർ ജനറൽ ഓഫ് ഫയർ, സി.ഐ.എസ്.എഫ്, കസ്റ്റംസ് ആന്റ് എമിഗ്രേഷൻ, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിയമനം എന്നിവ പൂർത്തിയാക്കിയ കിയാലിന്റെ വാണിജ്യ പ്രവർത്തനങ്ങൾ 2018 സെപ്റ്റംബറിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ജലഗതാഗത മേഖല

കേരളത്തിൽ ജലഗതാഗതം, റോഡ്റെയിൽ ഗതാഗതത്തിന് സാധ്യമായ ഇതര സംവിധാനമാണ്. വലിയ തോതിൽ ഭാരമുള്ള ചരക്കുകളുടെ ദീർഘദൂര നീക്കത്തിന് അനുയോജ്യമായ സംവിധാനമാണ് ജലഗതാഗതം. ജലഗതാഗതത്തിനായി മൂന്ന് പ്രാഥമിക വിഭാഗങ്ങൾഉണ്ട്. സമുദ്ര ഗതാഗതം, ഉൾനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം എന്നിവയാണ് മൂന്ന് വിഭാഗങ്ങൾ. തീരദേശ തുറമുഖങ്ങൾ, ഉൾനാടൻ തുറമുഖങ്ങൾ, റെയിൽ, വിമാനം, ട്രക്ക് റൂട്ടുകൾ എന്നിവ ഉൾപ്പെടുന്ന സങ്കീർണ ശൃംഖലയാണ്. ഇത് സാമ്പത്തിക അടിത്തറയുടെ മൂലാധാരമായി ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്നു. പരിസ്ഥിതി സൗഹൃദവും ഏറ്റവും ചെലവു കുറഞ്ഞതുമായ ഗതാഗതമാർഗ്ഗമാണെങ്കിലും, ഇതിന്റെ സാധ്യതകൾ ഇതുവരെ വേണ്ടവിധം പ്രയോജന പ്പെടുത്തിയിട്ടില്ല. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിലൂടെ, ജലഗതാഗതവുമായി ബന്ധപ്പെട്ട വൻകിട കാര്യങ്ങൾക്ക് ഒരു സമഗ്രമായ ചട്ടക്കൂട് രൂപപ്പെടുത്തേണ്ടതുണ്ട്. തുറമുഖങ്ങളുടേയും ഉൾനാടൻ ജലപാതകളുടേയും സമഗ്രമായ വികസനത്തിനായി വിവിധ സർക്കാർ പദ്ധതികളും നയങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തീരദേശ കപ്പൽ ഗതാഗതം, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ പ്രോത്സാഹിപ്പിക്കുന്നതും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

തുറമുഖ മേഖല

ആഗോളവത്ക്കരണത്തിന്റെ സുപ്രധാന ഘടകമാണ് സമുദ്രഗതാഗതം. വ്യാപാര വിതരണ ശൃംഖലകളെ പിന്തുണയ്ക്കുന്ന അന്തർദേശീയ വ്യാപാരം സാധ്യമാക്കുന്നതിനും അതിർത്തിരഹിത ഗതാഗതം സാധ്യമാക്കുന്നതിനും സഹായിക്കുന്നു. സമുദ്ര ഗതാഗതം ഉൾപ്പെടുന്ന സാമ്പത്തിക മേഖല, തൊഴിൽ, വരുമാനം എന്നിവ സൃഷ്ടിക്കുകയും മറ്റ് മേഖലകളുടെ വികസനത്തിനും സഹായിക്കുന്നു. വ്യവസായ വികസനത്തിന്റെ ഭാഗമായി, ഉപഭോക്താക്കൾ, മധ്യവർത്തികൾ, വ്യവസായശാലകൾ എന്നിവയെ ഒന്നിപ്പിക്കുന്നതിലൂടെ കപ്പൽ ഗതാഗതം

വ്യവസായിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതു വഴി പ്രാദേശിക സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കപ്പൽ നിർമ്മാണം മുതൽ ചരക്ക് ഗതാഗത മാർഗ്ഗം വരെ സമുദ്ര മേഖല, സാമ്പത്തിക, രാഷ്ട്രീയ, ജനസംഖ്യ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങളോട് പ്രതികരിച്ചു കൊണ്ട് വികസിച്ചുകൊണ്ടേയിരിക്കും. ഈ പ്രവണതകൾ മനസിലാക്കുന്നത് വ്യവസായത്തിന്റെ മൂലധനനിക്ഷേപത്തിന്റെ പ്രവർത്തനശേഷിയും പ്രവർത്തന ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിന് വളരെ ആവശ്യമാണ്, ഇത് വിജയകരമായ ദീർഘകാലാടിസ്ഥാനത്തിലുള്ള വ്യാപാര തന്ത്രത്തിന് പശ്ചാത്തലമൊരുക്കുന്നു.

ഇന്ത്യയിലെ തുറമുഖങ്ങൾ

ഭാരതത്തിന്റെ 7,500 കി.മീ ദൈർഘ്യമുള്ള കടലോരത്ത് 12 വൻകിട തുറമുഖങ്ങളും, 200 ചെറുകിട, ഇടത്തര തുറമുഖങ്ങളും പശ്ചിമപൂർവ്വ ഇടനാഴികളിൽ സ്ഥിതി ചെയ്യുന്നു. വൻകിടേതര തുറമുഖങ്ങളിൽ പ്രവർത്തനക്ഷമമായത് 139 എണ്ണം, അതായത് 69.5 ശതമാനം മാത്രമാണ്. കടൽ മാർഗ്ഗമുള്ള ഇന്ത്യയുടെ അന്താരാഷ്ട്ര വ്യാപാരത്തിന്റെ പ്രവേശന കവാടമാണ് ഇന്ത്യൻ തുറമുഖങ്ങൾ. ഇവ വിദേശ വ്യാപാരത്തിന്റെ 90 ശതമാനം കൈകാര്യം ചെയ്യുന്നു. കേന്ദ്ര സർക്കാർ അധീനതയിലുള്ള 12 വൻകിട തുറമുഖങ്ങൾ ഇന്ത്യൻ പോർട്ട് ട്രസ്റ്റിന്റെ നിയന്ത്രണത്തിലാണ്. 139 ചെറുകിട തുറമുഖങ്ങൾ അതാത് സംസ്ഥാന സർക്കാരുകളുടെ കീഴിലുമാണ്. വൻകിടേതര തുറമുഖങ്ങൾ എണ്ണത്തിൽ കൂടുതലാണെങ്കിലും ഏകദേശം മൂന്നിൽ ഒന്നു തുറമുഖങ്ങൾ മാത്രമേ പതിവ് വാണിജ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുള്ളു. ഇവ പ്രധാനമായും ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നു.

ചെന്നൈ, കാമരാജർ (എണ്ണൂർ), വി.ഒ ചിദംബരനാർ (തമിഴ്നാട്), കൊച്ചി (കേരളം), കാണ്ട്ല (ഗുജറാത്ത്), കൊൽക്കത്ത (പശ്ചിമ ബംഗാൾ), മുംബൈ, ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ് (ജെ.എൻ.പി.ടി., മഹാരാഷ്ട്ര), മർമ്മഗോവ (ഗോവ), ന്യൂ മാംഗ്ളൂർ (കർണ്ണാടക), പാരദ്വീപ് (ഒറീസ), വിശാഖപട്ടണം (ആന്ധ്രാപ്രദേശ്) എന്നിവയാണ് ഇന്ത്യയിലെ വൻകിട തുറമുഖങ്ങൾ.

ഇന്ത്യയുടെ പ്രധാന തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം

2016–17 കാലഘട്ടത്തിൽ, ഇന്ത്യയിലെ വൻകിട ചെറുകിട തുറമുഖങ്ങൾ മൊത്തം 11,330.9 ലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തു. ഇത് മുൻ വർഷത്തെ (2015–16) അപേക്ഷിച്ച് 5.7 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2016–17 –ൽ വൻകിട ചെറുകിട തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിൽ രേഖപ്പെടുത്തിയിരിക്കുന്ന വളർച്ച യഥാക്രമം 6.8 ശതമാനവും 4.2 ശതമാനവുമാണ്. ഇന്ത്യയിലെ വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്കിന്റെ പങ്ക് 2015–16 ലെ 56.5 ശതമാനത്തിൽ നിന്നും 2016–17 ൽ 57.2 ശതമാനം ആയി വർദ്ധിച്ചു.

തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്യുന്ന ചരക്കിന്റെ അളവ് പ്രധാനമായും ആഗോള ആഭ്യന്തര പ്രവർത്തനങ്ങളിലുള്ള ഉയർച്ചയും മാറ്റങ്ങളുമാണ് നിർണ്ണയിക്കുന്നത്. ഇന്ത്യയുടെ 12 വൻകിട തുറമുഖങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം 2015–16 –ൽ 6,063.7 ലക്ഷം ടണ്ണായിരുന്നത് 6.8 ശതമാനം ഉയർന്ന് 2016–17 –ൽ 6477.6 ലക്ഷം ടണ്ണായിട്ടുണ്ട്.

2016–17 ലെ ഗതാഗത വളർച്ചാ നിരക്കിൽഉ യർന്നതോത് രേഖപ്പെടുത്തിയിരിക്കുന്നത് മർമ ഗോവയിലും (59.7 ശതമാനം) പുറകിലായി യഥാക്രമം പാരദ്വീപ് (16.5 ശതമാനം), കൊച്ചി (13.2 ശതമാനം), ന്യൂ മാംഗ്ളൂർ (12.3 ശതമാനം), വിശാഖപട്ടണം (7.0 ശതമാനം), കാണ്ട്ല (5.4 ശതമാനം), ചിദംബരനാർ (4.4 ശതമാനം), മുംബൈ (3.2 ശതമാനം) ഹാൽദിയ ഡോക് കോംപ്ലക്സ് (1.9 ശതമാനം), ചെന്നൈ (0.3 ശതമാനം) എന്നിവയുമാണ്. 2016–17–ൽ നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരുന്ന വൻകിട തുറമുഖങ്ങൾ കാമരാജർ (6.8 ശതമാനം), കൊൽക്കത്ത ഡോക്ക് സിസ്റ്റം (3.6 ശതമാനം), ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ് (2.9 ശതമാനം) എന്നിവയുമാണ്.

2016–17 ൽ, വൻകിട തുറമുഖങ്ങളിലൂടെയുള്ള ചരക്ക് കൈകാര്യം ചെയ്യുന്നതിന്റെ കണക്കനുസരിച്ച് 105.44 ദശലക്ഷം കാണ്ട്ല തുറമുഖം (16.3 ശതമാനം) ഒന്നാം സ്ഥാനത്തും

പിറകിലായി പാരദ്വീപ് (13.7 ശതമാനം), മുംബൈ (9.7 ശതമാനം), ജെ.എൻ.പി.ടി. (9.6 ശതമാനം), വിശാഖപട്ടണം (9.4 ശതമാനം), ചെന്നൈ (7.8ശതമാനം) എൻ.എം.പി.ടി. (6.2 ശതമാനം) ചിദംബരനാർ (5.9 ശതമാനം), ഹാൽദിയ ഡോക്ക് കോംപ്ലക്സ് (5.3 ശതമാനം), മർമ്മഗോവ (5.1 ശതമാനം), കാമരാജർ (46.6 ശതമാനം), കൊച്ചി (3.9 ശതമാനം), കൊൽക്കത്ത ഡോക്ക് (2.5 ശതമാനം) കാണിക്കുന്നു.

ഇന്ത്യയിലെ വൻകിട തുറമുഖങ്ങളിൽ ഉത്പന്നം തിരിച്ചുള്ള ചരക്കിന്റെ വിശദാംശങ്ങൾ **ചിത്രം 5.5** –ൽ കാണിച്ചിരിക്കുന്നു.
ഇന്ത്യയുടെ വൻകിട തുറമുഖങ്ങളിൽ, കൈകാര്യം ചെയ്യുന്ന ചരക്കുകളിൽ ഏറ്റവുമധികം വിഹിതം പി.ഒ.എൽ (പെട്രോളിയം ഓയിൽ ലൂബ്രിക്കൻസ്) നാണ് (32.8 ശതമാനം). മറ്റു കാർഗോ (20.1 ശതമാനം), കണ്ടെയ്നർ ട്രാഫിക് (19.2 ശതമാനം), കൽക്കരി (18.2 ശതമാനം), ഇരുമ്പയിര് (6.6 ശതമാനം), വളം, അസംസ്കൃത വസ്തുക്കൾ (2.2 ശതമാനം), ഭക്ഷ്യധാന്യങ്ങൾ (1.0 ശതമാനം) എന്നിങ്ങനെയാണ്. *(ഉറവിടം: പോർട്ട് സ്റ്റാറ്റിസ്റ്റിക്സ് 2016-17, ഷിപ്പിംഗ് മന്ത്രാലയം, ഭാരത സർക്കാർ)*

2012 മുതൽ 17 വരെ ദക്ഷിണേന്ത്യയിലെ വൻകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതത്തിന്റെ പ്രവണത **ചിത്രം 5.6** –ൽ കാണിച്ചിരിക്കുന്നു. 2012 മുതൽ 17 വരെയുള്ള 5 വർഷങ്ങളിൽ, തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്കിന്റെ തോതിൽ, വിശാഖപട്ടണം ഒന്നാം സ്ഥാനത്തും, ചെന്നൈ രണ്ടാം സ്ഥാനത്തും ന്യൂ മംഗ്ളൂർ മൂന്നാം സ്ഥാനത്തും നിൽക്കുന്നു. പ്രസ്തുത തുറമുഖങ്ങളിൽ, 2016–17 –ൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതത്തിന്റെ വളർച്ചാ നിരക്ക് യഥാക്രമം 6.99 ശതമാനം, 0.31 ശതമാനം, 12.26 ശതമാനം എന്നീ നിരക്കുകളിൽ ഉയർന്നതായാണ് കാണുന്നത്. മറ്റ് 3 തുറമുഖങ്ങളിൽ, ചിദംബരനാർ, കൊച്ചി എന്നിവയിലും യഥാക്രമം 4.38 ശതമാനം, 13.16 ശതമാനം എന്നിങ്ങനെ ഉയർന്ന പ്രവണത 2016–17 ൽ കാണിക്കുന്നുണ്ട് (**അനുബന്ധം 5.20**).

ഇന്ത്യയിലെ വൻകിടേതര തുറമുഖങ്ങളിലെ ചരക്കു ഗതാഗതം

2016–17 കാലയളവിൽ രാജ്യത്തെ മൊത്തം നാവിക ചരക്കു ഗതാഗതത്തിന്റെ 42.8 ശതമാനവും വൻകിടേതര തുറമുഖങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ 1.0 ശതമാനം ഇടിവിനെ അപേക്ഷിച്ച്, 2016–17 കാലഘട്ടത്തിൽ വളർച്ചാ നിരക്ക് 4.1 ശതമാനമാണ്. 2016–17–ൽ ഏറ്റവും കൂടുതൽ തോതിൽ ചരക്ക് കൈകാര്യം ചെയ്തിരിക്കുന്നത് ഗുജറാത്തിലാണ് (71.2 ശതമാനം), പിറകിലായി ആന്ധ്രാപ്രദേശ് (14.3 ശതമാനം), മഹാരാഷ്ട്ര

ചിത്രം 5.5
2016–17 –ലെ വൻകിട തുറമുഖങ്ങളിൽ ഉത്പന്നം തിരിച്ചുള്ള ചരക്കിന്റെ വിശദാംശങ്ങൾ



അവലംബം: കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം / ഇന്ത്യൻ പോർട്ട് അസോസിയേഷൻ

ചിത്രം 5.6
2012 മുതൽ 17 വരെ ദക്ഷിണേന്ത്യയിലെ വൻകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം



അവലംബം: കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം / ഇന്ത്യൻ പോർട്ട് അസോസിയേഷൻ

(7.2 ശതമാനം) എന്നിവയാണ്. 2016–17 കാലയളവിൽ രാജ്യത്തെ മൊത്തം ചരക്കു ഗതാഗതത്തിന്റെ 90 ശതമാനത്തിലധികവും ഗുജറാത്ത്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ മൂന്ന് സംസ്ഥാനങ്ങളിലായാണ് കൈകാര്യം ചെയ്തിരിക്കുന്നത്.

2016–17–ൽ കൈകാര്യം ചെയ്തിരിക്കുന്ന മൊത്തം ചരക്കിൽ മൂന്നിൽ രണ്ട്, പി.ഒ.എൽ, കൽക്കരി എന്നിവയാണ്. 2015–16–ലെ ഇരുമ്പയിരിന്റെ ചരക്ക് 35.1 ശതമാനമായിരുന്നതിൽ നിന്നും 2016–17 ആയപ്പോൾ 86.7 ശതമാനമായി ഉയർന്നു. ഗതാഗതം 2016–17 കാലയളവിൽ പി.ഒ.എൽ, കെട്ടിട നിർമ്മാണ വസ്തുക്കൾ, മറ്റ് ചരക്കുകളുടെ വളർച്ചാനിരക്ക് യഥാക്രമം 2.9 ശതമാനം, 3.3 ശതമാനം, 13.0 ശതമാനം എന്നിങ്ങനെയാണ്. എന്നാൽ, കൽക്കരി, വളം എന്നിവയുടെ വളർച്ച യഥാക്രമം 6.4 ശതമാനവും 27.8 ശതമാനവും കുറഞ്ഞിരിക്കുന്നു.

കേരളത്തിലെ തുറമുഖങ്ങൾ

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക് പടിഞ്ഞാറൻ മൂലയിലാണ് കേരളത്തിലെ തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്നത്. കേരളത്തിന് 585 കിലോമീറ്റർ ദൈർഘ്യവും വീതിയുമുള്ള കടലോരമാണുള്ളത്. മുഖ്യ തുറമുഖമായ കൊച്ചി കൂടാതെ, 17 ചെറിയ തുറമുഖങ്ങളുണ്ട്. കേരളത്തിലെ 17 ചെറിയ തുറമുഖങ്ങളിൽ, 4 തുറമുഖങ്ങളെ കപ്പലുകളുടെ നങ്കൂരമിടൽ, ചരക്കുകൾ കൈകാര്യം, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇടത്തരം തുറമുഖങ്ങളായി പരിഗണിച്ചിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നിവയാണ് ഇടത്തരം തുറമുഖങ്ങൾ. നീണ്ടകര, ആലപ്പുഴ, വലിയതുറ, കായംകുളം, മനകോടം, മുനമ്പം, പൊന്നാനി, വടകര, തലശ്ശേരി, മഞ്ചേശ്വരം, നീലേശ്വരം, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് സംസ്ഥാനത്തെ ബാക്കിയുള്ള 13 ചെറുകിട തുറമുഖങ്ങൾ.

സംസ്ഥാനത്തെ മിക്കവാറും ചെറുകിട ഇടത്തര തുറമുഖങ്ങൾ കാലികമാണ്. വർഷംമുഴുവൻ ചെറുകിട ഇടത്തരം കപ്പലുകളെ പോലും കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ല. നിലവിലെ വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിലാണ് പ്രധാനമായും ചരക്ക് കൈകാര്യം ചെയ്ത് വരുന്നത്. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപിലേക്കുള്ള യാത്രാ ഗതാഗതവും കൈകാര്യം ചെയ്തു വരുന്നു. മത്സ്യ ബന്ധന തുറമുഖത്തെ പ്രയോജനപ്പെടുത്തി

കൊല്ലം തങ്കശ്ശേരിയിൽ പുതിയ ചരക്ക് ഗതാഗത സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

പൊതു സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ (പി.പി.പി) അഞ്ച് വൻകിടേതര തുറമുഖങ്ങളെ വികസിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നിവയാണ് ഈ തുറമുഖങ്ങൾ. ഇതിനു പുറമെ, വിഴിഞ്ഞം ഡീപ് വാട്ടർ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

കൊച്ചി തുറമുഖത്തെ ചരക്ക് ഗതാഗതം

2016–17 –ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക്, മുൻവർഷത്തെ 220.98 ലക്ഷം ടണ്ണിൽ നിന്നും 250.07 ലക്ഷം ടണ്ണായി 13.16 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2016–17 കാലയളവിൽ കൈകാര്യം ചെയ്ത ഇറക്കുമതി മുൻ വർഷത്തെ (2015–16) 181.84 ലക്ഷം ടണ്ണിൽ നിന്നും 202.48 ലക്ഷം ടണ്ണായി 11.35 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇറക്കുമതിയിലെ വൻകിട ഘടകങ്ങൾ പി.ഒ.എൽ (97.33 ശതമാനം) തൊട്ടുപിന്നിൽ വളം, അസംസ്കൃത വസ്തുക്കൾ (1.24 ശതമാനം), ഭക്ഷ്യധാന്യങ്ങൾ (0.86 ശതമാനം), കശുവണ്ടി (0.44 ശതമാനം), അയൺ സ്റ്റീൽ, മെഷിനറി (0.12 ശതമാനം) എന്നിവയാണ് ഇറക്കുമതി ചെയ്യുന്ന വൻകിട ഘടകങ്ങൾ.

മൊത്തം കയറ്റുമതി മുൻ വർഷം കൈകാര്യം ചെയ്ത 39.14 ലക്ഷം ടണ്ണിൽനിന്ന് 47.59 ലക്ഷം ടൺ ആയി 21.59 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പി.ഒ.എൽ (88.29 ശതമാനം) കയർ ഉൽപ്പന്നങ്ങൾ (4.43 ശതമാനം), സമുദ്ര ഉല്പന്നങ്ങൾ (3.421 ശതമാനം), തേയില (1.71 ശതമാനം), കാപ്പി (1.17 ശതമാനം), കശുവണ്ടിപ്പരിപ്പ് (0.81 ശതമാനം), സുഗന്ധവ്യഞ്ജനങ്ങൾ (0.50 ശതമാനം) എന്നീ പ്രധാന ഘടകങ്ങൾ കയറ്റുമതിയിൽ ഉൾപ്പെടുന്നു.

(അവലംബം: കൊച്ചിൻ പോർട്ട് ട്രസ്റ്റ്)

കേരളത്തിലെ ചെറുകിട ഇടത്തരം തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം

കേരളത്തിലെ വൻകിടേതര തുറമുഖങ്ങളിൽ 2016–17 ൽ കൈകാര്യം ചെയ്ത ചരക്ക് 2015–16 ലെ 143,458.58 ടണ്ണിൽ നിന്നും താഴ്ന്ന് 140,542.9 (2.3 ശതമാനം) ടണ്ണായിരിക്കുന്നു.

2016–17–ൽ ബേപ്പൂർ, കൊല്ലം,വിഴിഞ്ഞം, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ മാത്രമാണ് ചരക്കു ഗതാഗതം നടന്നത്. വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് യഥാക്രമം 20.78 ശതമാനം, 1.54 ശതമാനം വർദ്ധിച്ചിരിക്കുന്നു. കൊല്ലം, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ യഥാക്രമം 95 ശതമാനം 38.34 ശതമാനം താഴുകയും ചെയ്തു. കേരളത്തിലെ ഇടത്തരം ചെറുകിട തുറമുഖങ്ങളിൽ നടന്ന ചരക്കു തിരിച്ചുള്ള ഇറക്കുമതി, കയറ്റുമതി വിവരങ്ങൾ (തീരദേശവും വിദേശവും) **അനുബന്ധം 5.21** –ൽ കാണിച്ചിരിക്കുന്നു. 2016–17 –ൽ 495 സ്റ്റീമറുകളും, സെയിലിംഗ് വെസ്സലുകളും 140,542.93 ടണ്ണേജ് കൈകാര്യം ചെയ്തു. 2015–16 –ൽ 356 സ്റ്റീമറുകളും വെസ്സലുകളും ചേർന്ന് കൈകാര്യം ചെയ്തത് 237,417.98 ടണ്ണേജ് ആയിരുന്നു. വെസ്സലുകളുടെ എണ്ണം കൂടുകയും കൈകാര്യം ചെയ്ത ചരക്ക് കുറയുകയുംചെയ്തു എന്നാണ് ഇത് സൂചിപ്പിച്ചിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 5.22** –ൽ സൂചിപ്പിച്ചിരിക്കുന്നു. 2016–17 –ൽ ചെറുകിട തുറമുഖങ്ങളിൽ നിന്നുള്ള റവന്യൂ വരുമാനം **അനുബന്ധം 5.23** –ൽ സൂചിപ്പിച്ചിരിക്കുന്നു.

കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതത്തിലെ പ്രവണതയാണ് **ചിത്രം 5.7** –ൽ കാണിക്കുന്നത്. ഇറക്കുമതിയുടെ ചാഞ്ചാടുന്ന പ്രവണതയാണ് ഇത് സൂചിപ്പിക്കുന്നത്. 2011–12 –ൽ ഇറക്കുമതി താഴുകയും 2012–13 –ൽ 2.63 ശതമാനം വളർച്ച കാണിക്കുകയും ചെയ്തു. 2013–14 –ൽ ഇറക്കുമതി വീണ്ടും 18.14 ശതമാനം താഴ്ന്നു. എന്നാൽ, 2014–15 –ലും, 2015–16 –ലും ഉയർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2015–16 ൽ മുൻ വർഷത്തേക്കാൾ 92 ശതമാനം വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നിരുന്നാലും, 2016–17 –ൽ ഇറക്കുമതി കുത്തനെ മുൻവർഷത്തെക്കാൾ 97 ശതമാനം കുറഞ്ഞിരിക്കുന്നു. കയറ്റുമതി 2012–13 –ൽ

ചിത്രം 5.7
കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം



അവലംബം: തുറമുഖ ഡയറക്ടറേറ്റ്

1.50 ശതമാനം കുറയുകയും പിന്നീട് 2013–14 –ൽ 5.05 ശതമാനം വർദ്ധിക്കുകയുമുണ്ടായി. 2014–15 –ൽ 13.18 ശതമാനം മെച്ചപ്പെട്ട പുരോഗതി കാണിച്ചിരുന്നെങ്കിലും, 2015–16 –ൽ, 64.51 ശതമാനം കുത്തനെയുള്ള താഴ്ചയാണ് കയറ്റുമതിയിൽ ഉണ്ടായത്. 2016–17 ൽ ഇത് 272.69 ശതമാനമായി വർദ്ധിച്ചു.

തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിങ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം എന്നിവയാണ് തുറമുഖവികസനത്തിനായുള്ള സർക്കാർ ഏജൻസികൾ. പതിനൊന്നാം പദ്ധതിയിൽ, ഈ മേഖലയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക 51,463.00 ലക്ഷം രൂപയും, ചെലവ് 56,594.65 ലക്ഷം രൂപയും (109.97 ശതമാനം) ആയിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത്, ഈ മേഖലക്കായി ബജറ്റ് വിഹിതം 70,027.00 ലക്ഷം രൂപ (പതിനൊന്നാം പദ്ധതിയേക്കാൾ 36.07 ശതമാനം വർദ്ധനവ്) ആയിരുന്നു. ഇതിൽ, 78,063.62 ലക്ഷം രൂപ (111.48 ശതമാനം) ചെലവഴിച്ചു. 12–ാം പദ്ധതി കാലയളവിലും, 2017–18 വാർഷിക പദ്ധതിയിലും ഈ മേഖലയുടെ വിഹിതവും ചെലവും **പട്ടിക 5.11**–ൽ കൊടുത്തിരിക്കുന്നു.

തുറമുഖ വകുപ്പ്

തുറമുഖ ഡയറക്ടറേറ്റ് തിരുവനന്തപുരത്താണ് സ്ഥിതി ചെയ്യുന്നത്. നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിങ്ങനെ യഥാക്രമം മൂന്ന് തുറമുഖ ഓഫീസുകൾ ഉണ്ട്. തുറമുഖ ഡയറക്ടറും, തുറമുഖ ഓഫീസർമാരും ഇന്ത്യൻ പോർട്ട് ആക്ട് (1950) പ്രകാരം നിക്ഷിപ്തമായ അധികാരത്തിലൂടെ തുറമുഖ പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്നു. തുറമുഖങ്ങളിൽ ആവശ്യമായ ആഴം നിലനിർത്താൻ വേണ്ട ക്യാപിറ്റൽ, മെയിന്റനൻസ്, ഡ്രഡ്ജിങ്ങ് നടത്തുക എന്നത് തുറമുഖ വകുപ്പിന്റെ മറ്റൊരു ഉത്തരവാദിത്തമാണ്. അപകടാവസ്ഥയിൽ കേരള തീരത്ത് തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതും തുറമുഖവകുപ്പിന്റെ ഉത്തരവാദിത്വമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര ഡീപ് വാട്ടർ മൾട്ടി പർപ്പസ് സീ പോർട്ട്

കേരള സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് 2015 ൽ സാക്ഷാത്കരിച്ചു. ഇത് ഒരു ചരിത്ര സംഭവമായ സ്വപ്ന പദ്ധതിയാണ്. വലിയ മദർ വെസ്സലുകൾക്കുള്ള ട്രാൻഷിപ്മെന്റ് കേന്ദ്രമായി തുറമുഖത്തെ വികസിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പേർഷ്യൻ ഗൾഫ്– മലാക്കാ ലൈൻസിൽ നിന്നും 10–12 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള വിഴിഞ്ഞം തുറമുഖം എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ ഒരു തുറമുഖമാണ്. നിർദിഷ്ട സൈറ്റിൽ ചുരുങ്ങിയ ഡ്രെഡ്ജിങ്ങിന്റെ ആവശ്യകതയെയുള്ളൂ. 18.20

പട്ടിക 5.11
2017-18 വാർഷിക പദ്ധതിയിലെയും 12-ാം പദ്ധതികാലയളവിലെയും ഈ മേഖലയുടെ വിഹിതവും ചലവും

വകുപ്പ്	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			വാർഷിക പദ്ധതി 2017-18		
	വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ്	ശതമാനം
തുറമുഖ വകുപ്പ്	59,849.00	74,104.41	123.83	11,786.00	10,027.57	85.08
ഹാർബർ എഞ്ചിനീയറിങ് വകുപ്പ്	6,710.00	2,453.84	36.56	1,465.00	43.67	2.98
ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം	3,468.00	1,505.37	43.40	560.00	14.01	2.50
ആകെ	**70,027.00**	**78,063.62**	**111.48**	**13,811.00**	**10,085.25**	****73.02**

***നാമമാത്ര വിഹിതമായ ഒരു ലക്ഷം രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ചെലവായ 10000 ലക്ഷം രൂപയും മൊത്തം ചെലവിൽ ഉള്പ്പെടുത്തിയിരിക്കുന്നു.*

മീ. ആഴമുള്ള തുറമുഖത്തിന് 18,000 മുതൽ 22,000 റ്റി.ഇ.യു വലുപ്പമുള്ള പുതിയ തരം മദർ വെസലുകൾ കൈകാര്യം ചെയ്യാനാവുന്നതാണ്.

ഡിസൈൻ, നിർമ്മാണം, ധനകാര്യ പ്രവർത്തനം, ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.റ്റി) എന്ന മാതൃകയിൽ വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം, അറ്റകുറ്റപ്പണി, പ്രവർത്തനം എന്നിവയുടെ ചുമതല മെസ്സേഴ്സ് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് (എ.വി.പി.പി.എൽ) നൽകി. കേരള സർക്കാർ 2015 ആഗസ്റ്റ് 17-ന് ടി. കമ്പനിയുമായി

ബോക്സ് 5.6
2016-17 ലെ തുറമുഖ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

- അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന ക്രെയിൻ കമ്മീഷൻ ചെയ്തു.
- അഴീക്കൽ തുറമുഖത്ത് 750 എച്ച്പി ടഗ് കമ്മീഷൻ ചെയ്തു.
- വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളിൽ ഒരു പിറ്റ്ലസ് വെയിംഗ് യന്ത്രം സ്ഥാപിച്ചു
- ആലപ്പുഴ തുറമുഖത്ത് ഓഫീസ് കെട്ടിടവും, അഴീക്കൽ തുറമുഖത്ത് ചുറ്റുമതിലും നിർമ്മിച്ചു
- വിഴിഞ്ഞം തുറമുഖത്ത് ട്രാൻസിസ്റ്റ് ഷെഡ് നിർമ്മിക്കുകയും ലീവാൽഡ് വാർഫ് വികസിപ്പിക്കുകയും ചെയ്തു.
- ബേപ്പൂരിൽ ഇലക്ട്രോണിക് തൂക്കു പാലം സ്ഥാപിച്ചു.
- കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമാണം പുരോഗമിക്കുന്നു.
- വലിയതുറയിൽ സൈഡ് മതിൽ സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ആലപ്പുഴയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുകയും സിഗ്നൽ സ്റ്റേഷൻ നവീകരിക്കുകയും ചെയ്തു.
- കൊല്ലം തുറമുഖത്തു നിന്നും കൊച്ചുപിലാംമൂട് വരെയുള്ള റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
- വലിയതുറയിലുള്ള നിലവിലുള്ള രണ്ട് ഗോഡൗണുകൾ പുതുക്കി പണിയുന്നു
- ആലപ്പുഴയിലും, ബേപ്പൂർ സീനിയർ പോർട്ട് കൺസർവേറ്ററുടെ ഓഫീസിലും, തലശ്ശേരി പോർട്ട് ഓഫീസിലും സോളാർ പാനൽ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു.
- കൊടുങ്ങല്ലൂരിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തിയായി.
- സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ, തീരദേശ കപ്പൽ ഗതാഗതം, നാവിഗേഷൻ എന്നിവയുടെ വികസനം ലക്ഷ്യമിട്ട കേരള മാരിടൈം ബിൽ പാസായി. വിവിധ വകുപ്പുകൾ നടത്തുന്ന തീരദേശ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, നാവിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുക എന്നിവയാണ് ബോർഡിന്റെ ലക്ഷ്യങ്ങൾ

കൺസെഷൻ എഗ്രിമെൻറ് ഒപ്പ് വച്ചു. പദ്ധതിയുടെ മൊത്തം കൺസഷനേർ കാലയളവ് 4 വർഷത്തെ നിർമ്മാണ കാലയളവുൾപ്പെടെ 40 വർഷം ആണ്.

പദ്ധതിയുടെ മൊത്തം തുക 6,770 കോടി രൂപയാണ്. ഇതിൽ 4,089 കോടി രൂപ സ്വകാര്യ പങ്കാളി നൽകുന്ന വിഹിതമാണ്. 1,463 കോടി രൂപ സംസ്ഥാന സർക്കാർ ഫണ്ടഡ് പ്രവർത്തികൾക്കായി വയ്ക്കുന്നു. സംസ്ഥാന സർക്കാർ 817 കോടി രൂപ നൽകി കൊണ്ട് മൊത്തം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് തുകയായ 1,635 കോടി തികയ്ക്കും. ഭൂമിയും മറ്റ് വികസന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, റെയിൽ കണക്ടിവിറ്റി പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന സർക്കാരാണ് ഒരുക്കുന്നത്. കേന്ദ്ര ധനകാര്യ മന്ത്രാലത്തിൽ നിന്ന് വി.ജി.എഫ് സഹായം ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ പദ്ധതിയും, രാജ്യത്തെ തന്നെ ആദ്യ തുറമുഖവുമാണിത്. സംസ്ഥാന സർക്കാറിന് പദ്ധതിയുടെ തുറമുഖയിതര പ്രവർത്തികളുടെ വരുമാനത്തിന്റെ പങ്ക് 7 വർഷത്തിന് ശേഷവും, തുറമുഖ പ്രവർത്തനങ്ങളുടെ പങ്ക് 15 വർഷത്തിന് ശേഷവും ലഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ മറ്റൊരു സവിശേഷത "ഫണ്ട് വർക്ക്സ്" എന്ന ഘടകമാണ്. സ്വകാര്യ പങ്കാളി വികസിപ്പിച്ചെടുക്കുകയും അതിനായി ചെലവഴിച്ച പണം സംസ്ഥാന സർക്കാർ തിരികെ കൊടുക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഫണ്ട് പ്രവർത്തികളിൽ ഉൾപ്പെടുന്നവയാണ് ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം (3.1 കി.മീ.), ഫിഷ് ലാന്റിംഗ് ബർത്ത്, മത്സ്യബന്ധന തുറമുഖത്തെ കെട്ടിടങ്ങൾ, പാർശ്വ ഭിത്തി വികസനം എന്നിവ. പ്രസ്തുത പദ്ധതിക്കായുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം രാജ്യത്തിന്റെ മാരിടൈം ചരിത്രത്തിൽ തന്നെ ഒരു അസാധാരണ നേട്ടമായിരിക്കും.

തുറമുഖങ്ങൾ പ്രഥമമായി സമുദ്ര വിപണനത്തിന്റെ പ്രവേശന കവാടമാണ്. തുറമുഖത്തിന്റെ വികസനം വിവിധ തലങ്ങളിലായാണ് നടക്കുന്നത്. ഒന്നാം ഘട്ട വികസനം നാലു വർഷം കൊണ്ടാണ് നടക്കുന്നത്. വിവിധ ഘട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ കൊടുത്തിരിക്കുന്നു.

ഘട്ടം 1

- 3,100 മീറ്റർ ആകെ ദൈർഘ്യമുള്ള ബ്രേക്ക് വാട്ടർ (2,960 മീറ്റർ വൻകിട ബ്രേക്ക് വാട്ടറും 140 മീറ്റർ മത്സ്യബന്ധന തുറമുഖത്തിനുള്ള എക്സ്റ്റെൻഷനും)
- ഇപ്പോഴത്തെ ഏറ്റവും വലിയ 20,000 റ്റി.ഇ.യുകണ്ടെയ്നർ വെസ്സലുകൾ കൈകാര്യം ചെയ്യാൻ കഴിവുള്ള 800 മീറ്റർ കണ്ടെയ്നർ ബർത്ത്.
- 1 ദശലക്ഷം റ്റി.ഇ.യുവാർഷിക കണ്ടെയ്നർ കൈകാര്യം ചെയ്യൽ/ബെർത്ത് ശേഷി.
- 500 മീറ്റർ വരെ വീതിയുള്ള കണ്ടെയ്നർ യാർഡ്
- തദ്ദേശവാസികളുടെ ഉപജീവന വികസനത്തിന് ഒരു മത്സ്യബന്ധന തുറമുഖം.
- ഗതാഗതത്തിന്റെ വളർച്ചയെ ആശ്രയിച്ച്, തുറമുഖത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾ താഴെ പറയുന്ന രീതിയിൽ വികസിപ്പിക്കുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്.

ഘട്ടം 2

- 400 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം
- 1.5 ദശലക്ഷം റ്റി.ഇ.യു ശേഷി വർദ്ധിപ്പിക്കുക.
- 200 മീറ്റർ ദൈർഘ്യമുള്ള ബ്രേക്ക് വാട്ടർ എക്സ്റ്റൻഷന്റെ നിർമ്മാണം.

ഘട്ടം 3

- 400 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം
- 2.2 ദശലക്ഷം റ്റി.ഇ.യു ശേഷി വർദ്ധിപ്പിക്കുക.
  - ബ്രേക്ക് വാട്ടറിന്റെ വിപുലീകരണ നിർമ്മാണ ദൈർഘ്യം 720 മീ. വരെ

ഘട്ടം 4

- 400 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം
- 3.0 ദശലക്ഷം റ്റി.ഇ.യു ശേഷി മെച്ചപ്പെടുത്തൽ.

ബോക്സ് 5.7
വിഴിഞ്ഞം അന്താരാഷ്ട്ര ഡീപ് വാട്ടർ മൾട്ടി പർപ്പസ് സീ പോർട്ടിന്റെ അന്തിമ സ്ഥിതി

പദ്ധതി നാളിതുവരെ കൈവരിച്ച പുരോഗതി താഴെ ചേർത്തിരിക്കുന്നതു പ്രകാരമാണ്.

- 2015 ഡിസംബർ 04 ആയിരുന്നു പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയത്. 2016 മെയ് 16 –ന് ഫിനാൻഷ്യൽ ക്ലോസ്സ് കൈവരിക്കുകയും ചെയ്തു.
- പദ്ധതിക്ക് ആവശ്യമുള്ള ഭൂമിയുടെ 92 ശതമാനമായ 84.61 ഹെക്ടർ ഭൂമി കമ്പനിക്ക് നൽകി.
- ബ്രേക്ക് വാട്ടറിന്റെ ആകെ നീളം 3,100 മീറ്ററാണ്. അതിൽ 565 മീ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.
- നികത്തേണ്ട മൊത്തം പ്രദേശമായ 53 ഹെക്ടറിൽ 40 ശതമാനത്തോളം ഡ്രെഡ്ജിംഗും നികത്തലും പൂർത്തിയായി.
- 2017 ജൂൺ 6 ന് ബെർത്തിന്റെ നിർമ്മാണം ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

പുരോഗമിച്ചു വരുന്ന മറ്റ് പ്രവർത്തനങ്ങൾ/നേട്ടങ്ങൾ താഴെ ചേർത്തിരിക്കുന്നതു പ്രകാരമാണ്.

- ബാഹ്യ പശ്ചാത്തലം – ജല വിതരണം: 2013 ഏപ്രിലിൽ സർക്കാർ നടപ്പാക്കിയ സാമൂഹ്യക്ഷേമ നടപടികളുടെ ഭാഗമായി പോർട്ട് പ്രവർത്തനങ്ങൾക്കും അതുപോലെ തദ്ദേശവാസികൾക്കും വെള്ളം വിതരണം ചെയ്യുന്നതിനായി 3.3 എം.എൽ.ഡി മീറ്റർ ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചു. നിലവിൽ ശുദ്ധീകരിക്കപ്പെട്ട കുടിവെള്ളം സാമൂഹ്യ ക്ഷേമ പരിപാടിയുടെ ഭാഗമായി പ്രാദേശിക ജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു.
- ബാഹ്യ പശ്ചാത്തലം – വൈദ്യുതി വിതരണം : പൂവാർ 33 കെ.വി. സബ് സ്റ്റേഷനിൽ നിന്ന് 11 കെ.വി 3.3 എം.എം 2 യൂജി കേബിൾ സ്ഥാപിക്കുന്നത് പൂർത്തിയായി. കാട്ടാക്കട സബ് സ്റ്റേഷൻ മുതൽ വിഴിഞ്ഞം സബ്സ്റ്റേഷൻ വരെയുള്ള 220 കെ.വി പവർ ഇവാക്കുവേഷൻ ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു.
- ബാഹ്യ പശ്ചാത്തലം – റെയിൽ കണക്ടിവിറ്റി: റെയിൽ കണക്ടിവിറ്റിക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ദക്ഷിണ റയിൽവേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ ഇത് കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനായി പദ്ധതി ഷിപ്പിംഗ് മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.
- തുറമുഖ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പുരോഗതിയിലാണ്.
- ഭൂമിയും കെട്ടിടവും വിട്ടു നൽകിയ 88 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിക്കും കെട്ടിടത്തിനുമുള്ള നഷ്ടപരിഹാരത്തിന് പുറമെ 5 സെൻറ് ഭൂമി സർക്കാർ നൽകി.
- പ്രോജക്റ്റ് ബാധിതരായവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി വരികയാണ്. 124 ഷോർസീൻ, 252 ലോബ്സ്റ്റർ, 211 റിസോർട്ട് വർക്കേഴ്സ് എന്നിവർക്ക് 22.16 കോടി നൽകി. ജില്ലാ കലക്ടർ നേതൃത്വം നൽകുന്ന എൽ.ഐ.എ.സികമ്മിറ്റിക്ക് മുൻപ് പി.എ.പി യുടെ രേഖകൾ പരിശോധിച്ചുവരികയാണ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഫിഷറീസ് ആന്റ് പോർട്ടിന്റെ സേവന വകുപ്പ് എന്ന നിലയിൽ ഹാർബർ എഞ്ചിനീയറിംഗ് എന്ന പ്രത്യേക വകുപ്പ് 1982 ൽ ആണ് രൂപീകൃതമായത്. ദേശീയ തലത്തിൽ കേന്ദ്ര സർക്കാർ കേരള ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിനെ കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡിലെ കൺസൾട്ടന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാന വകുപ്പുകളിൽ ഏക വകുപ്പാണിത്. അന്വേഷണം, ആസൂത്രണം, രൂപകല്പന, വിലയിരുത്തൽ, നടപ്പാക്കൽ, പ്രവർത്തിപ്പിക്കൽ, കേട്പാട് തീർത്ത് സംരക്ഷിക്കൽ, തുടങ്ങിയവയും, മാരിടൈം എഞ്ചിനിയറിംഗിലും, സാങ്കേതിക പ്രവർത്തനങ്ങളിലും വികസന പദ്ധതികളിലും,

ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിനെ സഹായിക്കുക എന്നിവയാണ് ഈ വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങൾ. 12–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 6,710 ലക്ഷം രൂപയാണ് ഈ വകുപ്പിന് അനുവദിച്ചത്. ഇതിൽ നിന്നു ചെലവാക്കിയത് 2,453.84 ലക്ഷം രൂപ (36.56 ശതമാനം). 2017–18 ൽ അനുവദിച്ച തുക 1,465 ലക്ഷം രൂപയാണ്.

2016-17 കാലഘട്ടത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ വൻകിട നേട്ടങ്ങൾ.

- ഇരവിപുരം നിയോജക മണ്ഡലത്തിലെ ഇരവിപുരം പാലം മുതൽ മുക്കംപൊഴി വരെയുള്ള റോഡിനെ ശക്തിപ്പെടുത്തുന്നതിനും വീതി കൂട്ടുന്നതിനുമായി 490.00 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചു.
- സർവെ ഉപകരണങ്ങൾ, എക്കോ സൗണ്ടർ എന്നിവ വാങ്ങുന്നതിനായി 135 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.
- കമലേശ്വരം ടൈപ്പ് –2 ക്വാർട്ടേഴ്സിന്റെ നിർമാണം പുരോഗമിക്കുന്നു.
- വിഴിഞ്ഞം സീവേർഡ് ബ്രേക്ക് വാട്ടറിന്റെ അറ്റകുറ്റപണി പരിഹരിച്ചു.
- കമ്പ്യൂട്ടർ, അനുബന്ധ വസ്തുക്കളുടെ ശേഖരണം, ആധുനിക സോഫ്റ്റ് വെയർ, വിപുലീകരിച്ച സർവ്വേ ഉപകരണങ്ങൾ, ജി.പി.എസ്, ഫോട്ടോകോപ്പിയേഴ്സ്, പബ്ലിക് അഡ്രസ്സിങ് സിസ്റ്റം, ലോക്കൽ ഏരിയ നെറ്റ് വർക്ക് സിസ്റ്റം മുതലായവ വാങ്ങി.
- സബ് ഡിവിഷൻ ഓഫീസ് തലം വരെ ഇന്റർനെറ്റും നെറ്റ് വർക്കിങ് സൗകര്യങ്ങളും ഏർപ്പാടാക്കി.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

കേരളത്തിലെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി ഹൈഡ്രോഗ്രാഫിക് പരിശോധനകൾ നടത്തുന്നതിന് വേണ്ടി കേരള സംസ്ഥാന തുറമുഖ വകുപ്പിന്റെ ഭാഗമായി 1968 –ൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം രൂപീകരിച്ചു. ഡ്രെഡ്ജിംഗിന് മുമ്പും ശേഷവുമുള്ള സർവ്വേകൾ, മൺസൂണിന് മുമ്പും പിമ്പുമുള്ള സർവ്വേകൾ, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ്, ഫിഷറീസ് വകുപ്പ്, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവരുടെ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി വരുന്നു. കൂടാതെ ഇന്ത്യൻ നേവിയുടെ, ചാർട്ടുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനാവശ്യമായ സർവ്വേവിവരങ്ങൾ ആവശ്യപ്പെടുന്ന–തിനനുസരിച്ച് ഈ വിംഗിൽ നിന്നും നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് ഡെറാഡൂണിന് (ഇന്ത്യൻ നേവി) നൽകി വരുന്നു.

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന വിംഗിന്റെ തലവൻ ചീഫ് ഹൈഡ്രോഗ്രാഫർ ആണ്. ഹൈഡ്രോഗ്രാഫിക് സർവെ വിഭാഗത്തിന് മൂന്ന് മേഖലാ ഓഫീസുകളാണ് ഉള്ളത്. ഇതിൽ മറൈൻ സർവെയർ തലവനായി കൊല്ലം (സതേൺ റേഞ്ച്), ബേപ്പൂർ (നോർത്ത് റേഞ്ച്) എന്നിവിടങ്ങളിലും, അസിസ്റ്റന്റ് മറൈൻ സർവ്വേയർ തലവനായി നോർത്ത് പറവൂരിലുമായി (സെൻട്രൽ റേഞ്ച്) ഓരോ മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നു. കൂടാതെ, കൊല്ലം മറൈൻ സർവെയറെ സഹായിക്കുന്നതിനായി നീണ്ടകരയിൽ അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ കീഴിൽ ഒരു ഓഫീസും പ്രവർത്തിക്കുന്നു.

2016-17 ലെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ പ്രധാന നേട്ടങ്ങൾ

- 2016–17 ൽ 49 സർവേകൾ നടത്തി. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി. ഇതിനുപുറമെ, വനം വകുപ്പിനായി മുല്ലപ്പെരിയാർ റിസർവോയർ സർവേയും, കേരള സംസ്ഥാന മറൈൻ വികസന കോർപ്പറേഷനു വേണ്ടിയുള്ള കല്ലാർകുട്ടി സർവെയും നടത്തി.
- കേരള ഹൈഡ്രോഗ്രാഫിക് സർവേ സെന്ററിൽ നടന്ന ആറുമാസത്തെ അടിസ്ഥാന ഹൈഡ്രോഗ്രാഫിക് കോഴ്സിന്റെ നാലാം ബാച്ച് പൂർത്തിയായി. സ്റ്റേഷന്റെ മൊത്തമായിട്ടുള്ള ഹ്രസ്വകാല

ബോക്സ് 5.8
തുറമുഖ മേഖലയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ ശുപാർശകൾ–വേ ഫോർവേഡ്

- ബിസിനസ്സ് മാതൃകകളെ അടിസ്ഥാനമാക്കി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ (മറീന), കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, അഴിക്കൽ എന്നീ 7 തുറമുഖങ്ങളുടെ വികസനം.
- കായംകുളം, മുനമ്പം തുറമുഖങ്ങളിൽ നദീ കടൽ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചു കൊണ്ട് ഉൾനാടൻ ചരക്ക് ഗതാഗതത്തിന് വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ.
- വിഴിഞ്ഞം, കൊല്ലം, മുനമ്പം, ബേപ്പൂർ, അഴീക്കൽ (തീരദേശ കപ്പൽ ഗതാഗതം) തുറമുഖങ്ങളിൽ യാത്രക്കാർക്ക് മാത്രമുള്ള ബർത്തിംഗ് സൗകര്യം ഒരുക്കുക.
- വിഴിഞ്ഞം തുറമുഖത്ത് ഒരു പാസഞ്ചർ ടെർമിനലും ബേപ്പൂർ തുറമുഖത്ത് ആധുനിക ക്രാഫ്റ്റുകൾക്കും
- ഫ്ലോട്ടിംഗ് ജെട്ടികൾക്കും മാത്രമുള്ള പാസഞ്ചർ ടെർമിനലുകൾ നൽകുക.
- കാർഗോ/പാസഞ്ചർ ഓപ്പറേഷന് വേണ്ടി അഴീക്കൽ തുറമുഖത്ത് പുതിയ കാർഗോ ടെമിനൽ നിർമിക്കുക.
- എല്ലാ വൻകിടേതര തുറമുഖങ്ങളിലും പോർട്ട് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക.
- ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ അപ്രോച്ച് ചാനലിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് കടൽ ഭിത്തി ദീർഘിപ്പിക്കുക.
- ഉൾനാടൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി കായംകുളം ഹാർബറിൽ ബർത്ത് നിർമ്മിക്കുക.
- വൻകിടേതര തുറമുഖങ്ങളുടെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മാരിടൈം ബോർഡും, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും വഴി ക്യാപിററൽ ഡ്രെഡ്ജിംഗ് നടത്തുക.
- വിഴിഞ്ഞം തുറമുഖത്ത് അലതാങ്ങിയിൽ നിലവിലുള്ള കാർഗോ വാർഫ് ശക്തിപ്പെടുത്തുക.
- അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ പെട്രോളിയം സ്റ്റോറേജ് സൗകര്യങ്ങൾ സ്ഥാപിക്കുക, പിപിപി/ മറൈൻ ബോർഡ്/സ്വകാര്യ മേഖല വഴി പെട്രോളിയം ഉത്പന്നങ്ങൾക്കായി പ്രത്യേക തീരദേശ ഗതാഗത സേവനങ്ങൾ സംഘടിപ്പിക്കുക.
- തുറമുഖങ്ങളിൽ ഇഡിഐ സൗകര്യം സ്ഥാപിക്കുക.
- തീരദേശ മേഖലയിലെ ദേശീയ സുരക്ഷ ഉൾപ്പെടെയുള്ള സുരക്ഷയും സുരക്ഷിതത്വവും
- ഓരോ തുറമുഖത്തിനുമായി ബിസിനസ് മോഡലുകൾ വികസിപ്പിക്കുക.
- കേരള മാരിടൈം ബോർഡ് രൂപവത്കരിക്കുക.
- മാരിടൈം വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.
- മാരി ടൈം ബോർഡിന്റെ കീഴിൽ എല്ലാ ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിക്കുക.
- തുറമുഖ വകുപ്പിലെ പരിശീലന സ്ഥാപനങ്ങളിൽ അനുയോജ്യമായ പരിശീലന പരിപാടികൾ നടത്തുക.
- പ്രദേശത്തിന്റെ സവിശേഷ സ്വഭാവത്തെ കണക്കിലെടുത്തു കൊണ്ട് (1) മറൈൻ ഉൽപന്നങ്ങൾ (2) ഇലക്ട്രോണിക് ഉപകരണങ്ങൾ (3) വ്യാവസായിക ഘടകങ്ങൾ (4) മരം ഫർണിച്ചറുകൾ (5) സ്റ്റീൽ ഉത്പന്നങ്ങൾ (6) കപ്പൽ നിർമ്മാണം എന്നിവയ്ക്കായി തുറമുഖ സംബന്ധമായ വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുക
- കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി തുറമുഖങ്ങളിൽ ഫുഡ് പ്രൊസസിംഗ് പ്ലാൻറുകൾ, കശുവണ്ടി ഉൽപന്നങ്ങൾ, മരം ഫർണിച്ചറുകൾ എന്നിവയ്ക്കുള്ള വ്യവസായ പാർക്കുകൾ സ്ഥാപിക്കുക

കോഴ്സും ആരംഭിച്ചു.

- ആലപ്പുഴ സബ് ഓഫീസിലേക്ക് ഒരു ഡിജിപിഎസ്, ഇക്കോ സൗണ്ടർഓട്ടോമാറ്റിക് ലെവൽ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങി.
- ഹൈഡ്രോഗ്രാഫിക് സർവെ വിങ്ങിനായി തിരുവനന്തപുരത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി
- ഹൈഡ്രോഗ്രാഫിക് സർവെ വിംഗിന്റെ മുനമ്പം/പറവൂർ സബ് ഓഫീസിന്റെ നിർമ്മാണം പൂർത്തിയായി.
- കൊല്ലം മറൈൻ സർവേയറിൽ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണവും വിപുലീകരണവും പൂർത്തിയായി.
- ബേപ്പൂരിലെ ഓഫീസ് കെട്ടിടത്തിന് കാർഷെഡിന്റെ നിർമ്മാണം പൂർത്തിയായി

പുതിയ തുറമുഖങ്ങൾ വികസിപ്പിച്ചെടുക്കുക, നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തുറമുഖങ്ങളുടെ യന്ത്രവൽക്കരണം, കണക്ടിവിറ്റി, ലോജിസ്റ്റിക്സ് എന്നിവ വികസിപ്പിച്ചുകൊണ്ട് തുറമുഖ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാരിന്റെ പ്രസ്തുത നടപടികൾ ഉണ്ടായിരുന്നിട്ടും, കേരള തുറമുഖ മേഖലയെ ദേശീയമോ അന്തർദേശീയമോ ആയ മറ്റ് തുറമുഖങ്ങളുമായി താരതമ്യപ്പെടുത്താനായിട്ടില്ല. ഈ മേഖല നേരിടുന്ന പല വെല്ലുവിളികളും ഈ മേഖലയുടെ വളർച്ചയ്ക്ക് പ്രതികൂലമായിത്തീർന്നിരിക്കുന്നു. തുറമുഖ മേഖലയിലെ അപര്യാപ്തമായ റോഡ് ശൃംഖലകൾ, അപര്യാപ്തമായ ചരക്ക് കൈകാര്യം ചെയ്യൽ, ഉപകരണങ്ങളും, യന്ത്രങ്ങളും, റെയിൽ, റോഡ്, ഹൈവേ, തീരദേശകപ്പൽ, ഉൾനാടൻ ജലപാതകൾ എന്നിവയിലൂടെയുള്ള മോശം കണക്റ്റിവിറ്റി, അപര്യാപ്തമായ നാവിഗേഷൻ സഹായം, സൗകര്യങ്ങൾ, ഐടി, ഡ്രഡ്ജിംഗ് ശേഷിയുടെ കുറവ്,സാങ്കേതിക വിദഗ്ധരുടെ അഭാവം, വലിയ അളവുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങളുടെ അഭാവം എന്നിവ ഈ മേഖലയിൽ ഉൾപ്പെടുന്നു. പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശ്രദ്ധ നൽകണം. നിരവധി നിയന്ത്രണ രേഖകളും നിയമനിർമ്മാണങ്ങളും അടങ്ങിയ റഗുലേറ്ററി ചട്ടക്കൂടും കൂടുതൽ സങ്കീർണ്ണമാണ്. ഏകീകരണം മെച്ചപ്പെടുത്തുന്നതിനും ഏകോപനം മെച്ചപ്പെടുത്തുന്നതിനും ഇത് ലളിതമാക്കേണ്ടതുണ്ട്. തീരദേശത്തിന്റെ തുറമുഖ അധിഷ്ഠിത വികസനത്തിൽ സംസ്ഥാനം പൂർണ്ണവും സുസ്ഥിരവുമായ ഉത്തേജനം നൽകേണ്ടതുണ്ട്.

സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങളുമായി സമുദ്ര മേഖല ഗഹനമായി ബന്ധപ്പെട്ടിരിക്കുന്നു. തുറമുഖ, വ്യാപാര പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകത വ്യാപാരം വൈവിധ്യവത്കരിക്കപ്പെടുകയും വളരുകയും ചെയ്യുന്നതോടെ, കൂടുതൽ വളർന്നുകൊണ്ടിരിക്കുകയും തുറമുഖ മേഖലയുടെ വേഗവും കാര്യക്ഷമവുമായ വിപുലപ്പെടുത്തലിന് നിർണായകമാകുന്നതാണ്.

ഉൾനാടൻ ജലഗതാഗതം

ഇന്ധനക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഒരു ഗതാഗത മാർഗ്ഗമാണ് ഉൾനാടൻ ജലഗതാഗതം (ഐ.ഡബ്ല്യൂ.റ്റി). ജലമാർഗ്ഗമുള്ള യാത്ര, ചരക്ക് ഗതാഗതത്തിൽ റോഡ്, റെയിൽ, എയർ മാർഗ്ഗമുള്ള ഗതാഗതത്തെക്കാൾ പ്രവർത്തന ചെലവുകളും പരിസ്ഥിതി മലിനീകരണവും കുറവായ ഒന്നാണ് ഐ.ഡബ്ല്യൂ.റ്റി. അത് മറ്റ് ഗതാഗത രീതികളിൽ മേലുള്ള സമ്മർദ്ദം ഒഴിവാക്കുവാൻ കഴിയും. ഉൾനാടൻ ജലഗതാഗതത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ നാവിഗേഷൻ ഉപകരണങ്ങളോടുകൂടിയ കാര്യക്ഷമമായ നാവിഗേഷൻ റൂട്ടുകൾ, യാത്രാ ചരക്കുഗതാഗതം കൈകാര്യം ചെയ്യാൻ ആവശ്യമായ സൗകര്യങ്ങളോടു കൂടിയ ടെർമിനലുകൾ, ജെട്ടികൾ, വിവിധ ആവശ്യങ്ങൾക്ക് അനുയോജ്യമായകപ്പലുകൾ എന്നിവ ഉൾപ്പെടുന്നു. നദികളും കായലുകളും ഉൾപ്പെടുന്ന കേരളത്തിന്റെ ഉൾനാടൻ ജലഗതാഗതമാർഗ്ഗം ചരിത്രപരമായ വൻകിട പങ്കു വഹിച്ചുവരുന്നു. ഉൾനാടൻ ജലപാതകൾക്ക് റെയിൽവേ, റോഡുകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രകൃത്യാലുള്ള അനുകൂലതകൾ ഉണ്ട്. കേരളത്തിൽ എണ്ണമറ്റ കായലുകളുമായി സംഗമിച്ച് 41 നദികൾ പടിഞ്ഞാറ് ഭാഗത്തേയ്ക്ക് ഒഴുകുന്നു. നദികൾ പരസ്പരം ബന്ധിപ്പിക്കാൻ ഉൾനാടൻ കനാലുകൾ ആവശ്യമാണ്. വാണിജ്യപരമായ പ്രാധാന്യമുള്ള വൻകിട സ്ഥലങ്ങൾ അവയുടെ തീരങ്ങളിൽ സ്ഥിതിചെയ്യുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ മൊത്തം ദൈർഘ്യം 1687 കി.മീ ആണ്.

സംസ്ഥാനത്തെ വൻകിട ജലപാത വെസ്റ്റ് കോസ്റ്റ് കനാൽ ആണ്. വടക്കുഭാഗത്തുള്ള ഹോസ്ദുർഗ്ഗമായി തെക്കുഭാഗത്ത് തിരുവനന്തപുരം – കോവളത്തെ ബന്ധിപ്പിക്കുന്ന കനാലിന്റെ ദൈർഘ്യം 590 കിലോമീറ്ററാണ്. ഇതിൽ, വടകരയിൽ നിന്നും വളപ്പട്ടണം വരെയുള്ള 47 കി.മീ. വൃത്തിയില്ലാത്ത പാതയും ഉൾപ്പെടുന്നു. നദികളേയും കായലുകളേയും ബന്ധിപ്പിക്കുന്ന ഉൾനാടൻ കനാൽ സമ്പ്രദായം സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഈ ജലപാതയുടെ തീരത്ത്, വ്യാവസായിക വാണിജ്യ നഗരങ്ങളും ടൂറിസം കേന്ദ്രങ്ങളും ഇന്റീരിയർ സ്ഥലങ്ങളിൽ നിന്ന് പശ്ചിമ കോസ്റ്റ് കനാലിലേക്ക് (ഡബ്ല്യു. സി.സി) ബന്ധിപ്പിക്കുകയും ചെയ്യുന്നു. വെസ്റ്റ് കോസ്റ്റ് കനാലിന് താഴെ പറയുന്ന അഞ്ച് വിഭാഗങ്ങളായി വിഭജിക്കാവുന്നതാണ്.

1. കോവളം – കൊല്ലം – 74 കി.മീ.
2. കോട്ടപ്പുറം – കൊല്ലം (എൻ.ഡബ്ലിയു. III) – 168 കി.മീ.
3. കോട്ടപ്പുറം – കോഴിക്കോട് – 160 കി.മീ.
4. കോഴിക്കോട് – നീലേശ്വരം – 188 കി.മീ.
5. നീലേശ്വരം – കാസർകോട് – 41 കി.മീ.

ജലപാതകളെ വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ 37 കി.മീ. നീളമുള്ള ഉദ്യോഗ മണ്ഡൽ, ചമ്പക്കര കനാലുകൾ ഉൾപ്പെടെ 168 കി.മീ. കൊല്ലം മുതൽ കോട്ടപ്പുറം വരെ വെസ്റ്റ്കോസ്റ്റ് കനാലിനെ 'ദേശീയ ജലപാത നമ്പർ III' എന്ന നിലയിൽ 1993–ൽ പ്രഖ്യാപിച്ചു. ദേശീയ ജലഗതാഗത നിയമം 2016 അനുസരിച്ച്, ദേശീയ ജലപാത നമ്പർ III– നെ കോഴിക്കോട് വരെ വികസിപ്പിച്ചു. ദേശീയ ജലപാത നമ്പർ III–ൽ വരുന്ന കനാലുകൾ താഴെപ്പറയുന്നവയാണ്.

1. കൊല്ലം – കോട്ടപുറം 168 കി.മീ.
2. കോട്ടപ്പുറം – കോഴിക്കോട് (പുതിയ വിപുലീകരണം) – 160 കി.മീ.
3. ഉദ്യോഗ മണ്ഡൽ കനാൽ –23 കി.മീ.
4. ചമ്പക്കര കനാൽ –14 കി.മീ.
5. ആലപ്പുഴ – ചങ്ങനാശേരി കനാൽ (പുതിയത്) –28 കി.മീ.
6. ആലപ്പുഴ– കോട്ടയം–അതിരമ്പുഴ (പുതിയത്) –38 കി.മീ.
7. കോട്ടയം വൈക്കം കനാൽ (പുതിയത്) – 42 കി.മീ.

വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിലെ സാഹചര്യം

കേരളത്തിലെ കനാൽ സംവിധാന ശൃംഖലയ്ക്ക് ആകെ 1,700 കിലോ മീറ്റർ ദൈർഘ്യമുണ്ട്. പ്രാദേശികമായ ബോട്ടുകളുടെ യാത്രയ്ക്കായി ദീർഘകാലം മുമ്പ് നിർമ്മിച്ചതാണിത്. ഇതിന്റെ മിക്ക ഭാഗങ്ങളിലും മണ്ണ് നിറഞ്ഞും, ആഴവും വീതിയും കുറഞ്ഞും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ ജെട്ടി, ടെർമിനലുകൾ, ഇതര നാവിഗേഷൻ എയ്ഡുകൾ, അത്യാവശ്യ വികസനം എന്നിവയുടെ അഭാവത്തിൽ പലയിടത്തും യാത്രാതടസ്സം നേരിടുന്നു. കൊല്ലം, കോട്ടപ്പുറം എന്നീ ദേശീയപാതകളും ചമ്പക്കര ഉദ്യോഗ മണ്ഡലിലെ ഫീഡർ കനാലുകളും ക്ലാസ് –3 സ്റ്റാൻഡേർഡ്, ബാർജ് സർവീസുകളിൽ ഈ കനാലുകളിൽ പ്രവർത്തിച്ചു. കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ പാസഞ്ചർ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. മാത്രമല്ല, വിനോദ സഞ്ചാരത്തിന്റെ ഭാഗമായി, ഹൗസ് ബോട്ടുകൾ, ശിങ്കാർ ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയവയും യാത്ര നടത്തിവരുന്നുണ്ട്. ജങ്കാർ സേവനം ആവശ്യമായ സ്ഥലങ്ങളിൽ നൽകുന്നു. ക്ലാസ് –3 സ്റ്റാൻഡേർഡ് വികസനം ക്രമാനുഗതമായി നടത്തി ജലഗതാഗത മേഖലയുടെ വൻകിട ലക്ഷ്യങ്ങളിലുൾപ്പെടുന്ന റോഡ് ഒഴിവാക്കി ജലപാതയിലൂടെയുള്ള റോഡു ഗതാഗതം, വിനോദ സഞ്ചാരവികസനം എന്നിവ നടത്തുന്നതിന് സാധിക്കുന്നു. 2020 ആകുമ്പോഴേയ്ക്കും ഡബ്ല്യുസിസി വികസിപ്പിച്ചെടുക്കുന്നതിന് മുൻഗണന കൊടുത്തിട്ടുണ്ട്. വിവിധ തലങ്ങളിലുള്ളവയുടെ നിലവിലെ സ്ഥിതി **പട്ടിക 5.12** –ൽ കൊടുത്തിരിക്കുന്നു.

തീരദേശ കപ്പൽ ഗതാഗതവും, ഉൾനാടൻ നാവിഗേഷൻ വകുപ്പും (സി.എസ്.ഐ.എൻ.ഡി), സംസ്ഥാന ജല ഗതാഗത വകുപ്പ് (എസ്.ഡബ്ല്യു.ടി.ഡി), കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) എന്നിവയാണ് സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഏജൻസികൾ. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിൽ ബജറ്റ് വിഹിതം 45,888 ലക്ഷം രൂപയും ചെലവ് 17,878.17 ലക്ഷവും

(38.96 ശതമാനം) ആയിരുന്നു. എന്നാൽ, 12–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയുടെ ബജറ്റ് വിഹിതം 72,600 ലക്ഷം രൂപയായിരുന്നു. (പതിനൊന്നാം പദ്ധതിയേക്കാൾ 58.21 ശതമാനം കൂടുതൽ). അതിൽ 18,378.68 ലക്ഷം (18.37 ശതമാനം) ചെലവഴിക്കുകയും ചെയ്തു. 12–ാം പദ്ധതി കാലയളവിലും, 2017–18 വാർഷിക പദ്ധതിയിലും ഈ മേഖലയുടെ വിഹിതവും ചെലവും **പട്ടിക 5.13** –ൽ കൊടുത്തിരിക്കുന്നു.

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

സംസ്ഥാനത്തെ വൻകിട ഉൾനാടൻ കനാൽ പദ്ധതികൾ ഈ വകുപ്പിലൂടെ നടപ്പിലാക്കുന്നു. 2016–17 കാലഘട്ടത്തിൽ ഉൾനാടൻ കനാൽ പദ്ധതികളിൽ ഉൾപ്പെടുത്തി കൊല്ലം–കോവളം വികസനം, കോട്ടപ്പുറം–വടകര ഭാഗം വികസനം, വടകര–മാഹി, വളപട്ടണം–നീലേശ്വരം വികസനം, പുതിയ ജെട്ടികളുടേയും ചരക്ക് ടെർമിനലുകളുടേയും നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. പുതിയ പ്രോജക്ടുകൾക്ക് വേണ്ടി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 13–ാം ധനകാര്യകമ്മീഷൻ കരുനാഗപ്പള്ളിയിൽ കണ്ണേറ്റി കായൽ ദേശീയ പാതയിലേക്ക് ബന്ധിപ്പിക്കുന്ന ഫീഡർ കനാലിന്റെ വികസനം, ആന്താതോട് മുതൽ പൊന്നാനി വരെ (310.18 മുതൽ 321.556 കി.മീ വരെ) യുള്ള പി.സി കനാലിന്റെ വികസനം, താനൂർ–കൂട്ടായി, കനാൽ – വെട്ടം മുതൽ പൂരപ്പുഴ വരെ ആഴം കൂട്ടലും പാർശ്വഭിത്തി വികസനവും പൂർത്തിയായി. വടകര– മാഹി കനാൽ രൂപീകരണം ഒരു റീച്ച് പൂർത്തിയാക്കി മറ്റ് രണ്ട് റീച്ചുകൾ പൂർത്തിയായി വരുന്നു. അൻജെങ്കോ കായലിൽ നിന്ന് നടയറ കായലിൽ വരെ മൂന്ന് റീച്ച് ജലപാതകളുടെ വികസനവും

പട്ടിക 5.12
വെസ്റ്റ് കോസ്റ്റ് കനാലിലെ വിവിധ റീച്ചുകളിലെ നിലവിലെ സ്ഥിതി

ക്രമ നം.	കനാൽ റീച്ചുകൾ	എൻ.ഡബ്ല്യൂ/ കെ.എസ്.ഡബ്ല്യൂ	ചെയിനേജ് (കി.മീ)	നീളം (കി.മീ	ഇപ്പോഴത്തെ സ്ഥിതി
1	കോവളം– ആക്കുളം	കെ.എസ്.ഡബ്ല്യൂ	0 –16.04	16.04	ജലഗതാഗത യോഗ്യമല്ല
2	ആക്കുളം–കൊല്ലം	കെ.എസ്.ഡബ്ല്യൂ	16.04 –74.14	58.10	ഭാഗികമായി ജലഗതാഗത യോഗ്യം
3	കൊല്ലം–കോട്ടപ്പുറം	എൻ.ഡബ്ല്യൂ	74.14 – 242.14	168	ജലഗതാഗത യോഗ്യം
4	കോട്ടപ്പുറം–കോഴിക്കോട്	എൻ.ഡബ്ല്യൂ	242.14 – 402.00	160	ഭാഗികമായി ജലഗതാഗത യോഗ്യം
5	കോഴിക്കോട് ടൗൺ ഭാഗം (കനോലി കനാൽ)	കെ.എസ്.ഡബ്ല്യൂ	402.14 – 412.00	9.86	ജലഗതാഗത യോഗ്യമല്ല
6	കോഴിക്കോട് –വടകര	കെ.എസ്.ഡബ്ല്യൂ	412.00 – 450.08	40.08	ഭാഗികമായി ജലഗതാഗത യോഗ്യം
7	വടകര–മാഹി അൺകട്ട് ഭാഗം	കെ.എസ്.ഡബ്ല്യൂ	450.08 – 467.69	17.61	പ്രവർത്തികൾ പുരോഗമിക്കുന്നു
8	മാഹി വളപട്ടണം (26 കി.മീ അൺകട്ട് ഭാഗവും 34.20 കി.മീ നദീ ഭാഗവും)	കെ.എസ്.ഡബ്ല്യൂ	467.69 – 526.20	58.51	ജലഗതാഗത യോഗ്യമല്ല
9	വളപട്ടണം–നീലേശ്വരം	കെ.എസ്.ഡബ്ല്യൂ	526.20 – 590	63.80	ജലഗതാഗത യോഗ്യം
10	നീലേശ്വരം–കാസർഗോഡ് അൺകട്ട് ഭാഗം	കെ.എസ്.ഡബ്ല്യൂ	590 – 631	41	പഠനം നടന്നു വരുന്നു

(എൻ.ഡബ്ല്യൂ- ദേശീയ ജലപാത, കെ.എസ്.ഡബ്ല്യൂ കേരള സംസ്ഥാന ജലപാത)

പട്ടിക 5.13
12–ാം പദ്ധതിയിലെയും 2017–18 വാർഷിക പദ്ധതിയിലെയും ഈ മേഖലയുടെ വിഹിതവും ചെലവും

വകുപ്പ്	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി			വാർഷിക പദ്ധതി		
	വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ്	ശതമാനം
സി.എസ്.ഐ–.എൻ.ഡി	61744	13676.56	22.15	12785	72.39	0.57
എസ്.ഡബ്ല്യൂ.ടി.ഡി	4854	2300.35	47.39	2200	193.06	8.78
കെ.എസ്.ഐ–.എൻ.സി	6002	2401.77	40.01	1322	0	0
ആകെ	72600	18378.68	25.31	16307	265.45	1.63

പുനരുദ്ധാരണവും പുരോഗമിച്ച് വരുന്നു. നബാർഡിന്റെ കീഴിൽ ധർമടം, പിണറായി പഞ്ചായത്തിൽ അഞ്ചരകണ്ടി നദിയിൽ ജലപാത സഞ്ചാരയോഗ്യമാക്കുന്നതിനായി, വെസ്റ്റ് കോസ്റ്റ് കനാൽ മെച്ചപ്പെടുത്തൽ, വളപട്ടണം പുഴയിലെ ജലപാതയിൽ ഡ്രഡ്ജിംഗ്, രാമന്താളി പഞ്ചായത്തിൽ ബേപ്പൂർ–കല്ലായി കനാലിന്റെ വികസനം, ആവശ്യമായ ഭാഗങ്ങളിൽ ഇ.കെ. കനാലിന്റെ മെച്ചപ്പെടുത്തൽ രണ്ട് തെങ്ങ് കടവിലും മൗവ്വേൽകടവിലും രണ്ട് ബോട്ടുജെട്ടികളുടെ നിർമ്മാണം എന്നിവ പൂർത്തിയായി.

സംസ്ഥാന ജല ഗതാഗത വകുപ്പ്

ആലപ്പുഴ ജില്ല ആസ്ഥാനമാക്കി (ഡയറക്ടറേറ്റ്) സംസ്ഥാന ജല ഗതാഗത വകുപ്പ് 1968–ൽ രൂപീകൃതമായി. വകുപ്പ് തലവൻ ഡയറക്ടറാണ്. രൂപീകരണ സമയത്ത്, സേവന പ്രവർത്തനങ്ങൾ ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിൽ മാത്രമായിരുന്നു. ഒരു മെക്കാനിക്കൽ എഞ്ചിനിയറുടെ ഓഫീസും, മൂന്ന് സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലുള്ള എറണാകുളം, കോട്ടയം (ചങ്ങനാശ്ശേരി) കാസർഗോഡ് എന്നീ മൂന്നു ജില്ലകളിൽ മേഖലാ ഓഫീസുകളും സ്ഥാപിച്ചുകൊണ്ട് പിന്നീട് പ്രവർത്തികളും, പ്രവർത്തനങ്ങളും വ്യാപിപ്പിച്ചു. ഇപ്പോൾ വകുപ്പിന് പതിനാല് സ്റ്റേഷൻ ഓഫീസുകളുണ്ട്. സംസ്ഥാന ജല ഗതാഗത വകുപ്പ് ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ട് പ്രദേശ നിവാസികളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നു. പ്രസ്തുത വകുപ്പ് ഒരു വാണിജ്യ വകുപ്പാണെങ്കിൽ കൂടി അതിന്റെ പ്രവർത്തനം ഒരു സേവന വകുപ്പ് പോലെയാണ്. "ഗതാഗതം" അത്യാവശ്യ സേവനത്തിന്റെ കീഴിൽ ആയതിനുശേഷം ഈ വകുപ്പ് ഒരു ആവശ്യ സേവന വകുപ്പിന്റെ മാതൃക കൈക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ടൂറിസം സർവീസുകൾ ഉൾപ്പടെ പ്രതിദിനം 51 ഷെഡ്യൂളുകൾ പ്രബല്യത്തിലുണ്ട്. തടി/സ്റ്റീൽ, ഫൈബർ ഗ്ലാസ്സ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ച് പ്രതി വർഷം 150 ലക്ഷം യാത്രക്കാരെ വഹിച്ചു കൊണ്ടു പോകുന്നുണ്ട്. ഏകദേശം 40,000 ആളുകൾ പ്രതിദിനം അവരുടെ സേവനം ഉപയോഗിക്കുന്നുണ്ട്. വാഹനങ്ങൾ വഹിച്ചുകൊണ്ട് (ഇരുചക്ര വാഹനങ്ങൾ) കടത്ത്ബോട്ട് സേവനങ്ങൾ പ്രവർത്തിക്കുന്നു. പ്രതിദിനം ഏകദേശം 700 കിലോമീറ്റർ ദൂരം ആണ് ഓപ്പറേറ്റ് ചെയ്യുന്നത്.

2016-17-ൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

- ഇന്ത്യയുടെ ആദ്യ സോളാർ ബോട്ട് നിർമാണം 2017 ജനുവരിയിൽ പൂർത്തിയാക്കുകയും വൈക്കം–തവണകടവ് ജല മാർഗത്തിലൂടെ പ്രവർത്തിക്കുകയും ചെയ്യുന്നു.
- എല്ലാ വൻകിട സ്റ്റേഷൻ ഓഫീസുകളിലും വകുപ്പ് ബോട്ടുകളിലും എൽഇഡി ടെലിവിഷനുകൾ വാങ്ങി.
- റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജോലിയുടെ മൂന്നാം ഘട്ടത്തിലേക്കുള്ള പെയ്മെൻറ് തീർപ്പാക്കപ്പെട്ടു.

ബോക്സ് 5.9
2016–17 ലെ പുതിയ സംരംഭം
കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ സമയോചിതമായ വികസനം സാധ്യമാക്കുന്നതിന് പ്രത്യേക ഉദ്ദേശ്യയാന പദ്ധതി രൂപീകരണം

കേരള സർക്കാരിന്റെയും കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) ന്റേയും സംയുക്തസംരംഭമായി 49 ശതമാനം കേരള സർക്കാരിന്റെ വിഹിതവും 49 ശതമാനം സിയാൽ വിഹിതവും മറ്റുള്ളവരുടെ 2 ശതമാനം ഓഹരി പങ്കാളിത്തവും ഉൾപ്പെടുത്തി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി സ്ഥാപിക്കപ്പെട്ടു. ദേശീയ ജലപത–3 –ൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത, പശ്ചിമ തീരദേശ കനാലിനോടൊപ്പം അൺകട്ട് ഭാഗങ്ങൾ ഉൾപ്പെടെ കനാൽ സംവിധാനങ്ങളുമായി ബന്ധിപ്പിക്കേണ്ട ഉൾനാടൻ ജലപാതയുടെ വികസനത്തിനായുള്ള ഒരു പ്രത്യേക ഉദ്ദേശയാനമായി ഇത് സേവനമനുഷ്ഠിക്കും. കേരളത്തിന്റെ മുഖ്യ മന്ത്രി ആകും പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ ചെയർമാൻ.

പുതിയ പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർമാരെ സിയാലിന്റെ ഡയറക്ടർ ബോർഡാണ് നിയമിക്കുന്നത്. പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർമാരുടെ പരമാവധി എണ്ണം 12 ആയി പരിമിതപ്പെടുത്തേണ്ടതാണ്. കേരള സർക്കാരും സിയാലും തുല്യമായി നാമനിർദ്ദേശം ചെയ്യുന്നതുമാണ്.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായിരിക്കും എസ്.പി.വി ചുമതലപ്പെട്ടിരിക്കുന്നത്.

ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടക്കേണ്ട ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന്റെ മേൽനോട്ടത്തോടൊപ്പം, സാമൂഹ്യ പാരിസ്ഥിതിക ആഘാത വിലയിരുത്തലും, ഭൂമി ഏറ്റെടുക്കൽ ചട്ട പ്രകാരം ബുദ്ധിമുട്ടുന്ന ജനങ്ങളുടെ പുനരധിവാസവും ഉൾപ്പെടുന്നു. പാസഞ്ചർ, ബൾക് കാർഗോ ഗതാഗതം സുഗമമാക്കുന്നതിന് ദേശീയ ജലപാത സ്റ്റാൻഡേർഡുകൾക്ക് അനുസൃതമായി കനാലുകൾ വിപുലപ്പെടുത്തൽ, പുതിയ കനാലുകൾ നിർമ്മിക്കൽ, ഡ്രഡ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കൽ, ഡ്രഡ്ജ് ചെയ്ത വസ്തുക്കൾ നീക്കം ചെയ്യൽ, ഡ്രഡ്ജിംഗ് മെറ്റീരിയൽ ഡിസ്ടിബ്യൂഷൻ മുതലായവ ഉൾപ്പെടെ എല്ലാ നിർമ്മാണ–വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. മുഖ്യ ഭൂപ്രദേശവുമായി ബന്ധം സ്ഥാപിക്കുന്നതിനായി റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ തുടങ്ങിയവയുടെ നിർമ്മാണം.

നിർദ്ദിഷ്ട സ്ഥലങ്ങളിൽ ജലപാതകളുടെ വിന്യാസം സഹിതം ടെർമിനൽ സൗകര്യങ്ങൾ, ബോട്ട് ജെട്ടികൾ, ഇന്ധന സൗകര്യങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, ഉൾനാടൻ ജലഗതാഗത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിഭവങ്ങൾ ഒരുമിച്ചു കൂട്ടുക, യാത്രക്കാർക്കും, ബൾക് കാർഗോയുടെ ഗതാഗതത്തിനും ഈ പദ്ധതിയുടെ കീഴിൽ നിലവിലുള്ളതും വിപുലീകരിക്കപ്പെടാനുള്ളതുമായ ദേശീയ ജലപാതകളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക.

- പഴയ കപ്പലുകളുടെ വൻകിട അറ്റകുറ്റപ്പണികൾക്കായി വനം വകുപ്പിൽനിന്നും 39.39 മീറ്റർ ക്യൂബ് തടി വാങ്ങി.
- ആലുവയിലെ എഫ്. ഐ. റ്റി. ലിമിറ്റഡ് ഡയറക്ടറേറ്റിന്റെ പുനരുദ്ധാരണം.
- വെസ്സലുകളുടെ (എസ് –22, എസ് –16, എസ് –14) വൻകിട അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി.

സംസ്ഥാന ജലഗതാഗതവകുപ്പിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 5.24** –ൽ കൊടുത്തിട്ടുണ്ട്

കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപറേഷൻ ലിമിറ്റഡ്

കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.എൻ.സി.ഒ)കേരള

ഷിപ്പിംഗ് കോർപ്പറേഷൻ (കെ.എസ്.സി) എന്നീ രണ്ട് കേരള സർക്കാർ കമ്പനികളെ ഇണക്കി ചേർത്ത് 1989 –ൽ ആണ് കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ രൂപീകരിച്ചത്. ഉൾനാടൻ ജലഗതാഗതം, കപ്പൽ ഗതാഗതം, ജല ടൂറിസം, വിശ്രമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തുടക്കം കുറിച്ചു. 1980 ൽ ഉൾനാടൻ ജലപാതയിലൂടെ യന്ത്രവൽകൃത ചരക്ക് ഗതാഗതം ആരംഭിച്ചു. 1990 –ൽ എണ്ണ ബങ്കറിംഗ് തുടങ്ങി. 1999 –ൽ തീരദേശ കപ്പൽ ഗതാഗതം ആരംഭിച്ചു. ഇപ്പോൾ പ്രധാനമായും ചരക്ക് ഗതാഗതം, ബങ്കർ സപ്ലൈ, ടൂറിസം, കപ്പലുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയിലാണ് കെ.എസ്.ഐ.എൻ. സി.ഏർപ്പെട്ടിരിക്കുന്നത്. കൊച്ചി പോർട്ട് ട്രസ്റ്റിൽ നിന്നും പാട്ടത്തിനെടുത്ത ഒരു സ്ലിപ് വേ, കൊച്ചി തോപ്പുംപടിയിൽ 1991 മുതൽ പ്രവർത്തിപ്പിച്ചു വരുന്നു. സ്വന്തം കപ്പലുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കുന്നതിന് പുറമേ, സംസ്ഥാന ജലഗതാഗത വകുപ്പ്, തുറമുഖ വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, സെൻട്രൽ ഇൻസ്റ്റ്യൂട്ട് ഓഫ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, പൂംപൂഹാർ ഷിപ്പിംഗ് കോർപ്പറേഷൻ പോലെയുള്ള സർക്കാർ ഏജൻസികൾക്കും, മറ്റ് സ്വകാര്യ ഏജൻസികൾക്കും വേണ്ടി കപ്പൽ നിർമ്മാണവും അറ്റകുറ്റപ്പണിയും നിർവഹിക്കുന്നുണ്ട്. ഇതുവരെ 50 കപ്പലുകൾ കെ.എസ്.ഐ.എൻ. സി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. കെ.ഐ.വി നിയമപ്രകാരം, കൊച്ചി കോർപ്പറേഷനു വേണ്ടി ഫോർട്ട് ക്വീൻ എന്ന വലിയ യാത്രാ ബോട്ടാണ് പുതിയതായി നിർമ്മിച്ചത്.

ഇപ്പോൾ കോർപ്പറേഷന്റെ ഫ്ലീറ്റ് ശക്തിയിൽ വിവിധ ചരക്ക് നീക്കുന്നതിനായി ഏഴ് പത്തേമാരികൾ, രണ്ട് ടൂറിസ്റ്റ് ബോട്ടുകൾ, രണ്ട് ജംങ്കാറുകൾ എന്നിവയുണ്ട്. ഫാക്ടിന്റെ (എഫ്.എ.സി.റ്റി), കൊച്ചി ഉദ്യോഗമണ്ഡൽ ഡിവിഷനിലേക്ക് ഇറക്കുമതി ചെയ്ത വ്യവസായ വളം, അസംസ്കൃത വസ്തുക്കൾ, റോക്ക് ഫോസ്ഫേറ്റ്, സൾഫർ, ഫോസ്ഫോറിക് ആസിഡ് പോലുള്ള അസംസ്കൃത വസ്തുക്കളുടെ ഗതാഗതം, ജല ഗതാഗതത്തിലൂടെ ആദ്യമായി നടത്തിയത് കെ.എസ്.ഐ.എൻ.സി ആയിരുന്നു. ഇപ്പോൾ മൂന്ന് കാർഗോബാർഗുകൾ, നാല് പെട്രോളിയം ബാർഗുകൾ, ഒരു ആസിഡ് ബാർഗ് എന്നിവ പ്രവർത്തിക്കുന്നു. ഓരോ വർഷവും ശരാശരി 1.50 ലക്ഷം മെട്രിക് ടൺ കാർഗോ നീക്കുന്നുണ്ട്. കമ്പനിതൊഴിലാളികൾ ഉൾപ്പെടെ 150 ഓളം ജീവനക്കാർ കെ.എസ്.ഐ.എൻ. സിയിൽ ജോലി ചെയ്യുന്നു. 2016–17 വർഷത്തെ വിറ്റുവരവ് 13 കോടി രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷമായി കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2017 ആഗസ്റ്റ് 23 –ൽ നീറ്റിലിറങ്ങിയ നെഫർറ്റിറ്റി, ഡെലിവറിക്ക് തയ്യാറായിരിക്കുന്ന അതിവേഗ ഹെവിബോട്ട് ക്ലിയോപാട്ര, 500 മെട്രിക്ക്ടൺ ബൾക്ക് ബാർജ് ഒറിയൻ തുടങ്ങിയവയാണ് കെ.എസ്.ഐ.എൻ.സി യുടെ പുരോഗമിച്ചു കൊണ്ടിരിക്കുന്ന സംരംഭങ്ങൾ. ഫെറി ടെർമിനൽ ഉദ്ഘാടനത്തിനായി തയ്യാറായികൊണ്ടിരിക്കുന്നു. കെ.എസ്.ഐ.എൻ. സി യുടെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 5.24** –ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യയിലെ ഗതാഗത ആസൂത്രണം ജലഗതാഗതത്തിന്റെ വൻസാധ്യതകളെ ആകർഷിക്കുന്നതിൽ പരാജയപ്പെട്ടു. കേരളവും ഇതിന് അപവാദമല്ല. ജലഗതാഗതത്തിലൂടെ ചരക്കുകൾക്ക് ഒരുഭാഗം വഴിതിരിച്ചുവിടുന്നതിലൂടെ റോഡുകളുടെ തിരക്ക് കുറയ്ക്കുക, അപകടങ്ങൾകുറയ്ക്കുക, ഇന്ധനചെലവ് കുറയ്ക്കുക എന്നിവ സാധ്യമാക്കുന്നതിനുള്ള നടപടികൾ വിജയിച്ചിട്ടില്ല. ഡ്രെഡ്ജിംഗിനുള്ള തടസ്സം നീക്കുക, ബങ്ക് സംരക്ഷിക്കുന്നതിനും വീതികൂട്ടുന്നതിനും, പാലങ്ങൾ, നടപ്പാലങ്ങൾ എന്നിവിടങ്ങളിൽ വെർട്ടിക്കൽ ഹൊറിസോണ്ടൽ ക്ലിയറൻസുകൾ മെച്ചപ്പെടുത്തുന്നതിനും, മത്സ്യബന്ധന വലകൾ മാറ്റി സ്ഥാപിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു. കപ്പൽ നിർമ്മാണ സബ്സിഡിയും, വായ്പപലിശ സബ്സിഡിയും പോലുള്ള സാമ്പത്തിക പ്രോത്സാഹനവും ഏർപ്പെടുത്തി. എന്നാൽ, നിർഭാഗ്യവശാൽ അത് അധികകാലം നീണ്ടു നിന്നില്ല. രണ്ടുപതിറ്റാണ്ടിനുശേഷവും, ജലപാതയുടെ വികസനം അപൂർണമാണ്. ഫെയർ കപ്പാസിറ്റി, ചരക്ക്, കപ്പലുകൾ, ഐ.ഡബ്ല്യു.ടി പ്രവർത്തനം എന്നിവ സംബന്ധിച്ച് ടാർജറ്റ്കുറഞ്ഞു. കായൽ ടൂറിസത്തിൽ മികച്ച നേട്ടം ഉണ്ടായി. ദേശീയ ജലപാത III –ൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട ബുദ്ധിമുട്ടുകൾ ഭൂവിനിയോഗത്തിലുള്ള കാലതാമസം, ഡ്രെഡ്ജ് ചെയ്ത മെറ്റീരിയലിന്റെ കൈമാറ്റം തടസ്സങ്ങൾ, പ്രോജക്ട്നിർവഹണത്തിലെ കാല താമസം, തുക വിനിയോഗിക്കുന്നതിലുള്ള മോശം

ബോക്സ് 5.10
മുന്നോട്ടുള്ള വഴി – ഉൾനാടൻ ജലഗതാഗത മേഖലയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ ശുപാർശകൾ

പതിമൂന്നാം പദ്ധതിക്കാലത്തെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

- നാറ്റ്പാക്ക് പോലുള്ള ഏജൻസികൾ വഴിയുള്ള പ്രത്യേക ജൈവവൈവിദ്ധ്യ (ഒ–ഡി ജോഡി) പഠനവുമായി ബന്ധപ്പെട്ട ജലപാതകളുടേയും സാധ്യതയുള്ള ഫീഡറുകളുടേയും വികസനത്തിനും വർഗ്ഗീകരണത്തിനും വേണ്ടിയുള്ള ഒരു സമഗ്ര വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.
- ഐ.ഡബ്ല്യൂ.റ്റി യുടെ ഏകോപിത പ്രവർത്തനങ്ങൾക്കായി, അനുയോജ്യമായ അളവിലും, വിസ്തൃതിയിലുമുള്ള കപ്പലുകളുടെ സഞ്ചാരം സാധ്യമാക്കുന്നതിന് വേണ്ടി സമഗ്രമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജലഗതാഗതം, പോഷക കനാലുകൾ എന്നിവ കണ്ടെത്തുകയും തരംതിരിയ്ക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്.
- കേരള സംസ്ഥാന മാരിടൈം ബോർഡ്, ഐ.ഡബ്ല്യൂ.റ്റി യുടേയും തീരദേശ കപ്പലുകളുടേയും പ്രവർത്തനങ്ങൾ ഇതിന്റെ ഭരണത്തിൻ കീഴിൽ കൊണ്ടു വരുന്ന സുപ്രീം റെഗുലേറ്ററി ബോർഡ് സ്ഥാപിക്കുക.
- ഉൾനാടൻ ജലപാത വികസന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സുഗമമാക്കുന്നതിനുമായി റവന്യൂ വകുപ്പ്, ഐ.ഡബ്ല്യൂ.എ.ഐ,എൽ.എസ്.ജി.ഡി, സി.എസ്.ഐ.എൻ.ഡി/ജലസേചന വകുപ്പ്, ജനപ്രതിനിധികൾ എന്നിവരിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന സംസ്ഥാന, ജില്ലാതല നിരീക്ഷണ സമിതികൾ രൂപീകരിക്കേണ്ടതാണ്.
- ജല ഗതാഗതത്തിൽ ദീർഘകാല ചരക്ക്/പാസഞ്ചർ പ്രസ്ഥാനങ്ങൾക്ക് പൈലറ്റ് പി.പി.പി പദ്ധതികൾ ആവിഷ്ക്കരിക്കുക.
- തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗത സംവിധാനവും സാധ്യമായ സ്ഥലങ്ങളിൽ ഏകീകരിക്കുക. ഐ.ഡബ്ല്യൂ.റ്റി യുടെ കീഴിലുള്ള സാഗരമാലയുമായോ മറ്റ് ഫണ്ടിംഗ് ഓപ്ഷനുകളിലായോ ചെറിയ തുറമുഖങ്ങളുടെ സംയോജനം.
- ഐ.ഡബ്ല്യൂ.ടി ബന്ധപ്പെടുന്ന ടൂറിസം പ്രവർത്തനങ്ങളുടെ വികസനം.
- പുതിയ ഐ.ഡബ്ല്യൂ.റ്റി കപ്പലുകൾ നിർമ്മിക്കാനുള്ള സബ്സിഡി സ്കീമുകൾ
- പി.പി.പി പ്രോജക്ടുകൾക്ക് മതിയായ ഗ്യാപ് ഫണ്ടിംഗ്
- അപകടകരമായ ചരക്കുകളുടെയും സാധ്യമാക്കുന്നിടത്ത് ബൾക്ക് കാർഗോയുടേയും നിശ്ചിത ശതമാനത്തിന്റേയും ഗതാഗതം നിർബന്ധമായുംഉൾനാടൻജലഗതാഗത മാർഗ്ഗത്തിലൂടെയാക്കുന്നതിനുള്ള നിയമ നിർമ്മാണം.
- കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻകോർപ്പറേഷന്റെ (കെ.എസ്.ഐ.എൻ.സി) പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തി പരമാവധി സേവനം നടപ്പിലാക്കും.
- വടക്ക് കിഴക്കൻ സംസ്ഥാന ജലപാതകളിൽ ഐ.ഡബ്ല്യൂ.റ്റി ടെർമിനലുകളുടെ 2 കിലോ മീറ്റർ വ്യാസത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ പ്രേരണ ചെലുത്തുക.
- വടക്ക് കോഴിക്കോട് മുതൽ കാസർഗോഡ് വരെയും, തെക്ക് കൊല്ലം മുതൽ വിഴിഞ്ഞം വരെയും എൻ.ഡബ്ല്യൂ–3 നീട്ടാൻ കേന്ദ്ര സർക്കാറിനോട് അഭ്യർത്ഥിക്കുക.
- ഐ.ഡബ്ല്യൂ.എ.ഐ തയ്യാറാക്കുന്ന ഉൾനാടൻ കപ്പലുകളുടെയും ഷിപ്പിംഗ് ഡിജി തയ്യാറാക്കുന്ന നദി, സമുദ്ര കപ്പലുകളുടേയും നിർമ്മാണത്തിനു വേണ്ടിയുള്ള മാതൃക നിയമങ്ങൾ സ്വീകരിക്കുകയും അവ സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്.

പ്രകടനംഎന്നിവയാണ്. ജലഗതാഗതമാർഗ്ഗം മത്സരാധിഷ്ഠിതമാക്കുന്നതിന് ഫെയർവെ, ചാനൽ, ടെർമിനൽസ്, ഇന്റർമോഡൽ കണക്ടിവിറ്റി എന്നിവയുടെ കാര്യക്ഷമമായ ആസൂത്രണം, പര്യാപ്തമായ വെസ്സലുകൾ, സുരക്ഷിതമായ നാവിഗേഷൻ എയ്ഡ്സ്, 24 മണിക്കൂർ പ്രവർത്തിക്കുന്ന ജലഗതാഗതവും ആവശ്യമാണ്. ഇപ്പോൾ നിലവിലുള്ളതും പുതിയതായി സൃഷ്ടിക്കേണ്ടതും തമ്മിൽ ഒരു സന്തുലിതാവസ്ഥ കൊണ്ടു വരേണ്ടതുണ്ട്.

ഊർജ്ജ മേഖല

രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം നിർണ്ണായകമായ പങ്ക് വഹിക്കുന്നു. കാര്യക്ഷമവും ആശ്രയിക്കത്തക്കതുമായ ഊർജ്ജം മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നത് സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും തദ്വാര മനുഷ്യ പുരോഗതിക്കും അത്യാവശ്യ ഘടകമാണ്. വരുമാനം, തൊഴിൽ, ജീവിതനിലവാരം തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനോടൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തദ്വാര സാമ്പത്തിക വികസനത്തിനും ഈ മേഖല സംഭാവന നൽകുന്നു. ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ ഗുണനിലവാരത്തോടെ ലഭ്യമാക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഏതൊരു വികസ്വര രാജ്യത്തിന്റെയും സമഗ്ര വികസനത്തിന് ഊർജ്ജോല്പാദനം ഒഴിവാക്കാൻ പറ്റാത്ത ഘടകമാണ്.

ഇന്ത്യയിലെ ഊർജ്ജ മേഖല

ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനമായിട്ടുള്ളത്. ഇത് രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 67 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ആഗസ്റ്റ് 31, 2017 അടിസ്ഥാനമാക്കിയുള്ള ഊർജ്ജ വിഹിതവും അതിന്റെ ശതമാനവും **പട്ടിക 5.14** –ൽ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് രാജ്യത്തിന്റെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 329,226 മെഗാവാട്ടാണ്. അടുത്തകാലത്ത്, പുനരാവർത്തക ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി.

ഊർജ്ജോൽപ്പാദനത്തിന്റെ മേഖല തിരിച്ചുള്ള ആകെ കണക്കുകൾ **പട്ടിക 5.15** –ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൻ പ്രകാരം 81,652 മെഗാവാട്ട് (24.8 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും, 102,933 മെഗാവാട്ട് (31.3 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും 144,641 മെഗാവാട്ട് (43.9 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്.

കേരളത്തിലെ ഊർജ്ജ മേഖല

ജലം, താപം, കാറ്റ്, സൂര്യൻ എന്നീ നാല് ഊർജ്ജ സ്രോതസ്സുകളിൽ നിന്നാണ് കേരളത്തിൽ വൈദ്യുതോല്പാദനം നടക്കുന്നത്. ഇതിൽ ഭൂരിഭാഗവും ജലം, താപം എന്നീ സ്രോതസ്സുകളിൽ നിന്നാണ്. കാറ്റ്, സൂര്യൻ എന്നിവയിൽ നിന്ന് നാമമാത്രമായ ഉല്പാദനം മാത്രമേ നടക്കുന്നുള്ളൂ. കേരളത്തിൽ ജല വൈദ്യുത നിലയങ്ങളുടെ പ്രവർത്തനം പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. മഴ ലഭ്യതയിലുണ്ടാകുന്ന കുറവ് കേരളത്തിൽ വൈദ്യുതി പ്രതിസന്ധി ഉണ്ടാക്കാറുണ്ടെന്നിരിക്കിലും ജല വൈദ്യുതിയാണ് കൂടുതൽ വിശ്വാസവും ആശ്രയയോഗ്യവുമായ സംസ്ഥാനത്തിന്റ പ്രധാന ഊർജ്ജ സ്രോതസ്സ്.

പട്ടിക 5.14
2017 ആഗസ്റ്റ് 31 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി

ഊർജ്ജം	30.9.2015 അനുസരിച്ചുള്ള സ്ഥാപിത ശേഷി (മെ.വാ.)	മൊത്തം സ്ഥാപിത ശേഷിയുടെ ശതമാനം	30.9.2016 അനുസരിച്ചുള്ള സ്ഥാപിത ശേഷി (മെ.വാ.)	മൊത്തം സ്ഥാപിത ശേഷിയുടെ ശതമാനം	31.8.2017 അനുസരിച്ചുള്ള സ്ഥാപിത ശേഷി (മെ.വാ.)	ശതമാനം
1	2	3	4	5	6	7
താപവൈദ്യുതി	194,200.00	69.68	213,228.90	69.60	219,490.00	66.67
ജല വൈദ്യുതി	42,283.00	15.17	43,112.43	14.07	44,653.00	13.56
ആണവോർജ്ജം	5,780.00	2.07	5,780.00	1.89	6,780.00	2.06
പുനരാവർത്തക ഊർജ്ജം	36,471.00	13.08	44,236.92	14.44	58,303.00	17.71
ആകെ	**278,734.00**	**100.00**	**306,358.25**	**100.00**	**329,226.00**	**100.00**

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി(CEA)

2016-17 കാലയളവിലെ ഉൽപാദന ശേഷി വർദ്ധന

കേരളത്തിലെ 2017 മാർച്ച് വരെയുള്ള മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 2,961.11 മെഗാവാട്ട് ആണ്. ഇതിൽ 2,107.96 മെഗാവാട്ട് (71.19 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 718.46 മെഗാവാട്ട് തെർമൽ പദ്ധതികളിൽ നിന്നും, 59.27 മെഗാവാട്ട് കാറ്റിൽ നിന്നും, 75.42 മെഗാവാട്ട് സൗരോർജ്ജത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നു. ജലം, താപം, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ളകേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 5.8** – ൽ കൊടുത്തിരിക്കുന്നു.

2016–17 വർഷം മൊത്തം സ്ഥാപിത ശേഷിയിൽ ഉണ്ടായ വർദ്ധനവ് 55.03 മെഗാവാട്ട് ആണ്. അതിന്റെ സ്കീം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 5.16** –ൽ നൽകിയിരിക്കുന്നു. ഊർജ്ജ സ്രോതസ്സ് സംബന്ധിച്ചും കഴിഞ്ഞ അഞ്ചു വർഷത്തെ സ്ഥാപിതശേഷി സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ **അനുബന്ധം 5.25** –ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.26** –ലും നൽകിയിരിക്കുന്നു. 2016–17 ലെ മൊത്തം സ്ഥാപിത ശേഷിയായ 2,961.11 മെഗാവാട്ടിൽ, 2220.56 മെഗാവാട്ട് (74.99 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും, 359.60 മെഗാവാട്ട് (12.14 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും, 380.95 മെഗാവാട്ട് (12.87 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ ഊർജ്ജ ലഭ്യത സംബന്ധിച്ച വിശദംശങ്ങൾ **അനുബന്ധം 5.27** –ൽ നൽകിയിരിക്കുന്നു.

പട്ടിക 5.15
2017 ആഗസ്റ്റ് 31 അനുസരിച്ചുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിത ശേഷി

മേഖല	സ്ഥാപിതശേഷി(മെ.വാ.)	ശതമാനം (ശതമാനം)
സംസ്ഥാനമേഖല	8,1652	24.8
കേന്ദ്രമേഖല	102,933	31.3
സ്വകാര്യമേഖല	144,641	43.9
ആകെ	**329,226**	**100**

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (CEA)

ബോക്സ് 5.11
പതിമൂന്നാം പഞ്ചവത്സര പദ്ധതി – ഊർജ്ജ മേഖല – സമീപന രേഖ

i പതിമൂന്നാം പദ്ധതിക്കാലത്ത് ജലവൈദ്യുതി, സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം എന്നിവയിലൂടെ ആഭ്യന്തര ഊർജ്ജോത്പാദന ശേഷി വികസിപ്പിക്കുകയാണ് ലക്ഷ്യം.

iii പ്രസരണവും വിതരണവും, പ്രത്യേകിച്ച് ഉയർന്ന വോൾട്ടേജ് സംപ്രേക്ഷണ പാതകൾ, ഗണ്യമായി ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

lii എല്ലാ ഭവനങ്ങളിലും വൈദ്യുതി

iv പതിമൂന്നാം പദ്ധതിക്കാലത്ത്, വൻതോതിലുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം ഗണ്യമായി വർദ്ധിക്കും. ചെറുകിട ഉത്പാദന ശേഷിക്ക് സ്റ്റാൻഡ്–എലോണിൽ നിന്നും ഗ്രിഡ് ബന്ധിത സിസ്റ്റത്തിലേക്ക് ഒരു മാതൃകാപരമായ മാറ്റം ആവശ്യമാണ്.

v നിലവിൽ പാചകത്തിനു ഗണ്യമായ ഉദ്വമനമുള്ള വാതകങ്ങളേയും ഇന്ധനത്തെയും ആശ്രയിക്കുന്ന വീടുകൾക്ക് ശുദ്ധ ഇന്ധനങ്ങളിലേക്ക് മാറുന്നതിന് പദ്ധതി ആസൂത്രണം ചെയ്യും.

ബോക്സ് 5.12
കേരളം – സമ്പൂർണ്ണ വൈദ്യുത സംസ്ഥാനം

വികസനത്തിന്റെയും പുരോഗതിയുടേയും കാര്യത്തിൽ എപ്പോഴും കേരളം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സംസ്ഥാനത്തെ എല്ലാ വീടുകൾക്കും വൈദ്യുതി എന്ന ലക്ഷ്യം കേരളം ഇപ്പോൾ നേടിയിരിക്കുന്നു. ഒന്നരലക്ഷം അപേക്ഷകർക്ക് വൈദ്യുതി നൽകി കൊണ്ട് സമ്പൂർണ്ണ വൈദ്യുതി സംസ്ഥാനമായി 2017 മെയ് 29 ന് കേരളം മാറി.

നിബിഡ വനങ്ങളിൽ താമസിക്കുന്ന 150 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 1,000 കുടുംബങ്ങൾ ഒഴികെ മുഴുവൻ കുടുംബങ്ങൾക്കും സംസ്ഥാന വൈദ്യുത ബോർഡ് വൈദ്യുതി ലഭ്യമാക്കി. വനംവകുപ്പിന്റെ അനുമതി ലഭ്യമല്ലാത്തതിനാലും കോടതികളിൽ കേസ് നിലനിൽക്കുന്നതിലുമാണ് മേൽ സൂചിപ്പിച്ച കുടുംബങ്ങൾക്ക് വൈദ്യുതി നൽകാൻ കഴിയാത്തത്.

കേരളത്തിന്റെ ഊർജ്ജ മേഖലയിലെ പ്രൊജക്ഷനുകൾ

സെൻട്രൽ ഇലക്ട്രിക് അതോറിറ്റി നടത്തിയ 19–ാം ഇലക്ട്രിക് പവർ സർവേ പ്രകാരം കേരളത്തിന്റെ അടുത്ത 10 വർഷത്തേക്ക് ഊർജ്ജ ഉപഭോഗം 2017–18 ൽ 25,480 മില്യൺ യൂണിറ്റും (മില്യൺ യൂണിറ്റ്, 1 യൂണിറ്റ്= 1 കിലോ വാട്ട് ഹവർ), 2020–21 ൽ 29,924 മില്യൺ യൂണിറ്റും, 2023–24 ൽ 34,393 മില്യൺ യൂണിറ്റും 2026–27 ൽ 38756 മില്യൺ യൂണിറ്റുമാണ് കണക്കാക്കിയിട്ടുള്ളത്. ഈ സർവേ കണക്കിലെടുത്താൽ, 10 വർഷത്തിന് ശേഷം കേരളത്തിന്റെ വൈദ്യുതി ഉപഭോഗം നിലവിലെ ഉപഭോഗത്തെക്കാൾ 52 ശതമാനം കൂടുതലായിരിക്കും.

ഊർജ്ജ മേഖലയിലെ ഏജൻസികളുടെ പ്രവർത്തന നേട്ടം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, അനർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും

ചിത്രം 5.8
മൊത്തം സ്ഥാപിത ശേഷി



അവലംബം: കെ.എസ്.ഇ.ബി.എൽ.

പട്ടിക 5.16
2016–17 ലെ സ്ഥാപിത ശേഷി വർദ്ധന

ക്രമ നമ്പർ	ഊർജ്ജ പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാവാട്ട്)
1	വെള്ളത്തൂവൽ	3.60
2	സൗരോർജ്ജം കെ.എസ്.ഇ.ബി.എൽ, എടയാർ	1.25
3	സൗരോർജ്ജം കെ.എസ്.ഇ.ബി.എൽ, കൊല്ലങ്കോട്	1.00
4	ബാരാപോൾ സോളാർ കനാൽ ബാങ്ക്, കെ.എസ്.ഇ.ബി.എൽ	3.00
5	ബാരാപോൾ സോളാർ കനാൽ ടോപ്പ്, കെ.എസ്.ഇ.ബി.എൽ	1.00
6	അനർട്ട്, കുഴൽമന്ദം	2.00
7	അമ്പലത്തറ സൗരോർജ്ജപാർക്ക്	36.00
8	(സിയാൽ)– അഡിഷണൽ	7.18
	ആകെ	**55.03**

അവലംബം: കെ.എസ്.ഇ.ബി.എൽ.

കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ വകുപ്പുകളുടെ 12–ാം പഞ്ചവൽസര പദ്ധതിയിലേയും 2017–18 വർഷത്തെയും വിഹിതം, ചെലവ്, ചെലവ് ശതമാനം എന്നിവ **പട്ടിക 5.17** –ൽ കൊടുത്തിരിക്കുന്നു.

2017–18 വർഷത്തെ വാർഷിക പദ്ധതിയിൽ 162,929.00 ലക്ഷം രൂപയാണ് ഊർജ്ജമേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നത്. 2017 ഒക്ടോബർ 20 –ൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 48.06 ശതമാനമാണ്. വാർഷിക പദ്ധതിയിൽ 156,525.00 ലക്ഷം രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിനും 4,830.00

ലക്ഷം രൂപ അനർട്ടിനും 814.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനും 760.00 ലക്ഷം രൂപ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിനും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്പെയ്സിൽ റിപ്പോർട്ട് ചെയ്ത പ്രകാരം, 2017 ഒക്ടോബർ വരെ 78,299.17 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്, അതായത് മൊത്തം വിഹിതത്തിന്റെ 48.06 ശതമാനം. ഇതിൽ, കെ.എസ്.ഇ.ബി എൽ 76,522.29 ലക്ഷവും (48.89 ശതമാനം), അനർട്ട് 1,587.27 ലക്ഷവും (32.86 ശതമാനം), ഇ.എം.സി 186.91 ലക്ഷവും (22.96 ശതമാനം) ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് 2.70 ലക്ഷവും (0.35 ശതമാനം) ഫണ്ട് 2017 ഒക്ടോബർ വരെ ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

കേരള സംസ്ഥാനത്തിന്റെ വികസനത്തിന് നേതൃത്വം നൽകുന്ന പ്രധാന സ്ഥാപനമാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നിവ കെ.എസ്.ഇ.ബി.എൽ നിർവഹിക്കുന്നു. ഗാർഹികാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുംവേണ്ട വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം.

വൈദ്യുതി ആക്ട് 2003 പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കേരള സർക്കാർ G.O (MS) നമ്പർ 37/2008/PD തീയതി 25/09/2008 ഉത്തരവിലൂടെ കെ.എസ്.ഇ.ബി. യുടെ എല്ലാ ആസ്തികളും ബാധ്യതകളും സർക്കാരിലേക്ക് മാറ്റി വിജ്ഞാപനം പുറപ്പെടുവിച്ചു. അങ്ങനെ സർക്കാരിലേക്ക് കണ്ടുകെട്ടിയ ആസ്തി ബാധ്യതകൾ മുഴുവൻ ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകരിച്ച പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2011 ജനുവരി 14 –ന് കൈ മാറി.

ഉല്പാദനം

വ്യാപാരികൾ, സ്വതന്ത്ര ഊർജ്ജോൽപ്പാദകർ (ഐ.പി.പി), കേന്ദ്ര ഉൽപ്പാദക നിലയങ്ങൾ, കെ.എസ്.ഇ.ബി.എൽ എന്നിവയിലൂടെയാണ് സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റുന്നത്. കെ.എസ്.ഇ.ബി യുടെ ഉടമസ്ഥതയിലുള്ള 35 ജല വൈദ്യുത നിലയങ്ങളും, 2 തെർമൽ പവർ പ്ളാന്റുകളും, കഞ്ചിക്കോട്ടുള്ള ഒരു കാറ്റാടിപ്പാടവും നിലവിലുണ്ട്. 2016–17 –ൽ സ്വതന്ത്ര വൈദ്യുത പ്രോജക്ടുകൾ വിവിധ സ്രോതസ്സുകളിൽ നിന്നായി 55.03 മെഗാവാട്ട് വൈദ്യുതി അധിക സ്ഥാപിതശേഷിയുംആകെ 2,961.11 മെഗാവാട്ടിൽ ചേർക്കുകയുണ്ടായി. എൽ.ടി/എച്ച്.ടി പ്രോസ്യൂമേഴ്സുകളുടെ സൗരോർജ്ജ നിലയങ്ങളിൽ നിന്നും ലഭ്യമായ 6.19 മെഗാവാട്ട് വൈദ്യുതി ഗ്രിഡിലേക്ക് കൂട്ടി ചേർത്തു(പ്രോസ്യൂമേഴ്സ് – ഒരേ സമയം ഉല്പാദകരും ഉപഭോക്താക്കളും).

പട്ടിക 5.17
12–ാം പഞ്ചവത്സര പദ്ധതിയിലെയും 2017–18 വർഷത്തെയും വിഹിതവും ചെലവുകളും (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	വകുപ്പ്	12–ാം പഞ്ചവൽസര പദ്ധതി (2012–17)			വാർഷിക പദ്ധതി 2017–18		
		വിഹിതം	ചെലവ്	ചെലവ് ശതമാ–നത്തിൽ	വിഹിതം	ചെലവ് (ഒക്ടോബർ 2017 വരെ)	ചെലവ് ശതമാ–നത്തിൽ
1	കെ.എസ്.ഇ.ബി.എൽ	658,267	520,999	79.15	156,525.00	76,522.29	48.89
2	അനെർട്ട്	21,154	7,404	35.00	4,830.00	1,587.27	32.86
3	ഇ.എം.സി	3,074	2,204	71.7	814.00	186.91	22.96
4	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	2,310	1,715	74.24	760.00	2.70	0.35
	ആകെ	684,805	532,323	77.73	162,929.00	78,299.17	48.06

അവലംബം: പ്ലാൻസ്പേസ്

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ

സംസ്ഥാനത്തെ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജല വൈദ്യുതി പദ്ധതികളും അവയുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ മാസവും **പട്ടിക 5.18** –ൽ നൽകിയിരിക്കുന്നു.

പട്ടിക 5.18 –ൽ നിന്ന് മനസ്സിലാക്കാവുന്നത് 2017–18 വർഷം പൂർത്തീകരിച്ചത് ഒരു ജല വൈദ്യുത പദ്ധതി മാത്രമാണ്. 2017–18 –ൽ ഒന്നു കൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന മറ്റു ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 5.28** –ൽ നൽകിയിരിക്കുന്നു.

നിർമ്മാണത്തിലിരിക്കുന്ന സൗരോർജ്ജ പദ്ധതികൾ

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ ന്റെ നിർമ്മാണത്തിലിരിക്കുന്ന സൗരോർജ്ജ പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിയും **പട്ടിക 5.19** – ൽ ചേർത്തിരിക്കുന്നു.

സോളാർ പാർക്ക്

കേരള സംസ്ഥാനത്തിനകത്തും പുറത്തുമായി വിവിധ തരത്തിലുള്ള സൗരോർജ്ജ പദ്ധതികളുടെ വികസനത്തിനായി സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (SECI) യുമായി കെ.എസ്.ഇ.ബി.എൽ 2015 ഫെബ്രുവരി 18–ന് കരാറിലേർപ്പെട്ടിട്ടുണ്ട്. കാസർഗോഡ് 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ മിനിസ്ട്രി ഓഫ് റിന്യൂവബിൾ എനർജി (MNRE) 2015 മാർച്ച് 19 –ന് തത്വത്തിൽ അംഗീകരിച്ചു. കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, കിനാലൂർ, കരിന്തളം, പൈവേലിക്കൈ, മീഞ്ച് വില്ലേജുകളിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർപാർക്ക് സ്ഥാപിക്കുന്നതിനായി കേരളാ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും കെ.എസ്.ഇ.ബി.എല്ലും സംയോജിച്ച് സോളാർ പവർ പാർക്ക് ഡെവലപ്പർ (SPPD) എന്ന ജോയിന്റ് വെഞ്ചർ കമ്പനിക്ക് കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എസ്.പി.പി.ഡി 2016 ജനുവരി 15 ന് സംയോജിപ്പിച്ചു.കെ.എസ്.ഇ.ബി. എൽ നിന്നും 50 ശതമാനം ഓഹരി മൂലധനമായ 50 ലക്ഷം രൂപ, ജോയിന്റ് വെഞ്ചർ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. 200 മെഗാവാട്ടിൽ, 50

പട്ടിക 5.18
നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ പ്രധാന ജല വൈദ്യുത പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെ.വാ)	പ്രതീക്ഷിക്കുന്ന പൂർത്തീകരണ മാസം
1	തോട്ടിയാർ എച്ച്.ഇ.പി	40	ജൂൺ 2020
2	സെങ്കുളം ഓമെന്റേഷൻ പദ്ധതി	85 എം.യു	ജൂൺ 2020
3	ചാത്തൻകോട്ടു നട II എസ്.എച്ച്.ഇ.പി	6	നവംബർ 2019
4	കക്കയം എസ്.എച്ച്.ഇ.പി	3	ഫെബ്രുവരി 2018
5	പെരുംന്തേനരുവി എസ്.എച്ച്.ഇ.പി	6	കമ്മീഷൻ ചെയ്തു (23.10.17)
6	പെരിങ്ങൽകുത്ത് എസ്.എച്ച്.ഇ.പി	24	മെയ് 2018
7	ഭൂതത്താൻകെട്ട് എസ്.എച്ച്.ഇ.പി	24	ഡിസംബർ 2018
8	അപ്പർ കല്ലാർ	2	ഓഗസ്റ്റ് 2018
9	പള്ളിവാസൽ എക്സ്റ്റൻഷൻ	60	ഡിസംബർ 2020

അവലംബം: കെ.എസ്.ഇ.ബി. എൽ

മെഗാവാട്ട് നടപ്പിലാക്കാൻ 2015 ഒക്ടോബർ 29 ന് ഏൽപ്പിക്കുകയും, 50 മെഗാവാട്ട് വൈദ്യുതി ഗ്രിഡുമായി ചേർക്കുകയും ചെയ്തു. ഇതിൽ 14 മെഗാവാട്ട് ഈ വർഷം ഗ്രിഡുമായി ബന്ധിപ്പിച്ചിരിക്കുന്നു. എന്നിരുന്നാലും, പാർക്കിന് വിഭാവനം ചെയ്തിരുന്ന മൊത്തം വിസ്തൃതിയിൽ (500 ഏക്കറിന്റെ) കുറവുണ്ടായി. തന്മൂലം പദ്ധതിയിൽ നിന്ന് പ്രതീക്ഷിച്ച മൊത്തം സൗരോർജ്ജ ഉല്പാദനത്തിൽ ആനുപാതികമായ കുറവ് ഉണ്ടാകും.

ഊർജ്ജ ഉപഭോഗത്തിന്റെ രീതി

കേരളത്തിൽ മൊത്തം വൈദ്യുത ഉപഭോഗത്തിന്റെ 51.18 ശതമാനം ഗാർഹിക മേഖലയിലാണ്. ഗാർഹിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം മൊത്തം വരുമാനത്തിന്റെ 35.82 ശതമാനമാണ്. ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിൽ 2.70 ശതമാനത്തിലധികം വർദ്ധനവുണ്ടായി. ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം 2015-16-ലെ 9,124,747-ൽ നിന്ന് 2016-17-ൽ 9,371,285 ആയി വർദ്ധിച്ചു. 2016-17-ൽ 1,103,587 ലക്ഷം രൂപക്കുള്ള 20,087 മില്യൻ യൂണിറ്റ് വൈദ്യുതി (സംസ്ഥാനത്തിനകത്ത്) വിൽക്കുകയുണ്ടായി. ഇത് മുൻ വർഷത്തെ 19,325 മില്ല്യൺ യൂണിറ്റിനെക്കാൾ 762 മി.യൂണിറ്റിന്റെ വർദ്ധനവാണ് കാണിക്കുന്നത്. 2012-13 മുതൽ 2016-17 വരെയുള്ള വൈദ്യുതി ഉപയോഗത്തിന്റെ വിശദാംശങ്ങൾ **പട്ടിക 5.20** -ലും 2016-17-ലെ ഊർജ്ജ ഉപഭോഗ രീതിയുടെയും വരുമാനത്തിന്റെയും കണക്ക് **അനുബന്ധം 5.29**-ലും കൊടുത്തിരിക്കുന്നു.

പട്ടിക 5.19
നിർമ്മാണത്തിലിരിക്കുന്ന സൗരോർജ്ജ പദ്ധതികൾ

ക്രമ നമ്പർ	പദ്ധതികൾ	ശേഷി (കി വാ)	നിലവിലുള്ള സ്ഥിതി
1	ഏറ്റുമാനൂർ	1,000	പ്രവർത്തനം പുരോഗമിക്കുന്നു
2	മുവാറ്റുപുഴ	1,250	പ്രവർത്തനം പുരോഗമിക്കുന്നു
3	പോത്തൻകോട്	2,000	പ്രവർത്തനം പുരോഗമിക്കുന്നു
4	പീരുമേട്	500	പ്രവർത്തനം പുരോഗമിക്കുന്നു
5	കുറ്റിപ്പുറം	500	പ്രവർത്തനം പുരോഗമിക്കുന്നു
6	പൊന്നാനി	500	പ്രവർത്തനം പുരോഗമിക്കുന്നു
7	നെന്മാറ	1,500	പ്രവർത്തനം പുരോഗമിക്കുന്നു
8	കൊട്ടിയം	500	ടെൻഡർ പ്രക്രിയയിൽ
9	മൈലാട്ടി	1,000	ടെൻഡർ പ്രക്രിയയിൽ
10	പേരുംന്തേനരുവി	450	ടെൻഡർ പ്രക്രിയയിൽ
11	ഐ പി ഡി എസ് (സൗത്ത്, സെൻട്രൽ & നോർത്ത്)	1,120	ടെൻഡർ പ്രക്രിയയിൽ
12	ഡിസ്ട്രിബ്യൂഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ്ടോപ്പ്	460	പ്രവർത്തനം പുരോഗമിക്കുന്നു പൂർത്തീകരണ ഘട്ടത്തിലാണ്
13	ട്രാൻസ്മിഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ്	910	പ്രവർത്തനം പുരോഗമിക്കുന്നു പൂർത്തീകരണ ഘട്ടത്തിലാണ്
14	8 സ്കൂളുകളിൽ 5 കി വാട്ട് റൂഫ് ടോപ്പ് പദ്ധതി	40	ടെൻഡർ പ്രക്രിയയിൽ
15	ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ കെട്ടിടങ്ങൾക്ക് റൂഫ് ടോപ്പ് സോളാർ പദ്ധതികളുമായി ബന്ധിപ്പിച്ച് ഗ്രിഡ് നടപ്പിലാക്കുക	1,285.5	ടെൻഡർ പ്രക്രിയയിൽ
16	ചൂലിശ്ശേരി, മാടക്കത്തറ	1,500	റീ - ടെൻഡറിങ്ങ് പ്രക്രിയ

അവലംബം: കെ.എസ്.ഇ.ബി. എൽ

പട്ടിക 5.20 –ൽ നിന്നും മനസ്സിലാക്കാവുന്നത് കേരളത്തിലെ വൈദ്യുത ഉപയോഗം അസ്ഥിരമായ രീതിയിലുള്ള വളർച്ചയാണെന്നതാണ്.

വൈദ്യുതോർജ്ജ ഉപഭോഗം

കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം 2015–16 വർഷത്തെ 19,325 മി.യു –ൽ നിന്ന് 2016–17 വർഷം 20,453 മി.യു. ആയി വർദ്ധിച്ചു. 5.84 ശതമാനം വർദ്ധനവാണ് ഇക്കലായളവിലുണ്ടായത്. 2012–13 മുതൽ 2016–17 വരെയുള്ള കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 5.9** –ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ അടുത്ത പത്ത് വർഷത്തെ പ്രതീക്ഷിക്കാവുന്ന വൈദ്യുത ഉപയോഗം

പട്ടിക 5.21–ൽ സംസ്ഥാനത്തിന്റെ അടുത്ത പത്ത് വർഷത്തെ പ്രതീക്ഷിക്കാവുന്ന വൈദ്യുത ഉപയോഗം കാണിച്ചിരിക്കുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 19–ാം ഇലക്ട്രിക് പവർ സർവ്വേ പ്രകാരം സംസ്ഥാനത്ത് നിലവിലെ ഉപഭോഗത്തിൽ നിന്ന് 2026–27–ൽ കൊമേഴ്സ്യൽ മേഖലയിൽ 74 ശതമാനവും ഗാർഹിക മേഖലയിൽ 60 ശതമാനവും വർദ്ധന ഉണ്ടാവുമെന്ന് വ്യക്തമാകുന്നു.

വൈദ്യുതി വാങ്ങൽ കരാർ (PPA)

ദക്ഷിണ മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് വിശിഷ്യ എൻ.ടി.പി.സി, നെയ്‌വേലി ലിഗ്നൈറ്റ്കോർപ്പറേഷൻ (എൻ.എൽ.സി.) എന്നിവിടങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2016–17 ൽ ഇതിൽ 235.38 മെഗാവാട്ട് ഊർജ്ജം ആണവ ഊർജ്ജസ്റ്റേഷനിൽ നിന്നും, 1,245.77 മെ.വാ ഊർജ്ജം വിവിധ തെർമൽ സ്റ്റേഷനുകളിൽ നിന്നുമാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി, അഗളി (18.60 മെ.വാട്ട്), രാമക്കൽമേട് (14.25 മെ.വാട്ട്) എന്നീ കാറ്റാടി വൈദ്യുതി പദ്ധതികളിൽ നിന്നും, ചെറുകിട ജല വൈദ്യുത നിലയങ്ങളായ മീൻവല്ലം (3 മെ.വാ), ഇരുട്ടുകാനം (3 മെ.വാ.), കരിക്കയം (10.5 മെ.വാ), ഉള്ളുങ്കൽ (7 മെ.വാ), ഇരുട്ടുകാനം (4.5 മെ.വാ.), മാങ്കുളം മിനി ഹൈഡ്രോ (0.11 മെ.വാ.) എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ കരാർ ഒപ്പുവെച്ചിട്ടുണ്ട്. കോജനറേഷൻ പ്ലാന്റായ എം.പി. എസ്. സ്റ്റീലിൽ നിന്ന് (10 മെ.വാട്ട്) വൈദ്യുതി വാങ്ങി കൊണ്ടിരിക്കുന്നു. വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ നിലയങ്ങളും അവയുടെ വിഹിതവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.30** –ൽ കൊടുത്തിരിക്കുന്നു.

പ്രസരണം

കൂടുതൽ ദൂരത്തിൽ ഉയർന്ന വോൾട്ടേജുള്ള പ്രത്യേകിച്ച് 110 കെ.വി.യോ അതിലുപരിയോ വോൾട്ടേജുള്ള വൈദ്യുതി മൊത്തമായി എത്തിക്കുക എന്നതാണ് വൈദ്യുതി

പട്ടിക 5.20
കേരളത്തിലെ വൈദ്യുതി ഉപഭോഗം

വർഷം	മൊത്തം വൈദ്യുതി ഉപയോഗം (മി.യു).	വളർച്ചാ നിരക്ക് (ശതമാനം)
1	2	3
2012–13	16,838	
2013–14	17,454	3.65
2014–15	18,426	5.57
2015–16	19,325	4.88
2016–17	20,453	5.84

അവലംബം: കെ.എസ്.ഇ.ബി. എൽ

ചിത്രം 5.9
മൊത്തം സ്ഥാപിത ശേഷി



അവലംബം: കെ.എസ്.ഇ.ബി.എൽ.

പട്ടിക 5.21
കേരളത്തിലെ വൈദ്യുതി ഉപഭോഗം

വിഭാഗം	2017-18	2020-21	2023-24	2026-27	2017-18 നെ അപേക്ഷിച്ച് വർദ്ധന %
ഗാർഹികം	11,123	13,098	15,293	17,805	60
വാണിജ്യം	3,689	4,497	5,399	6,414	74
വ്യവസായം	4,344	4,715	5,086	5,450	25
കൃഷി	313	339	365	391	25
മൊത്തം പ്രദാനം	1,380	1,601	1,839	2,086	51
തെരുവു വിളക്കുകൾ	428	513	605	703	64
പൊതു വാട്ടർ വർക്ക്	392	437	484	534	36
റെയിൽവെ ട്രാക്ഷൻ	231	260	292	335	45
ആകെ	**21,900**	**25,460**	**29,363**	**33,718**	**54**

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 19-ാം ഇലക്ട്രിക്ക് പവർ സർവെ

പ്രസരണത്തിലൂടെ അർത്ഥമാക്കുന്നത്. സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി കൊണ്ടു വരുന്നതിനും അതിന്റെ ഫലപ്രദമായ വിതരണത്തിനും മെച്ചപ്പെട്ട പ്രസരണ സൗകര്യം അത്യാവശ്യമാണ്. ഭൂമി ഏറ്റെടുക്കലിലെ പ്രശ്നങ്ങൾ, ലൈൻ വലിക്കുന്നതിലെ പ്രശ്നങ്ങൾ എന്നിവ മൂലം പ്രസരണ രംഗത്ത് ഉദ്ദേശിച്ച പല പ്രവൃത്തികളും ചെയ്യാൻ കഴിഞ്ഞിട്ടില്ല. മൂന്ന് 110 കെ.വി ഉപനിലയങ്ങൾ, ഏഴ് 33 കെ.വി ഉപനിലയങ്ങൾ കമ്മീഷൻ ചെയ്യൽ, 143.43 കിലോമീറ്റർ നീളത്തിൽ 33 കെ.വിലൈൻ ഉൾപ്പെടെയുള്ള ലൈനുകളും പൂർത്തിയാക്കാനും, പുതിയ ഉപനിലയങ്ങൾ ഉൾപ്പെടെ 498.8 എം.വി.എ ശേഷി വർദ്ധിപ്പിക്കൽ എന്നീ നേട്ടങ്ങൾ കൈവരിക്കുവാൻ 2016-17 കാലയളവിൽ പ്രസരണ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ പ്രസരണ സംവിധാനം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.31**-ലും **5.32** -ലും നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ ഊർജ്ജമേഖലയിൽ പ്രസരണ വിഭാഗത്തിന്റെ ദീർഘകാല

ബോക്സ് 5.13
റിന്യൂവബിൾ എനർജി പ്ലാൻ

റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷന്റെ (ആർ.പി.ഒ) കീഴിൽ ഊർജ്ജമന്ത്രാലയം പുറപ്പെടുവിച്ച താരിഫ് പോളിസിയുടെ ഭാഗമായി ഓരോ സംസ്ഥാനവും അവർക്കാവശ്യമായ വൈദ്യുതിയുടെ ഒരു നിശ്ചിതഭാഗം സൗരോർജ്ജ നിലയങ്ങളിൽ നിന്നും വാങ്ങേണ്ടതുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനായി സംസ്ഥാനങ്ങൾക്ക് സൗരോർജ്ജം, കാറ്റ്, ബയോഗ്യാസ് മുതലായവ ഉപയോഗിക്കുന്ന ഊർജ്ജനിലയങ്ങളെ ആശ്രയിക്കാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ പുതിയ താരിഫ് പോളിസിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ 2017–18 –ൽ മൊത്തം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 14.25 ശതമാനം പുനരാവർത്തക ഊർജ്ജത്തിൽ നിന്നായിരിക്കണമെന്നും ഇതിൽ 4.75 ശതമാനം സൗരോർജ്ജവും, 9.5 ശതമാനം സൗരോർജ്ജേതരവും ആയിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. 2018–19 –ൽ ഇത് യഥാക്രമം 6.75 ശതമാനവും 10.25 ശതമാനവും ആയിരിക്കും. പകൽ സമയം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 20 ശതമാനം മാത്രമാണ് ഗ്രിഡിലേക്ക് നൽകാൻ കഴിയുക. അതായത് 2017–18 ൽ 878 മില്യൻ യൂണിറ്റും, 2018–19 –ൽ 1,083 മില്യൺ യൂണിറ്റുമായിരിക്കും.

പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 രൂപീകരിക്കാനും ഫണ്ട് അനുവദിക്കൽ അടക്കമുള്ള സർക്കാർ അനുമതി ലഭ്യമാക്കാനും കഴിഞ്ഞതാണ് ഈ കാലയളവിലെ പ്രധാന നേട്ടം. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി തയ്യാറാക്കാനും അത് കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ ദീർഘകാല പ്രസരണ പദ്ധതിയുമായി ബന്ധപ്പെടുത്താനും കഴിഞ്ഞത് സംസ്ഥാനത്ത് പ്രസരണ മേഖലയിൽ ഉണ്ടായ പ്രധാന വികസനമാണ്. ചണ്ഡിഗഢിലെ റായ്ഗറിൽ നിന്നും തമിഴ്നാടിലെ പുഗളൂരിൽ എത്തി നിൽക്കുന്ന എച്ച്.വി.ഡി.സി (ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ്) ലിങ്കിൽ നിന്നും തൃശ്ശൂർ മാടക്കത്തറയിലേക്ക് 2,000 മെഗാവാട്ട് എച്ച്.വി.ഡി.സി ലിങ്ക് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഭാവിയിൽ സംസ്ഥാനത്തിന്റെ ഊർജ്ജസുരക്ഷ ഭദ്രമാക്കുന്നതിന് സഹായിക്കുകയും നാഷണൽ ഗ്രിഡിലെ നിരക്ക് ഒഴിവാക്കാൻ കഴിയുകയും ചെയ്യും. ഇടമൺ, കൊച്ചി ലൈൻ പ്രവർത്തികൾ 19 മാസത്തെ ഇടവേളയ്ക്ക് ശേഷം പുനരാരംഭിക്കാൻ കഴിഞ്ഞതും പ്രസരണ വിഭാഗത്തിന്റെ പ്രധാന നേട്ടമാണ്.

ട്രാൻസ്ഗ്രിഡ് 2.0

ഗുണനിലവാരമുള്ളതും വിശ്വസിക്കാവുന്നതുമായ ഊർജ്ജ പ്രസരണം ദീർഘകാലത്തേക്ക് സംസ്ഥാനത്ത് സാധ്യമാക്കുക എന്നതാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ലക്ഷ്യം. 5 വർഷത്തേയ്ക്ക് 6,375 കോടി രൂപ ചെലവ് കണക്കാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് പ്രധാന ഘട്ടങ്ങളിലായി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. മറ്റൊരു ഘടകമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഗ്രീൻ കോറിഡോർഎന്ന പദ്ധതിയും ട്രാൻസ്ഗ്രിഡിനോടു കൂടി ചേർത്തിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്ന് 5200 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും ലഭ്യമാകുന്ന ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ട്രാൻസ്ഗ്രിഡിന്റയും ഗ്രീൻ കോറിഡോർ പദ്ധതിയുടേയും സംയോജനത്തിലൂടെ ലക്ഷ്യമിടുന്നത്. **(പട്ടിക 5.22)**.

മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി.&സി) നഷ്ടങ്ങൾ

2016–17 വർഷം മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 15.71 ശതമാനത്തിൽ നിന്നും 16.30ശതമാനം ആയി വർദ്ധിക്കുകയും പ്രസരണ വിതരണ നഷ്ടം 13.93 ശതമാനം

ആയി കുറയുകയും ചെയ്തു. ഇന്ത്യയുടെ മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം 23.97 ശതമാനമാണ്. ഇത് സൂചിപ്പിക്കുന്നത് മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം കുറച്ചു കൊണ്ടു വരുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ കെ.എസ്.ഇ.ബിയ്ക്കു കഴിഞ്ഞിട്ടുണ്ട് എന്നതാണ്. കേടായ മീറ്റർ മാറ്റി സ്ഥാപിച്ചതിലൂടെയും, ഊർജ്ജ മോഷണം തടഞ്ഞതിലൂടെയും പുതിയ ലൈനുകളും ഉപസ്റ്റേഷനുകളും സ്ഥാപിച്ചും, ഉപട്രാൻസ്മിഷൻ മെച്ചപ്പെടുത്തിയും എ.പി. ഡി.ആർ.പി പദ്ധതിയിലൂടെ വിതരണശൃംഖല മെച്ചപ്പെടുത്തിയും ആധുനികവൽക്കരണം നടത്തിയും 2016-17 വർഷം ഒഴികെ കുറച്ചു വർഷങ്ങളായി മൊത്തം സാങ്കേതിക വാണിജ്യ നഷ്ടം സ്ഥിരമായി കുറയ്ക്കാൻ കഴിഞ്ഞു. കഴിഞ്ഞ അഞ്ചു വർഷമായുള്ളഎ.റ്റി.&സി നഷ്ടം അനുബന്ധം 5.33-ൽ കൊടുത്തിരിക്കുന്നു. ടി&ഡി നഷ്ടങ്ങൾ നെറ്റ്‌വർക്കിലെ എല്ലാ നഷ്ടങ്ങളും പിടിച്ചെടുക്കാൻ കഴിയാത്തതിനാൽ, മൊത്തം സാങ്കേതിക-വാണിജ്യ നഷ്ടങ്ങൾ (എ.റ്റി.&സി) എന്ന ആശയം അവതരിപ്പിച്ചു. നെറ്റ് വർക്കിലെ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടങ്ങൾ എ.റ്റി.&സി നഷ്ടം പിടിച്ചെടുക്കുന്നു, ഇത് സിസ്റ്റത്തിലെ മൊത്തം നഷ്ടങ്ങളുടെ യഥാർത്ഥ സൂചകമാണ്. കഴിഞ്ഞ അഞ്ചു വർഷമായി, മൊത്തം സാങ്കേതിക വാണിജ്യ (എ.റ്റി.&സി) നഷ്ടത്തിലും പ്രസരണ വിതരണ നഷ്ടത്തിലും ഉണ്ടായിട്ടുള്ളപ്രവണത **ചിത്രം 5.10** -ൽ കൊടുത്തിരിക്കുന്നു.

2012-13 മുതൽ 2016-17 വരെ പ്രസരണ വിതരണ നഷ്ടം 1.365 ശതമാനം ആയി കുറഞ്ഞു.

വിതരണം

വിതരണ വിഭാഗത്തിൽ, 59,252 കിലോമീറ്റർ 11 കെ.വി. ലൈനുകൾ, 277422 കിലോ മീറ്റർ എൽ.ടി. ലൈനുകൾ, 75,579 എണ്ണം വിതരണ ട്രാൻസ്ഫോർമറുകളും ഉണ്ട്. 2016-17 സാമ്പത്തിക വർഷം 462,237 സർവീസ് കണക്ഷനുകൾ (400,000 എണ്ണമാണ് ലക്ഷ്യമിട്ടത്) 1,844.4 കി.മീ. 11 കെ.വി ലൈനുകൾ (3050 കി.മീ. ആണ് ലക്ഷ്യമിട്ടത്) 5,356.71 കി.മീ. എൽ ടി ലൈനുകൾ (3,500 കി.മീ. ആണ് ലക്ഷ്യമിട്ടത്) എന്നിവ കമ്മീഷൻ ചെയ്തു. 2016-17 -ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 5.34** -ൽ കൊടുത്തിരിക്കുന്നു.

പുന:സംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി (ആർ-എ.പി.ഡി.ആർ.പി)

ഈ പദ്ധതിയുടെ പ്രായോജകർ ഭാരത സർക്കാരും പദ്ധതിക്കാവശ്യമായ ഫണ്ട് വിതരണം ചെയ്യുന്നത്-പവർ-ഫിനാൻസ് കോർപ്പറേഷനുമാണ്(പി.എഫ്.സി). ഊർജ്ജപ്രായോജകർക്ക് ശക്തമായ വിവര സാങ്കേതിക പശ്ചാത്തല സൗകര്യങ്ങൾ പ്രത്യേകിച്ച് ഡാറ്റാ സെന്റർ, വൈഡ് ഏര്യ നെറ്റ് വർക്ക് എന്നിവ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിലെ പാർട്ട് എ കൊണ്ട് ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബി യിൽ ഈ പദ്ധതിയുടെ പുരോഗതി താഴെ ചുരുക്കി നല്കിയിരിക്കുന്നു.

1. **ഡാറ്റാസെന്റർ:** കെ.എസ്.ഇ.ബി യുടെ കംപ്യൂട്ടർ അധിഷ്ഠിതപ്രോഗ്രാമുകൾ പ്രവർത്തിക്കുന്നതിന് സെക്യൂരിറ്റി സിസ്റ്റംസ്, നെറ്റ്‌വർക്കിംഗ്, സ്റ്റോറേജ്, സെർവർ ഉൾപ്പെടെ പൂർണ്ണമായും സജ്ജമായ ഒരു ഡാറ്റാ സെന്റർ തിരുവനന്തപുരത്തെ വൈദ്യുതി ഭവനിൽ ആരംഭിച്ചു.

2. **വൈഡ് ഏരിയാ നെറ്റ് വർക്ക്:** വൈഡ് ഏരിയാ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 680 ഇലക്ട്രിക്കൽ സെക്ഷൻ

പട്ടിക 5.22
കേരളത്തിലെ വൈദ്യുതി ഉപഭോഗം

വോൾട്ടേജ്	ഉപനിലയങ്ങളുടേ ശേഷി	ലൈനുകൾ (സർക്യൂട്ട് കി മീ)
400 കെ വി	5	507
220 കെ വി	24	1,965
110 കെ വി		2,009

അവലംബം: കെ.എസ്.ഇ.ബി. എൽ

ചിത്രം 5.10
(എ.റ്റി.&സി) നഷ്ടവും പ്രസരണ വിതരണ നഷ്ടവും (ശതമാനത്തിൽ)



അവലംബം: കെ.എസ്.ഇ.ബി.എൽ.

ഓഫീസുകൾ ഡാറ്റാ സെർവറുമായി എം.പി എൽ.എസ് വി.പി.എൻ.നെറ്റ് വർക്ക് വഴി ബന്ധിപ്പിച്ചു. ശേഷിക്കുന്ന ഇലക്ട്രിക്കൽ സെക്ഷനുകൾ, ഇലക്ട്രിക് സർക്കിളുകൾ, ഡിവിഷനുകൾ മുതലായവ ഡാറ്റാസെന്ററുമായി ബന്ധിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

3.കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ (സി.സി.സി): കോളുകൾ കൈകാര്യം ചെയ്യുന്നതിനും ഉപഭോക്തൃ സേവനം ഉറപ്പു വരുത്തുന്നതിനും തിരുവനന്തപുരത്തെ വൈദ്യുതി ഭവനിൽ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ 2014 മുതൽ പ്രവർത്തനം തുടരുന്നു. സംസ്ഥാനത്തെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ഏകദേശം 28 കോൾ സെന്റർ എക്സിക്യൂട്ടിവുകൾ ഉപഭോക്താക്കളുടെ പരാതികൾ/ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി മേൽപറഞ്ഞ സെന്ററുകളിലായി പ്രവർത്തിക്കുന്നു. കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രത്തിലേക്ക് 2015-16 വർഷം 295,073 കോളുകൾ വരുകയും അതിൽ 248,069 പരാതികൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി 680 ഇലക്ട്രിക്കൽ സെക്ഷനുകൾ കേന്ദ്രീകൃത ഉപഭോക്തൃ കേന്ദ്രങ്ങളുമായി (സി.സി.സി) ബന്ധപ്പെടുത്തി ഉപഭോക്താക്കളുടെ ബില്ലുകൾ എളുപ്പത്തിൽ അടവാക്കുന്നതിനായി സി.സി.സി യിൽ കാഷ് ഡെപ്പോസിറ്റ് മെഷീൻ (സി.ഡി.എം) സ്ഥാപിച്ചു. കോർപ്പറേറ്റ് ഉപഭോക്താക്കളുടെ ബില്ലുകൾ ഏകജാലക സംവിധാനത്തിലൂടെ അടവാക്കുന്നതിനായി സി.സി.സി-യിൽ കോർപ്പറേറ്റ് സർവീസ് സെന്റർ പ്രവർത്തനമാരംഭിച്ചു.

4. വെബ് അധിഷ്ഠിത സ്വയം സഹായങ്ങൾ: ഇ പേയ്മെന്റ്, ബിൽവ്യൂ , ഉപഭോഗരീതി, മീറ്റർ റീഡിംഗ് ഹിസ്റ്ററി എന്നിവ ഈ ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. ഉപഭോക്തൃ സേവനത്തിനായി 680 ഇലക്ട്രിക്കൽ സെക്ഷനുകളെ ഈ വെബ്സൈറ്റുമായി ബന്ധിപ്പിച്ചിരിക്കുന്നു.

ആർ-എ.പി.ഡി.ആർ.പി യുടെ പാർട്ട് ബി പ്രകാരം, 1078.3 കോടി രൂപയുടെ 43 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. 40 നഗരങ്ങളിൽ 530.70 കോടി രൂപ അടങ്കലിലുള്ള പദ്ധതികൾ വകുപ്പടിസ്ഥാനത്തിൽ നടന്നു കൊണ്ടിരിക്കുന്നു. 2017 മാർച്ച് 31 വരെ 444.93 കോടി രൂപയുടെ വർക്കുകൾ പൂർത്തിയായി. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിലെ 547.5 കോടി രൂപയുടെ പദ്ധതികൾ ടേൺ കീ അടിസ്ഥാനത്തിൽ നടന്നു വരുന്നു. 2017 മാർച്ച് 31 വരെ 456.16 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ഇവയാണ്. 5 പുതിയ 33

കെ.വി സബ്സ്റ്റേഷനുകൾ പൂർത്തികരിച്ചു, നിലവിലെ 4 സബ്സ്റ്റേഷനുകളിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു, 19 കി.മീറ്റർ 33 കെ.വി ഒ.എച്ച് ലൈൻ നിർമ്മിച്ചു, 9 കി.മീറ്റർ 33 കെ.വി യു.ജി കേബിൾ സ്ഥാപിച്ചു, 1,629 കി.മീറ്റർ എച്ച്.ടി.ഒ.എച്ച് ലൈൻ നിർമ്മിച്ചു, 1,141 കി.മീറ്റർ എച്ച്.ടി.യു.ജി കേബിൾ സ്ഥാപിച്ചു, 629 കി.മീറ്റർ എച്ച്. ടി റീ കണ്ടക്ടറിംഗ് നടത്തി, 89 കി.മീറ്റർ എച്ച്.ടി.എ.ബി.സി സഥാപിച്ചു, 2846 എണ്ണം വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു, 270 കി.മീറ്റർ എൽ.റ്റി ലൈൻ നിർമ്മിച്ചു, 8,312 കി.മീറ്റർ എൽ.ടി റീ കണ്ടക്ടറിംഗ് നടപ്പിലാക്കി, 411 കി.മീറ്റർ എൽ.റ്റി.എ.ബി. സി സ്ഥാപിച്ചു, 1,333,788 എണ്ണം കേടായതോ മെക്കാനിക്കലോ ആയ മീറ്ററുകൾ ഇലക്ട്രോ സ്റ്റാറ്റിക്ക് മീറ്ററുകളാക്കി മാറ്റി, 38,811 സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ സ്ഥാപിച്ചു.

സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്)

നഗര പ്രദേശങ്ങളിലെ വിതരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതിയിൽ, 33 കെ.വി, 66കെ.വി സബ്സ്റ്റേഷനുകളുടെ നിർമ്മാണം, പവർ ട്രാൻസ്ഫോർമറുകൾ, ആർ & എം സബ്സ്റ്റേഷൻ, പുതിയ 66 കെ.വി, 33 കെ.വി, 11 കെ.വി ഫീഡറുകൾ, 11 കെ.വി ലൈൻ റീ കണ്ടക്ടറിംഗ്, എബിസി കേബിൾസ് (എച്ച്ടി & എൽടി), പുതിയ 11 കെ.വി യു.ജി കേബിൾസ്, ഡി.ടി.ആറുകൾ സ്ഥാപിക്കൽ, ഡി.ടി. ആർ.കളുടെ ശേഷി വർദ്ധിപ്പിക്കൽ, എച്ച്.വി.ഡി. എസ്, മീറ്ററിംഗ്, സൗരോർജ്ജ നിലയങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി 100.95 കോടി രൂപ ലഭിച്ചിട്ടുണ്ട്. അതിൽ 6.51 കോടി രൂപ 2016–17–ൽ ചെലവഴിച്ചിട്ടുണ്ട്.

ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

എ.ടി.&.സി.നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി എല്ലാ ഭവനങ്ങളിൽ എത്തിക്കുന്നതിനും 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ഊർജ്ജമന്ത്രാലയം ആവിഷ്ക്കരിച്ചതാണ് ഈ പദ്ധതി. കേരളത്തിലെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ 2016 ജനുവരി 5 ന് 485.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, 161,199 ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി ഉദ്ദേശിക്കുന്നു. ഇതിൽ 41,884 ഭവനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. 33 കെ.വി. സബ്സ്റ്റേഷനുകളുടെയും 33 കെ.വി ലൈനുകൾ എന്നിവയുടെ നിർമ്മാണം, വിതരണ ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, ഊർജ്ജ മീറ്ററുകളുടെ മാറ്റി സ്ഥാപിക്കൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സർവ്വീസ് കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി 86.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. അതിൽ 8.04 കോടി രൂപ 2016–17 –ൽ ചെലവഴിച്ചിട്ടുണ്ട്. നടപ്പിലാക്കി കൊണ്ടിരുന്ന ആർ.ജി. ജി.വി.വൈ. പദ്ധതിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഡി.ഡി.യു.ജി.വി.വൈ/ആർ.ജി.ജി.വി.വൈ പദ്ധതിയുടെ സാമ്പത്തിക–ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.35** –ൽ ചേർത്തിരിക്കുന്നു.

വിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ കെ.എസ്.ഇ.ബി.എൽ -ന്റെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കളുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ഊർജ്ജവിതരണത്തിനുമായി കെ.എസ്.ഇ.ബി. എൽ നിരവധി വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഈ ലക്ഷ്യത്തിനായി അടുത്ത കാലത്തായി ആരംഭിച്ച രണ്ട് പദ്ധതികൾ താഴെ പറയുന്നു.

1. ഊർജ്ജദൂത്, ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം

വൈദ്യുത ശൃംഖലയിലെ ഊർജ്ജ തടസ്സങ്ങൾ മുൻകൂട്ടി എസ്.എം.എസ് വഴി ഉപഭോക്താക്കളെ സൗജന്യമായി അറിയിക്കുന്നതിനുള്ള പദ്ധതിയാണ്. എത്ര സമയം വൈദ്യുത

തടസ്സമുണ്ടാവുമെന്ന് ഇതുവഴി മുൻകൂട്ടി ഉപഭോക്താക്കളെ അറിയിക്കുന്നു. അപ്രതീക്ഷിത തടസ്സങ്ങളും ഉപഭോക്താക്കളെ അറിയിക്കുന്നു. മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ ജോലികൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നു. അപ്രതീക്ഷിത തടസ്സങ്ങളുടെ വിവരം ലഭിക്കുന്നതിലൂടെ ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശങ്കകൾ ഒഴിവാകുന്നു. 2016 ഒക്ടോബർ 25 –ൽ ഈ പദ്ധതി പ്രവർത്തനമാരംഭിച്ചു. ജനുവരി 2017 വരെ 4,872,093 എസ്സ്.എം.എസ് ഇതുവഴി നൽകിയിട്ടുണ്ട്.

2. ഊർജ്ജ സൗഹൃദ, ബിൽ വിവര സംവിധാനം

എസ്സ്.എം.എസ്സ് വഴിയും ഇ–മെയിൽ വഴിയും വൈദ്യുതി ബില്ലിലെ വിവരങ്ങളുടെ ബിൽതുക, അടയ്ക്കേണ്ട തീയതി, വൈദ്യുതി വിച്ഛേദിക്കുന്ന തീയതി എന്നിവ ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയാണിത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലൂടെ ബിൽ തയ്യാറാക്കുമ്പോൾ തന്നെ ഇത്തരം വിവരങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാവുന്നു. നിശ്ചിത തീയതിക്കു മുമ്പായി വീണ്ടും എസ്സ്.എം.എസ് നൽകുന്നു. സമയാസമയങ്ങളിൽ അറിയിപ്പ് ലഭിക്കുന്നത് മൂലം അവസാന നിമിഷത്തെ ബില്ലടക്കുന്ന തിരക്ക് ഒഴിവാക്കാനും വൈദ്യുതി വിച്ഛേദിക്കുന്ന അവസ്ഥ ഇല്ലാതാക്കാനും കഴിയുന്നു. വൈദ്യുതി വിച്ഛേദിക്കുന്നതിന് മുമ്പ് ലഭിക്കുന്ന എസ്സ്. എം.എസ്സ് വളരെയധികം ഉപകാരപ്രദമാണെന്ന് ഉപഭോക്താക്കൾ സമ്മതിക്കുന്നു. 2016 ഒക്ടോബർ 25 ന് ആരംഭിച്ച്, 2017 ജനുവരി വരെ 1,162,201 എസ്എംഎസ് ആണ് കൊടുത്തത്.

വൈദ്യുതി ആവശ്യകത പരിപാലന പ്രവർത്തനങ്ങൾ

വിജിലൻസ് & സെക്യൂരിറ്റി വിംഗും ഊർജ്ജമോഷണ വിരുദ്ധ സ്ക്വാഡും (എ.പി.റ്റി.എസ്)

കെ.എസ്.ബി.ഇ.എൽ–ലെ ഉദ്യോഗസ്ഥരുടെ അഴിമതിയും മോശമായ പെരുമാറ്റവും തടയുന്നതിനായി രൂപീകരിച്ചതാണ് വിജിലൻസ് വിംഗ്. വൈദ്യുതി മോഷണം തടയുന്നതിനായി പോലീസ് ഐ.ജിയുടെ കീഴിൽ പ്രവർത്തിക്കുന്നതാണ് ഊർജ്ജമോഷണ വിരുദ്ധ സ്ക്വാഡ്. (എ.പി.റ്റി.എസ്).

2016-17 ലെ നേട്ടങ്ങൾ

2016–17–ൽ വിവിധ മേഖലകളിൽ നിന്നും വിജിലൻസ് വിംഗിന് ലഭിച്ച 993 പരാതികളിൽ അന്വേഷണം നടത്തുകയും 714 കേസുകളിൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

ഊർജ്ജമോഷണ വിരുദ്ധ സ്ക്വാഡ് 2016–17–ൽ സംസ്ഥാനത്ത് 31706 പരിശോധനകൾ നടത്തി. 194 പരിശോധനകളിൽ വൈദ്യുത മോഷണം കണ്ടെത്തുകയും 495,501,027 രൂപയുടെ (നാൽപ്പത്തി ഒമ്പത് കോടി അൻപത്തി അഞ്ച് ലക്ഷത്തി ആയിരത്തി ഇരുപത്തി ഏഴ് രൂപ) നഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 220,890,875 രൂപ (ഇരുപത്തി രണ്ട് കോടി എട്ട് ലക്ഷത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ച് രൂപ) വൈദ്യുതി മോഷണത്തിന്റെ പേരിൽ ബന്ധപ്പെട്ട ഉപഭോക്താക്കളിൽ നിന്നും തിരിച്ചു പിടിച്ചിട്ടുണ്ട്.

കെ. എസ്.ഇ.ബി എല്ലിന്റെ 2016-17 ലെ നേട്ടങ്ങൾ

1. വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (3.6 മെഗാവാട്ട്) കമ്മീഷൻ ചെയ്തു.
2. 110 കെ.വി യുടെ 3 ഉപ നിലയങ്ങളും, 33 കെ.വി യുടെ 7 ഉപ നിലയങ്ങളും കമ്മീഷൻ ചെയ്തു.
3. 73.96 സർക്യൂട്ട് കിലോ മീറ്റർ 110 കെ.വി ലൈനുകളും 63.37 സർക്യൂട്ട് കിലോ മീറ്റർ 33 കെ.വി ലൈനുകളും കൂട്ടിച്ചേർത്തു. പുതിയത് ഉൾപ്പെടെയുള്ള ആകെ പ്രസരണശേഷി – 280.5 എം.വി.എ.
4. 462,237 പുതിയ സർവീസ് കണക്ഷനുകൾ നല്കി. 2,270 എണ്ണം പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.
5. 1,844 കീ.മീറ്റർ 11 കെ.വി ലൈനുകളും, 5,357 കീ.മീറ്റർ എൽ.ടി ലൈനുകളും നിർമ്മിച്ചു. 2,281 കീ.മീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി, 15,025 സർക്യൂട്ട് കിലോ മീറ്റർറീ –കണ്ടക്ടറിങ്ങ് പൂർത്തിയാക്കി.
6. 469,285 എണ്ണം കേടായ മീറ്ററുകൾ

മാറ്റിസ്ഥാപിച്ചു.

7. കൂട്ടിച്ചേർത്ത സൗരോർജ്ജ പദ്ധതികൾ കൊല്ലങ്കോട് സബ്സ്റ്റേഷൻ (1മെഗാവാട്ട്), ഇടയാർ സബ്സ്റ്റേഷൻ (1.25 മെഗാവാട്ട്), ബാരാപോൾ കനാൽടോപ്പ് (3 മെഗാവാട്ട്), ബാരാപോൾ കനാൽ ബാങ്ക് (1 മെഗാവാട്ട്), പടിഞ്ഞാറെത്തറ ഡാംടോപ്പ് (440 കിലോവാട്ട്), ഉൽപ്പാദന നിലയങ്ങളുടെ മേൽക്കൂര (700 കിലോവാട്ട്), മറ്റുള്ളവ (65 കിലോവാട്ട്).

ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമായാണ് ഏജൻസി ഫോർ നോൺ–കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി രൂപീകരിച്ചിട്ടുള്ളത്. കേരള സർക്കാരും, കേന്ദ്രസർക്കാരും സംസ്ഥാനത്ത് നടപ്പിലാക്കുന്ന പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയാണ് അനെർട്ട്.

സോളാർ ഫോട്ടോവോൾട്ടേക് പരിപാടികൾ, സോളാർ തെർമൽ പരിപാടികൾ, വിന്റ് എനർജി പരിപാടികൾ, ബയോ ഗ്യാസ് പരിപാടികൾ, മെച്ചപ്പെട്ട ചൂള, ബോധവത്ക്കരണ പ്രചാരണ പദ്ധതികൾ തുടങ്ങിയവയാണ് അനർട്ട് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. കേന്ദ്ര നവീന നവീകരണ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ) സഹായങ്ങൾ ഇത്തരം പദ്ധതികൾക്ക് ലഭിക്കുന്നുണ്ട്. അനർട്ടിന്റെ വിഹിതവും ചെലവുകളും **പട്ടിക 5.23** –ൽ കൊടുത്തിരിക്കുന്നു.

അനർട്ടിന്റെ 2016-17 ലെ നേട്ടങ്ങൾ

1) 2016–17 വർഷം സംസ്ഥാനത്ത് 2,197 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും 144 കമ്മ്യൂണിറ്റി ചൂളകളും സ്ഥാപിക്കുവാൻ അനർട്ടിന് സാധിച്ചു.
2) 9,519 സ്ക്വയർ മീറ്റർ കളക്ടർ ഏരിയ ഉള്ള സോളാർ വാട്ടർ ഹീറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. ഇതുവഴി ഒരു ദിവസം 630,000 ലിറ്റർ വെള്ളം ചൂടാക്കുവാൻ കഴിയും.
3) 2,761 ഗാർഹിക ചൂളകൾ സ്ഥാപിച്ചു.
4) 1 കിലോവാട്ട് ശേഷിയുള്ള 2 സോളാർ പ്ലാന്റ് സ്ഥാപിച്ചു.
5) സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം 2,316 എണ്ണവും, തുല്യ തോതിലുള്ള സോളാർ റാന്തലുകളും നൽകി.
6) 1349 കിലോവാട്ട് ശേഷിയുള്ള 664 എണ്ണം ഓഫ് ഗ്രിഡ് സോളാർ സ്മാർട്ട് പ്രോഗ്രം നടപ്പിലാക്കി.

എനർജി മാനേജ്മെന്റ് സെന്റർ - കേരള (ഇ.എം.സി)

എനർജി മാനേജ്മെന്റ് സെന്റർ – (ഇ.എംസി) കേരള ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ്. സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുക, ഗവേഷണം, പരിശീലനം, പ്രദർശന പരിപാടികൾ, ബോധവൽക്കരണം തുടങ്ങിയവയിലൂടെ ഊർജ്ജ സംരക്ഷണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യ വികസിപ്പിക്കൽ തുടങ്ങിയവ ഇ.എം.സിയുടെ പ്രധാന പ്രവർത്തനങ്ങളാണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുതപദ്ധതികൾ വികസിപ്പിക്കുന്നതിനായി സംസ്ഥാനസർക്കാർ ഊർജ്ജവകുപ്പിൻ കീഴിൽ സ്വീകരിച്ച എസ്.എച്ച്.പി.സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു. (**പട്ടിക 5.24**).

ഇ.എം.സി.യുടെ 2016-17 -ലെ നേട്ടങ്ങൾ

1) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് 300 മി.യു. വൈദ്യുതിയും 3,192 മെട്രിക് ടൺ എണ്ണയും 4,100 മെട്രിക് ടൺ കൽക്കരിയും ലാഭിക്കുവാനായി.
2) വ്യവസായികൾക്കായി 29 ഊർജ്ജ സംരക്ഷണ പ്രോഗ്രാമുകൾ നടത്തി.
3) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 1,020

പട്ടിക 5.23
അനർട്ടിന്റെ വിഹിതവും ചെലവുകളും
(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	12-ാം പഞ്ചവൽസര പദ്ധതി (2012-17)			വാർഷിക പദ്ധതി 2017-18		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	ചെലവ്	ചെലവ് ശതമാനം
1	പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ				3,065.00	313.76	10.24
2	പുനരാവർത്തക ഊർജ്ജ പൊതു സമ്പർക്കം, ഔട്ട് റീച്ച്,പഠനങ്ങളും വികസനവും				1,765.00	108.91	6.17
3	അനർട്ട്നടപ്പിലാക്കുന്ന-പാരമ്പര്യേതരഊർജ്ജ പരിപാടികൾ	8,150.00	4,796.51	58.85		373.32	
4	പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം	11,328.00	2,395.08	21.14		895.32	
5	പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ വിലയിരുത്തൽ	500.00	51.17	10.23			
6	പരിശോധനക്കും കണ്ടത്തലിനുമുള്ള ലാബ്, മറ്റു അടിസ്ഥാന സൗകര്യ വികസനം	500.00	80.86	16.17			
7	പരിശീലനം, വ്യാപനം, വിപണനം	176.00	80.46	45.72			
8	മൈക്രോ ഹൈഡൽ പ്രൊജക്റ്റുകൾ	250.00	0.00				
9	വിൻഡ് എനർജി പ്രൊജക്റ്റുകൾ	250.00	0.00				
	ആകെ -അനർട്ട്	**21,154.00**	**7,404.08**	**35.00**	**4,830.00**	**1,691.31**	**35.02**

ഊർജ്ജ സംരക്ഷണ പ്രോഗ്രാമുകൾ നടത്തി.

4) ദേശീയ ഊർജ്ജ സ്ഥാപന ദിനത്തിന്റെ ഭാഗമായി 14 ജില്ലാ ആസ്ഥാനങ്ങളിൽ ഊർജ്ജസംരക്ഷണറാലി സംഘടിപ്പിക്കുകയും 140 ജില്ലാ കേന്ദ്രങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. 19 പൊതുമേഖലാ സ്ഥാപനങ്ങളിലും 8 എഞ്ചിനിയറിംഗ് കോളേജുകളിലും ബോധവൽക്കരണപരിപാടികൾ നടത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 19 സെന്ററുകളിൽ എനർജി ക്ലിനിക്ക് പ്രോഗ്രാമുകളും സംഘടിപ്പിച്ചു.

5) എനർജി ക്ലിനിക്ക് പ്രോഗ്രാമിന്റെ

പട്ടിക 5.24
ഇ.എം.സി യുടെ വിഹിതവും ചെലവുകളും
(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	12–ാം പഞ്ചവൽസര പദ്ധതി (2012–17)			വാർഷിക പദ്ധതി 2017–18		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	ചെലവ്	ചെലവ് ശതമാനം
1	സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ	98.00	93.00	94.90	25.00	9.12	36.48
2	ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ	670.00	658.97	98.35	345.00	104.81	30.38
3	പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും	1,200.00	1,080.00	90.00	72.00	25.29	35.13
4	കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി	441.00	356.59	80.86	372.00	47.69	12.82
5	സി.എഫ്.എൽ– ന്റെ സുരക്ഷിത നിർമ്മാർജ്ജനം	25.00	15.00	60.00			
6	ചെറുകിട ജലവൈദ്യുത വികസനം (ആർ ഐ ഡി എഫ്)	640.00	0.00	0.00			
	ആകെ – ഇ എം സി	**3,074.00**	**2,203.56**	**71.68**	**814.00**	**186.91**	**22.96**

ഭാഗമായി 14 ജില്ലകളിലായി 700 വനിതകൾക്ക് പരിശീലനം നൽകുകയും 1,081 എനർജി ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ചെയ്തു.

6) 2016–17 കാലയളവിൽ ഊർജ്ജകിരണിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ എൻ.ജി.ഒ–കളുമായി സഹകരിച്ച് 304 ബോധവൽക്കരണ പരിപാടികൾ നടത്തി

7) ട്രെയിനിംഗ് നൽകിയ വിദഗ്ദ്ധ വ്യക്തികൾ (ആർ.പി.മാർ) വഴി 2,278 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

8) ഊർജ്ജ സംഭരണവുമായി ബന്ധപ്പെട്ട് ഇ.എം.സി 12 പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

9) സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 4,270 സ്കൂളുകളിലെ 2 ലക്ഷം വിദ്യാർത്ഥികൾ പങ്കാളിയായി. 41 സെൻസിറ്റൈസേഷൻ ക്യാമ്പുകളും 37 ഊർജ്ജോത്സവമത്സരങ്ങളും 14 ജില്ലാതല പ്രോഗ്രാമുകളും നടത്തി.

10) ജില്ലാതലവിജയികളായ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 4 വ്യത്യസ്ത മത്സരങ്ങളിലായി കേരള സ്റ്റേറ്റ് സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് 2017 സംഘടിപ്പിച്ചു.

11) ഊർജ്ജ സംരക്ഷണത്തിനായി 3 ആർ&ഡി പ്രോജക്ടുകൾക്കും വിദ്യാർത്ഥികളുടെ 16 പ്രോജക്ടുകൾക്കും സാമ്പത്തിക സാങ്കേതിക സഹായം നൽകി.

12) 5 സ്റ്റാർ റേറ്റിംഗ് ഉള്ള ഫാൻ, എൽ.ഇ.ഡിബൾബ്, റ്റി 5 എൽ.ഇ.ഡി. ട്യൂബ് എന്നിവ നൽകിയത് വഴി സംസ്ഥാനത്തെ 70 സ്കൂളുകൾ ഊർജ്ജ സംരക്ഷണ സ്ഥാപനങ്ങളായി മാറി.

13) ഐ.ടി.ഐ/ഡിപ്ലോമ വിദ്യാർത്ഥികൾക്കായി എനർജി കൺസർവെഷൻ ടിപ് ഷീറ്റ് വികസിപ്പിച്ചു.

14) സംസ്ഥാനത്തിന്റെ മലയോര ഉൾപ്രദേശങ്ങളിൽ ഒരു കിലോവാട്ട് ശേഷിയുള്ള 30 പൈകോ ഹൈഡൽ

പ്രോജക്ടുകൾ സ്ഥാപിച്ചു.

15) ബൂട്ട് പദ്ധതിയുടെ കീഴിൽ 8 മെഗാവാട്ട് ശേഷിയുള്ള പത്താംകയം ചെറുകിട ജലവൈദ്യുത പദ്ധതി ബഹു. മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു.

16) എറണാകുളം ജില്ലയിലെ ചിറ്റാനിക്കര പഞ്ചായത്ത് ഊർജ്ജ പര്യാപ്ത പഞ്ചായത്തായി മാറി.

17) കേന്ദ്ര ഊർജ്ജ മന്ത്രാലയം നൽകുന്ന ഏറ്റവും നല്ല ഡെസിഗ്നേറ്റഡ് ഏജൻസിക്കുള്ള അവാർഡിൽ മൂന്നാം സ്ഥാനം ഇ.എം.സി ക്ക് ലഭിച്ചു.

ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

കേരള ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വകുപ്പാണ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്. സംസ്ഥാനത്ത് ഊർജ്ജ വകുപ്പിന്റെ കീഴിലാണ് സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ് ലബോറട്ടറിയുടെ ലക്ഷ്യം. വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ്, ഫ്രീക്വൻസി, പവർ, പവർ ഫാക്ടർ, എനർജി മുതലായവയുടെ കാലിബ്രേഷൻ അളക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്. പ്രൊട്ടക്ഷൻ റിലെ, ഇൻസ്ട്രുമെന്റ് ട്രാൻസ്ഫോർമർ എന്നിവയ്ക്കുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റിംഗ് സൗകര്യം എന്നിവ ഇതിലുൾപ്പെടുന്നു. പവർ ട്രാൻസ്ഫോർമറുകൾ, കേബിളുകൾ, സർക്യൂട്ട് ബ്രേക്കുകൾ എന്നിവയ്ക്കുള്ള പ്രീ കമ്മീഷണിംഗ് ടെസ്റ്റുകൾ എന്നിവ ഇവിടെ നടത്തപ്പെടുന്നു. ഇവിടെ നടത്തുന്ന എല്ലാ കാലിബറേഷനുകളും ടെസ്റ്റുകളും ദേശീയ, അന്തർ ദേശീയ നിലവാരത്തിനൊത്തതാണ്. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിക്കുന്നതും അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുന്നതും അപകടങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി/അധികാരികൾ എന്നിവർക്കെതിരെ നടപടികൾ എടുക്കുന്നതും ഈ വകുപ്പാണ്. (**പട്ടിക 5.25**).

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ 2016-17 ലെ നേട്ടങ്ങൾ

1) വൈദ്യുതി സംരക്ഷണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക വഴി വൈദ്യുതി മൂലമുണ്ടാകുന്ന അപകട നിരക്ക് 30 ശതമാനം കുറയ്ക്കാൻ സാധിച്ചു.
2) ഇലക്ട്രോ ടെക്നിക്കൽ കാലിബറേഷനു വേണ്ടിയുള്ള നാഷണൽ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബറേഷൻ ലബോറട്ടറി, (എൻ.എ.ബി.എൽ) തിരുവനന്തപുരം എം.ടി.എസ്.എൽ-ൽ പ്രവർത്തിച്ചു വരുന്നു.
3) ഐ.എസ് 15700:2005 പ്രകാരമുള്ള ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റഡേഴ്സിന്റെ സേവോത്തമം സർട്ടിഫിക്കേഷൻ (sevothamam certification)(സേവന ഗുണമേന്മ മേൽനോട്ട സിസ്റ്റം സർട്ടിഫിക്കറ്റ്)നിലനിർത്തുന്നു.
4) ക്വാളിറ്റി കൺട്രോൾ ഉത്തരവ്, 2003 ഫലപ്രദമായി നടപ്പിലാക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽപരിശോധനയും ബോധവൽക്കരണവും നടത്തുന്നു.
5) വൈദ്യുത അത്യാഹിത നിവാരണ നിരീക്ഷണ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എം.ടി.എസ്.എൽ-ൽ രണ്ടു നിലകൾ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.
6) പതിനൊന്ന് മേഖലാ മീറ്റർ ടെസ്റ്റിംഗ് &സ്റ്റാൻഡേർഡ്സ് ലബോറട്ടറികൾ സംസ്ഥാനത്ത് ആരംഭിച്ചു.
7) 2013-ലെ സൗരോർജ്ജ നയത്തിന്റെ ഭാഗമായി സൗരോർജ്ജ ഉപകരണങ്ങൾ പരിശോധിക്കുന്നതിനായി ലാബ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
8) കോഴിക്കോടും എറണാകുളത്തുമുള്ള റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടികളിലേക്ക് പൂർണ്ണമായും ഓട്ടോമാറ്റിക് ആയ 0.05 കൃത്യതയുള്ള എനർജി മീറ്റർ ടെസ്റ്റ് ബഞ്ച് (കുറഞ്ഞത് 10 സ്ഥാനം) ലഭ്യമാക്കി.
9) എൽ.ഇ.ഡി പരിശോധനയ്ക്കുള്ള കോമ്പാക്റ്റ് സിസ്റ്റം ലഭ്യമാക്കി.
10) വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനം

പട്ടിക 5.25
ഇലക്ട്രിക്കൽഇൻസ്പെക്ടറേറ്റിന്റെ വിഹിതവും ചെലവുകളും
(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	12-ാം പഞ്ചവൽസര പദ്ധതി (2012-17)			വാർഷിക പദ്ധതി 2017-18		
		വിഹിതം	ചെലവ്	ചെലവ് ശതമാനം	വിഹിതം	ചെലവ്	ചെലവ് ശതമാനം
1	മീറ്റർ ടെസ്റ്റിംഗ് & സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എം.റ്റി. എസ്.എൽ)	1,910.00	1,415.38	74.1	380.00	0.39	0.10
2	ഗുണനിലവാര നിയന്ത്രണ ഓർഡർ ഫലപ്രദമായി നടപ്പിലാക്കൽ	400.00	300.08	75.02	200.00	1.35	0.68
3	ഇ-സേഫ് കേരള				180.00	0.95	0.53
	ആകെ	**2,310.00**	**1,715.46**	**74.26**	**760.00**	**2.69**	**0.35**

സംഘടിപ്പിക്കുകയും എക്സിബിഷൻ നടത്തുകയും ചെയ്തു.

11) എല്ലാ ജില്ലകളിലും ഫീസുകൾ (ഇൻസ്പെക്ഷൻ ഫീ, ഡ്യൂട്ടി ഫീ, മറ്റു ഫീസുകൾ) ഓൺലൈനായി അടക്കുന്നതിനായി ഇ-ട്രഷറി പോർട്ടൽ സംവിധാനം ഏർപ്പെടുത്തി.

കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ (കെ.എസ്.ഇ.ആർ.സി)

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻസ് ആക്ട് പ്രകാരം 2002-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി) അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ഓർഗനൈസേഷൻ ആണ്. സംസ്ഥാനത്തെ ഊർജ്ജ രംഗത്ത് ഫലപ്രദവും കാര്യക്ഷമവുമായ നിയന്ത്രണ നടപടിക്രമങ്ങൾ സ്ഥാപിക്കുന്നതിന് കമ്മീഷന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ആർ.സി. യുടെ 2016-17 ലെ പ്രധാന പ്രവർത്തനങ്ങൾ

2016-17 കാലയളവിൽ കമ്മീഷന് ലഭിച്ചിട്ടുള്ള കേസുകൾ തീർപ്പാക്കുന്നതിനായി 68 ഹിയറിംഗുകൾ നടത്തി. കൂടാതെ, ദൈനംദിന ഭരണ നിർവഹണ പ്രവർത്തനങ്ങളുടെ ഭാഗമായും ചട്ടങ്ങൾ രൂപീകരിക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും ഭാഗമായും പെറ്റീഷനുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും ലൈസൻസികളുടെ അഗ്രഗേറ്റ് റവന്യൂ റിക്വയർമെന്റും എക്സ്പെക്റ്റഡ് റവന്യൂ ചാർജ്ജുകളുടെ (എ.ആർ.ആർ & ഇ.ആർ.സി) കാര്യങ്ങൾക്കു വേണ്ടിയും സാധാരണ ഇന്റേണൽ മീറ്റിംഗുകളും കമ്മീഷൻ ഇക്കാലയളവിൽ നടത്തുകയുണ്ടായി.

ഇക്കാലയളവിൽ, കമ്മീഷനു ലഭിച്ച 57പരാതികളിൽ ലൈസൻസികളുടെ എ.ആർ. ആർ. & ഇ.ആർ.സി സംബന്ധിച്ചവ ആയിരുന്നു. 29 മുൻ വർഷ പരാതികൾ ഉൾപ്പെടെ 51 പരാതികളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ കമ്മീഷനു സാധിച്ചു.

ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2003 ലെ വൈദ്യുത ചട്ടപ്രകാരം സ്ഥാപിച്ചതാണ് ഉപഭോക്തൃ പരാതി പരിഹാര ഫോറം (സി.ജി.ആർ.എഫ്). ഈ ഫോറത്തിൽ ഇക്കാലയളവിൽ 634 പരാതികൾ ലഭിക്കുകയും (മുമ്പുണ്ടായിരുന്ന 197 പരാതികൾ ഉൾപ്പെടെ) 584 പരാതികൾ തീർപ്പാക്കുകയും ചെയ്തു.

സി.ജി.ആർ.എഫ് മുഖേന പരിഹാരം ലഭിക്കാത്ത ഉപഭോക്താക്കളുടെ പരാതികൾപരിഹരിക്കുന്നതിനായി കെ.എസ്.ഇ.ആർ.സി നിയോഗിച്ചിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. ഇക്കാലയളവിൽ ഓംബുഡ്സ്മാൻ 103 പരാതികൾ സ്വീകരിക്കുകയും (പഴയ 61 പരാതികൾ ഉൾപ്പെടെ) 136 പരാതികൾ തീർപ്പാക്കുകയും ചെയ്തു.

താഴെ പറയുന്ന ചട്ടങ്ങൾ 2017–18 കാലയളവിൽ രൂപീകരിച്ചു.

1. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് (റിമൂവൽ ഓഫ് ഡിഫിക്കൽറ്റീസ്) തീയതി 26–10–2016.
2. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് (ഭേദഗതി) തീയതി 24–01–2017.
3. കെ.എസ്.ഇ.ആർ.സി (താരിഫ് ഭേദഗതി 2017 ന്റെ ചട്ടങ്ങളും നിബന്ധനകളും) തീയതി20–03–2017.
4. കെ.എസ്.ഇ.ആർ.സി (ബിസിനസ് ഭേദഗതി 2017) തീയതി 26–07–2017.

മുന്നോട്ടുള്ള വഴി

വരും വർഷങ്ങളിൽ സംസ്ഥാനം നിരവധി വെല്ലുവിളികൾ നേരിടേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പാരിസ് കരാറിനനുസരിച്ച് ഇന്ത്യയുടെ ലക്ഷ്യം സാക്ഷാത്കരിക്കാനായി രൂപകൽപ്പന ചെയ്ത സെൻട്രൽ ഗവൺമെന്റിന്റെ നയങ്ങൾക്ക് അനുസരിച്ച് പുനരവർത്തകഊർജ്ജത്തിലേക്കുള്ള മാറ്റം ശക്തിപ്പെടുത്തേണ്ടതുണ്ട്. എങ്കിലും കേന്ദ്രസർക്കാർ ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടപ്പിലാക്കിയിട്ടുള്ള കാര്യനിർവ്വഹണ ഭരണക്രമത്തിലൂടെ ഊർജ്ജ മേഖലയിലെ ഘടനയിലുള്ള പരിവർത്തനം, ഇതിനെത്തുടർന്നുള്ള മറ്റു വെല്ലുവിളിയാണ്. ഊർജ്ജമേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പൊതു മേഖലയിൽ തന്നെ മുഖ്യമായും നിലനിർത്തണം എന്നുള്ളതുംമൊത്തത്തിലുള്ള വളർച്ചയും വികസനവും സംബന്ധിച്ച സംസ്ഥാനത്തിന്റെ കാഴ്ച്ചപ്പാടുകളും, ഈ സന്ദർഭത്തിൽ അത്തരം മാറ്റങ്ങൾ വെല്ലുവിളി സൃഷ്ടിക്കുന്നു.

ഉപസംഹാരം

ഊർജ്ജം പര്യാപ്തമായ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന്റെ ഭാഗമായി ഊർജ്ജ മേഖലയിലെ ഏജൻസികളുടെ ഉണർവ്വുള്ള പരിശ്രമം അനിവാര്യമാണ്. കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം, സോളാർ ഫോട്ടോ വോൾട്ടായിക്സ്, ചെറുകിട, ഇടത്തരം ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പികേണ്ടതാണ്. ഈ മേഖലയുടെ വികസനത്തിനു ആവശ്യമായ മൂലധനം ആകർഷിക്കുകയും ഉപയോഗപ്രദവുമായ പ്രോജക്ടുകൾ ഉൾപ്പെടുന്നനവീനപദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെവൈദ്യുതി മേഖലയിലെഏജൻസികളുടെ പ്രകടനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്ഥാപനപരമായ മാറ്റങ്ങൾ, വർദ്ധിച്ച ഉൽപ്പാദനശേഷി, വർദ്ധിച്ച പുനരാവർത്തക ഊർജ്ജ ഉൽപ്പാദനം, ഡിമാന്റ് സൈഡ് മാനേജ്മെന്റ്, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരുസംയോജിത സമീപനം ഭാവിയിൽ ഈ മേഖലയിൽ ആവശ്യമാണ്.

കേരളത്തിലെ തപാൽ ശൃംഖല

ഇന്ത്യയുടെ തപാൽ സംവിധാനം ലോകത്തു തന്നെ ഏറ്റവും വിപുലമായതാണ്. രാജ്യത്ത് നിലവിലുള്ള 1.55 ലക്ഷം തപാലാഫീസുകളിൽ 1.39 ലക്ഷം (89.78 ശതമാനം) ഗ്രാമീണ മേഖലയിലും 15,826 (10.22 ശതമാനം) നഗരപ്രദേശങ്ങളിലുമാണ്. ഹെഡ് പോസ്റ്റ് ഓഫീസുകൾ, സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റ് സബ് പോസ്റ്റ് ഓഫീസുകൾ, എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ എന്നിങ്ങനെ നാലു വിഭാഗത്തിലുള്ള പോസ്റ്റ് ഓഫീസുകൾ ചേർന്നതാണ് ഇന്ത്യയുടെ തപാൽ ശൃംഖല.

കേരള സംസ്ഥാനം മൊത്തമായും, ലക്ഷദ്വീപ്, മാഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണ് കേരളത്തിലെ തപാൽ ശൃംഖല. എല്ലാ വില്ലേജുകളിലും കുറഞ്ഞത് ഒരു തപാലാഫീസെങ്കിലും ഉള്ള ഒരേയൊരു സംസ്ഥാനമാണ് കേരളം. 2017 സെപ്റ്റംബർ 31 വരെയുള്ള കണക്കനുസരിച്ച് കേരള സർക്കിളിന്റെ കീഴിൽ 5,065 പോസ്റ്റ് ഓഫീസുകളാണുള്ളത്. ഇതിൽ 1,457 ഡിപ്പാർട്ട്മെന്റ് തപാലാഫീസുകളും ബാക്കിയുള്ള

ബോക്സ് 5.14
13–ാം പഞ്ചവത്സര പദ്ധതി – ഊർജ്ജ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം

13–ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഊർജ്ജ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ശ്രീ. പോൾ ആന്റണി അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്, ശ്രീ പ്രബീർ പുർക്കയാസ്ത, പ്രസിഡണ്ട്, സെന്റർ ഫോർ ടെക്നോളജി & ഡവലപ്മെന്റ്, ന്യൂഡൽഹി & ചെയർപേഴ്സൺ, നോളജ് കോമൺസ് എന്നിവരെ കോ ചെയർപേഴ്സൺമാരായി നിയോഗിച്ച് പുന സംഘടിപ്പിച്ചു. ഊർജ്ജ രംഗത്ത വിവിധ മേഖലകളിലെ പ്രഗൽഭരായ വിദഗ്ദ്ധരാണ് കമ്മിറ്റിയിലുള്ളത്. വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെ പ്രധാന ശുപാർശകൾഇവയാണ്:

1 ഉല്പാദനം

നിലവിലുള്ള ആവശ്യകത – 4,200 മെഗാവാട്ട്, പ്രൊജക്റ്റഡ് ഡിമാൻഡ്– 5400 മെഗാവാട്ട്. ഇത് നേടിയെടുക്കുന്നതിനായി, ജലവൈദ്യുതി (ചെറുതും മിനി അടക്കമുള്ള) പദ്ധതികളിൽ നിന്ന് – 300 MW, ഗ്രിഡുമായി ബന്ധിപ്പിച്ച സോളാർ പദ്ധതികളിൽ നിന്ന് – 600 MW, റൂഫ് ടോപ്പ് സോളാർ പദ്ധതികളിൽ നിന്ന് – 500 MW, കാറ്റിൽ നിന്ന് – 100 MW എന്നിവ ലക്ഷ്യമിടുന്നു

2 വിതരണം

100 ശതമാനം വൈദ്യുതീകരണം, അടുത്ത 5 വർഷം 11 കെ.വി. ലൈനുകൾ 18,000 കിലോമീറ്റർ ചെയ്യുന്നതിന് ലക്ഷ്യമിടുന്നു, അതായത് 3,600 കിമീ / വർഷം.പുനർനിർമ്മാണം – 10000 കിലോമീറ്റർ പഴയ 11 കെ.വി. ലൈനുകൾ, പുതിയ നിർമ്മാണങ്ങൾ – 3000 കി.മീ, പുതിയ 11 കെ.വി. ലൈനുകളുടെ നിർമ്മാണം – 5000 കി.മീ.

3 പ്രസരണം

നിർദ്ദിഷ്ട സബ്സ്റ്റേഷനുകളും ട്രാൻസ്മിഷൻ ലൈനുകളും ഇവയാണ്: മൂന്ന്(3) പുതിയ 400 kV സബ്സ്റ്റേഷനുകൾ – നീലേശ്വരം, മയിലാട്ടി (2*500 MVA), കോട്ടയം, ഏറ്റുമാനൂർ (2 * 315 MVA), കൊല്ലം, കുണ്ടറ (2*315 MVA), ട്രാൻസ്ഫോർമറിന്റെ കാര്യ ശേഷി വർദ്ധിപ്പിക്കൽ – (എ) കോഴിക്കോട് 400 kV സബ്സ്റ്റേഷൻ (1 * 315) (ബി) മടക്കത്തറ പി.ജി.സി.ഐ.എൽ. എച്ച്.വി.ഡി.സി 2000 MW. ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0. മൊത്തം സാങ്കേതിക വാണിജ്യ (എ.ടി.&സി.) നഷ്ടം 10ശതമാനം ആയി കുറക്കുവാൻ ലക്ഷ്യമിടുന്നു.

4. മറ്റ് പ്രധാന ശുപാർശകൾ

i പ്രായോഗികത പരിശോധിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ചെറിയ വിൻഡ് ടർബൈനുകൾ സ്ഥാപിക്കുക.

li വലിയ അളവിലുള്ള സൗരോർജ്ജം കൊണ്ടുവരുന്നതിന് വ്യവസ്ഥകളും സ്ഥാപനപരമായ ക്രമീകരണങ്ങളും രൂപകൽപ്പന ചെയ്യണം.

lii സർക്കാർ സ്ഥാപനങ്ങൾ പ്രത്യേകിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയിൽ റൂഫ് ടോപ്പ് സോളാർ പിവി. സംവിധാനം സ്ഥാപിക്കൽ

iv പമ്പെട് സ്റ്റോറേജ് നിർമ്മിക്കാനുള്ള ആവശ്യമായ പദ്ധതിക്ക് അനുയോജ്യമായ ഇളവ് നൽകുക.

v പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നത് വഴി, ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമിടുന്നു.

vi ഊർജ്ജ സംരക്ഷണത്തിനും വൈദ്യുത സുരക്ഷക്കും ഊന്നൽ നൽകുന്നു.

3,557 എണ്ണം ജോലി ഭാരമനുസരിച്ച് കുറഞ്ഞത് മൂന്ന് മണിയ്ക്കുറും കൂടിയത് അഞ്ച് മണിയ്ക്കുറും പ്രവർത്തിക്കുന്ന എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ പോസ്റ്റാഫീസുകളായും പ്രവർത്തിക്കുന്നു. കേരളത്തിൽ (ശരാശരി) തപാലാഫീസ് ഒന്നിന് 7.69 ചതുരശ്ര കി. മീ. പരിധിയും 6,610 ജനസംഖ്യയുമുണ്ട്. ദേശീയ ശരാശരി 21.21 ച. കീ. മീറ്ററും 7,175 ജനസംഖ്യയുമാണ്. 83 ശതമാനം തപാലാഫീസുകളും ഗ്രാമീണ മേഖയിലാണ് പ്രവർത്തിച്ചു വരുന്നത്. കേരള തപാൽ സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ **ബോക്സ് 5.15** –ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യൻ തപാൽ സർവീസിന്റെ ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി, ഓരോ വ്യക്തിക്കും അവരവരുടെ വീടിനു സമീപം എളുപ്പം പ്രാപ്യമായ കേന്ദ്രം എന്ന നിലയ്ക്കും കേരളത്തിലെ തപാലാഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ **അനുബന്ധം 5.36, 5.37, 5.38, 5.39** എന്നിവയിൽ ചേർത്തിരിക്കുന്നു.

വാർത്താവിനിമയ പശ്ചാത്തല സൗകര്യം

വാർത്താവിനിമയം

സമ്പദ് വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും ആധുനികവൽക്കരണത്തിനും ആവശ്യമായ സേവനമാണ് വാർത്താവിനിമയം. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ വാർത്താ വിനിമയ സേവന സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. കേരളാ ടെലികോം മേഖലയിൽ കേരളം, കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുശ്ശേരി (മാഹി) എന്നിവ ഉൾപ്പെടുന്നു. സർക്കിളിൽ പ്രധാനപ്പെട്ട 11 എസ്.എസ്.എ കളും, ലക്ഷ്വദ്വീപ് എസ്.എസ്. എയും ഉൾപ്പെടുന്നു. കേരളത്തിലെ ടെലികോം മേഖലയുടെ സ്ഥിതി വിവരം **ബോക്സ് 5.16** –ൽ കൊടുത്തിരിക്കുന്നു. കൂടുതൽ വിവരങ്ങൾ **അനുബന്ധം 5.40** –ൽ ചേർത്തിരിക്കുന്നു.

വാർത്താവിനിമയ പശ്ചാത്തല മേഖല

സംസ്ഥാനത്തെ ഇ–ഗവേണൻസിന്റെ പ്രധാന പശ്ചാത്തലം കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെ.എസ്. ഡബ്ല്യൂ.എ.എൻ), സെക്രട്ടറിയേറ്റ് ഏരിയ നെറ്റ് വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസസ് ഡെലിവറി ഗേറ്റ് വേ, പബ്ലിക്ക് വൈഫൈ പ്രോജക്ട് എന്നിവയാണ്. സംസ്ഥാനത്തെ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്നതും, 14 ജില്ലകളിൽ വ്യാപിച്ചിരിക്കുന്നതും, 152 ബ്ലോക്ക് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതുമായ കെസ്വാൻ (കെ.എസ്.ഡബ്ല്യൂ.എ.എൻ) ആണ് സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (എസ്.ഐ.ഐ) വളരെ വേഗത്തിൽ വിവരങ്ങളുടെ കൈമാറ്റം സാധ്യമാക്കുന്നത്. ടെലികോം ലൈൻ ഈ ശൃംഖല വഴിയും സ്ഥിരമായ ഉപയോഗത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള ടെലികമ്മ്യൂണിക്കേഷൻ ചാനൽ, ലോക്കൽ ഏരിയ നെറ്റ് വർക്ക് മുഖേനയും ഗവൺമെന്റ് വകുപ്പുകളിലെ 3500 ഓഫീസുകളുമായി ബന്ധിപ്പിക്കുന്നു. ഒരു സുരക്ഷിത ടെലികമ്മ്യൂണിക്കേഷൻ ശൃംഖല വഴി സംസ്ഥാനത്തെ ഗവൺമെന്റ് തമ്മിലും ഗവൺമെന്റും പൊതുജനങ്ങളും തമ്മിലുമുള്ള ബന്ധം നിലനിർത്തുന്നതിന് സ്റ്റേറ്റ് ഡാറ്റാ സെന്ററും, കെസ്വാനും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നു.

2017-ലെ പുതിയ സംരംഭം

സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രാമ പ്രദേശങ്ങൾ എന്നീ മേഖലകളെ ഗവൺമെന്റുമായി ബന്ധിപ്പിക്കുന്നതിന്

ബോക്സ് 5.15
കേരള തപാൽ സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ

- സർക്കിളിലെ 1508 ഡിപ്പാർട്ടുമെന്റൽ പോസ്റ്റാഫീസുകൾ കംപ്യൂട്ടർവൽക്കരിക്കുകയും, eMO സേവനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.
- പരാതികൾ കമ്പ്യൂട്ടർ വഴി നൽകുന്നതിനും, പരാതി തീർപ്പാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ അറിയുന്നതിനുമുള്ള സംവിധാനം.
- ഇലക്ട്രോണിക് അടിസ്ഥാനമാക്കിയുള്ള പുതിയ മൂല്യാധിഷ്ഠിത സേവനങ്ങൾ നടപ്പിലാക്കി.
- രജിസ്റ്റേർഡ്, ഇൻഷ്വർ ചെയ്തിട്ടുള്ളവ, സ്പീഡ് പോസ്റ്റ്, ഇ. എം. ഒ വിദേശത്തു നിന്നുള്ള സാധനങ്ങൾ എന്നിവയ്ക്കും അവയുടെ തുടക്കം മുതൽ അവസാനം വരെയുള്ള വിവിധ ഘട്ടങ്ങൾ www.indiapost.gov.in എന്ന സംവിധാനത്തിലൂടെ അറിയുന്നതിനുള്ള സംവിധാനം
- ഇന്ത്യയിൽ നിന്നും മറ്റ് രാജ്യങ്ങളിലേക്ക് സേവനം ലഭ്യമാക്കുന്ന അന്തർദേശീയ സ്പീഡ് പോസ്റ്റ് – ഇ എം.എസ് ആരംഭിച്ചു
- പാഴ്സ്ൽ പോസ്റ്റോഫീസ് – ലോകത്തെവിടേയ്ക്കും 30 കിലോ.ഗ്രാം സാധനങ്ങൾ തപാലാഫീസുകൾ മുഖേന അയയ്ക്കുന്നതിനുള്ള സൌകര്യം തിരുവനന്തപുരം ജില്ലയ്ക്കുള്ളിൽ ആരംഭിച്ചു.
- 220 രാജ്യങ്ങളുമായി ബന്ധപ്പെടുത്തുന്ന വേൾഡ് നെറ്റ് എക്സ്പ്രസ് സർവീസ് (ഡബ്ല്യൂ എൻ എക്സ്) സമ്പ്രദായം ഏർപ്പെടുത്തി.
- രണ്ട് പുതിയ പാഴ്സൽ പ്രോഡക്ട് ഓഫ് ഇന്ത്യ സംവിധാനമായ "എക്സ്പ്രസ് പാഴ്സൽ" "ബിസിനസ്സ് പാഴ്സൽ" സർവീസുകൾ ഏർപ്പെടുത്തി
- സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചു കൊടുക്കുന്ന പ്രക്രിയ വഴി, ഉപഭോക്താക്കൾക്ക് ദ്രുതഗതിയിൽ ചരക്ക് അയയ്ക്കാൻ/എത്തിക്കാൻ ലോജിസ്റ്റിക് പോസ്റ്റ് എയർ നടപ്പിലാക്കി.
- സംസ്ഥാനത്തെ 1,498 പോസ്റ്റ് ഓഫീസുകൾ (51 ഹെഡ് പോസ്റ്റാഫീസുകൾ, 1441 സബ് പോസ്റ്റാഫീസുകൾ) എന്നിവ കോർ ബാങ്കിംഗ് സമ്പ്രദായത്തിലേക്കു മാറ്റി.
- ഏതു വ്യക്തിക്കും അവരവരുടെ ഫോട്ടോപതിച്ച വ്യക്തിഗത സ്റ്റാമ്പുകൾ ലഭ്യമാക്കാൻ "മൈ സ്റ്റാമ്പ്"സൗകര്യം നടപ്പിലാക്കി.
- മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ വേതനം വിതരണം ചെയ്യുന്നതിനായി പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം (പി.എഫ്.എം.എസ്) അല്ലെങ്കിൽ എൻ.ഇ.എഫ്.എം.എസ്).
- കോർപ്പറേറ്റ് ഇ – പോസ്റ്റിനായി കേരള സംസ്ഥാന സർക്കാരുമായി ടൈ അപ്

  i. റീട്ടെയിൽ പോസ്റ്റ് മുഖാന്തിരം അപേക്ഷാ ഫാറം വിൽപ്പന സംബന്ധിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുമായി ടൈ അപ്.
  ii. എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടുമായി ടൈ അപ്.
  iii. കേരള ജല അതോറിറ്റിയുമായി ഇ – പേയ്മെന്റ്
  iv. ബി.എസ്.എൻ.എല്ലുമായി ഇ – പേയ്മെന്റ്
  v. നികുതി പിരിവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ടൈ അപ്
  vi. 2016–17 അധ്യായന വർഷം സംസ്ഥാനത്തുടനീളം പാഠ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി (കെ.ബി.പി.എസ്) യുമായി ടൈ അപ്
  viii. തപാലാഫീസുകൾ മുഖേന പെന്റാ മൊബൈലുകളുടെ വിൽപ്പന
  viii. പാസഞ്ചർ റിസർവേഷൻ സമ്പ്രദായത്തിലൂടെ (പി.ആർ.എസ്) റെയിൽവെ ടിക്കറ്റ് ബുക്കിംഗ്.

ബോക്സ് 5.16
കേരളത്തിലെ ടെലികോം മേഖല 2017 മാർച്ച് 31 വരെ

- ടെലിഫോൺ എക്സ്ചേഞ്ചുകളുടെ എണ്ണം : 1306
- സജ്ജീകരണ ശേഷി : 3328931
- പ്രവർത്തനക്ഷമമായ കണക്ഷനുകൾ : 1962582
- ച: കി. മീറ്റർ കണക്കിൽ ശരാശരി ടെലിഫോൺ : 61.41
- ടെലിഫോൺ സാന്ദ്രത : 1000 ന് 70.235

സംസ്ഥാന സർക്കാരിന്റെ വാർത്താവിനിമയ പശ്ചാത്തല മേഖലയായ കേരള ഫൈബർ ഒപ്റ്റിക് സെന്റർ, കെ-ഫോൺ സംവിധാനം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് സമാന്തരമായി എല്ലാ പൗരൻമാർക്കും ലഭ്യമാകുന്ന രീതിയിൽ ഒരു അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം സർക്കാർ സൗകര്യത്തിലൂടെ ലഭ്യമാകുന്നതാണ്. 1028.20 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി 823.00 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

കായിക അടിസ്ഥാന സൗകര്യങ്ങൾ

കായിക വിനോദത്തിന്റെ വികസനം എന്നാൽ ഒരു സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുമായി ബന്ധപ്പെടുത്തിയുള്ളതാണ്. സാമൂഹ്യ പുരോഗതിയുടെ കാര്യത്തിൽ, സ്പോർട്സിൽ ഉള്ള സജീവ പങ്കാളിത്തം ആരോഗ്യവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുകയും, മെഡിക്കൽ ചെലവുകൾ കുറയ്ക്കുകയും, കൂടാതെ സാമൂഹ്യ മാനദണ്ഡങ്ങളിലധിഷ്ഠിതമായ അച്ചടക്ക സ്വഭാവങ്ങൾ സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാനും സഹായിക്കുന്നു. ഒരു മെഗാ സ്പോർട്സ് പരിപാടി സംഘടിപ്പിക്കുന്നത് അടിസ്ഥാന സൗകര്യവികസനത്തിനും തൊഴിൽ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സഹായിക്കുന്നു. കായിക വിനോദ സംസ്കാരത്തിന്റെ കാര്യത്തിൽ രാജ്യത്തിന് തന്നെ അഭിമാനമാകും വിധം കേരളം പ്രശസ്തമാണ്. ഇൻഡ്യയിലെ പല പ്രശസ്തരായ കായിക വ്യക്തികളുടെയും വളർച്ചയ്ക്ക് പിന്നിലെ കേരളത്തിന്റെ പങ്ക് സുസ്ഥിർഹമാണ്. കൂടാതെ, കേരളത്തിലെ കഴിവുള്ള യുവതീയുവാക്കൾ അന്താരാഷ്ട്ര കായികരംഗത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ഇത് പലപ്പോഴും കായികരംഗത്ത് രാജ്യത്തിന് അഭിമാനിക്കാവുന്ന ഒന്നായി മാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും വിപുലപെടുത്തുകയും ചെയ്യുക, കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, കായിക വിനോദങ്ങളിൽ പ്രത്യേകിച്ച് ഗ്രാമീണ കായികതാരങ്ങളുടെ കഴിവുകളെ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ പ്രധാന ഉത്തരവാദിത്വം. ഇതിനുപുറമെ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,

സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയ ഏജൻസികൾ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം നൽകുകയും വേണം.

സംസ്ഥാനത്ത് സ്പോർട്സ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ സർക്കാർ ഇപ്പോൾ അനുകൂലമായ മനോഭാവവും നിലപാടും പ്രദർശിപ്പിച്ചിരിക്കുകയും, ഗ്രാമ പഞ്ചായത്ത് തലം മുതൽ പ്രാദേശിക, ജില്ലാ, സബ് ജില്ലാ തലങ്ങളിലെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഗ്രാമ പഞ്ചായത്ത്. ഇത് ഡിപ്പാർട്ട്മെൻറിലെ നിലവിലുള്ള ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

കായിക യുവജനകാര്യ വകുപ്പ്

1986 ൽ കായിക വിനോദത്തിന്റെ വികസനത്തിനായി കായിക യുവജനകാര്യ വകുപ്പ് ആരംഭിക്കുകയുണ്ടായി. സ്പോർട്സ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക വഴി, ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ നേടിയെടുക്കുകയും ചെയ്യുകയാണ് വകുപ്പിന്റെ ലക്ഷ്യം. സംസ്ഥാനത്ത് കായിക വികസനത്തിന് സർക്കാർ ഫണ്ടിനു പുറമെ സ്വകാര്യ മേഖല ഉൾപ്പെടെയുള്ള വിവിധ സ്രോതസുകളിൽ നിന്ന് പണം സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കേരള സ്പോർട്സ് കൌൺസിലിൻറെ ശ്രുപാർശയുടെ അടിസ്ഥാനത്തിൽ സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ട്രസ്റ്റ് സ്ഥാപിക്കുകയുണ്ടായി. വിവിധയിനം പ്രവർത്തനങ്ങൾ വകുപ്പ് വഴി നടത്തി വരുന്നുണ്ട്. ഓരോ വർഷവും, കായികോപകരണങ്ങൾ/ മത്സരങ്ങൾ, പരിശീലന ക്യാമ്പ് എന്നിവയ്ക്കും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ കായിക വിനോദ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും പെട്ടെന്നുള്ള വൈദ്യസഹായവും പുനരധിവാസ ചികിത്സയും നൽകി വരുന്നുണ്ട്. സ്കൂളുകളിൽ പ്രൈമറി തലത്തിൽ കായിക വിനോദം വികസിപ്പിക്കുന്നതിനായി 'കളിയിലൂടെ ആരോഗ്യം' എന്ന പരിപാടിയും നടത്തി വരുന്നു. അടിയന്തിര സാഹചര്യത്തിൽ ആവശ്യമുള്ള കഴിവുകൾ വികസിപ്പിക്കാനുള്ള മറ്റൊരു പരിപാടിയാണ് സ്വിം എൻ സർവൈവ്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഭരണനിർവ്വഹണം കായിക യുവജനകാര്യ വകുപ്പ് നൽകുകായും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ കീഴിൽ സ്പോർട്സ് എഞ്ചിനിയറിംഗ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യകരമായ ജീവിതം നയിക്കാനും ജീവിതശൈലി രോഗങ്ങൾ കുറയ്ക്കാനും സാമൂഹ്യ സ്പോർട്സ് പ്രോഗ്രാം സംസ്ഥാനതലത്തിൽ നടപ്പിലാക്കി വരുന്നു. വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ്, ആധുനിക സിന്തറ്റിക് ഉപരിതലം ഉപയോഗിച്ച് മറ്റ് ചെറിയ ഗെയിമുകൾ എന്നിവയുൾപ്പെടെയുള്ള കായികയിനങ്ങൾക്കായി ബഹുതരം കായിക സ്ഥലങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

കായിക വിനോദ സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി താഴെ പറയുന്ന സൗകര്യങ്ങൾ സംസ്ഥാനത്തുടനീളം വികസിച്ചുകൊണ്ടിരിക്കുകയാണ് .

- ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നീന്തൽക്കുളം
- സിന്തറ്റിക് റണ്ണറപ്പോടുകൂടിയ ലോംഗ് ജമ്പ് ട്രിപ്പിൾ ജമ്പ് പിറ്റ്
- നാല് ലൈനുകളുള്ള റണ്ണിംഗ് ട്രാക്ക്
- ഹൈ ജമ്പ് റണ്ണപ്പും ലാൻഡിംഗ് പിറ്റ്സും
- കബഡി ഫ്ലോർ, സിന്തറ്റിക് ഫുട്ബോൾ ടർഫ്, ഷട്ടിൽ ബാഡ്മിന്റൺ കോർട്ട്
- കുട്ടികൾക്കുള്ള ചെറിയ സ്പോർട്സ് പാർക്ക്
- ഫട്സൽ മാപ്പിൾ വുഡ് ഫ്ലോറിങ്ങ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കേരള സ്പോർട്സ് ആക്ട് 2000 പ്രകാരം രൂപീകരിച്ചതാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 1954 ൽ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്ഥാപിതമായി. കേരള സ്പോർട്സ് കൗൺസിൽ എന്ന പേരിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി 1974 –ൽ പുന:സ്ഥാപിക്കുകയുണ്ടായി. 2008 ലെ കേരള

കായിക വിനോദ നിയമം നിലവിൽ വരികയും കേരള കായിക വിനോദ നയം 2000 ത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വരികയും ചെയ്തു. സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കീഴിൽ 25 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും, 53 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും, 43 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും കേരളത്തിൽ പ്രവർത്തികച്ച് വരുന്നു. വിവിധ മേഖലകളിൽ വിവിധയിനം പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ഓപ്പറേഷൻ ഒളിമ്പിയ -2024

ഓപ്പറേഷൻ ഒളിമ്പ്യ 2024, സംസ്ഥാനത്തെ 11 കായിക മേഖലകളിൽ നിന്നുള്ള 250 ഓളം കായികതാരങ്ങളെ പരിചയപ്പെടുത്തുകയും അവർക്ക് വിദേശ പരിശീലകരുടെയും അന്താരാഷ്ട്ര കോച്ചുകളുടെയും സേവനം ഉൾപ്പെടെയുള്ള പരിശീലന സൌകര്യത്തോടുകൂടിയ പരിശീലനം വിഭാവനം ചെയ്യുന്നു. സ്ത്രീകളുടെ ബോക്സിംഗ്, റസ്ലിംഗ്, ഷൂട്ടിംഗ്, ആർച്ചറി, വള്ളം തുഴയൽ, ചെറുതോണി തുഴയൽ, വള്ളം കളി, വാൾപ്പയറ്റ്, ബാഡ്മിൻറൺ, സൈക്ലിംഗ്, നീന്തൽ എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകി വരുന്നു.

കായിക ക്ഷമതാ മിഷൻ

100ശതമാനം സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായ കേരളം, കായിക മിഷൻ വഴി 100ശതമാനം ശാരീരിക ക്ഷമതയും ഫിസിക്കൽ ഫിറ്റ്നസും കൈവരിക്കാൻ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാകാൻ പരിശ്രമിച്ചു വരികയാണ്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി സ്കൂളിലെ വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള ഫിറ്റ്നസ് വിലയിരുത്തുന്നുണ്ട്. മൂല്യനിർണ്ണയത്തിൽ വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്കുള്ള ഫിറ്റ്നസ് നില ആവശ്യമുള്ള ഫിറ്റ്നസ് തലത്തിൽ കുറവാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് കായിക ക്ഷമതാ മിഷന്റെ രണ്ടാംഘട്ടത്തിൽ വിദ്യാർത്ഥികളുടെയും ശാരീരിക ഫിറ്റ്നസ് നിലവാരം മെച്ചപ്പെടുത്തുകയും, ശാരീരിക ക്ഷമതയെക്കുറിച്ച്ചുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. പദ്ധതിക്കായി നടപ്പാക്കാനും നിരീക്ഷിക്കാനുമായി സംസ്ഥാനത്തെ മുഴുവൻ ജനസംഖ്യയെയും 4 ആയി തരംതിരിച്ചിരിക്കുന്നു. അതായത്

- നഴ്സറി മുതൽ നാലാം ക്ലാസ് വരെ
- അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു, യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ
- യുവജനവും തൊഴിലാളികളും
- മുതിർന്ന പൗരന്മാർ

ഈ പരിപാടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീവിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതാണ് .

യുവജന കാര്യങ്ങൾ

യുവജനങ്ങളാണ് ഒരു രാജ്യത്തിന്റെ പ്രത്യാശയും ഭാവിയും പ്രതിനിധീകരിക്കുന്നത്. എല്ലാ സാമൂഹിക തിന്മകൾക്കും എതിരായി സാമൂഹിക അവബോധം വളർത്തിയെടുക്കുകയും ശക്തിപ്പെടുത്തുകയും രാജ്യത്തിനു ഐക്യവും സമൃദ്ധിയും നേടിയെടുക്കെന്ടത്തിൽ യുവാകൾ സുപ്രധാന പങ്ക് വഹിക്കുന്നു. ഒരു പ്രധാന ശക്തിയായി സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ വളർത്തുന്നതിൽ യുവാക്കളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. യുവാക്കൾക്ക് അവരുടെ വ്യക്തിത്വം, അവരുടെ പ്രവർത്തനശേഷി വികസിപ്പിക്കൽ, ന്യായമായ അവകാശങ്ങൾ സംരക്ഷിക്കൽ, സാധ്യമായ ചൂഷണം ഒഴിവാക്കാനുള്ള യത്നങ്ങൾ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിപ്പിക്കുക എന്നിവയാണ് ആവശ്യമായും നൽകേണ്ട മേഖലകൾ.

കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളെ ബോധവത്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി പരിപാടികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. ഗവണ്മെന്റ് പ്രഖ്യാപിച്ച ഓർഡിനൻസ് വഴി ആരംഭിച്ച ഒരു ക്വാസി ജൂഡീഷ്യൽ സ്ഥാപനമാണിത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പരിപാടികൾ

ഏറ്റെടുക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. വർഗീയത, മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ട് യുവജനങ്ങളെ ശക്തിപ്പെടുത്തുകയും തങ്ങളുടെ ചുമതലകളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുകയാണ് കമ്മീഷന്റെ ലക്ഷ്യം .

കേരളാ സ്റ്റേറ്റ് യൂത്ത് വെൽഫയർഫണ്ട് ബോർഡ് കേരളോൽസവം

അപൂർവ്വവും അതുല്യവുമായ ഒരു യുവജനാഘോഷത്തിലൂടെ യുവാക്കൾക്ക് സാംസ്കാരികവും ശാരീരികവുമായ കഴിവുകൾ പ്രദർശിപ്പിക്കാൻ നല്ലൊരു വേദി ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ ആഘോഷത്തിൽ സംസ്ഥാന, ജില്ലാ/ ബ്ലോക്ക് തല മൽസരങ്ങളിൽ 15 മുതൽ 35 വയസുവരെ പ്രായമുള്ള യുവാക്കൾ കലാ-സാംസ്കാരിക-കായിക മൽസരങ്ങളിൽ പങ്കെടുക്കുന്നുണ്ട്. വേണ്ടത്ര പ്രശസ്തി ലഭിക്കാത്ത ചില തിരഞ്ഞെടുത്ത സാംസ്കാരിക ഇനങ്ങൾ ഈ ഉത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ യുവാക്കൾ, കേരളോൽസവം ദേശവ്യാപകമായി ആഘോഷിച്ച് വരികയാണ്. അതിനാൽ കേരളത്തിലെ യുവജനങ്ങൾക്ക് അവരവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം ലഭ്യമാകുന്നുണ്ട്. വർണ്ണാഭമായ രീതിയിലാണ് കേരളോൽസവം എന്ന യൂത്ത് ഫെസ്റ്റിവെൽ എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നത്.

ബോക്സ് 5.17
13-ാം പദ്ധതിയിലെ സമീപന രേഖ

- കേരളത്തിലെ കായികപവിനോദ സംസ്കാരത്തെ പരിപോഷിപ്പിക്കുകയാണ് 13-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. മത്സരാധിഷ്ഠിതവും ഉന്നത പ്രകടനവുമുള്ള പരിപാടികളിൽ പങ്കെടുക്കാൻ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കായികപവിനോദ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനായി നല്ല ആരോഗ്യം, സാംസ്കാരിക നന്മ, വിശാലമായ അടിസ്ഥാനസൗകര്യങ്ങൾ, സാമൂഹിക ഉൾക്ഷമത എന്നേ സാമൂഹിക ലക്ഷ്യങ്ങൾ കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

- 13-ാം പദ്ധതിയിൽ സ്പോർട്സിൽ മൂന്നു തരത്തിലുള്ള ഇടപെടലുകൾ നടത്തേണ്ടത് ആവശ്യമാണ്. ആദ്യത്തെത്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭൗതിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുമായി സമന്വയിപ്പിച്ച്കൊണ്ടുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതും, സ്പോർട്സ് ഹോസ്റ്റലുകളും പരിശീലന സ്ഥാപനങ്ങളും അപ്ഗ്രേഡ് ചെയ്യെണ്ടതുമാണ്. രണ്ടാമത്തെത്, സ്റ്റേഡിയങ്ങൾ, ഉപകരണങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവ ഉൾപ്പെടുന്ന ആധുനിക അടിസ്ഥാന സൌകര്യങ്ങൾ ഉൾകൊള്ളുന്ന പദ്ധതികൾക്കും അവയുടെ പരിപാലനത്തിനുമായി ഫണ്ട് വർദ്ധിപ്പിക്കേണ്ടതാണ്. മൂന്നാമതായി, പദ്ധതികൾ വഴി സ്പോർട്സിനെ ജനപ്രിയമാക്കാൻ ശ്രമിക്കും. വികലാംഗരായ വക്തികൾക്കായുള്ള കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യും.

- സ്പോർട്സ് ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നിവയാണ് കേരളത്തിലെ സ്പോർട്സ് മേഖലയിലെ പ്രധാനപ്പെട്ട രണ്ട് സ്ഥാപനങ്ങൾ. ഇപ്പോൾ അവയുടെ രണ്ടിന്റെയും പ്രവർത്തനങ്ങൾ സമാനതകളുള്ളതാണ്. പതിമൂന്നാം പദ്ധതി അവയോരോന്നിന്റെയും യഥാർത്ഥ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിന് ശ്രമിക്കും. പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെയും ഉപകരണങ്ങൾ വാങ്ങുന്നതിന്റെയും ഉത്തരവാദിത്വം ഡയറക്ടറേറ്റിനാണ്. കായിക നയത്തിന്റെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് കൗൺസിലാണ്.

യുവശക്തി

യുവജനങ്ങളുടെ കഴിവുകളെ പരമാവധി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരളാ സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ് യുവശക്തി എന്ന പദ്ധതി ആരംഭിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൂട്ടായ്മയോടുകൂടി പഞ്ചായത്ത്–മുനിസിപ്പാലിറ്റി തലങ്ങളിൽ കോ–ഓഡിനേഷൻ കമ്മിറ്റികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഓരോ ജില്ലകളിലും അഞ്ച് മുനിസിപ്പാലിറ്റികൾക്കും 100 ഗ്രാമ പഞ്ചായത്തുകൾക്കുമാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നത്. സർക്കാർ ധനസഹായം ഉപയോഗിച്ച് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഈ പ്രോജക്ട് സഹായിക്കുന്നു. മൂന്ന് വിഷയവിദഗ്ദരടങ്ങുന്ന ഏകോപന സമിതിയിൽ 11 അംഗങ്ങളുണ്ട്. ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഓരോ യുവ കോ–ഓർഡിനേറ്റർ തിരഞ്ഞെടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ ചെയ്ത യുവജന ക്ലബ്ബുകളുടെയും അസോസിയേഷനുകളുടെയും സഹായം യുവാശക്തി അതിന്റെ പ്രവത്തനങ്ങൾ നടപ്പാകുന്നതാണ് .

യുവ കർമ്മ സേന

യുവാക്കളിൽ ഉള്ള കഴിവുകൾ ഗ്രാമീണ മേഖലയിലും പ്രയോജനപ്പെടുത്തുക എന്നതാണ് യുവ കർമ്മ സേനയുടെ സുപ്രധാന ലക്ഷ്യം. എല്ലാത്തരത്തിലുമുള്ള സേവനങ്ങൾക്കും തയ്യാറായി ആയിരക്കണക്കിന് യുവാക്കൾ സ്വമനസ്സാലെ മുന്നോട്ട് വരുന്നുണ്ട്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ യുവാക്കളുടെ ഇത്തരത്തിലുള്ള സേവനങ്ങൾ എത്തിക്കുന്നതോടൊപ്പം തന്നെ ഓരോ യൂത്ത് കമ്മ്യൂണിറ്റിയുടെ ഉത്തിരവാദിത്തം ബ്ലോക്ക് യൂത്ത് കോ–ഓഡിനേറ്ററിൽ നിക്ഷിപ്തമാണ്. പ്രഥമ ശുശ്രൂഷ നൽകുന്നതിനും, സാമൂഹ്യ പ്രവർത്തനങ്ങൾക്കും, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഓരോ ബ്ലോക്കിൽ നിന്നും 50 സന്നദ്ധ യുവാക്കളെ തെരഞ്ഞെടുക്കുകയും അവർക്ക് രണ്ട് ദിവസത്തെ തീവ്രപരിശീലനം നല്കി വരികയും ചെയ്യുന്നു. ഈ യുവാക്കൾക്ക് ആവശ്യമായ ഉപകരണങ്ങളും തിരിച്ചറിയൽ കാർഡും നല്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭ്യമായ 7,600 ഓളം യുവാക്കൾ സംസ്ഥാനത്തുണ്ട്. പ്രകൃതിക്ഷോഭങ്ങൾ ഉള്ളപ്പോഴും, യാദൃശ്ചികമായുണ്ടാകുന്ന അപകടങ്ങളും ലഹളകൾ ഉള്ളപ്പോഴും ഇത്തരത്തിൽ പരിശീലനം നേടിയിട്ടുള്ള യുവാക്കൾ സമൂഹത്തിനെ സഹായിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നത് ഒരു അനുഗ്രഹം തന്നെയാണ്. കേരളത്തിൽ തൊഴിൽ രഹിതരായ യുവാക്കളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരികയാണ്. ആകസ്മിക ദുരന്തങ്ങൾ, അപ്രതീക്ഷിത അപകടങ്ങൾ, കലാപം തുടങ്ങിയവയുടെ സമയത്ത് ഈ സന്നദ്ധസേവകരുടെ സേവനം വലിയ അനുഗ്രഹമായിരിക്കും.

വിവിധ ബോധവത്ക്കരണ പരിപാടികൾ, പാരിസ്ഥിതിക ബോധവൽക്കരണം, സാമൂഹ്യ വനപരിപാലന പരിപാടികൾ, പ്രാദേശിക തലങ്ങളിൽ നേച്ചർ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിന് യൂത്ത് ക്ലബുകൾക്ക് സുപ്രധാന പങ്കു വഹിച്ചു വരുന്നു.

എച്ച് ഐ വി/എയ്ഡ്സ് പ്രതിരോധം പരിപാടി

എച്ച്ഐവി /എയ്ഡ്സ് തടയുന്നതിനും ബോധവൽക്കരണത്തിനും സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. യൂത്ത് വെൽഫയർ ബോർഡ്, സംസ്ഥാന/ജില്ലാ യൂത്ത് സെന്ററുകളിലെ പ്രവർത്തനങ്ങളുടെ ഒരു ശൃംഖല രൂപീകരിച്ച് താഴെത്തട്ടിലുള്ള യൂത്ത് ക്ലബുകൾ കൂടാതെ സംസ്ഥാന/ജില്ലാ യുവജന കേന്ദ്രങ്ങളുടെയും കൂട്ടായി പ്രവർത്തിക്കുന്ന മറ്റ് സന്നദ്ധ സംഘടനകളും സംസ്ഥാന എയ്ഡ്സ് സെല്ലും യു.എൻ/നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനുമായി സഹകരിച്ചാണ് ബോർഡ് എച്ച്.ഐ.വി/ എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങൾക്കായുള്ള നിവാരണ പരിപാടികൾ സംഘടിപ്പിക്കുന്നത്

സാഹസിക പ്രവർത്തനങ്ങൾ

യുവജനസംബന്ധമായ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ പിന്തുണ നൽകുന്നുണ്ട്. ചെറുപ്പക്കാരുടെ ഇടയിലെ സാഹസികതയെ പ്രോത്സാഹിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്ന യുവാക്കളുടെ സാഹസിക പരിശീലന

പരിപാടിക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പിന്തുണ നൽകുന്നു. കേരളത്തിൽ നിന്നുള്ള യുവജനങ്ങളുടെ സാഹസികതയുടെ ഗണ്യമായ മാറ്റത്തിന് ഉദാഹരണമാണ് ധീരത അവാർഡിന് എൻട്രികൾ കൂടുതലാണുന്നുള്ളത്. ഇടുക്കി ജില്ലയിലെ മൂന്നാറിലെ ദേവികുളത്താണ് മൂന്നാമത്തെ നാഷണൽ അഡ്വഞ്ചർ അക്കാഡമി സ്ഥാപിച്ചിരിക്കുന്നത്. പാരാഗ്ലൈഡിംഗ്, മലകയറ്റം, ട്രെക്കിങ്ങ് തുടങ്ങിയ സാഹസിക പരിശീലന പരിപാടികൾ അക്കാദമി നടത്തി വരുന്നു.

ബോക്സ് 5.18
13-ാം പദ്ധതിയിലെ സമീപനരേഖ

- കേരളത്തിൽ 18-നും 39-നും ഇടയിലുള്ള ജനങ്ങൾ യുവാക്കളായിട്ടാണ് നിർവചിച്ചിരിക്കുന്നത്. എല്ലായിടത്തും സൂചിപ്പിച്ചതുപോലെ, പതിമൂന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലോന്നാണ് യുവജനങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കൽ. ഈ പദ്ധതി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ ശ്രമിക്കുകയും. കാർഷിക സാമ്പത്തിക മേഖലയെ പ്രോത്സാഹിപ്പിക്കുകയും ബുദ്ധിപരമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് തൊഴിലിലെ സാങ്കേതിക മാറ്റം ആവശ്യമാണ്. അപ്പോൾ മാത്രമേ യുവാക്കൾ ഗ്രാമീണ മേഖലകളിൽ തിരിച്ചെത്താൻ കഴിയൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതി, യുവാക്കൾക്ക് കഴിവുകൾ വികസിപ്പിക്കാനും, ആധുനിക കരകൗശല മേഖലകളിൽ ആഗോള തലത്തിലും, ആഭ്യന്തരമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവരെ വികസിപ്പിക്കാനും ലക്ഷ്യമിടുന്നു.
- കേരളത്തിലെ യുവാക്കളുടെ മതനിരപേക്ഷ സ്വഭാവവും ശാസ്ത്രീയ താത്പര്യവും ശക്തിപ്പെടുത്തുന്നതിന് 13-ാം പദ്ധതിക്ക് പരിപാടികൾ സഹായിക്കും. ലിംഗ നീതിയും സ്ത്രീകളുടെ സ്വതന്ത്രവും ഉറപ്പ് വരുത്തുന്നതിന് ജനകീയ ക്യാമ്പെയ്ന കൾ ആവശ്യമാണ്. ഈ കാര്യത്തിൽ യുവാക്കൾക്ക് ഊന്നൽ നൽകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് മാനേജ് ചെയ്യുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് 1999 പ്രകാരം 1999 നവംബർ 11 ലാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) നിലവിൽ വന്നത്. ആദ്യ ബോർഡ് ചെയർമാനായി സംസ്ഥാന ചീഫ് സെക്രട്ടറിയും മറ്റ് സംസ്ഥാന ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാരും രണ്ട് സാമ്പത്തിക വിദഗ്ദ്ധരും അംഗങ്ങളായിരുന്നു. ഫിനാൻസ് റിസോഴ്സ് സെക്രട്ടറി ഫണ്ട് മാനേജറായിരുന്നു. KIIF(ഭേദഗതി) ആക്ട് 2016 പ്രകാരം KIIF ആക്ട് പരിഷ്ക്കരിച്ചു. ഇതിനാൽ സംസ്ഥാനത്ത് വൻതോതിൽ ഇൻഫ്രാസ്ട്രക്ചർ നിക്ഷേപം നടത്താൻ KIIFB യുടെ ഘടന മാറ്റുകയും സർക്കാരിന്റെ പ്രധാന കരമായി ശാക്തീകരിക്കുകയും ചെയ്തു. പ്രോജക്ടുകൾക്കുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പുറമെ സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) അംഗീകാരം നൽകിയിട്ടുള്ള പുതിയ ഇൻഫ്രാസ്ട്രക്ടർ ഫണ്ട് മൊബിലൈസേഷൻ ഘടനകൾ ഉപയോഗപ്പെടുത്താനും ഈ ഭേദഗതി അനുവദിക്കുന്നു. ഈ ഭേദഗതി ആക്ട് പ്രകാരം ബോർഡിന്റെ പരിഷ്കരിച്ച ഘടന **പട്ടിക 5.26**

–ലും ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ **പട്ടിക 5.27** –ലും കൊടുത്തിരിക്കുന്നു.

മുകളിൽ പറഞ്ഞ ബോർഡിന്റെ സ്വതന്ത്ര അംഗങ്ങളിൽ പ്രൊഫ. സുശീൽഖന്ന, ശ്രീ. സലീം ഗംഗാധരൻ, ശ്രീ. ജെ.എൻ ഗുപ്ത എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സ്വതന്ത്ര അംഗങ്ങളായി നിയമിച്ചിരിക്കുന്നു. ഡോ. കെ. എം. എബ്രഹാം CFA IAS, ചീഫ് സെക്രട്ടറി, ഗവ. (ഫിനാൻസ്) ആണ് നിലവിൽ KIIFB യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. ഗവൺമെന്റ് ഫിനാൻസ് വകുപ്പിന്റെ –ഫിനാൻസ് (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് കീഴിൽ KIIFB യുടെ ഒരു പ്രത്യേക ഭരണകാര്യ വിഭാഗം സ്ഥാപിക്കുകയുണ്ടായി. ഈ വിഭാഗം KIIFB യോടൊപ്പം പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ വിവിധ പ്രധാനപ്പെട്ട ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് ഫണ്ടുകൾ സമാഹരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും KIIFB ഒരു പ്രധാന സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) ആയി പ്രവർത്തിക്കും. KIIFB യുടെ സംഘടിതവും പ്രൊഫഷണൽ സമീപനവും വഴി സർക്കാരിന്റെ പ്രധാന കരമായി പ്രവർത്തിക്കുകയും സംസ്ഥാനത്തിന്റെ ക്ഷേമവും സമൃദ്ധിയും ഉറപ്പുവരുത്തുന്നതിന് ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രണം, തടസ്സരഹിതവും സുസ്ഥിരവുമായ വികസനം സാധ്യമാക്കുകയും ചെയ്യുന്നു. ഇതിന് മൊത്തം പദ്ധതി തുക കുറഞ്ഞത് 100 കോടി രൂപയ്ക്ക് മുകളിൽ ആയിരിക്കണം. എല്ലാ മേഖലകളിലും ദ്രുതഗതിയിലുള്ള സാമൂഹികവും സാമ്പത്തികവുമായ വികസനം സമാന്തരമായി സ്ഥാപിക്കാൻ സാമൂഹ്യവും ഭൗതീകവുമായ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളാണ് നിക്ഷേപത്തിനായി പരിഗണിക്കപ്പെടുന്നത്. ആധുനിക നിക്ഷേപ ഘടനകളായ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റമെന്റ് ട്രസ്റ്റ് (InVIT), ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് (IDF), ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (AIF), സാമ്പത്തിക ഉപകരണങ്ങളായ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകളും ലാന്റ് ബോണ്ടുകളും ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകളും കേരളാ സ്റ്റേറ്റ് ഫിനാൻസിംഗ് എന്റർപ്രൈസസ് (KSFE) പോലുള്ള സർക്കാർ ഫിനാൻഷ്യൽ ഏജൻസികൾ വഴി നിലവിലുള്ള നിക്ഷേപ പാക്കേജുകൾ; ഗ്രാന്റുകൾ, ആന്വിറ്റീസ്, ഗവൺമെന്റിന്റെ വിവിധ ഗ്യാരന്റീട് പേമെന്റുകൾ, ഇൻവെസ്റ്റമെന്റിൽ നിന്നുള്ള റിട്ടേണുകൾ, ആഭ്യന്തര/ഉഭയകക്ഷി/ബഹുരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തുടങ്ങിയ ഒന്നിലധികം നിക്ഷേപ

പട്ടിക 5.26
ബോർഡിന്റെ പരിഷ്കരിച്ച ഘടന

1	മുഖ്യമന്ത്രി	ചെയർപേഴ്സൺ
2	ധനകാര്യ മന്ത്രി	വൈസ് ചെയർപേഴ്സൺ
3	ചീഫ് സെക്രട്ടറി	മെമ്പർ
4	വൈസ് ചെയർപേഴ്സൺ, സംസ്ഥാന ആസൂത്രണ ബോർഡ്	മെമ്പർ
5	നിയമവകുപ്പ് സെക്രട്ടറി	മെമ്പർ
6	ധനകാര്യ വകുപ്പ് സെക്രട്ടറി	മെമ്പർ
7	ഫിനാൻസ് റിസോഴ്സ് സെക്രട്ടറി	മെമ്പർ
8	ധനകാര്യം, ബാങ്കിംഗ്, ഇക്കണോമിക്സ് മെമ്പർ എന്നിവയിലൊന്നോ അതിലധികമോ മേഖലകളിൽ ദേശീയ ഖ്യാതിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള ഏഴ് വിദഗ്ദ്ധർ സ്വതന്ത്ര അംഗങ്ങൾ	മെമ്പർ
9	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	മെമ്പർ സെക്രട്ടറി

പട്ടിക 5.27
ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

a)	ധനകാര്യമന്ത്രി	ചെയർപേഴ്സൺ
b)	ചീഫ്സെക്രട്ടറി	മെമ്പർ
c)	നിയമ വകുപ്പ് സെക്രട്ടറി	മെമ്പർ
d)	ധനകാര്യ വകുപ്പ് സെക്രട്ടറി	മെമ്പർ
e)	ഫിനാൻസ് റിസോഴ്സ് സെക്രട്ടറി	മെമ്പർ
f)	ഗവൺമെന്റ് തെരഞ്ഞെടുക്കുന്ന മൂന്ന് സ്വതന്ത്ര അംഗങ്ങൾ	മെമ്പർ
g)	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	മെമ്പർ സെക്രട്ടറി

നിലവിൽ ബോർഡിലെ സ്വതന്ത്ര അംഗങ്ങൾ

1. ഡോ. ഡി. ബാബുപോൾ, മുൻ ഫിനാൻസ് സെക്രട്ടറി, ഗവ. ഓഫ് കേരള
2. പ്രൊഫ. സി.പി. ചന്ദ്രശേഖർ, പ്രൊഫസർ, സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് & പ്ലാനിംഗ്, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ന്യൂഡൽഹി
3. പ്രൊഫ. സുശീൽ ഖന്ന, പ്രൊഫസർ, (ഇക്കണോമിക്സ് & ഫിനാൻസ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്ത
4. ശ്രീ. സലീം ഗംഗാധരൻ, മുൻ റീജണൽ ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം
5. ശ്രീ. ജെ.എൻ ഗുപ്ത, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, SEBI & മാനേജിംഗ് ഡയറ-ക്ടർ, സ്റ്റോക്ക് ഹോൾഡേഴ്സ് എംപവർമെന്റ് സർവ്വീസസ്
6. ശ്രീ. രാധാകൃഷ്ണൻ നായർ, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI)
7. ഡോ. സുദീപ്തോ മുണ്ടേ, പതിനാലാമത് ഫിനാൻസ് കമ്മീഷൻ മെമ്പർ, സ്ട്രാറ്റജി ആന്റ് പോളിസി ഡിപ്പാർട്ട്മെന്റ്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് (ADB) മുൻ ഡയറക്ടർ, എമറിറ്റസ് പ്രൊഫസർ ആന്റ് മെമ്പർ, ബോർഡ് ഓഫ് ഗവണേഴ്സ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആന്റ് പോളിസി (NIPFP)。

വഴികളിലൂടെ KIIFB അതിന്റെ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്.

2016-17 -ലെ പരിഷ്ക്കരിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ 24,192 കോടി രൂപയുടെയും 2017-18- ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 23,251 കോടി രൂപയുടെയും മൊത്തം 92 ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ KIIFB യിലൂടെ നടപ്പിലാക്കാൻ പ്രഖ്യാപിച്ചു. KIIFB യുടെ പ്രോജക്ടുകളുടെ ആശയം, രൂപകല്പന, സമർപ്പിക്കൽ എന്നിവയ്ക്ക് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. KIIFB ഫണ്ടു ചെയ്ത പ്രോജക്ടുകൾക്ക് ബാധകമാകുന്ന സെന്റേജ് ചാർജ്ജുകളുടെ പലിശ നിരക്കുകളും പണം അടയ്ക്കൽ വ്യവസ്ഥകളും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) പബ്ലിക് ഏജൻസി, KIIFB എന്നിവയ്ക്കിടയിലുള്ള ത്രിപാക്ഷ കരാറിന്റെ നടപടി ക്രമവും, ഫോർമാറ്റും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ധന വിപണിയിൽ നിന്ന് വായ്പയെടുക്കാൻ KIIFB യുടെ വിത്ത് മൂലധന കോർപ്പസിന് 2,498.42 കോടി രൂപ വകയിരുത്തുന്നതിന് പുറമെ മോട്ടോർ വെഹിക്കിൾ ടാക്സ് വിഹിതത്തിന് 281.43 കോടി രൂപയും പെട്രോളിയം ഉല്പന്നങ്ങളുടെ സെസായി 448.1 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2017-18 -ലെ നിശ്ചിത ഓഹരിയുടെ ആദ്യ ഗഡുവായി മോട്ടോർ വെഹിക്കിൾ ടാക്സ് വിഹിതത്തിന്റെ 210 കോടി

പട്ടിക 5.28
KIIFB അംഗീകരിച്ച പ്രോജക്ട്കളുടെ എണ്ണവും മൊത്തം അടങ്കൽ തുക*
(രൂപ കോടിയിൽ)

ക്രമ നം.	മേഖല	പ്രോജക്ട്കളുടെ എണ്ണം	മൊത്തം അടങ്കൽ തുക
1.	റോഡ്	55	1,761.99
2.	റെയിൽവേ ഓവർ ബ്രിഡ്ജ്	15	447.56
3.	ബ്രിഡ്ജ്	19	263.09
4.	ഫ്ലൈ ഓവറുകൾ (ലൈറ്റ് മെട്രോ ഫ്ലൈ ഓവറുകൾ ഉൾപ്പെടെ)	6	453.01
5.	സ്കൂളുകൾ	24	562.61
6.	സ്പോർട്സ്	8	117.89
7.	ആരോഗ്യം	4	293.68
8.	വിനോദസഞ്ചാരം	1	39.42
9.	ഇൻഫർമേഷൻ ടെക്നോളജി (IT)	3	1,174.13
10.	വനമേഖല	1	100
11.	പൊതു വിദ്യാഭ്യാസം (Hi-Tech)	1	493.5
12.	ദേവസ്വം	1	141.75
13.	ഊർജ്ജ മേഖല	2	521.73
14.	ജലസേചനം	1	88.93
15.	ഇൻഡസ്ട്രീസ്	2	1565.17
16.	ജലവിഭവം	1	1257.1
	ആകെ	**144**	**9,281.56**

അവലംബം: KIIFB
**2017 സെപ്റ്റംബർ വരെയുള്ള കണക്ക്*

രൂപയും പെട്രോളിയം ഉല്പന്നങ്ങളുടെ സെസിൽ 165 കോടി രൂപയും സർക്കാർ അനുവദിച്ചു. ഈ തുക KIIFB ക്ക് ഉടൻ കൈമാറും. വിത്ത് മൂലധന കോർപ്പസ്, ട്രഷറിയിൽ പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു. വിവിധ പ്രോജക്ട്കൾ ഫണ്ടുകളെ കൈപ്പറ്റുന്ന പ്രക്രിയ ആരംഭിക്കേണ്ടതിനാൽ മറ്റ് തുകയെല്ലാം വിവിധ സ്ഥിര നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

KIIFB, പ്രോജക്ട്കളുടെ വേഗത്തിലുള്ള അംഗീകാരത്തിനും പ്രശ്ന രഹിതമായ ഫണ്ട് റിലീസിനും വേണ്ടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ സമഗ്രമായ ഒരു ഓൺലൈൻ പ്രോജക്ട് സമർപ്പണം, പണമിടപാട് സംവിധാനം സ്ഥാപിക്കുകയുണ്ടായി. 2016 -ൽ ബോർഡ് പുനഃസംഘടിപ്പിച്ചതിനു ശേഷം ബഹു. മുഖ്യമന്ത്രി ചെയർമാനായ KIIFB ജനറൽ ബോഡി നാലു തവണ കൂടിക്കാഴ്ച നടത്തി. ഇതുവരെ മൊത്തം അടങ്കൽ തുകയായ 9,281.56 കോടി രൂപ 144 പ്രോജക്ട്കൾ/സബ് പ്രോജക്ട്കൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്ട്കൾ നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. KIIFB അംഗീകരിച്ച പ്രോജക്ട്കളുടെ എണ്ണവും മൊത്തം അടങ്കൽ തുകയും **പട്ടിക 5.28** -ൽ ചേർത്തിരിക്കുന്നു.

വാർത്താവിതരണവും പ്രചാരണവും

കേരളത്തിൽ സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, പദ്ധതികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ പൊതു ജനങ്ങളിലെത്തിക്കാനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് വിവര പൊതുജന സമ്പർക്ക വകുപ്പാണ് . ഈ വകുപ്പ് സർക്കാരിനും അതിന്റെ ഭാഗമായ പൊതു ജനതയ്ക്കും ഇടയിലുള്ള ആശയ വിനിമയ ധാര നിലനിർത്തുകയും അതു വഴി ജനങ്ങളുടെ പ്രതികരണങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

പത്ര പ്രവർത്തനം, ദൃശ്യ വാർത്താവിനിമയം ,തുടങ്ങിയ മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ പൊതു സ്വകാര്യ രംഗങ്ങളുടെ ഭരണപരവും സാങ്കേതികവും പ്രചരണപരവുമായ കാര്യങ്ങൾ ഇവ ഏറ്റെടുത്തു നടത്തുന്നു. സർക്കാരിന്റെ നയങ്ങളും പ്രവർത്തനങ്ങളും ജനപ്രിയമാക്കുവാൻ വേണ്ടി ആധുനിക മാധ്യമങ്ങൾ ജന സമ്പർക്ക സാങ്കേതിക വിദ്യകൾ എന്നിവയുടെ സഹായത്തോടെ സർക്കാർ മാധ്യമ ബന്ധങ്ങൾ ഉണ്ടാക്കുക, പൊതു ജന സമ്പർക്ക വകുപ്പ് ജീവനക്കാരുടെ കഴിവ് വികസിപ്പിക്കുകയും മേച്ചപ്പെട്ട തൊഴിൽ പശ്ചാത്തലം നൽകുകയും തുടങ്ങിയ പുതിയ പ്രവർത്തന രീതികൾ ആരംഭിക്കുവാൻ ഈ വകുപ്പ് ആഗ്രഹിക്കുന്നു. 2016–17 വർഷം വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും വിശദാംശങ്ങളുടെ സംക്ഷിപ്ത വിവരണം **ബോക്സ്** 5.19 –ൽ കൊടുത്തിരിക്കുന്നു.

ഇലക്ട്രോണിക് മീഡിയാ വിഭാഗം

വാർത്താ വിതരണം ,ദൃശ്യ ശ്രാവ്യ ഡോക്കുമെന്റെഷൻ, ഇലക്ട്രോണിക് മീഡിയാ പരസ്യ മാർക്കറ്റിംഗ് ,വെബ് & ന്യൂ മീഡിയ എന്നീ നാലു വിഭാഗങ്ങളിലായി 2008 ഒക്റ്റോബറിലാണ് ഇലക്ട്രോണിക് മീഡിയാ വിഭാഗം രൂപീകരിച്ചത്. മീഡിയാ ചാനലുകൾക്ക് വീഡിയോ ന്യൂസ് ക്ലിപ്പുകൾ നൽകൽ, പരസ്യങ്ങളുടെ നിർമ്മാണവും നിയന്ത്രണവും കഴിവുറ്റതാക്കൽ, ഡോക്കുമെന്ററികൾ, മുഖ്യ മന്ത്രിയുടെ നാം മുന്നോട്ട് പരിപാടി, വീഡിയോ ആർക്കൈവുകൾ പരിപാലിച്ചു നിലനിർത്തൽ എന്നിവ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. ഇലക്ട്രോണിക് മീഡിയാ വിഭാഗത്തിലെ ആഡിയോ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗമാണ് വിവിധ വീഡിയോ മാഗസിൻ പരിപാടികൾ നിർമ്മിക്കുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്യുന്നത് .

നാം മുന്നോട്ട്

ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ പരാതി പരിഹാര ചർച്ചാ പരിപാടിയായ നാം മുന്നോട്ട് (സുതാര്യ കേരളത്തിന്റെ പുതിയ പതിപ്പ്) വകുപ്പാണ് നടപ്പിലാക്കുന്നത്. ദൂരദർശനാണ് പരിപാടി സംപ്രേക്ഷണം ചെയ്യുന്നത്, ഇതിന്റെ ശ്രവ്യാവിഷ്ക്കാരം ആകാശവാണിയുടെ എല്ലാ സ്റ്റേഷനുകളിലൂടെയും പ്രക്ഷേപണം ചെയ്യുന്നുമുണ്ട്. പ്രധാനപ്പെട്ട മലയാളം വാർത്താ ചാനലുകളിലൂടെയും പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിന് വകുപ്പ് ആലോചിക്കുന്നുണ്ട് .

മീഡിയാ ബന്ധങ്ങൾ – പത്ര പ്രസ്താവനയും ഫോട്ടോ പ്രചാരണവും

സർക്കാരിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വാർത്താ റിപ്പോർട്ടുകളും മറ്റു ഔദ്യോഗിക വിജ്ഞാപനങ്ങളും സ്ഥിരമായി വിതരണം ചെയ്യുന്നത് വകുപ്പിന്റെ പത്ര പ്രസ്താവന വിഭാഗമാണ്. അവധി ദിവസമുൾപ്പെടെ എല്ലാ ദിവസവും പന്ത്രണ്ടു മണിക്കൂറും ഈ വകുപ്പ് പ്രവർത്തിക്കുന്നു . പ്രസ് മീറ്റുകൾ നടത്തുക, റിപ്പോർട്ടിംഗ് സുഗമമാക്കുന്നതിന് മെച്ചപ്പെട്ട സൌകര്യങ്ങൾ മീഡിയാ റിപ്പോർട്ടർമാർക്ക്

ബോക്സ് 5.19
പ്രധാന പ്രവർത്തനങ്ങൾ

- സർക്കാരിന്റെ നയങ്ങളും പരിപാടികളും പ്രസിദ്ധപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
- സർക്കാർ ഏറ്റെടുത്തു നടത്തുന്ന വികസന ക്ഷേമ പദ്ധതികളെ കുറിച്ച് അച്ചടി, ദൃശ്യ, ശ്രാവ്യ,നൂതന മാധ്യമങ്ങളിലൂടെ വൻ പ്രചാരം നൽകുക.
- ഇംഗ്ലീഷിൽ കേരളാ കാളിംഗ്, മലയാളത്തിൽ സമകാലിക ജനപഥം തുടങ്ങിയ മാസികകൾ പ്രസിദ്ധീകരിക്കുക. സാമൂഹ്യ വികസന വിഷയങ്ങളിൽ ലഘുലേഖകൾ പ്രസിദ്ധീകരിക്കുക.
- ഗവണ്മെന്റ് വെബ് പോർട്ടൽ ,ന്യൂസ് പോർട്ടലുകളായ www.kerala.gov.in, www.keralanews.in,മറ്റു വെബ്സൈറ്റുകളായ www.prd.kerala.gov.in, www.rti.kerala.gov.in., മന്ത്രിമാരുടെ വെബ്സൈറ്റുകളുടെയും ഉള്ളടക്കം കൈകാര്യം ചെയ്യൽ.
- ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും നൽകൽ.
- സംസ്കാരം, വിദ്യാഭ്യാസം, പാരമ്പര്യ കലാരൂപങ്ങൾ, പ്രമുഖ വ്യക്തിത്വങ്ങൾ, ജില്ലാ കൈപുസ്തകം, കേരളത്തെ കുറിച്ചുള്ള ആധികാരികമായ കൈ പുസ്തകം എന്നീ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ.
- മുഖ്യ മന്ത്രിയുടെ പരാതി പരിഹാര ടെലിവിഷൻ പരിപാടി തയ്യാറാക്കൽ.
- എല്ലാ ജില്ലകളിലെയും ഇൻഫർമേഷൻ ഓഫീസുകളുടെയും വാർത്താ പ്രചരണ കേന്ദ്രങ്ങളുടെയും പ്രവർത്തനം.
- സംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്കാരിക താൽപര്യത്തിന് യോജിച്ച വകുപ്പ് നിർമ്മിച്ചതോ വാങ്ങിയതോ ആയ ഫീച്ചർ ഫിലുമുകൾ, ഡോക്യുമെന്ററികൾ, ഹ്രസ്വ ചിത്രങ്ങൾ മുതലായവയുടെ സ്ക്രീനിംഗ്.
- സർക്കാർ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഔദ്യോഗിക ഏജൻസി.
- ദൃശ്യ കലകൾ ഉൾപ്പെടെ മൾട്ടി മീഡിയാ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ.
- കേബിൾ റ്റി.വി.ആക്റ്റ്, പ്രസ്സ് & രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്റ്റ് എന്നിവയ്ക്കുള്ള എംഫോഴ്സ്മെൻറ് ഏജൻസിയായി പ്രവർത്തിക്കുന്നു.

നൽകൽ എന്നിവയാണ് മീഡിയാ റിലേഷൻസ് വിഭാഗത്തിന് കീഴിൽ വരുന്ന പ്രധാന പ്രവർത്തനങ്ങൾ. എല്ലാ മാസവും ഈ വിഭാഗം പത്ര പ്രസ്താവന പുറത്തിറക്കാറുണ്ട്. എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളും സ്ഥിരമായി പത്ര പ്രസ്താവന പുറത്തിറക്കാറുണ്ട്. ഈ പ്രസ്താവനകൾ മീഡിയയ്ക്ക് ഇ-മെയിൽ ചെയ്യുകയും വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും .

ഗവണ്മെന്റ് വെബ് പോർട്ടലും മെയിൽ സെർവർ നിലനിർത്തലും

സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തെ കുറിച്ചുള്ള വിവരങ്ങളും വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളും വിവരിക്കുന്ന സർക്കാർ വെബ് പോർട്ടലായ www.kerala.gov.in എന്ന വെബ് പോർട്ടലിന്റെ ഉള്ളടക്കം കൈകാര്യം ചെയ്യുന്നത് വെബ് ആന്റ് ന്യൂ മീഡിയാ വിഭാഗമാണ്. ഈ പോർട്ടലാണ് ഗവണ്മെന്റ് ഉത്തരവുകളും സർക്കുലറുകളും, കാബിനറ്റ് തീരുമാനങ്ങളെ തുടർന്ന് വരുന്ന ഉത്തരവുകളും ലഭ്യമാക്കുന്നത് .

ഫീൽഡ് പബ്ലിസിറ്റി, പ്രദർശനങ്ങൾ, സ്പെഷ്യൽ പബ്ലിക് റിലേഷൻസും, സംസ്ക്കാരവും

സർക്കാർ നയങ്ങളെയും പദ്ധതികളെയും കുറിച്ച് സംസ്ഥാന, ജില്ലാതലങ്ങളിൽ വേണ്ടത്ര പ്രചാരണം നൽകുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികളും പദ്ധതികളും

ഫീൽഡ് പബ്ലിസിറ്റി വിഭാഗം സംഘടിപ്പിക്കുന്നു. ഇതിനായി പ്രദർശനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, സമൂഹ മാധ്യമങ്ങൾ ,വിവിധ മാധ്യമ പരിപാടികൾ ,കലാ സാംസ്കാരിക രൂപങ്ങൾ എന്നിവ ഉപയോഗിക്കുന്നു.

ടാഗോർ തീയേറ്ററിന്റെ നവീകരണം

ടാഗോർ തീയേറ്ററിന്റെ നവീകരണം പൂർത്തിയായി. സംസ്ഥാനത്ത് പ്രത്യേകിച്ചും തലസ്ഥാന നഗരിയിൽ വളരെ പ്രിയമുള്ള സാംസ്കാരിക കേന്ദ്രങ്ങളിലൊന്നായി തീയേറ്റർ മാറി.

അദ്ധ്യായം 06

പ്രാദേശിക സർക്കാരുകൾ

06 അദ്ധ്യായം

പ്രാദേശിക സർക്കാരുകൾ

6.1 വികേന്ദ്രീകൃത ആസൂത്രണം

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ കേരളത്തിന്റെ വികേന്ദ്രീകരണ ഉദ്യമങ്ങൾ പൊതു ഭരണ നിർവ്വഹണ രംഗത്ത് നടപ്പിലാക്കിയ ഏറ്റവും മികച്ച സ്ഥാപനതല പരിഷ്ക്കാരങ്ങളിൽ ഒന്നായി ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1996 ആഗസ്റ്റ് 15 ന് ജനകീയാസൂത്രണ ക്യാംപയിനിലൂടെ ഒരു മഹാ വിസ്ഫോടന സമീപനത്തോടെയായിരുന്നു (Big bang approach) കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചത്. ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള പഞ്ചായത്ത് രാജ് നിയമവും (1994), കേരള നഗര പാലിക നിയമവും (1994) നിർമ്മിച്ചതിന് തുടർച്ചയായിഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്താണ് കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചത്. പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ പുനരാവിഷ്ക്കരിച്ച് 'കേരള വികസന പദ്ധതി' എന്ന പേരിൽ നടപ്പിലാക്കി. 'ജനകീയാസൂത്രണത്തിന്റെ' ആശയങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വികേന്ദ്രീകരണത്തിന്റെ സ്ഥാപനവൽക്കരണ പ്രക്രിയ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെപതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രക്രിയ പൂർണ്ണമായും നവീകരിച്ചു. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾക്കാണ് പന്ത്രണ്ടാംപഞ്ചവത്സര പദ്ധതിക്കാലത്ത് ഊന്നൽ നൽകിയത്. ജനകീയ ആസൂത്രണത്തിന്റെ രണ്ടാഘട്ടത്തിലും കേരളത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. സാമൂഹിക സാമ്പത്തിക രംഗത്ത് സംസ്ഥാനം അഭിമുഖീകരിക്കുന്ന രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് പതിമൂന്നാം പദ്ധതിയുടെ പ്രധാന ദൗത്യം.ശക്തമായ ഭരണ രാഷ്ട്രീയ ഇടപെടലുകൾ നടത്തുന്നതിനൊപ്പം യഥാർത്ഥ ജനപങ്കാളിത്തം ഉറപ്പാക്കി രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ ഏറ്റവും സവിശേഷമായ ഘടകം സുതാര്യവും, സമത്വവും മാനദണ്ഡങ്ങളിൽ അധിഷ്ഠിതവുമായ ധനകാര്യ വികേന്ദ്രീകരണം ആണ്. ഇപ്രകാരം സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിൽ നിന്നുംഒരു നിശ്ചിത തുക വികസന ഫണ്ടായി പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക്നൽകുന്നുണ്ട്. വികേന്ദ്രീകരണത്തിന്റെ ആരംഭകാലം (1997–98) മുതൽ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ ഏകദേശം 25

ശതമാനം തുക പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക ജനറൽ പർപ്പസ് ഫണ്ടായും 5.5 ശതമാനം തുക മെയിന്റനൻസ് ഫണ്ടായും എല്ലാ വർഷവും നൽകുന്നു. സർക്കാർ പുറപ്പെടുവിക്കുന്ന പൊതു മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്.

കേരളത്തിൽ 941 ഗ്രാമപ്പഞ്ചായത്തുകൾ, 152 ബ്ലോക്ക്പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർറേഷനുകൾ ഉൾപ്പെടെ 1200 തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പൊതുവിഭാഗം, പട്ടിക ജാതിക്കാർക്കുള്ള പ്രത്യേകപദ്ധതി (എസ്.സി.എസ്.പി), പട്ടിക വർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് വികസനഫണ്ട് അനുവദിക്കുന്നത്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 2011–12 മുതൽ 2015–16 വരെയുള്ള കാലയളവിൽ ഓരോ വിഭാഗത്തിലും വികസന ഫണ്ട് അനുവദിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉണ്ടായ വർദ്ധനവിനനുസരിച്ച് പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതവും വർദ്ധിപ്പിച്ചിട്ടുണ്ട്. 2011–12 മുതൽ 2015–16 വരെയുള്ള കാലയളവിൽ മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 25 ശതമാനം തുക തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് കൈമാറണമെന്ന് നാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത തുകയിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ലോക ബാങ്ക് സഹായമുള്ള പ്രോജക്ടായ 'കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ്ഡെലിവറി പ്രോജക്ടിൽ (കെ.എൽ.ജി.എസ്.ഡി.പി) നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടും ഉൾപ്പെടുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവലോകനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ പദ്ധതി മാർഗ്ഗരേഖയിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. മുഖ്യമായും മേഖലാപരിധിയിലും പദ്ധതിയുടെപരിശോധനയിലുമാണ് മാറ്റങ്ങളുണ്ടായത്. ആദ്യ നാലു വർഷങ്ങളിൽ ഉല്പാദന മേഖലയിൽ കുറഞ്ഞ പരിധി ഉണ്ടായിരുന്നില്ല. പശ്ചാത്തലമേഖലയിൽ, പൊതുവിഭാഗത്തിലെ പദ്ധതി വിഹിതത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക്പഞ്ചായത്തുകൾക്കും 45 ശതമാനവും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 55 ശതമാനവും ജില്ലാ പഞ്ചായത്തുകൾക്ക് 50 ശതമാനവും പരിധിനിശ്ചയിച്ചിരുന്നു. ഇതിനു പുറമെ വികസനഫണ്ടിന്റെ 10 ശതമാനം വനിത ഘടക പദ്ധതിക്കും 5 ശതമാനം കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, സാന്ത്വന ചികിത്സ ആവശ്യമുള്ളവർ, മറ്റു ദുർബല വിഭാഗങ്ങൾ എന്നിവർക്ക് വേണ്ടിയും മാറ്റിവെച്ചു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ നാല് വർഷത്തെ അനുഭവം പുതിയ സർക്കാർ വിലയിരുത്തിയതിനു ശേഷം 2016–17 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയ്ക്ക് കുറഞ്ഞത് 20 ശതമാനവും ശുചിത്വ മാലിന്യ സംസ്കരണത്തിന് കുറഞ്ഞത് 10 ശതമാനവും നിർബന്ധമാക്കിയിരുന്നു. പന്ത്രണ്ടാം പദ്ധതിക്കാലത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വികസന ഫണ്ട് ഇനത്തിൽ വകയിരുത്തിയ തുകയുടെ കണക്കുകൾ **പട്ടിക 6.1.1** –ൽ ചേർക്കുന്നു.

ഒരു സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാകുന്ന മൊത്തം വികസന ഫണ്ടിൽ മുൻവർഷം വിനിയോഗിക്കാൻ കഴിയാത്ത തുക കൂടി ഉൾപ്പെട്ടിരുന്നു. എന്നാൽ മുൻവർഷത്തിൽ ചെലവഴിക്കാൻ കഴിയാത്ത തുക അടുത്ത സാമ്പത്തിക വർഷത്തെ പ്രാരംഭബാക്കിയായി വകയിരുത്തി ഉപയോഗിക്കുന്ന രീതി 2016 ഏപ്രിൽ 1 മുതൽ നിർത്തലാക്കി. 12–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക 21,728.00 കോടി രൂപയാണ്. ഇതിൽ 19,001.75 കോടി രൂപ ചെലവഴിച്ചു (**പട്ടിക 6.1.2** കാണുക). ഇത് സൂചിപ്പിക്കുന്നത് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ 87 ശതമാനം തുക വിവിധ പ്രാദേശിക സർക്കാരുകൾ ചെലവഴിച്ചിട്ടുണ്ട് എന്നാണ്.

പട്ടിക 6.1.1
തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്–പന്ത്രണ്ടാം പദ്ധതി
(രൂപ കോടിയിൽ)

വർഷം	സംസ്ഥാന പദ്ധതി വിഹിതം*	തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്	മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം
2012–13	14010.00	3228.00	23.04
2013–14	17000.00	4000.00	23.52
2014–15	20000.00	4700.00	23.50
2015–16	20000.00	4800.00	24.00
2016–17	24000.00	5000.00	20.83
ആകെ	**95010.00**	**21728.00**	**22.90**

** കെ.എസ്.ഇ.ബി വിഹിതം ഉൾപ്പെടെ*

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം പ്രാവർത്തികമാക്കിയ പ്രധാന മാറ്റങ്ങൾ

രണ്ട് പതിറ്റാണ്ടുകളായി കേരളം പിന്തുടരുന്ന വികേന്ദ്രീകൃത ആസൂത്രണ അനുഭവം സമാനതകൾ ഇല്ലാത്തതും ലോകമാകെ അംഗീകരിച്ചിട്ടുള്ളതും ആണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനം വിഭാവനം ചെയ്യുന്നത് മുൻ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ജനാധിപത്യ ഭരണ നിർവ്വഹണത്തിന്റെ പൂർണ്ണതോതിലുള്ള നവീകരണമാണ്. അവലോകന വർഷത്തിൽ കേരളത്തിലെ പ്രാദേശികതല പങ്കാളിത്ത ആസൂത്രണത്തിന്റെ രീതിശാസ്ത്രത്തിൽ പ്രധാനപ്പെട്ട മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ മാറ്റങ്ങൾ 13–ാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയ്ക്ക് അനുസരണമായിട്ടായിരുന്നു. പ്രാദേശികതല പദ്ധതി രൂപീകരണത്തിനും അതിന്റെ നടത്തിപ്പിനും വേണ്ടി പുതിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചുകൊണ്ടാണ് കേരളത്തിലെ രണ്ടാം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അതുവഴി പദ്ധതി നടത്തിപ്പിലെ കാലവിളംബം ഒഴിവാക്കുകയും ചെയ്യുക എന്നതാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രധാന ലക്ഷ്യം. ഇതുവരെ പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടായിരുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ കാരണം പദ്ധതി രൂപീകരണത്തിനും അതിന്റെ അംഗീകാരത്തിനും പദ്ധതി നടത്തിപ്പിനെക്കാൾ കൂടുതൽ സമയം ആവശ്യമായി വന്നിരുന്നു. അതിനാൽ പ്രാദേശിക സർക്കാരുകൾ

പട്ടിക 6.1.2
വികസന ഫണ്ട്–പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ
വർഷം തിരിച്ചുള്ള വിഹിതവും ചെലവും (രൂപ കോടിയിൽ)

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതത്തിന്റെ ശതമാനം
2012–13	3,228.00	2,741.97	85.00
2013–14	4,000.00	3,918.27	98.00
2014–15	4,700.00	4,033.94	86.00
2015–16	4,800.00	4,467.76	93.00
2016–17	5,000.00	3,839.81	76.00
ആകെ XII –ാം പദ്ധതി	21,728.00	19,001.75	87.00

**കെ.എസ്.ഇ.ബി വിഹിതം ഉൾപ്പെടെ*

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തിരക്കിട്ട് പദ്ധതികൾ നടപ്പാക്കുന്നതിന് നിർബന്ധിതരായിരുന്നു. ഇതുമൂലം ചെലവുകൾമാർച്ച് മാസത്തിൽ കുമിഞ്ഞുകൂടുന്ന സ്ഥിതി സംജാതമായി. പുതുക്കിയ പദ്ധതി മാർഗ്ഗരേഖ നടപ്പിൽ വരുത്തിയതോടെ സംസ്ഥാനത്തെ ഏല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും 2017–18 വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ 2017 ജൂൺ 15 –ന് മുമ്പ് പൂർത്തിയാക്കാൻ കഴിഞ്ഞു. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ ചരിത്രത്തിലെ മുൻ അനുഭവമില്ലാത്ത ഒരു നേട്ടമായി ഇതിനെ കണക്കാക്കാം. ഇക്കാരണത്താൽ പദ്ധതി നിർവ്വഹണം കാലേക്കൂട്ടി ആരംഭിക്കാൻ കഴിഞ്ഞു. 2018–19 വാർഷിക പദ്ധതി രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ തന്നെ അടുത്ത വർഷത്തെ പദ്ധതിക്ക് അംഗീകാരം നേടുകയാണ് ലക്ഷ്യം. ഇതിന്റെ പരണിത ഫലമായി, 2018–19 കാലയളവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും ബഡ്ജറ്റും ആദ്യമായി സംയോജിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുന്ന നഗരവത്ക്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് 13 –ാം പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. നഗരവത്ക്കരണത്തിന്റെ ഫലമായുണ്ടാകുന്ന വെല്ലുവിളികളെ തരണം ചെയ്യുന്നതിനും അവസരങ്ങളെ മുതലാക്കുന്നതിനും പ്രത്യേക പദ്ധതികളും അനുയോജ്യ തന്ത്രങ്ങളും ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്ത് ആദ്യമായി നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേകം മാർഗരേഖ പുറപ്പെടുവിച്ചു. ഇതുപോലെ നടപ്പ് സാമ്പത്തിക വർഷം തുടക്കം കുറിച്ച പ്രധാനപ്പെട്ട മറ്റൊരു പ്രവർത്തനമാണ് ജില്ലാ പദ്ധതി രൂപീകരണം. ജില്ലാ ആസൂത്രണ സമിതികളുടെ ഭരണഘടനാപരമായ ചുമതലയാണ് ജില്ലയിലെ വിവിധ തലങ്ങളിൽ ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സംയോജിപ്പിക്കുകയും ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി രൂപീകരിക്കുകയും ചെയ്യുക എന്നത്. ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ സംസ്ഥാന സർക്കാർ ഇതിനോടകം തന്നെ പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ ജില്ലാ ആസൂത്രണ സമിതികൾ പദ്ധതി രൂപീകരിക്കുന്ന പ്രവർത്തനങ്ങളുമായി വളരെയേറെ മുന്നോട്ട് പോകുകയും ചെയ്തിട്ടുണ്ട്. അതിനാൽ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018–19 –ലെ പദ്ധതിയുടെ ഭാഗമാക്കാൻ കഴിയും.

പദ്ധതി നിർവഹണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിരുന്നതെങ്കിലും കാലക്രമത്തിൽ അവ അഴിമതിയുടെ ഏജൻസികളായി മാറി എന്നതാണ്പല പഠനങ്ങളും തെളിയിക്കുന്നത്. 13–ാം പദ്ധതിക്കാലത്ത് ഇത്തരത്തിലുള്ള പഴുതുകൾ പൂർണ്ണമായും ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നു. കാര്യമായി ഇടപെടാൻ കഴിയുന്ന മേഖലകളിൽ മാത്രമായി ഗുണഭോക്തൃസമിതി വഴിയുള്ള നിർവ്വഹണം പരിമിതപ്പെടുത്തുന്നതിനും ഇ–ടെണ്ടറിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നതിനും പുതിയ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. മരാമത്ത് പണികളുടെ നടത്തിപ്പിലെ ഈ മാറ്റത്തിലൂടെ ചെലവിൽ വലിയ മിച്ചം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. പ്രാദേശിക തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി വർദ്ധിക്കുന്ന രീതിയിലാണ് പുതുക്കിയ മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വഴി നൽകുന്ന സബ്സിഡികൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടാണ് ഇത് ലക്ഷ്യമിടുന്നത്. ഇതിനു പുറമെ, സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ഏറ്റെടുക്കാൻ കഴിയാത്ത നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള അനുമതിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്നൽകിയിട്ടുണ്ട്. മറ്റു പ്രധാന മാറ്റങ്ങൾ താഴെ പറയുന്നു.

പൊതുവിഭാഗം ഫണ്ടിൽ ഉല്പാദന മേഖലയിൽ നിർബന്ധിതമായി ത്രിതല പഞ്ചായത്തുകൾ കുറഞ്ഞത് 30 ശതമാനവും സഗരസഭകൾ 10 ശതമാനവും തുക വകയിരുത്തിയിരുന്നത് ഉറപ്പുവരുത്തി. അതുപോലെ കുട്ടികളുടെയും ഭിന്നശേഷി ഉള്ളവരുടെയും വികസനത്തിന് 5 ശതമാനവും വയോജനങ്ങളുടെ ക്ഷേമത്തിന് 5 ശതമാനവും, വനിതാ ഘടക പദ്ധതിക്ക് 10 ശതമാനവും ശുചിത്വത്തിന് 10 ശതമാനവും തുക നിർബന്ധമാക്കി.
എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പദ്ധതി

ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി തല്പരരായ എല്ലാ വിഭാഗം ആൾക്കാരുടെയും പൂർണ്ണ പങ്കാളിത്തം 2017–18 പദ്ധതി രൂപീകരണത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞു.

എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും 2017–18 കാലയളവിൽ അവസ്ഥാ വിശകലന രേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിക്കുന്ന നിരവധി വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള വികസന മിഷനുകളായ ആർദ്രം, ഹരിതകേരളം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലെ ധന വിന്യാസം–2016-17 വാർഷിക പദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ പ്രധാന സാമ്പത്തിക വിഭവങ്ങൾ– വികസന ഫണ്ട് തനതു ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ഗുണഭോക്തൃ വിഹിതം എന്നിവയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2016–17 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക 11,644.6 കോടി രൂപ ആണ്. ഇതിൽ 5,724.9 കോടി രൂപയാണ് വികസനഫണ്ടായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തത്. ഇത് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മൊത്തം വിഹിതത്തിന്റെ 49 ശതമാനമാണ്. മൊത്തം വിഹിതത്തിൽ 9 ശതമാനം തനതു ഫണ്ടും ബാക്കി മറ്റ് സ്രോതസുകളിൽനിന്നു മായിരുന്നു. **ചിത്രം 6.1.**1 –ൽ 2015–16 ലെയും 2016–17 ലെയും സ്രോതസ്സ് തിരിച്ചുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ ചേർത്തിരിക്കുന്നു. സ്രോതസ്/ഉപമേഖല വിശദാംശങ്ങൾ **അനുബന്ധം 6.1.1**–ലും **6.1.2** –ലും കൊടുത്തിട്ടുണ്ട്.

ബോക്സ് 6.1.1
ജില്ലാ പദ്ധതി

ബഹുതല ആസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാനത്തും ജില്ലാതലത്തിലുമുള്ള വ്യത്യസ്ഥ സാമൂഹ്യ സാമ്പത്തിക ജനവിഭാഗങ്ങളുടെയും വികസന ആവശ്യങ്ങളുടെയും മുൻഗണനകളുടെയും ഏറ്റവും നല്ല രീതിയിലുള്ള സംയോജനം ഉറപ്പാക്കുന്നതിനായി ജില്ലാ പദ്ധതി രൂപീകരണം ആരംഭിച്ചു. സംസ്ഥാനത്തിന് കീഴിൽ ജില്ലയ്ക്കുള്ള ഭരണ സംവിധാനത്തിൽ ആസൂത്രണത്തിന് പ്രമുഖ സ്ഥാനമാണുള്ളത്. ജില്ലയിലെ വിവിധ വികസന ഏജൻസികളുടെയും വിവിധ തട്ടുകളിലെ പ്രാദേശിക സർക്കാരുകളുടെയും സംയോജനത്തിനും ഏകോപനത്തിനും ജില്ലാതലത്തിൽ ഒരു സമഗ്ര ജില്ലാ പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളെയും മറ്റു സർക്കാർ വകുപ്പുകളെയും ഏകോപിപ്പിക്കുന്നതിനും അതുവഴി സംയോജിത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ജില്ലാ പദ്ധതിയിലൂടെ സാധ്യമാകും. ഈ പശ്ചാത്തലത്തിലാണ് ബഹുതല ആസൂത്രണം സാധ്യമാക്കിക്കൊണ്ട് സമഗ്രമായ ജില്ലാ പദ്ധതികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി ക്കാലത്ത് രൂപീകരിക്കുവാൻ ലക്ഷ്യമിടുന്നത്.

സ്ഥലപര സംയോജനം, മേഖലാപരമായ സംയോജനം, വിഭവങ്ങളുടെ സംയോജനം, വിവിധതല സർക്കാരുകളുടെ തിരശ്ചീനവും ലംബവുമായുള്ള ഏകോപനം എന്നിങ്ങനെയുള്ള വിവിധ സംയോജന ഏകോപന സാധ്യതകൾ ഉറപ്പാക്കി ജില്ലകളുടെ സന്തുലിതവും, സംയോജിതവും, സമഗ്രവും ആയ വികസനം സാധ്യമാക്കുക എന്നതാണ് ജില്ലാ പദ്ധതികൊണ്ട് അർത്ഥമാക്കുന്നത്. ഇതുവഴി ജില്ലകളുടെ ഏകോപിതമായ വികസനം സാധ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മുൻഗണനകളുമായി കൂടുതൽ സുതാര്യത ഉറപ്പാക്കാൻ സഹായകമാകും.

ഗവർണറുടെ 2017–ലെ നയപ്രഖ്യാപനത്തിനനുസരണമായി 2017 സെപ്റ്റംബർ 29–ലെ സ.ഉ.(പി)19/2017/ പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചു. എല്ലാ ജില്ലാ ആസൂത്രണ സമിതികളും ജില്ലാ പദ്ധതി രൂപീകരണത്തിനുള്ള ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. സര്ക്കാലർ അംഗീകരിച്ച കലണ്ടർ പ്രകാരം ജില്ലകൾ കരട് ജില്ലാ പദ്ധതി തയ്യാറാക്കി 2018 ജനുവരി ആദ്യവാരം ആംഗീകാരത്തിനായി സര്ക്കാരിന് അയച്ചുകൊടുക്കേണ്ടതുണ്ട്.

ചിത്രം 6.1.1
തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഭവ സ്രോതസ്സുകൾ (ശതമാനത്തിൽ) (2015-16, 2016-17)



അവലംബം: ഇൻഫർമേഷൻ കേരള മിഷൻ, 2017

ചിത്രം6.1.2
വിവിധസ്രോതസ്സുകളിലെ ചെലവിന്റെ ശതമാനം (2016-17)



** 'മറ്റുള്ളവ'എന്ന വിഭാഗത്തിൽ സംസ്ഥാനാവിഷ്കൃതം, കേന്ദ്രാവിഷ്കൃതം, സഹകരണസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ, പുറമേനിന്നുള്ള ധനസഹായം, സന്നദ്ധസേവനം. ഗുണഭോക്തൃവിഹിതം, മറ്റ് സ്രോതസുകൾ (വികസന ഫണ്ട്, തനതുഫണ്ട് ഒഴിച്ചുള്ളവ) എന്നിവ ഉൾപ്പെടുന്നു.*

അനുബന്ധം 6.1.3 പരിശോധിച്ചാൽ 2016–17 ലെ മൊത്തം പദ്ധതി അടങ്കൽ തുകയിൽ വികസന ഫണ്ട് വിഹിതം 49 ശതമാനമാണെന്ന് കാണാൻ കഴിയും. അതേ സമയം മൊത്തം ചെലവിൽ 70.6 ശതമാനം വികസന ഫണ്ടാണ്. ഇത് കാണിക്കുന്നത് വിവിധ ചെലവുകൾക്കു വേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൂടുതലായി വികസന ഫണ്ടിനെ ആശ്രയിക്കുന്നു എന്നതും സ്വന്തം വരുമാനമായ തനതുഫണ്ട് ആർജ്ജിക്കുന്നതിനുള്ള സാധ്യതകൾ ഫലപ്രദമായി ചൂഷണം ചെയ്യുന്നില്ലായെന്നുമാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന വിലയിരുത്തൽ - വികസന ഫണ്ട്

2016–17–ലും 2017–18–ലും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച വിഹിതത്തിന്റെ വിഭാഗം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 6.1.3** –ൽ നൽകിയിരിക്കുന്നു.

സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയ്ക്കും തദനുസരണമായ സർക്കാർ തീരുമാനങ്ങൾക്കും അനുസരണമായിട്ടാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന **അനുബന്ധം** IV –ൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും ഉള്ള വികസന ഫണ്ട് വിഹിതം വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുൻഗണനയുടെയും പദ്ധതി മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട് വിഹിതം ഉൽപ്പാദനം, സേവനം, പശ്ചാത്തലം എന്നിങ്ങനെ മൂന്ന് മേഖലകളിലായാണ് വകയിരുത്തുന്നത്. ഉൽപാദന മേഖലയിൽ കൃഷിയും അനുബന്ധ വിഭാഗങ്ങളും, മണ്ണുംജലസംരക്ഷണവും, ജലസേചനം, വ്യവസായം എന്നിവയും സേവനമേഖലയിൽ വിദ്യാഭ്യാസവും ബന്ധപ്പെട്ട മേഖലകളും, ആരോഗ്യവും അനുബന്ധ സേവനങ്ങളും, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, തൊഴിലും, തൊഴിലാളി ക്ഷേമവും ഉൾപ്പെടുന്നു. പശ്ചാത്തല മേഖലയിൽ ഊർജ്ജം, ഗതാഗതം, കെട്ടിട നിർമ്മാണം ഉപമേഖലകളാണ് ഉൾപ്പെടുന്നത്.

2016–17 വർഷത്തിൽ വികസന ഫണ്ട് ഇനത്തിൽ സർക്കാർ വിതരണം ചെയ്തത് 5,724.90 കോടി രൂപയാണ്. ഇത് ബഡ്ജറ്റ് വിഹിതമായ 5000 കോടി രൂപയെക്കാളും കൂടുതലാണ്. മൊത്തം അനുവദിച്ച തുകയിൽ 3,839.88 കോടി രൂപ വിവിധ മേഖലകൾക്കായി 2016–17 –ൽ ചെലവഴിച്ചു. അതായത് 67.07 ശതമാനംതുക വിനിയോഗിച്ചു. ഇത് മുൻവർഷത്തെ ചെലവ് ശതമാനമായ 73.6 ശതമാനത്തേക്കാൾ കുറവാണ്. 2016–17 –ൽ വിവിധ തലങ്ങളിലുള്ള

പട്ടിക 6.1.3
തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2016–17 ലും 2017–18ലും ബഡ്ജറ്റ് വിഹിതമായി അനുവദിച്ച വിഹിതത്തിന്റെ വിഭാഗം തിരിച്ചുള്ള വിവരങ്ങൾ (രൂപ കോടിയിൽ)

തദ്ദേശ ഭരണ സ്ഥാപനങ്ങൾ	2016–17				2017–18			
	പൊതു വിഭാഗം	എസ്. സി.എസ്. പി	ട്രി.എസ്. പി	ആകെ	പൊതു വിഭാഗം	എസ്. സി.എസ്. പി	ട്രി. എസ്. പി	ആകെ
ഗ്രാമപഞ്ചായത്ത്	1968.25	516.46	88.62	2573.34	2409.97	582.66	99.98	3092.22
ബ്ലോക്ക് പഞ്ചായത്ത്	361.66	178.69	30.76	571.11	556.20	201.59	34.71	792.50
ജില്ലാ പഞ്ചായത്ത്	361.66	178.69	30.76	571.11	556.20	201.59	34.71	792.50
മുനിസിപ്പാലിറ്റി	642.33	95.82	5.82	743.98	761.67	108.10	6.57	876.34
കോർപ്പറേഷൻ	471.19	69.22	0.01	540.43	595.81	78.10	0.02	673.94
ആകെ	3805.10 (4529.6)	1038.90 (1039.3)	156.00 (156.01)	5000.00 (5724.9)	4879.85	1172.04	175.99	6227.50

(ബ്രാക്കറ്റിൽ നൽകിയിരിക്കുന്നത് പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുക)
അവലംബം: അനുബന്ധം IV 2016-17& 2017-18.

ചിത്രം 6.1.3
വികസന ഫണ്ട് ഇനത്തിൽ (2016–17) വിഭാഗം തിരിച്ച് വിതരണം ചെയ്ത തുക (രൂപ കോടിയിൽ)



തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചെലവ് ശതമാനത്തിൽ പ്രകടമായ വ്യതിയാനങ്ങൾ കാണുന്നുണ്ട്. ത്രിതല പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്തുകൾ 70 ശതമാനം തുക ചെലവഴിച്ച് മികച്ച പ്രകടനം നടത്തിയപ്പോൾ ഗ്രാമ പഞ്ചായത്തുകൾ 69 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 68 ശതമാനവും 2016–17 –ൽ ചെലവഴിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളും (64 ശതമാനം) കോർപ്പറേഷനുകളും (59 ശതമാനം) കുറഞ്ഞ ചെലവ് ശതമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2015–16 –ലെയും 2016–17–ലെയും വിഹിതം, വകയിരുത്തിയ തുക, ചെലവ് എന്നിവ സംബന്ധിച്ച് വിഭാഗം തിരിച്ചുള്ള വിവരങ്ങൾ **ചിത്രം 6.1.3**–ലും **അനുബന്ധം 6.1.3** & **6.1.4** –യിലും നൽകിയിരിക്കുന്നു.

വിഭാഗം തിരിച്ചുള്ള പ്രകടനം

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവയുടെ വികസനഫണ്ട് വിഹിതം പൊതുവിഭാഗം, പട്ടികജാതിക്കാർക്കുള്ള പ്രത്യേക പദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ ഉപപദ്ധതി (ടി.എസ്.പി) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് അനുവദിക്കുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയ്ക്കനുസരിച്ചാണ് ഓരോ മേഖലയിലെയും തുക നിശ്ചയിക്കുന്നത്. 2016–17 –ൽ വിവിധ വികസന മേഖലകൾക്കായി 5,724.90 കോടി രൂപ വിതരണം ചെയ്തതിൽ പൊതു വിഭാഗം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവയുടെ ശതമാന വിഹിതം യഥാക്രമം 79 ശതമാനം, 18 ശതമാനം, 3 ശതമാനം എന്നിങ്ങനെയാണ്. 2016–17 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിന്റെ മേഖല തിരിച്ച് അവലോകനം ചെയ്താൽ പൊതു വിഭാഗത്തിൽ മൊത്തം അനുവദിച്ച തുകയുടെ 66 ശതമാനവും എസ്.സി.എസ്.പി ഫണ്ടിൽ അനുവദിച്ച തുകയുടെ 70 ശതമാനവും ടി.എസ്.പി ഫണ്ടിൽ അനുവദിച്ച തുകയുടെ 80 ശതമാനവും ചെലവഴിച്ചതായി കാണാം. മുൻ വർഷങ്ങളിൽ എല്ലാ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എസ്.സി.എസ്.പി, ടി.എസ്.പി. വിഹിതങ്ങളിലെ ചെലവ് ശതമാനം കുറയുന്ന പ്രവണതയാണ് ഉണ്ടായിരുന്നത്. എന്നാൽ 2016–17 –ൽ എസ്.സി.എസ്.പി, ടി.എസ്.പി വിഭാഗത്തിലെ ചെലവ് ശതമാനം ജനറൽ വിഭാഗത്തെക്കാൾ കൂടുതലായിരുന്നു. ഇതൊരു മികച്ച നേട്ടമാണ്. 2016–17 വർഷത്തെ വിഭാഗം തിരിച്ചുള്ള ചെലവിന്റെ വിവരങ്ങൾ ചിത്രം 6.1.4 ലും **അനുബന്ധം 6.1.5** –ലും **6.1.6** –ലും നൽകിയിരിക്കുന്നു.

മേഖലാതല വിശകലനം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയ്ക്ക് ലഭ്യമാകുന്ന ഫണ്ടുകൾ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നിങ്ങനെ മൂന്ന് മേഖലകൾക്കായാണ്

ചിത്രം 6.1.4
2016–17 ലെ വിഭാഗം തിരിച്ചുള്ള ചെലവിന്റെ വിവരങ്ങൾ
(വിതരണം ചെയ്ത തുകയെ അടിസ്ഥാനമാക്കിയുള്ള ശതമാനം)



അവലംബം: ഇൻഫർമേഷൻ കേരളാ മിഷൻ

വിഭജിച്ച് വകയിരുത്തുന്നത്. 2016–17 സാമ്പത്തിക വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവിൽ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളുടെ വിഹിതം യഥാക്രമം 11 ശതമാനം, 64 ശതമാനം, 25 ശതമാനം എന്നതാണ്. ഇതിൽ, ഉല്പാദന മേഖലയിൽ മുൻ വർഷത്തെ അപേക്ഷിച്ച് അവലോകന വർഷത്തിൽ ചെലവ് വർദ്ധിച്ചിട്ടുണ്ട് എന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. പക്ഷേ ഇത് ഇപ്പോൾ ഉല്പാദന മേഖലയ്ക്ക് നിശ്ചയിച്ചിട്ടുള്ള മേഖലാ വകയിരുത്തലിന്റെ കുറഞ്ഞ നിരക്കിനെക്കാളും വളരെ താഴെയാണ്. ഉല്പാദന മേഖലയിലെ ചെലവിൽ ഉണ്ടായിരിക്കുന്ന ഈ പുരോഗതി കാർഷികമേഖലയുടെയും അനുബന്ധ മേഖലകളുടെയും പുനർജീവനത്തിന്റെ സൂചന യാണ് നൽകുന്നത്. ഉല്പാദന മേഖലയിലെ ചെലവിൽ ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ പുരോഗതി ഉണ്ടായപ്പോൾ നഗര പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിരാശാജനകമായ ചിത്രമാണ് കാണുന്നത്. 2016–17 സാമ്പത്തിക വർഷത്തെ മേഖല തിരിച്ചുള്ള ചെലവിന്റെ വിവരങ്ങൾ **പട്ടിക 6.1.4** ലും 2015–16 –ലെയും 2016–17–ലെയും ഉപമേഖല തിരിച്ചുള്ള ചെലവ് വിവരങ്ങൾ **അനുബന്ധം 6.1.5** –ലും **6.1.6** –ലും നൽകിയിരിക്കുന്നു.

ഉല്പാദന മേഖല

ഉല്പാദന മേഖലയിൽ പ്രധാനമായും ഉൾപ്പെടുന്ന ഉപ മേഖലകൾ കൃഷി, മൃഗസംരക്ഷണം, ജലസേചനം, ക്ഷീര വികസനം, വ്യവസായം, ഊർജ്ജ സംരക്ഷണം, മത്സ്യ ബന്ധനം തുടങ്ങിയവയാണ്. 2016–17 സാമ്പത്തിക വർഷത്തിൽ ഉല്പാദന മേഖലയിൽ ആകെ 434.32 കോടി രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എല്ലാ തട്ടുകളിലെയും പ്രാദേശിക സർക്കാരുകൾ ചേർന്ന് ചെലവഴിച്ച മൊത്തം തുകയിൽ 44ശതമാനംതുകയുംവിനിയോഗിച്ചത് കൃഷി–അനുബന്ധ ഉപമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ്; അതായത് പ്രാദേശിക സർക്കാരുകൾ ഉല്പാദന മേഖലയിലെ മറ്റ് ഉപമേഖലകളെക്കാൾ കൂടുതൽ ശ്രദ്ധ നല്കിയിരിക്കുന്നത് കാർഷിക അനുബന്ധ മേഖലകളിലാണ്. അവലോകന കാലയളവിൽ വ്യവസായിക മേഖലയ്ക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല എന്ന് കാണാം. ത്രിതല പഞ്ചായത്തുകൾ പ്രത്യേകിച്ച് ഗ്രാമ പഞ്ചായത്തുകൾ ഉല്പാദന മേഖലയിൽ കൂടുതൽ പ്രാമുഖ്യം കാർഷിക മേഖലയ്ക്കും അതോടനുബന്ധിച്ച ഉപമേഖലയ്ക്കും നല്കിക്കൊണ്ട് കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. 2016–17 ലെ ഉല്പാദന മേഖലയിലെ

പട്ടിക 6.1.4
2015-16 ലെയും 2016-17 ലെയും മേഖല തിരിച്ചുള്ള ചെലവ് ശതമാനം
(ആകെ ചെലവിന്റെ അടിസ്ഥാനത്തിൽ)

തദ്ദേശഭരണ സ്ഥാപനങ്ങൾ	2015-16				2016-17			
	ഉല്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	ആകെ	ഉല്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	ആകെ
ഗ്രാമ പഞ്ചായത്തുകൾ	8.81	53.21	37.98	100	12.22	63.73	24.05	100
ബ്ലോക്ക് പഞ്ചായത്തുകൾ	7.92	59.43	32.65	100	14.84	62.27	22.89	100
ജില്ലാ പഞ്ചായത്തുകൾ	6.93	60.43	32.64	100	14.73	67.71	17.55	100
നഗരസഭകൾ	5.27	51.37	43.35	100	7.25	61.94	30.81	100
കോർപ്പറേ-ഷനുകൾ	4.30	48.59	47.10	100	3.14	65.55	31.31	100
ആകെ	**7.68**	**54.47**	**37.85**	**100**	**11.31**	**63.94**	**24.75**	**100**

അവലംബം: ഇൻഫർമേഷൻ കേരള മിഷൻ, 2017

ഉപമേഖലകളുടെ ചെലവിന്റെ വിവരങ്ങൾ **ചിത്രം 6.1.5** -ലും **അനുബന്ധം 6.1.7**-ലും നല്കിയിരിക്കുന്നു.

സേവന മേഖല

സേവന മേഖലയ്ക്കാണ് പ്രാദേശിക സർക്കാരുകൾ അവയുടെ പദ്ധതി വിഹിതത്തിൽ നിന്നും ഏറ്റവും കൂടുതൽ പദ്ധതി തുക വകയിരുത്തുന്നത്. സേവന മേഖലയിൽ പ്രധാനമായും ഉൾപ്പെടുന്ന ഉപമേഖലകൾ പാർപ്പിടം, വിദ്യാഭ്യാസം, ശുചിത്വം, മാലിന്യ പരിപാലനം എന്നിവയാണ്. സേവന മേഖലയിലെ നിക്ഷേപങ്ങൾക്ക് പ്രാദേശിക പൊതുഭരണ രംഗത്ത് നിർണ്ണായകമായ സ്ഥാനം ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സേവന മേഖലയിലെ ഈ മുൻഗണന ക്ഷേമപ്രവർത്തനങ്ങളിലൂടെ

ചിത്രം 6.1.5
ഉല്പാദന മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് ശതമാനം 2016-17
(ഉല്പാദന മേഖലയിലെ ആകെ ചെലവിനെ അടിസ്ഥാനമാക്കി)



ചിത്രം 6.1.6
സേവന മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് ശതമാനം 2016-17
(സേവന മേഖലയിലെ ആകെ ചെലവിന്റെ അടിസ്ഥാനമാക്കി)



ജനങ്ങൾക്ക്നൽകുന്ന അടിസ്ഥാന സേവനങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിന് കഴിയുന്നുണ്ട്. സേവന മേഖലയിലെ വികസന ഫണ്ട് വിനിയോഗം 2016-17 കാലയളവിൽ ഉല്പാദന പശ്ചാത്തല മേഖലകളെക്കാൾ മെച്ചപ്പെട്ടുകൊണ്ട് 64 ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്. 2016-17 കാലയളവിൽ സർക്കാർ ഉത്തരവുപ്രകാരം സേവന മേഖലയിലെ സംഭാവനതുകയായി ചെലവഴിച്ച തുക 449.11 കോടി രൂപയാണ്. സേവനമേഖലയിൽ 2016-17 വർഷം മൊത്തം ചെലവഴിച്ച തുക 24,505.24 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷത്തെക്കാളും കൂടുതലാണ്. സേവന മേഖലയിൽ ചെലവഴിച്ച മൊത്തം തുകയുടെ സിംഹഭാഗവും പാർപ്പിടത്തിനും അനുബന്ധ ചെലവുകൾക്കുമാണ്. 434.76 കോടി രൂപ ഈ മേഖലകൾക്ക് ചെലവഴിച്ചിട്ടുണ്ട്. ശുചിത്വവും മാലിന്യ സംസ്ക്കരണവും ആണ് സേവന മേഖലയിൽ പദ്ധതി തുക കൂടുതലായി ചെലവഴിച്ച (299.44 കോടി രൂപ) മറ്റൊരു ഉപമേഖല. വിദ്യാഭ്യാസ മേഖലയിലും പോഷകാഹാരത്തിനുമായി യഥാക്രമം 287.9 കോടി രൂപയും 198.01 കോടി രൂപയും യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ സേവന മേഖലയിലെ ചെലവിന്റെ വിവരങ്ങൾ **അനുബന്ധം 6.1.8** -ലും **ചിത്രം 6.1.6** -ലും നൽകിയിരിക്കുന്നു.

പശ്ചാത്തല മേഖല

2016-17 സാമ്പത്തിക വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ മൊത്തം ചെലവിന്റെ 25 ശതമാനമാണ് പശ്ചാത്തലമേഖലയിലെ പ്രവർത്തനങ്ങളായ വഴിവിളക്ക് സ്ഥാപിക്കൽ, ഗതാഗതം, പൊതു നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്കായി ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പ്രാദേശിക സർക്കാരുകൾ 2016-17 -ൽ പശ്ചാത്തലമേഖലയിൽ ചെലവഴിച്ച വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. അതായത് ചെലവ് ശതമാനം 38 ശതമാനത്തിൽ നിന്നും 25 ശതമാനമായി കുറഞ്ഞു. പശ്ചാത്തലമേഖലയിലെ മൊത്തം ചെലവിൽ ഭൂരിഭാഗവും റോഡുകൾ, പാലങ്ങൾ എന്നിവ ഉൾപ്പെടുന്ന ഗതാഗത ഉപമേഖലയ്ക്കാണ് ചെലവഴിച്ചത്. പശ്ചാത്തലമേഖലയിൽ ആകെ 950.32 കോടി രൂപ എല്ലാ തലത്തിലെയും പ്രാദേശിക സർക്കാരുകൾ ചേർന്ന് ചെലവഴിച്ചതിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് ഗ്രാമപഞ്ചായത്തുകളും (492.44 കോടി രൂപ) തൊട്ടു പുറകിൽ മുനിസിപ്പാലിറ്റികളുമാണ് (164.77 കോടി രൂപ). 2016-17 ലെ പശ്ചാത്തല മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.9** -ലും **ചിത്രം 6.1.7** -ലും നൽകുന്നു.

ചിത്രം 6.1.7
2016–17 വർഷത്തെ പശ്ചാത്തല മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് ശതമാനം 2016–17
(പശ്ചാത്തല മേഖലയിലെ ആകെ ചെലവിനെ അടിസ്ഥാനമാക്കി)



പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതിയും (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതിയും (ടി.എസ്.പി)

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 46 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുകയും അവരുടെ താൽപര്യം സംരക്ഷിക്കുകയുമാണ് പട്ടിക ജാതിക്കാർക്കുള്ള പ്രത്യേക പദ്ധതിയുടെയും പട്ടിക വർഗ്ഗ ഉപപദ്ധതിയുടെയും ലക്ഷ്യം. ഭരണഘടനാ വ്യവസ്ഥപ്രകാരം സാമൂഹ്യനീതി ഉറപ്പു വരുത്തുവാനുള്ള സമഗ്രമായ നടപടികൾ വഴി ഒരു സമത്വാധിഷ്ഠിത ഭരണക്രമം നിർമ്മിക്കുന്നതിന് സംസ്ഥാനങ്ങൾ പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും സാമൂഹ്യസമത്വം ശാക്തീകരിക്കുന്നതിന് ജീവിതനിലവാരം ഉയർത്തുകയും ചെയ്യുകയെന്നത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാകയാൽ പ്രത്യേക ഘടക പദ്ധതികൾക്കുള്ള ധന വിനിയോഗം കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ അതീവ പ്രാധാന്യമാണുള്ളത്.

സംസ്ഥാനത്തെ മൊത്തം പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടാണ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും എസ്. സി.പിയ്ക്കും ടി.എസ്.പിയ്ക്കും പദ്ധതി വിഹിതം വകയിരുത്തുന്നത്. മൊത്തം എസ്.സി.പി/ ടി.എസ്.പി വിഹിതത്തിൽ നിന്നും, ഒരു നിശ്ചിത ശതമാനം തുക വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ നടത്തിപ്പിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി വകയിരുത്തുന്നു. പന്ത്രണ്ടാം പദ്ധതി കാലയളവിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതത്തിന്റെയും ചെലവിന്റെയും കണക്കുകൾ **പട്ടിക 6.1.5** –ൽ കൊടുത്തിരിക്കുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പട്ടിക ജാതിക്കാർക്കുള്ള ഉപപദ്ധതി, പട്ടിക വർഗ ഉപപദ്ധതി വിനിയോഗത്തിൽ അവലോകന വർഷം (2016–17) കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രത്യേക ഘടക പദ്ധതിയുടെ കാര്യത്തിൽ വിതരണം ചെയ്ത തുകയുടെ 70 ശതമാനം ചെലവഴിച്ചു. അതേ സമയം പട്ടിക വർഗ ഉപപദ്ധതി വിഹിതത്തിലെ ചെലവ് 80 ശതമാനമാണ്. ഇത് കാര്യക്ഷമമായ ഫണ്ട് വിനിയോഗത്തിന്റെ സൂചനയാണ് നൽകുന്നത്. പട്ടിക ജാതിക്കാർക്കുള്ള ഉപപദ്ധതി വിനിയോഗത്തിലെ വിവിധ തട്ടുകളിലെ ചെലവ് സംബന്ധിച്ച കണക്കുകൾ കാണിക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിനിയോഗത്തിൽ മുന്നിലാണെന്നാണ്. അതേ സമയം പട്ടികവർഗ ഉപപദ്ധതിയുടെ വിനിയോഗത്തിൽ ജില്ലാ പഞ്ചായത്തുകളാണ് മുന്നിൽ. കോർപ്പറേഷനുകൾ, പട്ടിക ജാതിക്കാർക്കുള്ള ഉപപദ്ധതി, പട്ടിക വർഗ ഉപപദ്ധതി ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല (**അനുബന്ധം 6.1.4**).

പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ നിർവ്വഹണം

വനിതാ ഘടകപദ്ധതിയും ദുർബല വിഭാഗങ്ങൾക്കുള്ള (വൃദ്ധർ, കുട്ടികൾ,

പട്ടിക: 6.1.5
തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി വകയിരുത്തലും ചെലവും (2012-13 മുതൽ 2016-17 വരെ (രൂപ കോടിയിൽ)

വർഷം	എസ്.സി.എസ്.പി		റ്റി.എസ്.പി	
	ബഡ്ജറ്റ് വിഹിതം	ചെലവ്*	ബഡ്ജറ്റ് വിഹിതം	ചെലവ്*
2012-13	739.46	661.58	110.98	99.65
2013-14	828.2	882.49	124.3	136.89
2014-15	927.58	811.56	139.21	121.61
2015-16	927.58	857.03	139.21	149.78
2016-17	1038.90*	726.02	156.00	124.69
ആകെ	4461.72	3938.68	669.7	632.62

**പുതുക്കിയ വകയിരുത്തൽ 1039.29 കോടി രൂപ*
അവലംബം: ബഡ്ജറ്റ് അനുബന്ധം IV & ഇൻഫർമേഷൻ കേരള മിഷൻ,2017

ഭിന്നശേഷിയുള്ളവർ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ) പദ്ധതിയുമാണ് കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ ഒരു സവിശേഷത. 2016-17 വാർഷിക പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മൊത്തം പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 10 ശതമാനം തുക വനിതാ ഘടകപദ്ധതിക്കും 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ പ്രത്യേക പദ്ധതിക്കും 5 ശതമാനം തുക വയോജനങ്ങൾ, പാലിയേറ്റീവ് പരിചരണം ആവശ്യമുള്ളവർ എന്നിവരുടെ പദ്ധതിക്കും നിർബന്ധമായും വകയിരുത്തണം.

2016-17-ൽ ആകെ ചെലവിലെ വനിതാ ഘടക പദ്ധതിയുടെ ചെലവ് 9.5 ശതമാനമാണ്. ഇത് നിർബന്ധമായും ചെലവഴിക്കേണ്ട 10 ശതമാനത്തിൽ അൽപം കുറവാണെന്ന് കാണാം. കുട്ടികളുടെ പദ്ധതിക്ക് 3.5 ശതമാനവും ഭിന്നശേഷിയുള്ളവരുടെ പദ്ധതിക്ക് 2.3 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. 2016-17-ൽ പ്രത്യേക പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ **പട്ടിക 6.1.6** -ൽ നൽകുന്നു. വിവിധ തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2015-16 -ലെയും 2016-17 -ലെയും ചെലവ് വിവരങ്ങൾ **അനുബന്ധം 6.1.10** -ലും **6.1.11** -ലും നൽകുന്നു.

ജില്ലാ ആസൂത്രണ സംവിധാനത്തിന്റെ ശാക്തീകരണം

ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും, അതിനുതാഴെ ആസൂത്രണം

പട്ടിക 6.1.6
പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (2016-17)

പ്രത്യേക പദ്ധതികൾ	ചെലവ് (രൂപ കോടിയിൽ)	(ആകെ ചെലവിന്റെ ശതമാനം)
വനിതാ ഘടക പദ്ധതി	366.35	(ആകെ ചെലവിന്റെ ശതമാനം)
കുട്ടികൾക്കായുള്ള പദ്ധതി	134.72	3.5
വയോജന പദ്ധതി	56.88	1.2
ഭിന്നശേഷിയുള്ളവർക്കുള്ള പദ്ധതി	89.8	2.3
സാന്ത്വന പരിരക്ഷ	66.61	1.7
യുവജനക്ഷേമം	77.55	2.0

** അവലംബം: ഇൻഫർമേഷൻ കേരള മിഷൻ,2017*

ചെയ്യുന്നതിനും വേണ്ടി ഭരണ ഘടനയുടെ അനുശ്ചേദം 243 ZD പ്രകാരം ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ആദ്യകാലം മുതൽ തന്നെ ഒരു ജില്ലയുടെ ഏകോപിതവും അർത്ഥവത്തുമായ വികസന തന്ത്രമായി ജില്ലാ ആസൂത്രണം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ 14 ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികൾ നിലവിലുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുടെ രൂപീകരണത്തിന് മേൽനോട്ടം വഹിക്കൽ, അംഗീകാരം, പദ്ധതി രൂപീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി നടത്തിപ്പിന്റെ മോണിട്ടറിംഗ്, തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ജില്ലാതലത്തിൽ സംയോജിപ്പിക്കൽ, സംസ്ഥാന പദ്ധതിയുമായി ബന്ധിപ്പിക്കൽ മുതലായ കാര്യങ്ങൾക്ക് ജില്ലാ ആസൂത്രണസമിതി പ്രധാന പങ്ക് വഹിക്കുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് തലവനും ജില്ലാകളക്ടർ മെമ്പർസെക്രട്ടറിയും ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളുള്ള ഒരു സംവിധാനമാണ് ജില്ലാ ആസൂത്രണ സമിതി. എല്ലാ എം.പിമാരും എം.എൽഎമാരും ജില്ലാ ആസൂത്രണ സമിതിയിലെ സ്ഥിരം ക്ഷണിതാക്കളും ജില്ലാതല ഉദ്യോഗസ്ഥർ എക്സ്–ഒഫീഷ്യോ ജോയിന്റ് സെക്രട്ടറിമാരുമാണ്. സംസ്ഥാനത്ത് എല്ലാ ജില്ലാ ആസൂത്രണ സമിതികളും പൂർണ്ണമായും പ്രവർത്തിക്കുന്നു. ഏകോപന ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയായ ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ആസൂത്രണസമിതിയുടെ യോഗങ്ങൾ നടത്തുന്നതിനും, അജണ്ട തയ്യാറാക്കുന്നതിനും യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കുന്നതിനും മറ്റ് സെക്രട്ടേറിയറ്റ് ചുമതലകൾ നിറവേറ്റുന്നതിനും മെമ്പർ സെക്രട്ടറിയെ സഹായിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തിരഞ്ഞെടുപ്പ് നടക്കുന്നതിനെ തുടർന്ന് അഞ്ച് വർഷത്തിലൊരിക്കൽ മുടക്കമില്ലാതെ വ്യവസ്ഥാനുസരണം ഡി.പി.സി പുനഃസംഘടിപ്പിക്കുന്നു. എറണാകുളം, തൃശ്ശൂർ, കാസർഗോഡ്, വയനാട്, കണ്ണൂർ, ആലപ്പുഴ, എന്നീ ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതി മന്ദിരങ്ങളുടെ പണി പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്.

ബോക്സ് 6.1.2

കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി)

2011–12 സാമ്പത്തിക വർഷമാണ് ലോക ബാങ്ക് ധനസഹായത്തോടെയുള്ള കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് കേരളത്തിൽ ആരംഭിച്ചത്. ഈ പദ്ധതിയുടെലക്ഷ്യം മികച്ചതും സുസ്ഥിരമായതുമായ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുക എന്നതാണ്. ഈ പദ്ധതി 2011 മുതൽ 2015 ഡിസംബർ 31 വരെയുള്ള കാലയളവിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇത് ഡിസംബർ 2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നാല് പ്രധാന ഘടകങ്ങൾ (1) ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉള്ള പെർഫോമൻസ് ഗ്രാന്റ് (2) കാര്യശേഷി വികസനം (3) സംസ്ഥാനതല മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തൽ (4) പ്രോജക്ട് മാനേജ്മെന്റ് എന്നിവയാണ്. പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗമായി വിവിധ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 2017 മാർച്ച് 31 വരെ വിവിധ മേഖലകളിലായി 40,000 പ്രോജക്ടുകൾ പൂർത്തിയാക്കുകയും സ്ഥായിയായ ആസ്തികളുടെ സംരക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ബഡ് സ്ക്കൂളുകള്ക്കുയുള്ള കെട്ടിടങ്ങൾ, റോഡ് നിർമ്മാണം, ബസ് സ്റ്റേഷനുകൾ, ചെക്ക് ഡാമുകൾ, അങ്കണവാടികൾ, മത്സ്യ മാർക്കറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഈ പ്രോജക്ടുകൾ ലോക ബാങ്കിന്റെ വാങ്ങൾ നടപടിക്രമങ്ങളനുസരിച്ചും പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ മാനദണ്ഡങ്ങൾക്കസനുസരണമായിട്ടാണ് പൂർത്തിയാക്കിയത്.

പട്ടിക 6.1.7
കെ.എൽ.ജി.എസ്.ഡി.പിയുടെ പുതുക്കിയ പ്രോജക്ട് വിഹിതം
(രൂപ കോടിയിൽ)

ഘടകങ്ങൾ	കേരള സർക്കാർ	ലോക ബാങ്ക്	ആകെ
പെർഫോർമൻസ് ഗ്രാന്റ്	471.32	1,019.59	1,490.91
കാര്യശേഷി വികസനം	0.00	73.75	73.75
സംസ്ഥാനതല മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തൽ	0.00		
പ്രോജക്ട് മാനേജ് മെന്റ്	0.00		
ആകെ പ്രോജക്ട് തുക	**471.32**	**1,093.34**	**1,564.66**

പട്ടിക 6.1.8
കെ.എൽ.ജി.എസ്.ഡി.പി ഘടകങ്ങൾ തിരിച്ചുള്ള ചെലവ് (31.03.2017 വരെ)
(രൂപ കോടിയിൽ)

ഘടകങ്ങൾ	2011-12	2012-13	2013-14	2014-15	2015-16	2016-17	ആകെ
പെർഫോർമൻസ് ഗ്രാന്റ്	93.54	190.35	271.19	115.30	276.57	217.95	1164.90
കാര്യശേഷി വികസനം	0.09	2.82	4.18	3.14	2.49	7.27	19.99
സംസ്ഥാനതല മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തൽ	0.02	0.49	0.53	0.59	0.90	1.32	3.85
പ്രോജക്ട് മാനേജ് മെന്റ്	1.02	1.99	5.02	4.04	2.95	3.64	18.66
ആകെ	**94.67**	**195.6**	**280.92**	**123.07**	**282.91**	**230.18**	**1207.4**

6.2 ഗ്രാമവികസന പരിപാടികൾ

ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്നതിനാൽ ഗ്രാമവികസനത്തിന് ഇന്ത്യയിൽ വലിയ പ്രാധാന്യമുണ്ട്. 2011–ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 68.86 ശതമാനം (833.75 ദശലക്ഷം) പേർ ഗ്രാമീണ മേഖലയിലാണ് വസിക്കുന്നത്. എന്നാൽ കേരളത്തിൽ ഇത് ജനസംഖ്യയുടെ 52.30 ശതമാനം (17.47 ദശലക്ഷം) ആകുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാലിന്യസംസ്കരണം, ശുചിത്വം, അവശ്യ അടിസ്ഥാനസേവനങ്ങൾ പ്രദാനം ചെയ്യൽ, കാര്യശേഷി വികസനം എന്നിവയ്ക്കായുള്ള നിരവധി പദ്ധതികൾ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ നേരിട്ടോ പരോക്ഷമായോ സംസ്ഥാനത്തെ ഗ്രാമീണമേഖലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്രാമവികസനമേഖലയിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ ഹ്രസ്വമായ ഒരവലോകനം ചുവടെ ചേർത്തിരിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി.)

ഗ്രാമ പ്രദേശങ്ങളിലെ അവിദഗ്ദ്ധ കായികാധ്വാനത്തിനു സന്നദ്ധതയുള്ള ഓരോ കുടുംബത്തിലേയും മുതിർന്ന അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് ശമ്പളത്തോടുകൂടിയ 100 ദിവസത്തെയെങ്കിലും തൊഴിലവസരം ഏർപ്പെടുത്തി നിർദ്ദേശിക്കുന്ന ഗുണമേൻമയും നിലനിൽപ്പുമുള്ള ഉല്പാദനപരമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് 2005 സെപ്റ്റംബർ 7–ന് പ്രഖ്യാപിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2005) വ്യവസ്ഥ ചെയ്യുന്നത്. പാവപ്പെട്ടവരുടെ ഉപജീവനഉപാധിയുടെ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ ഉൾപ്പെടുത്തൽ മുൻകൂട്ടിത്തന്നെ ഉറപ്പാക്കുന്നതിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു. 2017 ഏപ്രിൽ 1 മുതൽ കേരളത്തിൽ ഈ പദ്ധതി പ്രകാരമുള്ള വേതന നിരക്ക് പ്രതിദിനം 258 രൂപയാണ്. 2017–18 മുതൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ 'ഹരിതകേരളം മിഷനുമായി' സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു.

2016–17 –ൽ എം.ജി.എൻ.ആർ.ഇ.ജി.പി.യുടെ ചെലവ് 2,426.33 കോടി രൂപയായിരുന്നു. അക്കൊല്ലം അനുവദിച്ച മൊത്തം തുകയുടെ 96.5 ശതമാനമാണിത്. ഇക്കാലത്ത് സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽദിനം 6.85 കോടിയായിരുന്നു. ഇതിൽ 1.16 കോടി തൊഴിൽദിനങ്ങൾ പട്ടികജാതി വിഭാഗത്തിന്റേതും 0.28 കോടി തൊഴിൽദിനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായിരുന്നു. 2017–18 ൽ (2017 ആഗസ്റ്റ് 31 വരെ) 393.48 കോടി രൂപ ചെലവഴിക്കുകയും 0.99 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ പരിപാടിയുടെ 2016–17–ലെയും 2017–18 –ലെയും (2017 ആഗസ്റ്റ് 31 വരെ) സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾ **അനുബന്ധം 6.2.1, 6.2.2, 6.2.3, 6.2.4** എന്നിവയിൽ നൽകിയിട്ടുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന–ഗ്രാമീൺ (പി.എം.എ.വൈ.–ജി.)

സുരക്ഷിതവും ഉറപ്പുള്ളതുമായ വാസസ്ഥലമെന്നത് മനുഷ്യന്റെ ഒരു അടിസ്ഥാന ആവശ്യമാണ്. അതിനാൽ പാർപ്പിട നിർമ്മാണം ഗ്രാമവികസന മേഖലയിലെ ഒരു പ്രധാന പ്രവർത്തനമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി. – 2011) –ലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ പദ്ധതിയുടെ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ശുചിത്വത്തോടുകൂടി ഭക്ഷണം പാചകം ചെയ്യുന്നതിനുള്ളയിടം ഉൾപ്പെടെ 25 ചതുരശ്ര മീറ്ററാണ് ഒരു യൂണിറ്റിന്റെ (വീട്) ഏറ്റവും കുറഞ്ഞ വിസ്തൃതി. 2016–17 മുതൽ വീടൊന്നിനുള്ള ധനസഹായം സമതല പ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയും എത്തിപ്പെടുവാൻ പ്രയാസമേറിയ മലയോര പ്രദേശങ്ങളിൽ 1.30 ലക്ഷം രൂപയുമാണ്. 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിവിഹിതം വകയിരുത്തുന്നത്. ഗുണഭോക്താവ് സന്നദ്ധൻ/ സന്നദ്ധയാണെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള സഹായം ചെയ്തു കൊടുക്കുന്നതുമാണ്. ശൗചാലയം നിർമ്മിക്കുക എന്നത് പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഭവനങ്ങളുടെ ഒരു അവിഭാജ്യ ഘടകമാണ്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) അല്ലെങ്കിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. എന്നീ പദ്ധതികളിലൂടെയോ അതുമല്ലെങ്കിൽ മറ്റ് സാമ്പത്തിക സ്രോതസ്സ് മുഖേന ലഭ്യമാകുന്ന തുകയും ഇതിനായി ചെലവഴിക്കുന്നു.

ഭവന നിർമ്മാണത്തിന് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുമായി ഏകീകരിക്കുന്നതിലേക്കായി കേന്ദ്രസർക്കാർ പി.എം.എ.വൈ.യ്ക്കായി നിശ്ചയിച്ച തുകയ്ക്ക് പുറമേയുള്ള അധികതുക ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്.

പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ പദ്ധതിയിലൂടെ 2016–17 –ൽ 184.70 കോടി രൂപ ചെലവഴിച്ച് 46,166 പുതിയവീടുകളുടെ നിർമ്മാണവും 2017–18 (2017 ആഗസ്റ്റ് 31 വരെ) 64.04 കോടി രൂപ ചെലവഴിച്ച് 6,377 പുതിയ വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. 2017–18 മുതൽ കേരളത്തിൽ പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ പദ്ധതിയുടെ പ്രവർത്തനങ്ങൾ 'ലൈഫ് മിഷന്റെ' ഭാഗമായാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ 2016–17–ലെയും 2017–18–ലെയും (2017 ആഗസ്റ്റ് 31 വരെ) ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾ യഥാക്രമം **അനുബന്ധം 6.2.5, 6.2.6** എന്നിവയിൽ നൽകിയിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്. വൈ.)

ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക, ഒറ്റപ്പെട്ടുകിടക്കുന്ന ആവാസകേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുക എന്നീ കാഴ്ചപ്പാടോടുകൂടിയാണ് 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്. വൈ. 2000 ഡിസംബർ 25–ന് ആരംഭിച്ചത്. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമീണ ആവാസ കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയിലും ഉപയോഗിക്കുവാൻ കഴിയുന്ന റോഡുകൾ നിർമ്മിക്കുകയെന്നതാണ് പി.എം. ജി.എസ്.വൈ. പദ്ധതിയുടെ ലക്ഷ്യം. 2015–16 മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതി വിഹിതം വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ. എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാനതല നിർവ്വഹണ ഏജൻസി.

ഈ പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിന് അടങ്കൽ അനുസരിച്ചുള്ള യഥാർത്ഥ നിർമ്മാണ ചെലവ് മാത്രമേ ഭാരതസർക്കാർ അനുവദിക്കുന്ന ഫണ്ടിൽനിന്ന് ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ അടങ്കൽ തുകയിൽ അധികരിച്ചുവരുന്ന ചെലവുകളും സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനും നേരത്തെ സൃഷ്ടിച്ച ആസ്തികളും മറ്റും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകളും 2010–11 മുതൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും പി.എം.ജി.എസ്.വൈ.യ്ക്കുള്ള സംസ്ഥാന സഹായം എന്ന പേരിൽ നൽകി വരുന്നു.

2016–17–ൽ പി.എം.ജി.എസ്.വൈ (കേന്ദ്രാ വിഷ്കൃത പദ്ധതി) യിലൂടെ 218.50 കോടി രൂപയും പി.എം.ജി.എസ്.വൈ. – യ്ക്കുള്ള സംസ്ഥാന സഹായം എന്ന പദ്ധതിയിലൂടെ 90.15 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2017–18–ൽ (2017 ആഗസ്റ്റ് 31 വരെ) 84.42 കോടി രൂപ പി.എം. ജി.എസ്.വൈ. (കേന്ദ്രാവിഷ്കൃത പദ്ധതി) യിലൂടെ ചെലവഴിച്ചിട്ടുണ്ട്. 2016–17, 2017–18 (2017 ആഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിലായി ഈ പദ്ധതിയിലൂടെ 5,753.59 കിലോമീറ്റർ ദൈർഘ്യം റോഡ് പൂർത്തീകരിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്. വൈ.)-നീർത്തട ഘടകം

2015 ജൂലൈ 1 മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ളിയു.എം.പി.) എന്ന പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) – നീർത്തട ഘടകം എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതി വിഹിതം വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്.

ഒഴുക്കുവെള്ളം ഫലപ്രദമായി കൈകാര്യം ചെയ്യൽ, മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ഈർപ്പം സംരക്ഷിക്കുക എന്നീ കാര്യങ്ങൾക്കായി കുന്നിൻ പ്രദേശങ്ങളെ തട്ടുകളാക്കി രൂപപ്പെടുത്തുക, അഴുക്കുചാൽ ശുചീകരണം, മഴവെള്ള സംഭരണം, ഈർപ്പം അതേപോലെതന്നെ നിലനിർത്തുക, നീർത്തട അടിസ്ഥാനത്തിലുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെടുത്ത പിന്നാക്ക വൃഷ്ടി മേഖലകളിലെ പരമ്പരാഗത ജലാശയ ഉറവിടങ്ങളുടെ നവീകരണം ഉൾപ്പെടെ ജലാശയങ്ങളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയുടെ പൂർണ്ണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതും ഈ പരിപാടിയിൽ ഉൾപ്പെടുന്നുണ്ട്.

പി.എം.കെ.എസ്.വൈ.– നീർത്തട ഘടകം പദ്ധതിയിലൂടെ 2016–17–ലും 2017–18 ലുമായി (2017 ആഗസ്റ്റ് 31 വരെ) 581.97 കോടി രൂപ ചെലവഴിക്കുകയും 616 ചെറിയ നീർത്തടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017–18 മുതൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 'ഹരിതകേരളം മിഷന്റെ' ഭാഗമായി നടപ്പിലാക്കിവരുന്നു.

ശുചിത്വ മിഷൻ

കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയെ ശുചിത്വം, ഖര–ദ്രവ മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെയുള്ള എല്ലാ മാലിന്യ നിർമ്മാർജ്ജന മേഖലകളിലും സഹായിക്കുന്ന നിർവ്വഹണ ഏജൻസിയായി ശുചിത്വ മിഷൻ പ്രവർത്തിക്കുന്നു.

നൂതന സംരംഭങ്ങൾ

ഹരിത പെരുമാറ്റച്ചട്ടം – മാലിന്യസൃഷ്ടി കുറയ്ക്കുന്നതിന് സഹായിക്കുന്ന ഹരിത പെരുമാറ്റച്ചട്ടം 2015–ലെ ദേശീയ ഗെയിംസിൽ വിജയകരമായി നടപ്പിലാക്കുകയും അതിന്റെ തുടർച്ചയായി വിവിധ സർക്കാർ, സ്വകാര്യ പരിപാടികളിലും ആഘോഷങ്ങളിലും പിൻതുടർന്നുവരികയും ചെയ്യുന്നു. സ്കൂൾ കലോത്സവം, ആറ്റുകാൽ പൊങ്കാല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തുടങ്ങി 2016–17–ൽ സംസ്ഥാനത്ത് നടത്തിയ പ്രധാന പരിപാടികളിൽ ഹരിത പെരുമാറ്റച്ചട്ടം പാലിച്ചിട്ടുണ്ട്.

ശുചിത്വ കേരളം, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീണം) എന്നീ പദ്ധതികളുടെ ഗ്രാമീണ മേഖലകളിലെ നിർവ്വഹണ ഏജൻസിയാണ് ശുചിത്വ മിഷൻ.

ശുചിത്വ കേരളം

സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള മാലിന്യമുക്ത മാനദണ്ഡങ്ങൾക്കനുസൃതമായി പ്രാദേശിക കൂട്ടായ്മയിൽ കേന്ദ്രീകരിച്ചുള്ള മാലിന്യമുക്ത കേരളം എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയാണ് ശുചിത്വ മിഷൻ. മനുഷ്യ വിസർജ്ജ്യങ്ങളുടെ സുരക്ഷിത നിർമ്മാർജ്ജനം, ഗാർഹിക ശുചീകരണം, ഭക്ഷ്യ സുരക്ഷ, വ്യക്തി ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ദ്രവമാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യൽ, സാമൂഹ്യ–പാരിസ്ഥിതിക ശുചീകരണം എന്നിവയാണ് സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള ഏഴ് പ്രവർത്തനങ്ങൾ. 2017–18 മുതൽ ഈ പദ്ധതി 'ഹരിതകേരളം മിഷനിൽ' ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 2016–17–ൽ 26.00 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഇതിൽ 15.00 കോടി രൂപ മാത്രം വിട്ടുകിട്ടുകയും ഇതിൽ 11.21 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017–18–ൽ 51.67 കോടി രൂപ വകയിരുത്തുകയും 3.71 കോടി രൂപ (2017 സെപ്തംബർ 30 വരെ) ചെലവഴിക്കുകയും ചെയ്തു.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

സാർവ്വത്രികമായ പൊതുശുചിത്വനിലവാരം കൈവരിക്കുന്നതിനുള്ള ഉദ്യമങ്ങളെ ത്വരിതപ്പെടുത്തുന്നതിനും ശുചിത്വത്തിൽ ശ്രദ്ധാ

കേന്ദ്രീകരിക്കുന്നതിനുമായി ഭാരത സർക്കാർ 2014 ഒക്ടോബർ 2-ന് ആരംഭിച്ചതാണ് സ്വച്ഛ് ഭാരത് മിഷൻ. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിന് സമുചിതമായ ശ്രദ്ധാഞ്ജലിയായി 2019-ൽ ശുചിത്വ ഭാരതം കൈവരിക്കുകയെന്നതാണ് ഈ മിഷന്റെ ലക്ഷ്യം. ഖര ദ്രവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലൂടെ ശുചിത്വത്തിന്റെ നിലവാരം മെച്ചപ്പെടുത്തുകയും ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്തവും വൃത്തിയും ശുചിത്വവും ഉള്ളവയാക്കുകയുമാണ് ഗ്രാമീണ ഭാരതത്തിൽ സ്വച്ഛ് ഭാരത് മിഷൻ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 2015-16 മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതി വിഹിതം 60:40 എന്ന അനുപാതത്തിൽ വകയിരുത്തുന്നു.

2016-17-ലും 2017-18 -ലുമായി (2017 സെപ്തംബർ 30 വരെ) യഥാക്രമം 100.00 കോടി രൂപയും 102.50 കോടി രൂപയും (കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ) വകയിരുത്തുകയും 154.27 കോടി രൂപയും 153.32 കോടി രൂപയും ഈ പദ്ധതിയിലൂടെ ചെലവഴിക്കുകയും ചെയ്തു.

വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ച ഗ്രാമീണ കേരളത്തിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 6.2.7**-ൽ കൊടുത്തിരിക്കുന്നു.

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.)

സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നതിനായാണ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ. - മുൻപ് രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ - ആർ.ജി.പി.എസ്.എ.) ആരംഭിച്ചത്. പുതിയ ചുറ്റുപാടിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളിയെ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ അഭിസംബോധന ചെയ്യുകയെന്നുള്ളതാണ് പുന: ക്രമീകരിച്ചിരിക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം.

- പ്രക്രിയകളിലും നടപടിക്രമങ്ങളിലും കൂടുതൽ സുതാര്യത.
- സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട/ ദുർബലവിഭാഗങ്ങളുടെ ആവശ്യങ്ങളോടും ആഗ്രഹങ്ങളോടും ഗ്രാമ പഞ്ചായത്തുകളുടെ പ്രതികരണം.
- ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഗ്രാമപഞ്ചായത്തുകളെ അടുത്ത തലത്തിലേക്ക് കൊണ്ടുപോകാൻ സാങ്കേതികവിദ്യയുടെ നൂതന പ്രയോഗം. സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട/ദുർബല വിഭാഗങ്ങളിലേക്ക് എത്തുന്നതിനായും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായും, ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനായും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ ഡിജിറ്റൈസേഷൻ ചെയ്യുക എന്നതാണ് ഇതിൽ ഉൾപ്പെടുന്നത്.
- ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, പെൺകുട്ടികളുടെ ഉന്നമനം, പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ

ബോക്സ് 6.2.1

വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്.) കേരളം

2016 നവംബർ 1ന് സംസ്ഥാന സർക്കാർ ഗ്രാമീണ കേരളത്തെ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ചു. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിലൂടെ ഇതുവരെ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ചിട്ടുള്ളതിൽ മൂന്നാമത്തെതും ഏറ്റവും വലുതുമായ സംസ്ഥാനമാണ് കേരളം. വെളിയിട വിസർജ്ജന വിമുക്ത പരിപാടിയിലൂടെ ഗ്രാമീണ കേരളത്തിലെ ഒറ്റപ്പെട്ടുനിൽക്കുന്ന ആദിവാസി ഊരുകളും വെള്ളം കെട്ടിനിൽക്കുന്ന മേഖലകളും ഉൾപ്പെടെയുള്ള നിർണ്ണായകമായ മേഖലകളിൽ 174,720 കക്കൂസുകൾ നിർമ്മിച്ചു. വ്യക്തിഗത കക്കൂസ് നിർമ്മാണ ചെലവ് 15,400 രൂപയാണ്. ഇതിൽ 12,000 രൂപ ഗ്രാമപ്രദേശങ്ങളിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ വിഹിതമായി നൽകുകയും ബാക്കി തുക അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്തു.

ക്ഷേമം, ഭിന്നശേഷിയുള്ളവരുടേയും വയോജനങ്ങളുടേയും ക്ഷേമം തുടങ്ങിയ സാമൂഹ്യ മേഖലയിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ജനപങ്കാളിത്തത്തിന് അവസരം സൃഷ്ടിക്കുക.

2016–17 –ലും 2017–18 –ലുമായി (2017 സെപ്തംബർ 30 വരെ) യഥാക്രമം 10.82 കോടി രൂപയും 5.48 കോടി രൂപയും (കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും പ്രാരംഭ ബാക്കിയും ഉൾപ്പെടെ) ഈ പദ്ധതിയിലൂടെ ചെലവഴിച്ചു. ഈ കാലയളവിൽ ആർ.ജി.എസ്.എ.യുടെ സഹായത്തോടേ 22 പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ നിർമ്മാണവും 33 വെർച്വൽ ക്ലാസ്സ് മുറികളുടെ രൂപീകരണവും പൂർത്തിയാക്കുകയും ഇതോടൊപ്പം 14 വെർച്വൽ ക്ലാസ്സ് മുറികളുടെ രൂപീകരണം പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ കാര്യശേഷി വികസന പരിപാടികളിലൂടെ 25,000 പരിശീലന ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ (ഗ്രാമവും നഗരവും ഉൾപ്പെടെ) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ വ്യാപൃതമായിരിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കില. 1990–ൽ സ്ഥാപിതമായതു മുതൽ പരിശീലനം, ആക്ഷൻ റിസർച്ച്, പ്രസിദ്ധീകരണങ്ങൾ, ചർച്ചായോഗങ്ങളും ശില്പശാലകളും, വിദഗ്ദ്ധാഭിപ്രായസേവനം, പ്രമാണവത്കരിക്കൽ, കൈത്താങ്ങ്, വിവരസേവനങ്ങൾ തുടങ്ങിയ തദ്ദേശ ഭരണത്തിലും വികേന്ദ്രീകരണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ് കില.

പരിശീലന സ്ഥാപനങ്ങളായ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി. – മാനവ വിഭവ വികസന കേന്ദ്രം എന്ന് പുനർനാമകരണം ചെയ്തു), അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി – സമഗ്രപങ്കാളിത്ത വിഭവ പരിപാലന കേന്ദ്രം (അഹാഡ്സ് – സി.സി.പി.ആർ.എം.), മൂന്ന് എക്സ്റ്റെൻഷൻ ടെയിനിംഗ് സെന്ററുകൾ (ഇ.റ്റി.സി.) എന്നിവ കിലയുമായി സംയോജിപ്പിച്ചു.

2016–17–ൽ കിലയ്ക്കും മാനവ വിഭവ വികസന കേന്ദ്രത്തിനുമായി (മുൻപ് എസ്.ഐ.ആർ.ഡി. – കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ) യഥാക്രമം 22.00 കോടി രൂപയും 2.00 കോടി രൂപയും വകയിരുത്തുകയും അതിൽ യഥാക്രമം 5.65 കോടി രൂപയും 2.51 കോടി രൂപയും ചെലവഴിക്കുകയുമുണ്ടായി. 2016–17–ൽ 1383 വിഭാഗങ്ങളിലായി 76 പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും 98088 പ്രവൃത്തി ദിനങ്ങളിലായി 79160 പേർ പങ്കെടുക്കുകയും ചെയ്തു. ഇതിൽ 12 പരിശീലന പരിപാടികൾ ദേശീയവും അന്തർദേശീയവുമായ പരിശീലനം, ശില്പശാലകൾ, സമ്മേളനങ്ങൾ എന്നിവ മാത്രമാണ്. 2016–17 –ലും 2017–18 –ലുമായി (2017 ആഗസ്റ്റ് 31 വരെ) കില നടത്തിയ വിവിധ പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 6.2.8** –ലും **6.2.9** –ലും കൊടുത്തിരിക്കുന്നു.

കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യവുമായിട്ടാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീ രൂപീകരിച്ചിരിക്കുന്നത്. പത്തു വർഷത്തിനുള്ളിൽ സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുന്നതിനായി 1998 –ൽ കേരള സർക്കാർ ആരംഭിച്ച നൂതനവും സ്ത്രീ കേന്ദ്രീകൃതവുമായ പങ്കാളിത്ത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയാണിത്. സ്ത്രീകളുടെ സാമൂഹികം, സാമ്പത്തികം, മൊത്തത്തിലുള്ള ലിംഗാധിഷ്ഠിത ശാക്തീകരണം എന്നിങ്ങനെ മൂന്ന് തലങ്ങളിലാണ് മിഷൻ അതിന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചിരിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജന ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പ്രവർത്തന സമീപനത്തിന് ഉപരിയായി ഒരു പ്രക്രിയ സമീപനത്തെയാണ് മിഷൻ പിന്തുടരുന്നത്. പരമ്പരാഗത സമീപനത്തിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടിൽ ദാരിദ്ര്യത്തെ ഏതെങ്കിലും തരത്തിലുള്ള ഇല്ലായ്മയായിട്ടാണ് കണക്കാക്കുന്നത്. തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ഉദ്യമങ്ങളും ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങളെ അഭിസംബോധന ചെയ്തും അതിലൂടെ സാമൂഹികവും സാമ്പത്തികവും ലിംഗാധിഷ്ഠിതവുമായ ശാക്തീകരണത്തിന് സഹായിക്കുകയും ചെയ്യുന്നു. ഇന്ന് സംസ്ഥാനത്ത് 43.07 ലക്ഷം വനിതകൾ

മതപരമായ വിശ്വാസങ്ങൾക്കും രാഷ്ട്രീയ ആശയങ്ങൾക്കും അതീതമായി കുടുംബശ്രീ പ്രസ്ഥാനത്തിൽ പങ്കെടുക്കുന്നു. 2016–17 –ൽ 130.00 കോടി രൂപ കുടുംബശ്രീയുടെ സംസ്ഥാന പദ്ധതിക്കായി വകയിരുത്തുകയും അതിൽ 124.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

സംസ്ഥാനത്ത് വിവിധ കേന്ദ്രാവിഷ്കൃത പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണഏജൻസി കൂടിയാണ് കുടുംബശ്രീ. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ. ആർ.എൽ.എം.), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ. വൈ.), സ്റ്റാർട്ട്–അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (എസ്.വി.ഇ.പി.), മഹിളാ കിസാൻ ശശാക്തീകരൺ പരിയോജന (എം.കെ.എസ്. പി.) എന്നിവ കുടുംബശ്രീ മുഖേന സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു.

താഴെ പറയുന്നവയാണ് കുടുംബശ്രീ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട നൂതന പരിപാടികൾ.

• ജെൻഡർ റിസോഴ്സ് സെന്റർ

തദ്ദേശഭരണ സ്ഥാപനത്തിനു കീഴിൽ ജെൻഡർ വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്ഥാപിച്ചതാണ് ജെൻഡർ റിസോഴ്സ് സെന്റർ.

• സൂക്ഷമതല നിയമന യജ്ഞം (മൈക്രോ പ്ലയിസ്മെന്റ് ഡ്രൈവ്)

സൂക്ഷമതല നിയമന യജ്ഞം എന്നത് കുറഞ്ഞ എണ്ണത്തിലുള്ള തൊഴിലന്വേഷകർക്കായി ഒന്നോ രണ്ടോ തൊഴിൽ ദാതാക്കളെ ഒരു ചെറിയ സ്ഥലത്ത് സജ്ജീകരിക്കുന്നതിന് സഹായിക്കുന്ന ഉദ്യമമാണ്. ഈ ആശയം ഡി.ഡി.യു.ജി.കെ.വൈ. യിലെ മത്സരാർത്ഥികളെ അവരുടെ സ്വന്തം പ്രദേശത്ത് ജോലി ലഭിക്കുന്നതിന് സഹായിക്കുന്നു.

• ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.) യ്ക്കായുള്ള സാമൂഹ്യാടിസ്ഥാനത്തിലുള്ള സംവിധാനം

2015–16–ൽ തുടങ്ങിയ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു. ജി.കെ.വൈ.). ഗ്രാമീണ മേഖലയിലെ ദരിദ്രരായ യുവജനങ്ങളെ വൈദഗ്ധ്യം ഉള്ളവരാക്കി തീർക്കുകയും അവർക്ക് സംഘടിത മേഖലയിൽ തൊഴിൽ നൽകുകയും ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. കുടുംബശ്രീ അതിന്റെ സാമൂഹ്യവികസന സംഘങ്ങൾ, മേഖലാവികസന സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നീ ഘടനയിലൂടെ നിരവധി ക്യാമ്പുകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. സമാഹരണത്തിലും തുടർനടപടികളിലും ഉള്ള സജീവപങ്കാളിത്തത്തിലൂടെ 21,617 വിദ്യാർത്ഥികളുടെ പരിശീലനം പൂർത്തീകരിക്കുന്നതിനും 12,000 ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗനിയമനം നല്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. സാമൂഹ്യപിന്തുടരലിനും സംഘടിപ്പിക്കലിനുമായി സാമൂഹ്യാടി സ്ഥാനത്തിലുള്ള സന്നദ്ധ സേവകരുടെസംഘത്തെ ഉൾപ്പെടുത്തുന്ന ഒരുപുതിയ പദ്ധതി കുടുംബശ്രീ ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി ഓരോ സാമൂഹിക വികസന കേന്ദ്രങ്ങളും 'നൈപുണ്യ' രജിസ്റ്റർ (വൈദഗ്ധ്യ രജിസ്റ്റർ) ഉണ്ടാക്കുകയും പിൻതുടരുകയും, സംഘടിപ്പിക്കുകയും, പരിപാലിക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനായി ഒരു സാമൂഹ്യ സന്നദ്ധസേവകനെ തെരഞ്ഞെടുക്കുന്നതിനായി ഉപദേശിക്കുകയും ചെയ്യുന്നു.

• ഉപജീവന ഉപാധി : കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങൾ

30,000 –ൽ കൂടുതൽ സൂക്ഷ്മസംരംഭങ്ങൾ ഉള്ള കുടുംബശ്രീ അതിന്റെ സൂക്ഷ്മസംരംഭ പ്രവർത്തനങ്ങളിലൂടെ പ്രശസ്തമാണ്. സൂക്ഷ്മസംരംഭങ്ങളിൽ കാന്റീൻ

യൂണിറ്റുകളും തയ്യൽ യൂണിറ്റുകളുമാണ് പ്രധാനപ്പെട്ടവ. കൊച്ചിൻ കപ്പൽശാലയിലെ ഹൗസ് കീപ്പിംഗ് സേവനം; കൊച്ചിൻ മെട്രോയുമായി ബന്ധപ്പെട്ട ഹൗസ് കീപ്പിംഗ്, പാർക്കിങ്ങ്, കാന്റീൻ, ഉപഭോക്താക്കളെയും ജനത്തിരക്കിനേയും നിയന്ത്രിക്കൽ, ടിക്കറ്റ് നൽകൽ തുടങ്ങിയ സേവനങ്ങൾ; റീജിയണൽ കാൻസർ സെന്ററിലെ സ്വീകരണകാര്യാലയത്തിൽ സേവനങ്ങൾ നൽകി വരുന്നവർ; എറണാകുളം, തൃശ്ശൂർ റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിങ്ങ് കേന്ദ്രങ്ങളിൽ നിന്നുമുള്ള ഫീസ് ശേഖരണം, പാർക്കിങ്ങ് കേന്ദ്രങ്ങളുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളിൽ കുടുംബശ്രീ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ സ്ത്രീകളുടെ വരുമാനം ഉറപ്പാക്കുകയും പൊതുജനശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്ന ചില മേഖലകളാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമമുറികളുടെ പരിപാലനം നിലവിൽ കുടുംബശ്രീ കൂട്ടായ്മയിലൂടെയാണ് നടത്തുന്നത്. ദക്ഷിണ റെയിൽവേയുമായി സഹകരിച്ച് തിരുവനന്തപുരം ഡിവിഷന്റെ കീഴിലുള്ള പാർക്കിങ്ങ് സ്ഥലവും എ.സി. വിശ്രമമുറിയും കൈകാര്യം ചെയ്യുന്നതിലൂടെ കുടുംബശ്രീയ്ക്ക് 82 വ്യക്തികൾക്ക് ജോലി നൽകുന്നതിനും സ്റ്റേഷനെ ആശ്രയിച്ച് പ്രതിമാസ വരുമാനമായി 8,000 രൂപ മുതൽ 10,000 രൂപ വരെ നൽകുന്നതിനും സാധിക്കുന്നു.

- **സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ**

മാച്ചിംഗ് ഗ്രാന്റ്, ലിങ്കേജ് ബാങ്കിംഗ്, സമ്പാദ്യശീലവും വായ്പയും, പലിശ സബ്സിഡി, സാമ്പത്തിക സാക്ഷരതാ പ്രചരണ പ്രവർത്തനങ്ങൾ, യുവശ്രീ എന്നിവ സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 1,073 സാമൂഹ്യ വികസന സംഘങ്ങളും 19,854 മേഖലാ വികസന സംഘങ്ങളും 277,175 അയൽക്കൂട്ടങ്ങളും ഉൾപ്പെട്ടതാണ് കുടുംബശ്രീ ശൃംഖല. 2016-17-ൽ 25,082 അയൽക്കൂട്ടങ്ങൾ ഗ്രേഡ് ചെയ്യപ്പെടുകയും 35,689 അയൽക്കൂട്ടങ്ങൾ വിവിധ ബാങ്കുകളുമായി ലിങ്ക് ചെയ്യപ്പെടുകയും 1,334.75 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് വായ്പയായി നൽകുകയും ചെയ്തു. 542.91 കോടി രൂപ ആഭ്യന്തര വായ്പയായും 1,963.79 കോടി രൂപ ത്രിഫ്റ്റായും നൽകുകയുണ്ടായി. ലിങ്കേജ് ബാങ്കിംഗ് പദ്ധതിയുടേയും, സമ്പാദ്യശീലത്തിന്റേയും വായ്പ പ്രവർത്തനങ്ങളുടേയും ജില്ലതിരിച്ചുള്ള വിവരങ്ങൾ യഥാക്രമം **അനുബന്ധം 6.2.10, 6.2.11** എന്നിവയിൽ കൊടുത്തിരിക്കുന്നു.

- **ബാലസഭ**

2016-17 -ൽ സംസ്ഥാനത്ത് 44,234 ബാലസഭകൾ 6.47 ലക്ഷം കുട്ടികളുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നുണ്ട്. ബാലസഭയുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 6.2.12** - ൽ കൊടുത്തിട്ടുണ്ട്.

- **ഗോത്രവർഗ്ഗ പ്രത്യേക ഇടപെടൽ**

അട്ടപ്പാടി വൈദഗ്ധ്യ പരിശീലന പരിപാടി-ഡി.ഡി.യു.ജി.കെ.വൈ.യുടെ ഭാഗമായി അട്ടപ്പാടി പ്രദേശത്ത് കുടുംബശ്രീ ഒരു പരിശീലന കേന്ദ്രം തുടങ്ങുകയും ഇലക്ട്രീഷ്യൻ, വെൽഡിംഗ്, പ്ലംബിംഗ് കോഴ്സുകളിൽ ഇവിടെ പരിശീലനം നൽകുകയും ചെയ്യുന്നു. ഈ തൊഴിൽ മേഖലകളിലായി 60 വിദ്യാർത്ഥികളുടെ പരിശീലനം ഇവിടെ നടന്നുവരുന്നു.

ഗോത്രസമാഹരണം-കുടംബശ്രീ 'വീടുവീടാന്തരം' പ്രചരണം നടത്തുകയും 48 ഊരുകളെ (2017 ആഗസ്റ്റ് 31 വരെ) ഇതിൽ ഉൾപ്പെടുത്തുകയും ചെയ്തു. സമൂഹത്തിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും, ഡി.ഡി.യു.ജി.കെ.വൈ. പരിപാടിക്ക് കൂടുതൽ ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിനും ഇത് കുടുംബശ്രീയെ സഹായിച്ചു.

അട്ടപ്പാടിയിലെ ബ്രിഡ്ജ് വിദ്യാലയങ്ങളും ബ്രിഡ്ജ് പാഠ്യപദ്ധതിയും -
ഇടയ്ക്കുവെച്ച് വിദ്യാഭ്യാസം മുടങ്ങിപ്പോയ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസവുമായി കൂട്ടിയിണക്കുന്നതിനായിട്ടാണ് ബ്രിഡ്ജ് വിദ്യാലയങ്ങൾ തുടങ്ങിയത്. നിലവിൽ ഈ മേഖലയിൽ മൂന്ന് ബ്രിഡ്ജ് വിദ്യാലയങ്ങളിലായി 63 കുട്ടികളും ടി.ടി.സി യോഗ്യതയുള്ള അധ്യാപകരും ഉണ്ട്. വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യങ്ങളും നൽകുന്നുണ്ട്. നിലവിൽ ഇവർ

പ്രൈമറി, അപ്പർപ്രൈമറി, 10, 11 എന്നീ ക്ലാസ്സുകളിലേക്കായി സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷകൾക്ക് ഹാജരാകുന്നതിനായി രജിസ്റ്റർ ചെയ്യുന്നു.

ദിവസവും വീട്ടിൽ നിന്നും വന്ന് പഠിക്കുന്നവർക്ക് ഊരുകളിൽതന്നെ ട്യൂഷൻ നൽകുന്നതിനായി ബ്രിഡ്ജ് പാഠ്യപദ്ധതികളും നടപ്പിലാക്കുന്നു. ഇവിടെനിന്നും പാഠ്യപദ്ധതിയ്ക്ക് പുറമേ കുട്ടികൾ നിത്യജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ശുചിത്വ സമ്പ്രദായങ്ങൾ പഠിക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് സാമൂഹ്യ അടുക്കളയിൽ നിന്നും ഭക്ഷണം നൽകുകയും ചെയ്യുന്നു.

ഉപസംഹാരം

ഉപജീവന ഉപാധികൾ മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി നിരവധി ഏജൻസികളും പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസികളുടെയും പദ്ധതികളുടെയും അന്യോന്യമുള്ള പ്രവൃത്തികളും സംയോജനസാധ്യതകളും ശക്തിപ്പെടുത്തേണ്ടതുണ്ട്.

6.3 പശ്ചാത്തല വികസനം

രാജ്യത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനുള്ള ഒരു അവശ്യ ഘടകമാണ് അടിസ്ഥാന സൗകര്യ വികസനമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. വർദ്ധിച്ചു വരുന്ന നഗര വത്ക്കരണത്തിന് കൂടുതൽ നിക്ഷേപം പശ്ചാത്തല സൗകര്യ വികസനത്തിൽ ആവശ്യമായി വരുന്നു. വിവിധ നഗര പശ്ചാത്തല വികസന പരിപാടികൾ രൂപപ്പെടുത്തുന്നതിന് കേരളത്തിന്റെ നഗരവത്ക്കരണത്തിന്റെ പ്രത്യേകത, ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ എന്നിവ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും പ്രത്യേക രീതിയിലുള്ള നഗരവത്ക്കരണവും നഗര പശ്ചാത്തല വികസനം ഒരുക്കുന്നതിന് വലിയ വെല്ലുവിളികളാണ്.

കുടിവെള്ള വിതരണം, മാലിന്യ പരിപാലനം, നഗര ശുചീകരണ പദ്ധതികൾ, പൊതു ശൗചാലയങ്ങൾ സ്ഥാപിക്കലും അവയുടെ വ്യാപനവും, അഴുക്കുചാലുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും, ഓവുചാലുകളുടെ നിർമ്മാണം, ഫലപ്രദമായ വാഹന പാർക്കിംഗ് നയവും ആധുനിക യന്ത്രവത്കൃത പാർക്കിംഗ് സംവിധാനവും, നഗരങ്ങളുടെ മനോഹാരിത വർദ്ധിപ്പിക്കലും ഹരിത നഗരം സൃഷ്ടിക്കലും, യന്ത്രവത്കൃതമല്ലാത്ത നഗര ഗതാഗത സംവിധാനങ്ങൾ സ്ഥാപിക്കൽ എന്നിവ നഗര പശ്ചാത്തല വികസന പരിപാടികളിൽ ഉൾപ്പെടുന്നു. വിവിധ വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പ്രധാന നഗര പശ്ചാത്തല വികസന പരിപാടികൾ ചുവടെ വിവരിക്കുന്നു.

1. അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്)

കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ 2015 ജൂണിൽ ആരംഭിച്ച പുതിയ സംരംഭങ്ങളിൽ ഒന്നാണ് അമൃത്. 2015-16 മുതൽ 2019-20 വരെയുള്ള അഞ്ച് വർഷമാണ് അമൃത് പദ്ധതിയുടെ കാലയളവ്. നിലവിൽ അമ്പതോളം നഗരങ്ങൾ അമൃതിനു കീഴിൽ വരുമെന്നാണ് കണക്കാക്കുന്നത്. കേരള സംസ്ഥാനത്ത് നിന്നും ആറ് കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളും ഉൾപ്പെടെ ഒൻപത് നഗരങ്ങളെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക, നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയിലൂടെ എല്ലാവരുടേയും പ്രത്യേകിച്ച് പാവങ്ങളുടേയും പ്രതികൂല ജീവിത സാഹചര്യമുള്ളവരുടേയും ജീവിത നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പശ്ചാത്തല സൗകര്യ വികസനമാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. കുടിവെള്ള വിതരണം, കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം, വെള്ളപ്പൊക്കം കുറയ്ക്കുന്നതിനായുള്ള മഴവെള്ള ഓവു ചാലുകൾ, നടപ്പാതകൾ, യന്ത്രവത്കൃതമല്ലാത്ത പൊതു ഗതാഗത മാർഗ്ഗങ്ങൾ, പാർക്കിംഗ് സ്ഥലങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം ഉയർത്തുന്നതിലൂടെ നഗര പ്രദേശങ്ങളുടെ വികസനം സാധ്യമാക്കുക, കാര്യശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ട പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന ഘടകങ്ങൾ.

2015 സെപ്റ്റംബർ മുതൽ 2017 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് നിന്നും മൂന്ന് സംസ്ഥാനതല വാർഷിക കർമ്മ പദ്ധതികൾ (SAAP) തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടുകയും ചെയ്തു. 255 പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുകയും അതിൽ 217 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും 45 പദ്ധതികൾക്ക് സാങ്കേതികാനുമതി നേടുകയും ചെയ്തു. 2016-17 കാലയളവിൽ 3.08 കോടി രൂപ ചെലവഴിക്കുകയും 2017 ആഗസ്റ്റ് 31 വരെയുള്ള സഞ്ചിത ചെലവ് 5.58 കോടി രൂപയുമാണ്.

2. സ്മാർട്ട് സിറ്റി മിഷൻ (എസ്.സി.എം)

അഞ്ച് വർഷക്കാലയളവിനുള്ളിൽ (2015-16 മുതൽ 2019-20 വരെ) 100 നഗരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ നടത്തുന്ന ഒരു ഫ്ലാഗ്ഷിപ് പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. പ്രാദേശിക അടിസ്ഥാനത്തിലുള്ള വികസനത്തിനും സമഗ്രമായ വികസനത്തിനും ഊന്നൽ നൽകുന്ന സ്മാർട്ട് സിറ്റി പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് നിന്നും കൊച്ചി നഗരത്തെ തെരഞ്ഞെടുക്കുകയും 2015-16 -ൽ കൊച്ചി നഗരത്തിന് സ്മാർട്ട് സിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് 2 കോടി രൂപ നൽകുകയും ചെയ്തു. പ്രാദേശിക അടിസ്ഥാന വികസന ഘടകത്തിൽ ഫോർട്ട് കൊച്ചിയിലും മട്ടാഞ്ചേരിയിലും, നഗരത്തിന്റെ മധ്യഭാഗത്തുമുള്ള പൈതൃക സ്ഥലങ്ങളെ തെരഞ്ഞെടുക്കുകയും വാട്ടർ മെട്രോ വഴി ബന്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. സമഗ്രമായ വികസന ഘടകത്തിൽ കൊച്ചി സ്മാർട്ട് സിറ്റി തെരഞ്ഞെടുത്ത മേഖലകളിൽ നഗര സഞ്ചാരം, വിനോദ സഞ്ചാരം, നഗര ഗതാഗതം, സോഫ്റ്റ് വെയർ വികസനം എന്നിവയ്ക്ക് മുൻഗണന നൽകുകയും ഈ മേഖലകളിൽ പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്തു. 2076 കോടി രൂപയ്ക്കുള്ള പദ്ധതി കേന്ദ്രസർക്കാരിൽ സമർപ്പിക്കുകയും അനുമതി നേടുകയും ചെയ്തു.

ഒരു പ്രോജക്ടിന് വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും ചെയ്തു. 2016-17 കാലയളവിൽ 1.75 കോടി രൂപ ചെലവഴിക്കുകയും 2017 ആഗസ്റ്റ് 31 വരെയുള്ള സഞ്ചിത ചെലവ് 1.89 കോടി രൂപയുമാണ്. 2017-18 -ൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പ്രോജക്ടിനുവേണ്ടി സമർപ്പിച്ച 1538.19 കോടി രൂപയ്ക്ക് അംഗീകാരവും ലഭിച്ചു.

3. തലസ്ഥാന മേഖലാ വികസന പദ്ധതി

നിർണ്ണായക അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, കുടിവെള്ള വിതരണം, ഖരമാലിന്യ സംസ്കരണ സംവിധാനം, ഓടകളുടെ നിർമ്മാണം, നഗര സൗന്ദര്യവൽക്കരണം, ബസ്സ് ടെർമിനലുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ തലസ്ഥാന നഗരിയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2002-ൽ ആരംഭിച്ച പദ്ധതിയാണ് തലസ്ഥാന മേഖല വികസന പ്രോജക്ട്. 2016-17 കാലഘട്ടത്തിൽ തലസ്ഥാന മേഖല വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 1.71 ലക്ഷം രൂപയും 2017-18 കാലഘട്ടത്തിൽ 2017 ആഗസ്റ്റ് 31 വരെ 23.64 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. തലസ്ഥാന മേഖല വികസന പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിവരം **അനുബന്ധം 6.3.1**-ൽ കൊടുത്തിരിക്കുന്നു.

2012-ൽ തലസ്ഥാന മേഖലാ വികസന പ്രോജക്ടിന്റെ രണ്ടാം ഘട്ടം വിഭാവനം ചെയ്യുകയുണ്ടായി. നഗരപ്രാന്ത പ്രദേശങ്ങൾ ഉൾപ്പെടെ തലസ്ഥാന മേഖലയുടെ എല്ലാ പ്രദേശങ്ങളുടേയും സംയോജിത വികസന പ്രക്രിയ ആരംഭിക്കുകയെന്നതായിരുന്നു രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി കണ്ടെത്തിയ പ്രോജക്ടുകളെ പൊതുജനങ്ങളുടെ സഞ്ചാരക്ഷമതയും റോഡ് സുരക്ഷിതത്വവും മെച്ചപ്പെടുത്തുക, സാമ്പത്തിക വികസനം എന്നിങ്ങനെ രണ്ടായി വേർതിരിച്ചിട്ടുണ്ട്. ഇതിൽ നഗരത്തിലെ റോഡുകൾ വികസിപ്പിക്കുക, കാൽനടയാത്രക്കാർക്ക് സുരക്ഷിത പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുക, പാതയിലെ കവലകൾ മെച്ചപ്പെടുത്തുക, പാർക്കിംഗ് സൗകര്യങ്ങൾ, പാർക്കിംഗ് നയം ആവിഷ്കരിക്കുക എന്നിവ ഉൾപ്പെടുന്നു. 2017 ആഗസ്റ്റ് 31 വരെ ഈ പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിലെ സഞ്ചിത ചെലവ് 4.99 കോടി രൂപയാണ്.

4. നഗര ഗ്രാമാസൂത്രണ വകുപ്പ്

മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുക, ഗവേഷണവും വികസനവും, ഭൂമി ശാസ്ത്രപരമായ വിവരശേഖരണം, പ്രാദേശിക വികസന പദ്ധതികളും സംയോജിത ജില്ലാ വികസന പദ്ധതികളും തയ്യാറാക്കുക എന്നിവയാണ് നഗര ഗ്രാമാസൂത്രണ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. 2016-17, 2017-18 കാലയളവിൽ ഗവേഷണ വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗര പ്രദേശത്തിനായി പാർക്കിംഗ് നയം രൂപീകരിക്കുകയും തല്പര കക്ഷികളുമായി

കൂടിയോലോചിച്ച് അത് പൂർത്തീകരിക്കുന്ന നടപടി അന്തിമഘട്ടത്തിലുമാണ്. അതോടൊപ്പം കൊച്ചി നഗര മേഖലയിലെ നെൽവയൽ, ചതുപ്പ് പ്രദേശങ്ങളുടെ സംരക്ഷണവും വികസനവും സംബന്ധിച്ചുള്ള പഠനം പൂർത്തിയായിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ അംഗീകരിച്ച/പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളും ലാസ്റ്റർ അല്ലെങ്കിൽ വെറ്റർ രീതിയിൽ പൊതു ജനങ്ങൾക്ക് കാണാൻ കഴിയുന്ന വിധത്തിൽ വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും കേരള സംസ്ഥാന ഐ.ടി മിഷനുമായി ചർച്ച ചെയ്ത് ഇന്ററാക്ടീവ് വെബ് ജി.ഐ.എസ് വികസിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടമായി 32 നഗരങ്ങളുടേയും രണ്ടാം ഘട്ടമായി 31 നഗരങ്ങളുടേയും മൂന്നാം ഘട്ടമായി 24 നഗരങ്ങളുടേയും വികസന പദ്ധതികൾ തയ്യാറാക്കാൻ തുടങ്ങിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട എല്ലാ മാസ്റ്റർ പ്ലാനുകളുടേയും രണ്ടാം ഘട്ടത്തിലെ 14 മാസ്റ്റർ പ്ലാനുകളുടേയും സാങ്കേതികപരമായ പ്രവർത്തനങ്ങൾ പൂർണ്ണമാവുകയും ബാക്കിയുള്ളവ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 2016–17 കാലഘട്ടത്തിൽ 3.40 കോടി രൂപ അനുവദിച്ചതിൽ 2.96 കോടി രൂപ ചെലവായിട്ടുണ്ട്. അതായത് അനുവദിച്ചതിന്റെ 87.23 ശതമാനം. 2017–18 കാലഘട്ടത്തിൽ 3.65 കോടി രൂപ അനുവദിച്ചതിൽ 2017 ആഗസ്റ്റ് 31 വരെ 79 ലക്ഷം രൂപ അതായത് അനുവദിച്ചതിന്റെ 21ശതമാനം ചെലവഴിച്ചു. മൂന്ന് ഘട്ടങ്ങളിലുമായി രൂപീകരിച്ച മാസ്റ്റർ പ്ലാനിനെ സംബന്ധിച്ച വിവരം **അനുബന്ധം 6.3.2** –ൽ കൊടുത്തിരിക്കുന്നു.

5. വികസന അതോറിറ്റികൾ

വികസന അതോറിറ്റികളുടെ ലക്ഷ്യം എന്നത് അവയുടെ പരിധിയിൽ വരുന്ന പ്രദേശത്തിന്റെ സുസ്ഥിര സമഗ്ര വികസനം നേടുക എന്നുള്ളതാണ്. ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാന്റുകളും ടെർമിനലുകളും, പാർക്കിംഗിനുള്ള പൊതു സ്ഥലം, നഗരങ്ങളിൽ കെട്ടിട നിർമ്മാണത്തിനും പ്രധാന റോഡുകളുടെ വീതി കൂട്ടുന്നതിനും സ്ഥലങ്ങൾ ഏറ്റെടുക്കുക മുതലായവയാണ് വികസന അതോറിറ്റികൾ നടപ്പാക്കുന്ന പ്രധാന പ്രവൃത്തികൾ. അഞ്ച് വികസന അതോറിറ്റികൾ മുമ്പ് ഉണ്ടായിരുന്നു. എന്നാൽ ഗവൺമെന്റ് ടിഡയെയും ജി.സി.ഡി.എ യും മാത്രം നിലനിർത്തിക്കൊണ്ട് കാലിക്കറ്റ്, കൊല്ലം, തൃശ്ശൂർ വികസന അതോറിറ്റികളെ 2017–18 ൽ പിരിച്ചുവിട്ടു. പന്ത്രണ്ടാം പദ്ധതി കാലഘട്ടത്തിൽ 150.25 കോടി രൂപ അഞ്ച് വികസന അതോറിറ്റികൾക്കുമായി അനുവദിക്കുകയും 44.98 കോടി രൂപ (അതായത് 29 ശതമാനം) ചെലവഴിക്കുകയും ചെയ്തു. 2017–18 വർഷം യഥാക്രമം 25 കോടി രൂപയും, 7 കോടി രൂപയും ടിഡയ്ക്കും ജി.സി.ഡി.എ യ്ക്കുമായി അനുവദിച്ചതിൽ 2017 ആഗസ്റ്റ് 31 വരെ ഒരു തുകയും അതോറിറ്റികൾ ചെലവഴിച്ചിട്ടില്ല. തിരുവനന്തപുരം വികസന അതോറിറ്റി ഏറ്റെടുത്ത പ്രധാന പ്രോജക്ടുകളെ സംബന്ധിച്ച വിവരം **അനുബന്ധം 6.3.3** –ൽ നൽകിയിരിക്കുന്നു.

6 . പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) (നഗരം)

2015 ഡിസംബർ 8 ന് ആരംഭിച്ച ഈ പദ്ധതി സംസ്ഥാനത്തെ 93 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. 2022 ഓടുകൂടി എല്ലാവർക്കും വീടെന്ന നിർദ്ദേശം നടപ്പാക്കാനായി നഗരത്തിൽ താമസിക്കുന്ന ചേരി നിവാസികൾ ഉൾപ്പെടെയുള്ള എല്ലാ ദരിദ്രരുടെയും ഭവന പ്രശ്നത്തിനു പരിഹാരം കണ്ടെത്താനാണ് മിഷൻ ശ്രമിക്കുന്നത്. 2015 ജൂണിൽ ഇന്ത്യാ ഗവൺമെന്റ് രാജീവ് ആവാസ് യോജന പദ്ധതിയെ പി.എം.എ.വൈ യുമായി സംയോജിപ്പിച്ചു. 93 നഗര സഭകൾക്കായി ഗുണഭോക്തൃ വിഹിത ഭവന നിർമ്മാണ ഘടകത്തിൽ 1,107.54 കോടി രൂപ മുടക്കിൽ 36,918 വീടുകൾ വയ്ക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. 2016–17 കാലയളവിൽ 12,168 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 229 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. മൊത്തം പദ്ധതി ചെലവ് 1,476.72 കോടി രൂപയാണ്. പി.എം.എ.വൈ പദ്ധതിയുടെ സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ച വിവരം **അനുബന്ധം 6.3.4** –ൽ നൽകിയിരിക്കുന്നു.

7. സ്വച്ഛ് ഭാരത് മിഷൻ (നഗരം)

രാജ്യത്താകമാനം ശുചിത്വം, മാലിന്യ സംസ്കരണം, വൃത്തി എന്നിവ കൈവരിക്കുകയും ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ നഗര വികസന മന്ത്രാലയം ആവിഷ്ക്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത ശുചിത്വ പദ്ധതിയാണിത്. ഭവനങ്ങൾതോറും കക്കൂസുകൾ (ഐ.എച്ച്.എച്ച്.എൽ), പൊതു കക്കൂസുകൾ എന്നിവയുടെ നിർമ്മാണം, ഖര ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ, വിവര വിദ്യാഭ്യാസ വിനിമയ സംവിധാനം, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. സംസ്ഥാന ഗവൺമെന്റ് 2016 നവംബർ 1 ന് ഗ്രാമ പ്രദേശങ്ങളെ വെളിയിട വിസർജ്ജനവിമുക്തമായി (ഒ.ഡി.എഫ്) പ്രഖ്യാപിച്ചു. നഗര പ്രദേശങ്ങളിൽ 2017 മാർച്ച് 31 ന് 93 നഗര സഭകളിൽ 92 നഗര സഭകൾ വെളിയിട വിസർജ്ജന മുക്തമായി പ്രഖ്യാപിക്കുകയും അതിൽ 20 നഗര സഭകളെ ഇന്ത്യാ ഗവൺമെന്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. നഗര സഭകളിൽ 29,559 വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കാൻ ഉദ്ദേശിച്ചതിൽ 29,456 എണ്ണം പൂർത്തിയായി. 2016–17 കാലഘട്ടത്തിൽ 26,681 കക്കൂസുകളും, 2017–18 വർഷം 2017 ആഗസ്റ്റ് 31 വരെ 2040 കക്കൂസുകളുടെയും നിർമ്മാണവും പൂർത്തിയാക്കി. നഗര പ്രദേശങ്ങളിൽ നടപ്പിലാക്കിയ വെളിയിട വിസർജ്ജന മുക്ത പ്രോജക്ടിനെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.5**–ൽ കൊടുത്തിരിക്കുന്നു.

8. ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം)

നഗരത്തിലെ പാവപ്പെട്ടവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും ലഘൂകരിക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) –ക്ക് പകരം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 14 നഗരങ്ങളിൽ ആരംഭിക്കുകയും 2016 നവംബർ മുതൽ ബാക്കിയുള്ള 79 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവലോകന ഘട്ടത്തിൽ 4987 പുതിയ അയൽക്കൂട്ട ഗ്രൂപ്പുകൾ രൂപീകരിക്കുകയും, 333 വ്യക്തിഗത സംരംഭങ്ങൾ, 39 ഗ്രൂപ്പ് സംരംഭങ്ങൾ എന്നിവ ആരംഭിക്കുകയും 180 സംരംഭങ്ങൾക്ക് പലിശയിളവ് വായ്പ സഹായം നൽകുകയും ചെയ്തു. നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം നൽകുക എന്ന പദ്ധതി ഘടകത്തിലൂടെ 93 നഗര സഭകളിൽ നിന്നായി 19,838 വഴിയോര കച്ചവടക്കാരെ തെരഞ്ഞെടുക്കുകയും 1357 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്തു. നഗരത്തിലെ വീടില്ലാത്തവർക്ക് വീട് എന്ന പദ്ധതി ഘടകത്തിലൂടെ 3,195 ഗുണഭോക്താക്കളെ കണ്ടെത്തുകയും 10 നഗരങ്ങളിലായി 26 അഭയകേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. 2016–17 വർഷം 48.78 കോടി രൂപയും 2017–18 വർഷം 2017 ആഗസ്റ്റ് 31 വരെ 12.19 കോടി രൂപയും ഈ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. എൻ.യു.എൽ.എം പദ്ധതിയുടെ സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 6.3.6** ലും അവലോകന ഘട്ടത്തിലെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 6.3.7**–ലും നൽകിയിരിക്കുന്നു.

9. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2009–10–ലാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗരത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മയും യോഗ്യതക്ക് അനുസരിച്ചുള്ള തൊഴിലിന്റെ അഭാവവും പരിഹരിക്കാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് ഇത്. 2016–17–വർഷം 1,500 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുകയും മൊത്തം തുകയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മുഖേന ചെലവഴിക്കുകയും ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഈട് നിൽക്കുന്ന ആസ്തികൾ ഉണ്ടാക്കാനാണ് പ്രസ്തുത തുക വിനിയോഗിച്ചത്. ഈ പദ്ധതിയിലൂടെ 2017 ആഗസ്റ്റ് 31 വരെ 403,022 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വിതരണംചെയ്ത തുകയെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.8**–ൽ നൽകിയിരിക്കുന്നു.

2017-18 വാർഷിക പദ്ധതിയോടുകൂടി നിർത്തലാക്കിയ പ്രധാന പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകൾ

ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ വായ്പാ കാലാവധി 2016 ജൂൺ 30–ന് അവസാനിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ. യു.ആർ.എം), ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി, രാജീവ് ആവാസ് യോജന (ആർ.എ.വൈ), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്. എസ്.സി.പി), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾ (ബി.എസ്. യു.പി) എന്നിവയാണ് 2017–18 വാർഷിക പദ്ധതിയോടുകൂടി നിർത്തലാക്കുന്ന പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ.

കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ ആകെ അംഗീകരിച്ച 102 പാക്കേജുകളിൽ 88 എണ്ണം പൂർത്തിയായി. ആകെ 11 സിവറേജ് പാക്കേജുകളും, കൊല്ലം കോർപ്പറേഷനിലെ കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റും, കൊല്ലം, തൃശ്ശൂർ കോർപ്പറേഷനിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റും പൂർത്തിയാക്കേണ്ടതുണ്ട്. 2016–17 വർഷം 27.19 കോടി രൂപയാണ് ചെലവായിട്ടുള്ളത്. 2017–18 വർഷം പദ്ധതി പൂർത്തീകരണത്തിനും മുൻകാല വർഷങ്ങളിലെ ജോലികൾ പൂർത്തീകരിക്കുന്നതിനുമായി 87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എസ്. യു.ഡി.പി പദ്ധതിയുടെ വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.9**–ലും കെ.എസ്.യു.ഡി. പിയിൽ ഉൾപ്പെട്ട പ്രധാന പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.10** –ലും കൊടുത്തിരിക്കുന്നു.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ബസ് പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു എതിർപ്പ് കാരണം മൂന്ന് പ്രോജക്ടുകൾ ഒഴിവാക്കേണ്ടിവരുകയും ഒരു പ്രോജക്ട് പൂർത്തീകരിക്കാനും കഴിഞ്ഞിട്ടില്ല. ബാക്കിയുള്ള പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016–17 വർഷം പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 12.48 കോടി രൂപ ചെലവഴിച്ചു. ഈ പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ കോഴിക്കോട്, കൽപ്പറ്റ, മലപ്പുറം, കോട്ടയം, തൊടുപുഴ, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ 110 എ.സി. ലോ ഫ്ലോർ ബസുകളും 279 നോൺ എ.സി. ലോ ഫ്ലോർ ബസുകളും വാങ്ങി. ശേഷിക്കുന്ന ബസുകൾ വാങ്ങുന്നത് വിവിധ ഘട്ടങ്ങളിലാണ്. 2016–17 വർഷം 99.96 കോടി രൂപ ചെലവായിട്ടുണ്ട്. 2017–18 വർഷം പദ്ധതി പൂർത്തീകരണത്തിനും മുൻകാല വർഷങ്ങളിലെ ജോലികൾ പൂർത്തീകരിക്കുന്നതിനുമായി 63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജെ.എൻ. എൻ.യു.ആർ.എം പദ്ധതിയുടെ വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.11** ലും ജെ.എൻ. എൻ.യു.ആർ.എം പദ്ധതിയിൽ അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.12**–ലും കൊടുത്തിരിക്കുന്നു.

ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ഉപപദ്ധതിയായ ചെറുകിട ഇടത്തരം പട്ടണങ്ങൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനം (യു.ഐ.ഡി.എസ്.എസ്. എം.ടി) പദ്ധതിയിൽ അഞ്ച് കുടിവെള്ള വിതരണ പ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു എതിർപ്പും ഭൂമിയുടെ അഭാവവും കാരണം ഒമ്പത് ഖരമാലിന്യ സംസ്കരണ പദ്ധതികൾ മുടങ്ങിപ്പോയി. നിലവിൽ അഞ്ച് കുടിവെള്ള വിതരണ പദ്ധതികളും രണ്ട് ഖരമാലിന്യ സംസ്കരണ പദ്ധതികളും സ്പിൽ ഓവർ പ്രോജക്ടുകളായി പുരോഗമിക്കുന്നു. 2016–17 വർഷം 56.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് 31 വരെയുള്ള സഞ്ചിത ചെലവ് 453.28 കോടി രൂപയാണ്.

2014 ഏപ്രിൽ 01 മുതലുള്ള മൂന്ന് വർഷക്കാലയളവായ യു.ഐ.ഡി.എസ്. എസ്.എം.ടി യുടെ രണ്ടാം ഘട്ടത്തിൽ ആറ് പ്രോജക്ടുകൾക്കായി 184.47 കോടി രൂപ അനുവദിച്ചതിൽ ഖരമാലിന്യ സംസ്കരണ പ്രോജക്ടിന്റെ തുകയായ 14.66 കോടി രൂപ ഇന്ത്യാ ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്.

യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയുടെ വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.13** –ലും യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിൽ അംഗീകരിച്ച പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.14** –ലും കൊടുത്തിരിക്കുന്നു.

നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളുന്ന നഗരങ്ങളുള്ള ചേരിരഹിത ഇന്ത്യ എന്ന ലക്ഷ്യത്തോടെ 2010 ജൂണിൽ ആരംഭിച്ച പദ്ധതിയാണ് രാജീവ് ആവാസ് യോജന (ആർ.എ.വൈ). കുടുംബശ്രീയെ സംസ്ഥാനതല നോഡൽ ഏജൻസിയാക്കി 2011 ലാണ് ഈ പദ്ധതി ആരംഭിച്ചത്. ആറ് കോർപ്പറേഷനുകളിലുള്ള 811 ചേരികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2015 ജൂണിൽ ഇന്ത്യാ ഗവൺമെന്റ് ആർ.എ.വൈ. പദ്ധതിയെ പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. ആർ.എ.വൈ. പദ്ധതിയിൽ 2017 ആഗസ്റ്റ് 31 വരെ 123 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ആർ.എ.വൈ. പദ്ധതിയിൽ നടപ്പിലാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച വിവരം **അനുബന്ധം 6.3.15** –ൽ കൊടുത്തിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്. എസ്.ഡി.പി) നഗര പ്രദേശങ്ങളിലെ ചേരികളുടെ പൂർണ്ണ വികസനമാണ് ലക്ഷ്യമിടുന്നത്. 45 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഐ.എച്ച്.എസ്. ഡി.പി പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീയാണ് നടത്തുന്നത്. കൂത്തുപറമ്പ്, തലശ്ശേരി, മലപ്പുറം എന്നീ മൂന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതി പൂർത്തിയായിട്ടുണ്ട്. മൊത്തം പദ്ധതി ചെലവ് 273.32 കോടി രൂപയും ചെലവഴിച്ചത് 169.37 കോടി രൂപ, അതായത് 62 ശതമാനവുമാണ്.

ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ഉപദൗത്യമായ നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾ (ബി.എസ്.യു.പി) പദ്ധതിയിലൂടെ നഗരത്തിലെ പാവപ്പെട്ടവർക്ക് താമസ സൗകര്യം, അടിസ്ഥാന സേവനങ്ങൾ, നഗരത്തിലെ പാവപ്പെട്ടവർക്കുപകരിക്കുന്ന മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകിക്കൊണ്ട് ചേരികളുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ബി.എസ്. യു.പി പദ്ധതിയിൽ സംസ്ഥാനത്ത് നിന്നും തിരുവനന്തപുരം, കൊച്ചി, കോർപ്പറേഷനുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. മൊത്തം പദ്ധതി അടങ്കൽ 343.67 കോടി രൂപയും പദ്ധതിക്കായി ചെലവായത് 226.13 കോടി രൂപയുമാണ് (66ശതമാനം). ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി പദ്ധതികൾ 2017 മുതൽ നിർത്തലാക്കിയിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൽ 31.08.2017 വരെ 8718 വീടുകൾ നിർമ്മാണം പൂർത്തിയാക്കുകയും 10,819 വീടുകൾ നവീകരിക്കുകയും ചെയ്തു. ബി.എസ്.യു.പി പദ്ധതിയിൽ 18004 വീടുകൾ നിർമ്മിക്കുകയും 809 വീടുകൾ നവീകരിക്കുകയും ചെയ്തു. ഐ.എച്ച്. എസ്.ഡി.പി, ബി.എസ്.യു.പി പദ്ധതികളുടെ ഭൗതിക നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 6.3.16** –ൽ കൊടുത്തിരിക്കുന്നു.

അദ്ധ്യായം 07

ഹരിത കേരളത്തിലേക്ക്

അധ്യായം 07

ഹരിത കേരളത്തിലേക്ക്

ഭൂതലത്തിന്റെ ചരിവ്, നീർചാൽ സാന്ദ്രത, നീരൊഴുക്ക്, ഇടക്കിടെയുള്ള മഴ, വറ്റാത്ത അരുവികൾ, നദികൾ എന്നിവ സംസ്ഥാനത്തെ വൃത്തിയുള്ള പരിസ്ഥിതി മേഖലയായി നിലനിർത്താൻ സഹായിക്കുന്നു. ശുചിത്വ മേഖലയിൽ സംസ്ഥാനം നടത്തിയിട്ടുള്ള ഫലപ്രദമായ ഇടപെടലുകളും നേട്ടങ്ങളും ഈ നേട്ടങ്ങളെ കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്. മനുഷ്യ വർഗ്ഗത്തിന്റെ അന്തസ്സ് നിലനിർത്തുന്നതിന് വേണ്ടിയുള്ള ജനകീയ മുന്നേറ്റങ്ങളുടെ ഫലമായി തോട്ടിവേല ഏന്ന മനുഷ്യത്വരഹിതമായ ശുചീകരണരീതി പൂർണ്ണമായും നിർത്തലാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. കൂടാതെ രാജ്യത്തെ മൂന്ന് വെളിയിട വിസർജ്ജന രഹിത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ശുചിത്വത്തിന്റെ പ്രാഥമിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും, വിവിധങ്ങളായ ദ്വിതീയ പ്രശ്നങ്ങൾ കേരളത്തിലെ ശുചിത്വ സ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുന്നു. പുറം തള്ളപ്പെടുന്ന ഖര-ദ്രവ മാലിന്യത്തിന്റെ ബാഹുല്യം, ഭൂഗർഭ ജലത്തിൽ കക്കൂസ് മാലിന്യം കലരുന്നത്, വ്യവസായങ്ങൾ പുറപ്പെടുവിക്കുന്ന മാനിന്യങ്ങൾ, റോഡുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിനും ഉപരിയായ വാഹന ഗതാഗതം, രാസവളത്തിന്റേയും കീടനാശിനികളുടെയും വിവേചനരഹിതമായ പ്രയോഗങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക ശുദ്ധിയെ ഗുരുതരമായി ബാധിക്കുന്നു.

മാലിന്യ ഉത്പാദനത്തിന്റെ അവസ്ഥ

ഒരു പ്രത്യേക സ്ഥലത്തും സമയത്തും ആവശ്യമില്ലാത്തതും ഉപയോഗശൂന്യവുമായ ഏതു വസ്തുക്കളേയും, പദാർത്ഥങ്ങളെയും, അല്ലെങ്കിൽ ഉപോൽപ്പന്നങ്ങളെയും മാലിന്യം എന്ന് നിർവചിക്കാവുന്നതാണ്. അപ്രകാരം പരിഗണിക്കുമ്പോൾ കാർഷികാവശിഷ്ടങ്ങൾ, ഭക്ഷ്യാവശിഷ്ടങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, നഗര മാലിന്യങ്ങൾ എന്നിവയാണ് മാലിന്യ ഉറവിടങ്ങളിൽ മുഖ്യമായും ഉൾപ്പെടുന്നത്.

കാർഷിക മാലിന്യങ്ങൾ

ഇന്ത്യയിലെ കാർഷിക മാലിന്യങ്ങൾ പ്രതിവർഷം ഏകദേശം 620 ദശലക്ഷം ടൺ ആണെന്നു കണക്കാക്കപ്പെടുന്നു, അതിൽ 43 ശതമാനവും മൃഗങ്ങളുടെ വിസർജ്ജ്യവും അറവു മാലിന്യവുമാണ് (സിംഗ്, പ്രഭ 2017). കേരളം പ്രതിവർഷം 99,198 ടൺ മൃഗങ്ങളുടെ മാംസവും 1,189,115 ടൺ പക്ഷി മാംസവും ഉത്പാദിപ്പിക്കുമ്പോൾ 15,680 യൂണിറ്റുകളിൽ നിന്നായി 38,100 ടൺ അറവു മാലിന്യങ്ങളും സൃഷ്ടിക്കപ്പെടുന്നു. (ഇക്കോസ്റ്റാറ്റ്–കേരള, 2014). 2,435 കോഴിക്കടകൾ, 148 കശാപ്പ് ശാലകൾ, 685 ഇറച്ചിക്കടകൾ, 168 കശാപ്പുശാലയോട് ചേർന്നുള്ള ഇറച്ചിക്കടകളും, കോഴിയും മാംസവും കൈകാര്യം ചെയ്യുന്ന

53 അറവുശാലകളും ഇതിൽ ഉൾപ്പെടുന്നു. ഈ യൂണിറ്റുകളിൽ 75.30 ശതമാനവും യാതൊരുവിധ അനുമതിപത്രവുമില്ലാതെ പ്രവർത്തിക്കുന്നവയാണ്. അതിൽ 809 യൂണിറ്റുകൾക്ക് മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യമില്ലാത്തവയുമാണ്. 490 യൂണിറ്റുകൾ തുറന്നകുഴികളിലും 4,104 യൂണിറ്റുകൾ അടഞ്ഞ കുഴികളിലും മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു. മറ്റു മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് 8,700 യൂണിറ്റുകൾ അവകാശപ്പെടുന്നുണ്ടെങ്കിലും ഇവയെ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളൊന്നുമില്ലാത്ത യൂണിറ്റുകളായി തന്നെ പരിഗണിക്കാവുന്നതാണ്. നിലവിൽ 666 യൂണിറ്റുകൾക്ക് മാത്രമാണ് മാലിന്യ നിർമ്മാർജ്ജന സംസ്കരണ ശാലകളുള്ളത്.

ആശുപത്രി മാലിന്യങ്ങൾ

ഇന്ത്യയിൽ ആരോഗ്യസംരക്ഷണ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ളത് (27 ശതമാനം) കേരളത്തിലാണ്. കേരളത്തിലെ ആശുപത്രികളിലെ മൊത്തം കിടക്കകളുടെ എണ്ണം 113,530 ആണ്. അതിൽ 43,273 എണ്ണം സർക്കാർ മേഖലയിലും 2,740 എണ്ണം സഹകരണ മേഖലയിലും 67,517 എണ്ണം സ്വകാര്യ മേഖലയിലുമാണ് (സി.പി.സി.ബി, 2011). ഓരോ കിടക്കയിലും ഓരോ ദിവസവും ഏകദേശം 1.5 കി.ഗ്രാം മുതൽ 2 കി.ഗ്രാം വരെ ഖരമാലിന്യങ്ങളും 450 ലിറ്റർ ദ്രവമാലിന്യങ്ങളും ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ഖരമാലിന്യത്തിൽ 85 ശതമാനം അപകടകരമല്ലാത്തവയും, 10 ശതമാനം രോഗവ്യാപന സാദ്ധ്യതയുള്ളതും 5 ശതമാനം വിഷാംശം ഉള്ളവയുമാണ്. അതനുസരിച്ച് സംസ്ഥാനത്തെ ആശുപത്രികളിൽ പ്രതിവർഷം ഏകദേശം 83,000 ടൺ മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഇതിൽ പ്രതിവർഷം ഏകദേശം 12,500 ടൺ രോഗവ്യാപന സാദ്ധ്യതയുള്ളതോ വിഷാംശമുള്ളതോ ആയ ബയോമെഡിക്കൽ മാലിന്യമാണ് (രവീണ, 2012). സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ആശുപത്രി മാലിന്യത്തിന്റെ ഏതാണ്ട് 90 ശതമാനവും കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്ഥാപിച്ച ഇമേജ് എന്ന സ്ഥാപനമാണ്.

അപകടകരമായ വ്യവസായ മാലിന്യങ്ങൾ

ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണം വ്യവസായ മേഖലയിൽ വൻതോതിലുള്ള ഖര ദ്രവ മാലിന്യങ്ങളുടെ ഉത്പാദനത്തിനു കാരണമായിട്ടുണ്ട്. മലിനീകരണ നിയന്ത്രണ നടപടികൾ പാലിക്കേണ്ടതാണെങ്കിലും, അത് ചെയ്യാതെ മാലിന്യങ്ങൾ സംസ്കരിക്കാതെ ഭൂമിയിൽ കൂന്നുകൂട്ടുകയോ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കിവിടുകയോ ചെയ്യുന്ന സ്ഥിതിയാണ് പൊതുവെ നിലവിലുള്ളത്. ഇത് പരിസ്ഥിതി മലിനീകരണത്തിനും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന 10 മുതൽ 15 ശതമാനം വരെയുള്ള വ്യാവസായിക മാലിന്യങ്ങളും (പ്രതിവർഷം 4.43 ദശലക്ഷം ടൺ) അപകടകാരികളാണ്. അതിന്റെ വാർഷിക വർദ്ധനവ് 2 മുതൽ 5 ശതമാനം വരെയാണ് (ഇ.എ.ഐ, 2010). 542 വ്യാവസായിക യൂണിറ്റുകളിൽ നിന്നും പ്രതിവർഷം 71,058 ടൺ അപകടകരമായ മാലിന്യം കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു. അപകടകരമായ മാലിന്യ ഉത്പാദനത്തിന്റെ 71 ശതമാനം ഭൗമോപരിതലത്തിൽ നിർമാർജനം ചെയ്യാവുന്നതും, 24 ശതമാനം പുനരുൽപ്പാദിപ്പിക്കാവുന്നതും 0.3 ശതമാനം സംസ്കരിക്കാവുന്നതുമാണ് (ഖന്നയും മറ്റുള്ളവരും, 2009, രത്നാകർ, ധർമ്മേന്ദ്ര, 2012). കേരളത്തിലെ അപകടകരമായ മാലിന്യ ഉത്പാദനത്തിന്റെ 64 ശതമാനം എറണാകുളം ജില്ലയിലും 26 ശതമാനം കൊല്ലം ജില്ലയിലും 4 ശതമാനം തിരുവനന്തപുരം ജില്ലയിലുമാണ്. എറണാകുളത്ത് ഒരു പൊതുസംസ്കരണ സംഭരണ നിർമ്മാർജ്ജന സൗകര്യം (ടി.എസ്.ഡി.എഫ്) സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 17 യൂണിറ്റുകൾക്ക് സ്വന്തമായി ടി.എസ്.ഡി.എഫ് ഉണ്ട്. സംസ്ഥാനത്ത് യഥാക്രമം പ്രതിവർഷം 250 ടണ്ണും 1,500 ടണ്ണും പ്രവർത്തന ശേഷിയുള്ള ഓരോ പൊതു സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. *(കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2010)*.

പ്രതിവർഷം 1.85 ദശലക്ഷം ടൺ ഇലക്ട്രോണിക് മാലിന്യം ഉത്പാദിപ്പിക്കുന്ന ഇന്ത്യയ്ക്ക് ലോകത്ത് കൂടുതൽ ഇലക്ട്രോണിക് മാലിന്യം ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ

അഞ്ചാമത്തെ സ്ഥാനമാണുള്ളത്. 2020 ഓടെ ഇന്ത്യയിലെ ഇലക്ട്രോണിക് മാലിന്യത്തിന്റെ ഉല്പാദനം പ്രതിവർഷം 5.2 ദശലക്ഷം ആകുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയുടെ ഇലക്ട്രോണിക് മാലിന്യത്തിന്റെ 95 ശതമാനവും വരുന്നത് അസംഘടിത മേഖലയിൽ നിന്നാണ്. ഇന്ത്യയിലെ മൊബൈൽ ഫോൺ ഉപയോക്താക്കളുടെ എണ്ണം 2016 -ൽ 1.1 ശതകോടിയാണ്. ഇത് അമേരിക്കയേക്കാളും നാലുമടങ്ങ് കൂടുതലാണ്. 57 ദശലക്ഷം കംപ്യൂട്ടറുകളുടെ ഉപയോഗവും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും ഉപഭോക്തൃ ഇലക്ട്രോണിക്സിന്റെയും ആധിക്യവും ഉണ്ട്. വർഷം തോറും ഏതാണ്ട് നാലു ശതമാനം ഇലക്ട്രോണിക് മാലിന്യം ഇന്ത്യയിലുണ്ടാകുന്നു എന്ന് കണക്കാക്കുന്നു. (അഗർവാൾ, ഘോഷ് 2016, ഘോഷ് 2017) അസോസിയേറ്റഡ് ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇൻഡ്യ-കെ.പി.എം.ജി (അസോചം-കെ. പി.എം.ജി) പഠനം സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മൊത്തം ഇ-മാലിന്യത്തിൽ 70 ശതമാനം കമ്പ്യൂട്ടറുകളും 12 ശതമാനം ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും സംഭാവന ചെയ്യുന്നുവെന്നാണ്. കേരളത്തിലെ ഇലക്ട്രോണിക് മാലിന്യത്തിന്റെ ഉത്പാദനത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. കേരളത്തിൽ 32.6 ശതമാനം കുടുംബങ്ങളും മൊബൈൽ ഫോണുകളും ലാന്റ് ഫോണുകളും ഉള്ളവരും 20.4 ശതമാനം കമ്പ്യൂട്ടർ ഉള്ളവരുമാണ്. ഇത് ദേശീയ ശരാശരിയായ യഥാക്രമം 11.7 ശതമാനം 18.7 ശതമാനം എന്നതിനെക്കാൾ കൂടുതലാണ്. ഇലക്ട്രോണിക് മാലിന്യമെന്നത് കേരളത്തിലെ ഒരു പ്രധാന ഖര മാലിന്യ ഉറവിടമായി മാറിയിരിക്കുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഇലക്ട്രോണിക് മാലിന്യത്തിൽ പലതും പുനരുത്പാദിപ്പിക്കാവുന്നവയാണ്. ഇത് എളുപ്പമാക്കാൻ, പ്രതിവർഷ 438,086 ടൺ ഇ-മാലിന്യം, അതായത് മൊത്തം ഉത്പാദനത്തിന്റെ 24 ശതമാനം, ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി 178 വിയോജിപ്പിക്കുന്ന/ പുനരുത്പാദിപ്പിക്കുന്ന അംഗീകൃത ഏജൻസികളെ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് അസംഘടിത മേഖലയിലെ ഇലക്ട്രോണിക് മാലിന്യത്തിന്റെ ഭൂരിഭാഗവും അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നു എന്നാണ്. കേരളത്തിൽ ഇലക്ട്രോണിക് മാലിന്യം കൈകാര്യം ചെയ്യുന്നതിനായുള്ള സംസ്കരണ ശാലയില്ല. ആയതിനാൽ മാലിന്യങ്ങൾ അധികവും അശാസ്ത്രീയമായ രീതിയിൽ മറവു ചെയ്യുന്നതിനോ, പുനരുപയോഗിക്കുന്നതിനോ, പുനചംക്രമണം ചെയ്യുന്നതിനോ ആയി അസംഘടിത വിപണിയിലേക്ക് പോകുന്ന സ്ഥിതിയാണുള്ളത് (പട്ടേൽ, ബാലചന്ദ്രൻ, 2016).

നഗരപ്രദേശങ്ങളിലെ ഖരമാലിന്യം

ഇന്ത്യയിൽ ഇപ്പോൾ, ഗാർഹിക സ്ഥാപന, വാണിജ്യ, മേഖലകളിലായി പ്രതിദിനം 130,000 ടൺ (പ്രതിവർഷം 47.5 ദശലക്ഷം ടൺ) നഗര ഖരമാലിന്യം ഉത്പാദിക്കപ്പെടുന്നുണ്ട് (സി. പി.സി.ബി, 2012). ദേശീയ വരുമാനത്തിൽ ഒരു ശതമാനം വർദ്ധനവ് ഉണ്ടാകുമ്പോൾ നഗര ഖരമാലിന്യം 0.7 ശതമാനം കണ്ട് വർദ്ധിക്കുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. 2001 മുതൽ ഒരു ദശകത്തിലേറെയായി രാജ്യത്തെ നഗര ഖരമാലിന്യത്തിന്റെ ഉത്പാദനത്തിൽ 294 മടങ്ങ് വർദ്ധനയുണ്ടായിട്ടുണ്ടെന്ന് 59 നഗരങ്ങളിൽ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു (ജോഷി, അഹമ്മദ്, 2016). നഗര ഖരമാലിന്യത്തിന്റെ 51 ശതമാനവും വളമാക്കി മാറ്റാവുന്നവയും 18 ശതമാനം പുനരുപയോഗിക്കാവുന്നവയും 31 ശതമാനം നിഷ്പ്രയോജനകരവുമാണെന്ന് ഈ പഠനം സൂചിപ്പിക്കുന്നു. പുനരുപയോഗിക്കുന്നവയിൽ 6 ശതമാനം കടലാസും 3 ശതമാനം തുണിത്തരങ്ങളും 1 ശതമാനം തുകലും 4 ശതമാനം പ്ലാസ്റ്റിക്കുകളും 2 ശതമാനം ലോഹങ്ങളും 2 ശതമാനം ഗ്ലാസ്സ് പദാർത്ഥങ്ങളുമാണ്. നഗര ഖരമാലിന്യത്തിൽ 47 ശതമാനം ഈർപ്പം അടങ്ങിയിരിക്കുന്നു. ഇതിന്റെ ശരാശരി കലോറി മൂല്യമെന്നത് കിലോഗ്രാമിന് 1,751 കലോറി മാത്രവുമാണ് (സി.പി.സി.സി, 2013). ലോക ബാങ്കിന്റെ തെക്കേ ഏഷ്യൻ ജല-ശുചിത്വ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഖരമാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള സമഗ്ര മേഖലാ അവസ്ഥാ പഠനം അനുസരിച്ച് ഖര മാലിന്യത്തിന്റെ പ്രതിശീർഷ ഉത്പാദനം വലിയ നഗരങ്ങളിൽ പ്രതിദിനം 400 ഗ്രാമും മുനിസിപ്പാലിറ്റികളിൽ 300 ഗ്രാമും ഗ്രാമ പ്രദേശങ്ങളിൽ 200 ഗ്രാമുമാണെന്ന് കണക്കാക്കിയിട്ടുണ്ട് (എസ്.ഇ.യു.

പട്ടിക 7.1
കേരളത്തിലെ ഖരമാലിന്യ ഉത്പാദനം

മേഖല	ജനസംഖ്യ (2011)	നഗര ഖരമാലിന്യത്തിന്റെ പ്രതിശീർഷ ഉത്പാദനം (ഓരോ ദിവസത്തെയും ഗ്രാം കണക്കിൽ)	മൊത്തം ഖരമാലിന്യ ഉത്പാദനം (പ്രതിദിനം ടൺ കണക്കിൽ)
കോർപ്പറേഷനുകൾ	3,011,629	470	1,415
മുനിസിപ്പാലിറ്റികൾ	12,923,297	350	4,523
ഗ്രാമ പഞ്ചായത്തുകൾ	17,471,135	235	4,106
ആകെ	33,406,061		10,044

അവലംബം: വർമ്മ, 2013, 2014

എഫ്, 2006). സംസ്ഥാനത്തെ വലിയ നഗരങ്ങളിൽ നടത്തിയിട്ടുള്ള വിശദമായ പഠനങ്ങൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ മാലിന്യ ഉത്പാദനം മേൽ സൂചിപ്പിച്ച കണക്കുകളെ അപേക്ഷിച്ച് ഏകദേശം 17.5 ശതമാനം കൂടുതലെന്നാണ് (വർമ്മ, 2014). അതിൻ പ്രകാരമുള്ള കേരളത്തിലെ ഖരമാലിന്യ ഉത്പാദനം **പട്ടിക 7.1** –ൽ കൊടുത്തിരിക്കുന്നു. കേരളത്തിൽ വർഷം തോറും 3.7 ദശലക്ഷം ടൺ നഗര ഖരമാലിന്യം ഉത്പാദിപ്പിക്കുന്നു.

കേരളത്തിൽ ഏകദേശം 50 ശതമാനം ഖരമാലിന്യങ്ങളും ഉത്പാദിക്കപ്പെടുന്നത് വീടുകളിലാണെന്നാണ് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. മാലിന്യത്തിന്റെ ഏതാണ്ട് 83 ശതമാനവും നിശ്ചിത സ്രോതസ്സുകളിൽ നിന്നുതന്നെ ഉത്പാദിക്കപ്പെട്ടതായി (**ചിത്രം 7.1**) സൂചിപ്പിക്കുന്നു. കംപോസ്റ്റ് ചെയ്യാവുന്ന, അഴുകുന്ന തരത്തിലുള്ള മാലിന്യമാണ് ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിലധികവും. നഗരങ്ങളുടെ വലുപ്പ വ്യത്യാസമനുസരിച്ച് ഇതിൽ ചെറിയ മാറ്റങ്ങളും കാണാം (**ചിത്രം 7. 2, 7.3**). മാലിന്യത്തിലെ ഈർപ്പം 55 മുതൽ 70 ശതമാനം വരെയും ശരാശരി കലോറി മൂല്യം ഒരു കിലോഗ്രാമിന് ഏകദേശം 1,700 കിലോ കലോറി എന്ന നിരക്കിലുമാണ്. അഴുകുന്ന മാലിന്യത്തിന്റെ മുഖ്യപങ്കും ഭക്ഷ്യവശിഷ്ടങ്ങളാണ്. ഏഷ്യൻ രാജ്യങ്ങളിൽ ഭക്ഷ്യവശിഷ്ടങ്ങളുടെ വർദ്ധന 2005–2025 കാലഘട്ടത്തിൽ ഏകദേശം 44 ശതമാനം വരെയാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതായത് 2005–ൽ 278 ദശലക്ഷം ടൺ ഉത്പാദനം ഉണ്ടായിരുന്നത് 2025

ചിത്രം 7.1
നഗരമാലിന്യ ഉൽപാദനത്തിന്റെ ഉറവിടങ്ങൾ



ചിത്രം 7.2
പ്രധാന നഗര കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന വിവിധ തരം നഗര ഖര മാലിന്യങ്ങൾ



ചിത്രം 7.3
ചെറിയ നഗര കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന വിവിധ തരം നഗര ഖര മാലിന്യങ്ങൾ



ആകുമ്പോൾ 416 ദശലക്ഷം ടൺ ആകുമെന്ന് പ്രവചിക്കപ്പെടുന്നു. ഇതിന്റെ ഫലമായി മീഥെയ്ൻ (CH_4) വാതകത്തിന്റെ ബഹിർഗമനം 34 ദശലക്ഷത്തിൽ നിന്ന് 48 ദശലക്ഷം ടൺ ആയി വർദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു *(കിരണും മറ്റുള്ളവരും, 2014)*.

കക്കൂസ് മാലിന്യവും അജീർണ്ണ അവശിഷ്ടങ്ങളും

കിണറും ശൗചാലയവും ഉൾപ്പെടുന്ന വീടുകളും, ചുറ്റിനും പുരയിടവും എന്ന രീതിയിലുള്ള ആവാസവ്യവസ്ഥയാണ് കേരളത്തിൽ പൊതുവെ

പട്ടിക 7.2
കേരളത്തിലെ വിവിധതരം ശുചിത്വ സൗകര്യങ്ങൾ

നം.	സൗകര്യങ്ങൾ	ഗ്രാമം	നഗരം	കേരളം	ഇന്ത്യ
1	കുടുംബങ്ങളുടെ എണ്ണം	4,095,674	3,620,696	7,716,370	167,826,730
2	പൈപ്പ് സംവിധാനമുള്ള സ്വിവറേജ് സംവിധാനം (%)	9.9	14.3	12.0	11.9
3	സെപ്റ്റിക് ടാങ്ക് (%)	44.6	56.7	50.3	22.2
4	കുഴി കക്കസുകൾ(%)	33.0	21.4	27.2	7.6
5	തുറന്ന കുഴികൾ (%)	1.0	0.4	0.7	1.8
6	തുറന്ന ഓടകൾ (%)	4.7	4.5	4.6	0.5
7	പൊതു കക്കൂസുകൾ (%)	1.2	0.9	1.0	3.2
8	വെളിയിട മലവിസർജ്ജനം (%)	5.6	1.7	3.8	49.8

അവലംബം: സെൻസസ്, 2011

കാണപ്പെടുന്നത്. വെള്ളമൊഴിച്ച് വൃത്തിയാക്കുന്ന ശൗചാലയങ്ങൾ പൊതുവെ സെപ്റ്റിക് ടാങ്കുമായോ ഒറ്റ അല്ലെങ്കിൽ ഇരട്ട കക്കൂസ് കുഴിയുമായോ ബന്ധപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ 78 ശതമാനം കുടുംബങ്ങളും കക്കൂസ് മാലിന്യം അവരുടെ പരിസരത്തുതന്നെയുള്ള സംഭരണികളിൽ കെട്ടി നിർത്തുന്ന ഉറവിട-ശുചിത്വ സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്. 2012 -ലെ നാഷണൽ സാമ്പിൾ സർവ്വെയുടെ 69-ാമത് റൗണ്ട് പഠനങ്ങൾ പ്രകാരം കേരളത്തിലെ ഗ്രാമങ്ങളിൽ 97 ശതമാനവും നഗരങ്ങളിൽ 99 ശതമാനവും കുടുംബങ്ങൾ മെച്ചപ്പെട്ട ശൗചാലയ സൗകര്യങ്ങൾ ഉള്ളവരാണ്. എന്നാൽ ദേശീയ ശരാശരി യഥാക്രമം 39 ശതമാനവും 90 ശതമാവും മാത്രമാണ്. കേരളത്തിലെ ശൗചാലയ സൗകര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ **പട്ടിക 7.2** -ൽ നൽകിയിരിക്കുന്നു (സെൻസസ് 2011). ഇപ്പോൾ കേരളം പൂർണ്ണമായും വെളിയിട മലവിസർജ്ജനം ഒഴിവാക്കിയതും എല്ലാ വീടുകളിലും ശൗചാലയങ്ങൾ ഉള്ള സംസ്ഥാനമാണ്. എന്നാൽ ഉറവിട ശുചിത്വ സംവിധാനം ആശ്രയിക്കുന്നത് മൂലം സെപ്റ്റിക് ടാങ്കുകളിലും കക്കൂസ് കുഴികളിലും ആയി ഉത്പാദിപ്പിക്കപ്പെടുന്ന കക്കൂസ് മാലിന്യം സംഭരിക്കപ്പെടുവെച്ചിരിക്കുന്നു എന്ന പ്രശ്നം നിലനിൽക്കുന്നു.

കേരളത്തിലെ കക്കൂസ് മാലിന്യ ഉല്പാദനത്തിന്റെ അവസ്ഥയും പരിപാലനവും 'വർമ്മ (2015-16)' യുടെ പഠനങ്ങളിൽ പരിശോധിക്കപ്പെട്ടിട്ടുണ്ട്. സെൻസസ് രേഖകൾ പ്രകാരം കേരളത്തിൽ 39.5 ലക്ഷം സെപ്റ്റിക് ടാങ്കുകളും 23 ലക്ഷം കുഴി കക്കൂസുകളും ഉണ്ട്. പക്ഷെ സെപ്റ്റിക് ടാങ്കുകൾ മിക്കവയും ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിച്ചവയല്ല. സെപ്റ്റിക് ടാങ്കുകളുടെ മാലിന്യ വാഹകശേഷി പ്രദേശത്തെ ഭൂപ്രകൃതി, ഭൂമിയുടെ ലഭ്യത, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി എന്നിവ അനുസരിച്ച് വലിയ തോതിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സാധാരണയായി സെപ്റ്റിക് ടാങ്കിന്റെ വലുപ്പം വ്യക്തിഗത വീടുകളിൽ ഒന്നു മുതൽ നാലുവരെ ഘനമീറ്ററും, മറ്റ് പൊതു ഇടങ്ങളിലും അപ്പാർട്ട്മെന്റുകളിലും 10 മുതൽ 100 വരെ ഘനമീറ്ററും ആയാണ് കണ്ടുവരുന്നത്. സാധാരണ ഗതിയിൽ സെപ്റ്റിക് ടാങ്കുകൾ കാലിയാക്കുന്ന പ്രവർത്തനങ്ങൾ അതിന്റെ വ്യാപ്തി, ഉപയോഗം, അവബോധം എന്നിവ അനുസരിച്ച് 2-10 വർഷത്തിലൊരിക്കലാണ് നടന്നുവരുന്നത്. മലിന ജല കുഴികൾ പൂർണ്ണമായി നിറഞ്ഞ് ഉപയോഗശൂന്യമാകുമ്പോൾ 10-20 വർഷം കൂടുമ്പോഴാണ് സാധാരണയായി കാലിയാക്കുന്നത്. മലിന ജല കുഴികളുടെ അളവ് 1-10 ഘനമീറ്റർ വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും തീരദേശങ്ങളിലും ഉള്ള മാലിന്യ കുഴികളുടെ ആഴം ഉയർന്ന ഭൂഗർഭജല വിതാനം മൂലം ചുരുക്കപ്പെട്ടിട്ടുണ്ട്. അത്തരം കുഴികളിൽ നിന്ന് കുറഞ്ഞ കാലയളവുകളിൽ തന്നെ മാലിന്യം നീക്കംചെയ്യേണ്ടതായിട്ടുണ്ട്. കേരളത്തിൽ

ചിത്രം 7.4
വിവിധ ജില്ലകളിലെ കക്കൂസ് മാലിന്യ ഉല്പാദനം (ഘന മീറ്റർ പ്രതിദിനം)



ഓരോ ദിവസവും 7,966 ഘനമീറ്റർ കക്കൂസ് മാലിന്യം സെപ്റ്റിക് ടാങ്കുകളിൽ നിന്നോ മലിന ജല കുഴികളിൽ നിന്നോ നിർമ്മാർജ്ജനം ചെയ്യേണ്ടതായുണ്ട് (വർമ്മ 2016). കേരളത്തിലെ 14 ജില്ലകളിൽ 6 ജില്ലകളിലെ നഗര പ്രദേശങ്ങളിലാണ് (തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) കക്കൂസ് മാലിന്യ നിർമ്മാർജ്ജനത്തിന്റെ 70 ശതമാനവും ആവശ്യമുള്ളത്. മറ്റു ജില്ലകളിൽ ഗ്രാമപ്രദേശങ്ങളിലാണ് നഗരങ്ങളെ അപേക്ഷിച്ച്, കൂടുതൽ മാലിന്യ ഉല്പാദനം നടക്കുന്നത്. ജില്ല തിരിച്ചുള്ള മാലിന്യ ഉല്പാദന രീതി ചുവടെ ചേർക്കുന്നു.

മലിനജല ഉല്പാദനം

സെപ്റ്റിക് ടാങ്കുകളിൽ ശേഖരിക്കപ്പെടുന്ന കക്കൂസ് മാലിന്യത്തിനും മറ്റ് മാലിന്യങ്ങൾക്കും പുറമെ അടുക്കളയിൽ നിന്നും കുളിമുറിയിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിനജലവും മലിനീകരണത്തിന് കാരണമാകുന്നുണ്ട്. മൂന്ന് ഗ്രാമപഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും നടത്തിയ വിവരശേഖരണം സൂചിപ്പിക്കുന്നത് പ്രതിദിനം നഗരപ്രദേശങ്ങളിൽ 129 ലിറ്ററും ഗ്രാമപ്രദേശങ്ങളിൽ 127 ലിറ്ററും മലിനജലം പ്രതിശീർഷം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് എന്നാണ്. ഇതിൽ 60 ശതമാനവും പുനരുപയോഗം ചെയ്യാവുന്നതാണ് (സി.ഡബ്ല്യൂ.ആർ.ഡി.എം., 2011). ഇതിൻ പ്രകാരം സംസ്ഥാനത്തെ മലിനജല ഉല്പാദനം പ്രതിദിനം 4.3 ദശലക്ഷം ഘനമീറ്ററാണ്. ഇതിൽ പുനരുപയോഗം ചെയ്യാൻ കഴിയുന്ന മലിനജലം പ്രതിദിനം 2.6 ദശലക്ഷം ഘനമീറ്ററാണ്. കേരളത്തിൽ നഗര/ ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ ഏകദേശം തുല്യമായതിനാൽ പ്രതിദിനം മലിനജല ഉല്പാദനം നഗരങ്ങളിലും ഗ്രാമങ്ങളിലും ഏതാണ്ട് തുല്യമാണ്. കക്കൂസ് മാലിന്യത്തിന്റെ ഉല്പാദനത്തിലെന്നപോലെ 6 ജില്ലകളിലെ നഗരജനസംഖ്യയാണ് ദിനംപ്രതിയുള്ള മലിനജല ഉല്പാദനത്തിന്റെ 66 ശതമാനവും സംഭാവന ചെയ്യുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലത്തിന്റെ 45 ശതമാനവും മാലിന്യ കുഴികളിലേക്കും, 25 ശതമാനം ഓവുചാലിലേക്കും, 30 ശതമാനം പൊതുഇടങ്ങളിലേക്കും ആണ് ഒഴുക്കിവിടുന്നത് (ഹരികുമാർ, 2015).

മലിനീകരണാവസ്ഥ

വിവിധതരം മാലിന്യങ്ങൾക്കു പുറമെ വിഷമയ പദാർത്ഥങ്ങളുടെ പുറന്തള്ളലുകൾ കേരളത്തിന്റെ പരിസ്ഥിതിക ശുചിത്വത്തെയും സൗന്ദര്യത്തെയും ബാധിക്കുകയും അതുവഴി പരിസ്ഥിതിയുടെ സ്വാഭാവിക സ്വാംശീകരണ

ശേഷിയെ കുറയ്ക്കുകയും ചെയ്യുന്നുണ്ട്. പരിസ്ഥിതിയുടെ സ്വാംശീകരണ ശേഷികൊണ്ട് അർത്ഥമാക്കുന്നത് പരിസ്ഥിതിയിലേക്ക് അതായത് ഒരു പ്രദേശത്തെ ജലം, മണ്ണ്, അന്തരീക്ഷം, ജൈവപരിസ്ഥിതിക്ക്, പ്രകൃതി വിഭവങ്ങളുടെ ഗുണമേന്മയെ ബാധിക്കാത്ത വിധത്തിൽ ഉൾക്കൊള്ളാൻ സാധിക്കുന്ന മലിനീകരണം എന്നതാണ്. ഇപ്രകാരം ജലത്തിന്റെ സ്വാംശീകരണ ശേഷി എന്നത് ആ ജലാശയത്തിന് ഹാനികരമല്ലാത്ത രീതിയിലും ജല ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമല്ലാത്ത രീതിയിലും ജലം ഉപയോഗിക്കുന്ന മനുഷ്യർക്ക് ദോഷകരമല്ലാത്ത രീതിയിലും മാലിന്യങ്ങളോ വിഷ പദാർത്ഥങ്ങളോ ആഗീരണം ചെയ്ത് സ്വയം ശുചീകരിക്കപ്പെടുന്നതിനുള്ള ജലത്തിന്റെ കഴിവാണ്. അതുപോലെതന്നെ വായുവിന്റെ കാര്യത്തിൽ വ്യവസ്ഥാപിതമായ ഗുണമേന്മയെ ബാധിക്കാത്ത രീതിയിൽ കലർത്തപ്പെടാൻ, വ്യാപിപ്പിക്കപ്പെടാൻ, ആഗീരണം ചെയ്യപ്പെടാൻ കഴിയുന്ന പരമാവധി മലിന വായുവിന്റെ അളവാണ്. മണ്ണിന്റെ കാര്യത്തിൽ അതിന്റെ ഉല്പാദനക്ഷമതയ്ക്കോ ഫലപുഷ്ടതയ്ക്കോ ദോഷം വരാത്ത രീതിയിൽ ഉൾക്കൊള്ളാൻ കഴിയുന്ന മലിനീകരണതോതാണ്.

മണ്ണ് മലിനീകരണം

വൈവിദ്ധ്യമാർന്ന പത്ത് തരം മണ്ണുകളാൽ സമ്പുഷ്ടമാണ് കേരളം. ത്വരിതഗതിയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം മണ്ണിന്റെ ഗുണനിലവാരം കുറയ്ക്കുന്നതിനും മണ്ണിലെ മലിനീകരണതോത് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ വളം ഉപയോഗം **ചിത്രം 7. 5** –ൽ നൽകിയിരിക്കുന്നു (ഐ.പി.എൻ.ഐ 2017). 2013–14 –ൽ കേരളത്തിലെ രാസവള ഉപഭോഗം 266,200 ടൺ ആയിരുന്നു (124,000 ടൺ N, 55,500 ടൺ P_2O_5 , 86,700 ടൺ K_2O). അമിതമായ രാസവള പ്രയോഗം മണ്ണിന്റെ നൈസർഗ്ഗികമായ ഉല്പാദന ക്ഷമത കുറയുന്നതിനും മണ്ണിലെ അധിക പൊട്ടാസ്യത്തിന്റെ അളവ് വിറ്റാമിൻ സിയുടെയും പഴങ്ങളിലെയും പച്ചക്കറികളിലെയും കരോട്ടീനിന്റെയും അളവ് കുറയുന്നതിനും കാരണമായിട്ടുണ്ട്. കേരളത്തിലെ കൃഷി ഇടങ്ങളിലെ ഓരോ ഹെക്ടറിലും 170 കി.ഗ്രാം രാസവളം പ്രയോഗിക്കുന്നുണ്ടെന്നും തൻമൂലം മണ്ണ് മലിനീകരണ സാധ്യത സംസ്ഥാനത്ത് വളരെ ഉയർന്നതാണെന്നതും ഒരു വസ്തുതയാണ്. 1940 മുതൽ പ്രാണികൾ, ഫംഗസ് ബാക്ടീരിയ, വൈറസ്, കളകൾ, വിള നശിപ്പിക്കുന്ന ജീവികൾ എന്നിവയ്ക്കെതിരെ യുള്ള കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗം വ്യാപകമായിരുന്നു. ഡി.ഡി. റ്റി, ഗാമെക്സിൻ തുടങ്ങിയ കീടനാശിനികൾ ആണ് ഇതിൽ ആധിപത്യം സ്ഥാപിച്ചിരുന്നത്. ഇതിനു തുടർച്ചയായി രൂപം നൽകപ്പെട്ട, ബി.എച്ച്.സി., ക്ലോറിനേറ്റഡ് ഹൈഡ്രോ

ചിത്രം 7.5
കേരളത്തിലെ വളം ഉപയോഗം (ആയിരം ടൺ)



കാർബൺസ്, ഓർഗനോ ഫോസ്ഫേറ്റ്, ആൽഡ്രിൻ, മാലത്തിയോൻ, ഡൈൽഡ്രിൻ, ഫ്യൂറഡാൻ, എൻഡോ സൽഫാൻ എന്നിവ പ്രചാരത്തിലായി. കേരളത്തിൽ ഏറ്റവും കുറഞ്ഞത് 46 ഇനം കീടനാശിനികൾ വ്യാപകമായി ഉപയോഗിച്ച് വരുന്നു (ഇന്ദിരാദേവി 2010). കൃഷി നശിപ്പിക്കുന്ന ജീവജാലങ്ങൾ ഈ മിശ്രിതങ്ങളെ പ്രതിരോധിക്കാൻ തുടങ്ങുമ്പോൾ ഒന്നെങ്കിൽ മിശ്രിതങ്ങൾ കൂടുതൽ ഉപയോഗിച്ചോ അല്ലെങ്കിൽ പുതിയ മിശ്രിതങ്ങൾ ഉപയോഗിച്ചോ അവയെ തടയേണ്ടതായി വരുന്നു. കീടനാശിനിയുടെ ഉപയോഗം 1991–92 –ൽ 724 ടി.പി.എ. ആയിരുന്നത് പടിപടിയായി ഉയർന്ന് പ്രതിവർഷം 1,381 ടൺ (1994–95), 272 ടൺ (2003–04), 695 ടൺ (2012–13), 2013–14 –ൽ 1,162 ടൺ ആയിട്ടുണ്ട്. ഇതിൽ 73 ശതമാനം കുമിൾ നാശിനികളും 16 ശതമാനം കീടനാശിനികളും, 11 ശതമാനം കളനാശിനികളും ഉൾപ്പെടുന്നു. പൊതുവെ പറഞ്ഞാൽ ഇവയുടെ ഉപയോഗം കൂടുതലാണ്. കീടനാശിനി 95 ശതമാനവും കളനാശിനി 96 ശതമാനവും, കുമിൾ നാശിനി 42 ശതമാനവും ആവശ്യത്തിലധികമായി ഉപയോഗിക്കുന്നു എന്നാണ് കാണുന്നത്. 2009–10 കാലഘട്ടത്തിൽ കേരളം 627 ടൺ കുമിൾനാശിനികളും കളനാശിനികളും കീടനാശിനികളും ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ജല മലിനീകരണം

ജലസുരക്ഷയുടെ കാര്യത്തിൽ കേരളം ഇരട്ട പ്രശ്നമാണ് അഭിമുഖീകരിക്കുന്നത്: ജല ലഭ്യത കുറയുകയും ജല മലിനീകരണം വർദ്ധിക്കുകയും ചെയ്യുന്നു. **പട്ടിക 7.3** –ൽ വിശദീകരിച്ചിരിക്കുന്ന പ്രകാരത്തിലുള്ള ഇടതിങ്ങിയ നദീ ശൃംഗലയാണ് കേരളത്തിലുള്ളത്. മലിനീകരണം, മണ്ണിടിച്ചിൽ, കൈയ്യേറ്റം തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ ഭൂരിഭാഗവും പാരിസ്ഥിതിക സമ്മർദ്ദം നേരിടുന്നവയാണ്. സംസ്ഥാനത്തെ ജലമലിനീകരണം പ്രധാനമായും വ്യാവസായിക മാലിന്യങ്ങൾ, ഗാർഹിക മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ, കാർഷിക മാലിന്യങ്ങൾ തുടങ്ങിയവ കാരണമാണെന്ന് സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

വ്യാവസായിക പ്രവർത്തനങ്ങളിൽ നിന്നുള്ള പാഴ്ജലം പലപ്പോഴും വിഷലിപ്തമായ ജൈവ അജൈവ വസ്തുക്കൾ കൊണ്ട് മലിനപ്പെട്ടിരിക്കുന്നു. അവയിൽ ചിലത് തുടർച്ചയായ മലിനീകരണകാരികളും, വർഷങ്ങളോളം പരിസ്ഥിതിയിൽ തങ്ങി നിൽക്കുന്നതുമാണ്. കേരളത്തിൽ മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്ന 52,348 വ്യവസായങ്ങളുണ്ട്.

പട്ടിക 7.3
കേരളത്തിലെ നദീശൃംഗല

ക്രമ നം	ജലാശയത്തിന്റെ തരം	എണ്ണം	വിസ്തീർണ്ണം (ഹെ.)
1	നദി	44	85,000
2	റിസർവോയർ	53	42,890
3	സ്വകാര്യകുളം	35,763	21,986
4	പഞ്ചായത്ത് കുളം	6,848	1,487
5	ക്ഷേത്രക്കുളം	2,689	480
6	പാറമടയിലെ കുളം	879	34
7	ഗ്രാമകുളങ്ങളും വെള്ളക്കെട്ടുകളും	185	496
8	ജലസേചന സംഭരണി	852	2,835
9	ശുദ്ധജല മത്സ്യകൃഷി (സ്വകാര്യം)	13	85
10	ശുദ്ധജല തടാകം	13	85
11	തടയണ	150	486
12	ബണ്ടുകൾ	70	879
13	**ആകെ**		**158,358**

അവലംബം: എസ്.പി.ബി, 2014

ഇതിൽ 96 ശതമാനം ചെറുകിട വ്യവസായ വിഭാഗത്തിൽപ്പെടുന്നു. സംസ്ഥാനത്ത് 851 വലിയ വ്യവസായങ്ങളും 951 ഇടത്തരം വ്യവസായങ്ങളും മാത്രമാണ് ഉള്ളത്. (കെ.എസ്.പി.സി.ബി, 2016) ഈ വ്യവസായങ്ങൾ 6.5 ദശലക്ഷം ഘനമീറ്റർ വ്യാവസായിക മാലിന്യങ്ങൾ, ദിവസേന കേരളത്തിലെ നദികളിലേക്കും അഴിമുഖങ്ങളിലേക്കും പുറന്തള്ളുന്നു. കൊച്ചിയിലെ പത്തു പ്രധാന വ്യവസായങ്ങൾ മാത്രം പ്രതിദിനം 57,000 ഘനമീറ്റർ എന്ന തോതിൽ മാലിന്യം ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ മാലിന്യ ഉദ്വമനങ്ങൾ വലിയതോതിൽ അമോണിയ (432–560 മി.ഗ്രാം/ലി), പെട്രോളിയം ഹൈഡ്രോ കാർബൺ (14.4 മില്ലിഗ്രാം/ലി), ഫ്ലൂറൈഡ് (1.5 മില്ലിഗ്രാം/ലി), നൈട്രേറ്റ് രൂപത്തിലുള്ള പോഷകഘടകങ്ങൾ (6.5 µmol/l), നൈട്രേറ്റ് (6.44 µmol/l), ഫോസ്ഫേറ്റ് (27.8 µmol/l), സിലിക്കേറ്റ് (534.9 µmol/l) തുടങ്ങിയവ വഹിക്കുന്നവയാണ്. വർഷങ്ങൾകൊണ്ട് വൻകിട–ഇടത്തരം വ്യവസായങ്ങളിൽ ഭൂരിഭാഗവും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചു. എന്നിരുന്നാലും, മുമ്പ് പുറന്തള്ളിയ മാലിന്യങ്ങളും നിബന്ധനകൾ പാലിക്കാതെ ചിലപ്പോൾ പുറം തള്ളുന്ന മാലിന്യങ്ങൾ മൂലവും ജലസ്രോതസ്സുകളിൽ സാന്ദ്രത കൂടിയ ലോഹങ്ങൾ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുണ്ട് (**പട്ടിക 7.4**). അവശിഷ്ടങ്ങളിലെ ഉയർന്ന ജൈവ കാർബൺ സാന്നിധ്യം അഴിമുഖങ്ങളുടെ മലിനീകരണത്തിനു കാരണമാകുന്നു. അഷ്ടമുടി തടാകത്തിന്റെ കിഴക്ക് ഭാഗത്തെ 10 ശതമാനം വരെ വർദ്ധിത തോതിലുള്ള കാർബൺ ശേഷിപ്പുകൾ പുനലൂർ പേപ്പർ മിൽ പ്രവർത്തിച്ചിരുന്നപ്പോൾ അടിഞ്ഞുകൂടിയിട്ടുള്ളതാകുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്.

69 ലക്ഷം സെപ്റ്റിക് ടാങ്കുകളിലും കക്കൂസ് മലിനജല കുഴികളിലുമായി പ്രതിദിനം 8,000 ഘനമീറ്റർ കക്കൂസ് മാലിന്യമാണ് സംഭരിക്കപ്പെടുന്നത്. ഈ മാലിനജലം ഭൂഗർഭ ജല വിതാനവുമായി സമ്പർക്കത്തിലാകുമ്പോൾ പത്തൊജനിക് ബാക്ടീരിയ, വൈറസുകൾ, പ്രോട്ടോസോവ, മറ്റനേകം സങ്കീർണ്ണമായ ബഹുകോശജീവികൾ എന്നിവയുമായി കൂട്ടിക്കലർന്ന് വലിയ മലിനീകരണത്തിനു കാരണമാകുന്നു (വർമ്മ, 2016). കേരളത്തിൽ ആഴം കുറഞ്ഞ തുറന്ന കിണറുകളിൽ 90 ശതമാനത്തിലും ബാക്ടീരിയ മലിനീകരണം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് (ഹരികുമാർ, 2016). മലിനീകരണത്തിൽ 56 ശതമാനവും അശാസ്ത്രീയ കക്കൂസ് നിർമാണം മൂലവും 11 ശതമാനം മൃഗസ്രോതസ്സുകൾ മൂലവും, 33 ശതമാനം ഇവ രണ്ടും മൂലവുമാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു (ഹരികുമാർ & കോക്കൽ, 2009). കക്കൂസ് കുഴിയിൽ നിന്ന് 7.5 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന 46 ശതമാനം കിണറുകളിലും കക്കൂസ് കുഴിയിൽ നിന്ന് 7.5 മീറ്ററിലധികം അകലം പാലിക്കുന്ന 12 ശതമാനം കിണറുകളിലും ഇ കൊളിയുടെ സാന്നിദ്ധ്യം കാണപ്പെടുന്നു. ഇപ്പോൾ സംസ്ഥാനത്തു ദിവസവും 500 ഘനമീറ്റർ സെപ്റ്റിക്ക്/ അജീർണ്ണ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. കൊച്ചിയിലെ ബ്രഹ്മപുരത്തുള്ള കക്കൂസ് മലിന്യ സംസ്കരണ ശാലയുടെ ശേഷി പ്രതിദിനം 100 കിലോലിറ്റർ മാത്രമായതിനാലും തിരുവനന്തപുരത്തുള്ള മലിന ജല സംസ്കരണ ശാലയിലേയ്ക്ക് കക്കൂസ്/ഫീക്കൽ മാലിന്യത്തിന്റെ ഒരു ഭാഗം മാത്രമേ എത്തിച്ചേരുന്നുള്ളൂ എന്നതിനാലും നീക്കം ചെയ്യുന്ന കക്കൂസ് അജീർണ്ണ

പട്ടിക 7.4
ജല സ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ സാന്ദ്രത കൂടിയ ലോഹങ്ങൾ (മില്ലിഗ്രാം /ലിറ്റർ)

ലോഹം	ആക്കുളം	ബേപ്പൂർ	അഷ്ടമുടി	വേമ്പനാട്	ശരാശരി
ക്രോമിയം	39–118	--	80–155	85–120	90
ഈയം	88–243	43–172	29–98	30–165	20
സ്ങ്ക്	71–109	79–187	57–208	35–780	95
ചെമ്പ്	20–39	3–9	20–42	27–49	45
കാഡ്മിയം	--	--	4–27	5–8.5	0.3
രസം	0.09–0.27	0.05–2.0	0.22–0.85	0.12–11.5	0.4

അവലംബം: വർമ്മയും മറ്റുള്ളവരും,. 2007

ബോക്സ് 7.1

ബ്രഹ്മപുരം കക്കൂസ് മാലിന്യ പരിപാലന മാതൃക

കക്കൂസ് മാലിന്യം മുതലായവ കൈകാര്യം ചെയ്യുന്നതിലുള്ള നിർണ്ണായക ആവശ്യം കണക്കിലെടുത്ത് കെ.എസ്.യു.ഡി.പി യുടെ സഹായത്തോടെ ബ്രഹ്മപുരത്ത് 4.20 കോടി രൂപ മുതൽ മുടക്കിൽ ഒരു മാതൃകാ കക്കൂസ് മാലിന്യ സംസ്കരണ ശാല സ്ഥാപിച്ച് കൊച്ചി നഗര സഭ ഇക്കാര്യത്തിൽ വഴികാട്ടിയായി. 2015-ൽ ഉത്ഘാടനം നിർവ്വഹിക്കപ്പെട്ട ഈ സംസ്കരണ ശാലയുടെ കാര്യക്ഷമത പ്രതിദിനം 100 കിലോലിറ്റര് ആണ്. തുലോം കുറഞ്ഞ സംസ്കരണശേഷിയുള്ള ഈ പ്ലാന്റ് അരലക്ഷം കുടുംബങ്ങൾ/സ്ഥാപനങ്ങൾക്ക് മാത്രമാണ് പര്യാപ്തമാവുന്നത്. ഇവിടെ ദിവസേന ഒരു ലോഡിന് 400 രൂപ നിരക്കിൽ 10 മുതൽ 20 ടൺ വരെ കക്കൂസ് മാലിന്യം സ്വീകരിച്ച് വരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം ഇവിടെ നിന്നുള്ള മലിനജലം പൊതു ഓടകളിലേക്ക് ഒഴുക്കുകയും നീക്കം ചെയ്യുന്ന ചെളി വളമാക്കുന്നതിനായി ശേഖരിക്കുകയും പരിശോധനയ്ക്ക് ശേഷം വളമായി ഉപയോഗിക്കുകയും ചെയ്തുവരുന്നു. കേരളത്തിലെ ആദ്യത്തെ കക്കൂസ് മാലിന്യ സംസ്കരണ ശാലയായ ഇത് സ്ഥാപിച്ചതും ഇതിന്റെ പ്രവർത്തനവും നടത്തിപ്പും നിർവ്വഹിച്ച് വരുന്നതും തിരുവല്ലയിലുള്ള ഐ.എം.ജി. ഏൻജിനീയറിംഗ് എന്ന സ്ഥാപനമാണ്.

മാലിന്യങ്ങളുടെ മുഖ്യഭാഗവും ആത്യന്തികമായി ജലസ്രോതസ്സുകളിലേക്ക് എത്തിച്ചേരുന്ന സ്ഥിതിയാണുള്ളത്. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളിൽ 2,100 ടൺ ഖര BOD മാലിന്യം എത്തിച്ചേരുന്നു എന്ന് കണക്കാക്കപ്പെടുന്നു. പ്രതിദിനം 4,100 ടൺ സംസ്കരിക്കാത്ത ഖര മാലിന്യങ്ങൾ എത്തിച്ചേരുന്നതിന്റെ ഫലമായി 2,200 ഘനമീറ്റർ മലിന ദ്രാവകം അഥവാ 11 ടൺ കെമിക്കൽ ഓക്സിജൻ ആവശ്യകതയും ഉണ്ടാകുന്നു (വർമ്മ, 2017). അധിക ഇരുമ്പ്, കുറഞ്ഞ പി.എച്ച്., അധിക ഫ്ളൂറൈഡ്, ഓരു ജലം എന്നിവയുമായി ബന്ധപ്പെട്ട് ജലത്തിന്റെ പ്രാദേശിക ഗുണനിലവാര പ്രശ്നങ്ങളുമുണ്ട്. കാർഷിക പ്രവർത്തനങ്ങളിൽ നിന്നുമുള്ള വളം, കീടനാശിനി അവശിഷ്ടങ്ങളും ഖര- ദ്രവ മാലിന്യങ്ങളിൽ നിന്നുള്ള പോഷകഘടകങ്ങൾ പുറന്തള്ളുന്നതുമായി ബന്ധപ്പെട്ട മലിനീകരണവുമുണ്ട്. തത്ഫലമായി, സംസ്ഥാനത്തെ ജലസംഭരണികളിൽ ഭൂരിഭാഗവും ജല സസ്യങ്ങളുടെ ശക്തമായ വളർച്ചയും, അതുമൂലമുള്ള പോഷക ഘടക സാന്നിദ്ധ്യവും കാണിക്കുന്നു.

വായു മലിനീകരണം

അനുകൂല കാലാവസ്ഥയും, ധാരാളം ഇലകളുള്ള വൃക്ഷങ്ങളുടെ ഉയർന്ന സാന്ദ്രതയും കേരളത്തിലെ അന്തരീക്ഷത്തിന്റെ മലിനീകരണ ആഗിരണ ശേഷി മെച്ചപ്പെടുത്തുന്ന ഘടകങ്ങളാണ്. സംസ്ഥാനത്തെ 30 സ്റ്റേഷനുകളിൽ നടത്തിയ വായുവിന്റെ ഗുണമേന്മ പരിശോധന സൂചിപ്പിക്കുന്നത് സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, ഓസോൺ എന്നിവയുടെ വാർഷിക ശരാശരി സാന്ദ്രതകൾ ഒരിക്കലും പരിമിതമായ അളവുകളേക്കാൾ കൂടുതലായി കാണാറില്ലെന്നാണ് (കെ. എസ്.പി.സി.ബി 2012). എന്നാൽ ശ്വസനവായുവിൽ അടങ്ങിയിരിക്കുന്ന സൂക്ഷ്മ ധൂളിയുടെ വാർഷിക ശരാശരി അളവ് സംസ്ഥാനത്തെ ഏഴ് സ്ഥലങ്ങളിൽ പരിധിയിൽ കവിയുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതായത് തിരുവനന്തപുരത്ത് ഒരു സ്ഥലത്തും, എറണാകുളത്തുള്ള 5 സ്ഥലങ്ങളിലും, തൃശ്ശൂരിൽ ഒരു സ്ഥലത്തുമാണ് വർദ്ധന കാണപ്പെടുന്നത്. ഗതാഗത തടസ്സങ്ങളും വാഹന ഗതാഗതത്തിന്റെ ഭാഗമായി ഹൈഡ്രോ കാർബണുകളുടെ ജ്വലനവുമാണ് ഇതിന്റെ പ്രധാന കാരണം. കേരളത്തിലെ ഏറ്റവും പ്രധാന വ്യവസായ മേഖലയായ കൊച്ചിയിൽ, വ്യവസായ മേഖലയെക്കാൾ 4 മടങ്ങ് കൂടുതൽ പുക വാഹനങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. 1960 ൽ കേരളത്തിൽ വാഹനങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു കേവലം 0.24 ലക്ഷം മാത്രം. എന്നാലത് 1990 -ൽ 5.81 ലക്ഷം, 2000 -ൽ 19.1 ലക്ഷം 2010 -ൽ 53.98 ലക്ഷവും 2016 ൽ 102 ലക്ഷമായും ഉയർന്നു. 2005-06 മുതൽ 2012-13 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ റോഡുകളുടെ ദൈർഘ്യം 66 ശതമാനം വർധിച്ചു. (160,944 കിലോമീറ്ററിൽ നിന്നും 243,373 കിലോമീറ്റർ ആയി), അതേ

കാലയളവിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണം 157.8 ശതമാനം വർധിച്ചു, അതായത് 2005 ൽ 3,122,082 ലക്ഷമായിരുന്നത് 2013 ൽ 8,048,673 ലക്ഷമായി. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഓരോദിവസവും 3,171 വാഹനങ്ങൾ പുതുതായി നിരത്തിലിറങ്ങുന്നുണ്ട്. വാഹനങ്ങളുടെ വർദ്ധനയുടെ ഫലമായി സംസ്ഥാനത്ത് പ്രതിദിനം 3,100 റീട്ടെയിൽ ഔട്ട് ലെറ്റുകളിലൂടെ 40 ലക്ഷം ലിറ്റർ പെട്രോളും 80 ലക്ഷം ലിറ്റർ ഡീസലും വിൽക്കപ്പെടുന്നു. ഫോർമാൽ ഡിഹൈഡ് (37 ശതമാനം), ഹൈഡ്രോകാർബണുകൾ (35 ശതമാനം), അസറ്റാൽഡിഹൈഡ് (64 ശതമാനം) തുടങ്ങി വിഷലിപ്തമായ വാതകങ്ങളുടെ ഉത്സർജനങ്ങൾക്ക് പ്രധാനമായും കാരണം ഇരുചക്രവാഹനങ്ങളാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഭൂരിഭാഗം കാർബൺ മോണോക്സൈഡ് (34 ശതമാനം), ബെൻസീൻ (48 ശതമാനം), അൽഡിഹൈഡ് (40 ശതമാനം) എന്നിവയുടെ ഉത്സർജ്ജനങ്ങൾക്ക് പ്രധാന കാരണം സ്വകാര്യ കാറുകളാണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. വലിയ വാണിജ്യ വാഹനങ്ങളാണ് 46 ശതമാനം ധൂളികൾ പുറത്തു വിടുന്നത് എന്നും കണ്ടെത്തിയിട്ടുണ്ട്. ഏറ്റവുമധികം കാർബൺ ഡയോക്സൈഡ് (30–34 ശതമാനം) പുറപ്പെടുവിക്കുന്നത് കാറുകളാണ് എന്നും പഠനം കാണിക്കുന്നു (ആനൺ 2016, കെ.എസ്.പി.സി.ബി., 2012). റോഡ് അവസ്ഥ മോശമായ സ്ഥലങ്ങൾ, നിർമാണ സ്ഥലങ്ങൾ, മണ്ണെടുക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉയർന്ന തോതിൽ പൊടി പടലങ്ങൾ ഉണ്ടാകുന്നതായും കാണാം.

മലിനീകരണത്തിന്റെ പാരിസ്ഥിതിക ആഘാതം

ആരോഗ്യ മേഖലയിലെ പ്രതിഫലനം

മനുഷ്യ വിസർജ്യം നിർമാർജ്ജനം സംബന്ധിച്ചുള്ള ആദ്യ തലമുറ പ്രശ്നങ്ങളെ സംസ്ഥാനത്തിനു ഫലപ്രദമായി നേരിടാൻ കഴിഞ്ഞെങ്കിലും, ഉറവിട നിർമാർജനവുമായി ബന്ധപ്പെട്ട ജലമലിനീകരണത്തിന്റെ ഗുരുതരമായ രണ്ടാം തലമുറ പ്രശ്നങ്ങൾ ഇന്ന് നേരിടേണ്ടിവന്നിരിക്കുന്നു. സംസ്ഥാനത്തെ താരതമ്യേന ഉയർന്ന ജീവിത നിലവാരം മൂലം ഗ്രാമങ്ങളിൽ പോലും ഖര, ദ്രവ മാലിന്യ ഉത്പാദനം ഉയർന്നതാണ്. കര, ജല, വായു മലിനീകരണത്തിന്റെ അളവും താരതമ്യേന ഉയർന്നിരിക്കുന്നതു പരിസ്ഥിതിയുടെ സ്വാംശീകരണ ശേഷി കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കേരളത്തിലെ ഉയർന്ന രോഗ സാധ്യതയോടൊപ്പം രോഗഭാരം വർദ്ധിക്കുകയുമാണ്. ശിശുമരണനിരക്ക്, ഫെർട്ടിലിറ്റി എന്നീ കാര്യങ്ങളിൽ കേരളം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുമ്പോൾ തന്നെ രോഗഭാരം വർദ്ധിച്ചുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നു. ഉയർന്ന സാക്ഷരതാ നിലവാരം, മെച്ചപ്പെട്ട ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണ സേവനങ്ങളുടെ ലഭ്യത എന്നിവ ഉള്ളപ്പോൾ തന്നെ പ്രത്യക്ഷമായോ പരോക്ഷമായോ സംസ്ഥാനത്തെ ശുചിത്വ പ്രശ്നങ്ങളും പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളും വർദ്ധിക്കുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി സംസ്ഥാനത്ത് വയറിളക്ക രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, ഹെപ്പറ്റൈറ്റിസ്, പൾമോണറി ട്യൂബർ കുലോസിസ്, മലേറിയ, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം മുതലായ പകർച്ചവ്യാധികളും മറ്റ് രോഗങ്ങളും ഉണ്ടാകുകയും അവയുടെ സാധ്യത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ശ്വസന–ജലജന്യരോഗങ്ങളുടെ കാരണം ശുചിത്വമാല്ലായ്മയും, പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങളും, സുരക്ഷിതമായ കുടിവെള്ളമില്ലായ്മ തുടങ്ങിയവയാണെന്നും മനസിലാക്കാം.

ആവാസ വ്യവസ്ഥയിലെ പ്രതിഫലനം

ചിട്ടയില്ലാത്ത റോഡ് നിർമ്മാണവും നദികളിലെ ജലസംഭരണ നിർമ്മിതികളും ജലനിർഗ്ഗമത്തെ തടസ്സപ്പെടുത്തുന്ന സ്ഥിതിയുണ്ട്. മിക്ക നീർച്ചാലുകളും മണ്ണടിഞ്ഞും മാലിന്യം നിറഞ്ഞും ഒഴുക്കു നിലച്ച് നശീകൃതാവസ്ഥയിലാണ്. ജൈവാവശിഷ്ടങ്ങൾ വളത്തിന്റെ ശേഷിപ്പുകൾ എന്നിവ വിവേചനരഹിതമായി ജലാശയങ്ങളിലേയ്ക്ക് തള്ളുന്നത് കളകളുടെ അനസ്യൂതമായ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ജലാശയങ്ങളിൽ അമിത പോഷണ പ്രശ്നങ്ങൾ വ്യാപകമാക്കുന്നതിനും ഇത് കാരണമാകുന്നു. ജലാശയങ്ങളിലെ വർദ്ധിതമായ ജീവവായു

ആവശ്യകതയും മണ്ണിടിച്ചിലും ജലാശയങ്ങൾ ചുരുങ്ങുന്നതിനും നശീകൃതമാകുന്നതിനും കാരണമാകുന്നു. 1990 നു ശേഷമുള്ളകാലം സേവനമേഖല ദ്രുതഗതിയിൽ വളർന്നതിന്റെ ഫലമായി (ദ്വിതീയ മേഖലയിലെ അനുബന്ധ ഘടകങ്ങളുടെ വളർച്ച, ഉദാഹരണത്തിന്, നിർമ്മാണ മേഖലയുടെ വളർച്ച) മാലിന്യങ്ങളുടെ വർദ്ധന കാരണമുള്ള ജല മലിനീകരണം, ജലനിർഗ്ഗമന ചാലുകളുടെ മാർഗ്ഗ തടസ്സങ്ങൾ മൂലമുള്ള വെള്ളക്കെട്ട് കൊതുക് ജന്യ സാംക്രമികരോഗങ്ങൾ ഇവ വർദ്ധിക്കുകയുണ്ടായി. ജലത്തിന്റെ ഗുണനിലവാരം, സാംക്രമികരോഗങ്ങളുടെ വർദ്ധന മുതലായ സൂചകങ്ങൾ വെച്ചു നോക്കുമ്പോൾ കേരളം ജീവിക്കാൻ അനുയോജ്യമല്ലാത്ത സ്ഥലമായി മാറിക്കൊണ്ടിരിക്കുന്നു എന്നും പറയേണ്ടിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, പ്രത്യേകിച്ച് തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ആവർത്തനവും തീവ്രതയും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നു. ശുചിത്വത്തിന്റെയും വൃത്തിയുള്ള പരിസരത്തിന്റെയും നിർണ്ണായക പ്രാധാന്യം മനസ്സിലാക്കി സംസ്ഥാനം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധങ്ങളായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ പ്രതിഫലനം

വിനോദസഞ്ചാരം, പ്രത്യേകിച്ച് കേരളത്തിൽ കെട്ടിപ്പടുത്തിയിട്ടുള്ളത് പരിസ്ഥിതിയുടെ ആന്തരികമൂല്യം അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടുതന്നെ പരിസ്ഥിതി വിഭവങ്ങളാണ് കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ മൂലധനം 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന വ്യാപാരമുദ്ര സംസ്ഥാനത്തിന്റെ അതിരുകളില്ലാത്ത പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ വിനോദസഞ്ചാരികൾക്കുള്ള പരോക്ഷമായ ക്ഷണമാണ്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക ആവാസവ്യവസ്ഥയിലെ ഏതു പ്രതികൂല മാറ്റവും സംസ്ഥാനത്തെ വിനോദസഞ്ചാരത്തിന്റെ വളർച്ചയെ മന്ദീഭവിപ്പിക്കും. വിവിധ സ്ഥലങ്ങളിൽ മാലിന്യം കുന്നുകൂടുന്നത്, ചപ്പുചവറുകൾ നിറഞ്ഞ റോഡുകളും പൊതുസ്ഥലങ്ങളും, മലിനമായ ജലാശയങ്ങൾ, കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ, അഴിമുഖങ്ങളിലേയും ജലാശയങ്ങളിലേയും അമിതപോഷണം തുടങ്ങിയവ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിസര ശുചിത്വത്തേയും മനോഹാരിതയേയും ദോഷകരമായി ബാധിക്കുന്നു. കേരളത്തിലെ വിനോദസഞ്ചാര നയത്തിന്റെ അടിസ്ഥാനം 'ഉത്തരവാദിത്ത വിനോദസഞ്ചാരം' (ആർ.ടി) ആണ്. സുസ്ഥിര വിഭവങ്ങളുടെ ഉപയോഗം, മാലിന്യ നിർമാർജനം, പ്രകൃതി വൈവിധ്യം സംരക്ഷിക്കൽ എന്നിവ ആർ.ടി നയത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. എന്നാൽ ആർ.ടി നയരീതികൾ പരീക്ഷണാടിസ്ഥാനത്തിൽ ചില സന്ദർഭങ്ങളിൽ നടപ്പിലാക്കി എന്നതിനപ്പുറത്തേയ്ക്ക് ഇനിയും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

സ്വീകരിച്ച നടപടികൾ

സ്ഥാപനപരമായ മാറ്റങ്ങൾ

1900 –ൽ തിരുവനന്തപുരത്ത് ബക്കറ്റ് രീതിയിലുള്ള കക്കൂസുകൾ ആദ്യമായി ഉപയോഗിച്ചു തുടങ്ങിയതു മുതൽ ആരംഭിച്ച കേരളത്തിന്റെ ശുചിത്വ ചരിത്രം അന്താരാഷ്ട്ര ഏജൻസികളുടെ പിന്തുണയോടെ തിരഞ്ഞെടുത്ത ചില സ്ഥലങ്ങളിൽ നന്നായി പുരോഗമിക്കുകയുണ്ടായി. 1996 –ൽ തുടങ്ങിയ 'ജനകീയാസൂത്രണം' പ്രവർത്തനങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് ശുചിത്വത്തിന്റെ ഉത്തരവാദിത്തം നല്കിയത് ശുചിത്വ മേഖലയിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് സഹായിച്ചു. ശുചിത്വ സമ്പ്രദായങ്ങൾ ജീവിതശൈലിയായി മാറ്റി മെച്ചപ്പെട്ട വൃത്തിയും പരിസര ശുചിത്വവും ആർജ്ജിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിന് കേരള സർക്കാർ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ (കെ.റ്റി.എസ്.എച്ച്.എം) ആരംഭിക്കുകയുണ്ടായി. ഈ മിഷന്റെ പ്രയത്നഫലമായി മറ്റ് സംസ്ഥാനങ്ങളെക്കാൾ മുമ്പേ ഏതാണ്ട് 97 ശതമാനം കുടുംബങ്ങളിലും കക്കൂസുകൾ വ്യാപിപ്പിച്ച് വെളിയിട വിസർജ്ജനരഹിത പദവിയ്ക്കടുത്ത സ്ഥാനം സംസ്ഥാനം നേടിയെടുത്തു. എന്നാൽ ഖരമാലിന്യത്തിന്റെ ആധിക്യം മൂലമുള്ള പ്രശ്നങ്ങൾ വർദ്ധിക്കുകയും അവ നേരിടുന്നതിന് പ്രാദേശിക സർക്കാരുകൾക്ക്, സാങ്കേതിക സഹായം, പരിശീലനം സിദ്ധിച്ച മനുഷ്യശേഷി, സാമ്പത്തിക ശേഷി എന്നിവ ഇല്ലാതിരിക്കുകയും ചെയ്തു സാഹചര്യം ശുചിത്വ പ്രശ്നങ്ങളെ രൂക്ഷമാക്കി. നഗര മാലിന്യങ്ങളിൽ

പ്ലാസ്റ്റിക്കിന്റെ അളവ് വർധിച്ചതിനാൽ ചന്തകളിൽ നിന്നും മറ്റുമുള്ള മാലിന്യങ്ങൾ കൃഷി സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് കൃഷിക്കാർ വിമുഖരായതോടെ സംസ്ഥാനത്തെ രണ്ട് പ്രധാന നഗരങ്ങളായ കോഴിക്കോട്ടെ ഞെളിയൻപറമ്പിലും തിരുവനന്തപുരത്തെ വിളപ്പിൽശാലയിലും 2000 –ൽ കേന്ദ്രീകൃത കമ്പോസ്റ്റിംഗ് പ്ലാൻറുകൾ സ്ഥാപിച്ചു. 2000 ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) നിയമങ്ങൾ അനുസരിച്ച് സാങ്കേതിക സഹായം, സഹായ ധനം എന്നിവ നൽകിക്കൊണ്ട് പ്രാദേശിക സർക്കാരുകളെ പിന്തുണയ്ക്കാൻ സർക്കാർ 2004 –ൽ ക്ലീൻ കേരള മിഷൻ (സി.കെ.എം) രൂപീകരിച്ചു. ചില തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത പ്ലാന്റുകളും, ചന്തകളിലും സ്ഥാപനങ്ങളിലും പ്രത്യേകിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും സ്ഥാപിക്കാൻ ഇത് സഹായിച്ചു. 2006 –ൽ മുനിസിപ്പൽ ഖരമാലിന്യ പരിപാലനത്തെക്കുറിച്ചുള്ള ഒരു വിശദമായ പഠനം ലോകബാങ്കിന്റെ സൗത്ത് ഏഷ്യ വിഭാഗത്തിന്റെ ജല–ശുചിത്വപരിപാടിയുടെ സഹായത്തോടെ നടത്തുകയുണ്ടായി. പഠനത്തിൽ നിന്നു ലഭ്യമായ വിശദ വിവരങ്ങളും സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവയുടെ അനുഭവങ്ങളും 2007 ൽ ഒരു മാലിന്യ മുക്ത കേരളം ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കി. അതോടെ, ശുചിത്വ ആരോഗ്യ മിഷനും, ക്ലീൻ കേരള മിഷനും കൂട്ടിച്ചേർത്ത് ഒരു സ്ഥാപന പരിഷ്കരണം നടത്തുകയും ശുചിത്വ മിഷൻ (എസ്.എം) എന്ന ഏകീകൃത മിഷൻ 2008 ൽ രൂപീകരിക്കുകയും ചെയ്തു. ശുചിത്വ മിഷൻ പ്രചരിപ്പിച്ച ഓവർഫ്ലോ വേസ്റ്റ് മാനേജ്മെൻറ് (ഒ.ഡബ്ല്യുഎം) തന്ത്രം മാലിന്യം തരംതിരിച്ചു ശേഖരിക്കുന്നതിനും ജൈവാവശിഷ്ടങ്ങൾ പരമാവധി ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾക്കു മുൻതൂക്കം ലഭ്യമാക്കി. ഈ തന്ത്രത്തിന് പൊതുവിൽ സ്വീകാര്യത ലഭിച്ചുവരവെ തന്നെ ചില നഗരങ്ങളിലെ കേന്ദ്രീകൃത മാലിന്യ നിർമാർജന സംവിധാനങ്ങളിലെ അപര്യാപ്തമായ സാമൂഹ്യ പാരിസ്ഥിതിക സുരക്ഷാ സംവിധാനങ്ങൾ ചൂണ്ടിക്കാട്ടി പ്രാദേശിക പ്രക്ഷോഭങ്ങൾ ഉയർന്നുവരികയുണ്ടായി. ഈ പശ്ചാത്തലത്തിൽ, 2012 –ൽ സർക്കാർ മാലിന്യത്തിൽനിന്ന് ഊർജ്ജോല്പാദനം സാധ്യമാക്കുന്ന കേന്ദ്രീകൃത മാലിന്യ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചെങ്കിലും അത് സാധ്യമായില്ല. തുടർന്ന്, മാലിന്യ നിർമാർജനത്തിന്റെ ഉത്തരവാദിത്വം

ബോക്സ് 7.2
വിളപ്പിൽശാല മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

നഗരത്തിൽ ഉൽപ്പാദിപ്പിക്കുന്ന നഗര ഖര മാലിന്യം സംസ്കരിക്കുന്നതിന് 2000 –ൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ വിളപ്പിൽശാലയിൽ ഒരു എയറോബിക് കമ്പോസ്റ്റിംഗ് പ്ലാന്റ് സ്ഥാപിച്ചു. ബി.ഒ.ടി സ്കീമിനു കീഴിൽ നിർമിച്ച പ്ലാന്റ് പ്രതിദിനം 300 ടൺ നഗര ഖര മാലിന്യം സംസ്കരിക്കാൻ കഴിവുള്ളതാണെന്നു അവകാശപ്പെട്ടിരുന്നു. നഗരസഭ ആവശ്യത്തിന് മാലിന്യം വിതരണം ചെയ്യാത്തതിന് ഓപ്പറേറ്റർ നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പ്ലാന്റിൽ നഗര ഖര മാലിന്യം മുഴുവനായും സംസ്കരിക്കുന്നതിനു പകരം ഓപ്പറേറ്റർ, കോമ്പൌണ്ടിനുള്ളിൽ ഗണ്യമായ ഒരു ഭാഗം കൂട്ടിയിടുകയായിരുന്നു ചെയ്തുവന്നത്. വലിയ അളവിലുള്ള മലിനജലം മൂലമുള്ള മലിനീകരണത്തെ നിയന്ത്രിക്കുക, തുറന്ന മാലിന്യക്കൂനകളുടെ പ്രതികൂല പ്രത്യാഘാതങ്ങൾ ലഘൂകരിക്കുക, പ്ലാസ്റ്റിക്കുകളും മറ്റ് അജീർണ മാലിന്യങ്ങളും കൈകാര്യം ചെയ്യുക, ഉപേക്ഷിക്കപ്പെട്ടവ സുരക്ഷിതമായി കുഴിച്ചുമൂടുക, എന്നീക്കാര്യങ്ങൾക്കുള്ള പരിസ്ഥിതി മാനേജ്മെന്റ് സംവിധാനങ്ങൾ ഒന്നും തന്നെ ഈ പ്ലാന്റിൽ ഉണ്ടായിരുന്നില്ല, പ്രതിദിനം 150 ടൺ ജൈവ മാലിന്യങ്ങൾ മാത്രം സംസ്കരിക്കാനുള്ള ശേഷി മാത്രമേ പ്ലാന്റിനുള്ളുവെന്നു ഒരു സാങ്കേതിക സമിതി കണ്ടെത്തി. വർദ്ധിച്ചുവരുന്ന മാലിന്യ ഭാരം, സമീപവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, മോശം പ്രവർത്തനവും പരിപാലനവും എന്നിവ തദ്ദേശവാസികളെ പ്ലാന്റിനെതിരെ സമരം ചെയ്യാൻ നിർബന്ധിതരാക്കി. കോർപ്പറേഷൻ പ്ലാന്റിന്റെ ചുമതല ഏറ്റെടുത്തെങ്കിലും, ഒരു പരിപൂർണ്ണ പരിസ്ഥിതി സുരക്ഷാ മാനദണ്ഡങ്ങള് ഏർപ്പെടുത്തി പ്ലാന്റിന്റെ പ്രവർത്തനം തിരികെ കൊണ്ടുവരാൻ കോർപ്പറേഷൻ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ വളരെ വൈകിയിരുന്നു. ആത്യന്തികമായി 2012 ൽ പ്ലാന്റ് അടച്ചുപൂട്ടി.

ബോക്സ് 7.3
ഓവർഫ്ലോ വേസ്റ്റ് മാനേജ്മെന്റ് ഓപ്ഷൻ

മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള ഓവർഫ്ലോ മാനേജ്മെന്റ് ഓപ്ഷൻ ലക്ഷ്യംവയ്ക്കുന്നത് ജൈവമാലിന്യത്തെ പരമാവധി മാലിന്യത്തെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും കുറയ്ക്കുന്നതിനും വേണ്ടി കഴിയുന്നത്ര ചെറിയ സംസ്കരണ യൂണിറ്റുകൾ സ്രോതസ്സിൽ തന്നെ ഏര്പ്പെടുത്തുക എന്നതാണ്. ഈ സ്രോതസ്സുകളിൽ സംസ്കരിക്കാനാകാതെ അധികമായി വരുന്ന ജൈവമാലിന്യങ്ങൾ വികേന്ദ്രകൃതമായി സ്ഥാപിക്കപ്പെടുന്ന പൊതു പ്ലാന്റുകളിൽ സംസ്കരിക്കുന്നതിനും അതിലുമധികമുണ്ടെങ്കിൽ ഒരു കേന്ദ്രീകൃത സംവിധാനത്തിലെത്തിച്ച് സംസ്കരിക്കുന്നതിനുമാണ് വിഭാവനം ചെയ്യുന്നത്. അതുവഴി കേന്ദ്രീകൃത വ്യവസ്ഥയുടെ ആവശ്യകതയും സമ്മർദ്ദവും ക്രമേണ കുറച്ചുകൊണ്ടുവരുന്നതിനും പരിപാലനം കൂടുതൽ സുഗമമാക്കുന്നതിനും സാധിക്കും. അതിനർത്ഥം മാലിന്യ സംസ്കരണം പരമാവധി കാര്യക്ഷമതയോടെ സ്രോതസ്സിൽതന്നെ നിയന്ത്രിക്കുന്ന പ്രാദേശിക ഭരണകൂടത്തിന് ഒരു കേന്ദ്രീകൃത സംവിധാനം ഇല്ലാതെ തന്നെ മുന്നോട്ടുപോകാം എന്നാണ്. എന്നിരുന്നാലും, അജൈവ മാലിന്യങ്ങളുടെ പുനർനിർമ്മിതിയും പുനരുപയോഗവും പുനചംക്രമണക്ഷമതയും മാലിന്യത്തിന്റെ അളവിനനുസൃതമായി വർദ്ധിക്കുന്നു എന്നതിനാൽ അജൈവ മാലിന്യങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയും സൂചിപ്പിക്കുന്നു.

ബോക്സ് 7.4
ആലപ്പുഴ നഗരസഭ

വേമ്പനാട്ട്കായലിന്റെതീരത്ത്രണ്ട്വലുതും 104ചെറുകനാലുകളുമുള്ള 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ആലപ്പുഴ നഗരം സഞ്ചാരികളുടെ പറുദീസയായാണ് കരുതപ്പെടുന്നത്. 2012 –ൽ സർവോദയപുരത്തെ കേന്ദ്രീകൃത മാലിന്യ സംസ്കരണ നിർമ്മാർജ്ജന സംവിധാനം അടച്ചുപൂട്ടിയതുമൂലം പ്രതിദിനം 60 ടൺ നഗര ഖര മാലിന്യം (എംഎസ്ഡബ്ല്യുഡി) ഉല്പാദിപ്പിക്കുന്ന ഈ നഗരത്തിൽ ഒരു ബദൽ സംവിധാനം ആവശ്യമായി വരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗത്തിന്റെ നേതൃത്വത്തിൽ വലിയ അടിസ്ഥാന സൗകര്യ സംവിധാനങ്ങളില്ലാതെ തന്നെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ഒരു വെല്ലുവിളിയായി ഏറ്റെടുക്കാനായി 'ക്ലീൻ ഹോം – ക്ലീൻ സിറ്റി' എന്ന പേരിൽ ഒരു പ്രചാരണ പരിപാടി ഇത്തരത്തിൽ ആരംഭിച്ചു. ശുചിത്വമിഷന്റെ സഹായത്തോടെ 3,000 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും 2,800 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും ആദ്യം സ്ഥാപിക്കുകയും അതിന്റെ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്തു. അതിനുശേഷം തുമ്പൂർമൂഴി മാതൃക എന്നറിയപ്പെടുന്ന 220 എയ്റോബിക് ബിന്നുകൾ 18 യൂണിറ്റുകളിലായി സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനത്തിനും സംരക്ഷണത്തിനും പിന്തുണനൽകുകയും ചെയ്തു. ഇതോടൊപ്പം പ്രതിദിനം 14 ടൺ അജൈവമാലിന്യങ്ങൾ എയ്റോബിക് ബിന്നുകൾക്കു സമീപം സ്ഥാപിച്ചിട്ടുള്ള 10 ചെറുതും, ഒരു കേന്ദ്രീകൃതവുമായ മെറ്റീരിയൽ റിക്കവറി സംവിധാനത്തിലേക്ക് (എംആർഎഫ്) സ്ഥിരമായി മാറ്റുന്നു. തുടർന്ന് കൂടുതൽ എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുകയും 50 ശതമാനം വീടുകളിലും ഉറവിട സംസ്കരണത്തിനുള്ള നടപടിയെടുക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയിലെ ശുചിത്വ ജീവനക്കാർ, കുടുംബശ്രീ സേവന ടീം, സ്കൂൾ ജലശുചിത്വ ക്ലബ്ബുകള് എന്നിവ ഈ സംവിധാനം നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. കമ്പോസ്റ്റ് ചെയ്യാനുള്ള തുമ്പൂർമൂഴി മാതൃക വിജയിച്ചതോടെ, ഇപ്പോൾ സംസ്ഥാനത്ത് മറ്റിടങ്ങളിലും ഈ രീതി നടപ്പിലാക്കുന്നുണ്ട്. ഐക്യ രാഷ്ട്ര സഭയുടെ പരിസ്ഥിതി പരിപാടി ലോകത്തെ അഞ്ച് മാതൃകാ നഗരങ്ങളിൽ ഒന്നായി ആലപ്പുഴയെ പ്രഖ്യാപിച്ചത് അത്യപൂർവമായ ഒരു നേട്ടമായി കണക്കാക്കപ്പെടുന്നു.

മാലിന്യം ഉത്പാദിപ്പിക്കുന്നവർക്കു നൽകി സർക്കാർ മാലിന്യ നിർമാർജന തന്ത്രം പരിഷ്കരിക്കുകയുണ്ടായി. ഇതിന് അനുസരിച്ച്, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തനങ്ങൾക്കും ശുചിത്വ മിഷൻ സഹായം നൽകി വരുന്നുണ്ട്. ഈ സാഹചര്യം പ്രയോജനപ്പെടുത്തി ആലപ്പുഴ മുനിസിപ്പാലിറ്റി ശ്രദ്ധേയമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ സുസ്ഥിര ഖരമാലിന്യ പരിപാലന സമ്പ്രദായത്തിലൂടെ മലിനീകരണ നിയന്ത്രണത്തിനായി പ്രവർത്തിക്കുന്ന ലോകത്തിലെ അഞ്ച് നഗരങ്ങളിൽ ഒന്നെന്ന ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ആലപ്പുഴ നഗരസഭയ്ക്ക് ലഭിച്ചു.

സംസ്ഥാനത്തിന്റെ ശുചിത്വ, മാലിന്യ നിർമാർജന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് ശുചിത്വ മിഷൻ. ഖര-ദ്രവ മാലിന്യ പരിപാലന ശേഷി മെച്ചപ്പെടുത്തുന്നതിന് വിവിധ പരിപാടികൾ രൂപകല്പന ചെയ്യുക, ശുചിത്വത്തിൽ മെച്ചപ്പെട്ട ശീലവൽക്കരണത്തിനായി ബോധവൽക്കരണം നടത്തുക, ശുചിത്വ മാലിന്യ നർമ്മാർജ്ജന കാര്യങ്ങളിൽ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ പ്രശ്നങ്ങളെ നേരിടാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കും, സാമൂഹ്യ ശുചിത്വം, പരിസര വൃത്തി എന്നിവ ഉറപ്പാക്കുന്നതിനായി തദ്ദേശീയമായ ശുചീകരണ പരിപാടികൾ സംഘടിപ്പിക്കാൻ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ശുചിത്വ മിഷൻ ചെയ്തുവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് അഭിയാൻ നഗര, ഗ്രാമീണ മേഖലകളിൽ നടപ്പാക്കാനുള്ള നോഡൽ ഏജൻസിയുമാണ് ശുചിത്വ മിഷൻ. ശുചിത്വ കാര്യങ്ങൾക്ക് കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ബിൽഡിംഗ് യൂണിറ്റ് (സി.സി.ഡി.യു) പ്രവർത്തിപ്പിക്കുന്നതിനും ഭാരത സർക്കാർ മിഷനെ സഹായിക്കുന്നുണ്ട്.

ശുചിത്വ കേരളം പദ്ധതി

നഗര ഖരമാലിന്യ (എം.എസ്.ഡബ്ല്യു.) പരിപാലനമാണ് ഈ പദ്ധതിയിലെ പ്രധാന പ്രവർത്തനം. സമഗ്ര, ആവശ്യാധിഷ്ഠിത മാലിന്യ നിർമ്മാർജന ഉപാധികൾക്കുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, നിലവിലുള്ള സംവിധാനങ്ങൾ പരഷ്ക്കരിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുക എന്നിവയാണ് പ്രധാന ദൗത്യം. വിശദമായ പദ്ധതി റിപ്പോർട്ടുകളുടെ സൂക്ഷ്മ പരിശോധനയും മെച്ചപ്പെടുത്തലും സാങ്കേതിക അംഗീകാരവും 100 ശതമാനം വരെ സാമ്പത്തിക പിന്തുണയും ശുചിത്വ മിഷൻ ലഭ്യമാക്കുന്നു. വീടുകളിലും, സ്ഥാപനങ്ങളിലും, സാമൂഹ്യതലത്തിലും ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി സംസ്കരണ പ്ലാന്റുകളുടെ നിർമാണം / മെച്ചപ്പെടുത്തലും അജൈവ മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയ്ക്കായി ഭൗതിക ശേഖരണത്തിനും വീണ്ടെടുക്കാനുമുള്ള (ഏം.ആർ.എഫ്) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ഉൾപ്പടെയുള്ള സംവിധാനം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മാലിന്യനിർമ്മാർജന യാർഡുകളും അവയ്ക്ക് ഹരിത വലയം തീർക്കുന്നതിനും മിഷൻ സഹായം നല്കുന്നു.

വീടുകൾ, ഫ്ളാറ്റുകൾ, ജനവാസമുള്ള കോളനികൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, വിപണികൾ, വിദ്യാലയങ്ങൾ എന്നിവടങ്ങളിൽ ഖര മാലിന്യത്തിന്റെ ജൈവ ഘടകങ്ങളെ ഉറവിടങ്ങളിൽ തന്നെ വേർതിരിച്ചെടുക്കാനും സംസ്കരിക്കാനുമുള്ള പ്രവർത്തനങ്ങളെ മിഷൻ പ്രോത്സാഹിപ്പിക്കുന്നു. ബയോഗ്യാസ് പ്ലാൻറുകൾക്കു 75 ശതമാനം സബ്സിഡി നൽകിക്കൊണ്ട് ഈ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു (ശുചിത്വ മിഷൻ സബ്സിഡിയുടെ 50 ശതമാനം പരമാവധി 5,000 രൂപയും, പ്രാദേശിക സർക്കാരുകൾ 25 ശതമാനവും)റിങ് കമ്പോസ്റ്റിംഗ്, ബക്കറ്റ് ബിൻ കമ്പോസ്റ്റിംഗ്, പോട്ട് കമ്പോസ്റ്റിംഗ് മുതലായ ഉറവിട കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ കാര്യത്തിൽ 90 ശതമാനം സബ്സിഡിയും (75 ശതമാനം ശുചിത്വ മിഷനും 15 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും). ഹോട്ടലുകൾ, ചിക്കൻ സ്റ്റാളുകൾ, ആശുപത്രികൾ, സ്കൂളുകൾ, ഓഫീസുകൾ, എന്നിവിടങ്ങളിൽ ഉറവിട മാലിന്യ സൗകര്യങ്ങളൊരുക്കാൻ 50 ശതമാനം സബ്സിഡി പരമാവധി ഒരു ലക്ഷം രൂപ വരെ നൽകിവരുന്നു.

സംസ്ഥാനത്തെ മാംസത്തിന്റെയും/ മുട്ടയുടെയും ആവശ്യകത കൂടുതലും അയൽ

സംസ്ഥാനങ്ങളിൽ നിന്നുള്ള മൃഗങ്ങൾ/ കോഴികളും കൊണ്ടാണ് നിറവേറ്റിവരുന്നത്. ഇവയിൽ ഭൂരിഭാഗവും രജിസ്റ്റർ ചെയ്യാത്തതും അനുമതിപത്രമില്ലാത്തതുമായ അറവുശാലകളിലാണ് കശാപ്പ് ചെയ്യപ്പെടുന്നത്. സംസ്ഥാനത്ത് 26.5 ദശലക്ഷം ആടുകളെയും 3 ദശലക്ഷം കന്നുകാലികളെയും കശാപ്പു ചെയ്യുന്നതിലൂടെ കേരളത്തിൽ 4 ലക്ഷം ടൺ മട്ടനും 6 ലക്ഷം ടൺ ഗോമാംസവും പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച കമ്മറ്റി കണക്കാക്കിയിരിക്കുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം അറവുശാലകളും ആധുനിക അറവുശാലകൾക്കുവേണ്ട മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വൃത്തിയും വേണ്ടത്ര സൗകര്യങ്ങളില്ലാത്തവയുമാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു. സംസ്ഥാനത്തെ ജനസംഖ്യയും, മാംസത്തിന്റെ ആവശ്യകത എന്നിവ പരിഗണിക്കുമ്പോൾ കുറഞ്ഞത് 7 വലിയ അറവുശാലകളും, 22 ഇടത്തരംഅറവുശാലകളും 225 ചെറിയ അറവുശാലകളും ആവശ്യമുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ശുചിത്വ മിഷൻ നഗരകാര്യ ഡയറക്ടറേറ്റുമായി ചേർന്ന് ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക–ധനസഹായം നൽകുന്നതിന് വ്യവസ്ഥയുണ്ട്. അതിനുള്ള ഫണ്ട് ലഭ്യമാക്കുന്നത് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി) ആണ്.

ശുചിത്വ മിഷനും നഗരകാര്യ ഡയറക്ടറേറ്റുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനം, പ്രത്യേകിച്ച് എൽ.പി. ജി. അടിസ്ഥാനമാക്കിയുള്ള ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകിവരുന്നുണ്ട്.

കേരളം പ്രതിദിനം 8,000 ഘനമീറ്റർ കക്കൂസ് മാലിന്യം ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ നിലവിൽ കൊച്ചി ബ്രഹ്മപുരത്ത് പ്രതിദിനം 100 കിലോലിറ്റർ ശേഷിയുള്ള ഒരേ ഒരു സംവിധാനം മാത്രമേ ഉള്ളൂ. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന യന്ത്രവൽക്കൃത ടങ്കുകൾ വഴി നീക്കം ചെയ്യുന്ന കക്കൂസ് മാലിന്യം തിരുവനന്തപുരത്തുള്ള സിവേജ് ട്രീറ്റ്മെൻറ് പ്ളാന്റിലും സ്വീകരിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ദൗത്യം ശുചിത്വ മിഷൻ ഏറ്റെടുത്തിട്ടുണ്ട് എങ്കിലും പുരോഗതി അപര്യാപ്തമാണ്. ഇതു കൂടാതെ, ആശുപത്രികൾ, വീടുകൾ, ജനവാസ കോളനികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ പുറത്തു വിടുന്ന ദ്രാവക മാലിന്യങ്ങൾ പ്രധാനമായും ജലാശയങ്ങൾക്ക് വളരെ ഗുരുതരമായ ഭീഷണി ഉയർത്തുന്നുണ്ട്.

സ്ഥാപനതല ദ്രവ മാലിന്യ പരിപാലന സംവിധാനത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് മിഷൻ സാങ്കേതിക വിദ്യയും ധനസഹായവും നൽകുന്നു.

മഴക്കാലങ്ങളിൽ കൊതുകും, മറ്റു ജീവികളും വ്യാപിക്കുന്നത് മൂലമുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനായി ശുചിത്വ മിഷൻ മഴക്കാലപൂർവ്വ ശുചീകരണം സംഘടിപ്പിക്കുകയും ഡ്രൈഡേ ആചരിക്കുകയും ചെയ്ത് വരുന്നു. മെച്ചപ്പെട്ട ശുചിത്വ പെരുമാറ്റത്തിനുള്ള പ്രചാരണ പരിപാടികൾ, ഹരിത പെട്ടുമാറ്റ ചട്ടം പ്രചരിപ്പിക്കുക, ഉറവിടങ്ങളിലെ മാലിന്യ നിർമ്മാർജനം, ഉപയോഗിച്ചുപേക്ഷിക്കുന്ന പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ളവയുടെ ഉപയോഗം കുറയ്ക്കുക, പ്രകൃതി സൗഹൃദ ഉത്പന്ന ഉൽപ്പാദനം വർദ്ധിപ്പിക്കുക, (തുണികൾ, പേപ്പർ ബാഗുകൾ, പേപ്പർ, പേന മുതലായവ) എന്നിവയാണ്.

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള ഭൂരിഭാഗം അജൈവ മാലിന്യങ്ങൾക്കും നല്ല പുനരുത്പാദന മൂല്യമുള്ളതിനാലും പുനരുത്പാദനം പരിസ്ഥിതി സൗഹൃദമായ പ്രവർത്തനങ്ങളിൽ ഒന്നായതിനാലും, ഇത് പ്രചരിപ്പിക്കാൻ മിഷൻ വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അതിനായി തദ്ദേശ ഗവൺമെൻറുകളിൽ നിന്നുള്ള അജൈവമാലിന്യം ശേഖരിക്കാനും, തരം തിരിക്കാനും പുനരുപയോഗിക്കാനും പുനചംക്രമണം ചെയ്യാനും ഉപകരിക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റീസ് (എം.ആർ.എഫ്.) സ്ഥാപിക്കുന്നതിനായി സാങ്കേതികവും സാമ്പത്തികവുമായ സഹായം മിഷൻ ലഭ്യമാക്കുന്നു.

മെച്ചപ്പെട്ട ശുചിത്വ, മാലിന്യ നിർമാർജന സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് മിഷൻ അവരുടെ സാങ്കേതിക പിന്തുണാ ശാഖയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലേക്ക് സേവനം വ്യാപിപ്പിക്കുന്നതിനു പരിചയസമ്പന്നരായ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തുകയും

വിവിധ മാലിന്യ നിർമാർജ്ജന ഇൻസ്റ്റലേഷനുകൾ സ്ഥാപിക്കാൻ ശേഷിയുള്ള സേവന ദാതാക്കളെ പട്ടികപ്പെടുത്തുകയും ചെയ്തു. ഈ മേഖലയിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ മിഷൻ പുതിയ സാങ്കേതിക വിദ്യകളും ഏജൻസികളും കണ്ടെത്താൻ പരിശ്രമിക്കുകയും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും കൂടുതൽ ആധുനിക സാങ്കേതിക സാദ്ധ്യതകൾ നൽകുന്നതിനായി അവരെ വേനദാതാക്കളായി പട്ടികപ്പെടുത്തുകയും ചെയ്തു. പദ്ധതിയുടെ പങ്കാളികൾക്ക് മിഷൻ തുടർച്ചയായ ശേഷി വികസന പ്രവർത്തനങ്ങൾ നൽകുകയും പ്രാദേശിക സർക്കാരുകളെ പിന്തുണയ്ക്കാൻ ഓരോ ജില്ലയിലും വിദഗ്ദ്ധരുടെ ഓരോ സംഘങ്ങളെ രൂപീകരിക്കുകയും ചെയ്തു.

സ്വച്ഛ് ഭാരത് അഭിയാൻ

വ്യക്തിഗതവും കമ്മ്യൂണിറ്റി അധിഷ്ഠിതവുമായ കക്കൂസുകൾ നിർമ്മിക്കുന്നതിലൂടെ വെളിയിട വിസർജ്ജനം ഒഴിവാക്കുകയും അതിലൂടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയുള്ള ഒരു പ്രചാരണമാണിത്. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും റോഡുകൾ, തെരുവുകൾ എന്നിവ വൃത്തിയാക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ തുടർച്ചയായ മിഷൻ, പ്രചാരണ സഹായം ശക്തിപ്പെടുത്തുകയും, നിരീക്ഷണ സംവിധാനം കർശനമാക്കുകയും നൂതനമായ രീതികൾ അവലംബിക്കുകയും ചെയ്തു. മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികമായ 2019 ഒക്ടോബർ 2-ാം തീയതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്ത്യയെ വെളിയിട വിസർജ്ജന വിമുക്തമാക്കുന്നതിനായി 2014 ഒക്ടോബർ 2-ാം തീയതി ആരംഭിച്ച പദ്ധതിയാണ് സ്വച്ഛ് ഭാരത് അഭിയാൻ. സ്വച്ഛ് ഭാരത് അഭിയാൻ (ഗ്രാമം), സ്വച്ഛ് ഭാരത് അഭിയാൻ (നഗരം) എന്നീ രണ്ട് ഉപദൗത്യത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് അഭിയാൻ (ഗ്രാമം)പദ്ധതിയിൽ ഓരോ വീടിനും കക്കൂസുകൾ, ഗ്രാമീണ ശുചിത്വ മാർട്ടുകൾ (ആർ എസ് എം), ഖര-ദ്രവ മാലിന്യ പരിപാലനം, മെച്ചപ്പെട്ട ശുചിത്വത്തിനും, പരിസ്ഥിതി മികവുറ്റതാക്കാനുമുള്ള വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. സ്വച്ഛ് ഭാരത് അഭിയാൻ (നഗരം) പദ്ധതിയിൽ വീട്, പൊതു കക്കൂസുകൾ, ഖര-ദ്രവ മാലിന്യ പരിപാലനം, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതു കൂടാതെ നഗരത്തിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്ന പ്രക്രിയ, വെളിയിട വിസർജ്ജന വിമുക്ത/ കക്കൂസുകളുടെ നിലവിലെ അവസ്ഥ, കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതു/കമ്മ്യൂണിറ്റി കക്കൂസുകളുടെ ലഭ്യത, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങളുടെ നിലവാരം നിർണ്ണയിക്കുന്നതിനായി സ്വച്ഛ് സർവേക്ഷൻ 2017 സംഘടിപ്പിക്കുകയും ചെയ്തു. സ്വച്ഛ് സർവേക്ഷനിൽ സംസ്ഥാനത്തെ നഗരങ്ങളുടെ പ്രവർത്തനം ആശാവഹമല്ലെങ്കിലും സ്വച്ഛ് ഭാരത് അഭിയാൻ (ഗ്രാമം) പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കുകയും നഗര പ്രദേശങ്ങളെ ഈ പ്രഖ്യാപനത്തിനടുത്തെ-ത്തിക്കുകയും ചെയ്തിട്ടുണ്ട്.

വിനിമയ നൈപുണ്യ വികസന വിഭാഗം (സി.സി.ഡി.യു)

ശുചിത്വ മേഖലയിൽ സംസ്ഥാനത്തെ സംബന്ധിച്ചുള്ള വിവര ശേഖരം വികസിപ്പിക്കുക, വിദ്യാഭ്യാസ വാർത്താവിനിമയ തന്ത്രം വികസിപ്പിക്കുക, എല്ലാ തലങ്ങളിലും പ്രവർത്തകരുടെ ശേഷി വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി ഭാരത സർക്കാർ ശുചിത്വ മേഖലയ്ക്ക് ആവശ്യമായ വിനിമയ നൈപുണ്യ വികസന വിഭാഗത്തിന് അനുമതി നല്കി. ഈ സ്ഥാപനം സ്വച്ഛ് ഭാരത് മിഷനിൽ ഏറ്റെടുത്ത പ്രോജക്ടുകൾക്ക് സഹായം നല്കുകയും ശുചിത്വ മിഷന്റെ ഐ.ഇ.സി. / എച്ആർഡി പ്രവർത്തനങ്ങൾക്ക് സഹായം നൽകുകയും ചെയ്യുന്നുണ്ട്.

ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിലെ സമീപകാല നേട്ടങ്ങൾ

2016-17ൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമിൺ)

ഒറ്റപ്പെട്ട പട്ടികവർഗ്ഗ ഊരുകളിലും വെള്ളക്കെട്ട് പ്രദേശങ്ങളിലുമുൾപ്പടെ ആവശ്യമായിരുന്ന ബാക്കി 1,74,720 കക്കൂസുകൾ കൂടി നിർമ്മിച്ചുകൊണ്ട് ഗ്രാമ പ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്തമായി (ഒഡിഎഫ്) പ്രഖ്യാപിച്ച രാജ്യത്തെ മൂന്നാമത്തെയും ഏറ്റവും വലുതുമായ സംസ്ഥാനമാണ് കേരളം (**പട്ടിക 7.5**). നഗരമേഖലയിൽ 93 നഗരസഭകളിൽ 92 എണ്ണവും ഇപ്പോൾ ഒ.ഡി. എഫ് ആയിട്ടുണ്ട് (**പട്ടിക 7.6**).

ഖരമാലിന്യ പരിപാലന പശ്ചാത്തല സൗകര്യം വികസിപ്പിക്കൽ

ഉറവിടത്തിൽ തന്നെയുള്ള മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തിന് അനുയോജ്യമായ തദ്ദേശീയമായ സാങ്കേതിക വിദ്യകൾ ശുചിത്വ മിഷൻ കണ്ടെത്തി അംഗീകാരം നല്കിയിട്ടുണ്ട്. ഇതിൽ റിംഗ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻറുകൾ, വെർമിൻ കമ്പോസ്റ്റിംഗ് എന്നിവ കൂടാതെ പൈപ്പ് കമ്പോസ്റ്റിംഗ്, പോട്ട് കമ്പോസ്റ്റിംഗ്, ബക്കറ്റ് കമ്പോസ്റ്റിംഗ്, ബയോ–ബിൻ കമ്പോസ്റ്റിംഗ്, പെഡസ്റ്റൽ കമ്പോസ്റ്റിംഗ് മുതലായവയും ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 74 പുതിയ സേവനദാതാക്കൾക്ക് കൂടി (21 സേവന ദാതാക്കളും, 2 അംഗീകൃത ഏജൻസികളും കൂടാതെ) മിഷൻ അംഗീകാരം നൽകി. ഗ്രാമീണ, നഗര തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്, ആരോഗ്യ മേഖലകളിലെ ഉദ്യോഗസ്ഥർക്ക് ആധുനിക അറവുശാലകളെക്കുറിച്ച് മിഷൻ

പട്ടിക 7.5

കേരളത്തിലെ വിവിധതരം ശുചിത്വ സൗകര്യങ്ങളുടെ വിശദവിവരങ്ങൾ

ക്രമ നം.	ജില്ല	ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം	നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിഗത ടോയ് ലെറ്റുകൾ (എണ്ണം)	നിർമ്മാണം പൂർത്തിയാക്കിയ ടോയ് ലെറ്റുകളുടെ എണ്ണം	പൂർത്തിയാക്കിയ ടോയ് ലെറ്റുകളുടെ ശതമാനം	ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ച ഗ്രാമ പഞ്ചായത്തുകൾ
1	തിരുവനന്തപുരം	73	14,211	14,211	100	73
2	കൊല്ലം	68	12,777	12,777	100	68
3	പത്തനംതിട്ട	53	10,182	10,182	100	53
4	ആലപ്പുഴ	72	14,985	14,985	100	72
5	കോട്ടയം	71	9,141	9,141	100	71
6	ഇടുക്കി	52	21,081	21,081	100	52
7	എറണാകുളം	82	7,808	7,808	100	82
8	തൃശ്ശൂർ	86	3,002	3,002	100	86
9	പാലക്കാട്	88	23,075	23,075	100	88
10	മലപ്പുറം	94	12,011	12,011	100	94
11	കോഴിക്കോട്	70	12,799	12,799	100	70
12	വയനാട്	23	13,777	13,777	100	23
13	കണ്ണൂർ	71	7,182	7,182	100	71
14	കാസർഗോഡ്	38	12,689	12,689	100	38
ആകെ	**941**	**174,720**	**174,720**	**100**	**941**	**3.2**

അവലംബം: ശുചിത്വ മിഷൻ, 2017

പട്ടിക 7.6

നഗരങ്ങളിലെ വെളിയിട വിസർജ്ജന രഹിത സ്ഥിതിവിവരം – ജില്ല തിരിച്ച്

ക്രമ നം.	ജില്ല	നഗര സഭകളുടെ എണ്ണം	നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിഗത ടോയ്‌ലെറ്റുകൾ	നടന്നു കൊണ്ടിരിക്കുന്നത്	പൂർത്തിയാക്കിയത്	ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ച നഗര സഭകളുടെ എണ്ണം
1	തിരുവനന്തപുരം	5	6317	16	6301	5
2	കൊല്ലം	5	3,397	0	3397	5
3	പത്തനംതിട്ട	4	1,673	0	1,673	4
4	ആലപ്പുഴ	6	1,711	0	1,711	6
5	കോട്ടയം	6	1,395	0	1,395	6
6	ഇടുക്കി	2	445	0	445	2
7	എറണാകുളം	14	1,686	120	1,566	13
8	തൃശ്ശൂർ	8	2,546	0	2,546	8
9	പാലക്കാട്	7	894	0	894	7
10	മലപ്പുറം	12	2,058	0	2,058	12
11	കോഴിക്കോട്	8	2,855	0	2,855	8
12	വയനാട്	3	912	0	912	3
13	കണ്ണൂർ	10	1,198	0	1,198	10
14	കാസർഗോഡ്	3	770	0	770	3
ആകെ	**93**	**27,857**	**136**	**27,721**	**92**	**3.2**

അവലംബം: ശുചിത്വ മിഷൻ, 2017

പരിശീലനം നല്കി. 18 മുനിസിപ്പാലിറ്റികൾക്കും 8 ഗ്രാമപഞ്ചായത്തുകൾക്കും വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കാൻ സഹായം നല്കുകയും സാങ്കേതിക പഠനത്തിനു ശേഷം 38 നഗര സഭകൾക്ക് ഉറവിടത്തിൽ തന്നെയുള്ള മാലിന്യ സംസ്കരണത്തിനും 18 നഗരസഭകൾക്ക് പൊതു സൗകര്യങ്ങൾക്കും വേണ്ടിയുള്ള വിശദമായ പദ്ധതി രേഖയ്ക്ക് സാങ്കേതികാനുമതി നല്കുകയും ചെയ്തു. ഉറവിടത്തിൽ തന്നെയുള്ള മാലിന്യസംസ്കരണത്തിനും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പൊതു സൗകര്യങ്ങളുടെ നവീകരണത്തിനുമായി 50 കോടി രൂപ യുടെ പദ്ധതി നടപ്പിലാക്കി. 12 മുനിസിപ്പാലിറ്റികളിലും 4 ഗ്രാമപഞ്ചായത്തുകളിലും കശാപ്പ് ശാലകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക അനുമതി നല്കുകയും 50 ശതമാനം ധനസഹായം നല്കുകയും ചെയ്തു. നഗര, ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഖരമാലിന്യ പരിപാലന പദ്ധതി **പട്ടിക 7.7, 7.8, 7.9** എന്നിവയിൽ വിശദമായി നൽകുന്നു.

ദ്രവമാലിന്യ സംസ്കരണത്തിനുള്ള പശ്ചാത്തല സൗകര്യം വികസിപ്പിക്കൽ

കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി

പട്ടിക 7.7
നഗര സഭകളിലെയും കോർപ്പറേഷനുകളിലെയും പ്രോജക്ടുകൾ

വർഷം	ബയോഗ്യാസ് പ്ലാന്റുകൾ	സാമൂഹികാടി-സ്ഥാനത്തിലുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ	നിലവിലുള്ള ഖര-ദ്രവ മാലിന്യ പരിപാലന പ്ലാന്റുകളുടെ നവീകരണം	ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ	മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി	എയറോബിക് കമ്പോസ്റ്റിംഗ്
2011–12	20767	146841	27			
2012–13	16333	140565	3			
2013–14	6313	21235				
2014–15	1991	9693	4	19		
2015–16	626	21081	1			
2016–17	2327	18519	4		17	528
ആകെ	**48559**	**357934**	**39**	**19**	**17**	**528**

അവലംബം: ശുചിത്വ മിഷൻ, 2017

പട്ടിക 7.8
ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ

വർഷം	ബയോഗ്യാസ് പ്ലാന്റുകൾ	വ്യക്തിഗത അടിസ്ഥാനത്തിലുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ	എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ	എം.ആർ.എഫ്
2011–12	4,601	18,403	--	--
2012–13	39,853	453,855	--	--
2013–14	7,490	71,174	--	--
2014–15	1,830	7007	--	--
2015–16	6,020	57,049	--	--
2016–17	6,456	16,724	31	4
ആകെ	**66,250**	**624,212**	**31**	**4**

അവലംബം: ശുചിത്വ മിഷൻ, 2017

ഒരു സഹകരണ സംസ്കരണ ശാലയെന്ന അടിസ്ഥാനത്തിൽ കൊച്ചി എളംകുളത്ത് ഒരു മലിനജല സംസ്കരണ ശാല സ്ഥാപിക്കുന്നതിന് ജല അതോറിറ്റിക്ക് ശുചിത്വ മിഷൻ ഒരു കോടി രൂപ സാമ്പത്തിക സഹായം നല്കി. കക്കൂസ് മാലിന്യ സംസ്കരണത്തിന് മാത്രമുള്ള സംവിധാനങ്ങളൊരുക്കുന്നതിന് ജില്ലാഭരണകൂടങ്ങളുടെ സഹായത്തോടെ എല്ലാ ജില്ലകളിലും മിഷൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന് അനുയോജ്യമായ ഒരു കക്കൂസ് മാലിന്യ സംസ്കരണ ശാലയ്ക്കുള്ള രൂപരേഖയും മിഷൻ തയ്യാറാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ശാസ്താംകോട്ട താലൂക്കാശുപത്രിക്കടുത്ത് ഒരു മലിന ജല സംസ്കരണ ശാല ആരംഭിച്ചു. മലിനജല സംസ്കരണ സംവിധാനം ഒരുക്കുന്നതിന് ശുചിത്വ മിഷൻ വിവിധ നഗരസഭകൾക്ക് സഹായം നല്കി. ഖരദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സഹായം നല്കുന്നതിന് സേവനദാതാക്കളായ ഏജൻസികളുടെ പട്ടിക മിഷൻ തയ്യാറാക്കിയിട്ടുണ്ട് (**പട്ടിക 7.10**).

പട്ടിക 7.9
സംസ്ഥാനത്തെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി, പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും, എയറോബിക് കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെയും എണ്ണം

ക്രമ നം	ജില്ല	എം.ആർ.എഫ്			പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ			തുമ്പൂർമുഴി എയ്റോബിന്നുകൾ		
		നിലവിലുള്ളത്	2016-17-ലെ സ്റ്റിൽ ഓവർ പ്രവർത്തികൾ	2017-18-ൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തികൾ	നിലവിലുള്ളത്	2016-17-ലെ സ്റ്റിൽ ഓവർ പ്രവർത്തികൾ	2017-18-ൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തികൾ	നിലവിലുള്ളത്	2016-17-ലെ സ്റ്റിൽ ഓവർ പ്രവർത്തികൾ	2017-18-ൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തികൾ
1	തിരുവനന്തപുരം	3	23	46	1	3	15	0	12	7
2	കൊല്ലം	7	9	18	0	0	7	36	44	187
3	പത്തനംതിട്ട	2	2	7	0	0	9	7	0	9
4	കോട്ടയം	0	5	17	2	2	18	11	3	9
5	ആലപ്പുഴ	12	6	14	0	1	8	23	52	54
6	എറണാകുളം	9	7	40	2	0	18	4	5	31
7	ഇടുക്കി	0	0	6	1	3	9	0	0	7
8	പാലക്കാട്	4	1	4	2	3	12	0	7	9
9	തൃശ്ശൂർ	16	5	29	7	2	13	2	9	9
10	മലപ്പുറം	4	4	15	1	3	12	0	0	0
11	കോഴിക്കോട്	6	3	93	5	0	34	7	0	44
12	വയനാട്	0	0	6	7	0	1	0	0	1
13	കണ്ണൂർ	7	8	15	2	7	2	7	0	3
14	കാസർഗോഡ്	0	0	12	1	0	4	0	0	10
	ആകെ	**70**	**73**	**322**	**31**	**24**	**162**	**97**	**132**	**380**

അവലംബം: ശുചിത്വ മിഷൻ, 2017

വിവരവിദ്യാഭ്യാസ വിനിമയവും കാര്യശേഷി വർദ്ധിപ്പിക്കലും

ഉപയോഗിച്ചുപേക്ഷിക്കുന്ന തരം വസ്തുക്കൾ പരമാവധി ഒഴിവാക്കുന്നതിനും നിലവിലെ പൊതു സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഉറവിടത്തിൽ തന്നെയുള്ള മാലിന്യ സംസ്കരണത്തിനും ശുചിത്വ മിഷൻ ഐ.ഇ.സി തന്ത്രങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മിഷൻ വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അപ്രകാരം 2016 ഏപ്രിൽ മുതൽ 2017 സെപ്റ്റംബർ വരെ സംഘടിപ്പിച്ച പരിശീലന പരിപാടികളെ സംബന്ധിച്ച വിവരം **പട്ടിക 7.11**-ൽ കൊടുത്തിരിക്കുന്നു.

ഹരിത പെരുമാറ്റച്ചട്ടവും സ്വാപ് ഷോപ്പും

മെച്ചപ്പെട്ട ശുചിത്വ സ്വഭാവ രൂപീകരണത്തിനും ഉപയോഗിച്ച് ഉപേക്ഷിക്കുന്ന തരം വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനുമായ് മിഷൻ ഒരു ഹരിത പൊരുമാറ്റ ചട്ടം രൂപീകരിച്ചിട്ടുണ്ട്. 2015 ദേശീയ ഗെയിംസിലാണ് ഹരിത പെരുമാറ്റചട്ടം ആദ്യമായി നടപ്പിലാക്കിയത്. തുടർന്ന് സർക്കാരും സ്വകാര്യ സ്ഥാപനങ്ങളും

പട്ടിക 7.10
സേവന ദാദാക്കളായ ഏജൻസികളുടെ എണ്ണം

വിഭാഗങ്ങൾ	ഏജൻസികളുടെ എണ്ണം
വ്യക്തി ഗത സ്ഥാപന സാമൂഹിക അടിസ്ഥാനത്തിലുള്ള കമ്പോസ്റ്റിംഗ്	114
കമ്മ്യൂണിറ്റി മൊബിലൈസേഷൻ	19
മാലിന്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക.	7
മാലിന്യ വർദ്ധന തടയുന്നതിന് പരിഹാരം/പുനരുപയോഗം	2
സാമൂഹികാടിസ്ഥാനത്തിലുള്ള ഖര മാലിന്യ പരിപാലനം (5 റ്റി.പി.ഡി. വരെ)	4
ദ്രവമാലിന്യ പരിപാലന പ്രോജക്ട്കളുടെ ഡി.പി.ആർ രൂപീകരണം	10
ദ്രവമാലിന്യ പരിപാലന പ്രോജക്ട്കൾ നടപ്പിലാക്കൽ	21
ശ്മശാനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി രൂപീകരണവും നടപ്പിലാക്കലും	5
മാംസ സംസ്കരണ യൂണിറ്റുകൾ ആസൂത്രണം ചെയ്യുന്നതും അവ നടപ്പിലാക്കുന്നതും	2

അവലംബം: ശുചിത്വ മിഷൻ, 2017

പട്ടിക 7.11
2016 ഏപ്രിൽ മുതൽ 2017 സെപ്റ്റംബർ വരെ സംഘടിപ്പിച്ച പരിശീലന പരിപാടികൾ

ക്രമ നം.	പങ്കാളിത്ത വിഭാഗം	പരിശീലനങ്ങളുടെ എണ്ണം	പങ്കെടുത്തവരുടെ എണ്ണം
1	ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥർ	9	550
2	സന്നദ്ധ സംഘടനകൾ	4	175
3	സഹ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥർ	10	2,470
4	തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ	4	179
5	തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ	8	680
6	സന്നദ്ധ പ്രവർത്തകർ	16	975
7	വിദഗ്ദ്ധർ	5	417
8	സ്ക്രാപ്പ് ഡീലേഴ്സ്	14	2,000
9	കെട്ടിട നിർമ്മാണ തൊഴിലാളികൾ (ഒ.ഡി.എഫ് പ്രചാരണം)	1	75
	ആകെ	**71**	**7,521**

അവലംബം: ശുചിത്വ മിഷൻ, 2017

നടത്തിയ വിവിധ പരിപാടികളിൽ ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കിയിട്ടുണ്ട്. 2016-17 വർഷം സംസ്ഥാനത്തെ കലാരംഗത്തുള്ള ഏറ്റവും വലിയ ആഘോഷമായ സ്കൂൾ കലോത്സവത്തിൽ ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കി. ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കടുക്കുന്നതെന്ന് (40 ലക്ഷം) ഗിന്നസ് ബുക്കിൽ ഇടം നേടിയ ആറ്റുകാൽ പൊങ്കാലയിലും മാലിന്യോത്പാദനം കുറയ്ക്കുന്നതിന്റെ ഭാഗമായി ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കി. അതിന് ശേഷം രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യസ്ഥാപനങ്ങൾ, മതപരമായ സ്ഥാപനങ്ങൾ എന്നിവയെല്ലാം സംഘടിപ്പിച്ച വിവിധ പരിപാടികളിലും ഹരിത പൊരുമാറ്റചട്ടം വിജയകരമായി നടപ്പിലാക്കി.

'സ്വാപ് ഷോപ്' എന്ന ആശയവും മിഷൻ യാഥാർത്ഥ്യമാക്കി മാറ്റി. മാലിന്യം കുറയ്ക്കുന്നതിനായി ഉപയോഗിച്ച വസ്തുക്കളെ മറ്റുള്ളവർക്ക് വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളാക്കി മാറ്റുന്നതിനുള്ള ഒരു പൊതു

ബോക്സ് 7.5
ഹരിത പെരുമാറ്റചട്ടം

മാലിന്യം ഇല്ലായ്മ ചെയ്യുക, മെച്ചപ്പെട്ട ശുചിത്വം നേടുക എന്നീ കാര്യങ്ങളിലേക്ക് വ്യക്തിയുടെയും സമൂഹത്തിന്റെയും മനോഭാവവും ശീലങ്ങളും മാറ്റിയെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണിത്. ഉപയോഗിച്ച ഉപേക്ഷിക്കുന്ന തരം വസ്തുക്കൾ ഒഴിവാക്കുന്നതിനും പുനരുപയോഗ പുനചംക്രമണ സാധ്യതയുള്ളവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, മാലിന്യം കുറയ്ക്കുക, മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കുക, ജൈവ വസ്തുക്കൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, അജൈവ വസ്തുക്കളുടെ പുനരുപയോഗവും പുന ചംക്രമണവും സാധ്യമാക്കുക മുതലായ കാര്യങ്ങൾക്ക് പ്രേരിപ്പിക്കുകയാണ് മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് 2015 –ൽ നടന്ന ദേശീയ ഗയിംസിലാണ് ആദ്യം പരീക്ഷിച്ചത്. തുടർന്ന് മറ്റു ചെറുതും വലുതുമായ പൊതു സ്വകാര്യ പരിപാടികളിലേക്കും വ്യാപിപ്പിച്ചു. ഇപ്പോൾ കൂടുതൽ സ്ഥാപനങ്ങൾ ഹരിത പെരുമാറ്റ ചട്ടം സ്വീകരക്കുന്നുണ്ട്, പ്രത്യേകിച്ച് കല്യാണങ്ങൾ, ഉത്സവങ്ങൾ, തീർത്ഥാടനങ്ങൾ പോലെയുള്ളവ. ഇത് പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം കൂട്ടുകയും ഉപയോഗിച്ചുപേക്ഷിക്കുന്ന തരം വസ്തുക്കൾ കുന്നുകൂട്ടുന്നത് തടയുകയും ചെയ്യുന്നു. എല്ലാ വകുപ്പുകൾക്കും കാര്യാലയങ്ങൾക്കും ഹരിത പെരുമാറ്റ ചട്ടം പാലിക്കാൻ സർക്കാർ ഇപ്പോൾ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ ഹരിതമിഷന്റെ കൊടിക്കീഴിൽ കേരളത്തിലുടനീളം ഹരിത പെരുമാറ്റചട്ടം പാലിക്കുന്നത് പ്രചരിപ്പിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കി നൽകി വരുന്നു.

സംവിധാനമാണ് സ്വാപ് ഷോപ് ലക്ഷ്യമിടുന്നത്. 93 നഗരങ്ങളിൽ ആരംഭിച്ച സ്വാപ് ഷോപ്പുകൾ മിക്കവയും വിജയകരമായി പ്രവർത്തിക്കുന്നു. മാസാടിസ്ഥാനത്തിലോ വാരാടിസ്ഥാനത്തിലോ പ്രവർത്തിക്കുന്ന 16 സ്ഥിരം സ്വാപ് ഷോപ്പുകളുണ്ട്. 62 താല്കാലിക സ്വാപ് ഷോപ്പുകളുമുണ്ട്.

സാമ്പത്തിക അവസ്ഥ

മിഷന്റെ നാല് പ്രധാന പദ്ധതികളുടെ സാമ്പത്തിക അവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 7.12** –ൽ കൊടുത്തിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെയും നഗരങ്ങളിലേയും ശുചിത്വ കേരളം പദ്ധതിക്ക് കഴിഞ്ഞ 5 വർഷം കൊണ്ട് ലഭിച്ച ശരാശരി വിഹിതം 2,414 ലക്ഷം രൂപ, 3,112 ലക്ഷം രൂപ എന്നിങ്ങനെ ആണ്. 91 ശതമാനവും, 74 ശതമാനവുമാണ് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ശരാശരി ചെലവ്. ഗ്രാമ പ്രദേശങ്ങളിൽ സ്വച്ഛ് ഭാരത് അഭിയാൻ വഴി ലഭിച്ച ശരാശരി വിഹിതം 10,299 ലക്ഷം രൂപയും ശരാശരി ചെലവ് 85 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ സ്വച്ഛ് ഭാരത് അഭിയാനുള്ള വിഹിതം 2015–16 മുതലാണ് ലഭ്യമായത്. ശരാശരി വിഹിതം 3,040 ലക്ഷം രൂപയും ചെലവ് 32 ശതമാനവുമാണ്. സാമ്പത്തിക അവസ്ഥയുടെ കാര്യക്ഷമതയെ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 7.12** –ൽ കൊടുത്തിരിക്കുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും

ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക്കുകളും ഇലക്ട്രോണിക് മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നരീതി പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്. ആദ്യത്തേത് ഗുരുതരമായ ദ്വിതീയ പ്രത്യാഘാതങ്ങളും, രണ്ടാമത്തേത് ഗുരുതര മലിനീകരണവുമുണ്ടാക്കുന്നു. അതേസമയം ശരിയായ രീതിയിൽ ശേഖരിച്ച് വേർതിരിച്ച് പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത വിധം സംസ്കരിച്ചാൽ ഇവ പുന:ചംക്രമണ സാധ്യത വളരെയധികമുള്ള വസ്തുക്കളാണ്. മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനോടൊപ്പം അവയെ ഒരു ഉറവിടമായി ഉപയോഗിക്കൽ, എന്നീ രണ്ടു ഗുണങ്ങൾ കണക്കിലെടുത്ത്, സർക്കാർ 2013ൽ ഗ്രീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം ആരംഭിച്ചു. പ്രാരംഭത്തിൽ, പുറം തള്ളിയ പ്ലാസ്റ്റിക്കും, ഇലക്ട്രോണിക് മാലിന്യവും ശേഖരിച്ച് പുന:ചംക്രമണം ചെയ്യുകയായിരുന്നു കമ്പനിയുടെ ദൗത്യം. ഇപ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ൽ നിന്നും ജൈവ വിഘടനത്തിന് വിധേയമാകുന്ന മാലിന്യങ്ങൾ ശേഖരിക്കൽ, റിസോഴ്സ് റിക്കവറി ഫെസിലിറ്റീസ് (ആർ.ആർ.എഫ്) ആരംഭിച്ചു പ്രവർത്തിപ്പിക്കുക എന്നീ ചുമതലകൾ കൂടി കമ്പനിക്കുണ്ട്.

പട്ടിക 7.12
സ്കീം തിരിച്ചുള്ള സാമ്പത്തിക അവസ്ഥ

വർഷം	ശുചിതവ കേരളം		സ്വച്ഛ് ഭാരത് അഭിയാൻ	
	ഗ്രാമം	നഗരം	ഗ്രാമം	നഗരം
2013–14	100	91	71	--
2014–15	88	89	90	--
2015–16	86	87	89	73
2016–17	69	75	90	18
2017–18*	91	29	85	5.4

അവലംബം: ശുചിത്വ മിഷൻ, 2017

** 30.9.2017 വരെ;*

സി.കെ.സി ഇതുവരെ, കിലോഗ്രാമിന് 2 രൂപ നിരക്കിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 108 ടൺ താഴ്ന്നയിനം പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ ശേഖരിക്കുകയും, 9.91 ലക്ഷം രൂപ വരുമാനമുണ്ടാക്കുയും ചെയ്തു. കേന്ദ്ര ഗവണ്മെന്റിന്റെ ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സമീപകാല അറിയിപ്പ് പ്രകാരം, 5 ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളുടെ 50 കി.മീ ചുറ്റുവട്ടത്തിൽ പണിയുന്ന റോഡുകളുടെ നിർമ്മാണത്തിന് ടാറിനൊപ്പം പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മിശ്രണം ചെയ്യേണ്ടതുണ്ട്. 2016–17 കാലഘട്ടത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച 10 ശതമാനം റോഡുകളിൽ പ്ലാസ്റ്റിക് പൊടികൾ ചേർത്ത താറുപയോഗിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് 2016–17 –ൽ, 152 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 28.3 കി.മീ റോഡുകൾ, 42 ടൺ പ്ലാസ്റ്റിക്ക് പൊടി ചേർത്ത് നിർമ്മിച്ചു. ഇത് കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ 8 ടൺ പ്ലാസ്റ്റിക്കും ഉപയോഗിച്ചു. കമ്പനി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കിലോഗ്രാമിന് 15 രൂപ നിരക്കിൽ പൊടിയാക്കിയ പ്ലാസ്റ്റിക്ക് ശേഖരിക്കുകയും, കിലോഗ്രാമിന് 20 രൂപ നിരക്കിൽ വിറ്റ്, 7.7 ലക്ഷം രൂപ വരുമാനമുണ്ടാക്കുകയും ചെയ്തു. 3.75 മീ വീതിയുള്ള 1 കി.മി റോഡ് നിർമ്മിക്കാൻ, 1.3 ടൺ പ്ലാസ്റ്റിക്ക് ആവശ്യമാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2017–18 –ൽ, പൊടിച്ച പ്ലാസ്റ്റിക്കിന്റെ ശേഖരണം വർദ്ധിപ്പിച്ച് 35000 ടൺ വരെ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചു. ഇതിനായി സി.കെ.സി, പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുകയും, അനുബന്ധ സാങ്കേതിക സഹായങ്ങൾ നല്കുകയും ചെയ്യുന്നു. ഇതുവഴി സംസ്ഥാനത്ത് 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള മെസ്സേഴ്സ് എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയുമായി, പ്രാദേശിക സർക്കാരുകൾ ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങൾ, ശേഖരിച്ച ഇലക്ട്രോണിക് മാലിന്യം സ്വീകരിച്ച്, പുനരുത്പാദനം നടത്താനുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സർക്കാർ സ്ഥാപനങ്ങളായ, കൊച്ചിൻ യൂണിവേഴ്സിറ്റി (43,835 കി.ഗ്രാം), കേരള സർവകലാശാല (37,947 കി.ഗ്രാം), തൃക്കാക്കര എൻജിനീയറിംഗ് കോളേജ് (13,865 കി ഗ്രാം), കൊല്ലം കോർപ്പറേഷൻ (6,048 കി ഗ്രാം), ജില്ലാ പോലീസ് മേധാവി, കണ്ണൂർ (5,690 കി ഗ്രാം), തിരുവനന്തപുരം കെൽട്രോൺ (6,020 കി ഗ്രാം), ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് (3,905 കി ഗ്രാം), എറണാകുളം സിവിൽ സ്റ്റേഷൻ (10,580 കി ഗ്രാം), മറ്റ് 10 സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നായി ആകെ 320 ടൺ ഇ–മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഇ–മാലിന്യങ്ങളുടെ കൂട്ടത്തിൽ, ഉപേക്ഷിക്കപ്പെട്ട ട്യൂബ് ലൈറ്റ്, സി.എഫ്.എൽ ട്യൂബുകൾ, ബൾബ്, പ്രിന്റർ കാട്രിഡ്ജ് എന്നിവയുണ്ട്. അപകടകരമായ വിഭാഗത്തിൽപ്പെടുന്ന മാലിന്യങ്ങൾ ആകെയുള്ള ഇലക്ട്രോണിക് മാലിന്യത്തിന്റെ 20 ശതമാനം വരും. ഇവ കൈകാര്യം ചെയ്യാൻ ഏജൻസിക്ക് കിലോ ഗ്രാമിന് 35 രൂപ എന്ന നിരക്കിൽ നല്കുകയും മറ്റുള്ള ഇലക്ട്രോണിക് മാലിന്യങ്ങൾ കിലോ

ഗ്രാമിന് 32 രൂപ നിരക്കിൽ കമ്പനിക്ക് വില്ക്കുകയും ചെയ്യുന്നു.

മലിനീകരണ നിയന്ത്രണത്തിലെ ഇടപെടലുകൾ

മലിനീകരണ നിയന്ത്രണ നടപടികൾന ടപ്പാക്കാനുള്ള നിയമാനുസൃത അതോറിറ്റിയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെ.എസ്സ്.പി.സി.ബി) 1974 ൽ സംസ്ഥാനത്തെ ജലമലിനീകരണ നിയന്ത്രണം ലക്ഷ്യമിട്ടാണ് ഇത് ആരംഭിച്ചത്. പരിസ്ഥിതിയുടെ വിവിധ വശങ്ങളെ സംരക്ഷിക്കാനുള്ള പുതിയ നിയമങ്ങളോടൊപ്പം, ഇതിന്റെ പ്രസക്തി വർദ്ധിച്ചു. ഇപ്പോൾ താഴെപ്പറയുന്ന ചട്ടങ്ങൾ നടപ്പാക്കാൻ ബോർഡ് ചുമതലപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരത്തെ ആസ്ഥാന മന്ദിരം, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 മേഖലാ ഓഫീസുകൾ, ലബോറട്ടറി സൗകര്യമുള്ള 14 ജില്ലാ ഓഫീസുകൾ, എറണാകുളത്ത് ഒരു സെൻട്രൽ ലബോറട്ടറി, കോഴിക്കോട് ഒരു മേഖലാ ലബോറട്ടറി എന്നിവയാണ് ബോർഡിന്റെ നിലവിലെ പശ്ചാത്തല സൗകര്യങ്ങൾ. മലിനീകരണ സാധ്യതയുടെ സാന്ദ്രത കണക്കിലെടുത്ത് എറണാകുളം ജില്ലയിൽ 3 ജില്ലാ ഓഫീസുകൾ ഉണ്ട്. ഒന്നാമത്തേത്, കണയന്നൂർ, കൊച്ചി, ആലുവ താലൂക്കുകൾക്കും, രണ്ടാമത്തേത് കോതമംഗലം, കുന്നത്തുനാട്, മൂവാറ്റുപുഴ താലൂക്കുകൾക്കും, മൂന്നാമത്തേത് ഏലൂർ പരിസ്ഥിതി സംരക്ഷണ കേന്ദ്രം, ഏലൂർ–എടയാർ പ്രദേശങ്ങളിലെ വ്യവസായങ്ങൾ, വടക്കൻ പറവൂർ താലൂക്ക് എന്നിവയ്ക്ക് വേണ്ടിയുള്ളതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണത്തിനായി ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്തു

പട്ടിക 7.13
കെ.എസ്.പി.സി.ബി. നടപ്പിലാക്കുന്ന ചട്ടങ്ങൾ

ക്രമ നം.	ആക്ട്	റൂൾസ്/നോട്ടിഫിക്കേഷൻ	
1	ജല മലിനീകരണ നിയന്ത്രണവും തടയലും നിയമം–1974	ജല മലിനീകരണ നിയന്ത്രണവും തടയലും റൂൾസ് 1976	
2	ജല മലിനീകരണ നിയന്ത്രണവും തടയലും സെസ്സ് ആക്ട് 1977	ജല മലിനീകരണ നിയന്ത്രണവും തടയലും സെസ്സ് റൂൾസ് 1979	
3	വായു മലിനീകരണ നിയന്ത്രണവും തടയലും ആക്ട് 1981	വായു മലിനീകരണ നിയന്ത്രണവും തടയലും റൂൾസ് 1984	
4	പരിസ്ഥിതി (സംരക്ഷണ) നിയമം, 1986	(i)	പരിസ്ഥിതി (സംരക്ഷണം), റൂൾസ് 1986
		(ii)	അപകടകരമായതും മറ്റ് മാലിന്യങ്ങളും (മാനേജ്മെന്റ് & ട്രാൻസ് ബൗണ്ടറി പ്രസ്ഥാനം) റൂൾസ് (2016)
		(iii)	അപകടകരമായ രാസവസ്തുക്കളുടെ നിർമ്മാണം, സംഭരണം, ഇറക്കുമതി – റൂൾസ് 1989
		(iv)	പാരിസ്ഥിതിക ആഘാത വിശകലന വിജ്ഞാപനം റൂൾസ് 2006
		(v)	ബയോമെഡിക്കൽ വേസ്റ്റ് റൂൾസ് 1998
		(vi)	പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
		(vii)	സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
		(viii)	ബാറ്ററികൾ (മാനേജ്മെന്റ് & ഹാന്റിംഗ്) റൂൾസ്, 2001
		(ix)	ഇലക്ട്രോണിക് മാലിന്യം(മാനേജ്മേന്റ്) റൂൾസ്, 2016
		(x)	ഇ–വേസ്റ്റ് (മാനേജ്മെന്റ്) റൂൾസ്, 2016
		(xi)	കണ്സ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016

നടപ്പാക്കാനും, മേൽനോട്ടം വഹിക്കാനും ചുമതലപ്പെട്ട ഒരു നിയമാനുസൃത അധികാര സ്ഥാപനം കൂടിയാണ് ബോർഡ്.

മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പാക്കൽ

സംസ്ഥാനത്തെ ആശുപത്രികൾ, വ്യവസായങ്ങൾ, മുനിസിപ്പാലിറ്റികൾ, മറ്റു സ്ഥാപനങ്ങൾ ഇവയെയെല്ലാം സ്വീകാര്യമായ പ്രവർത്തന രീതിയിലേക്ക് കൊണ്ടു വരിക, മലിനീകരണത്തിനെതിരെ അവബോധം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ പാരിസ്ഥിതിക മെച്ചപ്പെടുത്തൽ ഉറപ്പാക്കുക എന്നിവയാണ് ബോർഡിന്റെ ലക്ഷ്യങ്ങൾ. വിവിധ അടിസ്ഥാന സൗകര്യ സംബന്ധിയായ പ്രശ്നങ്ങളുണ്ടെങ്കിലും, ബോർഡ് 15,000 ലധികം വ്യവസായങ്ങൾ, 4,000 ആശുപത്രികൾ, 42 മുനിസിപ്പാലിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ സ്വീകാര്യമായ പ്രവർത്തന രീതിയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്.

കഴിഞ്ഞ 4 വർഷങ്ങളിൽ കെ.എസ്സ്.പി.സി. ബിയ്ക്ക് അനുവദിച്ചിരുന്ന 2,430 ലക്ഷം രൂപയിൽ 72 ശതമാനം ചെലവഴിച്ചിട്ടുണ്ട്. നിയന്ത്രിത സംവിധാനം നടപ്പിലാക്കുന്നതിന് 300 ലക്ഷം രൂപ, പാരസ്ഥിതിക പരിശോധന മാനേജ്മെന്റിന് 1,430 ലക്ഷം രൂപ, ശേഷി നിർമ്മാണം 55 ലക്ഷം രൂപ, അടിസ്ഥാന സൗകര്യ വികസനത്തിന് 635 ലക്ഷം രൂപ എന്നിങ്ങനെ ആണ് ഇനം തിരിച്ചുള്ള കണക്കുകൾ. നിയന്ത്രണ സംവിധാനത്തിലൂടെ മലിനീകണ നിയന്ത്രണത്തിനായി ഇൻസെന്റീവ് നല്കുകയും നിയമങ്ങൾ/പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പദ്ധതികളുടെ പങ്കാളികൾക്ക് പരിശീലനം നല്കുകയും, മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണത്തിനായി പൊതുജനാവബോധം സൃഷ്ടിക്കാൻ ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക പരിശോധനയും പരിപാലനവും എന്ന പദ്ധതിയുടെ ഭാഗമായി പെരിയാർ നദീജല ഗുണനിലവാര, നിരീക്ഷണ പദ്ധതി, ശബരിമല പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, മലിനമായ പ്രദേശങ്ങളുടെ പരിസ്ഥിതി മാനേജ്മെന്റ്, മലിനീകരിക്കപ്പെട്ട പ്രദേശങ്ങളിൽ പാരിസ്ഥിതികാഘാതം നിരീക്ഷിക്കൽ, വേളി–ആക്കുളം കായലിലും ചുറ്റുമുള്ള സ്ഥലങ്ങളിലും ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ശബ്ദ വ്യാപനം രേഖപ്പെടുത്തൽ, പരിസ്ഥിതി സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കൽ, സംസ്ഥാനത്തെ ജലാശയങ്ങളുടെ വർഗ്ഗീകരണം, ജലവായു ലഭ്യതാ സൂചിക തയ്യാറാക്കൽ, ആംബിയറിംഗ് എയർ & വാട്ടർ മോണിറ്ററിംഗ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടന്നിട്ടുണ്ട്. മാലിന്യ സംസ്കരണത്തിലെ മികച്ച പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വംഭരണ സ്ഥാപനങ്ങൾക്കും, പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്കും പ്രോത്സാഹനം നല്കിയിട്ടുണ്ട്. ബയോമെഡിക്കൽ അവശിഷ്ട സംസ്കരണ സൗകര്യങ്ങൾ, അപകടകരമായ അവശിഷ്ടങ്ങളാൽ മലിനീകരിക്കപ്പെട്ട പ്രദേശങ്ങളുടെ പുനർനിർമ്മാണം, അരൂർ, ചന്ദിരൂർ ഇവിടങ്ങളിൽ മലിന വസ്തുക്കൾ സംസ്കരിക്കുന്ന പൊതുവായുള്ള പ്ലാന്റ് (ഇ.റ്റി.പി) എന്നിവയുടെ നിർമ്മാണത്തിനും നടപടികൾ എടുത്തിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തനശേഷി മെച്ചപ്പെടുത്താനുള്ള ശേഷി വികസന പരിപാടികൾ നടത്തി. അടിസ്ഥാന സൗകര്യ വികസനത്തിനായി ലാബ് ഉപകരണങ്ങൾ വാങ്ങുകയും, ബോർഡിന്റെ ലബോറട്ടറികളെ എൻ.എ.ബി.എൽ നിലവാരത്തിലേക്ക് ഉയർത്തുകയും, ചലനാത്മകമായ വെബ് സൈറ്റ് വികസിപ്പിച്ച ഓട്ടോമേഷൻ മെച്ചപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്തു.

വ്യവസായങ്ങൾ/ആരോഗ്യ സ്ഥാപനങ്ങൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിനും (ഐ.ഇ.സി.) പ്രവർത്തിക്കുന്നതിനുമുള്ള (ഐ.ഒ.സി.) സംയോജിത അനുമതി നൽകൽ പ്രക്രിയയാണ് മലിനീകരണ നിയന്ത്രണ നിയമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഫലപ്രദമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനുള്ള മാനദണ്ഡം. (ഐ.സി.ഇ/ഐ.സി.ഒ) എന്നിവയാണ് മലിനീകരണ നിയന്ത്രണ നിയമങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ഫലപ്രാപ്തി അളക്കാനുള്ള മാനകങ്ങൾ. ഇവ 2017 ജൂൺ 15 മുതൽ ഓട്ടോമേറ്റഡ് ആക്കുകയും, 2016 ജൂലൈ 18 വരെ 6,744 സ്ഥാപനാനുമതി (ഐ.സി.ഇ) യും 32,541 പ്രവർത്തനാനുമതി (ഐ.സി.ഒ) നല്കുകയും ചെയ്തു. വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമത്തിന്റെ സെക്ഷൻ 41 പ്രകാരവും വായു മലിനീകരണ നിവാരണ നിയന്ത്രണ നിയമത്തിന്റെ സെക്ഷൻ 31(എ) പ്രകാരവും അടച്ചു പൂട്ടൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നടപടികൾ വേഗത്തിലാക്കാനായി, അടച്ചു പൂട്ടൽ നിർദ്ദേശം നൽകാനുള്ള അധികാരം ബോർഡിന്റെ ജില്ലാ ഓഫീസർമാർക്ക് നല്കിയിരിക്കുന്നു.

ഹരിതകേരളം പദ്ധതി

ശുചിത്വം, ജലസമൃദ്ധി, വിഷരഹിത കാർഷിക വിളകൾ എന്നിവയിലെല്ലാം കേരളത്തിനുണ്ടായിരുന്ന ഗതകാല മേന്മ വീണ്ടെടുക്കുന്നതിനൊപ്പം, കാലാവസ്ഥാ വ്യതിയാനമുയർത്തുന്ന വെല്ലുവിളികളെ നേരിടാനുമുദ്ദേശിച്ച് 2016 –ൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ഹരിതകേരളം മിഷൻ. ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, ജൈവരീതികൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി, പരിസ്ഥിതി സുരക്ഷ എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ഇവയുടെ പരസ്പര ബന്ധവും സംയോജന സാധ്യതകളും ഉപയോഗപ്പെടുത്തുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് ജലസംരക്ഷണം, ജൈവകൃഷി, മാലിന്യ നിർമ്മാർജ്ജനം എന്നീ 3 ഉപദൗത്യങ്ങളിലൂടെയാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഭൂഗർഭജലനിരപ്പ് ഉയർത്താനുള്ള പദ്ധതികൾ, പരമ്പരാഗത ജലാസ്രോതസ്സുകളുടെ നിർമ്മാണവും, പുനരുദ്ധാരണവും, ജലസംഭരണികളിലെ മണലും, ചെളിയും നീക്കം ചെയ്യൽ, നദികളുടെയും ഉറവകളുടെയും പുനരുജ്ജീവനം സാദ്ധ്യമായിടത്തെല്ലാം മഴവെള്ളക്കൊയ്ത്തിനായുള്ള സംവിധാനങ്ങൾ, ജലാശയങ്ങൾ ശുദ്ധിയാക്കൽ തുടങ്ങി ജലസംരക്ഷണം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് ജലസംരക്ഷണ ഉപമിഷനിൽ ലക്ഷ്യമിടുന്നത്. സൂക്ഷ്മ നീർത്തടാധിഷ്ഠിത ഇടപെടലുകളിലൂടെയാണ് ഇവ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്, 3 ലക്ഷം ഹെക്ടറിലേക്ക് നെല്ലുല്പാദനം വ്യാപിപ്പിക്കുക സുരക്ഷിതമായ കൃഷി രീതികൾ അവലംബിച്ച് കൊണ്ട് സാധ്യമായിടത്തെല്ലാം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ഫലസസ്യങ്ങളും വൃക്ഷങ്ങളും വ്യാപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കൃഷി ഉപദൗത്യത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഓവർ ഫ്ളോ മാനേജ്മെന്റ് ഓപ്ഷൻ അനുസരിച്ച് മാലിന്യ സംസ്കരണം മെച്ചപ്പെടുത്താൻ ശുചിത്വ –മാലിന്യ സംസ്കരണ ഉപമിഷൻ ലക്ഷ്യമിടുന്നു. ഉറവിടത്തിൽ തന്നെ മാലിന്യങ്ങളെ വേർതിരിച്ച് ജൈവമാലിന്യങ്ങളെ കഴിയുന്നതും ഉറവിടത്തിൽ തന്നെ വളം/ഗ്യാസ് ആക്കി മാറ്റുകയും, ഇതിന് ബുദ്ധിമുട്ടുള്ളിടങ്ങളിൽ വികേന്ദ്രീകൃത കമ്പോസ്റ്റിംഗ് കേന്ദ്രങ്ങളും അധികം വരുന്നവയ്ക്കായി കേന്ദ്രീകൃത സംസ്കരണശാലകൾ നിർമ്മിക്കുകയും ചെയ്യുന്നു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി വഴി ജൈവവിഘടനത്തിന് വിധേയമാകാത്ത, പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ ശേഖരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റി വഴി പുനരുപയോഗം, പുന:ചക്രമണം എന്നിവ നടത്തുന്നു. വലിയ നഗരങ്ങൾക്കായി കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനവും വിവിധ ജില്ലകളിൽ കേന്ദ്രീകൃത കക്കൂസ് മാലിന്യ സംസ്കരണകേന്ദ്രങ്ങളും നടപ്പാക്കാനും ലക്ഷ്യമിടുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിസഹായം, ശേഷി വികസനം, സാങ്കേതിക സഹായം എന്നിവയെ കൂട്ടിയിണക്കിയും വിവിധ പദ്ധതികളിൽ/സ്രോതസ്സുകളിൽ നിന്നും യുക്തിസഹമായി സാമ്പത്തിക സഹായം സംയോജിപ്പിച്ചും വികസന വകുപ്പുകളുടെ സേവനം തദ്ദേശ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയും ഹരിതകേരളം ലക്ഷ്യങ്ങൾ നേടുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2016 ഡിസംബർ 8 ന് ആരംഭിച്ച പദ്ധതി, പ്രാദേശിക അവലോകനങ്ങൾ, പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിനുള്ള ശില്പശാലകൾ എന്നിവ നടത്തിയാണ് പൊതുസമീപനം രൂപീകരിച്ചത്. സംസ്ഥാന ജില്ലാ പ്രാദേശിക ഗവൺമെന്റ് തലങ്ങളിൽ ഏപ്രിൽ 2017 ഓടെ വികസനദൗത്യം രൂപീകരിക്കാൻ പ്രാദേശിക തല ചർച്ചകൾ , കിലയുടെ ആഭിമുഖ്യത്തിലുള്ള പരിശീലന പരിപാടികൾ, സംഘാടന പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. ശുചിത്വ മിഷൻ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, സാക്ഷരതാ മിഷൻ എന്നിവയുമായൊക്കെ സഹകരിച്ച് ജലസംരക്ഷണം, ശുചീകരണം, മാലിന്യസംസ്കരണം, കൃഷി പ്രോത്സാഹനം എന്നിവ സംബന്ധിയായ നിരവധി പരിപാടികൾ സംഘടിപ്പിച്ചു. ജലജാഗ്രതാ യജ്ഞം, കയർ ഭൂവസ്ത്ര പ്രോത്സാഹനം, ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ, പരിസ്ഥിതി സാക്ഷരതാ യജ്ഞം, പരിസ്ഥിതിദിനത്തിൽ 1 കോടി വൃക്ഷത്തൈകൾ നടൽ എന്നിവ സംഘടിപ്പിക്കുകയും വേണ്ട സഹായങ്ങൾ നല്കുകയും ചെയ്തു. ജലസംരക്ഷണ യജ്ഞത്തിന്റെ ഫലമായി 8000 കിണറുകളുടേയും കുളങ്ങളുടേയും നിർമ്മാണം, 36,500 ജലാശയങ്ങളുടെ

നവീകരണം എന്നിവ സാധ്യമായി. തദ്ദേശ സ്ഥാപനങ്ങൾക്ക് 8 ചെറുനദികൾ ജന പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കാനുള്ള ആത്മ വിശ്വാസം മിഷൻ പകർന്നു നല്കി. 2017 ജൂൺ മുതൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തകരെ നിയമിച്ച് ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും, മാലിന്യ നിർമ്മാർജ്ജനത്തിനും ജലസംരക്ഷണത്തിനുമായുള്ള സമഗ്ര മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധ്യമായിട്ടുണ്ട്.

മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം

സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ 2017 ആഗസ്റ്റ് 15ന് ഒരു മാസം നീണ്ട പങ്കാളിത്ത പ്രചരണ-പ്രവർത്തന പരിപാടികൾ അടങ്ങുന്ന ഒരു വിപുലമായ കാമ്പയിന് തുടക്കം കുറിക്കുകയുണ്ടായി. വീടുകളിലെയും സ്ഥാപനങ്ങളിലെയും നിലവിലെ മാലിന്യ നിർമ്മാർജ്ജന രീതികളെപ്പറ്റി പങ്കാളിത്തപഠനം നടത്തി മെച്ചപ്പെട്ട ഒരു പ്രവർത്തന പദ്ധതി ഓരോ വാർഡിലേക്കും തയ്യാറാക്കി മാലിന്യത്തിൽ നിന്നും മോചനം നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടത്. വിവിധതലത്തിലെ 3.1 ലക്ഷം ആൾക്കാർക്ക് പരിശീലനം ലഭ്യമാക്കിയാണ് പ്രവർത്തനങ്ങൽ സംഘടിപ്പിച്ചത്. വോളന്റിയർമാർ, വിദഗദ്ധർ, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരുൾപ്പടെ 1.54 ലക്ഷം അംഗസംഖ്യയുള്ള സ്ക്വാഡ് ഏകദേശം 56 ശതമാനം വീടുകളും സന്ദർശിച്ച് മാലിന്യനിർമ്മാർജ്ജനത്തിനെപ്പറ്റി പഠനം നടത്തുകയും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം നടത്തകയുമുണ്ടായി.77 ശതമാനം കുടുംബങ്ങളും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ നിർമ്മാർജനം ചെയ്യുന്നുവെന്നും 45 ശതമാനം പേർ ഏതെങ്കിലും തരത്തിലെ കമ്പോസ്റ്റിംഗ് രീതികൾ അവലംബിക്കുന്നെന്നും പഠനത്തിൽ കണ്ടെത്തി. 32 ശതമാനം വീടുകൾ മെച്ചപ്പെട്ട കമ്പോസ്റ്റിംഗ് രീതികൾ ഉപയോഗിക്കുന്നു എന്നും 39 ശതമാനം വീടുകൾ മാലിന്യം തുറസ്സായ സ്ഥലത്ത് ഉപേക്ഷിക്കുന്നു എന്നുമാണ് കണ്ടെത്തിയത്. 27 ശതമാനം വീടുകൾ മലിനജലം കുഴികളിൽ നിർമ്മാർജനം ചെയ്യുന്നു എന്നും ബാക്കിയുള്ളവർ പൊതു ഓടകളിലോ തുറന്ന സ്ഥലത്തോ ഒഴുക്കിവിടുകയാണെന്നും പഠനങ്ങൾ സൂചിപ്പിച്ചു. കക്കൂസ് കുഴികൾ/ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള എതാണ്ട് 7 ശതമാനം മനുഷ്യമലമാലിന്യം യന്ത്രസഹായത്താൽ ശേഖരിച്ച് ടക്കുകളും വഴി നിർമ്മാർജനത്തിന് കൊണ്ടുപോകുന്നുണ്ടെങ്കിലും അവയിൽ വലിയൊരളവ് ആത്യന്തികമായി ജലാശയത്തിലെത്തുന്ന സ്ഥിതിയാണുള്ളത്. 49 ശതമാനം കുടുംബങ്ങളും മെച്ചപ്പെട്ട മാലിന്യ പരിപാലന സേവനങ്ങൾക്കായി പണം മുടക്കാൻ തയ്യാറാണ് എന്നും പഠനം സൂചിപ്പിച്ചു. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും അതത് പ്രദേശത്തെ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് പരിശോധന ക്ലിനക്കുകളും ചർച്ചകളും നടത്തി അതിന്റെ അടിസ്ഥാനത്തിൽ അവരുടെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയുണ്ടായി. ഏകദേശം 300 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളിൽ മാറ്റം വരുത്തുകയും 2017 നവംബർ 1 മുതൽ പ്രോജക്ട് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ പ്രോജക്ടുകൾ ഉറവിടത്തിൽ മാലിന്യങ്ങൾ വേർതിരിക്കൽ, ഹരിതകർമ്മസേനയുടെ സഹായത്തോടെയുള്ള അജൈവമാലിന്യങ്ങളുടെയും ആവശ്യമെങ്കിൽ ജൈവമാലിന്യങ്ങളുടെയും ശേഖരണം. അജൈവമാലിന്യങ്ങൾക്കായുള്ള പ്രത്യേക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും റിസോഴ്സ് റിക്കവറി സെന്ററുകളും സ്ഥാപിക്കൽ ജൈവമാലിന്യങ്ങൾക്കായി ഭവനങ്ങളിലും, സ്ഥാപനങ്ങളിലും സംസ്കരണ സംവിധാനവും വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകളും സ്ഥാപിക്കൽ, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി ഇവയുടെ സഹായം സ്വീകരിക്കൽ എന്നീ ഘടകങ്ങളോടു കൂടിയ സമഗ്ര മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിടുന്നു. പ്രവർത്തനം തുടങ്ങിയ പ്രോജക്ടുകൾ 2018 ജനുവരി 1 ഓടെ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിനും 2018 മാർച്ച് 31 ഓടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമാണ് ലക്ഷ്യമിട്ടത്.

അനുഭവ പാഠം

കേരളത്തിലെ താരതമ്യേന ദുർബലമായ പാരിസ്ഥിതിക സ്ഥിതി കണക്കിലെടുക്കുമ്പോൾ നിയന്ത്രിതമായ ജീവിതരീതിക്കും, പരിമിതമായ വികസന ഇടപെടലുകൾക്കുമുള്ള വാഹകശേഷിയാണ് സംസ്ഥാനത്തിനുള്ളത്. ഉല്പാദന ഉപഭോഗമേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ രീതിയും തീവ്രതയും പാരിസ്ഥിതികാഘാതമുണ്ടാകാത്ത രീതിയിൽ ക്രമീകരിച്ചാൽ മാത്രമേ സംസ്ഥാനത്തിന്റെ ജീവിതനിലവാരം ഇനി ഉയർത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ മെച്ചപ്പെട്ട പ്രകൃതി വിഭവ സംരക്ഷണവും, കുറഞ്ഞ മലിനീകരണ നിരക്കും ഉറപ്പാക്കിക്കൊണ്ട് മാത്രമേ കേരളത്തിന്റെ വളർച്ചാശേഷി സുസ്ഥിരമാക്കാൻ സാധിക്കുകയുള്ളൂ. മണ്ണ്–ജല– ജൈവമണ്ഡലങ്ങളുടെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും, കുറ്റമറ്റ മാലിന്യ പരിപാലനവും മലിനീകരണ നിയന്ത്രണവും അത്യന്താപേക്ഷിതമാണ്. ജലസുരക്ഷ, ജൈവ സമൃദ്ധി, കാർബൺ സന്തുലിതാവസ്ഥ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് പ്രാദേശിക സർക്കാരുകളെയും വികസന വകുപ്പുകളെയും ശാക്തീകരിക്കുന്നതിന് മിഷൻ രീതിയിലുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമങ്ങൾ കേരളത്തെ ഹരിത വികസന രീതിയിലേക്കെത്തിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കേരളത്തിലെ ഖര–ദ്രവ മാലിന്യ പരിപാലനത്തിന് വികേന്ദ്രീകൃത രീതിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടും മാലിന്യത്തിന്റെ സവിശേഷതകൾ പരിഗണിച്ച് കേന്ദ്രീകൃതരീതി അവലംബിച്ചുകൊണ്ടുമുള്ള 'ഓവർ ഫ്ലോ മാലിന്യ പരിപാലന തന്ത്ര' മാണ് കേരളത്തിന് അനുയോജ്യമെന്നും കണ്ടെത്തിയിട്ടുണ്ട്.

ശബ്ദാവലി

അടിസ്ഥാന വില

ഒരു ഉൽപാദകൻ അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ (സാധനത്തിന്റെയോ സേവനത്തിന്റെയോ) ഒരു യൂണിറ്റിന് വാങ്ങുന്ന ആളിൽ നിന്നും സ്വീകരിക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉദ്പാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്)

പ്ലാനിംഗ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം ആർ. എസ്.ബി.വൈയുടെ കീഴിൽ വരുന്ന ദാരിദ്രരേഖയ്ക്ക് താഴെ (തീരെ ദരിദ്ര്ർ) അല്ലാത്ത എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

ഉപഭോക്തൃവില സൂചിക (സിപിഐ)

ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വിൽപന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

സി.ഡി.എസ്

കറന്റ് ഡെയിലി സ്റ്റാറ്റസ്: സി.ഡി.എസ്, സി.ഡബ്ല്യൂ.എസ്., യു.പി.എസ്., യു.പി.എസ്. എസ്., എന്നീ നാല് ആശയങ്ങളാണ് തൊഴിൽ തൊഴിൽ രഹിത സർവ്വെയിൽ തൊഴിലാളികൾ, തൊഴിൽരഹിതർ, ബാഹ്യതൊഴിലാളികൾ എന്നീ തൊഴിൽസ്ഥിതി കണക്കാക്കാനായി ഉപയോഗിക്കുന്നത്. സി.ഡി.എസ്. രീതിയിൽ, പരാമർശിക്കപ്പെടുന്ന ആഴ്ചയിലെ ഓരോദിവസത്തേയും തൊഴിൽസ്ഥിതി നിർണ്ണയിക്കുന്നു (സർവ്വെയ്ക്കുമുമ്പുള്ള 7 ദിവസം). ദിവസത്തിൽ ഒരു മണിക്കൂറിൽ കൂടുതലും നാല് മണിക്കൂറിൽക്കുറവും പണിയെടുക്കുന്ന വ്യക്തി പകുതി ദിവസം ജോലിചെയ്തതായി കണക്കാക്കുന്നു. നാല് മണിക്കൂറിൽ കൂടുതൽ ജോലിചെയ്തവർ ഒരു ദിവസം ജോലിചെയ്തതായി കണക്കാക്കുന്നു.

സി.ഡബ്ല്യൂ.എസ്.

കറന്റ് വീക്കിലി സ്റ്റാറ്റസ്: ഇതിൽ തൊഴിൽസ്ഥിതി കണക്കാക്കാനായി പരാമർശിക്കുന്ന കാലയളവ് സർവ്വെ നടത്തുന്ന ദിവസത്തിന് മുമ്പുള്ള 7 ദിവസങ്ങളാണ്. ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം ഒരു മണിക്കൂർ തൊഴിൽചെയ്യുകയും നേട്ടമുണ്ടാക്കുന്ന തൊഴിൽ തുടരുകയും ചെയ്യുന്നയാളെ തൊഴിലുള്ള വ്യക്തിയായി കണക്കാക്കുന്നു. ജോലിയ്ക്ക്തൽപരനായി അന്വേഷിച്ചിട്ടും ആഴ്ചയിൽ ഒരു മണിക്കൂർപോലും ജോലി ലഭിക്കാത്തവരെ തൊഴില്രഹിതരായി കണക്കാക്കുന്നു.

ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാം ജ്യോതി യോജന (ഡി.ഡി.യു.ജെ.വൈ.ജെ.)

ഗ്രാമ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വിതരണം മെച്ചപ്പെടുത്തുന്നതിനും എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും 24x7 വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഊർജ്ജ മന്ത്രാലയം സമാരംഭിച്ച പുതിയ പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാം ജ്യോതി യോജന.

ജനസാന്ദ്രത
ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഭൂമിശാസ്ത്രപരമായ യൂണിറ്റ്, വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം, മുതലായവയാകാം.

ഇ-പ്രൊക്യൂർമെൻറ്
ഇന്റർനെറ്റ് വഴിയുള്ള സാധന സേവന ക്രയവിക്രയ രീതി

മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)
മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ട പരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം സമ്പത്തിനോട് മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനങ്ങളുടെ അകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ആഭ്യന്തര ഉൽപാദനത്തിനനുസരിച്ചായിരിക്കും മൊത്തം ദേശീയ വരുമാനം എന്നതു പ്രത്യേകം ശ്രദ്ധിക്കുക).

മൊത്ത ദേശീയ ഉത്പന്നം (ജി.എൻ.പി)
ഒരു വർഷത്തിൽ ഉൽപ്പാദിപ്പിച്ച എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ മൊത്തം വിപണി മൂല്യമാണ് മൊത്ത ദേശീയ ഉത്പന്നം (ജി.എൻ.പി)

ഗ്രോസ് വാല്യു ആഡഡ് (ജി.വി.എ.)
സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ സമ്പദ് വ്യവസ്ഥയിലെ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് ജി.വി.എ. ദേശീയ കണക്കിൽ ഉല്പന്നത്തിൽനിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്. നാഷണൽ അക്കൗണ്ടിലെ ഉല്പാദനകണക്കിനെ സന്തുലിതമാക്കുന്ന ഒരു ഘടകമാണിത്.

മൊത്തം സംയോജിത മൂല്യം (ജിവിഎ)
(ജിവിഎ) എന്നാൽ ഒരു സമ്പദ് വ്യവസ്ഥയുടെ ഒരു മേഖലയിൽ അല്ലെങ്കിൽ ഒരു വ്യവസായത്തിൽ അല്ലെങ്കിൽ ഒരു പ്രദേശത്തു ഉദ്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യത്തിന്റെ അളവാണ്.

അടിസ്ഥാന വിലയിലെ മൊത്തം സംയോജിത മൂല്യം
അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ നിവേശത്തിനു കർത്താവിന്റെ വിലയും ഉൽപ്പന്നത്തിന് അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും പ്രത്യേകിച്ച് ഉദ്പാദകന് പ്രസക്തമാകുകയും ചെയ്യുന്നു.

ശിശു മരണ നിരക്ക്
ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണത്തെയാണ് ശിശു മരണം എന്ന് പറയുന്നത്. ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

ജനശ്രീ ബീമാ യോജന (ജെ.ബി,വൈ)
ആം ആദ്മി ബീമാ യോജനയിൽ ഉൾപ്പെടാത്തവരും 18-നും 55-നും ഇടയിൽ പ്രായമുള്ള കുടുംബനാഥനോ നാഥയ്ക്കോ ആയി നടപ്പിലാക്കുന്ന പദ്ധതിയാണ്.

ജെ ജെ ആക്ട് 2000
ജുവനൈൽ ജസ്റ്റിസ് ആക്ട് 2000 (കുട്ടികളുടെ പരിചരണം, സംരക്ഷണം എന്നിവ സംബന്ധിച്ച നിയമം). ഇന്ത്യയിൽ ജുവനൈൽ നീതി വ്യവസ്ഥയുടെ പ്രാഥമിക നിയമ ചട്ടക്കൂടാണ്. കുട്ടികൾക്കെതിരെയുള്ള നീതി നിഷേധം തടയുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമുള്ള പ്രത്യേക സമീപനം ഈ ആക്ട് വിഭാവനം

ചെയ്യുന്നു. കുട്ടികളുടെ സംരക്ഷണം, പുനരധിവാസം, സ്വഭാവ രൂപീകരണം എന്നിവ ഉറപ്പാക്കാൻ ജുവനൈൽ ജസ്റ്റിസ് സംവിധാനത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൊഴിലാളി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)

രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിലാളി പങ്കാളിത്ത നിരക്ക്.

സാക്ഷരതാ നിരക്ക്

ഏഴ് വയസിനു മുകളിൽ പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

ദേശീയ കുടുംബ ആരോഗ്യ സർവ്വേ

ഇന്ത്യയിലൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ ആസ്പദമാക്കി നടത്തിവരുന്ന വിപുലമായ സർവ്വേയാണ് ദേശീയ കുടുംബ ആരോഗ്യ സർവ്വേ.

അറ്റ ദേശീയ ഉത്പന്നം

അറ്റ ദേശീയ ഉത്പന്നം ഘടകവിലയിൽ അഥവാ ദേശീയവരുമാനം എന്നത് വർഷത്തിൽ ചരക്ക് സേവനങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നതിന് ഉത്പാദന ഉപാധികൾക്ക് കൂലി, വാടക. പലിശ, ലാഭം എന്നീ ഇനങ്ങളിൽ നൽകുന്ന പ്രതിഫലത്തിന്റെ ആകെ തുകയാണ്.

വാർധക്യ ആശ്രയ നിരക്ക്

60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക്.

സമത്വ സൂചിക

സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

പേഴ്സൺസ് വിത്ത് ഡിസബിലിറ്റി ആക്ട് 1995

ഇന്ത്യൻ ഭരണഘടനയുടെ (ഇനം 13, യൂണിയൻ ലിസ്റ്റ്) ആർട്ടിക്കിൾ 253 ൽ ഈ നിയമം വ്യവസ്ഥ ചെയ്തിരിക്കുന്ന ഏഷ്യ, പസഫിക് റീജിയണിലുള്ള വൈകല്യമുള്ളവരുടെ മൊത്തത്തിലുള്ള പങ്കാളിത്തവും തുല്യ പദവിയും ഈ ആക്ടിൽ ഉറപ്പുവരുത്തുന്നു. വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം , തൊഴിൽ, സാമൂഹ്യ സുരക്ഷ, പ്രതിബന്ധമുക്തമായ ചുറ്റുപാട്, തുടങ്ങിയവയും ഈ നിയമം ഉറപ്പ വരുത്തുന്നു.

പ്രേരക്മാർ

അനൗപചാരികമായ വിദ്യാഭ്യാസത്തിനു നേതൃത്വം നൽകികൊണ്ട് തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെയും ചുമതല വഹിക്കുന്നവരാണ് പ്രേരക്മാർ.

പ്രോക്സി ഇന്റിക്കേറ്റർ

അളക്കാൻ പറ്റാത്തതും സൂചിപ്പിക്കാൻ കഴിയാത്തതു ആയ ഏതെങ്കിലും പ്രതിഭാസത്തെ നേരിട്ടല്ലാതെ മാർഗത്തിലൂടെ ഏകദേശ രൂപത്തിൽ അളക്കുകയോ സൂചിപ്പിക്കുകയോ ചെയ്യാൻ പ്രോക്സി ഇന്റിക്കേറ്റർ ഉപയോഗിക്കുന്നു. ഉദാഹരണത്തിന് ബിസിനസ്സ് രംഗത്തുള്ള സ്ത്രീ ഉടമ അല്ലെങ്കിൽ എക്സിക്യൂട്ടീവുകളോ ആയ സ്ത്രീകളുടെ ശതമാനത്തിന്റെ ഒരു പ്രോക്സി ഇന്റിക്കേറ്റർ ആണ് ഒരു ചേംബർ ഓഫ് കൊമേഴ്സിലുള്ള സ്ത്രീ അംഗങ്ങളുടെ എണ്ണം.

ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012

ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ച പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ)

പ്ലാനിംഗ് കമ്മീഷൻ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികളായി നിർവചിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്.

ചില്ലറ വില്പന വില

ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

സ്കൂൾ മാനേജ്മന്റ് കമ്മിറ്റികൾ

പ്രാദേശിക ഉദ്യോഗസ്ഥർ രക്ഷാകർത്തകൾ അധ്യാപകർ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയാണിത്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗവും സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളും ഈ കമ്മിറ്റി നിരീക്ഷിക്കുന്നു.

സ്ത്രീ പുരുഷ അനുപാതം

ജനസംഖ്യ സ്ഥിതി വിവരക്കണക്കുകളിലെ സവിശേഷ സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീ-പുരുഷ അനുപാതം. ഒരു പ്രദേശത്ത് ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ടെന്നു കണക്കാക്കിയാണ് സ്ത്രീ-പുരുഷ അനുപാതം നിർണയിക്കുന്നത്. മരണത്തിലെയും കുടിയേറ്റത്തിലെയും സ്ത്രീ-പുരുഷ അനുപാതം എന്നിവയിലെ വ്യതിയാനങ്ങൾ സ്ത്രീ-പുരുഷ അനുപാതത്തെ നിർണയിക്കുന്നു.

ഉദയ് (ഉജ്ജ്വൽ ഡിസ്കോം അശ്വരൻസ് യോജന)

കടപ്പെട്ട കിടക്കുന്ന ഊർജ്ജ വിതരണ കമ്പനികളെ സാമ്പത്തികമായി പുനരുജ്ജീവിപ്പിക്കുവാനും അതിനു സുസ്ഥിരമായ പരിഹാരം ഉറപ്പു വരുത്തുവാനും ഉദയ് ലക്ഷ്യമിടുന്നു.

യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് (യു.പി.എസ്)

സമീപനത്തിൻ കീഴിൽ ഒരുവ്യക്തി പിന്തുടരുന്ന പ്രവർത്തനം തീരുമാനിക്കാനായി ഉപയോഗിക്കുന്നതിന്റെ മുഖ്യ സമയ മാനദണ്ഡം 365 ദിവസത്തിനെ അടിസ്ഥാനമാക്കിയാണ്. അപ്രകാരം ഒരു വ്യകതി ചെലവഴിക്കുന്ന കൂടുതൽ സമയ(183 ദിവസമോ അതിലധികമോ)മാണ് ആ വ്യക്തി തൊഴിൽശക്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുന്നത്. ഈ സമീപനത്തിലൂടെ ഒരു വ്യക്തിക്ക് തൊഴിലില്ല എന്നു കണ്ടാൽ അത് ചിരസ്ഥായിയായ തൊഴിലില്ലായ്മയെയാണ് പ്രതിഫലിപ്പിക്കുന്നത്. അവസാന പന്ത്രണ്ടു മാസങ്ങൾ എന്നു മാറ്റുന്ന ഒരു പരാമർശ കാലാവധിക്കു വേണ്ടിയാണ് യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് കണക്കുകൾ അനുമാനം നടത്തുന്നത്.

യൂഷ്വൽ പ്രിൻസിപ്പൽ ആന്റ് സബ്സി–ഡിയറി സ്റ്റാറ്റസ് (യു.പി.എസ്.എസ്) സമീപനം

തൊഴിൽശക്തിയുടെ അളവുകൾ കണക്കാക്കുന്നതിനുള്ള മറ്റൊരു പ്രധാന സമീപനമാണ് യൂഷ്വൽ പ്രിൻസിപ്പൽ ആന്റ് സബ്സിഡിയറി സ്റ്റാറ്റസ് (യു.പി.എസ്. എസ്) സമീപനം. ഇത്തരം സമീപനത്തിൽ കൂടിയ സമയ മാനദണ്ഡം കുറഞ്ഞ സമയ കാലാവധി (30 ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ ഏതെങ്കിലും സാമ്പത്തിക പ്രവർത്തനത്തിൽ പങ്കെടുക്കുക) എന്നീ രണ്ടു കാര്യങ്ങളും പരിഗണിച്ചുകൊണ്ട് ഒരു മിശ്ര സമീപനമാണുള്ളത്. അങ്ങനെ ഒരു വ്യക്തി അവസാന 12 മാസകാലയളവിൽ 30 ദിവസമോ അതിൽ കൂടുതലോ ഏതെങ്കിലും വേതനം ലഭിക്കുന്ന ജോലി ചെയ്താൽ അത് ഈ സമീപനത്തിൽ തൊഴിലുള്ളതായി പരിഗണിക്കും. ഈ സമീപനത്തിൽ പരാമർശ കാലാവധി യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് സമീപന(യി. പി.എസ്)ത്തിലേതു പോലെ തന്നെയാണ്. ഇത് യൂഷ്വൽ പ്രിൻസിപ്പൽ സ്റ്റാറ്റസ് സമീപനം എന്നും അറിയപ്പെടുന്നു.

മൊത്ത വ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)

കേരളത്തിൽ ഉത്പാദിപ്പിച്ച വിതരണം നടത്തുന്ന പതിനേഴ് കാർഷിക ഉത്പന്നങ്ങളുടെ മൊത്ത വ്യാപാര വിലയിൽ ഒരു പ്രത്യേക കാലയളവിലുണ്ടാവുന്ന ശരാശരി വ്യത്യാസം 1952-53 വർഷത്തെ അടിസ്ഥാന വർഷമായി കണക്കാക്കി അളക്കുന്ന സൂചികയാണ് മൊത്ത വ്യാപാര വില സൂചിക. ഈ സൂചകങ്ങൾ എല്ലാ മാസവും കണക്കാക്കുന്നുണ്ട്. സൂചകത്തിനു പൂർണ്ണമായ പ്രാതിനിത്യം കൈവരുന്നതിന് ഉൽപ്പന്നങ്ങളുടെ വിലക്ക് ആനുപാതികമായി അധിക വില നൽകുകയാണ് ചെയ്യുന്നത്.

ചുരുക്കപ്പേരുകൾ

എഎവൈ : *അന്ത്യോദയ അന്ന യോജന*
എ ഇ യു : *അഗ്രോ എക്കോളജി യൂണിറ്റ്*
എഐബിപി : *ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം*
എഎംആർ യു റ്റി : *അടൽ മിഷൻ ഫോർ റീ ജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ*
അനർട്ട് : *ഏജൻസി ഫോർ നോൺ കണ്വെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി*
എഎൻപി : *അന്നപൂർണ്ണ പദ്ധതി*
എപിഎൽ : *ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ*
എ.പി.റ്റി.എസ് : *ആൻറി പവർ തെഫ്റ്റ് സ്വാഡ്*
എ.എസ്.സി. : *അഗ്രോ സർവീസ് സെന്റർ*
എസ്.എ.പി : *അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം*
എ.എസ്.ഇ.പി. : *അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം*
എ.റ്റി.എം.എ. : *അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ്ഏജൻസി.*
എ.വി.റ്റി.എസ് : *അഡ്വാൻസ് വൊക്കേഷണൽ ട്രയിനിംഗ് സിസ്റ്റം*
ആയുഷ് : *ആയുർവ്വേദ, യോഗ ആൻഡ് നാച്ചറോപ്പോതി , സിദ്ധ, യുനാനി ആൻഡ് ഹോമിയോപതി*
ബിഡി എ : ബാംബു ഡെവലപ്മെന്റ് ഏജൻസി
ബി .ഇ. : ബജറ്റ് എസ്റ്റിമേറ്റ്
ബി എംസി : ബയോഡയ് വേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി
ബി.പി.എൽ : *ദാരിദ്ര്യ് രേഖയ്ക്ക് താഴെയു ള്ളവർ*
ബി.ആർ.ഡി.സി : *ബേക്കൽ റിസോർട്സ് വികസന കോർപ്പറേഷൻ*
ബി.എസ്.എൻ.എൽ : *ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്*
ബി.എസ്.യു.പി : *നഗര ദരിദ്രർക്കു വേണ്ടിയുള്ള അടിസ്ഥാന സേവനങ്ങൾ*
കാപെക്സ് : *കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി*
സി.ബി.എസ്.ഇ : *സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ*
സി സി ഡി യു : *കമ്മ്യൂണിക്കേഷൻ ആൻഡ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്*
സി ഡി സി : *ചൈൽഡ് ഡെവലപ്മെന്റ് സെന്റർസ്*
സി–ഡിറ്റ് : *സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി*
സി.ഡി.എസ് : *സെന്റ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്*
സി.ഡി.എസ് കൾ : *കമ്മ്യൂണിറ്റി ഡവലെപ്മെന്റ് സൊസൈറ്റികൾ*
സിഇപിസി.ഐ : *കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ*
സി ഇ ആർ റ്റി : *കംപ്യൂട്ടർ എമർജെൻസി റെസ് പോൺസ് റ്റീം*
സിഎഫ്പിഐ : *കൺസ്യൂമർ ഫുഡ് പ്രൈസ് ഇൻഡക്സ്*
സി എഫ് എസ് സി : *കോമൺ ഫെസിലിറ്റി സർവീസ് സെന്റർ*
ചിയാക് : *സമ്പൂർണ്ണ ആരോഗ്യ ഇൻഷുറൻസ് ഏജൻസി കേരള*
ചിസ് : *സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി*
സി ഐ എ എൽ : *കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്*
സിഎംആർഐ : *ക്രിട്ടിക്കൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്*
കയർ ഫെഡ് : *കേരള സംസ്ഥാന കയർ -ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ*
സി പി സി : *സെന്ററലയ്സ്ഡ് പ്രോസസ്സിംഗ് സെന്റർ*
സിപിഐ : *കൺസ്യൂമർ പ്രൈസ് ഇൻഡക്സ്*
സിപിഐഎസ് : *കേരവൃക്ഷ ഇൻഷുറൻസ് സ്കീം*
സിപിഎസ്ഇകൾ : *കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ*
സിആർഡിപി : *ക്യാപിറ്റൽ റിജണൽ ഡവലെപ്മെന്റ് പ്രോജക്ട്*
സിഎസ്ഐഎൻഡി : *കോസ്റ്റൽ ഷിപ്പിംഗ് ആന്റ് നാവിഗേഷൻ*

ഡിപ്പാർട്ട്മെന്റ്

സിഎസ്ഒ : സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ

സിഎസ്എസ് : കേന്ദ്രാവിഷ്കൃത പദ്ധതി

സിഡബ്ല്യുആർഡിഎം: സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലെപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്

സി റ്റി സി ആർ ഐ : സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കുസാറ്റ് : കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി

ഡി.സി.ആർ.സി.എസ് : ഡിസ്ടിക്ട് ഡിസ്എബിലിറ്റി റീഹാബിലിറ്റേഷൻ സെന്റേഴ്സ്

ഡി എ എം ഇ : ഡയറക്ടറേറ്റ് ഓഫ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ

ഡി ബി എഫ് ഒ റ്റി : ഡിസൈൻ ,ബിൽറ്റ്, ഫിനാൻസ് ഓപ്പറേറ്റ് ആൻഡ് ടാൻസ്ഫർ

ഡിഇഎസ് : ഡയറ്കറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

ഡി.ജി.ഇ.ആന്റ് റ്റി : ഡയറക്ടർ ജനറൽ ഓഫ് എംപ്ലോ-യ്മെന്റ് ആന്റ് ട്രയിനിംഗ്

ഡിഐസി : ഡയറക്ടറേറ്റ് ഓഫ് ഇന്റസ്ട്രീസ് ആന്റ് കോമേഴ്സ്

ഡിഎംആർസി : ഡൽഹി മെട്രോ റയിൽ കോർപ്പറേഷൻ

ഡി സി ബി : ഡിസ്ടിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്

ഡി.ആർ.ഡി.ഒ : പ്രതിരോധ ഗവേഷണ വികസന കേന്ദ്രം

ഡി ആർ ഐ ക്യൂ ബോർഡ് : ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ്

ഇ ഡി സി : എക്കോ ഡെവലപ്മെന്റ് കമ്മിറ്റി

ഇ എം സി : എനർജി മാനേജ്മെന്റ് സെന്റർ

ഇൻ വിഐഎസ് : പാരിസ്ഥിതിക വിവര സംവിധാനം

ഇപിസി : എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ

ഇഎസ്ഐ : എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്

ഇ എസ് എസ് : ഓൺട്രപ്രണർ സപ്പോർട്ട് സ്കീം

എഫ് എ ഒ : ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ

എഫ്എംസിജി : ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ്

എഫ്എംഡി : ഫൂട്ട് ആന്റ് മൌത്ത് ഡിസീസ്

എഫ്ഒഎംഐഎൽ : ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്

എഫ്എസ്ഐ : ഫോറസ്റ്റ് സർ വ്വേ ഓഫ് ഇന്ത്യ

ഗേറ്റ് : ഗ്രാഡുവേറ്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ്

ജി സി എഫ് : ഗ്രീൻ ക്ലൈമറ്റ് ഫണ്ട്

ജിസിഡിഎ : വിശാല കൊച്ചി വികസന അതോറിറ്റി

ജിഇസി : സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

ജിഎച്ച്ജി : ഹരിത ഗൃഹ വാതകം

ജിഒഐ : ഭാരത സർക്കാർ

ജിഎസ്റ്റി : ഗുഡ്സ് ആന്റ് സർ വ്വീസ് ടാക്സ്

ജിഎസ് വിഎ : ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

ജിവിഎ : ഗ്രോസ് വാല്യൂ ആഡഡ്

എച്ചഡിസി.കെ : കേരള കൈത്തൊഴിൽ വികസന കോർപ്പറേഷൻ

എച്ച് വി ഡി സി : ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ്

എച്ച്ഡിഐ : മാനവ വികസന സൂചിക

എച്ച് എസ് : ഹൈസ്കൂൾ

എച്ച്എസ് സി : ഹയർ സെക്കൻഡറി കോഴ്സ്

ഹഡ്കോ : ഹൗസിംഗ് ആന്റ് അർബൻ ഡവലെപ്പ്മെന്റ് കോർപ്പറേഷൻ

ഐഎവൈ : ഇന്ദിര ആവാസ് യോജന

ഐസിഡിഎസ് : സംയോജിത ശിശുവികസന പദ്ധതി

ഐസിപിഎസ് : സംയോജിത ശിശു സംരക്ഷണ പദ്ധതി

ഐസിഎസ് ഇ : ഇന്ത്യൻ സർട്ടിഫിക്കറ്റ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ

ഐസിറ്റി : വിവര വിനിമയ സാങ്കേതികവിദ്യ

ഐ സി എഫ് ഒ എസ് എസ് : ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ

ഐജിഎൻഒ എപിഎസ്: ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ സ്കീം.

ഐഎച്ച്എസ്ഡിപി : സംയോജിത ഭവന ചേരി വികസന പരിപാടി

ഐഐഐറ്റിഎംകെ: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

ഐഐഎസ് സി : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്

ഐഐറ്റി : ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

ഐ ജി സി : ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റേഴ്സ്

ഐഎൽ ഒ : അന്തർദേശീയ തൊഴിൽ സംഘടന

ഐഎൻഡിസി : ഇന്ത്യാസ് ഇന്റെൻഡെഡ് നാഷണലി ഡിറ്റർമൈന്റ് കോൺട്രിബ്യൂഷൻ

ഐ സി ഐ : ഇന്റർനാഷണൽ ക്ലൈമറ്റ് ഇനിഷ്യേറ്റീവ്

ഐ പി ഡിഎസ് : ഇന്റ ഗ്രേറ്റഡ് പവർ ഡവെലപ്പ്മെന്റ് സ്കീം

ഐപിസി : ഇന്ത്യൻ പീനൽ കോഡ്

ഐയു സി എൻ : ഇൻരനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ

ഐഎസ്എം : അന്തർ സംസ്ഥാന കുടിയേറ്റക്കാർ

ഐഎസ്ആർഒ : ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം

ഐറ്റി : വിവര സാങ്കേതി വിദ്യ

ഐറ്റിഐ : ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

ജെജെ : ജുവനൈൽ ജസ്റ്റിസ്

ജെ എൻ പി റ്റി : ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ്

ജെന്റം : ജവഹർ ലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം

ജെഎൻറ്റിബിജിആർഐ: ജവഹർ ലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കാഡ്കോ : കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

കെഎഎസ്ഇ : കേരള അക്കാദമി ഫോർ സ്കിൽ

എക്സലൻസ്

കെഎയു : കേരള കാർഷിക സർവ്വകലാശാല

കെസിസി : കിസാൻ ക്രെഡിറ്റ് കാർഡ്

കെസിഎച്ച്ആർ : കേരള ചരിത്ര ഗവേഷണ കൗൺസിൽ

കെസിഎംഎംഎഫ് : കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ

കേരഫെഡ് : കേരള സംസ്ഥാന കേര കർഷക സഹകരണ ഫെഡറേഷൻ

കെ ഇ എസ് ആർ യു : കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രെജിസ്ടേർഡ് അൺ എംപ്ലോയ്ഡ്

കിഫ്ബി : കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

കില : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കെഎഫ്സി : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കെഎഫ്ആർഐ : കേരള വന ഗവേഷണ കേന്ദ്രം

കെഎഫ്ഡബ്ല്യു എഫ്ബി: കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്

കെഎച്ച്ആർഐ : കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കെഐഇഡി : കേരള സംരംഭകത്വ വികസന കേന്ദ്രം

കെഐഎൽഇ : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

കിൻഫ്ര : കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലെപ്പ്മെന്റ് കോർപ്പറേഷൻ

കെ ആർ ഡി സി എൽ: കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

കെ ആർ എഫ് ബി : കേരള റോഡ് ഫണ്ട് ബോർഡ്

കെഐറ്റിറ്റിഎസ് : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽസ് സ്റ്റഡീസ്

കെഎൽഡിബി : കേരള ലൈവ് സ്റ്റോക്ക് ഡവലെപ്പ് മെന്റ് ബോർഡ്

കെഎസ്എസിസി : കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി

കെ എസ് ബി ബി : കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡ്

കെഎസ്ബി എം : കേരള സ്റ്റേറ്റ് ബാംബൂ മിഷൻ

കെ എസ് ബി സി ഡി സി : കേരള സ്റ്റേറ്റ് ബാക്ക് വേർഡ് ക്ലാസസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ

കെഎസ് സിഎആർഡിബി : കേരള സംസ്ഥാന കാർഷിക സഹകരണ പ്രാദേശിക വികസന ബാങ്ക്

കെഎസ് സിസി : കേരള സംസ്ഥാന കയർ കോർപ്പറേഷൻ

കെ എസ് സി ഡി സി: കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

കെ എസ് ഇ ബി എൽ: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

കെ എസ് സി എം എം സി: കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമി.

കെ എസ് ഡി ഐ : കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാ സ്ട്രക്ചർ

കെ എസ് ഐ റ്റി ഐ ഐ: കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാ സ്ട്രക്ചർ ലിമി.

കെ എസ് ഐ റ്റി എം: കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

കെഎസ് സിഎസ് റ്റി ഇ : കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിൽ

കെഎസ് സി ഡബ്ല്യൂ ഡബ്ല്യൂ എഫ്ബി : കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ്

കെഎസ്ഇആർസി : കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മിഷൻ

കെ എസ് സി എഡിസി : കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ

കെഎസ്ഐഡിസി : കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

കെഎസ്ഐഎൻസി: കേരള ഷിപ്പിംഗ് ആന്റ് ഇൻ ലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

കെഎസ്ഒഎം : കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

കെ എസ് പി സി ബി : കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

കെഎസ്ആർആർഡിഎ : കേരള സംസ്ഥാന ഗ്രാമീണ പാത വികസന ഏജൻസി.

കെഎസ്ആർറ്റിസി : കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

കെഎസ്എസ് ഇഡിഎം : കേരള സ്റ്റേറ്റ് എന്റർപ്രണർ സെൽഫ് ഡവലെപ്പ്മെന്റ് മിഷൻ

കെഎസ്എസ്എം : കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

കെ എസ് ഡബ്ല്യൂ എ എൻ: കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്

കെഎസ് യുഡിപി : കേരള സസ്റ്റൈനബിൾ അർബൺ ഡവലെപ്പ്മെന്റ് പ്രോജക്ട്

കെഎസ് യുഎം : കേരള സ്റ്റാർട്ടപ്പ് മിഷൻ

കെറ്റിഡിസി : കേരള ടൂറിസം ഡവലെപ്പ്മെന്റ് കോർപ്പറേഷൻ

കെറ്റിഐഎൽ : കേരള ടൂറിസം ഇൻഫ്രസ്ട്രക്ചർ ലിമിറ്റഡ്

എൽബിഐ : ലൈവ് ലി ഹുഡ് ബിസിനസ്സ് ഇൻകുബേറ്റേഴ്സ്

എൽഇഎഡിഎസ് : ലീഡ് ഫാർമർ കാൻഡേർഡ് എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി ഡെലിവറി സർവ്വീസസ്സ്

എൽഇഡി : ലൈറ്റ് എമിഷൻ ഡയോഡ്

എൽഎഫ്പിആർ : ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ്

ലൈഫ് : ലൈവിലി ഹുഡ്,ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

എൽപിജി : ദ്രവീകൃത പെട്രോളിയം വാതകം

എൽഎസ്ജികൾ : തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

എൽ റ്റി ആർ സി എഫ്: ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

എംഎഎച്ച് : മേജർ ആക്സിഡന്റ് ഹസ്സാഡ്

മാർക്കെറ്റ് ഫെഡ് : കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ ലിമിറ്റഡ്

എംബിജിഐപിഎസ് : മലബാർ ബോട്ടാണിക്കൽ ഗാർഡൻ

ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സ്റ്റഡീസ്

എംസിസി : മലബാർ കാൻസർ സെന്റർ

എംഡിഎഫ് : മോഡറേറ്റ് ഡെൻസ് ഫോറസ്റ്റ്

എംഡിജി : മിലേനിയം ഡവലെപ്മെന്റ് ഗോൾഡ്

എം ഇ : മെക്രോ എന്റർപ്രൈസ്

എംഇഎസ് : മോഡുലർ എംപ്ലോയബിൾ സ്കിൽ

എം ഇ പി : മിനിമം എക്സ്പേർട്ട് പ്രൈസ്

എംഎഫ്ഐ : മൈക്രോ ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്

എംജിഎൻആർഇജിഎസ് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി.

എം ഐ ഡി എച്ച് : മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

എംഐസിഇ : മീറ്റിംഗ് ഇൻസെന്റീവ് കോൺഫറൻസ് ആന്റ് ഇവെന്റ്സ്

എംഎൽഎ : നിയമസഭാ സാമാജികൻ

എംഎൻഎഐഎസ് : പരിഷ്കൃത ദേശീയ കാർഷിക ഇൻഷുറൻസ് സ്കീം.

എംഒഎഫ്പിഐ : മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്

എംഎസ്എംഇ : സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ

എംറ്റി : മെട്രിക് ടൺ

മുദ്ര : മൈക്രോ യൂണിറ്റ്സ് ഡവലെപ്മെന്റ് ആന്റ് റീ - ഫൈനാൻസ് ഏജൻസി ലിമിറ്റഡ്

എംവിഐപി : മുവാറ്റുപുഴ വാലി ജലസേചന പ്രോജക്ട്

എംവിആർസി : മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ

എൻ എ എഫ് സി സി : നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്

നബാർഡ് : ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

എൻഎസി : നാഷണൽ അക്രെഡിറ്റേഷൻ കൗൺസിൽ

നാറ്റ്പാക്ക് : ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം

എൻബിഎസ്എസ് ആന്റ് എൽ യുപി : നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർ വ്വേ ആന്റ് ലാന്റ് യൂസ് പ്ലാനിംഗ്

എൻസിഇയുഎസ് : നാഷണൽ കമ്മിഷൻ ഫോർ എന്റർപ്രൈസസ്സ് ഇൻ ദി അൺഓർഗനൈസ്ഡ് സെക്ടർ

എൻസിഐപി : ദേശീയ വിള ഇൻഷുറൻ പദ്ധതി

എൻസി ആർബി : നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

എൻസിആർഎംഐ : നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

എൻസിവിറ്റി : നാഷണൽ കൌൺസിൽ ഫോർ വോക്കേഷണൽ ട്രെയിനിംഗ്

എൻഎഫ്എച്ച് എസ് : ദേശീയ കുടുംബാരോഗ്യ സർവ്വെ

എൻഎഫ്എസ്എ : നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്

എൻജിഒകൾ : സർക്കാർ ഇതര സംഘടനകൾ

എൻ എച്ച് എ ഐ : നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ

എൻ ഐ സി : നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ

എൻ കെ കെ പി : നവ കേരളം കർമ്മ പദ്ധതി

എൻഎംഎഫ്പി : ദേശീയ ഭക്ഷ്യസംരക്ഷണ ഭൗത്യം

എൻ എൻ ഐ : നെറ്റ് നാഷണൽ ഇൻകം

നോർക്ക : നോൺ റസിഡന്റ് കേരളൈറ്റ് അഫയേഴ്സ്

എൻപിആർഡി : നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റിസ്

എൻആർഡിഡബ്ല്യൂപി : ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

എൻആർഐകൾ : വിദേശവാസികളായ ഇന്ത്യക്കാർ എൻആർകൈകൾ നോൺറെസിഡന്റ് കേരളൈറ്റ്സ്

എൻ ആർ കെ : നോൺ റെസിഡന്റ് കേരളൈറ്റ്സ്

എൻആർഎൽഎം : നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ

എൻഎസ്എസ്ഒ : നാഷണൽ സാമ്പിൾ സർ വ്വേ ഓഫീസ്

എൻറ്റിഎഫ്പി : നോൺ ടിമ്പിൾ ഫോറസ്റ്റ് പ്രോഡക്ട്

എൻ യു എൽ എം : നാഷണൽ അർബൻ ലൈവിലിഹുഡ് മിഷൻ

എൻ യുഎഎൽഎസ് : നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് പ്ലാനിംഗ് ആന്റ് ലീഗൽ സ്റ്റഡീസ്

എൻ യുഇപിഎ : നാഷണൽ യൂണിവേഴ്സിറ്റി ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ

ഒഎഫ് : ഓപ്പൺ ഫോറസ്റ്റ്

ഒഎസ് സിസി : വൺ സ്റ്റോപ് ക്രൈസിസ് സെൽ

പിഎസിഎസ് : പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

പിഎഐഎസ് : പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം പാർട് നർഷിപ്പ് ഇൻ ടെക്നോളജീസ്

പിബിഡി : പ്രവാസി ഭാരതീയ ദിവസ്

പി ഡി എസ് : പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

പി എഫ് : സംരക്ഷിത വനമേഖലകൾ

പി ജി എസ് : പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം

പിഐഎസ് : പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം

പിഎംഎവൈ : പ്രധാനമന്ത്രി ആവാസ് യോജന

പി എം എ വൈ –ജി : പ്രധാൻ മന്ത്രി ആവാസ് യോജന - ഗ്രാമീൺ

പി എം എ വൈ –യു : പ്രധാൻ മന്ത്രി ആവാസ് യോജന- അർബൺ

പിഎംഇജിപി : പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി

പിഎംജിഎസ് വൈ : പ്രധാനമന്ത്രി ഗ്രാം സഡക് യോജന

പി എം കെ വി വൈ : പ്രധാനമന്ത്രി കൗശൽ വികാസ് യോജന

പിഎംകെഎസ് വൈ : പ്രധാനമന്ത്രി കൃഷി സഞ്ചയ് യോജന

പിഒസിഎസ്ഒ ആക്റ്റ് : *ലൈംഗിക അതിക്രങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം*
പിഒഎൽ : *പെട്രോലിയം ഓയിൽ ആന്റ് ലൂബ്രിക്കന്റ്സ്*
പി പി എ : *പവർ പർച്ചേസ് എഗ്രിമെന്റ്*
പിപിപി : *പൊതുസ്വകാര്യ പങ്കാളിത്തം*
പിആർഡി : *പൊതുജന സമ്പർക്ക വകുപ്പ്*
പിഎസ് : *പ്രൈമറി സ്കൂൾ*
പി എസ് യു : *പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്*
പറ്റിഎ : *അദ്ധ്യാപക രക്ഷാകർതൃ സമിതി*
പിഡബ്ല്യുഡി : *പൊതുമരാമത്ത് വകുപ്പ്*
പി ഡബ്ലിയു ഡി : *പേർസൺസ് വിത്ത് ഡിസബിളിറ്റീസ്*
ആർസിസി : *റീജണൽ ക്യാൻസർ സെന്റർ*
ആർഎവൈ : *രാജീവ് ആവാസ് യോജന*
ആർ ബി ഡി സി കെ : *റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള*
റീച്ച് : *റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്*
ആർഇറ്റി : *എൻഡോൻജേർഡ് ആന്റ് ത്രട്ടൻഡ് പ്ലാന്റ്സ്*
ആർഎഫ് : *റിസർ ഡ് ഫോറസ്റ്റ്സ്*
ആർഎഫ്എ : *റെക്കോർഡഡ് ഫോറസ്റ്റ്സ് ഏരിയ*
ആർ ജി എസ് എ : *രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയേൻ*
ആർഐഎബി : *റീ-സ്ട്രക്ചറിംഗ്ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ്*
ആർഐഡിഎഫ് : *ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി*
ആർഐഎസ് സി : *റയിൻഫാൾ ഇൻഷുറൻസ് സ്കീം ഫോർ കോഫി*
ആർ ഐ സി കെ : *റോഡ് ഇൻഫ്രാ സ്ട്രക്ചർ കമ്പനി കേരള*
ആർഐറ്റി : *രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി*
ആർകെവിവൈ : *രാഷ്ട്രീയ കൃഷി വികാസ് യോജന*
ആർപിഐ : *റബ്ബർ പ്ലാന്റേഷൻ ഇൻഷുറൻസ്*
ആർആർബി : *പ്രാദേശിക ഗ്രാമീണ ബാങ്ക്*
ആർഎസ്ബിവൈ : *രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന*
ആർഎസ്ഇടിഐ : *ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ*
ആർ എസ് പി എം : *റെസ്പയറബിൾ സസ്പെന്റഡ് പർട്ടിക്കുലേറ്റ് മാറ്റർ*
ആർറ്റിഇ : *വിദ്യാഭ്യാസാവകാശം*
ആർ ഡബ്ലിയു ബി സി ഐ എസ് : *റീ സ്ട്രക്ച്ചേർഡ് വെതർ ബെയ്സ്ഡ് ക്രോപ്പ് ഇൻഷുറൻസ് സ്കീം*
റബ്ബർമാർക്ക് : *കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ ലിമിറ്റഡ്*
എസ്.ബി.എം : *സ്വച്ഛഭാരത് മിഷൻ*
എസ് എ എഫ് : *സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൻ*
എസ് എപി സിസി : *സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്*
എസ്എഎസ്എച്ച് : *സിംഗിൾ ഫാമിലി അഫോർഡബിൾ സോളാർ ഹൗസിംഗ്*
എസ് എ ഇസട് : *സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺസ്*
എസ് സി സി എഫ് : *സ്പെഷ്യൽ ക്ലൈമറ്റ് ചെയ്ഞ്ച് ഫണ്ട്*
എസ് സി എം : *സ്മാർട്ട് സിറ്റീസ് മിഷൻ*
എസ് സി/എസ് റ്റി : *പട്ടികജാതി പട്ടികവർഗ്ഗം*
എസ് ഡി ജി : *സസ് റ്റൈനബിൾ ഡവലപ്മെന്റ് ഗോൾസ്*
എസ് സി. എം : *സ്മാർട്ട് സിറ്റി മിഷൻ*
എസ് സിബി : *ഷെഡ്യൂൾഡ് കോമേഴ്സ്യൽ ബാങ്കുകൾ*
എസ് ഇ സി ഡബ്ലിയു എ എൻ : *സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റവർക്ക്*
സ്ക്രിപ്റ്റ് : *സ്റ്റേറ്റ് സെന്റർ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്*
എസ് സിടിഐഎംഎസ് റ്റി : *ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി*
എസ് സിവിറ്റി : *സ്റ്റേറ്റ് കൌൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്*
എസ് ഡിഐ : *സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ്*
എസ്ഇജിപി : *പ്രത്യേക തൊഴിൽ ദാന പരിപാടി*
എസ്എഫ്ഡിഎ : *സംസ്ഥാന വന വികസന ഏജൻസി*
എസ്എച്ച്ജികൾ : *സ്വയം സഹായ സംഘങ്ങൾ*
എസ് എച്ച് എം : *സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ*
എസ്ഐഎച്ച്എം : *സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്*
എസ്ജെഡി : *സാമൂഹ്യനീതി വകുപ്പ്*
എസ് ഐ ഡി : *സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസബിളിറ്റീസ്*
എസ് ഐ – മെറ്റ് : *സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി*
എസ്എൽബിസി : *സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി*
എസ്എൽ ബിപി : *സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം.*
എസ്എൽഎൽ : *പ്രത്യേകവും പ്രാദേശികവുമായ നിയമങ്ങൾ*
എസ്എൽപിഇകൾ : *സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ*
എസ്എംസി : *സ്കൂൾ മാനേജ്മെന്റ് സിസ്റ്റം*
എസ്ഒഎൻടിആർ : *സ്റ്റേറ്റ്സ് ഓൺ നോൺടാക്സ് റവന്യൂ*
എസ്ഒടിആർ : *സ്റ്റേറ്റ്സ് ഓൺ ടാക്സ് റവന്യൂ*
എസ്ആർഇപി : *സ്ട്രാറ്റജിക് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ പ്ലാൻ*
എസ്ആർഐബിഎസ് : *ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്*
എസ്എസ്എൽസി : *സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്*
എസ് പി ബി : *സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്*
എസ് റ്റിഡി : *സബ്സ്ക്രൈബർ ട്രങ്ക് ഡയലിംഗ്*
എസ്ടിഇസി : *ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി*
എസ് യു ഐ ഐ റ്റി : *സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ്*
സപ്ലൈകോ : *കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ*
എസ് ഡബ്ലിയു റ്റി ഡി : *സ്റ്റേറ്റ് വാട്ടർ ട്രാൻസ് പോർട്ട്*

ഡിപ്പാർട്ട്മെന്റ്ഗ്

ടിബിഐ : ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റേഴ്സ്

റ്റിസിപിസി : ടെയിനിംഗ് കൌൺസിലിംഗ് ആന്റ് പ്ലേസ്മെന്റ് സെൽസ്

ടി ഡി എ പി : ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്ടേഷൻ പ്രോഗ്രാം

റ്റിഐഎസ്എസ് : ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്

ടിഡാ : തിരുവനന്തപുരം വികസന അതോറിറ്റി

ടി.ആർ.ഇ.ക്യു.ഐ.പി: ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

റ്റി ആർ ഇ എസ് റ്റി : ട്രിവാൻഡം എൻജിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി

റ്റി റ്റിഎ : അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ

യുഎ : അർബൻ അഗ്രോമറേഷൻ

യു എ എം : ഉദ്യോഗ് ആധാർ മൊമ്മോറാൻഡം

യുഡിഐഎസ്എസ്എംടി : അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്

യുനസ്കോ : യുണൈറ്റഡ് നേഷൻസ് എഡ്യൂക്കേഷൻ സയന്റിഫിക് ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ

യൂണിസേഫ് : യുണൈറ്റഡ് നേഷൻസ് ഇന്റർനാഷണൽ ചിൽഡ്രൻസ് എമർജൻസിഫണ്ട്

യുഎൻഡബ്ല്യൂറ്റിഒ : യുണൈറ്റഡ് നേഷൻസ് വേൾഡ് ട്രാറിസം ഓർഗനൈസേഷൻസ്

യുപിഎസ് : അപ്പർപ്രൈമറി സ്കൂൾ

യുപിഎസ്എസ് : യൂഷ്വൽ പ്രിൻസിപ്പൽ സബ്സിഡിയറി സ്റ്റാറ്റസ്

യു ആർ : അൺ എംപ്ലോയ്മെന്റ് റേറ്റ്

യുറ്റി : യൂണിയൻ ടെറിട്ടറി

വാംബെ : വാൽമീകി അംബേദ്കർ ആവാസ് യോജന

വാറ്റ് : മൂല്യ വർധിത നികുതി

വിഡിഎഫ് : അതിനിബിഡ വനം

വിഡിപിഐപിഎം : വെജിറ്റബിൾ ഡവലപ്മെന്റ് പ്രോജക്ട് ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ്

വിഎസ് പിസി : വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൌൺസിൽസ് പ്രോഗ്രാം

വിജിഎഫ് : വയബിലിറ്റി ഗ്യാപ് ഫണ്ട്

വിഎച്ച്എസ്ഇ : വൊക്കേഷണൽ ഹയർ സെക്കണ്ടറി വയബിലിറ്റി ഗ്യാപ് ഫണ്ട്

വി.ജി.എഫ്. : വേൾഡ് വാട്ടർ ഡെവലപ്മെന്റ് റിപ്പോർട്ട്

വിദ്യാഭ്യാസം

വി.ഒ.എ. : വിസാ ഓൺ അറൈവൽ

വി.ഒ.റ്റി.വി. : വോയ്സ് ഓഫ് ടൊബാക്കോ വിക്ടിംസ്

വി.എസ്.എ.സ് : വന സംരക്ഷണ സമിതികൾ

വി.റ്റി.പി. : വൊക്കേഷണൽ ടെയിനിംഗ് പ്രൊവ ഡൈഡേഴ്സ്

ഡബ്ല്യൂ.എഫ്.ബി. : ക്ഷേമനിധി ബോർഡുകൾ

ഡബ്ല്യൂ.പി.ആർ. : വർക്കർ പോപ്പുലേഷൻ റേഷ്യോ

ഡബ്ല്യൂ.പി.ഐ. : മൊത്ത വില സൂചിക

ജോലിശക്തി: *നേട്ടമുള്ള ജോലി ചെയ്യുന്ന വ്യക്തികളുടെ ആകെ എണ്ണം (ജോലിയുള്ളവർ)*

തൊഴിൽ ശക്തി: *ജനസംഖ്യയിൽ ജോലി ചെയ്യുന്നവരും (ജോലിയുള്ളവർ), ജോലി അന്വേഷിക്കുന്നവരോ, ജോലിക്ക് ലഭ്യമയാട്ടുള്ളവരും ജോലി ഇല്ലാത്തവർ) ആയവരെ തൊഴിൽ ശക്തിഎന്നു നിർവ്വചിച്ചിരിക്കുന്നു.*

തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ):*ഓരോ 100/1000 പേർക്കും തൊഴിൽശകതിയിലുള്ള വ്യക്തികളുടെ എണ്ണം എന്ന് ഇതിനെ നിർവ്വചിച്ചിരിക്കുന്നു.*

ജോലി ശക്തി പങ്കാളിത്ത നിരക്ക് (ഡബ്ലിയു.എഫ്.പി.ആർ) : *ഡബ്ലിയു.എഫ്. പി.ആർ എന്നത് ഓരോ 100/1000 പേർക്ക് ജോലിയിലുള്ള വ്യക്തികളുടെ എണ്ണം ആണ്.*

തൊഴിലില്ലാത്ത വ്യക്തികൾ: *ഓരോ 100/1000 പേർക്ക് തൊഴിലില്ലാത്ത വ്യക്തികളുടെ എണ്ണം.*